# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികാം രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകാംക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങാം ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങാം പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങാം നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങാം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങാം പ്രാഥമിക സർവ്വേകാം തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങാം ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകാം പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങാം മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകാം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉാംപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരെയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


**വാല്യം 1**

### പാറശ്ശാല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

### പെരുങ്കടവിള ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

### അതിയന്നൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

### നേമം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

### തിരുവനന്തപുരം റൂറൽ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

### കഴക്കൂട്ടം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

### വെള്ളനാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

### നെടുമങ്ങാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

### വാമനപുരം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

### കിളിമാനൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

### ചിറയിൻകീഴ് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

### വർക്കല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

## വാല്യം 13

### ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

## വാല്യം 14

### കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

## വാല്യം 15

### ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

## വാല്യം 16

### വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

## വാല്യം 17

### പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

## വാല്യം 18

### അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

## വാല്യം 19

### കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

## വാല്യം 20

### ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

## വാല്യം 21

### ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

## വാല്യം 22

### അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

## വാല്യം 23

### മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

## വാല്യം 24

### ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

## വാല്യം 25

### ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

## വാല്യം 26

### മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

## വാല്യം 27

### പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

## വാല്യം 28

### കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

## വാല്യം 29

### ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

## വാല്യം 30

### റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

## വാല്യം 31

### കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

## വാല്യം 32

### പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

## വാല്യം 33

### പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

## വാല്യം 34

### കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

## വാല്യം 35

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

## വാല്യം 36

### പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

## വാല്യം 37

### കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

## വാല്യം 38

### ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

## വാല്യം 39

### അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

## വാല്യം 40

### ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

## വാല്യം 41

### വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

## വാല്യം 42

### ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളികുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

**വാല്യം 85**

### ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

**വാല്യം 86**

### പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

**വാല്യം 87**

### മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

**വാല്യം 88**

### തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

**വാല്യം 89**

### അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

**വാല്യം 90**

### ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

**വാല്യം 91**

### കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

**വാല്യം 92**

### ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

**വാല്യം 93**

### വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

**വാല്യം 94**

### മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

**വാല്യം 95**

### കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

**വാല്യം 96**

### മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

**വാല്യം 97**

### ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

**വാല്യം 98**

### തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

**വാല്യം 99**

### പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

### വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

### വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

### വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

### വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

### വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

### വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

### വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

### വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

### വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

### വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

### വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

### വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

### വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

### വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

## വാല്യം 114

### അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവനൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

## വാല്യം 115

### മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

## വാല്യം 116

### പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

## വാല്യം 117

### മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

## വാല്യം 118

### കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

## വാല്യം 119

### വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

## വാല്യം 120

### തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

## വാല്യം 121

### താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

## വാല്യം 122

### തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

## വാല്യം 123

### പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവനൂർ
3. വട്ടംകുളം
4. എടപ്പാൾ

## വാല്യം 124

### പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

## വാല്യം 125

### വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

## വാല്യം 126

### തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

## വാല്യം 127

### കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാനൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

**വാല്യം 153**

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

**വാല്യം 154**

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

**വാല്യം 155**

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

**വാല്യം 156**

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

**വാല്യം 157**

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

**വാല്യം 158**

## ഇടുക്കി ജില്ല

1. തൊടുപുഴ

**വാല്യം 159**

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പറവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

**വാല്യം 160**

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

**വാല്യം 161**

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

**വാല്യം 162**

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

**വാല്യം 163**

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

**വാല്യം 164**

## വയനാട് ജില്ല

1. കൽപ്പറ്റ

**വാല്യം 165**

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

**വാല്യം 166**


## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# അധികാരം ജനങ്ങളിലേക്ക്

അധികാരം ജനങ്ങളിലേക്ക്

# ജനകീയാസൂത്രണം



## ചിറക്കൽ ഗ്രാമപഞ്ചായത്ത് വികസനരേഖ








CHIRAKKAL PANCHAYATH

WARD DIVISION



9-ാം പദ്ധതി ജനകീയ പദ്ധതി

ചിറക്കൽ ഗ്രാമ പഞ്ചായത്ത്


# വികസന രേഖ

**പത്രാധിപ സമിതി**

സി.എച്ച്. ബാലകൃഷ്ണൻ
എം.ബി.കെ.
പി.വി. കുഞ്ഞിരാമൻ
പ്രൊ: കെ.വി. നാരായണൻ നായർ
എം. ഭരതൻ
സി.കെ. മുകുന്ദൻ
ടി.ജലജകുമാരി



സി.എച്ച് ബാലകൃഷ്ണൻ
പ്രസിഡന്റ്



പി.വി.പ്രകാശൻ
വൈസ് പ്രസിഡന്റ്



ടി.ജലജകുമാരി
സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൺ

| | |
|---|---|
| കെ.പി. ലേഖ | (മെമ്പർ) |
| എം.എ. ഷാഹുൽ ഹമീദ് | " |
| വി.പ്രസീത | " |
| പി.കല്യാണി ടീച്ചർ | " |
| സി.ശ്യാമള | " |
| കെ. ബാലകൃഷ്ണൻ മാസ്റ്റർ | " |
| ടി.മാധവൻ | " |
| കണ്ണൻ പള്ളിയത്ത് | " |
| കെ.പി. രവീന്ദ്രൻ | " |
| എൻ.ടി. പ്രഭാകരൻ | " |
| പി.പി. രാഘവൻ | " |

ആമുഖം

പഞ്ചായത്ത് പൊതുവിവരണം


സാമൂഹിക-സാംസ്കാരിക ചരിത്രം

ഭൂപ്രകൃതിയും വിഭവങ്ങളും

- *കൃഷിയും ജലസേചനവും*
- *മൃഗസംരക്ഷണവും മത്സ്യബന്ധനവും*
- *വ്യവസായം*
- *വിദ്യാഭ്യാസം*
- *കുടിവെള്ളവും പൊതുജനാരോഗ്യവും*
- *ഗതാഗതം, ഊർജ്ജം, മാർക്കറ്റ്*
- *പാർപ്പിടവും സാമൂഹ്യക്ഷേമവും*
- *സംസ്കാരം*
- *വനിതാക്ഷേമം*
- *സഹകരണം*
- *പട്ടിക ജാതി-പട്ടിക വർഗ്ഗ ക്ഷേമം*
- *വിഭവ സമാഹരണം*
- *ടൂറിസം*

CHIRAKKAL PANCHAYATH

WARD DIVISION



# ആമുഖം

ഇതുവരെയുള്ള വികസനവും ആസൂത്രണവും മേലേനിന്ന് കീഴോട്ട് വരികയാണ് ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ അത് ഓരോ പ്രദേശത്തിന്റെയും തനതും സ്വാഭാവികവുമായ പ്രശ്നങ്ങളെയും ആവശ്യങ്ങളെയും പരിഗണിച്ചായിരുന്നില്ല. വികസനത്തിനും പദ്ധതികൾക്കും വകയിരുത്തുന്ന പണത്തിന്റെ ചെറിയൊരു ശതമാനം മാത്രമാണ് യഥാർത്ഥ ഉപഭോക്താവിനും പ്രദേശത്തിനും ഉപയുക്തമായിരിക്കുന്നത്. നല്ലൊരു ഭാഗം ഇടത്തട്ടുകാരും തൽപരകക്ഷികളും ചോർത്തിയെടുക്കുക പതിവായിരുന്നു.

ഇതിൽ നിന്ന് വ്യത്യസ്ഥമായി പഞ്ചായത്ത് നഗരപാലികാ സംവിധാനത്തിൽ പുതിയൊരു വികസന പ്രക്രിയ രൂപപ്പെട്ടുവരികയാണ്. പഞ്ചായത്തിലെ ജനങ്ങളെയാകെ വികസന യജ്ഞത്തിൽ ഭാഗഭാക്കുകളാക്കുകയെന്ന ഒരു ജനകീയ വീക്ഷണവും സമീപനവും ഉടലെടുത്ത് നീങ്ങുന്ന ഒരപൂർവ സംഭവം ഉദ്ഘാടനം ചെയ്യപ്പെടുകയാണ്.

പഞ്ചായത്തിന്റെ പൊതുസ്ഥിതി, വിഭവസ്വഭാവം, കഴിവുകൾ എന്നിവ കണ്ടെത്തി ആവശ്യങ്ങളും സൗകര്യങ്ങളും മനസ്സിലാക്കി 'ഗ്രാസ്റൂട്ട്' തലത്തിൽ വികസനം കരുപ്പിടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കേരളവ്യാപകമായി നടക്കുകയാണ്. അതിന്റെ ഭാഗമെന്ന നിലയിൽ ചിറക്കൽ ഗ്രാമ പഞ്ചായത്തും ആ പ്രക്രിയയിൽ ആവേശപൂർവ്വം പങ്കാളികളാവുകയാണ്.

95 ഒക്ടോബർ രണ്ടിനാണ് പുതിയ പഞ്ചായത്ത് നിലവിൽ വന്നത്. അതേ വർഷം നവമ്പറിൽ പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഭാഗമായി ജില്ലാതല ഉദ്ഘാടനത്തോടനുബന്ധിച്ച് ചിറക്കൽ ഗ്രാമ പഞ്ചായത്തിന്റെ ഒരു വികസനസെമിനാർ 19-2-96 ന് നടക്കുകയുണ്ടായി. അതിൽ എന്താണ് പ്രാദേശിക വികസനം എന്നതിന്റെ ഒരു ഏകദേശ ചിത്രം ഉരുത്തിരിഞ്ഞു വരികയുണ്ടായി.

വികസനത്തെ സംബന്ധിച്ച ഒരു ട്രെയിനിംഗ് ക്യാമ്പ് 96 സപ്തമ്പർ 3,4,5 തീയ്യതികളിൽ മയ്യിൽ വച്ചു നടന്നു. അതിൽ പഞ്ചായത്തിന്റെ പ്രതിനിധികളായി ഏഴു പേരെ അയച്ചു.

ഇതേത്തുടർന്ന് സപ്തംബർ 8-ന് പഞ്ചായത്ത് തലത്തിൽ ഏകദിന പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. അതിൽ വികസനത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച ക്ലാസ്സുകൾ നടന്നു. തെരഞ്ഞെടുക്കപ്പെട്ട 75 പേരാണ് അതിൽ പങ്കെടുത്തത്.

ഈ ക്യാമ്പിന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പഞ്ചായത്തിലെ വാർഡുകളിൽ ഗ്രാമസഭകൾ വിളിച്ചുചേർക്കുകയുണ്ടായി. സപ്തമ്പർ 22 മുതൽ ഒക്ടോബർ 6 വരെ ഗ്രാമസഭകളിൽ വികസന പ്രക്രിയയെ സംബന്ധിച്ച ചർച്ചകളും കണ്ടെത്തലുകളും വിപുലമായി നടന്നു. ഗ്രാമസഭകളിലെ പങ്കാളിത്തം 1329 ആയിരുന്നു.

പിന്നീട് നടന്നത് രണ്ടാം ഘട്ട ട്രെയിനിംഗാണ്. അത് ഒക്ടോബർ 27 മുതൽ 29 വരെ അഞ്ചരക്കണ്ടി ഹൈസ്കൂളിൽ വച്ചു നടന്നു. ഇതിൽ മറ്റുള്ളവരോടൊപ്പം ഈ പഞ്ചായത്തിലെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്കു പുറമേ പത്ത് പ്രവർത്തകൻമാരും പങ്കെടുത്തു. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് രണ്ടംഗങ്ങളും ഇതിൽ സംബന്ധിച്ചവരിൽ പെടുന്നു.

നവമ്പർ 2-ാം തീയ്യതി രണ്ടാം ഘട്ട പരിശീലനത്തെ സംബന്ധിച്ച ഒരവലോകനം നടന്നു. പഞ്ചായത്തിന്റെ പ്ലാനിംഗിന് പശ്ചാത്തലമൊരുക്കാൻ ചില നടപടികൾ സ്വീകരിച്ചു.

പഞ്ചായത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിന്റെ സ്വഭാവം, വിഭവവൈവിദ്ധ്യം എന്നിവ പഠിക്കുന്നതിന് നവമ്പർ 4 ന് പഞ്ചായത്തിലാകെ ഒരു 'ട്രാൻസിസ്റ്റ് വാക്ക്' (തലങ്ങും വിലങ്ങും നടക്കൽ ) നിർവഹിച്ചു. ഇതിൽ മുപ്പതു പേർ പങ്കെടുത്തു. അതത് രംഗത്തെ വിദഗ്ദൻമാരും കൂടെയുണ്ടായിരുന്നു. പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളാകെ ചുറ്റി നടന്നു നിരീക്ഷണം നടത്തുകയും വിലയിരുത്തുകയും ചെയ്തു.

നവമ്പർ 5-ാം തീയ്യതി ഉച്ചക്ക് 2 മണിക്ക് സഹകരണ ബേങ്ക് ഹാളിൽ ചേർന്ന യോഗം പല സബ് കമ്മറ്റികളായി പിരിഞ്ഞ് വികസന രേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങളാരംഭിച്ചു. അന്നു തന്നെ വൈകുന്നേരം രാമഗുരു യു.പി. സ്കൂളിൽ ചേർന്ന യോഗം നവമ്പർ 17 ന് ചേരുന്ന വികസന സെമിനാർ വിജയിപ്പിക്കുന്നതിന് ഒരു സ്വാഗത സംഘം രൂപീകരിക്കുകയും പ്രവർത്തന രംഗത്തിറങ്ങുകയും ചെയ്തു.

## പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചിറക്കൽ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ചിറക്കൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | കണ്ണൂർ |
| താലൂക്ക് | : | കണ്ണൂർ |
| അസംബ്ലി മണ്ഡലം | : | കണ്ണൂർ |
| വിസ്തീർണ്ണം | : | 13.56 ച.കി.മീ. |
| അതിരുകൾ | : | വടക്ക് - കാട്ടാമ്പള്ളി പുഴ |
| | | തെക്ക് - പള്ളിക്കുന്ന് പഞ്ചായത്ത് |
| | | കിഴക്ക് - പുഴാതി പഞ്ചായത്ത് |
| | | പടിഞ്ഞാറ് - അഴീക്കോട് പഞ്ചായത്ത് |
| ജനസംഖ്യ(1991) | : | 39838 |
| പുരുഷൻമാർ | | 19370 |
| സ്ത്രീകൾ | | 20468 |
| ജനസാന്ദ്രത | : | 2938 |
| അക്ഷരാഭ്യാസമുള്ളവർ | : | 93.8% |
| വാർഡുകൾ | : | 14 |
| പ്രസിഡന്റിന്റെ പേര് | : | സി.എച്ച്. ബാലകൃഷ്ണൻ |
| വൈസ് പ്രസിഡന്റിന്റെ പേര് | : | പി.വി. പ്രകാശൻ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | ടി. ജലജകുമാരി |

# സാമൂഹിക- സാംസ്കാരിക ചരിത്രം

സുദീർഘവും പ്രസിദ്ധവുമായ ഒരു ചരിത്രം ഈ പ്രദേശത്തിനുണ്ട്. സാമൂതിരി രാജവംശത്തോടും ഏതാണ്ട് തുല്യമായ പ്രശസ്തിയും പ്രതാപവുമുള്ള കോലത്തിരി രാജവംശത്തിന്റെ ആസ്ഥാനമാണ് ചിറക്കൽ. സംസ്കാര ഭരിതമായ ഒരു പശ്ചാത്തല ചരിത്രവും അതിന് പരിശോഭ പ്രദാനം ചെയ്യുന്നുണ്ട്. ഏഴിമല കേന്ദ്രമാക്കി ഭരിച്ച മൂഷിക വംശത്തിന്റെ പരമ്പരയാണ് കോലത്തിരി വംശം എന്ന് ചരിത്രം തെളിവു നൽകുന്നു, വളരെ വിപുലമായ ഒരു പ്രദേശത്തായിരുന്നു കോലത്തിരി രാജവംശഭരണത്തിൻ കീഴിൽ ചിറക്കൽ. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഏറെക്കാലം അത് ചിറക്കൽ താലൂക്കായിരുന്നു. സ്വാതന്ത്ര്യത്തിനു ശേഷം ഭരണഘടനക്ക് വിധേയമായ റവന്യൂ വിഭജനത്തെത്തുടർന്നാണ് ഇന്നത്തെ ചിറക്കൽ പഞ്ചായത്ത് ഭൂപ്രദേശമായി ചുരുങ്ങിയത്. ഇന്നത് 3330 ഏക്കറായി വ്യാപിച്ചു കിടക്കുന്നു.

ചിറക്കൽ രാജകുടുംബത്തിന്റെ നീരാട്ടുകുളമായി രൂപപ്പെടുത്തിയ 318 മീ. നീളവും 150 മീറ്റർ (4 ഏക്കർ 70 സെന്റ്) വീതിയുമുള്ള ഒരു പക്ഷേ കേരളത്തിലെ ഏറ്റവും വലിയ കുളത്തെ, ചിറ എന്ന പേരിലാണറിയപ്പെടുന്നത്. ഇതേ തുടർന്നാണ് 'ചിറക്കൽ' എന്ന പേര് സ്ഥിരപ്പെട്ടതെന്നും അഭിപ്രായം പ്രബലമായുണ്ട്. 1799 മുതൽ ഈ രാജ വംശത്തിന്റെ നേരിട്ടുള്ള ഭരണം അവസാനിച്ചു. രാജാവ് ബ്രിട്ടീഷ് ഗവൺമെന്റിൽ നിന്നും 'മാലിദെൻ ' എന്ന പേരിൽ 22127 ക. 1ണ. 5സ. പ്രതിഫലം പറ്റുന്ന ഒരു വൻകിട ജൻമി മാത്രമായി മാറി.

വളരെ വിലയേറിയൊരു സാംസ്കാരിക ചരിത്രത്തിന്റെ അവകാശിയാണ് ചിറക്കൽ. മലയാള ഭാഷയുടെ പിതാവായറിയപ്പെടുന്ന തുഞ്ചത്തെഴുത്തച്ഛനു മുമ്പേ മലയാള സാഹിത്യത്തിനും ഭാഷക്കും സമ്പന്നമായൊരു മഹാകാവ്യം സംഭാവന നൽകിയ ചെറുശ്ശേരി നമ്പൂതിരി ചിറക്കൽ കോവിലകത്ത് ആശ്രിതനായി കഴിഞ്ഞിരുന്നുവെന്നാണ് കരുതപ്പെടുന്നത് ഇത് 15-ാം ശതകത്തിലാണ്. കൊല്ല വർഷം 621 മുതൽ 650 വരെ രാജാവായി വാണ ഉദയ വർമ്മന്റെ കാലത്ത്.

'' ആജ്ഞയാം കോലഭൂപസ്യ,
പ്രാജ്ഞസ്യോദയവർമണാ-
കൃതായാം കൃഷ്ണ ഗാഥായാം '' എന്നു കൃഷ്ണ ഗാഥ നൽകുന്ന സൂചന ഇത് കാണിക്കുന്നു. സംസ്കൃത പണ്ഡിതൻമാരെ പോത്സാഹിപ്പിക്കുന്നതിലും മറ്റും ഈ രാജവംശം വലിയ താൽപര്യം കാണിച്ചിരുന്നുവത്രേ. താളിയോല ഗ്രന്ഥങ്ങളും അപൂർവ്വ ചരിത്ര രേഖകളും ശേഖരിച്ചു സൂക്ഷിച്ച നല്ലൊരു ഗ്രന്ഥാലയവും ഈ രാജവംശത്തിന്റേതായുണ്ടായിരുന്നു.

ഒരു കാലത്ത് കൊല്ലാനും വെല്ലാനും അധികാരമുണ്ടായിരുന്ന ഈ രാജവംശം കാർഷിക പരിഷ്കരണ നിയമത്തിനു മുമ്പ് വിപുലമായ ചിറക്കൽ താലൂക്കിലെ പരമോന്നത ഭൂവുടമയായിരുന്നു. വളപട്ടണം പുഴയോരത്ത് കോട്ടകൊത്തളങ്ങളും പഴയ പ്രതാപത്തിന്റെ അവശിഷ്ടങ്ങളും കുറേയേറെ വ്യക്തമായിത്തന്നെ ഇപ്പോഴുമുണ്ട്. കളരി വാതുക്കൽ ഭഗവതി ക്ഷേത്രം കോലത്തിരി രാജവംശത്തിന്റെ 'ഭരദൈവ ' പരമ്പരയിലെ പ്രധാനപ്പെട്ട ഒന്നാണ്. മറ്റൊന്ന് കടലായി ശ്രീകൃഷ്ണ ക്ഷേത്രമാണ്. ദാരു ശില്പ പ്രസിദ്ധമായ മേലവും ധന്വന്തരീ ക്ഷേത്രവും ശിവേശ്വര ക്ഷേത്രവും ഇത്ര തന്നെ പ്രസിദ്ധമല്ലെങ്കിലും പ്രധാനം തന്നെയാണ്.

ഇന്ന് പ്രതാപമെല്ലാം ക്ഷയിച്ചു വിഷമതയനുഭവിക്കുന്ന രാജകുടുംബങ്ങൾ ചിറക്കൽ ചിറക്ക് ചുറ്റുമായി ചിതറിക്കിടക്കുകയാണ്. ഈ രാജ കുടുംബത്തിന്റെ പ്രതാപങ്ങളും ചെയ്തികളുമായി ബന്ധപ്പെട്ട ഏതാനും സ്ഥലനാമങ്ങൾ ഇപ്പോഴും പ്രചാരത്തിലുണ്ട്. അവയിലൊന്നാണ് പുതിയ തെരുവിലെ 'അറവിലക്കണ്ടി '. കുറ്റവാളികളെന്ന് കരുതപ്പെടുന്നവരെ മുക്കാലിയിൽ കെട്ടിയിട്ട് ക്രൂരമായി മർദ്ദിക്കുന്ന ഒരു കറുത്ത അധ്യായമാണതിന്റെ പിന്നിൽ.

അന്നത്തെ തമ്പുരാക്കൻമാർ യാത്ര ചെയ്തിരുന്നത് 'പള്ളിച്ചാൻമാർ ' എന്നപേരിലറിയപ്പെടുന്ന പ്രത്യേക ജാതിക്കാർ ചുമന്ന് കൊണ്ടു പോകുന്ന പല്ലക്കിലായിരുന്നു. അതിനു മുൻപിൽ ഒരു ഭടൻ വാള്ളുമേന്തി അകമ്പടി സേവിക്കുകയും പല്ലക്കുവാഹകൻമാർ രാജാവിന്റെ എഴുന്നള്ളത്തറിയിക്കുവാനും അയിത്ത ജാതിക്കാരെ അകറ്റിയോടിക്കുന്നതിനും ഉച്ചത്തിൽ പ്രത്യേക ശബ്ദം പുറപ്പെടുവിക്കുമായിരുന്നു.

വർത്തമാന കാലത്തിനും രണ്ടു തലമുറക്കുമുമ്പ് ഈ രാജവംശത്തിലെ പ്രധാനിയെ ചിറക്കൽ രാമവർമ്മ വലിയരാജ എന്നാണറിയപ്പെട്ടിരുന്നത്. അദ്ദേഹം അറിയപ്പെട്ട ഒരു സംസ്കൃത പണ്ഡിതനും വിദ്യാഭ്യാസ കാര്യത്തിൽ അതീവതൽപരനുമായിരുന്നു. അദ്ദേഹമാണ് രാജാസ് ഹൈസ്കൂളും രാജാസ് യു.പി. സ്കൂളും സ്ഥാപിച്ചത്. കണ്ണൂർ ജില്ലയിലെ ഏറ്റവും പഴ

ക്കം ചെന്ന ഹൈസ്കൂളുകളിലൊന്നായിരുന്നു അത് എന്ന് പ്രത്യേകം പ്രസ്താവ്യമാണ്. കണ്ണൂർ നഗരത്തിൽ നിന്നു പോലും ഇവിടേക്ക് വിദ്യാർത്ഥികൾ വന്നിരുന്നു. അങ്ങിനെ ചിറക്കൽ തലമുറകൾക്ക് മുമ്പ് തന്നെ വിദ്യാഭ്യാസ മേഖലയിൽ ഒരു പ്രധാന സ്ഥാനം വഹിച്ചതായി കാണാവുന്നതാണ്. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയം 1864-ൽ സ്ഥാപിതമായ രാമഗുരു സ്കൂളാണ്. 1936-ലെ താലൂക്ക് ബോർഡിന്റെ ചെയർമാനായി ഒരു 'കിരീടാവകാശി' യും ഉണ്ടായിരുന്നു. അദ്ദേഹം പ്രസിഡന്റ് തമ്പുരാൻ എന്നാണറിയപ്പെട്ടിരുന്നത്. അദ്ദേഹത്തെ അന്നെതിർത്തിരുന്നത് ശ്രീ. സുകുമാർ അഴീക്കോടിന്റെ പിതാവ് വിദ്വാൻ പി. ദാമോദരനായിരുന്നു. പ്രസ്തുത വലിയ രാജയുടെ പുത്രനാണ് പരേതനായ ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ. അദ്ദേഹം പ്രസിദ്ധനായ ഒരു ചരിത്ര പണ്ഡിതനും സാഹിത്യകാരനുമായിരുന്നു. അതിനു പുറമേ കേരളത്തിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലെ പ്രാമാണികനായ ഒരു നേതാവുകൂടിയായിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ ചിറക്കൽ ടി. ശ്രീധരൻ നായർ ഉത്തരകേരളത്തിലെ പ്രശസ്തനായ കളരിപ്പയറ്റാചാര്യനും സുപ്രസിദ്ധ ചിത്രകാരനും ആയിരുന്നു. കേരളത്തിന്റെ തനതായ ആയോധന കലയായ കളരിപ്പയറ്റിനെ ജനകീയ തലത്തിലേക്കിറക്കിക്കൊണ്ടു വന്നതിൽ അദ്ദേഹം മുൻനിരയിലായിരുന്നു.

സവർണ്ണരുടേയും അവർണ്ണരുടേയുമായി ചെറുതും വലുതുമായ അനേകം ക്ഷേത്രങ്ങളും അമ്പലങ്ങളും കാവുകളും പഞ്ചായത്തിൽ ധാരാളമായി കാണാവുന്നതാണ്. അവയിൽ പ്രധാനപ്പെട്ടവ ദേവസ്വം ബോർഡിന്റെ ഭരണത്തിൻ കീഴിലാണ്. കടലായി ശ്രീ കൃഷ്ണ ക്ഷേത്രവും കളരി വാതുക്കൽ ഭഗവതീ ക്ഷേത്രവും ഇതിൽ പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. കളരി വാതുക്കൽ ഭഗവതി ക്ഷേത്രത്തിൽ വർഷത്തിൽ രണ്ടുൽസവങ്ങൾ നടന്നുവരുന്നു. മീനമാസത്തിലെ പൂരോൽസവവും ഇടവ മാസത്തെയ്യാട്ടവും.

ഹിന്ദുക്കളെ കഴിച്ചാൽ ഇവിടെയുള്ള പ്രബല മതവിഭാഗം മുസ്ലീങ്ങളാണ്. അവരുടെ പുതിയതെരുവിലെ ജുമാ അത്ത് പള്ളി അടക്കം ധാരാളം പള്ളികളും ഏതാനും മദ്രസകളുമുണ്ട്.

അവർണ്ണ വിഭാഗത്തിലെ പട്ടിക ജാതിക്കാരും ചിറക്കൽ പഞ്ചായത്തിലെ ഒരു പ്രധാന ജനവിഭാഗമാണ്. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കോളനികളായും മറ്റും അവർ താമസിച്ചുവരുന്നു. അവർക്ക് അവരുടേതായ ആരാധനാസ്ഥലങ്ങളും കോട്ടങ്ങളും ഉണ്ട്. കാട്ടാമ്പള്ളി, കുന്നുംകൈ എന്നീ പട്ടിക ജാതി കോളനികൾ അവർ തിങ്ങി താമസിക്കുന്നതിൽ എടുത്തു പറയേണ്ട സ്ഥലങ്ങളാണ്.

ക്രൈസ്തവർ ചിറക്കൽ പഞ്ചായത്തിൽ മിക്കവാറും ഇല്ലെന്ന് പറയാവുന്നതാണ് ഒറ്റക്കും തെറ്റക്കും ചില കുടുംബങ്ങളെ കണ്ടേക്കാമെന്നു മാത്രം . ഈ പഞ്ചായത്തിലെവിടെയും ഒരു കൃസ്ത്യൻ പള്ളിയില്ലെന്നതാണ് യാഥാർത്ഥ്യം. എന്നാൽ ഹെർമൻ ഗുണ്ടർട്ട് കുറച്ചുകാലം ചിറക്കലെ 'പാതിരിപ്പറമ്പി' ൽ താമസിച്ചതായറിയുന്നു. മലയാളത്തിലെ ആദ്യത്തെ നിഘണ്ടുവിന്റെ കർത്താവാണ് ഗുണ്ടർട്ട്. ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത, ഇന്ത്യാ ചരിത്രത്തിൽ തന്നെ അതിനൊരു സുപ്രധാന സ്ഥാനം കരസ്ഥമാക്കിയെന്നുള്ളതാണ്. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റുകാർ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്ത് എന്ന സ്ഥാനം ചിറക്കൽ പഞ്ചായത്താണ് നേടിയത്. 1949 ജൂലായിൽ രാജാസ് യു.പി. സ്കൂളിൽ വച്ച് നടന്ന കൈപൊക്കി തിരഞ്ഞെടുപ്പിലൂടെയായിരുന്നു അത് നേടിയെടുത്തത്. സാധാരണക്കാരനായ ശ്രീ. കെ. പി. നാരായണനായിരുന്നു ആ പഞ്ചായത്തിന്റെ പ്രസിഡന്റ്. അദ്ദേഹം ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടെന്ന് ഇവിടെ രേഖപ്പെടുത്തട്ടെ. അന്നത്തെ ഒരു മെമ്പറായിരുന്ന ശ്രീ. എം.സി. നാണുവും ഇന്ന് ജീവിച്ചിരിപ്പുണ്ട്. അന്ന് പഞ്ചായത്തിൽ 12 അംഗങ്ങളാണുണ്ടായിരുന്നത്. 1949 മുതൽ 1988 വരെ കമ്യൂണിസ്റ്റു പാർട്ടിക്ക് പ്രാമുഖ്യമുള്ളതും കമ്യൂണിസ്റ്റു പ്രസിഡന്റുമായിരുന്നു പഞ്ചായത്തിന്റെ സാരഥ്യം വഹിച്ചിരുന്നത്. 1988 മുതൽ 95 വരെ കോൺഗ്രസ് മുന്നണിയും പഞ്ചായത്ത് ഭരിച്ചു. ഇപ്പോഴത്തെ ബോർഡ് അധികാരത്തിൽ വന്നതും കമ്യൂണിസ്റ്റു മുന്നണിയുടെ ഭരണത്തിൻ കീഴിലാണ്.

രാജഭരണത്തിന്റെ കീഴിൽ ഭൗതികമായ പുരോഗതിയൊന്നും കൈവരിക്കാൻ ചിറക്കൽ വില്ലേജിന്ന് സാധിച്ചിരുന്നില്ല. വില്ലേജിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള ഗതാഗതം വിഷമകരമായിരുന്നു. ഇതിനൊരു മാറ്റം വരാൻ തുടങ്ങിയത് രണ്ടാം മഹായുദ്ധത്തിന്റെ അന്ത്യത്തോടുകൂടിയാണ്. ചരക്ക് കടത്തിക്കൊണ്ടുപോകാൻ പ്രധാനമായും കാളവണ്ടികളാണുണ്ടായിരുന്നത്. അറുപതിൽ പരം കാളവണ്ടികൾ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ദൂര സ്ഥലങ്ങളിലേക്കുള്ള യാത്രാ സൗകര്യങ്ങൾ മിക്കവാറും ഉണ്ടായിരുന്നില്ല. ഈ രംഗത്ത് എടുത്തു പറയാവുന്ന ഒരു കാര്യം പുതിയതെരു-കണ്ണൂർ തുടങ്ങിയ റോഡു ഗതാഗതം സുഗമമായ സ്ഥലങ്ങളിലേക്കുള്ള യാത്രക്ക് സൂര്യൻ രാമൻ നായർ എന്ന പേരിൽ അറിയപ്പെട്ട മാണിക്കര രാമൻ നായരുടെ ഒരു കുതിര വണ്ടിയുണ്ടായിരുന്നുവെന്നതാണ്. സോമേശ്വരി ടെക്സ്റ്റൈൽസിന്റെ ഉടമയായിരുന്ന കൃഷ്ണൻ നായർ സ്വന്തമായി ഒരു കുതിര വണ്ടിയുപയോഗിച്ചതും പ്രാധാന്യമർഹിക്കുന്നതാണ്.

രണ്ടാം മഹായുദ്ധ കാലത്ത് വളപട്ടണം - കണ്ണൂർ റൂട്ടിൽ രണ്ടു ബസ്സുകൾ ഓടിയതാണ് ഗതാഗത രംഗത്തെ വലിയ മാറ്റം. നാരായണൻ ഡ്രൈവർ സ്വന്തമായി ഒരു ബസ് സർവ്വീസ് നടത്തി. മറ്റൊന്നിന്റെ ഉടമ എമ്പ്രോൺ ബാപ്പു എന്ന വ്യക്തിയായിരുന്നു. അന്ന് കരിയിട്ട് കത്തിച്ചാണ് ഇന്ധനം സാധിച്ചിരുന്നത്. ഈ പഞ്ചായത്തിൽ ആദ്യമായി മോട്ടോർകാർ ഉപയോഗിച്ചത് താജ് മഹൽ ടെക്സ്റ്റൈൽസ് ഉടമയും മൊടപ്പത്തി കുഞ്ഞപ്പ എന്നയാളുമായിരുന്നു. അദ്ദേഹവും ഒരു ഹാന്റ്ലും കമ്പനി ഉടമയായിരുന്നു.

ചിറക്കൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശാലമായ നെൽപാടങ്ങൾ ഉണ്ടായിരുന്നുവെങ്കിലും പ്രധാന തൊഴിൽ കൈത്തറി നെയ്ത്തായിരുന്നു. ആദ്യകാലത്തിവിടെ പരമ്പരാഗത നെയ്ത്തു തൊഴിലാളികളായ പത്മശാലിയ വിഭാഗത്തിന്റെ കുഴിത്തറി കുടിൽ വ്യവസായം നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. അവരിവിടെ പുതിയതെരു, പട്ടുവത്തെരു, പുഴാതിത്തെരു, കടലായിത്തെരു എന്നീ നാലു തെരുവുകളിൽ കേന്ദ്രീകരിച്ചധിവസിച്ചുവരുന്നു. കുഴിത്തറി പിന്നീട് കൈത്തറിയായി വളർന്നതിന് പിന്നിൽ ഈ സമുദായത്തിന്റെ പങ്ക് വളരെ പ്രധാനമാണ്. 1930-ഓടു കൂടി ചെറുതും വലുതുമായ ധാരാളം കൈത്തറി ഫാക്ടറികൾ ചിറക്കൽ പഞ്ചായത്തിൽ ഉയർന്നു വരികയുണ്ടായി. താജ്മഹൽ വീവിംഗ് വർക്സ്, നൂസ്റ്റാർ വീവിംഗ് വർക്സ്, എൻ.കെ. ബ്രദേഴ്സ്, ന്യൂ സ്ട്രീറ്റ് വീവിംഗ് വർക്സ്, കെ.സി.ടെക്സ്റ്റൈൽസ്, മൊടപ്പത്തി വീവിങ്ങ് വർക്സ്, അക്ബർ ടെക്സ്റ്റൈൽസ്, ലക്ഷ്മീ സഹായം ടെക്സ്റ്റൈൽസ് തുടങ്ങി ധാരാളം വലിയ ഫാക്ടറികൾ തന്നെ ഈ വില്ലേജിൽ

പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിരുന്നു. ഇവിടുത്തെ കൈത്തറി തുണിത്തരങ്ങൾക്ക് ഇന്ത്യയിലെങ്ങും വലിയ ഡിമാന്റുണ്ടായിരുന്നുവെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരുകാര്യമാണ്. നൂറു കണക്കിന് തൊഴിലാളികളും കുടുംബങ്ങളും ഈ വ്യവസായത്തെ ആശ്രയിച്ചു ജീവിച്ചു. പരമ്പരാഗത ജാതിക്കാർ മാത്രമായിരുന്നില്ല ഈ തൊഴിലാളികൾ. എല്ലാ ജാതി മതങ്ങളിലും പെട്ടവർ ഈ വ്യവസായത്തിൽ തൊഴിലാളികളായും ഉടമകളായും പ്രവർത്തിച്ചുവന്നു. ഇന്ത്യയിലെ നിലവാരമുള്ള കൈത്തറി വ്യവസായ കേന്ദ്രങ്ങളിൽ ചിറക്കലിന് പ്രധാനപ്പെട്ടൊരു സ്ഥാനമുണ്ടായിരുന്നു, ഇപ്പോഴും അത് തുടരുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരം സാമാന്യേന ഉയർത്തുന്നതിൽ കൈത്തറി വ്യവസായം നല്ല പങ്ക് വഹിച്ചു വരികയുണ്ടായി. രണ്ടാം മഹായുദ്ധം കൈത്തറി വ്യവസായത്തെ കുറേക്കൂടി വികസിപ്പിക്കാൻ പര്യാപ്തമായി.

രണ്ടാം ലോകമഹായുദ്ധവും കൈത്തറി വ്യവസായത്തോടുമൊപ്പം മറ്റൊരു സവിശേഷതയും ഈ വില്ലേജിനെ ആകർഷിക്കാൻ ആരംഭിച്ചിരുന്നു. 1930-കളിൽ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ അലകൾ ചിറക്കൽ താലൂക്കിൽ വന്നലച്ചപ്പോൾ അത് ചിറക്കൽ പഞ്ചായത്തിലും പ്രത്യക്ഷപ്പെടാൻ തുടങ്ങി. 35-ൽ രാജേന്ദ്രപ്രസാദ് പയ്യന്നൂർ രാഷ്ട്രീയ സമ്മേളനത്തിന് വരികയുണ്ടായി. ആ ഘട്ടത്തിൽ അദ്ദേഹം കണ്ണൂരും ചിറക്കലും സന്ദർശിച്ചിരുന്നു. ചിറക്കൽ രാജാസ് ഹൈസ്കൂളിന്റെ ഗ്രൗണ്ടിൽ വെച്ചു ചേർന്ന രാഷ്ട്രീയ സമ്മേളനത്തിൽ രാജേന്ദ്രപ്രസാദ് പ്രസംഗിക്കുകയും ചെയ്തു. കോൺഗ്രസ്സിന്റെ സന്ദേശവും പരിപാടികളും ജനങ്ങളിലേക്ക് പ്രചരിക്കാനിടയാക്കി. ശ്രീ. ചന്തൻ ഗുരുനാഥന്റെ നേതൃത്വത്തിൽ നീല യൂണിഫോമണിഞ്ഞ വളണ്ടിയർമാർ, തദവസരത്തിൽ സമ്മേളന സ്ഥലത്തും, ശ്രീ. രാജേന്ദ്രപ്രസാദിന് സ്വാഗതമരുളുന്നതിനും, ഭക്ഷണ വിശ്രമ താവളമൊരുക്കിയ ചിറക്കൽ ടി.യുടെ ശക്തിഭവനിലും ജാഗ്രത പുലർത്തി പ്രവർത്തിച്ചിരുന്നു.

'36 മുതൽ ചിറക്കലിൽ ഒരു കോൺഗ്രസ് കമ്മറ്റിയും വളണ്ടിയർകോറും രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. ആദ്യത്തെ കോൺഗ്രസ് കമ്മറ്റിയിൽ 9 പേരാണുണ്ടായിരുന്നത്. ശ്രീ. കെ. ഉണ്ണികൃഷ്ണ മേനോൻ പ്രസിഡന്റും, ശ്രീ. പി.വി. കുഞ്ഞിരാമൻ മാസ്റ്റർ സെക്രട്ടറിയുമായിരുന്നു. ഇവർക്ക് പുറമേ ശ്രീമാൻമാർ ആനോത്ത് നാരായണൻ നമ്പ്യാർ, പി.ഗോപാലൻ വൈദ്യർ, കെ.എം. കുഞ്ഞപ്പ മേസ്ത്രി, കെ.സി. ഇബ്രാഹിം, എം.കെ. കുഞ്ഞപ്പ നായർ, കെ.വി. അച്യുതൻ, ഒറക്കൻ കണ്ണൻ എന്നിവർ അംഗങ്ങളും. ഇവരിൽ ആനോത്ത് നാരായണൻ നമ്പ്യാർ, പി.ഗോപാലൻ വൈദ്യർ എന്നിവർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നിവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഗോപാലൻ വൈദ്യർ പുതിയതെരുവിലെ പ്രധാനപ്പെട്ട ആയുർവ്വേദൗഷധ വ്യാപാരി കൂടിയാണ്.

കമ്മറ്റിക്കു പുറമേ 11 പേരടങ്ങുന്നതാണ് അന്നത്തെ വളണ്ടിയർ കോർ. അവരുടെ പേരും താഴെ ചേർക്കുന്നു.

1) കെ.പി. നാരായണൻ 2) എം.സി. നാണു 3) പച്ച അച്യുതൻ 4) ആരമ്പൻ ദാമു 5) പി.സി. ശങ്കരൻ 6)കപ്പള്ളി കുഞ്ഞിരാമൻ 7) മൊടപ്പത്തി ശങ്കരൻ 8) പാലക്കീൽ നാരായണൻ 9) കെ.വി. കൃഷ്ണൻ 10) പി.സി. രാമൻ 11) വേണാടൻ കേളു നായർ. ഇവരിൽ ആദ്യത്തെ മൂന്നു പേർ ഇപ്പോഴും ജീവിച്ചിരിക്കുന്നു. ഇതിൽ കെ.പി.നാരായണനും എം.സി. നാണുവും വിശ്രമ ജീവിതം നയിക്കുന്നു. പച്ച അച്യുതൻ ഇപ്പോഴും പുതിയ തെരുവലെ ഒരു കച്ചവടക്കാരനായി പ്രവർത്തിച്ചു വരുന്നു. ബക്കളം സമ്മേളനത്തിൽ അദ്ദേഹവും ഉണ്ണികൃഷ്ണനും മേനോനും പ്രതിനിധികളായി പങ്കെടുത്തിരുന്നു.

കോൺഗ്രസ്സ് കമ്മറ്റിയിലെയും വളണ്ടിയർ കോറിലെയും ഒട്ടു മിക്കപേരും പിൽക്കാലത്ത് ഇടതുപക്ഷത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും പ്രവർത്തകൻമാരോ അനുഭാവികളോ ആയിരുന്നു.

ഈ അന്തരീക്ഷം മറ്റു ബഹുജന പ്രസ്ഥാനങ്ങൾക്കും ബീജാവാപം നൽകിയെന്നത് മറ്റൊരു സുപ്രധാന സംഭവവികാസമാണ്.

കോൺഗ്രസിന്റെ പരിപാടികൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനം ശക്തിപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെയും ട്രെയിഡ് യൂനിയൻ പ്രസ്ഥാനത്തിലെയും സമുന്നതനും ശക്തനുമായ നേതാവ് കെ.പി. ഗോപാലൻ, ചിറക്കൽ പഞ്ചായത്ത് പൗരനായിരുന്നു. അദ്ദേഹം തന്റെ പിതാവിന്റെ കള്ള്ഷാപ്പ് പിക്കറ്റ് ചെയ്തുകൊണ്ടാണ് രാഷ്ട്രീയ പ്രസ്ഥാനത്തിലേക്ക് പ്രവേശിച്ചത്. പിന്നീടദ്ദേഹം കേരളത്തിന്റെ ഒന്നാമത്തെ മന്ത്രിസഭയിൽ വ്യവസായ മന്ത്രിയുമായിരുന്നു. ഒ.ജി. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഒ. ഗോപാലൻ ഈ പഞ്ചായത്തിലെ സമുന്നതനായ ഒരു കോൺഗ്രസ് നേതാവായിരുന്നു.

കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂരിൽ ഉപ്പ് സത്യാഗ്രഹത്തിനു പോയ ജാഥയിൽ ഈ പഞ്ചായത്തിൽ നിന്നും ചാപ്പാടി കണ്ണൻ എന്ന ഒരാൾ പങ്കെടുക്കുകയും ക്രൂരമായ മർദ്ദനത്തിനിരയായിത്തീരുകയും ചെയ്തു. പീറ്റ അച്ചുവെന്ന മറ്റൊരു കോൺഗ്രസ് നേതാവിനെയും ഇവിടെ അനുസ്മരിക്കേണ്ടതായിട്ടുണ്ട്. ബോംബേ ഹൈക്കോടതി കെട്ടിടത്തിൽ യൂനിയൻ ജാക്ക് വലിച്ചുതാഴ്ത്തി, ദേശീയ പതാക ഉയർത്തി ധീരത കാണിച്ചു കൊടിയ മർദ്ദനവും ജയിൽ വാസവും വരിച്ച സ്വാതന്ത്ര്യ സമര സേനാനിയും, താമ്രപത്രം ലഭിച്ച ജവാൻ കണാരി എന്ന പേരിലറിയപ്പെടുന്ന ഐ.എൻ.എ ഭടൻ ശ്രീ. സി.എച്ച്. കണാരി, ചിറക്കൽ പുതിയാപ്പറമ്പ് സ്വദേശിയാണ്.

കെ. ഉണ്ണികൃഷ്ണ മേനോൻ ഒരു ഘട്ടത്തിൽ കെ.പി.സി.സി. മെമ്പർ വരെ ഉയർന്ന പദവിയിൽ എത്തിച്ചേർന്നിരുന്നു. ഇതോടൊപ്പം സ്മരിക്കേണ്ട ഒരു നാമമാണ് പട്ടിണി ഗോപാലൻ എന്ന പേരിൽ പ്രസിദ്ധനായൊരു വ്യക്തിയുടേത്. അദ്ദേഹം മദിരാശിയിലേക്ക് പോയ പട്ടിണി ജാഥയിൽ അംഗമായതിനാലാണാ പേരിൽ അറിയപ്പെടാൻ തുടങ്ങിയത്.

കേന്ദ്ര മന്ത്രി പദവി വരെയെത്തിയ ശ്രീ. കെ. കരുണാകരൻ ചിറക്കൽ സ്വദേശിയാണെന്നത് പ്രത്യേകം പ്രസ്താവ്യമാണ്

ഇതിനിടയിൽ ജാതിവ്യത്യാസത്തിനും അയിത്തത്തിനും എതിരായ പ്രചരണ പ്രവർത്തനങ്ങളും ശക്തിയായി തുടർന്നു. അതിന്റെ ഭാഗമായി ഒരു മിശ്രഭോജന സദ്യ നടന്നതും ഇവിടെ അനുസ്മരിക്കേണ്ടതാവശ്യമാണ്.

ഇത്തരം പ്രവർത്തനങ്ങളോടൊപ്പം വായനശാലകളും ആവിർഭവിച്ചു. കെ.പി. ഗോപാലന്റെ വീട്ടുവളപ്പിലെ പീടികമാടത്തിൽ ആശാൻ സ്മാരക വായനശാല സ്ഥാപിക്കപ്പെട്ടു. ചന്തൻ ഗുരുനാഥന്റെ നേതൃത്വത്തിൽ പള്ളിക്കുളത്തിനു സമീപം ശിവാനന്ദ വായനശാലയും രംഗത്തുവന്നു. ഇതേ തുടർന്ന് പല ഭാഗങ്ങളിലും വായനശാലകൾ രൂപീകരിക്കപ്പെട്ടു. ഇന്ന് ഈ

ആദ്യകാലത്തെ വായനശാലകളിൽ നിശാപഠനവും രാഷ്ട്രീയ ക്ലാസ്സുകളും നടത്തപ്പെട്ടിരുന്നു.

ഇതേ തുടർന്ന് ഈ പഞ്ചായത്തിൽ ട്രെയിഡ് യൂനിയനും കർഷക സംഘവും ആവിർഭവിച്ചു. നെയ്ത്ത് വ്യവസായ രംഗത്ത് ചിറക്കൽ താലൂക്ക് നെയ്ത്ത് തൊഴിലാളി യൂനിയൻ ഉണ്ടായി. ഒരു കർഷകസംഘവും. 37ലും 39-ലും കൈത്തറി വ്യവസായ മേഖലയിൽ പണിമുടക്ക് നടന്നത് ശ്രദ്ധേയമായ സംഭവമാണ്. സംഘടിതമായ ആ സമരങ്ങളുടെ ഫലമായി ചില സാമ്പത്തികാനുകൂല്യങ്ങൾ നേടാനും തൊഴിലാളികൾക്ക് സാധിക്കുകയുണ്ടായി.

ചിറക്കൽ വലിയ രാജയുടെ സന്നിധിയിലേക്ക് ഒരു കർഷക ജാഥ കർഷകനേതാക്കളുടെ നേതൃത്വത്തിൽ പോയതും ഒരു സുപ്രധാന സംഭവമാണ്. അത് കുറേ വില്ലേജുകൾ കേന്ദ്രീകരിച്ചു സംഘടിപ്പിച്ചതായിരുന്നു. ആ ജാഥയിലെ മുദ്രാവാക്യ ഗാനം ഇങ്ങനെയായിരുന്നുവത്രേ. വിഷ്ണുഭാരതീയൻ ജാഥയെ നയിച്ചവരിൽ ഉൾപ്പെടുന്നു.

'' വാരം, പാട്ടം, പുറപ്പാട്, മാനുഷം, വെച്ചുകാണലും
കൃഷിക്കാരാ നിന്റെ നട്ടെല്ല് പൊട്ടിച്ചല്ലേ കൊടുപ്പത്
ഞേങ്ങോൽ പിടിക്കും കൈകൾക്കും മറ്റുള്ള ജനതക്കുമേ
സാമ്രാജ്യത്വം തകർത്തിടാൻ സാധ്യമാവൂ സഖാക്കളേ! ''

ആ ജാഥാ നേതാക്കളുടെ ഒരു നിവേദകസംഘത്തോട് ചിറക്കൽ വലിയരാജ അനുഭാവ പൂർവ്വം പെരുമാറിയെന്നും, വളരെ നിസ്സാരമായ ഒരാനുകൂല്യം അനുവദിക്കപ്പെട്ടതായും അറിയുന്നു.

ആ ജാഥയിലുയർത്തിയ മുദ്രാവാക്യം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. കേവലം കാർഷികപ്രധാനമായ ആവശ്യം മാത്ര മല്ല അതുയർത്തിപ്പിടിച്ചത്. സാമ്രാജ്യത്വമാണ് പ്രധാന ശത്രുവെന്നത് ഊന്നിയുറപ്പിച്ചതായും കാണാവുന്നതാണ്.

ഏതാണ്ടിക്കാലം തന്നെയാണ് ഈ പഞ്ചായത്തിൽ അദ്ധ്യാപക പ്രസ്ഥാനവും ശക്തിപ്പെട്ടത്. പാലക്കൽ അനന്തൻ മാസ്റ്റർ, പി.വി. കുഞ്ഞിരാമൻ മാസ്റ്റർ, എം.ശേഖരൻ മാസ്റ്റർ തുടങ്ങിയവർ അദ്ധ്യാപക പ്രസ്ഥാനത്തിന്റെ അറിയപ്പെടുന്ന നേതാക്കൻ മാരായിരുന്നു. ഇതിൽ അനന്തൻ നമ്പ്യാർ സംസ്ഥാന നേതൃത്വ പദവിയോളം ഉയർന്നിരുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ട്രേഡ് യൂനിയൻ-കർഷകസംഘം-അദ്ധ്യാപക പ്രസ്ഥാനങ്ങളുടെ പ്രവർത്തനം സാംസ്കാരികതലത്തിൽ വലിയൊരു വേലിയേറ്റം തന്നെ സൃഷ്ടിക്കാൻ കാരണമായി. പുരാണ കഥകളെ ആസ്പദമാക്കി നാടകങ്ങൾ അവതരിപ്പിച്ച ഒരു നാടക സംഘം അക്കാലത്ത് ആദ്യമേതന്നെ ഇവിടെയുണ്ടായിരുന്നു. അതിന്റെ പേരെന്തായിരുന്നുവെന്നത് വ്യക്തമല്ല. എന്നാൽ അതിന്റെ ആശാനും ആസൂത്രകനുമായി പ്രവർത്തിച്ചിരുന്നത് തൈക്കണ്ടി ചാത്തു ഗുരിക്കൾ എന്ന കലാകാരനായിരുന്നു. അവർ ധാരാളം തവണ നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. ഈ രംഗത്ത് തന്നെ പ്രവർത്തിച്ച മറ്റൊരു വ്യക്തിയാണ് പൂശാരി കണ്ണൻ എന്ന പേരിലറിയപ്പെടുന്ന മടക്കര കണ്ണൻ എന്ന വ്യക്തി. അദ്ദേഹവും പുരാണ നാടകങ്ങളുടെ ആവിഷ്കർത്താവായിരുന്നു.

എന്നാൽ പുരാണ നാടകങ്ങൾ മാത്രമല്ല വിപ്ലവ നാടകവും അക്കാലത്തരങ്ങേറുകയുണ്ടായി. കാട്ടാമ്പള്ളി ജയിൽ പറമ്പിൽ നടന്ന കർഷകസമ്മേളനത്തിൽ കെ.ദാമോദരന്റെ ' പാട്ടബാക്കി ' എന്ന പ്രസിദ്ധ നാടകവും പ്രദർശിപ്പിച്ചിരുന്നു.

ഈ സാഹചര്യത്തിൽ ഈ പഞ്ചായത്തിൽ ഏതാനും സാമൂഹ്യ രാഷ്ട്രീയ ഇതിവൃത്തം അംഗീകരിച്ച കലാസമിതികളും ജൻമമെടുത്തു. അവയിൽ പ്രധാനപ്പെട്ടത് ഉദയ കലാസമിതി, അലവിൽ ദേശീയ കലാസമിതി, വസന്ത കലാനിലയം, വളപട്ടണം കലാസമിതി, ചിറക്കൽ കലാസമിതി, ശ്രീ ശൈലം കലാസമിതി, കോട്ടക്കുന്ന് കലാസമിതി എന്നിവ പ്രാധാന്യമർഹിക്കുന്നു. ഇവയിൽ അലവിൽ ദേശീയ കലാസമിതി രാഷ്ട്രീയ നാടകങ്ങൾ വിപുലമായവതരിപ്പിച്ച ഒരു സമിതിയായിരുന്നു. ഉദയകലാ സമിതി, എം.ശേഖരൻ മാസ്റ്ററുടെ നേതൃത്വത്തിൽ രൂപം കൊണ്ടതും സാമൂഹ്യപ്രതിബദ്ധതയുമുള്ളതായിരുന്നു. അവിടെ ഡാൻസ് ക്ലാസ്സുകളും നടക്കുകയുണ്ടായി. ഇന്നതിന് സ്വന്തം കെട്ടിടവും സൗകര്യങ്ങളും കൂടിയുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്തിന് പുറത്താണ് പ്രവർത്തിക്കുന്നത്.

പൂരക്കളി, കോൽക്കളി തുടങ്ങിയ പ്രാചീന 'ഫോക്ക്ലോർ' കലകളും ഇവിടെ ജനജീവിതത്തിൽ ഒരു ഘട്ടത്തിൽ സാമാന്യം സ്വാധീനം ചെലുത്തിയതായി കാണുന്നു. കീച്ചിപ്രത്ത് കൃഷ്ണൻ എന്ന പൂരക്കളി ആശാൻ കഴിഞ്ഞ തലമുറയിലെ സുപരിചിതനായ കലാകാരനായിരുന്നു. കോൽക്കളി രംഗത്തെ പ്രസിദ്ധനായ ആശാൻ പുല്ലൂക്കൂൽ അമ്പുക്കുട്ടി ഗുരുക്കൾ, വെളിയമ്പ്ര ഗുരുക്കൾ തുടങ്ങിയവരാണ്. വെളിയമ്പ്ര ഗുരുക്കൾ കോൽക്കളി ഗാനങ്ങൾ രചിക്കുകയും അദ്ദേഹത്തിന്റെ കോൽക്കളി ട്രൂപ്പ് ആകാശവാണിയിൽ പരിപാടികൾ അവതരിപ്പിക്കുകയും ഉണ്ടായിട്ടുണ്ട്.

പുതിയതെരു മണ്ഡപത്തിൽ നിന്ന് മീനമാസത്തിലെ പൂരം നാളിൽ കളരി വാതുക്കൽ ഭഗവതി ക്ഷേത്രത്തിലേക്കു പോകുന്ന 'കരടിക്കളി' പ്രസിദ്ധമാണ്.. ദാരിക വധത്തിൽ ദേവിയെ അഭിനന്ദിക്കാൻ ഏർപ്പെടുത്തിയ ഒരു പരിപാടിയാണിതെന്ന് ഐതിഹ്യം. ആ കരടിക്കളിക്ക് കൊഴുപ്പുകൂട്ടാൻ വെളിയമ്പ്ര ഗുരുക്കളുടെ കോൽക്കളി സംഘം വളരെ വർഷങ്ങളായി അകമ്പടി സേവിച്ചു വരുന്നതായും കാണുന്നു.

കളം പാട്ട്, ഗന്ധർവ്വൻ പാട്ട്, മലയൻകെട്ട്, മുതലായ പ്രാചീന ഗാനപരിപാടികളും മുമ്പിവിടെ സാധാരണമായിരുന്നുവെന്ന് പഴയ തലമുറക്കാർ ഓർക്കുന്നു. ആടി-വേടൻ, കോതാമൂരി, പരിപാടികളും സാധാരണമായിരുന്നു. ആധുനിക വ്യാവസായിക യുഗത്തിന്റെ പരിഷ്കാര കുത്തിയൊഴുക്കിൽ ഇന്ന് ഇവയൊക്കെ നാമമാത്ര ആചരണമായിത്തീർന്നിരിക്കുന്നു.

ഒരുപക്ഷേ മറ്റിവിടങ്ങളിൽ ഇല്ലാത്ത കരിഞ്ചാമുണ്ടി എന്ന ദേവതയുടെ ഒരു കോട്ടവും കെട്ടിയാടലും ഈ പഞ്ചായത്തിലെ പുഴാതി പ്രദേശത്ത് ഇപ്പോഴും ഉണ്ടെന്നതിവിടെ അനുസ്മരിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ വിഷവൈദ്യൻമാരും ഉണ്ടായിരുന്നു. മുണ്ടയാടൻ കണ്ടി കുഞ്ഞിരാമൻ വൈദ്യർ, കോട്ടത്തുപുരയിൽ കണ്ണൻ വൈദ്യർ എന്നിവർ ഈ രംഗത്തെ സ്മരണീയ വ്യക്തികളാണ്. ആ പാരമ്പര്യത്തിന്റെ അവകാശികളായി ഇന്ന് ആരുമില്ലെന്ന ദുഃഖ സത്യവും ഇതോടൊപ്പം ഓർമ്മിക്കേണ്ടതുണ്ട്.

1941-ലെ ജാപ്പു വിരുദ്ധ മേളകൾ ഈ പഞ്ചായത്തിൽ വമ്പിച്ച ചലനങ്ങൾ സൃഷ്ടിച്ച സംഭവമാണ്. പ്രഹസനങ്ങളും ലഘുനാടകങ്ങളും മറ്റു കലാപരിപാടികളുമായി അനേകം യുവാക്കൾ അന്ന് ആവേശ പൂർവ്വം മുന്നോട്ടു വരികയുണ്ടായി.

ശ്രീ നാരായണഗുരുവിന്റെ ആദർശങ്ങൾക്കും ചിന്തകൾക്കും ഇവിടെ സ്ഥാനം ലഭിച്ചിട്ടുണ്ട്. ആ സന്ദേശ പ്രചരണത്തിന് ഒന്നിലധികം സംഘടനകളും പ്രവർത്തിച്ചു വരികയാണ്. ചതയദിനാഘോഷങ്ങളും നടക്കാറുണ്ട്.

പരേതരായ പാണ്ടൻ കുഞ്ഞിരാമൻ വൈദ്യരുടെ നേതൃത്വത്തിൽ ഒരു കളരിപ്പയറ്റ് പരിശീലന സ്ഥാപനവും കുറേക്കാലം ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. നാലഞ്ചു മുത്തപ്പൻ സ്ഥാനങ്ങളും ഈ പഞ്ചായത്തിൽ ഇപ്പോൾ സജീവമായിത്തന്നെ നിലകൊള്ളുന്നുണ്ട്. അവയിൽ പഴക്കം കൊണ്ടും പ്രാധാന്യം കൊണ്ടും അറവിലെക്കണ്ടി മുത്തപ്പൻ സ്ഥാനം ഉയർന്നു നിൽക്കുന്നു.

പ്രാചീനവും പ്രസിദ്ധവുമായ പള്ളിക്കുളം സമാധിസ്ഥാനം അടുത്ത കാലത്തായി ഒരു ക്ഷേത്ര കോംപ്ലക്സായി വികസിച്ചിട്ടുണ്ട്. പ്രതിദിനം പൊതുജനങ്ങളുടെ സ്വമേധയാ സംഭാവനകളിലൂടെ ഭീമമായ സംഖ്യയാണിവിടെ വരവ്. എല്ലാ ജാതി മതസ്ഥരും അവിടെ സംഭാവനയർപ്പിച്ചുവരുന്നു.

ഹൈന്ദവരിലെ ഓരോ സമുദായത്തിനും അവരവരുടേതായ 'പരദൈവങ്ങൾ 'ക്കിവിടെ ക്ഷേത്രങ്ങളും കാവുകളും കോട്ടങ്ങളുമുണ്ടെന്നത് പഠനാർഹമായ ഒരു വിഷയമാണ്. ഹൈന്ദവരിലെ വ്യത്യസ്ഥ ജാതികൾക്ക് ശ്മശാനമുണ്ട്. തീയർക്ക് പ്രത്യേകം, ഹരിജനങ്ങൾക്ക് പ്രത്യേകം, മുസ്ലീങ്ങൾക്ക് പ്രത്യേകം. ഇതിനു പുറമേ, ' ചോയി കോമ ' എന്ന പേരിൽ ഒരു പൊതു ശ്മശാനവും ഉണ്ട്. അവിടെ അനാഥ ശവങ്ങൾ ഉൾപ്പടെ സംസ്കരിക്കാറുണ്ടായിരുന്നു. ഇന്നതാരും ഉപയോഗിക്കാറില്ല.

സഹകരണ പ്രസ്ഥാനത്തിനും വളരെ പ്രാബല്യമുള്ള ഒരു പഞ്ചായത്താണ് ചിറക്കൽ.. കൈത്തറി നെയ്ത്ത് രംഗത്ത് ചിറക്കൽ വീവേഴ്സ് സൊസൈറ്റി, വനജ വീവേഴ്സ് സൊസൈറ്റി, റോയൽ വിവേഴ്സ് സൊസൈറ്റി, കാനനൂർ വീവേഴ്സ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ പ്രാധാന്യമർഹിക്കുന്നു. ഇപ്പോൾ ദിനേശ് ബീഡി സഹകരണ സംഘവും ഈ മേഖലയിലെ പ്രധാന സ്ഥാപനമാണ്.

ബാങ്കിങ്ങ് രംഗത്ത് ചിറക്കൽ സർവ്വീസ് കോ-ഓപ്. ബാങ്ക് വഹിച്ചുവരുന്ന പങ്ക് നിസ്തുലമാണെന്ന് പറയേണ്ടിയിരിക്കുന്നു. അതിന്റെ ഒന്നിലധികം ബ്രാഞ്ചുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തനം നടത്തുന്നു. ഇവിടെ ഒരു മിൽക്ക് സൊസൈറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്.

വ്യാപാരരംഗം ഇവിടെ സജീവമാണ്. ഹോൾസെയിലും റീട്ടെയിലും നടക്കുന്നു. എല്ലാതരം സാധന സാമഗ്രികളും ഇവിടെ ലഭ്യമാണ്. ദശകങ്ങൾക്കു മുമ്പ്- സ്വാതന്ത്ര്യത്തിനും വളരെ മുമ്പ് പേട്ടയിൽ നിന്ന് കാളവണ്ടികളിൽ നെല്ല് കൊണ്ടുവന്ന് വ്യാപാരം നടത്തുകയും 'കൂവൻ കുത്തി'ന് കൊടുക്കുകയും ചെയ്തുകൊണ്ട് ഈ രംഗത്ത് ചുവടുറപ്പിച്ച പ്രാതസ്മരണീയരാണ് കച്ചായി ഇബ്രാഹിം ഹാജി, അബൂബക്കർ ഹാജി, എം.പി. കുഞ്ഞപ്പുള്ള എന്നിവർ. ഇന്ന് അബൂബക്കർ ഹാജിയുടെ പരമ്പര മാത്രമേ രംഗത്തവശേഷിക്കുന്നുള്ളൂ.

ആരോഗ്യ രംഗത്തും നിരവധി ആയുർവ്വേദ നാട്ടു വൈദ്യൻമാർ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം അനുഷ്ഠിച്ചിരുന്നു. അതിൽ ഏറ്റവും എടുത്തുകാണിക്കേണ്ടത് ചിറക്കൽ കോവിലകം ആസ്ഥാന വൈദ്യരായിരുന്ന ശ്രീ. കെ.വി. കുഞ്ഞിരാമൻ വൈദ്യരെയാണ്. ആയുർവ്വേദത്തിൽ അഗാധ പണ്ഡിതനായിരുന്ന അദ്ദേഹം പുതിയതെരുവിൽ 'ശ്രീ മൂകാംബികാ വിലാസം ആയുർവ്വേദ ആശുപത്രി' എന്ന പേരിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കാവുന്ന ഒരാശുപത്രി സ്ഥാപിച്ചിരുന്നു. സ്വാതന്ത്ര്യത്തിനും ദശകങ്ങൾക്കു മുമ്പായിരുന്നു അത്. മഹാകവി വള്ളത്തോളായിരുന്നു അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചിരുന്നത്. കണ്ണൂർ ജില്ലയിൽ സ്വകാര്യ മേഖലയിൽ അലോപ്പതിക്കുപോലും ഒരുപക്ഷേ ഒരാശുപത്രി വരുന്നതിനു മുമ്പായിരുന്നു ഇത് സ്ഥാപിക്കപ്പെട്ടത്. എന്നാൽ അധിക കാലം അത് നിലനിൽക്കുകയുണ്ടായില്ല.

ഈ പഞ്ചായത്തിലെ ആദ്യത്തെ അലോപ്പതി ഡോക്ടർ പുതിയാപ്പറമ്പിലെ കുഞ്ഞിക്കണ്ണൻ ഡോക്ടറാണ്. ഒരു കാലത്തിവിടെ അലോപ്പതി ഹോമിയോപ്പതി ചികിത്സാ രംഗത്ത് രണ്ട് കൃഷ്ണൻ കമ്പൗണ്ടർമാർ ആധിപത്യം ചെലുത്തിയതും എടുത്തു പറയേണ്ട കാര്യമാണ്. ആയുർവ്വേദ രംഗത്തെ ചന്തൻ വൈദ്യരും എടയാടി കുഞ്ഞിക്കണ്ണൻ വൈദ്യരും പ്രാതസ്മരണീയരാണ്. അലവിലെ മർമ്മ ചികിത്സാ വിദഗ്ധനായിരുന്ന ചാലിൽ കോരുവൈദ്യർ, താച്ചിയോടൻ കുട്ടിരാമൻ വൈദ്യർ, പാലക്കൽ കുഞ്ഞപ്പ വൈദ്യർ തുടങ്ങിയവരുടേയൊക്കെ സേവനം സ്മരിക്കേണ്ടതുണ്ട്. ഇന്ന് ധാരാളം ഡോക്ടർമാരും മെഡിക്കൽ ഷോപ്പുകളും ആയുർവ്വേദ ഷോപ്പുകളും ചികിത്സാ രംഗത്തുണ്ട്. പുറമേ പഞ്ചായത്തിന്റേതായി പ്രൈമറി ഹെൽത്ത് സെന്ററും ആയുർവ്വേദ ഡിസ്പൻസറിയും പ്രവർത്തിച്ചുവരുന്നുണ്ട്. മൃഗ സംരക്ഷണ വകുപ്പിന്റെ ഊർജ്ജിത കന്നുകാലി വികസന ഉപ കേന്ദ്രവും ഇവിടെയുണ്ട്.

ആദ്യകാലത്ത് പുതിയതെരുവിൽ, ഏതാനും ചില്ലറ പീടികകളേ ഉണ്ടായിരുന്നുള്ളൂ. ആദ്യത്തെ ചായപ്പീടികകൾ പാറമ്മൽ അച്ചുതൻ, കോണിപൊരിയൻ കണ്ണൻ എന്നിവരുടേതായിരുന്നു. ആദ്യത്തെ സ്വർണ്ണ പണിക്കാരൻ ചന്തുക്കുട്ടി സ്രാപ്പും.

പഞ്ചായത്തിന്റെ തലസ്ഥാനമായി കരുതപ്പെടുന്ന പുതിയതെരു വളരെ വേഗത്തിൽ വികസിച്ചു വരികയാണ്. 17-ാം നമ്പർ ദേശീയ പാതയുടെ ഓരത്തിലാണിത് സ്ഥിതി ചെയ്യുന്നത്. രണ്ടു മൂന്ന് പ്രധാനപ്പെട്ട ജങ്ഷനുകൾ ഈ പഞ്ചായത്തിന്റെ സവിശേഷതയാണ്. എങ്ങോട്ടു യാത്ര ചെയ്യാനും സൗകര്യമുണ്ട്. റെയിൽവേ ലൈനും ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ഇവിടെ ഒരു റെയിൽവേ സ്റ്റേഷനുമുണ്ട്. മന്നക്ക് പഞ്ചായത്തിന്റെ അധീനതയിൽ തന്നെ ഒരു മിനി സ്റ്റേഡിയമുണ്ട്.

ജനങ്ങളിൽ നല്ലൊരുഭാഗം കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ടാണ് കഴിയുന്നത്. ബീഡിത്തൊഴിലാളികളും ഗണ്യമായ വിഭാഗമാണ്. കെട്ടിട നിർമ്മാണ മേഖലയിൽ നല്ലൊരു വിഭാഗം സ്ത്രീകളും പുരുഷൻമാരും ജോലി ചെയ്യുന്നു. ഗൾഫ് രാജ്യങ്ങളിൽ പോയി പ്രവർത്തിക്കുന്ന യുവാക്കളുടെ എണ്ണവും ഈ പഞ്ചായത്തിൽ വളരെയേറെയുണ്ട്. അഭ്യസ്ത വിദ്യരുടെയും യുവാക്കളുടെയും തൊഴിലില്ലായ്മ ഈ പഞ്ചായത്തിന് ഗൗരവമായൊരു പ്രശ്നമാണിപ്പോഴും. തൊഴിൽ രഹിതരായ യുവാക്കൾ വളരെയുണ്ടെങ്കിലും ദേഹാദ്ധ്വാന പരമായ തൊഴിലുകളിലേക്ക് ആളുകളെ ലഭിക്കാൻ വിഷമവുമുണ്ട്. ആ രംഗത്തേക്ക് തമിഴ് തൊഴിലാളികൾ ചേക്കേറി വരുന്നതായി കാണുന്നു.

പഞ്ചായത്തിലെ ഏറ്റവും സ്വാധീനമുള്ള രാഷ്ട്രീയ കക്ഷി സി.പി.ഐ.(എം) ആണ്. പിന്നെ കോൺഗ്രസ് (ഐ)യും മുസ്ലിം ലീഗും. ശക്തിയേറിയ ട്രേഡ് യൂനിയനുകളും യുവജന പ്രസ്ഥാനവും ഇടതുപക്ഷ ആഭിമുഖ്യത്തിൽ തന്നെയാണ്.

എന്നാൽ മഹിളാ പ്രസ്ഥാനം ദുർബലവുമാണ്. ഊർജ്ജ്വസ്വലരായ മഹിളാ പ്രവർത്തകർ ഈ പഞ്ചായത്തിൽ താരതമ്യേന കുറവാണെന്നത് ശ്രദ്ധിക്കപ്പെടേണ്ട പ്രശ്നമാണ്. ഇവിടുത്തെ വിദ്യാഭ്യാസ വ്യാവസായിക - സാമൂഹ്യ പുരോഗതിയുടെ നിലവാരവുമായി താരതമ്യ പഠനം നടത്തിയാൽ കാണുന്ന ഒരു പ്രധാന ദൗർബല്യം ഉൽപാദന രംഗത്തുള്ള മരവിപ്പാണ്. സാംസ്കാരികമായ മുന്നേറ്റവും തടസ്സപ്പെട്ടനിലയിലാണ് കാണുന്നത്. പലരംഗങ്ങളിലും സാംസ്കാരിക ജീർണ്ണത വർദ്ധിച്ചു വരുന്നതായാണ് അനുഭവം. സാക്ഷരതാ ശതമാനത്തിന്റെ അനുപാതത്തിൽ ശാസ്ത്രീയ വീക്ഷണ സ്വഭാവം വളർന്നതായും കാണുന്നില്ല.

ശാസ്ത്ര സാങ്കേതിക വിപ്ലവത്തിന്റെയും വ്യാവസായിക യുഗത്തിന്റെയും ജനാധിപത്യ സംവിധാനത്തിന്റെയും പുതിയ വികസന ബോധത്തിന്റെയും ഫലമായി നൂതനമായൊരുണർവ്വും നിർമ്മാണാത്മക വികസന പ്രക്രിയയുടെ ഒരുയിർത്തെഴുന്നേൽപ്പും ജനങ്ങളിൽ നിവേശിപ്പിക്കാൻ സാധിക്കുമാറുള്ള ഒരു സാഹചര്യം വളർന്നുവരികയാണ്. ഇത് പുരോഗതിയുടെ ഒരു പ്രകാശ കിരണമാണ്. ഈ പോസിറ്റീവ് ഘടകം ഉപയോഗപ്പെടുത്തി സമൃദ്ധവും സുന്ദരവും സമാധാനഭരിതവുമായ ഒരു പുത്തൻ ഗ്രാമ പഞ്ചായത്ത് കെട്ടിപ്പടുക്കുക എന്ന കർത്തവ്യമാണ് നമ്മെ അഭിമുഖീകരിക്കുന്നത്.

ഭാവി നമ്മുടേതാണ്! ജനങ്ങളുടേതാണ്!!

# ഭൂപ്രകൃതിയും വിഭവങ്ങളും

പറമ്പും പാടങ്ങളും ചെറിയ ചെറിയ കുന്നുകളും ഇടകലർന്ന ഭൂപ്രദേശം. ഏതാണ്ട് 16 ചെറുവയലുകൾ. വിസ്തൃതി കൊണ്ട് ഒന്നാം സ്ഥാനം കീരിയാട് ഏരുമ്മൽ വയൽ എങ്കിൽ ഏറ്റവും ചെറുത് രണ്ടര ഏക്കറുള്ള ബ്രഹ്മാഞ്ചേരി വയൽ. കാട്ടാമ്പള്ളിപ്പുഴയുടെ തീരങ്ങളാൽ ചുറ്റപ്പെട്ട കാട്ടാമ്പള്ളി അത്താഴക്കുന്ന് തുടങ്ങിയ പ്രദേശങ്ങൾ മുക്കാൽ ഭാഗത്തോളം കാട്ടാമ്പള്ളിയുടെ തീരം. ഈ തീരത്ത് വിസ്തൃതമായ കൈപ്പാട് കൃഷി. ഒരു കാലത്ത് വലിയ മുതൽ മുടക്കില്ലാതെ കർഷകർ പത്തായം നിറച്ച ചെറുനെല്ലറ. വേനൽക്കാലത്ത് അത്താഴക്കുന്നിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. പുഴയിൽ നിന്നും ചെങ്കുത്തായ കയറ്റവും ഉയർന്ന കുന്നും ഉള്ളതുകൊണ്ട് കൈപ്പാടകലെ പുഴയുണ്ടെങ്കിലും കുടിവെള്ള ക്ഷാമം ഉണ്ട്. അത്താഴക്കുന്നുമായി ചിറക്കൽ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നത് അരയമ്പേത്ത് കല്ലുകെട്ട് ചിറ റോഡാണ്. ശക്തിയായ മഴക്കാലത്ത് ഈ റോഡ് ജലത്തിൽ മുങ്ങുകയും ദിവസങ്ങളോളം ഗതാഗതത്തിന് തോണിയെ ആശ്രയിക്കുകയും ചെയ്യുന്നു.

ചിറക്കൽ പഞ്ചായത്തിന്റെ വടക്ക് കാട്ടാമ്പള്ളിപ്പുഴയും പടിഞ്ഞാറ് കടലിനോട് ചേർന്നു കിടക്കുന്ന അഴീക്കോട് പഞ്ചായത്തും തെക്ക് കാനായിത്തോടിനാൽ വേർതിരിക്കുന്ന പള്ളിക്കുന്ന് പഞ്ചായത്തും കിഴക്ക് ജില്ലാ ആസ്ഥാനത്തിന്റെ ഭാഗമായിരുന്ന പുഴാതി പഞ്ചായത്തും നിലകൊള്ളുന്നു. വളപട്ടണം പുഴയും പോഷക നദിയായ കാട്ടാമ്പള്ളിയും ചിറക്കൽ പഞ്ചായത്തിന്റെ അതിരുകളിൽ കൂടി ഒഴുകുന്നു. വേനൽക്കാലത്ത് കാട്ടാമ്പള്ളി പുഴ കണ്ണാടിപ്പറമ്പ്, മുണ്ടേരി, തുടങ്ങിയ പ്രദേശങ്ങളിൽ കൂടി നെല്ലിക്കപ്പാലം മാണിയൂർവരെ ഒഴുകുന്നുവെങ്കിലും മഴക്കാലത്ത് ഇതിന്റെ ഒഴുക്ക് നേരേ മറിച്ചാണ്. മലമ്പ്രദേശത്തു നിന്നും മാണിയൂർ, മയ്യിൽ തുടങ്ങിയ പഞ്ചായത്തുകളിലേയും വർഷകാലത്ത് ഒഴുകുന്ന ജലം വിവിധ കൈവഴികളിൽകൂടി നെല്ലിക്കപ്പാലം, മാണിയൂർ തുടങ്ങിയ സ്ഥലങ്ങളിൽ എത്തിച്ചേരുകയും പുഴയുടെ ഒഴുക്ക് വിപരീതമാവുകയും കാട്ടാമ്പള്ളിയിലേക്ക് പ്രവഹിക്കുകയും ചെയ്യുന്നു. ഈ പഞ്ചായത്തിൽ വേനൽക്കാലത്ത് വെള്ളം കിട്ടുന്ന ഒരൊറ്റ തോടും ഇല്ല. മഴക്കാലത്ത് ഒഴുകിപ്പോകുന്ന ജലം കേന്ദ്രീകരിക്കുന്ന ആറേഴ് തോടുകൾ നാമമാത്രമായുണ്ട്.

ഇവിടെ പറയത്തക്ക വിസ്തൃതിയേറിയ തെങ്ങിൻ തോപ്പുകളോ വിശാലമായ തോടുകളോ ഇല്ലെന്നു തന്നെ പറയാം . ചെറു വയലുകളെ ചുറ്റപ്പെട്ട പറമ്പുകൾ. വിശാലമായ സമതലങ്ങളില്ല. അൽപം ചെരിഞ്ഞും ചെറു സമതലങ്ങളുമായി കാണുന്ന തോപ്പുകൾ. ജനസാന്ദ്രതകൊണ്ട് തുണ്ടം തുണ്ടമായി വിഭജിക്കപ്പെട്ടു. കൃഷിയിടങ്ങൾ പുരയിടങ്ങളായി. ഏതാനും കുന്നുകളെക്കുറിച്ച് പറയുന്നുണ്ടെങ്കിലും കുന്നിന്റെ ഗൗരവമുള്ളവ ഇല്ലെന്നു തന്നെ പറയാം. അത്താഴക്കുന്ന്, കോട്ടക്കുന്ന്,മായിച്ചാൻ കുന്ന് എന്നീ കൊച്ചു കുന്നുകളും അരയമ്പേത്ത്, പടിഞ്ഞാറേ മൊട്ട, ആറാം കോട്ടം കോളങ്കട കിഴക്കുഭാഗം, കാഞ്ഞിരത്തറ എന്നിവയാണ് അൽപം ഉയരമുള്ള പ്രദേശങ്ങൾ. ഇവിടെ ഭൂമിക്കു മുകളിലായി കരിങ്കല്ല് കാണാനില്ല. അരയമ്പേത്ത് , പടിഞ്ഞാറേമൊട്ട, ഓണപ്പറമ്പ്, കാഞ്ഞിരത്തറ, വളപട്ടണം കട്ടിംഗ്, ആറാം കോട്ടം തുടങ്ങിയ സ്ഥലങ്ങളിൽ വെട്ടുകൽ പാറകളുണ്ട്. കാണപ്പെടുന്ന മൺതരങ്ങൾ വെട്ടുകൽ മണ്ണ്, പൂഴി കലർന്ന പശിമരാശി മണ്ണ്, ചളി കലർന്ന പശിമരാശി മണ്ണ്, ചരൽ മണ്ണ്, മണൽ മണ്ണ്, ചെമ്മണ്ണ് എന്നിവയാണ്.

ഉപ്പുവെള്ളം ശുദ്ധമാക്കാൻ കഴിയുന്ന കണ്ടൽക്കാടുകൾ ചക്കസൂപ്പി കടവിനടുത്തായി കാണുന്നുണ്ട്. കണ്ടൽ ക്കാടുകൾ പ്രകൃതിയുടെ വരദാനമാണ്. ഇവ സംരക്ഷിക്കേണ്ടത് സാമൂഹ്യ ആവശ്യവും കടമയുമാണ്. ചിറക്കൽ പഞ്ചായത്തിൽ കണ്ടൽ കാടുകൾ കാണുന്നത് ഈ പ്രദേശത്ത് മാത്രമാണ്. ദീർഘ ചതുരാ കൃതിയിലുള്ള കണ്ടൽക്കാടിന് അഞ്ഞൂറ് ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ട്. വിറകിന് വേണ്ടി കണ്ടൽക്കാടുകൾ നശിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ഇത് ബോധപൂർവ്വം തടയണം. കണ്ടൽക്കാടും ചുറ്റുപാടും സംരക്ഷിച്ച് വികസിപ്പിച്ചെടുത്താൽ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ പറ്റിയ സ്ഥലമാണ് കാട്ടാമ്പള്ളി പ്രദേശം. കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന കാസർകോട് ജില്ലക്കടുത്താണ് കണ്ണൂർ ജില്ലയും ചിറക്കൽ ഗ്രാമവും. മൂന്ന് മീറ്റർ മഴ ലഭിക്കുന്നു. ഏതാനും മണിക്കൂർ കൊണ്ട് ശക്തിയായ മഴയിൽ ലഭിക്കുന്ന വെള്ളം തടയപ്പെടാതെ വിവിവിധ കൈവഴികളിൽ കൂടി കാട്ടാമ്പള്ളി പുഴ, വളപട്ടണം പുഴ , അറബിക്കടൽ എന്നിവിടങ്ങളിൽ എത്തിച്ചേരുന്നു.

സസ്യങ്ങൾക്ക് ഇടതൂർന്ന് വളരാൻ പറ്റിയ കാലാവസ്ഥയുണ്ടെങ്കിലും ഒഴിഞ്ഞ പ്രദേശങ്ങൾ ഒട്ടും തന്നെയില്ല. കുറ്റിക്കാടുകളില്ല. മുമ്പ് കുട്ടികൾ പന്തു കളിച്ചു കൊണ്ടിരുന്ന പല കൊച്ച് മൈതാനങ്ങളും ഇന്ന് പുരയിടങ്ങളായി മാറി. മൈതാനത്തി

ന്റെ ഇല്ലായ്മയുടെ നടുവിലും വിശാലമായ ഒരു മൈതാനം പഞ്ചായത്തിന് സ്വന്തമായി മന്നയിലുണ്ട്. പഴയ ഭൂപ്രകൃതിക്ക് അടുത്തകാലത്തുണ്ടായ ജനസാന്ദ്രതയുടെ ഫലമായി കാര്യമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ചിറക്കൽ പഞ്ചായത്തിൽ പ്രധാനമായും മൂന്ന് മതക്കാർ താമസിക്കുന്നു. ഹിന്ദുക്കളും മുസ്ലിങ്ങളുമാണ് കൂടുതൽ. ഹിന്ദുക്കളുടെയും മുസ്ലിങ്ങളുടെയും നാൽപതിലേറെ ആരാധനാലയങ്ങൾ ഉണ്ട്. കൃസ്ത്യൻ ദേവാലയങ്ങൾ ഇല്ല. അത്താഴക്കുന്ന്, കുന്നുംകൈ, കീരിയാട്, കാട്ടാമ്പള്ളി, പുതിയതെരു, മന്ന, പാലോട്ടുവയൽ തുടങ്ങിയ സ്ഥലങ്ങൾ ന്യൂനപക്ഷങ്ങളുടെ ചെറു കേന്ദ്രങ്ങളാണ്. 13.6 ച.കി.മീ. വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 19370 പുരുഷൻമാരും 20468 സ്ത്രീകളും വസിക്കുന്നു.

ചിറക്കൽ പഞ്ചായത്തിലെ ജനസംഖ്യയുടെ പട്ടിക 1991-ലെ സെൻസസ് പ്രകാരം

| | പുരുഷൻമാർ | സ്ത്രീകൾ | മൊത്തം |
|---|---|---|---|
| | 18195 | 19168 | 37363 |
| പട്ടിക ജാതി | 1175 | 1293 | 2468 |
| പട്ടിക വർഗ്ഗം | | | 7 |
| | | | 39838 |

| | | |
|---|---|---|
| സ്ത്രീ പുരുഷ അനുപാതം | പു. 1000/ | സ്ത്രീ. 1057 |
| സാക്ഷരത | 97.4% | 90.44% |

തുടർവിദ്യാഭ്യാസ പരിപാടി പ്രകാരം 4-ാം ക്ലാസ്സ് പാസ്സായവർ

| | | |
|---|---|---|
| പരീക്ഷക്കിരുന്നവർ | പു. - 0 | സ്ത്രീ. - 7 |
| പാസ്സായവർ | | 6 |
| തോറ്റവർ | | 1 |

# കൃഷിയും ജലസേചനവും

**ച**രിത്രാതീത കാലം മുതൽ പേരുകേട്ട ചിറക്കൽ കോവിലകത്തിന്റെ അധീനതയിലായിരുന്നു ചിറക്കൽ ഗ്രാമം. ജൻമി-കുടിയാൻ വ്യവസ്ഥിതി നിലനിന്നിരുന്ന പഴയ ആചാരങ്ങളിലും അക്രമപ്പിരിവുകളിലും ഈ ഗ്രാമത്തിലെ കൃഷിക്കാരും ദുരിതം അനുഭവിച്ചിരുന്നു. ജൻമിയുടെ അനിഷ്ടത്തിന് പാത്രമാകുന്ന കൃഷിക്കാരന് കൃഷിഭൂമി ഏതു നിമിഷവും നഷ്ടമാകും. വിത്ത് ഇറക്കിയവൻ കൊയ്യാറാകും കൃഷിഭൂമി പാട്ടത്തിന് കൊടുത്തത് ജൻമിയുടെ സുരക്ഷ മാത്രം മുന്നിൽ കണ്ടുകൊണ്ടാണ്. കൃഷി ചെയ്തവന് പട്ടിണിയും ഭൂഉടമയായ ജൻമിക്ക് വയറുനിറയെ ചോറും ജൻമി-കുടിയാൻ വ്യവസ്ഥിതിയുടെ നിത്യദു:ഖങ്ങളായിരുന്നു. ഉയിർത്തെഴുന്നേറ്റ പാവപ്പെട്ട കൃഷിക്കാരന്റെ സംഘടിത ബോധവും സാംസ്കാരിക വളർച്ചയും 'കൃഷി ഭൂമി കൃഷിക്കാരന്റേത്' എന്ന ആപ്ത വാക്യത്തിന് ആരംഭം കുറിക്കുകയും ഭരണാധികാരികളെക്കൊണ്ട് ഈ സത്യം അംഗീകരിപ്പിക്കുകയും ചെയ്തു. ഈ സംഘടിത പോരാട്ടത്തിന്റെ ഫലമായി കൃഷിക്കാരന് താങ്ങും തണലുമായ നിയമങ്ങൾ ഉണ്ടായി. ഈ പോരാട്ടങ്ങൾക്ക് ഈ കൊച്ചു ഗ്രാമവും അതിന്റേതായ സംഭാവന നൽകിയിട്ടുണ്ട്.

പടിഞ്ഞാറ് അഴീക്കോടും വടക്ക് കാട്ടാമ്പള്ളിപ്പുഴയും വളപട്ടണം പുഴയും, കിഴക്ക് പുഴാതി പഞ്ചായത്ത്, തെക്ക് പള്ളിക്കുന്ന് പഞ്ചായത്ത് എന്നിവയാണ് ഈ ഗ്രാമത്തിന്റെ ഭൗതിക അയൽക്കാരായി കഴിയുന്നവർ. വിശാലമായ നദീതീരത്തെ കൈപ്പാട് കൃഷി ഈ പ്രദേശത്തിന്റെ നെല്ലറകളിൽ ഒന്നായിരുന്നു. ഉയർന്ന പ്രദേശങ്ങളാൽ ചുറ്റപ്പെട്ട പതിനാറോളം ചെറിയ നെൽപാടങ്ങൾ ഇവിടെ ഉണ്ടായിരുന്നു. നാഗരികതയുടെ ഭാഗമായി കണ്ണൂർ പട്ടണത്തിന്റെ വികാസം ചിറക്കൽ ഗ്രാമത്തിലേക്ക് അതിവേഗം പടർന്നു പന്തലിക്കുന്നു. ഇവിടെയുണ്ടായിരുന്ന നെൽവയലുകളിൽ മിക്കതും വയൽ എന്ന നാമകരണം മാത്രമായി അവശേഷിക്കുന്നു. 700 ഏക്കർ നെൽവയൽ ഉണ്ടായിരുന്ന ചിറക്കൽ ഗ്രാമത്തിൽ ഇന്ന് 70 ഏക്കർ പോലും നെൽകൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥയായി നമ്മുടെ ഗ്രാമം മാറിയിരിക്കുന്നു. അവരുടെ കൈവശമുണ്ടായിരുന്ന കൃഷിഭൂമിയിൽ കൃഷി ചെയ്യുന്നതിനു പുറമേ കൃഷിഭൂമി പാട്ടത്തിനു വാങ്ങി താൽപര്യമുള്ളവർ കൃഷിയിറക്കി ജീവിതവൃത്തി നിർവ്വഹിച്ചിരുന്ന കൃഷിക്കാരൻ മറ്റു മേഖലയിലേക്ക് വന്നതോടുകൂടി കൃഷി അവരുടെ പ്രധാന ഉപജീവനമാർഗ്ഗമല്ലാതായി തീർന്നു. കൃഷിയിൽ നിന്നുള്ള വരുമാനം കുറഞ്ഞു. കമ്പോള വൽക്കരണത്തോടുകൂടി പണം കൊടുത്ത് ഭക്ഷണ സാധനങ്ങൾ മുഴുവനായും വാങ്ങാമെന്ന അവസ്ഥ വന്നതോടുകൂടി കൃഷിയോടുള്ള താൽപര്യവും കുറഞ്ഞുവന്നു. കൃഷി ആദായകരമാക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു പകരം കൃഷി ചെയ്യുന്നത് നഷ്ടമാണ് എന്ന ബോധത്തിന്റെ പേരിൽ കൃഷി ചെയ്തിരുന്നവരും കൃഷിയിൽ നിന്ന് പിന്നോക്കം പോയി.

നാലായിരം ഏക്കർ നെൽ വയലുകൾ സംരക്ഷിച്ച് നല്ലവിള കൊയ്യുന്നതിനു വേണ്ടിയും വിവിധ പഞ്ചായത്തുകളുടെ വികസനത്തിനു വേണ്ടിയും ആരംഭിച്ച കാട്ടാമ്പള്ളി ജലസേചന പദ്ധതി ഏതാണ്ട് നാല് ദശാബ്ദങ്ങൾ പിന്നിട്ടപ്പോഴും ഏട്ടിലെ പശുവായി ഇന്നും മാറിയിരിക്കുന്നു. നമ്മുടെ പ്രദേശത്ത് കൃഷി വികസനത്തിനു വേണ്ടി പല വിധത്തിലുള്ള പദ്ധതികൾ നിലവിലുണ്ടെങ്കിലും പദ്ധതികളൊന്നും തന്നെ കൃഷിക്കാരെ കൃഷിയുടെ പ്രാധാന്യം ബോധ്യപ്പെടുത്താനുള്ള പ്രചോദനം നൽകാൻ ഉതകിയില്ല. ഏതു ഗ്രാമവും വികസിക്കണമെങ്കിൽ പ്രഥമ മേഖലയായ കൃഷിയും അനുബന്ധങ്ങളായ മത്സ്യസമ്പത്തും മൃഗ സംരക്ഷണവും വികസിക്കണം. ചുരുക്കിപ്പറഞ്ഞാൽ കൃഷിയുടെ വികസനം നിലനിൽപുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉൽപാദനം വർദ്ധിച്ചാലേ വിഭവം വർദ്ധിക്കൂ. വിഭവ സമ്പുഷ്ടമായ ഗ്രാമങ്ങൾക്ക് മാത്രമേ സ്വയം പര്യാപ്തതയെക്കുറിച്ച് ചിന്തിക്കാൻ കഴിയൂ. കൃഷിയുടെ സ്ഥായിയും ദ്രുത ഗതിയിലുമുള്ള വളർച്ചയാണ് ഗ്രാമത്തിന്റെ വികാസം.

ഉപഭോക്ത സംസ്കാരത്തിന്റെ നീരാളിപ്പിടുത്തം നമ്മുടെ ഗ്രാമത്തെ കാര്യമായി ബാധിച്ചിരിക്കുന്നു. പട്ടണ സംസ്കാരം നമ്മുടെ ഗ്രാമ ഭംഗിയെപ്പോലും ചോദ്യം ചെയ്യുന്നു. തുണ്ടം തുണ്ടമായ നമ്മുടെ പുരയിടത്തിൽ കൃഷിചെയ്യാൻ കഴിയുന്ന മിക്കതും നാം ചന്തയിൽ നിന്ന് വാങ്ങുന്നത് ഒരു സ്ഥിരം ഏർപ്പാടാണ്. എല്ലാ വീടുകളിലും ഉണ്ടായിരുന്ന വാഴപോലും ഇന്നില്ല. അതിഥികൾക്ക് ഇലയിൽ ഭക്ഷണം കൊടുക്കുന്നതും നമ്മുടെ ഒരാചാരമായിരുന്നു. ഇന്നാ സംസ്കാരം മൺമറഞ്ഞു. ഇലമുറിക്കാനുള്ള വാഴ അപ്രത്യക്ഷമായി. അടുക്കളപ്പുറത്ത് നടാൻ പറ്റുന്ന പച്ചമുളക്, കറിവേപ്പില, പപ്പായ, മധുരച്ചീര, പയർ, പാവക്ക, വെണ്ടക്ക എന്നിവയിൽ വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത കറിവേപ്പില, പച്ചമുളക്, കാന്താരി, പപ്പായ,

മുരിങ്ങ എന്നിവ പോലും നാം കൃഷിചെയ്യുന്നില്ല. തുളസി, കൂവളം, അരൂത, ഇരിവേരിത്തണ്ട്, കൂർക്കല, ആടലോടകം എന്നീ ഔഷധ വീര്യമുള്ള സസ്യങ്ങളെങ്കിലും അലങ്കാരച്ചെടിയോടൊപ്പം സംരക്ഷിച്ചാൽ ' എല്ലാവർക്കും ആരോഗ്യം, എല്ലാവർക്കും സസ്യങ്ങൾ ' എന്ന ലോകാരോഗ്യ സംഘടനയുടെ മുദ്രാവാക്യം നിലനിർത്താൻ സാധിക്കും. കൃഷിയുടെ വർദ്ധനവ് തൊഴിൽ വർദ്ധനവിന്റെ ഭാഗമാണ്. പുരയിടത്തിലെ കുടുംബകൃഷി തലമുറകളോട് കാണിക്കുന്ന കടമയും ഉത്തരവാദിത്തവുമാണ്. കുട്ടികളിൽ കൃഷിയുടെ പ്രാധാന്യവും ആവശ്യകതയും ബോധ്യപ്പെടുത്തി കാർഷിക സംസ്കാരം വളർത്തിയെടുത്താൽ വരും തലമുറക്ക് പ്രചോദനമേകും. കൃഷിയിൽ താൽപര്യം വളർത്താൻ പാടശേഖര സമിതി, കേര വികസന സമിതി, ജല സംരക്ഷണ സമിതി എന്നിവയുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് കൃഷിയുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

| ചിറക്കൽ പഞ്ചായത്തിലെ ഭൂവിസ്തൃതി കണക്കുകൾ - സെറ്റിൽ മെന്റ് രേഖ | | | |
|---|---|---|---|
| ആകെ വിസ്തീർണ്ണം | : | 3334.26 | ഏക്ര |
| നെൽകൃഷി | : | 751.75 | ,, |
| കര (തോട്ടം) | : | 1838.17 | ,, |
| തരിശ് (സ്ഥിരം പുഞ്ച) | : | 161.71 | ,, |
| തരിശ് (അസ്ഥിരം പുഞ്ച) | : | 13.10 | ,, |
| പുറമ്പോക്ക് സ്ഥലം | : | 516.93 | ,, |
| നികുതി കെട്ടാത്തത് | : | 39.73 | ,, |
| പള്ളി ശ്മശാനം | : | 10.27 | ,, |
| പുഴയിൽ ലയിച്ചത് | : | 2.60 | ,, |

1966-ൽ നിലവിൽ വന്ന കാട്ടാമ്പള്ളി പദ്ധതി ചിറക്കൽ പഞ്ചായത്തിന്റെ കാർഷിക ചിത്രം തന്നെ മാറ്റാൻ കഴിയുമെന്ന് കർഷക ജനത വിചാരിച്ചു. എന്നാൽ ആദ്യഘട്ടം പൂർത്തിയാക്കിയ ഈ പദ്ധതികൊണ്ട് കർഷകർക്ക് പറയത്തക്കപുരോഗതിയൊന്നും കൈവരിക്കാൻ സാധിച്ചില്ല. പദ്ധതി പൂർത്തീകരിക്കാത്തതിന്റെ പേരിൽ കൃഷിക്കാർക്ക് പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ സാധിച്ചില്ല. കൃഷിയുടെ വിസ്തീർണ്ണം വില്ലേജാഫീസിലെ അടങ്കൽ രേഖ പ്രകാരം എഴുനൂറ്റമ്പത് ഏക്കർ ആണ് . പഴയ കാലങ്ങളിൽ, കയമ, ഓർക്കയമ, തൊണ്ണൂറാൻ, ചിറ്റേനി, കുഞ്ഞിനെല്ല്, മുണ്ടോൻ, കുട്ടുകയമ, എന്നീ ഇനങ്ങളാണ് ഉപയോഗിച്ചിരുന്നത്. ആ കാലത്ത് ഏക്കറിന് ആയിരം റാത്തൽ (500 കി.) ആയിരുന്നു പരമാവധി വിളവ്. 1965 ഓടുകൂടി അത്യുൽപാദന ശേഷിയുള്ള വിത്തുകളും ആധുനിക സാങ്കേതിക വിദ്യയും, രാസവളങ്ങളും (എൻ.പി.കെ.) കീടനാശിനികളും ഉപയോഗിച്ച് നെൽകൃഷി ആരംഭിച്ചു. ഇത് വേണ്ടത്ര വിജയകരമാക്കാൻ നമ്മുടെ ഗ്രാമത്തിന് സാധിച്ചില്ല. പഴയ നെൽകൃഷിയുടെ വിസ്തൃതി ഇന്ന് പത്തിലൊന്നായി ചുരുങ്ങി. ഒന്നും രണ്ടും വിളയെടുക്കുന്ന കൃഷിഭൂമിയാണ് ഇന്ന് നമുക്കുള്ളത്. 100 ഏക്രയോളം ഒന്നാം വിളയും 2ാം വിള 50 ഏക്രയുമാണ്. മൊത്തം ഉൽപാദനം 150 ടൺ എന്നു കാണാം, എന്നു വച്ചാൽ ഒരേക്രക്ക് പരമാവധി ഒരു ടൺ എന്നർത്ഥം. ഒന്നാം വിളയെ അപേക്ഷിച്ച് രണ്ടാം വിളക്കാണ് അൽപം മെച്ചം കിട്ടുന്നത്. വർഷം തോറും നെൽകൃഷി കുറഞ്ഞു കുറഞ്ഞു വരുന്ന പ്രവണത നമ്മുടെ പഞ്ചായത്തിൽ വർദ്ധിക്കുന്നു. ഇതിനുള്ള പ്രധാന കാരണം കാർഷിക ജോലികൾ ചെയ്യുവാൻ തൊഴിലാളികളില്ല. നെൽകൃഷിക്ക് മഴയെ മാത്രം ആശ്രയിക്കേണ്ടി വരുന്നു. വെള്ളപ്പൊക്കം വരൾച്ച, ഓരുവെള്ളം എന്നിവയും രാസവളത്തിന്റെ വിലവർദ്ധനവ്, ഭൂമിയുടെ തുണ്ടം തുണ്ടാവസ്ഥ എന്നിവ പ്രധാന കാരണങ്ങളാണ്.

ഈ പഞ്ചായത്തിൽ കാലാനുഗതമായി വികസിച്ച ഒരേയൊരു കൃഷിയാണ് തെങ്ങ്. ഇന്ന് 1200 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്നു. ആദ്യകാലങ്ങളിൽ നല്ലയിനം തെങ്ങുകൾ കർഷകർ തന്നെ തെരഞ്ഞെടുത്ത് വിത്തുതേങ്ങ ശേഖരിക്കുകയായിരുന്നു പതിവ്. വിളവ് വർദ്ധിപ്പിക്കുന്നതിന്റേയും വ്യാപകമാക്കുന്നതിന്റേയും ഭാഗമായി കാർഷിക ഓഫീസുകളും മറ്റും ആരംഭിച്ചതോടു കൂടി നല്ലയിനം തെങ്ങുകൾ വിതരണം ചെയ്യുന്നതിന് കൃഷി ഓഫീസുകൾക്ക് മുഖ്യ പങ്കുണ്ടായി. നല്ലയിനം തെങ്ങിൻ തൈകൾ വിതരണത്തിനെത്തിയെങ്കിലും ശാസ്ത്രീയമായ രീതിയിൽ സ്ഥലമൊരുക്കി കൃഷി ചെയ്യുവാൻ സാധിച്ചില്ല. ഇതിന്റെ ഫലമായി കൃഷിഭൂമി കൂടിയെങ്കിലും ഉൽപാദനക്ഷമതയിൽ കാര്യമായ മാറ്റം ഉണ്ടായില്ല. ഇത്രയും വിശാലമായ തെങ്ങിൻ തോപ്പുകളുണ്ടെങ്കിലും മൊത്തം ഉൽപാദനം 48,60,000 മാത്രമാണ്. അതായത് തെങ്ങ് ഒന്നിന് 35 എണ്ണം എന്ന തോതിൽ. ഇത്രയും വ്യാപകമായ കൃഷിയിൽ ഉൽപാദനം കുറയുവാനുള്ള കാരണം അശാസ്ത്രീയതയും ജലസേചനക്കുറവും കീടരോഗങ്ങളുമാണ്. തെങ്ങുകൾ തമ്മിലുള്ള അകലം ചില തോട്ടങ്ങളിൽ 3 മീറ്റർ ആയി ചുരുങ്ങിയിരിക്കുന്നു. ഇത്തരം തെങ്ങിൻ തോട്ടത്തിൽ നിന്ന് പറയത്തക്ക ഉൽപാദനമൊന്നും പ്രതീക്ഷിക്കേണ്ടതില്ല. വളരെയടുത്ത തെങ്ങിൻ തോട്ടങ്ങളിൽ നിന്ന് തെങ്ങ് മാറ്റുകയും ഉൽപാദന ക്ഷമത കുറഞ്ഞവ വെട്ടിമാറ്റി ഉൽപാദന ശേഷിയുള്ളവ വെച്ചുപിടിപ്പിക്കുക, രോഗസാധ്യതയുള്ള തെങ്ങുകൾ മുറിച്ചു മാറ്റി പകരം തെങ്ങ് വെക്കുക, തെങ്ങിൻ തൈകൾ നടുമ്പോൾ ശാസ്ത്രീയമായ 7.5 മീ. അകലം കൊടുക്കുക, മരുന്നു തളിക്കുക, തോട്ടങ്ങളിൽ നിന്നും ജലം വാർന്നുപോകാത സംരക്ഷിക്കുക, മണ്ണിൽ വേണ്ടത്ര ജൈവ വളങ്ങൾ ചേർക്കുക, രാസവളങ്ങളുടെ അമിതമായ ഉപയോഗം കുറക്കുക, എന്നിവയിൽക്കൂടി തെങ്ങ് സംരക്ഷണത്തിന് പ്രാധാന്യം കൊടുക്കാതെ ഉൽപാദന വർദ്ധനവിനെക്കുറിച്ച് ചിന്തിക്കാൻ സാധ്യമല്ല. നമ്മുടെ പഞ്ചായത്തിലെ ഉൽപാദനക്കുറവ് മേൽ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

ആകെ 8 ഹെക്ടർ സ്ഥലത്താണ് കവുങ്ങ് കൃഷി ചെയ്യുന്നത്. മൊത്തം ഉൽപാദനം 32 ടൺ മാത്രമാണ്. ഒരു മരത്തിലെ ശരാശരി ഉൽപാദനം 750 ഗ്രാം എന്ന തോതിൽ കാണാം. വളരെയേറെ വാണിജ്യ പ്രാധാന്യമുള്ള ഒരു വിളയാണ് കുരുമുളക്. നമ്മുടെ പഞ്ചായത്തിൽ 5 ഹെക്ടർ മാത്രമാണ് കുരുമുളക് കൃഷിചെയ്യുന്നത്. ഉൽപാദനത്തിന്റെ കാര്യത്തിൽ 10ടൺ ആണെങ്കിലും ഹെക്ടർ 1ന് 2000 കി. എന്ന തോതിലാണ്. ഒരു വള്ളിക്ക് 200 ഗ്രാം എന്ന തോതിൽ മാത്രമേ ഉൽപാദനം ലഭിക്കുന്നുള്ളൂ രണ്ടാം വിള കഴിഞ്ഞതിനു ശേഷമാണ് പയർ വർഗ്ഗങ്ങൾ കൃഷി ചെയ്യുന്നത്. മുൻ കാലങ്ങളിൽ കൃഷിചെയ്യുന്നതുമായി തട്ടിച്ചു നോക്കിയാൽ ഇന്ന് വളരെക്കുറച്ച് സ്ഥലത്തു മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. പയർ കൃഷി, 20 ഹെക്ടർ സ്ഥലത്ത് നടത്തുന്നുണ്ട്. എന്നാൽ ഉൽപാദനം 10 ടൺ മാത്രം. കാര്യമായ വികസന സാധ്യതയുള്ള ഒരു കൃഷിയാണ് പയർ വർഗ്ഗങ്ങൾ. പഞ്ചായത്തിലെ നെൽപാടങ്ങൾ മറ്റു കൃഷികൾക്കും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കാൻ തുടങ്ങിയതോടുകൂടി വളരെയധികം ഭൂമി പച്ചക്കറിക്ക് അനുയോജ്യമായിത്തീർന്നു. പച്ചക്കറികളാണെങ്കിൽ പണ്ടുകാലത്ത് കൃഷിചെയ്ത സ്ഥലത്തുപോലും ഇന്നില്ലാതായി. മുൻ കാലങ്ങളിൽ ഗ്രൂപ്പ് ഗ്രൂപ്പായി വിവിധതരം പച്ചക്കറികൾ കൃഷിചെയ്യുകയും ആവശ്യത്തിനു കഴിച്ചുള്ളവ പച്ചക്കറി മാർക്കറ്റിൽ വിൽപന നടത്തുകയും ചെയ്തിരുന്നു. പച്ചക്കറിയുടെ അമിതമായ വില പ്രാദേശികാടിസ്ഥാനത്തിൽ അനുഭവപ്പെട്ടിരുന്നില്ല. പച്ചക്കറിയുടെ ആവശ്യം ക്രമാതീതമായി വർദ്ധിച്ചെങ്കിലും കൃഷിയിൽ നിന്ന് പലരും പിന്നോട്ടു പോവുകയും ഉൽപാദനം നാമമാത്രമായി തീരുകയും ചെയ്തു. ഇന്ന് ആകെ പച്ചക്കറി കൃഷി ചെയ്യുന്നത് അപൂർവ്വം പുരയിടങ്ങളിൽ മാത്രമാണ്. ഉൽപാദനമാണെങ്കിൽ 5 ഹെക്ടറിൽ നിന്ന് 700 കി. കിട്ടുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പച്ചക്കറിയുൽപാദനം നമ്മുടെ കുടുംബ ഭദ്രതക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. പച്ചക്കറികൃഷി കുടുംബവരുമാനം വർദ്ധിപ്പിക്കും. കൃഷി കുറയുവാനുള്ള പ്രധാന കാരണം കൃഷിയോടുള്ള വൈമുഖ്യം, നടീൽ വസ്തുക്കൾ സമയാസമയം കിട്ടാത്തത്, ഉൽപാദനച്ചെലവ്, കമ്പോളത്തിൽ നിന്ന് ലഭിക്കുമെന്ന വിശ്വാസം എന്നിവയാണ്.

കശുമാവ് കൃഷി നമ്മുടെ പഞ്ചായത്തിൽ വളരെക്കുറവാണ്. കൃഷിക്ക് പറ്റിയ തോട്ടങ്ങളും വിരളമാണ്. വീട്ടു പറമ്പുകളിലും മറ്റും അങ്ങിങ്ങായി ഏതാനു മരങ്ങൾ ഉണ്ടെന്നല്ലാതെ കശുമാവിൻ തോട്ടം തീരെ ഇല്ലെന്നു തന്നെ പറയാം. ആകെ ഉൽപാദനം 800 കി. ഒരു ഹെക്ടറിൽ നിന്ന് കിട്ടുന്നതിനേക്കാൾ കുറവാണിത്. കൂടാതെ മരച്ചീനി, പ്ലാവ്, മാവ്, തുടങ്ങിയ കൃഷിയും വ്യാപകമല്ലെങ്കിലും നമ്മുടെ പഞ്ചായത്തിലുണ്ട്. മരച്ചീനി വളരെ പരിമിതമാണ്. വീട്ടുവളപ്പിലും മറ്റും ഒരു ചെറിയ ബോധവൽക്കരണത്തിന്റെ അടിസ്ഥാനത്തിൽ ലാഭകരമായി കൃഷി ചെയ്യുവാൻ കഴിയുന്നതാണ് മരച്ചീനി. നമ്മുടെ പഞ്ചായത്തിലേക്കുള്ള കണ്ണൂർ പട്ടണത്തിന്റെ വികാസം കൃഷിയെയും കൃഷിഭൂമിയെയും സാരമായി ബാധിച്ചിട്ടുണ്ട്. ഇത് ഒരു പരിധിവരെ കാർഷിക പുരോഗതിക്ക് വിഘാതമാകുന്നു. ഇതിന്റെ ഫലമായി തുണ്ടം ഭൂമി വീണ്ടും വീണ്ടും തുണ്ടങ്ങളായി മാറുന്നു. കൈവശ ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞു കുറഞ്ഞു വരുന്നു. ഒരു കുടുംബത്തിന് ശരാശരി കൈവശഭൂമിയുടെ വിസ്തീർണ്ണം 25 സെന്റായി ചുരുങ്ങിയിരിക്കുന്നു.

## ഭൂവിനിയോഗപ്പട്ടിക

| ക്രമനമ്പ് | വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | നെല്ല് ഒന്നാംവിള | 40 ഹെക്ടർ | 100ടൺ | 2.55 ടൺ |
| 2 | നെല്ല് " | 20 " | 52 " | 2.6 " |
| 3 | പയറ് | 20 " | 10 " | .5 " |
| 4 | പച്ചക്കറി | 5 " | .75 " | 140 (കി.) |
| 5 | തെങ്ങ് | 1200 " | 48,60,000 " | 4080 " |
| 6 | വാഴ | 1 " | 1 " | 1 " |
| 7 | കുരുമുളക് | 5 " | 10 " | 2 " |
| 8 | കശുമാവ് | 1 " | 800 (കി.) | 800 (കി.) |
| 9 | കവുങ്ങ് | 8 " | 6000 (കി.) | 750 (കി.) |

## മൺതരങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും തിരിച്ചറിയുവാൻ കഴിയുന്ന 6 ഇനം മണ്ണുകൾ ഉണ്ട്. സൂക്ഷ്മമായ പരിശോധനയിൽ ഒരു പക്ഷേ കൂടുതൽ ഇനങ്ങൾ കണ്ടേക്കാം.

1) വെട്ടുകൽ മണ്ണ് 2) പൂഴികലർന്ന പശിമരാശി മണ്ണ് 3) ചളി കലർന്ന പശിമരാശി മണ്ണ്
4) ചരൽമണ്ണ് 5) പൂഴിമണ്ണ് 6) ചെമ്മണ്ണ്

ഇവയാണ് കൂടുതൽ കണ്ടു വരുന്നത്.

## രാസവളം-കീടനാശിനി ഉപയോഗം

| വർഷം | രാസവളം | കീടനാശിനി ഖരം | കീടനാശിനി ദ്രവം |
|---|---|---|---|
| 1993-94 | 132188 കി. | 7311 കി. | 380 ലി. |
| 1994-95 | 128929.14 കി. | 2757 കി. | 712.5 ലി. |
| 1995-96 | 155135 കി. | 651 കി. | 3339 ലി. |

## കീടനാശിനികൾ

നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ എന്നീവിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചു വരുന്നത്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ, ശാസ്ത്രീയമായ രീതിയോ പരിഗണിച്ച് കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മയാണ് ഇതിന് കാരണം. ഇതിന് ബോധവൽക്കരണം കൂടിയേ തീരൂ.

## കാർഷിക ഉപകരണങ്ങൾ

കൃഷിഭവന്റെ കീഴിൽ 4 ട്രില്ലർ, 4റോക്കർ സ്പ്രേയർ 15 നാവ്നോക്ക് സ്പ്രേയർ, 2 തെങ്ങു കയറ്റ യന്ത്രം എന്നീ കാർഷിക സാമഗ്രികളാണ് ഇപ്പോൾ ഉള്ളത്.

## പാടശേഖരസമിതി

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ 3 പാടശേഖര സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

1 പുഴാതി ആലോട് വയൽ പാടശേഖര സമിതി
2 കല്ലുകെട്ട് ചിറ പാടശേഖര സമിതി
3 വെങ്ങര, കോളങ്കടവ് പാട ശേഖരസമിതി

പുഴാതി ആലോട്ട് വയൽ പാടശേഖര സമിതിക്ക് ഒരു ട്രില്ലർ, ഒരു പമ്പ് സെറ്റ്, ഒരു സ്പ്രേയർ എന്നിവ സബ്സിഡിയോടുകൂടി വിതരണം ചെയ്തിട്ടുണ്ട്. ഈ സമിതി കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നുണ്ട്. മറ്റു രണ്ടു പാടശേഖര സമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല.

## കേര സംരക്ഷണ സമിതി

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഒരു കേര സംരക്ഷണ സമിതി പ്രവർത്തിക്കുന്നുണ്ട്. ഈ സമിതിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല. കേരസംരക്ഷണ സമിതിയുടെ ഓഫീസ് കൃഷിഭവന്റെ അടുത്തായി പ്രവർത്തിക്കുന്നു.

## കൂലിനിരക്ക്

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്, തുടങ്ങിയവ ഇതിന്റെ കാരണങ്ങളിൽപ്പെടുന്നു. കർഷകത്തൊഴിലാളികളുടെ കൂലി നിരക്ക് പുരുഷന് 125 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 70 രൂപയുമാണ്.

## കൃഷിഭവൻ

1987-ൽ സപതംബർ 1 നാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. കൃഷിഭവന്റെ പ്രവർത്തനം എല്ലാ പ്രദേശങ്ങളിലും എത്തിയിട്ടില്ല. ഒരു ഓഫീസറും മൂന്നു കൃഷി അസിസ്റ്റന്റുമാണ് കൃഷിഭവനിൽ ഉള്ളത്. കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്.

| തോടിന്റെ പേര് | വി.സി.ബി., സൈഡ്വാൾ എന്നിവയുടെ എണ്ണം | സ്ഥിതി |
|---|---|---|
| ആലോട്ട് വയൽ തോട് | വി.സി.ബി.- 1 | നിലവിൽ ഉണ്ട് |
| കീരിയാട് വയൽ തോട് | എസ്.ഡബ്ല്യൂ.സി. ക്രോസ് - 1 | നിലവിൽ ഉണ്ട് |
| ആലോട്ട് വയൽ പുഞ്ചയിൽ തോട് | വി.സി.ബി. - 1 | നിലവിൽ ഉണ്ട് |
| കോളങ്കട വയൽ തോട് | സൈഡ് വാൾ കെട്ടിയത് - 1 | ഭാഗികം |
| എരുമ്മൽ വയൽ തോട് | ബണ്ട് കെട്ടിയത് - 1 | നിലവിൽ ഉണ്ട് |
| പുഴാതി വയൽ കാട്ടാമ്പള്ളി തോട് | ബണ്ട് കെട്ടിയത് - 1 | നിലവിൽ ഉണ്ട് |
| കീരിയാട് വയൽ തോട് | എസ്.ഡബ്ല്യൂ.ഇ.സി.ബി. - 1 | നിലവിൽ ഉണ്ട് |
| കയ്യാലവയൽ തോട് | എസ്.ഡബ്ല്യൂ.ബി.ഇ.ബി. - 1 | തുടരുന്നു |

## കാർഷികരോഗ കീടങ്ങൾ

കൃഷിയിടങ്ങളിൽ അത്യുൽപാദന ശേഷിയുള്ള വിത്തുകൾ കൃഷിചെയ്യുന്നതോട് കൂടി നെല്ലിന്, പുഴുബാധ, ചോലചീയൽ, കുലവാട്ടം, മുതലായവയും തെങ്ങിന്, കറ ഒലിക്കൽ, കൂമ്പുചീയൽ, ഓലചീയൽ, ഓലമഞ്ഞളിപ്പ്, കൊമ്പൻചെല്ലി, ചെനപൻചെല്ലി, തെങ്ങോലപ്പുഴു, കമുകിന് മാഹാളി വാഴക്ക് കുറുനാമ്പ് രോഗം എന്നിവ കണ്ടുവരുന്നു. ഇതിന് നിയന്ത്രണ നടപടികൾ ആരംഭിക്കുന്നുണ്ടെങ്കിലും അശാസ്ത്രീയമായതിനാൽ ഫലം ചെയ്യുന്നില്ല.

## പ്രശ്നങ്ങൾ

1) കാട്ടാമ്പള്ളി പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം പൂർത്തീകരിക്കാത്തത്.
2) വയൽ പ്രദേശങ്ങൾ മുൻകാലങ്ങളിലെ പോലെ കൃഷിക്ക് ഉപയോഗിക്കുന്നില്ല.
3) കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവ്.
4) ഉപ്പ് വെള്ളം കയറുക, വെള്ളക്കെട്ട് എന്നിവ.
5) തോടുകൾക്ക് നീളവും വീതിയും ഇല്ലായ്മയും ക്രോസ്ബാറിന്റെ കുറവും.
6) നെൽ കൃഷി നടീൽ വസ്തുക്കളും സങ്കരയിനം വിത്തുകൾ ഇവ വേണ്ട സമയത്ത് വേണ്ട രീതിയിൽ നൽകാൻ കൃഷിഭവന് സാധിക്കുന്നില്ല.
7) നെൽപാടം നികത്തുന്നതുമൂലം നെൽകൃഷി കുറയുന്നു.
8) തോടുകൾ കുളങ്ങൾ എന്നിവ വേണ്ട രീതിയിൽ സംരക്ഷിക്കുന്നില്ല.
9) കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള കൃഷിക്കാരിലും എത്തുന്നില്ല.
10) ജൈവ വളത്തിന്റെ ലഭ്യതക്കുറവ്.
11) ജൈവവളം, രാസവളം, കീടനാശിനി ഇവയുടെ ശാസ്ത്രീയമായ ഉപയോഗത്തെക്കുറിച്ച് കൃഷിക്കാരൻ ബോധവാനല്ല.
12) കാട്ടാമ്പള്ളി പദ്ധതി പ്രദേശത്തിന്റെ 100 മീറ്റർ ചുറ്റളവിൽ നിന്നും മണൽ വാരുന്നത് മൂലവും മത്സ്യബന്ധനം വഴിയും പുറമ്പോക്ക് ഭൂമി ഇല്ലാതാവുന്നു.
13) പൂക്കൃഷി, കൂൺകൃഷി, ഔഷധകൃഷി, ഇവയെപ്പറ്റി യുള്ള അജ്ഞത.
14) രോഗം ബാധിച്ച വിളകൾക്ക് വിള ഇൻഷൂറൻസ് ആനുകൂല്യം ലഭിക്കുന്നില്ല.
15) തെങ്ങ് കയറ്റ തൊഴിലാളികൾ ഇല്ലായ്മ.

## സാധ്യതകൾ

**നെല്ല്:-**

1) കാട്ടാമ്പള്ളി പ്രോജക്ടിന്റെ രണ്ടാം ഘട്ടം അടിയന്തിരമായും പൂർത്തിയാക്കുക.
2) പുഴയുടെ ഭിത്തികൾ കെട്ടി സുരക്ഷിതമായ ചീപ്പ് സ്ഥാപിച്ച് വെള്ളം നിയന്ത്രിക്കുക.
3) തൈക്കണ്ടിച്ചിറ തോടിന് ക്രോസ് ബാർ നിർമ്മിക്കുക.
4) നരിക്കുണ്ട് വയൽ കൃഷിയോഗ്യമാക്കുന്നതിനുവേണ്ടി നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തി തോടു നിർമ്മിക്കുക.
5) കോളങ്കട തോട് വീതിയും ആഴവും കൂട്ടുക, തോടിന്റെ സൈഡ് കെട്ടി ഭദ്രമാക്കുക.
6) കോളങ്കട വയലിൽ ജലസേചനം ഏർപ്പെടുത്തുക.
7) റെയിൽവേ പാലത്തിന്റെ അടിഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് വർഷം തോറും നീക്കം ചെയ്യുക.
8) ഡൈ ഹൗസിലെ മലിനജലം കൃഷിയിടങ്ങളിലേക്ക് പോകുന്നത് തടയുക.
9) കല്ലുകെട്ടു ചിറയിൽ മഞ്ചക്കുണ്ട് തോട്ടിന് സൈഡ് വാളും വി.സി.ബി. യും ഉണ്ടാക്കുക.
10) കയ്യാല വയലിലേക്ക് വെള്ളം ഒഴുകുന്ന കല്ലുകെട്ട് ചിറ റോഡിന് കുറുകെ വി.സി.ബി. ഉണ്ടാക്കുക.
11) കൃഷി ചെയ്യുവാൻ കഴിയുന്ന വെങ്ങര വയലിൽ ബാക്കിയുള്ള സ്ഥലത്തെ നെൽകൃഷി സംരക്ഷിക്കുക.
12) ആറാട്ടുവയലിൽ കൃഷി ചെയ്യാതെ കിടക്കുന്ന ഭാഗത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.
13) പ്രകൃതി ക്ഷോഭം മൂലം നൽകുന്ന വിള ഇൻഷൂറൻസ് വരൾച്ചക്കും മറ്റു രോഗങ്ങൾക്കും കൂടി ബാധകമാക്കുക.
14) പുഞ്ച വയൽ തോടു മുതൽ മഞ്ചൂൽ ചിറ വരെയുള്ള റോഡ് ആഴവും വീതിയും കൂട്ടി സൈഡ്വാൾ കെട്ടുക.

**തെങ്ങ്:-**

1) തെങ്ങു കൃഷിയിൽ ശാസ്ത്രീയ മാർഗ്ഗം സ്വീകരിക്കുകയും അകലം 7.5 മീ. കൃത്യമായും പാലിക്കുക.
2) താഴ്ന്ന പ്രദേശങ്ങളിൽ വെച്ച തെങ്ങിന് ജൈവവളം മണ്ണ് എന്നിവ വേണ്ടത്ര നൽകി സംരക്ഷിക്കുക.
3) ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
4) ഇടവിള കൃഷിക്ക് പ്രോൽസാഹനം നൽകിയാൽ കാർഷിക വിഭവങ്ങളോടൊപ്പം തെങ്ങ് ഉൽപാദനവും കൂടും.
5) ഉൽപാദന ക്ഷമത കുറഞ്ഞതും പ്രായം കൂടിയതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം ഉൽപാദനശേഷി കൂടിയവ വെച്ചു പിടിപ്പിക്കുക.
6) നിലവിലുള്ള ജലസേചനത്തിന് സാമ്പത്തികാനുകൂല്യം ലഭിക്കുവാനുള്ള ഭൂപരിധി 30 സെന്റിൽ നിന്ന് 10 സെന്റായി കുറക്കുക.
7) തെങ്ങിൻതൈ നഴ്സറി പഞ്ചായത്തിൽ ആരംഭിക്കുക.
8) ജൈവ വളം വർദ്ധിപ്പിക്കുന്നതിന് ശീമക്കൊന്ന, ചണമ്പ്, കൊയിച്ചൽ എന്നിവ പുരയിടങ്ങളിൽ വളർത്തുക.
9) രോഗകീടങ്ങൾക്കുള്ള മരുന്നും തളിക്കുവാനുള്ള ഉപകരണങ്ങളും കൃഷിഭവൻ മുഖേന സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
10) കാർഷിക ഉപകരണങ്ങൾ കാലോചിതമായി കേടുപാടുകൾ തീർക്കുവാനുള്ള സംവിധാനം കൃഷിഭവനിൽ ഉണ്ടാക്കുക.

*പച്ചക്കറി:-*

1) അടുക്കളത്തോട്ടം വെച്ചുപിടിപ്പിക്കുക. വിത്ത്, വളം, എന്നിവ സൗജന്യമായി നൽകുക.
2) വീടുകളിൽ വാഴകൃഷി വ്യാപകമാക്കുക.
3) നടീൽ വസ്തുക്കൾ സമയാസമയം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
4) ചീര, വെണ്ട, വഴുതന തുടങ്ങിയ ഇനങ്ങൾ ഓരോ വീട്ടിലും കൃഷി ചെയ്യുക.
5) തരിശായിക്കിടക്കുന്ന സ്ഥലങ്ങളിൽ ജലസേചന സൗകര്യം ഉണ്ടാക്കി പച്ചക്കറിക്കൃഷി കൂട്ടായ്മയോടെ ചെയ്യുക.
6) പൊതുസ്ഥാപനങ്ങളിൽ പച്ചക്കറിക്കൃഷി മത്സരാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
7) പട്ടുനൂൽപുഴു, കൂൺ, ഔഷധസസ്യം, പുഷ്പക്കൃഷി എന്നിവ പ്രോൽസാഹിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
8) കാർഷിക ഉൽപന്നങ്ങൾക്ക് വിപണന കേന്ദ്രം ആരംഭിക്കുക.

*കുരുമുളക്:-*

1) കുരുമുളക് കൃഷി വ്യാപകമാക്കുവാൻ ബോധവൽക്കരണം നടത്തുക.
2) അത്യുൽപാദന ശേഷിയുള്ള വേരു പിടിപ്പിച്ച തൈകൾ സൗജന്യമായി വിതരണം ചെയ്യുക.
3) കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിന് കൃഷിക്കാരെ പ്രേരിപ്പിക്കുക.
4) ദ്രുതവാട്ടം തടയുന്നതിന് തുരിശും കുമ്മായവും സൗജന്യമായി വിതരണം ചെയ്യുക.
5) കുരുമുളക് കൃഷിക്ക് നമ്മുടെ പഞ്ചായത്തിലുള്ള സാധ്യത കൃഷിക്കാരെ മനസ്സിലാക്കിക്കുക.

*വാഴകൃഷി:-*

1) നെൽപാടങ്ങൾ നികത്തിയ സ്ഥലങ്ങളിലും പുരയിടങ്ങളിലും നേന്ത്രവാഴകൃഷി വ്യാപിപ്പിക്കുക.
2) പുരയിടങ്ങളിൽ കദളി, നാടൻ വാഴ എന്നിവ വ്യാപകമാക്കുക.
3) ഓരോ കുടുംബങ്ങൾക്കും രണ്ടു വീതം വാഴക്കന്നുകൾ സൗജന്യമായി വിതരണം ചെയ്യുക.
4) കുറുനാമ്പ് രോഗം തടയുന്നതിന് ആവശ്യമായ മരുന്നു നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക

*കവുങ്ങ്:-*

1) നല്ലയിനം കവുങ്ങിൻ തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
2) വയലിനോട് ചേർന്ന് കിടക്കുന്ന തോട്ടങ്ങളിൽ കവുങ്ങ് കൃഷി വ്യാപിപ്പിക്കുവാൻ കർഷരെ പ്രേരിപ്പിക്കുക.
3) മഹാളി രോഗത്തിന് തുരിശും കുമ്മായവും സൗജന്യമായി നൽകുക.
4) കവുങ്ങ് കൃഷി ലാഭകരമാണെന്നുള്ള ബോധം കൃഷിക്കാരിൽ ഉളവാക്കുക.

*കിഴങ്ങ് വർഗ്ഗങ്ങൾ:-*

1) ചേന, ചേമ്പ്, മരച്ചീനി, കാച്ചിൽ, മധുരക്കിഴങ്ങ്, കൂവ എന്നിവ വ്യാപിപ്പിക്കുവാൻ വിത്ത് വിതരണം ചെയ്യുക
2) ഇഞ്ചി, മഞ്ഞൾ, ഇവ എല്ലാ പുരയിടങ്ങളിലും കൃഷിചെയ്യുവാൻ പ്രേരിപ്പിക്കുക.
3) മരച്ചീനിക്കമ്പ്, മധുരക്കിഴങ്ങിന്റെ വള്ളി എന്നിവ വിതരണം ചെയ്യുക.

*പഴ വർഗ്ഗങ്ങൾ:-*

1) മാവ്, പ്ലാവ്, സപ്പോട്ട തുടങ്ങിയവയുടെ നല്ലയിനം തൈകൾ വിതരണം ചെയ്യുക
2) കൈതച്ചക്ക, ഇടവിളക്കൃഷിയായി തെങ്ങിൻതോട്ടത്തിൽ വെച്ചുപിടിപ്പിക്കുക.
3) പേര, ചെറി, ജാമ്പ, എന്നിവ വീട്ടുവളപ്പിൽ കൃഷിചെയ്യുക.

## കാർഷിക വായ്പകൾ

1) കൃഷിക്കാർക്ക് കാർഷിക വിളയുടെ അടിസ്ഥാനത്തിൽ ഹ്രസ്വകാല വായ്പയും ദീർഘകാല വായ്പയും അനുവദിക്കുക
2) വായ്പകൾ ലഭിക്കുവാനുള്ള ബുദ്ധിമുട്ട് ലഘൂകരിക്കുക.
3) കൃഷിക്കനുവദിക്കേണ്ട വായ്പകൾ മറ്റു വായ്പകളാക്കി മാറ്റാതിരിക്കുക.
4) കാർഷിക വായ്പക്ക് പലിശ കുറക്കുക.
5) സമ്മിശ്ര കൃഷി രീതിക്ക് വായ്പ അനുവദിക്കുക.
6) കാർഷിക ബാങ്കുകൾ കാർഷിക പഠനത്തിനു വേണ്ടി കാർഷിക സെമിനാറുകൾ സംഘടിപ്പിക്കുക.

## നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതി

| പദ്ധതിയുടെ പേര് | വിസ്തീർണ്ണം | ഇനം |
|---|---|---|
| 1. ആലോട്ടുവയൽ, ബാലിക്കെ, കുന്നുംകൈ തോട്ടിൽ ജല വാഹിനി | 2-ാം വിള 10 ഏക്ര<br>പച്ചക്കറി 2 ഏക്ര<br>വാഴകൃഷി 1 ഏക്ര | വി.സി.ബി. |
| 2. കോളങ്കട, പാലോട്ടുവയൽ ജലവാഹിനി | നെൽകൃഷി സംരക്ഷണം | സൈഡ്‌വാൾ |
| 3. കല്ലുകെട്ട് ചിറ-കൈയ്യാല വയൽ | 25 ഏക്ര നെൽകൃഷി | വി.സി.ബി. |
| 4. പുഴാതി വയൽ | 20 ഏക്ര രണ്ടാം വിള | ബണ്ട് |
| 5. നരിക്കുണ്ട് വയൽ | 10 ഏക്ര രണ്ടാം വിള | സൈഡ്‌വാൾ |
| 6. തൈക്കണ്ടിച്ചിറ - പത്തായച്ചിറ | 25 ഏക്ര രണ്ടാം വിള | വി.സി.ബി. |
| 7. കീരിയാട് വയൽ | കുടിവെള്ളം | ഷട്ടർ സ്ഥാപിക്കുക |

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

മനുഷ്യന് ഘടനാപരമായ വളർച്ചക്ക് അത്യാവശ്യമായ മാംസ്യ പ്രധാനമായ ഭക്ഷണ പദാർത്ഥങ്ങളായ പാൽ, മുട്ട , മാംസം എന്നിവയുടെ ഉൽപാദനമാണ്, പ്രധാനമായും മൃഗസംരക്ഷണം മുഖേന നിറവേറ്റുന്നത്. ഇതുകൂടാതെ വ്യാവസായികാവശ്യങ്ങൾക്കുള്ള തുകൽ,രോമം, കൊഴുപ്പ്,ജലാറ്റിൻ, ഓസീൻ എന്നീ ഉൽപന്നങ്ങളും ഹാർമോണുകൾ, ഹൈപ്പർ ഇമ്മ്യൂൺ, സിറം തുടങ്ങിയ ഔഷധ വ്യവസായത്തിനുള്ള വസ്തുക്കളുടെയും ഉൽപാദനം ഈ മേഖല നിർവ്വഹിക്കുന്നു. കാർഷികമേഖലക്കാവശ്യമായ ജൈവവളങ്ങളും കൃഷിപ്പണിക്കും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തിയും ഈ മേഖലയുടെ സംഭാവനയാണ്. ഈ ഉൽപാദന മേഖല ഗ്രാമീണ തൊഴിൽ മേഖലയിൽ ഒട്ടേറെ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും, ഗ്രാമീണരുടെ പ്രതിശീർഷവരുമാനം ഉയർത്തുന്നതിനും സഹായിച്ചിട്ടുണ്ട്. മറ്റ് പ്രാഥമിക ഉൽപാദന മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ മൃഗസംരക്ഷണ മേഖലക്ക് ഒട്ടേറെ ഗുണകരമായ സവിശേഷതകളും ഉണ്ട്.

1 മൃഗ സംരക്ഷണ മേഖലയിലെ ഉൽപന്നങ്ങൾ ഏറിയ പങ്കും സംസ്ഥാനത്തിനകത്താണ് ഉപയോഗിക്കപ്പെടുന്നത്. ആയതിനാൽ അന്താരാഷ്ട്ര വിപണിയിലെ താളം തെറ്റൽ മാറിമാറി വരുന്ന സർക്കാരിന്റെ ഇറക്കുമതി നയം എന്നിവ ഈ ഉൽപന്നങ്ങളുടെ വിപണിയെ കാര്യമായി ബാധിക്കുന്നില്ല.

2. മൃഗസംരക്ഷണ മേഖലയിൽ ഉൽപാദനോപാധികളുടെ നിരന്തരവും കാര്യക്ഷമവുമായ ഉൽപാദന വർദ്ധനവ് സാങ്കേതിക വിദ്യകൊണ്ട് നടപ്പിൽ വരുത്തുവാൻ കഴിയും. പാൽ ഉൽപാദന രംഗത്ത് കൃത്രിമ ബീജ പരിപാടിയിലൂടെ വരുത്തിയ വർദ്ധനവ് ഒരു ഉദാഹരണമാണ്.

3. മറ്റു മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ ഈ മേഖലയിലെ ഒരു ജോലിയിൽ നിന്ന് മറ്റൊന്നിലേക്ക് മാറുവാൻ കർഷകന് എളുപ്പത്തിൽ സാധിക്കുന്നില്ല.

4. കാലാവസ്ഥയിലെ ചെറിയ വ്യതിയാനങ്ങൾ ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നില്ല.

5. ഹ്രസ്വമായ കാലയളവിൽ കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ലാഭം നേടുവാൻ സഹായകരമാണ് ഈ മേഖലയിലെ ജോലികൾ.

## ചിറക്കൽ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

ഈ പഞ്ചായത്തിലെ ഒരു വിഭാഗം ജനങ്ങൾ ഒരു ഉപതൊഴിലെന്നോണവും കുറച്ചുപേർ മുഖ്യ തൊഴിലെന്നോണവും പണ്ട് മുതൽക്കുതന്നെ കാലി വളർത്തലിൽ ഏർപ്പെട്ടിരുന്നു. വണ്ടി വലിക്കുന്നതിനും പാൽ ഉൽപാദിപ്പിക്കുന്നതിനും പുറമേ കൃഷി ആവശ്യത്തിനുള്ള ജൈവ വളത്തിനും ആശ്രയിച്ചിരുന്നത്. ഒന്നാം വിളയും രണ്ടാം വിളയും കഴിഞ്ഞാൽ പുഴാതി,ആലോട്ട് വയൽ, കല്ല്കെട്ട് ചിറ എന്നീ വയലുകളിൽ കാലികളെ മേക്കുന്ന ഇടമുണ്ടായിരുന്നു. കല്ല് കെട്ട് ചിറയിൽ കാലിക്ക് കൊടുക്കാൻ ഉപയോഗിച്ചിരുന്ന പോളപ്പുല്ല് ധാരാളം കിട്ടുവാനുണ്ടായിരുന്നു. ഈ ഭാഗത്തു നിന്ന് അന്യ പഞ്ചായത്തുകളിലേക്ക് പോലും ചെറു തോണികളിൽ പോളപ്പുല്ല് കയറ്റിക്കൊണ്ടുപോകുന്ന പതിവ് ഇന്നും തുടരുന്നു. മുൻകാലങ്ങളിൽ കാലികളെ പോറ്റാൻ കൊടുക്കുന്ന പതിവ് ഇവിടെ സാർവ്വത്രികമായിരുന്നു, ഈ പതിവനുസരിച്ച് ആദ്യ പ്രസവത്തിലെ കുട്ടി വളർത്തുകാരന്റേതും, രണ്ടാം പ്രാവശ്യം പ്രസവം നടന്നാലുടൻ പശുവിനെയും കുട്ടിയെയും ഉടമയെ തിരിച്ചേൽപ്പിക്കുകയാണ് പതിവ്.

ആടുവളർത്തൽ ലാഭകരമായ ഒരു ജീവിതോപാധിയായി ഇവിടെ നിലനിന്നിരുന്നു. കാട്ടാമ്പള്ളി, അരയമ്പേത്ത്, കല്ലുകെട്ട് ചിറ എന്നിവിടങ്ങളിൽ ധാരാളം ആടുകളെ വളർത്തുന്ന വീട്ടുകാരുണ്ടായിരുന്നു, പണ്ടുകാലത്ത് ഇവിടങ്ങളിൽ നിന്ന് പ്ലാവില തലച്ചുമടായി പട്ടണ പ്രദേശങ്ങളിൽ കൊണ്ടുപോയി വിൽക്കുന്ന പതിവുണ്ട്. ഔഷധഗുണമുള്ള ആട്ടിൻപാൽ കുട്ടികൾക്കു കൊടുക്കുന്ന രീതി നിലനിന്നിരുന്നു. മുൻകാലങ്ങളിൽ ഈ ഗ്രാമത്തിൽ അതാത് വീട്ടാവശ്യത്തിനുള്ള മുട്ട, മാംസം എന്നിവ പിൽക്കാലത്ത് ബാക്ക്യാഡ് പൗൾട്രി റെയറിങ്ങ്" എന്ന പേരിൽ അറിയപ്പെട്ട സമ്പ്രദായത്തിൽ തന്നെ ഇവിടെ ഉൽപാദിപ്പിച്ചിരുന്നു.

കാലി വളർത്തൽ ദുസ്സഹമായതോടുകൂടി പലരും ഈ രംഗത്ത് താൽപര്യം കാണിക്കാതിരിക്കുകയും ഈ രംഗത്ത് നിന്ന് പിൻമാറുകയും ചെയ്തിട്ടുണ്ട്. കൃഷിയുടെ കുറവ് മേച്ചിൽ സ്ഥലങ്ങളുടെ കുറവ്, ഭൂമിയുടെ തുണ്ടം തുണ്ടമായി ഭാഗിക്കൽ, ഉൽപാദനച്ചെലവിലെ വർദ്ധനവ്, ഉൽപ്പന്നങ്ങളിലുണ്ടായ വിലവർദ്ധനവിന്റെ കുറഞ്ഞ തോത്, രോഗനിവാരണത്തിലും രോഗനിയന്ത്രണത്തിലും വന്ന ചിലവിലെ വർദ്ധനവ്, വിദ്യാഭ്യാസപരമായും സാമൂഹ്യമായും വന്ന മാറ്റങ്ങളുടെ ഫലമായി ജനങ്ങളുടെ ജീവിത രീതിയിൽ വന്ന മാറ്റങ്ങൾ എന്നിങ്ങനെ പല കാരണങ്ങളാലും ഇങ്ങനെയൊരു സ്ഥിതിവിശേഷം സംജാതമായതിന്റെ കാതലായ കാരണങ്ങളായി എടുത്തു കാണിക്കാവുന്നതാണ്. മുട്ട, മാംസം, എന്നിവയുടെ ഉൽപാദനത്തിലും വളരെ മാന്ദ്യമാണ് ഇവിടെ അനുഭവപ്പെടുന്നത്. എന്നാൽ ഇറച്ചിക്കോഴി വളർത്തൽ രംഗത്ത് പുതിയൊരു ഉണർവ്വും ഉൻമേഷവും ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള 5 യൂനിറ്റുകൾ ഈ പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| പഞ്ചായത്തിലെ പാൽ ഉൽപാദനം | 3160 ലിറ്റർ പ്രതിദിനം |
| ഉപഭോഗം | 4800 ലിറ്റർ പ്രതിദിനം |

കാലി വളർത്തൽ മുഖ്യതൊഴിലായും, ഉപതൊഴിലായും, ആടുവളർത്തൽ പാലിനും മാംസത്തിനും വേണ്ടി, മുട്ടക്കോഴികളെ വളർത്തൽ ബ്രോയിലർ കോഴി വളർത്തൽ, ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ, കൃത്രിമ ബീജദാനം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, എന്നിവയിൽ മാത്രം ഈ പഞ്ചായത്തിലെ ഇന്നത്തെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ, ഒതുങ്ങി നിൽക്കുന്നു.

### *പട്ടിക 1 – വളർത്തുമൃഗസംഖ്യ*

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | കാള സങ്കരം | 3 |
| 2 | പശു-നാടൻ കറവയുള്ളത് | 153 |
| 3 | പശു-നാടൻ കറവയില്ലാത്തത് | 100 |
| 4 | പശു-സങ്കരയിനം-കറവയുള്ളത് | 332 |
| 5 | പശു-സങ്കരയിനം-കറവയില്ലാത്തത് | 207 |
| 6 | എരുമ-കറവയുള്ളത് | 7 |
| 7 | കറവയില്ലാത്തത് | 5 |
| 8 | പോത്ത് | ഇല്ല |
| 9 | ആട് | 60 |
| 10 | പട്ടി | 608 |

### *പട്ടിക – 2 വളർത്തു പക്ഷി സംഖ്യ*

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പൂവൻകോഴി | 629 |
| 2 | മുട്ടയിടുന്ന പിടക്കോഴി | 3119 |
| 3 | മുട്ടയിടാത്ത പിടക്കോഴി | 998 |
| 4 | താറാവ് (ആൺ) | 8 |
| 5 | താറാവ് (പെൺ) | 22 |

### *രോഗവിവരങ്ങൾ*

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പട്ടി |
|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 120 | 4 | 20 | 27 |
| 2 | ശ്വാസകോശസംബന്ധം | 6 | - | 3 | 15 |
| 3 | ഉപാപചയ സംബന്ധം | 115 | 2 | 3 | - |
| 4 | ത്വക്ക് രോഗങ്ങൾ | 12 | - | - | 18 |
| 5 | ധാതുലവണങ്ങളുടെ അഭാവം | 40 | - | - | - |
| 6 | പരാദ രോഗങ്ങൾ | 35 | - | 12 | 22 |
| 7 | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 13 | - | - | - |
| 8 | വന്ധ്യത | 12 | - | - | - |
| 9 | അകിട് വീക്കം | 38 | - | - | - |
| 10 | മുടന്തൻ പനി | 100 | - | 18 | - |
| 11 | പകർച്ച വ്യാധികൾ | - | - | - | - |

## പേ വിഷബാധ - പ്രതിരോധ ചികിത്സയുടെ വിവരം

| | പശു | ആട് | പട്ടി |
|---|---|---|---|
| 1. പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം | - | - | 420 |
| 2. കടിയേറ്റ ശേഷം കുത്തിവെപ്പ് നടത്തിയവയുടെ എണ്ണം | 8 | 4 | 10 |

## കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്തു മൃഗങ്ങൾ | ആകെ എണ്ണം | ക്രിത്രിമ ബീജസങ്കലനം നടന്നത് | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 792 | 421 | 45 |
| കിടാരി | 202 | - | - |
| എരുമ | 12 | 6 | 3 |

## പ്രശ്നങ്ങൾ

1 കാലിത്തീറ്റയുടെ അമിതമായ വിലക്കയറ്റം
2 തീറ്റപ്പുല്ലിന്റെ ദൗർലഭ്യം
3 സമ്പൂർണ്ണ കാലി സമ്പത്തിനെ സംരക്ഷിക്കുവാനുള്ള ഇൻഷൂറൻസ് അഭാവം
4 കന്നുകുട്ടി സംരക്ഷണത്തിന്റെ അഭാവവും, അപാകതകളും
5 മൃഗാശുപത്രിയുടെ അഭാവം
6 ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യവും, വികാസവും
7 പശു വളർത്തൽ ഒരു ഉപതൊഴിലായി മാത്രം നടത്തുമ്പോഴുള്ള കഷ്ടനഷ്ടങ്ങൾ
8 അലഞ്ഞുതിരിയുന്ന പട്ടികളുടെ ശല്യം ഉണ്ടാകുന്നു.
9 ശാസ്ത്രീയമായ അറവു ശാല ഇല്ല
10 മാംസ സംസ്കരണത്തിനും, വിപണനത്തിനും സൗകര്യങ്ങൾ ഇല്ല.
11 ഉദാര വ്യവസ്ഥയിൽ കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം ഇല്ല.

## സാദ്ധ്യതകൾ

1 കാട്ടാമ്പള്ളി പ്രദേശത്ത് അന്യാധീനമായി കിടക്കുന്ന പഞ്ചായത്ത് പുറമ്പോക്ക് സ്ഥലത്ത് ക്ഷീരവ്യവസായ സഹകരണ സംഘം, സഹകരണ ബാങ്ക്, ചിറക്കൽ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ തീറ്റപ്പുൽ കൃഷി ആരംഭിക്കാവുന്നതാണ്.

2 കന്നുകാലിത്തീറ്റ പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കളായ, പിണ്ണാക്ക്, ചക്കക്കുരു, കപ്പ, തവിട് എന്നിവ ഉപയോഗിച്ച് കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കൽ

3 3മാസം പ്രായമായ എല്ലാ സങ്കരയിനം കന്നുകുട്ടികൾക്കും 18 മാസം പ്രായമാകുന്നതുവരെ കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ ഗുണഭോക്താക്കളുടെ വരുമാന പരിധി കണക്കാക്കാതെ നൽകുവാനുള്ള പദ്ധതി ആരംഭിക്കുക.

4 മാംസത്തിന് വേണ്ടിയുള്ള കന്നുകുട്ടി പരിപാലന ഭാഗമായി 12 മാസം വരെ പ്രായമായ കുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ കൊടുത്ത് വളർത്തുവാനുള്ള പദ്ധതി

5 ക്ലിനിക്കൽ ലാബട്ടറി, ആംബുലൻസ്, ഓപ്പറേഷൻ തീയേറ്റർ, ഫോൺ എന്നീ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു മൃഗാശുപത്രി സ്ഥാപിക്കുക.

6 ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് വേണ്ടി കൂട്ടായ്മയോടു കൂടി നടത്തുന്ന ഒരു ഹാച്ചറിയും, പേരന്റ് സ്റ്റോക്കും തുടങ്ങേണ്ടതാണ്.

7 5 പശുക്കൾ വീതമുള്ള മിനി ഡയറി യൂനിറ്റുകൾ, ആദ്യപടി എന്ന നിലയിൽ വർഷത്തിൽ 10 എണ്ണം വീതം ധനകാര്യ സ്ഥാപനങ്ങളുടെ ഉദാരമായ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കേണ്ടതാണ്.

8 ഓരോ മിനി ഡയറി യൂനിറ്റുകളോടനുബന്ധിച്ച് ഓരോ ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങാവുന്നതാണ്.

9 ഒരു ആൺ 9 പെൺ ആടുകൾ വീതമുള്ള 10 യൂനിറ്റിന് വർഷത്തിൽ ഒന്ന് എന്ന രീതിയിൽ സഹകരണാടിസ്ഥാനത്തിൽ ഇറച്ചിക്കുവേണ്ടി ആടുവളർത്തൽ എന്ന പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

10 ആധുനിക സജ്ജീകരണത്തോടു കൂടിയ അറവു ശാല സ്ഥാപിക്കേണ്ടതാണ്.

## മത്സ്യബന്ധനം

ചിറക്കൽ പഞ്ചായത്തിലെ ഒന്നാം വാർഡിനെ തൊട്ടുരുമ്മി പോകുന്ന വളപട്ടണം പുഴയിൽ മത്സ്യബന്ധനം ചെറിയ തോതിൽ നടക്കുന്നു. കാട്ടാമ്പള്ളി പദ്ധതിക്ക് പടിഞ്ഞാറ് വളപട്ടണം പുഴയുടെ വലുപ്പവും, വെള്ളത്തിന്റെ തള്ളിച്ചയും മത്സ്യകൃഷിക്കു പറ്റിയതല്ല. കാട്ടാമ്പള്ളി പദ്ധതിയുടെ ഷട്ടർ പൂർണ്ണമായും നന്നാക്കുന്നതിനോടൊപ്പം മത്സ്യ കൃഷിക്ക് സാധ്യത ഏറുന്നു. വാർഡ്2,3,13 എന്നിവ കാട്ടാമ്പള്ളി പുഴയോട് ചേർന്ന് കിടക്കുന്നു. പ്രസ്തുത വാർഡുകളിൽ വിശാലമായ മത്സ്യ കൃഷിക്ക് പറ്റിയ പ്രദേശങ്ങളുണ്ട്. ശുദ്ധജലത്തിൽ വളരുന്ന സംയുക്ത മത്സ്യകൃഷി കേന്ദ്രങ്ങൾ ആരംഭിച്ചാൽ ലാഭകരമായ വിധത്തിൽ കുറേ ആളുകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുവാൻ കഴിയും.

ഒരു ഹെക്ടറിന് ഒരു ലക്ഷം രൂപ വരെ സർക്കാർ മത്സ്യക്കൃഷിക്ക് കടം അനുവദിക്കുന്നുണ്ട്. ഇതിൽ 20,000രൂപ സബ്സിഡി നൽകുന്നു. ഒരു ഹെക്ടർ മുതൽ 25 സെന്റു വരെയുള്ള മത്സ്യകൃഷി കേന്ദ്രങ്ങൾക്ക് ആനുകൂല്യം ലഭിക്കുവാനുള്ള സൗകര്യങ്ങൾ ഇന്നുണ്ട്. സംയോജിത മത്സ്യകൃഷിയിൽ താറാവ് ഉൾപ്പെടുത്തിയാലും ലോൺ കിട്ടുവാൻ അർഹതയുണ്ട്.

കാട്ടാമ്പള്ളി പദ്ധതിയുടെ ആരംഭത്തിനു മുമ്പ് ധാരാളം പുഴമത്സ്യം കിട്ടിയിരുന്നു. ഇതിന്റെ ഗുണഭോക്താക്കൾ ഭൂരിഭാഗവും പഞ്ചായത്തിന് പുറത്തുള്ളവരായിരുന്നു. വിശാലമായ പുഴയോരങ്ങളിൽ മഴക്കാലത്ത് ശക്തിയായ വെള്ളം കടന്നു വരാറുണ്ട്. ഈ മലവെള്ളപ്പാച്ചിലിൽ നിന്നും മത്സ്യസംരക്ഷണ കേന്ദ്രങ്ങളെ സംരക്ഷിക്കുവാനുള്ള ബാധ്യത വളരെ പണച്ചിലവ് കൂടിയതാണ്.

ഈ പഞ്ചായത്തിലെ 10 ഓളം കുളങ്ങളിൽ മത്സ്യകൃഷി തുടങ്ങുവാനുള്ള സാധ്യതയുണ്ട്. ഇവരെ പ്രോത്സാഹിപ്പിക്കുവാൻ മത്സ്യവിത്തുകളും, സാമ്പത്തികാനുകൂല്യങ്ങളും നൽകണം. നമ്മുടെ ഗ്രാമത്തിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ട 50 തൊഴിലാളികളുണ്ട്. ഇവരിൽ 17 പേർ മത്സ്യഫെഡിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ 2 പേർ സ്ത്രീകളാണ്. മറ്റുള്ളവർ ഭാഗികമായി മാത്രമേ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ളു. അടുത്തതായി മറ്റു മേഖലകളിൽ ഉള്ളവരെയും ഈ മേഖല ആകർഷിക്കുന്നു. ഇവരിൽ സ്വന്തമായി 10 ആളുകൾ ഭാഗികമായി സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ വള്ളവും വലയും സമ്പാദിച്ചവരാണ്. മത്സ്യം വിറ്റ് ഉപജീവനം കഴിക്കുന്നവർ 105 പേരുണ്ട്. പഞ്ചായത്തിന്റെ മാർക്കറ്റുകളിൽ (പുതിയതെരു, കാട്ടാമ്പള്ളി) 73 തൊഴിലാളികൾ മത്സ്യ വിൽപന നടത്തുന്നു. 32 പേർ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ സൈക്കിൾ വഴിയും, തലച്ചുമടായും മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നു. മത്സ്യവിൽപനക്കാരിൽ 10% സ്ത്രീകളാണ്. ഇന്നത്തെ വിപണനത്തിന് പുതിയതെരു മാർക്കറ്റ് വേണ്ടത്ര സൗകര്യം ഇല്ലെങ്കിലും മറ്റു മാർക്കറ്റുകളെ അപേക്ഷിച്ച് കൂടുതൽ കച്ചവടം നടക്കുന്നു. സമീപ പഞ്ചായത്തുകളിൽ നിന്നുള്ളവർ പോലും മത്സ്യത്തിനെ ആശ്രയിക്കുന്നത് പുതിയതെരു മാർക്കറ്റിനെയാണ്. കൂടുതൽ സൗകര്യവും ചെയ്തുകൊടുത്താൽ മത്സ്യ മാർക്കറ്റിന് വികസന സാദ്ധ്യതയുണ്ട്. ചിറക്കൽ പഞ്ചായത്തിൽ ഒരു ദിവസം ഏതാണ്ട് ഒരു ലക്ഷം രൂപയുടെ മത്സ്യക്കച്ചവടം നടക്കുന്നു. നമ്മുടെ പ്രദേശത്തു നിന്നും പിടിക്കുന്ന മത്സ്യം പുതിയതെരു മാർക്കറ്റിൽ എത്താതെ അതതു കേന്ദ്രങ്ങളിൽ വെച്ചു തന്നെ മറ്റു പഞ്ചായത്തിലുള്ളവർ കച്ചവടം ചെയ്ത് കൊണ്ടുപോകുന്നു.

ഇത്രയധികം വിൽപന തൊഴിലാളികൾ ഉണ്ടെങ്കിലും അന്യ സംസ്ഥാനങ്ങളിൽ നിന്നും മറ്റും കയറ്റി വരുന്ന മത്സ്യം ഇടനിലക്കാരുടെ കമ്മീഷന് ശേഷമാണ് നമ്മുടെ പഞ്ചായത്തിൽ എത്തുന്നത്. നേരിട്ട് മത്സ്യം വരുത്തുവാൻ ഈ തൊഴിലാളികളെ സംഘടിപ്പിച്ചു് ഒരു മത്സ്യ തൊഴിലാളി സഹകരണ സംഘം ആരംഭിച്ചാൽ മത്സ്യം നേരിട്ട് കച്ചവടം ചെയ്യുവാനും, അമിതമായ വിലവർദ്ധനവ് തടയുവാനും, കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കുവാനും ഈ സംരംഭത്തിന് കഴിയും. മാർക്കറ്റ് നവീകരണത്തിന്റെ ഭാഗമായി തുറന്ന മാർക്കറ്റിന് മേൽക്കൂര ഉണ്ടാക്കുകയും, സൗകര്യപ്രദമായ വിധത്തിൽ മത്സ്യ വിൽപന നടത്തുവാനുള്ള മേശകൾ സ്ഥാപിച്ചും, മത്സ്യ മാർക്കറ്റിന്റെ ശുചീകരണത്തിന് വേണ്ടി ജലസേചന സൗകര്യം വർദ്ധിപ്പിച്ചും, അഴുക്ക് ജലം ഒഴുകിപ്പോകുവാനുള്ള ശാസ്ത്രീയമായ ഓട പണിതും ഇന്നത്തെ മാർക്കറ്റ് പരിഷ്കരിക്കേണ്ടതുണ്ട്. നവീകരണം നടന്നാൽ കൂടുതൽ തൊഴിലാളികളെ ഇനിയും പുതിയതെരു മാർക്കറ്റിൽ ആകർഷിക്കും. മത്സ്യത്തിന് പുറമേ, കല്ലുമ്മക്കായ, ഇളമ്പക്ക എന്നിവക്കും ഇവിടെ വിപണന സാധ്യതയുണ്ട്. മാർക്കറ്റിന്റെ വികസനം പഞ്ചായത്തിന്റെ വിഭവസമാഹരണത്തിൽ നിർണ്ണായക പങ്ക് വഹിക്കും. പഞ്ചായത്തിന്റെ നിലവിലുള്ള മത്സ്യനിരക്ക് വളരെ പഴകിയതാണ്. വർദ്ധിച്ചുവരുന്ന വ്യാപാരത്തിന്റെയും അടിസ്ഥാനത്തിൽ മത്സ്യ നിരക്ക് ശാസ്ത്രീയമായി പുനർ നിർണ്ണയിച്ചെങ്കിൽ മാത്രമേ പഞ്ചായത്തിന് അർഹമായ വരുമാനം ഉണ്ടാക്കുവാൻ കഴിയുകയുള്ളൂ.

ഈ പഞ്ചായത്തിൽ മാംസക്കച്ചവടം തകൃതിയായി നടക്കുന്നുണ്ടെങ്കിലും അംഗീകൃത അറവു ശാലകൾ ഇല്ല. ഇതിന്റെ ഫലമായി മാർക്കറ്റിലെത്തുന്ന മാംസം നല്ലതോ, ചീത്തയോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം പോലും ഇല്ലാതായി. സ്വകാര്യ സ്ഥലങ്ങളിൽ നിന്ന് വിവിധതരത്തിലുള്ള മൃഗങ്ങളെ കശാപ്പുചെയ്യുകയും മാംസം സ്റ്റാളുകളിലെത്തുകയും ചെയ്യുന്നു. നല്ല സൗകര്യങ്ങളോടു കൂടിയ ഒരറവു ശാലയും അംഗീകൃത മാംസ കച്ചവടക്കാരും ഉണ്ടാവുന്നതോടുകൂടി മാംസത്തിന്റെ വിപണനം കൂടുകയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുകയും ചെയ്യുന്നു.

പരമ്പരാഗതമായ തൊഴിലായ മത്സ്യബന്ധനത്തിന് പ്രചോദനവും പ്രോൽസാഹനവും നൽകിയാൽ ഈ രംഗത്തേക്ക് കൂടുതൽ ആളുകൾ കടന്നു വരികയും, മത്സ്യ വിപണനം നമ്മുടെ പഞ്ചായത്തിന്റെ വിഭവ സമാഹരണത്തിൽ കാര്യമായ പങ്കു വഹിക്കുകയും ചെയ്യുന്ന ഒരു തൊഴിൽ മേഖലയായി വളർത്തിയെടുക്കാം.


### പ്രശ്നങ്ങൾ

1 കാട്ടാമ്പള്ളി പുഴയിൽ ഇപ്പോൾ മത്സ്യം കുറവാണ്.
2 കുളത്തിൽ മത്സ്യ കൃഷി നടത്തുവാൻ താൽപര്യമുള്ളവർക്ക് മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.

3 മത്സ്യ വിൽപന കേന്ദ്രത്തിലെ ദുർഗന്ധം ആരോഗ്യ പ്രശ്നം ഉണ്ടാക്കുന്നു.
4 മാർക്കറ്റ് ശുചീകരണത്തിന് വേണ്ടി ജലസേചന സൗകര്യം കുറവാണ്.
5 മാർക്കറ്റ് വികസനം.
6 ശുദ്ധജലത്തിൽ വളർത്തുന്ന ചെമ്മീൻ വിത്തുകൾ ലഭിക്കുന്നില്ല.

## *സാദ്ധ്യതകൾ*

1 പഞ്ചായത്തിലെ പൊതുകുളങ്ങൾ, സ്വകാര്യ കുളങ്ങൾ, അമ്പലക്കുളങ്ങൾ എന്നിവിടങ്ങളിൽ സാമൂഹ്യ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കാവുന്നതാണ്.
2 മത്സ്യമാർക്കറ്റിനു മേൽക്കൂര നിർമ്മിക്കാവുന്നതാണ്.
3 1,3,13 വാർഡുകളിൽ സമഗ്ര മത്സ്യകൃഷി.
4 ശാസ്ത്രീയ രീതിയിൽ അറവ് ശാല സ്ഥാപിക്കണം.
5 അലങ്കാര മത്സ്യകൃഷി യൂനിറ്റ് സ്ഥാപിക്കാം.



# വ്യവസായം

വ്യവസായ രംഗത്ത് ചിറക്കൽ പഞ്ചായത്തിന് ചരിത്ര പാരമ്പര്യമുണ്ട്. വളരെ വിപുലമായ ഒരു വ്യവസായ ശൃംഖല തന്നെ നമുക്കുണ്ട്. കൈത്തറി, ബീഡി, മരം, പ്ലാസ്റ്റിക്, ഫൈബർ, ഇഞ്ചിനീയറിങ്ങ്, ജില്ലി മുതലായ വ്യവസായങ്ങളും, പരമ്പരാഗതമായ തൊഴിലുകളായ, പായ നെയ്ത്ത്, കൊട്ടമടയൽ, കൊല്ലപ്പണി, സ്വർണ്ണപ്പണി എന്നീ കൈത്തൊഴിലുകളും നമ്മുടെ പഞ്ചായത്തിലെ വിവിധ തൊഴിൽ മേഖലകളാണ്.

കൈത്തറി മേഖലയിലെ പഴയ രൂപമായ കുഴിത്തറി നെയ്ത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളുടെ അർപ്പണ മനോഭാവവും സഹകരണവുമാണ് ഇന്നത്തെ ഉയർച്ചക്ക് കാരണം.

വ്യവസായ മേഖല ആകെ പരിശോധിച്ചാൽ ചിറക്കൽ പഞ്ചായത്തിലെ സ്ഥിതി സാമാന്യം മെച്ചപ്പെട്ടതാണ്. വ്യവസായങ്ങൾക്ക് പേരു കേട്ട വളപട്ടണം പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന കീരിയാടിന് ചിറക്കലിന്റെ മര വ്യവസായ ഭൂപടത്തിൽ പ്രധാന സ്ഥാനമുണ്ട്. കാട്ടാമ്പള്ളി പദ്ധതി പ്രദേശത്ത് ചെമ്മീൻ കൃഷി വ്യാവസായിക അടിസ്ഥാനത്തിൽ തുടങ്ങാനും തേങ്ങ സംസ്കരണ യൂണിറ്റുകൾ തുടങ്ങാനുമുള്ള സാദ്ധ്യതയും വളരെ ഉണ്ട്.

## കൈത്തറി

നമ്മുടെ പഞ്ചായത്തിലെ മൊത്തം തൊഴിൽ മേഖലയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നതും കൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്നതും കൈത്തറി മേഖലയിലാണ്. കയറ്റുമതിയുമായി ബന്ധപ്പെട്ട് പൊതുവേ വ്യവസായത്തിന് മോശമല്ലാത്ത സ്ഥിതിയുണ്ട്. എണ്ണപ്പെട്ട നാല് കൈത്തറി സഹകരണ സംഘങ്ങൾ നമ്മുടെ പ്രദേശത്തെ വ്യവസായത്തെ ഒരു പരിധിവരെ നിയന്ത്രിക്കുന്നു. സഹകരണ രംഗത്ത് 433 പുരുഷൻമാരും 290 സ്ത്രീകളും തൊഴിലെടുത്ത് വരുന്നുണ്ട്. 12ലധികം സ്വകാര്യ സ്ഥാപനങ്ങൾ കൈത്തറി മേഖലയിൽ ഉണ്ട്. ഇവയിൽ ചിലത് കയറ്റുമതി നടത്തുന്ന സ്ഥാപനങ്ങളും ചെറിയ ചെറിയ ഫാക്ടറികളുമാണ്. ആകെ തൊഴിലെടുക്കുന്നവരുടെ ഏകദേശം 50% ഈ മേഖലയിലാണ്. പ്രധാനമായും കയറ്റുമതിക്ക് ആവശ്യമായ ഫർണിഷിങ്ങ് ഉല്പന്നങ്ങളാണ് സഹകരണ സംഘങ്ങളിലും മറ്റു ഭൂരിപക്ഷം വരുന്ന ഫാക്ടറികളിലും തയ്യാറാക്കുന്നത്. ഈ വ്യവസായത്തിൽ പുതിയ തൊഴിലാളികൾ ആകർഷിക്കപ്പെടുന്നില്ല. എങ്കിലും വനിതകൾ ഈ രംഗ് അൽപാൽപം കടന്നു വരുന്നുണ്ട്. നൂല് സംസ്കരണവുമായി ബന്ധപ്പെട്ട് മലിനജല പ്രശ്നം പൊതുവായ ഒരു സാമൂഹ്യ പ്രശ്നമായി ഉയർന്നു വന്നുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത വ്യവസായത്തിൽ മുൻപന്തിയിലുള്ള കൈത്തറിയിൽ കാലോചിതമായ ആധുനികവൽക്കരണം നടത്തുകയും, ഈ മേഖല ശക്തിപ്പെടുത്തുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുകയും വേണം. കൈത്തറി സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ പട്ടിക - 1 ൽ താഴെ പറയും പ്രകാരമാണ്.

പട്ടിക -1

| സ്ഥാപനങ്ങളുടെ പേര് | മെമ്പർമാരുടെ എണ്ണം | തൊഴിലാളികൾ | | മൊത്തം വിറ്റുവരവ് | ലാഭം/നഷ്ടം |
|---|---|---|---|---|---|
| | | പു | സ്ത്രീ | | |
| 1 ചിറക്കൽ വീവേഴ്സ് കോ-ഓപ്. | 396 | 287 | 159 | 221 ലക്ഷം | ലാഭം |
| 2 വനജ വീവേഴ്സ് കോ-ഓപ്.ഇൻഡസ്ട്രിയൽ സൊസൈറ്റി | 236 | 29 | 40 | 30 ലക്ഷം | ലാഭം |
| 3 റോയൽ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്.സൊസൈറ്റി | 225 | 48 | 49 | 46 ലക്ഷം | നഷ്ടം |
| 4 കേനന്നൂർ വീവേഴ്സ് ഇന്റസ്ട്രിയൽ കോ-ഓപ്. സൊസൈറ്റി | 260 | 49 | 42 | 37 ലക്ഷം | ലാഭം |

## ബീഡി

ബീഡി വ്യവസായ രംഗം വമ്പിച്ച പ്രതിസന്ധിയെ നേരിടുന്നു. കേരള ദിനേശ് ബീഡി ഈ വ്യവസായത്തിലെ പ്രമുഖ സ്ഥാപനങ്ങളാണ്. 8ബ്രാഞ്ചുകളും 547 തൊഴിലാളികളുമുള്ള ഈ സ്ഥാപനത്തിൽ 816 മെമ്പർമാരുണ്ട്. നിരവധി സ്വകാര്യ -ചെറുകിട ബീഡിക്കമ്പനികളും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ ബീഡിക്കമ്പനികൾ മിക്കതും വീടുകളിൽ നിന്ന് ബീഡി ഉൽപാദിപ്പിച്ച് ശേഖരിക്കുകയാണ് ചെയ്യുന്നത്. നിരവധി സ്ത്രീ തൊഴിലാളികൾ, ഈ രംഗത്ത് ജോലിചെയ്യുന്നുണ്ട്. സഹകരണ മേഖലയിലുള്ള തൊഴിലാളികളുടെ വേതനം സ്വ[illegible]മേഖലയിൽ ലഭിക്കുന്നില്ല. വികസന സാദ്ധ്യത ഇല്ലാത്ത ഈ മേഖലയിൽ തൊഴിലാളികളുടെ വേതന വ്യവസ്ഥയിൽ ഒരു പ[illegible]ധി വരെ സഹകരണ മേഖല സ്വാധീനം ചെലുത്തുന്നുണ്ട്.

## പവർലും

ആധുനിക വ്യവസായ രംഗത്ത് വളർന്നുവരുന്ന വ്യവസായമാണിത്. വൈദ്യുതരംഗത്തെ അപര്യാപ്തതയും സാങ്കേതികത്വവും ഈ രംഗത്തേക്ക് വരുന്ന വ്യവസായികൾക്കുള്ള തടസ്സങ്ങളാണ്. ഒരു കുടിൽ വ്യവസായമായി ഉയർന്നു വരുന്ന ഈ വ്യവസായത്തെ വ്യാപകമായി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഇതരസംസ്ഥാനങ്ങളിലുള്ള മാതൃക തുടർന്നാൽ വമ്പിച്ച വികസന സാദ്ധ്യതയുണ്ടാകും. കൈത്തറിക്കു മാത്രം സംവരണം ചെയ്ത പല തുണിത്തരങ്ങളും ഇപ്പോൾ യന്ത്രത്തറിയിൽ ഉൽപാദിപ്പിക്കുന്നത് തടയാൻ നിലവിലുള്ള നിയമംതന്നെ കർശനമാക്കിക്കൊണ്ട് പരിഹരിക്കപ്പെടാനും സാധിക്കേണ്ടതാണ്.

## മരവ്യവസായം

മരവ്യവസായം പുരോഗതിയുടെ പാതയിലാണെങ്കിലും വ്യവസായത്തിനാവശ്യമായ മരങ്ങൾ ലഭിക്കാത്തത് ഈ രംഗത്തുള്ള മുന്നേറ്റത്തിന് പ്രയാസം സൃഷ്ടിക്കുന്നു. ബ്ലോക്ക് ബോർഡ്, തീപ്പെട്ടി എന്നിവക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ഈ മേഖലയിൽ തയ്യാറാക്കപ്പെടുന്നു. നല്ല വിപണന സാദ്ധ്യതയുള്ള ഈ മേഖലയെ സാമാന്യം നല്ല രീതിയിൽ വികസിപ്പിക്കാനുള്ള ഭൂപരമായ സാദ്ധ്യത ഈ പഞ്ചായത്തിനുണ്ട്.

## പ്ലാസ്റ്റിക്

മൂന്ന് പ്രമുഖ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഈ വ്യവസായത്തിൽ വികസന സാദ്ധ്യത ഏറെയുണ്ട്. മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ സ്വാധീനം വളരെയേറെയാണ്. പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഒരു ഫാക്ടറി പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ഈ വ്യവസായത്തിൻെറ പുരോഗതിക്ക് തടസ്സമുണ്ടാക്കുന്നു. വിപണി കണ്ടെത്താൻ ശ്രമിച്ചാൽ ഈ വ്യവസായം വിപുലീകരിക്കാൻ സാധിക്കും.

## റെഡിമെയ്ഡ്സ്

കൈത്തറിയും യന്ത്രത്തറിയും വ്യാപകമായി പുരോഗമിച്ച് മുന്നോട്ടു പോവുമ്പോൾ ഈ വ്യവസായവും വികസന സാധ്യതയുള്ളതാണ്. അന്യ സംസ്ഥാനങ്ങളിലെ ഉൽപന്നങ്ങളുമായി വളരെ വലിയ മത്സരം തന്നെ ഈ മേഖലയിൽ നടക്കുന്നുണ്ട്. ജനങ്ങളുടെ അഭിരുചിയെ അടിസ്ഥാനമാക്കി വിവിധതരം വസ്ത്രങ്ങൾ ഉണ്ടാക്കുന്ന സ്ഥിതി ഉണ്ടാകേണ്ടതാണ്.

## ഖാദി വ്യവസായം

കുറേ വർഷങ്ങളായി പ്രവർത്തിക്കുന്ന ഒരു ഖാദി വ്യവസായ കേന്ദ്രം നമ്മുടെ പഞ്ചായത്തിലുണ്ട്. വസ്ത്ര നിർമ്മാണത്തിൽ താൽപര്യമുണ്ടാക്കുന്നതിനും ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി ആരംഭിച്ച ഖാദി വേണ്ടത്ര വികസിച്ചിട്ടില്ലെങ്കിലും ഇന്നും കുടിൽ വ്യവസായമായി തുടരുന്നു. നമ്മുടെ പഞ്ചായത്തിലുള്ള ഖാദി യൂനിറ്റ് വികസിപ്പിച്ചെടുത്താൽ, വികസന സാദ്ധ്യതകൾ കൂടുന്നതോടൊപ്പം തൊഴിൽ സാദ്ധ്യതയും കൂടും.

## കിടക്ക നിർമ്മാണം

ചകിരിയും റബ്ബർ പാലും ഉപയോഗിച്ച് കിടക്ക നിർമ്മിക്കുന്ന രണ്ട് യൂനിറ്റ് നിലവിലുണ്ട്. 20 ൽ അധികം ആളുകൾ ജോലിചെയ്യുന്ന ഈ സ്ഥാപനങ്ങളിൽ ഉൽപാദിപ്പിക്കുന്ന കിടക്കകൾക്ക് നല്ല വിപണന സാദ്ധ്യതയുണ്ട്. കമ്പനിയുടെ വികസനത്തിൽ കൂടി തൊഴിലവസരങ്ങൾ കൂട്ടാനും ഉൽപാദനം വർദ്ധിപ്പിക്കാനും സാധിക്കും.

## ബേക്കറി

അടുത്തകാലത്തായി വികസിച്ച ഒരു വ്യവസായമാണ് ബേക്കറി. 5 ബേക്കറികൾ (നിർമ്മാണ യൂനിറ്റുകൾ) പഞ്ചായത്തിൽ നിലവിലുണ്ട്. വിവിധ തരം നാടൻ പലഹാരങ്ങൾ നിർമ്മിക്കുന്ന കുടിൽ വ്യവസായങ്ങളുമുണ്ട്. ഈ മേഖലയിലാകെ

150 ൽ അധികം ആളുകൾ ജോലി ചെയ്യുന്നുണ്ട്. ഇനിയും വികസന സാധ്യതയുള്ള ഒരു വ്യവസായമാണ് ബേക്കറി വ്യവസായം.

### ഫർണിച്ചർ

അലുമിനിയം , മരം, ഇരുമ്പ് ഇവകൊണ്ട് ഫർണിച്ചറുകൾ ഉണ്ടാക്കുന്ന ചെറിയ കുറേ യൂനിറ്റുകൾ നിലവിലുണ്ട്. മരത്തിന്റെ അമിതമായ വിലവർദ്ധനവ് മരം കൊണ്ടുള്ള വ്യവസായത്തെ തടസ്സപ്പെടുത്തുകയും സ്ററീൽ വ്യവസായത്തിന് സാധ്യതയേറുകയും ചെയ്യുന്നു.

### മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ചെറുകിട വ്യവസായങ്ങൾക്ക് സാധ്യതയുള്ളതും വൻകിട വ്യവസായത്തിന് തീരെ സാധ്യതയില്ലാത്തതുമായ നമ്മുടെ പഞ്ചായത്തിന് വ്യവസായ വികസനത്തിനു വേണ്ടി ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സംസ്ഥാന വ്യവസായ വകുപ്പിന്റെ സഹായത്തോടെ ആരംഭിച്ചാൽ, വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് പ്രചോദനമേകുകയും നിരവധി തൊഴിലാളികൾ വിവിധ സംരംഭങ്ങളിലേക്ക് കടന്നു വരികയും ചെയ്യും.

### കാലിത്തീറ്റ നിർമ്മാണം

ഒരു ക്ഷീര വ്യവസായ സഹകരണ സംഘവും നിരവധി കന്നുകാലി കർഷകരുമുള്ള പഞ്ചായത്താണ്. വിവിധ വെളിച്ചെണ്ണ മില്ലുകളിലെ പിണ്ണാക്കും, പാഴാക്കിക്കളയുന്ന ചക്കക്കുരുവും മരച്ചീനിയും 14 ഫ്ളവർമില്ലുകളിൽ നിന്നും ശേഖരിക്കാൻ കഴിയുന്ന തവിടും ഉപയോഗിച്ച് കാലിത്തീററ നിർമ്മാണ യൂനിറ്റ് ആരംഭിച്ചാൽ തൊഴിൽ സാധ്യത കൂടുകയും പഞ്ചായത്തിന് വിഭവ സമാഹരണശേഷി വർദ്ധിക്കുകയും ചെയ്യും.

### ഹോട്ടൽ

ദൈനംദിനം വികസിച്ചുവരുന്ന ചിറക്കൽ പഞ്ചായത്തിന്റെ ആസ്ഥാനമായ പുതിയതെരു പട്ടണത്തിൽ ഹോട്ടൽ വ്യവസായത്തിന് വികസന സാധ്യതയുണ്ട്. പട്ടണം കാര്യമായി വികാസം പ്രാപിക്കുന്നു എങ്കിലും നല്ലൊരു ഭക്ഷണ ശാല പുതിയതെരുവിൽ ഇല്ലെന്നു തന്നെ പറയാം. ഇത് പട്ടണത്തിന്റെ കാര്യമായ കുറവുകളിലൊന്നാണ്. മലിന ജല സംസ്കരണവും അതുപോലെയുള്ള പ്രശ്നങ്ങളും ഈ വ്യവസായത്തിൽ പ്രതിസന്ധിയെ നേരിടുന്നു. വനിതകൾ നടത്തുന്ന ഡി.ഡബ്ല്യൂ.സി.ആർ.എ.യുടെ നാലു യൂനിറ്റുകളിൽ ഒരു യൂനിറ്റ് ക്യൂൻസ് റസ്റ്റോറന്റാണ്. ഇത് വികസിപ്പിക്കുകയും ഹോട്ടൽ വ്യവസായ രംഗത്ത് വളർത്തുകയും ചെയ്താൽ വനിതകൾക്ക് തൊഴിലവസരങ്ങൾ കൂട്ടാൻ കഴിയും.

### എഞ്ചിനീയറിങ്ങ്

വികസന സാധ്യതയുള്ള ഒരു മേഖലയാണിത്. വിപണനത്തിനുള്ള പുതിയ മേഖല കണ്ടെത്തുന്നതിനും സ്ഥാപന നടത്തിപ്പിനുള്ള പോരായ്മയും ചിലപ്പോൾ വളർച്ചക്ക് തടസ്സമായി വരുന്നു. സാങ്കേതിക ബിരുദങ്ങൾ നേടിയവർ നിരവധിയുണ്ടെങ്കിലും ഈ രംഗത്ത് മുതൽ മുടക്കാൻ കഴിയാതെ സംരംഭകർ പിൻതിരിയേണ്ടി വരുന്നു. സാമ്പത്തിക സഹായങ്ങൾ കിട്ടുകയാണെങ്കിൽ പുതിയ സംരംഭകർ മുന്നോട്ടു വരും. വളരെയേറെ വികസന സാധ്യതയുള്ള ഒരു മേഖലയാണിത്. ഇതിന്റെ വികസനം നിരവധി തൊഴിലവസരങ്ങൾ കൂട്ടും. വ്യവസായ രംഗത്ത് ചെറുകിട വ്യവസായമാണ് കൂടുതലുള്ളത്. തേങ്ങയിൽ നിന്നും പുറന്തള്ളപ്പെടുന്ന ചകിരിയും ചിരട്ടയും വ്യവസായ ഉൽപന്നങ്ങളാക്കാൻ ഒരു ശ്രമവും നടക്കുന്നില്ല. മേൽപറഞ്ഞ വ്യവസായങ്ങൾ കൂടാതെ നിരവധി ഒറ്റപ്പെട്ട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായങ്ങളുടെ പട്ടിക

| | |
|---|---|
| മരവ്യവസായം | 36 |
| പവർലും | 25 |
| ഫ്ളവർമിൽ | 14 |
| വർക്ക് ഷോപ്പ് | 9 |
| പ്ലാസ്റ്റിക് | 2 |
| പ്രിന്റിങ്ങ് പ്രസ്സ് | 6 |
| റെഡിമെയ്ഡ് | 3 |
| സ്റ്റോൺ ക്രഷർ | 1 |
| സിനിമാ തീയേറ്റർ | 2 |
| മറ്റിനങ്ങൾ | 55 |
| ആകെ | 153 |

## പ്രശ്നങ്ങൾ

1 കൈത്തറിത്തൊഴിലാളികളുടെ കൂലിനിരക്ക് ഇതര തൊഴിൽ മേഖലകളെ അപേക്ഷിച്ച് മെച്ചപ്പെട്ടതല്ല.
2 കൈത്തറി വ്യവസായ ശാലകളിൽ നിന്നും പുറത്തേക്ക് വിടുന്ന അഴുക്ക് വെള്ളം അടുത്തുള്ള കിണറുകളിലെ വെള്ളം മലിനമാക്കുകയും പൊതുജനാരോഗ്യത്തെ ഗൗരവമായി ബാധിക്കുകയും ചെയ്യുന്നു.
3 വൻകിട വ്യവസായങ്ങൾ സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമല്ല.
4 സാങ്കേതിക രംഗത്ത് വൈദഗ്ധ്യം നേടിയവർക്ക് തൊഴിൽ നൽകാനുള്ള സാദ്ധ്യതകളില്ല.
5 മുഖ്യ കാർഷികോൽപ്പന്നമായ നാളികേരം ഫലപ്രദമായി വ്യാവസായിക രംഗത്ത് ഉപയോഗപ്പെടുത്തുന്നില്ല.
6 വ്യവസായ സംരംഭകർക്ക് ലൈസൻസ് ലഭിക്കുന്നതിന് കർശനമായ നിബന്ധനകൾ കാരണം കാലതാമസം നേരിടുന്നു. ഇത് വ്യവസായികളുടെ മനം മടുപ്പിക്കുന്നു.

## സാദ്ധ്യതകൾ

1 കൈത്തറിക്കാവശ്യമായ വിവിധതരം നൂലുകൾ സുലഭമായി ലഭ്യമാക്കണം.
2 കൈത്തറി വ്യവസായങ്ങൾക്ക് ചായം മുക്കാൻ പ്രത്യേക പ്രദേശത്ത് കൂട്ടായ സംവിധാനങ്ങൾ ഏർപ്പെടുത്തണം.
3 കൈത്തറിക്ക് വിദേശ വിപണികൾ കണ്ടെത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
4 പരമ്പരാഗത വ്യവസായ മേഖലകളിലേക്ക് തൊഴിലാളികളെ ആകർഷിക്കാൻ പരിശീലനം ഏർപ്പെടുത്തണം.
5 വനിതകൾക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.
6 അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന റഡിമെയ്ഡ് വസ്ത്രങ്ങൾക്ക് നികുതികൾ ചുമത്തി പ്രസ്തുത തുക ഈ രംഗത്തെ സംരക്ഷണത്തിനു വേണ്ടി ഉപയോഗിക്കണം.
7 വ്യവസായ സബ്സിഡി ലളിതമായ നിലയിൽ ലഭിക്കാനും അനർഹമായ സബ്സിഡികൾ നിഷേധിക്കുന്ന നടപടിയും ഉണ്ടാകണം.
8 തടിമരങ്ങൾ കൃത്യമായി ലഭിക്കാനുള്ള ദീർഘകാല പദ്ധതികൾ വേണം.
9 നാളികേര സംസ്കരണത്തിന് സഹകരണ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.
10 ബേക്കറി വ്യവസായ യൂനിറ്റ് സഹകരണ മേഖലയിൽ ആരംഭിക്കണം.
11 അറക്കപ്പൊടി ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന ഒരു വ്യവസായ ശാല.
12 ഖാദി യൂനിറ്റ് വികസിപ്പിച്ച് കൂടുതൽ ആളുകൾക്ക് തൊഴിൽ സാധ്യത ഉണ്ടാക്കുക.
13 ചകിരിയും റബ്ബർ പാലും ഉപയോഗിച്ചുള്ള കിടക്ക നിർമ്മാണ വ്യവസായം വികസിപ്പിക്കാവുന്നതാണ്.
14 സർക്കാർ നിയന്ത്രണത്തിലുള്ള മര ഡിപ്പോകളിൽ നിന്ന് നിയന്ത്രണ വിലക്ക് മരം അനുവദിച്ചാൽ ഫർണിച്ചർ വ്യവസായം വികസിപ്പിക്കാം.
15 മിനി ഇൻഡസ്ട്രിയലിന്റെ ആരംഭത്തോടു കൂടി സാങ്കേതിക വിദ്യയിൽ പരിജ്ഞാനം കൂടുകയും വിവിധ തരം മേഖലകളിലേക്ക് സംരംഭകർ കടന്നുവരികയും ചെയ്യും.
16 അസംസ്കൃത വസ്തുക്കൾ ശേഖരിച്ചുള്ള കാലിത്തീറ്റ നിർമ്മാണ യൂനിറ്റ്.
17 വെളിച്ചെണ്ണ ഉൽപാദന യൂനിറ്റ്.
18 കുടിൽ വ്യവസായമായി കുളിക്കാനും അലക്കാനുമുള്ള സോപ്പുകളുടെ നിർമ്മാണവും വിതരണവും.
19 അലുമിനിയം വസ്തുക്കൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായ യൂനിറ്റ്.
20 ഗൃഹ നിർമ്മാണാവശ്യങ്ങൾക്കുള്ള സിമന്റ് കട്ട, ഇഷ്ടിക, ഹോളോ ബ്രിക്സ്, സിമന്റ് വെന്റിലേറ്റർ, കട്ടില തുടങ്ങിയവയുടെ നിർമ്മാണ യൂനിറ്റ്.
21 ഇലക്ട്രിക് ഉപകരണങ്ങൾ, സ്റ്റെപ്-അപ് ട്രാൻസ്ഫോമറുകൾ, ചെറിയ ബാറ്ററികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂനിറ്റുകൾ.



# വിദ്യാഭ്യാസം

ഇന്ത്യൻ വിദ്യാഭ്യാസ ചരിത്രത്തിന്റെ ചില സൂചനകൾ നൽകിയാൽ മാത്രമേ കേരളത്തിന്റെയും നമ്മുടെ ഗ്രാമത്തിന്റെയും വിദ്യാഭ്യാസ പശ്ചാത്തലം സ്പഷ്ടമാവുകയുള്ളൂ. വിദ്യാഭ്യാസ രംഗത്ത്, ഭാരതത്തിന് ഉജ്ജ്വലമായ പാരമ്പര്യമുണ്ടായിരുന്നു. ഇന്ത്യയിലെ പുരാതന സർവ്വകലാശാലകളായ നളന്ദ, തക്ഷശില എന്നിവിടങ്ങളിൽ വിദേശീയർ പോലും വന്ന് പഠിച്ചിട്ടുണ്ട്. കാലക്രമത്തിൽ ചരിത്രത്തിന്റെ ഗതി വിഗതികൾക്ക് ഭാരതം വിധേയമായി. 1835-ലെ മെക്കാളെയുടെ മിനുട്ട്സിന്റെ ഫലമായി ഭാരതത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിൽ വന്നു. ഒരു രാജ്യത്തെ വിദ്യാഭ്യാസം എന്ത്? എങ്ങിനെ? ആർക്ക്? എന്ന മൗലിക ചോദ്യങ്ങൾക്ക് ഉത്തരം നൽകാനുള്ള അവകാശം ഇവിടുത്തെ ജനങ്ങൾക്ക് നിഷേധിക്കപ്പെട്ടു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കോളനിയാക്കി ഭാരതത്തെ നിലനിർത്താനുള്ള ബോധ പൂർവ്വമായ വിദ്യാഭ്യാസ പദ്ധതിയായിരുന്നു നടപ്പിലാക്കിയത്. 1854-ലെ വുഡ്സ് ഡെസ്പാച്ച് വിദ്യാഭ്യാസത്തെ ഔദ്യോഗികവൽക്കരിക്കുകയും 'ഗ്രാന്റ് ഇൻ എയ്ഡ്' പദ്ധതി നടപ്പിലാക്കുകയും ചെയ്തു. 1882 ൽ റിപ്പൺ പ്രഭുവിന്റെ കാലത്തുണ്ടായ ഹണ്ടർ കമ്മീഷൻ റിപ്പോർട്ട് പഞ്ചായത്ത് സമിതികളെ പ്രാഥമിക വിദ്യാഭ്യാസം ഏൽപ്പിക്കുകയും സെക്കന്ററി തലം സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാൻ ശുപാർശചെയ്യുകയും ചെയ്തു. 1902-ലെ കഴ്സൺ പ്രഭുവിന്റെ പ്രഖ്യാപനം ഇത് പരാജയമാണെന്നായിരുന്നു. വിദ്യാഭ്യാസം ഗവൺമെന്റിന്റെ ചുമതലയാണെന്നും സ്വകാര്യ മാനേജ്മെന്റിനെ നിയന്ത്രിക്കണമെന്നും മാതൃകാ വിദ്യാലയങ്ങൾ ഗവൺമെന്റ് സ്ഥാപിക്കണമെന്നും ഈ പ്രഖ്യാപനം ഉദ്ഘോഷിച്ചു. 1919-ലെ ഇന്ത്യാ ഗവണമെന്റ് നിയമമനുസരിച്ച് ദ്വിഭരണം നിലവിൽ വരികയും ഇന്ത്യൻ മന്ത്രിമാർ വിദ്യാഭ്യാസം കൈകാര്യം ചെയ്യുകയും ചെയ്തു. ഗോപാലകൃഷ്ണ ഗോഖലേ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കാനുള്ള ബിൽ കേന്ദ്ര നിയമസഭയിൽ അവതരിപ്പിച്ചു. 1920-ൽ മദ്രാസ് ലോക്കൽ ബോർഡ് ആക്ട് അനുസരിച്ച് മലബാർ ഡിസ്ട്രിക്ട് ബോർഡ് രംഗപ്രവേശം ചെയ്തതോടു കൂടി വിദ്യാഭ്യാസ രംഗം ചലനാത്മകമായി.

കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളാണ് ഇവിടുത്തെ അഭൂതപൂർവ്വമായ പുരോഗതിക്ക് കാരണം. ഭരണാധികാരികളുടെയും ജനങ്ങളുടെയും വിദ്യാഭ്യാസ താൽപര്യം, മിഷനറിമാരുടെ സേവനം, സാമൂഹ്യ പരിഷ്കർത്താക്കളുടെ ബോധ പൂർവ്വമായ പ്രവർത്തനം, മതപരിവർത്തനം തടയാനുള്ള ഭരണാധികാരികളുടെ വ്യഗ്രത, സവർണ്ണ-അവർണ്ണ സംഘർഷം ഒഴിവാക്കാനുള്ള ബോധപൂർവ്വമായ ശ്രമം, കേരളത്തിലെ സവിശേഷമായ ഭൂ ഉടമാ വ്യവസ്ഥിതി, ഭൂപരിഷ്കരണത്തിന്റെ നിയമവും വിദ്യാഭ്യാസ ബില്ലും, ഇവയാണ് കേരളത്തിൽ വിദ്യാഭ്യാസ പുരോഗതിക്ക് നിദാനം. ഈ പശ്ചാത്തലത്തിൽ നമ്മുടെ ഗ്രാമത്തിലേക്ക് ഒന്ന് കണ്ണോടിക്കാം.

ചിറക്കൽ ഗ്രാമത്തിലെ ആദ്യ വിദ്യാകേന്ദ്രം രാമഗുരു വിദ്യാലയമാണ്. ഇതിനെ പുഴാതി സ്കൂൾ പാപ്പിനി സ്കൂൾ എന്നീ പേരുകളിലും അറിയപ്പെട്ടിരുന്നു. ഈ വിദ്യാലയം സ്ഥാപിച്ചത് പാപ്പിനി വീട്ടിലെ രാമഗുരുവായിരുന്നു. ഇന്ത്യാ ചരിത്രത്തിലെ ഒന്നാം സ്വാതന്ത്ര്യ സമരം കഴിഞ്ഞ് ഏഴു വർഷങ്ങൾക്കകം ഈ വിദ്യാകേന്ദ്രം ആരംഭിച്ചു എന്നത് ശ്രദ്ധേയമാണ്. ആ കാലഘട്ടത്തിന്റെ ഹൃദയത്തുടിപ്പ് ഉൾക്കൊണ്ട് കൊണ്ട്, ബ്രിട്ടീഷ് നാഗരീകതക്കും വിദ്യാഭ്യാസത്തിനും എതിരേയുള്ള സൗമ്യമായ ഒരു ബദൽ സംരംഭത്തിന്റെ ഭാഗമായി ഇതിനെ കണക്കാക്കാം. ഉച്ചനീചത്വത്തിനെതിരെ മനുഷ്യമഹത്വത്തെയും സമത്വത്തെയും ഉദ്ഘോഷിക്കുന്ന ഒരു വിദ്യാഭ്യാസ സംവിധാനമായിരുന്നു, ഇവിടെ ഉണ്ടായിരുന്നത്. സമൂഹത്തെ നയിക്കുകയും അവരുടെ സുഹൃത്തും, വഴികാട്ടിയും, ദാർശനികനും ആയിത്തീർന്ന് സമസ്ത മണ്ഡലങ്ങളിലും നിറഞ്ഞു നിന്നവരായിരുന്നു അന്നത്തെ ഗുരുനാഥൻമാർ. ഈശ്വരാരാധന പോലെയായിരുന്നു അവർക്ക് അദ്ധ്യാപനം. സമൂഹമാവട്ടെ കൃതജ്ഞതാ നിർഭരരും. നമ്മുടെ വിദ്യാലയങ്ങളിൽ നിന്നും ജീവിതത്തിന്റെ വിവിധ തുറകളിൽ തിളങ്ങിയ വ്യക്തികൾ നിരവധിയുണ്ട്. ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ, ഡോ. സുകുമാർ അഴീക്കോട്, കെ.പി.ഗോപാലൻ, പാലക്കൽ അനന്തൻ നമ്പ്യാർ, പാലക്കൽ കുഞ്ഞപ്പ മാസ്റ്റർ, കെ. കരുണാകരൻ, റിട്ട. ജസ്റ്റിസ് വി.ഭാസ്കരൻ നമ്പ്യാർ, ടി.പത്മനാഭൻ, മുൻ എം.എൽ.എ മാരായ കെ. രാഘവൻ, പി.ഗോപാലൻ, കെ.കുഞ്ഞമ്പു എന്നിവർ ഈ കൂട്ടത്തിൽ ശ്രദ്ധേയരാണ്.

വിദ്യാഭ്യാസ രംഗത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്യുമ്പോൾ പ്രീ-പ്രൈമറി, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം എന്നീ പ്രധാന നാലു വിഭാഗങ്ങളാക്കി വിശകലനം ചെയ്യാം.

## *1 പ്രീ–പ്രൈമറി വിദ്യാഭ്യാസം*

സ്ഥാപനങ്ങൾ : പഞ്ചായത്തിൽ 41 അംഗൻവാടികളും 2 നഴ്സറി വിദ്യാലയങ്ങളും ഉണ്ട്. ഇവയുടെ നടത്തിപ്പ് ഐ.സി.ഡി.എസ്. പഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്.

***പ്രശ്നങ്ങൾ*** :
1) കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകളും, സ്വന്തം കെട്ടിടങ്ങളും ഇല്ലാത്തത് പ്രയാസമുണ്ടാക്കുന്നു.
2) ഏറ്റവും നല്ല പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ അഭാവം

***സാദ്ധ്യതകൾ*** :
1) പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് ഏറ്റവും മെച്ചപ്പെട്ട പരിശീലനവും തുടർ പരിശീലനവും ലഭ്യമാക്കുക.
2) നാട്ടിലുള്ളവരുടെ വൈദഗ്ധ്യം ഈ രംഗത്ത് പ്രയോജനപ്പെടുത്തുക.
3) പ്രദേശത്തെ മുഴുവൻ കുട്ടികളും എത്തിച്ചേരുന്നുവെന്ന് ഉറപ്പുവരുത്തുക.
4) സഹായ സമിതികളെ ഉപയോഗപ്പെടുത്തി കളിക്കോപ്പുകൾ സമാഹരിക്കാനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുക.

## *2. പൊതു വിദ്യാഭ്യാസം*

**സ്ഥാപനങ്ങൾ** : ഗവൺമെന്റ് അംഗീകാരമുള്ള വിദ്യാലയങ്ങൾ 15 ആണ്. ഇവയ്ക്ക് പുറമേ 3 അൺ എയിഡഡ് വിദ്യാലയങ്ങളും 5 പാരലൽ കോളേജുകളും ടൈപ്പ്റൈറ്റിങ്ങ്, കമ്പ്യൂട്ടർ, ഹിന്ദി കോഴ്സുകൾ എന്നിവ നടത്തുന്ന സ്ഥാപനങ്ങളും ഉണ്ട്. അംഗീകാരമുള്ള വിദ്യാലയങ്ങളിൽ ഒരു ഹൈസ്കൂളും 5 യു.പി. സ്കൂളും 8 എൽ.പി. സ്കൂളും സ്വകാര്യ മേഖലയിലാണ്. സർക്കാർ ഉടമസ്ഥതയിൽ ഒരു യു.പി. സ്കൂൾ മാത്രമാണുള്ളത്. പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലായാണ് ഇവ സ്ഥിതി ചെയ്യുന്നത്. വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്കൂൾ കോഡ് | വിദ്യാലയത്തിന്റെ പേര് | മാനേജ്മെന്റ് | വാർഡ് | കുട്ടികളുടെ എണ്ണം | | | SC/ST കുട്ടികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 01 | ഗവ: മാപ്പിള യു.പി. സ്കൂൾ | ഗവൺമെന്റ് | 2 | 259 | 268 | 527 | 22 | 16 | 38 | 8 | 12 | 20 |
| 2 | 02 | ആർ.കെ. യു.പി. വളപട്ടണം | എയിഡഡ് | 9 | 131 | 112 | 243 | 18 | 12 | 30 | 2 | 13 | 15 |
| 3 | 03 | കോട്ടക്കുന്ന് യു.പി. സ്കൂൾ | എയിഡഡ് | 2 | 287 | 314 | 601 | 51 | 60 | 111 | 8 | 13 | 21 |
| 4 | 04 | രാമഗുരു യു.പി. സ്കൂൾ | എയിഡഡ് | 3 | 297 | 271 | 568 | 5 | 8 | 13 | 5 | 16 | 21 |
| 5 | 05 | പുഴാതി സെൻട്രൽ യു.പി. | എയിഡഡ് | 3 | 206 | 197 | 403 | 10 | 6 | 16 | 5 | 13 | 18 |
| 6 | 06 | രാജാസ് യു.പി. സ്കൂൾ | എയിഡഡ് | 14 | 149 | 123 | 272 | 4 | 2 | 6 | 1 | 13 | 14 |
| 7 | 07 | പുതിയാപ്പറമ്പ് എൽ.പി. | എയിഡഡ് | 9 | 68 | 75 | 143 | 2 | 3 | 5 | 0 | 5 | 5 |
| 8 | 08 | അലവിൽ നോർത്ത് എൽ.പി | എയിഡഡ് | 11 | 94 | 83 | 176 | 7 | 3 | 10 | | 6 | 8 |
| 9 | 09 | കുന്നാവിൽ എൽ.പി. | എയിഡഡ് | 10 | 12 | 18 | 30 | 0 | 1 | 1 | 2 | 1 | 3 |
| 10 | 10 | ആറാംകോട്ടം എൽ.പി. | എയിഡഡ് | 11 | 71 | 79 | 150 | 3 | 3 | 6 | 0 | 5 | 5 |
| 11 | 11 | കടലായി എൽ.പി. | എയിഡഡ് | 10 | 64 | 67 | 131 | 2 | 0 | 2 | 2 | 3 | 5 |
| 12 | 12 | പുതിയതെരു മാപ്പിള എൽ.പി. | എയിഡഡ് | 14 | 29 | 35 | 64 | 0 | 0 | 0 | 2 | 3 | 5 |
| 13 | 13 | സരസ്വതീവിലാസം എൽ.പി. | എയിഡഡ് | 13 | 138 | 153 | 291 | 41 | 28 | 69 | 3 | 8 | 11 |
| 14 | 14 | പുതുച്ചേരി എൽ.പി. | എയിഡഡ് | 4 | 71 | 67 | 138 | 3 | 7 | 10 | 1 | 3 | 4 |
| 15 | 15 | രാജാസ് ഹൈസ്കൂൾ | എയിഡഡ് | 7 | 644 | 649 | 1293 | 59 | 40 | 99 | 14 | 35 | 49 |
| | | ആകെ | | | 2520 | 2511 | 5031 | 227 | 189 | 416 | 55 | 149 | 204 |

### *പ്രശ്നങ്ങൾ*

മിക്കവാറും എല്ലാ വാർഡുകളിലും സൗകര്യപ്രദമായ ദൂരപരിധിയിൽ തന്നെ വിദ്യാലയങ്ങളുണ്ട്. എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങൾ കൂടുതലുള്ളതിനാൽ പഞ്ചായത്തിലെ സ്കൂളുകളിൽ അദ്ധ്യാപകരുടെ ക്ഷാമം അനുഭവപ്പെടുന്നില്ല. എന്നാൽ സർക്കാർ സഹായം ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ലഭിക്കുന്നില്ല. അദ്ധ്യാപകരിൽ സ്ത്രീകളുടെ അനുപാതം 3:1 ആണ് ചില വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറവാണ്. പഞ്ചായത്തിലെ വിദ്യാർത്ഥികൾ സമീപപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പോകുന്ന സ്ഥിതി കാണുന്നുണ്ട്. രണ്ടു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം 100 ൽ താഴെയാണ്. ഗതാഗതസൗകര്യം കണ്ടുകൊണ്ട് മറ്റു വിദ്യാലയങ്ങളിൽ അധ്യയനം നടത്തുന്ന സ്ഥിതി വർദ്ധിച്ചു വരുന്നു. കേരളത്തിൽ കെ.ഇ.ആർ. നിലവിൽ വരുന്നതിനു മുമ്പേയുള്ള വിദ്യാലയങ്ങളിൽ സ്ഥല പരിമിതി തീരെയില്ല. പഞ്ചായത്തിലെ രണ്ടു വിദ്യാലയങ്ങൾ നഷ്ടപ്പെടുമെന്ന ഘട്ടത്തിൽ പഞ്ചായത്ത് സമിതിയുടെയും പ്രദേശത്തെ ജനങ്ങളുടെയും പ്രവർത്തന ഫലമായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്.

## സാദ്ധ്യതകൾ

1 സമീപ പ്രദേശത്തെ വിദ്യാലയങ്ങളിൽ തന്നെ വിദ്യാർത്ഥികൾ പഠിക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തി മാതൃ വിദ്യാലയ സംസ്കാരം വളർത്തിക്കൊണ്ട് വരിക.
2 പഞ്ചായത്ത് വാർഡ് സമിതികളും അയൽകൂട്ടങ്ങളും വിളിച്ചു ചേർത്ത് പരിപാടികൾ ആസൂത്രണം ചെയ്യുക.
3 സ്കൂളും പരിസരവും ആകർഷകമാക്കുക.
4 നിലവിലുള്ള ഹൈസ്കൂൾ ഭാഗത്തേക്ക് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.
5 പഞ്ചായത്ത് തലത്തിൽ സമഗ്ര വിദ്യാഭ്യാസ സർവ്വേ നടത്തേണ്ടതാണ്. മാതൃസംഘം, വാർഡ്സമിതി ഇവയുടെ ദൗത്യം എന്താണെന്ന് ബോധ്യപ്പെടുത്തണം.
6 വിദ്യാലയങ്ങളോടനുബന്ധിച്ച് തന്നെ പ്രീ-പ്രൈമറി ഏർപ്പെടുത്തുക.
7 മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കാനുള്ള ബോധവൽക്കരണം നടത്തുകയും പൊതുവിദ്യാലയങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

അൺഎയിഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം താഴെക്കൊടുക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | കുട്ടികളുടെ എണ്ണം ഒന്നാം തരം മുതൽ | എസ്.സി/എസ്.ടി കുട്ടികൾ |
|---|---|---|---|
| 1 | കസ്തൂർബാ പബ്ലിക് സ്കൂൾ | 479 | 6 |
| 2 | കണ്ണൂർ ബ്ലോക്ക് വനിതാ സഹകരണ സംഘം, അലവിൽ | 130 | - |
| 3 | നിത്യാനന്ദ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 82 | 2 |
| | ആകെ | 711 | 8 |

പഞ്ചായത്തിൽ തന്നെയുള്ള അൺഎയിഡഡ് വിദ്യാലയങ്ങളിൽ തന്നെ 12% കുട്ടികൾ പഠിക്കുന്നു. ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ പരിത്യജിച്ചുകൊണ്ട് പട്ടികജാതി-പട്ടിക വർഗ്ഗത്തിൽ പെട്ട കുട്ടികൾ ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## സാദ്ധ്യതകൾ

1 മാതൃഭാഷയിലൂടെയുള്ള പഠനം നിർബന്ധമാക്കുക.
2 സമീപ വിദ്യാലയങ്ങളിൽ തന്നെ കുട്ടികൾ പഠിക്കുന്നുവെന്ന് ഉറപ്പു വരുത്തുക
3 പൊതു വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തുക
4 ജനകീയ പങ്കാളിത്തത്തോടെ കുറഞ്ഞ ചെലവിൽ സ്കൂളും പരിസരവും ആകർഷകമാക്കുക.
5 മാതൃസംഘങ്ങൾ, ജനകീയ സമിതികൾ (വാർഡ് സമിതി, അയൽകൂട്ടം) എന്നിവ വഴി അൺ എയിഡഡ് വിദ്യാലയങ്ങളോടുള്ള ആഭിമുഖ്യം ഇല്ലാതാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
6 അദ്ധ്യാപക-രക്ഷാകർതൃ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

വിദ്യാലയങ്ങളിൽ സ്ഥല സൗകര്യം കുറവാണ്. 6സെന്റ് സ്ഥലത്തുപോലും പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുണ്ട്. കുട്ടികളുടെ കായിക വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനും, പുറത്തുകൊണ്ടുപോയി പഠിപ്പിക്കുന്നതിനും സാധിക്കാത്ത സ്ഥിതി ഉണ്ട്. മുഴുവൻ വിദ്യാലയങ്ങളിലും ലൈബ്രറി ഉണ്ട്. 6 വിദ്യാലയങ്ങളിൽ മാത്രമേ കക്കൂസ് ഉള്ളൂ. വൈദ്യുതിയില്ലാത്ത വിദ്യാലയങ്ങൾ 9 ആണ്. സ്കൂളുകൾക്ക് ചുറ്റുമതിൽ ഭാഗികമായി മാത്രമേ ഉള്ളൂ. കുടിവെള്ളത്തിനുള്ള സൗകര്യം മിക്ക വിദ്യാലയങ്ങളിലും ഇല്ല. യു.പി. സ്കൂളിൽ ലാബട്ടറി ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഉപകരണങ്ങളുടെയും, അവശ്യ വസ്തുക്കളുടെയും ലഭ്യതക്കുറവും, ഉപയോഗിക്കാനുള്ള താത്പര്യമില്ലായ്മയും പരിഹരിക്കേണ്ടിയിരിക്കുന്നു. മൂത്രപ്പുര ഉണ്ടെങ്കിലും മിക്ക വിദ്യാലയങ്ങളിലും വേർതിരിച്ചിട്ടില്ലാത്തത് പ്രയാസമുണ്ടാക്കുന്നു. ക്ലാസുകൾ മിക്ക വിദ്യാലയങ്ങളിലും വേർതിരിക്കാതെ നടക്കുന്നത് പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഹൈസ്കൂളിൽ മാത്രമേ ടേപ്പ് റിക്കാർഡർ ഉള്ളൂ. 8 വിദ്യാലയങ്ങളിൽ റേഡിയോ ഇല്ല.

| ക്രമനമ്പർ | സ്കൂൾ കോഡ് | സ്ഥലം വിസ്തീർണ്ണം | കെട്ടിടം(മുറികൾ) | | | ലാബ് | ലൈബ്രറി | | കക്കൂസ് | | മൂത്രപ്പുര | | പാചകമുറി | | വൈദ്യുതി | | ഫർണിച്ചർ വേണ്ടത്ര ഉണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധ സ്ഥിരം | താൽകാലികം | പ്രവർത്തനം | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | |
| 1 | 01 | 20 സെ. | 1 | 2 ഹാൾ | | ഭാഗികം | ✓ | | ✓ | | ✓ | | ✓ | | | | ഉണ്ട് |
| 2 | 02 | 32 സെ. | 10 | | | ഭാഗികം | ✓ | | | | ✓ | | ✓ | | ✓ | | ഉണ്ട് |
| 3 | 03 | 18 സെ. | 1 | 12 ഹാൾ | | ഭാഗികം | ✓ | | ✓ | | ✓ | | ✓ | | ✓ | | ഇല്ല |
| 4 | 04 | 44 സെ. | 2 | 4 ഹാൾ | | ഭാഗികം | ✓ | | ✓ | | ✓ | | ✓ | | ✓ | | ഇല്ല |
| 5 | 05 | 1.63 ഏക്ര | 13 | | | ഭാഗികം | ✓ | | ✓ | | ✓ | | ✓ | | ✓ | | ഉണ്ട് |
| 6 | 06 | 1.68 ഏക്ര | 1 | 2 ഹാൾ | | ഭാഗികം | ✓ | | | | ✓ | | ✓ | | ✓ | | ഉണ്ട് |
| 7 | 07 | 11 സെ. | 5 | | | ഉണ്ട് | ✓ | | | | ✓ | | ✓ | | | ✓ | ഉണ്ട് |
| 8 | 08 | 30 സെ. | 6 | | | ഉണ്ട് | ✓ | | | | ✓ | | | ✓ | | ✓ | ഉണ്ട് |
| 9 | 09 | 61 സെ. | 4 | | | ഉണ്ട് | ✓ | | ✓ | | ✓ | ✓ | ✓ | | | ✓ | ഉണ്ട് |
| 10 | 10 | 6 സെ. | 5 | | | ഉണ്ട് | ✓ | | | | | | | ✓ | | ✓ | വേണ്ടത്രയില്ല |
| 11 | 11 | 17 സെ. | 5 | | | ഉണ്ട് | ✓ | | | | ✓ | | | ✓ | ✓ | | ഉണ്ട് |
| 12 | 12 | 10സെ. | 4 | | | ഉണ്ട് | ✓ | | | | ✓ | | ✓ | | | ✓ | ഉണ്ട് |
| 13 | 13 | 40 സെ. | 9 | | | ഇല്ല | ✓ | | | | ✓ | | | ✓ | | ✓ | വേണ്ടത്രയില്ല |
| 14 | 14 | 6 സെ. | 4 | | | ഇല്ല | ✓ | | | | ✓ | | | ✓ | | ✓ | വേണ്ടത്രയില്ല |
| 15 | 16 | 7 ഏക്ര | 30 | | | ഉണ്ട് | ✓ | | ✓ | | ✓ | | ✓ | | ✓ | ✓ | വേണ്ടത്രയില്ല |

വിദ്യാലയങ്ങളിൽ സ്ഥലസൗകര്യം കുറവാണ്. 6സെന്റ് സ്ഥലത്തുപോലും പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുണ്ട്. കുട്ടികളുടെ കായിക വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനും, പുറത്തുകൊണ്ടുപോയി പഠിപ്പിക്കുന്നതിനും സാധിക്കാത്ത സ്ഥിതി ഉണ്ട്. 6 വിദ്യാലയങ്ങളിൽ മാത്രമേ കക്കൂസ് ഉള്ളൂ. വൈദ്യുതിയില്ലാത്ത വിദ്യാലയങ്ങൾ 9 ആണ്. സ്കൂളുകൾക്ക് ചുറ്റുമതിൽ ഭാഗികമായി മാത്രമേ ഉള്ളൂ. കുടിവെള്ളത്തിനുള്ള സൗകര്യം മിക്ക വിദ്യാലയങ്ങളിലും ഇല്ല. യു.പി.സ്കൂളിൽ ലാബട്ടറി സൗകര്യം ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഉപകരണങ്ങളുടെയും, അവശ്യ വസ്തുക്കളുടെയും ലഭ്യതക്കുറവും, ഉപയോഗിക്കാനുള്ള താൽപര്യമില്ലായ്മയും പരിഹരിക്കേണ്ടിയിരിക്കുന്നു. മൂത്രപ്പുര ഉണ്ടെങ്കിലും മിക്ക വിദ്യാലയങ്ങളിലും വേർതിരിക്കാതെ നടക്കുന്നത് പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഹൈസ്കൂളിൽ മാത്രമേ ടേപ്പ് റിക്കാർഡർ ഉള്ളൂ. 8 വിദ്യാലയങ്ങളിൽ റേഡിയോ ഇല്ല.

## സാദ്ധ്യതകൾ

1 അടുത്തുള്ള രണ്ടോ മൂന്നോ വിദ്യാലയങ്ങൾക്ക് പൊതുവായിട്ടെങ്കിലും കളിസ്ഥലം കണ്ടെത്തണം. ക്ലാസ്സുകൾ തമ്മിൽ താൽക്കാലികമായിട്ടെങ്കിലും വേർതിരിക്കേണ്ടത് അത്യാവശ്യമാണ്. എല്ലാ വിദ്യാലയങ്ങളിലും വൈദ്യുതി സൗകര്യം ലഭ്യമാവണം. ഉള്ള ലാബട്ടറി സൗകര്യം ഫലപ്രദമായി ഉപയോഗിക്കാൻ അദ്ധ്യാപകർ താൽപര്യം പ്രകടിപ്പിക്കുകയും, ഇല്ലാത്ത ഉപകരണങ്ങൾ ഹൈസ്കൂളിൽ നിന്ന് ലഭിക്കുന്നതിനുള്ള പരിശ്രമം നടത്തുകയും ചെയ്യുക. പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന് സമീപമോ മറ്റ് സൗകര്യ പ്രദമായ സ്ഥലത്തോ ചിൽഡ്രൻസ് പാർക്കുകൾ ഉണ്ടാക്കുക. മൂത്രപ്പുരകൾ വിപുലമാക്കി ആൺ,പെൺ, അദ്ധ്യാപകർ എന്നിങ്ങനെ വേർതിരിച്ച് ഉപയോഗിക്കുക.

## കൊഴിഞ്ഞു പോക്ക്

കഴിഞ്ഞ അദ്ധ്യയന വർഷത്തിലെ കൊഴിഞ്ഞു പോയ കുട്ടികളുടെ എണ്ണം താഴെ കൊടുക്കുന്നു.

പട്ടിക - 4

| ക്രമനമ്പർ | സ്കൂൾ കോഡ് | പഠനം നിർത്തിവെച്ചവർ: പട്ടിക ജാതി - പട്ടിക വർഗ്ഗം | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 1 | - | - | - | 7 | 2 | 9 |
| 2 | 3 | - | 1 | 1 | 5 | 1 | 6 |
| 3 | 5 | 1 | - | 1 | 1 | - | 1 |
| 4 | 11 | - | - | - | 1 | - | 1 |
| 8 | 15 | - | - | - | 8 | 3 | 11 |

അദ്ധ്യയന വർഷത്തിൽ 5 വിദ്യാലയങ്ങളിൽ കൊഴിഞ്ഞു പോക്ക് സംഭവിച്ചിരിക്കുന്നു. കൊഴിഞ്ഞുപോക്ക് മറ്റ് പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെങ്കിലും ഇതിന്റെ കാരണങ്ങൾ വ്യക്തമായും പഠിക്കേണ്ടിയിരിക്കുന്നു. നേരത്തെ സൂചിപ്പിച്ച സമഗ്ര വിവരവും ശേഖരിക്കാനുള്ള സർവ്വേയുടെ ആവശ്യകത ഈ വസ്തുത ബോധ്യപ്പെടുത്തുന്നു. വിദ്യാഭ്യാസം ജീവിതഗന്ധിയല്ലാത്തതും തൊഴിൽ അധിഷ്ഠിതമല്ലാത്തതുമാണ് ഇതിന്റെ മുഖ്യ കാരണം. സാമ്പത്തികവും സാമൂഹികമായ പിന്നോക്കാവസ്ഥയും കാരണമാകുന്നു.

## സാദ്ധ്യതകൾ

അടിസ്ഥാനപരമായും ഇതിന്റെ കാരണം കണ്ടെത്താൻ പരിപാടി ആവിഷ്കരിക്കുക. കുട്ടികളുടെ താൽപര്യങ്ങൾക്കനുസരിച്ച് വിദ്യാലയ പ്രവർത്തനങ്ങൾ ക്ലാസ്സിലും പുറത്തും ഉണ്ടാവണം. ഉച്ചക്കഞ്ഞി കൃത്യമായും വിതരണം ചെയ്യുകയും കാര്യക്ഷമമാക്കുകയും വേണം. പഠനം, പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതും, രസകരവുമായിത്തീരണം. വിദ്യാലയവും പരിസരവും ആകർഷകമാക്കുക. കുട്ടികളുടെ കലാപരമായ വാസനകൾ പ്രകടിപ്പിക്കാനുള്ള അവസരം ലഭ്യമാക്കുക. ശേഖരണം, നിർമ്മാണം, എന്നീ രംഗങ്ങളിലെ വൈദഗ്ദ്ധ്യം പ്രകടമാക്കാനുള്ള അവസരണം നൽകുക. പഠനപ്രവർത്തനങ്ങളോടൊപ്പം പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകണം.

## അക്കാദമിക് നിലവാരം

3 മുതൽ 7വരെ ക്ലാസ്സുകളിലെ കുട്ടികളുടെ പഠന നിലവാരം താഴെക്കൊടുത്തിരിക്കുന്നു.

പട്ടിക 5

| ക്രമ നമ്പർ | വിഭാഗം | ക്ലാസ്സ് മൂന്ന് | നാല് | അഞ്ച് | ആറ് | ഏഴ് |
|---|---|---|---|---|---|---|
| 1 | 30% നു താഴെ | 82 | 71 | 109 | 78 | 78 |
| 2 | 30 - 40 | 131 | 111 | 233 | 122 | 122 |
| 3 | 40 - 50 | 116 | 104 | 166 | 83 | 96 |
| 4 | 50 -60 | 88 | 103 | 154 | 66 | 92 |
| 5 | 60% നു മുകളിൽ | 141 | 162 | 203 | 95 | 94 |

## പ്രശ്നങ്ങൾ

ഉയർന്ന ക്ലാസ്സുകളിൽ 60%-നു മുകളിൽ മാർക്കു നേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി പട്ടികയിൽ നിന്ന് മനസ്സിലാക്കാം. എല്ലാ കുട്ടികളെയും 40%-നു മുകളിൽ മാർക്കുനേടാൻ കഴിയുന്നവരായി മാറ്റാൻ സാധിക്കണം. ചില പ്രത്യേക മേഖലകളിൽ നിലവാരം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് തീരെ കുറവാണ്. എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കാൻ കഴിയുന്നില്ല.

പട്ടിക -6

ഹൈസ്കൂളിലെ വിജയശതമാനം

| സ്കൂളിന്റെ പേര് | | എസ്.എസ്.എൽ.സി. വിജയശതമാനം 1991-92 | 92-23 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| രാജാസ് ഹൈസ്കൂൾ | | 47 | 43 | 47 | 49 | 50 |
| | Distinction | 9 | 5 | 2 | 7 | 4 |
| | First Class | 35 | 37 | 53 | 47 | 43 |

എസ്.എസ്.എൽ.സി. വിജയശതമാനം സമീപ പ്രദേശങ്ങളിലെ ഹൈസ്കൂളുകളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ്. നേരിയ വർദ്ധനവ് ഇപ്പോൾ കാണുന്നുണ്ട്. വിദ്യാലയങ്ങളിലെ പഠനാന്തരീക്ഷം കുട്ടികളുടെ അഭിരുചിക്കനുസരിച്ച് മാറേണ്ടിയിരിക്കുന്നു. അദ്ധ്യാപകർ തങ്ങളുടെ അനുഭവങ്ങൾ കൈമാറുക, വിദ്യാഭ്യാസ അധികൃതരുടെ സന്ദർശനവും, ജനകീയ മോണിട്ടറിങ്ങും ഫലപ്രദമാവണം. പരീക്ഷ ഓർമ്മ പരിശോധനയായി മാറാതെ വാചിക പ്രായോഗിക കഴിവുകൾ കൂടി വിലയിരുത്തുന്നതിനുള്ളതായി മാറണം. പീയർ മോണിട്ടറിംഗ് നടത്തുക, പൂർവ്വ വിദ്യാർത്ഥികളുടെ സേവന സന്നദ്ധത ഉപയോഗപ്പെടുത്തുക. നിലവിലുള്ള ഹൈസ്കൂൾ, ലീഡ് സ്കൂൾ എന്ന നിലയിൽ ഫലപ്രദമായി പ്രവർത്തിക്കുക. ഉപരി പഠനത്തിനാവശ്യമായ കൂടുതൽ കോഴ്സുകൾ ഹൈസ്കൂളിൽ അനുവദിക്കണം.

## ജനകീയതലം (പി.ടി.എ., മാതൃസംഘം....)

എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ കോംപ്ലക്സുകൾ, ഗുരുകുലം പ്രവർത്തനങ്ങളുടെ ഭാഗമായി കുറേക്കൂടി മെച്ചമായ രീതിയിൽ ഇവ പ്രവർത്തിക്കുന്നുണ്ട്. മിക്ക വിദ്യാലയങ്ങളിലും പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല. ജനകീയ പങ്കാളിത്തത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തുന്നതിനുള്ള പരിപാടികളുടെ ആസൂത്രണമില്ലായ്മയാണ് കാരണം.

### സാദ്ധ്യതകൾ

അയൽകൂട്ടങ്ങൾ, വാർഡ് സമിതികൾ, പഞ്ചായത്ത് സമിതികൾ, എന്നിവ രൂപീകരിക്കുക. മദർ പി.ടി.എ. ശക്തമാക്കുക. വിദ്യാലയങ്ങൾ സമൂഹത്തിനു കൂടി ഉപകരിക്കുന്നതാണെന്ന് ബോധ്യപ്പെടുത്തുന്ന പരിപാടികൾ വിദ്യാലയത്തിൽ ആവിഷ്കരിക്കുക. സ്കൂളും പരിസരവും ആകർഷകമാക്കാൻ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക. നാട്ടിലുള്ള വിദഗ്ധരെ പഠന പ്രക്രിയയിൽ ഉപയോഗിക്കുക.

## ഉന്നത വിദ്യാഭ്യാസം

ഉന്നത വിദ്യാഭ്യാസത്തിന് കോളേജ് ക്ലാസ്സുകൾ നടത്തുന്ന ഒരു പാരലൽ കോളേജാണ് വിദ്യാർത്ഥികൾക്കാശ്രയം. ഐ.ടി.ഐ., പോളിടെക്നിക് എന്നീ സാങ്കേതിക വിദ്യാലയങ്ങൾ പഞ്ചായത്തിലില്ല. സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിച്ചുകൊണ്ടുള്ള പഠനം സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രയാസമാകുന്നു.

### സാദ്ധ്യതകൾ


നിലവിലുള്ള ഹൈസ്കൂൾ വൊക്കേഷനൽ ഹയർ സെക്കന്ററിയായി ഉയർത്തുക. അപ്ഗ്രേഡ് ചെയ്യാവുന്ന വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യാനുള്ള സംവിധാനമൊരുക്കുക. പഞ്ചായത്തിൽ ഒരു കോളേജിനുള്ള സാധ്യത പരിശോധിക്കുക. സാങ്കേതിക വിദ്യാലയങ്ങൾ ആരംഭിക്കുക.

## അനൗപചാരിക വിദ്യാഭ്യാസം

ജില്ലയിൽ തന്നെ നിരവധി ഗ്രന്ഥാലയങ്ങളും വായനശാലകളും സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ് ചിറക്കൽ. സാംസ്കാരിക മേഖലയുടെ വളർച്ചക്കൊപ്പം തന്നെ വിദ്യാഭ്യാസ രംഗത്തും ഇവയുടെ സംഭാവനകൾ ഉണ്ടായിട്ടുണ്ട്. കൊഴിഞ്ഞു പോകുന്ന കുട്ടികൾ, കാർഷിക-വ്യാവസായിക മേഖലകളിലെ തൊഴിലാളികൾ എന്നിവർക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള കേന്ദ്രങ്ങളായി ഇവ മാറേണ്ടിയിരിക്കുന്നു. സാക്ഷരതാ പ്രസ്ഥാനത്തിൽ പഞ്ചായത്ത്, തളിപ്പറമ്പ് പ്രോജക്ടിൽ മുന്നിട്ടു നിന്നിരുന്നു. ഇപ്പോൾ രണ്ടു ജനശിക്ഷണ നിലയങ്ങളും ഒരു ജനവിദ്യാ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

### സാദ്ധ്യതകൾ

ജനശിക്ഷണ നിലയങ്ങളും ജനവിദ്യാ കേന്ദ്രവും പരമാവധി ഉപയോഗപ്പെടുത്തുക. വായനശാലകൾ, ഗ്രന്ഥാലയങ്ങൾ എന്നിവ കേന്ദ്രമാക്കി ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുക. മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടാവണം.



# കുടിവെള്ളം, പൊതുജനാരോഗ്യം, പരിസര ശുചിത്വം

## കുടിവെള്ളം

ശുദ്ധമായ വെള്ളവും ശുചിത്വമുള്ള പരിസരവും ഏതൊരു ജനതയുടെയും ആരോഗ്യകാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണല്ലോ. കേരളത്തിന്റെ പൊതുവായ കാലാവസ്ഥക്കനുസൃതമായി താരതമ്യേന നല്ല മഴ ലഭിക്കുന്ന ചിറക്കൽ ഗ്രാമപഞ്ചായത്ത്, വളപട്ടണം പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്നു. ഇവിടെ ചിരപുരാതനമായ ചിറക്കൽ ചിറയും ഒട്ടനേകം ക്ഷേത്രങ്ങളും, സ്വകാര്യ കുളങ്ങളും ജലസ്രോതസ്സുകളായുണ്ട്.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കുടിവെള്ളത്തിന് വേണ്ടി കിണറുകളെയാണ് ആശ്രയിക്കുന്നത്. ജനസാന്ദ്രത കൂടിയ കടലായി, പുഴാതി, പട്ടുവത്തെരു, മണ്ഡപം എന്നിവിടങ്ങളിലും, ലക്ഷം വീട് പട്ടികജാതി കോളനികളിലും കിണറുകൾ അപര്യാപ്തമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും വേനൽക്കാലത്ത് കുടിവെള്ളത്തിനു വേണ്ടി മുറവിളി ഉയരുകയാണ്. നാലു വാർഡുകളിൽ ഉപ്പുവെള്ളം കയറുന്നത് മൂലം എല്ലാ കാലത്തും കുടിവെള്ള ക്ഷാമം ഉണ്ടാകുന്നു. കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല പദ്ധതികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ പഞ്ചായത്തിന്റെ തനതായ ചെറു ജലവിതരണ പദ്ധതിയും ഉണ്ട്. ഇതിന്റെ മാതൃകയിൽ മറ്റു വാർഡുകളിലും ചെറുജല വിതരണ പദ്ധതികൾ ആരംഭിക്കണമെന്ന് നിർദ്ദേശങ്ങൾ ഉയർന്നു വരുന്നു.

### കേരള വാട്ടർ അതോറിറ്റി സ്കീം

കേരള വാട്ടർ അതോറിറ്റിയുടെ ആക്സിലേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീം 1985-ൽ ആരംഭിച്ചു. രണ്ടു കിണറുകളും ഒരു ടാങ്കും 21 കി.മീ. നീളത്തിൽ പ്രധാനപ്പെട്ട റോഡരികിലൂടെ പൈപ്പു ലൈനുകളും 41 പൊതു ടാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. നീരൊഴുക്കും ചാൽ, പുഞ്ചവയൽ പ്രദേശത്തുമാണ് കിണറുകളുള്ളത്. പനങ്കാവിൽ 5,75,000 ലി. സംഭരണ ശേഷിയുള്ള ടാങ്കാണുള്ളത്. ഈ പദ്ധതി പ്രകാരം നിർമ്മിച്ച ആലോട്ട് വയൽ ഭാഗത്തുള്ള കിണർ മാത്രമേ ഇപ്പോൾ ഉപയോഗിക്കുന്നുള്ളൂ. നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കുന്നതിനു മുൻപ് ചില സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി വാട്ടർ അതോറിറ്റി തന്നെ നീരൊഴുക്കും ചാൽ കിണറിന്റെ പ്രവൃത്തി നിർത്തിവച്ചു. ഈ പദ്ധതിക്കുവേണ്ടി വാട്ടർ അതോറിറ്റി 32,45,000 ക. ചിലവഴിച്ചിട്ടുണ്ട്. എങ്കിലും ലക്ഷ്യത്തിന്റെ അടുത്തുപോലും ജലവിതരണം സാധ്യമായില്ല. വാട്ടർ അതോറിറ്റി തന്നെ പഞ്ചായത്തിന്റെ നിർബന്ധപ്രകാരം ഓഗ്മെന്റേഷൻ സ്കീമിൽ ഉൾപ്പെടുത്തി ഈ പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ 1994-ൽ ശ്രമം ആരംഭിച്ചിട്ടുണ്ട്. ചെട്ടിപ്പീടികയിലുള്ള സബ്സ്റ്റേഷൻ മുതൽ പൈപ്പുവഴി ടാങ്കിലേക്ക് വെള്ളം എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്.

### രാഘവനഗർ ഹരിജൻ കോളനി വാട്ടർ സപ്ലൈ സ്കീം

1972-ലാണ് ഇത് ആരംഭിച്ചത്. 12,750 ലി. സംഭരണ ശേഷിയുള്ള ടാങ്കും 1200 മീ. നീളത്തിലുള്ള പൈപ്പ് ലൈനുകളും 2 പൊതുടാപ്പുകളും ഈ പദ്ധതിയിലുണ്ട്. പഴയ നിരത്തു കോളനിയിലും രാഘവനിരത്ത് കോളനിയിലും ഈ പദ്ധതികൊണ്ട് ശുദ്ധജല വിതരണം നടത്തുന്നു. കോളനിക്കിണറിലെ വെള്ളം അവർക്ക് തികയുന്നില്ല. പുതിയ കിണറിലെ വെള്ളം മോട്ടോർ ഉപയോഗിച്ച് നിലവിലുള്ള ടാങ്കിലേക്ക് എത്തിച്ചാൽ വെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും.

### കുന്നുംകൈ അംബേദ്കർ കോളനി സ്കീം

1994-ൽ ആരംഭിച്ചു. 25000 ലി. സംഭരണ ശേഷിയുള്ള ടാങ്കും 565 മീ. പൈപ്പുലൈനുകളും 11പൊതുടാപ്പുകളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കോളനിക്കകത്തുതന്നെ കിണർ കുഴിച്ചാണ് ജലം സംഭരിക്കുന്നത്. ഈ പദ്ധതിയും കോളനികളിൽ ജലവിതരണത്തിന് പര്യാപ്തമല്ല.

പട്ടിക - 1

കെ.ഡബ്ല്യു.എ. പദ്ധതികൾ

| | രാഘവനഗർ കോളനി വാട്ടർ സപ്ലൈ സ്കീം | ആക്സിലറേറ്റഡ് വാട്ടർ സപ്ലൈ സ്കീം, ചിറക്കൽ | കുന്നുംകൈ അംബേദ്കർ കോളനി സ്കീം |
|---|---|---|---|
| സംഭരണ ശേഷി | 12,750 ലി. | 5,75,000 ലി. | 25,000 ലി. |
| പൈപ്പ് ലൈൻ | 1,200 മീ. | 21,000 മീ. | 565 മീ. |
| പൊതു ടാപ്പ് | 12 | 41 | 11 |

പട്ടിക - 2

മിനി ജലവിതരണ പദ്ധതി, ചിറക്കൽ ഗ്രാമപഞ്ചായത്ത്

| സംഭരണശേഷി | പൈപ്പുലൈൻ | പൊതുടേപ്പ് |
|---|---|---|
| 1000 ലി. | 760 മീ. | 8 |

## മിനി ജലവൈദ്യുത പദ്ധതികൾ

രാജാസ് ഹൈസ്കൂളിന് സമീപമുള്ള കുഴൽക്കിണറും ടാങ്കും ഉപയോഗിച്ചു കൊണ്ടുള്ള പഞ്ചായത്തിന്റെ തനതായ വാട്ടർ സപ്ലൈ സ്കീം 1987-ൽ ആരംഭിച്ചതാണ്. 1000 ലി. സംഭരണ ശേഷിയുള്ള ടാങ്കും 760 മീ. പൈപ്പുലൈനും 8 പൊതുടാപ്പുകളും ഇതിൽപെടുന്നു. നാഷനൽ ഹൈവേയിലും കാട്ടാമ്പള്ളി റോഡിലുമായി 11 പൊതുടാപ്പുകൾ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സ്വകാര്യ കിണറുകൾക്കു പുറമേ 20 പൊതുകിണറുകളും 13 കുഴൽ കിണറുകളും ഉണ്ടെങ്കിലും വേനൽക്കാലത്ത് എല്ലാ വാർഡിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കുടിവെള്ള പ്രശ്നങ്ങൾ

1 കാട്ടാമ്പള്ളി പുഴയോര പ്രദേശത്തുള്ള കിണറുകളിൽ ഉപ്പുവെള്ളം കയറുന്നു. പ്രത്യേകമായി കുതിരത്തടം, ഇടയിലെപീടിക.

2 പരപ്പിൽ വയൽ ലക്ഷം വീട് കോളനി ഭാഗത്ത് 150-ഓളം കിണറുകളിൽ ഉപ്പുവെള്ളം കയറുന്നു.

3 വാർഡ് 3,4 ,13 എന്നിവയിൽ മറ്റു വാർഡുകളെ അപേക്ഷിച്ച് ശുദ്ധജലത്തിനുള്ള കിണറുകൾ കുറവാണ്.

4 വളപട്ടണം പുഴയിലെ വെള്ളം കീരിയാട് പ്രദേശത്തേക്ക് അമിതമായി ഒഴുകുന്നത് മൂലം കുടിവെള്ളം കിട്ടാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു.

5 മായിച്ചാൻ കുന്ന്, കാഞ്ഞിരത്തറ,കോട്ടക്കുന്ന്, അത്താഴക്കുന്ന്, അരയമ്പേത്ത് തുടങ്ങിയ സ്ഥലങ്ങളിൽ അടിയന്തിരമായി കുഴൽ കിണറുകൾ സ്ഥാപിക്കുക.

സാദ്ധ്യതകൾ

1 വാട്ടർ അതോറിറ്റിയുടെ ഓഗ്മെന്റേഷൻ പണി പൂർത്തിയാക്കുക. ജലലഭ്യതയനുസരിച്ച് കുടിവെള്ള ക്ഷാമമുള്ള സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുക.

2 കുതിരത്തടം കിണർ ആഴം കൂട്ടി പമ്പ് ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുക.

3 ഭാരത് ഹെൽത്ത് ക്ലബ്ബിനടുത്തുള്ള കുളം വൃത്തിയാക്കി ശുദ്ധജല വിതരണത്തിന് സംവിധാനം ഉണ്ടാക്കുക.

4 ഭാഗികമായി പണിതീർത്ത ബണ്ടിന്റെയും ഷട്ടറിന്റെയും നിർമ്മാണം പൂർത്തിയാക്കുക.

5 കാട്ടാമ്പള്ളിയിലെ ചോർച്ചയുള്ള ഷട്ടറുകൾ പൂർണ്ണമായും മാറ്റി സ്ഥാപിക്കുക.

6 കുംബേത്തെ കുളം കുടിവെള്ള സ്രോതസ്സാക്കി മാറ്റുക.

7 വാട്ടർ അതോറിറ്റി ഉപേക്ഷിച്ച പോലെയുള്ള നീരൊഴുക്കുംചാലിലെ കിണർ ഉപയോഗയോഗ്യമാക്കുക.

8 വാർഡ് നാലിലെ പടിഞ്ഞാറെ മൊട്ടയും പരിസരവും കേന്ദ്രമാക്കി ഒരു മിനി ജലസേചന പദ്ധതി ആരംഭിക്കുക.

9 ചിറക്കൽ ചിറയുടെ സംരക്ഷണം ഉറപ്പാക്കി പൈപ്പ് ലൈൻ വഴി വെള്ളം ലഭ്യമാക്കാനുള്ള ജലസേചന സൗകര്യം ഏർപ്പെടുത്തുക, ചിറക്കൽ ചിറ ജലസേചനത്തിനുപയോഗിക്കാൻ ബന്ധപ്പെട്ടവരിൽ നിന്നും അനുവാദം വാങ്ങുക

10 രാമൻ കുളം വൃത്തിയാക്കി ചെറു ജലവിതരണ പദ്ധതി ആരംഭിക്കുക.

11 വെള്ള ക്ഷാമമുള്ള 8-ാം വാർഡിലെ മന്ന ഭാഗങ്ങളിൽ ഒരു പൊതുകിണർ കുഴിക്കുക.

12 പാലോട്ട് വയലിന്റെ മുകൾ ഭാഗത്ത് പുതുതായി ഒരു ജലസേചന പദ്ധതിക്ക് തുടക്കം കുറിക്കുക.

13 കുന്നാക്കുളം ഉപയോഗിച്ച് ശുദ്ധജല വിതരണത്തിന് പദ്ധതി ആരംഭിക്കുക.

14 ആറാം കോട്ടം, ഹെൽത്ത് സെന്ററിന് താഴെയായി ജലസേചന സൗകര്യമുള്ള കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക. 11,12, വാർഡുകളിൽ ജലക്ഷാമത്തിന് പരിഹാരം കാണാൻ ഈ പദ്ധതിക്ക് കഴിയും.

15 കുന്നുംകൈ അംബേദ്കർ ഗ്രാമത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നിലവിലുള്ള കിണർ ആഴം കൂട്ടുകയോ അല്ലെങ്കിൽ സമീപത്തായി ഒരു കിണർ കൂടി കുഴിച്ച് നിലവിലുള്ള ടാങ്കിലേക്ക് പൈപ്പ് വഴി ജലം എത്തിക്കുക.

8 വാർഡുകളിൽ നിന്ന് മിനി ജലവിതരണ പദ്ധതികളെക്കുറിച്ചുള്ള ഉദ്ദേശങ്ങളുണ്ട്. അതിൽ രണ്ടു വാർഡുകൾക്ക് സംയുക്തമായി രാമൻ കുളം ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്. ചിരപുരാതനമായ ചിറക്കൽ കോവിലകം വകയായുള്ള ചിറക്കൽ ചിറയും അനേകം ക്ഷേത്രക്കുളങ്ങളും മറ്റു ചെറിയ കുളങ്ങളും ജല സ്രോതസ്സായുള്ള പഞ്ചായത്താണ് ചിറക്കൽ. നല്ലനിലയിൽ ഈ സ്രോതസ്സുകൾ സംരക്ഷിക്കുകയാണെങ്കിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുകയില്ല. ചിറക്കൽ ചിറ ഏറ്റെടുത്ത് ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചാൽ കുടിവെള്ള ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണാൻ സാധിക്കും.

വർഷത്തിൽ പാതിയും മഴ ലഭിക്കുന്ന പ്രദേശമായിട്ടും കഴിഞ്ഞ ഏതാനും വർഷങ്ങളായി അനുഭവപ്പെടുന്ന രൂക്ഷമായ ജല ദൗർലഭ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മൾ കാണിക്കുന്ന അലംഭാവം വളരെ വലുതാണെന്ന് ബോധ്യപ്പെടുന്നതാണ്. ജല സംരക്ഷണ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഭൂമിക്കടിയിലേക്ക് വെള്ളം ആഴ്ന്നിറങ്ങാത്തതാണ് ഭൂമിക്കിടയിലെ ജല നിരപ്പ് കുറയാൻ കാരണം. ഈ ജല നിരപ്പുയരണമെങ്കിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയേതീരൂ.

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

1 ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ കുഴിച്ചും വരമ്പുകൾ കെട്ടിയും മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.
2 നിലവിലുള്ള തോടുകളിൽ പുതിയ ബണ്ടുകൾ നിർമ്മിക്കുക.
3 മഴവെള്ള സംഭരണത്തിന് കുഴികളും പൊട്ടക്കിണറുകളും കല്ലുവെട്ടിയ കുഴികളും ഉപയോഗയോഗ്യമാക്കുക.
4 കാലാകാലങ്ങളിൽ വീട്ടുപറമ്പുകളിൽ കൊത്തും കിളയും സമയത്തിന് നടത്തി ജല ആഗിരണശേഷി വർദ്ധിപ്പിക്കുക
5 മഴവെള്ളം പുരയിടങ്ങളിൽ ആഴ്ന്നിറങ്ങുന്നതിന് പുരയിടങ്ങളിൽ സമ്മിശ്ര കൃഷി രീതി അവലംബിക്കുക.
6 ഇതിനെല്ലാം ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകളും പ്രവർത്തനങ്ങളും വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

## ആരോഗ്യം

ആരോഗ്യമേഖലയിൽ ലോകാരോഗ്യസംഘടന വിഭാവനം ചെയ്യുന്ന നിലവാരങ്ങൾക്ക് സമമായ നേട്ടം കേരളം കൈവരിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിലും കൂടി വരുന്ന രോഗാതുരത ഒരു പ്രഹേളികയായി നിലകൊള്ളുന്നു. ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ സ്ഥിതിയും ഇതിൽ നിന്ന് വ്യത്യസ്ഥമല്ല. ഇന്നത്തെ സാഹചര്യത്തിൽ പൊതു ഉടമയിലുള്ള ആരോഗ്യ സേവന സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും ജനകീയവുമാക്കുന്നതിൽ പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് സുപ്രധാനമായ പങ്ക് നിർവ്വഹിക്കാൻ സാധിക്കും എന്ന പ്രതീക്ഷ ജനങ്ങളിൽ ഉയർന്നു വന്നിട്ടുണ്ട്.

ഈ പരിതസ്ഥിതിയിൽ നമ്മുടെ പഞ്ചായത്തിലെ പൊതുജനാരോഗ്യ സംവിധാനങ്ങളുടെ പ്രവർത്തനവും ജനങ്ങളുടെ പൊതുവായ ആരോഗ്യ പ്രശ്നങ്ങളും സംബന്ധിച്ച് ഒരു വിലയിരുത്തലിനുള്ള ശ്രമമാണ് വിശേഷാൽ ഗ്രാമസഭകളിൽ ജനങ്ങൾ പ്രകടമാക്കിയത്. പ്രഗത്ഭരായ പാരമ്പര്യ വൈദ്യൻമാരും അലോപ്പതി രംഗത്തെ അതികായരായ ഡോക്ടർമാരും സമ്പുഷ്ടമാക്കിയ ആതുര സേവന പാരമ്പര്യം നമ്മുടെ പഞ്ചായത്തിനുണ്ട്. 1991-ലെ കാനേഷുമാരി പ്രകാരം 39838 ആണ് ആകെ ജനസംഖ്യ. 1995-96 ൽ 1317 ജനനങ്ങളും 157 മരണങ്ങളും 1 ചാപിള്ള ജനനവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ ആരോഗ്യ മേഖലയിൽ പൊതു ഉടമയിലിപ്പോൾ ഒരു ആയുർവ്വേദ ഡിസ്പെൻസറിയും ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും ഒരു കുടുംബക്ഷേമ ഉപകേന്ദ്രവും അഞ്ചു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും പ്രവർത്തിക്കുന്നു. ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ ആരോഗ്യ മേഖലയിലെ പൊതു സ്ഥാപനങ്ങളുടെ അപര്യാപ്തത ബോധ്യമാവുന്നതാണ്. അതുകൊണ്ട് തന്നെ ബഹുഭൂരിപക്ഷം ജനങ്ങളും സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. പഞ്ചായത്തിൽ തന്നെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിൽ രണ്ടു സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ പട്ടണത്തിലെ സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളെ ആശ്രയിക്കുന്നവരും ഏറെയാണ്. വിദഗ്ധ ചികിത്സക്കുള്ള സൗകര്യങ്ങളും മറ്റും ലക്ഷ്യം വച്ചാണ് ഇങ്ങനെ പോകുന്നത്. അടുത്തുള്ള ജില്ലാ ഹെഡ് ക്വാർട്ടേർസ് ആശുപത്രിയിൽ വേണ്ടത്ര ആധുനിക സൗകര്യങ്ങൾ ഇല്ലാത്തതാണ് സ്വകാര്യ ആശുപത്രികളിലേക്ക് പോകാൻ രോഗികളെ പ്രേരിപ്പിക്കുന്നത്. ഈ ആധുനിക സൗകര്യക്കുറവ് സ്വകാര്യ മേഖലയുടെ വളർച്ചക്ക് കാരണമായി. സ്വകാര്യ മേഖലയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്ന ഒരു ആയുർവ്വേദാശുപത്രിയും മർമ്മ ചികിത്സാകേന്ദ്രവും പഞ്ചായത്തിലുണ്ട്. ആയുർവ്വേദ-അലോപ്പതി-ഹോമിയോ ഡോക്ടർമാരുടെ സ്വകാര്യ ക്ലിനിക്കുകളും ഇവിടെ പ്രവർത്തിക്കുന്നു.

ആരോഗ്യ സ്ഥാപനങ്ങൾ - പൊതുമേഖലയിലുള്ളവ

| | സ്ഥാപനം | വാർഡ് | ജീവനക്കാർ |
|---|---|---|---|
| 1 | പ്രാഥമികാരോഗ്യകേന്ദ്രം, ചിറക്കൽ | 2 | 7 |
| 2 | ആയുർവ്വേദ ഡിസ്പെൻസറി | 14 | 4 |
| 3 | കുടുംബക്ഷേമ ഉപകേന്ദ്രം, കാട്ടാമ്പള്ളി | 1 | 1 |
| 4 | കുടുംബക്ഷേമ ഉപകേന്ദ്രം, ഓണപ്പറമ്പ് | 3 | 1 |
| 5 | കുടുംബക്ഷേമ ഉപകേന്ദ്രം, പനങ്കാവ് | 14 | 1 |
| 6 | കുടുംബക്ഷേമ ഉപകേന്ദ്രം, ആർപ്പാന്തോട് | 10 | 1 |
| 7 | കുടുംബക്ഷേമ ഉപകേന്ദ്രം, പട്ടുവത്തെരു | 7 | 1 |
| 8 | കുടുംബക്ഷേമ ഉപകേന്ദ്രം, കുന്നുംകൈ | 13 | 1 |
| 9 | കുടുംബക്ഷേമ ഉപകേന്ദ്രം, പുതിയാപ്പറമ്പ് | 11 | 1 |

## സ്വകാര്യമേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾ

1. പി.വി. എം. ഹോസ്പിറ്റൽ, പുതിയതെരു - വാർഡ് 14
2. ഡോ.കണ്ണൻ ഹോസ്പിറ്റൽ, പുതിയാപ്പറമ്പ് - വാർഡ് 9
3. ഭാരതീയ മർമ്മ ചികിത്സാ കേന്ദ്രം, പട്ടേൽ റോഡ് - വാർഡ് 3
4. മമത ആയുർവ്വേദ ഹോസ്പിറ്റൽ, പട്ടുവത്തെരു - വാർഡ് 7

പഞ്ചായത്തിൽ കൂടുതലായനുഭവപ്പെടുന്ന രോഗങ്ങൾ ജലജന്യ രോഗങ്ങളും പ്രാണിജന്യ രോഗങ്ങളുമാണ്. 1996-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രാണി ജന്യ രോഗങ്ങൾ 42-ഉം ജലജന്യ രോഗങ്ങൾ 8 ഉം വായുജന്യ രോഗങ്ങൾ 10 ഉം ആയിരുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ ചികിത്സക്ക് വിധേയമാകുന്നവരുടെ രോഗവിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടാറില്ല. പരിസര ശുചീകരണത്തിലെ അലംഭാവവും അതിനു വേണ്ടിയുള്ള പഞ്ചായത്തിലെ ശുചീകരണ സംവിധാനങ്ങളുടെ അപര്യാപ്തതയും കാരണം കൊതുകുകളുടെ വർദ്ധന ആരോഗ്യരംഗത്ത് ഒരു വലിയ ഭീഷണി തന്നെയാണ്. ഫൈലേറിയ യൂനിറ്റിന്റെ രക്ത പരിശോധനയിൽ ധാരാളം പേർക്ക് മന്ത് രോഗ ബാധയുള്ളതായി കണ്ടെത്തിയിരിക്കുന്നു. ദേശീയ മലമ്പനി നിർമ്മാർജ്ജന പദ്ധതി പ്രകാരം 1965-ൽ സംസ്ഥാനത്ത് നിശ്ശേഷം ഇല്ലാതായ മലമ്പനി, കഴിഞ്ഞ മൂന്നു വർഷങ്ങളിലും പഞ്ചായത്തിൽ വീണ്ടും അനുഭവപ്പെട്ടതായി അറിവുണ്ട്. ആരോഗ്യ മേഖലയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ചില നിർദ്ദേശങ്ങൾ ഉയർന്നുവന്നു.

## നിർദ്ദേശങ്ങൾ

കൊതുക് നിവാരണത്തിന് മരുന്നുതളിക്കുന്നത് ഊർജ്ജിതമാക്കണം. പി.എച്ച്.സി. സ്വന്തം കെട്ടിടത്തിലാക്കുവാൻ, ലക്ഷം വീട് കോളനികളിൽ കക്കൂസില്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിച്ച് കൊടുക്കുക. ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കുക. കോളനിയിൽ സൗജന്യ വൈദ്യ ശുശ്രൂഷ, മാതൃശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കുക, ഹോമിയോ ആശുപത്രി സ്ഥാപിക്കുക. പി.എച്ച്.സി. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും ഉള്ളവർക്ക് ബന്ധപ്പെടാൻ സൗകര്യമുണ്ടാകത്തക്ക രീതിയിൽ മാറ്റി സ്ഥാപിക്കുക. ആറാംകോട്ടം സബ്സെന്ററിൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുക. ഫൈലേറിയ, മലേറിയ രക്ത പരിശോധന നടത്തുക. അരയമ്പേത്ത് സബ്സെന്റർ സ്ഥാപിക്കുക.

## ആരോഗ്യ സ്ഥാപനങ്ങളും സേവന സൗകര്യങ്ങളും

1 **ആയുർവ്വേദ ഡിസ്പൻസറി:-** പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് 14ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. കെട്ടിടം ശോച്യാവസ്ഥയിലാണുള്ളത്. ഒരു ഡോക്ടറുടെയും മൂന്ന് ജീവനക്കാരുടെയും സേവനം ലഭിക്കുന്നു രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഇല്ല.

2 **പ്രാഥമികാരോഗ്യകേന്ദ്രം:-** 1996-ലാണ് പ്രവർത്തനമാരംഭിച്ചത്. ഇപ്പോഴും അഴീക്കോട് പി.എച്ച്.സിയുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടവും മറ്റ് സൗകര്യവും ഏർപ്പെടുത്തുകയും മുഴുവൻ സമയം പ്രവർത്തനക്ഷമമാക്കുകയും വേണം.

## കുട്ടികളുടെ രോഗപ്രതിരോധ നടപടികൾ

പഞ്ചായത്തിൽ സാമൂഹ്യ ക്ഷേമ വകുപ്പിൻ കീഴിലുള്ള 41 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാത്തവയാണിവ. എങ്കിലും അംഗൻവാടികളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും വച്ച് കുട്ടികൾക്കുള്ള പ്രതിരോധ നടപടികൾ നടത്താറുണ്ട്.

**പ്രതിരോധ കുത്തിവെപ്പുകൾ** (അവലംബം - അംഗൻവാടി രജിസ്റ്റർ)

| വർഷം | ബി.സി.ജി. | ഡി.പി.ടി. | പോളിയോ | ഡി.ടി. | മീസിൽസ് |
|---|---|---|---|---|---|
| 1995-96 | 1232 | 1132 | 1232 | 60 | 1148 |

**കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം**

| നോർമൽ | ലഘുവായ പോഷണക്കുറവുള്ളവർ | മിതമായ പോഷണക്കുറവുള്ളവർ |
|---|---|---|
| 1527 | 499 | 93 |

## കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ വളരെയേറെ പ്രാധാന്യമർഹിക്കുന്നതാണ് ശുചിത്വം. പ്രാഥമിക ശുചിത്വത്തിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമാണ് കക്കൂസുകൾക്കുള്ളത്. പഞ്ചായത്തിൽ 7,379 വീടുകളുള്ളതിൽ 6000 വിടു

കൾക്ക് മാത്രമേ കക്കൂസ് ഉള്ളൂ. പരിസര മലിനീകരണം കാരണം പകർച്ച വ്യാധികളും മറ്റും പടർന്നു പിടിക്കാനുള്ള സാധ്യതയും ചെറുതല്ല. കോളനികളിലും മറ്റുമാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഏറെയുള്ളത്. ശുചിത്വകാര്യത്തിലുള്ള ശ്രദ്ധക്കുറവും സാമ്പത്തിക പരാധീനതയും സ്ഥല പരിമിതിയും ആണ് ഇതിന് കാരണം. അന്യ സ്ഥലങ്ങളിൽ നിന്നും ജോലി ചെയ്യുന്നതിനായി ഇവിടെ വന്ന് താമസിക്കുന്നവർ പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നത് പൊതുസ്ഥലങ്ങളിലാണ്.

നിത്യേന ആയിരക്കണക്കിന് ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കുവേണ്ടി വന്നെത്തുന്ന പുതിയ തെരുവിൽ മൂന്ന് പൊതു കക്കൂസുകളും ഒരു മൂത്രപ്പുരയുമാണുള്ളത്. സാധാരണ ജനങ്ങൾക്കുവേണ്ടി ഒരു സമഗ്ര സാനിട്ടേഷൻ പ്രോഗ്രാം നടപ്പിലാക്കേണ്ടതാണ്.

## *പ്രശ്നങ്ങൾ*

1. പൊതുജനാരോഗ്യരംഗത്ത് പൊതുമേഖലയുടെ ഇടപെടൽ അപര്യാപ്തമാണ്.
2. പ്രൈമറി ഹെൽത്ത് സെന്ററിന് സ്വന്തം കെട്ടിടമോ മറ്റ് സൗകര്യങ്ങളോ ഇല്ല.
3. പി.എച്ച്.സി.യിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
4. കൊതുകു നിവാരണത്തിനായുള്ള മരുന്നു തളിക്കൽ ഫലപ്രദമായ രീതിയിൽ നടക്കുന്നില്ല.
5. ഏഴ് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ രണ്ടെണ്ണത്തിനു മാത്രമേ സ്വന്തമായി ആസ്ഥാനമുള്ളൂ.
6. ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങളുടെ അപര്യാപ്തത.
7. കൈത്തറി വ്യവസായ ശാലകളിൽ നിന്നും പുറത്തേക്കൊഴുകുന്ന മലിനജലം.
8. പുതിയതെരുവിലെ മത്സ്യമാർക്കറ്റിലെയും പരിസരത്തിലുമുള്ള മാലിന്യങ്ങൾ.
9. അനധികൃത അറവുശാലകളിൽ നിന്നും പുറന്തള്ളുന്ന അവശിഷ്ട മാലിന്യം.
10. മാർക്കറ്റ് റോഡിലെ പച്ചക്കറിക്കടകളിലെ അവശിഷ്ട മാലിന്യങ്ങൾ.
11. നാഷണൽ ഹൈവേ, പി.ഡബ്ല്യു.ഡി. റോഡുകളുടെ ഓവുചാലുകളിൽ കെട്ടിനിൽക്കുന്ന മലിനജലം.
12. വർക്ക് ഷാപ്പുകളോടനുബന്ധിച്ച് റോഡരുകിൽ നടക്കുന്ന റിപ്പയർ പ്രവൃത്തികളുടെ ഫലമായുണ്ടാവുന്നവ.
13. വഴിയോരത്തെ തട്ടുകടകളിൽ നിന്നും ഉണ്ടാകുന്ന മാലിന്യം.
14. കോളനികളിലെയും ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലെയും കക്കൂസുകളുടെ അപര്യാപ്തതയുടെ ഫലമായുണ്ടാകുന്ന പരിസര മലിനീകരിണവും ആരോഗ്യ പ്രശ്നങ്ങൾ.
15. പുതിയ തെരുവിലെ മാലിന്യ നിക്ഷേപ കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിൽ വരുന്ന കാലതാമസം.
16. വിവിധ വാർഡുകളിലെ വ്യാപാര കേന്ദ്രങ്ങളിൽ റോഡരുകിൽ കെട്ടിക്കിടക്കുന്ന മാലിന്യ നിക്ഷേപം
17. പരിസരശുചിത്വവും ആരോഗ്യ സംരക്ഷണവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച ജനങ്ങൾക്കുള്ള അജ്ഞത.

## *സാദ്ധ്യതകൾ*

1. ആയുർവ്വേദ ഡിസ്പൻസറി കെട്ടിടം പുതുക്കിപ്പണിയുകയും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോടുകൂടിയുള്ള ആശുപത്രിയായി വിപുലീകരിക്കാം.
2. പി.എച്ച്.സി.ക്ക് സ്വന്തം കെട്ടിടവും ആവശ്യമുള്ള സൗകര്യങ്ങളും ലഭ്യമാക്കാം. പി.എച്ച്.സി.യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുകയും ചെയ്യാം.
3. കൊതുകുനിവാരണ പ്രക്രിയയിൽ ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ. കോളനികളിലെ ശുചീകരണം, അഴുക്കു ചാലുകളുടെ ശുചീകരണം, കക്കൂസ് ടാങ്കുകളുടെ ചോർച്ച തടയലും പൈപ്പുകൾക്കു മുകളിൽ വല മാറ്റിക്കെട്ടൽ, തുടങ്ങിയ പ്രവർത്തനങ്ങൾ.
4. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് ആസ്ഥാനം.
5. സ്വകാര്യ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന രോഗികളുടെ വിവരം റജിസ്റ്റർ ചെയ്തു സൂക്ഷിക്കുകയും അവയുടെ പ്രവർത്തനങ്ങൾ മോണിറ്ററിങ്ങിന് വിധേയമാക്കുകയും ചെയ്യാവുന്നതാണ്.
6. മുഴുവൻ പൊതുകിണറുകളും വലയിട്ട് സംരക്ഷിക്കൽ.
7. പഞ്ചായത്തിലെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തൽ.
8. കോളനികളിൽ ഇരട്ട വീട് സമ്പ്രദായം മാറ്റാവുന്നതാണ്.
9. സ്വകാര്യ ഡോക്ടർമാരുടെ ക്ലിനിക്കുകൾ രജിസ്റ്റർ ചെയ്യുക.
10. പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുക.
11. കൈത്തറി വ്യവസായ ശാലകളിൽ നിന്നും പുറത്തേക്കൊഴുകുന്ന മലിനജലം ശുദ്ധീകരിക്കുമെന്നുറപ്പുവരുത്തുക. ഒന്നിൽ കൂടുതൽ വ്യവസായ ശാലകളുടെ ഉടമസ്ഥർ ചേർന്നു കുറ്റമറ്റ രീതിയിൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ നൽകാവുന്നതാണ്.
12. മത്സ്യമാർക്കറ്റ് ദിവസവും കഴുകി വൃത്തിയാക്കുക. ഉപയോഗ ശൂന്യമായ മത്സ്യക്കൊട്ടയും പാഴ്വസ്തുക്കളും ആഴ്ചയിലൊരിക്കൽ കത്തിച്ചു കളയുക.
13. അനധികൃത അറവുകൾ നിരോധിക്കുകയും മാർക്കറ്റ് വിപുലീകരിച്ച് അറവുശാല നിർമ്മിക്കുകയും ചെയ്യുക.
14. പച്ചക്കറിക്കടകളിലെ അവശിഷ്ട മാലിന്യങ്ങൾ റോഡിൽ നിക്ഷേപിക്കാതിരിക്കുക കടകളുടെ സമീപം കുട്ടകളിൽ അവ നിക്ഷേപിച്ചാൽ ശുചീകരണ തൊഴിലാളികൾക്ക് നിത്യേന നീക്കം ചെയ്യാവുന്നതേയുള്ളൂ..

15 റോഡുകളുടെ ഓവു ചാലുകൾ തടസ്സപ്പെടുത്താതിരിക്കുക. ആഴ്ചയിലൊരു ദിവസം ഓവുചാലുകൾ വൃത്തിയാക്കാൻ പ്രത്യേക പരിപാടി.

16. കഴിവതും വാഹനങ്ങളുടെ റിപ്പയർ റോഡരികിൽ നടത്താതിരിക്കുക. അതുമൂലമുണ്ടാകുന്ന മാലിന്യങ്ങൾ വർക്ക് ഷോപ്പ് ഉടമകളുടെ സ്വന്തം ചെലവിൽ നീക്കം ചെയ്യുക.

17. തട്ടുകട ഉടമസ്ഥരുടെ സ്വന്തം ചെലവിൽ അവരുണ്ടാക്കുന്ന പരിസര മാലിന്യങ്ങൾ നീക്കം ചെയ്യുക.

18. കോളനികളിലും ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലും സമഗ്ര സാനിറ്റേഷൻ പ്രോഗ്രാം.

19. മാലിന്യ നിക്ഷേപകേന്ദ്രത്തിലെ മാലിന്യങ്ങൾ സ്വരൂപിച്ച് ജൈവവള നിർമ്മാണ യൂനിറ്റ്.

20. വാർഡുകളിലെ വ്യാപാരകേന്ദ്രങ്ങൾക്കരികിൽ കുപ്പത്തൊട്ടി സ്ഥാപിക്കലും മാലിന്യങ്ങൾ നീക്കം ചെയ്യുകയും.

21. നിലവിലുള്ള മാലിന്യ നിക്ഷേപ സ്ഥലം പുതിയതെരു പട്ടണസമീപത്തുനിന്നും മാറ്റുക.

22. പുതിയതെരു പട്ടണത്തിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

ഒരു നാടിന്റെ സർവ്വതോൻമുഖമായ വളർച്ചക്ക് ഗതിവേഗം കൂട്ടുന്നതിൽ ഗതാഗത ശൃംഖലക്കുള്ള പങ്ക് സുപ്രധാനമാണ് എന്നത് അനിഷേധ്യമായ ഒരു വസ്തുതയാണ്. ഈ ഗ്രാമപഞ്ചായത്തിന്റെ ഗതാഗതരംഗത്തെ പഴയ കാല ചരിത്രവും അത് സൂചിപ്പിക്കുന്നു. ഏകദേശം 5 ദശാബ്ദങ്ങൾക്കു മുമ്പുവരെ നമ്മുടെ മുൻഗാമികൾ വെറും കാൽ നടയായി ദേശസഞ്ചാരം നടത്തിയവരായിരുന്നു. ഭാരിച്ച ചുമടുമായി ദീർഘദൂര യാത്രകൾ ചെയ്യേണ്ടി വന്ന അന്നത്തെ ആളുകൾ സഹിച്ച യാതനകളും സാഹസികതകളും ഇന്ന് നമുക്ക് വെറും ഓർമ്മകൾ മാത്രമാണ്. അന്നത്തെ അവരുടെ യാത്രക്കിടയിൽ അൽപ വിശ്രമത്തിനും ക്ഷീണം മാറ്റുന്നതിനും വേണ്ടിയുള്ള വിശ്രമസ്ഥലങ്ങളും ആൽത്തറകളും ചുമടുതാങ്ങികളും ഈ ഗ്രാമത്തിന്റെ പല ഭാഗങ്ങളിലും അന്നുണ്ടായിരുന്നു. അതിലേതാനും ചിലത് ഈ ഗ്രാമത്തിന്റെ ഏതാനും വഴിയോരങ്ങളിൽ അടുത്ത കാലം വരെ നിലനിന്നിരുന്നു. അവയെല്ലാം പിന്നീടുനടന്ന ഗതാഗത വികസന പ്രക്രിയയിൽ തേഞ്ഞുമാഞ്ഞുപോയിരിക്കുന്നു.

## റയിൽ ഗതാഗതം

റയിൽവേ ലൈൻ ചിറക്കൽ പഞ്ചായത്തിനെ രണ്ടു ഭാഗങ്ങളായി ഭാഗിക്കുന്നു. ഇത് വടക്ക് മായിച്ചാൻ കുന്നിന്റെ താഴ്‌വാരമായ പാലോട്ട് വയൽ പ്രദേശത്ത് നിന്ന് ആരംഭിച്ച് തെക്ക് കുന്നാവിൽ അവസാനിക്കുന്നു. രണ്ട് കി.മീ. നീളം വരുന്ന ഈ റയിൽ പാതക്കിടയിൽ മൂന്ന് ലവൽക്രോസിങ്ങുകളുണ്ട്. 1) കുന്നാവ് 2) ആർപ്പാന്തോട് 3) ചിറക്കൽ ഗെയിറ്റ് എന്നിവയാണവ. ഈ ലവൽ ക്രോസിങ്ങുകൾ പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുകൂടിയുള്ള വാഹന യാത്രക്ക്, പ്രത്യേകിച്ച് ബസ്സ് സർവ്വീസിന് വലിയ തടസ്സമുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് തന്നെ പുതിയ ബസ് സർവ്വീസുകൾ ആ ഭാഗത്തേക്ക് ഉണ്ടാകുന്നില്ല. മാത്രമല്ല, നിലവിലുണ്ടായിരുന്ന നാലു ലൈൻ ബസ്സുകൾ അവയുടെ സർവ്വീസ് നാഷനൽ ഹൈവേയിലൂടെ മാറ്റുകയും ചെയ്തു. അത് കാരണം ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഒറ്റപ്പെട്ട ഒരു ഭാഗമായി അലവിൽ പുതിയാപ്പറമ്പ് പ്രദേശം പിൻതള്ളപ്പെട്ട നിലയിലാണ്.

ഇതിനൊരു പരിഹാരം എന്ന നിലയിൽ ആ ഭാഗത്തുള്ള ഗ്രാമസഭകളിൽ നിന്നും നിർദ്ദേശം ഉയർന്നു വന്നത് ഓവർ ബ്രിഡ്ജ് നിർമ്മിക്കുക എന്നതാണ്. എട്ടാം വാർഡിലെ ദേശായി സ്മാരക വായനശാലയുടെ തെക്ക് ഭാഗത്ത് തുടങ്ങി 9-ാം വാർഡിലെ പുരാതനമായ കട്ടിങ്ങ് ഗുഹാസ്ഥാനത്തിന് മുകളിൽകൂടി പള്ളേരിമുക്ക് - കോളങ്കട റോഡുമായി ബന്ധപ്പെടുത്തുന്നതാവണം എന്നാണ് ഗ്രാമസഭാ നിർദ്ദേശം. മുൻകാലങ്ങളിൽ പ്രൗഢിയോടെ നിലനിന്നിരുന്ന ചിറക്കൽ റെയിൽവേ സ്റ്റേഷൻ ഇന്ന് തികച്ചും ശോച്യാവസ്ഥയിലാണുള്ളത്. നാമമാത്രമായ ലോക്കൽ ട്രെയിനുകൾ മാത്രമേ ഇവിടെ നിർത്താറുള്ളൂ. അതുകൊണ്ട് തന്നെ യാത്രക്കാരും കുറവാണ്. ദീർഘദൂര ട്രെയിനുകൾ കൂടി നിർത്താനുള്ള സൗകര്യം ഉണ്ടാവുകയാണെങ്കിൽ അത് ഈ പ്രദേശത്തിന് ഒരനുഗ്രഹമായിരിക്കും. ഗ്രാമപഞ്ചായത്തിന്റെ പൊതുവായുള്ള വികസനത്തിന് ഇത് തീർച്ചയായും ഉതകുന്നതുമാണ്.

## റോഡ് ഗതാഗതം

3334.26 ഏക്ര വിസ്തീർണ്ണമുള്ള ചിറക്കൽ ഗ്രാമപഞ്ചായത്തിൽ സിരാ പടലങ്ങളെന്നപോലെ 14 വാർഡുകളിലായി വിന്യസിച്ചിരിക്കുന്ന നിലവിലുള്ള റോഡുകളുടെ എണ്ണം 121 ആണ്. ഗതാഗത രംഗത്തുണ്ടായ അഭൂത പൂർവ്വമായ ഈ വളർച്ച ഈ ഗ്രാമത്തിന്റെ മുഖച്ഛായ മാറ്റുന്നതിന് സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ എണ്ണം കൊണ്ട് അഭിമാനത്തിനു വകയുണ്ടെങ്കിലും ആകെ റോഡിന്റെ 50% പോലും ഇന്നും താർ ചെയ്യപ്പെടാതെ കിടക്കുകയാണ്. ഈ അവസ്ഥക്ക് മാറ്റം വരേണ്ട

തുണ്ട്. ഇന്നുള്ള ആകെ റോഡിന്റെ നീളം 69.10 കി.മീ. ആണ്. ഇതിൽ 37.05 കി.മീ. മൺറോഡുകളും 32.05 കി.മീ. താർ റോഡുമാണ്. പി.ഡബ്ല്യൂ.ഡി. റോഡിന്റെ നീളം 7.2 കി.മീറ്ററും നാഷണൽ ഹൈവേ 2 കി.മീറ്ററുമാണുള്ളത്. പി.ഡബ്ല്യൂ.ഡി. റോഡും നാഷനൽ ഹൈവേയും ടാർ ചെയ്ത റോഡിന്റെ കണക്കിൽ ഉൾപ്പെട്ടിരിക്കുന്നു. താർ ചെയ്യേണ്ട റോഡുകൾ 38 ഉം വീതി കൂട്ടേണ്ട റോഡുകൾ 17 ഉം പുതിയതായി നിർമ്മിക്കേണ്ടവ 35 ഉം പുതിയതായി നിർമ്മിക്കേണ്ട നടപ്പാതകൾ 6 ഉം ഓവർ ബ്രിഡ്ജുകൾ 2ഉം കൾവർട്ടുകൾ അഞ്ചുമുണ്ട്.

ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ സിരാ കേന്ദ്രമാണ് പുതിയതെരു പട്ടണം. ജനങ്ങളുടെ വമ്പിച്ച കേന്ദ്രീകരണം കൊണ്ട് നാനാഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങളുടെ തിരക്ക് കൊണ്ടും വീർപ്പുമുട്ടുന്ന അവസ്ഥയാണ് ഇന്നീ പട്ടണത്തിലുള്ളത്. ഇത് മാറ്റിയെടുക്കുന്നതിനു വേണ്ടി അവശ്യം വേണ്ട അടിയന്തിര വികസന പരിപാടികൾ പ്രാവർത്തികമാക്കേണ്ടതുണ്ട്. കണ്ണൂരിനും തളിപ്പറമ്പിനും ഇടയിൽ ജനബാഹുല്യമുള്ള ഏക പട്ടണമായ പുതിയതെരുവിലെ തിരക്കും കുരുക്കും ഒഴിവാകണമെങ്കിൽ ഒരു ബൈപാസ് റോഡ് നിർമ്മിക്കേണ്ടത് അനിവാര്യമാണ്.

പുതിയതെരുവിന്റെ ഇന്നത്തെ സ്ഥിതി ഗതാഗത രംഗത്ത് വളരെയേറെ പ്രയാസമനുഭവപ്പെടുന്നതാണ്. ജില്ലയുടെ വടക്കൻ ഭാഗങ്ങളിൽ നിന്നും ദേശീയ പാതയിലൂടെ വരുന്ന വാഹന വ്യൂഹങ്ങളും കാട്ടാമ്പള്ളി ഭാഗത്തുനിന്നും വരുന്ന വാഹനങ്ങളും പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളിൽ നിന്നും വന്നെത്തുന്ന ചെറുതും വലുതുമായ വാഹനങ്ങളും ജനങ്ങളും എല്ലാം ചേർന്ന് പുതിയതെരുവിലുണ്ടാക്കുന്ന തിരക്കിനു പുറമേ റോഡരികിൽ പാർക്കുചെയ്യുവാൻ നിർബന്ധിക്കപ്പെടുന്ന ഓട്ടോ, ടാക്സി, ഗുഡ്സ് വെഹിക്കിൾ എന്നിവയും കൂടിയാകുമ്പോൾ ഗതാഗത സൗകര്യങ്ങളുടെ വികസനം അനിവാര്യവും അത്യന്താപേക്ഷിതവുമാവുകയാണ്.

ഈ രംഗത്ത് അടിയന്തിരമായും ചെയ്യേണ്ടത് വാഹനങ്ങൾ സൗകര്യപൂർവ്വം പാർക്കു ചെയ്യുന്നതിന് ഒരു ബസ്സ്റ്റാന്റും ടാക്സി ഓട്ടോറിക്ഷാ സ്റ്റാന്റും നിർമ്മിക്കുക എന്നതാണ്.

1959-60 കാലം വരെ ചിറക്കൽ പഞ്ചായത്തിന്റെ വടക്കും കിഴക്കും പുഴയോരങ്ങളിൽ ഏതാനും കടവുകേന്ദ്രങ്ങളുണ്ടായിരുന്നു. കാട്ടാമ്പള്ളി പദ്ധതിയുടെ ഭാഗമായ റോഡ് പാലം നിലവിൽ വന്നതോടെയാണ് പ്രസ്തുത ജലഗതാഗതം നമുക്ക് നഷ്ടമായത്. കാട്ടാമ്പള്ളിയിൽ നിന്ന് പറശ്ശിനി മുത്തപ്പൻ ക്ഷേത്രത്തിലേക്കുള്ള ബോട്ട് സർവ്വീസ് പുന:സ്ഥാപിക്കാൻ ഇന്നും ഏറെ സാദ്ധ്യതയുണ്ട്.

പഞ്ചായത്തിൽ ആകെ 121 റോഡുകളുണ്ട്. ഇതിൽ മണ്ണു റോഡുകൾ 88 ഉം ടാർ റോഡുകൾ 31 ഉം ആണ്.( നീളം യഥാക്രമം 37.05 കി.മീ., 32.05 കി.മീ.)

## *നിലവിലുള്ള ഗതാഗത അനുബന്ധ സൗകര്യങ്ങൾ*

| | |
|---|---|
| ബസ്സ് സ്റ്റാന്റ് | - ഇല്ല |
| ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ | - അലവിൽ,പുതിയാപ്പറമ്പ്, പണ്ണേരി മുക്ക്,മുപ്പൻ പാറ, മന്ന, പുതിയതെരു നാഷനൽ ഹൈവേ,സ്റ്റൈലോ കോർണർ, കാട്ടാമ്പള്ളിക്കുന്ന്, പുതിയതെരു പോസ്റ്റാഫീസ്, പള്ളിക്കുളം പുഴാതി, പുഴാതി എ.കെ.ജി. റോഡ്, പട്ടേൽ റോഡ്, ബാലൻ കിണർ, കാട്ടാമ്പള്ളി പദ്ധതി, പുതിയതെരു കുന്ന്, ലാൻ പാറ, വൈദ്യർമുക്ക്, നാല് മുക്ക്. |
| ടാക്സി പാർക്കിങ്ങ് | - പുതിയതെരു വില്ലേജ് ഓഫീസിന് സമീപം. |
| ഓട്ടോറിക്ഷാ പാർക്കിങ്ങ് | - പ്രകാശ് ടാക്കീസ്, ഹൈവേ ജംഗ്ഷൻ, പുതിയതെരു, സ്റ്റൈലോ കോർണർ, അലവിൽ, പണ്ണേരി മുക്ക്. |
| ഗുഡ്സ് വൈഹിക്കിൾ പാർക്കിങ്ങ് | - പുതിയതെരു ജംഗ്ഷൻ |
| ഓട്ടോ ഗുഡ്സ് പാർക്കിങ്ങ് | - പുതിയതെരു പഞ്ചായത്ത് ലൈബ്രറിക്ക് സമീപം. |

| | | |
|---|---|---|
| ഗതാഗതം, ഗ്രാമസഭാ സൂചനകൾ | - ടാർ ചെയ്യേണ്ട റോഡുകൾ | 38 |
| | - വീതി കൂട്ടേണ്ട റോഡുകൾ | 17 |
| | - പുതുതായി നിർമ്മിക്കേണ്ടത് | 35 |
| | - നടപ്പാത ഉണ്ടാക്കേണ്ടത് | 6 |
| | - ഓവർ ബ്രിഡ്ജുകൾ | 2 |

## *ഊർജ്ജം*

ഒരു രാജ്യത്തിന്റെ സകലമാന പുരോഗതിക്കും വേഗത കൂട്ടാൻ അവശ്യം വേണ്ട ഒരു ഘടകമാണ് ഊർജ്ജം. എന്നാൽ ഉപയോഗത്തിന്റെ കാര്യത്തിൽ ഊർജ്ജ രംഗത്ത് ഇന്ന് അനുഭവപ്പെടുന്ന അസ്വസ്ഥജനകമായ അപര്യാപ്തത നമ്മുടെ നാടിന്റെ നാനാമുഖമായ വികസന രംഗങ്ങളെ സാരമായി ബാധിച്ചിരിക്കുന്നു. ഇത് പരിഹരിക്കാൻ വൈവിധ്യമാർന്ന ഊർജ്ജോൽപാദന മേഖലകൾ കണ്ടെത്തുന്നതിനും ഉൽപാദനക്ഷമത കൈവരിക്കുന്നതിനും ഇനിയെങ്കിലും അങ്ങോട്ടുള്ള ഊർജ്ജവുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ രംഗത്ത് വലിയ പദ്ധതികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ആലോചനാ വിഷയമാകുന്നില്ലെങ്കിലും ഒരു സൗരോർജ്ജ വൈദ്യുതി ഉൽപാദന യൂനിറ്റിന് സാധ്യതകൾ ആരായുന്നത്

അഭികാമ്യമായിരിക്കും.

ഏതു മേഖലയിലായാലും ഊർജ്ജ വിനിയോഗത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് വൈദ്യുതോർജ്ജമാണ് എന്ന കാര്യം കണക്കിലെടുക്കുമ്പോൾ നിലവിലുള്ള വൈദ്യുതി വിതരണ രംഗവും അതുപോലെ ഉപഭോഗരംഗവും ഒരു സൂക്ഷ്മ പരിശോധനക്കും സ്വയം വിലയിരുത്തലിനും ഉപഭോക്താക്കൾ തയ്യാറാവേണ്ടതുണ്ട്.

വൈദ്യുതിയുടെ ദൗർലഭ്യതയും വിതരണ രംഗത്തെ പോരായ്മയും ഒട്ടേറെയുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നതോടൊപ്പം തന്നെ വൈദ്യുതിയുടെ വിനിയോഗകാര്യത്തിൽ സംഭവിക്കുന്ന ദുർവിനിയോഗത്തിൽ നാം ഒട്ടേറെ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്

ഉപഭോക്താക്കളുടെ അശ്രദ്ധ കൊണ്ടും ഇലക്ട്രിസിറ്റി ബോർഡിന്റെ അനാസ്ഥ കൊണ്ടും ഒരു പാട് വൈദ്യുതി പാഴായിപ്പോകുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്.

പട്ടിക 1
ഊർജ്ജം ഉപയോഗം

| | | | |
|---|---|---|---|
| <u>ആകെ ഭവനങ്ങൾ</u> | 7379 | <u>പാചക ഇന്ധന ഉപയോഗം</u> | |
| വൈദ്യുതീകരിച്ചത് | 6634 | വൈദ്യുതി | ഇല്ല |
| വൈദ്യുതീകരിക്കാത്തത് | 745 | വിറക് | 65% |
| വ്യാപാരം | 3601 | ഗ്യാസ് | 16% |
| വ്യാവസായികം | 150 | മണ്ണെണ്ണ | 19% |
| കാർഷികം | 18 | | |
| <u>ഹരിജൻ കോളനികൾ</u> | | നിലവിലുള്ള ട്രാൻസ്ഫോർമറുകൾ | 40 |
| ആകെ ഭവനങ്ങൾ | 135 | സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം | 662 |
| വൈദ്യുതീകരിച്ചത് | 40 | ബൾബ് | 551 |
| വൈദ്യുതീകരിക്കാത്തത് | 95 | ട്യൂബ് | 551 |
| <u>ലക്ഷം വീട് കോളനികൾ</u> | | മെർക്കുറി വേപ്പർ | ഇല്ല |
| ആകെ ഭവനങ്ങൾ | 208 | സോഡിയം വേപ്പർ | 48 |
| വൈദ്യുതീകരിച്ചത് | 100 | | |
| വൈദ്യുതീകരിക്കാത്തത് | 102 | | |

<u>ഗ്രാമസഭാ സൂചനകൾ</u> -
1) അഴീക്കോട് സബ്സ്റ്റേഷൻ പ്രവർത്തനം ത്വരിതപ്പെടുത്തണം.
2) 10 ഓളം പുതിയ ട്രാൻസ്ഫോർമറുകൾ നിർദ്ദിഷ്ട സ്ഥാനങ്ങളിൽ സ്ഥാപിക്കൽ.
3) ലൈറ്റില്ലാത്ത സ്ഥലങ്ങളിൽ പുതിയ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 7379 ഭവനങ്ങളുള്ളതിൽ 6634 ഭവനങ്ങൾ വൈദ്യുതീകരിക്കപ്പെട്ടതാണ്. വൈദ്യുതീകരിക്കാത്ത ഭവനങ്ങളുടെ എണ്ണം 745 ആണ്. വ്യാപാര രംഗത്തെ ഉപഭോക്താക്കൾ 3601 ഉം വ്യവസായ രംഗത്തേത് 150 ഉം കാർഷിക രംഗത്ത് 18 ഉം ആണ്.

4 പട്ടികജാതി കോളനികളിലായി ആകെ 135 പാർപ്പിടങ്ങളുള്ളതിൽ 40 എണ്ണം വൈദ്യുതീകരിക്കപ്പെട്ടതാണ്. വൈദ്യുതീകരിക്കാത്ത ഭവനങ്ങളുടെ എണ്ണം 745 ആണ്. വ്യാപാര രംഗത്തെ ഉപഭോക്താക്കൾ 3601 ഉം വ്യവസായ രംഗത്തേത് 150 ഉം കാർഷിക രംഗത്ത് 18 ഉം ആണ്.


4പട്ടികജാതി കോളനികളിലായി ആകെ 135 പാർപ്പിടങ്ങളുള്ളതിൽ 40 എണ്ണം ഇനിയും വൈദ്യുതീകരിക്കപ്പെട്ടവയാണ്. 95 എണ്ണം ഇനിയും വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്.

അതുപോലെ ലക്ഷം വീട് കോളനികളിലെ 202 പാർപ്പിടങ്ങളുള്ളതിൽ 100 എണ്ണം വൈദ്യുതീകരിക്കപ്പെട്ടതാണ്. 102 എണ്ണം വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്. പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം 662 ആണ്.

പാചകരംഗത്തെ വൈദ്യുതി ഉപയോഗം നാമമാത്രമായേ ഉള്ളൂ. 65% ഭവനങ്ങൾ പാചക ഇന്ധനമായി ആശ്രയിക്കുന്നത് വിറകു തന്നെയാണ്. ഈ രംഗത്ത് മണ്ണെണ്ണ ഉപയോഗിക്കുന്ന ഭവനങ്ങൾ 19% വും ഗ്യാസ് ഉപയോഗിക്കുന്നവ 16% വുമാണ്.

ഈ രംഗത്ത് വിവിധ വാർഡുകളിൽ നിന്നായി ഒട്ടേറെ ആവശ്യങ്ങൾ ഗ്രാമസഭാ നിർദ്ദേശങ്ങളായി വന്നിട്ടുണ്ട്. അതിലെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം അഴീക്കോട് സബ്സ്റ്റേഷന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക എന്നതാണ്. രണ്ടാമത്തേത് പത്തോളം പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക എന്നതാണ്. മൂന്നാമത്തേത് പുതിയ സ്ട്രീറ്റ് ലൈറ്റ് ലൈനുകൾ വേണമെന്നതാണ്.

സ്കെച്ച് . I ആക്സലറേറ്റഡ് വാട്ടർ സപ്ലൈ സ്കീം - ചിറക്കൽ





# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ നമ്മുടെ പഞ്ചായത്തിലെ വീടുകളിൽ പകുതിയോളം മനോഹരമായ വാസ്തുശില്പ മാതൃകയിലുള്ളതായിരുന്നു. കുടിലുകൾ, കട്ടപ്പുരകൾ, ഓലമേഞ്ഞ വീടുകൾ എന്നിവയായിരുന്നു താമസിക്കുന്നവയിൽ ബഹുഭൂരി ഭാഗവും. അടിസ്ഥാന സൗകര്യങ്ങൾ തിരെ പര്യാപ്തമല്ലാത്തതായിരുന്നു. വിശാലമായ പറമ്പിൽ മിക്കവാറും ഒരു വീട് എന്ന തോതിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അന്ന് അമിതമായ ജനപ്പെരുപ്പം ഉണ്ടായിരുന്നില്ല. അതിനാൽ വീടുകളുടെ എണ്ണവും കുറവായിരുന്നു.

എന്നാൽ ഇന്ന് ആ അവസ്ഥ പാടെ മാറി. ഓലമേഞ്ഞ കുടലുകളിൽ ഭൂരിഭാഗവും ഓടുമേഞ്ഞവയും കോൺക്രീറ്റ് ടെറസ് വീടുകളുമായി രൂപാന്തരം പ്രാപിച്ചു. ജനപ്പെരുപ്പത്തിനനുസരിച്ച് കുടുംബങ്ങളുടെ എണ്ണം വർധിക്കുന്നതോടൊപ്പം ഭവനങ്ങളും വർധിച്ചു. ഗൾഫ് പണത്തിൻെറ സ്വാധീനം ഭവനനിർമ്മാണ രംഗത്ത് വളരെയധികം മാറ്റങ്ങൾ വരുത്തി ഈ മാറ്റത്തിനനുസരിച്ച് ഇടത്തരക്കാരും കടം വാങ്ങിച്ച് ആഢംബരത്തോടുകൂടിയ വീടു നിർമ്മിക്കുവാൻ തുടങ്ങി. ഇതുകാരണം ഇടത്തരക്കാരുടെ വരുമാനത്തിൻെറ നല്ലൊരു ഭാഗം പാർപ്പിട നിർമ്മാണത്തിനായി മാറ്റിവെക്കേണ്ടതായി വന്നു.

**ചിറക്കൽ പഞ്ചായത്തിലെ ആകെ ഭവനങ്ങളുടെ വിവരം:**

| കോൺക്രീറ്റ് | ഓടിട്ടത് | ഓലമേഞ്ഞത് | കുടിൽ |
|---|---|---|---|
| 1816 | 5331 | 7 | 225 |

| വൈദ്യുതീകരിച്ചത് | വൈദ്യുതീകരിക്കാത്തത് |
|---|---|
| 6634 | 745 |

**ആകെ വീടുകൾ: 7379**

എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടുവേണമെന്ന ചിന്താഗതി കെട്ടിട നിർമ്മാണ രംഗത്ത് ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാക്കി. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും യഥാസമയം ഇവ ലഭിക്കനുള്ള വിഷമവും, തൊഴിലാളികളെ യഥേഷ്ടം ലഭ്യമാക്കാനുള്ള പ്രയാസം, നിർമ്മാണ തൊഴിലാളികളുടെ അമിതമായ കൂലി വർധന തുടങ്ങിയവ ഇതിൽ പ്രധാനപ്പെട്ടവയാണ്.

ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പ്രതിവിധി എന്ന നിലയിൽ പഞ്ചായത്തുതലത്തിലുള്ള ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ഭവന നിർമ്മാണ വായ്പാ സഹകരണ സംഘവും ഭവനനിർമ്മാണ തൊഴിലാളി സഹകരണസംഘവും രൂപീകരിച്ച് ഭവനനിർമ്മാണ പ്രവർത്തനം ഊർജിതപ്പെടുത്തണം. ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്നവർക്ക് ഇന്ന് നടപ്പിലുള്ള ഭവനനിർമാണവുമായി ബന്ധപ്പെട്ട JRY, IAY, MWS, രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി‍ൽ കൈരളി ഭവന നിർമ്മാണ് പദ്ധതി തുടങ്ങിയവയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. എങ്കിലും അത് നാമമാത്രമായവർക്ക് മാത്രമേയുള്ളൂ. അതിൻെറ പ്രയോജനം കഴിയുന്നതും അർഹതപ്പെട്ട എല്ലാവർക്കും ലഭ്യമാക്കാൻ ശ്രമിക്കണം.

ചിറക്കര പഞ്ചായത്തിലെ മൊത്തം വീടുകളിൽ 72% ടെറസ് വീടുകളും 72% ഓടിട്ടവയും 3% കുടിലുകളും ഓലമേഞ്ഞവയുമാണ്. നമ്മുടെ പഞ്ചായത്തിലെ മിക്ക വീടുകളും ഇന്ന് അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവയാണ്. മൊത്തം വീടുകളിൽ 90 ശതമാനത്തോളം വീടുകൾ വൈദ്യുതീകരിച്ചവയും. 85% കക്കൂസുള്ളവയുമാണ്. പഞ്ചായത്തിൽ 4 അംഗീകരിച്ച പട്ടികജാതി കോളനികളും 7 ലക്ഷം വീട് കോളനികളും ഉണ്ട്. ഈ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നുണ്ട്. പട്ടികജാതി കോളനികളിൽ വാസയോഗ്യമല്ലാത്ത വീടുകളും ഉണ്ട്. ലക്ഷംവീട് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചുകൊടുക്കുന്ന ഇരട്ട വീടുകൾ ആരോഗ്യപരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. അവർക്ക് സ്വന്തമായി അഭിപ്രായ സ്വാതന്ത്ര്യമില്ല. ശുചിത്വ ചുറ്റുപാടുകളുടെ അപര്യാപ്തതയും ഉണ്ട്. അതിനാൽ അവ മാറ്റി ഒറ്റ വീടാക്കി മാറ്റാനുള്ള പ്രവർത്തനം പഞ്ചായത്ത് തലത്തിൽ നടത്തണം. ലക്ഷംവീട് കോളനികളടക്കമുള്ള എല്ലാ പ്രദേശങ്ങളിലുമുള്ള ദുർബല ജനവിഭാഗങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങളോടു കൂടിയ വീടുകൾ നിർമ്മിച്ചുകൊടുക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ശ്രദ്ധ പതിയേണ്ടതാണ്. കൈരളി ഭവനനിർമ്മാണ പദ്ധതി, രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി തുടങ്ങിയവ വളരെ തുച്ഛമായ ധനസഹായമേ അനുവദിക്കുന്നുള്ളൂ. ആ തുക കൊണ്ട് ഇന്നത്തെ അവസ്ഥയിൽ ദുർബല വിഭാഗങ്ങൾക്ക് പണി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല.

വായ്പ തുക അനുവദിക്കുന്ന ബാങ്കുകളുടെ അമിതമായ പലിശ നിരക്കും മറ്റു സാങ്കേതിക ബുദ്ധിമുട്ടുകളും കാരണം സാധാരണക്കാരന് ഭവനനിർമ്മാണ വായ്പ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.

### പ്രശ്നങ്ങൾ:

1. സാധാരണക്കാരനുള്ള ഭവനനിർമ്മാണ വായ്പയുടെ പലിശ നിരക്ക് കൂടുതലാണ്.
2. ഭവനനിർമ്മാണ സാധന - സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലി വർധനവും
3. സങ്കീർണ്ണവും കാലതാമസം ഉണ്ടാക്കുന്നതുമായ വായ്പാ വ്യവസ്ഥകൾ
4. സാധാരണക്കാരന് ഭവനനിർമ്മാണ പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ കാരണം കോടിക്കണക്കിന് രൂപ ലാപ്സായിപ്പോകുന്നു.

### നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണ വായ്പാ സഹകരണ സംഘവും ഭവനനിർമ്മാണ തൊഴിലാളി സഹകരണ സംഘവും രൂപീകരിക്കണം. ഭവനനിർമ്മാണ സഹകരണ സംഘത്തെ നിർമ്മാണ പ്രവർത്തനം ഏല്പിക്കുക
2. ഭവനനിർമ്മാണ വായ്പാ പലിശനിരക്ക് കുറയ്ക്കുക
3. വീടിന്റെ എസ്റ്റിമേറ്റിനനുസരിച്ച് വായ്പാ തുക അനുവദിക്കുക
4. ഭവനനിർമ്മാണത്തിന് സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീടു നിർമ്മിച്ചുകൊടുക്കാനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കണം.
5. സ്വന്തമായി വീടില്ലാത്ത എല്ലാ വിഭാഗം ജനങ്ങൾക്കും വീടു നിർമ്മിക്കാനുള്ള ധനസഹായം നൽകണം
6. പഞ്ചായത്തുകൾ നിർമിച്ചുകൊടുക്കുന്ന ഹൗസിങ്ങ് സൊസൈറ്റികളിലെ വീടുകൾ ഇടത്തരവും കാലാവസ്ഥയ്ക്ക് യോജിച്ചവയും ആയിരിക്കണം.

## സാമൂഹ്യക്ഷേമം

സമൂഹത്തിലെ ദുരാചാരങ്ങളും നാടുവാഴിത്ത വ്യവസ്ഥകളും നല്ല ഒരു ഭാഗം ജനങ്ങളുടെ തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനും കാരണമായി. ഇതിന്റെ ദുരിതം കൂടുതലും അനുഭവിക്കേണ്ടിവന്നത് ആശ്രിതരായി കഴിയുന്ന വിധവകൾ, വികലാംഗർ, അഗതികൾ, വയോവൃദ്ധർ തുടങ്ങിയവരെ എത്രമാത്രം ദുരിതത്തിലാഴ്ത്തി എന്നു പറയേണ്ടതില്ലല്ലോ. രാജ്യത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടി പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചതോടുകൂടി ഗ്രാമവികസന വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, ഗവർമെണ്ട് എന്നിവ സംയുക്തമായി ആശ്വാസ പദ്ധതികൾക്ക് രൂപംകൊടുത്തു. N.E.S Block ഗ്രാമസേവകൻ വഴി സഹായധനമെത്തിക്കുവാനായ പദ്ധതികൾ ആവിഷ്കരിച്ചു

1991-ലെ സർവ്വേ പ്രകാരം പഞ്ചായത്തിലെ 1901 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്നവരാണ്. ഇതിൽ തന്നെ 453 കുടുംബങ്ങൾ മാത്രമേ IRDP ധനസഹായം അനുവദിച്ചതായി കാണുന്നുള്ളൂ. 1901 അപേക്ഷകരിൽ 290 പട്ടികജാതി കുടുംബങ്ങൾ ഉള്ളതിൽ 273 കുടുംബങ്ങൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. അതേസമയം മറ്റു വിഭാഗങ്ങളിൽ 1611 കുടുംബങ്ങൾ ഉണ്ടായിട്ടും അവരിൽ 185 കുടുംബങ്ങൾക്ക് മാത്രമേ സഹായധനം ലഭിച്ചിട്ടുള്ളൂ. ഈ അനുപാതം പട്ടികജാതിക്കാരോടുള്ള സമീപനം വ്യക്തമാക്കുന്നു.

### IRDP സർവ്വേ റിപ്പോർട്ട്

| അർഹതപ്പെട്ട ആകെ കുടുംബങ്ങൾ | ആകെ ലഭിച്ചവർ | ഇതിൽ അർഹതപ്പെട്ട പട്ടികജാതി കുടുംബങ്ങൾ | ലഭിച്ച പട്ടികജാതിക്കാർ | മറ്റു വിഭാഗ അപേക്ഷകർ | ലഭിച്ചവർ |
|---|---|---|---|---|---|
| 1901 | 453 | 290 | 273 | 1611 | 185 |

**DWCRA** പദ്ധതി:- IRDP യുടെ ഒരു ഘടകപദ്ധതിയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും പുരോഗതി ലക്ഷ്യമാക്കിയാണ് ഇത് പ്രവർത്തിക്കുന്നത്. ഇതിന്റെ നാല് യൂനിറ്റുകൾ മാത്രമേ നമ്മുടെ പഞ്ചായത്തിലുള്ളൂ. പുതിയതെരു ഹൈവേ ജങ്ഷനിലുള്ള ക്വീൻസ് റസ്റ്റോറൻറ്, കാട്ടാമ്പള്ളിയിലുള്ള ത്രിവേണി ഗാർമെൻറ്സ്, അരയമ്പേത്തുള്ള കീർത്തി ഗാർമെൻറ്സ്, അലവിൽ ഒറത്തെങ്ങ് പ്രദേശത്തുള്ള റൂബി ഗാർമെൻറ്സ് എന്നിവയാണ്.

റൂറൽ ആർട്ടിസാൻസ് പദ്ധതി (RAP) അനുസരിച്ച് കൈത്തൊഴിലുകാർക്ക് തൊഴിലുപകരണങ്ങൾ പദ്ധതി പ്രകാരം അർഹതയുള്ള 82 പേരിൽ 66 പേർക്ക് മാത്രമേ ഉപകരണങ്ങൾ ലഭിച്ചിട്ടുള്ളൂ.

ട്രൈസം പദ്ധതി പ്രകാരം യുവതീ-യുവാക്കളായ 53 പേർക്ക് സ്വയം തൊഴിൽ പരിശീലനം ലഭിക്കുകയും അവരെ സ്വയംതൊഴിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

CRSP പദ്ധതിപ്രകാരം കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായധനം 18 കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്.


നാൽപത്തിഒന്ന് അംഗൻവാടികൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. കുന്നുംകൈ അംബേദ്കർ ഗ്രാമം ബാലവാടിക്ക് സ്വന്തമായി നല്ല കെട്ടിടമുണ്ട്. കാഞ്ഞിരത്തറ അംഗൻവാടിയുടെ കെട്ടിടം പണി നടന്നുകൊണ്ടിരിക്കുന്നു. മറ്റുള്ളവയ്ക്ക് ഒന്നും സ്വന്തമായി കെട്ടിടമോ മറ്റ് പ്രാഥമിക സൗകര്യങ്ങളോ വേണ്ടത്ര ഇല്ല. അംഗൻവാടികളുടെ പ്രവർത്തന സമയം രാവിലെ 9 മണിമുതൽ വൈകുന്നേരം മൂന്നര മണിവരെയാണ്. ഇവിടെ ശിശുക്കളുടെ സമഗ്രവികസനത്തിന് പ്രാധാന്യം നൽകുന്നുണ്ട്. പോഷകാഹാര വിതരണം, പ്രതിരോധ കുത്തിവെയ്പ്പ്, പ്രതിമാസ ആരോഗ്യ പരിശോധന, ആരോഗ്യത്തിൽ പിന്നോക്കം നിൽക്കുന്നവരെ മറ്റു സൂപ്പർ ആശുപത്രികളിലേക്ക് റഫർ ചെയ്യുകയും കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഗർഭിണികളുടെ സുരക്ഷിതത്വവും ആരോഗ്യപരിപാലനവും ആരോഗ്യസ്ഥിതിയും അംഗൻവാടികളിൽ കൂടി നടപ്പാക്കുന്നുണ്ട്. അംഗൻവാടികളോടനുബന്ധിച്ച് മഹിളാ സമാജങ്ങളും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിൽ 5 മഹിളാ സമാജങ്ങൾ ഉണ്ട്.

## പെൻഷനുകൾ, ധനസഹായങ്ങൾ:

1991-92 മുതൽ 1995-96 വരെ വിതരണം നടത്തിയ പെൻഷനുകളുടെ പട്ടിക:-

| | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| വിധവാ പെൻഷൻ: | 7 | 9 | 4 | 6 | Nil |
| വികലാംഗ പെൻഷൻ: | 5 | 8 | 3 | Nil | 2 |
| വാർദ്ധക്യകാല പെൻഷൻ | 12 | 19 | 7 | 6 | 7 |
| അവശകലാകാരൻമാർ കായികതാരങ്ങൾ | 3 | Nil | Nil | Nil | Nil |
| ക്ഷയരോഗി പെൻഷൻ | 5 | Nil | Nil | 1 | Nil |
| കാൻസർരോഗി പെൻഷൻ: | 1 | 1 | 1 | Nil | 3 |
| കർഷകത്തൊഴിലാളി പെൻഷൻ: | 200 | 216 | 418 | 424 | 213 |
| തൊഴിലില്ലായ്മ വേതനം: | 306 | 298 | 302 | 291 | 267 |
| അഗതി പെൻഷൻ | 7 | 9 | 4 | 6 | Nil |

### 1995-96ലെ പെൻഷൻകാരുടെ എണ്ണം പട്ടികരൂപത്തിൽ




**പ്രശ്നങ്ങൾ:-**

1. IRDP ധനസഹായം ഗുണഭോക്താക്കൾ ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുന്നില്ല.
2. വിവിധ പദ്ധതിപ്രകാരമുള്ള സഹായധനം കൈപ്പറ്റിയവർ പദ്ധതി ആവശ്യങ്ങൾക്കുള്ള തുക മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായി കാണുന്നു.
3. CRSP പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണത്തിനനുവദിക്കുന്ന നാമമാത്രമായ തുകയായ 2000 രൂപക്ക് കക്കൂസ് നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുന്നില്ല.
4. തൊഴിൽ പരിശീലനം നേടിയവർ അത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
5. ഉന്നത വിദ്യാഭ്യാസമുള്ളവർ തൊഴിലധിഷ്ഠിത പരിശീലനത്തിനായി മുന്നോട്ടു വരുന്നില്ല.
6. റൂറൽ ആർട്ടിസാൻസ് പദ്ധതി അധികം പേരും ഉപയോഗപ്പെടുത്തുന്നില്ല.
7. അംഗൻവാടികൾക്ക് കെട്ടിടം, കളിക്കോപ്പ്, കുടിവെള്ളം, പഠനസൗകര്യത്തിനുള്ള ബെഞ്ച്, ചിത്രങ്ങൾ എന്നിവയില്ല
8. പെൻഷൻ വിതരണത്തിൽ വളരെയധികം കാലതാമസം അനുഭവപ്പെടുന്നു.
9. ഭാഗികമായി മദ്യനിരോധനം നിലവിലുണ്ടെങ്കിലും മദ്യപാനത്തിനു കുറവില്ല. ചീട്ടുകളി ഇപ്പോഴും നിലനിൽക്കുന്നു
10. പെൻഷൻ കൈപ്പറ്റുന്നവരിൽ അനർഹരെ ഒഴിവാക്കണം.
11. അശ്ലീല സിനിമകളും വഴിതെറ്റിക്കുന്ന പ്രസിദ്ധീകരണങ്ങളും സമൂഹ വിപത്തായി നിലനിൽക്കുന്നു.

## സാധ്യതകൾ:

1. ദാരിദ്ര്യ നിർമ്മാർജന പദ്ധതികളെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുകയും വേ ണം.
2. മദ്യപാനം, ചീട്ടുകളി, അശ്ലീല സിനിമാ പ്രദർശനം, നഗ്നത പ്രദർശിപ്പിക്കുന്ന പോസ്റ്ററുകളും പ്രസിദ്ധീകരണങ്ങളും നിരുത്സാഹപ്പെടുത്താനുള്ള പ്രവർത്തനം സംഘടിപ്പിക്കണം.
3. CRSP സ്കീം പ്രകാരം കക്കൂസ് നിർമ്മിക്കുവാനുള്ള തുക 2000 രൂപയിൽ നിന്ന് 4000 രൂപയാക്കി ഉയർത്തണം.
4. മഹിളാ സമാജത്തിൻെറ പ്രവർത്തനം ഊർജിതമാക്കുക
5. പുതിയ വിപണികൾ കണ്ടെത്തിക്കൊണ്ട് DWCRA യുടെ സഹായത്തോടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം.
6. പെൻഷൻ കൈപ്പറ്റുന്നവർ അർഹരാണെന്ന് ഉറപ്പുവരുത്തണം.
7. അംഗൻവാടികൾക്ക് അടുക്കും ചിട്ടയും കൈവരുത്തി സൗകര്യങ്ങൾ വർധിപ്പിക്കണം.
8. കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള പഞ്ചായത്തുതല ഇംപ്ലിമെൻേറഷൻ കമ്മിറ്റി പുനഃസ്ഥാപിക്കാവുന്നതാണ്.





# സംസ്കാരം

വാസ്തു ശില്പവും രാജകീയ പ്രൗഢിയും കോലത്തിരി രാജക്കന്മാരുടെ കൊട്ടാരസംസ്കാരവും ചെറുശ്ശേരിയെപ്പോലുള്ള മഹാരഥന്മാരുടെ സാന്നിദ്ധ്യവും കൊണ്ട് കലാസമ്പുഷ്ടമായിരുന്നു ചിറക്കൽ. ആ കലാ സാംസ്കാരിക പൈതൃകത്തിൽ ജനിച്ചു വളർന്നവരാണ് ചിറക്കൽ ടി.ബാലകൃഷ്ണൻ നായർ, ഡോ: സുകുമാർ അഴിക്കോട്, ടി.പത്മനാഭൻ, പ്രസിദ്ധ നിയമജ്ഞനായ ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ തുടങ്ങിയ സാംസ്കാരിക സാഹിത്യ നായകന്മാർ. ദേശീയ രാഷ്ട്രീയത്തിലേക്ക് നിരവധി നേതാക്കളെയും ചിറക്കലിന്റെ സാംസ്കാരിക പൈതൃകം സംഭാവന ചെയ്തിട്ടുണ്ട്

രാജഭരണത്തിന്റെ ഉച്ചനീചത്വങ്ങളും തൊട്ടുകൂടായ്മയും കൊട്ടാര സംസ്കാരവും സുദൃഢമായ പ്രദേശമായിരുന്നു ചിറക്കൽ. ഈ സാമൂഹ്യദുരാചാരങ്ങൾക്കെതിരെ ഉൽപതിഷ്ണുക്കളായ സാംസ്കാരിക നായകന്മാർ ചെറുതും വലുതുമായ നിരവധി പോരാട്ടങ്ങളിലൂടെ നേടിയെടുത്തതാണ് ചിറക്കലിന്റെ ഇന്നത്തെ സാംസ്കാരിക സ്വാതന്ത്ര്യം

ഹിന്ദുമത ഭൂരിപക്ഷ പ്രദേശമായ ചിറക്കലിൽ മുസ്ലിം ന്യൂനപക്ഷങ്ങളും ഇടകലർന്ന് താമസിക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യയുടെ 6 ശതമാനം പട്ടികജാതിക്കാരാണ്. വടക്കൻ ഗുരുവായൂർ എന്ന പേരിൽ അറിയപ്പെടുന്ന ശ്രീ കടലായി ശ്രീകൃഷ്ണക്ഷേത്രം വടക്കൻ കേരളത്തിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലൊന്നാണ്. കടലായി ശ്രീകൃഷ്ണക്ഷേത്രം, ചെറുകുന്ന് ശ്രീ അന്നപൂർണേശ്വരി ക്ഷേത്രം, അരോളി വടേശ്വരക്ഷേത്രം എന്നിവയുടെ ഉടമസ്ഥാവകാശം ചിറക്കൽ കോവിലകത്തിനാണ്. ക്ഷേത്രങ്ങളും മറ്റു ആരാധനാലയങ്ങളും ഈ നാടിന്റെ കലയുടെയും സംസ്കാരത്തിന്റെയും ഉറവിടങ്ങളായിരുന്നു. പുള്ളുവൻപാട്ട്, കുളംപാട്ട്, തോറ്റംപാട്ട്, ഗന്ധർവ്വൻപാട്ട്, തുമ്പിതുള്ളൽ, ചാക്യാർകൂത്ത്, കോൽക്കളി, പൂരക്കളി, തിരുവാതിരക്കളി, കൈകൊട്ടിക്കളി, ഓട്ടൻതുള്ളൽ തുടങ്ങിയവയും അപ്രത്യക്ഷമായിക്കൊണ്ടയിരിക്കുന്നു. ഇലക്ട്രോണിക്ക് മാധ്യമങ്ങൾ നാടൻ കലാരൂപങ്ങളെ കൈയടക്കി പകരം പുത്തൻ വേഷത്തിലും ഭാവത്തിലും സാംസ്കാരിക വളർച്ചയെ പിൻതള്ളുന്ന തരത്തിലുള്ളതായിത്തീർന്നു.

ദേശീയ പ്രസ്ഥാനത്തിൽ ആകൃഷ്ടരായി സമരരംഗത്തേക്ക് വന്ന പ്രവർത്തകരുടെ ആശയവിനിമയ കേന്ദ്രങ്ങളാണ് വായനശാലകളായും സാംസ്കാരിക കേന്ദ്രങ്ങളായും രൂപാന്തരപ്പെട്ടത്. ചിറക്കലിന്റെ നിലവിലുള്ള ഗ്രന്ഥാലയങ്ങളിൽ പഴക്കം ചെന്നത് അലവിലുള്ള ശ്രീനാരയണവിലാസം വായനശാല ആന്റ് ഗ്രന്ഥാലയമാണ്. നിലവിലുള്ള 13 വായനശാലകളിൽ 11 എണ്ണം ഗ്രന്ഥാലയങ്ങളാണ് (പട്ടിക കാണുക). ഏതാനും ഗ്രന്ഥശാലകൾ പ്രവർത്തനശേഷിയില്ലാതെ നിർജ്ജീവമായി കഴിയുന്നു.

പഞ്ചായത്തിൽ 40ൽ അധികം കലാ കായിക സ്ഥാപനങ്ങൾ നിലവിലുണ്ട്. ഈ സ്ഥാപനങ്ങൾ ശാസ്ത്രീയസംഗീതം, നൃത്തപരിശീലനം, നാടകാഭിനയം, കഥാപ്രസംഗം, ഉപകരണസംഗീതം, ചിത്രരചനാഭ്യാസം, കളരപ്പയറ്റ്, ചെണ്ടവാദ്യം, യോഗാസനം, തുടങ്ങിയവ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വിദേശീയർ പോലും കളരിപ്പയറ്റ് പഠിക്കുന്ന കേരള കളരി പയറ്റു കേന്ദ്രം ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. ശാസ്ത്രീയ സംഗീതത്തിൽ പേരുകേട്ട സ്വാതിതിരുനാൾ സംഗീത വിദ്യാലയവും അന്തർദേശീയ പരിപാടികളിൽ പോലും വാദ്യമേളങ്ങൾ കൊണ്ട് ജനങ്ങളെ ആകർഷിച്ച ഗംഗാധരൻ ഗുരുക്കളുടെ കീഴിലുള്ള വാദ്യമേളസംഘവും ഈ പഞ്ചായത്തിലാണ്. വസന്ത കലാനിലയം, ശ്രീശൈലം നാട്യകലാലയം, അലവിൽ കലാനിലയം, ശില്പ ആർട്സ് സെന്റർ കാഞ്ഞിരത്തറ, മിമിക്രി രംഗത്ത് പേരുകേട്ട മജാക് മാജിക്ക് ഷോ എന്നിവ പഞ്ചായത്തിലെ കലാസമിതികളിൽ ചിലതാണ്.

പഞ്ചായത്തിൽ ഇന്ന് 25 ശതമാനം വീടുകളിൽ ടെലിവിഷനും 75 ശതമാനം വീടുകളിൽ റേഡിയോകളും ഉണ്ട്. ദേശാഭിമാനി, മാതൃഭൂമി, മലയാളമനോരമ, ചന്ദ്രിക, കേരളകൗമുദി, ജനയുഗം, മാധ്യമം, എന്നീ ദിനപത്രങ്ങളും ഏതാനും സായാഹ്ന പത്രങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന മിക്കവാറും എല്ലാ മാസികകളും വാരികകളും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. ആശയസമ്പുഷ്ടമായ പുസ്തകങ്ങൾ വായിക്കുന്നവരുടെ ഇപ്പോൾ മെച്ചപ്പെട്ടതല്ല. സാംസ്കാരിക രംഗത്ത് അങ്ങിങ്ങായി സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതി നമ്മുടെ പഞ്ചായത്തിനെയും ബാധിച്ചിട്ടുണ്ട്. വിവേകപൂർവ്വം നാടിന്റെ നന്മതിന്മകളെ വിവേചിച്ചറിയാനുള്ള സാംസ്കാരിക ബോധമുള്ളവരാണ് സമൂഹത്തിലെല്ലാവരും എന്ന് പറയാനും വയ്യ.

# കായികരംഗം

സംസ്ഥാന തലത്തിൽ നിരവധി കായിക താരങ്ങളെ സംഭാവന ചെയ്ത പ്രദേശമാണ് ചിറക്കൽ. ഓണക്കാലത്ത് ചിറക്കൽച്ചിറയിൽ വെച്ച് നടത്താറുള്ള സംസ്ഥാന നീന്തൽ മത്സരം അടുത്തകാലം വരെ ഉണ്ടായിരുന്നു. കായികരംഗത്ത് കാഞ്ഞിരത്തറകൾച്ച

റൽ സെൻററിൻെറ ആഭിമുഖ്യത്തിൽ ഏതാനും വർഷങ്ങളായി നടത്താറുള്ള ജില്ലാതല ഷട്ടിൽ ടൂർണ്ണമെൻറ് എടുത്തുപറയേണ്ടതാണ്. പനങ്കാവ് ഫ്രൻറ്സ് സ്പോർട്സ് ക്ലബ്ബ് അഖിലേന്ത്യാ ഫുട്ബോൾ മത്സരങ്ങളിൽ പങ്കെടുക്കാറുണ്ട് സംസ്ഥാനതലത്തിൽ പേരു കേട്ട് കൈകൊണ്ട് തേങ്ങ പൊതിക്കുന്ന ദയാനന്ദൻ ചിറക്കൽ പഞ്ചായത്തിൻെറ സംഭാവനയാണ്. കായികരംഗത്തെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്പോർട്സ് കൗൺസിലിൻെറ ഒരു പരിശീലന കേന്ദ്രം ചിറക്കലിൽ സ്ഥാപിക്കേണ്ടതാണ്.

## ചിറക്കൽ ഗ്രാമ പഞ്ചായത്ത്

ഗ്രന്ഥശാലകൾ  വായനശാലകൾ

| | വാർഡ് | വാർഡ് | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിദിന വിതരണം | ഗ്രേഡ് |
|---|---|---|---|---|---|---|---|
| 1. | വിദ്യാഭിവർധിനി വായനശാല & ഗ്രന്ഥാലയം- കാട്ടാമ്പള്ളി | II | 1954 | 104 | 2989 | 15 | സി |
| 2. | സി. ആർ. സി. ദേശരക്ഷാ യുവജന സംഘം വായനശാല & ഗ്രന്ഥാലയം- കാഞ്ഞിരത്തറ | III | 1953 | 80 | 1524 | 10 | സി. |
| 3. | ശ്രീനാരായണ മെമ്മോറിയൽ ക്ലബ്ബ് & റീഡിംഗ് റൂം | IV | 1955 | 125 | 2216 | 15 | സി |
| 4. | പുതിയതെരു ദേശോദ്ധാരണ യുവജനസംഘം വായനശാല & ഗ്രന്ഥാലയം. | VI | 1953 | | 1131 | 7 | ഇ |
| 5. | റൂറൽ ലൈബ്രറി - ചിറക്കൽ L.L.A | IX | 1948 | 693 | 5300 | 25 | ബി |
| 6. | കടലായി യുവജന സംഘം വായനശാല & ഗ്രന്ഥാലയം | X | 1955 | 181 | 2521 | 15 | ബി |
| 7. | ശ്രീനാരായണ വിലാസം വായനശാല & ഗ്രന്ഥാലയം - അലവിൽ | XI | 1926 | 375 | 12774 | 42 | എ |
| 8. | അനന്തൻ നായർ സ്മാരക വായനശാല & ഗ്രന്ഥാലയം- ആയൽത്താൻപാറ | XII | 1985 | 65 | 350 | 20 | |
| 9. | വിദ്യാപോഷിണി വായനശാല & ഗ്രന്ഥാലയം അരയമ്പേത്ത് | XIII | 1947 | 256 | 2918 | 15 | സി |
| 10. | ചിറക്കൽ പഞ്ചായത്ത് വായനശാല & ഗ്രന്ഥാലയം | XIV | 1958 | 928 | 3087 | 6 | |
| 11. | കസ്തൂർബ ദേശസേവാ സംഘം (ട്രസ്റ്റ്) | XIV | 1945 | 18 | 700 | ഇല്ല | |
| 12. | സമദർശിനി വായനശാല | III | | | | | |
| 13. | ദേശായി മെമ്മോറിയൽ വായനശാല | VIII | | | | | |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പകുതിയോളം ഗ്രന്ഥശാലകളുടെയും ഇന്നത്തെ പ്രവർത്തനം തൃപ്തികരമല്ല.
2. ആശയ സമ്പുഷ്ടമായ പുസ്തകൾ വായിക്കുന്നതിലും സാംസ്ക്കാരിക പ്രവർത്തനങ്ങളിലും സ്ത്രീകൾ പിന്നിലാണ്.
3. ഇലക്ട്രോണിക് മാധ്യമരംഗങ്ങളുടെ അതിപ്രസരം ലക്ഷ്യബോധമുള്ള വായനയെ തടസ്സപ്പെടുത്തുന്നു.
4. സാംസ്ക്കാരിക ബോധമുള്ളവരെയും കലാസാഹിത്യാഭിരുചിയുള്ളവരെയും കണ്ടെത്തി അവർക്കാവശ്യമായ പ്രോത്സാഹനം നൽകുന്നില്ല.
5. മിക്ക കലാ സാംസ്ക്കാരിക കേന്ദ്രങ്ങളും മുൻകാലങ്ങളിൽ മാതൃകാപരമായി ഏറ്റെടുത്തു നടത്തിയിരുന്ന പല പ്രവർത്തനങ്ങളിൽ നിന്നും ഇന്ന് വളരെയധികം പിക്കോട്ട് പോയിരിക്കുന്നു.
6. ഗ്രാമീണ ജനതയുടെ ഹരമായിരുന്ന നാടൻകലകൾ നാടൻഗ്രാമത്തിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.
7. അശ്ലീല സിനിമകളുടെ അതിപ്രസരം യുവതലമുറയെ വഴിതെറ്റിക്കുന്നു.
8. മുസ്ലീം സമുദായങ്ങളിലെ ശൈശവ വിവാഹം ചെറിയതോതിലെങ്കിലും നില നിൽക്കുന്നു.

## നിർദ്ദേശങ്ങൾ സാധ്യതകൾ

1. നമ്മുടെ പ്രദേശത്തെ ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം.
2. ഗ്രന്ഥശാലകളും ബന്ധപ്പെടുത്തി പഞ്ചായത്തിൽ അക്ഷരോത്സവങ്ങളും സാംസ്ക്കാരികോത്സവങ്ങളും സംഘടിപ്പിക്കണം.
3. സാക്ഷരതാ പ്രവർത്തനത്തിൻെറ പ്രധാന വേദിയായി ഗ്രന്ഥശാലകളെ ഉപയോഗപ്പെടുത്തണം.
4. നിലവിലുള്ള സാംസ്ക്കാരിക കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.
5. ലക്ഷ്യബോധമുള്ള വായന പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിയുണ്ടാക്കണം.
6. പഞ്ചായത്തിൽ സാംസ്ക്കാരിക നിലയം സ്ഥാപിക്കണം.
7. മുസ്ലീം സമുദായങ്ങളിലെ ശൈശവ വിവാഹം ബോധവൽക്കരണത്തിലൂടെ നിരുൽസാഹപ്പെടുത്തേണ്ടതാണ്.
8. ഗ്രാമത്തിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന നാടൻപാട്ടുകൾ ശേഖരിക്കുന്നതിനും നാടൻ കളികളിൽ ജനങ്ങളെ ആകൃഷ്ടരാക്കുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യണം.
9. പഞ്ചായത്ത് സ്റ്റേഡിയം മെച്ചപ്പെടുത്താനുള്ള അടിയന്തിര നടപടികൾ ഉണ്ടാക്കണം.
10. കായികരംഗത്തെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്പോർട്സ് കൗൺസിലിൻെറ ഒരു പരിശീലനകേന്ദ്രം ആവശ്യമാണ്.



# വനിതാ ക്ഷേമം

സ്ത്രീ-പുരുഷ സമത്വത്തിന് വേണ്ടി രാജ്യവ്യാപകമായി സംഘബോധം വളർത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലും സ്ത്രീകൾക്ക് ലക്ഷ്യത്തിലേക്ക് എത്തിപ്പെടാൻ കഴിയുന്നില്ല. നേരത്തെ ലഭിച്ചുവന്ന അംഗീകാരവും മാന്യതയും കശ്മലന്മാരായ സാമൂഹ്യദ്രോഹികളാൽ ഇന്ന് ചോദ്യംചെയ്യപ്പെടുന്നു. വിവിധതരം ചൂഷണങ്ങൾക്കും പീഢനങ്ങൾക്കും സ്ത്രീ വിധേയയാവുന്നു. സ്ത്രീ സമൂഹം സാമൂഹ്യമാറ്റത്തിനും അംഗീകാരത്തിനും വേണ്ടി കഠിനശ്രമം തുടരുന്നു. മുതലാളിത്തം കച്ചവടക്കണ്ണിൽകൂടി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഉപാധിയായി സ്ത്രീയുടെ സൗന്ദര്യത്തെ ചൂഷണം ചെയ്യപ്പെടുമ്പോൾ മറുഭാഗത്ത് പെൺവാണിഭം തുടരുന്നു. പലവിധ മോഹനവാഗ്ദാനങ്ങൾ നൽകി കോളേജ് കുമാരികളെയും മറ്റും മയക്കുമരുന്നിന്റെയും പണത്തിന്റെയും സ്വാധീനവലയത്തിലാക്കി നീലച്ചിത്ര നിർമാണ കേന്ദ്രത്തിലേക്ക് ആനയിക്കുന്നു. ഈ ദുരന്തങ്ങൾക്കെല്ലാം ഇരയായിത്തീരുന്നത് സ്ത്രീകളാണ്.

സ്ത്രീകളുടെ സാമൂഹ്യ സാംസ്കാരിക പുരോഗതിയിലും സംഘടനാബോധത്തിലും ഏറെ മുന്നിൽ നിൽക്കുന്ന കണ്ണൂർ ജില്ലയുടെ ഭാഗമായ നമ്മുടെ പഞ്ചായത്തിലെ വനിതകളും സ്വാതന്ത്ര്യസമര പോരാട്ടത്തിലും മറ്റും പുരുഷന്മാരോടൊപ്പം ചേർന്നു പ്രവർത്തിച്ചിരുന്നു.

സ്ത്രീസമൂഹം ഇന്നനുഭവിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം തൊഴിൽ മേഖലയിലെ പ്രശ്നമാണ്. പുരുഷനോടൊപ്പം ചിലപ്പോൾ അതിലേറെയും ജോലിചെയ്യുന്ന സ്ത്രീകൾക്ക് മിക്കപ്പോഴും പുരുഷന്മാർക്ക് ലഭിക്കുന്ന അത്രയും വേതനം ലഭിക്കുന്നില്ല.

## വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിൽ പുതിയ തലമുറയിൽ എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിട്ടുണ്ട് എന്ന് മാത്രമല്ല, ബിരുദവും ബിരുദാനന്തര ബിരുദവും നേടുന്ന കാര്യത്തിൽ പെൺകുട്ടികളാണ് മുന്നിൽ. എന്നാൽ മുസ്ലീം പെൺകുട്ടികളെ ഉന്നതവിദ്യാഭ്യാസ രംഗത്തേക്ക് അയക്കുന്നതിൽ താൽപര്യം കാണിക്കുന്നില്ല. പഞ്ചായതിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസ രംഗത്ത് നേടാൻ കഴിഞ്ഞ നേട്ടം മറ്റു മേഖലകളിൽ പ്രാവർത്തികമാക്കാൻ ഇന്നും നമുക്ക് കഴിഞ്ഞിട്ടില്ല.

## പൊതുരംഗം

വിദ്യാഭ്യാസപരമായി മുന്നേറ്റം നേടിയെങ്കിലും മഹിളാപ്രസ്ഥാനമൊഴിച്ചുള്ള ബഹുജന രാഷ്ട്രീയ നേതൃരംഗത്ത് സ്ത്രീകൾ വേണ്ടത്ര വളർന്നുവന്നിട്ടില്ല. പഞ്ചായത്ത്രാജ് വ്യവസ്ഥപ്രകാരം മൂന്നിൽ ഒരുഭാഗം വനിതകൾക്ക് നീക്കിവെച്ചെങ്കിലും ഇനിയും സ്ത്രീകളെ നേതൃനിരയിലേക്ക് വളർത്തിയെടുക്കണം. മുസ്ലീം സ്ത്രീകൾ ഈ രംഗത്ത് വളരെ പിന്നോക്കമാണ്

## ആരോഗ്യം

പഞ്ചായത്തിൽ ആകെയുള്ള 281 ഗർഭിണികളിൽ 210 പേരും പ്രത്യേക പരിചരണം ആവശ്യമുള്ളവരാണ്. ഇവരിൽ 147 പേർക്ക് മാത്രമാണ് അനുപൂരക പോഷകാഹാരം ലഭിക്കുന്നത്. മുലയൂട്ടുന്ന അമ്മമാരുടെ കാര്യമാണെങ്കിൽ ആറുമാസത്തിന് താഴെ പ്രായമുള്ള കുട്ടികളെ മുലയൂട്ടുന്ന, 316 അമ്മമാരിൽ 170 പേർക്കാണ് അനുപൂരക പോഷകാഹാരം ലഭിക്കുന്നത്. എങ്കിലും കഴിഞ്ഞവർഷത്തിൽ ഒരു ഗർഭിണിപോലും മരണപ്പെട്ടിട്ടില്ല എന്നത് എടുത്തുപറയേണ്ടതാണ്.

## തൊഴിൽ മേഖല

നമ്മുടെ പഞ്ചായത്തിൽ 39878 പേരാണ് അധിവസിക്കുന്നതെങ്കിൽ അതിൽ 20047 പേരും സ്ത്രീകളാണ്. ഇവരിൽ 25% പേര തൊഴിലെടുക്കുന്നവരാണ്. വസ്ത്ര നിർമാണ യുനിറ്റ്, കൈത്തറി, കെട്ടിടനിർമാണം, തയ്യൽ, ബേങ്ക്, സ്കൂൾ, ആശുപത്രി, ടിമ്പർ, മറ്റ് കൂലിവേലകൾ, സർക്കാർ ജീവനക്കാർ എന്നീ മേഖലകളിലാണ് സ്ത്രീകൾ ജോലിചെയ്യുന്നത്. പുരുഷന്മാരെ അപേക്ഷിച്ച് ജോലി ചെയ്ത് കിട്ടുന്ന വേതനം കുടുംബവരുമാനത്തിൽ മുതൽകൂട്ടുന്ന കാര്യത്തിൽ സ്ത്രീകളാണ് കൂടുതലും ശ്രദ്ധിക്കുന്നത്. സ്ത്രീകളു

ടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അതുവഴി സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവും ലക്ഷ്യംവെച്ച ഗവൺമെണ്ട് നടപ്പിലാക്കിയ ഗ്രാമീണ ശിശുക്ഷേമ പദ്ധതിയിൽ (D W C R A) ഉൾപ്പെട്ട നാല് യൂനിറ്റുകൾ പഞ്ചായത്തിൽ പ്രവൃത്തിക്കുന്നുണ്ട്.

പുതിയതെരുവിൽ ഹൈവേയിൽ ജങ്ഷനിൽ ക്യൂൻസ് റസ്റ്റാറൻറ് തുടങ്ങുകവഴി ഹോട്ടൽ വ്യവസായരംഗത്ത് പ്രവർത്തിക്കാൻ സ്ത്രീകൾ ഒട്ടും പിറകിലല്ലെന്ന് തെളിയിക്കപ്പെടുകയായിരുന്നു. എന്നാൽ പിൽകാലത്ത് അതിൻെറ പ്രവർത്തനം മെച്ചപ്പെട്ടതാണെന്ന് പറഞ്ഞുകൂടാ. വസ്ത്രനിർമാണ രംഗത്ത് പ്രവൃത്തിക്കുന്ന റൂബി ഗാർമെൻറ്സ്, കാട്ടാമ്പള്ളിയിലെ ത്രിവേണി ഗാർമെൻറ്സ്, അരയമ്പേത്തെ കീർത്തി ഗാർമെൻറ്സ് ഇവയാണ് മറ്റുള്ളവ. ഇവയിൽ ആകെ 55 പേർ ജോലി ചെയ്യുന്നുണ്ട്. അർപ്പണബോധത്തോടും കൂട്ടുത്തരവാദിത്വത്തോടുംകൂടി പ്രവർത്തിക്കാൻ തയ്യാറുള്ള സ്ത്രീകളെ കണ്ടെത്തി D W C R Aയുടെ പുതിയ യൂനിറ്റുകൾ ഇനിയും ആരംഭിക്കാൻ കഴിയേണ്ടതുണ്ട്.

പഴയകാലത്ത് സ്ത്രീകൾ വ്യവസായ മേഖലയിൽ അപൂർവ്വമായി മാത്രം ജോലിചെയ്യുമ്പോൾ കാർഷിക മേഖലയിൽ സ്ത്രീകൾ ധാരാളമായി പ്രവർത്തിച്ചിരുന്നു. എന്നാൽ ഈ രംഗത്ത് പുതിയ തലമുറയിൽപ്പെട്ടവർ കടന്നുവരാത്ത നിലയാണുള്ളത്. കൂലി കൂടുതൽ ലഭിക്കുന്ന കെട്ടിടനിർമാണംപോലുള്ള മേഖലയിൽ അധ്വാനശീലരായ വനിതകൾ പ്രവർത്തിക്കുന്നു. കറെ വനിതകൾ തുണിക്കടകളിലും ഷാപ്പുകളിലും മറ്റും തുച്ഛമായ വേതനത്തിൽ ജോലിചെയ്യുന്നു. ഇവർക്ക് കിട്ടുന്ന വേതനം സ്വന്തം ജീവിതവൃത്തിക്ക്പോലും തികയുന്നില്ല. യുവതികൾ തൊഴിലില്ലാതെ വീടുകളിൽ കഴിയുന്ന അവസ്ഥ ഒഴിവാക്കാനാണ് ഈ തൊഴിലിന് പോകാൻ നിർബന്ധിതരാകുന്നത്. ഈ അവസ്ഥയും സമ്പന്നർ ചൂഷണംചെയ്യുന്നു. ഇങ്ങനെ കുറഞ്ഞ വേതനത്തിൽ ജോലിചെയ്യുന്ന മുന്നോറോളം വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

ഈ നിലക്ക് മാറ്റം വരണം. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ അതിൻെറ ദുരന്തം ഏറെയും അനുഭവിക്കേണ്ടിവരിക അടുക്കളയുടെ കാവൽകാരികളായ സ്ത്രീകൾതന്നെ ആയിരിക്കും എന്നുള്ള കാര്യത്തിൽ സംശയമില്ല.

ഏത് തൊഴിലും മാന്യതയുള്ളതാണെന്നും ഏത്രംഗത്തും സ്ത്രീകൾക്ക് കടന്നുചെല്ലാവുന്നതാണെന്നും ഉള്ള തിരിച്ചറിവിലൂടെ നാടിൻെറ ഭാവിക്കുവേണ്ടി പ്രവർത്തിക്കാൻ സ്ത്രീസമൂഹത്തിന് കഴിയേണ്ടതാണ്. അതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കിയെടുക്കാൻ ജനങ്ങൾക്കും നിയമപാലകർക്കും ഭരണകർത്താക്കൾക്കും ഒരുപോലെ ബാധ്യതയുണ്ട്.

പഞ്ചായത്തിലെ ആകെ ജനസംഖ്യ 39833 ആണ്. അതിൽ പകുതിയിലധികം വരുന്ന സ്ത്രീകളുടെ വിവിധ മേഖലകളിലെ പ്രാധിനിധ്യം ചുവടെയുള്ള പട്ടിക വ്യക്തമാക്കുന്നു.

### ചിറക്കൽ പഞ്ചായത്ത്

| ആകെ ജനസംഖ്യ | സ്ത്രീകൾ | % | പുരുഷന്മാർ | % |
|---|---|---|---|---|
| 39838 | 20468 | 51.35 | 19370 | 48.65 |

### സ്ത്രീപുരുഷ അനുപാതം 1000ത്തിന്

| | പു | സ്ത്രീ |
|---|---|---|
| ഇന്ത്യ | 1000 | 929 |
| കേരളം | 1000 | 1036 |
| കണ്ണൂർ | 1000 | 1101 |
| ചിറക്കൽ | 1000 | 1057 |

### കൂലിനിരക്കിലുള്ള അനുപാതം

| വിവിധതരം തൊഴിലുകൾ | ആൺ | പെൺ |
|---|---|---|
| കൃഷി | 110 | 60 |
| കെട്ടിടനിർമാണം | 120 | 75 |

### പ്രവൃത്തിയെടുക്കുന്നവർ

| സ്ത്രീകൾ | | പുരുഷന്മാർ | |
|---|---|---|---|
| സ്ഥിരം തൊഴിലാളികൾ | ഇടത്തരം | സ്ഥിരം തൊഴിലാളികൾ | ഇടത്തരം |
| 1808 | 137 | 8691 | 213 |
| 1945 (9.5%) | | 8904 (45.71%) | |

ആനുപാതിക റേഷ്യോ: 5:1 മൊത്ത ശതമാനം: 27.23

### വിവിധ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം

| സ്ഥാപനങ്ങൾ | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|
| 15 സ്കൂൾ | 149 | 55 | 204 |
| ബീഡി വർക്കേഴ്സ് കോ-ഓപ്പ്. സൊസൈറ്റി | 275 | 253 | 528 |
| ചിറക്കൽ വീവേഴ്സ് കോ-ഓപ്പ്. സൊസൈറ്റി | 160 | 218 | 378 |
| വനജ വീവേഴ്സ് | 39 | 28 | 67 |
| കേനന്നൂർ വീവേഴ്സ് | 39 | 37 | 76 |
| റോയൽ വീവേഴ്സ് | 25 | 28 | 53 |

| | | | |
|---|---|---|---|
| ചിറക്കൽ സർവീസ് സഹകരണ ബേങ്ക് | 9 | 39 | 48 |
| ചിറക്കൽ പട്ടികജാതി സഹകരണസംഘം | 3 | 1 | 4 |
| അലവിൽ മഹിളാ സഹകരണസംഘം | 6 | 0 | 6 |
| ചിറക്കൽ ക്ഷീരവ്യവസായ സഹകരണസംഘം | 1 | 15 | 16 |
| | 706 | 674 | 1380 |

1. സ്ത്രീകൾക്ക് വേണ്ടി സഞ്ചരിക്കുന്ന ലൈബ്രറി
2. സ്ത്രീകൾക്ക് മാത്രമായി വായനശാലകൾ സ്ഥാപിച്ച് അത് തുടർവിദ്യാഭ്യാസ കേന്ദ്രമായി മാറ്റുക.
3. അശ്ലീല സിനിമയും പോസ്റ്റർ പ്രദർശനവും നിരോധിക്കുക.
4. സ്ത്രീകൾക്ക് പ്രത്യേകമായി ചെയ്യാവുന്ന കുടിൽവ്യവസായങ്ങൾ കണ്ടെത്തുക.
5. എല്ലാ വ്യവസായ സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് തൊഴിൽസംവരണം ഉറപ്പുവരുത്തുക.
6. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം പാലിക്കുക.
7. സാമൂഹ്യ വിപത്തുകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
8. വിദ്യാലയങ്ങളിലും പൊതുസ്ഥലങ്ങളിലും സ്ത്രീകൾക്ക് പ്രാഥമികാവശ്യം നിർവഹിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.
9. മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
10. ഇന്ധനത്തിന്റെ ദുർവ്യയം തടയാനുള്ള ബോധവൽക്കരണം നടത്തുക.

## വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

സി എച്ച് ബാലകൃഷ്ണൻ (ചെയർമാൻ)

സി കെ മുകുന്ദൻ (കൺവീന

### 1. കൃഷി-ജലസേചനം

പി വി പ്രകാശൻ
ഇ കെ ബാലൻനായർ
സി കെ മുകുന്ദൻ
കെ അനില
എം രാമകൃഷ്ണൻ
ഇ പി ചന്ദ്രൻ
ഒ യം ബാലകൃഷ്ണൻ

### 2. വ്യവസായം

കണ്ണൻ പള്ളിയത്ത്
കെ മോഹനൻ
കുറിയ കൃഷ്ണൻ
കെ രമേഷ്

### 3. റോഡുകൾ, ഊർജം, മാർക്കറ്റ്

എൻ ടി പ്രഭാകരൻ
കെ ശ്രീധരൻമാസ്റ്റർ
അഴിക്കോടൻ രാജൻ
സി കെ രാമവർമരാജ

### 4. മൽസ്യബന്ധനം-മൃഗപരിശീലനം

കെ പി രവീന്ദ്രൻ
കെ സദാനന്ദൻ
എം എ ഹംസ
ഡോ. രവിവർമ
എം സുരേഷ്കുമാർ
എം രവീന്ദ്രൻ

### 5. ഭവനനിർമാണം-ക്ഷേമപ്രവർത്തനം

പി കല്യാണിഅമ്മ
എ ലളിതകുമാരി
കെ മുസ്തഫ
പി വി രാമചന്ദ്രൻ
കെ രഘുനാഥ്

### 6. വിദ്യാഭ്യാസം

പി പി രാഘവൻമാസ്റ്റർ
സി രാമചന്ദ്രൻ
പ്രഫ. കെ വി നാരായണൻ
വി സുകുമാരൻ
പി കുഞ്ഞിരാമൻ
ബി അബ്ദുൾമജീദ്

### 7. സംസ്കാരം

ടി ജലജകുമാരി
എ എം ശ്രീധരൻ
സി ജെ കുന്നുംകൈ
കെ വി നാരായണൻനായർ

### 8. വനിത

കെ പി ലേഖ
ടി ഗീത
വി പ്രസാദ്
എ ശൈലേന്ദ്രൻ

### 9. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

കെ ബാലകൃഷ്ണൻമാസ്റ്റർ
ഡി കെ ശ്രീശൻ
എം എം മത്തായി
എൻ കെ ബാലകൃഷ്ണൻ
ഇ പി ഹരിദാസൻ

### 10. സഹകരണമേഖല


സി ശ്യാമള
വി പ്രസീത
പി പി ലക്ഷ്മണൻ
അരക്കൻ കൃഷ്ണൻ

### 11. പട്ടികജാതി-പട്ടികവർഗം

ടി മാധവൻ
പി രമേഷ്ബാബു
കെ ബീന

### 12. വിഭവസമാഹരണം

എം എ ഷാഹുൽഹമീദ്
പി രവീന്ദ്രൻ
പി ബാലകൃഷ്ണൻ
ചിത്തരഞ്ജൻ എ പൈ



# സഹകരണ മേഖല

പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ ആവിർഭാവം അന്നത്തെ ജനങ്ങളുടെ സാമൂഹ്യമായ ആവശ്യങ്ങളുടെ സമ്മർദം മൂലമായിരുന്നു. 1944 ൽ രൂപീകരിച്ച ചിറക്കൽ കോ-ഓപ്പ് സ്റ്റോർ ആണ് ആദ്യ സംഘം. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുള്ള വറുതികളുടെ ഫലമായി പട്ടിണിയിൽ അകപ്പെട്ട ജനങ്ങളെ സഹായിക്കുന്നതിന് ന്യായമായ നിലക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ട് അക്കാലത്തെ ദേശീയബോധമുള്ള യുവാക്കളുടെയും സാമൂഹ്യപ്രവർത്തകരുടെയും ശ്രമഫലമായാണ് സ്റ്റോർ രൂപംകൊണ്ടത്. സർവശ്രീ പാലക്കൻ അനന്തൻ നമ്പ്യാർ, ആർ സി ഗോപാലൻ നായർ, എ ചന്തുനമ്പ്യാർ, എൻ കെ കുഞ്ഞിരാമൻ മാസ്റ്റർ, പി വി കുഞ്ഞിരാമൻ മാസ്റ്റർ, കെ സി ഇബ്രാഹിം, ആർ സി രാഘവൻ നായർ, വെളുത്തേരി കുറുവൻ എന്നിവരായിരുന്നു ഇതിൻെറ ആദ്യശിൽപികൾ. 1944 സപ്തംബർ 10നാരംഭിച്ച സ്റ്റോറിൻെറ പ്രസിഡണ്ട് ശ്രീ എൻ രാമർ ആയിരുന്നു.

1943 - 50കളിൽ ഭക്ഷ്യക്ഷാമത്തോടൊപ്പം വസ്ത്രക്ഷാമവും രൂക്ഷമായി. വസ്ത്രരംഗത്തുണ്ടായ ഈ പ്രതിസന്ധിയെ നേരിടുന്നതിന് ന്യായമായ നിരക്കിൽ കൺട്രോൾ തുണി വിതരണം നടത്തുക എന്ന ഒരു പുതിയ ചുമതലയും കൂടി സ്റ്റോർ ഏറ്റെടുത്തു. ഈ പ്രദേശത്തെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളിൽ ആശ്വാസത്തിൻെറ മുഖ്യധാരയായി പിന്നീടുള്ള കാലഘട്ടങ്ങളിൽ പ്രവർത്തിക്കുകയും കണ്ണൂർ ജില്ലയിലെ ഒന്നാംകിട സർവീസ് ബാങ്കുകളിൽ ഒന്നാം സ്ഥാനത്തിനർഹമായ നിലയിൽ ചിറക്കൽ സർവീസ് സഹകരണ ബേങ്ക് വളർന്നുവരികയും ചെയ്തു. അതുപോലെ കൈത്തറി വ്യവസായ സഹകരണ മേഖലയിൽ സംസ്ഥാന നിലവാരത്തിൽ തന്നെ എണ്ണപ്പെട്ട ഒന്നാംകിട സ്ഥാപനമായി വളർന്ന ചിറക്കൽ വീവേഴ്സ് സൊസൈറ്റിയുമ കാലഘട്ടത്തിൻെറ സമ്മർദത്താൽ രൂപംകൊണ്ടതാണ്.

1944 ൽ രജിസ്റ്റർ ചെയ്ത് ആരംഭിച്ചതാണ് ഈ സ്ഥാപനം. നെയ്ത്തു പ്രവൃത്തി കുലത്തൊഴിലായി സ്വീകരിച്ചിരുന്നു ശാലിയ സമുദായത്തിൽ പെട്ട പാവപ്പെട്ട കുഴിത്തറി നെയ്ത്തുകാരുടെ ദയനീയ ജീവിതത്തിൽ ഒരാശ്വാസമേകാനും അതുപോലെ സ്വകാര്യ കൈത്തറിച്ചരക്കുകാരുടെ ചൂഷണത്തിൽ നിന്നും അവരെ മോചിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് ഈ സംഘം ജന്മമെടുത്തത്.

പഞ്ചായത്തിൽ ആകെ 14 സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. സർവീസ് സഹകരണ ബേങ്ക് - 1, നെയ്ത്ത് സഹകരണസംഘം - 4, ബീഡി വ്യവസായസംഘം -1, ക്ഷീരവ്യവസായസംഘം -1, ചിറക്കൽ വീവേർസ് സൊസൈറ്റി എംപ്ലോയീസ് സഹകരണ സംഘം - 1, പട്ടികജാതി സൊസൈറ്റി - 1, വനിതാ കോ-ഓപ്പ് സൊസൈറ്റി - 1, കൺസ്യൂമർ സ്റ്റോർ -1, സ്കൂൾ സൊസൈറ്റികൾ -3 എന്നിവയാണ്.

ഇവക്ക് പുറമെ ചിറക്കൽ ബീഡി വർക്കേഴ്സ് ആൻറ് എംപ്ലോയീസ് കോ-ഓപ് സ്റ്റോർ, ചിറക്കൽ പഞ്ചായത്ത് സെറികൾച്ചർ കോ-ഓപ്പ് സൊസൈറ്റി, ടൈലറിങ്ങ് വർക്കേഴ്സ് കോ-ഓപ്പ് സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങൾ ഇപ്പോൾ നിശ്ചലാവസ്ഥയിലാണ്.

ചിറക്കൽ വനിതാ സഹകരണസംഘം എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനമാരംഭിച്ചിട്ടില്ല. മുമ്പ് പ്രവർത്തിച്ചിരുന്നതായ ഓയിൽ പ്രൊഡ്യൂസേഴ്സ് കോ-ഓപ് സൊസൈറ്റി, മലബാർ വാർപ്പിങ്ങ് ആൻറ് സൈസിങ്ങ് ഇൻഡസ്ട്രിയൽ കോ-ഓപ് സൊസൈറ്റി എന്നിവ ലിക്വിഡേഷനിലാണ്.

## ചിറക്കൽ സർവീസ് സഹകരണ ബേങ്ക്

12 കോടി രൂപ പ്രവർത്തനമൂലധനമുള്ള ഈ സ്ഥാപനം വിവിധ ഭാഗങ്ങളിലുള്ള അഞ്ച് ബ്രാഞ്ചുകളിലൂടെയായി മെമ്പർമാരുടെ എല്ലാവിധ കാർഷിക -കാർഷികേതര ആവശ്യങ്ങൾക്കും 5 ലക്ഷം രൂപവരെയുള്ള വായ്പകൾ അനുവദിച്ചുവരുന്നു. പഞ്ചായത്തിലെ ജനങ്ങൾ ഭൂരിഭാഗവും അവരുടെ ആവശ്യങ്ങൾക്ക് സമീപിക്കുന്നത് ഈ സ്ഥാപനത്തെയാണ്. എല്ലാവിധ ബാങ്കിങ്ങ് ഇടപാടുകളും നടത്തുന്നതിന് പുറമെ കൺസ്യൂമർ സ്റ്റോർ, വളം ഡിപ്പോ, ക്ലോത്ത് സ്റ്റോർ, ഗൃഹോപകരണ ഷോറൂം എന്നിവയും എട്ട് റേഷൻ ഷോപ്പുകളും നടത്തിവരുന്നുണ്ട്. കാലാകാലങ്ങളായി നല്ല ലാഭത്തിലാണ് സംഘം പ്രവർത്തിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക

വർഷം സംഘം 10.18 കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഏറിയ പങ്കും കാർഷികേതര ആവശ്യങ്ങൾക്കാണ് നൽകിക്കാണുന്നത്. അംഗങ്ങൾക്ക് കക്കൂസ് നിർമിക്കുന്നതിനും കാർഷിക ആവശ്യങ്ങൾ, പമ്പ് സെറ്റ്, കിണർ എന്നീ ആവശ്യങ്ങൾക്കും വിദ്യാഭ്യാസം, വിവാഹം എന്നിവക്കും പലിശയിളവ് നൽകി കടം കൊടുത്തുവരുന്നുണ്ട്. ഫണ്ടുകളുടെ കുറവ് ഒരിക്കലും വായ്പാവിതരണത്തെ ബാധിക്കാറില്ല. കാർഷികമേഖലക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് കടം അനുവദിക്കുന്നതിന് സംഘത്തിന് സാധിക്കേണ്ടതുണ്ട്. IRDP പോലുള്ള സർക്കാർ പദ്ധതിയുടെ ഭാഗമായുള്ള വായ്പയും ഈ ബേങ്ക് സ്വന്തം ഫണ്ടിൽ നിന്ന് തന്നെ കൊടുത്തുവരാറുണ്ട്.

## ചിറക്കൽ വീവേഴ്സ് കോ–ഓപ്പ് സൊസൈറ്റി

സ്റ്റേറ്റിലെ ഒന്നാംകിട സംഘങ്ങളിൽ പെട്ട ചിറക്കൽ വീവേഴ്സ് സൊസൈറ്റിയിൽ ഇപ്പോൾ 396 മെമ്പർമാരുണ്ട്. 469 തൊഴിലാളികൾ പ്രവർത്തിച്ചുവരുന്ന ഈ സംഘത്തിന്റെ വാർഷിക വിൽപന 2.20 കോടി രൂപയിൽ അധികമാണ്. പ്രാദേശിക വിപണി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ 5 സെയിൽസ് ഡിപ്പോകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായുണ്ട്. തൊഴിലാളികൾക്ക് നല്ല നിലക്ക് തൊഴിൽ നൽകിവരുന്ന ഈ സ്ഥാപനം കൈത്തറി കേന്ദ്രങ്ങളിലൊന്നായ ചിറക്കൽ വില്ലേജിലെ സ്വകാര്യ കൈത്തറി വ്യവസായ തൊഴിലാളികൾക്ക് അവരുടെ ന്യായമായ തൊഴിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഒരു വഴികാട്ടിയായിത്തീർന്നിരിക്കുന്നു. തൊഴിലാളികൾക്കും ജീവനക്കാർക്കും വർധിച്ച ആനുകൂല്യങ്ങൾ നൽകിവരുന്ന ഈ സ്ഥാപനം ഗണ്യമായ ലാഭത്തിലാണ് കുറെ വർഷങ്ങളിലായി പ്രവർത്തിച്ചുവരുന്നത്.

ഈ സ്ഥാപനത്തിൽ നല്ലനിലയിൽ പ്രവർത്തനം നടന്നുവന്ന ഒരു പവർലൂം വിഭാഗമുണ്ടായിരുന്നു. നഷ്ടത്തിലായതിനാൽ ഇപ്പോൾ പ്രവർത്തനം നിശ്ചലാവസ്ഥയിലാണ്.

## ചിറക്കൽ വീവേഴ്സ് സൊസൈറ്റി എംപ്ലോയീസ് കോ–ഓപ്പ് സൊസൈറ്റി

ചിറക്കൽ വീവേഴ്സ് കോ-ഓപ്പ് സൊസൈറ്റി മെമ്പർമാരും സ്റ്റാഫും ചേർന്ന് സംഘടിപ്പിച്ച ഒരു സംഘമാണിത്. 1977 ൽ രജിസ്റ്റർ ചെയ്ത ഈ സ്ഥാപനത്തിൽ ഇപ്പോൾ 225 മെമ്പർമാരാണുള്ളത്. നിക്ഷേപങ്ങൾ സ്വീകരിക്കുകയും മെമ്പർമാർക്ക് ലോൺ അനുവദിക്കുകയും ചെയ്തുവരുന്നു. സംഘം ഒരു കൺസ്യൂമർ സ്റ്റോറും നടത്തുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്.

## കേനനൂർ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ–ഓപ് സൊസൈറ്റി

1962 ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ മൊത്തം 260 അംഗങ്ങളാണുള്ളത്. 81 തൊഴിലാളികൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. മറ്റ കൈത്തറി സംഘങ്ങളിലെപ്പോലെ തൊഴിലാളികൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും ലഭിച്ചുവരുന്നു. അടുത്തകാലത്തായി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം ഇപ്പോൾ ലാഭത്തിലാണ്. കഴിഞ്ഞ സാമ്പത്തികവർഷത്തെ സംഘത്തിന്റെ മൊത്തം വിൽപന വരവ് 37 ലക്ഷത്തിലധികമാണ്.

## വനജ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ–ഓപ്പ് സൊസൈറ്റി

1965 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച 236 അംഗങ്ങളും 69 തൊഴിലാളികളുമാണുള്ളത്. ലാഭകരമായി പ്രവർത്തിച്ചുവരുന്ന ഈ സംഘം കയറ്റുമതി വസ്ത്രങ്ങൾ നിർമിച്ച് വിൽപന നടത്തിവരുന്നു. കഴിഞ്ഞ വർഷത്തെ വാർഷിക വിൽപന 30 ലക്ഷം രൂപയിലധികമാണ്.

## റോയൽ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ–ഓപ് സൊസൈറ്റി

225 അംഗങ്ങളും 27 തൊഴിലാളികളും ആണ് ഇപ്പോൾ സംഘത്തിലുള്ളത്. 1959 ൽ പ്രവർത്തനമാരംഭിച്ച സംഘത്തിന്റെ കഴിഞ്ഞ വർഷത്തെ വിൽപന 46 ലക്ഷം രൂപയാണ്. ഇപ്പോൾ നഷ്ടത്തിലാണ് സംഘം പ്രവർത്തിക്കുന്നത്.

## ചിറക്കൽ ക്ഷീരോൽപാദക സഹകരണസംഘം

പ്രസ്തുത സംഘം 1972 ലാണ് പ്രവർത്തനമാരംഭിച്ചത്. 296 അംഗങ്ങളുണ്ട്. 800 ലിറ്റർ പാൽ ദിനംപ്രതി ശേഖരിച്ച് വിൽപന നടത്തുന്നു. വില്ലേജിന്റെ വിവിധ കേന്ദ്രങ്ങളിൽ കറവുകേന്ദ്രങ്ങൾ സ്ഥാപിച്ച് ഉൽപാദകരിൽ നിന്ന് പാൽ ശേഖരിക്കുന്നു. കൃഷിക്കാർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നു. നല്ല ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കണ്ണൂർ ജില്ലയിലെ പ്രമുഖ ക്ഷീരോത്പാദക സംഘങ്ങളിൽ ഒന്നാണിത്. 90 ലക്ഷം രൂപയുടെ കാലിത്തീറ്റ ഈ സംഘം വർഷത്തിൽ വിൽപന നടത്തിയിട്ടുണ്ട്. 120 ലക്ഷം രൂപയുടെ വിറ്റുവരവ് ഈ സംഘത്തിനുണ്ട്.

## ചിറക്കൽ പട്ടികജാതി സർവീസ് കോ–ഓപ്പ് സൊസൈറ്റി

പട്ടികജാതി വിഭാഗം ജനങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിന് പ്രത്യേകമായി സംഘടിപ്പിച്ച ഈ സംഘത്തിൽ 541 മെമ്പർമാരാണുള്ളത്. സംഘം ഒരു പ്രിൻറിങ്ങ് പ്രസ് നടത്തിവരുന്നു. മെമ്പർമാർക്ക് ആരംഭസമയത്ത് ലോൺ അനുവദിക്കപ്പെട്ടിട്ടുണ്ട്. അവ ഏറെയും കുടിശ്ശിക ആയി കിടക്കുകയാണ്. ഇപ്പോൾ കടം അനുവദിക്കാൻ സാധിക്കാറില്ല. സംഘത്തിന്റെ പ്രവർത്തനം നഷ്ടത്തിലാണ്.

## ചിറക്കൽ പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ

നിത്യോപയോഗ സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനു വേണ്ടി രൂപംകൊണ്ട ഈ സംഘം അലവിൽ പ്രദേശത്താണ്. സംഘത്തിന്റെ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോർ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

## കണ്ണൂർ ബ്ലോക്ക് വനിതാ സർവീസ് കോ–ഓപ്പ് സൊസൈറ്റി

കണ്ണൂർ ബ്ലോക്ക് പ്രവർത്തനപരിധിയായി സംഘടിപ്പിച്ച ഈ വനിതാ സൊസൈറ്റി നമ്മുടെ പഞ്ചായത്തിൽ അലവിൽ പ്രദേശത്താണ് പ്രവർത്തിക്കുന്നത്. 1983 ൽ ആരംഭിച്ച സംഘത്തിൽ ഇപ്പോൾ 890 മെമ്പർമാരുണ്ട്. ക്രഡിറ്റ് മേഖലയിൽ പെടുന്ന ഈ സംഘം വായ്പാവിതരണ രംഗത്ത് വേണ്ടത്ര മുന്നേറിയിട്ടില്ല. ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ, ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ഈ സംഘം നടത്തിവരുന്നുണ്ട്.

## ചിറക്കൽ ബീഡിത്തൊഴിലാളി സഹകരണസംഘം

816 അംഗങ്ങളുള്ള ഈ സ്ഥാപനത്തിൽ തൊഴിലാളികളും ജീവനക്കാരുമായി മൊത്തം 547 പേർ ജോലിചെയ്യുന്നു. അടുത്ത കാലത്തായി ഈ സ്ഥാപനത്തിൽ നിന്ന് വലിയതോതിൽ തൊഴിലാളികൾ കൊഴിഞ്ഞുപോവുകയാണ്. ഇപ്പോൾ സ്ത്രീത്തൊഴിലാളികളാണ് കൂടുതലായി ഈ രംഗത്ത് പുതുതായി വരുന്നത്. സംഘത്തിൻെറ പ്രവർത്തനം നഷ്ടത്തിലാണ്.

## സ്കൂൾ സൊസൈറ്റികൾ

ചിറക്കൽ രാജാസ് ഹൈസ്കൂൾ, രാമഗുരു യു പിസ്കൂൾ, ഗവ. മാപ്പിള സ്കൂൾ കാട്ടാമ്പള്ളിഎന്നിവ കേന്ദ്രമായി മൂന്ന് ഗ്രൂപ്പ് സൊസൈറ്റികളാണ് പഞ്ചായത്തിലുള്ളത്. വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുക എന്നത് മാത്രമാണ് പ്രവർത്തനം.

1991 കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 39838 ആണ്. അതിൽ ഏതാണ്ട് 15,000 ത്തോളം പേർ ഈ വില്ലേജിലെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളാണ്. ഇത് ജനസംഖ്യയുടെ ഏകദേശം 37 ശതമാനമാണ്. കാർഷിക -വ്യാവസായിക സമ്മിശ്രമായ ഈ വില്ലേജിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ കൂടാതെ കാർഷിക വായ്പയും മറ്റു വായ്പകളും അനുവദിക്കപ്പെടുന്ന ഗ്രാമീണ ബേങ്ക്, മറ്റു ദേശസാൽക്കൃത ബേങ്കുകളുടെ ബ്രാഞ്ചുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ സഹകരണ ബേങ്കിൻെറ ഒരു ബ്രാഞ്ചും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

## പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ പട്ടിക

| | | |
|---|---|---|
| 1. | ചിറക്കൽ സർവീസ് സഹകരണ ബാങ്ക് | ക്രഡിറ്റ് |
| 2. | ചിറക്കൽ സർവീസ് കോ-ഓപ് സൊസൈറ്റി | നോൺ ക്രെഡിറ്റ് |
| 3. | ചിറക്കൽ വീവേഴ്സ് എംപ്ലോയീസ് കോ-ഓപ് സൊസൈറ്റി | ക്രഡിറ്റ് |
| 4. | കേനനൂർ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ് സൊസൈറ്റി | നോൺ ക്രഡിറ്റ് |
| 5. | വനജാ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ് സൊസൈറ്റി | നോൺ ക്രഡിറ്റ് |
| 6. | റോയൽ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ് സൊസൈറ്റി | നോൺ ക്രഡിറ്റ് |
| 7. | ചിറക്കൽ ക്ഷീരോത്പാദക സഹകരണസംഘം | നോൺ ക്രഡിറ്റ് |
| 8. | ചിറക്കൽ പട്ടികജാതി സർവീസ് കോ-ഓപ് സൊസൈറ്റി | ക്രഡിറ്റ് |
| 9. | ചിറക്കൽ പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ | നോൺ ക്രഡിറ്റ് |
| 10. | കണ്ണൂർ ബ്ലോക്ക് വനിതാ സർവീസ് കോ-ഓപ് സൊസൈറ്റി | ക്രഡിറ്റ് |
| 11. | ചിറക്കൽ ബീഡിത്തൊഴിലാളി സഹകരണസംഘം | നോൺ ക്രഡിറ്റ് |
| 12. | രാജാസ് ഹൈസ്കൂൾ ഗ്രൂപ്പ് കോ-ഓപ് സൊസൈറ്റി | നോൺ ക്രഡിറ്റ് |
| 13. | ഗവ. മാപ്പിള യു പി സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പ് സൊസൈറ്റി | നോൺ ക്രഡിറ്റ് |
| 14. | രാമഗുരു യു പി സ്കൂൾ ഗ്രൂപ്പ് കോ-ഓപ് സൊസൈറ്റി | നോൺ ക്രഡിറ്റ് |

### ഇപ്പോൾ കാര്യമായി പ്രവർത്തനം നടത്താത്തവ

| | | |
|---|---|---|
| 1. | ചിറക്കൽ ബീഡി സൊസൈറ്റി എംപ്ലോയീസ് കോ-ഓപ് സ്റ്റോർ | നോൺ ക്രഡിറ്റ് |
| 2. | ചിറക്കൽ സെറികൾച്ചർ കോ-ഓപ് സൊസൈറ്റി | നോൺ ക്രഡിറ്റ് |
| 3. | ടൈലറിങ്ങ് വർക്കേഴ്സ് കോ-ഓപ് സൊസൈറ്റി | നോൺ ക്രഡിറ്റ് |

### പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ

| | | |
|---|---|---|
| 1. | ചിറക്കൽ വനിതാ സർവീസ് കോ-ഓപ് സൊസൈറ്റി | ക്രഡിറ്റ് |

### ലികിഡേഷനിൽ ആയവ:-

| | | |
|---|---|---|
| 1. | ചിറക്കൽ ഓയിൽ പ്രൊഡ്യൂസേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | നോൺക്രഡിറ്റ് |
| 2. | മലബാർ വാർപ്പിങ്ങ് ആൻറ് സൈസിങ്ങ് ഇൻഡസ്ട്രിയൽ കോ-ഓപ് സൊസൈറ്റി | നോൺ ക്രഡിറ്റ് |

മൊത്തം സംഘങ്ങളിൽ 4 ക്രഡിറ്റ് സംഘങ്ങൾ ഉണ്ടെങ്കിലും ചിറക്കൽ സർവീസ് സഹകരണ ബേങ്ക് മാത്രമാണ് കാർഷിക ക്രഡിറ്റ് സംഘം എന്ന നിലയിലുള്ളത്.

| ക്രമ നമ്പർ സംഘങ്ങൾ | സ്ഥാപന വർഷം | അംഗസംഖ്യ | തൊഴിലെടുക്കുന്നവർ: തൊഴിലാളികൾ | തൊഴിലെടുക്കുന്നവർ: ജീവനക്കാർ | ഓഹരി മൂലധനം (ലക്ഷത്തിൽ) | വാർഷിക ടേണോവർ (ലക്ഷത്തിൽ) | ലാഭം (ലക്ഷത്തിൽ) | നഷ്ടം (ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|---|
| 1. ചിറക്കൽ സർവീസ് സഹകരണ ബേങ്ക് | 1961 | 10015 | | 48 | 32.10 | - | | |
| 2. ചിറക്കൽ വീവേഴ്സ് കോ-ഓപ് സൊസൈറ്റി | 1947 | 396 | 448 | 21 | 17.55 | 221 | 11.25 | |
| 3. ചിറക്കൽ വീവേഴ്സ് സൊസൈറ്റി എംപ്ലോയീസ് കോ-ഓപ് സൊസൈറ്റി | 1977 | 275 | | 2 | 0.25 | - | 0.40 | |
| 4. വനജാ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ് സൊസൈറ്റി | 1965 | 236 | 66 | 3 | 4.97 | 30 | 5.83 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5. കേനനൂർ വീവേഴ്സ് ഇൻഡ. കോ-ഓപ് സൊസൈറ്റി | 1962 | 260 | 79 | 2 | 3.65 | – | 3.86 | |
| 6. റോയൽ വീവേഴ്സ് ഇൻഡ. കോ-ഓപ് സൊസൈറ്റി | 1959 | 225 | 75 | 2 | 2.89 | – | – | |
| 7. ചിറക്കൽ ബീഡിത്തൊഴിലാളി വ്യവസായ സഹകരണസംഘം | 1969 | 816 | 534 | 13 | 1.29 | – | – | 13.00 |
| 8. ചിറക്കൽ പട്ടികജാതി സഹകരണസംഘം | 1982 | 541 | – | 12 | 0.14 | – | | |
| 9. കണ്ണൂർ ബ്ലോക്ക് വനിതാ കോ-ഓപ് സൊസൈറ്റി | 1983 | 890 | – | 12 | 0.44 | – | – | – |
| 10. ചിറക്കൽ ക്ഷീരോത്പാദക സഹകരണസംഘം | 1972 | 296 | – | 16 | 0.40 | – | – | – |
| 11. രാജാസ് ഹൈസ്കൂൾ ഗ്രൂപ്പ് കോ-ഓപ് സ്റ്റോർ | 1950 | 27 | – | – | 0.10 | – | – | – |
| 12. ഗവ. മാപ്പിള യു പി ഗ്രൂപ്പ് കോ-ഓപ് സ്റ്റോർ | 1976 | 51 | – | – | 0.002 | – | – | – |
| 13. രാമഗുരു യു പി സ്കൂൾ ഗ്രൂപ്പ് കോ-ഓപ് സ്റ്റോർ | 1976 | 28 | – | – | – | | | |
| 14. ചിറക്കൽ പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ | – | – | – | | | | | |
| 15. ചിറക്കൽ പഞ്ചായത്ത് സെറികൾച്ചർ സഹകരണസംഘം | 1990 | 20 | – | – | 0.02 | | | |

## പ്രശ്നങ്ങൾ

1. ഏതാനും സഹകരണ സ്ഥാപനങ്ങളിൽ മാനേജ്മെൻറിൻെറ കാര്യക്ഷമത ഇല്ലായ്മയുണ്ട്.
2. സാങ്കേതിക നവീകരണത്തിൻെറ അഭാവം.
3. സർവീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനപരിധിക്കകത്ത് അപ്പക്സ് ബാങ്കുകളുടെയും വാണിജ്യ ബാങ്കുകളുടെയും പ്രവർത്തനം.
4. വായ്പ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളുടെ സാമ്പത്തികവും സാങ്കേതികവുമായ പ്രശ്നങ്ങൾ
5. കടം തിരിച്ചടപ്പിക്കുന്നതിനുള്ള സ്ഥിരം സംവിധാനവും അവധിബാക്കി കടങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള നിയമ നടപടികൾ ത്വരിതപ്പെടുത്തുക.

## സാധ്യതകൾ

1. കാർഷിക വായ്പകളിൽ പലിശയിനത്തിൽ കുറവു വരുത്തുകയും കൃത്യസമയത്ത് കടം തിരിച്ചടക്കുന്നവർക്ക് പ്രോത്സാഹന പദ്ധതിയും ആവിഷ്കരിക്കുക.
2. കൊടുക്കുന്ന വായ്പകൾ അതേ ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുക.
3. പ്രൈമറി സഹകരണ ബാങ്കുകളിൽ എൻ ആർ ഐ അക്കൗണ്ടിന് സൗകര്യം ഏർപ്പെടുത്തുക.
4. ഗ്രാമപഞ്ചായത്തിൻെറ മുഴുവൻ ഫണ്ടും പ്രാഥമിക സഹകരണ ബാങ്കിലേക്ക് മാറ്റി നിക്ഷേപിക്കുക.
5. ഗാർമെൻറ് മേഖലയിലും പച്ചക്കറി ഉത്പാദന വിതരണ രംഗത്തും കോഴിക്കൃഷിയും സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്.
7. തൊഴിലാളികൾക്ക് പ്രത്യേക പഠനക്ലാസുകൾ ആരംഭിക്കണം.
8. നിലവിലുള്ള ഉത്പാദന സഹകരണ സംഘങ്ങളുടെ ഉത്പാദനക്ഷമത വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം.
9. സഹകരണ മേഖലയിൽ തൊഴിലുകളിൽ വനിതകൾക്ക് 35 ശതമാനം ആനുപാതിക പ്രാതിനിധ്യം നൽകണം.
10. പ്രാഥമിക സഹകരണ സംഘങ്ങളിൽ പഞ്ചായത്തിലെ പൊതുവായ ആവശ്യങ്ങൾക്കുള്ള സ്കീമുകൾ തയ്യാറാക്കാൻ ശ്രമിക്കണം.
11. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ സ്ഥാപിക്കണം.
12. എജുക്കേഷനൽ കോ-ഓപ് സൊസൈറ്റി ആരംഭിക്കുക.
13. ലതർ നിർമാണ സഹകരണസംഘം
14. കാർപൻററി സഹകരണസംഘം

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ 1991 സെൻസസ് റിപ്പോർട്ട് പ്രകാരം 2468 പട്ടികജാതി വിഭാഗക്കാരുണ്ട് (ഇത് ജനസംഖ്യയുടെ ആറ് ശതമാനമാണ്) ഇതിൽ 1175 പുരുഷന്മാരും 1293 സ്ത്രീകളുമാണ്. ഇതിൽ ഭൂരിപക്ഷവും നാല് അംഗീകൃത പട്ടികജാതികോളനികളും എട്ട് ലക്ഷം വീട് നാല് കസൻറ് കോളനികളിലുമായി താമസിക്കുന്നു. അംഗീകൃത കോളനിയല്ലെങ്കിലും പത്തിൽ താഴെ വരുന്ന കുടുംബങ്ങൾ പുതിയാപ്പറമ്പ് റെയിൽവെ കട്ടിങ്ങിന് സമീപം താമസിക്കുന്നുണ്ട്. മറ്റുള്ളവർ വിവിധ ഭാഗങ്ങളിൽ ഇടകലർന്ന് താമസിക്കുന്നവരാണ്. അഞ്ച് അംഗങ്ങളുള്ള ഒരു പട്ടികവർഗ്ഗ കുടുംബവും ഉണ്ട്.

ദാരിദ്ര്യരേഖക്ക് താഴെയുള്ള പഞ്ചായത്തിലെ 1901 കുടുംബങ്ങളിൽ 290 പട്ടികജാതി കുടുംബങ്ങളാണ്. ഇതിൽ 273 കുടുംബങ്ങൾക്ക് സംയോജിത ഗ്രാമവികസനപദ്ധതിയുടെ (IRDP) സഹായം ലഭിച്ചിട്ടുണ്ട്.സഹായം ലഭിച്ചത് വഴി 51 കുടുംബങ്ങൾ ദാര്യദ്ര്യരേഖക്ക് മുകളിൽ എത്തി എന്നാണ് IRDPസർവ്വെ പ്രകാരം കണക്കാക്കിയിട്ടുള്ളത്. മുൻ കാലങ്ങളിൽ കടുത്തചൂഷണത്തിനും മർദ്ദനത്തിനും വിധേയമായി പിന്നണിയിൽ കിടന്നിരുന്ന ഈ വിഭാഗം ഇന്നും സാമൂഹ്യസാമ്പത്തിക മേഖലയിൽ പറയത്തക്ക പുരോഗതി കൈവരിച്ചിട്ടില്ല. ജാതിപരമായ ഉച്ചനിചത്വം പൊതുവെ ഇല്ലെങ്കിലും പൂർണ്ണമായ മോചനം നേടാൻ സാധിച്ചിട്ടില്ല. ഇവരുടെ വിവാഹ ചടങ്ങുകൾക്കും മറ്റും എല്ലാ സമുദായത്തിൽപ്പെട്ട ആളുകളും പോകാറുണ്ട്. വീടുകളിൽ നിന്ന് അന്യ സമുദായക്കാർ ഭക്ഷണം കഴിക്കാത്ത സ്ഥിതിയും ജാതി പറഞ്ഞ് വിളിക്കുന്ന രീതിയും പൊതുവെ ഇല്ല. എന്നിരുന്നാലും സാമൂഹ്യപദവിയിൽ ഈ വിഭാഗം ഇതര ജനവിഭാഗങ്ങളോടപ്പം എത്തി എന്ന് പറയാവുന്നതല്ല.

## വിദ്യാഭ്യാസം

ഈ മേഖലയിൽ എടുത്ത് പറയത്തക്ക നിരക്ഷത ഇല്ല. കുട്ടികൾ എല്ലാം സ്കൂൾ പ്രവേശനം നേടുന്നവരാണ്. എന്നാൽ കുറച്ച് കുട്ടികൾ ഇടക്ക് വെച്ച് പഠനം നിർത്തുന്നു. ഓരോ വർഷവും എസ് എസ് എൽ സി പാസാകുന്നവരുടെ എണ്ണം കുറവാണ്. എസ് എസ് എൽ സി പരാജയപ്പെട്ടാൽ ബഹുഭൂരിപക്ഷവും തുടർന്ന് പഠിക്കുന്നില്ല. എസ് എസ് എൽ സിക്കുശേഷം കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പഠനം നിർത്തി തൊഴിൽ തേടി പോകുന്ന'സ്ഥിതി ഉണ്ട്. ഉപരി വിദ്യാഭ്യാസം സിദ്ധിച്ച കുട്ടികുടെ എണ്ണം വളരെ കുറവാണ്. രക്ഷിതാക്കളുടെ താല്പര്യകുറവ്, ഗാർഹിക അന്തരീക്ഷം തുടങ്ങിയവയും തുടർ വിദ്യാഭ്യാസത്തിന് തടസ്സം നിൽക്കുന്നു. പട്ടികജാതികുടുംബങ്ങളുടെ തുടർപഠനത്തിനും തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിനും സർക്കാർ വിവിധ സഹായം അനുവദിക്കുന്നുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ പലർക്കും അറിവില്ലാത്തതിനാൽ ആനുകൂല്യങ്ങൾ വേണ്ടവണ്ണം പ്രയോജനപ്പെടുന്നില്ല. ഈ വർഷവും 416 കുട്ടികൾ വിവിധ സ്കൂളുകളിൽ ലാപ്സം ഗ്രാൻറ് വാങ്ങി പഠനം തുടരുന്നുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട രണ്ട് കുട്ടികളും പഠിക്കുന്നുണ്ട്. കാട്ടമ്പള്ളി രാഘവനഗർ കോളനിക്ക് സമീപം ഒരു പട്ടികജാതി നഴ്സറി സ്കൂൾ പ്രവൃത്തിക്കുന്നു.

**പട്ടികജാതി കോളനികളിലെ പൊതുവിദ്യാഭ്യാസ നിലവാരം:-**

| | |
|---|---|
| 10ാം ക്ലാസിൽ താഴെ | 582 |
| 10ാം ക്ലാസിന് മുകളിൽ | 129 |
| പിഡിസിക്ക്മുകളിൽ | 2 |
| സാങ്കേതികം | 2 |

ഈ മേഖലയിലെ ഭൂരിഭാഗം ആളുകളും മുൻകാലങ്ങളിൽ കാർഷികരംഗത്ത് തൊഴിൽ ചെയ്യുന്നവരായിരുന്നു. കാർഷികമേഖലയിലെ പിറകോട്ടടിയും പ്രധാനമായും നെൽകൃഷിയുടെ തകർച്ചയും കാരണം. ഭൂരിഭാഗം പേരും നിർമ്മാണമേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. ഇതിൽ കുടുതലും സ്ത്രികളാണ്. പുതിയ തലമുറ പൂർണ്ണമായും കാർഷികരംഗത്ത് നിന്ന് മാറിയതിനാൽ കൃഷിപ്പണിക്ക് തൊഴിലാളികളെ കിട്ടാൻ വളരെ പ്രയാസമാണ്. സർക്കാർ അർദ്ധസർക്കാർ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർ പരിമിതമാണ്.

ഐ ആർ ഡി പി സർവേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികജാതിക്കാരുടെ വിവരം

| വാഡ് | എസ്സി/എസ്ടി കുടുംബം -ഗുണഭോക്താക്കൾ | ഐആർഡിപി സഹായം ലഭിച്ചവർ |
|---|---|---|
| 1. | 77 | 70 |
| 2. | 52 | 50 |
| 3. | 8 | 6 |
| 4. | 20 | 18 |
| 5. | 29 | 27 |
| 6. | 7 | 5 |
| 7. | 1 | 1 |
| 8. | | 1 |
| 9. | 1 | 1 |
| 10. | | |
| 11 | | |
| 12. | | |
| 13. | 95 | 95 |
| ആകെ | 290 | 273 |

## കോളനികൾ

കാട്ടമ്പള്ളി രാഘവനഗർ കോളനി, പഴയനിരത്ത്, കുന്നുംകൈ അംബേദ്കർ ഗ്രാമം, പടിഞ്ഞാറെമൊട്ട എന്നിവയാണ് പഞ്ചായത്തിലെ അംഗീകൃത പട്ടികജാതി കോളനികൾ. ഇതിന് പുറമെ പരപ്പിൽ വയൽ, കീരിയാട്, ഓണപറമ്പ്, പനങ്കാവ്, കുണ്ടംചാൽ നാല് സെൻറ് കോളനി, പനങ്കാവ് ലക്ഷംവീട് കോളനി, അരയമ്പേത്ത് ലക്ഷംവീട്, കുന്നുംകൈ കിഴക്കെമൊട്ട എന്നിങ്ങനെ ഏഴ് കോളനികൾ നിലവിലുണ്ട്. ഈ കോളനികളിലാകെ 337 കുടുംബങ്ങളും 2007 ജനങ്ങളും താമസിക്കുന്നു. ഇത് ജനസംഖ്യയുടെ അഞ്ച് ശതമാനമാണ് (പട്ടിക-1)

രൂക്ഷമായ കുടിവെള്ള പ്രശ്നമാണ് കോളനി നിവാസികളെ പൊതുവായി ബാധിക്കുന്ന മുഖ്യപ്രശ്നം. അടിസ്ഥാനസൗകര്യങ്ങളും കുറവാണ്. കോളനി നിവാസികളിൽ ഭൂരിഭാഗവും കൂലിവേലക്കാരാണ്. കൃത്യമായി തൊഴിൽ ലഭിക്കാത്ത സ്ഥിതിയുള്ളതിനാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥ നില നിൽക്കുന്നു.

## പാർപ്പിട പ്രശ്നം

.പട്ടികജാതി കോളനികളിലും ലക്ഷംവീട് നാല് സെൻറ് കോളനികളിലും ഉള്ള 175 കുടുംബങ്ങൾക്ക് അവരുടെ കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല. കോളനികളിലെ പുറമ്പോക്ക് ഭൂമിയിൽ പ്രവേശിച്ച് 65 കുടുംബങ്ങൾ വർഷങ്ങളായി കുടിൽ കെട്ടി താമസിക്കുന്നുണ്ട്. ഇതിൽ 30 കുടുംബങ്ങൾ പനങ്കാവ് കുണ്ടംചാൽ കോളനിയിലാണ്. ഈ കോളനിയിലെ മൊത്തം 48 കുടുംബങ്ങളിൽ 20 പട്ടികജാതി കുടുംബങ്ങളുണ്ട്. 30 കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടില്ല. ഓലയും പനമ്പും കൊണ്ട് നിർമ്മിച്ച താൽക്കാലിക ഷെഡ്ഡുകളിലാണ് ഇവർ താമസിക്കുന്നത്. നാല് സെൻറ് സ്ഥലത്ത് രണ്ടും മൂന്നും കുടുംബങ്ങൾ വരെ കുടിൽ കെട്ടി താമസിക്കുന്നു. ഇതിനു പുറമെ കുന്നുകൈ, കിഴക്കെമൊട്ട-10, അരയമ്പേത്ത് ലക്ഷംവീട്-5, പരപ്പിൽവയൽ-3, കാട്ടാമ്പള്ളി രാഘവൻനഗർ കോളനി-3, പടിഞ്ഞാറെമൊട്ട കോളനി-9, എന്നിങ്ങനെ ഏഴ് കോളനികളിലായി 35 കുടുംബങ്ങൾ പുനരധിവാസ പദ്ധതിപ്രകാരം വീടും സ്ഥലവും ലഭിക്കേണ്ടവരായുണ്ട്.

ഇവരുടെ പുനരധിവാസത്തിന് വേണ്ടി പഞ്ചായത്ത് ഭരണസമിതി 67 സെൻറ് ഭൂമി വാങ്ങിയിട്ടുണ്ട്. മുഴുവൻ കുടുംബങ്ങളുടെയും പാർപ്പിട പ്രശ്നപരിഹാരത്തിന് ഇത് അപര്യാപ്തമാണ്. ഭൂമി വിലക്കെടുക്കുന്നതിന് നിയമത്തിൻെറ സാങ്കേതികത്വവും അശാസ്ത്രീയമായ വാല്വേഷൻ പരിധിയും ഒഴിവാക്കേണ്ടതാണ്.

കോളനികളിൽ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളില്ല. 174 കുടുംബങ്ങൾക്ക് കക്കൂസില്ല. ആവശ്യമായ റോഡുകളില്ല. ഉള്ളവ തന്നെ ഗതാഗതയോഗ്യമല്ല. കുടിവെള്ള ക്ഷാമവും ശുചിത്വമില്ലായ്മയും കോളനികളിൽ വർദ്ധിച്ചുവരുന്നു. 126 വീടുകളിൽ വൈദ്യുതിയില്ല. പൊതുവിൽ കോളനി നിവാസികളുടെ ജീവിതം ശോചനിയമാണ്.

## ചിറക്കൽ പട്ടികജാതി സർവ്വീസ് സഹകരണസംഘം

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൻെറ സർവ്വതോന്മുഖമായ പുരോഗതിയെ ലക്ഷ്യമാക്കി 1982ലാണ് സംഘം ആരംഭിച്ചത്. 541 അംഗങ്ങളും 3 സ്ത്രീ ജീവനക്കാരുമാണ് ഉള്ളത്. സംഘത്തിൻെറ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. 90,000 രുപ പ്രവർത്തന മൂലധന ഗ്രാൻറ് കൊണ്ട് തുടങ്ങിയ 40,000 രൂപയുടെ ചെരുപ്പ് നിർമ്മാണ യൂനുറ്റ് 25,000 രൂപയുടെ പ്ലാസ്റ്റിക്ക് കസേരയൂനിറ്റും 25,000 രൂപയുടെ കുട നിർമ്മാണയൂനിറ്റും ഇപ്പോൾ നിർജീവമാണ്.

മെമ്പർമാരിൽ നിന്ന് ആകെ പിരിഞ്ഞുകിട്ടാനുള്ള 24,733 രൂപ വായ്പയിൽ 22808 രൂപയും കുടിശികയാണ്. കൃഷിവകുപ്പിൽ

നിന്നു അനുവദിച്ച രണ്ടുപവ്വർ ടില്ലർ വേണ്ട വണ്ണം ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. സംഘത്തിലുള്ള 20 സ്പെയറുകളും തകാരാറിലാണ്.

കേന്ദ്ര ഘടക പദ്ധതിയിൽ നിന്നും സംഘത്തിന് അനുവദിച്ച ഒരു ലക്ഷം രൂപ സബ്സിഡിയിൽ 40026 രൂപയും ജില്ലാസഹകരണബേങ്കിൽ നിന്നും ലഭിച്ച 58986 രൂപ വായ്പയും ഉപയോഗിച്ച് 1990 ഒക്ടോബർ മാസം മുതൽ ഒരു പ്രിൻററിങ്ങ് പ്രസ്സും പ്രവർത്തിക്കുന്നുണ്ട്. 5 വർഷക്കാലത്തെ പ്രവർത്തനം കൊണ്ട് കാര്യമായ പുരോഗതി ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ജില്ലാ ബേങ്കിൽ നിന്നും പ്രസ്സിനുവേണ്ടി കടം വാങ്ങിയ സംഖ്യയിൽ 27532 രൂപയും IRDP ലോൺ ഇനത്തിൽ 15753 രൂപയും അവധി ബാക്കിയായ കടം ഉണ്ട്. ഗവർമെണ്ടിൽ നിന്നും പ്രവർത്തന മൂലധനഗ്രാൻറ് ആയി 55,100 രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. 1992-93 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം സംഘത്തിൻെറ നഷ്ടം 1,35,000 രൂപയാണ്. ഇപ്പോൾ 1,50,000 രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

പട്ടിക -2

| | പട്ടികജാതി കോളനിയുടെ പേര് | ആവശ്യമുള്ള വീടുകൾ | നിലവിലുള്ള വീടുകളെ സംബന്ധിച്ച വിവരങ്ങൾ | | | | ശുചീകരണ സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ഓല | ഓട് | മറ്റുള്ളവ | ആകെ | കക്കൂസുകളുടെ എണ്ണം | ആവശ്യമുള്ളവ | കുളിമുറികളുടെ എണ്ണം | ആവശ്യമുള്ളവ |
| 1. | പഴയ റോഡ് | 1 | -21 | 2 | 23 | 11 | 12 | 8 | 15 | |
| 2. | കുന്നുംകൈ അംബേദ്കർ | 4 | 1 | 39 | 40 | 32 | -8 | 18 | 22 | |
| 3. | പടിഞ്ഞാറെ മൊട്ട | 19 | 14 | 5 | -19 | - | 19 | - | 19 | |
| 4. | കാട്ടാമ്പള്ളി രാഘവനഗർ | 5. | 2 | 51 | - | 53 | 32 | 21 | 30 | 33 |
| | ആകെ | 29 | 27 | 16 | 2 | 135 | 85 | 60 | 46 | 89 |

പട്ടിക-3

| | കോളനിയുടെ പേര് | ആകെ വീട് | കുടുംബാംഗങ്ങൾ | എസ്സി കുടുംബം | എസ് ടി കുടുംബം | വഴി ഇല്ലാത്തവർ | കക്കൂസില്ലാത്തവർ | വൈദ്യുതി ഇല്ലാത്തവർ | വീടിനെ സംബന്ധിച്ച വിവരം | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | കല്ല്, ഓട് | കട്ട, ഓട് | ഓല ഷെഡ് | വാർപ്പ് |
| 1. | പനങ്കാവ് കുണ്ടംചാൽ | 48 | 232 | 20 | [illegible] | 42 | 45 | 45 | 10 | 7 | 30 | 1 |
| 2. | കുന്നുംകൈ കിഴക്കെ മൊട്ട | 13 | 48 | 7 | [illegible] | 11 | 13 | 12 | 2 | 1 | 10 | |
| 3. | അരയമ്പേത്ത് ലക്ഷംവീട് | 16 | 96 | 9 | [illegible] | 16 | 16 | 9 | 3 | 8 | 5 | |
| 4. | പരിപ്പിൽ വയൽ | 17 | 78 | 12 | [illegible] | | 17 | 0 | 15 | 2 | | |
| 5. | പനങ്കാവ് ലക്ഷംവീട് | 10 | 54 | 1 | [illegible] | | | | | 10 | | |
| 6. | ഓണപ്പറമ്പ് | 39 | 228 | 1 | [illegible] | 16 | 8 | 16 | 14 | 20 | 5 | |
| 7. | പുഴാതി-കീരിയാട് | 59 | 389 | 2 | [illegible] | 7 | 15 | 20 | 46 | 12 | | |
| | | 202 | 1125 | 52 | [illegible] | 92 | 114 | 102 | 75 | 73 | 52 | 2 |

പട്ടിക – 4

| വാഡ് | കോളനിയുടെ പേര് | ആകെ വീട് | ജനങ്ങൾ | പട്ടയം ലഭിക്കാത്തവർ |
|---|---|---|---|---|
| I | കാട്ടാമ്പള്ളി രാഘവ നഗർ | 53 | 347 | 6 |
| II | പഴയ റോഡ് | 23 | 169 | 10 |
| " | പരപ്പിൽ വയൽ | 17 | 78 | 7 |
| III | ഓണപ്പറമ്പ് | 39 | 228 | 39 |
| IV | പടിഞ്ഞാറെ മൊട്ട | 19 | 100 | 19 |
| " | പനങ്കാവ് കുണ്ടംചാൽ | 48 | 232 | 38 |
| " | പനങ്കാവ് ലക്ഷം വീട് | 10 | 54 | 10 |
| V | കീരിയാട് | 59 | 389 | 21 |
| XIII | അംബേദ്കർ ഗ്രാമം | 40 | 256 | 7 |
| " | കുന്നുംകൈ കിഴക്കെ മൊട്ട | 13 | 48 | 10 |
| " | അരയമ്പത്ത് ലക്ഷംവീട് | 16 | 96 | 8 |
| | ആകെ | 337 | 2007 | 175 |

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
2. കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യതകൾ കുറയുന്നു.
3. രൂക്ഷമായ കുടിവെള്ളക്ഷാമം.
4. വാസയോഗ്യമായ വീടില്ലാത്ത അവസ്ഥ. വീട് നിർമിക്കാൻ അനുവദിക്കുന്ന ധനസഹായം പര്യാപ്തമല്ല.
5. ചില കോളനികളിൽ പൊതുവഴിയില്ല. കോളനികൾക്കകത്ത് പരസ്പരം ബന്ധപ്പെടാൻ ശരിയായ നടപ്പാതയില്ല.
6. കോളനികളിൽ ശുചിത്വമില്ലായ്മ.
7. കോളനികളിൽ പകർച്ചവ്യാധികൾ വർധിക്കാനുള്ള സാധ്യത. ആരോഗ്യ സംരക്ഷണ പ്രവർത്തനം മെച്ചപ്പെട്ടതല്ല.
8. പട്ടികജാതി വിഭാഗത്തിൻെറ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
9. വിവിധ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് കടം വാങ്ങി തിരിച്ചടക്കാൻ സാധിക്കാതെ കടക്കെണിയിൽ പെട്ടുപോകുന്നു.
10. നിർധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിൽസക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
11. പട്ടികജാതി നഴ്സറി സ്കൂൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സ്വന്തമായി നഴ്സറി കെട്ടിടമില്ല.

## സാധ്യതകളും നിർദേശങ്ങളും

1. രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാനുള്ള ശ്രമം. ഓരോ പ്രദേശത്തിൻെറയും പ്രത്യേകതകൾ കണക്കിലെടുത്ത് കുളങ്ങളും കിണറുകളും നിർമിച്ച് പൊതുടാപ്പുകൾ സ്ഥാപിച്ചുകൊണ്ട് കുടിവെള്ളം എത്തിക്കാനുള്ള പദ്ധതികൾ നടപ്പാക്കാവുന്നതാണ്.
2. കോളനികളിലെ മുഴുവൻ കുടുംബങ്ങൾക്കും കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കണം. പുനരധിവാസത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ നീക്കാൻ സർക്കാർതലത്തിൽ തീരുമാനമുണ്ടാകണം.
3. മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമിക്കാനുള്ള സ്ഥലവും വാസയോഗ്യമല്ലാത്ത വീട് ഉണ്ടാക്കുന്നതിൽ മതിയായ സഹായവും ലഭ്യമാക്കാവുന്നതാണ്.
4. കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിൽ സ്കീമുകളുണ്ടാക്കി സാമ്പത്തിക സഹായം ലഭ്യമാക്കാവുന്നതാണ്. വീടുകൾ റിപ്പേർ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായവും അനുവദിക്കണം.
5. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കാനുള്ള പരിശ്രമം.
6. കോളനികളിൽ എത്തിച്ചേരാനുള്ള റോഡുകൾ, നടപ്പാതകൾ നിർമ്മാണവും റോഡുകളുടെ അറ്റകുറ്റപ്പണിയും യഥാസമയം നടത്തൽ തുടങ്ങിയവ ജനകീയ പങ്കാളിത്തത്തോടെ ചെയ്യാവുന്നതാണ്. കോളനി റോഡുകൾ ടാറു ചെയ്യുന്നതിന് ശ്രമിക്കണം.
7. കക്കൂസ് നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ തന്നെ ഓരോ കുടുംബത്തിനും കക്കൂസ് നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.
8. പരിസര ശുചിത്വം നിലനിർത്തുന്നതിന് വേണ്ടി കോളനിവികസന സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്താവുന്നതാണ്. ബോധവൽക്കരണ പ്രവർത്തനവും ഇതോടൊപ്പം സംഘടിപ്പിക്കാവുന്നതാണ്.
9. പായ, കൊട്ട തുടങ്ങിയ കുടിൽവ്യവസായത്തിന് അസംസ്കൃത സാധനങ്ങൾ എത്തിച്ചുകൊടുത്ത് തൊഴിൽസാധ്യതകൾ വർധിപ്പിക്കാൻ കഴിയും ഈ രംഗത്ത് വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് സ്ത്രീകൾക്ക് തൊഴിൽസാധ്യത വർധിപ്പിക്കാവുന്നതാണ്.
10. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി സർക്കാർ ഏജൻസികൾ (പട്ടികജാതി വികസന വകുപ്പ് /വികസന കോർപ്പറേഷൻ) നടപ്പിലാക്കിവരുന്ന വിവിധ വായ്പകളും സഹായങ്ങളും ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ നടപ്പിലാക്കാവുന്നതാണ്.
11. പട്ടികജാതി സഹകരണസംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഉപദേശക സമിതി ഉണ്ടാക്കാവുന്നതാണ്.
12. പട്ടികജാതി നേഴ്സറി സ്കൂളിന് സ്വന്തമായി കെട്ടിടമുണ്ടാകണം.
13. എല്ലാ കോളനികളിലും സാംസ്കാരിക കേന്ദ്രങ്ങൾ ആവശ്യമാണ്.
14. അഭ്യസ്തവിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്താവുന്നതാണ്.

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിൽ വ്യവസായിക മേഖലയിൽ നിന്നുള്ള വിഭവസാധ്യതകളാണ് കൂടുതലായുള്ളത്. കഴിഞ്ഞകാലങ്ങളിൽ കാർഷിക രംഗത്താണ് മുൻഗണന ഉണ്ടായിരുന്നത്. കാർഷിക മേഖലയുടെ തകർച്ചയും പ്രത്യേകിച്ച് കൃഷിഭൂമി പല ആവശ്യങ്ങൾക്കായി നികത്തിക്കൊണ്ടിരിക്കുന്നതിനാലും കാർഷിക രംഗത്തെ വിഭവസാധ്യത വളരെ വിദൂരമാണ്. എങ്കിലുംനിലവിലുള്ള കാർഷിക രംഗത്തെ വിഭവ സാധ്യത പരമാവധി ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന വ്യവസായങ്ങൾ കൈത്തറിയും ബീഡിയുമാണ്. ബീഡി വ്യവസായ മേഖല കടുത്ത പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. കൈത്തറി മേഖലയിലും സ്ഥായിയായ പുരോഗതി ഉണ്ടാകുന്നില്ല. പ്ലൈവുഡ് വ്യവസായത്തിനുള്ള സാധ്യത വളരെ കൂടുതലുണ്ട്. വൻകിട വയവസായ സ്ഥാപനങ്ങൾ ഇവിടെ നിലവിലില്ല. ഉല്പാദന രംഗത്ത് ചെറുകിട, വൻകിട വ്യവസായ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ച് കൂടുതൽ വിഭവങ്ങൾ സമാഹരിക്കാൻ സാധിക്കുന്നതാണ്. ചില മേഖലയിൽ ആവശ്യത്തിന് തൊഴിലാളികളെ കിട്ടാൻ പ്രയാസമുണ്ട്. സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗമാണ് തൊഴിൽ എന്ന ധാരണ യുവതലമുറയിൽ വളർന്നുവരുന്നു. ഈ ധാരണ മാറ്റിയെടുത്ത് ഉല്പാദന മേഖലയിൽ കൂടുതൽ തൊഴിലാളികളെ ആകർഷിക്കത്തക്കവണ്ണമുള്ള ഒരു തൊഴിൽ സംസ്കാരം വളർത്തിയെടുക്കാൻ സാധിക്കണം.

പഞ്ചായത്തിലെ പ്രധാന വരുമാനമാർഗ്ഗങ്ങൾ കെട്ടിട നികുതി, വിനോദ നികുതി, തൊഴിൽ നികുതി, ഷോപ്പിങ്ങ് കോംപ്ലക്സ് വാടക, കെട്ടിട നിർമ്മാണ ഫീസ്, ഡി. ആൻറ്. ഒ. ലൈസൻസ്, പുഴപ്പുറമ്പോക്കിനുള്ള ലീസ്സ് മാർക്കറ്റ് ലേലം, പുഴി ലേലം എന്നിവയാണ്.

(പട്ടിക -1, 2.)

### കെട്ടിട നികുതി:-

കെട്ടിട നികുതിയിനത്തിൽ 1995-96 വർഷത്തിൽ പഞ്ചായത്തിന് ലഭിച്ചത് 714752 രൂപയാണ്. ഇത് 1991-92 വരഷത്തെ അപേക്ഷിച്ച് 67% വർധനവാണ്. 1992-93ലെ 5 കൊല്ലത്തെ കെട്ടിട നികുതി പുനർ നിർണ്ണയം ചെയ്തതിന്റെ അടിസ്ഥാനത്തിലും വാടകയിനത്തിൽ ഉടമകളിൽ നിന്നും ലഭിക്കുന്ന യഥാർഥ വാടകയിനത്തിൽ ഉടമകളിൽ നിന്നും ലഭിക്കുന്ന യഥാർഥ വാടക കണക്കാക്കി നികുതി ചുമത്തിയതിനാലുമാണ് ഈ വർധനവ് ഉണ്ടായിട്ടുള്ളത്.

പട്ടിക - 1.

## ചിറക്കൽ ഗ്രാമ പഞ്ചായത്ത്

I പ്രധാന വരുമാനം

1. കെട്ടിട നികുതി
2. തൊഴിൽ നികുതി
3. വിനോദ നികുതി
4. ലൈസൻസ് ഫീസ്
5. ഷോപ്പിങ്ങ് കോംപ്ലക്സിൽ നിന്നുള്ള വരവ്
6. പുഴ പുറമ്പോക്ക് ലീസിൽ നിന്നു വരവ്

II ഗ്രാൻറുകൾ — ലഭിച്ചുകൊണ്ടിരിക്കുന്ന നിരക്ക്

1. ഗ്രാമീണ റോഡ് സംരക്ഷണ ഗ്രാൻറ്: കി.മിക്ക 900/- പ്രകാരം
2. മൈനർ ഇറിഗേഷൻ ഗ്രാൻറ്: ഏക്കറിന് 10/- പ്രകാരം
3. വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ: കി. മിക്ക 1200/- പ്രകാരം

## III സംസ്ഥാന നികുതി വിഹിതം

1. അടിസ്ഥാന നികുതി (ഭൂനികുതി) 75%
2. സ്റ്റാമ്പ് ഡ്യൂട്ടി (വസ്തു കൈമാറ്റ നികുതി)
3. അൺടൈഡ് ഫണ്ട് (ജനറലും, SCP യും)
4. സ്പെഷ്യൽ കംപോണൻറ് പദ്ധതി
5. അംബദ്കർ കോളനി (പട്ടികജാതിക്കാരുടെ ഉന്നമനത്തിന്)

## നികുതിയേതര വരുമാനം.

1. ടെണ്ടർ ഫോറം വില്പന
2. ജനനമരണ രജിസ്ട്രേഷൻ (തെരച്ചിൽ ഫീസും പകർപ്പ് ഫീസും 2 ക പ്രകാരം)
3. വിവാഹ സർട്ടിഫിക്കറ്റ് ഫീസ് 2 രൂപ.
4. പലിശ ഇനത്തിലുള്ള വരവ്
5. ലൈബ്രറിയിൽ നിന്നുള്ള വരവ്
6. കന്നുകാലി പൗണ്ടിൽ നിന്നുള്ള വരവ്.

പട്ടിക - 2

## പഞ്ചായത്തിൻെറ നിലവിലുള്ള ആസ്തി

1. മന്ന സ്റ്റേഡിയം
2. ചിൽഡ്രൻസ് പാർക്ക്
3. പുതിയതെരു കക്കൂസ്
4. ആയുർവ്വേദ ഡിസ്പെൻസറി - 12 സെൻറ്
5. ലക്ഷം വീടുകൾ
6. കർഷകത്തൊഴിലാളി ഭവന നിർമ്മാണത്തിന് എടുത്ത സ്ഥലം - 67 3/4 സെൻറ്
7. നഴ്സറി സ്കൂൾ
8. മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സ്ഥലം - 18 സെൻറ്
9. അറവ് ശാലകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് 34 3/4
10. വാട്ടർ സപ്ലൈ ടാങ്ക് നിൽക്കുന്ന സ്ഥലം - 12 സെൻറ്
11. ഹെൽത്ത് സെൻറർ നിൽക്കുന്ന സ്ഥലം
12. പഞ്ചായത്തിൻെറ അധീനതയിലുള്ള പുഴ - പുറമ്പോക്ക് - കീരിയാട്
13. ഷോപ്പിങ്ങ് കോംപ്ലക്സ്, പുതിയതെരു
14. പുതിയതെരു മാർക്കറ്റ്
15. പഞ്ചായത്ത് റോഡുകൾ (90 കി.മീ)
16. അംബദ്കർ കമ്യൂണിറ്റി ഹാൾ
17. പഞ്ചായത്ത് കിണറുകൾ - കുൽൽകിണർ
18. കുന്നുകൈ അംബദ്കർ ഗ്രാമത്തിലെ അംഗൻവാടി
19. കാഞ്ഞിരത്തറ അംഗൻവാടി പണിയുന്ന സ്ഥലം.
20. കടലായി മിനി ജലസേചന പദ്ധതി
21. കാട്ടാമ്പള്ളി മാർക്കറ്റ്
22. അലവിൽ കുടുംബക്ഷേമ കേന്ദ്രം
23. പുതിയതെരു കന്നുകാലി പൗണ്ട്
24. കടലായി തെരുവിലെ കക്കൂസ്
25. പുതിയതെരു കക്കൂസിൻെറ മുന്നിലുള്ള പഴയ അറവുശാല ഉണ്ടായിരുന്ന സ്ഥലം

ശാസ്ത്രീയമായി കെട്ടിട നികുതി പരിഷ്കരിപ്പിക്കണം. ആഢംബരമായും വിലകൂടിയ വസ്തുക്കൾ കൊണ്ട് നിർമ്മിക്കുന്ന കെട്ടിടങ്ങൾ വരുമാന മാർഗ്ഗത്തിനായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ എന്നിവക്ക് നികുതിയിനത്തിൽ വർധനവ് വരുത്താവുന്നതാണ്. നികുതി പിരിവ് കുറേക്കൂടി കാര്യക്ഷമമാക്കണം. പുതിയ കെട്ടിടത്തിൻെറ യഥാർഥ ക്യാപിറ്റൽ വാല്യൂ കണക്കാക്കാതെയാണ് ആദ്യം നികുതി ചുമത്തുന്നത്. ഇത്തരം കെട്ടിടങ്ങൾക്ക് മിനുക്കുപണി പൂർത്തിയാക്കുന്ന മുറക്ക് നികുതി പുനർ നിർണ്ണയം ചെയ്യുന്നതിനുള്ള സംവിധാന ഉണ്ടാവേണ്ടതാണ്.

## തൊഴിൽ നികുതി

തൊഴിൽ നികുതിയിനത്തിൽ 1991-92 വർഷത്തെ അപേക്ഷിച്ച് 1995-96 വർഷത്തിൽ 60% നികുതി വർധനവുണ്ടായിട്ടുണ്ട്. മുഖ്യമായും തൊഴിൽ നികുതി ഈടാക്കുന്നത് സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നുമാണ്. എന്നാൽ മുഴുവൻ കച്ചവട സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിൽ വീഴ്ചയുണ്ട്. പഞ്ചായത്തിലെ എല്ലാ മേഖലയിൽ പെട്ട തൊഴിലാളികളിൽ നിന്നും ആനുപാതികമായി തൊഴിൽ നികുതി നിയമപ്രകാരം ഈടാക്കാവുന്നതാണ. പഞ്ചായത്ത് അതിർത്തികളിലുള്ള മുഴുവൻ വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അവരുടെ വരുമാനത്തിൻെറ പരിധി കണക്കാക്കി തൊഴിൽ നികുതി ചുമത്തി ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന സംഖ്യ വർധിപ്പിക്കാവുന്നതാണ്

## വിനോദ നികുതി:-

നമ്മുടെ പഞ്ചായത്തിലെ രണ്ട് സിനിമാ തിയേറ്ററിൽ നിന്നാണ് വിനോദ നികുതിയിനത്തിൽ വരുമാനമുണ്ടാകുന്നത്. വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കുന്ന സംഖ്യ താരതമ്യേന കുറഞ്ഞുവരികയാണ്. 1993-94 വർഷത്തിൽ 141849 രൂപയാണ് വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. എന്നാൽ 1995-96 വർഷത്തിൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച സംഖ്യ 136698 രൂപ മാത്രമാണ്. വിനോദ നികുതി പിരിക്കുന്ന കാര്യത്തിലുള്ള പരിശോധന കർശനമാക്കി വരുമാനം വർധിപ്പിക്കാവുന്നതാണ്.

## മറ്റ് ധനാഗമ മാർഗ്ഗങ്ങൾ:

പഞ്ചായത്തിൻെറ ഷോപ്പിങ്ങ് കോംപ്ലക്സിൻെറ വാടകയിനത്തിലെ വരുമാനം, പുഴിലേലം, മാർക്കറ്റ് ഫീസ് ഡി എൻറ് ഒ. ലൈസൻസ്, പി എഫ് എ ലൈസൻസ് ഫീസ്, ജനന മരണ സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള ഫീസ്, പകർപ്പ് ഫീസ്, കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ് കെട്ടിട നികുതി അടക്കുന്നതിൽ വീഴ്ച വരുത്തിയതിനുള്ള പിഴപ്പലിശ എന്നിവയാണ് പഞ്ചായത്തിൻെറ മറ്റു ധനാഗമമാർഗ്ഗങ്ങൾ

പട്ടിക - 3

**വരുമാനത്തിലെ വ്യതിയാനം**

| | വരുമാനം | 91-92 | 92-93 | 93-94 | 94-95 | 95-96 | അഞ്ചുവർഷക്കാലത്തെ വരുമാന ശതമാനത്തിൽ |
|---|---|---|---|---|---|---|---|
| 1. | തൊഴിൽ നികുതി | 175490.00 | 154951.00 | 173000.00 | 245485.00 | 261348.00 | [illegible] |
| 2. | കെട്ടിട നികുതി | 481591.00 | 467373.33 | 558600.52 | 708446.24 | 714752.15 | [illegible] |
| 3. | വിനോദ നികുതി | 113301.75 | 131390.25 | 141849.25 | 136026.55 | 136698.25 | [illegible] |
| 4. | നികുതിയേതര വരുമാനം | 428298.32 | 430061.87 | 517596.08 | 590263.01 | 699983.65 | [illegible] |
| 5. | സംസ്ഥാന നികുതി വിഹിതം | 243479.00 | 236732.00 | 412412.00 | 408125.00 | 257792.00 | 61 |
| 6. | അൺടൈഡ് ഫണ്ട് | 166000.00 | 183100.00 | 179000.00 | 236000.00 | 250750.00 | [illegible] |
| 7. | ഗ്രാൻറുകൾ | 470093.00 | 430946.00 | 265545.00 | 233226.00 | 368573.00 | 66 |
| | **ചെലവുകൾ** | **2078253.07** | **2034554.45** | **2248002.65** | **255757180** | **2689897.05** | 127 |
| 1. | എസ്റ്റാബ്ലിഷ്മെൻറ് | 518795.00 | 507259.65 | 570590.05 | 621782.80 | 640000.00 | [illegible] |
| 2. | പൊതുമരാമത്ത് | 714253.50 | 539085.10 | 1605528.40 | 1531062.40 | 1128864.90 | [illegible] |
| 3. | മറ്റു വികസന ചെലവുകൾ | 719466.50 | 1559100.00 | 429326.35 | 608204.95 | 100037.50 | 72 |
| 4. | കടം തിരിച്ചടവ് | Nil | Nil | Nil | Nil | Nil | |
| | ആകെ ചെലവ് | 1952515.00 | 1441861.85 | 2605444.80 | 2761050.15 | 2769902.40 | 70 |

## ധനകാര്യസ്ഥാപനങ്ങൾ:-

നമ്മുടെ പഞ്ചായത്തിൽ ചിറക്കൽ സർവ്വീസ് സഹകരണ ബാങ്കിൻെറ അഞ്ചു ശാഖകളും സിണ്ടിക്കേറ്റ് ബാങ്കിൻെറ 3 ശാഖകളും നോർത്ത് മലബാർ ഗ്രാമീണ ബേങ്ക് , കണ്ണൂർ ജില്ലാ സഹകരണ ബേങ്ക് എന്നിവയുടെ ഓരോ ശാഖയുമുണ്ട്. മേൽപ്പറഞ്ഞ ധനകാര്യസ്ഥാപനങ്ങളിൽ നിന്നായി 1995-96 വർഷത്തിൽ മൊത്തം 25.49 കോടി രൂപ ഡപ്പോസിറ്റായി സമാഹരിക്കുകയും 14.58 കോടി രൂപ വിവിധ ആവശ്യങ്ങൾക്കായി വായ്പയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 57% മാത്രമാണ് വായ്പയായി കൊടുക്കുന്നത്. നിക്ഷേപങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വായ്പകൾ കുറവാണ്. പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപത്തിൻെറ 80%മെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചാത്തിൻെറ പ്രത്യുല്പാദന പരമായ ആവശ്യത്തിന് ധനകാര്യസ്ഥാപനങ്ങളിൽ ഗ്യാരണ്ടിയിൽ വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടാകണം.

# ചെലവുകൾ

പഞ്ചയത്തിലെ വിഭവങ്ങൾ പ്രധാനമായും ചെലവഴിക്കുന്നത് പ്രത്യുല്പാദന പരമായ ആവശ്യങ്ങൾക്കായിരുന്നില്ല. പൊതുമരാമത്ത് പ്രവർത്തനത്തിനാണ് മുൻതൂക്കം കൊടുത്തിരുന്നത്. ഇത് പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിന്റെ 42% വരും. ഭരണ ചെലവുകൾക്ക് 24% വും വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവക്ക് 2%വും വൈദ്യുതി ആവശ്യത്തിന് 5% വുമാണ് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത്. പൊതുമരാമത്ത് ഇനത്തിൽ ചെലവഴിച്ചത് റോഡുകളുടെ അറ്റകുറ്റപ്പണിക്കും, റോഡുകളുടെ അഭിവൃദ്ധിക്കും വേണ്ടിയാണ്. പഞ്ചായത്തിൻെറ റോഡ് സംരക്ഷണത്തിനായി ഡ്രെയിനേജുകൾ വാർട്ടഡ് ആവശ്യമുള്ള സ്ഥലങ്ങളിൽ ഡ്രെയിനേജ് എന്നിവ നിർമ്മിച്ച് റോഡുകൾ സംരക്ഷിക്കേണ്ടതാണ്.

## വരുമാന വർധനവിനുള്ള സാധ്യതകൾ:

1. ജനനമരണ സർട്ടിഫിക്കറ്റിനുള്ള ഫീസ് ചുരുങ്ങിയത് 5 രൂപയായെങ്കിലും വർധിപ്പിക്കാവുന്നതാണ്
2. വിവാഹ രജിസ്ട്രേഷൻ സമയത്ത് 50 രൂപയിൽ കുറയാത്ത സംഖ്യ രജിസ്ട്രേഷൻ ഫീസായി വസൂലാക്കാവുന്നതാണ്.
3. പരസ്യ നികുതി ഈടാക്കുന്നതു സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.
4. വസ്തു കൈമാറ്റ നികുതി സംബന്ധിച്ചുള്ള യഥാർത്ഥ കണക്കും സംഖ്യയും അതാത് വർഷത്തിൽ തന്നെ പഞ്ചായത്തിന് ലഭ്യമാക്കണം. 100 ശതമാനവും പഞ്ചായത്തിന് ലഭിക്കണം.

5. സെയിൽസ് ടാക്സ് ഇനത്തിൽ പഞ്ചായത്തിൽ നിന്നും കലക്ട് ചെയ്യുന്ന സംഖ്യയുടെ 50% മെങ്കിലും പഞ്ചായത്തിന് ലഭ്യമാക്കണം.
6. പഞ്ചായത്തിലെ കമ്യൂണിറ്റി ഹാൾ ഉപയോഗിക്കുന്ന ദിവസങ്ങൾ കൃത്യമായി കണക്കാക്കി വാടകയിനത്തിലുള്ള നികുതി ഈടാക്കാവുന്നതാണ്.
7. പഞ്ചായത്ത് വക സ്ഥലത്ത് കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയിനത്തിലുള്ള വരുമാനം വർധിപ്പിക്കാവുന്നതാണ്.
8. ഭൂനികുതിയിനത്തിൽ വസൂലാക്കുന്ന സംഖ്യ ഇപ്പോൾ വളരെ കുറവാണ്. ആയത് വർധിപ്പിച്ചുകൊണ്ട് അതിന്റെ 75% മെങ്കിലും പഞ്ചായത്തിന് ലഭ്യമാക്കണം.
9. കാട്ടാമ്പള്ളി പദ്ധതി പ്രദേശം ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിച്ച് വരുമാനം വർധിപ്പിക്കാവുന്നതാണ്.
10. വെഹിക്കിൾ ടേക്സ് ഇനത്തിൽ ഇന്ന് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന വിഹിതം അല്പമൊന്നു വർധിപ്പിക്കാവുന്നതാണ്.
11. വില്ലേജ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ഇന്ന് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന സംഖ്യ വർധിപ്പിക്കണം.
12. മൈനർ ഇറിഗേഷൻ ഗ്രാന്റ് ഇന്ന് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സംഖ്യ വളരെ തുച്ഛമാണ്. ഇത് വർധിപ്പിക്കണം.
13. പഞ്ചായത്തിലെ ശുചീകരണം പ്രവർത്തി ഇന്ന് തൃപ്തികരമായി നടക്കുന്നില്ല. മാലിന്യങ്ങൾ നീക്കംചെയ്യാൻ ഒരു ട്രെയിലർ കം ജീപ്പ് അനിവാര്യമാണ്. ഇതിനാവശ്യമായ സംഖ്യ വ്യാപാരി വ്യവസായികളിൽ നിന്നും കണ്ടെത്താവുന്നതാണ്.
14. ഇന്ന് നിലവിൽ പഞ്ചായത്തിന് ഒരു ബസ്സ്റ്റാന്റ് ഇല്ല. പുതിയതെരു ടൗണിൽ കൂടി നിത്യേന ആയിരക്കണക്കിന് വാഹനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലേക്ക് കടന്നുപോകുന്നു. പുതിയതെരു ടൗണിൽ ഒരു ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പൊന്നുംവിലക്കെടുത്ത് ഒരു ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുകയാണെങ്കിൽ പഞ്ചായത്തിന് പ്രതിമാസം ലക്ഷക്കണക്കിന് രൂപ വരുമാനമുണ്ടാക്കാൻ സാധിക്കും.
15. പുതിയതെരുവിലുള്ള മത്സ്യമാർക്കറ്റ് ആസ്ബസ്റ്റോസ് ഷീറ്റ് ഇട്ട് വേലും മഴയും കൊള്ളുന്നത് ഒഴിവാക്കുകയും മത്സ്യം വെക്കുന്നതിന് കടപ്പക്കല്ലുകൊണ്ടുള്ള സ്റ്റാന്റുകൾ നിർമ്മിച്ചുകൊടുത്ത് സ്ഥല വാടകയിനത്തിൽ ഇന്ന് നിലവിലുള്ള സർക്കാർ നിരക്ക് മാറ്റി പുനർനിർണയം ചെയ്താൽ പഞ്ചായത്തി. വരുമാനം കൂടും.
16. പാരലൽ കോളേജുകൾ അൺഎയിഡഡ് സ്കൂളുകൾ എന്നിവക്ക് രജിസ്ട്രേഷനും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ചുമത്താനുള്ള അധികാരവും അതാത് പഞ്ചായത്തുകൾക്ക് നൽകണം.
17. അതാത് പഞ്ചായത്തിലെ മദ്യഷാപ്പുകളുടെ ലേലത്തുകയിൽ 25 ശതമാനം പഞ്ചായത്തിന്റെ വികസനത്തിനായി അനുവദിക്കണം.
18. പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്ക് ഭൂമി ഉപയോഗിച്ചും പൂഴി വാരുന്ന വകയിലുള്ള വരുമാനം കൂട്ടാവുന്നതാണ്. കാട്ടാമ്പള്ളി വള്ളുവൻ കടവിൽ ബോട്ട് ജെട്ടി പരിസരം പരമാവധി ഉപയോഗപ്പെടുത്തി പൂഴിവാരൽ കേന്ദ്രം വികസിപ്പിക്കാവുന്നതാണ്.
19. പുതിയതെരു പട്ടണത്തിനടുത്ത് പഞ്ചായത്തിന്റെ കൈവശമുള്ള 18 സെന്റ് സ്ഥലത്ത് മാലിന്യങ്ങൾ കൊണ്ടിടുന്നതിനാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. മാലിന്യങ്ങൾ നിക്ഷേപിക്കാൻ പുതിയ സ്ഥലം കണ്ടെത്തുകയും നിലവിലുള്ള സ്ഥലത്ത് കെട്ടിടങ്ങൾ നിർമിച്ച് വാടകക്ക് നൽകി വരുമാനം വർധിപ്പിക്കാവുന്നതാണ്.
20. വിദ്യാഭ്യാസ -ആരോഗ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി ഫണ്ട് സ്വരൂപിക്കാവുന്നതാണ്. പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ, ആയുർവേദ ആശുപത്രി, വികസന സമിതികളെ ഇതിന് ഉപയോഗിക്കാവുന്നതാണ്. ശിശുമന്ദിരത്തിന്റെ വികസനത്തിനു വേണ്ടി രക്ഷാകർതൃ സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

## മനുഷ്യ വിഭവം

ഏറ്റവും പ്രധാനപ്പെട്ട വിഭവസ്രോതസ്സാണ് മനുഷ്യാധ്വാനം. എല്ലാ മേഖലയിലും ഉള്ള വികസന പ്രവർത്തനത്തിലും പ്രതിഫലേച്ഛ കൂടാതെ മനുഷ്യാധ്വാനം ഉപയോഗപ്പെടുത്താവുന്നതാണ്. പുതിയ റോഡുകളുടെ നിർമാണം നിലവിലുള്ളവയുടെ സംരക്ഷണം, ജലസേചന സൗകര്യങ്ങൾ വർധിപ്പിക്കൽ, കിണർതോണ്ടൽ, ശുചീകരണ പ്രവർത്തനം തുടങ്ങിയ മേഖലയിലെല്ലാം മനുഷ്യാധ്വാനം പ്രയോജനപ്പെടുത്താം. പഞ്ചായത്തിലെ തൊഴിൽവിദഗ്ധരുടെ പൂർണമായ സഹകരണമുണ്ടായാൽ മറ്റ് നിർമാണരംഗത്തും മുതൽകൂട്ടുണ്ടാക്കാവുന്നതാണ്.

ജാതി-മത വ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണമാണ് മുഖ്യമായും വേണ്ടത്. രാഷ്ട്രീയ പാർടികളുടെയും വർഗ ബഹുജന സംഘടനകളുടെയും സഹായത്തോടെ ബോധവത്കരണവും സംഘടിത പ്രവർത്തനവും ഉണ്ടായാൽ വികസനരംഗത്ത് ജനകീയ പങ്കാളിത്തം സാധ്യമാക്കാവുന്നതാണ്.

# ടൂറിസം

ചിറക്കൽ പഞ്ചായത്തിന്റെ വടക്കേതീരം. കാട്ടാമ്പള്ളി, വളപട്ടണം എന്നീ പുഴകളുടെ സംഗമസ്ഥാനം. ബ്രിട്ടീഷ് ആധിപത്യത്തിൽ വളപട്ടണം വ്യവസായ കേന്ദ്രമാക്കി മാറ്റിയ ജലവാഹിനിയായ വളപട്ടണം പുഴക്ക് പഴയത് പലതും പറയാനുണ്ട്. കാട്ടാമ്പള്ളിയുടെ കൊച്ചോളങ്ങളെ കീറിമുറിച്ച് ബോട്ടുകൾ മുന്നോട്ടു നീങ്ങിയ സ്മരണ അയവിറക്കുന്ന കാരണവൻമാരുണ്ടിവിടെ. കാട്ടാമ്പള്ളിയിൽ നിന്ന് പറശ്ശിനിക്കടവിലേക്കും പഴയങ്ങാടിയിലേക്കും അവർ ബോട്ടിൽ സഞ്ചരിച്ചിട്ടുണ്ട്. റോഡ് ഗതാഗതത്തിന്റെ വികസനത്തോടൊപ്പം ബോട്ടു ഗതാഗതം അവസാനിച്ചു. കാട്ടാമ്പള്ളിയിൽ നിന്ന് പറശ്ശിനിയിലേക്ക് ബോട്ടു സർവ്വീസ് ആരംഭിച്ചാൽ അത് പഞ്ചായത്തിന് ധന മാർഗ്ഗമാകുമെന്ന് അവർക്കറിയാം. ധാരാളമായി യാത്രക്കാരുണ്ടാകും. പ്രകൃതി ഭംഗി കവിഞ്ഞൊഴുകുന്ന ഇവിടുത്തേക്ക് വിനോദസഞ്ചാരികൾ ആകർഷിക്കപ്പെടും. വലിയ മുതൽ മുടക്കില്ലാതെ ടൂറിസ്റ്റ് കേന്ദ്രമാക്കാൻ പറ്റിയ ഈ പ്രദേശം എന്തുകൊണ്ട് അധികാരികളുടെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ലെന്നവർ ചോദിക്കുന്നു. ബോട്ടു സർവ്വീസെങ്കിലുമുണ്ടായാൽ പറശ്ശിനിയിലേക്കും പാമ്പുവളർത്തുകേന്ദ്രത്തിലേക്കും ആളുകൾ പ്രവഹിക്കും. നിത്യസ്മരണകളാകുന്ന ബോട്ടു യാത്രക്ക് അത്രക്ക് കൊതിയുണ്ടവർക്ക്.


കാട്ടാമ്പള്ളിയിലെ ഭൗതിക സാഹചര്യങ്ങൾ ഒന്നു ക്രമപ്പെടുത്തിയെടുത്താൽ ഒരു ടൂറിസ്റ്റ് കേന്ദ്രമാകുമെന്നതിൽ തർക്കമില്ല. കാട്ടാമ്പള്ളിയുടെ ഹൃദയത്തുടിപ്പ് ടൂറിസ്റ്റുകളെ മാടിവിളിക്കുന്നു. പക്ഷേ അതിനെ പ്രോൽസാഹിപ്പിക്കേണ്ടവർ കണ്ണു തുറക്കുന്നില്ലെന്നതാണ് സത്യം. കാട്ടാമ്പള്ളിയുടെ തീരമായ കീരിയാട്ട് നിന്ന് നോക്കിയാൽ പച്ചപ്പട്ടു പുതച്ച ഒരു കൊച്ചു ദ്വീപ് കാണാം. ആ ദ്വീപിനകത്ത് മണൽക്കൂമ്പാരം. ആ മണൽതിട്ടയെ അപൂർവ്വവും അനിതരസാധാരണവുമായ കണ്ടൽക്കാടുകൾ പച്ചപ്പട്ടു പുതപ്പിച്ചിരിക്കുന്നു. പുഴക്കരയിൽ നിന്ന് നോക്കുന്ന ആരും അവിടെയെത്താൻ കൊതിക്കും. കീരിയാട് പുഴയോരത്ത് നിന്ന് ദ്വീപിലേക്ക് നടപ്പാലം കെട്ടുകയും തുരുത്തിലെ കണ്ടൽക്കാടുകളെ അടുക്കും ചിട്ടയോടും കൂടി തട്ടു തട്ടുകളാക്കി ക്രമീകരിക്കുകയും മധ്യഭാഗത്ത് ജലധാരയോടുകൂടിയുള്ള ഒരു പൂന്തോട്ടവും നിർമ്മിച്ചാൽ ദ്വീപിലേക്ക് വിനോദസഞ്ചാരികൾ ആകർഷിക്കപ്പെടും. ആ കൊച്ച് ദ്വീപിൽ നിന്ന് അൽപം വടക്കോട്ടു മാറിയാൽ കേരളത്തിലെ പ്രഥമ ഗവൺമെന്റിന്റെ പ്രഥമ ജലസേചന പദ്ധതികളിലൊന്നായ കാട്ടാമ്പള്ളി പദ്ധതിയും. സമീപ പ്രദേശവുമായി പദ്ധതി രാഷ്ട്രത്തിന് സമർപ്പിക്കുമ്പോൾ ഒരു പൂന്തോട്ടമുണ്ടായിരുന്നു. ആ തോട്ടത്തിൽ കാനായിയുടെ കലാവൈഭവം വിളിച്ചു പറയുന്ന ഒരു സ്ത്രീയുടെ പ്രതിമ കാണാം. പഴയ തോട്ടത്തിന്റെ പ്രൗഢിയും തോട്ടം കാണാനെത്തിയവരുടെ എണ്ണവും സന്തോഷവും പ്രതിമക്ക് പറയാനുണ്ട്. പക്ഷേ മൂകസാക്ഷിയാണ്. തോട്ട നവീകരണത്തോടൊപ്പം ജലധാരയും മറ്റും സ്ഥാപിച്ചാൽ ടൂറിസ്റ്റു കേന്ദ്രത്തിന്റെ ഭാഗമായി ഇതിനെയും മാറ്റാം വളപട്ടണം കാട്ടാമ്പള്ളി എന്നീ പുഴകളുടെ സംഗമ സ്ഥാനവും തീര പ്രദേശങ്ങളും പ്രകൃതി രമണീയങ്ങളാണ്. കാട്ടാമ്പള്ളി പുഴയുടെ വിസ്തൃതിയേറിയ ജലപ്പരപ്പിൽ വിനോദ സഞ്ചാരികൾക്കായി തത്തിക്കളിക്കുന്ന വിനോദ സഞ്ചാര ബോട്ടുകളും ഏർപ്പെടുത്താം. ഇതിനു പുറമേ പറശ്ശിനിക്കടവിലേക്ക് ബോട്ട് സർവ്വീസുമാകാം.


കാട്ടാമ്പള്ളിയിലെത്തുന്ന വിനോദസഞ്ചാരികൾക്ക് ദ്വീപിലെ കാഴ്ചകൾ, കാട്ടാമ്പള്ളി പദ്ധതിയും അനുബന്ധ പൂന്തോട്ടവും, ബോട്ടുയാത്ര, പറശ്ശിനിക്കടവിലേക്കുള്ള ബോട്ടു സർവ്വീസും, അനുബന്ധ കാഴ്ചകളും, തിരിച്ചെത്തിയാൽ കളരിവാതുക്കൽ ക്ഷേത്രം, ചിറക്കലിലെ 'വടക്കൻ ഗുരുവായൂർ' (ശ്രീ കൃഷ്ണ ക്ഷേത്രം) ചിറക്കൽ പഞ്ചായത്തിൽ വ്യാപിച്ചു കിടക്കുന്ന നിരവധി ക്ഷേത്രങ്ങൾ, വിവിധ കാവുകളിലെയും അമ്പലങ്ങളിലെയും തെയ്യങ്ങൾ, യുഗയുഗാന്തരങ്ങൾക്ക് മുമ്പ് ക്ഷേത്ര സംസ്കാരം രൂപ കൽപന ചെയ്ത അരിമാവും മഞ്ഞപ്പൊടിയും കരവിരുതും കൊണ്ട് നെയ്തെടുക്കുന്ന കലാഭംഗി തുളുമ്പുന്ന മുഖത്തെഴുത്തും അതിനനുസൃതമായി ഉടയാടകളും ധരിച്ച് രംഗത്ത് വരുന്ന തെയ്യക്കോലങ്ങളും അതിനോടനുബന്ധിച്ചുള്ള തോറ്റം പാട്ടുകൾ, വിവിധയിനം കലാപരിപാടികൾ, ഇവയൊക്കെ സമന്വയിപ്പിക്കുമ്പോൾ, ഏതൊരു വിനോദ സഞ്ചാരിയും അറിയാതെ ഒഴുകിയെത്തും.

രാജകീയ ഭരണ പ്രൗഢിയുടെയും കഠിനാദ്ധ്വാനത്തിന്റെയും, ത്യാഗത്തിന്റെയും സാക്ഷി കേരളത്തിന്റെ ഏറ്റവും വിശാലമായ ചിറക്കൽ ചിറ, കൊട്ടാരങ്ങളുടെ അവശിഷ്ടങ്ങൾ, എന്നിവയും വിനോദസഞ്ചാരികൾക്ക് പ്രിയപ്പെട്ടതാണ്. ഈ ഭൗതിക സൗകര്യങ്ങളൊക്കെ ഉപയോഗപ്പെടുത്തിയാൽ ചിറക്കൽ പഴയ ചരിത്രത്തിൽ തിളങ്ങിയതു പോലെ ആധുനിക ചരിത്രത്തിൽ ആധുനിക വൽക്കരണത്തോടെ ചിറക്കലിന്റെ പേരും പ്രശസ്തിയും ഉയർന്നു നിൽക്കും. നമ്മുടെ വിഭവ സമാഹരണ ശേഷി വർദ്ധിക്കുകയും ചെയ്യും. ഇതിനു വേണ്ടപ്പെട്ടവരുടെ ശ്രദ്ധ പതിയണമെന്നുമാത്രം.

നിലവിലുള്ള വികസന സമീപനം മാറ്റിയേ തീരൂ. അത് ശാസ്ത്രീയമാവുക തന്നെ വേണം. ടാർ റോഡ്, തെരുവ് വിളക്ക്, വിദ്യാലയങ്ങളുമായാൽ വികസനമായി എന്ന മനോഭാവം എവിടെയും നിറഞ്ഞു നിൽക്കുന്നു. കാർഷിക-വ്യാവസായിക മേഖലകളുടെ സമഗ്രവും, ശാശ്വതവുമായ വളർച്ചയിലൂടെ ഉൽപാദന വർദ്ധനവും, ഉൽപാദനക്ഷമതയും വികസിച്ചാലേ നാട് പുരോഗമിക്കുകയുള്ളൂ. ഈ യഥാർത്ഥ ചിന്തയിലേക്ക് ജനങ്ങളെ കൊണ്ടു വരാൻ നമുക്ക് കഴിയണം. ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, അവർക്ക് മുൻഗണനാ ക്രമം നിശ്ചയിച്ച് ജന പങ്കാളിത്തത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്ക് ഉണ്ടായേ തീരൂ. കഴിഞ്ഞ മൂന്ന് മാസങ്ങളായി സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ ഈ പഞ്ചായത്തിലും നടന്നു വരുന്ന ജനകീയ ആസൂത്രണമെന്ന മഹത്തായ പ്രക്രിയ വൻ വിജയമാക്കാൻ നമുക്കു കഴിയുമെന്ന പ്രത്യാശയോടെ ചിറക്കൽ ഗ്രാമ പഞ്ചായത്ത് സെമിനാറിന് മുമ്പാകെ ഈ 'സമഗ്ര വികസന രേഖ' വിശദമായ പരിശോധനക്കും ചർച്ചക്കുമായി സമർപ്പിക്കുന്നു.


# കണ്ണൂർ ജില്ല








1996 നവമ്പർ 8-ാം തീയതി വെള്ളിയാഴ്ച ചേർന്ന
ചിറക്കൽ ഗ്രാമപഞ്ചായത്ത് ബോർഡ് അംഗീകരിച്ചത്



















# ജനകീയാസൂത്രണം

## പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

# സമഗ്രവികസനരേഖ 1996

# പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്
## ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്
# 1996



# 9-ാം പദ്ധതി ജനകീയപദ്ധതി

## പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്


# വികസനരേഖ - '96

## വികസനസെമിനാർ

'96 നവംബർ 24 - ഞായറാഴ്ച

ചാലാട് ഗവ. യു.പി. സ്കൂൾ

## പള്ളിക്കുന്ന് പഞ്ചായത്ത്
## ഭൂപ്രകൃതി



# പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി
# 1995 – 2000


1. കല്ലാളത്തിൽ ജെമിനി – പ്രസിഡന്റ്
2. വി.കെ. സഹീദ് – വൈസ് പ്രസിഡന്റ്
3. കെ. പ്രേംപ്രകാശ്
4. സി. രത്നകുമാരി
5. നാവത്ത് രാധ
6. കെ.എം. നസീർ
7. സി.കെ. അബ്ദുൾഖാദർ
8. ടി. ചാത്തുക്കുട്ടി
9. പി. ജാനകി ടീച്ചർ
10. പി. സുധീന്ദ്രൻ
11. കെ. പുരുഷോത്തമൻ



കല്ലാളത്തിൽ ജെമിനി
പ്രസിഡന്റ്



വി.കെ. സഹീദ്
വൈസ് പ്രസിഡന്റ്




കെ. പ്രേംപ്രകാശ്
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

## പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ



ശ്രീ. കെ. പുരുഷോത്തമൻ, ശ്രീ. പി.സി. സുധീന്ദ്രൻ, ശ്രീ. കെ.എം. നസീർ, ശ്രീമതി സി. രത്നകുമാരി, ശ്രീമതി എൻ. രാധ, ശ്രീമതി പി. ജാനകി, ശ്രീ. സി.കെ. അബ്ദുൾ ഖാദർ, ശ്രീ. ടി. ചാത്തുകുട്ടി

# പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്
## സ്ഥാപനങ്ങൾ




സൂചന

1. പഞ്ചായത്ത് ഓഫീസ്
2. കൃഷിഭവൻ
3. ചാലാട് യു.പി. സ്കൂൾ
4. ചാലാട് മുസ്‌ലിം എൽ.പി. സ്കൂൾ
5. ചാലാട് വെസ്റ്റ് എൽ.പി. സ്കൂൾ
6. [illegible] ഇസ്‌ലാം എൽ.പി. സ്കൂൾ
8. പള്ളിക്കുന്ന് ഗവ. ഹൈ. സ്കൂൾ
7. രാധാവിലാസം എൽ.പി. സ്കൂൾ
9. ഇടച്ചേരി എൽ.പി. സ്കൂൾ
10. ചാലാട് നോർത്ത് എൽ.പി. സ്കൂൾ
11. ലക്ഷം വീട് കോളനി
12. പന്നേൻപാറ ലെവൽ ക്രോസിങ്ങ്
13. സർവീസ് കോ. ബാങ്ക്
14. ചാലാട് സെൻട്രൽ എൽ.പി. സ്കൂൾ

# റിപ്പോർട്ട് തയാറാക്കുന്നതിനു നേതൃത്വംനൽകിയവർ

1. ശ്രീ. പി.വി. രത്നാകരൻ
2. ശ്രീ. സി. നാരായണൻ
3. ശ്രീ. വി.പി. കൃഷ്ണകുമാർ
4. ശ്രീ. എ. ലക്ഷ്മണൻ (കൃഷി ഓഫീസർ)
5. ശ്രീ. എം.പി. കരുണാകരൻ മാസ്റ്റർ
6. ശ്രീ. ടി.കെ. രാമകൃഷ്ണൻ
7. ശ്രീ. പി.സി. ലക്ഷ്മണൻ മാസ്റ്റർ
8. ശ്രീ. എ. വാസുദേവൻ മാസ്റ്റർ
9. ശ്രീ. എസ്.വി. വിശ്വനാഥൻ
10. ഹാജി കെ. മഹമൂദ് മാസ്റ്റർ
11. ശ്രീ. പി.പി. രവീന്ദ്രൻ (വി.ഇ.ഒ.)
12. ശ്രീ. രമേശ് ചന്ദ്ര (വി.ഇ.ഒ.)
13. ശ്രീ. കെ. പ്രഭാകരൻ
14. ഡോ. പ്രശാന്ത്
15. ഡോ. പ്രസന്നകുമാരി
16. ശ്രീമതി കെ. മാലതി ടീച്ചർ
17. ശ്രീമതി എം. ശ്രീജ (എൽ.വി.ഇ.ഒ.)
18. ശ്രീ. കെ. സുരാജൻ (വില്ലേജ് ഓഫീസർ)

# കോർ ഗ്രൂപ്പിൽ പ്രവർത്തിച്ചവർ


1. ശ്രീ. എ.കെ. ബാലൻ മാസ്റ്റർ
2. ശ്രീ. എം.പി. കരുണാകരൻ
3. ശ്രീ. എ. ലക്ഷ്മണൻ
4. ശ്രീ. എം.കെ. കരുണാകരൻ
5. ശ്രീ. എം.വി. നാരായണൻ
6. ശ്രീ. എം. നാണുലാൽ
7. ശ്രീ. എൻ.കെ. മധുസൂദനൻ
8. ശ്രീ. പി. രവി
9. ശ്രീ. സി.പി. മനോജ്
10. ശ്രീ. കെ.പി. ചന്ദ്രൻ
11. ശ്രീ. വി.പി. സലാം
12. ശ്രീ. പി. ശ്രീനിവാസൻ
13. ശ്രീ. പി.പി. രവീന്ദ്രൻ
14. ശ്രീ. സി. ബാലചന്ദ്രൻ
15. ശ്രീ. എം. ലീലാകൃഷ്ണൻ
16. ശ്രീ. കെ. സജീവൻ
17. ശ്രീ. നിശാന്ത്
18. ശ്രീ. ടി. രമേശ് ചന്ദ്ര
19. ശ്രീ. എസ്.വി. വിശ്വനാഥൻ
20. ശ്രീ. ടി. വാസുദേവൻ
21. ശ്രീ. പി.സി. ലക്ഷ്മണൻ മാസ്റ്റർ
22. ശ്രീ. വി.കെ. പ്രശാന്ത്
23. ശ്രീ. എം.പി. സജിത്ത്
24. ശ്രീ. ടി.കെ. രാമകൃഷ്ണൻ
25. ഹാജി കെ. മഹമൂദ് മാസ്റ്റർ
26. ഡോ. കെ.പി. പ്രസന്നകുമാരി
27. ഡോ. പ്രശാന്ത്
28. ശ്രീമതി കെ. മാലതി അമ്മ
29. ശ്രീമതി കെ. ശ്രീജ
30. ശ്രീമതി മാലതി ടീച്ചർ
31. ശ്രീമതി ഹസീന മുസ്തഫ
32. ശ്രീമതി പി.പി. ലത
33. ശ്രീ. സുരാജൻ (വില്ലേജ് ഓഫീസർ)

# വിഷയവിവരം

**ആമുഖം**
**ചരിത്രം**
**ഭൂപ്രകൃതി – ജനപ്രകൃതി**
**സാമൂഹ്യസാമ്പത്തികമേഖലകൾ**

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളവും പൊതുജനാരോഗ്യവും
6. ഗതാഗതം, ഊർജം, മാർക്കറ്റ്
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിതാക്ഷേമം
10. സഹകരണം
11. പട്ടികജാതി – പട്ടികവർഗ ക്ഷേമം
12. വിഭവസമാഹരണം

# കണ്ണൂർ ജില്ല



# ആമുഖം

സ്വാതന്ത്ര്യലബ്ധിക്കുശേഷം എട്ടു പഞ്ചവത്സരപദ്ധതികൾ കഴിഞ്ഞുവെങ്കിലും ജനങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞുകൊണ്ടുള്ള ആസൂത്രണമില്ലാതെ, ജനപങ്കാളിത്തമില്ലാതെ അവയൊക്കെ പൂർണ്ണമായ ഡിപ്പാർട്ട്മെൻറലിസമായി മാറുകയായിരുന്നു. യാതൊരുവിധ മുൻഗണനാക്രമവും വിലയിരുത്തലുകളും ഇല്ലാതെ പണം ചെലവഴിക്കുകയായിരുന്നു ഇതുവരെ ചെയ്തിരുന്നത്. അമിതമായ കേന്ദ്രീകരണവുംകൂടി വന്നപ്പോൾ പദ്ധതികൾ എന്നതു സ്വാധീനമുള്ളവരുടെ വ്യക്തിതാൽപര്യങ്ങൾ സംരക്ഷിക്കപ്പെടലുകൾ മാത്രമായിമാറി.

പുതിയ പഞ്ചായത്തിരാജ്, നഗരപാലികാ നിയമങ്ങൾവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരത്തിലും വമ്പിച്ച മാറ്റങ്ങളാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. ഈ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് 1997 ഏപ്രിൽ 1ന് ആരംഭിക്കുന്ന 9ാം പഞ്ചവത്സരപദ്ധതി ജനങ്ങളുടെ പദ്ധതിയാക്കിമാറ്റുന്നതിനുള്ള നടപടികളാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്.

കേരളത്തിൻെറ 9ാം പഞ്ചവത്സരപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടു രൂപപ്പെട്ടുവന്ന ജനമുന്നേറ്റമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ഈ മുന്നേറ്റത്തിൻെറ ഫലമായി രൂപംകൊള്ളുന്ന 9ാം പദ്ധതി നാട്ടിൻപുറങ്ങളിലും പട്ടണപ്രദേശങ്ങളിലുമുള്ള സാധാരണക്കാരുടെ ആവശ്യങ്ങൾ ഒരുപരിധിയോളം നിറവേറ്റാൻ സഹായകരമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.

മറ്റൊരു സംസ്ഥാനത്തും ഇതേവരെ നടത്തിയിട്ടില്ലാത്ത ഒരു പുത്തൻ പരീക്ഷണമാണ് കേരളത്തിൽ ഉദ്ഘാടനം ചെയ്യുന്ന ഈ ജനകീയാസൂത്രണ പരിപാടി.

ഇതര പ്രദേശങ്ങളിലേതുപോലെ തന്നെ ഓരോ വാർഡിലും അതതു പ്രദേശങ്ങളിലെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ വിളിച്ചുചേർത്ത വിശേഷാൽ ഗ്രാമസഭകളോടെയായിരുന്നു നമ്മുടെ പഞ്ചായത്തിലും ജനകീയാസൂത്രണ പ്രസ്ഥാനത്തിനു തുടക്കംകുറിച്ചത്. സെപ്റ്റംബർ 22ന് ആരംഭിച്ച ഗ്രാമസഭകൾ ഒക്ടോബർ രണ്ടിനു പൂർത്തിയായി.

നിരവധി പ്രശ്നങ്ങളാണ് ഗ്രാമസഭയിൽ ചർച്ച ചെയ്യപ്പെട്ടത്. അത്തരം പ്രശ്നങ്ങളും നിർദേശങ്ങളും അതോടൊപ്പം വിവിധ ഓഫീസുകളിൽനിന്നും ശേഖരിച്ച ദ്വിതീയവിവരങ്ങളും പഞ്ചായത്ത് പഠനപര്യടനത്തിലൂടെ ലഭിച്ച വസ്തുതകളും അടിസ്ഥാനപ്പെടുത്തിയ റിപ്പോർട്ടാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്. സമഗ്രമായ ഒരു സാമൂഹ്യ സാമ്പത്തിക സർവ്വേ നടക്കാത്തതിനാൽ പൂർണ്ണമായ സ്ഥിതിവിവരകണക്കുകൾ ലഭ്യമായിട്ടില്ലെന്ന പരിമിതിയും ഈ റിപ്പോർട്ടിനുണ്ട് എന്നുകൂടി സൂചിപ്പിക്കട്ടെ.

# പള്ളിക്കുന്ന് പഞ്ചായത്ത്

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| 01. പഞ്ചായത്തിൻെറ പേര് | : | പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് |
| 02. ഉൾപ്പെടുന്ന വില്ലേജ് | : | പള്ളിക്കുന്ന് |
| 03. ബ്ലോക്ക് പഞ്ചായത്ത് | : | കണ്ണൂർ |
| 04. താലൂക്ക് | : | കണ്ണൂർ |
| 05. ജില്ല | : | കണ്ണൂർ |
| 06. അസംബ്ലി മണ്ഡലം | : | കണ്ണൂർ |
| 07. വിസ്തീർണ്ണം | : | 6.90 ചതുരശ്ര കി.മി. |
| 08. ജനസംഖ്യ | : | 25057 |
| പുരുഷന്മാർ | : | 12098 |
| സ്ത്രീകൾ | : | 12959 |
| 09. വാർഡുകളുടെ എണ്ണം | : | 11 |
| 10. പ്രസിഡൻറിൻെറ പേര് | : | കല്ലാളത്തിൽ ജെമിനി |
| 11. വൈസ് പ്രസിഡൻറിൻെറ പേര് | : | വി.കെ. സഹീദ് |
| 12. പഞ്ചായത്ത് രൂപംകൊണ്ട വർഷം | : | 1-1-1962 |
| നിലവിലുള്ള അതിർത്തി | | |
| 1. കിഴക്ക് | : | പുഴാതി പഞ്ചായത്ത് |
| 2. വടക്ക് | : | ചിറക്കൽ പഞ്ചായത്ത് |
| 3. തെക്ക് | : | കണ്ണൂർ മുനിസിപ്പാലിറ്റി |
| 4. പടിഞ്ഞാറ് | : | അറബിക്കടൽ |

# ചരിത്രം

കണ്ണൂർ നഗരത്തോട് തൊട്ടുകിടക്കുന്ന പഞ്ചായത്താണ് പള്ളിക്കുന്ന്. പള്ളിക്കുന്നിന്റെ ചരിത്രം കണ്ണൂരിന്റെ ചരിത്രവുമായി ഹൃദയൈക്യം പ്രാപിക്കുന്നതും അതുകൊണ്ടായിരിക്കാം.

വിഹാരശൈലം, വിഹാരദുർഗം, വിഹാരക്ഷിതി, വിഹാരാദ്രി എന്നീ പേരുകളിൽ പോയകാലത്ത് അറിയപ്പെട്ടിരുന്ന പള്ളിക്കുന്നിന്റെ ചരിത്രപശ്ചാത്തലം ആര്യന്മാരുടെ കുടിയേറ്റകാലം മുതലേ ദീപ്തിമത്തായിരുന്നു. പള്ളിക്കുന്ന് ഒരു ബുദ്ധമതകേന്ദ്രമായിരുന്നുവെന്നതിനു തെളിവുകളേറെയുണ്ട്. വിഹാരവുമായി ബന്ധപ്പെടുന്ന സ്ഥലനാമം ഇതിന്റെ സൂചകമാണ്. അക്കാലത്ത് പള്ളിക്കുന്നിൽ പ്രചരിച്ചിരുന്നത് താന്ത്രികബുദ്ധമതമായിരുന്നുവെന്ന് ചരിത്രപണ്ഡിതന്മാർ ചൂണ്ടിക്കാട്ടുന്നു. പള്ളിക്കുന്ന് ചാലാട് ക്ഷേത്രങ്ങൾ ബുദ്ധവിഹാരങ്ങളായിരുന്നുവത്രേ. ചാലാട് ശ്രീ ധർമ്മശാസ്താ ക്ഷേത്രം പരശുരാമനാൽ സ്ഥാപിക്കപ്പെട്ടതാണെന്ന മറ്റൊരു വിശ്വാസവും നിലനിൽക്കുന്നു. വംസുപുരം സ്വാമിമാരുടെ ശ്രീകൃഷ്ണക്ഷേത്രമത്രേ ഇപ്പോഴത്തേ കാനത്തൂരമ്പലം.

പിൽക്കാലത്ത് കടലെടുത്തുപോയെന്ന് കരുതുന്ന ശ്രീമൂലവാസം പള്ളിക്കുന്നിലെ ചാലാട് ആണെന്ന് ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ അഭിപ്രായപ്പെടുമ്പോൾ ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രസിദ്ധമായ ബുദ്ധമതകേന്ദ്രം പള്ളിക്കുന്നിലായിരുന്നുവെന്നാണ് നാം തിരിച്ചറിയേണ്ടത്.

ഒമ്പതാം നൂറ്റാണ്ടോടെ ശ്രീശങ്കരാചാര്യരുടെ ഹിന്ദു നവീകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് നമ്പൂതിരിമാർ പള്ളിക്കുന്നിൽ കുടിയേറാൻ തുടങ്ങിയത്. തുടർന്ന് ശാലനാട് എന്ന ചാലാടും ബ്രാഹ്മണസങ്കേതമായി മാറി. അചിരേണ അവർ ഭൂമിയുടെ അവകാശികളും പള്ളിക്കുന്നിന്റെ ചരിത്രസാന്നിധ്യവുമായി മാറി. അതോടെ ബുദ്ധമതകാലത്ത് നിലനിന്നിരുന്ന ജാതിരഹിതസമൂഹം തകർന്നു. ചാതുർവർണ്യവും സവർണ ഹിന്ദുത്വവും ചരിത്രസത്യമായി.

ചിറക്കൽ രാജവംശത്തിന്റെ (കോലത്തിരി) ഭരണത്തോടെ പള്ളിക്കുന്നിന്റെ സുവർണഘട്ടം തുടങ്ങുകയായി. സാഹിത്യസാംസ്കാരികരംഗങ്ങളിൽ അഭൂതപൂർവമായ മുന്നേറ്റങ്ങൾ ഉണ്ടായി. പതിനാറാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ചന്ദ്രോദയമെന്ന കവിതയിൽ പള്ളിക്കുന്നിലെ കവിശ്രേഷ്ഠരെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ശങ്കരകവികളും, രാഘവകവികളും, പൂനം നമ്പൂതിരിയും ഇതിൽ കടന്നുവരുന്നുണ്ട്. കൃഷ്ണഗാഥാ കർത്താവ് പള്ളിക്കുന്ന് ശ്രീ മൂകാംബികാക്ഷേത്രവുമായി ബന്ധപ്പെട്ടയാളാണെന്ന് കരുതുന്നു.

ഹൈദരലിയുടെ പടയോട്ടവുമായി ബന്ധപ്പെട്ട കഥകളും പള്ളിക്കുന്നിന്റെ ചരിത്രസ്മൃതികളിലുണ്ട്. ഹൈദരലിയുടെ പടനായകനായിരുന്ന വെള്ളുവക്കമ്മാരൻ പള്ളിക്കുന്നുകാരനായിരുന്നു. അറക്കൽ രാജവംശത്തിന്റെ ഉയർച്ച ഇസ്ലാം മതത്തിന് ഈ പ്രദേശങ്ങളിൽ പുതിയൊരുണർവുണ്ടാക്കി. മതമൈത്രിയുടെ പ്രതീകമായി പള്ളിയാംമൂല ചാലാട് മഖാമും, പുതിയ പള്ളി മഖാമും നിലകൊള്ളുന്നു.

ടിപ്പുവിന്റെ കാലത്ത് ജന്മികുടിയാൻ ബന്ധത്തിലുണ്ടായിരുന്ന കാലാനുസൃതമായ മാറ്റം പള്ളിക്കുന്നിലും കണ്ടുതുടങ്ങിയെങ്കിലും സവർണമേധാവിത്വത്തിന് കാര്യമായ പോറലൊന്നും ഏറ്റിരുന്നില്ല.

ആയിരത്തിതൊള്ളായിരത്തിമുപ്പതുകളിൽ സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ പള്ളിക്കുന്നിലും ദൃശ്യമായി. ആദ്യത്തെ മദ്രാസ് അസംബ്ലിയിൽ അംഗമായ മാണിക്കോത്ത് കുമാരൻ വിവിധ ഘട്ടങ്ങളിലായി നടത്തിയ സമരങ്ങളിൽ അറസ്റ്റുചെയ്യപ്പെട്ടു. കുമാർജിയുടെ നേതൃത്വത്തിൽ പയ്യാമ്പലത്ത് നടത്തിയ ഉപ്പുകുറുക്കൽ സമരത്തിൽ എം.പി. മാധവൻ, മുള്ളങ്കണ്ടി രാഘവൻ, ഒ.ജി. തുടങ്ങിയവർ പങ്കെടുത്തു. മുണ്ട്യത്ത് അമ്പൂട്ടി, കോളോത്ത് മാധവൻ, കെ.ടി.ബി. നായർ, മതുമ്മൽ കരുണാകരൻ തുടങ്ങിയവരും ധീരരായ സ്വാതന്ത്ര്യസമരസേനാനികളായിരുന്നു.

കോൺഗ്രസ് നേതാവും പിൽക്കാലത്ത് എം.എൽ.എയുമായ പാമ്പൻ മാധവന്റെ നേതൃത്വത്തിൽ ക്ഷേത്രപ്രവേശന സ്വാതന്ത്ര്യത്തിനുവേണ്ടി ചാലാട് ക്ഷേത്രകവാടത്തിന് മുന്നിൽ സമരം നടന്നു. ചാമക്കാലി കൃഷ്ണൻ, മാടങ്കര കണ്ണൻ, ഒ. നാരായണൻ എന്നിവർ ഈ സമരത്തിൽ പങ്കെടുത്തു. കേരളത്തിലെ ആദ്യത്തെ വ്യവസായമന്ത്രിയും സ്വാതന്ത്ര്യസമരഭടനുമായ കെ.പി. ഗോപാലന്റെ കർമ്മരംഗവും പള്ളിക്കുന്നായിരുന്നു.

നാൽപതുകളിൽ ഉൽപരിഷ്ണുക്കളായ ചെറുപ്പക്കാർ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരേ ശബ്ദമുയർത്തിയത് പള്ളിക്കുന്നിൽ സാമൂഹ്യമാറ്റങ്ങൾക്ക് നാന്ദികുറിക്കാൻ ഇടയായി. അയിത്തോച്ചാടനത്തിനും മദ്യവർജനത്തിനുമായി പുതിയ സമരമുഖങ്ങൾ തുറക്കപ്പെട്ടു.

പള്ളിക്കുന്നിന്റെ എക്കാലത്തേയും വലിയ പ്രത്യേകത പ്രബുദ്ധമായ ബൗദ്ധികതയായിരുന്നു അവർണ സവർണ വ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനങ്ങളും വിദ്യാസമ്പന്നരായിരുന്നു. ഉന്നതമായ ഔദ്യോഗിക സ്ഥാനങ്ങളിൽ നാനാജാതി വിഭാഗത്തിൽപ്പെട്ടവരെയും കാണാമായിരുന്നു. അതിസമ്പന്നമായ സാംസ്കാരിക പാരമ്പര്യം ഇന്നും നാം കാത്തുസൂക്ഷിക്കുന്നു എന്നതിന് തെളിവാണ് വി. ഉണ്ണിക്കൃഷ്ണൻ നായരേപ്പോലുള്ള കവിശ്രേഷ്ഠന്മാർക്കും ടി. പത്മനാഭനെപ്പോലുള്ള സാഹിത്യനായകർക്കും പരയങ്ങാട് കുഞ്ഞിരാമനെപ്പോലുള്ള സംസ്കൃതപണ്ഡിതർക്കും ജന്മം നൽകാൻ പള്ളിക്കുന്നിനു കഴിഞ്ഞത്.

ചെറുകിട കൃഷിക്കാരും തൊഴിലാളികളും ഇടത്തരക്കാരായ ഉദ്യോഗസ്ഥരുമാണ് പള്ളിക്കുന്നിന്റെ ജനപ്രകൃതി. കാർഷികമേഖല പൊതുവേ സമരവിമുക്തമായിരുന്നുവെങ്കിലും വ്യവസായമേഖലയിൽ സമരങ്ങൾ വിരളമായിരുന്നില്ല. ബീഡിത്തൊഴിലാളികളും നെയ്ത്തുതൊഴിലാളികളും നിരന്തരമായി നടത്തിയ പോരാട്ടങ്ങൾ കഴിഞ്ഞകാല സത്യങ്ങളേക്കാളേറെ വർത്തമാനകാല ദൗത്യങ്ങളുമായാണ് ബന്ധപ്പെട്ടുകിടക്കുന്നത്. ഇവിടെ അതുകൊണ്ടുകൂടിയാണ് തൊഴിലാളികളുടെ ജീവിതനിലവാരത്തിൽ പ്രകടമായ മാറ്റങ്ങളുണ്ടായത്.

ഇന്ത്യൻ കായികരംഗത്തിന് പള്ളിക്കുന്നിന്റെ സംഭാവന ചെറുതല്ല. റോം ഒളിമ്പിക്സിൽ ഇന്ത്യൻ ഫുട്ബോൾ ജേഴ്സിയണിഞ്ഞ മുണ്ട്യത്ത് ദേവദാസും വനിതാഫുട്ബോളിൽ ഇന്ത്യൻ കളറണിഞ്ഞ കെ. സൂനയും പള്ളിക്കുന്നിന്റെ സന്തതികളാണ്.

പള്ളിക്കുന്ന് കണ്ണൂരിന്റെ വീട്ടകമായി മാറിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും നല്ല റസിഡൻഷ്യൽ ഏരിയ. കണ്ണൂർ നഗരം പള്ളിക്കുന്നോളം വളർന്നു എന്നുപറഞ്ഞാൽ അതൊരു അതിശയോക്തിയല്ല. സത്യദർശനമാണ്. പടന്നത്തോടിന്റെ മലിനജലപ്രശ്നം പോലുള്ള കാര്യങ്ങൾ പള്ളിക്കുന്നിന്റെ ഭൂമികയിൽ എഴുതിച്ചേർക്കാനില്ലെങ്കിൽ ഈ പ്രദേശത്തെക്കുറിച്ചുപറയാൻ നന്മകൾ മാത്രമേ ഉള്ളൂ.

# ഭൂപ്രകൃതി, ജനപ്രകൃതി

കിഴക്കുവശം ഉയർന്നും പടിഞ്ഞാറുവശം താഴ്ന്നും കിടക്കുന്ന ഭൂപ്രകൃതിയാണ് പള്ളിക്കുന്നിൻേറത്. കിഴക്കു പുഴാതി പഞ്ചായത്തും വടക്കു ചിറക്കൽ പഞ്ചായത്തും തെക്കു കണ്ണൂർ മുനിസിപ്പാലിറ്റിയും അതിർത്തികളായുള്ള പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിർത്തി അറബിക്കടലാണ്. ഏകദേശം 1.5 കിലോമീറ്റർ നീളത്തിൽ പരന്നുകിടക്കുന്ന ഒരു കടലോരം പഞ്ചായത്തിനുണ്ട്. ജനസാന്ദ്രത ഏറ്റവും കൂടിയ പഞ്ചായത്തുകളിലൊന്നാണ് പള്ളിക്കുന്ന്. 1991ലെ സെൻസസ് പ്രകാരം ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 3631 ആണ്. കണ്ണൂർ ജില്ലയുടെ ജനസാന്ദ്രതയാകട്ടെ ചതുരശ്രകിലോമീറ്ററിന് 759 മാത്രമാവും.

ചെറിയ കുന്നുകളും വയലുകളും താഴ്വരകളും ഇടകലർന്നതാണ് പഞ്ചായത്തിന്റെ ഭൂപ്രദേശം. പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ നാലായി തരംതിരിക്കാവുന്നതാണ്.

1. കടലിനോടു ചേർന്നുകിടക്കുന്ന പ്രദേശം
2. പൂഴിമണ്ണുള്ള വയൽ പ്രദേശം
3. ഇടത്തരം ചരിവുകൾ
4. ചെറിയ കുന്നുകൾ

ഉദയംകുന്ന്, കുന്നാവ്, തോലാപ്പൻ കുന്ന് എന്നീ പേരുകളിലറിയപ്പെടുന്ന കുന്നുകളും മണൽ, പള്ളിക്കുന്നുവയൽ എന്നിങ്ങനെ അറിയപ്പെടുന്ന വയൽപ്രദേശങ്ങളും 1.5 കി.മി. വരുന്ന കടൽതീരവും ചേർന്നതാണ് പള്ളിക്കുന്നിൻെറ ഭൂപ്രകൃതി.

താരതമ്യേന മെച്ചപ്പെട്ട മഴ ലഭിക്കുന്നുണ്ടെങ്കിലും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പല പ്രദേശങ്ങളിലും വരൾച്ച അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിന്റെ കടലോരപ്രദേശത്തു ശുദ്ധജലക്ഷാമം രൂക്ഷമാണ്. മിക്കവാറും കിണറുകളിൽ ഉപ്പുവെള്ളമാണ്.

പഞ്ചായത്തിൽ കൃഷിഭൂമി വർഷംപ്രതി കുറഞ്ഞുവരികയാണ്. നെൽകൃഷി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. നെൽപ്പാടങ്ങൾ നികത്തി കെട്ടിടം പണി സാർവ്വത്രികമാണ്. പ്രധാന വിള തെങ്ങാണ്.

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 25057 ആണ്. 1981ൽ ഇത് 19217 ആയിരുന്നു. ജനസംഖ്യയിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ വമ്പിച്ച വർധനവ് ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം 3897 ആണ്. വീടൊന്നിൽ ശരാശരി 6.42 ആളുകൾ വീതമുണ്ട്.

പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 97.47% ആണ്. പുരുഷന്മാരുടെ സാക്ഷരതാനിരക്ക് 98.61% സ്ത്രീകളുടേത് 94.86%. ജില്ലയുടെ സാക്ഷരതാനിരക്ക് 91.48%.

അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്.

കൃഷിഭൂമി പൂർണ്ണമായും തുണ്ടുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. കൃഷി ആദായകരമല്ലാതായതോടെ ഈ മേഖലയിൽനിന്നും തൊഴിലാളികൾ കൂട്ടത്തോടെ മറ്റു മേഖലകളിലേക്കു കടക്കുകയാണ്. പ്രധാനമായും കെട്ടിടനിർമ്മാണരംഗത്തേക്കാണ് ഇത്തരത്തിലുള്ള കടന്നുകയറ്റം ഉണ്ടായിരിക്കുന്നത്.

പരമ്പരാഗതമേഖലയായ ബീഡി, കൈത്തറിരംഗം പൊതുവേ തകർച്ചയെ നേരിടുകയാണ്.

ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നുവെങ്കിലും അതിനെതിരായ പോരാട്ടങ്ങൾ ദേശീയപ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി ഈ പഞ്ചായത്തിൽ കുറഞ്ഞിട്ടുണ്ട്. അവർണ്ണർക്ക് അമ്പലത്തിൽ പ്രവേശിക്കുവാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ പോരാട്ടം ഇതിൽ പ്രധാനമാണ്.

ജലസ്രോതസ്സിൽ സാമാന്യം സമ്പന്നമായൊരു പഞ്ചായത്താണ് നമ്മുടേത്. പത്തു കിലോമീറ്ററോളം നീളം വരുന്ന തോടുകളും സ്വകാര്യവും പൊതുവുമായ കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്.

ദേശാഭിമാനി, ദീപിക എന്നീ രണ്ടു പത്രസ്ഥാപനങ്ങളും പാൽസംസ്കരണരംഗത്തു പ്രവർത്തിക്കുന്ന മിൽമയും ആതുരശുശ്രൂഷാരംഗത്തു പ്രവർത്തിക്കുന്ന കൊയിലി ആശുപത്രിയും വി.കെ., സവിത എന്നീ സിനിമാ തിയറ്ററുകളും പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ്. ○

# കൃഷിയും ജലസേചനവും

ദേശീയ പ്രസ്ഥാനത്തിന് നായകത്വം വഹിച്ച അനവധി പേർക്ക് ജന്മം നൽകിയ പള്ളിക്കുന്ന് പഞ്ചായത്ത് അക്ഷരാർഥത്തിൽ കാർഷിക ഗ്രാമമായി വർത്തിക്കുന്നു. പഞ്ചായത്തിന് കിഴക്ക് ഉദയംകുന്ന്, വടക്ക് കുന്നാവ്– കുന്നുമ്മക്കാവ്, പടിഞ്ഞാറ് അറബിക്കടലും തെക്ക് കുഴിക്കുന്നും അതിരുകളായുള്ള ശൂർപ്പാകാരത്തിലുള്ളതും കണ്ണൂർ മുനിസിപ്പാലിറ്റി, പുഴാതി, ചിറക്കൽ, അഴീക്കോട് പഞ്ചായത്തുകളുടെ ഇടയിലായിക്കിടക്കുന്നതുമായ ഗ്രാമമാണ് ഇത്. വയലുകളും, താഴ്വരകളും കുന്നിൻപ്രദേശങ്ങളും ചരിവുകളും നിറഞ്ഞ പ്രദേശങ്ങളാണേറെ. നിറയെ കായ്ച്ചു നിൽക്കുന്ന തെങ്ങുകളും രണ്ടു പ്രധാന തോടുകളും അവയുടെ കൈവഴികളായി ഒഴുകുന്ന 5 ചെറുതോടുകളും അടങ്ങുന്ന നെൽവയലുകളിൽ നെല്ല്, പയർ വർഗങ്ങൾ, പച്ചക്കറികൾ എന്നിവയും പുരയിടങ്ങളിൽ തെങ്ങ്, കമുക്, പ്ലാവ്, മാവ് തുടങ്ങിയവയും ഇതിൽ ഇടവിളയായി ചേന, ചേമ്പ്, വാഴ, മരച്ചീനി എന്നിവയും കൃഷി ചെയ്തിരുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് കടലിനോടു ചേർന്നു കിടക്കുന്ന മണൽപ്രദേശം വത്തക്ക (തണ്ണിമത്തൻ) കൃഷിക്ക് കേൾവികേട്ടസ്ഥലമായിരുന്നു.

പണ്ട് കാലത്ത് ഏകദേശം 750 ഏക്കറോളം സ്ഥലം നെൽകൃഷി ചെയ്തുവന്ന വയൽ പ്രദേശങ്ങളായിരുന്നു. പഞ്ചായത്തിലെ കൃഷി ഭൂമി പള്ളിക്കുന്ന് ദേവസ്വം കീഴിലായി ദേവസ്വം, കളരിവാതുക്കൽ ദേവസ്വം, ചാലാട് ദേവസ്വം, ചിറക്കൽ കോവിലകം, അറക്കൽ സ്വരൂപം എന്നിവരുടെ ജന്മാവകാശത്തിലായിരുന്നു. അവരുടെ കീഴിൽ പാട്ടക്കാരും കുടിയാന്മാരുമായിട്ടായിരുന്നു കൃഷിക്കാർ കൃഷി നടത്തിവന്നിരുന്നത്. അക്കാലത്ത് ജന്മിമാരുടെ ചൂഷണങ്ങളിൽ നിന്നും ( മേൽചാർത്ത്, പൊലു സമ്പ്രദായം, കാഴ്ചവെപ്പ് തുടങ്ങിയവ) കൃഷിക്കാർ മോചിതരായത് ഭൂപരിഷ്കരണ നിയമത്തോടെയായിരുന്നു. കൃഷിക്കാരുടെ ഇടയിൽ നിലനിന്നിരുന്ന പരസ്പര സഹായ സഹകരണവും ഒത്തൊരുമയും പണ്ട് കാലങ്ങളിൽ കൃഷിക്കാരുടെ പുരോഗതിക്ക് ഏറെ സഹായകരമായിരുന്നു. കർഷക തൊഴിലാളികളെ ആവശ്യാനുസരണം ഉപയോഗിച്ചും ജൈവവളം വേണ്ടുവോളം ഉപയോഗിച്ചും ആധുനിക കൃഷി രീതികളൊന്നും ഇല്ലാതിരുന്ന ആക്കാലത്ത് നല്ലവിളവുണ്ടാക്കാൻ സാധിച്ചിരുന്നു. ഇതിനു സഹായകരമായ രീതിയിൽ കൃഷിക്കാരും കർഷകതൊഴിലാളികളും തമ്മിൽ ഒരു ആത്മബന്ധം നിലനിന്നിരുന്നു. എന്നിരിക്കിലും സിംഹഭാഗവും ജന്മിമാർ തട്ടിയെടുത്തിരുന്നു.

പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്
ഭൂമി സംബന്ധിച്ച വിവരങ്ങൾ
(അവലംബം: കൃഷിഭവൻ)

| ഇനം | വിസ്തീർണം |
|---|---|
| നിലം | 50 ഹെക്ടർ |
| പുരയിടം | 614 ഹെക്ടർ |
| പുറമ്പോക്ക്(റെയിൽവേ) | 21 ഹെക്ടർ |
| കൃഷിയോഗ്യ തരിശ് | – |
| കൃഷിയോഗ്യമല്ലാത്തത് | 5 ഹെക്ടർ |
| ആകെ | 690 ഹെക്ടർ |



കേരളത്തെ 13 കാർഷിക മേഖലകളായി തിരിച്ചതിൽ 12–ാമത്തെ മേഖലയായ കണ്ണൂർബ്ലോക്ക് പ്രദേശത്താണ് പള്ളിക്കുന്ന് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്തുവരുന്ന ഇവിടുത്തെ വയലുകൾ അധികവും മൂന്നുചെറിയ കുന്നിന്റെ (ഒതയൻ കുന്ന്, കുന്നാവ്കുന്നമ്മൽ, കുഴികുന്ന്) ഉൾപ്രദേശത്ത് സ്ഥിതിചെയ്യുന്നതിനാൽ ഒന്നാംവിളയും, രണ്ടാം വിളയും കൃഷി ചെയ്തുവരുന്നു. മഴക്കാലത്ത് ലഭിക്കുന്ന വെള്ളം വയലിൽ കൂടിയും ചെറിയ തോടുകളിൽ കൂടിയും ഒഴുകി ചുരുങ്ങിയ സമയത്തിനകം കടലിൽ എത്തുന്നു. പഴയകാലത്ത് കയമ, തവളക്കണ്ണൻ, ചിറ്റേനി, വെള്ളരി, ജീവി, ബംഗാളകയമ തുടങ്ങിയവയായിരുന്നു പ്രധാന കൃഷി. ഇപ്പോൾ ജയ, പവിഴം, ജ്യോതി, മസൂരി, ത്രിവേണി തുടങ്ങിയ അത്യുൽപാദന ശേഷിയുള്ള ഇനങ്ങളും വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ആതിരയും കൃഷി ചെയ്തുവരുന്നു. പഴയകാലങ്ങളിൽ കീടരോഗബാധ കുറവായിരുന്നു. ചില കർഷകരുടെ പഴയ ആചാരങ്ങളിൽ കൂടി പ്രതിവിധി കാണാറായിരുന്നു പതിവ്.

1959–ലെ കാർഷിക ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ കൃഷി ഭൂമി കൃഷിക്കാരന്റേതായിമാറിയെ

ങ്കിലും പിന്നീട് കൃഷിയോടുള്ള ആഭിമുഖ്യകുറവും തൊഴിലാളികളുടെ ദൗർലഭ്യവും, കൂലി, വളം, കീടനാശിനി എന്നീ മേഖലകളിലുണ്ടായ വിലവർദ്ധനയും ജില്ലാ ആസ്ഥാനത്തോടു തൊട്ടുകിടക്കുന്ന സ്ഥലമാകയാൽ മറ്റ് ജോലി തേടി പുരുഷ സ്ത്രീ തൊഴിലാളികളുടെ പലായനവും, കൃത്യസമയത്ത് കൃഷിയിറക്കുന്നതിനും മറ്റ് പരിചരണങ്ങൾ ചെയ്യാൻ സാധിക്കാതെ വന്നതിനാലും കൃഷി ലാഭകരമല്ലാതായിത്തീർന്നു. ആയതു വഴി ഭൂമി തരിശിടുന്നതിനും കൃഷി കുറയുന്നതിനും വഴിയൊരുക്കി. ഭൂമി സംബന്ധിച്ച വിവരം പട്ടികയിൽ കൊടുക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ 690 ഹെക്ടർ ഭൂമിയിൽ പകുതിയോളം സ്ഥലം കട്ടയാട്‌വയൽ, കാനത്തൂർവയൽ, പള്ളിക്കുന്നുവയൽ, പുഞ്ചവയൽ, കാഞ്ഞിരത്താംവയൽ, കയപ്രംവയൽ, മണൽവയൽ, കൂത്തൂണി വയൽ, കല്ലാളം വയൽ, ചാലാട് വയൽ, എരഞ്ഞാറ്റ് വയൽ, തളാപ്പ് വയൽ എന്നീ പേരുകളിലറിയപ്പെടുന്ന നെൽകൃഷി സ്ഥലം ആയിരുന്നു. എന്നാൽ ഭൂരിഭാഗം നെൽവയലും കെട്ടിടം പണിയുന്നതിനായും നാണ്യവിളകൾ കൃഷി ചെയ്യുന്നതിനായും നികത്തി കരയാക്കിക്കഴിഞ്ഞിരിക്കുകയാണ്. പട്ടണപ്രദേശത്തിനടുത്താകയാൽ ഭൂവില ക്രമാതീതമായി വർദ്ധിക്കാനിടയാക്കിയതും കൃഷി കുറയാനിടയാക്കിയിട്ടുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ മൊത്തം വിസ്യതിയിൽ 5.8% സ്ഥലത്ത് നെല്ലും 69.9% സ്ഥലത്ത് തെങ്ങും 24.3% സ്ഥലത്ത് മറ്റു വിളകളും കൃഷി ചെയ്തുവരുന്നു.

മണ്ണിന്റെ സ്ഥിതി

1. ചരൽമണ്ണ്
2. ചെങ്കൽ കലർന്ന മണ്ണ്
3. കളിമണ്ണ്
4. മണൽപ്രദേശം
5. എക്കൽമണ്ണ്

കേരളത്തിൽ ആളോഹരി ഭൂലഭ്യത 0.13 ഹെക്ടർ ആണെങ്കിലും പള്ളിക്കുന്ന് പഞ്ചായത്തിൽ ഇത് 0.02 ഹെക്ടർ മാത്രമാണ്. 10 വർഷംകൊണ്ട് 30% നെൽവയലുകൾ നികത്തി കരയാക്കി മാറ്റിയിട്ടുണ്ട്. തെങ്ങുകൃഷി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെങ്കിലും പരിചരണത്തിലുള്ള വീഴ്ചകാരണം ഉല്പാദനക്ഷമത കൂട്ടാൻ സാധിച്ചിട്ടില്ല. ഭൂവിനിയോഗം, പ്രധാന വിളകൾ, ഉല്പാദനക്ഷമത, എന്നീ കാര്യങ്ങൾ താഴെ പട്ടികയിൽ കാണിക്കുന്നു.

## പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

വിള വിസ്തീർണവും ഉല്പാദനവും (കൃഷിഭവൻ രജിസ്റ്റർ)

| വിള | വിസ്തീർണം | മൊത്തംഉത്പാദനം | ഉത്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല്(ഒന്നാംവിള) | 40 ഹെക്ടർ | 100 ടൺ | 2,500കിലോ |
| നെല്ല്(രണ്ടാംവിള) | 15 ഹെക്ടർ | 33 ടൺ | 2,200 കിലോ |
| നെല്ല്(മൂന്നാംവിള) | - | - | - |
| പയർ ഉഴുന്ന് | 10ഹെക്ടർ | 3.2 ടൺ | 320കിലോ |
| പച്ചക്കറികൾ | 15 ഹെക്ടർ | 15.0 ടൺ | 1,000കിലോ |
| തെങ്ങ് | 482ഹെക്ടർ | 48,96,300 എണ്ണം | 40എണ്ണം(തെങ്ങൊന്നിന്) |
| വാഴ | 3ഹെക്ടർ | 54 ടൺ | 18,000കിലോ |
| കുരുമുളക് | 6ഹെക്ടർ | 1,450കിലോ | 241 കിലോ |
| കശുമാവ് | 3ഹെക്ടർ | 2,800കിലോ | 933 കിലോ |
| കമുക് | 8 ഹെക്ടർ | 6,00,000 എണ്ണം | 500 എണ്ണം(മരം ഒന്നിന്) |
| മാവ് (ഒട്ട്) | 2 ഹെക്ടർ | 4,400 കിലോ | 2,200 കിലോ |

## തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|---|---|---|
| | വിസ്തീർണം ഹെക്ടർ | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | ലീഫ്റോട്ട് | ബഡ് റോട്ട് | കാറ്റുവീഴ്ച | വേര് ചീയൽ | ആകെ |
| 1 | 59 | 1770 | 7080 | 8850 | – | 10 | 60 | 30 | 100 |
| 2 | 48 | 1440 | 5760 | 7200 | – | 5 | 20 | 15 | 40 |
| 3 | 47 | 1410 | 5640 | 7050 | – | 30 | 50 | 25 | 105 |
| 4 | 35 | 1050 | 4200 | 5250 | 5 | 38 | 85 | 40 | 168 |
| 5 | 48 | 1440 | 5760 | 7200 | 15 | 42 | 70 | 32 | 159 |
| 6 | 34 | 1020 | 4080 | 5100 | – | 5 | 15 | 6 | 26 |
| 7 | 39 | 1170 | 4680 | 5850 | – | 10 | 25 | 15 | 50 |
| 8 | 34 | 1020 | 4080 | 5100 | – | 5 | 30 | 22 | 57 |
| 9 | 45 | 1350 | 5400 | 6750 | – | 3 | 32 | 18 | 53 |
| 10 | 47 | 1410 | 5640 | 7050 | – | – | 40 | 23 | 63 |
| 11 | 46 | 1380 | 5520 | 6900 | – | 4 | 22 | 12 | 38 |
| ആകെ | 482 | 14460 | 57840 | 72300 | 20 | 142 | 449 | 238 | 849 |

മുകളിൽ പ്രസ്താവിച്ച കാര്യങ്ങളിൽ നിന്നു നെൽകൃഷി എങ്ങിനെയാണ് തെങ്ങ് കൃഷിക്ക് വഴിമാറിക്കൊടുത്തതെന്നു വ്യക്തമാവുന്നതാണ്.

### ജലസേചനം

ജലസേചന സൗകര്യം പരിമിതമായി മാത്രമേ പഞ്ചായത്തിൽ ഉള്ളു. മഴയെമാത്രം ആശ്രയിച്ചാണ് മുഖ്യമായും കൃഷിയിറക്കുന്നത്.

ജൂൺ മുതൽ ആഗസ്റ്റ് മാസം വരെയുള്ള കാലവർഷവും, സെപ്റ്റംബർ– ഒക്ടോബർ മാസത്തിൽ കിട്ടുന്ന തുലാവർഷവും ആണ് ജലലഭ്യത.

1988 മുതൽ ഈ പ്രദേശത്ത് പെയ്ത മഴയുടെ കണക്ക് ചുവടെ ചേർക്കുന്നു. (അവലംബം - കരിമ്പ് ഗവേഷണ കേന്ദ്രം. മി.മീ.)

| കൊല്ലം | ജനു | ഫെബ്രു | മാർ | ഏപ്രി | മെയ് | ജൂൺ | ജൂലൈ | ആഗ | സെപ് | ഒക്ടോ | നവം | ഡിസം | മൊത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1988 | 0 | 0 | 0 | 80 | 176 | 1073 | 1028 | 533 | 343 | 49 | 98 | 0 | 3380 |
| 1989 | 0 | 0 | 9 | 147 | 133 | 1342 | 743 | 465 | 195 | 285 | 122 | 0 | 3441 |
| 1990 | 0 | 0 | 0 | 3 | 629 | 661 | 869 | 524 | 125 | 496 | 73 | 1 | 3381 |
| 1991 | 0 | 0 | 0 | 37 | 256 | 1042 | 1311 | 652 | 59 | 366 | 44 | 0 | 3797 |
| 1992 | 0 | 0 | 0 | 14 | 186 | 945 | 942 | 886 | 226 | 192 | 456 | 0 | 3847 |
| 1993 | 0 | 0 | 0 | 0 | 128 | 743 | 1004 | 361 | 93 | 395 | 43 | 100 | 2867 |
| 1994 | 0 | 0 | 9 | 130 | 38 | 1251 | 1416 | 590 | 194 | 407 | 16 | 0 | 4051 |
| 1995 | 0 | 0 | 0 | 25 | 312 | 761 | 909 | 523 | 110 | 118 | 121 | 0 | 2879 |
| 1996 | 0 | 0 | 0 | 63 | 168 | 1023 | 1145 | 446 | 339 | 198 | 724 | – | – |

ഉയർന്ന പ്രദേശങ്ങളിൽ പതിക്കുന്ന മഴവെള്ളം താഴോട്ട് ഒഴുകി പള്ളിക്കുന്നിനടുത്ത ചാലിയാർ തോടായി രൂപാന്തരപ്പെടും. ചിറക്കൽ ചിറയിൽ നിന്നും ഒഴുകിവരുന്ന ജലം തോടായി കുന്നാകുളത്തിന്റെ അരികിൽ കൂടിയും, തളാപ്പ് ഭാഗത്ത് കണ്ണൂർ മുനിസിപ്പാലിറ്റിയിലേതും കൂടി ഇരട്ടക്കണ്ണൻ പാലം വഴി പടന്നത്തോടിൽ കൂടിയും വിവിധ ചെറിയ കൈവഴികളായി ഇതിലേക്ക് വരികയും പ്രത്യേകം ഭാഗത്ത് കൂടി കടലിലേക്ക് എത്തുകയും ചെയ്യുന്നു. ഈ തോടുകളുടെ നീളം ഏകദേശം 10 കി.മീ. ആണ്. മഴക്കാലത്ത് വയൽ പ്രദേശത്ത് കൂടി നിരന്നാണ് ഒഴുകിയിരുന്നത്. എന്നാൽ ഇപ്പോൾ കൃഷി സ്ഥലം മറ്റാവശ്യങ്ങൾക്കായി മാറ്റിയതു കാരണം അതിവർഷ സമയത്ത് വെള്ളപ്പൊക്കം അനുഭവപ്പെടാറുണ്ട്. എന്നാൽ ഉയർന്ന സ്ഥലങ്ങളിൽ മുൻകാലങ്ങളിൽ (മുൻകൃഷിക്കാർ) ചെയ്തിരുന്ന കാർഷിക പ്രവർത്തനങ്ങൾ ഇപ്പോൾ കൃത്യമായി ചെയ്യാത്തതിനാൽ മഴ കഴിഞ്ഞ ഉടനെതന്നെ വരൾച്ചയെ നേരിടേണ്ടിവരുന്നു. മുൻകാലങ്ങളിൽ ജനുവരി മാസം വരെ കുന്നിൻ ചരുവിലും തോടുകളിലും തീരുറവകണ്ടിരുന്നു. എന്നാൽ ഇപ്പോൾ അങ്ങിനെ കാണുന്നില്ല.

അതിനു കാരണം കൊത്തും കിളയും വരമ്പുകളും കിളകളും വെക്കാത്തതുമാണെന്ന് കാണാം. ഈ രീതിയിലുള്ള കാർഷിക പരിചരണമുറക്ക് ആവശ്യമായ പ്രചാരണവും ബോധവൽക്കരണവും നടത്തേണ്ടതാണ്.

### ഭൂവിഭവങ്ങൾ

മാനവരാശിയുടെ നിലനിൽപിനായി മണ്ണും ജലവും ശാസ്ത്രീയമായി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി കുന്നിൻപ്രദേശങ്ങളെ തട്ടുകളായി തിരിച്ചും വരമ്പുകൾ നിർമിച്ചും അതിർവരമ്പുകളിൽ ധാരാളം മരങ്ങൾ വച്ചുപിടിപ്പിച്ചും കഴിഞ്ഞ കാലങ്ങളിൽ മണ്ണ് സംരക്ഷിച്ചിരുന്നു. വയലുകൾ പലപ്രാവശ്യം ഉഴുതുമറിച്ചും തൊടികൾ വരമ്പിട്ട് കിളച്ചും തട്ടിപൂലടക്കിയും മണ്ണ് സംരക്ഷണം നടത്തിയിരുന്നു. ഇന്ന് ഇതൊക്ക് നാമമാത്രമായി മാത്രമേ നടക്കുന്നുള്ളു. നീർത്തടം അടിസ്ഥാനത്തിൽ മണ്ണ്–ജലസംരക്ഷണ പ്രവർത്തനം കാര്യക്ഷമമായി നടക്കേണ്ടതുണ്ട്.

### ജൈവരാസ വളങ്ങളുടെ ഉപയോഗം

തൊഴിലാളികളുടെ ലഭ്യതക്കുറവും, കൂലി വർധനയും കാരണം പച്ചിലവളങ്ങൾ ശേഖരിക്കാൻ പ്രയാസം നേരിടുകയും മറ്റു ജൈവവളങ്ങളായ കാലിവളം, വെണ്ണീർ എന്നിവ ആവശ്യാനുസരണം ലഭ്യമല്ലാത്തതും, രാസവളത്തിന്റെ ക്രമാതീതമായ വില വർദ്ധനവും കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. രാസവളത്തിന്റെ ഉപഭോഗം 94–ൽ 32.7 ടണ്ണും, 95–ൽ13.5 ടണ്ണും, 96–ൽ 18 ടണ്ണും ആയി ചുരുങ്ങിയത് വിളവ് കുറയാൻ കാരണമായിട്ടുണ്ട്. രാസവളജൈവവള ഉപഭോഗം ശാസ്ത്രീയമാക്കുന്നതിനു ബോധവൽക്കരണം ആവശ്യമാണ്.

### നീർമറി വികസനപദ്ധതി

പഞ്ചായത്തിന്റെ സർവതോന്മുഖമായ വികസനത്തിന് സഹായകമായ വിധത്തിൽ നടപ്പിലാക്കുന്ന ചാലാട് നീർമറി എന്ന പേരിൽ ചിറക്കൽ, പള്ളിക്കുന്ന്, പുഴാതി പഞ്ചായത്തുകളുടെ ഭാഗങ്ങൾ ചേർത്തുകൊണ്ട് 1997 മുതൽ നടപ്പിലാക്കുന്നതിനാവശ്യമായ പ്രാഥമിക സർവെ നടന്നുവരുന്നു. ഈ പദ്ധതിയുടെ പ്രവർത്തനം ജനങ്ങളിൽ എത്തിക്കാൻ സന്നദ്ധസംഘടനകളുടെ സഹായത്തോടു കൂടി പരമാവധി ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

### കൃഷിഭവൻ

1983 മുതൽ പള്ളിക്കുന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷി ഓഫീസർമാരും കൃഷി അസിസ്റ്റന്റുമാരും സമ്പർക്ക കർഷകരെ തെരഞ്ഞെടുത്ത് കാർഷിക മേഖലയിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു. എന്തെങ്കിലും ആനുകൂല്യങ്ങൾക്കും നിർദേശങ്ങൾക്കും വേണ്ടി കൃഷി വികസന ഓഫീസറുമായി ബന്ധപ്പെടാൻ അന്ന് കണ്ണൂരിലെത്തേണ്ടിയിരുന്നു. 1987 മുതൽ പഞ്ചായത്തിൽ ഒരു കൃഷി ഭവൻ കൊക്കേൻപാറയിലുള്ള ഒരു വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. കൃഷി ഭവനിൽ ഒരു കൃഷി ഓഫീസറും, മൂന്നു കൃഷി അസിസ്റ്റന്റുമാരും കർഷകർക്കു നിർദേശങ്ങളും ഉപദേശങ്ങളും നൽകിവരുന്നു. ഇതോടൊപ്പംതന്നെ കർഷകരുടെ പ്രശ്നങ്ങൾ കൃഷി ഭവനിൽ എത്തിക്കുന്നതിനും കർഷകർക്ക് കൃഷി ഭവൻ മുഖാന്തിരം അനുവദിക്കുന്ന ആനുകൂല്യങ്ങളുടെ വിവരം യഥാസമയം അറിയിക്കുന്നതിനും കർഷകരെ ഓഫീസുമായി ബന്ധിപ്പിക്കുന്നതിനുമായി പഞ്ചായത്തിൽ നെൽകർഷക സമിതിയെന്നും കേരസംരക്ഷണ സമിതിയെന്നും അറിയപ്പെടുന്ന രണ്ടു രജിസ്റ്റർ ചെയ്ത സമിതികൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. (വാർഡ് തലത്തിൽ രൂപീകരിച്ച കേരസംരക്ഷണ സമിതികളുടെ പ്രവർത്തനം നിർത്തിക്കൊണ്ടാണ് പഞ്ചായത്തു തലത്തിൽ കേരസംരക്ഷണ സമിതി രൂപീകരിച്ചത്.)

കൃഷിഭവൻ മുഖേന നടീൽ വസ്തുക്കൾ വിലയ്ക്കും സൗജന്യനിരക്കിലും വിതരണം ചെയ്തുവരുന്നു. സാധാരണ തെങ്ങിൻ തൈകൾ, ടിxഡി, ഡിxടി തെങ്ങിൻ തൈകൾ, കമുക്, കുരുമുളക്, പഴവർഗ്ഗച്ചെടികൾ, നെൽവിത്ത്, പയർവിത്ത്, ഉഴുന്നു വിത്ത്, പച്ചക്കറി വിത്ത്, പച്ചിലവളം വിത്തുകൾ എന്നിവ മിനികിറ്റായും സൗജന്യ നിരക്കിലും വിതരണം ചെയ്തുവരുന്നു.

സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം പുതിയ കിണറുകൾ നിർമ്മിക്കുന്നതിനും പമ്പുസെറ്റ് സ്ഥാപിക്കുന്നതിന്നും 2,500 രൂപയും സസ്യസംരക്ഷണ ഉപകരണങ്ങൾക്ക് 1,000 രൂപയും പച്ചിലവളം വിത്ത് ഒരു കിലോഗ്രാമിന് 5 രൂപ നിരക്കിലും സബ്സിഡി അനുവദിച്ചിരുന്നു. പട്ടികജാതിയിൽപ്പെട്ട കർഷകർക്ക് രാസവളം, പണിയായുധങ്ങൾ, അലുമിനിയ പാത്രങ്ങൾ എന്നിവ സൗജന്യമായി വിതരണം ചെയ്തുവരുന്നു.

പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം 31 പേരെ അംഗങ്ങളായി ചേർത്തുകൊണ്ട് കാർഷിക-കാർഷികേതര തൊഴിൽ സംരഭങ്ങളിൽ പങ്കാളികളാക്കിവരുന്നു. കാലവർഷക്കെടുതി സംഭവിച്ച കർഷകരുടെ നഷ്ടപ്പെട്ട വിളകൾ പരിശോധിച്ച് അർഹമായ സാമ്പത്തിക സഹായം ലഭ്യതയനുസരിച്ച് വിതരണം ചെയ്തു വരുന്നു. തൊഴിൽദാനപദ്ധതിയിലെ ഒരംഗത്തിനെ ഏജന്റായി നിയമിച്ചുകൊണ്ട് കാർഷിക വിളകൾക്കുള്ള വിളഇൻഷൂറൻസ് പരിപാടി നടപ്പിലാക്കി വരുന്നു. പാടശേഖര സമിതിക്ക് അനുവദിച്ച ഒരു പവർ ടില്ലറിന്റെ പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നു. ആയതിന്റെ പ്രവർത്തനം പള്ളിക്കുന്നിലും സമീപ പഞ്ചായത്തുകളിലും കുറഞ്ഞ വാടക നിരക്കിൽ നടത്തിവരുന്നു.

കാലാകാലങ്ങളിൽ നൂതന കൃഷി രീതികൾ കേരസമിതി, നെല്ല് സമിതി എന്നിവ മുഖേനയും നേരിട്ടും കൃഷിക്കാരിൽ എത്തിച്ച് ഉത്പാദന വർധനവിന് സഹായകമായ എല്ലാ നിർദേശങ്ങളും കാലാകാലങ്ങളിൽ നൽകിവരുന്നു.

### കൂലി നിരക്ക്-സേവന വ്യവസ്ഥ

ഏകീകരിച്ച് കൂലിനിരക്ക് ഈ പഞ്ചയാത്തിൽ നിലവിലില്ല. ശരാശരി കൂലി നിരക്ക് താഴെ ചേർക്കുന്നു.

പട്ടിക-കൂലി

| തൊഴിൽ | ജോലി സമയം(മണിക്കൂറിൽ) | | ശരാശരികൂലി നിരക്ക് |
|---|---|---|---|
| | | പുരുഷൻ. രൂപ | സ്ത്രീ രൂപ |
| കിളക്കൽ | 8 | 120 | - |
| ഞാറുനടൽ | 7 | - | 50 |
| കളപറി | 7 | - | 50 |
| തേങ്ങയിടൽ | 4 | 150 | - |
| കൊയ്ത്ത് | 8 | - | 10 സേർ നെല്ല് |

ഇതിനു പുറമെ തൊഴിലാളികൾക്ക് ഭക്ഷണവും നൽകി വരുന്നു. മറ്റ് തൊഴിൽ മേഖലകളിൽ ലഭിക്കുന്ന കൂലിയുമായി താരതമ്യപ്പെടുത്തിയാൽ സ്ത്രീ തൊഴിലാളികൾക്ക് കാർഷിക മേഖലയിൽ താഴ്ന്ന കൂലി നിരക്കാണ് നിലവിലുള്ളത്. എന്നാൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇന്നുള്ള കൂലി നിരക്ക് തന്നെ താങ്ങാൻ കഴിയാത്തതാണ്.

### വിത്ത്, വളം-വായ്പ

കൃഷിഭവൻ വഴി വിതരണം ചെയ്യപ്പെടുന്ന വിത്തുകളും പ്രദേശികമായി ലഭിക്കുന്ന വിത്തുകളും ഉപയോഗിച്ചാണ് കൃഷി നടക്കുന്നത്. പള്ളിക്കുന്ന് സർവീസ് സഹകരണബാങ്കിന്റെ ഉടമസ്ഥതയിലുള്ള രാസവളം ഡിപ്പോയിൽ നിന്നും രാസവളം വിതരണം നടത്തുന്നു. കണ്ണൂർ ടൗണിനു സമീപമായതിനാൽ കുറെ ഭാഗം ടൗണിലെ ഡിപ്പോകളെയും ആശ്രയിച്ചുവരുന്നു.

കാർഷിക വായ്പയ്ക്കു പഞ്ചായത്തിനകത്തുള്ള പള്ളിക്കുന്ന് സർവീസ് സഹകരണബാങ്ക് ചാലാട്, പൊടിക്കുണ്ട്, സിൻഡിക്കേറ്റ്ബാങ്ക് ചാലാട്, നോർത്ത്മലബാർഗ്രാമീൺബാങ്ക് പള്ളിക്കുന്ന് എന്നീ സ്ഥാപനങ്ങളെയാണ് കൃഷിക്കാർ ആശ്രയിക്കുന്നത്. ചുരുങ്ങിയ പരിശനിരക്കിൽ ഉദാരമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കണം.

### വിപണന സൗകര്യം

കാർഷിക മേഖലയിലെ ഉത്പന്നങ്ങളുടെ വിപണനത്തിനു പഞ്ചായത്തിൽ പ്രത്യേക സൗകര്യങ്ങൾ ഒന്നും തന്നെയില്ല. ആയതിന് സമീപത്ത് കിടക്കുന്ന കണ്ണൂർ നഗരത്തെയാണ് ആശ്രയിക്കുന്നത്. പ്രത്യേകിച്ചും തേങ്ങ, പച്ചക്കറികൾ എന്നീ ഉൽപന്നങ്ങളുടെ വിപണനത്തിന്..

### പ്രശ്നങ്ങൾ

1.കാർഷികേതര ആവശ്യങ്ങൾക്കായി പാടങ്ങൾ നികത്തപ്പെടുന്നു.

2.ഒന്നാം വാർഡിലെ മിൽമയിൽ നിന്നുള്ള മലിന ജലം ഒഴുകി വന്ന് കൃഷിക്ക് നാശം ചെയ്യുന്നു.

3.പഞ്ചായത്തിലെ വിവിധ വാർഡുകളിലായി താഴെ പറയുന്ന കുളങ്ങൾ, മണ്ണു വീണ് നികന്നു പോയിരിക്കുന്നു. തയ്യിൽകുളം, ചാലിയാർകുളം, കുന്നാക്കുളം, പള്ളിക്കുന്ന് അമ്പലത്തിനു മുൻഭാഗത്തുള്ള കുളം, പൂന്തായക്കുളം, ആനോത്തിക്കുളം എന്നിവ.

4.കൃഷിസ്ഥലം തരിശായി ഇടുക

5.വിളകൾക്ക് ആവശ്യമായ കാർഷിക പരിചരണം നൽകാതിരിക്കൽ

6.മണ്ണിൽ വളക്കൂറിന്റെ അഭാവം

7.കർഷക തൊഴിലാളികളടെ ദൗർലഭ്യം

8.അശാസ്ത്രീയമായ കൃഷി

9.കൃഷിയോട് യുവജനങ്ങൾക്കുള്ള താൽപര്യക്കുറവ്

10.കിണർ, പമ്പുസെറ്റ് എന്നിവയ്ക്ക് സബ്സിഡി ലഭിക്കുന്നതിനുള്ള ഭൂപരിധി.

11.പഞ്ചായത്തിലെ നിവിലുള്ള തോടിന്റെ/കൈതോടിന്റെ അരിക് ഇടിച്ചിൽ.

12. പാഴ്വെള്ളപ്രശ്നങ്ങൾ

13.കൃഷിഭവൻ ഓഫീസ് കെട്ടിടത്തിന്റെ സൗകര്യക്കുറവ്.

14.ക്രോസ്ബാറിന്റെ പ്രവർത്തന വൈകല്യം.

15.കാർഷിക യന്ത്രങ്ങളുടെ ലഭ്യതക്കുറവ്

16.പടന്നതോട് മലിനജലപ്രശ്നം

17.അത്യാവശ്യമായ പണിയായുധങ്ങളുടെ കുറവ്

18.അംഗീകൃത നഴ്സറികളുടെ അഭാവം മൂലം ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതയില്ലായ്മ.

19.കാർഷിക വിളകളിലെ കുറഞ്ഞുവരുന്ന ഉത്പാദനക്ഷമത

20.ജൈവ വളങ്ങളുടെ ലഭ്യതക്കുറവ്

21.കൃഷിയാവശ്യത്തിനുള്ള വൈദ്യുതിയുടെ ലഭ്യതക്കുറവ്

22.തൃണോളി മില്ലിന് മുൻഭാഗത്തുള്ള റെയിൽവേ ലൈനിലെ ഓവുചാൽ അടഞ്ഞു പോയത്.

23.പച്ചക്കറി വിത്തുകളുടെ ലഭ്യതക്കുറവ്

24. യഥാസമയങ്ങളിൽ കാർഷിക വായ്പകളുടെ ലഭ്യതക്കുറവ്

25.രാസവളങ്ങളുടെ ലഭ്യതക്കുറവും വിലകൂടുതലും

### സാധ്യതകൾ

1.നെൽപാടം നികത്തുന്നത് കർശനമായി നിയമം മൂലം തടയുകയും തട്ടുകളായി പാർപ്പിടങ്ങൾ നിർമിക്കുന്നതിനു പരമാവധി പ്രോത്സാഹനം നൽകുകയും ചെയ്യുക.

2.മിൽമയിലെ മലിനജലം കൃഷിസ്ഥലങ്ങളിലേക്ക് ഒഴുക്കിവിടുന്നത് തടയണം.

3.പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ കുളങ്ങൾ ആഴം കൂട്ടി, സൈഡ് കെട്ടി ജലസേചനത്തിന് ഉപയുക്തമാക്കുക.

4.കൃഷിക്കാരെ ബോധവൽക്കരിച്ചു ഭൂമി തരിശിടാതിരിക്കാൻ പ്രോത്സാഹിപ്പിക്കുക.

5.കൃഷിക്കാരെ ബോധവൽക്കരിച്ച് മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.

6.പരമാവധി ജൈവ വളം ചേർത്ത് മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കുക.

7.കൂട്ടുകൃഷി നടത്തിയും കർഷക തൊഴിലാളികളുടെ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ്സൊസൈറ്റി രൂപീകരിച്ച് തൊഴിലാളി ദൗർലഭ്യം പരിഹരിക്കുക.

8.ശാസ്ത്രീയമായ കൃഷി രീതികൾ വ്യാപിപ്പിക്കുക.

9.യുവജനങ്ങളെ കൃഷി ഉപജീവനമാർഗമായി തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുക.

10.പമ്പുസെറ്റ്, കിണർ എന്നിവയ്ക്കു സബ്സിഡി അനുവദിക്കുന്നതിനുള്ള ഭൂപരിധി 30 സെന്റിൽ നിന്നും 15 സെന്റാക്കി കുറയ്ക്കുകയും സബ്സിഡി തുക കൂട്ടി ആകർഷകമാക്കുകയും ചെയ്യുക.

11.വിവിധ കൃഷികൾക്ക് വിവിധ തരത്തിലുള്ള പമ്പ് സെറ്റ്, കിണർ സബ്സിഡി നിരക്ക് ഏകീകരിച്ച് 50%-മാക്കി നിശ്ചയിക്കുക.

12.പള്ളിക്കുന്ന് പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ നിന്നും ആരംഭിച്ച് പയ്യമ്പലത്തുവച്ച് കടലിൽ ചേരുന്ന വലിയ തോടിന്റെയും കൈവഴികളുടെയും ഭിത്തികൾ കെട്ടി സംരക്ഷിച്ച് ജലസേചനത്തിനുപയുക്തമാക്കുക.

13.പാഴ്ജലം സൗകര്യപൂർവം ഒഴിഞ്ഞു പോകാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

14.കൃഷി ഭവൻ സൗകര്യപ്രദമായ സ്ഥലത്ത് സ്വന്തം കെട്ടിടത്തിലേക്കു മാറ്റുക.

15.നിലവിലുള്ള ക്രോസ്ബാറുകളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രയോജനക്ഷമമാക്കുക.

16.പഞ്ചായത്തു ടമസ്ഥതയിൽ പവർടില്ലർ, നടീൽയന്ത്രം മുതലായ കാർഷികയന്ത്രങ്ങൾ വാങ്ങി കൃഷിക്കാർക്ക്, സൗജന്യനിരക്കിൽ ലഭ്യമാക്കുക.

17.പവർടില്ലർ തോടിന്റെ ഇരുഭാഗങ്ങളിലുമുള്ള കൃഷി സ്ഥലത്തേക്കു കൊണ്ടുപോകുന്നതിന് റോഡ്, പാലം എന്നിവ നിർമ്മിക്കുക.

18.പടന്നത്തോട്ടിൽ എല്ലാകാലത്തും മലിനജലം ഒഴികിപ്പോകാനുള്ള സൗകര്യമേർപ്പെടുത്തി പ്രശ്നം ശാശ്വതമായി പരിഹരിക്കുക.

19.അത്യാവശ്യമായ ആധുനിക പണിയായുധങ്ങൾ കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

20.മേൽത്തരം ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ പഞ്ചായത്തിൽ തന്നെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക.

21.എല്ലാത്തരം കൃഷിക്കും ജലസേചനാർഥം സ്ഥാപിച്ചിരിക്കുന്ന പമ്പുസെറ്റുകൾക്ക് വൈദ്യുതി സൗജന്യമായി നൽകുക.

22.തൃണോളിമില്ലിന്റെ മുൻഭാഗത്തുള്ള റെയിൽവേ ലൈനിന്റെ അടിഭാഗത്തായി കിടക്കുന്ന ഓവുചാലിലെ തടസം നീക്കം ചെയ്യുക.

23.വീട്ടുവളപ്പിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ പരമാവധി പ്രോത്സാഹനം നൽകുക.

24.ഭൂസേന രൂപീകരണം മുഖേന തൊഴിലാളി ക്ഷാമം പരിഹരിക്കുക.

25.കേരവികസന സമിതി, നെൽകർഷക സമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

26.കാർഷികാവശ്യങ്ങൾക്കുള്ള വായ്പകൾ കർഷകർക്കു സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊമേഴ്സ്യൽ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും താമസം വിനാ ലഭ്യമാക്കുക.

27.രാസവളം, കീടനാശിനികൾ എന്നിവ കൃത്യമായി ലഭിക്കുന്നതിനായി സർവീസ് സഹകരണബാങ്കിന്റെ പൊടിക്കുണ്ട് ശാഖയിൽ കൂടി പ്രസ്തുത ഡിപ്പോകളുടെ പ്രവർത്തനം ആരംഭിക്കുക.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും



## മൃഗസംരക്ഷണം

മനുഷ്യന്റെ ഘടനാപരമായ വളർച്ചയ്ക്കത്യാവശ്യമായ മാംസ്യപ്രധാനമായ ഭക്ഷണപദാർത്ഥങ്ങളുടെ - പാൽ, മുട്ട, മാംസം - ഉൽപാദനമാണ് പ്രധാനമായും മൃഗസംരക്ഷണമേഖല നിറവേറ്റുന്നത്. ഇതുകൂടാതെ വ്യാവസായിക ആവശ്യങ്ങൾക്കുള്ള തുകൽ, രോമം, കൊഴുപ്പ്, ജലാറ്റിൻ എന്നീ ഉത്പന്നങ്ങളും, ഹോർമോണുകൾ, ഹൈപ്പർ ഇമ്മ്യൂൺസിറം തുടങ്ങിയ ഔഷധ വ്യവസായത്തിനുള്ള വസ്തുക്കളുടെ ഉത്പാദനവും ഈ മേഖല നിർവഹിക്കുന്നു. കാർഷിക മേഖലയ്ക്കത്യാവശ്യമായ ജൈവവളവും, കൃഷിപ്പണിക്കും ഭാരം വലിക്കുന്നതിനുള്ള മൃഗശക്തിയും ഈ മേഖലയുടെ സംഭാവനയാണ്.

പശുവാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗമെങ്കിലും ആട്, എരുമ എന്നിവയും നാമമാത്രമായി വളർത്തപ്പെടുന്നു. പഞ്ചായത്തിൽ ഒന്നു രണ്ടു കേന്ദ്രങ്ങളിൽ മുയലുകളെ വളർത്തുന്നുണ്ട്. പഞ്ചായത്തിൽ ചില വീടുകളിൽ മുട്ടക്കോഴിയെ വളർത്തുന്നുണ്ട്. നാമമാത്രമായി ചിലർ ഇറച്ചിക്കോഴി വളർത്തലിലും ഏർപ്പെട്ടിട്ടുണ്ട്.

കാലിത്തീറ്റയുടെ വിലവർധനവ്, വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതക്കുറവ്, ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തൽ പൊതുവെ കുറയാൻ കാരണമായി.

പഞ്ചായത്തിൽ ആകെ നാല് കറവകേന്ദ്രങ്ങളാണ് ഉള്ളത്. പഞ്ചായത്തിൽ ഒരു ക്ഷീരവിപണനസഹകരണസംഘം ഇല്ലാത്തത് കന്നുകാലിവളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയില്ല. ആകെയുള്ളത് ഒരു ഐ.സി.ഡി.പി. ഉപകേന്ദ്രമാണ്. ഇതിന്റെ സേവനം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും എത്തിക്കാൻ സാധിക്കുന്നില്ല. രോഗംവന്നാൽ കണ്ണൂർ മുനിസിപ്പൽ അതിർത്തിയിലുള്ള മൃഗാശുപത്രിയെ ആശ്രയിക്കുക മാത്രമാണ്.

ഈ പഞ്ചായത്തിൽ ഏകദേശം 750 പശുക്കളും 80 കിടാരികളും 12 എരുമകളുമാണ് ഉള്ളത് കന്നുകാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, പനി, ഉദരരോഗങ്ങൾ എന്നിവയാണ്. സംരക്ഷകരുടെ ശുചിത്വബോധമില്ലായ്മ പലപ്പോഴും രോഗകാരണമാകാറുണ്ട്.

പഞ്ചായത്തിൽ 7 ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ട്. കർഷകരെ വേണ്ട രീതിയിൽ ബോധവൽക്കരിക്കുകയാണെങ്കിൽ ഇവിടെ കൂടുതൽ ഗോബർഗ്യാസ്പ്ലാന്റുകൾ സ്ഥാപിക്കാൻ സാധ്യതയുണ്ട്. കൃഷിക്ക് ആവശ്യമായ ജൈവവളത്തിന്റെ വലിയൊരുപങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ സാധിക്കുന്നുണ്ട്.

കോഴിവളർത്തലിന് വളരെ സാധ്യതയുണ്ടെങ്കിലും മുൻകാലങ്ങളെ അപേക്ഷിച്ച് മുട്ടക്കോഴിവളർത്തൽ വളരെ കുറഞ്ഞുവരുന്നതായി കാണുന്നു.

പ്രധാന പ്രശ്നങ്ങൾ:-

1. കാലിത്തീറ്റയുടെ അമിതവില
2. പുല്ലിന്റെയും വൈക്കോലിന്റെയും ലഭ്യതക്കുറവ്
3. കാലിവളർത്തുന്നതിനും തൊഴുത്ത് നിർമിക്കുന്നതിനുമുള്ള സാമ്പത്തികസഹായത്തിന്റെ ലഭ്യതക്കുറവ്.
4. പഞ്ചായത്തിൽ മൃഗാശുപത്രി ഇല്ലാത്തതുകൊണ്ട് ചികിത്സാസൗകര്യത്തിനും പ്രതിരോധകുത്തിവയ്പ്പിനുമുള്ള അപര്യാപ്തത.
5. ഇറച്ചിക്കോഴി വളർത്തുന്നതിനുള്ള സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.
6. മുയൽ വളർത്തുന്നതിനുള്ള സാമ്പത്തികസഹായത്തിന്റെ ലഭ്യതക്കുറവ്.
7. പേപ്പട്ടി ശല്യം.
8. ഗോബർഗ്യാസ്പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തികസഹായത്തിന്റെ അപര്യാപ്തത.

സാധ്യതകൾ:-

1. എളുപ്പം കിട്ടാവുന്ന തീറ്റ സാധനങ്ങൾ സംഭരിച്ചുകൊണ്ട് ഗവൺമെന്റ് സബ്സിഡിയോടുകൂടി, സഹകരണസംഘങ്ങൾ വഴി ഒരു കാലിത്തീറ്റ ഫാക്ടറി തുടങ്ങുക.
2. തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തികസഹായം നൽകുക.
3. ജനങ്ങളുടെ ആവശ്യാർത്ഥം ഒരു പശു, രണ്ടു പശുക്കളുടെ യൂണിറ്റ്, മൂന്ന് പശുക്കളുടെ യൂണിറ്റ് എന്നിവ 50% സബ്സിഡിയോടുകൂടി നൽകുക.
4. എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ ഒരു മൃഗാശുപത്രിയും രണ്ട് ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളും സ്ഥാപിക്കുക.
5. ഇറച്ചിക്കോഴി വളർത്തുകേന്ദ്രങ്ങൾ തുടങ്ങുക. അതിനുവേണ്ടി 50% സാമ്പത്തികസഹായം അനുവദിക്കുക. പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ശേഖരിച്ച് പഞ്ചായത്തിന്റെകീഴിൽ സ്ഥാപിക്കുന്ന വിപണനകേന്ദ്രങ്ങൾ വഴി വിതരണംനടത്തുക.
6. മുയൽ വളർത്തുന്നതിന് പ്രായോഗികപരിശീലനം നൽകുകയും, പരിശീലനം ലഭിച്ച കർഷകർക്ക് മുയൽ വളർത്തുകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
7. പേപ്പട്ടി ശല്യം ഒഴിവാക്കുന്നതിന് വളർത്തുനായകൾക്ക് സൗജന്യമായി പ്രതിരോധകുത്തിവയ്പു നടത്തുക. വളർത്തു നായകൾക്ക് പഞ്ചായത്ത് ലൈസൻസ്

നിർബന്ധമാക്കുക. തെരുവുനായ്ക്കളെ പൂർണമായും നശിപ്പിക്കുക.

8. ഗോബർഗ്യാസ് പ്ലാന്റിന്റെ ഗുണങ്ങളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും, പ്ലാന്റ് തുടങ്ങുന്നതിന് സാമ്പത്തികസഹായം എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്യുക.

9. 5 മുതൽ 10 വരെ ആടുകളുള്ള യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡിയോടുകൂടി സാമ്പത്തികസഹായം നൽകുക.

10. മൂന്നുമാസം പ്രായമായ മൂരിക്കുട്ടികളെ തെരഞ്ഞെടുത്ത് 50% സബ്സിഡിയോടുകൂടി, തീറ്റനൽകി 12 മാസംവരെ വളർത്താൻ പ്രോത്സാഹിപ്പിക്കുക. ഇവയെ സഹകരണസംഘങ്ങൾ വഴി ശേഖരിച്ച് ബ്ലോക്ക്തലത്തിലോ ജില്ലാതലത്തിലോ ഉള്ള അറവുശാലകളിൽ എത്തിക്കുക.

11. ആറുമാസം പ്രായമായ പശുക്കുട്ടികളെ തെരഞ്ഞെടുത്ത് 18 മാസം വരെ 50% സബ്സിഡിയോടുകൂടി കാലിത്തീറ്റ നൽകുക.

12. അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തലിന് സബ്സിഡിനിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും, കോഴിക്കൂട് നിർമാണത്തിന് സാമ്പത്തികസഹായം നൽകുകയും ചെയ്യുക. (വീട്ടമ്മമാർക്കും വീട്ടിലെ അംഗങ്ങൾക്കും പരിപാലിക്കാവുന്നത്ര വലിപ്പമുള്ള 200 മുതൽ 250 വരെ കോഴിക്കുഞ്ഞുങ്ങളുള്ള യൂണിറ്റ്) ഇവിടെ ഉത്പാദിപ്പിക്കുന്ന മുട്ട സംഭരിച്ച് സഹകരണസംഘത്തിന്റെ തന്നെ വിപണനശൃംഖലവഴി കമ്പോളത്തിലെത്തിക്കുക.

## മത്സ്യബന്ധനം

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലൂടെ ഒഴുകുന്ന മൂന്ന് കിലോമീറ്ററോളം നീളംവരുന്ന പ്രധാന തോടുകളും ആറ് കുളങ്ങളും റെയിൽപാളത്തിന്റെ ഇരുവശങ്ങളിലുമായി കിടക്കുന്ന താവയുമാണ് പഞ്ചായത്തിലെ ഉപരിതല ജലസ്രോതസുകൾ. ഈ പഞ്ചായത്തിലെ മത്സ്യക്കൃഷി സാധ്യതകൾ ഈ ജലപ്രവാഹവുമായി ബന്ധപ്പെട്ടുകിടക്കുന്നു.

പഞ്ചായത്തിന്റെ ഒന്നര കിലോമീറ്ററോളം വരുന്ന പടിഞ്ഞാറൻ അതിർത്തി കടൽത്തീരമാണെങ്കിലും മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചവരാരും ഇവിടെയില്ല. മത്സ്യം വിറ്റുജീവിക്കുന്ന 20 പേരുണ്ടെങ്കിലും അവർ ആയിക്കര മത്സ്യബന്ധന തുറമുഖത്തുനിന്നാണ് മത്സ്യം കൊണ്ടുവരുന്നത്. മുൻകാലങ്ങളിൽ താവയിൽ നിന്നും ചെറുതോടുകളിൽനിന്നും ശുദ്ധജല മത്സ്യങ്ങൾ ധാരാളമായി ലഭിച്ചിരുന്നു. ഒഴുക്ക് നിലച്ചതിനാലും മലിനീകരണം മൂലവും ഈ മത്സ്യസമ്പത്ത് നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുണ്ട്.

മാംസ്യപ്രധാനമായ മത്സ്യാഹാരം നമ്മുടെ ഭക്ഷണയിനങ്ങളിൽ ഏറെ പ്രിയപ്പെട്ടതാണെങ്കിലും കടൽമത്സ്യത്തിന്റെ തീപിടിച്ചവില കാരണം പല മത്സ്യങ്ങളും ഇന്ന് സാധാരണക്കാരന് വാങ്ങി ഉപയോഗിക്കാൻ പറ്റാതായിരിക്കുന്നു. വെറുതെയിട്ടിരിക്കുന്ന കുളങ്ങളും തോടുകളും ഉപയോഗപ്പെടുത്തി മത്സ്യക്കൃഷി ആരംഭിക്കുകയാണെങ്കിൽ കുറെ ആളുകൾക്ക് തൊഴിലും, കുറഞ്ഞചെലവിൽ പോഷകസമൃദ്ധമായ ആഹാരവും നമുക്ക് ലഭിക്കും. പക്ഷെ മത്സ്യക്കൃഷിയുടെ വിപുലമായ സാധ്യതകളെക്കുറിച്ച് ജനങ്ങൾ ഇന്ന് ഏറെ ബോധവാന്മാരല്ല.

### പ്രശ്നങ്ങൾ:

1. ശുദ്ധജലമത്സ്യങ്ങൾ സുലഭമായിരുന്ന പടന്നത്തോട്ടിൽ രൂക്ഷമായ മലിനീകരണ പ്രശ്നത്താൽ മത്സ്യസമ്പത്ത് നഷ്ടപ്പെട്ടു.

2. താവയിൽ ഇപ്പോഴും കുറഞ്ഞതോതിൽ മത്സ്യങ്ങൾ ലഭ്യമാണെങ്കിലും മലിനജലമായതുകൊണ്ട് ആ മത്സ്യം ഉപയോഗിക്കുവാൻ സമീപവാസികൾ തയാറല്ല. ഇവിടുന്ന് വലയിട്ടും കൈകൊണ്ട് തപ്പിയും അപൂർവം ആളുകൾ മീൻ പിടിക്കാറുണ്ട്.

3. ശാസ്ത്രീയ കൃഷിരീതിയെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല.

4. ശുദ്ധജലം ലഭ്യമായ തോടുകളും കുളങ്ങളും മത്സ്യക്കൃഷിക്ക് ഉപയോഗപ്പെടുന്നില്ല.

5. മത്സ്യവിപണനം നടത്തുന്ന ഭൂരിഭാഗംപേരും ഈ പഞ്ചായത്തുകാരല്ല.

6. കടൽമത്സ്യങ്ങൾ മാത്രമാണ് ലഭിക്കുന്നത്.

7. മത്സ്യവിപണനത്തിന് കെട്ടിടസൗകര്യങ്ങളില്ല. വിൽപന നടത്തുന്ന സ്ഥലം വൃത്തിയായി സൂക്ഷിക്കുന്നില്ല.

### സാധ്യതകൾ:

1. ലഭ്യമായ ശുദ്ധജലസ്രോതസുകൾ മത്സ്യക്കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

a. തോടുകൾ വൃത്തിയാക്കി കരയിടിച്ചിൽ തടഞ്ഞ് ശുദ്ധജലമത്സ്യം, കൊഞ്ച് എന്നിവ കൃഷിചെയ്യാവുന്നതാണ്.

b. പൊതുകുളങ്ങളിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ മത്സ്യക്കൃഷി പദ്ധതി നടപ്പിലാക്കുക.

c. മത്സ്യക്കൃഷിയുടെ സാധ്യതകൾ ബോധ്യപ്പെടുത്തി. സ്വകാര്യ കുളങ്ങളിൽ കൃഷിചെയ്യാനുള്ള സഹായം സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിക്കൊടുക്കുക.

(മത്സ്യക്കൃഷിക്ക് സാങ്കേതികവിദ്യയും പരിശീലനവും ധനസഹായവും നൽകുന്ന സ്ഥാപനങ്ങളുണ്ട്.)

2. പൊതുകുളങ്ങളിൽ മത്സ്യക്കൃഷി നടത്തുന്നതിന് തൊഴിലില്ലാത്ത യുവാക്കളുടെ സഹകരണസംഘങ്ങൾ ഉണ്ടാക്കാവുന്നതാണ്.

a. സഹകരണസംഘങ്ങൾക്ക് സ്വകാര്യകുളങ്ങൾ പാട്ടത്തിനെടുത്തു കൃഷിചെയ്യുന്നതിനുള്ള സാധ്യതകൾ പരിഗണിക്കണം.

b. സഹകരണസംഘങ്ങളുടെ കീഴിൽ മത്സ്യവിതരണകേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

c. വിത്തുത്പാദന കേന്ദ്രങ്ങൾ കൂടി ആരംഭിക്കുകയാണെങ്കിൽ പഞ്ചായത്തിന് പുറത്തുള്ള ആവശ്യക്കാർക്കും വിതരണംചെയ്യാവുന്നതാണ്.

d.സംഘത്തിന്റെ കീഴിൽ വളം. തീറ്റ. കൃഷി ഉപകരണങ്ങൾ. വലകൾ തുടങ്ങിയ മത്സ്യക്കൃഷിക്കാവശ്യമായ വസ്തുക്കൾ വിതരണംചെയ്യുന്ന അക്വാസ്റ്റോറുകൾ ആരംഭിക്കാവുന്നതാണ്.

3. അലങ്കാര മത്സ്യക്കൃഷിക്ക് പഞ്ചായത്തിൽ നല്ല സാധ്യതയുണ്ട്.

a. താൽപര്യമുള്ള സ്വകാര്യവ്യക്തികൾക്ക് പ്രോത്സാഹനം നൽകുക.

b.വിപുലമായരീതിയിൽ കൃഷിനടത്തുവാൻ ഫാമുകൾ സ്ഥാപിക്കുന്നതിന് സഹകരണസംഘങ്ങൾക്ക് പ്രോത്സാഹനംനൽകുക.

c. അലങ്കാര മത്സ്യക്കൃഷിയുടെ വിപണനസാധ്യത കൂടുതലായും കയറ്റുമതിയാണ്. അതിന് ബ്ലോക്ക്പഞ്ചായത്തിന്റെയോ ജില്ലാപഞ്ചായത്തിന്റെയോ സഹകരണത്തോടെ കയറ്റുമതിസാധ്യത ഉറപ്പുവരുത്തേണ്ടതാണ്.

# വ്യവസായം

വ്യാവസായികവളർച്ചയുടെ കാര്യത്തിൽ പള്ളിക്കുന്ന് പഞ്ചായത്തിന് കാര്യമായ നേട്ടങ്ങൾ ഒന്നും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വൻകിട വ്യവസായങ്ങൾ എന്ന് വിളിക്കാവുന്നവയിൽ ഒന്നുപോലും പഞ്ചായത്തിനകത്ത് ഉയർന്നുവന്നിട്ടില്ല. ഏറ്റവും കൂടുതൽ തൊഴിൽസാധ്യത നൽകിയിരുന്ന പരമ്പരാഗത വ്യവസായങ്ങളായിരുന്ന കൈത്തറി. ബീഡി എന്നിവ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. ആധുനിക വ്യവസായങ്ങളിൽ മിക്കവയും കെട്ടിട നിർമാണവുമായി ബന്ധപ്പെട്ടവയാണ്. നിലവിലുള്ള വ്യവസായങ്ങൾ ഏതെങ്കിലും പ്രത്യേക മേഖലയിൽ കേന്ദ്രീകൃതമായല്ല പ്രവർത്തിക്കുന്നത്. നടന്നുവരുന്ന വ്യവസായങ്ങളെ താഴെ പട്ടികയിൽ കൊടുക്കുന്നു.

| വിഭാഗം | പൊതു മേഖല | സഹകരണ മേഖല | സ്വകാര്യ മേഖല | ആകെ |
|---|---|---|---|---|
| എൻജിനീയറിംഗ് | - | - | 12 | 12 |
| മൊസേക്ക് ടൈൽസ് | - | - | 2 | 2 |
| സിമെന്റ് ഹോളോ ബ്രിക്ക്സ് | - | - | 1 | 1 |
| തടി ഫർണിച്ചർ. വുഡ്ക്രാഫ്റ്റ് | - | - | 2 | 2 |
| അലുമിനിയം ഫാബ്രിക്കേഷൻ | - | - | 1 | 1 |
| ഈർച്ചമിൽ | - | - | 1 | 1 |
| അച്ചടിശാല | - | - | 4 | 4 |
| ഫ്ളവർമിൽ | - | - | 4 | 4 |
| ചെരിപ്പ് നിർമാണം | - | - | 1 | 1 |
| വാർണീഷ് | - | - | 1 | 1 |
| ഗാർമെന്റ്സ് | - | - | 10 | 10 |
| മോട്ടോർ വാഹനസംബന്ധമായ (ബോഡിബിൽഡിംഗ്. അപ്ഹോൾസ്റ്ററി ബാറ്ററി ചാർജിംഗ്) | - | - | 5 | 5 |
| ബീഡി | - | 3 | 3 | 6 |
| ബേക്കറി | - | - | 5 | 5 |
| അച്ചാർ/പപ്പടം | - | - | 3 | 3 |
| കോഴി/മുയൽ വളർത്തൽ | - | - | 2 | 2 |
| പത്രപ്രസാധനം (ദേശാഭിമാനി. ദീപിക) | - | - | 2 | 2 |
| പാൽ | 1 | 1 | - | 1 |
| നെയ്ത്ത്ശാല (കൈത്തറി) | - | 1 | 6 | 7 |
| (പവർലൂം) | - | - | 1 | 1 |
| സോഫ്റ്റ് ഡ്രിങ്ക്സ് | - | - | 1 | 1 |
| കുമ്മായച്ചൂള | - | - | 1 | 1 |

കെട്ടിടനിർമാണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ഇവ കണ്ണൂർ പട്ടണത്തിൽ ലഭ്യമാണ്. പ്രധാന കാർഷികവിളയായ തെങ്ങിനെ ആസ്പദമാക്കി ഒരു വ്യവസായവും ഉയർന്നുവന്നിട്ടില്ല. ചകിരി പൂഴ്ത്താനുള്ള പുഴയോരങ്ങൾ പഞ്ചായത്തിൽ ഇല്ല. മൂന്ന് റൈസ് മില്ലുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. നെൽകൃഷിഭൂമിയുടെ അന്യവൽക്കരണം കാരണം നെല്ലിന്റെ പ്രാദേശികലഭ്യത കുറഞ്ഞതിനെ തുടർന്ന് ഇവ പൂട്ടിക്കിടക്കുന്നു. 1970-കളിൽ ക്രേപ്പ് കൈത്തറിത്തുണിക്ക് വിദേശങ്ങളിൽ പ്രിയം വർധിച്ചതിനെ തുടർന്ന് കൈത്തറിമേഖലയിൽ വമ്പിച്ച ഉണർവ് അനുഭവപ്പെട്ടിരുന്നു. എന്നാൽ ഇതിന്റെ നേട്ടം കൂടുതലായും കയറ്റുമതിയിൽ ഏർപ്പെട്ട മധ്യവർത്തികൾക്കാണ് ഉണ്ടായത്. നൽകപ്പെടുന്ന സാമ്പിളിന്റെ മാതൃക അനുസരിച്ച് നെയ്തുകൊടുക്കുക എന്നതായിരുന്നു ചെറുകിട യൂണിറ്റുകളുടെ പങ്ക്. ഇത്തരം യൂണിറ്റുകൾ മിക്കവയും സ്വയം പര്യാപ്തമായിരുന്നില്ല. നൂലിന് ചായം മുക്കുക തുടങ്ങി അനുബന്ധജോലികൾ മറ്റു സ്ഥാപനങ്ങളിൽ കൊണ്ടുപോയി ചെയ്യുക

യാണ് പതിവ്. ചെറുകിട യൂണിറ്റുകളെ അപേക്ഷിച്ച് കണ്ണൂരിലുള്ള കൈത്തറി വ്യവസായശാലകൾ വിദേശ കയറ്റുമതിയിലൂടെ ഇന്നും ലാഭം ഉണ്ടാക്കുന്നുണ്ട്. പൊതുമേഖലയിലുള്ള ഹാൻഡ്‌ലൂം ഡവലപ്മെന്റ് കോർപറേഷൻ വക ഒരു ഗാർമെന്റ് യൂണിറ്റ് കണ്ണൂർ നഗരത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രാദേശിക മായ ചെറുകിട യൂണിറ്റുകളുടെ പുനരുദ്ധാരണത്തിൽ കാര്യമായ പങ്ക് വഹിച്ചുകാണുന്നില്ല. സഹകരണമേഖ ലയിൽ നിലവിൽവന്ന ദിനേശ്ബീഡി കമ്പനിയാണ് ബീഡിവ്യവസായമേഖലയിൽ തൊഴിലവസരങ്ങൾ നില നിർത്താനും വർധിപ്പിക്കാനും ഇടയാക്കിയത്. ബീഡി ഇലയുടെ കുത്തക കൈയാളുന്ന ഉത്തരേന്ത്യൻ സ്ഥാപ നങ്ങൾ വിപണനത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണ ങ്ങളും ആരോഗ്യപരമായ കാരണങ്ങളാൽ പുകവലി ശീലം കുറയ്ക്കുന്നതിന് സർക്കാർതലത്തിൽ കൊണ്ടു വരുന്ന നടപടികളും ബീഡിവ്യവസായത്തിന് ശോഭന മായ ഭാവി വാഗ്ദാനംചെയ്യുന്നില്ല.

സ്ത്രീകൾ കൂടുതലായി തൊഴിൽചെയ്തുവരുന്നത് ഗാർമെന്റ് മേഖലയിലും ബീഡി കമ്പനികളിലുമാണ്. 1991-ലെ സെൻസസ് കണക്കുകൾ പ്രകാരമുള്ള തൊഴിൽമേഖലകളും തൊഴിലാളികളുടെ എണ്ണവും താഴെ കൊടുത്തിരിക്കുന്നു.

| | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|
| തൊഴിൽമേഖല | പു | സ്ത്രീ | ആകെ |
| 1 കൃഷിക്കാർ | 74 | 8 | 82 |
| 2 കാർഷിക തൊഴിലാളികൾ | 162 | 44 | 206 |
| 3 മൃഗസംരക്ഷണം,മത്സ്യബന്ധനം | 101 | 11 | 112 |
| 4 ഖനനം, കല്ല്കൊത്ത് | 7 | - | 7 |
| 5 ഉത്പാദനം, സേവനം, കുടിൽവ്യവസായം | 49 | 4 | 53 |
| 6 മറ്റു ഗാർഹിക മേഖല | 1767 | 192 | 1959 |
| 7 കെട്ടിടനിർമാണം | 278 | 26 | 304 |
| 8 കച്ചവടം | 1371 | 85 | 1456 |
| 9 ഗതാഗതം, സംഭരണം, വാർത്താവിനിമയം | 661 | 24 | 685 |
| 10മറ്റുള്ളവ | 830 | 489 | 1319 |

ഏറ്റവും കൂലിക്കുറവ് ബീഡിമേഖലയിലാണ്. കൂലി കൂടുതൽ കെട്ടിടനിർമാണ മേഖലയിലാണ്.

കണ്ണൂർ നഗരത്തോടു തൊട്ടുകിടക്കുന്നതിനാൽ ഈ പഞ്ചായത്ത് ദ്രുതഗതിയിൽ ഒരു പാർപ്പിടമേഖലയായി മാറിക്കൊണ്ടിരിക്കുന്നു. വ്യവസായങ്ങൾക്ക് ആവശ്യ മായ ഭൂമിയുടെ ലഭ്യത അനുദിനം കുറഞ്ഞുവരുന്നു. ഭൂമിക്ക് വൻവിലയുമാണ്.

കണ്ണൂരിൽ കുറേ വർഷങ്ങളായി നിലവിലുള്ള ഗവൺമെന്റ് പോളിടെക്നിക്, ഇൻഡസ്ട്രിയൽ ട്രെയി നിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവയിൽ ഈ പഞ്ചായ ത്തിൽനിന്നും ധാരാളം യുവതീയുവാക്കൾ പഠിച്ചുവരു ന്നുണ്ട്. കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും സാങ്കേ തികപരിശീലനം ലഭിച്ച യുവതീയുവാക്കൾ പഞ്ചായത്ത് അതിർത്തിയിൽ ഉണ്ടായിരിക്കും. എന്നിരിക്കിലും ഇല ക്ട്രോണിക് ഉപകരണങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണിക്കും പ്ലംബിംഗ്, വയറിംഗ്, ആശാരിപ്പണി, കൊല്ലൻപണി എന്നിവയ്ക്കും മറ്റു പ്രദേ ശങ്ങളെ ആശ്രയിക്കേണ്ടിവരുന്ന വിരോധാഭാസവും നിലവിലുണ്ട്.

വ്യവസായമലിനീകരണം ഈ പഞ്ചായത്തിൽ വൻതോതിൽ ഇല്ല. മിൽമ പാൽ ഫാക്ടറിയിൽനിന്നും പുറത്തുവിടുന്ന മലിനജലം സമീപപ്രദേശത്തെ നെൽവ യലുകളിൽ കയറുന്നതുമൂലം പ്രശ്നങ്ങൾ ഉണ്ട്. കൈത്തറിമേഖലയിൽ ചായംമുക്കുന്ന യൂണി റ്റിൽനിന്നും പുറന്തള്ളുന്ന വെള്ളം സമീപപ്രദേശങ്ങ ളിലെ കിണറുകളിൽ ഇറങ്ങുന്നതുനിമിത്തം മലിനീകര ണപ്രശ്നം ഉണ്ടാവുന്നുണ്ട്. ഇതിനു പരിഹാരംകാണാ നുള്ള സാങ്കേതികവിദ്യ ലഭ്യമല്ല. ഏറ്റെടുക്കാനുള്ള സാമ്പത്തികശേഷി ഈ യൂണിറ്റുകൾക്കില്ല.

### പ്രശ്നങ്ങൾ

1.വ്യവസായം തുടങ്ങാൻ ആവശ്യമായ ഭൂമി ചുരു ങ്ങിയവിലയ്ക്കു ലഭ്യമല്ല.

2. വൈദ്യുതിയുടെ വോൾട്ടേജ് കുറവും ഇടയ്ക്കിടെ ഉണ്ടാവുന്ന തടസങ്ങളും ഉത്പാദനത്തെ ബാധിക്കുന്നു.

3. നിലവിലുള്ള ലൈസൻസിംഗ് സമ്പ്രദായം കാല താമസത്തിനും അഴിമതിക്കും ഇടയാക്കുന്നു.

4. വിപണനസൗകര്യം പ്രത്യേകിച്ച് സ്ത്രീകൾമാത്രം നടത്തുന്ന ഗാർമെന്റ് ഉത്പന്നങ്ങളുടെ കാര്യത്തിൽ ഇല്ല.

5. വ്യവസായങ്ങൾ തുടങ്ങാൻ തൽപരരായിട്ടുള്ള വർക്ക് ആവശ്യമായ ഉപദേശവും പരിശീലനവും കിട്ടു ന്നില്ല.

### സാധ്യതകൾ

1. സംരംഭകരുടെ സൗകര്യാർഥം അടിസ്ഥാന സൗക ര്യങ്ങളോടുകൂടിയ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

2. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിലില്ലാത്ത വരെ സർവേയിലൂടെ കണ്ടെത്തി സ്വയംതൊഴിലിൽ ഏർപ്പെടുന്നതിനു പ്രേരകമായ ഉപദേശങ്ങളും പരിശീ ലനവും നൽകാൻ ഏർപ്പാട് ഉണ്ടാക്കുക.

3. വീടുകളിൽ ചെയ്യുന്ന അസംബ്ലിംഗ് യൂണിറ്റുകൾ (ഓഡിയോ വീഡിയോ കാസറ്റുകൾ, ആംപ്ലിഫയറുകൾ, ബ്ലാക്ക് ആൻഡ് വൈറ്റ് ടി.വി, സോളാർ എനർജി ലാമ്പു കൾ തുടങ്ങിയവ) ആരംഭിക്കുന്നതിനുള്ള നടപടികൾ.

4. വലിയ വൈദഗ്ധ്യം ആവശ്യമില്ലാത്ത വിജാഗിരി, ആണി, നട്ട്, ബോൾട്ട് എന്നിവയുടെ നിർമാണം, പശ നിർമാണം, ബുക്ക് ബൈൻഡിംഗ്, നോട്ടുപുസ്തക നിർമാണം, മെഴുകുതിരി നിർമാണം, അച്ചാർ, പപ്പടം നിർമാണം, പലഹാര യൂണിറ്റ്, അലൂമിനിയം ഫാബ്രി ക്കേഷൻ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ.

5. വീടുകളിൽനിന്നും പുറന്തള്ളുന്ന പ്ലാസ്റ്റിക്, പോളി ത്തീൻ സാധനങ്ങളുടെ പുനർ ഉപയോഗം (റീ സൈക്ലിംഗ്) ആധാരമായുള്ള യൂണിറ്റ് ആരംഭിക്കൽ.

6. സഹകരണാടിസ്ഥാനത്തിൽ തെങ്ങിൻചക്കര ഉൽപാദനം എന്നിവ ആരംഭിക്കൽ.

7. ചുരിദാർ, കുഞ്ഞുടുപ്പുകൾ എന്നിവയുടെ നിർമാണം.

8. ടി.വി.ആന്റീന, ഡിഷ് ആന്റിന എന്നിവയുടെ നിർമാണം.

9. വ്യാവസായിക ലൈസൻസിംഗിന് ഒരൊറ്റ ഏജൻസി (സിങ്കിൾ വിൻഡോ) നയം നടപ്പിലാക്കൽ.

10. ഗൃഹോപകരണങ്ങൾ, പമ്പ് സെറ്റ്, ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവയുടെ റിപ്പയറിംഗിനും മറ്റുമായി ഡൊമസ്റ്റിക് സർവീസ് സെന്ററുകൾ ആരംഭിക്കൽ.

11. വീട്ടമ്മമാർക്ക് കോഴിവളർത്തലിലൂടെ അധികവരുമാനത്തിനുള്ള സാധ്യത കണക്കിലെടുത്ത് ഇതിലേക്കുള്ള പ്രോത്സാഹനങ്ങൾ.

കൈത്തറിമേഖലയിലും മറ്റുമായി തകർച്ച നേരിടുന്ന വ്യവസായങ്ങളെയും വിജയകരമായി പ്രവർത്തിച്ചുവരുന്നവയെയും താരതമ്യംചെയ്ത് അവയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ നിർദേശംനൽകുന്നതിന് വിദഗ്ധസേവനം ലഭ്യമാക്കൽ.






# വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് പള്ളിക്കുന്ന് പഞ്ചായത്തിന് സുദീർഘമായ ഒരു പാരമ്പര്യമുണ്ട്. പ്രഗത്ഭരായ ആചാര്യന്മാരുടെ ഒരു ദീർഘപരമ്പര ഏറെക്കാലം ഇവിടെ വിദ്യാപ്രചാരണത്തിൽ ഏർപ്പെട്ടിരുന്നു. ആ മഹദ്വ്യക്തികളുടെ പരമ്പരയിൽ ശ്രീ രാഘവവാരിയരുടെ നാമം പ്രത്യേകം സ്മരണീയമാണ്. പള്ളിക്കുന്ന് അമ്പലത്തിനുസമീപം അദ്ദേഹം താമസിച്ചിരുന്ന 'രാവറ്മഠ'ത്തിൽ പ്രശസ്തമായ ഒരു പാഠശാല നടത്തിയിരുന്നു. പ്രശസ്ത സംസ്കൃത പണ്ഡിതനായിരുന്ന ശ്രീകണ്ഠസൂരി അദ്ദേഹത്തിന്റെ ഗുരുനാഥനും 'ശങ്കരകവി' അദ്ദേഹത്തിന്റെ ശിഷ്യനുമായിരുന്നു. ഈ മൂന്നു പണ്ഡിതന്മാരും ശ്രീ കേരളവർമ്മ കോലത്തിരിയുടെ (കൊ.വ. 598–621) ആസ്ഥാനകവികളുമായിരുന്നു.

ഏകദേശം 150 കൊല്ലങ്ങൾക്കുമുമ്പു ഇന്നത്തെ ജയിൽ ക്വാർട്ടേഴ്സിനു സമീപം ആദ്യത്തെ വിദ്യാലയം സ്ഥാപിച്ച 'ശ്രീ പുല്ലാരൻ ഗുരു'ക്കളാണ്. ഇവിടെ ആധുനികവിദ്യാഭ്യാസത്തിന്റെ വിത്തുകൾ പാകിയത് അദ്ദേഹത്തിന്റെ പത്നിയും ഈ വിദ്യാലയത്തിലെ അധ്യാപികയായിരുന്നു എന്നതു ശ്രദ്ധേയമാണ്. ഈ പ്രദേശത്തെ പല പ്രശസ്തരും പഠിച്ച ഈ വിദ്യാലയം ദൗർഭാഗ്യവശാൽ കുറച്ചുവർഷങ്ങൾക്കുമുമ്പു 'അൺ ഇക്കണോമിക്' എന്ന കാരണം പറഞ്ഞ് അടച്ചുപൂട്ടി. ഏകദേശം നൂറുവർഷങ്ങൾക്കുമുമ്പു സ്ഥാപിച്ച പള്ളിക്കുന്ന് ക്ഷേത്രത്തിനടുത്തുണ്ടായിരുന്ന ദേവീവിലാസം സ്കൂളും ചാലാടുള്ള ഒരു പ്രാഥമിക വിദ്യാലയവും ഇന്ന് നിലവിലില്ല. കൂടാതെ ഇന്നു നിലവിലുള്ള എടച്ചേരി എൽ.പി. സ്കൂൾ, ചാലാട് സെൻട്രൽ സ്കൂൾ (പോത്തേരി സ്കൂൾ), ചാലാട് നോർത്ത് എൽ.പി. സ്കൂൾ എന്നിവയും നൂറുവർഷം പിന്നിട്ടവയാണ്.

ശ്രീ പാമ്പൻമാധവൻ തുടങ്ങിയ സ്വാതന്ത്ര്യസമര സേനാനികൾക്കും ടി. പദ്മനാഭൻ തുടങ്ങിയ സാഹിത്യകാരന്മാർക്കും ജന്മംനൽകിയ പ്രദേശമാണ് ഇത്. പരേതനായ കാട്ടുമാടം ദാമോദരൻ നമ്പൂതിരിപ്പാട്, വി. പനോളി തുടങ്ങിയ സംസ്കൃത പണ്ഡിതന്മാരെയും സംഭാവനചെയ്തു ഈ പ്രദേശം.

ചിറക്കൽ കോവിലകം വകരാജാസ് ഹൈസ്കൂളിൽനിന്നും പുറത്താക്കിയ ഏതാനും അധ്യാപകർ ചേർന്നു സ്ഥാപിച്ചതാണ് ഇന്ന് 'രാധാവിലാസം സ്കൂൾ' എന്നറിയപ്പെടുന്ന വിദ്യാലയം.

1990–ലെ സാക്ഷരതാപ്രസ്ഥാനം ഒരു വൻവിജയമാക്കാൻ ഈ പഞ്ചായത്തിനു കഴിഞ്ഞതിൽ അത്ഭുതപ്പെടാനൊന്നുമില്ലെന്ന് ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പാരമ്പര്യം നമ്മെ ഓർമിപ്പിക്കുന്നു.

വിദ്യാഭ്യാസമേഖലയെ പ്രീ–പ്രൈമറി, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം, വികസനോന്മുഖ തുടർവിദ്യാഭ്യാസം എന്നിങ്ങനെ തരംതിരിച്ചുകൊണ്ടാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

## പ്രീപ്രൈമറി വിദ്യാഭ്യാസം

സ്ഥിതി: ഈ പഞ്ചായത്തിൽ ഇന്ന് 17 പ്രീ–പ്രൈമറി വിദ്യാലയങ്ങളുണ്ട്. 2, 6, 11 എന്നീ വാർഡുകളിൽ പ്രീ–പ്രൈമറി വിദ്യാലയങ്ങളില്ല.

### വിമർശനങ്ങൾ

1. ജനസംഖ്യാനുപാതികമായി വേണ്ടത്ര പ്രീ–പ്രൈമറി വിദ്യാലയങ്ങൾ ഇല്ല.
2. നിലവിലുള്ളവയ്ക്കുതന്നെ ആവശ്യമായ കെട്ടിടങ്ങളോ കളിസ്ഥലങ്ങളോ കളിപ്പാട്ടങ്ങളോ ഇല്ല.
3. പല പ്രീ–പ്രൈമറി വിദ്യാലയങ്ങളുടെയും പരിസരം വൃത്തിഹീനവും രോഗങ്ങൾ പരത്താൻ സാധ്യതയുള്ളതുമാണ്.

### നിർദേശങ്ങൾ

1. സമഗ്രമായ സർവേ നടത്തി ജനസംഖ്യാനുപാതികമായി വേണ്ടത്ര പ്രീ– പ്രൈമറി വിദ്യാലയങ്ങൾ ആവശ്യമായ സൗകര്യങ്ങളോടുകൂടി ആരംഭിക്കേണ്ടിയിരിക്കുന്നു.
2. നിലവിലുള്ള പ്രീ–പ്രൈമറി വിദ്യാലയങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.
3. ജനകീയ സഹകരണത്തോടെ ഇവയ്ക്ക് ആവശ്യമായ കളിപ്പാട്ടങ്ങളും പഠനോപകരണങ്ങളും ലഭ്യമാക്കുക.
4. പരിസരശുചീകരണത്തിൽ കൂടുതൽ ശ്രദ്ധിക്കുക.

## പൊതുവിദ്യാഭ്യാസം

A – പൊതുപരിസ്ഥിതി

സ്ഥിതി: ഈ പഞ്ചായത്തിൽ ഒമ്പതു വിദ്യാലയങ്ങൾ ഉണ്ട്.

ഹൈസ്കൂൾ –1, യു.പി. –2, എൽ.പി. –6, ഒരു എൽ.പി, ഒരു യു.പി, ഒരു ഹൈസ്കൂൾ എന്നിവ സർക്കാർ ഉടമസ്ഥതയിലുള്ളതാണ്. ബാക്കിയുള്ളവ എയ്ഡഡ് സ്കൂളുകളാണ്. 3, 10, 11 എന്നീ വാർഡുകളിൽ ഒരു വിദ്യാലയവും ഇല്ല. പട്ടിക ഒന്ന് നോക്കുക.

## പട്ടിക 1

### സ്കൂളുകളുടെ പൊതുവിവരം

| കോഡ് നമ്പർ | സ്കൂളിന്റെ പേര് | സ്കൂളിന്റെ ഉടമസ്ഥത | | | | | | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകൾ | ദീർഘകാല അവധി | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണം | കളിസ്ഥലം | ഉപയോഗശൂന്യം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | HS/UP/LP | സർക്കാർ | എയ്ഡഡ് | ആൺ | പെൺ | ആകെ | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1. | ഇടച്ചേരി എൽ.പി. | L.P. | – | ✓ | 76 | 79 | 155 | 5 | 5 | – | – | 9.5സെന്റ് | ഇല്ല | ഇല്ല |
| 2. | ഗവ. ഹൈസ്കൂൾ, പള്ളിക്കുന്ന് | H.S. | ✓ | – | 973 | 827 | 1800 | 61 | 61 | – | – | 1 ഏക്കർ | ഇല്ല | ഇല്ല |
| 3. | ചാലാട് വെസ്റ്റ് എൽ.പി. | L.P. | – | ✓ | 55 | 58 | 113 | 6 | 6 | – | – | 45 സെന്റ് | 20 സെന്റ് | ഇല്ല |
| 4. | ചാലാട് സെൻട്രൽ എൽ.പി. | L.P | – | ✓ | 80 | 72 | 152 | 6 | 6 | – | – | 45സെന്റ് | 20 സെന്റ് | ഇല്ല |
| 5. | ചാലാട് നോർത്ത് എൽ.പി. പള്ളിയാമൂല | L.P. | – | ✓ | 59 | 45 | 104 | 4 | 4 | – | – | 50 സെന്റ് | 40 സെന്റ് | ഇല്ല |
| 6. | ഗവ. മാപ്പിള എൽ.പി. ചാലാട് | L.P. | ✓ | – | 70 | 68 | 138 | 6 | 6 | – | – | 23 സെന്റ് | 13 സെന്റ് | ഇല്ല |
| 7. | ഗവ. യു.പി. ചാലാട് | U.P. | ✓ | – | 337 | 316 | 653 | 21 | 21 | – | – | 50 സെന്റ് | 5സെന്റ് | ഇല്ല |
| 8. | ഇസത്തുൽ ഇസ്ലാം മദ്രസ എൽ.പി. | L.P. | – | ✓ | 64 | 64 | 128 | 6 | 6 | – | – | 33 സെന്റ് | ഇല്ല | ഇല്ല |
| 9. | രാധാവിലാസം യു.പി. | U.P. | – | ✓ | 147 | 146 | 293 | 12 | 12 | – | – | 80 സെന്റ് | 20 സെന്റ് | ഇല്ല |
| | ആകെ | | | | 1801 | 1675 | 3536 | 127 | 127 | | | | | |

**വിമർശനങ്ങൾ**

1. മുഴുവൻ വിദ്യാർത്ഥികൾക്കും നിശ്ചിത ദൂരപരിധക്കകത്തുതന്നെ പ്രാഥമിക വിദ്യാലയസൗകര്യങ്ങളുണ്ടെങ്കിലും മൂന്നുവാർഡുകളിൽ ഒരു വിദ്യാലയവുമില്ല.

2. ഈ വിദ്യാലയങ്ങളുടെ അടിസ്ഥാനസകൗര്യങ്ങൾ വികസിപ്പിക്കുന്നതിനു സർക്കാർ ശ്രദ്ധിക്കുന്നില്ല.

3. പി.ടി.എ. ചിലയിടങ്ങളിൽ സജീവമല്ല.

5. മിക്ക വിദ്യാലയങ്ങൾക്കും വളരെ പരിമിതമായ സ്ഥലസൗകര്യങ്ങളേയുള്ളൂ.

**നിർദേശങ്ങൾ**

1. സ്വകാര്യ മാനേജ്മെന്റിൽ സമ്മർദംചെലുത്തി സ്വകാര്യവിദ്യാലയങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുക. അവരുടെ കഴിവിനുമപ്പുറത്തുള്ള കാര്യങ്ങൾ നടത്തുന്നതിന് പി.ടി.എ., വിദ്യാലയസമിതി എന്നിവയെ സജ്ജമാക്കുക.

2. സർക്കാർവിദ്യാലയങ്ങളുടെ വികസനത്തിൽ വേണ്ടത്ര പ്രാധാന്യം നൽകുക.

3. അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകളും വർക്ക്ഷോപ്പുകളും ഇടയ്ക്കിടെ നടത്തുക.

**A. ഭൗതികസാഹചര്യങ്ങൾ**

a. സ്ഥിതി: സ്ഥലസൗകര്യം, കെട്ടിടങ്ങൾ, ലാബ്, ലൈബ്രറി, മൂത്രപ്പുര, കക്കൂസ്, വൈദ്യുതി ലഭ്യത, കളിസ്ഥലം, കിണർ എന്നിവയാണ് ഈ വിഭാഗത്തിൽ വിലയിരുത്തുന്നത്. പട്ടിക II നോക്കുക.

1. സ്ഥലസൗകര്യത്തിന്റെ കാര്യത്തിൽ ഒരു വിദ്യാലയത്തിനും മിനിമം സൗകര്യംപോലുമില്ല.

2. ഈ വിദ്യാലയങ്ങൾക്കൊന്നിനും വേണ്ടത്ര കളിസ്ഥലമോ കുട്ടികളെ പുറത്തുകൊണ്ടുപോയി കളിപ്പിക്കാനോ ഉള്ള സൗകര്യമില്ല.

3. ഈ പഞ്ചായത്തിലെ ഒരേയൊരു ഹൈസ്കൂൾ ആയ പള്ളിക്കുന്ന് ഗവ. ഹൈസ്കൂളിനു കളിസ്ഥലമില്ല.

4. ഓടിക്കളിച്ചു നടക്കേണ്ട കുട്ടികൾ നിന്നുതിരിയാൻ ഇടമില്ലാതെ വീർപ്പുമുട്ടി കഴിയേണ്ട അവസ്ഥയാണ് മിക്ക വിദ്യാലയങ്ങളിലും.

5. രണ്ട് സർക്കാർ വിദ്യാലയങ്ങൾ (പ്രൈമറി) വാടക കെട്ടിടങ്ങളിലാണു പ്രവർത്തിക്കുന്നത്. മറ്റുള്ളവയ്ക്കു

## പട്ടിക – 2

### സ്കൂളിന്റെ ഭൗതീകസൗകര്യങ്ങളുടെ വിവരം

| കോഡ് നമ്പർ | ആകെ ഡിവിഷനുകളുടെ എണ്ണം | മുറികളുടെ എണ്ണം | | | കെട്ടിടങ്ങളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/ മുറികൾ നിർമ്മിക്കാൻ സ്ഥലം | നിലവിലുള്ള മൂത്രപ്പുരകൾ | മൂത്രപ്പുര ഒരേസമയം എത്ര പേർക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളത് | നിലവിലുള്ള കക്കൂസുകൾ | കുടിവെള്ള സംവിധാനം – ഉണ്ട്/ഇല്ല | വൈദ്യുതീകരണം | പാചകപ്പുര | സ്റ്റോർ റൂം | നിലവിലുള്ള ഫർണിച്ചറുകൾ തൃപ്തികരമോ? | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 5 | 1 | – | – | 5 | – | – | – | – | 1 | 1 | 2 | – | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 30 | 20 | 5 | 5 | 5 |
| 2 | 42 | 2 | 2 | 1 | 16 | 8 | 2 | 22 | ഉണ്ട് | 2 | 30 | 3 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 50 | 50 | 10 | 20 | അലമാര റാക്ക് |
| 3 | 5 | – | 2 | – | – | 2 | – | – | ഇല്ല | 2 | 10 | – | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 5 | 2 | – | അലമാര 2 |
| 4 | 5 | 3 | – | – | – | – | 8 | – | ഉണ്ട് | 2 | 3 | 3 | ഇല്ല | – | – | – | – | – | 24 | 10 | 3 | 5 | 1 |
| 5 | 4 | 1 | – | – | 1ഹാൾ | – | – | – | ഉണ്ട് | ഇല്ല | – | 2 | ഇല്ല | കിണറുണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30 | 5 | 2 | 2 | അലമാര |
| 6 | 5 | 2 | – | – | 2ഹാൾ | – | – | – | – | 1 | 4 | – | 2 | പൈപ്പുണ്ട് | – | ഉണ്ട് | ഉണ്ട് | ഇല്ല | – | – | – | 4 | അലമാര, റാക്ക് 2 |
| 7 | 18 | 3 | – | – | 4മുറി, 1 ഹാൾ | – | – | – | ഇല്ല | 2 | – | – | 2 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 10 | 10 | 5 | 5 | അലമാര |
| 8 | 5 | 2 | – | – | 5 | – | – | – | – | 2 | 2 | 2 | 2 | കിണറുണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | – | – | – | – | അലമാര-1 |
| 9 | 9 | 3 | – | – | 9 | – | – | 2 | – | 2 | 1 | 1 | 1 | കിണറുണ്ട് | ഉണ്ട് | – | – | ഇല്ല | 10 | 10 | 3 | 5 | 2 |

സ്വന്തമായി കെട്ടിടങ്ങളുണ്ടെങ്കിലും Pre–K.E.R. എന്ന നിലയിൽ തുടങ്ങിയതിനാൽ മിക്ക ക്ലാസ്മുറികൾക്കും വേണ്ടത്ര വലിപ്പമോ വെന്റിലേഷനോ ഇല്ല.

6. പള്ളിക്കുന്ന് ഗവ. ഹൈസ്കൂളിനു ലാബ് സൗകര്യങ്ങളുണ്ടെങ്കിലും തീരെ അപര്യാപ്തമാണ്.

7. രണ്ട് യു.പിയിലും ഹൈസ്കൂളിലും ലൈബ്രറി ഉണ്ടെങ്കിലും വിദ്യാർത്ഥികൾക്ക് അവ വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. മൂത്രപ്പുര എല്ലാ വിദ്യാലയങ്ങളിലുമുണ്ട്. കക്കൂസ് സൗകര്യം 6 വിദ്യാലയങ്ങളിലുണ്ട്. വൈദ്യുതിസൗകര്യം 4 വിദ്യാലയങ്ങളിലുമുണ്ട്. 5 വിദ്യാലയങ്ങൾക്ക് മാത്രമേ പേരിനെങ്കിലും കളിസ്ഥലമുള്ളൂ. 7 വിദ്യാലയങ്ങൾക്കു കിണറോ മറ്റു കുടിവെള്ളസൗകര്യമോ ഉണ്ട്.

### B. വിമർശനങ്ങൾ

1. മിനിമം സ്ഥലസൗകര്യങ്ങളുള്ള വിദ്യാലയം പോലുമില്ല ഈ പഞ്ചായത്തിൽ.

2. താൽക്കാലിക കെട്ടിടം ഒരു വിദ്യാലയത്തിനുണ്ട്.

3. സ്ഥിരം കെട്ടിടമാക്കേണ്ട നാല് അർദ്ധസ്ഥിര കെട്ടിടങ്ങളുണ്ട്.

4. രണ്ട് സർക്കാർ പ്രൈമറി വിദ്യാലയങ്ങൾക്ക് സ്വന്തമായി കെട്ടിടമില്ല.

5. മിക്ക വിദ്യാലയങ്ങളിലും മിനിമം കളിസ്ഥലസൗകര്യം പോലുമില്ലാത്തതു കളിച്ചുവളരേണ്ട എൽ.പി., യു.പി. വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കും. ഈ ദുരവസ്ഥ കായികവിദ്യാഭ്യാസത്തെയും ബാധിക്കുന്നു.

6. ഇടുങ്ങിയ ക്ലാസ്മുറികളാണ് മിക്ക പ്രൈമറിവിദ്യാലയങ്ങളിലുമുള്ളത്.

7. മൂത്രപ്പുരകൾ എല്ലാ വിദ്യാലയങ്ങളിലുമുണ്ടെങ്കിലും ആൺ – പെൺകുട്ടികൾ, അധ്യാപകർ എന്നിങ്ങനെ വേർതിരിച്ചുള്ള സൗകര്യം കുറവാണ്.

8. കക്കൂസ് സൗകര്യം മൂന്നു വിദ്യാലയങ്ങളിൽ ഇല്ല എന്നതു വളരെ പരിതാപകരമായ അവസ്ഥയാണ്.

9. രണ്ടു വിദ്യാലയങ്ങളിൽ കുടിവെള്ളസൗകര്യമില്ല.

10. ആറുവിദ്യാലയങ്ങൾക്കും വൈദ്യുതിസൗകര്യമില്ല.

### C. നിർദേശങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും മിനിമംസൗകര്യം ഏർപ്പെടുത്തുക.

2. മുഴുവൻ വിദ്യാലയങ്ങൾക്കും കളിസ്ഥലം കണ്ടെത്തുക. ആവശ്യമാണെങ്കിൽ ഇതിനുവേണ്ടി ജനങ്ങളുടെ സഹകരണം തേടുക.

3. Pre–K.E.R. പരിരക്ഷ നൽകപ്പെട്ട കെട്ടിടങ്ങൾ അടിയന്തരമായി നിർദിഷ്ട അളവോടുകൂടി മാറ്റിപ്പണിയുക.

4. മുഴുവൻ വിദ്യാലയങ്ങളും വൈദ്യുതീകരിക്കുക.

C. കുട്ടികളുടെ പ്രവേശനം

a, സ്ഥിതി: കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഒന്നാം തരത്തിൽ ചേരുന്ന കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നു. കുട്ടികളുടെ എണ്ണം തീരെ കുറഞ്ഞു പോയതിനാൽ രണ്ടുവർഷംമുമ്പു പുല്ലാരൻ ഗുരുക്കൾ സ്കൂൾ എന്നപേരിൽ അറിയപ്പെട്ടിരുന്ന പള്ളിക്കുന്ന് എൽ.പി. സ്കൂൾ അടച്ചുപൂട്ടി. ഇതേപോലെ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ് ചാലാട് വെസ്റ്റ് എൽ.പി. സ്കൂൾ. ഹൈസ്കൂൾതലത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവില്ല.

C. വിമർശനങ്ങൾ:

1. ഈ പ്രദേശത്തെ ഭൂരിഭാഗം കുട്ടികൾ നഗരത്തിലെ വിവിധ ഇംഗ്ളീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്നു.

2. ജനനനിരക്കിലുണ്ടായ കുറവും വിദ്യാർത്ഥികളുടെ എണ്ണം കുറയാൻ ഒരു കാരണമാണ്.

3. പഠനനിലവാരം കുറവാണെന്ന ധാരണയും ഈ വിദ്യാലയങ്ങൾ പൊതുവേ ആകർഷണീയമല്ല എന്നതും വിദ്യാർത്ഥികൾ കുറയാൻ കാരണമാണ്.

4. ഉയർന്ന പഠനനിലവാരം പുലർത്തുന്ന ഹൈസ്കൂളിൽ കുട്ടികളുടെ എണ്ണം കുറയുന്നില്ല എന്നതു ശ്രദ്ധേയമാണ്.

## പട്ടിക – III

പൊതുവിദ്യാലയങ്ങളിലെത്തുന്ന കുട്ടികൾ

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 143 | 133 | 276 |
| 2 | 160 | 135 | 295 |
| 3 | 148 | 158 | 306 |
| 4 | 157 | 139 | 296 |
| 5 | 180 | 166 | 346 |
| 6 | 188 | 157 | 345 |
| 7 | 190 | 189 | 379 |
| 8 | 263 | 202 | 465 |
| 9 | 229 | 202 | 431 |
| 10 | 202 | 195 | 397 |
| ആകെ | 1860 | 1676 | 3536 |

വിദ്യാകേന്ദ്രങ്ങൾ

| സ്ഥാപനങ്ങൾ | എണ്ണം |
|---|---|
| പ്രീപ്രൈമറി | 17 |
| ലോവർ പ്രൈമറി | 6 |
| അപ്പർപ്രൈമറി | 2 |
| ഹൈസ്കൂൾ | 1 |
| പാരലൽ കോളജ് | 5 |
| സാങ്കേതികം | 3 |

C. നിർദേശങ്ങൾ

1. ഏറ്റവും അടുത്തുള്ള വിദ്യാലയത്തിൽത്തന്നെ കുട്ടികളെചേർത്ത്പഠിപ്പിക്കാൻരക്ഷിതാക്കളെപ്രേരിപ്പിക്കുവാൻ ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

2. പൊതുവിദ്യാലയങ്ങൾ കൂടുതൽ ആകർഷകമാക്കാനും ഗുണനിലവാരം മെച്ചപ്പെടുത്താനുംവേണ്ട ശ്രമങ്ങൾ നടപ്പാക്കേണ്ടതാണ്.

1.കൊഴിഞ്ഞുപോക്ക്

സ്ഥിതി: എൽ.പി., യു.പി., ഹൈസ്കൂൾ ക്ലാസുകളിൽ കൊഴിഞ്ഞുപോക്ക് വളരെ കുറവാണ്. ഈ പ്രദേശത്തെ ഉയർന്ന വിദ്യാഭ്യാസപാരമ്പര്യം തന്നെയാണ് ഇതിനുകാരണം. പക്ഷേ, ചാലാട് പോലുള്ള പ്രദേശങ്ങളിലെ ചില വിദ്യാലയങ്ങളിലെ കുട്ടികൾ പ്രാഥമികവിദ്യാഭ്യാസം നേടിക്കഴിഞ്ഞു പഠനംനിർത്തി മറ്റുതൊഴിലുകൾ അന്വേഷിച്ചുപോകുന്നുണ്ട്.

E. അക്കാദമിക് നിലവാരം

സ്ഥിതി: എൽ.പി., യു.പി., ഹൈസ്കൂൾതലങ്ങളിൽ 96–ലെ പാദവാർഷിക പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയപ്പോൾ 60%–ൽ കൂടുതൽ മാർക്കുനേടിയ കുട്ടികളാണു കൂടുതൽ. 30 ശതമാനത്തിൽ താഴെ മാർക്കുനേടിയവർ കുറവാണ്. പട്ടിക–4 കാണുക. എസ്.എസ്.എൽ.സി. വിജയശതമാനം വിലയിരുത്തുമ്പോൾ പള്ളിക്കുന്ന് ഗവ. ഹൈസ്കൂൾ കണ്ണൂർ ജില്ലയിൽ സർക്കാർ വിദ്യാലയങ്ങളിൽ വളരെ മുന്നിൽനിൽക്കുന്നു. 74–നും 84–നും മധ്യേയാണ് വിജയശതമാനം. പട്ടിക –4 കാണുക.

എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷയിൽ എല്ലാ വിദ്യാലയങ്ങളിൽനിന്നും മിടുക്കരായ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നുണ്ട്.

b. വിമർശനങ്ങൾ

1. സ്കോളർഷിപ്പ് പരീക്ഷയിലും മറ്റു മത്സരപരീക്ഷകകളിലും ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികൾ ഈ പഞ്ചായത്തിൽ കുറവാണ്.

2. പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഉയർന്ന എസ്.എസ്.എൽ.സി. വിജയശതമാനം നേടുന്ന പള്ളിക്കുന്ന് ഗവൺമെന്റ് ഹൈസ്കൂളിന്റെ പ്രവർത്തനം മാതൃകാപരമാണ്.

നിർദേശങ്ങൾ

1. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠനാന്തരീക്ഷം വിശദമായി വിലയിരുത്തപ്പെടേണ്ടതാണ്.

2. ''ഗുരുകുലം പദ്ധതി'' പൂർണമായി എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കേണ്ടതാണ്.

3. പഠനം ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും ഉപകരണങ്ങൾ ഉപയോഗിച്ചുള്ളതുമാകണം.

4. പരീക്ഷയിൽ ഓർമ്മപരിശോധനയോടൊപ്പം മൊത്തം വളർച്ചയും വിലയിരുത്തപ്പെടണം.

5. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ചിട്ടയോടെ നടപ്പിലാക്കണം.

6. അധ്യാപകർക്ക് പുനഃപരിശീലനവും കുട്ടികൾക്ക്

പരിശീലനവും നൽകണം.

7. വിദ്യാഭ്യാസ അധികൃതരുടെ സന്ദർശനം, ജനകീയ മോണിറ്ററിംഗ് എന്നിവ ഫലപ്രദമായി നടപ്പിലാക്കണം.

8.പിയർ മോണിറ്ററിംഗ്, പിയർ ടീച്ചിംഗ് എന്നിവ ക്ലാസിലും സ്കൂളിലും നടപ്പിലാക്കണം.

9. ഓരോ വിദ്യാലയത്തിലും സ്കോളർഷിപ്പ് പരീക്ഷയും മറ്റു മത്സരപരീക്ഷകളും എഴുതാൻ അർഹതയുള്ള മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം കൊടുക്കണം.

f. അദ്ധ്യാപകരുടെ ലഭ്യത

സ്ഥിതി: മൊത്തം 127 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുള്ളതിൽ 127-ലും അധ്യാപകർ ഉണ്ട്. അധ്യാപകരുടെ യോഗ്യത, സർവീസ് തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. പട്ടിക -1 കാണുക.

g. ജനകീയതലം

സ്ഥിതി: സ്കൂൾ കോംപ്ലക്സ്, ഗുരുകുലം എന്നിവയുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും പി.ടി.എയും മാതൃസംഘവും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത്, വാർഡ് തല സമിതികൾ നിലവിൽവന്നു.

വിമർശനം

1. പി.ടി.എ., മാതൃസംഘം എന്നിവയുടെ പ്രവർത്തനഫലമായി വിദ്യാഭ്യാസപ്രശ്നങ്ങളെക്കുറിച്ച് സമൂഹത്തിൽ മൊത്തത്തിൽ ഒരു ബോധവൽക്കരണം നടന്നു.

2. പി.ടി.എ., മാതൃസംഘം എന്നിവയിൽ പങ്കാളിത്തം കൂടി.

3. വിദ്യാലയങ്ങളുമായി നിരന്തരം ബന്ധപ്പെടാനും വിദ്യാർത്ഥിയുടെ പഠനനിലവാരത്തെക്കുറിച്ച് അറിയാനും രക്ഷിതാക്കൾ കൂടുതൽ താൽപര്യം കാണിക്കുന്നുണ്ട്.

4. അയൽക്കൂട്ടം ഇതുവരെ ഒരുവാർഡിലും രൂപവൽക്കരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

നിർദേശങ്ങൾ

1. അയൽക്കൂട്ടങ്ങൾ രൂപവൽക്കരിച്ച് മാതൃകാപരമായി പ്രവർത്തനം തുടങ്ങണം.

2. പി.ടി.എയും മാതൃസംഘവും വിദ്യാലയത്തിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

3. ആധുനികമായ പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എന്നിവ വിദ്യാലയങ്ങൾക്ക് ലഭ്യമാക്കുന്നതിന് ജനകീയസമിതികൾ കാര്യമായ പങ്കുവഹിക്കണം.

4. മിടുക്കരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് ജനകീയസമിതികൾ സ്കോളർഷിപ്പുകളും അവാർഡുകളും ഏർപ്പെടുത്തുന്നതു നന്നായിരിക്കും.

5. കലാമേളകളും കായികമേളകളും ജനീയസമിതികളുടെ പൂർണമായ ഉത്തരവാദിത്വത്തിലായിരിക്കണം നടത്തേണ്ടത്.

## II അനൗപചാരിക വിദ്യാഭ്യാസം

സ്ഥിതി: സമ്പൂർണ്ണ സാക്ഷരതാപദ്ധതി വിജയകരമായി നടപ്പിലാക്കിയെങ്കിലും പിന്നീടുള്ള തുടർവിദ്യാഭ്യാസ പരിപാടി വിജയകരമായി നടപ്പിലാക്കിയില്ല. ഈ പഞ്ചായത്തിൽ ആകെ ഏഴ് ഗ്രന്ഥാലയങ്ങൾ/വായനശാലകളാണ് ഉള്ളത്. അനൗപചാരിക വിദ്യഭ്യാസകേന്ദ്രങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല.

വിമർശനം

1. തുടർവിദ്യാഭ്യാസത്തിന്റെ പ്രവർത്തനങ്ങൾ കാര്യമായി നടന്നില്ല.

2. ആറുവാർഡുകളിൽ വായനശാലയോ ഗ്രന്ഥശാലയോ ഇല്ല.

3. അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.

**നിർദേശങ്ങൾ**

1. നവസാക്ഷരർക്കായുള്ള തുടർവിദ്യാഭ്യാസ പദ്ധതി ഊർജിതമായി ഉടനെ നടപ്പാക്കേണ്ടയിരിക്കുന്നു.

2. വായനശാലയോ ഗ്രന്ഥാലയമോ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കണം. ഇതിനു സന്നദ്ധസംഘങ്ങളുടെ സഹായം തേടാം.

**ഉന്നതവിദ്യാഭ്യാസം**

സ്ഥിതി: ഈ പഞ്ചായത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. എങ്കിലും അധികംദൂരെയല്ലാതെ ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പരിമിതമായ തോതിലാണെങ്കിലും ലഭ്യമാണ്.

വിമർശനങ്ങൾ: ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യം ഈ പഞ്ചായത്തിലെ അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമല്ല.

**നിർദേശങ്ങൾ**

1. പള്ളിക്കുന്ന് ഗവ. ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സുകൾ ഉടനെ ആരംഭിക്കേണ്ടതാണ്.

2. ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനമെങ്കിലും ഈ പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്.

## വികസനോന്മുഖ തുടർവിദ്യാഭ്യാസം

വികസനോന്മുഖ തുടർവിദ്യാഭ്യാസത്തെക്കുറിച്ച് വ്യക്തമായ ധാരണയോ അതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധമോ പൊതുവേ ജനങ്ങളിൽ ഇല്ല. ഇന്നു തുടർവിദ്യാഭ്യാസത്തിന്റെ ചുമതല ഏറ്റെടുത്തിരിക്കുന്ന ടി.വി., റേഡിയോ, പത്രങ്ങൾ, സിനിമ തുടങ്ങിയ മാധ്യമങ്ങൾ വികസനത്തെക്കുറിച്ച് വികലമായ ചില ധാരണകൾ ജനമനസിൽ അടിച്ചേൽപ്പിച്ചിരിക്കുന്നു. വികസനമെന്നാൽ, പുരോഗതിയെന്നാൽ കൂടുതൽ ഉപഭോഗവസ്തുക്കൾ വാങ്ങിക്കൂട്ടലും വിമാനത്താവളങ്ങളും കോള

ജുകളും സ്ഥാപിക്കലുമാണെന്ന മിഥ്യാധാരണയാണ് ഇന്നു വളർത്തുന്നത്.

### നിർദേശങ്ങൾ

1. കൂട്ടായശ്രമത്തിലൂടെ നിത്യജീവിതത്തിലനുഭവപ്പെടുന്ന പ്രയാസങ്ങളെ പടിപടിയായി ലഘൂകരിക്കുന്നതാണ് പുരോഗതി. വികസനം എന്ന ആശയം പ്രചരിപ്പിക്കുക.

2. അടിസ്ഥാന ജീവിതാവശ്യങ്ങൾക്ക് മുൻഗണന നൽകണം.

3. പരിപാടികളുടെ ആസൂത്രണം, നടത്തിപ്പ്, വിലയിരുത്തൽ ഇവയിൽ ഗുണഭോക്താവിനു പങ്കാളിത്തം നൽകണം.

4. ഉപഭോക്തൃ സംസ്കാരത്തിന്റെ പിടിയിൽനിന്നു ജനങ്ങളെ സ്വതന്ത്രരാക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

### മറ്റുവിവരങ്ങൾ

ശാസ്ത്ര സാഹിത്യപരിഷത്ത്, വിദ്യാഭ്യാസവകുപ്പുമായി സഹകരിച്ചു നടത്തുന്ന വിജ്ഞാനോത്സവത്തിൽ നിരവധി വിദ്യാർത്ഥികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തുതലത്തിൽ എസ്.എസ്.എൽ.സിക്ക് ഏറ്റവും കൂടുതൽ മാർക്കു നേടുന്ന കുട്ടിക്ക് പഞ്ചായത്തും പൊടിക്കുണ്ട് ബ്രദേഴ്സ് ക്ലബും ക്യാഷ് അവാർഡ് നൽകുവരുന്നുണ്ട്. എസ്.എസ്.എൽ.സിക്ക് ഡിസ്റ്റിംഗ്ഷൻ വാങ്ങുന്ന എല്ലാ കുട്ടികൾക്കും കലാകായികരംഗങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്കും പള്ളിക്കുന്ന് ഗവ. ഹൈസ്കൂൾ പി.ടി.എ. കാഷ് അവാർഡ് നൽകിവരുന്നു.

## പ്രശ്നങ്ങൾ ഒറ്റനോട്ടത്തിൽ

### പ്രീ-പ്രൈമറി

1. പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും പ്രീ-പ്രൈമറി സൗകര്യം ലഭ്യമല്ല.

2. ആവശ്യമായ കെട്ടിടം, കളിക്കോപ്പുകൾ, മറ്റു സാമഗ്രികൾ ഇവയുടെ അഭാവം.

3. പ്രവേശനം തേടുന്ന കുട്ടികളുടെ എണ്ണം സംബന്ധിച്ച അവ്യക്തത.

4. പുതുതായി കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള വിഭവപരമായ തടസം

5. പരിസരശുചീകരണത്തിൽ കാണിക്കുന്ന ഉപേക്ഷ.

### പൊതുവിദ്യാഭ്യാസം

1. ഒരു വിദ്യാലയത്തിനും ഭൗതികസൗകര്യങ്ങൾ വേണ്ടത്രയില്ല.

2. അക്കാദമിക് സൗകര്യമുള്ള വിദ്യാലയങ്ങളൊന്നുമില്ല.

3. ഇന്നു സർക്കാർ വിദ്യാലയങ്ങൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

4. പള്ളിയാംമൂല പ്രദേശത്ത് ഒരു ഹൈസ്കൂളിന്റെ ആവശ്യം ആ പ്രദേശത്തിന്റെ വികസനത്തിന് അത്യന്ത്യാപേഷിതമാണ്.

5. പ്രീ - കെ.ഇ.ആർ. പരിരക്ഷമൂലം പല വിദ്യാലയങ്ങളും ഇന്നു ശ്വാസംമുട്ടുന്നു.

6. രസകരമോ താൽപര്യജനകമോ അല്ലാത്ത സിലബസ് ജനജീവിതവുമായി ബന്ധമില്ലാത്തതാണ്.

7. തൊഴിൽപരമായ വിദ്യാഭ്യാസത്തിനു പ്രാമുഖ്യം നൽകണം. എന്നാലേ തൊഴിലിനോടും തൊഴിലന്വേഷിക്കുന്നവരോടും ബഹുമാനം തോന്നൂ.

8. ജനകീയ പങ്കാളിത്തം വേണ്ടത്രയില്ല.

9. ഇംഗ്ലീഷ് മീഡിയത്തിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് പിടിച്ചുനിർത്തണം. 10. വിദ്യാർത്ഥിയെ വിദ്യാലയത്തിന് ആകർഷിക്കാൻ കഴിയണം.

11. പി.ടി.എ., മാതൃസംഘം പ്രവർത്തനം തികച്ചും തൃപ്തികരമല്ല. 12. ഹൈസ്കൂളിൽ (ഗവ. ഹൈസ്കൂൾ പള്ളിക്കുന്ന്) എസ്.എസ്.എൽ.സി. വിജയശതമാനം മെച്ചപ്പെട്ടതാണെങ്കിലും ഭൗതികസൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്.

13. ഹൈസ്കൂളിലെ പി.ടി.എ. മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നണ്ട്. എങ്കിലും അവർക്കും നിറവേറ്റാൻ കഴിയാത്ത പ്രശ്നങ്ങളുണ്ട്.

14. 'ഗുരുകുലം' എന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതി അക്ഷരാർത്ഥത്തിൽ നടപ്പായിട്ടില്ല.

15. കലാകായികരംഗങ്ങളിൽ പ്രോത്സാഹനം നിരാശജനകമാണ്.

16. പൊതുവിദ്യാഭ്യാസത്തെ തളർത്താനുള്ള പ്രവണത ദൃശ്യമാണ്.

17. ഒരു കൂട്ടായ പ്രവർത്തനം വിദ്യാഭ്യാസവികസനത്തിനുവേണ്ടി നടക്കുന്നില്ല.

18. ആവശ്യമുള്ള സ്ഥലങ്ങളിൽ എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കി ഉയർത്തണം.

### ഉന്നതവിദ്യാഭ്യാസം

1. സാങ്കേതികപരിജ്ഞാനം നേടാനുള്ള അസൗകര്യങ്ങൾ ഏറെ.

2. കോളജ് പഠനമാണ് ഉന്നതവിദ്യാഭ്യാസമെന്ന തെറ്റായ ധാരണ പുലർത്തുന്നു.

3. ഊർജം - മാനവശേഷി വികസിപ്പിച്ചെടുക്കാൻ കഴിയാത്ത സ്ഥിതി.

4. സാമൂഹ്യ പ്രതിബദ്ധത ഇല്ലാത്ത ഒരു തലമുറ വളർന്നുവരുന്നു.

5. അഖിലേന്ത്യാതലത്തിലുള്ള മത്സരപരീക്ഷകളിൽനിന്നും പിന്തള്ളപ്പെട്ടുപോകുന്നു.

അനൗപചാരിക വിദ്യാഭ്യാസം

1. സന്നദ്ധസംഘടനകൾ, വായനശാലകൾ, ഗ്രന്ഥ

# അക്കാദമിക് നിലവാരം (പൊതുനിലവാരം)

## (1996-ലെ പാദവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ)

### പട്ടിക -4

### ഗവ. ഹൈസ്കൂൾ പള്ളിക്കുന്ന്

| ക്ലാസ് | ആകെ കുട്ടികൾ | 30% താഴെ | 30%-നും 40-നുമിടയ്ക്ക് | 40%-നും50-നുമിടയ്ക്ക് | 50%-നും 60-നുമിടയ്ക്ക് | 60-നുമേൽ | S.S.L.C. വിജയശതമാനം |
|---|---|---|---|---|---|---|---|
| 3 | 308 | 33 | 58 | 48 | 54 | 115 | |
| 4 | 307 | 15 | 33 | 64 | 58 | 137 | 91-92 78% |
| 5 | 341 | 19 | 65 | 87 | 59 | 111 | 92-93 84% |
| 6 | 345 | 50 | 94 | 90 | 58 | 53 | 93-94 78.6% |
| 7 | 382 | 84 | 108 | 86 | 44 | 60 | 94-95 74% |
| 8 | 465 | 91 | 94 | 131 | 76 | 73 | 95.96 76.15% |
| 9 | 431 | 28 | 119 | 85 | 77 | 112 | |
| 10 | 397 | 64 | 62 | 82 | 68 | 121 | |
| ആകെ | 2976 | 384 | 613 | 683 | 494 | 782 | |

# കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

## പട്ടിക V

| സ്കൂൾ കോഡ് നമ്പർ | ആകെ കുട്ടികൾ | | | SC കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC കുട്ടികളുടെ എണ്ണം | | | മറ്റുള്ളവർ | | | SC കുട്ടികളുടെ എണ്ണം | | | മറ്റുള്ളവർ | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 76 | 79 | 155 | 1 | — | 1 | — | — | — | 4 | — | 4 | — | — | — | — | — | — |
| 2 | 973 | 827 | 1800 | 67 | 62 | 129 | 8 | 7 | 15 | 115 | 48 | 163 | 2 | — | 2 | 43 | 21 | 64 |
| 3 | 55 | 58 | 113 | 3 | 3 | 6 | — | — | — | 1 | 3 | 4 | — | — | — | — | 1 | 1 |
| 4 | 80 | 72 | 152 | 4 | 3 | 7 | — | — | — | 1 | 1 | 2 | — | — | — | — | — | — |
| 5 | 59 | 46 | 105 | 13 | 8 | 21 | — | 1 | 1 | 4 | 1 | 5 | — | — | — | — | — | — |
| 6 | 70 | 68 | 138 | — | — | — | — | — | — | 3 | 4 | 7 | — | — | — | 11 | 5 | 16 |
| 7 | 337 | 316 | 653 | 23 | 16 | 39 | 3 | 2 | 5 | 30 | 31 | 61 | — | — | — | 2 | 1 | 3 |
| 8 | 64 | 64 | 128 | — | — | — | — | — | — | 6 | 2 | 8 | — | — | — | — | — | — |
| 9 | 147 | 146 | 293 | 2 | — | 2 | — | — | — | 12 | 8 | 20 | — | — | — | — | 1 | 1 |
| ആകെ | 1861 | 1676 | 3537 | 113 | 92 | 205 | 11 | 10 | 21 | 176 | 98 | 274 | 2 | | 2 | 56 | 29 | 85 |

ശാലകൾ ഇവയുടെ അപര്യാപ്തത.

2. വിഭവങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

### വികസനോന്മുഖ വിദ്യാഭ്യാസം

1. ആസൂത്രണം കേന്ദ്രീകൃതമാവുന്നു.

2. വികസനത്തിന്റെ നല്ലഫലങ്ങൾ സമൂഹത്തിലെ ഒരു വിഭാഗത്തിനുമാത്രം ലഭ്യം.

3. വികസനത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടക്കുന്നില്ല.

4. ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ ബോധപൂർവം ജനങ്ങളെ ഉപഭോക്തൃ സംസ്കാരത്തിലേക്കു തള്ളിവിടുന്നു.

5. സംഘടിതമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

### സാധ്യതകൾ

1. സമഗ്രവിദ്യാഭ്യാസം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം നടത്തണം.

2. അതിനായി സമഗ്ര സർവേ നടത്തണം

3. സർവേയുടെ അടിസ്ഥാനത്തിൽ വിവിധതലത്തിൽ കമ്മിറ്റികൾ ഉണ്ടാവണം.

4. വാർഡുതലത്തിൽ അയൽക്കൂട്ടങ്ങളുണ്ടാവണം.

5. ആരെയെല്ലാം ഈ സംരംഭവുമായി ബന്ധപ്പെടുത്താൻ കഴിയുന്നുവോ അവരെയെല്ലാം കണ്ടെത്തി പ്രയോജനപ്പെടുത്തണം.

7. വിശ്രമജീവിതം നയിക്കുന്ന പല വ്യക്തികളെയും നമുക്ക് കണ്ടെത്തി അവരുടെ കഴിവുകൾ വിദ്യാഭ്യാസ രംഗത്തെ ഉയർച്ചയ്ക്കായി പ്രയോജനപ്പെടുത്താം.

8. വിദ്യാലയം ആകർഷകമാക്കൽ.

9. മാസത്തിലൊരിക്കലോ പരീക്ഷകൾക്കുശേഷമോ അമ്മമാരെ സ്കൂളിൽ വരുത്തി വിദ്യാർത്ഥിയുടെ നിലവാരം ചർച്ചചെയ്യണം.

10. എസ്.എസ്.എൽ.സി.ക്ക് പിന്നോക്കംനിൽക്കുന്ന കുട്ടികൾക്കും മറ്റുമത്സരപരീക്ഷകൾക്കും പ്രത്യേകമായ കോച്ചിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

11. വിദ്യാലയവും പരിസരവും ശുചിയായി സൂക്ഷിക്കുക.

12. ക്ലാസ്മുറികൾ മോടിപ്പിടിക്കുക, ചാർട്ടുകളും ചിത്രങ്ങളും പരമാവധി തൂക്കുക.

13. ചുറ്റുപാടുമുള്ള വിവിധതരം തൊഴിലുകളുമായി കുട്ടികളെ ബന്ധപ്പെടുത്താൻ കഴിയണം.

14. സാഹിത്യസമ്മാനങ്ങൾ, പഠനയാത്രകൾ തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങൾ നടത്തണം.

15. കലാകായികരംഗങ്ങളിൽ മികവുതെളിയിക്കുന്നവരെ കണ്ടെത്തി പരിശീലനം നൽകണം.

16. അവർക്ക് പാരിതോഷികങ്ങൾ നൽകണം.

17. ജനങ്ങളുടെ നിത്യജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും അതിനുള്ള പരിഹാരമാർഗങ്ങളും കണ്ടെത്താനുള്ള കഴിവ് തൃപ്തിപ്പെട്ടു വരണം.

## പട്ടിക - 6

## അക്കാഡമിക് സൗകര്യങ്ങൾ

| സ്കൂൾ കോഡ് | ലൈബ്രറി പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ലാബ് പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ | ബ്ലാക്ക്ബോർഡ് ആവശ്യമുള്ളത് | ബ്ലാക്ക്ബോർഡ് നിലവിലുള്ളത് | ദൃശ്യശ്രാവ്യോപകരണങ്ങൾ | 95-96-ലെ അധ്യയന ദിവസങ്ങൾ | സമരംമൂലം നഷ്ടം | പ്രാദേശിക അവധിമൂലം നഷ്ടം | മാതൃസംഗമം | ക്ലാസ് റൂം പി.ടി.എ. |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ഉണ്ട് | ഇല്ല | ഉണ്ട് | 5 | 5 | ഒരു വിദ്യാലയത്തിലും ഇല്ല | 1931/2 | ഇല്ല | 3 | സജീവം | പ്രവർത്തിക്കുന്നു |
| 2 | ഉണ്ട് ഭാഗികം | ഉണ്ട് ഭാഗികം | ആവശ്യത്തിന് ഇല്ല | 42 | 22 | | 205 | 13 | 4 | സജീവം | പ്രവർത്തിക്കുന്നു |
| 3 | ഉണ്ട് | ഇല്ല | ഇല്ല | 2 | 4 | | 193 | ഇല്ല | 7 | സജീവം | പ്രവർത്തിക്കുന്നു |
| 4 | ഉണ്ട് | ഇല്ല | ഇല്ല | 3 | 5 | | 1931/2 | ഇല്ല | 7 | സജീവം | പ്രവർത്തിക്കുന്നു |
| 5 | ഇല്ല | സയൻസ് കോർണർ ഉണ്ട് | ഉണ്ട് | 1 | 4 | | 1921/2 | ഇല്ല | 1 | - | ഉണ്ട് |
| 6 | ഉണ്ട് | ഉണ്ട് | മാപ്പ്, ചാർട്ട് ഉണ്ട് | 6 | 6 | | 186 | ഇല്ല | 14 | - | പ്രവർത്തിക്കുന്നു |
| 7 | ഉണ്ട് | ഉണ്ട് | ഉണ്ട് | 19 | 20 | | 193 | ഇല്ല | 7 | സജീവം | പ്രവർത്തിക്കുന്നില്ല |
| 8 | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | 5 | 9 | | 187 | ഇല്ല | 7 | സജീവം | പ്രവർത്തിക്കുന്നു |
| 9 | ഉണ്ട് | ഉണ്ട് | ഉണ്ട് | 12 | 11 | | 1921/2 | ഇല്ല | ഇല്ല | സജീവം | പ്രവർത്തിക്കുന്നു |

## പട്ടിക -7

### കുട്ടികൾക്ക് അനുവദിച്ചിട്ടുള്ള അവാർഡുവിവരങ്ങൾ 1995-96

| സ്കൂൾകോഡ് | ഇനവിവരം | ജില്ലാതലം | | | സംസ്ഥാനതലം | | | ദേശീയതലം | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | - | - | - | - | - | - | - | - | - | - |
| 2 | യുവജനോത്സവം വർക്ക് എക്സ്പിരീയൻസ്, ഫുട്ബോൾ, സ്പോർട്സ് | 18 | 2 | 20 | 18 | - | 18 | - | - | - |
| 3 | - | - | - | - | - | - | - | - | - | - |
| 4 | - | - | - | - | - | - | - | - | - | - |
| 5 | - | - | - | - | - | - | - | - | - | - |
| 6 | - | - | - | - | - | - | - | - | - | - |
| 7 | ചിത്രരചന | - | 1 | 1 | - | - | - | - | - | - |
| 8 | - | - | - | - | - | - | - | - | - | - |
| 9 | സ്കോളർഷിപ്പ് | 1 | - | 1 | - | - | - | 1 | - | 1 |

# കുടിവെള്ളവും പൊതുജനാരോഗ്യവും

രണ്ടായിരമാണ്ടോടുകൂടി 'എല്ലാവർക്കും ആരോഗ്യം' എന്ന ലക്ഷ്യത്തോടുകൂടി ലോകാരോഗ്യ സംഘടന മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കയാണ്. ആ ലക്ഷ്യം നേടുന്നതിന് നമ്മുടെ ഗ്രാമപഞ്ചായത്തുകളും പൊതുജനാരോഗ്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. എന്താണ് ആരോഗ്യം എന്ന വിഷയം പൊതുജനങ്ങളിൽ ഏറെ തെറ്റായ ധാരണകൾ വളർത്തിയിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുടെ കാഴ്ചപ്പാടനുസരിച്ച് ഒരു വ്യക്തിയുടെ ആരോഗ്യം പോഷകാഹാരം, കുടിവെള്ളം, ആരോഗ്യകരമായ പരിസരം, ആരോഗ്യ ശീലങ്ങൾ, വ്യായാമം, വിനോദം എന്നിവയിൽ കൂടി വ്യക്തി സ്വയം ആർജിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ പഞ്ചായത്തിലെ ഓരോ വ്യക്തിക്കും ഇവ നേടുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കേണ്ടത് അനിവാര്യമാണ്.

ഏകദേശം അരനൂറ്റാണ്ടിനു മുമ്പുള്ള ഈ പഞ്ചായത്തിലെ ജനങ്ങളുടെ പൊതുവായ ആരോഗ്യസ്ഥിതിയെപ്പറ്റി പരാമർശിക്കട്ടെ; അന്ന് ഈ പ്രദേശം കേരളത്തിലെ മറ്റേതൊരു സ്ഥലത്തേയുംപോലെ പകർച്ച വ്യാധികളുടെ പിടിയിലകപ്പെട്ടിരുന്നു. അന്നത്തെ ജനങ്ങൾ ഭീതിയോടെ ഓർത്തിരുന്ന രണ്ടു മാരക രോഗങ്ങളായിരുന്നു കോളറയും വസൂരിയും. കാര്യമായ മരുന്നുകളൊന്നും ഇല്ലാതിരുന്നതിനാൽ ഈ രോഗത്തിന്റെ ഇരകളായിത്തീർന്നവരിൽ ഭൂരിഭാഗവും മരണപ്പെടുകയായിരുന്നു. മാത്രമല്ല ഈ ഭയങ്കര രോഗങ്ങൾ പിടിപെട്ടേക്കുമോ എന്നു ഭയമുള്ളതിനാൽ ഇത്തരം രോഗികളെ ശുശ്രൂഷിക്കാൻ ചെല്ലുന്നരുടെ എണ്ണം അംഗുലീ പരിമിതമായിരുന്നു. പക്ഷേ സ്വന്തം ജീവനെ തൃണവൽഗണിച്ചുകൊണ്ട് പകർച്ചവ്യാധികൾ പിടിപെട്ട രോഗികളെ പരിചരിക്കാൻ തയാറായ ത്യാഗികൾ ഈ നാട്ടിൽ ഉണ്ടായിരുന്നു എന്നത് അഭിമാനകരമായ ഒരു വസ്തുതയാണ്.

ആരോഗ്യരംഗത്ത് ഏറെ ഭീഷണി സൃഷ്ടിക്കുന്ന പകർച്ചവ്യാധികൾ ഇന്നും നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്നുണ്ട്. ഇന്ത്യാ രാജ്യത്തുനിന്നു പൂർണമായി തുടച്ചുമാറ്റി എന്നു നാം പ്രഖ്യാപിക്കുന്ന മലമ്പനിപോലും നമ്മുടെ പഞ്ചായത്തിൽ പ്രത്യക്ഷപ്പെട്ടു എന്നത് വളരെ ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്. വ്യാപകമായി വർധിച്ചകൊണ്ടിരിക്കുന്ന മന്തു രോഗലക്ഷണങ്ങളും നമ്മുടെ ആരോഗ്യ പരിപാലന രംഗത്ത് ആശങ്കയുണർത്തുന്നുണ്ട്.

ശിശുക്കളുടെ വയറുകടി, ഇൻഫ്ളുവൻസ തുടങ്ങിയ രോഗങ്ങളും വർധിച്ചതോതിൽതന്നെ ഇവിടെ നിലനിൽക്കുന്നുണ്ട്. പള്ളിക്കുന്ന് പഞ്ചായത്തിൽ പൊതുമേഖലയിൽ രണ്ട് ആരോഗ്യ സ്ഥാപനങ്ങളാണ് പ്രവൃത്തിക്കുന്നത്. അഴീക്കോട് പ്രാഥമീകാരോഗ്യകേന്ദ്രത്തിന്റെ ഒരു സബ് സെന്റർ തളാപ്പ് മേഖലയിലും, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി ചാലാട് മേഖലയിലും പ്രവർത്തിക്കുന്നു.

പ്രൈമറി ഹെൽത്ത് സബ് സെന്ററിൽ മാസത്തിൽ ഒരു ദിവസം മാത്രമേ ഡോക്ടറുടെ സേവനം ലഭ്യമാകുന്നുള്ളൂ. അത്യാവശ്യം വേണ്ടുന്ന ഫർണിച്ചർ പോലും ഇല്ലാതെ അടുത്ത വീടുകളിൽ നിന്നും കടംവാങ്ങി ഉപയോഗിക്കേണ്ട ഗതികേടാണ് പ്രസ്തുത സ്ഥാപനത്തിനുള്ളത്. ഹോമിയോ ഡിസ്പെൻസറിയുടെ സ്ഥിതിയും ഏറെ മെച്ചമൊന്നുമല്ല. രോഗികൾക്ക് മരുന്ന് കൊടുക്കുന്നതിന് വേണ്ടുന്ന ശുദ്ധജലം പോലും അവിടെ ലഭ്യമല്ല. വൈദ്യുതീകരിച്ചിട്ടില്ലാത്ത കെട്ടിടമാണ്. ഡോക്ടർമാരുടെയും നേഴ്സുമാരുടെയും ക്വാർട്ടേഴ്സുകൾ നിലവിലില്ല.

രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രികൾ പഞ്ചായത്തിൽ ഇല്ലെങ്കിലും നാല് കിലോമീറ്ററിനകത്ത് ജില്ലാ ആശുപത്രിയുടെ സേവനം രോഗികൾക്ക് ലഭ്യമാകുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഒരു സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ക്ലിനിക്കുകളിലും ചികിത്സാ സൗകര്യം ലഭ്യമാണ്.

പോഷകാഹാര ലഭ്യതയുടെ കുറവ് നമ്മുടെ പഞ്ചായത്തിലെ കുട്ടികളിലും മുതിർന്നവരിലും കണ്ടുവരുന്നുണ്ട്. മാധ്യമങ്ങളിലൂടെയുള്ള പരസ്യപ്രചാരണങ്ങളുടെ സ്വാധീനത്താൽ വിലകൂടിയ ഇൻസ്റ്റന്റ് ഫുഡിനോടുള്ള താത്പര്യം പോഷകസമൃദ്ധമായ പല നാടൻ വിഭവങ്ങളെയും പടിക്ക് പുറത്ത് നിർത്തിയിരിക്കുകയാണ്.

കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തുന്ന കാര്യത്തിൽ അച്ഛനമ്മമാർ വീഴ്ചവരുത്താറില്ല എന്നത് കുഞ്ഞുങ്ങളുടെ ആരോഗ്യകാര്യത്തിൽ അവർക്കുള്ള പ്രത്യേക ശ്രദ്ധ വെളിപ്പെടുത്തുന്നു. അതിനുവേണ്ടി സ്വകാര്യ ആശുപത്രികളെയും സർക്കാർ ആശുപത്രികളെയും ഉപയോഗപ്പെടുത്തുന്നുണ്ട്.

മനുഷ്യന്റെ ആരോഗ്യം നശിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ദുശ്ശീലങ്ങളായ പുകവലി, മദ്യപാനം, മുറുക്ക് തുടങ്ങിയവ നമ്മുടെ പഞ്ചായത്തിലെ യുവാക്കളിലും ഏറിവരുന്നുണ്ട്. അതിന്റെ ദുരന്തഫലങ്ങളെക്കുറിച്ച് അറിയാമെങ്കിലും മനപ്പൂർവം വിസ്മരിക്കുന്നു എന്നകാര്യം ആശങ്കാജനകമാണ്.

ആരോഗ്യം എന്ന വാക്കിനെ ഇന്ന് മരുന്നിനോടും ആശുപത്രിയോടും മാത്രം ബന്ധപ്പെടുത്തി ചിന്തിക്കുന്ന സ്വഭാവം വളർന്നുവരുന്നുണ്ട്. അതുപോലെത്തന്നെ

ആധുനിക പരിശോധന സാമഗ്രികളോടുള്ള ഭ്രമവും വളർന്നുവരുന്നുണ്ട്. ശുദ്ധമായ കുടിവെള്ളവും, കക്കൂസുകളും ഇല്ലാത്ത ഒരു പ്രദേശത്ത് ആശുപത്രികൾ സ്ഥാപിച്ചതുകൊണ്ടു മാത്രം ഒരു ദേശത്തിന്റെ ആരോഗ്യ നിലവാര ഉയരുകയില്ല.

മെച്ചപ്പെട്ട ജീവിതരീതികൾ വളർത്തിക്കൊണ്ടുവരാനും, ആരോഗ്യത്തിന് അനുഗുണമായ പോഷക സമൃദ്ധമായ ആഹാരങ്ങൾ തെരഞ്ഞെടുത്ത് കഴിക്കാനുള്ള ബോധം ജനങ്ങളിലുണർത്താനും സാധിക്കുകയാണെങ്കിൽ ഏറെ ഗുണപ്രദമായ ആരോഗ്യസ്ഥിതി സൃഷ്ടിച്ചെടുക്കാൻ കഴിയുന്നതാണ്. അങ്ങനെ ആശുപത്രിക്കും മരുന്നിനും ചെലവഴിക്കുന്ന തുക കുറച്ചുകൊണ്ടുവരാനും കഴിയും.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.

2. എല്ലാ ദിവസവും ഡോക്ടർമാരുടെ സേവനം ലഭ്യമല്ല.

3. അത്യാവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല.

4. ഹോമിയോ ഡിസ്പെൻസറിയിൽ ശുദ്ധജല ലഭ്യമല്ല. ഇവിടം വൈദ്യുതീകരിച്ചിട്ടില്ല. മാത്രമല്ല സ്ഥാപനത്തിന് ചുറ്റും മലിനീകരണം നടക്കുന്നുണ്ട്.

5. പകർച്ചവ്യാധികൾ പഞ്ചായത്തിൽ വർധിച്ചുവരുന്നുണ്ട്. ഉദാ. മന്ത്.

6. കൊതുകുശല്യം രൂക്ഷമാണ്.

7. ആയിരം ജനസംഖ്യക്ക് ഒന്ന് എന്ന സർക്കാർ അംഗീകൃത മാനദണ്ഡത്തിൽ അംഗൻവാടികളില്ല.

8.പുകവലി, മദ്യപാനം, മുറുക്ക് തുടങ്ങിയ ദുശീലങ്ങൾ യുവതലമുറയിൽ ഏറിവരുന്നുണ്ട്.

### സാധ്യതകൾ

1.പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.

a. സ്ഥിരമായി ഡോക്ടർമാരെ നിയമിക്കുക

b. ആവശ്യമരുന്നുകൾ കൃത്യമായി വിതരണം ചെയ്യുക.

c. രോഗികളെ പരിശോധിക്കുമ്പോൾ സ്വകാര്യത ഉറപ്പുവരുത്തുക.

d. മാസത്തിൽ ഒരുതവണ ആരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനം നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

2. ഹോമിയോ ഡിസ്പെൻസറി വൈദ്യുതീകരിക്കുക, ശുദ്ധജലം എപ്പോഴും ലഭ്യമാക്കുന്നതിന് കിണർകുഴിക്കുകയോ മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യുക.

3. കൊതുക് പരത്തുന്ന മന്ത് തടയുന്നതിന് മന്ത് പരിശോധനയ്ക്കുള്ള സംവിധാനം മന്ത് ബാധിത പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഏർപ്പെടുത്തണം. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ഇത് ചെയ്യാവുന്നതാണ്.

4. സർക്കാർ അംഗീകൃത മാനദണ്ഡത്തിൽ അംഗൻവാടികൾ സ്ഥാപിക്കുക.

5. അംഗൻവാടികളോടനുബന്ധിച്ച് കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

6. പള്ളിയാംമൂല പ്രദേശത്ത് ഒരു ഡിസ്പെൻസറി സ്ഥാപിക്കുക.

### കുടിവെള്ളം

'വെള്ളം വെള്ളം സർവ്വത്ര

തുള്ളി കുടിക്കാനില്ലത്രെ'

എന്ന കവിവചനം നമ്മുടെ കേരളത്തെ സംബന്ധിച്ച് അർഥപൂർണമായിരിക്കുകയാണ്. കുടിവെള്ളത്തിന്റെ ലഭ്യത അനുദിനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഉള്ള വെള്ളം തന്നെ മലിനപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ജീവന്റെ നിലനിൽപിന് അനിവാര്യഘടകമാണ് ശുദ്ധജലം. ജീവജാലങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നായ ശുദ്ധജലം എല്ലാവർക്കും ഉറപ്പ് വരുത്തേണ്ടത് സമൂഹത്തിന്റെ ചുമതലയാണ്.

കേരളീയർ ആരോഗ്യരംഗത്ത് കൈവരിച്ച നേട്ടങ്ങളുടെയെല്ലാം പ്രധാനകാരണം നമുക്ക് സുലഭമായി ലഭിച്ചുകൊണ്ടിരുന്ന വെള്ളമാണെന്ന് കാണാൻ കഴിയും. കുടിക്കാനും കുളിക്കാനും മറ്റ് ഗാർഹിക ആവശ്യങ്ങൾക്കും നമ്മൾ യാതൊരു നിയന്ത്രണവുമില്ലാതെ വെള്ളം ഉപയോഗിച്ചുകൊണ്ടിരുന്നു. ഇപ്പോൾ മഴക്കാലം കഴിയുന്നതോടുകൂടി നമ്മുടെ കിണറുകൾ വറ്റുന്നു. പിന്നീട് വല്ലപ്പോഴും വരുന്നപൈപ്പ് വെള്ളത്തെയും ലോറി വെള്ളത്തെയും കാത്ത് കഴിയേണ്ട ഗതികേടിലേക്ക് നമ്മളെത്തിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലും കുടിവെള്ള ദൗർലഭ്യം നന്നായിട്ടനുഭവപ്പെടുന്നുണ്ട്. പതിനൊന്നു വാർഡുകളും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ് എന്നതുകൊണ്ട് അടിയന്തിരമായും ശ്രദ്ധ പതിയേണ്ട വിഷയങ്ങളിലൊന്നാണിത്. വെള്ളം കൊണ്ടുവരുന്നതിന് ഒരു കിലോമീറ്ററും അതിൽ കൂടുതലും ദൂരം പോകേണ്ട ദുസ്ഥിതിയാണ് ഇന്ന് മിക്ക വാർഡുകളിലുള്ളത്.

മഴക്കാലം കഴിയുന്നതോടുകൂടി ഇവിടെയും ജലക്ഷാമം ആരംഭിക്കുന്നു. ജനുവരിയോടുകൂടി മിക്ക കിണറുകളിലും വെള്ളം വറ്റിപ്പോകുന്നു. ഈ പ്രശ്നം പ്രധാനമായും കരപ്രദേശങ്ങളിലാണുള്ളത്. മണൽ, പള്ളിയാമൂല തുടങ്ങിയ വയൽ / തീരപ്രദേശങ്ങളിൽ മഴക്കാലത്തു പോലും കിണറുകളിലെ വെള്ളം ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഇവിടങ്ങളിൽ ഉപ്പുരസമുള്ള വെള്ളം മാത്രമേ കിണറുകളിൽ നിന്നു ലഭിക്കുന്നുള്ളൂ. അതുകൊണ്ട് തന്നെ മഴ

ക്കാലമെന്നോ വേനൽക്കാലമെന്നോ വ്യത്യാസമില്ലാതെ കുടിവെള്ളത്തിനു വേണ്ടി ഏറെ കഷ്ടപ്പെടേണ്ടി വരുന്നു.

ശുദ്ധജലലഭ്യത നഷ്ടപ്പെടുത്തുന്ന പരിസ്ഥിതിക പ്രശ്നംകൂടി വയൽ പ്രദേശങ്ങളിൽ പ്രത്യേകിച്ചും പട ന്നപ്പാലം-അലവിൽ റോഡിൽ പടിഞ്ഞാറു ഭാഗത്ത് ഉട ലെടുത്തിട്ടുണ്ട്. ഇവിടെ വയലുകൾ മണ്ണിട്ട് നികത്തി വാസയോഗ്യമാക്കിയിരിക്കുകയാണ്. ഭൂരിഭാഗം വയ ലുകളും ഇങ്ങനെ നികത്തപ്പെട്ടിരിക്കുന്നതുകൊണ്ട് അവിടങ്ങളിൽ പെയ്തിറങ്ങുന്ന മഴവെള്ളവും, മറ്റിടങ്ങ ളിൽ നിന്നു ഒഴുകിയെത്തുന്ന വെള്ളവുമൊക്കെ സ്വാഭാ വികമായ ഒഴുക്കും, പരന്നു കിടക്കുന്നതിനുള്ള സ്ഥല സൗകര്യവും നഷ്ടപ്പെട്ട് ബാക്കിയുള്ള പരിമിതമായ സ്ഥലത്ത് കെട്ടിക്കിടക്കുന്നു. അവിടെ മനുഷ്യർ നിക്ഷേ പിക്കുന്ന മാലിന്യങ്ങളും ചപ്പുചവറുകളും ഒക്കെക്കൂടി ചീഞ്ഞളിഞ്ഞ് ആ പരിസരത്തെ മലീമസമാക്കുന്നു. മാത്രമല്ല ഈ മലിനജലം ഭൂമിക്കടിയിലേക്ക് ഊർന്നി റങ്ങി ചുറ്റുപാടുമുള്ള കിണറുകളിലെ വെള്ളമൊക്കെ അടുത്ത കാലത്തായി ഉപയോഗശൂന്യമായിരിക്കുക യാണ്. ഇപ്പോൾ വെള്ളം കുഴമ്പ് രൂപത്തിലുള്ളതും ദുർഗന്ധം വമിക്കുന്നതുമാണ്. (വെള്ളം കെട്ടിക്കിടന്ന് അഴുകുന്ന ഒരുപാട് സ്ഥലങ്ങൾ അവിടെ കാണാൻ കഴിയും) സമീപത്ത് കുഴിക്കുന്ന കിണറുകളിലും അഴുക്ക് വെള്ളം തന്നെ ലഭിക്കുന്നതുകൊണ്ട് വലി യൊരു പ്രദേശമാകെ ശുദ്ധജലം ലഭിക്കാതെ ഏറെ ദുരിതം അനുഭവിക്കുകയാണ്.

ജലമലിനീകരണത്തിന്റെ ഭാഗമായുള്ള ജലജന്യ രോഗ ങ്ങളും ഈ ഭാഗങ്ങളിൽ കൂടുതലായി പ്രത്യക്ഷപ്പെടു ന്നുണ്ട്. (അവിടുത്തെ ഈ പുതിയ പ്രശ്നത്തെക്കു റിച്ചും ആരോഗ്യ നിലവാരത്തെക്കുറിച്ചും ശാസ്ത്രീയ മായ പഠനം നടത്തി പരിഹാരം കാണേണ്ടതാണ്).

സ്വന്തമായി കിണറില്ലാത്തവർക്കും, വെള്ളം വറ്റു മ്പോഴും മറ്റ് കാരണങ്ങളാലും ശുദ്ധജലം ലഭ്യമാക്കാ ത്തവർക്കും ആശ്രയമാകേണ്ട പി.എച്ച്.ഇ.ഡി.യുടെ പൈപ്പുവെള്ള വിതരണം ചെറിയ ശതമാനം ജനങ്ങ ളുടെ ആവശ്യം നിറവേറ്റുന്നതിനുപോലും പര്യാപ്ത മല്ല. മുപ്പത്തൊന്നോളം ടാപ്പുകൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാ യിക്കിടക്കുകയാണ്. ഇപ്പോഴുള്ള പൈപ്പുലൈനുകൾ ജലക്ഷാമമുള്ള പ്രദേശങ്ങളെ കേന്ദ്രീകരിച്ചോ ഉൾപ്ര ദേശങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന വിധ ത്തിലോ അല്ല ഉള്ളത്. മാത്രമല്ല മഴക്കാലത്ത് മാത്രമേ വെള്ളം ലഭിക്കുകയുള്ളൂ. കുടിവെള്ള ഉപഭോഗം വള രെയേറെ വർദ്ധിച്ചിട്ടും നിലവിലുള്ളവയെ വിപുലീകരി ക്കുകയോ പുതിയ പദ്ധതികൾ നിർമിക്കുകയോ ചെയ്തി ട്ടില്ല.

**കുടിവെള്ള പ്രശ്നങ്ങൾ**

1. പ്രധാനമായും മൂന്നു തരത്തിലുള്ള ശുദ്ധജല ദൗർലഭ്യമാണ് അനുഭവപ്പെടുന്നത്.

a. കരപ്രദേശങ്ങളിൽ വേനൽക്കാലത്ത് കിണറുകൾ വറ്റുന്നു.

b. തീരപ്രദേശങ്ങളിൽ ഉപ്പു വെള്ളം കാരണം ഒരു കാലത്തും വെള്ളം ഉപയോഗിക്കാൻ കഴിയുന്നില്ല.

c. വയൽ പ്രദേശങ്ങളിൽ പുതിയ പരിസ്ഥിതി പ്രശ്നം കാരണം ശുദ്ധജലം മലിനപ്പെട്ടുപോകൽ.

2. പി.എച്ച്.ഇ.ഡി.യുടെ ജലവിതരണത്തിലെ പോരാ യ്മകൾ

a. ജലക്ഷാമമുള്ള എല്ലാ പ്രദേശങ്ങളിലും ജലവിത രണം നടത്താൻ സാധിക്കുന്നില്ല. നാമമാത്രമായ ടാപ്പു കളേ നിലവിലുള്ളൂ.

b. നിലവിലുള്ള പൈപ്പുകളിൽ നിന്ന് വേനൽക്കാ ലത്ത് വെള്ളം ലഭിക്കാത്ത സ്ഥിതിയുണ്ട്.

c. നിലവിലുള്ള ടാപ്പുകൾ നശിപ്പിക്കുന്ന സ്വഭാവം ചിലയിടങ്ങളിൽ കാണുന്നു. അതുവഴിയുണ്ടാകുന്ന ജല നഷ്ടം.

3. കുഴൽകിണറുകളിലെ വെള്ളത്തിന്റെ രുചിവ്യ ത്യാസം.

4. പുതിയ കിണറുകൾ കുഴിച്ച് ജലവിതരണം നട ത്തുമ്പോൾ അധികജല ഉപയോഗത്തിലൂടെ അത് വറ്റി പ്പോകാനുള്ള സാധ്യത മുന്നിൽ കാണേണ്ടതാണ്.

5. കുഴൽ കിണറുകളിൽ നിന്നുള്ള ചൂഷണം വഴി അടുത്ത വീടുകളിലെ കിണറുകളിൽ ജലനിരപ്പ് താഴുന്ന പ്രശ്നം.

**സാധ്യതകൾ**

1. കഴിഞ്ഞ കാലങ്ങളിലൊന്നും വറ്റിയിട്ടില്ലാത്ത കുള ങ്ങളായ ഒന്നാം വാർഡിലെ 'തയ്യിലെകുളം' രണ്ടാം വാർഡിലെ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കിണർ, രണ്ടാം വാർഡിലെ പള്ളിക്കുന്ന് അമ്പലത്തിനു മുന്നിലുള്ള കുളം എന്നീ ജലസ്രോതസുകൾ ഒന്നിച്ചു ചേർന്നോ, അല്ലെങ്കിൽ സൗകര്യപ്രദമായ മറ്റ് രീതി യിലോ ഒരു ജലവിതരണ പദ്ധതിയെക്കുറിച്ച് പഠിക്കേ ണ്ടതാണ്. ഈ സ്കീമിൽ 1, 2, 8, 9, 11, 3, വാർഡുക ളുടെ ഭാഗം ഉൾക്കൊള്ളിക്കേണ്ടതാണ്.

2. നിലവിലുള്ള കിണറുകളുടെ ജലലഭ്യത വർധിപ്പി ക്കാൻ ബോധപൂർവമായ പരിശ്രമം.

a. ഭൂമിയുടെ ഉപരിതലത്തിൽ മഴവെള്ളം സംഭരിച്ചു വെക്കാവുന്നതാണ് കുളങ്ങളും പാടങ്ങളുമൊക്കെ ഈ രീതിയിൽ ജലം സംഭരിക്കുന്നുണ്ട്. അവ സമീപ പ്രദേ ശങ്ങളിലെ കിണറുകളെ ജലസമ്പന്നമാക്കും. കൃത്രിമ മായ രീതിയിൽ ചെറിയ കുഴികളും ബണ്ടുകളും നിർമ്മിച്ച് വീട്ടുവളപ്പിൽ ജലസംരക്ഷണം നടത്താൻ ജനങ്ങളെ ബോധവാന്മാരാക്കുക.

b. പഞ്ചായത്തിലൂടെ ഒഴുകുന്ന തോടുകൾ ശുദ്ധീക

രിച്ച് ചെറിയ തടയണകൾ കെട്ടുക.

c. ജലാഗിരണശേഷി വർധിപ്പിക്കുന്ന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക.

3. കെ.ഡബ്ല്യു.എ.യുടെ പൈപ്പ്ലൈൻ പള്ളിക്കുന്ന് പഞ്ചായത്തിൽ കുറെക്കൂടി വ്യാപകമാക്കുക.

4. കുഴൽക്കിണറുകളുടെ സാധ്യത പരിശോധിക്കുന്നതിന് ഭൂഗർഭ ജലവകുപ്പിന്റെ സഹായത്തോടെ പഞ്ചായത്തിലെ ഭൂഗർഭജല മേഖലകൾ കണ്ടെത്തുന്നതിനുള്ള പഠനങ്ങളും നടപടികളും ചെയ്യുക.

5. ചാലാട് പ്രദേശത്തെ 4, 6, 7, 10, 5 വാർഡുകളും 3, 11, വാർഡുകളുടെ ഭാഗവും കേന്ദ്രീകരിച്ച് ചാലാട് സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ജലവിതരണ പദ്ധതി ഏർപ്പെടുത്തുക.

6. ആവശ്യമായത്ര കുഴൽകിണറുകൾ അനുവദിക്കുക.

### ശുചിത്വം

ഒരു വ്യക്തിയുടെ ആരോഗ്യം ശുചിത്വവുമായി ഏറെ ബന്ധപ്പെട്ടുകിടക്കുന്നു. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഒത്തുചേർന്നാലേ പൂർണ്ണ ശുചിത്വം സാധ്യമാവുകയുള്ളു. വൃത്തിഹീനമായ ചുറ്റുപാടുകൾ രോഗാണുക്കളെ വളർത്തുന്നു. ആ രോഗാണുക്കൾ നമ്മുടെ ശരീരത്തിൽ പ്രവേശിക്കാതിരിക്കുന്നതിനുള്ള മുൻകരുതലുകളെ വ്യക്തിശുചിത്വം എന്ന് പറയാം. കേരളീയർ വ്യക്തിശുചിത്വം പാലിക്കുന്നതിൽ ശ്രദ്ധവയ്ക്കാറുണ്ടെങ്കിലും പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ ഏറെ പിറകിലാണ്. വൃത്തിരഹിതമായ സാഹചര്യത്തിൽ മാത്രം കണ്ടുവരുന്ന പല പകർച്ചവ്യാധികളും നമ്മുടെ സമൂഹത്തിൽ ഇപ്പോഴും ഇടക്കിടെ പ്രത്യക്ഷപ്പെടുന്നു എന്നത് ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്.

പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ വലിയപങ്കുവഹിക്കുന്നവയാണ് കക്കൂസുകൾ. കേരളത്തിലെ പട്ടണങ്ങളിൽ പോലും അമ്പത്തഞ്ച് ശതമാനം കക്കൂസുകൾ മാത്രമേയുള്ളു. ഗ്രാമങ്ങളിലാവട്ടെ വെറും മുപ്പത് ശതമാനവും. ആരോഗ്യപരിപാലനരംഗത്ത് ലോകനിലവാരത്തിൽ നിൽക്കുന്നു എന്നഭിമാനിക്കുന്ന നമ്മൾ ഒരിക്കലും സങ്കൽപ്പിക്കാൻ തയാറാവാത്ത കണക്കാണിത്.

നമ്മുടെ പഞ്ചായത്തിലും സ്ഥിതി ഏറെ മെച്ചമൊന്നുമല്ല. വളരെയേറെ വീടുകൾക്ക് ഇനിയും കക്കൂസുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. പള്ളിയാംമൂല ലക്ഷം വീട് കോളനിയിൽ 64 വീടുകൾക്ക് 8 കക്കൂസുകൾ മാത്രമേയുള്ളു.

പല വാർഡുകളിലും പരിസരമലിനീകരണ പ്രശ്നങ്ങൾ നിലവിലുണ്ട്. അവയിൽ പൊതുജനാരോഗ്യത്തിന് ഏറെ ഭീഷണിയുയർത്തുന്ന ഒരു മലിനീകരണ പ്രശ്നമാണ് പടന്നപ്പാലം മലീനജലം. ഈ പഞ്ചായത്തിൽ നിന്നു തന്നെ ഉദ്ഭവിച്ച് കടലിലേക്കൊഴുകുന്ന ഈ തോട് ഉദ്ഭവസ്ഥാനത്തുവച്ചുതന്നെ മലിനീകരിക്കപ്പെടുന്നു. വർഷങ്ങൾക്ക് മുമ്പ് സമീപവാസികൾ കുളിക്കുന്നതിന് ഉപയോഗപ്പെടുത്തിയ തോടാണ് അതെന്ന് വിശ്വസിക്കാൻപോലും പ്രയാസമാണ് അതിന്റെ നിലവിലുള്ള അവസ്ഥ കണ്ടാൽ. അറപ്പുളവാക്കുന്ന മലിനജലം തുറന്നൊഴുകുന്ന തോടിന്റെ കരയിലൂടെ ദുർഗന്ധം കാരണം മൂക്കുപൊത്താതെ കടന്നുപോകാൻ ആർക്കും സാധ്യമല്ലെന്നിരിക്കെ, തോടിന്റെ സമീപത്തെ സ്ഥിരവാസികളുടെയും ഫാക്ടറികളിൽ ജോലി ചെയ്യുന്നവരുടെയും സ്ഥിതി ഏറെ ദയനീയമാണ്.

കണ്ണൂർ നഗരസഭയിലെ മാലിന്യങ്ങളാണ് മുപ്പതോളം വർഷങ്ങളായി പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും അതിർത്തിയായ പടന്നത്തോടിനെ മലിനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. വർഷകാലത്ത് മാത്രം ജലം ഒഴുകുകയും പിന്നീട് ജലം കെട്ടിക്കിടന്ന് ചീഞ്ഞ് നാറുകയുമാണ് ചെയ്യുന്നത്. മാത്രമല്ല മഴക്കാലത്ത് അഴുക്കുവെള്ളം കരകവിഞ്ഞൊഴുകി സമീപത്തെ വീടുപറമ്പിൽ കെട്ടിനിൽക്കുന്നതിനും കാരണമാകുന്നു.

വർധിച്ച കൊതുകുശല്യം കാരണം സമീപവാസികളുടെ ജീവിതം ദുരിതപൂർണ്ണമാണ്. കൊതുക് പരത്തുന്ന മന്ത് രോഗം ഈ പ്രദേശങ്ങളിൽ ഏറിവരുന്നത് ജനങ്ങളിലാകെ ഭീതിപരത്തിയിരിക്കുന്നു. ഇവിടെയുള്ള ജനങ്ങളിൽ 20 ശതമാനം പേർ മന്തുരോഗ ഭീഷണിയിലാണെന്ന് സർവേകൾ വെളിപ്പെടുത്തുന്നു. അശുദ്ധവായുവിന്റെ ശ്വസനംമൂലമുള്ള രോഗങ്ങൾ വേറെയുമുണ്ട്. സമീപത്തുള്ള തെങ്ങ് കൃഷിക്കും അഴുക്ക് ജലത്തിന്റെ ആധിക്യം രോഗം പരത്തുന്നുണ്ട്. തോടിന്റെ സമീപത്തുള്ള ശുദ്ധജല സ്രോതസ്സുകളെല്ലാം അഴുക്കുവെള്ളം ഊർന്നിറങ്ങി മലിനപ്പെട്ടിരിക്കയാണ്.

ജലപരിസര മലിനീകരണംകാരണം ജനജീവിതം തീർത്തും ദുസ്സഹമായിരിക്കയാണ് പടന്നതോട് പ്രദേശത്ത്. നല്ല അഴുക്കുചാൽ സംവിധാനം പഞ്ചായത്തിനില്ല. ഉള്ള ഓടകൾതന്നെ പലയിടങ്ങളിലും പൊട്ടിപ്പൊളിഞ്ഞും മണ്ണ് വീണു നികന്നും ഉപയോഗശൂന്യമായിരിക്കുന്നു. അതുകൊണ്ട് മലിനജലം ഓവുകളിൽ തന്നെ കെട്ടിക്കിടന്ന് ദുർഗന്ധം വമിപ്പിക്കുന്നു. വയലുകൾ നികത്തപ്പെട്ടതുകൊണ്ട് മഴവെള്ളം ഒഴുകിപ്പോകാനിടമില്ലാതെ റോഡുകളിൽ തന്നെ കെട്ടിക്കിടക്കുന്നത് യാത്രാസൗകര്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

### പ്രശ്നങ്ങൾ

1. മിൽമയുടെ മാലിന്യജല ശുദ്ധീകരണ കേന്ദ്രം പരിസരത്തെ മലിനപ്പെടുത്തുന്നു. ശബ്ദമലിനീകരണവും ഇതിന്റെ ഭാഗമായുണ്ട്.

2. ദേശാഭിമാനി പ്രസ്സിന്റെ സമീപത്ത് കാന്റീനിൽനിന്നുള്ള മലിനജല പ്രശ്നം അഴുക്കുജലപ്രശ്നങ്ങളുണ്ടാക്കുന്നു.

3. കണ്ണൂർ മുൻസിപ്പാലിറ്റിയുടെ മാലിനജലം മുഴുവൻ ഒഴുകിയെത്തി പടന്നത്തോട് പരിസരത്തെ ജനങ്ങളുടെ ആരോഗ്യനില തകർക്കുന്നു. സമീപ പ്രദേശത്തെ

കിണറുജലം മുഴുവൻ മലിനപ്പെട്ടിരിക്കുന്നു. കൊതുകുശല്യവും ഇവിടെ രൂക്ഷമാണ്.

4. അഞ്ചാംവാർഡിന്റെ അതിർത്തിയിലുള്ള തോട്ടിൽ അറവുശാലയിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നു.

5. പള്ളിയാംമൂല ലക്ഷംവീട് കോളനിയിൽ മഴക്കാലമായാൽ വെള്ളം കെട്ടിനിൽക്കുന്നു.

6. കാനാചിത്തോടിന്റെ ഇരുകരകളിലും ഭിത്തിയില്ലാത്തതുകാരണം മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നു.

7. തളാപ്പ് ഭാഗത്ത് നെയ്ത്ത് കമ്പനികളിൽ നിന്നൊഴുകുന്ന അഴുക്കുവെള്ളം തോടുകളിൽ കെട്ടിക്കിടന്ന് സമീപപ്രദേശങ്ങളിലെ വെള്ളം അശുദ്ധമാക്കുന്നു.

8. കൊയിലി ആശുപത്രിക്ക്സമീപവും, രാധാവിലാസം സ്കൂളിനും നിത്യാനന്ദനഗർ ഹൗസിംഗ്കോളനിക്ക് സമീപവും മലിനജലം കെട്ടിക്കിടക്കുന്നു.

9. കല്ലാളത്തു വയലിനുസമീപവും സുലൈമാൻലൈനിനു സമീപവും തെക്കൻ മണലിൽ മൊയ്തുലൈനിന് സമീപവും മലിനവസ്തുക്കൾ കെട്ടിക്കിടക്കുന്നു.

10. ലക്ഷംവീട് കോളനികളിൽ ആവശ്യത്തിന് കക്കൂസുകളില്ല.

11. ശാസ്ത്രീയ അറവുശാലകളില്ല.

12. പൊതുകക്കൂസ്, മൂത്രപ്പുര തുടങ്ങിയവ ഇല്ല.

13. സ്വന്തമായി കക്കൂസ് നിർമിക്കാനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്തവരുണ്ട്.

14. ചാലാട് പോസ്റ്റാഫീസിനു പിൻവശത്തും ചാലാട് തടുത്ത വയലിലും ഹോട്ടലിലും വീടുകളിൽ നിന്നും ഒഴുകിവരുന്ന മലിനജലം പ്രശ്നങ്ങളുണ്ടാക്കുന്നു.

സാധ്യതകൾ

1. പഞ്ചായത്തിന് പൊതുവായി സമഗ്രമായ അഴുക്കുചാൽ പദ്ധതി നടപ്പിലാക്കുക.

2. ലക്ഷംവീട് കോളനികളിൽ പൊതു കക്കൂസുകൾ സ്ഥാപിക്കുക.

3. ശാസ്ത്രീയ അറവുശാല സ്ഥാപിക്കുക

4. മത്സ്യം, ഇറച്ചി, മാർക്കറ്റുകൾ ഉണ്ടാക്കുക. അവിടെ ശുചിത്വം ഉറപ്പുവരുത്തുക.

5. കൊതുക് നിർമ്മാർജനത്തിനുള്ള മരുന്നുതളി കൃത്യമായ ഇടവേളകളിൽ നടത്തുക.

6. പൊതു സ്ഥലങ്ങളിൽ കക്കൂസുകൾ, മൂത്രപ്പുരകൾ ഇവ (സ്ത്രീകൾക്കും പുരുഷന്മാർക്കും) സ്ഥാപിക്കുക.

7. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് വീപ്പകൾ സ്ഥാപിക്കുക.

8. നിത്യേന മാലിന്യങ്ങൾ ശേഖരിക്കുകയും സംസ്കരിക്കുകയും ചെയ്യുക.

9. നഗരമാലിന്യങ്ങൾ സംസ്കരിക്കുന്ന ജില്ലാതല പദ്ധതിയുമായി കൂട്ടിയിണക്കുന്ന പഞ്ചായത്ത് പദ്ധതി ആസൂത്രണം ചെയ്യുക.

10. സ്വകാര്യ സ്ഥാപനങ്ങളും പൊതു സ്ഥാപനങ്ങളും വരുത്തിവെക്കുന്ന പരിസര മലിനീകരണത്തിന് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആ സ്ഥാപനങ്ങളെക്കൊണ്ടുതന്നെ പരിഹാരനടപടികൾ ചെയ്യിക്കുക.

11. പടന്നത്തോടിന് സമീപം കണ്ണൂർ മുൻസിപ്പാലിറ്റിയുടെ കൈവശമുള്ള സ്ഥലത്ത് നഗര മാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റ് സ്ഥാപിക്കുക. പ്ലാന്റിൽ നിന്നും ശുചീകരിച്ച മലിനജലം നേരിട്ട് തോട്ടിലൊഴുക്കാതെ, തോടിന്റെ കരയിലൂടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിച്ച് കടലിലേക്കൊഴുക്കുക. തോടിലൂടെ ശുദ്ധ ജലം ഒഴുക്കാനുള്ള സാഹചര്യം ഉണ്ടാക്കുക. ഈ പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സഹകരണം തേടുകയാണ്.

12. ചാലാട് പോസ്റ്റാഫീസിന് പിറകുവശത്തൂടെ ഒഴുകുന്ന ഓവുചാലുകൾ വൃത്തിയാക്കി ആഴം കൂട്ടി ചാലാട് തടുത്തവയലിലെ അഴുക്കുജലം സുഗമമായി ഒഴുകി പോകുന്ന സംവിധാനങ്ങൾ ഉണ്ടാക്കുക.

13. പടന്നപ്പാലവും, ചാലാടും പി.ഡബ്ല്യു.ഡി. റോഡിലെ ഓവുചാലുകൾ പരിഷ്ക്കരിപ്പിച്ച് അതിന് സ്ലാബുകളിടുക.



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പള്ളിക്കുന്ന് പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഇല്ല. വെളിച്ചത്തിന് പ്രധാനമായും വൈദ്യുതിയാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ 6300 വീടുകളിൽ 80% വീടുകളും വൈദ്യുതീകരിച്ചവയാണ്. പഞ്ചായത്തിലെ ഏതാണ്ട് എല്ലാപ്രദേശങ്ങളിലും വോൾട്ടേജ് കുറവ് അനുഭവപ്പെടുന്നുണ്ട്. ഉപഭോക്താക്കളുടെ വർധനവിന് ആനുപാതികമായി ആവശ്യമുള്ള സ്ഥലങ്ങളിൽ പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിക്കുകയോ നിലവിലുള്ളവയുടെശേഷി വർധിപ്പിക്കുകയോ വേണം. ഈ പ്രദേശത്തേക്ക് വൈദ്യുതി ലഭിക്കുന്നത് ചൊവ്വ സബ്സ്റ്റേഷനിൽനിന്നാണ്. പഞ്ചായത്തിലെ കാര്യങ്ങൾ നോക്കുന്നത് പള്ളിക്കുന്ന് ഇലക്ട്രിക് സെക്ഷനാണ്. ചെറുകിട വ്യവസായ ആവശ്യത്തിനും വൈദ്യുതിതന്നെയാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ മൊത്തമായുള്ള തെരുവു വിളക്കുകളുടെ എണ്ണം 482 ആണ്. (ബൾബുകൾ 428, ട്യൂബ് ലൈറ്റുകൾ 48, സോഡിയം വേപ്പർ വിളക്കുകൾ 6) നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം അപര്യാപ്തമാണ്. കത്താത്ത തെരുവു വിളക്കുകൾ യഥാസമയം നന്നാക്കുന്നില്ല.

വീടുകളിൽ പാചക ആവശ്യത്തിന് ഗ്യാസ്, മണ്ണെണ്ണസ്റ്റൗ, വിറക്, തെങ്ങുല്പന്നങ്ങൾ എന്നിവ ഉപയോഗിക്കുന്നു. പാചകവാതകം വിതരണം ചെയ്യുന്നത് കണ്ണൂർനഗരത്തിലുള്ള ഏജൻസികളാണ്. പൊതുവിതരണകേന്ദ്രങ്ങളിൽ നിന്നും ലഭിച്ച കണക്കുകൾ അനുസരിച്ച് പഞ്ചായത്ത് അതിർത്തിയിലെ 873 കാർഡുടമകൾക്ക് പാചക ആവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുണ്ട്. എന്നാലും കൂടുതലായി വിറക്, തെങ്ങുല്പന്നങ്ങൾ എന്നിവയാണ് ഉപയോഗിക്കപ്പെടുന്നത്. പ്രധാന തടിവ്യവസായകേന്ദ്രമായ വളപട്ടണത്തെ ഈർച്ച മില്ലുകളിൽനിന്ന് പുറംതള്ളപ്പെടുന്ന വസ്തുക്കളാണ് പഞ്ചായത്ത് പ്രദേശത്ത് വിറക് ആവശ്യത്തിലേക്ക് വിപണനം ചെയ്യപ്പെടുന്നത്. ശാസ്ത്രീയമായി സംവിധാനം ചെയ്യപ്പെട്ട വിറകടുപ്പുകളുടെ എണ്ണം തുലോം കുറവാണ്.

ഇന്ധനക്ഷമത കൂടിയ വിറകടപ്പുകളുടെ പ്രചാരണത്തിന് പരിപാടികളൊന്നും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അനർട്ട് വഴി വിതരണംചെയ്യപ്പെടുന്ന വിറകടുപ്പ്, സ്റ്റൗ, ഊർജ്ജലാഭമുള്ള വൈദ്യുതി സാമഗ്രികൾ എന്നിവ ഈ പ്രദേശത്ത് ലഭ്യമല്ല. ഇവ വാങ്ങാൻ 22 കി.മീ. അകലെയുള്ള തളിപ്പറമ്പ് പട്ടണത്തിൽ പോകേണ്ടതുണ്ട്. ഇവ പ്രാദേശികമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന്, നാല് വാർഡുകളിൽ കറവുകേന്ദ്രങ്ങൾ നിലവിലുണ്ട്. ഇവിടെ ലഭ്യമാകുന്ന ചാണകം നേരിട്ട് കൃഷിയാവശ്യത്തിന് വിൽക്കപ്പെടുകയാണ് ചെയ്യുന്നത്. ചില കറവുകേന്ദ്രങ്ങളിൽനിന്ന് ഓടകൾ വഴി ഒഴുക്കിവിടുന്നതുമൂലം പരിസരമലിനീകരണവും ഉണ്ട്. ഇത്തരം ലഭ്യത കൂടിയ പ്രദേശങ്ങളിൽ പരീക്ഷണാർത്ഥം ഗോബർഗ്യാസ് ഉൽപാദനത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ ഊർജ്ജപ്രശ്നത്തിനും പരിസലമലിനീകരണത്തിനും പരിഹാരമാകും എന്നതിന് പുറമേ മറ്റുള്ളവർക്കും അനുകരണീയമായ ഒരു മാതൃകയായിരിക്കും.

ഒരു സമഗ്ര ഊർജസർവേയുടെ അടിസ്ഥാനത്തിൽ ഊർജമേഖല നവീകരിക്കുകയും കാര്യക്ഷമമാക്കുകയും വേണം.

**ഗതാഗതം:**

പള്ളിക്കുന്ന് പഞ്ചായത്തിൽ മൊത്തം 52.264 കി.മീ. റോഡുകൾ നിലവിലുണ്ട്. ഇതിൽ 22.165 കി.മീ. റോഡ് ടാർ ചെയ്തതും 8.970 കി.മീ. റോഡ് ചരൽ (gravelled) റോഡും 21.129 കി.മീ. മണ്ണ് റോഡുമാണ്. ഇതുകൂടാതെ ബസ് ഗതാഗതമുള്ള 6 കി.മീറ്ററോളം പൊതുമരാമത്ത് വകുപ്പ് വക ടാർ ചെയ്ത റോഡും പഞ്ചായത്ത് അതിർത്തിയിൽ കൂടി കടന്നുപോകുന്നു. നിലവിലുള്ള റോഡുകളുടെ നിലവാരം മോശമാണ്. റോഡുകൾക്കു പലതിനും വീതി കുറവാണ്. പൊതുവായി ഓടകൾ ഇല്ല. റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി ചെയ്യപ്പെടുന്നില്ല. നാട്ടുകാരുടെ നിവേദനത്തെത്തുടർന്നാണ് പല അറ്റകുറ്റപ്പണികളും ഏറ്റെടുക്കപ്പെടുന്നത്. രണ്ട്, മൂന്ന്, നാല്, അഞ്ച്, എട്ട്, പത്ത് എന്നീ വാർഡുകളിൽ താഴ്ന്ന (വയൽ) പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളിൽ മഴക്കാലം വെള്ളം കെട്ടിനിൽക്കുന്നതുമൂലം ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥ നിലവിലുണ്ട്.

ഷൊർണ്ണൂർ-മംഗലാപുരം റയിൽപ്പാത പഞ്ചായത്തിലൂടെ കടന്നുപോകുന്നു. പഞ്ചായത്ത് അതിൽത്തിയിൽ ഒരു ലെവൽ ക്രോസ് നിലവിലുണ്ട്. റെയിൽവേസ്റ്റേഷൻ നിലവിലില്ല. ഏറ്റവും അടുത്തത് കണ്ണൂർ റെയിൽവേ സ്റ്റേഷനാണ്. പഞ്ചായത്ത് വകയായി ബസ്സ്റ്റാൻഡ്, ടാക്സി സ്റ്റാൻഡ്, ഓട്ടോറിക്ഷാസ്റ്റാൻഡ് എന്നിവ നിലവിലില്ല.

കണ്ണൂർനഗരത്തിൽ പാർപ്പിടഭൂമിയുടെ ലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പ്രാന്തപ്രദേശമായ പള്ളിക്കുന്ന് പഞ്ചായത്തിൽ ദ്രുതഗതിയിൽ പാർപ്പിടങ്ങൾ ഉയർന്നുവരുന്നുണ്ട്. പൊതുഗതാഗത സംവിധാനങ്ങൾ നിലവിലില്ലാത്ത പഞ്ചായത്ത് പ്രദേശങ്ങളിൽനിന്ന് ഓഫീസ്, സ്കൂൾ, ജോലിസ്ഥലം എന്നിവിടങ്ങളിൽ

എത്തിപ്പെടേണ്ടതിന് ഇരുചക്രവാഹനങ്ങൾ, ഓട്ടോറിക്ഷ എന്നിവയെ ധാരാളമായി ആശ്രയിച്ചുവരുന്നു. അതിനാൽ പുതിയ റോഡുകൾക്കുള്ള ആവശ്യം നിരന്തരം ഉയർന്നുവരുന്നു. ഗ്രാമസഭയിൽനടന്ന ചർച്ചയിൽ ഉന്നയിക്കപ്പെട്ട പുതിയ റോഡുകളുടെ നിർമാണം സംബന്ധിച്ച ആവശ്യകത നിലവിലുള്ളവയുടെ നിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകത എന്നിവ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

**പുതിയ റോഡുകൾ:**

1. പള്ളിക്കുന്ന് ജയിൽ ക്വാർട്ടേഴ്സിന്റെ പിറകിൽകൂടി പോകുന്ന റോഡ് നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കാൻ (ഒന്നാം വാർഡ്)

2. ദേശാഭിമാനി പ്രസിന്റെ തെക്ക് - പടിഞ്ഞാറ് ഭാഗത്തുകൂടി പോകുന്ന റോഡ് നാഷണൽഹൈവേയുമായി ബന്ധിപ്പിക്കൽ (ഒന്നാം വാർഡ്)

3. കാനത്തൂർപാലം മുതൽ പള്ളിക്കുന്ന്പാലം വരെ വയൽവഴി പുതിയ റോഡ് (ഒന്നാം വാർഡ്)

4. പള്ളിക്കുന്ന് ഹൈസ്കൂളിന്റെ പിൻവശത്തുനിന്ന് ആരംഭിച്ച് ദുർഗറോഡിൽചേരുന്ന ഇടവഴി വീതികൂട്ടി റോഡാക്കൽ (രണ്ടാംവാർഡ്)

5. കെ.പി. റോഡിൽനിന്നും കൊക്കേൻപാറ റോഡിലേക്കുള്ള ഇടവഴി വീതികൂട്ടി റോഡാക്കൽ (രണ്ടാം വാർഡ്)

6. കെ.പി. മുക്കിൽനിന്ന് കൊക്കേൻപാറ റോഡിലേക്കുള്ള ഇടവഴി വീതികൂട്ടി റോഡാക്കൽ (രണ്ടാംവാർഡ്)

7. കെ.പി. റോഡും കൊക്കേൻപാറ റോഡും ബന്ധിപ്പിക്കുന്ന വാഴയിൽപറമ്പ് ഇടവഴി വീതികൂട്ടി റോഡാക്കൽ (രണ്ടാംവാർഡ്)

8. കിസാൻ റോഡിൽനിന്ന് ചിറക്കലുമായി ബന്ധിപ്പിക്കാൻ വയൽപ്രദേശത്തുകൂടി പുതിയ റോഡ് (മൂന്നാം വാർഡ്)

9. പഞ്ചാബി റോഡിൽനിന്നും ജുവാൻ മുക്ക് വരെയുള്ള ഇടവഴി വീതികൂട്ടി റോഡാക്കൽ (മൂന്നാംവാർഡ്)

10. കിസാൻ റോഡിൽനിന്നും കുന്നുമ്മൽക്കാവ് വരെയുള്ള ഇടവഴി വീതികൂട്ടി റോഡാക്കൽ (മൂന്നാംവാർഡ്)

11. എരഞ്ഞാറ്റുവയൽ മുതൽ പന്നേൻപാറ വരെ ഒരു പുതിയ റോഡ് (നാലാംവാർഡ്)

12. ജയന്തിറോഡ് മഞ്ചപ്പാലവുമായി ബന്ധിപ്പിക്കുന്നതിന് റോഡ് (നാലാം വാർഡ്)

13. ചാക്കാട് പീടിക മുതൽ പന്നേൻപാറ റോഡ് വരെ പുതിയ റോഡ് (നാലാം വാർഡ്)

14. ഇഖ്ബാൽ റോഡിൽനിന്നും ചിള്ളിക്കുന്നിലേക്കും നല്ലാഞ്ഞിമുക്ക് വഴി പി.ഡബ്ല്യു.ഡി. റോഡിലേക്കും രണ്ടു പുതിയ റോഡുകൾ (ആറാംവാർഡ്)

15. ഭാഗ്യശീലന്റെ വീടിനടുത്തുനിന്നും സീഷോർ റോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് (ആറാം വാർഡ്)

16. ചിള്ളിക്കുന്നിൽനിന്നും ഭാനു റോഡിലേക്ക് പുതിയ റോഡ് (ആറാം വാർഡ്)

17. രാജാജി റോഡിൽനിന്നും പള്ളിക്കുന്ന്കാവ് വഴി നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് (ഒമ്പതാം വാർഡ്)

18. അംബിക റോഡിൽനിന്നും ലക്ഷംവീട് കോളനി വഴി രാജാജി റോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് (ഒമ്പതാം വാർഡ്)

19. രാഷ്ട്രദീപിക ഓഫീസ് മുതൽ പള്ളിക്കുന്ന് കാവ് (കിഴക്കുവശം) വരെ പുതിയ റോഡ് (ഒമ്പതാം വാർഡ്)

20. അഴീക്കോടൻ റോഡിൽ നിന്ന് 300 മീ. നീളത്തിൽ കോട്ടമ്മാർകണ്ടിവരെ പുതിയ റോഡ് (ഒമ്പതാംവാർഡ്)

21. മൈമ്പ്ര കമ്പനി മുതൽ കിട്ടുണ്ണി റോഡ് വരെ ബാക്കിഭാഗം നിർമാണം (ഒമ്പതാം വാർഡ്)

22. സുഭാഷ് റോഡും മടപ്പള്ളി റോഡും ബന്ധിപ്പിക്കുന്ന ഇടവഴി വീതികൂട്ടി റോഡാക്കൽ (ഒമ്പതാംവാർഡ്)

23. ചാലാട് റോഡും കൊക്കേൻപാറ റോഡും ബന്ധിപ്പിക്കുന്ന ഇടവഴി വീതികൂട്ടി റോഡാക്കൽ (അരിക്കൊത്തൻ ഇടവഴി , ഒമ്പതാംവാർഡ്)

24. നെയ്ത്ത് സൊസൈറ്റിക്കടുത്തുള്ള ഇടവഴി റോഡാക്കൽ (ഒമ്പതാംവാർഡ്)

25. മൂർക്കോത്ത് റോഡും (പി.ഡബ്ല്യു.ഡി.) കല്ലിച്ചേടത്ത് റോഡും ബന്ധിപ്പിക്കാനും തെക്കൻമണൽ റോഡും പണിക്കർ റോഡും ബന്ധിപ്പിക്കാനും പുതിയ റോഡുകൾ (പത്താംവാർഡ്)

26. അംബിക റോഡിൽനിന്നും നാട്ട ബാലന്റെ വീടിന്റെ മുൻവശത്തുകൂടി റെയിൽവേഗേറ്റ് വരെ റോഡ് (പതിനൊന്നാംവാർഡ്)

27. മസ്ജിദ്-ഹൗസിംഗ് കോളനി റോഡ് വീതിക്കൂട്ടി ബന്ധിപ്പിക്കൽ ടാറിംഗ് (എട്ടാംവാർഡ്)

28. മസ്ജിദ് റോഡിൽ കിട്ടുണ്ണി റോഡുമായി വീതികൂട്ടി ബന്ധിപ്പിക്കൽ (ടാറിംഗ്)

29. കുന്നുമ്മൽക്കാവ് മുതൽ വഴൽതോട്-പന്നേമ്പാറ വരെ ക്രോസ് റോഡ് (വാർഡ് 11)

30. അലവിൽ ഒറ്റത്തെങ്ങ് ജെ.ആർ.വൈ. റോഡിന്റെ പൂർത്തീകരണം (വാർഡ്11)

31. കോട്ടാമാർക്കണ്ടി - മസ്ജിദ് റോഡ് (എൽ.പി.സ്കൂളിന്റെ പിൻവശം) ബന്ധിപ്പിക്കൽ (വാർഡ്8)

32. കെ.ഇ. മുഹമ്മദ് കുഞ്ഞി റോഡിൽനിന്ന് തുടങ്ങി മസ്ജിദ് റോഡിൽ അവസാനിക്കുന്ന ലിങ്ക് റോഡ് (വാർഡ് 7)

33. ഭാനുസ്മാരകമന്ദിരത്തിന്റെ പിറകുവശത്തുനിന്ന് കെ.ഇ.മുഹമ്മദ് കുഞ്ഞി റോഡ് വരെ (പുതിയ റോഡ്) (വാർഡ്-7)

34. കുഞ്ഞാണംമുക്കിൽ കിഴക്കോട്ട് കൊട്ടക്കേൽ രാജന്റെ കടവരെ പുതിയ റോഡ് (വാർഡ്-7)

**ഫുട്പാത്ത്**

1. ആറാംവാർഡിൽ ഗവ. മാപ്പിള എൽ.പി.സ്കൂളിനു സമീപത്തെ ഇടവഴിയിൽ കൾവർട്ടിന് സ്ലാബോടുകൂടിയ ഫുട്പാത്ത്- 85 മീറ്റർ.

**ടാർ ചെയ്യപ്പെടേണ്ട റോഡുകൾ**

വാർഡ് 1:-

1. പൊടിക്കുണ്ട്-രാജീവ്ഗാന്ധി റോഡ്
2. കാനത്തൂർ അമ്പല റോഡ്
3. മിൽമ-ലക്ഷംവീട് കോളനി റോഡ്

വാർഡ് 2:-

1. മാക്കുനി റോഡ്
2. ദുർഗ റോഡ്
3. പള്ളിയത്തുപറമ്പ് റോഡ്
4. അംബിക റോഡ്-മൂകാംബിക റോഡ്
5. രാജാജി റോഡ്-ടാഗോർ റോഡ്

വാർഡ് 3:-

1. പഞ്ചായത്ത് ഓഫീസ് റോഡ്
2. പഞ്ചാബി റോഡ്

വാർഡ് 4:-

1. അംബേദ്കർ റോഡ്
2. കുന്നത്തുകാവ്-പോത്തേരി സ്കൂൾ റോഡ്

വാർഡ് 5:-

1. മുത്തപ്പൻ റോഡ്
2. മുള്ളക്കണ്ടിപ്പാലം-കടപ്പുറം റോഡ്
3. ചാലാട്ടമ്പലത്തിന് പിറകിൽ നിന്നും കടപ്പുറത്തേക്കുള്ള വഴി
4. പള്ളിയാംമൂല എൽ.പി.സ്കൂൾ കടപ്പുറം റോഡ്

വാർഡ് 6:-

1. ഭാനു റോഡ് (എൽ.വി.മുക്ക് മുതൽ അമ്പലം വരെ)
2. ചിള്ളിക്കുന്ന് റോഡ്
3. പാമ്പൻകണ്ടി-വാട്ടർ അതോറിറ്റി കിണർ റോഡ്
4. ഇഖ്ബാൽ റോഡ്-ചിള്ളിക്കുന്ന്-പോക്കറ്റ് റോഡ്
5. അമ്പലം സ്റ്റെപ്പ് -ഭാനു റോഡ്

വാർഡ് 8:-

1. മദുമ്മൽ-കണ്ടക്കൈ റോഡ്
2. മസ്ജിദ് റോഡ്-തളാപ്പ് വയൽ റോഡ്
3. ഹൗസിംഗ് കോളനി-എസ്.എൻ.ഹോസ്റ്റൽ റോഡ്
4. ലളിത മോട്ടോർ -സ്റ്റേഡിയം റോഡ് (മുനിസിപ്പൽ അതിർത്തിവരെ)
5. മസ്ജിദ് റോഡ് -പള്ളി ഇടവഴി റോഡുമായി ബന്ധിപ്പിച്ച്

വാർഡ് 9:-

1. രാജാജി റോഡ്
2. സുഭാഷ് റോഡ്
3. രാഷ്ട്രദീപിക - ദിനേശ്ബീഡി റോഡ്
4. മൈബ്ര കമ്പനി റോഡ്
5. കിട്ടുണ്ണി റോഡ്
6. ഇന്ദിര ഹോസ്പിറ്റൽ റോഡ്
7. അഴീക്കോടൻ രാഘവൻ റോഡ്

വാർഡ് 10:-

1. മുണ്ടച്ചാലി റോഡ്
2. ഉപ്പടം റോഡ്
3. അമ്പലം റോഡ്-താളിമുക്ക് റോഡ്
4. ഭാനു റോഡ്-സീഷോർ റോഡ് ലിങ്ക്

വാർഡ് 11:-

സഹകരണ റോഡ്-കുമാർ റോഡ്

**പാലങ്ങൾ/കൾവർട്ടുകൾ**

1. നാലാംവാർഡിലെ കനിയിൽപാലം വീതികൂട്ടി വാഹനഗതാഗതത്തിന് യോഗ്യമാക്കുക.
2. രണ്ടാംവാർഡിൽ പള്ളിയത്ത്പറമ്പ് റോഡിൽനിന്ന് മൂകാംബിക ക്ഷേത്രത്തിലേക്ക് വരുന്ന റോഡിൽ പാലം പണി
3. മൂന്നാംവാർഡിൽ കിസാൻ റോഡിൽ പുതിയ കൾവെർട്ട്
4. ഒമ്പതാംവാർഡിൽ രാജാജിറോഡിൽ രാധാവിലാസം സ്കൂളിന് പിൻവശം
5. ഇഖ്ബാൽ റോഡിൽ കെ.പി. ഭാഗ്യശീലന്റെ വീടിനു സമീപം ഒരു കൾവർട്ട്
7. കെ.വി. പാലം

**ലെവൽ ക്രോസ്**

ഉദയംകുന്ന്-ചാലാട്, ബസ് ഗതാഗതമുള്ള റോഡിൽ, പന്നേൻപാറയിലുള്ള റെയിൽവേ ലവൽക്രോസ് തീവണ്ടികൾ കടന്നുപോകുന്നതിന് അടച്ചിടുന്നതുമൂലം ഇപ്പോൾതന്നെ ഗതാഗതതടസവും കാലതാമസവും നേരിടുന്നുണ്ട്. ഷൊർണൂർ-മംഗലാപുരം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കൽ പദ്ധതി നടപ്പിലായിക്കഴിഞ്ഞാൽ കൊങ്കൺ റെയിൽവേ വഴി ബോംബേ മുതലായ സ്ഥലങ്ങളിലേക്ക് ധാരാളം തീവണ്ടികൾ ഈ വഴി പുതുതായി നിലവിൽവരുന്നതാണ്. ഇരട്ട ലൈൻ ആകുമ്പോൾ വണ്ടികൾ ഇരുവശത്തേക്കും പോകുന്നതിന്റെ ഇടവേളയും കുറയുന്നതാണ്. ഇങ്ങനെ ഭാവിയിൽ റോഡ് ഗതാഗതത്തിന് ഈ ലവൽക്രോസിൽ ഉണ്ടായേക്കാവുന്ന തടസവും കാലതാമസവും കണക്കിലെടുത്ത് ഈ സ്ഥലത്ത് ഒരു ഫ്ളൈഓവർ നിർമിക്കേണ്ടതിന് നടപടികൾ ഇപ്പോൾതന്നെ ആരംഭിക്കേണ്ടതാണ്.

**മാർക്കറ്റ്:**

പള്ളിക്കുന്ന് പഞ്ചായത്തിൽ പൊതുമാർക്കറ്റോ സ്വകാര്യമാർക്കറ്റോ നിലവിലില്ല. കാർഷിക ഉൽപന്നങ്ങൾ പ്രധാനമായും പ്രാദേശിക വ്യാപാരസ്ഥാപനങ്ങളിലും കണ്ണൂർ പട്ടണത്തിലുമാണ് വിപണനം ചെയ്യപ്പെടുന്നത്. പഞ്ചായത്തിലെ ആറ്, ഏഴ് വാർഡുകളിൽപ്പെട്ട നടുത്തുവയൽ പ്രദേശത്ത് മൂന്ന് മാട്ടിറച്ചി വിൽപനശാലകളും ഒരു ആട്ടിറച്ചി വിൽപനശാലയും ഉണ്ട്. ബസടക്കം ധാരാളം വാഹനങ്ങൾ പോകുന്ന റോഡിന്റെ പാർശ്വത്തിൽ തുറസായ കടകളിലാണ് ഇവ വില്പനക്ക് വെക്കുന്നത്. തടുത്തുവയലിൽതന്നെ പുറമ്പോക്ക് സ്ഥലത്തുവെച്ച് മത്സ്യവില്പനയും നടന്നുവരുന്നു. മത്സ്യവില്പനയ്ക്ക് ഉപയോഗിക്കുന്നസ്ഥലം വ്യാപാരസ്ഥാപനങ്ങൾ പാഴ്വസ്തുക്കൾ നിക്ഷേപിക്കാനും ഉപയോഗിക്കുന്നു. തുറന്നതും ഒഴുക്കില്ലാത്തതുമായ ഓടയുടെ സമീപത്താണ് ഈ സ്ഥലം. ശുചിത്വം തീരെയില്ലാത്ത ഈ സ്ഥലത്തുവെച്ച് മത്സ്യമാംസം വ്യാപാരം നടത്തുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നത്തിന് വഴിവെക്കും. പഞ്ചായത്തിന്റെ വകയായി ഒരു മത്സ്യ-മാംസ മാർക്കറ്റ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇതു വിരൽചൂണ്ടുന്നത്.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

ഇന്ന് ഏറ്റവും ജനസാന്ദ്രതയുള്ള ഒരു പഞ്ചായത്തായി നമ്മുടെ പഞ്ചായത്ത് മാറിയിട്ടുണ്ട്. കുറച്ചു വർഷങ്ങൾക്കിടയിൽ വന്ന മാറ്റമാണിത്.

മുമ്പ് വിശാലമായ ഒരു പറമ്പും അതിൽ ഒരു വീട് അതിൽ കുടുംബമായി കഴിയുന്ന ഒരുപാട് അംഗങ്ങൾ കുടുബങ്ങളെ നിയന്ത്രിക്കാൻ ഒരു കുടുംബനാഥൻ അല്ലെങ്കിൽ ഒരു കുടുംബനാഥ. കുടുംബനാഥന്റെ പേരിൽ കുറെ സ്ഥലങ്ങൾ എന്നിങ്ങനെയായിരുന്നു നില. എന്നാൽ ഇന്ന് സ്ഥിതി ആകെ മാറി.

കൂട്ടുകുടുംബങ്ങളുടെ സ്ഥാനത്ത് ഇന്ന് അണുകുടുംബങ്ങൾ വന്നുകഴിഞ്ഞിരിക്കുന്നു. 5 മക്കളുള്ള ഒരു കുടുംബത്തിലെ ഓരോ മക്കൾക്കും ഓരോ വീട് എന്ന നിലയിലേക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു.

ജില്ലയുടെ ആസ്ഥാനം കണ്ണൂർ ആയതോടെ ജില്ലാ ഓഫീസുകൾ. വിദ്യാഭ്യാസസ്ഥാപനങ്ങൾ. പ്രതിരോധ സേനയുടെ ആസ്ഥാനങ്ങൾ തുടങ്ങി ഒരുപാട് സ്ഥാപനങ്ങൾ കണ്ണൂർ പട്ടണം കേന്ദ്രമായി ഉയർന്നുവന്നു. അത്തരം സ്ഥാപനങ്ങളിലേക്ക് ജോലിക്കായി വരുന്നവരും മറ്റും വ്യാപകമായ രൂപത്തിൽ പട്ടണത്തോട് തൊട്ടുകിടക്കുന്ന ഈ പഞ്ചായത്തിൽ ഭൂമിവാങ്ങി പാർപ്പിടങ്ങൾ പണിതുതുടങ്ങി. ഇതിന്റെ ഭാഗമായി പാർപ്പിടങ്ങളുടെ എണ്ണത്തിൽ ക്രമാതീതമായ വർധനവും ഈ പഞ്ചായത്തിൽ ഉണ്ടായി.

പഞ്ചായത്തിൽ നിലവിലുള്ള വീടുകളുടെ എണ്ണം (വാർഡ് തിരിച്ചുള്ളത്) താഴെ കൊടുക്കുന്നു.

| വാർഡ്നമ്പർ (വിഭജനത്തിനുമുമ്പ്) | മൊത്തം വിഭജനഎണ്ണം | ഓട് | കോൺക്രീറ്റ് | ഓലമേഞ്ഞത് | കുടിലുകൾ |
|---|---|---|---|---|---|
| 1. | 620 | 171 | 420 | 18 | 1/11 |
| 2. | 518 | 192 | 312 | 14 | - |
| 3. | 536 | 201 | 300 | 35 | - |
| 4. | 561 | 213 | 335 | 13 | - |
| 5. | 766 | 241 | 450 | 11 | 1/64 |
| 6. | 657 | 241 | 398 | 18 | - |
| 7. | 514 | 118 | 372 | 24 | - |
| 8 | 655 | 218 | 411 | 26 | - |
| 9 | 822 | 222 | 561 | 39 | - |
| 10 | 711 | 396 | 288 | 27 | - |
| ആകെ | 6360 | 2213 | 3847 | 225 | 75 |

ഗൾഫിൽ ജോലിയുള്ളവരും തിരിച്ചുവരുന്നവരും സമ്പാദ്യത്തിന്റെ വലിയൊരു പങ്ക് നിക്ഷേപിക്കുന്നത് വീടുനിർമാണത്തിലാണ്. വലിയ കോൺക്രീറ്റ് സൗധങ്ങളാണ് പുതുതായി നിർമിക്കപ്പെടുന്നവയിൽ ഭൂരിഭാഗവും. ചൂടിൽനിന്നും സംരംക്ഷണം ലഭിക്കുന്നതിനുവേണ്ടിയും കോൺക്രീറ്റ് മേൽപ്പുരയ്ക്ക് മീതെ ഓട് പാകിയ സൗധങ്ങളും ഉയർന്നു വരുന്നുണ്ട്. ഭവനനിർമാണത്തിനാവശ്യമായ സാധനസാമഗ്രികൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ നിർമിക്കുന്നില്ല.

ഇടത്തരം കുടുംബങ്ങളും കോൺക്രീറ്റ് വീടുകൾതന്നെ നിർമ്മിക്കാനാണ് ഇഷ്ടപ്പെടുന്നത്. എന്നാൽ അത്തരക്കാർക്ക് വീട് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കുന്ന സൊസൈറ്റികളോ ധനകാര്യസ്ഥാപനങ്ങളോ ഇവിടെയില്ല.

ദുർബലവിഭാഗത്തിൽപ്പെട്ടവർക്ക് വീട്വയ്ക്കലോ പഴഞ്ചൻ വീടുകൾ പുതുക്കിപ്പണിയുകയോ ചെയ്യുക എന്നത് ഒരു സ്വപ്നം മാത്രമായി മാറുകയാണ്.

ദുർബലവിഭാഗക്കാർക്ക് പാർപ്പിടാവശ്യം നിറവേറ്റുന്നതിനുവേണ്ടി നിർമ്മിച്ചിട്ടുള്ള കോളനികളുടെ സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. തമിഴ്നാട്ടിൽനിന്നും കുടിയേറിപ്പാർത്ത തൊഴിലാളികളുടെ കുടുംബങ്ങൾ ഉൾപ്പെടെ നിരവധി കുടുംബങ്ങൾ പാർപ്പിടമില്ലാത്തവരായി ഈ പഞ്ചായത്തിലുണ്ട്.

### പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടേയും ദൗർലഭ്യം. വിലക്കയറ്റം.
2. വായ്പകൾ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട്.
3. കോളനികളിൽ പശ്ചാത്തല സൗകര്യങ്ങളില്ലാത്ത

| ഗവ. ഹോമിയോ ഡിസ്പെൻസറിയിൽ ചികിത്സ തേടിയെത്തിയവരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|
| വർഷം | O/P | ത്വക്ക് | വാതം | പകർച്ച വ്യാധി | മറ്റുള്ളവർ | ആകെ |
| 1992-93 | 28,800 | 10,800 | 5,400 | 3,600 | 9,000 | 28,000 |
| 1993-94 | 36,000 | 12,600 | 3,600 | 7,200 | 12,600 | 36,000 |
| 1994-95 | 25,200 | 7,920 | 4,680 | 6,480 | 6,120 | 25,200 |
| 1995-96 | 43,200 | 18,000 | 8,280 | 7,200 | 9,720 | 43,200 |

അവസ്ഥ.

4. ഭൂരഹിതരുടെ പ്രശ്നങ്ങൾ.

5. വയലുകൾ നികത്തി വീടുണ്ടാക്കുന്ന പ്രവണത.

**സാധ്യതകൾ**

1. ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുകയും അതുവഴി കെട്ടിടനിർമാണ സാമഗ്രികൾ ചുരുങ്ങിയചെലവിൽ ലഭ്യമാക്കാൻ പറ്റുമോ എന്ന് പരിശോധിക്കുക.

2. ചെലവുകുറഞ്ഞ നിർമ്മാണരീതികളുടെ പ്രചരണം.

3. ഭൂരഹിതർക്കും നിർധനർക്കുമുള്ള പ്രത്യേകഭവനിർമാണ പരിപാടി.

4. വൻകിടക്കാർക്കും ഇടത്തരക്കാർക്കും പറ്റാവുന്ന ഫ്ളാറ്റ് ടൈപ്പിലുള്ള ഹൗസിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം.

5. കെട്ടിടനിർമ്മാണ ജോലിക്കാരുടെ ഒരു സൊസൈറ്റി രൂപീകരിച്ച് ഗുണഭോക്താക്കൾക്ക് മിതമായനിരക്കിൽ സേവനം ലഭ്യമാക്കുക.

## സാമൂഹ്യക്ഷേമം

ചരിത്രപരമായ നിരവധി കാരണങ്ങളാൽ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികൾ പഞ്ചവത്സരപദ്ധതികളുടെ ഭാഗമായി 1960-ലാണ് ആരംഭിച്ചത്. ഗ്രാമവികസനവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, കൃഷിഭവൻ, ഗ്രാമപഞ്ചായത്ത് എന്നീ ഏജൻസികൾ വഴിയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

1.ഐ.ആർ.ഡി.പി.: കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്കിലാണ് പരീക്ഷണാടിസ്ഥാനത്തിൽ 'ഇന്റഗ്രേറ്റഡ് റൂറൽ ഡെവലപ്മെന്റ് പ്രോഗ്രാം' അഥവാ സംയോജിത ഗ്രാമവികസന പരിപാടി എന്നപേരിൽ 1979-ൽ ആദ്യമായി ഇത് ആരംഭിച്ചത്. ഗ്രാമീണരുടെ ദാരിദ്ര്യനിർമ്മാർജനമാണ് ഇതിന്റെ ലക്ഷ്യം. ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചതുകൊണ്ട് 1980 മുതൽ കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും ഈ പരിപാടി നടപ്പിലാക്കിത്തുടങ്ങി. 1985-ൽ വളരെ സമഗ്രമായി വീടുവീടാന്തരം വി.ഇ.ഒ.മാർ കയറിയിറങ്ങി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ കണ്ടുപിടിച്ച് ഒരു സർവേ തയാറാക്കി ഗവൺമെന്റിന് സമർപ്പിച്ചു. 3,500 രൂപയ്ക്കു താഴെ പ്രതിവർഷവരുമാനമുള്ളവരെയാണ് അന്നത്തെ ലിസ്റ്റിൽ ഉൾക്കൊള്ളിച്ചത്. പിന്നീട് ജീവിതനിലവാരം ഉയർന്നതിനെത്തുടർന്ന് വരുമാനപരിധിയും കൂട്ടി. 8-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരുടെ വരുമാനപരിധി 11,000 രൂപയായിരുന്നു.

ഈ പഞ്ചായത്തിൽ 8-ാം പദ്ധതിയിലെ സർവേപ്രകാരം 1,045 പേർ ഐ.ആർ.ഡി.പി. ആനുകൂല്യത്തിന് അർഹതപ്പെട്ടവരാണെന്ന് കണ്ടു. അവരിൽ 136 കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിൽ ആനുകൂല്യങ്ങൾ നൽകി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിച്ചു.

ഐ.ആർ.ഡി.പി. ആനുകൂല്യം നിർദേശിച്ച പദ്ധതിക്കുവേണ്ടി ഉപയോഗിച്ച സ്ഥിരോത്സാഹികളായ കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയതായി റിവ്യൂ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതുകൊണ്ട് 9-ാം പദ്ധതിയിലും ഈ പരിപാടി കാര്യക്ഷമമായരീതിയിൽ നടത്തിയാൽ വിജയം കൈവരിക്കാവുന്നതാണ്.

2. ട്രൈസം: ഈ പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം 8-ാം പദ്ധതിക്കാലത്ത് വിവിധ ട്രേഡുകളിലായി 21 യുവതീയുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനാന്തരം 10പേർ നിയുക്ത ട്രേഡുകളിൽ ജോലി ചെയ്ത് ജീവിക്കുന്നു. 11 പേർക്ക് പരിശീലനംകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ലെന്ന് കാണുന്നു. ഗുണഭോക്താക്കൾ ആഗ്രഹിച്ച ട്രേഡിൽ തിരഞ്ഞെടുപ്പ് നടക്കാത്തതും, തിരഞ്ഞെടുപ്പ് നടന്ന ട്രേഡിൽ പരിശീലനത്തിന്റെ അപര്യാപ്തതയുമാണ് ഇതിന് കാരണമെന്നു മനസിലാക്കുന്നു.

9-ാം പദ്ധതിയിലും ട്രൈസം പരിപാടി ഗുണഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് ആധുനിക ട്രേഡുകളിൽ പരിശീലനം നൽകി യുവജനങ്ങളെ തൊഴിൽ കണ്ടെത്താൻ പ്രേരിപ്പിക്കാവുന്നതാണ്.

3. ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റ്: ദാരിദ്ര്യനിർമ്മാർജനത്തിന്റെ മറ്റൊരു പദ്ധതിയാണ് ഗ്രാമീണ വനിതാശിശുവികസന പരിപാടി. (ഡി.ഡബ്ല്യു.സി.ആർ.എ.). ഐ.ആർ.ഡി.പി.-യിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ആനുകൂല്യം നൽകിയത് റിവ്യൂ ചെയ്തപ്പോൾ സ്ത്രീകൾക്ക് നൽകിയ ജീവനോപാധികൾ മിക്കവാറും സുരക്ഷിതമായിരുന്നു. മാത്രമല്ല ബാങ്കിൽനിന്ന് കടമെടുത്ത വായ്പ കൃത്യമായി തിരിച്ചടച്ചതായും കാണപ്പെട്ടു. അവരുടെ വരുമാനത്തിന്റെ സിംഹഭാഗവും കുടുംബത്തിന്റെ ആവശ്യങ്ങൾക്കായി വിനിയോഗിച്ചതായും കാണപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപ്രദേശങ്ങളിലെ 10 മുതൽ 15 വരെയുള്ള വനിതകളെമാത്രം ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമീണ വനിതാ ശിശുവികസനപദ്ധതി ആരംഭിച്ചത്. ഒരംഗത്തിന് 4,000 രൂപ സബ്സിഡി ലഭിക്കുന്നതിനു പുറമേ ഗ്രൂപ്പിന് കൂട്ടായി 25,000 രൂപ സഹായധനം വേറെയും അനുവദിച്ചു. ഇപ്രകാരം അനുവദിച്ച സംഖ്യകൊണ്ട് തൊട്ടടുത്തുകിടക്കുന്ന അഴീക്കോട് പഞ്ചായത്തിൽ ആരംഭിച്ച പദ്ധതികൾ വളരെയേറെ വിജയിച്ചിട്ടുണ്ട്. അവിടത്തെ മൂന്ന് യൂണിറ്റുകളിലെ 45 സ്ത്രീകൾക്ക് പ്രതിമാസം ബാങ്കിന്റെ കടബാധ്യത കഴിച്ചതിനുശേഷം 800 മുതൽ 1,200 രൂപ വരെ വേതനം ലഭിക്കുന്നുണ്ട്. റെഡിമെയ്ഡ് ഗാർമെന്റ്സ്, ടി.വി. ആന്റിന, സ്റ്റെപ്പ് അപ് ട്രാൻസ്ഫോർമറുകൾ, എമർജെൻസി ലൈറ്റുകൾ, ഫലവൃക്ഷത്തൈകൾ എന്നിവയാണ് അവർ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നത്.

ഈ പഞ്ചായത്തിലും ഇത്തരം രണ്ട് റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റുകൾ (സീതാരാ. സൂയസ്) പ്രവർത്തിച്ചുവരുന്നുണ്ട്. അവയിൽ ഒന്നിന്റെ പ്രവർത്തനം മെച്ചപ്പെട്ടതാണ്.

പട്ടണത്തിന്റെ അടുത്തുകിടക്കുന്ന ഈ പഞ്ചായത്തിൽ വിപണന സാധ്യതയും അസംസ്കൃതപദാർത്ഥങ്ങളുടെ ലഭ്യതയും കൂടുതലാകയാൽ ഇത്തരം യൂണിറ്റുകൾ ആരംഭിച്ച് സ്ത്രീകളുടെ ഇടയിലുള്ള ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാവുന്നതാണ്.

4. സാമൂഹ്യവനവൽക്കരണ പരിപാടി: ഈ പദ്ധതി പ്രകാരം കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്കാലത്ത് 746 ഫലവൃക്ഷത്തൈകൾ വിതരണം നടത്തിയിട്ടുണ്ട്. അവയുടെ നിലനിൽപിനെക്കുറിച്ച് റിവ്യൂ ചെയ്തതായി കാണുന്നില്ല. എന്നാൽ ഇത്തരം പദ്ധതികൾകൊണ്ട് 50% നേട്ടം പ്രതീക്ഷിക്കാവുന്നതാണ്.

9-ാം പദ്ധതിയിലും അത്യുല്പാദനശേഷിയുള്ള ഫലവൃക്ഷത്തൈകൾ വിതരണംചെയ്തും മോണിട്ടർചെയ്തും പഞ്ചായത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ കൂട്ടാവുന്നതാണ്.

5. വിധവാപെൻഷൻ: ഇതുവരെയായി 144 വിധവകൾക്ക് പ്രതിമാസം 100 രൂപ വീതം പെൻഷൻ ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രായപൂർത്തിക്കനുസരിച്ചും വിധവകളുടെ ജീവിതച്ചെലവ് കൂടുന്നതനുസരിച്ചും പെൻഷൻതുകയിൽ മാറ്റംവരുത്തേണ്ടുന്നതാണ്. ഉദാഹരണത്തിന് 8ഉം 10ഉം വയസ് പ്രായമുള്ള രണ്ട് കുട്ടികളുടെ മാതാവ് 35-ാം വയസിൽ വിധവയായെന്നിരിക്കട്ടെ. ആ കുടുംബത്തിന്റെ ചെലവ്. കുട്ടികളുടെ വിദ്യാഭ്യാസ ജീവിതച്ചെലവുകളോടൊപ്പം ഉയരുകയായി. അപ്പോൾ ഇന്ന് ലഭിക്കുന്ന 100 രൂപ ഈ കുടുംബത്തിന് ഒട്ടും മതിയാവുകയില്ല. ഈ അവസരത്തിൽ ഇവരുടെ പെൻഷൻ തുക കൂട്ടേണ്ടതാണ്. പിന്നീട് മക്കൾക്ക് പ്രായമായി മാതാവിന്റെ സംരക്ഷണം ഏറ്റെടുത്താൽ വിധവാപെൻഷന്റെ തോതുകുറയ്ക്കുകയോ പരിശോധനയ്ക്കുശേഷം നിർത്തലാക്കുകയോ ചെയ്യാവുന്നതാണ്.

6. വാർദ്ധക്യകാലപെൻഷൻ: ഈ പഞ്ചായത്തിലുള്ള 99 പേർക്ക് ഈ ആനുകൂല്യം ലഭിക്കുന്നു. 65 വയസുള്ള എല്ലാവർക്കും ഈ പെൻഷൻ അനുവദിക്കാവുന്നതാണ്. കാരണം വാർധക്യകാലസംരക്ഷണത്തിന് ധാരാളം പണം ആവശ്യമില്ല. ഒരു നിശ്ചിതതുക ഒരു നിശ്ചിത തീയതിക്കുള്ളിൽ ഇടതടവില്ലാതെ ലഭിച്ചാൽ കുടുംബാംഗങ്ങൾ ഈ വൃദ്ധജനങ്ങളുടെ സംരക്ഷണ ചുമതല സന്തോഷപൂർവം ഏറ്റെടുക്കുമെന്നു മാത്രമല്ല ഇവരുടെ ദീർഘകാല ജീവിതാനുഭവങ്ങൾ പങ്കിട്ട് ആ കുടുംബത്തെ ഉന്നതിയിലേക്ക് നയിക്കുന്നതിനും കഴിയും.

7. അഗതി പെൻഷൻ: അടുത്തകാലത്തായി അഗതി പെൻഷനും അഗതി മന്ദിരങ്ങളുടെ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഗുണഭോക്താവ് തീർത്തും അഗതിയാണെങ്കിൽ അഗതിമന്ദിരങ്ങൾ നിർമ്മിച്ച് അവർക്ക് സംരക്ഷണം കൊടുക്കാവുന്നതാണ്.

ഇത്തരം പെൻഷനുകൾ യഥാസമയത്ത് ലഭിക്കുന്നതിനും കാലാകാലങ്ങളിൽ ജീവിതച്ചെലവ് ഉയരുന്നതനുസരിച്ച് മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

8. മഹിളാസമാജങ്ങൾ ബാലവാടികൾ: ഈ പഞ്ചായത്തിൽ വികസന ബ്ലോക്കുവഴി രൂപീകരിച്ചിട്ടുള്ള മഹിളാസമാജങ്ങളും ബാലവാടികളും നല്ല രീതിയിൽ പ്രവർത്തിച്ച് സമൂഹത്തിന്റെ ഉന്നമനത്തിന് ആവശ്യമായ ബോധവൽക്കരണം നൽകിയതായി തെളിവുകൾ ഉണ്ട്. എന്നാൽ ഇന്നത്തെ മഹിളാസമാജങ്ങളുടെ പ്രവർത്തനം തീരെ തൃപ്തികരമല്ല. വികസന ബ്ലോക്കുവഴി നൽകിവന്നിരുന്ന സാമ്പത്തികാനുകൂല്യം നിർത്തലാക്കിയതുകൊണ്ടാവാം ഇത്തരം സംഘടനകൾ നിർജീവമായതെന്ന് കരുതുന്നു.

മഹിളാസമാജങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് മാർഗനിർദേശങ്ങളും സാമ്പത്തികാനുകൂല്യങ്ങളും നൽകി പുനരുദ്ധരിക്കാവുന്നതാണ്. ബാലവാടികൾ നിർത്തലാക്കി അംഗൻവാടികളായി പ്രവർത്തിച്ചുവരുന്നുണ്ട്.

പ്രാഥമിക വിദ്യാഭ്യാസത്തിന് മുന്നോടിയായി കുട്ടികളെ ചിട്ടപ്പെടുത്തുന്ന ഈ അംഗൻവാടികളുടെ പ്രവർത്തനം വളരെ ശ്ലാഘനീയംതന്നെ. എന്നാൽ അംഗൻവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ, കളിക്കോപ്പുകൾ എന്നിവയുടെ സൗകര്യം വളരെ അപര്യാപ്തമാണ്. കുട്ടികൾ കളിച്ച് പഠിക്കേണ്ട സമയത്ത് അവർക്ക് ആവശ്യമായ കെട്ടിടങ്ങൾക്കും കളിസ്ഥലത്തിനും കളിക്കോപ്പുകൾക്കും ഏറ്റവും മുൻഗണനനൽകാൻ കഴിയണം.

### പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമ്മാർജന പദ്ധതികൾ വളരെ കുറച്ച് കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളൂ.
2. ഇടത്തട്ടുകാരുടെ ചൂഷണവും അഴിമതിയും.
3. പദ്ധതികളുടെ വിവരം പലർക്കും അറിയില്ല. വിവരങ്ങൾ ആവശ്യമുള്ളവർക്ക് എത്തിക്കാനുള്ള പരിമിതികളും ഏറെയാണ്.
4. ട്രൈസം പദ്ധതിയിൽ ഗുണഭോക്താക്കൾ ആഗ്രഹിക്കുന്ന ട്രേഡിൽ പരിശീലനം ലഭിക്കുന്നില്ല.
5. കിട്ടുന്ന ആനുകൂല്യങ്ങൾതന്നെ യഥാസമയം ലഭിക്കുന്നില്ല.
6. അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല.
7. അംഗൻവാടി ടീച്ചർമാരുടെയും ഹെൽപ്പർമാരുടെയും 'ഓണറേറിയം' വളരെ കുറവാണ്.

സാധ്യതകൾ

1. ഐ.ആർ.ഡി.പി. സർവേലിസ്റ്റ് പരിഗണിച്ച് അർഹരായവരിൽ ആനുകൂല്യം ലഭിക്കാത്തവർക്ക് ലഭ്യമാക്കാനുള്ള നടപടി ഉണ്ടാവണം.

2. അലുമിനിയം ഫാബ്രിക്കേഷൻ, ഡിഷ് ആന്റിന നിർമാണം ഇലക്ട്രിക്കൽ/ഇലട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിംഗ് റിപ്പയറിംഗ്, കമ്പ്യൂട്ടർ ട്രെയിനിംഗ്, റെഫ്രിജിറേഷൻ/എയർകണ്ടീഷനിംഗ്, ടൈലറിംഗ് & എംബ്ലോയിഡറി തുടങ്ങിയ ആധുനിക ട്രേഡുകളിൽ യുവജനങ്ങൾക്ക് പരിശീലനംനൽകി തൊഴിൽകണ്ടെത്താൻ പ്രേരിപ്പിക്കണം.

3. വനിതകൾക്കായി 10-15 പുതിയ ഡി.ഡബ്ല്യു.ഐ.ആർ.എ. യൂണിറ്റുകൾ സ്ഥാപിക്കണം.

4. ധനസഹായപദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ജനകീയസംവിധാനം വേണം.

5. സാമൂഹ്യവനവൽക്കരണ പരിപാടിയിലൂടെ അത്യുല്പാദനശേഷിയുള്ള ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുകയും അതിന്റെ നിലനിൽപ്പ് മോണിറ്റർ ചെയ്യുന്നതിനുള്ള ജനകീയസംവിധാനം ഉണ്ടാക്കുകയും വേണം.

6. വിധവകളുടെ ജീവിതത്തോത് അനുസരിച്ച് വിധവാപെൻഷൻ പരിഷ്കരിക്കണം.

7. മഹിളാസമാജങ്ങൾ, അംഗൻവാടികൾ എന്നിവയെ കേന്ദ്രീകരിച്ച് പോഷകാഹാരം -പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ ഉണ്ടാവണം.

8. അംഗൻവാടി വർക്കർമാർ/ഹെൽപ്പർമാർ എന്നിവരുടെ ഓണറേറിയം ഉയർത്തുന്നതിനുള്ള നടപടികൾ.



# സംസ്കാരം

മെച്ചപ്പെട്ട ഒരു സാംസ്കാരികപാരമ്പര്യം കാത്തു സൂക്ഷിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്ന കാര്യത്തിൽ പ്രതിജ്ഞാബന്ധമായ ഒരു നിലപാട് സ്വീകരിക്കുന്ന ഒരു പ്രദേശമാണ് പള്ളിക്കുന്ന് പഞ്ചായത്ത്. വിഭിന്ന മത വിഭാഗങ്ങൾ സഹിഷ്ണതയോടെ ഒരുമിച്ച് ജീവിച്ചുപോരുന്ന ഇവിടുത്ത പ്രധാന മതവിഭാഗങ്ങൾ ഹിന്ദുക്കളും മുസ്ലിംകളുമാണ്. മതവിഭാഗങ്ങളിൽ ഹിന്ദുമതക്കാർക്കാണ് മുൻതൂക്കം. ഹൈന്ദവ ആരാധനാലായങ്ങളും മുസ്ലിം പള്ളികളും ഇവിടെ ഇടകലർന്നു സ്ഥിതിചെയ്യുന്നു. ഉത്തരമലബാറിലെ ക്ഷേത്രോത്സവങ്ങൾക്കു തുടക്കം കുറിക്കുന്ന പ്രശസ്ത ക്ഷേത്രമായ ചാലാട് ശ്രീ ധർമശാസ്ത്രാ ക്ഷേത്രവും മുസ്ലിംങ്ങളുടെ പ്രധാനപ്പെട്ട ചാലാട് മഖാമും നമ്മുടെ പഞ്ചായത്തിലാണ്. ക്ഷേത്രങ്ങളോടും പള്ളികളോടും ബന്ധപ്പെട്ട് സംഘടിപ്പിക്കപ്പെടുന്ന സാംസ്കാരിക പരിപാടികളിലും മറ്റു കലാവിരുന്നുകളിലും മതസൗഹാർദത്തിന്റെ ഉത്തമദൃഷ്ടാന്തമെന്നപോലെ ജാതി മതപരിഗണനകൾക്കതീതമായി ജനങ്ങൾ പങ്കെടുക്കാറുണ്ട്. ഭാരതത്തിന്റെ സ്വാതന്ത്ര്യ സമര കാലഘട്ടങ്ങളിൽ സജീവമായി പ്രവർത്തിച്ച നിരധിയാളുകൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്. അവരിൽ കൂടുതൽപേരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞെങ്കിലും ഇപ്പോഴും ചിലർ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്. പ്രാദേശികവും ദേശീയവും ജാതിമതാധിഷ്ഠിതവുമായ രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങളുടെ ശാഖകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും ദേശീയടിസ്ഥാനത്തിൽ ചിന്തിക്കുന്ന മതേതര രാഷ്ട്രീയ സംഘടനകൾക്കാണ് ജനങ്ങൾ പ്രാധാന്യം കൽപ്പിക്കുന്നത്.

പഞ്ചായത്തിലെ മെച്ചപ്പെട്ട സാംസ്കാരികാന്തരീക്ഷം നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പലവിധങ്ങളായ ആചാരാനുഷ്ഠാനങ്ങളിൽ മൗലീകമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സാമൂഹിക പുരോഗതിക്ക് വിഘാതമാവുന്ന ആചാരങ്ങളെ ജനങ്ങൾ ബോധപൂർവം കൈയൊഴിഞ്ഞിരിക്കുന്നു.

മെച്ചപ്പെട്ട സാക്ഷരതാ നിലവാരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ബലത്തിൽ സന്നദ്ധ സംഘടനകളും വ്യക്തികളും ചേർന്നു രൂപം കൊടുത്ത വിവിധ സാംസ്കാരിക കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഒരുകാലത്ത് തിളങ്ങിനിന്ന പല പ്രസ്ഥാനങ്ങളും സാംസാകാരിക കേന്ദ്രങ്ങളും വായനശാലകളും ഇന്ന് പരിക്ഷീണമാണെങ്കിലും അവയുടെ സാസ്കാരിക സംഭാവനകളെ അവഗണിക്കാവതല്ല. വ്യക്തിയെ അറിവിന്റെ ലോകത്തേയ്ക്ക് കൈ പിടിച്ചുയർത്തുന്നതിനും വിജ്ഞാന ചക്രവാളം കൂടുതൽ വികസ്വരമാക്കുന്നതിനുമായി ആറ് എൽ.പി.സ്കൂളുകളും രണ്ട് യു.പി.സ്കൂളും, ഒരു ഹൈസ്കൂളും നമ്മുടെ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിന്റെ 11 വാർഡുകളിലുമായി മൊത്തം ഏഴു പൊതുജന വായനശാലയും അനുബന്ധമായുള്ള ഗ്രന്ഥാലയങ്ങളുമുണ്ട്. ഇവയിൽ ഭൂരിഭാഗവും വളരെ പഴക്കമേറിയതും നിലവിൽ നന്നായി പ്രവർത്തിക്കുന്നവയുമാണ്. പഞ്ചായത്തിലെ മിക്ക സാംസ്കാരിക കേന്ദ്രങ്ങളും ചർച്ചാ ക്ലാസുകളുമൊക്കെ നടക്കുന്നത് വായനശാലകളെ ആശ്രയിച്ചാണ്. ജനങ്ങളെ വായനയുടെ ലോകത്ത് കൈപിടിച്ചുയർത്തുന്നതിൽ ഇത്തരം സ്ഥാപനങ്ങൾ നിർണായകമായ പങ്കാണ് വഹിച്ചുവരുന്നത്. ഇവയുടെ പട്ടിക ( പട്ടിക-1 ) കൊടുത്തിരിക്കുന്നത് കാണുക.


ഇപ്പറഞ്ഞ വായനശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും പ്രവർത്തനത്തെ വിലയിരുത്തുമ്പോൾ ഗൗരവമേറിയ പലകാര്യങ്ങളും ഉയർന്നുവരുന്നുണ്ട്. വർഷങ്ങൾ കഴിയുന്തോറും വായനശാലകളോടുള്ള ജനങ്ങളുടെ ആഭിമുഖ്യത്തിന് സാരമായ ഇടിവ് സംഭവിച്ചിട്ടുണ്ട്. വൈവിധ്യങ്ങളായ വിഷയങ്ങളെ ഉൾക്കൊള്ളുന്ന നവീനങ്ങളായ പുസ്തകങ്ങൾ പുതിയ പത്രപ്രസിദ്ധീകരണങ്ങൾ, ടിവി എന്നിവയൊക്കെ ഇന്ന് വായനശാലകളെ കൂടുതൽ പുഷ്ടിപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയൊക്കെ ആസൂത്രിതമായി പ്രയോജനപ്പെടുത്തുന്നവർ ഒരു ചെറു ന്യൂനപക്ഷം മാത്രമാണ്. ഇടത്തരക്കാരും അതിൽ താഴെയുള്ള വിഭാഗക്കാരുമാണ് പ്രധാനമായും ഇന്ന് വായനശാലയിലെത്തുന്നത്. ടെലിവിഷൻ സൗകര്യമുള്ള വായനശാലകളിൽ ടിവി പരിപാടികൾ കാണാൻവേണ്ടി മാത്രമായി എത്തുന്നവരുമുണ്ട്. സമയംപോക്കാനായി നിലവാരം കുറഞ്ഞ് വാരിക/മാസിക പ്രസിദ്ധീകരണങ്ങൾ വായിക്കാനെത്തുന്നവരാണ് ഒരു പ്രധാനവിഭാഗം. പത്രപ്രസിദ്ധീകരണങ്ങൾ വായിക്കുന്നവരിൽ ഭൂരിഭാഗവും രാഷ്ട്രീയകാര്യങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുന്നവരാണ്. ബാലപ്രസിദ്ധീകരണങ്ങൾക്കും സിനിമാപ്രസിദ്ധീകരണങ്ങൾക്കും മാത്രമായി വായനക്കാരുണ്ട്. പക്ഷേ, ദൗർഭാഗ്യകരമെന്നു പറയട്ടെ വായനശാലകളിലുള്ള സ്ത്രീകളുടെ സന്ദർശനം വളരെ വിരളമാണ്.

എല്ലാ വായനശാലയിലും ഏറ്റവും കൂടുതൽ വാങ്ങി സൂക്ഷിച്ചിട്ടുള്ളത് നോവൽ കഥ ഇനങ്ങളാണ്. പുസ്തകങ്ങൾ വാങ്ങുമ്പോൾ ഗുണനിലവാരം ശ്രദ്ധിക്കുന്നതിൽ മിക്ക വായനശാലകളും വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. വായനശാലകൾക്ക് സർക്കാർ ഗ്രാന്റു

## പട്ടിക -1

### ഗ്രന്ഥശാലകൾ

| പേര് | സ്ഥാപനവർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിനവിതരണം | മറ്റുപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| | 1937 | - | 6000 | - | 500 | പത്രങ്ങൾ-5, മാസികവാരിക 22 |
| 1. വിജ്ഞാന വിലാസിനി വായനശാല & ഗ്രന്ഥാലയം | | | | | | |
| 2. ചാലാട് വായനശാല & ഗ്രന്ഥാലയം | | | | | | |
| 3. സി.എച്ച്. മുഹമ്മദ് കോയ സ്മാരക വായനശാല & ഗ്രന്ഥാലയം | | | | | | |
| 4. റിക്രിയേഷൻ ക്ലബ് & ഉദയ വായനശാല & ഗ്രന്ഥാലയം | | | | | | |
| 5. എം.കെ.പി. അബ്ദുൾ സലാം സ്മാരക വായനശാല & ഗ്രന്ഥാലയം | | | | | | |
| 6. ദേശസേവാ വായനശാല & ഗ്രന്ഥാലയം | 1985 | 122 | 972 | - | 250 മാസത്തിൽ | ക്ലബ് |
| 7. ആനന്ദോദയ വായനശാല & ഗ്രന്ഥാലയം | 1937 | 491 | 9257 | ഡി | 1082 മാസത്തിൽ | 9 ദിനപത്രം ഉൾപ്പെടെ 40 പ്രസിദ്ധീകരണങ്ങൾ |



കൾ അനുവദിച്ചു നൽകുന്നതിൽ വരുത്തുന്ന കാലതാമസം കാരണവും പുതിയ പുസ്തകങ്ങളുടെ കുതിച്ചുയരുന്ന വിലനിലവാരവും മുൻവർഷങ്ങളെ അപേക്ഷിച്ച് പുസ്തകങ്ങളുടെ വർദ്ധനവിനെ ബാധിക്കുന്നുണ്ട്. വായനശാലകളിൽനിന്നും പുസ്തകങ്ങൾ തിരഞ്ഞെടുത്ത് കൊണ്ടുപോയി വായിക്കുന്നതിൽ ആളുകൾ പൊതുവെ വിമുഖത കാണിക്കുന്നുണ്ട്. വനിതാ വായനക്കാരിൽ പുസ്തകങ്ങൾ എടുത്തു വായിക്കുന്നവർ വിരലിലെണ്ണാൻ മാത്രമേയുള്ളൂ.

കണ്ണൂർ നഗരത്തോട് തൊട്ടടുത്തായി സ്ഥിതിചെയ്യുന്നതുകൊണ്ട് പ്രാദേശിക മലയാള പ്രസിദ്ധീകരണങ്ങൾക്കു പുറമേ ദേശീയവും അന്തർദേശീയവുമായ മിക്ക പ്രസിദ്ധീകരണങ്ങളും ലഭിക്കുന്നുണ്ട്. പഞ്ചായത്തിലെ വീടുകളിൽ അമ്പത് ശതമാനത്തിലധികവും വീട്ടിൽ സ്വന്തമായി ഏതെങ്കിലും ദിനപത്രങ്ങൾ വരുത്തുന്നവരാണ്. മറ്റു പ്രസിദ്ധീകരണങ്ങളിൽ തുടർകഥകൾ പ്രസിദ്ധീകരിക്കുന്ന സാധാരണ വാരികൾക്കാണ് പ്രമുഖസ്ഥാനം. സ്ത്രീകളാണ് ഇവയുടെ വായനക്കാരിൽ ഭൂരിഭാഗവും.

ക്ഷേത്രങ്ങളിലെ ഉത്സവാഘോഷങ്ങൾക്കനുബന്ധമായും മുസ്‌ലിം വിശേഷദിവസങ്ങളിലും പള്ളി മദ്രസ സ്ഥാപനങ്ങളുടെ വാർഷികാഘോഷങ്ങൾ പ്രമാണിച്ചും പ്രാദേശികമായി സുവനീറുകളും ലഘു പ്രസിദ്ധീകരണങ്ങളും പുറത്തിറങ്ങാറുണ്ട്.

രണ്ടു പ്രമുഖ ദിനപത്രങ്ങളുടെ (മലയാളം) രണ്ടു പ്രാദേശിക പതിപ്പുകൾ നമ്മുടെ പഞ്ചായത്തിൽനിന്നും നഗരം കേന്ദ്രീകരിച്ച് പുറപ്പെടുന്നുണ്ട്. ഇത് പഞ്ചായത്തിന്റെ പ്രശ്നങ്ങൾ ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സഹായകരമാണ്.

താര തീയ്യറ്റർ, വസുമതി കലാമന്ദിർ തുടങ്ങിയ ആദ്യകാല നാടക കലാസമിതികൾ സാമൂഹ്യ പ്രസക്തമായ വിഷയങ്ങളെയും പുരാണ കഥകളെയും അടിസ്ഥാനമാക്കി ഉത്സവപറമ്പുകളിലും മറ്റും നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. പഞ്ചായത്തിലെ തന്നെ വളർന്നുവരുന്ന യുവ കലാകാരന്മാരും കലാകാരികളും ഇവരുടെ നാടകഗ്രൂപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുവന്നു. പക്ഷേ, ഇന്ന് ഇത്തരം അമേചർ നാടകഗ്രൂപ്പുകളൊന്നും തന്നെ പഞ്ചായത്തിലില്ല. പഞ്ചായത്തോടു തൊട്ടുകിടക്കുന്ന നഗരപ്രദേശത്തെ കേന്ദ്രീകരിച്ച് ഒന്നാംകിട നാടകട്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. നടനകലയുടെ ബാക്കിപത്രമെന്നോണം ചില ചെറുകിട തെരുവുനാടക ഗ്രൂപ്പുകൾ ചിലപ്പോൾ സാംസ്കാരിക പരിപാടികളോടനുബന്ധിച്ച് കലാപ്രകടനങ്ങൾ നടത്താറുണ്ട്. നാടക നൃത്ത കലകളോടാഭിമുഖ്യമുള്ള വനിതകൾ പഞ്ചായത്തിലുണ്ടെങ്കിലും അവരെ ഉയർത്തിക്കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടില്ല.

വിവിധ പേരുകളിലുള്ള നിരവധി പ്രാദേശിക കലാസമിതികളും ക്ലബുകളും പഞ്ചായത്തിൽ അങ്ങിങ്ങായി ഉണ്ടെങ്കിലും മിക്കതും ഇന്ന് നിർജീവാവസ്ഥയിലോ അല്ലെങ്കിൽ കേവലം വെറും കാരംബോർഡ്, ചീട്ടുകളി കേന്ദ്രങ്ങളോ ആയി നിലനില്ക്കുകയാണ്. കഴിവുറ്റ സംഘാടകരുടെ അഭാവമാണ് ഈ ദുരവസ്ഥയ്ക്കു കാരണം.

ചാലാട് പടന്നപ്പാലത്തിനടുത്തുള്ള ഐക്യസോദര സാഹിത്യ സമാജമാണ് എടുത്തുപറയേണ്ട ഒരു പ്രസ്ഥാനം. പ്രമുഖ സാംസ്കാരിക നേതാവ് സുകുമാർ അഴീക്കോട്, പാമ്പൻ മാധവൻ തുടങ്ങിയവർ സജീവമായി ബന്ധപ്പെട്ടിരുന്ന ഐക്യസോദര സാഹിത്യ സമാജത്തിന് അമ്പതിൽപരം വർഷങ്ങളുടെ ചരിത്ര പിൻബലമുണ്ട്. മഹാകവികളായിരുന്ന കമാരനാശാൻ, ഉള്ളൂർ എന്നിവരും പ്രമുഖ നിരൂപണ കേസിരി പ്രൊഫ. ജോസഫ് മുണ്ടശേരിയുമൊക്കെ സമാജത്തിന്റെ ആദ്യകാല വേദികളിലെത്തിയിരുന്നു. ഇപ്പോൾ ജനവിദ്യാ കേന്ദ്രം, അംഗൻവാടി എന്നിവയിൽ പ്രവർത്തനം ഒതുങ്ങിനിൽക്കുന്നു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സാംസ്കാരിക കേന്ദ്രത്തിന് ലൈബ്രറി സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ വീടുകളിൽ നാല്പത് ശതമാനത്തോളം വീടുകളിൽ ടെലിവിഷൻ സൗകര്യമുണ്ട്. ടിവി സ്വന്തമായി ഇല്ലാത്ത വീടുകളിലുള്ളവരും ടിവി പരിപാടികൾ വീക്ഷിക്കുന്നുണ്ട്. പഞ്ചായത്തിലെ മൂന്ന് വായനശാലകളിൽ ടിവി ഉണ്ട്. പത്തുശതമാനം ടിവി ഉപഭോക്താക്കൾക്ക് കേബിൾ ടിവി സൗകര്യമുണ്ട്. പഞ്ചായത്തിൽ മൂന്ന് കേബിൾ ടിവി റിലേകേന്ദ്രങ്ങൾ ഉണ്ട്. രണ്ട് സിനിമാശാലകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ പൊതു കളിസ്ഥലമെന്ന് പറയാൻ ഒന്നുമില്ലെങ്കിലും ചാലാട് ധർമ്മശാസ്ത്ര ക്ഷേത്രത്തിന്റെ വിശാലമായ ഗ്രൗണ്ട് സാംസ്കാരിക പരിപാടികൾക്കും മറ്റ് പൊതു കായിക മത്സരങ്ങൾക്കും വേദിയാകാറുണ്ട്. അതുപോലെതന്നെ മറ്റ് ചെറിയ ക്ഷേത്രങ്ങളോടനുബന്ധിച്ച പരിസരങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗ്രൗണ്ടും കായിക മത്സരങ്ങൾക്ക് വേദിയാകാറുണ്ട്. കായികരംഗത്ത് ചിട്ടയോടെ ഒരു യുവതലമുറയെ വാർത്തെടുക്കാനുള്ള ശ്രമമൊന്നും പഞ്ചായത്തുതലത്തിൽ നടക്കുന്നില്ല. അതിനുള്ള പരിശീലനക്കളരിയുമില്ല. പക്ഷേ, കായികരംഗത്ത് താല്പര്യമുള്ള ചില വ്യക്തികളും നാട്ടുകാരും ചേർന്ന് രൂപം കൊടുത്ത സി.കെ. ബാലറാം മെമ്മോറിയൽ ട്രോഫിക്കുവേണ്ടിയുള്ള സെവൻസ് ഫുട്ബോൾ മത്സരം ചാലാട് വച്ച് വർഷംതോറും നടത്താറുണ്ടായിരുന്നത് കായികപ്രേമികൾക്ക് മറക്കാനാവുന്നതല്ല. പിന്നീട് ഇത് പരിഷ്കരിച്ച് ഒരു സ്വകാര്യ വയലിൽ താൽക്കാലിക സ്റ്റേഡിയം നിർമിച്ച് വളരെ ഊർജ്ജസ്വലമായി നടത്തിയിരുന്നെങ്കിലും ഇപ്പോൾ ആറുവർഷത്തിലധികമായി അതും മുടങ്ങിയിരിക്കയാണ്. സ്വകാര്യവ്യക്തികളുടെ വയലുകളും

മറ്റുമാണ് ഇപ്പോൾ കായികപ്രേമികൾക്ക് അവലംബം. കുട്ടികളുടെതായ ചില ടൂർണമെന്റുകൾ ഇവിടങ്ങളിൽ നടത്താറുണ്ട്.

മൂന്ന് ജിംനാഷ്യങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചിലത് അഖിലകേരളാടിസ്ഥാനത്തിലുള്ള മത്സരങ്ങളിൽ സജീവ സാന്നിദ്ധ്യമറിയിക്കുകയും അംഗങ്ങൾ വിജയകിരീടം നേടുകയും ചെയ്യുന്നുണ്ട്. കളരിപോലെയുള്ള പഴയകാല മെയ്യഭ്യാസങ്ങൾ അറിയുന്നവർ പഞ്ചായത്തിലുണ്ടെങ്കിലും അവയൊന്നും തന്നെ ഒരു സജീവ സംഘടനാരൂപത്തിൽ നിലനിൽക്കുന്നില്ല. കായികരംഗത്ത് സ്ത്രീ പ്രാതിനിധ്യം സ്കൂൾ നിലവാരത്തിനപ്പുറം കാണാറില്ല. കോരമ്പത്ത് നാരായണൻ, നരിയൻ കുമാരൻ എന്നിവർ അറിയപ്പെടുന്ന യോഗാദ്ധ്യാപകരാണ്. രണ്ട് യോഗപരിശീലനകേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ശ്രീ പോത്തേരി രാഘവൻ, കനിയിൽ ഹമീദ് എന്നിവരാണ് പ്രധാന കായിക പരിശീലകർ.

### പ്രശ്നങ്ങൾ

1. ഒരു നല്ല വായനാശീലം യുവതലമുറയിൽ ഉടലെടുക്കേണ്ടതായിട്ടുണ്ട്.

2. പത്രപാരായണത്തിൽപോലും ഗൗരവമായ ഉൾക്കനം കാട്ടാതെ കേവലം സെൻസേഷനൽ ജർണലിസത്തിന്റെ അഡിക്ടുകളായി മാറിക്കൊണ്ടിരിക്കയാണ് പുതിയ വായനക്കാരിൽ ഭൂരിഭാഗവും.

3. നമ്മുടെ രാഷ്ട്രത്തെ ബാധിക്കുന്ന സമകാലിക രാഷ്ട്രീയ സാമൂഹ്യ പ്രശ്നങ്ങളെ നിസ്സംഗതയോടെ സമീപിക്കുന്ന ഒരു സാംസ്കാരിക അവബോധമാണ് ഇതിന്റെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

4. ഇലക്ട്രോണിക് മാധ്യങ്ങളുടെ മുന്നേറ്റം നമ്മുടെ സാംസ്കാരിക രംഗത്തെ സ്വന്തം വരുതിയിൽ ഒതുക്കി നിർത്താനുള്ള ശക്തി നേടിയിട്ടുണ്ട്. ലൈംഗികതയുടെ അതിപ്രസരവും അസാന്മാർഗ്ഗിക പ്രവർത്തികളുടെ ലളിതവൽക്കരണവും ഇതിന്റെ ഫലമാണ്.

5. വിവാഹചടങ്ങുകൾ, പിറന്നാൾ ആഘോഷം എന്നിവയിലെ ധൂർത്ത് കൂടിക്കൂടിവരുന്നു.

6. പൊതു കളിസ്ഥലങ്ങളില്ല.

### സാധ്യതകൾ

1. ലൈബ്രറികളുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കണം.

2. ലൈബ്രറി ഗ്രാന്റുകൾ വർധിപ്പിച്ചുകിട്ടുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തണം.

3. മികച്ച സിനിമകൾ, ക്ലാസിക്കുകൾ, മറ്റ് കലാരൂപങ്ങളെ പരിചയപ്പെടുത്തുന്ന സീരിയലുകൾ എന്നിവ ഉൾക്കൊള്ളുന്ന വീഡിയോ ക്ലബുകൾ ആരംഭിക്കണം.

4. ഫിലിം സൊസൈറ്റികൾ ആരംഭിക്കണം.

5. ഓരോ ലൈബ്രറിയും ഓരോ സാംസ്കാരിക കേന്ദ്രങ്ങളാവുകയും വായനയിൽ താല്പര്യമുള്ളവരെ കണ്ടുപിടിച്ച് ഒരു റീഡേഴ്സ് ഫോറം രൂപവൽക്കരിക്കുകയും ചെയ്യണം.

6. സർഗ്ഗവാസനകൾ കണ്ടെത്തുന്നതിന് സഹായിക്കുന്ന മത്സരങ്ങളും അരങ്ങേറ്റത്തിനുള്ള അവസരങ്ങളും ലൈബ്രറികൾവഴി ഉണ്ടാക്കണം.

7. നവരാത്രിദിനങ്ങൾ പോലുള്ള പരിപാടികൾ നഗരകേന്ദ്രങ്ങളിൽ മാത്രമായി ഒതുങ്ങിനിർത്താതെ മുഴുവൻ ജനങ്ങളേയും പങ്കെടുപ്പിക്കുന്ന തരത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉത്സവങ്ങളായി നടത്താൻ കഴിയണം.

8. സർക്കാർ ഉടമയിലുള്ളതോ സ്വകാര്യ വ്യക്തി അനുവദിക്കുന്നതോ ആയ മൈതാനങ്ങൾ ഉപയോഗിച്ച് കായികപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

9. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു വാർഷിക കലണ്ടർ തയ്യാറാക്കണം.

10. പഞ്ചായത്ത് തലത്തിൽ വർഷംതോറും കലാകായിക സാഹിത്യ മത്സരങ്ങൾ നടത്തുകയും പ്രോത്സാഹനം നൽകി ഉയർത്തിക്കൊണ്ടുവരികയും ചെയ്യണം.

11. സംഗീതം, ചിത്രമെഴുത്ത് എന്നിവയ്ക്കുവേണ്ടി ഒരു ഫൈൻ ആർട്സ് സ്കൂൾ സ്ഥാപിക്കുന്നകാര്യം പരിശോധിക്കണം.

12. വീടുകളെ കേന്ദ്രീകരിച്ച് 'അയൽകൂട്ടങ്ങൾ' രൂപീകരിക്കുകയും അവയുടെ ആഭിമുഖ്യത്തിൽ കയ്യെഴുത്ത് മാസികകൾപോലുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യാം.

13. പൊതുപരിപാടികൾ നടത്താൻ ഉതകുന്ന തരത്തിലുള്ള ഒരു കമ്യൂണിറ്റി ഹാൾ (കല്യാണ മണ്ഡപമടക്കം) നിർമ്മിക്കണം.

14. കുട്ടികൾക്ക് നീന്തൽ പരിശീലനത്തിന് ഉപയുക്തമാക്കാൻ പഞ്ചായത്ത് ഏരിയയിൽ ജീർണ്ണിച്ചുകിടക്കുന്ന കുളം ഏറ്റെടുത്ത് റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കണം.

# വനിതാക്ഷേമം

പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് വനിതാക്ഷേമത്തെക്കുറിച്ച് ആലോചിക്കുമ്പോൾ പള്ളിക്കുന്ന് പഞ്ചായത്തിലെ പഴയകാല സാമൂഹ്യപ്രവർത്തകരായ പൊക്യാരത്ത് പാറുക്കുട്ടിയമ്മ, പരേതയായ കൊടോത്ത് സുശീല അമ്മ എന്നിവർ പ്രാതഃസ്മരണീയരാണ്. തുടർന്നിങ്ങോട്ട് 6 മഹിളാസമാജങ്ങൾ നന്നായി പ്രവർത്തിച്ചുവെങ്കിലും ഇന്നു സാമ്പത്തികപരാധീനത കാരണം ഒരു സമാജവും സജീവമായി പ്രവർത്തിക്കുന്നില്ല. ഈ സമാജങ്ങൾക്കൊന്നും സ്വന്തമായി കെട്ടിടംപോലുമില്ല.

പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ (25,057)യിൽ സ്ത്രീപുരുഷാനുപാതം 1,000 ന് 1071 ആകുന്നു. ജില്ലാനുപാതം 1,000 ന് 1,049 ആണ്. സാക്ഷരതാശതമാനം പുരുഷൻമാരുടേത് 98 ശതമാനവും സ്ത്രീകളുടേത് 95 ശതമാനവും ആണ്. പള്ളിക്കുന്ന് പഞ്ചായത്തിലെ സ്ത്രീ സാക്ഷരതാശതമാനം ജില്ലാ ശരാശരിയെക്കാളും സംസ്ഥാന ശരാശരിയെക്കാളും മെച്ചമാണ്. 1991ലെ സെൻസസ് അനുസരിച്ച് 8 സ്ത്രീകൾ കൃഷി ഉടമകളാണ്. 44 സ്ത്രീകൾ കൃഷി തൊഴിലാളികളാണ്.

പഞ്ചായത്ത് അതിർത്തിയിൽ 27 ആംഗൻവാടികൾ ഉണ്ടെങ്കിലും ഐ.സി.ഡി.എസിന്റെ കീഴിൽവരുന്ന 11 ആംഗൻവാടികളാണ് കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. ഈ 11 ആംഗൻവാടികളുമായി ബന്ധപ്പെട്ട് ആകെ ഗർഭിണികൾ 48ഉം മുലയൂട്ടുന്ന അമ്മമാർ 70ഉം ആണെന്നു കാണുന്നു.

അധ്യയനരംഗത്തെ സംബന്ധിച്ച് പഞ്ചായത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നു ലഭിച്ച കണക്കുകൾ സൂചപ്പിക്കുന്നത് അധ്യാപികമാരുടെ എണ്ണം അധ്യാപകരുടേതിന്റെ ഇരട്ടിയാണെന്നാണ്.

### പ്രശ്നങ്ങൾ

1. പള്ളിക്കുന്ന് പഞ്ചായത്തിൽ കൂടുതൽ വീടുകളിലും കുടുംബഭാരം സ്ത്രീകളിലാണ്.

2. സ്ത്രീകൾക്കു ജോലിഭാരം കാരണം പൊതുരംഗത്ത് പ്രവർത്തിക്കാൻ സാധിക്കുന്നില്ല.

3. തുല്യജോലിക്ക് സ്ത്രീക്കും പുരുഷനും തുല്യവേതനം കിട്ടുന്നില്ല.

4. പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്കൂൾ ഇല്ലാത്തതുകൊണ്ട് പല പെൺകുട്ടികളും അപ്പർപ്രൈമറി ഘട്ടത്തിൽവച്ച് വിദ്യാഭ്യാസം നിർത്തുന്നു. അല്ലെങ്കിൽ വളരെ ബുദ്ധിമുട്ടി കണ്ണൂർ സിറ്റിയിലോ പയ്യാമ്പലത്തോ ഉള്ള ഗേൾസ് ഹൈസ്കൂളിലേക്കു പോകേണ്ടിവരുന്നു.

5. ആശുപത്രികളിൽ കൂടുതലും രോഗികളായി എത്തുന്നത് സ്ത്രീകളാണ്.

6. സ്ത്രീകൾക്കു സാമ്പത്തികസ്വാതന്ത്ര്യം ഇല്ല.

7. തൊഴിൽ വൈദഗ്ധ്യം (തുന്നൽ, കമ്പ്യൂട്ടർ, ടൈപ്പ്റൈറ്റിംഗ്) നേടിയ പെൺകുട്ടികളും സ്ത്രീകളും ധാരാളം ഉണ്ടെങ്കിലും അവർക്കു തൊഴിൽമേഖലയില്ല.

8. റേഷൻകടയിലും മാവേലിസ്റ്റോറുകളിലും കൂടുതലും സ്ത്രീകൾക്കാണു പോകേണ്ടിവരുന്നത്.

9. കുടിവെള്ളക്ഷാമം നേരിടുമ്പോൾ കൂടുതലും ബുദ്ധിമുട്ട് അനുഭവിക്കുന്നത് സ്ത്രീകളാണ്.

10. ആംഗൻവാടി ട്രെയിനിംഗ് കഴിഞ്ഞ പെൺകുട്ടികൾക്ക് ജോലിയില്ല.

11. സ്ത്രീകൾ പലതരത്തിലുള്ള പീഡനത്തിന് ഇരയാകുന്നു.

12. ചില സമുദായങ്ങൾ സ്ത്രീധനസമ്പ്രദായം നിലവിലുണ്ട്.

13. പുരുഷന്മാരിലുള്ള മദ്യപാനംമൂലം സ്ത്രീകൾ പലവിധത്തിലും ബുദ്ധിമുട്ടുന്നു.

14. സ്ത്രീകൾ വായനശാലയിൽ എത്തുന്നില്ല. സ്ത്രീകളിൽ ഗൗരവപൂർണമായ വായനാശീലം കുറവാണ്.

15. സ്ത്രീകൾക്ക് പ്രത്യേകമായി കളിസ്ഥലം ഇല്ല.

16. സ്ത്രീകൾക്ക് എല്ലാ മേഖലകളിലും അവഗണനയാണ്.

17. സർക്കാർ സഹായപദ്ധതികളെക്കുറിച്ചു സ്ത്രീകൾ കൂടുതലായും ബോധവതികളല്ല.

18. ഗതാഗതപ്രശ്നങ്ങൾ ഏറെ അനുഭവിക്കുന്നത് സ്ത്രീകളാണ്.

19. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ ചില സ്ഥലങ്ങളിൽ കാണപ്പെട്ടുന്നു.

### സാധ്യതകളും പരിഹാരനിർദേശങ്ങളും

1. കുടുംബകാര്യങ്ങളിൽ സ്ത്രീക്കും പുരുഷനും തുല്യ പങ്കാളിത്തം ഉറപ്പുവരുത്തണം

2. സ്ത്രീകൾക്കു മാത്രമായുള്ള തൊഴിൽസംരംഭങ്ങൾ ഏർപ്പെടുത്തുക. ഉദാ: മുല്ലകൃഷി, കൂൺകൃഷി, കോഴിവളർത്തൽ, ആടുമാടുകളെ വളർത്തൽ, പപ്പടനിർമാണം, അച്ചാറുകൾ.

3. സ്ത്രീകൾക്കായി സഹകരണാടിസ്ഥാനത്തിൽ മെഴുകുതിരി, ചെരിപ്പ്, റബർബാൻഡ്, ബാഗ്, കുട,

ബിഗ്ഷോപ്പർ എന്നിവ നിർമിക്കാനുള്ള യൂണിറ്റ്, വനിതാപ്രസ്, ഗാർമെന്റ്സ് എന്നിവ ഉണ്ടാക്കുക.

4. സ്ത്രീകൾക്ക് പ്രത്യേകമായി വായനശാല വേണം. കൂടെ സഞ്ചരിക്കുന്ന ഒരു വായനശാലകൂടി വേണം.

5. സ്ത്രീകൾക്കു പ്രത്യേകമായി കളിസ്ഥലം നിർമിക്കണം.

6. എല്ലാ വാർഡുകളിലും പ്രൈമറിഹെൽത്ത് സെന്ററിന്റെ ഓരോ സബ്സെന്ററുകൾ വേണം.

7. പ്രൈമറി ഹെൽത്ത് സെന്ററിൽ നിർബന്ധമായും ഒരി ഗൈനക്കോളജിസ്റ്റ് വേണം.

8. പള്ളിക്കുന്ന് പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്കൂൾ അത്യാവശ്യമായി വേണം.

9. റേഷൻകടകളിലും മാവേലിസ്റ്റോറുകളിലും സ്ത്രീകൾ പോകേണ്ടിവരുന്നതിനാൽ റേഷൻകടയിൽതന്നെ എല്ലാ നിത്യോപയോഗസാധനങ്ങളും വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

10. കുടുംബവരുമാനം നോക്കാതെ സ്ത്രീകൾക്കു പ്രത്യേകമായി എല്ലാവിധ സബ്സിഡി ആനുകൂല്യവും അനുവദിക്കണം.

11. ശുദ്ധജല വിതരണസംവിധാനം പള്ളിക്കുന്ന് പഞ്ചായത്തിൽ എല്ലാ വാർഡിലും നടപ്പിലാക്കുക.

12. പള്ളിക്കുന്ന് പഞ്ചായത്തിൽ മദ്യപാനം പൂർണമായും നിരോധിക്കാനുള്ള പദ്ധതി നടപ്പിലാക്കണം.

13. പള്ളിക്കുന്ന് പഞ്ചായത്തിൽ നിർബന്ധമായും കുടുംബകോടതി അത്യാവശ്യമാണ്.

14. സ്ത്രീധനസമ്പ്രദായം നിർത്തലാക്കണം.

15. 27 ആംഗൻവാടികളിൽ 11 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ബാക്കിയുള്ളവയും പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

16. പള്ളിയാംമൂല ലക്ഷംവീട് കോളനിഭാഗത്തേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നടപ്പിലാക്കുക. വിദ്യാർഥിനികൾക്കു കൃത്യമായി ബസ് കയറാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ പോലീസ് സഹായം കാര്യക്ഷമമാക്കണം.

17. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുക.

18. സ്ത്രീകളെ കൂടുതലും ബോധവൽക്കരിക്കാനും മറ്റുമായി മഹിളാസമാജങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുക.

19. ഐ.ആർ.ഡി.പി. ലിസ്റ്റിൽപെടാത്ത മഹിളാസമാജങ്ങൾക്ക് സഹായങ്ങൾ അനുവദിക്കുക.



# സഹകരണം

കാർഷിക-വ്യാവസായികരംഗങ്ങളിൽ സമൂലമായ മാറ്റംവരുത്താൻ സാധിക്കുന്നതും സാമ്പത്തികമേഖലയിൽ ഒരു കുതിച്ചുചാട്ടത്തിന് പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമായ ഒരു മേഖലയാണ് സഹകരണമേഖല.

നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ ജനങ്ങൾ മുൻകൈയെടുത്ത് വളർന്നുവരാൻ തുടങ്ങിയിട്ട് 40-ഓളം വർഷക്കാലമേ ആയിട്ടുള്ളൂ. ഐക്യനാണയ സംഘമായി ആരംഭിച്ച് പിന്നീട് സൊസൈറ്റിയായും ബാങ്കായും വളർന്നുവന്ന പള്ളിക്കുന്ന് സഹകരണ ബാങ്കാണ് ഈ മേഖലയിലെ ആദ്യസംരഭം.

ഈ പഞ്ചായത്തിൽ ഒരു സഹകരണബാങ്കും അതിന്റെ ഒരു ശാഖയും ഒരു ക്ഷീരസഹകരണസംഘവും മിൽമപാൽ സംസ്ക്കരണകേന്ദ്രവും ഒരു ഹരിജൻ സൊസൈറ്റിയും ഒരു നെയ്ത്ത് സഹകരണസംഘവും ദിനേശ്ബീഡി സഹകരണസംഘത്തിന്റെ ശാഖകളും ഒരു സഹകരണ പാരലൽ കോളേജുമാണ് നിലവിലുള്ളത്. ഇതിൽ സർവ്വീസ് സഹകരണബാങ്കും ക്ഷീരവ്യവസായസംഘം ശാഖയും ദിനേശ് ബീഡി ശാഖയും പാരലൽകോളേജും സാമാന്യം ഭേദപ്പെട്ടനിലയിൽ പ്രവർത്തിക്കുന്നുണ്ട്. നെയ്ത്ത് സഹകരണസംഘവും ഹരിജൻ സഹകരണസംഘവും കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നില്ല.

### ക്രഡിറ്റ് മേഖല

ക്രഡിറ്റ് മേഖലയിൽ ചാലാട് പ്രദേശത്ത് പ്രവർത്തിക്കുന്ന പള്ളിക്കുന്ന് സർവ്വീസ് സഹകരണബാങ്കാണ് ഈ പഞ്ചായത്തിലെ പ്രധാന സ്ഥാപനം. 15 ജീവനക്കാർ നിലവിലുള്ള ഈ സ്ഥാപനത്തിന് പൊടിക്കുണ്ട് കേന്ദ്രമായി ഒരു ശാഖയും നിലവിലുണ്ട്. 1971 ജൂൺ 7-ാം തീയതി പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിൽ 6,720 മെമ്പർമാരാണുള്ളത്. ഇതിന്റെ അംഗീകൃത മൂലധനം 1,01,00,000 രൂപയും ഇതിൽ പിരിഞ്ഞുകിട്ടിയത് 7,75,693 രൂപയുമാണ്. ഇതിൽ സർക്കാരിന്റെ ഓഹരിമൂലധനം 30,500 രൂപയുമാണ്.

### നിക്ഷേപങ്ങൾ

| | | |
|---|---|---|
| സ്ഥിരനിക്ഷേപം | - | 2,19,40,899 രൂ |
| ഹ്രസ്വകാലനിക്ഷേപം | - | 1,12,13,970 രൂ |
| വായ്പകൾ | | |
| കാർഷികവായ്പകൾ (കിണർ, പമ്പ്സെറ്റ്, തെങ്ങിന് വളം ചേർക്കൽ) | - | 45,000 |
| ഐ.ആർ.ഡി.പി. വായ്പ | - | 77,358 രൂ. |
| ഗോൾഡ് ലോൺ വായ്പ | - | 3,16,04,715 |
| വീട് നിർമ്മാണം, റിപ്പയർ വായ്പ | - | 24,71,490 |
| മറ്റ് വായ്പകൾ (ഉപഭോക്തൃ ആവശ്യങ്ങൾക്ക്) | - | 22,37,840 |

ഈ ബാങ്കിന്റെ വീഴിൽ ഒരു കൺസ്യൂമർ സ്റ്റോറും ഒരു വളം ഡിപ്പോയും മോശമല്ലാത്തരീതിയിൽ പ്രവർച്ചുവരുന്നുണ്ട്.

### വ്യവസായ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നെയ്ത്ത് സഹകരണ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.

ക്ഷീരസഹകരണസംഘത്തിന്റെ കറവ് കേന്ദ്രങ്ങൾ 6 വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ട്.

ദിനേശ്ബീഡി സഹകരണസംഘം സാമാന്യം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും പുകവലിക്കാരുടെ എണ്ണം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ അതിന്റെ വികസനത്തിന് പരിമിതികളുണ്ട്.

### ഉപഭോക്തൃ സഹകരണ സംഘങ്ങൾ

ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് ഈ പഞ്ചായത്തിൽ വിപുലമായ സാധ്യതകൾ ഉണ്ടെങ്കിലും അത് വിനിയോഗിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല.

### സ്കൂൾ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ വിവിധ സ്കൂളുകളിൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. പുസ്തക വിതരണത്തിൽ മാത്രമാണ് സ്കൂൾസംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നത്.

### പ്രശ്നങ്ങൾ

#### ക്രഡിറ്റ് മേഖല

1. വായ്പകൾ യഥാസമയം തിരിച്ച് കിട്ടാത്തത് ബാങ്കിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നുണ്ട്.

2. കാർഷികമേഖലയിൽ വായ്പകൾ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം കർഷകർക്ക് വായ്പ വിനിയോഗിക്കുവാൻ കഴിയുന്നില്ല.

3. വളം വിതരണം, കാർഷികോല്പന്നങ്ങളുടെ സംഭരണം, വിതരണം എന്നിവ ഏറ്റെടുത്ത് നടത്തുവാൻ ബാങ്കിന് പ്രത്യേക സംവിധാനങ്ങൾ ഒന്നുമില്ല.

### സാധ്യതകൾ, നിർദേശങ്ങൾ

1. കർഷകന് ദീർഘകാല കാർഷികവായ്പ അനുവദിച്ച് കൊടുക്കുന്നതിനുവേണ്ടി ജില്ലാബാങ്കിൽനിന്നും ദീർഘകാല വായ്പ ആയോ ഓഹരിമൂലധനമായോ നേരിയ പലിശ നിരക്കിലോ വായ്പകൾ അനുവദിക്ക

പ്പെടണം.

2. പഞ്ചായത്തിലുള്ള മുഴുവൻ കർഷകരേയും അംഗങ്ങളാക്കി ബാങ്കിന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കണം.

3. നിക്ഷേപസമാഹരണം നടത്തി ബാങ്കിന്റെ ധനശേഷി വർദ്ധിപ്പിച്ച് കാർഷികവായ്പ കൺസ്യൂമർ വായ്പ, ഭവന നിർമ്മാണ വായ്പ എന്നിവ ലഭ്യമാക്കണം.

4. കർഷകരെ സംബന്ധിച്ചുള്ള വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുകയും ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ വായ്പ വർഷാരംഭത്തിന് മുമ്പ് തന്നെ പാസ്സാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കണം.

5. കർഷകർക്ക് ആവശ്യമായ വിത്ത്, വളം, കാലിത്തീറ്റ, കാർഷിക ഉപകരണങ്ങൾ എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

6. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി, ആവശ്യം കണക്കിലെടുത്ത് ഉയർത്തണം. പലിശനിരക്ക് കുറയ്ക്കണം.

7. ആൾ ജാമ്യം ഇല്ലാതെ കർഷകരുടെ സ്വന്തം ഉത്തരവാദിത്തത്തിൽ വായ്പകൾ ചുരുങ്ങിയ പലിശനിരക്കിൽ ലഭ്യമാക്കണം.

8. സർക്കാരിൽനിന്നും ലഭിക്കുന്ന സബ്സിഡികളും പലിശ സബ്സിഡികളും യഥാസമയം വായ്പക്കാർക്ക് എത്തിക്കണം.

9. തളാപ്പിലും പള്ളിയാംമൂലയിലും ഓരോ ശാഖകൾ തുറക്കുന്നതിന് ആവശ്യമായ നടപടികൾക്ക് തുടക്കംകുറിക്കണം.

10. കൊപ്രാ സംഭരണത്തിന് ബാങ്കിൽ സ്ഥിരം പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

11. വായ്പാ മേളകൾ നടത്തി പ്രവർത്തനം ജനകീയവൽക്കരിക്കണം.

### വ്യവസായ മേഖല

1. പഞ്ചായത്തിൽ ക്ഷീരവ്യവസായ സഹകരണ സംഘം നിലവിലില്ല.

2. ക്ഷീര വ്യവസായ സഹകരണ സംഘം ശാഖയുടെ കറവ് കേന്ദ്രങ്ങളിൽ നിന്നായി ശരാശരി 500 ലിറ്റർ പാൽ മാത്രമാണ് ലഭ്യമാവുന്നത്.

3. മൂലധനത്തിന്റെ അപര്യാപ്തതയും വിദഗ്ദതൊഴിലാളികളുടെ അഭാവവും കൈത്തറി മേഖലയെ അലട്ടുന്നു.

4. പുകവലിക്കാരുടെ എണ്ണത്തിൽ വരുന്ന കുറവ് ബീഡി വ്യവസായത്തെ ബാധിക്കുന്നു.

### സാധ്യതകൾ

1. ക്ഷീരസഹകരണസംഘം രൂപീകരിച്ച് നല്ലയിനം കറവ്മാടുകളെ സംഘങ്ങൾവഴി കൃഷിക്കാർക്ക് ലഭ്യമാക്കണം.

2. മിൽമയുടെ സംഭരണവും സംസ്ക്കരണ ശേഷിയും വർദ്ധിപ്പിച്ച് പ്രവർത്തനം വിപുലീകരിക്കണം.

3. കാലിത്തീറ്റ വിതരണം ക്ഷീരവ്യവസായ സംഘങ്ങൾവഴി നടത്തണം.

4. കാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കണം.

5. തൊഴിലാളികൾക്ക് വിദഗ്ധപരിശീലനം ലഭ്യമാക്കണം.

### മറ്റ് മേഖലകൾ

1. ബാങ്കിന്റെ കീഴിലുള്ള കൺസ്യൂമർ സ്റ്റോർ വിപുലീകരിച്ച് നിത്യോപയോഗസാധനങ്ങളും ഗൃഹോപകരണങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ വേണം.

2. പുതിയ കൺസ്യൂമർ സഹകരണ സംഘങ്ങൾ രൂപീകരിക്കണം. ഡോർ-ടു-ഡോർ ഡെലിവറി വേണം.

3. സ്കൂൾ സഹകരണ സൊസൈറ്റി രംഗത്ത് പഞ്ചായത്തിലെ മുഴുവൻ അധ്യാപകരേയും വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി ഹൈസ്കൂൾ കേന്ദ്രമാക്കി ഒരു സെൻട്രൽ സൊസൈറ്റി രൂപീകരിക്കണം. കുട്ടികൾക്ക് ആവശ്യമുള്ള പഠനോപകരണങ്ങളും യൂണിഫോറവും സൊസൈറ്റിമുഖേന വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

4. ഒരു കോഴി വളർത്തൽ സഹകരണ സംഘം രൂപീകരിക്കണം.

5. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, നോട്ട് ബുക്ക് നിർമാണം, കറിപൗഡർ നിർമ്മാണം, മറ്റു നിർമ്മാണ മേഖലകൾ എന്നിവ കേന്ദ്രീകരിച്ച് ഒരു വനിതാ സഹകരണ സംഘം ഉണ്ടാക്കണം.

6. പുഷ്പ, സസ്യ കൃഷിക്കുവേണ്ടി ഒരു സഹകരണ സംഘം രൂപീകരിക്കണം.

7. കൈത്തറി മേഖല വിപുലീകരിക്കുകയും ഒരു കൈത്തറി ഷോറും ആരംഭിക്കുകയും വേണം.

8. ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

9. കെട്ടിടനിർമാണവുമായി ബന്ധപ്പെട്ട വിവിധ വിഭാഗം തൊഴിലാളികളേയും വിദഗ്ധരേയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

10. കേര വികസനത്തിന് ഒരു കോക്കനട്ട് ഗ്രോവേർഡ് സഹകരണസംഘം രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

# പട്ടികജാതി–പട്ടികവർഗ്ഗക്ഷേമം

നൂറ്റാണ്ടുകളായി അവഗണനയ്ക്കും ചൂഷണത്തിനും ഏറ്റവുമധികം വിധേയരായിക്കൊണ്ട്, സമൂഹത്തിൻെറ വളർച്ചയിൽ മറ്റു ജനവിഭാഗങ്ങൾക്കൊപ്പം എത്തിച്ചേരാൻ സാധിക്കാതെ ദുരിതമനുഭവിക്കുന്നവരാണ് പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെടുന്ന ജനവിഭാഗം. പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 2.5%, ഏകദേശം 143 കുടുംബങ്ങളിലായി 756 പേർ ഈ പഞ്ചായത്തിൽ താമസിക്കുന്നു. അതിൽ 92–93 വർഷത്തെ ഐ. ആർ. ഡി. പി. കുടുംബ സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെ 24 കുടുംബങ്ങളാണുള്ളത്. പള്ളിയാംമൂല ലക്ഷംവീടു കോളനിയിൽ 64 കുടുംബങ്ങളും പൊടിക്കുണ്ട് ലക്ഷംവീടു കോളനിയിൽ അഞ്ചു കുടുംബങ്ങളും ബാക്കി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുമായാണ് താമസിക്കുന്നത്.

ഭൂരിഭാഗം കുടുംബങ്ങളും കാർഷിക, തൊഴിലുകളിലും കുറച്ചു കുടുംബങ്ങൾ മറ്റു മേഖലകളിലും ജോലി ചെയ്യുന്നു.

പ്രാഥമിക വിദ്യാഭ്യാസം നേടിയിട്ടുള്ളവരാണ് ഭൂരിഭാഗവും. കുറച്ചുപേർ ഹൈസ്കൂൾതലം വരെ വിദ്യാഭ്യാസം സിദ്ധിച്ചവരാണ്. ബിരുദതലത്തിൽ വിദ്യാഭ്യാസം നേടിയിട്ടുള്ളവർ വളരെ കുറവാണ്. ഉന്നതബിരുദ/പ്രഫഷണൽ മേഖലയിൽ വിദ്യാഭ്യാസം നേടിയിട്ടുള്ളവർ ഇല്ലെന്നുതന്നെ പറയാം.

സാമൂഹിക സാംസ്കാരികമേഖലയിൽ മറ്റെല്ലാ ജനവിഭാഗങ്ങളുടെയും നിലവാരം പാലിക്കുന്നുണ്ട്. ആരാധനാലയങ്ങളിലും പൊതുസേവനതുറകളിലും വിവാഹം തുടങ്ങിയ ആചാരങ്ങളിലും പ്രകടമായ വിവേചനം നിലനിൽക്കുന്നില്ല. രാഷ്ട്രീയ സാമൂഹിക നേതൃസ്ഥാനങ്ങളിൽപെടുന്നവരുടെ പങ്കാളിത്തം താരതമ്യേന കുറവാണ്.

പള്ളിയാംമൂല കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടതാണെന്നു പറയാൻ സാധിക്കില്ല. കക്കൂസ്, വൈദ്യുതി കണക്ഷനുകൾ ഇല്ലാത്ത കുറച്ചു കുടുംബങ്ങൾ നിലവിലുണ്ട്. കോളനിയിൽ മഴക്കാലത്ത് വെള്ളം കെട്ടിനിന്നു മലിനീകരണവും വീടുകളുടെ സുരക്ഷിതത്വത്തിനും ഭീഷണിയുമാവാറുണ്ട്. കോളനിയിൽ കിണറുകളുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ കുടിവെള്ളക്ഷാമം നേരിടാറുണ്ട്.

പഞ്ചായത്തിൽ താമസിക്കുന്ന ഏതാനും കുടുംബങ്ങൾക്ക് സ്വന്തമായി വീടോ, സ്ഥലമോ നിലവിലില്ല. സ്ഥിരം തൊഴിലില്ലാത്ത ധാരാളം യുവതീയുവാക്കൾ പഞ്ചായത്തിലുണ്ട്.

പട്ടികജാതി/പട്ടികവർഗ ക്ഷേമത്തിനായി വിവിധ വകുപ്പുകൾ മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും അത്തരം പദ്ധതികളെക്കുറിച്ചുള്ള അജ്ഞത മൂലം എല്ലാവർക്കും പ്രസ്തുത പദ്ധതികളുടെ പ്രയോജനം കിട്ടാതെപോകുന്നു. കൂടാതെ ഒരേ സ്വഭാവമുള്ള പദ്ധതികൾ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുമ്പോൾ, ആനുകൂല്യങ്ങൾ ലഭിക്കുന്നതു കേന്ദ്രീകരിക്കുന്നത് ഒഴിവാക്കാൻ അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും തുല്യമായി ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഒറ്റ ഏജൻസി വഴി ഈ മേഖലയിൽ ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും കുടുംബവരുമാനത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഉൾപ്പെടെയുള്ള ദീർഘകാല വായ്പകൾ അനുവദിച്ചുകൊണ്ടും പട്ടികജാതിയിലുൾപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടും സ്ഥലവും ഉറപ്പുവരുത്തണം.

തൊഴിൽ മേഖലയിൽ വ്യക്തികളുടെ താൽപര്യമനുസരിച്ച് അനുയോജ്യമായ തൊഴിലിൽ സ്റ്റൈപ്പൻേറാടുകൂടി പരിശീലനം നൽകി, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള അവസരം ഒരുക്കേണ്ടതാണ്.

സൗജന്യ ട്യൂഷൻ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതോടൊപ്പം നിശ്ചിത പഠനനിലവാരമുള്ള വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും മറ്റും അനുവദിച്ച് വിദ്യാഭ്യാസ നിലവാരം ഉയർത്താവുന്നതാണ്.

പള്ളിയാംമൂല ലക്ഷംവീടു കോളനിയിൽ, കുറ്റമറ്റ രീതിയിലുള്ള അഴുക്കുചാൽ പദ്ധതി നടപ്പിലാക്കി, മഴവെള്ളം കെട്ടിനിൽക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാം. 64 കുടുംബങ്ങളിൽ എട്ടോളംപേർക്കു മാത്രമാണ് സ്വന്തമായി കക്കൂസുള്ളത്. ഓരോ കുടുംബത്തിനും പ്രത്യേകം കക്കൂസുകൾ നിർമിക്കുന്നതിനുള്ള സ്ഥല അപര്യാപ്തത കണക്കിലെടുത്ത് ഒരു പൊതു ടാങ്കും ആവശ്യമുള്ള കുടുംബങ്ങൾക്ക് ക്ലോസറ്റുകൾ ഘടിപ്പിച്ച മുറികളും നിർമ്മിച്ച് കക്കൂസ് പ്രശ്നം പരിഹരിക്കാവുന്നതാണ്.

**പ്രശ്നങ്ങൾ:**

1. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടില്ല.
2. ഹൈസ്കൂൾതലത്തിൽനിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്.
3. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി സ്ഥലമില്ല.
4. കോളനിയിൽ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത.
5. വൈദ്യുതി/കുടിവെള്ളം.
6. അനുവദിക്കുന്ന സൗകര്യങ്ങളുടെ ദുരുപയോഗം.
7. ക്ഷേമപദ്ധതികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല.

8. യുവതീ യുവാക്കളിലെ തൊഴിലില്ലായ്മ.

**സാധ്യതകൾ**

1. പള്ളിയാംമൂല ലക്ഷംവീട് കോളനിയിൽ കക്കൂസ് നിർമ്മിക്കണം.
2. ലക്ഷംവീട് കോളനിയിൽ അഴുക്കുചാൽ പദ്ധതി നടപ്പാക്കുക.
3. കുടിവെള്ളത്തിന് സ്ഥിരം സംവിധാനമുണ്ടാക്കണം.
4. പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി വിപുലീകരിക്കാവുന്നതാണ്.
5. കലാ കായികരംഗത്ത് പ്രോത്സാഹനം നൽകാവുന്നതാണ്.
6. നിർധനരായ കുടുംബങ്ങളിലെ യുവതികളുടെ വിവാഹത്തിനു ധനസഹായം നൽകുക.
7. സ്വയംതൊഴിൽ കണ്ടെത്തുന്നതിനു പരിശീലനവും വായ്പകളും (സഹായധനം ഉൾപ്പെടെ) അനുവദിക്കാവുന്നതാണ്.
8. നിർധനരായ കുടുംബങ്ങൾക്ക് സ്ഥലവും വീടും സൗജന്യമായി അനുവദിക്കാവുന്നതാണ്.
9. ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.



# വിഭവസമാഹരണം


പള്ളിക്കുന്ന് പഞ്ചായത്തിന്റെ 1995-96 സാമ്പത്തിക വർഷത്തെ വരവ് 35.37 ലക്ഷവും ചെലവ് 26.85 ലക്ഷം രൂപയുമാണ്. ഇതിൽ വരുമാനത്തിന്റെ 50% തനതു നികുതിയിനത്തിൽ നിന്നുള്ളതും 28% സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും 11% സംസ്ഥാന സർക്കാരിൽ നിന്നുള്ള നികുതിവിഹിതവുമാണ്. മുന്നൂറിലധികം വരുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് പിരിക്കുന്നുണ്ടെങ്കിലും ഇതു മൊത്തം വരുമാനത്തിന്റെ 0.23 ശതമാനം മാത്രമാണ്. പഞ്ചായത്തിന് വരുമാനം ലഭിക്കുന്ന യാതൊരു ആസ്തികളും ഇല്ല(ഷോപ്പിംഗ് കോംപ്ലക്സ്, കമ്യൂണിറ്റി ഹാൾ എന്നിവ) സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിൽ വിവിധ ഇനത്തിന്റെ തോത് താഴെ കാണിച്ചപ്രകാരമാണ്.

റോഡുകളുടെ സംരക്ഷണം-2%
പ്രത്യേക ആവശ്യങ്ങൾക്ക്-53%
ജവഹർ റോസ്ഗാർയോജന-20%
അൺടൈഡ് ഫണ്ട്-25%


പുതിയ പഞ്ചായത്ത് നിയമപ്രകാരം 0.56 ലക്ഷം രൂപ കൃഷി, ജലസേചനം എന്നീ ഇനങ്ങളിൽ ലഭിച്ചിട്ടുണ്ട്. ചെലവിനത്തിൽ പ്രധാനം പൊതുമരാമത്ത് പണികൾ ആണ്. ഭരണപരമായ (എസ്റ്റാബ്ലിഷ്മെന്റ്) ചെലവ് പരിധിക്കുള്ളിൽ തന്നെയാണ്. ഈ ഇനത്തിൽ സർക്കാർവക ഗ്രാന്റിന് അർഹതയില്ല. റോഡുപോലുള്ള മരാമത്ത് പണികൾ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് ചെയ്തുവരുന്നത്. വിവിധ ഇനങ്ങളിലുള്ള ചെലവിന്റെ തോത് താഴെ കൊടുത്തിരിക്കുന്നു.

ഭരണം(എസ്റ്റാബ്ലിഷ്മെന്റ്)-23%
പൊതുമരാമത്ത്-47%
ജലവിതരണം, ആരോഗ്യം-5%
തെരുവുവിളക്കുകൾ-3%
മറ്റുള്ളവ-21%
വിദ്യാഭ്യാസം-1%

## വരവിനങ്ങൾ




## ചെലവിനങ്ങൾ




A. വിദ്യാഭ്യാസം 1%
B. വെളിച്ചം 3%
C. ജലം, ആരോഗ്യം 5%

കെട്ടിടനികുതി. വിനോദനികുതി എന്നീ ഇനങ്ങളിൽ ബന്ധപ്പെട്ട നിയമത്തിൽ വ്യവസ്ഥ ചെയ്ത മിനിമത്തിന് മുകളിൽ നികുതി പിരിച്ചുവരുന്നുണ്ട്. വരുമാനം നൽകുന്ന ആസ്തികൾ ഒന്നും പഞ്ചായത്തിന്റെ സ്വന്തമായി ഇല്ലാത്തതിനാൽ വരുമാനവർധനവിന് നികുതി നിരക്ക് വർദ്ധിപ്പിക്കുക മാത്രമേ പോംവഴിയുള്ളൂ.

ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ രണ്ടു വാണിജ്യബാങ്കുകളും ഒരു സഹകരണബാങ്കും പ്രവർത്തിക്കുന്നു. ബാങ്കേതര ധനകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. സഹകരണബാങ്കിൽനിന്നും വായ്പ ഇനത്തിൽ നൽകപ്പെട്ട സംഖ്യയുടെ ഇനംതിരിച്ചുള്ള കണക്ക് താഴെ കാണിച്ചപ്രകാരമാണ്.

| | |
|---|---|
| കാർഷിക ആവശ്യങ്ങൾ | -0.45 ലക്ഷം |
| ഐ.ആർ.ഡി.പി. | -0.77 " |
| സ്വർണപണ്ടം പണയം | -316.04 " |
| വീടുപണി. റിപ്പേർ | -24.71 |
| സ്വകാര്യ ആവശ്യത്തിന് | - 22.37 |

കണക്കുകൾ സൂചിപ്പിക്കുന്നത് വികസനോന്മുഖ മേഖലയിൽ നൽകപ്പെട്ട വായ്പ തുലോം തുച്ഛമാണെന്നാണ്.

മറ്റുസ്ഥലങ്ങളിലെന്നപോലെ ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നിന്നും കുറേപ്പേർ വിദേശത്ത്. കൂടുതലായും ഗൾഫ് രാജ്യങ്ങളിൽ കുടിയേറിയിട്ടുണ്ട്. ഇവരിൽ നല്ലൊരു വിഭാഗം അവിദഗ്ധ തൊഴിലാളികളോ ചെറുകിട സാങ്കേതിക തൊഴിൽപരിചയം നേടിയവരോ ആണ്. കാർഷിക. വ്യാവസായിക മേഖലകളിൽ ഇവരുടെ മുതൽമുടക്കിന്റെ ഫലം ദൃശ്യമല്ല. പാർപ്പിട നിർമാണത്തിലും വാണിജ്യപ്രാധാന്യമുള്ള സ്ഥലങ്ങളിൽ ആസ്തികൾ സമ്പാദിക്കുന്നതിലുമാണ് പ്രധാനമായും മുതൽമുടക്ക്. ഗൾഫ് വരുമാനത്തിന്റെ പ്രതിഫലനം വിനോദ ഉപാധികളുടെ വർധനവിൽ മാത്രം ഒതുങ്ങിനിൽക്കുന്നു എന്നതാണ് വേദനാജനകമായ വസ്തുത.

വികസന/ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന ചുമതല ഗ്രാമ പഞ്ചായത്തുകൾക്ക് കൂടുതലായി കൈമാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വരുമാനവർധനവും ചെലവിനങ്ങളിൽ ആനുപാതികമായി ഗുണലാഭവും കണക്കിലെടുത്തുകൊണ്ടുള്ള പ്രവർത്തനം അനിവാര്യമായിരിക്കുകയാണ്. സാധ്യതകളെ ഈ പശ്ചാത്തലത്തിൽ വേണം നോക്കിക്കാണാൻ.

1. വിനോദ നികുതിയിനത്തിൽ സിനിമാശാലകൾ വെട്ടിപ്പു നടത്തുന്നത് തടയാൻ കർശന പരിശോധന ഏർപ്പെടുത്തുക.

2. നൽകുന്ന സേവനത്തിന് ആനുപാതികമായി ഫീസ് വർധിപ്പിക്കുന്ന കാര്യം പരിശോധിക്കുക.

3. സർവീസ് ടാക്സ് ഇനത്തിൽ പുതിയ ഇനങ്ങൾക്കുള്ള സാധ്യത ആരായുക.

4. വരുമാനം നൽകുന്ന ആസ്തികൾ സ്വന്തമാക്കുക.


5. ഗുണലബ്ദിയുടെ വ്യാപ്തിക്ക് അനുസൃതമായി പഞ്ചായത്ത് നൽകുന്ന സാമ്പത്തിക സഹായം പരിമിതപ്പെടുത്തുക.


6. വികസനപ്രവർത്തനങ്ങളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുക. മരാമത്ത് ജോലികൾക്ക് ഗുണഭോക്താക്കളുടെ വക ശ്രമദാനം ഉറപ്പാക്കുകയും പണികരാർ കൊടുക്കുന്നതുമൂലമുള്ള അധികച്ചെലവും ഗുണമേന്മയില്ലായ്മയും തടയുകയും ചെയ്യുക.

7. റോഡുപണിയുടെ കാര്യത്തിൽ മഴക്കാലത്തിനു ശേഷം നടത്തേണ്ട ജോലികൾ. ഉദാഹരണത്തിന് ഓടകളിൽ അടിഞ്ഞ മണ്ണ് നീക്കം ചെയ്യൽ. ചെറിയ കുഴികൾ, ചാലുകൾ എന്നിവ മണ്ണിട്ട് നന്നാക്കൽ എന്നിവ പ്രാദേശിക വികസന സമിതികളുടെയോ സന്നദ്ധ സംഘടനകളുടെയോ ചുമതലയിൽ ഏൽപ്പിക്കുക.

8. ഗൾഫ് വരുമാനം വികസനമേഖലകളിൽ ചെലവഴിക്കുന്നതിന് പ്രേരിപ്പിക്കുക.

പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്
വരവ് ചിലവ് പുരോഗതി സൂചിപ്പിക്കുന്ന ചാർട്ട്







രാഷ്ട്രദീപിക പ്രസ് കണ്ണൂർ-4


## ജനകീയാസൂത്രണ പദ്ധതി

# പുഴാതി ഗ്രാമ പഞ്ചായത്ത്



# വികസന രേഖ


# കേരളം






# ജനകീയ ആസൂത്രണ പദ്ധതി

## പുഴാതി ഗ്രാമ പഞ്ചായത്ത്




# വികസനസെമിനാർ '96

ഡിസംബർ 1 ഞായറാഴ്ച

**ഗവ: ഹൈ സ്കൂൾ, പുഴാതി**

# പുഴാതി ഗ്രാമ പഞ്ചായത്ത്

## ഭരണ സമിതി അംഗങ്ങൾ -1996-2000

| | | |
|---|---|---|
| 1. ശ്രീമതി കെ. പ്രേമജ | - | (പ്രസിഡണ്ട്) |
| 2. ജ: ടി. കെ. മൊയ്തീൻ കുഞ്ഞി | - | (വൈസ് പ്രസിഡണ്ട്) |
| 3. ശ്രീ. കക്കിരിച്ചാൽ രവീന്ദ്രൻ | - | (സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ) |
| 4. ശ്രീമതി കെ. ദാക്ഷായണി | - | മെമ്പർ |
| 5. ശ്രീ.എം. സോമൻ | - | " |
| 6. ശ്രീമതി എൻ.പി കനകവല്ലി | - | " |
| 7. ജ. കുണ്ടുവള്ളപ്പിൽ മൊയ്തീൻ | - | " |
| 8. ജനാബ് എം .ഹുസൈൻകുഞ്ഞ് | - | " |
| 9. ശ്രീ. സി. ജയചന്ദ്രൻ | - | " |
| 10. ശ്രീമതി .എ. പ്രസന്ന | - | " |
| 11. ശ്രീ സി. രാധാകൃഷ്ണൻ | - | " |
| 12. ജ: പി.ബീരാൻകുട്ടി | - | " |

# വിഷയവിവരം

ആമുഖം.......7

ചരിത്രം.......11

ഭൂപ്രകൃതി: ജനപ്രകൃതി.......12

സാമൂഹിക സാമ്പത്തിക മേഖലകൾ

1. കൃഷി, ജലസേചനം.......13
2. മൃഗസംരക്ഷണവും മൽസ്യബന്ധനവും.......19
3. വിദ്യാഭ്യാസം.......21
4. കുടിവെള്ളവും പൊതുജനാരോഗ്യവും.......25
5. വ്യവസായം.......29
6. ഗതാഗതവും , ഊർജ്ജവും.......31
7. പാർപ്പിടവും, സാമൂഹ്യക്ഷേമവും.......35
8. സംസ്കാരം.......38
9. വനിത.......43
10. സഹകരണ മേഖല.......46
11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം.......47
12. വിഭവസമാഹരണം.......50

# ആമുഖം

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം പല വികസന പദ്ധതികളും ഇവിടെ നടപ്പാക്കിയിട്ടുണ്ടെങ്കിലും ജനപങ്കാളിത്തത്തിന്റെ കുറവു കാരണവും ഉദ്യോഗസ്ഥ മേധാവിത്വം കൊണ്ടും പരിപാടികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുന്നതിനും യാതൊരു മാനദണ്ഡ മില്ലാത്തതുകൊണ്ടും കേരളത്തെ സംബന്ധിച്ചിടത്തോളം സേവന തുറകളിൽ ശ്ലാഘനീയമായ മുന്നേറ്റങ്ങളുണ്ടായെങ്കിലും കൃഷി വ്യാവസായിക മേഖലകളിൽ വളരെ പിന്നോക്കാവസ്ഥയിലാണ്.

73, 74 ഭരണഘടനാ ഭേദഗതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇന്ത്യൻ ഭരണ ക്രമത്തിന്റെ അവിഭാജ്യ ഘടകങ്ങളായി മാറ്റിയിരിക്കുന്നു. എല്ലാ വോട്ടർമാർക്കും നേരിട്ടു പങ്കാളിത്തമുള്ള ഗ്രാമസഭകളും, സമയപരിധിവെച്ചു തെരഞ്ഞെടുക്കുന്ന ഭരണസമിതികളും അതിൽ മൂന്നിൽ ഒന്ന് സ്ത്രീകൾക്ക് സംവരണവും പട്ടികജാതി പട്ടികവർഗ്ഗം കൂടുതലുള്ള ഗ്രാമങ്ങളിൽ അവർക്ക് സംവരണവും ഈ ഭേദഗതിമൂലം ഉണ്ടായതാണ്.

ഈ പരിതഃസ്ഥിതിയിലാണ് സന്നദ്ധപ്രവർത്തകരേയും, വിദഗ്ദ്ധരേയും, ഉദ്യോഗസ്ഥരേയും കോർത്തിണക്കിക്കൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനം രൂപംകൊണ്ടതും അതിന്റെ വെളിച്ചത്തിൽ 9-ാം പദ്ധതിയെ നാം സമീപിക്കുന്നതും വലിയ തോതിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ടാണ് 9-ാം പദ്ധതിയുടെ 35-40 ശതമാനം പദ്ധതികൾ പഞ്ചായത്തുകളിൽ ആസൂത്രണം ചെയ്യുവാൻ പോകുന്നത്.

ഇതിന്റെ ഭാഗമായാണ് നമ്മുടെ പഞ്ചായത്തിലും പ്രവർത്തനങ്ങൾ നടന്നത്. സന്നദ്ധ പ്രവർത്തകൻമാർ എണ്ണത്തിൽ കുറവായിരുന്നെങ്കിലും ഇതിൽ ആദ്യന്തം ഭാഗഭാക്കായ ഏതാനും പേരുടെ ആത്മാർത്ഥമായ പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ പഞ്ചായത്തിലും പ്രവർത്തനം പൂർത്തിയാക്കുവാൻ സാധിച്ചു. സന്നദ്ധ പ്രവർത്തകൻമാരുടെ ഏകദേശം ഒരു മാസത്തോളം നീണ്ടുനിന്ന കഠിനാദ്ധ്വാനത്തിന്റെ ഫലമായാണ് ഇത് പൂർത്തിയാക്കുവാൻ സാധിച്ചത്. ചിലവ് കണക്കാക്കിയാൽ ഒരു വലിയ തുക വേണ്ടി വരുന്നിടത്ത് കുറഞ്ഞ സംഖ്യ ചിലവാക്കി ഇത് സാധിച്ചത് ഈ പുത്തൻ സംരംഭത്തിന്റെ വിജയമാണ്. 1996 സപ്തംബർ 12 ന് ആരംഭിച്ച ഗ്രാമസഭകൾ '96 ഒക്ടോബർ 13 ന് പൂർത്തിയായി. 1000 ഓളം പേർ നമ്മുടെ ഗ്രാമസഭകളിൽ പങ്കെടുത്തിട്ടുണ്ട്. ചർച്ചകളിൽ നിരവധി പ്രശ്നങ്ങളും, നിർദ്ദേശങ്ങളും ഉയർന്നുവന്നു. ഇതോടൊപ്പം ശേഖരിക്കപ്പെടുവാൻ കഴിഞ്ഞ ദ്വിതീയ വിവരങ്ങളും വിഭവ ഭൂപട നിർമ്മാണത്തിൽ നിന്ന് ലഭിക്കുന്ന വസ്തുതകളും അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടാണ്. നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്.

## പുഴാതി പഞ്ചായത്തു പൊതുവിവരങ്ങൾ

| | | |
|---|---|---|
| 1. പഞ്ചായത്തിന്റെ പേര് | : | പുഴാതി ഗ്രാമ പഞ്ചായത്ത് |
| 2 അതുൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര് | : | പുഴാതി |
| 3. ബ്ലോക്ക്, പഞ്ചായത്ത് ഡിവിഷൻ | : | കൊറ്റാളി, കക്കാട് |
| 4. ബ്ലോക്ക് പഞ്ചായത്ത് | : | കണ്ണൂർ |
| 5. താലൂക്ക് | : | കണ്ണൂര് |
| 6. ജില്ല | : | കണ്ണൂര് |
| 7. അസംബ്ലി മണ്ഡലം | : | കണ്ണൂര് |
| 8. വിസ്തീർണ്ണം | : | 9 . 17 ചതുരശ്ര കി. മീറ്റർ |
| 9. ജനസംഖ്യ | : | 30616 (പുരുഷൻമാർ : 15559<br>സ്ത്രീകൾ : 15057) |
| 10. വാർഡുകളുടെ എണ്ണം | : | 12 |
| 11. പ്രസിഡണ്ടിന്റെ പേര് | : | കെ. പ്രേമജ |
| 12. വൈസ് പ്രസിഡണ്ടിന്റെ പേര് | : | ടി. കെ. മൊയ്തീൻകുഞ്ഞി |
| 13. സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | : | കക്കിരിച്ചാൽ രവീന്ദ്രൻ |

# ഭരണപരമായ ചരിത്രം

## 1953 മുതൽ 62 വരെ പള്ളിക്കുന്നും- പുഴാതിയും കൂടിയുള്ള പുഴാതി പഞ്ചായത്ത്

### ഭാരവാഹികൾ:

1. എം.കെ കിട്ടുണ്ണി (പ്രസിഡണ്ട്)
2. ടി.സി. ജനാർദ്ദനൻ
3. സി.പി. ചന്തു
4. എൻ.പി കുഞ്ഞിരാമൻ
5. കുണ്ടുവളപ്പിൽ മമ്മു
6. കുമാരൻ റൈറ്റർ
7. ഇടച്ചേരിയൻ ചിണ്ടൻ
8. എ.എം. ഭരതൻ
9. കെ.സി ഗോവിന്ദൻ

1962ൽ പുഴാതി പഞ്ചായത്തിൽ നിന്നും പള്ളിക്കുന്ന് വിഭജിച്ചു പുഴാതി, പള്ളിക്കുന്ന് എന്നീ പഞ്ചായത്തുകൾ രൂപം കൊണ്ടു

1962 - 63ൽ പുഴാതി പഞ്ചായത്ത് ഇൻസ്പെക്ടരുടെ ഭരണത്തിൻ കീഴിലായിരുന്നു. 1963 ൽ പഞ്ചായത്തിലെ പ്രബല രാഷ്ട്രീയ കക്ഷികളായ കോൺഗ്രസ്, കമ്മ്യൂണിസ്ററ്, മുസ്ലിം ലീഗ് എന്നീ കക്ഷികൾ ചേർന്നു തിരഞ്ഞെടുപ്പ് ഒഴിവാക്കുന്നതിനുവേണ്ടി ഡിവിക്ക് ഫ്രൻറ് എന്ന പേരിൽ ഒരു പൊതു വേദി രൂപീകരിക്കുകയും പഞ്ചായത്തിൻെറ ഭരണം ഏറ്റെടുക്കുകയും ചെയ്തു. തിരഞ്ഞെടുപ്പ് ഒഴിവാക്കി ഭരണസമിതി രൂപീകരിച്ചതിന്നു ഗവർമ്മെണ്ടിൽ നിന്നും സ്പെഷൽ ഗ്രാൻറായി 5000 രൂപ കിട്ടുകയും ചെയ്തു.

### 1963 മുതൽ 1979 വരെയുള്ള ഭാരവാഹികൾ:

1. സി.കെ. അനന്തൻ (പ്രസിഡണ്ട്)
2. വി. പി. നാരായണൻ (വൈസ് പ്രസിഡണ്ട്)
3. ടി. കെ മൊയ്തീൻ കുഞ്ഞി (വി.പി നാരായണൻെറ ദേഹ വിയോഗത്തിനുശേഷം വൈസ് പ്രസിഡണ്ട്)
4. അഞ്ചാംകുടി ഗോവിന്ദൻ
5. കെ.ടി കുമാരൻ (എക്സ് എം. എൽ. എ)
6. കെ.പി ചെറിയ അബ്ദുൾ ഖാദർ
7. പി. സി അബൂബക്കർ
8. അംബുജാക്ഷി
9. സഹദേവൻ

## 1979 മുതൽ 1984 വരെയുള്ള ഭരണസമിതി:

1. കെ.പി ബാലകൃഷ്ണൻ മാസ്റ്റർ (പ്രസിഡണ്ട്)
2. കെ. പി. ചെറിയ അബ്ദുൾഖാദർ (വൈസ് പ്രസിഡണ്ട്)
3. പള്ളിയത്ത് ശ്രീധരൻ
4. കക്കിരിച്ചാൽ രവീന്ദ്രൻ
5. പി. വി. മുത്തലിബ്
6. സി. എച്ച്. പ്രഭാകരൻ
7. എ. പി. സോമൻ
8. ഇ. എം. രാധ
9. മൂളിയിൽ രാഘവൻ
10. കെ. വി. ഹമീദ്

1984 മുതൽ '88 വരെ ഉദ്യോഗസ്ഥഭരണം

## 1988 മുതൽ '95 വരെയുള്ള ഭരണസമിതി:

1. പി. റഷീദ (പസിഡണ്ട്)
2. എം. പി. ഭാസ്കരൻ (വൈസ് പ്രസിഡണ്ട്)
3. കെ. പി. ബാലകൃഷ്ണൻ മാസ്റ്റർ
4. കുണ്ടുവളപ്പിൽ മൊയ്തീൻ
5. കക്കിരിച്ചാൽ രവീന്ദ്രൻ
6. കെ.വി ഹമീദ്
7. എ. പ്രസന്ന
8. ടി. രാമകൃഷ്ണൻ
9. യു. സി. ചന്ദ്രൻ
10. പി. അച്ചുതൻ
11. ചോറൻ കൃഷ്ണൻ

## നിലവിലുള്ള അതിർത്തി:

വടക്ക് : ചിറക്കൽ, നാറാത്ത് പഞ്ചായത്തുകൾ
തെക്ക് : കണ്ണൂർ മുൻസിപ്പാലിറ്റി
കിഴക്ക് : എളയാവൂർ, ചേലോറ പഞ്ചായത്തുകൾ
പടിഞ്ഞാറ് : പള്ളിക്കുന്ന് പഞ്ചായത്തുകൾ

*******

## പഞ്ചായത്തിലെ സംസ്ഥാന ഗവൺമെൻറ് സ്ഥാപനങ്ങൾ:

1. വില്ലേജ് ഓഫീസ്
2. കൃഷിഭവൻ
3. പ്രാഥമിക ആരോഗ്യകേന്ദ്രം
4. ഗ്രാമ വികസന ഓഫീസ്
5. കുടുംബക്ഷേമ ഉപകേന്ദ്രം
6. സംയോജിത ശിശുവികസന ഓഫീസ്
7. ഐ.സി. ഡി.പി സെൻറർ
8. സെൻട്രൽ ജയിൽ (കണ്ണൂർ )
9. ഗവൺമെൻറ് പ്രസ്സ് (കണ്ണൂർ )

*******

## കേന്ദ്രഗവൺമെൻറ് സ്ഥാപനങ്ങൾ:

1. ആകാശവാണി കണ്ണൂർ
2. ദൂരദർശൻ റിലെ കേന്ദ്രം
3. കേന്ദ്ര കരിമ്പ് ഗവേഷണ കേന്ദ്രം
4. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പുഴാതി
5. പോസ്റ്റ് ഓഫീസുകൾ: പള്ളിക്കുന്ന്, കക്കാട്, കൊറ്റാളി

*******

**തദ്ദേശ സ്വയം ഭരണ സ്ഥാപനം : പുഴാതി ഗ്രാമ പഞ്ചായത്ത് ഓഫീസ്**

# ചരിത്രം

പുഴാതി ഗ്രാമം പഴയ ചിറക്കൽ താലൂക്കിലെ ഏറ്റവും വലിയ ഗ്രാമമായിരുന്നു. ഇന്നത്തെ കണ്ണൂർ മുൻസിപ്പാലിറ്റിയും, പള്ളിക്കുന്ന് പഞ്ചായത്തും ചേർന്നതായിരുന്നു പുഴാതി ഗ്രാമം. 1953 മുതലാണ് പള്ളിക്കുന്നും പുഴാതിയും ചേർന്ന് പുഴാതി പഞ്ചായത്ത് നിലവിൽ വന്നത്. അന്ന് പഞ്ചായത്ത് ഓഫീസ് പന്നേൻ പാറയിലുള്ള ലിബേർട്ടി ലോഡ്ജ് എന്ന വീടായിരുന്നു. ഒന്നാമത്തെ പ്രസിഡണ്ട് ശ്രീ.എം.കെ. കിട്ടുണ്ണി ആയിരുന്നു. അന്നു എല്ലാ വ്യാഴാഴ്ചയും പഞ്ചായത്തു പ്രസിഡണ്ട്. ആളുകൾ തമ്മിലുള്ള തർക്കങ്ങൾ കേട്ടു വിധി കൽപ്പിച്ചിരുന്നു. അതിനാൽ പിൽക്കാലത്ത് അദ്ദേഹം കിട്ടുണ്ണി മജിസ്ട്രേറ്റ് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അന്നത്തെ മെമ്പർമാർക്ക് അലവൻസോ, വേതനമോ ഉണ്ടായിരു ന്നില്ല. പഞ്ചായത്തിൻെറ വരുമാനം വളരെ തുഛ മായിരുന്നു. തിരഞ്ഞെടുപ്പ് നടത്തിയിരുന്നത് ബാലറ്റ് അടിസ്ഥാനത്തിലല്ല മറിച്ചു കൈപൊക്കി അംഗങ്ങളെ തെരഞ്ഞെടുക്കലായിരുന്നു.

ഒന്നാം ലോക മഹായുദ്ധത്തിൽ (1914-1919) പുഴാതി ഗ്രാമത്തിൽ നിന്നും 49 പേർ പങ്കെടുത്തിരുന്നു. അതിൽ ഒമ്പത് പേർ വീരമൃത്യു വരിച്ചു. ഇത് കണ്ണൂർ താലൂക്കിൻെറ ഭിത്തിയിൽ മാർബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1932-48 കാലഘട്ടത്തിൽ ഗ്രാമ പഞ്ചായത്തിൽ ധാരാളം ദേശോദ്ധാരണ യുവജന സംഘങ്ങൾ ഉണ്ടായിരുന്നു. അതിൽ ഹിന്ദുക്കളും മുസ്ലിങ്ങളും ഏകോദര സഹോദരൻമാരെ പോലെയാണ് പ്രവർത്തിച്ചു വന്നു എന്നുള്ളത് നമ്മുടെ ഗ്രാമത്തിൻെറ മുൻകാല അനുഭവങ്ങളാണ്. 1943 ൽ ചിറക്കൽ താലൂക്കിൽ കോളറ പടർന്നു പിടിച്ചപ്പോൾ ഈ സംഘടനകൾ അത് നിയന്ത്രിക്കാൻ വേണ്ടി നടത്തിയ പ്രവർത്തനം ശ്ലാഘനീയമാണ്. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം 1948 ലാണ് ഇവയിൽ ഒട്ടുമുക്കാലും നാമാവശേഷമായത്.

ദേശീയ- കർഷക ബഹുജന ട്രെയിഡ് യൂനിയൻ പ്രസ്ഥാനങ്ങളിലും സാമൂഹ്യ പ്രവർത്തനങ്ങളിലും മറ്റും പുഴാതി ഗ്രാമത്തിൽനിന്നും ധാരാളം ആളുകൾ പങ്കെ ടുത്തിരുന്നു.

നേതൃത്വപരമായ പങ്കുവഹിച്ചവരിൽ ശ്രീ. കമാൽ ഗോപാലൻ എന്ന കെ.വി. ഗോപാലൻ, ശ്രീ. ഒ. കൃഷ്ണൻ, ജ:പി. അബൂഞ്ഞി, 1942ൽ നമ്മുടെ ഗ്രാമത്തിൽ നിന്നും പ്രവർത്തനരംഗം ആന്ധ്രയിലേക്ക് മാറ്റിയ ശ്രീ.മലബാർ പി. ഗോപാലൻ, ശ്രീ.എൻ.സി. ശേഖർ (എം.പി), ശ്രീ.ടി.സി.ജനാർദ്ദനൻ, ശ്രീ. കെ.ടി. ശ്രീധരൻ (എം. എൽ. .എ )1957 വ്യവസായ മന്ത്രിയായിരുന്ന ശ്രീ.കെ.പി ഗോപാലൻ, ശ്രീമതി കൊറുമ്പാച്ചി അടുത്തകാലത്ത് ദിവംഗതനായ ജ: വി. പി.മഹമ്മൂദ് ഹാജി എന്നിവർ സ്മരണിയരാണ്

ഈ പഞ്ചായത്തിലെ മെമ്പർ ആയിരിക്കെ എം. എൽ. എ ആയ ശ്രീ.കെ.ടി. കുമാരൻ ഇപ്പോൾ നമ്മുടെ പഞ്ചായത്തിലല്ലെങ്കിലും അദ്ദേഹത്തിൻെറ ഉപദേശ നിർദ്ദേശങ്ങൾ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. കൂടാതെ നമ്മുടെ പഞ്ചായത്തിൽ നിന്നും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ഏതാനും പേർ ഇപ്പോഴും ഗ്രാമത്തിനകത്തും പുറത്തുമായി താമസിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ഭൂമിയും ചിറക്കൽ കോവിലകം, അറക്കൽ രാജകുടുംബം, മൂത്തേടത്ത് കുടുംബം വകയുമായിരുന്നു. പഞ്ചായത്തിൽ സവർണ്ണമേധാവിത്വം ഉണ്ടായിരുന്നില്ല.

1947ൽ കണ്ണൂർ സ്പിന്നിങ്ങ്മിൽ സ്ഥാപിച്ചത് മുതൽ പഞ്ചായത്ത് വ്യാവസായിക ഭൂപടത്തിലും കേന്ദ്രകരിമ്പുഗവേഷണകേന്ദ്രത്തിൻെറ ആവിർഭാവത്തോടെ നമ്മുടെ ഗ്രാമം കാർഷിക ഭൂപടത്തിലും സ്ഥാനം പിടിച്ചു.

പണ്ടുകാലത്ത് ധാരാളം കൃഷിസ്ഥലങ്ങൾ ഉണ്ടായിരുന്നതിനാൽ ഉദ്ദേശം 1950 വരെ കാർഷികോൽപ്പന്നങ്ങൾ കുടകിലേക്കും മറ്റും കൊണ്ടുപോയിരുന്നു.1959ൽ കാട്ടാമ്പള്ളി അണക്കെട്ട് വരുന്നത് വരെ കക്കാട് പുഴയിൽ നിന്നും ധാരാളം മത്സ്യം ലഭിച്ചിരുന്നു. അന്നു പുഴയിൽ നിന്നും കിട്ടുന്ന ചെമ്മീൻ ഉണക്കി അയൽ നാടുകളിൽ അയച്ചിരുന്നു.

മുൻപ് കക്കാട് ബോട്ടുജെട്ടിയിൽ നിന്നും സമീപഗ്രാമങ്ങളായിരുന്ന മയ്യിൽ, മാണിയൂർ, മുണ്ടേരി, ചേലോറ, നാറാത്ത്, കണ്ണാടിപ്പറമ്പ്, നൂഞ്ഞേരി, ചിറക്കൽ, ചേലേരി, കാട്ടാമ്പള്ളിവഴി പറശ്ശിനി, വളപട്ടണം, ശ്രീകണ്ഠാപുരം എന്നിവിടങ്ങളിലേക്കും. ജലഗതാഗതം നിലവിലുണ്ടായിരുന്നു. കൂടാതെ പാണ്ടികെട്ടി വിദൂരസ്ഥലങ്ങളിൽ നിന്ന് മരങ്ങൾ വന്നിരുന്നു.

ലക്ഷം വീട് പദ്ധതിയിൽ അനുവദിച്ച നൂറ് വീടും പൂർത്തിയാക്കിയ ഒരു പഞ്ചായത്താണ് നമ്മുടേത്. കൂടാതെ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ഹൗസിങ്ങ് സൊസൈറ്റി വക 10 കോളനികൾ നിലവിൽ വരികയും. രണ്ട് കോളനികളുടെ പ്രവർത്തനം നടന്നു കൊണ്ടിരിക്കുകയുമാണ്. അങ്ങനെ നമ്മുടെ പഞ്ചായത്ത് വികസനത്തിൻെറ പാതയിലാണ്.

# ഭൂപ്രകൃതി - ജനപ്രകൃതി

പുഴാതിപഞ്ചായത്ത് ഉയർന്ന പ്രദേശങ്ങളും താഴ്ന്ന പ്രദേശങ്ങളും വയലുകളും ഇടകലർന്നുള്ള പ്രദേശമാണ് . ഇതേ പ്രകൃതിയാണ് പല വാർഡുകളും വയലിനോട് തൊട്ട് ചരിഞ്ഞ പ്രദേശങ്ങളും പിന്നീട് സമതലങ്ങളും തുടർന്ന് ഉയർന്ന ചെരിവുകളോടും കൂടിയതാണ് മിക്ക വാർഡുകളും. മൊത്തത്തിൽ വടക്കു പടിഞ്ഞാറു നിന്ന് കിഴക്കു തെക്കു ഭാഗത്തേക്കാണ് ചെരിവ്. പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ അഞ്ചായി തരംതിരിക്കാം.

1. പുഴയോടു ചേർന്ന ചതുപ്പുനിലം
2. ചളിമണ്ണുള്ള വയൽ പ്രദേശം.
3. വയലിനോടു ചേർന്നുള്ള ചെരിവുകൾ.
4. സമതലങ്ങൾ.
5. മേൽത്തട്ടിൽ പാറയും, ചെങ്കല്ലുള്ള പ്രദേശം.

## *കാലാവസ്ഥ:*

കേരളത്തെ 13 കാർഷിക കാലാവസ്ഥാ പ്രദേശങ്ങളായി തിരിച്ചതിൽ അഞ്ചാമത്തെ വടക്കൻ ഇട നാട് കാലാവസ്ഥ പ്രദേശത്താണ് പുഴാതി ഗ്രാമ പഞ്ചാ യത്ത്. ഏറ്റവും മഴ ലഭിക്കുന്നത് ജൂൺ, ആഗസ്ത് മാസങ്ങളിലാണ്. മഴക്കാലത്ത് നീർക്കെട്ടും, മണ്ണൊ ലിപ്പും അനുഭവപ്പെടുന്നുണ്ട്. അതിനാൽ മഴ കൂടു തൽ കിട്ടുന്നുണ്ടെങ്കിലും അതുകൊണ്ടുള്ള ഗുണം അനുഭവപ്പെടുന്നില്ല. പഞ്ചായത്തിൽ മിക്ക ഭാഗങ്ങളിലും ജനവരിയോടുകൂടി വെള്ളക്ഷാമം അനുഭവപ്പെടുന്നു. ഏറ്റവും ചൂട് അനുഭവപ്പെടുന്നത് ഏപ്രിൽ, മെയ് മാസങ്ങളിലും തണുപ്പ് കൂടുതൽ അനുഭവ പ്പെടുന്നത് ജൂൺ, ജൂലായ് മാസങ്ങളിലുമാണ്.

## *സസ്യസമ്പത്ത്:*

പുഴാതി പഞ്ചായത്തിൽ തെങ്ങ്, നെല്ല്, കവുങ്ങ്, കുരുമുളക്, കശുമാവ് എന്നിവയാണ് പ്രധാന കൃഷി. അപൂർവ്വം ചില വീടുപറമ്പുകളിൽ കുടം പുളി, ജാതിക്ക, ഗ്രാമ്പ്, സപ്പോട്ട മുതലായവ കണ്ടുവരുന്നു കൃഷിഭൂമി വർഷംതോറും കുറഞ്ഞു വരികയാണ്. കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ തരിശായി കിടക്കുന്നതായും കാണുന്നു. ഇതു സസ്യസമ്പത്തിനെ ബാധിക്കുന്നു.

## *മനുഷ്യ വിഭവം:*

ജനസംഖ്യ ഈ പഞ്ചായത്തിൽ കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ ജനസംഖ്യയിൽ ഏകദേശം 200 ശതമാനത്തിലധികം വർദ്ധനവുണ്ടാകും. 1991 ലെ കാനേഷുമാരി കണക്ക് പ്രകാരം ആകെ ജനസംഖ്യ 30616 ആണ്. ഇതിൽ 15559 പുരുഷൻമാരും ബാക്കി സ്ത്രീകളുമാണ്. സ്ത്രീപുരുഷ അനുപാതം 968 : 1000 ആണ് മൊത്തം ജനസംഖ്യയിൽ 2964 പേർ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. പഞ്ചായത്തിൽ പുരുഷൻ മാരിലും സ്ത്രീകളിലും തൊഴിൽ രഹിതരായവരുടെ എണ്ണം ഒട്ടും കുറവല്ല. ഈ അവസ്ഥ പരിഹരിക്കണം.

## *സാക്ഷരത നിരക്ക്:*

പുരുഷൻമാർ : 96.02

സ്ത്രീകൾ : 88.08

**പ്രധാന കുടുംബ വരുമാനങ്ങൾ:**

മുഴുവൻ സമയവും ജോലിചെയ്യുന്നവർ : 7714

ഭാഗികമായി ചെയ്യുന്നവർ : 442

**പഞ്ചായത്തിലെ കുടുംബങ്ങൾ :**

ആകെ വാർഡ് : 12

ആകെ കുടുംബങ്ങൾ : 4506

ശരാശരി കുടുംബങ്ങൾ : 6.8

പഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണം : 4440

# കൃഷിയും ജലസേചനവും

അവലംബം: - വിഭവ ഭൂപടങ്ങൾ, സെറ്റിൽമെൻറ് റജിസ്റ്റർ, കൃഷിഭവൻ രേഖകൾ.

## കൃഷി

ദേ ശീയ പ്രസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൻെറ പങ്കാളിത്തം ഒട്ടും പിന്നിലായിരുന്നില്ല. മുമ്പു കാലത്ത് ഇതൊരു കർഷക ഗ്രാമമായിരുന്നു . വടക്ക് ചിറക്കൽ , നാറാത്ത് എന്നീ പഞ്ചായത്തുകളും തെക്ക് ഭാഗം കണ്ണൂര് മുൻസിപ്പാലിറ്റിയും പടിഞ്ഞാറ് പള്ളിക്കുന്ന് പഞ്ചായത്തും കിഴക്ക് എളയാവൂരും, ചേലോറ പഞ്ചായത്തിൻെറയും ഇടയിലായി സ്ഥിതിചെയ്യുന്നതും, പുഴയോര പ്രദേശവും, കൈപ്പാട്ടുകളും, വയലുകളും താഴ്വ രകളും, കുന്നിൻ പ്രദേശങ്ങളും, അടങ്ങിയ ഒരു ഗ്രാമ പ്രദേശമാണിത്. പുഴയോരത്ത് തെങ്ങുകളും, കവുങ്ങുകളും കര പ്രദേശത്ത് തെങ്ങും ഇടവിള കളായ കവുങ്ങ്, വാഴ,മരച്ചീനി, കുരുമുളക്, പച്ചക്കറികൾ തുടങ്ങിയവയും കുന്നിൻപ്രദേശങ്ങളിൽ കശുമാവും കൃഷിചെയ്ത് വരുന്നു. 1933ലെ കൃഷി സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക

| വിള | വിസ്തീർണ്ണം ഏക്കർ | വിസ്തീർണ്ണം ഹെക്ടർ. |
|---|---|---|
| നെല്ല് I-ാം വിള | 325.11 | 131.49 |
| നെല്ല് II-ാം വിള | 139.55 | 56.27 |
| തോട്ടം | 1390.58 | 560.17 |
| ഉറച്ച പുഞ്ചനിലം | 63.53 | 25.61 |
| അസ്ഥിര പുഞ്ച | 1.87 | 0.75 |
| ഗവ:അസ്ഥിര പുഞ്ച | 0.18 | 0.07 |
| ഗവ: വയൽ കൈവശമില്ലാത്തത് | 0.03 | 0.01 |
| നികുതി കെട്ടാത്ത ഭൂമി | 12.58 | 5.07 |
| പുറം പോക്ക് | 907.63 | 317.51 |

മുമ്പുകാലത്ത് ഇടച്ചേരി, തുളിച്ചേരി, കൊറ്റാളി എന്നീ പ്രദേശങ്ങൾ പച്ചക്കറി കൃഷിക്ക് കേൾവികേട്ട പ്രദേശങ്ങളാണ്. പഴയ കാലത്ത് ഇവിടെ കൃഷിക്കാർക്ക് സ്വന്തമായി ഭൂമിയുണ്ടായിരുന്നില്ല. 1929 ലെ മലബാർ കുടിയായ്മ നിയമവും 1959 ലെ ഭൂപരിഷ്ക്കരണ നിയമത്തോടും കൂടിയാണ് കൃഷിഭൂമി കർഷകന് സ്വന്തമായി കിട്ടിയത്. അതിന് മുമ്പ് ഭൂരിഭാഗം ഭൂമിയും ചിറക്കൽ കോവിലകം, അറക്കൽ രാജ കുടുംബം, മൂത്തേടത്ത് എന്നിവരുടെ വകയായിരുന്നു. വയലുകളും, പറമ്പുകളും, വാരം, പാട്ടം, കുഴിക്കാണം എന്നീ വ്യവസ്ഥകൾക്ക് വിധേയമായി ഏതവസരത്തിലും ജന്മിക്ക് ഒഴിപ്പിക്കുവാൻ സാധിക്കുന്നതരത്തിലായിരുന്നു. അന്ന് കൃഷിക്കാർക്കിടയിൽ ഒരുമയും പരസ്പരസഹായവും ഉണ്ടായിരുന്നു. അന്ന് പല പ്രവൃത്തികളും സന്നദ്ധ പ്രവർത്തനങ്ങൾ വഴിയായിരുന്നു ചെയ്തിരുന്നത്. അന്ന് ജൈവ വളങ്ങൾ മാത്രമാണ് ഉപയോഗിച്ചിരുന്നത്. ജോലിചെയ്യുവാൻ ധാരാളം ആളുകളെ കിട്ടിയിരുന്നതുകൊണ്ട് നല്ല വിളവുണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട് . പക്ഷെ വിളവിൻെറ സിംഹഭാഗവും വാരവും, പാട്ടവുമായി ജന്മിമാർ കൈക്കലാക്കിയിരുന്നു.

കേരളത്തെ 13 കാർഷിക കാലാവസ്ഥ മേഖലകളായി തിരിച്ചതിൽ വടക്കൻ തുളുനാടൻ മേഖലയിൽ പെടുന്ന കണ്ണൂർ ബ്ലോക്കിലാണ് പുഴാതി പഞ്ചായത്ത്. ഇവിടത്തെ കൃഷിക്കാർ മുഴുവൻ മഴയെ മാത്രം ആശ്രയിച്ചു കൃഷിചെയ്യുന്നവരാണ്. അതിനാൽ മഴക്കാലത്ത് നീർക്കെട്ടും, മറ്റുള്ള സമയത്ത് വരൾച്ചയും അനുഭവപ്പെടുന്നു. മുമ്പു കയമ, ചിറ്റേനി മുതലായ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. ഇന്ന് പകരമായി ജയ വിത്താണ് ഉപയോഗിക്കുന്നത് മുമ്പ് കീടബാധ കുറവായിരുന്നു. അന്ന് കീടബാധക്ക് വെണ്ണീർ പാറ്റലായിരുന്നു ചെയ്തിരുന്നത്. ഈ ഗ്രാമപഞ്ചായത്ത് 907.31 ഹെക്ടർ വിസ്തീർണ്ണമുണ്ട്. മൊത്തം പഞ്ചായത്തിൽ 5 ശതമാനത്തിൽ താഴെ മാത്രമെ നെൽകൃഷിയുള്ളു. 10 ശതമാനത്തോളം കയ്പ്പാട് ഉപയോഗശൂന്യമായി കിടക്കുക്യാണ്." ഇതിനുള്ള കാരണം. 1959 ൽ കാട്ടാമ്പള്ളി അണക്കെട്ട് കെട്ടിയതുകൊണ്ടും അതിന് ശേഷമുള്ള പ്രവർത്തനങ്ങൾ ചെയ്യാത്തതും കൊണ്ടാണ്. ഏകദേശം 5% വയലുകൾ തരിശായി കിടക്കുന്നു. ബാക്കിയുള്ള കരപ്രദേശത്ത് ഏകദേശം 5% കുന്നിൻ പ്രദേശം തരിശായും ബാക്കിസ്ഥലത്ത് തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക് മുതലായ ഇട വിളകളും കൃഷിചെയ്യുന്നു.

മൊത്തം ഭൂമിയുടെ ഉദ്ദേശം 25% ഉയർന്ന തലവും ഏകദേശം 25% ചെരിവും ബാക്കി സമതലവുമാണ്. ഉയർന്ന സ്ഥലത്ത് കശുമാവും, കുരുമുളക് വള്ളിയും, ചെരിഞ്ഞ സ്ഥലത്തും സമനിരപ്പിലും തെങ്ങ്, കവുങ്ങ്, പച്ചക്കറി മുതലായ ഇടവിളകളും കാണപ്പെടുന്നു.

ഉയർന്ന പ്രദേശങ്ങളിൽ ചെമ്മണ്ണും, പാറയും സമനിരപ്പിൽ ചെമ്മണ്ണും താഴ്ന്ന പ്രദേശങ്ങളിൽ ചളിമണ്ണും കാണപ്പെടുന്നു. വിളകളുടെ മേനി കുറയുവാൻ കാരണം ജലദൗർലഭ്യമാണ്. പഞ്ചായത്തിൽ കേര കർഷക സമിതിയും, പാടശേഖര സമിതിയും നിലവിലുണ്ട്. കൊറ്റാളി, ഇടച്ചേരി, തുളിച്ചേരി, കക്കാട് എന്നീ സ്ഥലങ്ങളിലുള്ള നെൽപ്പാടങ്ങൾ കൂടുതൽ കരസ്ഥലമായി മാറ്റിക്കഴിഞ്ഞു. ബാക്കിയുള്ള നെൽപ്പാടങ്ങൾ കൃഷിസ്ഥലമായി നിലനിർത്തേണ്ടതാണ്.

ഇന്നത്തെ ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ പ്രധാന വിളവുകൾ അവയുടെ ഉൽപ്പാദനം ഉൽപ്പാദനക്ഷമത താഴെ കൊടുക്കുന്നു.

പട്ടിക 2 (അവലംബം - കൃഷിഭവൻ)

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉൽപ്പാദനം | ഉൽപ്പാദന ക്ഷമത |
|---|---|---|---|
| നെല്ല് I-ാം വിള | 25 | 62,500 കി. | 2,500 കി./ ഹെക്ടർ |
| നെല്ല് II-ാം വിള | 10 | 25,000 കി. | 2500 കി. / ഹെക്ടർ |
| നെല്ല് III-ാം വിള | -- | -- | -- |
| പയർ | 10 | 7,500 കി. | 750 കി. / ഹെക്ടർ |
| പച്ചക്കറികൾ | 10 | 70,000 കി. | -- |
| തെങ്ങ് | 750 | 60,00000 | തെങ്ങ് ഒന്നിന് 40 എണ്ണം |
| വാഴ | 4 | 68,000 കി. | 16,000കി. / ഹെക്ടർ |
| മരച്ചീനി | 6 | 1,20,000 | 1,20,000 കി. / ഹെക്ടർ |
| കുരുമുളക് | 6.5 | 1950 കി. | 1കാലിന് ½ കി. |
| കശുമാവ് | 4.5 | 11813 കി. | 2625 കി. / ഹെക്ടർ |
| മാവ് | 1 | -- | -- |
| കവുങ്ങ് | 23 | 48,45,000 | കവുങ്ങ് ഒന്നിന് 200 |

പട്ടിക ഒന്നും രണ്ടും താരതമ്യപ്പെടുത്തിയാൽ 60 കൊല്ലം കൊണ്ട് കാർഷിക വിള ക്രമത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ വ്യക്തമാകും. ഒന്നാം വിള നെൽകൃഷി 131.49 ഹെക്ടറിൽനിന്ന് 25 ഹെക്ടർ ആയി കുറഞ്ഞു. രണ്ടാം വിള 56.27 ഹെക്ടറിൽനിന്ന് 10 ഹെക്ടറായി കുറഞ്ഞു. നെല്ലിൻെറ വിള വിസ്തീർണ്ണത്തിലുള്ള കുറവ് നാണ്യവിളകളുടെ വർദ്ധനവിലേക്ക് നയിച്ച തായി കാണാം. കാർഷികേതര ആവശ്യങ്ങൾക്കായി പാടങ്ങൾ നികത്തപ്പെടുന്നതായാണ് ഇത് കാണിക്കു ന്നത്. ഏകദേശം 50ശതമാനം പാടങ്ങൾ നികത്തപ്പെട്ട തായി കാണുന്നു. നെൽപ്പാടങ്ങൾ നികത്തി തെങ്ങിൻ ത്തോപ്പാക്കി മാറ്റുകയും കെട്ടിടങ്ങൾ നിർമ്മിക്കുക യും ചെയ്യുന്ന പ്രവണതയാണ് കേരളത്തിൽ കാണു ന്നതെങ്കിലും പുഴാതി പഞ്ചായത്തിലെ തെങ്ങ് കൃഷി കുറഞ്ഞുവരുന്നു.

1933 ൽ 1390.58 ഹെക്ടർ തെങ്ങ് കൃഷി യുണ്ടായിരുന്നത് ഇപ്പോൾ 750 ഹെക്ടർ മാത്രമാണെ ന്നും കൃഷിഭവൻ രേഖകൾ കാണിക്കുന്നു. ഇത് പരിശോധനാർഹമായ പ്രശ്നമാണ്. നെല്ലിൻെറ ഉൽ പ്പാദനക്ഷമത സംസ്ഥാന ശരാശരിയുടെ 125% ആണെ ന്നു കാണാം. തെങ്ങിൻെറ ഉൽപ്പാദനക്ഷമത സംസ്ഥാ ന ശരാശരിയോടൊപ്പം നിൽക്കുന്നു. ഭൂരിഭാഗം ഉടമസ്ഥരും 50 സെൻറിൽ താഴെ ഭൂമിയുള്ളവരാണ്.

## *ജലസേചനം*

വളരെ കുറഞ്ഞ ജലസേചന സൗകര്യം മാത്ര മേ പഞ്ചായത്തിൽ നിലവിലുള്ളു. ജൂൺ മുതൽ ആഗ സ്ത് മാസം വരെയുള്ളകാലവർഷത്തിലും സപ്തം ബർ, ഒക്ടോബർ, നവംബർ മാസങ്ങളിലുള്ള തുലാ വർഷ മഴയിലുള്ള വെള്ളവുമാണ് കൃഷിക്കുള്ള പ്രധാന ജലാധാരം.

കക്കാട് പുഴയിൽ പതിക്കുന്ന 3 തോടുകളും അവയുടെ കൈത്തോടുകളും ഉൾപ്പെടുന്ന ചെറു നീർത്തടങ്ങളാണ് പഞ്ചായത്തിലെ നീരൊഴുക്ക്. തോടുകളുടെ മൊത്തം നീളം ഏകദേശം 10 കിലോ മീറ്ററോളം വരും. മഴ കൂടുതൽ ലഭിക്കുന്നുണ്ടെങ്കിലും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളുടെ കുറവു കാരണം മഴവെള്ളം മുഴുവൻ തോടുകളിലൂടെ ഒഴുകി നഷ്ടപ്പെടുകയാണ്. തോടുകൾക്ക് ആകെ 3 തടയിണ ഉള്ളതിൽ രണ്ടെണ്ണം തകർന്ന നിലയിലാണ്.

കുളങ്ങളുടെയും, കിണറുകളുടെയും, തോടുകളെയും സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

പട്ടിക - 3

| തോടുകൾ | തടയിണ | ജല ലഭ്യത/സ്ഥിതി |
|---|---|---|
| 1. കൊറ്റാളി വെസ്റ്റിൽ ഇടച്ചേരി വയലിൻെറ മദ്ധ്യത്തിൽക്കൂടി കക്കാട് പുഴവരെയുള്ള തോട് | --- | ഡിസംബർ വരെ മണ്ണ് തൂർന്നു കിടക്കുന്നു |
| 2. അത്താഴക്കുന്ന് വെസ്റ്റ് എടപ്പറമ്പ് വയൽ തോട് | ---- | ഡിസംബർ വരെ |
| 3. അത്താഴക്കുന്ന് വെസ്റ്റിൽക്കൂടി ഒഴുകുന്ന തോട് | 1 | വെള്ളം കെട്ടിനിൽക്കുന്നതുകൊണ്ട് കൊതുകുശല്യം |
| 4. കുഞ്ഞിപ്പള്ളി കൊരമ്പിൻ വയൽ തോട് | --- | ഡിസംബർ വരെ |
| 5. കക്കാട് വെസ്റ്റ് ആനക്കുളം വഴി തുളിച്ചേരി വയലിലേക്കുള്ള തോട് | 1 തകർന്ന തടയിണ | ജനവരി വരെ |
| 6. കക്കാട് വെസ്റ്റ് ഐസ് ഫാക്ടറി കരിമ്പിൻ തോട്ടത്തിൽക്കൂടിയുള്ള തോട് | --- | സപ്തംബർവരെ ചെട്ടിപ്പീടിക കക്കാട് റോഡിൽതുളിച്ചേരിവയലിൽ റോഡിന് തെക്കുഭാഗം നീർക്കെട്ട് |
| 7. തുളിച്ചേരി കിഴക്കുവശത്തു കൂടി ഒഴുകുന്ന തോട് | --- | സപ്തംബർ വരെ |
| 8. ഇടച്ചേരി വയൽ തോട് | --- | സപ്തംബർ വരെ |
| 9. ചെക്കിച്ചിറ തോട് | 1 തകർന്ന തടയിണ | നവംബർ വരെ |

**കുളങ്ങൾ:**

കൊറ്റാളി വെസ്റ്റിൽ നാല് സ്വകാര്യ കുളങ്ങൾ

ഒണ്ടേൻ കുളം - ഉപയോഗപ്രദമല്ല-സ്വകാര്യ ഉടമസ്ഥത

പൂളക്കുളം - തൂളിച്ചേരി വായനശാലക്കടുത്ത്- തൂർന്ന നിലയിൽ

**കിണർ:**

പൊതു കിണറുകൾ - 31 എണ്ണം

കക്കാട് അരയാൽത്തറക്ക് സമീപം

അത്താഴക്കുന്ന്, പുല്ലൂപ്പി, പൊടിക്കുണ്ട് എന്നിവിടങ്ങളിലും കിണർ തൂർന്ന നിലയിൽ

കുഴൽകിണറുകൾ - 40 എണ്ണം

പൊതു ടാപ്പുകൾ - 82 എണ്ണം

പഴശ്ശി കനാലിൻെറ ഭാഗമായി ഈ പഞ്ചായത്തിൽക്കൂടി മെയിൻകനാലുകളും ബ്രാഞ്ച് കനാലുകളും ഒഴുകുന്നുണ്ട്. എന്നാൽ ഈ കനാലിൽ ക്കൂടി ഇതുവരെ വെള്ളം എത്തിക്കുവാൻ സാധിച്ചിട്ടില്ല.

## മണ്ണ്, ജലസംരക്ഷണം

കുന്നിൻ പ്രദേശങ്ങളെ തട്ടുകളാക്കി തിരിച്ച് അതിരുകളിൽ ധാരാളം മരങ്ങൾ വെച്ചുപിടിപ്പിച്ചും കരപറമ്പിൽ വരമ്പുമാടിയും, വയലുകൾ പല പ്രാവശ്യം ഉഴുതുമറിച്ചും പണ്ട് മണ്ണും ജലവും സംരക്ഷിച്ചിരുന്നു. ഇന്നു ഇതെല്ലാം പേരിനു മാത്രമാണ് നടക്കുന്നത്. അതിനാൽ നീർതടങ്ങൾ ഉണ്ടാക്കി മണ്ണും, ജലവും സംരക്ഷിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ നഴ്സറികൾ ഇല്ലാത്തതിനാൽ കൃഷിഭവൻ മുഖേന നടീൽ വസ്തുക്കൾ വിതരണം ചെയ്തുവരുന്നു.

## വളം ഉപയോഗം

തൊഴിലാളികളുടെ ക്ഷാമവും കൂലി വർദ്ധനയും കാരണം പച്ചില വളങ്ങൾ ശേഖരിക്കാൻ പ്രയാസം നേരിടുന്നുണ്ട്. മറ്റു ജൈവവളങ്ങളും കിട്ടുവാൻ പ്രയാസമായതു കാരണം രാസ വളങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ഭാഗങ്ങളിൽ മണ്ണിൻെറ ഘടനയിൽ മാറ്റംവന്നു ഉൽപ്പാദനക്ഷമത കുറഞ്ഞു വരുന്നുണ്ട്. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്തുന്നതിന് മണ്ണു പരിശോധന റിപ്പോർട്ട് കിട്ടേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ പുഴാതി സഹകരണ ബേങ്ക് മുഖേന വിതരണം ചെയ്ത വളത്തിൻെറ കണക്ക് താഴെ ചേർക്കുന്നു.

പട്ടിക - 4

| കൊല്ലം | തൂക്കം |
|---|---|
| 1993-'94 | 40 ടൺ |
| 1994-'95 | 38 ടൺ |
| 1995-'96 | 36 ടൺ |

രാസ വള ഉപയോഗം കുറച്ച് ജൈവ വളങ്ങൾ കൂടുതലായി ഉപയോഗിച്ചാൽ മാത്രമേ മണ്ണു സംരക്ഷിക്കാനും തദ്വാരാ വിളവു വർദ്ധിപ്പിക്കാനും കഴിയുകയുള്ളു.

## കാർഷിക രോഗങ്ങൾ

തെങ്ങിന് തണ്ടുതുരപ്പൻ കീടശല്യവും, കൂമ്പുചീയലും, കറവാർച്ചയും, മഞ്ഞളിപ്പും നെല്ലിന് ഇലചുരുട്ടി രോഗവും തണ്ടുതുരപ്പൻ ശല്യവും വാഴക്ക് കൂമ്പടയൽ രോഗവും കുരുമുളകിന് ദ്രുതവാട്ടവും കവുങ്ങിന് മഹാളിരോഗവും കശുമാവിന് ഇല ഉണക്കവും കറവാർന്നു പോകുന്ന രോഗവും കണ്ടുവരുന്നു.

പരിസരത്തിന് ഹാനികരമല്ലാത്ത കീടനാശിനികൾ വ്യാപകമാക്കി രോഗങ്ങൾ തടയേണ്ടതാണ്.

## കൃഷിഭവൻ

പഞ്ചായത്തിൻെറ ഏകദേശം മദ്ധ്യഭാഗത്തായി പുലിമുക്കിൽ കൃഷിഭവൻ സ്ഥിതിചെയ്യുന്നു. ഇവിടെ ഒരു കൃഷി ആപ്പീസറും ഒരു കൃഷി അസിസ്റ്റൻറും പ്രവൃത്തി ചെയ്യുന്നു. കൃഷിഭവൻ സ്റ്റാഫിൻെറ സേവനം പൂർണ്ണമായി കൃഷിക്കാർക്ക് ലഭിക്കത്തക്കവണ്ണം ക്രമീകരിക്കേണ്ടതുണ്ട്.

## പാടശേഖര സമിതി

ഈ പഞ്ചായത്തിൽ പാടശേഖര സമിതിയുണ്ട്.

## കേര കർഷക സമിതി

ഈ പഞ്ചായത്തിൽ കേര കർഷക സമിതികളുണ്ട്.

## കാർഷികോപകരണങ്ങൾ

കൃഷിഭവൻ വഴി കാർഷികോപകരണങ്ങൾ വിതരണംചെയ്തു വരുന്നുണ്ട്.

## ദുരിതാശ്വാസ വിതരണം

വിളനാശം സംഭവിച്ച 29 കർഷകർക്ക് 94-95 ൽ സഹായധനമായി 4683 രൂപയും 1995-96 ൽ 2 പേർക്ക് 900 രൂപയും വിതരണംചെയ്തിട്ടുണ്ട്.

## കൂലി നിരക്ക് - സേവനവ്യവസ്ഥ

ഈ പഞ്ചായത്തിൽ ഏകീകരിച്ച കൂലിനിരക്ക് നിലവിലില്ല. പുരുഷൻമാർക്ക് 80 രൂപ മുതൽ 100 രൂപവരെയും സ്ത്രീകൾക്ക് 50 രൂപ മുതൽ 70 രൂപ വരെയും ഇപ്പോൾ കിട്ടുന്നുണ്ട്. ഇതിനു പുറമേ ഭക്ഷണവും ചില സ്ഥലങ്ങളിൽ നൽകിവരുന്നുണ്ട്. തേങ്ങ ഇടുന്നതിന് തെങ്ങൊന്നിന് 3 രൂപ മുതൽ 5 രൂപ വരെയാണ് കൂലി നിരക്ക്. നിലവിലുള്ള കൂലിനിരക്ക് കുറവാണെങ്കിലും ഇതുതന്നെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം താങ്ങാൻ കഴിയാത്തതാണ്.

## വിപണന സൗകര്യം

പുഴാതി സർവ്വീസ് സഹകരണ ബേങ്ക്കൊപ്ര യും കശുവണ്ടിയും സംഭരിക്കാറുണ്ടെങ്കിലും മറ്റു ഉൽപ്പാദനങ്ങൾക്ക് പഞ്ചായത്തിൽ വിപണന സൗകര്യമില്ല. അടുത്തുള്ള കണ്ണൂർ മുൻസിപ്പാലിറ്റിയെയാണ് വിപണനത്തിന് ആശ്രയിക്കുന്നത് ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടാനുതകുന്ന സഹകരണ സ്ഥാപനങ്ങളില്ല.

## വിത്ത്, വായ്പ

കൃഷിഭവൻ വഴി വിതരണം ചെയ്യുന്നതും പ്രാദേശികമായി ലഭിക്കുന്ന വിത്തുകളും ഉപയോഗിച്ചാണ് കൃഷി നടക്കുന്നത്.

കാർഷിക വായ്പക്കായി പഞ്ചായത്തിനകത്തുള്ള പുഴാതി സർവ്വീസ് സഹകരണ ബേങ്കിനെയും, പുഴാതി സ്റ്റേറ്റ് ബേങ്കിനെയും കുഞ്ഞിപ്പള്ളി നോർത്ത് മലബാർ ഗ്രാമീൺ ബേങ്കിനെയും മറ്റുമാണ് ആശ്രയിക്കുന്നത്. ഉദാരമായ വ്യവസ്ഥകളിലും, ചുരുങ്ങിയ പലിശനിരക്കിലും കാർഷിക വായ്പ ലഭ്യമാക്കേണ്ടതുണ്ട്.

### പ്രശ്നങ്ങൾ;

1. പഞ്ചായത്തിൽ തകർന്ന നിലയിലുള്ള 2 തടയിണകൾ ഉണ്ട്.
2. കാർഷികമേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. കാരണം കൂലി കുറവും, തൊഴിൽദിനങ്ങളുടെ കുറവും.
3. കൂലിയും വളത്തിന്റെ വിലയും അടിക്കടി വർദ്ധിച്ചു വരുന്നു.
4. മണ്ണ്, വേണ്ടത്ര ഫലഭൂയിഷ്ഠമല്ല.
5. കൃഷി പ്രായേണ നഷ്ടമാണ്.
6. കൃഷി മുഖ്യ തൊഴിലായിട്ടുള്ളവർ വളരെ കുറച്ചു പേർ.
7. സർക്കാർ കൃഷി അഭിവൃദ്ധിപ്പെടുത്താൻ പ്രഖ്യാപിക്കുന്ന മിക്ക പദ്ധതികളും തുടർ പ്രവർത്തനങ്ങൾ ഇല്ലാത്തതിനാൽ നിലച്ചുപോകുന്നു.
8. മണ്ണു പരിശോധനയുടെ ആവശ്യകത എല്ലാവർക്കും ബോധ്യപ്പെട്ടില്ല.
9. വിള ഇൻഷുറൻസിനെപ്പറ്റി വേണ്ടത്ര അറിവില്ല.
10. മിക്ക വാർഡുകളിലും കൃഷി ഭൂമി തരിശായി ഇടുന്നു.
11. നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക് മുതലായ വിളകൾക്ക് രോഗങ്ങൾ ഉണ്ടാകുന്നു.
12. ഉഴവ് കാളകളുടെ എണ്ണം കുറഞ്ഞുവരുന്നു.
13. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
14. കർഷകന് വളങ്ങൾ, കീടനാശിനികൾ ഇവയുടെ ശാസ്ത്രീയമായ ഉപയോഗത്തെക്കുറിച്ചു അറിവില്ല.
15. ജൈവ വളത്തിന്റെ ക്ഷാമം.
16. തോടുകൾ മണ്ണു തൂർന്നു കിടക്കുന്നു.
17. പാടശേഖര സമിതിയും, കേര കർഷക സമിതിയും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
18. പച്ചക്കറി കൃഷി കുറഞ്ഞുവരുന്നു.
19. പരമ്പരാഗത നെൽവിത്തുകൾക്ക് നാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.
20. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നില്ല.
21. വിപണനത്തിന് പഞ്ചായത്തിൽ വേണ്ടത്ര സൗകര്യങ്ങളില്ല.
22. കെട്ടിട നിർമ്മാണത്തിന് വയലുകൾ നികത്തുന്ന സ്ഥിതി .
23. ഭൂമികൾ തുണ്ടുകളാക്കി മാറ്റപ്പെടുന്നതിനാൽ കൃഷി ചെയ്യുവാൻപ്രയാസം അനുഭവപ്പെടുന്നു.
24. കൂൺകൃഷി, പൂ കൃഷി, ഔഷധ കൃഷി ഇവയെപ്പറ്റി കൃഷിക്കാർക്ക് വേണ്ടത്ര അറിവില്ല.
25. പഞ്ചായത്തിൽ അലഞ്ഞു തിരിയുന്ന കന്നുകാലി ശല്യമുണ്ട്.
26. കാട്ടാമ്പള്ളി പദ്ധതി കാർഷിക മേഖലയിലും മൽസ്യബന്ധനമേഖലയിലും പ്രശ്നങ്ങൾ ഉളവാക്കിയിട്ടുണ്ട്.

## നിർദ്ദേശങ്ങൾ:

1. തകർന്ന നിലയിലുള്ള തുളിച്ചേരി വയലിലേയും ചെക്കിച്ചിറയിലേയും വി. സി. ബി (തടയണ) പുതുക്കി പണിത് 2ഠം കൃഷിക്ക് വെള്ളം ലഭ്യമാക്കുക.

2. ഇടച്ചേരി വയലിലുള്ള തോട് അത്താഴക്കുന്നിലുള്ള തോട്, കൊരമ്പിൻ തോട്,തുളിച്ചേരി വയലിലുള്ള തോടുകൾ, ചെക്കിച്ചിറ എന്നിവയിൽ അടിഞ്ഞു കൂടിയിരിക്കുന്ന മണ്ണു നീക്കം ചെയ്ത് അരികു സംരക്ഷിച്ചു തടയണ കെട്ടിയാൽ 2ഠം വിളക്കും സമീപ പ്രദേശങ്ങളിലുള്ള കിണറുകളിലെ ജലക്ഷാമം പരിഹരിക്കാനും സാദ്ധ്യത ഉണ്ട്.

3. തുളിച്ചേരി, ഇടച്ചേരി, ചെക്കിച്ചിറ, കക്കാട്, അത്താഴക്കുന്ന്, ശാദുലിപ്പള്ളി മുതലായ വയലുകളിൽ തരിശ്ശായിക്കിടക്കുന്ന സ്ഥലത്ത് പച്ചക്കറിയും മററും കൃഷിചെയ്യാം.

4. കൊററാളി വെസ്ററിലുള്ള നാലു കുളങ്ങളും ഒണ്ടേൻ കുളവും, തുളിച്ചരിയിലെ പൂളക്കുളവും വൃത്തിയാക്കി സംരക്ഷിച്ചാൽ അതിന്നു ചുറ്റുമുള്ള പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.

5. തൊഴിൽരഹിതരായ യുവജനങ്ങളെ സംഘടിപ്പിച്ചു കാർഷികവൃത്തിയിലേക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ കാർഷിക ജോലിക്ക് ആളെ കിട്ടാത്ത പ്രശ്നം പരിഹരിക്കാം.

6. കൃഷി പ്രൈമറി തലംതൊട്ടു സ്കൂൾ സിലബസിൽ ഉൾപ്പെടുത്തിയാൽ വളരുന്ന തലമുറയെ കൃഷിയിൽ ആഭിമുഖ്യമുള്ളവരാക്കാം.

7. എല്ലാ കൃഷിസ്ഥലങ്ങളിലേയും മണ്ണു പരിശോധിച്ചു ശാസ്ത്രീയ വളപ്രയോഗത്തിന്നു സൗകര്യം ഉണ്ടാക്കണം.

8. വിള ഇൻഷൂറൻസ് എല്ലാ കാർഷിക വിളകൾക്കും ബാധകമാക്കണം.

9. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളും, വിത്തുകളും യഥാസമയം കിട്ടുവാനുള്ള സൗകര്യം ഉണ്ടാക്കണം.

10. ചെട്ടിപ്പീടിക കക്കാട് റോഡിനുള്ള കൾവേർട്ടിന്നു വീതി കൂട്ടിയാൽ തുളിച്ചേരി വയലിലെ നീർക്കെട്ട് ഒഴിവാക്കാം.

11. കാർഷിക ഉൽപ്പന്നങ്ങൾ പഞ്ചായത്തിൽതന്നെ വിൽക്കാൻ ആഴ്ച ചന്തകൾ നടത്താനുള്ള സൗകര്യം ഉണ്ടാക്കാവുന്നതാണ്.

12. വയലുകൾ നികത്തി കെട്ടിടം നിർമ്മിക്കുന്നത് നിരുൽസാഹപ്പെടുത്തിയാൽ ബാക്കിയുള്ള വയലുകളെങ്കിലും സംരക്ഷിക്കാവുന്നതാണ്.

13. പൂകൃഷി, ഔഷധ കൃഷി, തേനീച്ച കൃഷി, മൽസ്യ കൃഷി എന്നിവർക്ക് പഞ്ചായത്തിലുള്ള സാധ്യതകൾ ആരായണം.

14. കൃഷിക്ക് അനുയോജ്യമല്ലാത്ത സ്ഥലങ്ങളിലും പറമ്പിൻെറ മറ്റും അതിരുകളിൽ ശീമക്കൊന്ന പോലുള്ള വളച്ചെടികൾ വെച്ചു പിടിപ്പിച്ചാൽ ജൈവ വള ക്ഷാമം പരിഹരിക്കാൻ കഴിയും.

15. ഈർച്ചപ്പൊടി, ചകിരിച്ചോറ് മുതലായ പാഴ്വസ്തുക്കൾ ഉപയോഗിച്ചു ജൈവ വളം ഉണ്ടാക്കാൻ ശ്രമിച്ചാൽ പരിസര മലിനീകരണം തടയാനും, ജൈവ വളം ലഭ്യമാക്കാനും സാധ്യതയുണ്ട്.

16. അലഞ്ഞു തിരിയുന്ന കന്നുകാലികളെ പിടിച്ചുകെട്ടാനുള്ള സംവിധാനം ഉണ്ടാക്കണം.

17. അടുക്കളത്തോട്ടങ്ങൾക്കുള്ള സാധ്യത ആരായണം.

18. കാട്ടാമ്പള്ളി പദ്ധതികൊണ്ട് കൃഷിക്കും, മൽസ്യസമ്പത്തിന്നുമുണ്ടായ പ്രശ്നങ്ങൾ പഠന വിധേയമാക്കണം.

# മൃഗ സംരക്ഷണവും മത്സ്യബന്ധനവും

പുഴാതി പഞ്ചായത്തിൽ നെൽകൃഷി താരതമ്യേന കുറവാണ്. അതുകൊണ്ട് തന്നെ കന്നുകാലി വളർത്തലും വളരെ കുറവാണ്. പണ്ടുകാലത്ത് ധാരാളം ആളുകൾ പശുവിനെയും. ആടുകളെയും. എരുമകളെയും വളർത്തിയിരുന്നു. അന്നു ഇവയ്ക്ക് മേയാൻ ധാരാളം സ്ഥലം ഉണ്ടായിരുന്നു കക്കാട് പുഴയോട് ചേർന്നുള്ള സ്ഥലങ്ങൾ ആടുമാടുകൾക്ക് നല്ലൊരു മേച്ചിൽ സ്ഥലമായിരുന്നു. കൃഷിഭൂമി മണ്ണിട്ട് നികത്തി കെട്ടിടങ്ങൾ പണിതതും തെങ്ങ് വെച്ചു പിടിപ്പിച്ചതും ഭൂമിയുടെ തുണ്ടു വൽക്കരണവും കന്നുകാലി കൃഷിയെ സാരമായി ബാധിച്ചു.

ഇന്നു പശു വളർത്തൽ പൊതുവെ ലാഭകരമല്ല. വളരെ കുറച്ചു വീടുകളിൽ മാത്രമെ കന്നുകാലികളെ വളർത്തുന്നുള്ളൂ. തീറ്റപുൽ ക്ഷാമവും, കന്നുകാലികളുടെ വില വർദ്ധനവുമാണ് പ്രധാനപ്രശ്നം ഉൽപാദന ചിലവുമായി താരതപ്പെടുത്തുമ്പോൾ പാലിനു ലഭിക്കുന്ന വില താരതമ്യേന കുറവാണ്. സങ്കര ഇനം പശുക്കളുടെ ലഭ്യതക്കുറവും ഒരു പ്രധാന പ്രശ്നമാണ്. ഇടച്ചേരി ഭാഗത്തുള്ള പശുക്കൾ സങ്കര ഇനങ്ങളാണ്. ആകെ ഉള്ള മൃഗ സംരക്ഷണ സംവിധാനം മൃഗസംരക്ഷണ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്നു. ഐ.സി.ഡി.പി സബ്സെൻററാണ് പശുക്കൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ ചികിൽസിക്കാൻ ജില്ലാമൃഗാശുപത്രിയെ ആശ്രയിക്കേണ്ടി വരുന്നു. പശുക്കൾക്ക് പ്രധാനമായും കുളമ്പ് രോഗവും അകിടു വീക്കവുമാണ് കണ്ടു വരുന്നത്.

നമ്മുടെ പഞ്ചായത്തിൽ കണ്ണൂർ ക്ഷീരോൽപാദക സഹകരണ സംഘത്തിൻെറ നാലു കറവ കേന്ദ്രങ്ങൾ ഉണ്ടെങ്കിലും അവിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന പാല് പഞ്ചായത്തിൻെറ ഉപയോഗത്തിൻെറ പകുതിയിൽ കുറവ് മാത്രമാണ്. കൂടുതൽ ആവശ്യത്തിന്നു മറ്റു ഏജൻസികളെയും മിൽമയെയുമാണ് ആശ്രയിക്കുന്നത്. ഇടച്ചേരി കറവു കേന്ദ്രത്തിൻെറ ഭാഗമായി ഒരു കാലിതീറ്റ വിപണന കേന്ദ്രം ഉണ്ടെങ്കിലും അതിൻെറ പ്രയോജനം പഞ്ചായത്തിലെ മുഴുവൻ കന്നുകാലി കർഷകർക്കും ലഭിക്കുന്നില്ല.

ഇറച്ചി കോഴിവളർത്തൽ പൊതുവെ ലാഭകരമാണ്. ഇത്തരം യൂനിറ്റുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. അവയ്ക്ക് മാർക്കറ്റിങ്ങ് സൗകര്യം വളരെ കുറവാണ്. കോഴിതീറ്റക്കു അന്യ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. അന്യ സംസ്ഥനങ്ങളിൽ നിന്നും ഇറച്ചി കോഴികളെ കൊണ്ടുവരുന്നതിനാൽ ഈ വ്യവസായം പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണ്. കോഴി തീറ്റ ഇവിടെ തന്നെ ഉൽപാദിപ്പിച്ചു വില കുറച്ചു നൽകിയും വിപുലമായ മാർക്കറ്റിങ്ങ് സംവിധാനം ഏർപ്പെടുത്തിയും ഈ വ്യവസായത്തെ പുരോഗതിയിലേക്ക് നയിക്കാനും കൂടുതൽ പേർക്ക് തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുവാനും സാധിക്കും. കോഴിവളർത്തലിനുവേണ്ട സാങ്കേതിക പരിശീലനം നൽകുകയും ആവശ്യമുള്ള കോഴിക്കുഞ്ഞുങ്ങളെ പഞ്ചായത്തിൽ തന്നെ ഉൽപാദിപ്പിച്ചു വിതരണം ചെയ്താൽ ധാരാളം യുവതീ യുവാക്കളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാൻ കഴിയും. കോഴികൾക്ക് കണ്ടു വരുന്ന മാരകരോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി കർഷകർക്ക് നൽകേണ്ടതാണ്. മുട്ടക്കോഴിവളർത്തൽ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന ഒറ്റ യൂനിറ്റ്പോലും പഞ്ചായത്തിലില്ല. മുട്ടകൾക്ക് നമ്മൾ അന്യ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ മുട്ടകൾ ഇവിടെ തന്നെ ഉൽപാദിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾ തുടങ്ങേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിൽ തെരുവ് പട്ടികളുടെ ശല്ല്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അത് നിയന്ത്രിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വളർത്തു പട്ടികൾക്ക് ലൈസൻസ് നിർബന്ധമായും പട്ടി കടിച്ചാൽ ഉടമസ്ഥരിൽനിന്നും നഷ്ടപരിഹാരം ഈടാക്കേണ്ടതുമാണ്.

## പ്രശ്നങ്ങൾ:

1. കാലിതീറ്റ കുറഞ്ഞ വിലക്ക് ലഭ്യമാകുന്നില്ല.
2. വർദ്ധിച്ചു വരുന്ന തീറ്റപുൽ ക്ഷാമം.
3. മൃഗ സംരക്ഷണത്തിനു അനുയോജ്യമായ ഔദ്യോഗിക സംവിധാനങ്ങൾ ഇല്ല.
4. പേപ്പട്ടി ശല്യം സ്ഥിരമായി അനുഭവപ്പെടുന്നു.
5. കോഴി കുഞ്ഞുങ്ങൾക്ക് ഉൽപാദന കേന്ദ്രങ്ങളോ, കോഴിതീറ്റ നിർമ്മാണ യൂനിറ്റുകളോ ഇല്ല.
6. പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായത്ര പാലോ, മുട്ടയോ ഇവിടെ ഉൽപാദിപ്പിക്കുന്നില്ല.

## സാദ്ധ്യതകൾ :

1. തീറ്റപ്പുൽ ഉൽപാദനത്തിനു ആവശ്യമായ സംവിധാനങ്ങൾ കൃഷിഭവൻ മുഖേന ഏർപ്പെടുത്തുക.
2. കോഴകുഞ്ഞ്, കോഴിതീറ്റ ഉൽപാദന കേന്ദ്രങ്ങൾ ആരംഭിക്കുക.
3. ഇറച്ചി കോഴി, മുട്ട കോഴി ഉൽപാദന വിതരണ കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിലോ, കുടിൽ വ്യവസായത്തിൻെറ രൂപത്തിലൊ ആരംഭിക്കുക.
4. മൃഗപരിപാലനത്തിനു ആവശ്യമായ ഒരു മൃഗാശുപത്രി പഞ്ചായത്തിൽ സ്ഥാപിക്കണം.
5. ബയോഗ്യാസ് നിർമ്മാണത്തിനു ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
6. കാലിതീറ്റ കോഴിതീറ്റ ന്യായവിലക്ക് ലഭ്യമാക്കുക.
7. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെയും കറവമാടുകളെയും ലഭിക്കുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തണം.
8. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുന്നതിന് പട്ടിപിടുത്തക്കാരെ നിയോഗിക്കണം.

## മൽസ്യബന്ധനം:

പഴാതി ഗ്രാമ പഞ്ചായത്ത് അതിർത്തിയിലുള്ള പുഴകളിലും തോടുകളിലും മൽസ്യസമ്പത്ത് ധാരാളമായി ഉണ്ടായിരുന്നു. 1960 കാട്ടാമ്പള്ളി അണക്കെട്ട് നിലവിൽ വന്നതോടുകൂടി മൽസ്യ സമ്പത്ത് ഇല്ലാതാവുകയും അതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിയിരുന്ന 500 ലധികം കുടുംബങ്ങൾ മറ്റു മേഖലകളിലേക്ക് തൊഴിൽ തേടാൻ നിർബന്ധിതരാവുകയും ചെയ്തു. എങ്കിലും പുല്ലൂപ്പിപുഴയുടെ അടുത്തു കിടക്കുന്ന പ്രദേശങ്ങളിലുള്ളകുറച്ച് ആളുകൾ ഇന്നും മൽസ്യബന്ധനത്തിന് ഏർപ്പെട്ട് ഉപജീവനമാർഗ്ഗംം നടത്തിവരുന്നു. ഇപ്പോൾ ഈ മേഖലയിലെ കുറച്ചു ആളുകൾ വളപട്ടണം പുഴയിലും മറ്റും പോയി മൽസ്യം പിടിച്ചു കൊണ്ടുവരികയും ഇവിടങ്ങളിൽ വിറ്റു ഉപജീവന മാർഗം നടത്തുകയും ചെയ്യുന്നുണ്ട്.

കാട്ടാമ്പള്ളി പദ്ധതി തുടങ്ങുന്നതിനു മുമ്പ് പഞ്ചായത്തിലെ പുഴകളിലും തോടുകളിലും ചെമ്മീൻ ധാരാളമായി കിട്ടിയിരുന്നു.

## പ്രശ്നങ്ങൾ:

1. കീടനാശിനികൾ ഉപയോഗിക്കുന്നതു മൂലം തോടുകളിലെ മൽസ്യങ്ങൾ ചത്തൊടുങ്ങുന്നു.
2. മറ്റു പഞ്ചായത്തിലെ ആളുകൾ പുഴാതി ഗ്രാമ പഞ്ചായത്തിൻെറ അതിർത്തിയിലുള്ള പുഴകളിൽ നിന്നും മൽസ്യം പിടിച്ചുകൊണ്ടുപോകുന്നു.
3. വേനൽക്കാലത്ത് തോടുകൾ വരണ്ടുപോകുന്നു.

## സാദ്ധ്യതകൾ:

കക്കാട് പുല്ലൂപ്പി പുഴയോരപ്രദേശത്ത് ചെമ്മീൻ വളർത്തു കേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്.



# വിദ്യാഭ്യാസം

പഴയ ചിറക്കൽ താലൂക്കിലെ ഒരു വില്ലേജായിരുന്നു പുഴാതി. പിന്നീട് കണ്ണൂർ ആസ്ഥാനമായി കണ്ണൂർ താലൂക്ക് വന്നപ്പോൾ പുഴാതി വില്ലേജ് ഭൂപരമായി വിഭജിക്കപ്പെടുകയും പള്ളിക്കുന്ന് വില്ലേജ് പുഴാതിയിൽനിന്നും വേർപ്പെട്ടു പോവുകയും ചെയ്തു. ഇപ്പോഴത്തെ പുഴാതി ഗ്രാമത്തിൽ പുരാതനമായ ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായം നിലനിന്നിരുന്നു. അതിൽ എടുത്തു പറയത്തക്കത് ഈ ഗ്രാമത്തിൻെറ വടക്കു പടിഞ്ഞാറെ അറ്റത്ത് കണിശൻ ഗുരുക്കൾ വീട്ടുകാർ നടത്തി വരുന്ന കുടിപ്പള്ളിക്കൂടവും ഏഴാം വാർഡിലെ തൊണ്ടിയിൽ എന്ന വീട്ടുകാർ പഴയ കാലത്ത് കുട്ടികളെ മതഃപഠനത്തോടൊപ്പം എഴുത്തും വായനയും പഠിപ്പിക്കാൻ നടത്തിവരുന്ന കുടിപ്പള്ളിക്കൂടവും ആയിരുന്നു.

പുഴാതി വില്ലേജിൽനിന്നും പള്ളിക്കുന്ന് വില്ലേജായി വേർപ്പെട്ടു പോയതിനുശേഷം ഇവിടെ സവർണമേധാവിത്വം തീരെ ഉണ്ടായിരുന്നില്ല. അതിൽ ഏറ്റവും പ്രത്യക്ഷ ഉദാഹരണങ്ങളാണ് ഈ വില്ലേജിൽ സ്ഥാപിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ. പുഴാതി നോർത്ത് യു. പി. സ്കൂൾ മുണ്ടയാട് അച്ചുതൻ വൈദ്യരും, കോർജാൻ യു. പി. സ്കൂൾ ശ്രീ. കെ. സി. കോരനും, ചെങ്ങിനിപ്പടി യു. പി. സ്കൂൾ കണിശൻ ഗുരുക്കളും, വെൽഫേർ എൽ. പി. സ്കൂൾ ശ്രീ. ബാപ്പു വൈദ്യരും ആദിയായ അവർണ്ണരായിരുന്നു സ്ഥാപിച്ചിരുന്നത്. പുഴാതി ഗവ: യു. പി. സ്കൂൾ മാത്രമാണ് ഡിസ്ട്രിക്ട് ബോർഡ് സ്ഥാപിച്ച വിദ്യാലയം.

ജില്ലാ ആസ്ഥാനമായ കണ്ണൂർ പട്ടണത്തിനോട് തൊട്ടു കിടക്കുന്ന പുഴാതി പഞ്ചായത്ത് വിദ്യാഭ്യാസപരമായി വേണ്ടത്ര പുരോഗതി ഉണ്ടായതായി കാണുന്നില്ല. മുൻസിപ്പാലിറ്റിയോട് തൊട്ടുകിടക്കുന്ന പ്രദേശങ്ങളിൽ അൽപ്പം മെച്ചപ്പെട്ട നിലവാരം കാഴ്ച വെക്കുന്നുണ്ടെങ്കിലും കക്കാട്, കുഞ്ഞിപ്പള്ളി, അത്താഴക്കുന്ന്, കൊറ്റാളി, ഇടച്ചേരി എന്നീ പ്രദേശങ്ങൾ വിദ്യാഭ്യാസപരമായി ഇപ്പോഴും പിന്നോക്കമാണ്. പഞ്ചായത്തിൽ ഹൈസ്കൂൾ വരാൻ വൈകിയതും സാമൂഹ്യ പിന്നോക്കാവസ്ഥയുമാണ് ഇതിനു കാരണം.

ഈ ഗ്രാമത്തിലെ ഏറ്റവും പഴക്കംചെന്ന വിദ്യാലയമാണ് പുഴാതി വെൽഫേർ എൽ. പി. സ്കൂൾ. ഇത് സ്ഥാപിച്ചത് ഒരു സ്വകാര്യ വ്യക്തിയായിരുന്നു. പിന്നീട് ഈ വിദ്യാലയം ഗവൺമെൻറ് ഏറ്റെടുക്കുകയാണുണ്ടായത്.

പുഴാതി ഗ്രാമ പഞ്ചായത്തിൽ ഇപ്പോഴൊരു ഹൈസ്കൂളും, നാല് യു. പി. സ്കൂളും, രണ്ട് എൽ. പി. സ്കൂളുകളുമാണുള്ളത്. ശാദുലിപ്പള്ളിക്കടുത്ത് സർക്കാർ അംഗീകാരമില്ലാത്ത മലയാളം മീഡിയം എൽ. പി. സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്കൂളും, ഭാരതീയ വിദ്യാഭവൻെറ ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂളും പ്രവർത്തിച്ചുവരുന്നുണ്ട്.

ഈ പഞ്ചായത്തിലെ ധാരാളം കുട്ടികൾ സൗകര്യാർത്ഥം പഞ്ചായത്തിന് പുറത്തുള്ള മറ്റു സ്കൂളുകളിൽ പോയി പഠനം നടത്തിവരുന്നുണ്ട്. ഇങ്ങിനെ പോകുന്നതിന് അത്തരം സ്കൂളുകളുടെ താരതമ്യേന മെച്ചപ്പെട്ട വിജയ ശതമാനവും ഒരു കാരണമാണ്. ചൊവ്വ ഹൈസ്കൂൾ, കണ്ണൂർ ഗവ: ഹൈസ്കൂൾ, കണ്ണൂർ ഗവ: ഗേൾസ് ഹൈസ്കൂൾ, പള്ളിക്കുന്ന് ഗവ: ഹൈസ്കൂൾ, ചിറക്കൽ രാജാസ് ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിലേക്കാണ് ഈ ഗ്രാമത്തിൽനിന്നും കുട്ടികൾ പോയിക്കൊണ്ടിരിക്കുന്നത്.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് കുട്ടികൾക്ക് ഈ ഗ്രാമത്തിൽനിന്നും ഒന്നര കിലോമീറ്ററിലധികം നടക്കേണ്ടിവരുന്നില്ല. ഇപ്പോഴാണെങ്കിൽ മറ്റു സ്ഥലങ്ങളിൽ പോകുന്ന കുട്ടികൾ അധികവും ബസ് യാത്രയാണ് ചെയ്യുന്നത്. ഈ പഞ്ചായത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളാനുള്ള സ്ഥല സൗകര്യമോ ഭൗതിക സാഹചര്യങ്ങളോ പുഴാതി ഗവ: ഹൈസ്കൂളിനില്ല. അതുകൊണ്ടുതന്നെ എല്ലാ കുട്ടികൾക്കും നമ്മുടെ ഗ്രാമത്തിലെ ഹൈസ്കൂളിൽ തന്നെപഠിക്കണമെന്ന് നിർബന്ധിക്കാൻ കഴിയുന്നില്ല.

പുഴാതി ഗവ: ഹൈസ്ക്കൂളിൽ കളിസ്ഥലം തീരെ ഇല്ല. അതുപോലെ തന്നെ മറ്റു ഭൗതിക സാഹചര്യങ്ങളും നന്നേ കുറവാണ്. പല യു. പി. സ്കൂളുകളിലും ശുചിത്വമുള്ള മൂത്രപ്പുരകളോ, കക്കൂസുകളോ ഇല്ല. പല വിദ്യാലയങ്ങൾക്കും സ്വന്തമായ കിണറോ, ശുദ്ധജല സൗകര്യമോ ഇല്ല. ഇതിനെല്ലാം പുറമെ ശബ്ദമലിനീകരണവും, പരിസര മലിനീകരണവും കൊണ്ട് വീർപ്പുമുട്ടുന്ന ഒരു വിദ്യാലയമാണ് ചെങ്ങിനിപ്പടി യു. പി. സ്കൂൾ.

പുഴാതി ഗ്രാമ പഞ്ചായത്തിൽ നാല് മലയാളം മീഡിയം നഴ്സറി സ്കൂളുകളും, ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളും ഉണ്ട്. ഇതിനു പുറമെ മൂന്ന് പാരലൽ കോളേജുകളും രണ്ട് ടൈപ്പ് റൈറ്റിങ് ഇൻസ്റ്റിട്യൂട്ടും ഉണ്ട്. കുട്ടികളുടെ കലാഭിരുചി വളർത്തി പോഷിപ്പിക്കുന്നതിനുതകുമാറ് രണ്ട് നൃത്ത വിദ്യാലയങ്ങളും ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്.

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ സാമൂഹിക ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 26 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയിൽ രണ്ടെണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടങ്ങളുള്ളു. അതിൽ ഒരെണ്ണത്തിനു മാത്രമേ പഠനോപകരണങ്ങളും ഫർണിച്ചറുകളും, കളിക്കോപ്പുകളും ഉള്ളൂ. ഈ പഞ്ചായത്തിൽ ഒരു ബാലവാടി മാത്രമേ ഉള്ളൂ. അതിനാണെങ്കിൽ സ്വന്തമായ കെട്ടിടമോ, മറ്റു സൗകര്യമോ ഒന്നുംതന്നെയില്ല.

സാക്ഷരതാ പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടം എന്ന നിലയിൽ തുടർ വിദ്യാഭ്യാസം എന്ന നിലയിൽ പ്രവർത്തിക്കുന്ന ജനവിദ്യാ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെച്ചുകൊണ്ടിരിക്കുന്ന 5 ഗ്രന്ഥാലയങ്ങളും 9 വായനശാലകളും ഈ പഞ്ചായത്തിലുണ്ട്. സാർവത്രികമായി എല്ലാം വാർഡിലും ഒരുപോലെ വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ല. ഇവയിൽ തന്നെ ഏറ്റവും പഴക്കം ചെന്നതും വിദ്യാഭ്യാസരംഗത്തിനു പുറമെ സാമൂഹ്യരംഗത്തും പ്രശസ്തമായ സേവനം അനുഷ്ഠിച്ച ഒരു സ്ഥാപനമാണ് കൊറ്റാളിയിലെ ദേശാഭി വർദ്ധിനി വായനശാല. ഈ വായനശാലയിൽ സൂക്ഷിച്ചിരുന്ന മഞ്ചലിലായിരുന്ന വാഹനഗതാഗത സൗകര്യമില്ലാത്ത കാലത്ത് രോഗികളേയും മറ്റും കണ്ണൂർ ആശുപത്രിയിൽ എത്തിച്ചിരുന്നത്. കൊറ്റാളിയിൽനിന്നും കണ്ണൂരിലേക്ക് വാഹനഗതാഗത യോഗ്യമായ റോഡുകൾ വന്നപ്പോഴാണ് പ്രസ്തുത മഞ്ചലിന്റെ പ്രസക്തി ഇല്ലാതായത്. ഈ പഞ്ചായത്തിലെ മറ്റൊരു വായനശാലയാണ് കക്കാട് സേവാസദനം. ഇതിന്റെ കെട്ടിടം പണിത് സംഭാവന ചെയ്തത് പരേതനായ ശ്രീ. ടി. എൻ. കുഞ്ഞിക്കണ്ണൻ ആയിരുന്നു.

നമ്മുടെ പഞ്ചായത്തിൽ I, VIII, IX. X, XI എന്നീ വാർഡുകളിൽ നിരക്ഷരർ തീരെ ഇല്ലെന്നു തന്നെ പറയാം. മുൻസിപ്പാലിറ്റിയോടു തൊട്ടുകിടക്കുന്ന ഈ വാർഡുകളിൽ വിരലിൽ എണ്ണാവുന്ന നിരക്ഷരർ സാക്ഷരതാ പ്രവർത്തനംമൂലം അക്ഷരാഭ്യാസമുള്ളവരായി തീർന്നിട്ടുണ്ട്. എന്നാൽ മറ്റുള്ള വാർഡുകളിൽ നിരക്ഷരർ താരതമ്യേന കൂടുതലാണ്. സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി ഇവരിൽ കുറേയധികം ആളുകളെ സാക്ഷരരാക്കുവാൻ സാധിച്ചിട്ടുണ്ട്. തുടർ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതമൂലം നിരക്ഷരർ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

തുടർ വിദ്യാഭ്യാസ പരിപാടി മുന്നോട്ടു കൊണ്ടുപോകുവാൻ വേണ്ടി ശാദുലിപള്ളിക്കു സമീപവും, ഉദയ കലാസമിതിക്ക് സമീപവും ഓരോ ജനവിദ്യാകേന്ദ്രവും സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം ഉദ്ദേശിച്ച രീതിയിൽ പുരോഗതി പ്രാപിച്ചിട്ടില്ല.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ പ്രോൽസാഹനാർത്ഥം ഈ പഞ്ചായത്തിലെ അംഗീകൃത വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് ഓരോ വിദ്യാലയത്തിലും പി. ടി. എ. യും, മദർ പി. ടി. എ. യും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല. ഞങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സഹായിക്കുന്ന ചർച്ചകളും നിർദ്ദേശങ്ങളും ഉരുത്തിരിഞ്ഞു വരേണ്ടുന്ന പി. ടി. എ. യോഗങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം പലപ്പോഴും വിരലിലെണ്ണാവുന്നതായി പരിമിതപ്പെട്ടു പോകാറുണ്ട്. അതുപോലെ തന്നെയാണ് മദർ പി. ടി. എ. യുടെയും അവസ്ഥ.

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം എല്ലാ പ്രദേശങ്ങളിലും സമതുലിതമായിട്ടല്ല കാണപ്പെടുന്നത്. മുൻസിപ്പാലിറ്റിയോടു

തൊട്ടുകിടക്കുന്ന പ്രദേശങ്ങളിൽ താരതമ്യേന മെച്ചപ്പെട്ട നിലവാരം പുലർത്തുമ്പോൾ മറ്റു പ്രദേശങ്ങളിൽ ശരാശരിക്കും താഴെയാണ് വിദ്യാഭ്യാസ നിലവാരം. സർക്കാരിൽനിന്നും എല്ലാവിധ ആനുകൂല്യങ്ങളും ലഭിക്കുന്ന ഹരിജൻ കോളനികളിലെ കുട്ടികൾ ഈ ആനുകൂല്യങ്ങൾ എല്ലാം ഉപയോഗപ്പെടുത്തിയിട്ടും വിദ്യാഭ്യാസ പരമായി ഉയർന്ന ശ്രേണിയിൽ എത്തിയവരെ തീരെകാണാൻ പ്രയാസമാണ്.

നമ്മുടെ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനമാണ് കൃഷ്ണമേനോൻ സ്മാരക ഗവ: വനിതാ കോളേജ്. നമ്മുടെ പഞ്ചായത്തിൽനിന്നു എസ്. എസ്. എൽ. സി. പാസ്സാകുന്ന വിദ്യാർത്ഥിനികളിൽ പലരും ഈ സ്ഥാപനത്തിൽ പഠിക്കുന്നുണ്ട്. ആൺകുട്ടികളെ സംബന്ധിച്ചിടത്തോളം ഉന്നത വിദ്യാഭ്യാസത്തിന് മറ്റു കോളേജുകളെ ആശ്രയിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

### പ്രശ്നങ്ങൾ:

1. പുഴാതി ഗവ: ഹൈസ്കൂളിലെ എസ്. എസ്. എൽ. സി. വിജയ ശതമാനം താരതമ്യേന വളരെ കുറവാണ്. ഇവിടെ കളിസ്ഥലം തീരെ ഇല്ല. മറ്റു ഭൗതീക സാഹചര്യങ്ങളും തൃപ്തികരമല്ല. സ്കൂളിൽ എല്ലാ സമയ വും വേണ്ടത്ര അദ്ധ്യതപകരെ കിട്ടാറില്ല. പി. ടി. എ. യുടെ പ്രവർത്തനവും ആശാവഹമല്ല.

2. നമ്മുടെ പഞ്ചായത്തിലെ യു. പി. സ്കൂളുകളിൽ എല്ലാറ്റിനും കുട്ടികളെ ഉൾക്കൊള്ളാൻ പര്യാപ്തമായ വിധം കെട്ടിട സൗകര്യങ്ങളില്ല. കളിസ്ഥലങ്ങളില്ല. ശുദ്ധജല ലഭ്യത ഒരു സ്കൂളിനു മാത്രമേ ഉള്ളൂ. അതിൽ തന്നെ ചെങ്ങിനിപ്പടി യു. പി. സ്കൂൾ പരിസര മലിനീകരണവും, ശബ്ദമലിനികരണവും ഇടുങ്ങിയ കെട്ടിടവും മൂലം വീർപ്പുമുട്ടുകയാണ്.

3. നമ്മുടെ പഞ്ചായത്തിലുള്ള 2 എൽ. പി. സ്കൂളുകളും വേണ്ടത്ര കെട്ടിട സൗകര്യങ്ങളില്ലാത്തവയാണ്. 2 സ്കൂളുകൾക്കും സ്വന്തമായി കിണറുകളില്ല. വേണ്ടത്ര ഫർണിച്ചറുകളും ഈ വിദ്യാലയങ്ങളിലില്ല.

4. നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെട്ടതല്ല, എന്ന തോന്നൽ കാരണം ചില രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ അയക്കുന്ന പ്രവണത വർഷംതോറും കൂടിവരുന്നുണ്ട്. ഇപ്പോളത് ഒരു ഫാഷനായി അന്തസ്സിൻെറ അടയാള മായും ചിലർ കണക്കാക്കി വരുന്നുണ്ട്.

5. നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡിലും ശിശുവിദ്യാഭ്യാസത്തിനു വേണ്ടത്ര സൗകര്യങ്ങളില്ല.

6. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അനൗപചാരികമായ വിദ്യാഭ്യാസത്തിനും വിജ്ഞാനത്തിനുതകുമാറ് വായനശാലകളും ഗ്രന്ഥാലയങ്ങളും ഇല്ല. ചില വാർഡുകളിലുള്ളവ വേണ്ടത്ര പ്രയോജനപ്പെടുന്നുമില്ല.

7. കലാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾ പഞ്ചായത്തിലില്ല. കായിക വിദ്യാഭ്യാസത്തിന് തീരെ ഇല്ല.

8. മിക്ക വിദ്യാലയങ്ങളിലെയും പാഠ്യേതര പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

9. നമ്മുടെ പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലെയും അദ്ധ്യാപകരും അവർ പഠിപ്പിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളും തമ്മിൽ ആരോഗ്യപരമായ ബന്ധമില്ല. പല അദ്ധ്യാപകർക്കും തങ്ങളുടെ കുട്ടികളുടെ രക്ഷിതാക്കളെ അറിയുക പോലുമില്ല.

10. അദ്ധ്യാപകർ തങ്ങൾ പഠിപ്പിക്കുന്ന കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്ന പതിവേ ഇല്ല. തൻമൂലം രക്ഷിതാക്കളും വിദ്യാലയവും തമ്മിൽ യാതൊരു ബന്ധവുമില്ല.

11. വിദ്യാലയത്തിൽനിന്നും ഇടക്കുവെച്ച് കൊഴിഞ്ഞുപോകുന്ന കുട്ടികളെ കണ്ടെത്താനും അവരെ വീണ്ടും സ്കൂളിലേക്ക് ആകർഷിക്കാനും വേണ്ടുന്ന ഒരു പ്രവർത്തനവും എല്ലാ അദ്ധ്യാപകരുടെ ഭാഗത്തുനിന്ന് ഉണ്ടാകാറില്ല.

12. കെട്ടിട നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ജോലിക്ക് താരതമ്യേന മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനാൽ പെട്ടെന്ന് വരുമാനമാർഗം കണ്ടെത്തുന്നതിൻെറ ഭാഗമായി പല രക്ഷിതാക്കളും തങ്ങളുടെ കുട്ടികളുടെ വിദ്യാലയത്തിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് ഗൗരവമായി എടുക്കാറില്ല.

13. കുട്ടികളുടെ ഗൃഹപഠനത്തിൽ രക്ഷിതാക്കളുടെ പ്രോൽസാഹനം ചില മേഖലകളിൽ ഇല്ലാത്ത അവസ്ഥയാണ് കണ്ടുവരുന്നത്. രക്ഷിതാക്കളുടെ വിദ്യാഭ്യാസമില്ലായ്മയാണ് ഇതിനു കാരണം.

14. എല്ലാ വിദ്യാർത്ഥികൾക്കും ടി. വി. യിലും റേഡിയോവിലും വരുന്ന വിദ്യാഭ്യാസ

പരിപാടികൾ കാണാനും, ശ്രവിക്കാനും ഉള്ള സൗകര്യങ്ങൾ സാർവത്രികമായി നമ്മുടെ പഞ്ചായത്തിലില്ല.

15. നമ്മുടെ പഞ്ചായത്തിലെ മഹാ ഭൂരി ഭാഗം അംഗൻവാടികൾക്കും സ്വന്തമായി സ്ഥലമോ, കെട്ടിടമോ, ഫർണിച്ചറോ, കളിക്കോപ്പുകളോ ഇല്ല.

## നിർദ്ദേശങ്ങൾ:

1. ഹൈസ്കൂളിലെ പി. ടി. എ. പ്രവർത്തനം എല്ലാ രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ സജീവമാക്കേണ്ടതാണ്. അതാത് വിഷയങ്ങൾ പഠിപ്പിക്കാനുള്ള അദ്ധ്യാപകരെ യഥാസമയം സ്കൂളിൽ നിയമിക്കേണ്ടതാണ്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി സ്കൂൾ സമയത്തിനു ശേഷം അദ്ധ്യാപകർ തന്നെ പ്രത്യേക ട്യൂഷൻ നൽകി അവരെ ഉയർത്തിക്കൊണ്ടുവരേണ്ടതാണ്. കുട്ടികളുടെ നൂറു ശതമാനം ഹാജർ ഉറപ്പു വരുത്തേണ്ടതാണ്.

2. എല്ലാ യു.പി. സ്കൂളുകൾക്കും ആവശ്യത്തിന് കെട്ടിട സൗകര്യങ്ങളും, ഫർണ്ണിച്ചറുകളും, കളിസ്ഥലങ്ങളും, ഒരുക്കേണ്ടതാണ്. ചെങ്ങിനിപ്പടി യു.പി. സ്കൂൾ പറ്റുമെങ്കിൽ മറ്റൊരിടത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.

3. പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

4. മലയാളം മീഡിയത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ എല്ലാ അദ്ധ്യാപകരും തങ്ങളുടെ വിദ്യാലയത്തിലെ പഠന നിലവാരം മെച്ചപ്പെടുത്താൻ ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ്.

5. എല്ലാ വാർഡിലും വേണ്ടത്ര അംഗൻവാടികളും, ബാലവാടികളും സ്ഥാപിച്ച് അവയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതാണ്.

6. വായനശാലകളും ഗ്രന്ഥാലയങ്ങളുമില്ലാത്ത III, VII, IX എന്നീ വാർഡുകളിൽ ഓരോ വായനശാലയും ഗ്രന്ഥാലയവും സ്ഥാപിക്കേണ്ടതാണ്

7. കലാ വിദ്യാഭ്യാസത്തിന് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ഒരു പ്രവർത്തന രീതി ആവിഷ്കരിക്കേണ്ടതാണ്. പഞ്ചായത്തിൽ സ്പോർട്സ് മത്സരങ്ങൾ നടത്താൻ പര്യാപ്തമായ ഒരു സ്റേറഡിയം എത്രയും വേഗം ഉണ്ടാക്കേണ്ടതാണ്.

8. സ്കൂൾ സമയത്തിനു ശേഷം അദ്ധ്യാപകർ പരിശ്രമിച്ചാൽ വിദ്യാർത്ഥികളെ സബ്ജില്ലാതലത്തിൽ നടത്തുന്ന ബാലകലോത്സവം എന്നിവയിൽ സമ്മാനാർഹരാവാൻ പ്രാപ്തരാകാൻ കഴിയാവുന്നതാണ്.

9. അദ്ധ്യാപകരും രക്ഷിതാക്കളും തമ്മിൽ ആരോഗ്യപരമായ സൗഹൃദബന്ധം ഉണ്ടാകേണ്ടതാണ്.

10. കുട്ടികൾ സ്കൂളിൽ ഹാജരാകാതിരുന്നാൽ കാരണം അന്വേഷിക്കാനെങ്കിലും അദ്ധ്യാപകർ പ്രസ്തുത കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്നത് ഒരു നല്ല വഴക്കമാണ്.

11. അദ്ധ്യാപകർ, വിദ്യാർത്ഥികൾ കൊഴിഞ്ഞു പോവുന്നതിനെക്കുറിച്ച് അവരെ മാത്രമല്ല അവരുടെ രക്ഷിതാക്കളെ കൂടി ബോധവാൻമാരാക്കേണ്ടതാണ്.

12. കൊഴിഞ്ഞുപോക്കിന്റെ സാമൂഹ്യമായ പശ്ചാതലം അന്വേഷിക്കുമ്പോഴാണ് പെട്ടെന്നുള്ള വരുമാന മാർഗം ശ്രദ്ധയിൽ പെടുന്നത്. ഇതിന് രക്ഷിതാക്കളെയാണ് ഏറ്റവും അധികം ബോധവാൻമാരാക്കേണ്ടത്.

13. കുട്ടികൾക്കു വീട്ടിൽ സ്വസ്ഥമായി ഇരുന്നു പഠിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കാൻ ഓരോ രക്ഷിതാവും പരിശ്രമിക്കേണ്ടതാണ്. ഗുരുകുലം പരിപാടിയിലെ അയൽകൂട്ടം പറ്റുമെങ്കിൽ ഇത്തരം രക്ഷിതാക്കൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഗുരുകുലം പരിപാടി സാർവ്വത്രീകമായി തുടരേണ്ടതാണ്.

14. പറ്റുമെങ്കിൽ പഞ്ചായത്തിന്റെ വക ചുരുങ്ങിയത് ഒരു വാർഡിൽ ഒന്നെങ്കിലും റേഡിയോ സെറ്റും ടി. വി. സെറ്റും നൽകേണ്ടതാണ്.

15. അംഗൻ വാടിക്കു സ്വന്തം കെട്ടിടങ്ങളും ഭൗതികസാഹചര്യങ്ങളും പഞ്ചായത്തിന്റെ വക ചെയ്തുകൊടുക്കേണ്ടതാണ്.

# കുടിവെള്ളവും പൊതുജനാരോഗ്യവും

ഒരു ജനതയുടെ ആരോഗ്യപൂർണമായ ജിവിതത്തിന് ശുദ്ധജലം, ശുദ്ധവായു, ശുചിത്വമുള്ള വീടും പരിസരവും, പോഷകാഹാരം, രോഗപ്രതിരോധം എന്നീ കാര്യങ്ങൾ അത്യന്താപേക്ഷിതമാണ്.

## കുടിവെള്ളം:

പുഴാതി ഗ്രാമ പഞ്ചായത്തിൽ മുഖ്യ കുടിനീർ ശ്രോതസ്സ് കിണറുകളാണ്. ഏകദേശം 60% കുടുംബങ്ങളും കുടിവെള്ളത്തിനായി സ്വന്തം കിണറുകളാണ് ഉപയോഗിക്കുന്നത്. 35 % കുടുംബങ്ങൾ അയൽ വീടുകളിലെ കിണറുകളെയും 45% കുടുംബങ്ങൾ പൊതു കിണറുകളെയും ആശ്രയിക്കുന്നു. 1% പൊതു വിതരണ ശൃംഖലയേയും ആശ്രയിക്കുന്നു. ഗ്രാമ പഞ്ചായത്തിൻെറ , വിവിധ ഭാഗങ്ങളിലായി 31 പൊതു കിണറുകളുണ്ട്. മിക്ക കിണറുകളും ഡിസംബറിനുശേഷം വെള്ളം കിട്ടാത്തവയാണ്. അത്താഴക്കുന്ന്, അംബേദ്കർ കോളനിക്കു മാത്രമാണ് സ്വന്തമായ ശുദ്ധജല വിതരണം ഉള്ളത്. വർഷങ്ങൾക്കു മുമ്പ് പഞ്ചായത്തിലെ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന മുഴുവൻ ജനങ്ങൾക്കും കുടിനീർ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി പ്രധാന റോഡുകളിൽ പൈപ്പ് ലൈൻ ഇടുകയും ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ 15 ടാപ്പിൽനിന്നു മാത്രമാണ് ശുദ്ധജലം ലഭിക്കുന്നത്. പഞ്ചായത്തിലെ ഏതാണ്ട് എല്ലാ വാർഡുകളും ജലദൌർലഭ്യം അനുഭവപ്പെടുന്നവയാണ്. കൈത്തറി വ്യവസായ ശാലകളിൽനിന്നുള്ള മലിനജലം കാരണം കുടിവെള്ളം മലിനമാക്കുന്ന പ്രശ്നങ്ങളും ചില വാർഡുകളിലുണ്ട്.

## പൊതുജനാരോഗ്യം:

പഞ്ചായത്തിലെ 80% വീടുകൾക്കും മാത്രമേ സ്വന്തമായി കക്കൂസുകളുള്ളു. നല്ലൊരു ശതമാനം വീടുകളിലും മലിനജലം കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനങ്ങളൊന്നുമില്ല. മലിനജലം കെട്ടിനിൽക്കുന്നതുകൊണ്ട് കൊതുകുകൾ പെരുകുവാൻ കാരണമാകുന്നു. വീട്ടുപരിസരത്ത് ഖരമാലിന്യങ്ങൾ കൂട്ടിയിടുന്നത് പതിവാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള അങ്ങാടിയിലുള്ള മാലിന്യങ്ങളും യഥാസമയം നീക്കം ചെയ്യാറില്ല.

ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനത്തിൻ കീഴിൽ പുഴാതി ഗ്രാമപഞ്ചായത്തിൽ 1972 ൽ ശ്രീ. ടി.എൻ.കുഞ്ഞിക്കണ്ണൻ എന്നവർ സംഭാവനയായി സ്ഥാപിച്ച ഗവൺമെൻറ് ഡിസ്പെൻസറി പിന്നീട് മിനി പ്രാഥമിക കേന്ദ്രമാക്കി ഉയർത്തുകയുണ്ടായി. കൊറ്റാളി, തുളിച്ചേരി, കക്കാട് എന്നീ ഉപകേന്ദ്രങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ കീഴിൽ പ്രവർത്തിക്കുന്നു. പുഴാതി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനും, പുഴാതി ഉപകേന്ദ്രത്തിന്നും മാത്രമേ സ്വന്തമായി കെട്ടിടമുള്ളു. കൊറ്റാളി, തുളിച്ചേരി, കക്കാട് എന്നീ ഉപകേന്ദ്രങ്ങൾക്ക് വേണ്ട സ്ഥലം സംഭാവനയായി ലഭിക്കാത്തതുകൊണ്ട് ഇതുവരെ യായും കെട്ടിടപ്പണി ആരംഭിച്ചിട്ടില്ല. ഔദ്യോഗിക ആരോഗ്യ സംവിധാനത്തിൻ കീഴിൽ 18 ജീവനക്കാർ സേവനം ചെയ്യുന്നു.

പഞ്ചായത്തിലെ 4346 ദമ്പതികളിൽ 2432 പേർ വിവിധ കുടുംബക്ഷേമ മാർഗങ്ങൾ സ്വീകരിച്ചവരാണ്.

(ദ്വിതീയ വിവരണത്തിൽ ലഭിച്ച കണക്ക്)

വികലാംഗ സർവ്വെയിൽ ലഭിച്ച കണക്കുകൾ പ്രകാരം അംഗവൈകല്യമുള്ളവർ താഴെപറയും പ്രകാരമാണ്

| അന്ധർ | ബധിരർ | മൂകർ | ബധിര/മൂകർ | ചലന വൈകല്യമുള്ളവർ | ആകെ |
|---|---|---|---|---|---|
| 5 | 1 | 6 | 12 | 64 | 88 |

മന്ദബുദ്ധികളുടെ എണ്ണം

| പ്രായം 0-5 | 6-10 | 11-15 | 16 നു മേൽ | ആകെ |
|---|---|---|---|---|
| ഇല്ല | ഇല്ല | 2 | 16 | 18 |

സ്ഥിരമായ രോഗബാധിതരിൽ കുഷ്ഠം ബാധിച്ചവർ 13 ആണ്.
ഒരു വയസ്സിനു താഴെയുള്ള 387 കുട്ടികളിൽ 379 പേർ പ്രതിരോധ കുത്തിവെപ്പുകൾക്ക് വിധേയരായിട്ടുണ്ട്.
പഞ്ചായത്തിൽ ഇപ്പോൾ 290 ഗർഭിണികൾ ഉണ്ട്.

## പുഴാതി ഗ്രാമ പഞ്ചായത്ത് ജനന മരണ നിരക്കുകൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-'94 | 217 | 117 | --- |
| 1994-'95 | 218 | 74 | 1 |
| 1995-'96 | 172 | 90 | 2 |

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-'94 | 40 | 18 | 8 | --- |
| 1994-'95 | 52 | 22 | 5 | --- |
| 1995-'96 | 62 | 15 | 5 | --- |

180

ആരോഗ്യ കേന്ദ്രത്തിൽ കഴിഞ്ഞ നാലു വർഷങ്ങളിൽ ചികിൽസക്ക് എത്തിയവർ

| 1992-'93 | 1993-'94 | 1994-'95 | 1995-'96 |
|---|---|---|---|
| 9372 | 10171 | 12847 | 7841 |

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനനുവദിച്ച 10 കെട്ടിടങ്ങളുള്ള വാർഡിന്റെ പ്രവർത്തനം വർഷങ്ങൾക്കു മുമ്പെ ആരംഭിച്ചെങ്കിലും ഇപ്പോഴും പ്രവർത്തനം പൂർത്തീകരിക്കാത്ത നിലയിലാണ് ഉള്ളത്. ആരോഗ്യ പ്രവർത്തകരെ കൂടാതെ പഞ്ചായത്തിലുള്ള 26 അംഗൻവാടികളും രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ സഹായിക്കുന്നുണ്ട്. അംഗൻവാടികളിൽ നിന്നും പോഷകാഹാര വിതരണവും നടക്കുന്നു.

ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം കൂടാതെ 4 സ്വകാര്യ ആസ്പത്രി ക്ലിനിക്കുകളും 6 ആയുർവ്വേദ വൈദ്യശാലകളും, 5 ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എല്ലാവിധ വിദഗ്ദ്ധ ചികിൽസയും ലഭിക്കുന്ന എ. കെ. ജി. സഹകരണ ആസ്പത്രിയും പുഴാതി ഗ്രാമ പഞ്ചായത്തിലാണ്. മേൽ ആസ്പത്രിയിൽനിന്നും പുറത്തുവിടുന്ന മലിനജലം വർഷങ്ങളായി പൊതുജനാരോഗ്യ പ്രശ്നം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. പുഴാതി ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം രോഗികളും കണ്ണൂർജില്ലാ ആസ്പത്രിയേയും, കണ്ണൂർ പട്ടണത്തിലുള്ള വിവിധ സ്വകാര്യ ആസ്പത്രികളുമാണ് രോഗചികിൽസയ്ക്കായി ആശ്രയിക്കുന്നത്.

## പ്രശ്നങ്ങൾ:

1. എല്ലാ വാർഡുകളിലും കുടിവെള്ളത്തിന് ക്ഷാമം നേരിടുന്നു.
2. പൈപ്പ് ലൈൻ ഉണ്ടെങ്കിലും വെള്ളം കിട്ടുന്നില്ല.
3. കിണറുകൾ ഡിസംബറിൽ വറ്റുന്നു.
4. കാട്ടാമ്പള്ളി അണക്കെട്ടു വന്നതിനു ശേഷം വയൽക്കര പ്രദേശങ്ങളില കുടിവെള്ള ക്ഷാമം നേരിടുന്നു.
5. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് സ്വന്തമായി കിണറോ പൈപ്പ് ലൈനോ ഇല്ല.
6. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് അനുവദിച്ച 10 കിടക്കകളുള്ള വാർഡ് തുറന്നു പ്രവർത്തിക്കാൻ കഴിഞ്ഞില്ല.
7. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രാത്രി കാലത്ത് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല.
8. പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടങ്ങൾഇല്ലാത്തതുകൊണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ സേവനം വേണ്ട സമയത്ത് ലഭ്യമാകുന്നില്ല.
9. പഞ്ചായത്തിന് സ്വന്തമായി അറവുശാല ഇല്ലാത്തതുകൊണ്ട് ആടുമാടുകളെ വൃത്തിഹീനമായ സ്ഥലങ്ങളിൽ വെച്ച് അറവു നടത്തുന്നു.
10. കേരളത്തിനു സ്വന്തമായ പൊതുജനാരോഗ്യ നയമില്ല.
11. കൊതുക് ശല്യം വ്യാപകമായിഅനുഭവപ്പെടുന്നു
12. മൽസ്യ മാർക്കറ്റിൽക്കൂടി വരുന്ന മലിനജലം റോഡിൽക്കൂടി ഒഴുകുന്നു.
13. ആയുർവ്വേദിക് ചികിൽസയ്ക്ക് ഔദ്യോഗിക സൗകര്യ മൊന്നുമില്ല.

## നിർദ്ദേശങ്ങൾ:

നെടുവയൽ ഗവ: ഏറ്റെടുത്ത് കിണർ കുഴിച്ചും PHED പൈപ്പ് വർദ്ധിപ്പിച്ചും ഒന്നാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം.

1. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 2-ാം വാർഡിൽ വലിയ ചാൽപറമ്പിൽ താഴെ ഭാഗത്ത് ഒരു വലിയ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴി ജലവിതരണം നടത്തണം.
2. മൂന്നാം വാർഡിൽ വയൽ പ്രദേശത്ത് വലിയ കിണർ കുഴിച്ച് ടാങ്ക്കെട്ടി പൈപ്പ് ലൈൻ വഴി ജലവിതരണം നടത്തണം. ഇടപ്പറമ്പ് റോഡ് അവസാനിക്കുന്നിടത്ത് കിണർ കുഴിക്കണം.
3. നാല്, അഞ്ച് വാർഡുകളിലെ കുടിവെള്ള ക്ഷാമം, പരിഹരിക്കുന്നതിന് താഴ്ന്ന പ്രദേശത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴി ജലവിതരണം നടത്തണം.
4. ആറാം വാർഡിൽ പൊതു കിണർ ഉപയോഗപ്രദമാക്കുകയും പുതിയ കുഴൽ കിണറുകൾ സ്ഥാപിക്കുകയും ചെയ്യുക.

5. ഏഴാം വാർഡിൽ പൊതു ടാപ്പിൽ കൂടി സ്ഥിരമായി വെള്ളം ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. ഒരു പൊതു കിണർ കുഴിക്കുവാനുള്ള ശ്രമം ഉണ്ടാവണം.

6. എട്ടാം വാർഡിൽ പൈപ്പിൽ കൂടി സ്ഥിരമായി വെള്ളം കിട്ടാനുള്ള സംവിധാനം ഉണ്ടാകണം.

7. ഒമ്പതാം വാർഡിൽ തുളിച്ചേരി വയലിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴി ജലവിതരണം നടത്തണം.

8. പത്താം വാർഡിൽ പൂളക്കുളം ഏറ്റെടുത്തു വൃത്തിയാക്കി ജലവിതരണത്തിന് സജ്ജമാക്കണം.

9. പതിനൊന്നാം വാർഡിൽ ഇടച്ചേരി വയലിൽ കിണർകുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴി ജലവിതരണം നടത്തണം.

10. പന്ത്രണ്ടാം വാർഡിൽ ചെക്കിച്ചിറ ശ്രീനാരായണ ഗുരു ബിൽഡിങ്ങിന് സമീപം ഒരു കിണർ അത്യാവശ്യമാണ്. വയനായി മൊട്ട പ്രദേശത്തും പഞ്ചായത്തിൻെറ മുൻവശത്തും പൈപ്പ് ലൈൻ വഴി വെള്ളം എത്തിക്കണം.

11. കക്കൂസ്സ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ്സ് നിർമ്മിച്ചു കൊടുക്കാനുള്ള പദ്ധതി പഞ്ചായത്ത് തലത്തിൽ രൂപികരിക്കേണ്ടതാണ്.

12. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഡോക്ടർമാർക്കും മറ്റ് ആശുപത്രി ജീവനക്കാർക്കും ക്വാർട്ടേഴ്സ് നിർമ്മിച്ചു കൊടുക്കാനുള്ള സാധ്യത ആരായണം.

13. ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം പണിയാനുള്ള സ്ഥലം ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

14. പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ അറവുശാല നിർമ്മിക്കണം.

15. വീടുകളിലെ ജല, ഖര മാലിന്യങ്ങൾ നശിപ്പിക്കുന്നതിനുവേണ്ട ബോധവൽക്കരണം നടത്തേണ്ടതാണ്.

16. പഞ്ചായത്ത് അതിർത്തിയിലുള്ള വിവിധ അങ്ങാടികളിലെ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്തു സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

17. കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും പഞ്ചായത്തിലെ മുഴുവൻ കക്കൂസ് ടാങ്കുകളുടെ ഗ്യാസ് പൈപ്പിനു മുകളിൽ നെറ്റ് കെട്ടുന്നതിനുള്ള ബോധവൽക്കരണം നടത്തണം:

18. മൽസ്യ മാർക്കറ്റിൽ നിന്നും വരുന്ന മലിനജലം റോഡിൽക്കൂടി ഒഴുകന്നത് ഒഴിവാക്കുന്നതിനുവേണ്ടി ഓവുചാലുകൾ വൃത്തിയാക്കേണ്ടതാണ്.

19. പരിസര മലിനീകരണം ഒഴിവാക്കുന്നതിനുവേണ്ടി വ്യവസായ സ്ഥാപനങ്ങൾക്ക് പുതുതായി ലൈസൻസ് നൽകുമ്പോൾ പൊതുജനാരോഗ്യ വകുപ്പിൻെറയും മലിനീകരണ നിയന്ത്രണ ബോർഡിൻെറയും നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തണം.

20. പഞ്ചായത്തിൽ ഒരു ആയുർവ്വേദ ആശുപത്രി തുടങ്ങുന്നതിനുവേണ്ട നടപടികൾ ആരംഭിക്കണം.

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. പരമ്പരാഗത വ്യവസായങ്ങളായ ബീഡി, നെയ്ത്ത് എന്നിവയാണ് ഏറെ കുറെ എല്ലാ വാർഡുകളിലും ഉള്ളത്. കൂടാതെ വൻകിട വ്യവസായങ്ങളായ കണ്ണൂർ സ്പിന്നിങ്ങ് മിൽസ്, ധനലക്ഷ്മി വീവിങ്ങ് മിൽസ്, രാമാനന്ദ ടെക്സ്റ്റയിൽസ്, കോഹിനൂർ വുഡ് ഇൻഡസ്ട്രീസ് തുടങ്ങിയവയും പ്രവർത്തിക്കുന്നു. സഹകരണ മേഖലയിൽ പുഴാതി വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും, ചെറുകിട മേഖലയിൽ മൈദ ഫാക്ടറി, മരം വ്യവസായങ്ങൾ, പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് മെറ്റൽ വർക്സ്, ചെരുപ്പ് നിർമ്മാണം, പപ്പടം നിർമ്മാണം, ബസ്സ് ബോഡി നിർമ്മാണം, ഫ്ളവർ മിൽസ്, ബേക്കറി, ഗാർമെൻറ്സ് തുടങ്ങിയവയും പ്രവർത്തിക്കുന്നുണ്ട്.

സാമ്പത്തിക പരാധീനതയും തൊഴിൽപരമായ കാരണങ്ങളിലും ബീഡിമേഖലയിൽനിന്നും അനേകം പുരുഷ തൊഴിലാളികൾ കെട്ടിട നിർമ്മാണം മുതലായ മേഖലകളിലേക്ക് മാറിപ്പോയിക്കൊണ്ടിരിക്കയാണ്. കൈത്തറി മേഖലയിൽ പുരുഷ തൊഴിലാളികൾ കുറഞ്ഞുവരികയാണ്. എന്നാൽ സ്ത്രീ തൊഴിലാളികൾ ഈ മേഖലയിൽ കടന്നു വരുന്നത് സ്വാഗതാർഹമാണ്. ചില വ്യവസായങ്ങൾ അന്യസംസ്ഥാനങ്ങളിലെ തൊഴിലാളികളെ മാത്രം ജോലിക്കെടുക്കുന്നത് ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മയ്ക്ക് ആക്കം കൂട്ടുന്നുണ്ട്. രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കാൻ വേണ്ടി സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ഫർണിച്ചർ നിർമ്മാണം, റെഡിമെയ്ഡ്സ് വസ്ത്ര നിർമ്മാണം, പ്ലാസ്റ്റിക് വ്യവസായം, പ്രിൻറിങ്ങ് വ്യവസായം, കോഴി വളർത്തൽ, പപ്പട നിർമ്മാണം, ബേക്കറി,ഉൽപ്പന്ന നിർമ്മാണം, കന്നുകാലി വളർത്തൽ തുടങ്ങിയ മേഖലകളിൽ സന്നദ്ധരായ വ്യവസായ സംരംഭകരെ കണ്ടെത്തുകയും, സഹകരണ മേഖലയിലോ, പാർട്ണർഷിപ്പ് അടിസ്ഥാനത്തിലോ വ്യവസായങ്ങൾ സ്ഥാപിക്കുകയും മൂലധനം, സാങ്കേതിക സഹായം, മാർക്കറ്റിങ്ങ് മുതലായ കാര്യങ്ങളിൽ വേണ്ട സഹായവും പ്രോൽസാഹനവും നൽകേണ്ടതാണ്.

കന്നുകാലി വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവ പ്രോൽസാഹിപ്പിക്കുന്നതിന് തീറ്റപ്പുൽ ഉൽപ്പാദനവും, സബ്സിഡി നിരക്കിൽ കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയും വിതരണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്. പഞ്ചായത്തിൽ ആവശ്യമായ പാലിൻെറ പകുതി ഭാഗംപോലും ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല എന്നത് മുകളിൽ പറഞ്ഞ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കാൻ നിർബന്ധിതരാകുന്നു.

കൈത്തറി, ഗാർമെൻറ്സ് തുടങ്ങിയ മേഖലകളിൽ സ്ത്രീ പങ്കാളിത്തം കൂടിവരുന്നുണ്ട് എന്നത് ശുഭോതർക്കമാണ്. കൈത്തറി വ്യവസായ ശാലകളോടനുബന്ധിച്ചുള്ള ഡൈയിങ്ങ് യൂനിറ്റിൽ നിന്നുണ്ടാവുന്ന മലിനജലം സമീപവാസികൾക്ക് ഒരു പ്രശ്നമാണ്. ഇതിന് തൃപ്തികരമായ പരിഹാരം കാണാനുള്ള സാങ്കേതിക വിദ്യ ലഭ്യമാണെങ്കിലും വളരെ ചെലവേറിയതായതിനാൽ വ്യാവസായികളാരും അത്തരം മാർഗ്ഗങ്ങൾ ഏർപ്പെടുത്തിക്കാണുന്നില്ല.

## പ്രശ്നങ്ങൾ:

1. കൈത്തറി തൊഴിലാളികളുടെ കൂലി നിരക്ക് മറ്റു മേഖലകളെ അപേക്ഷിച്ച് വളരെ കുറവാണ്. ആയതിനാൽ ഈ മേഖലയിൽ ആവശ്യമായ തൊഴിലാളികളെ കിട്ടുന്നില്ല.

2. കൈത്തറി വ്യവസായങ്ങളിലെ അഴുക്കു വെള്ളം സമീപ പ്രദേശങ്ങളിലെ കിണറുകളെ മലിനമാക്കുന്നു.

3. അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവും വേതനത്തിന്റെ അപര്യാപ്തതയും ചെരുപ്പ്, പപ്പടം തുടങ്ങിയ വ്യവസായങ്ങളുടെ തകർച്ചയ്ക്ക് കാരണമാവുന്നു.

4. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക്, തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല.

5. വ്യവസായ സംരംഭകർക്ക് ആവശ്യമായ മൂലധനം, ലൈസൻസ്, വൈദ്യുതി കണക്ഷൻ തുടങ്ങിയവ ലഭിക്കാൻ കാലതാമസം നേരിടുന്നു.

6. മുഖ്യ കാർഷികോൽപ്പന്നമായ തേങ്ങ, അടക്ക തുടങ്ങിയവ വ്യവസായ രംഗത്ത് കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല.

7. വൻകിട, ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ പറ്റിയ ജനസാന്ദ്രത കുറഞ്ഞ സ്ഥലസൗകര്യങ്ങൾ ഇവിടെ കുറവാണ്.

8. വനിതകൾക്ക് തൊഴിലവസരങ്ങൾ കുറവാണ്.


9. പഞ്ചായത്തിൽ സഹകരണ ബേങ്കിംഗ് രംഗത്ത് പ്രവർത്തിക്കുന്ന ഒരുസ്ഥാപനമുണ്ടെങ്കിലും ആയത് വ്യവസായികളും കർഷകരും വേണ്ടത് പോലെ പ്രയോജനപ്പെടുത്തുന്നില്ല.

10. വ്യവസായ സംരംഭകർക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുവാനോ സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുവാനോ പറ്റിയ സംവിധാനങ്ങളില്ല.

## സാധ്യതകൾ :

വനിതകളെ വൻതോതിൽ പങ്കെടുപ്പിച്ചു കൊണ്ട് സോപ്പു നിർമ്മാണം , മെഴുകുതിരി നിർമ്മാണം, കോഴി വളർത്തൽ, ഗാർമെൻറ്സ് തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്, പ്രിൻറിംഗ് വ്യവസായം (നെയ്ത്ത് പ്രിൻറ്) പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ഈ വ്യവസായം തുടങ്ങേണ്ടതാണ്. ഫർണ്ണിച്ചർ നിർമ്മാണം,പ്ലാസ്ററിക് നിർമ്മാണ യൂനിറ്റ് എന്നിവ തുടങ്ങുന്നതിന് പഞ്ചായത്തിൽ നല്ല സാധ്യതയുണ്ട് . ഹാൻറ് ക്രാഫ്റ്റ്, എഞ്ചിനിയറിംഗ് യൂനിറ്റ്, മിഠായി നിർമ്മാണ യൂനിറ്റ്, അച്ചാറ് നിർമ്മാണ യൂനിറ്റ്, റെഡിമെയ്ഡ്സ് വസ്ത്ര യൂനിറ്റ് എന്നിവ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. ആടുവളർത്തൽ ഒരു ചെറുകിട വ്യവസായമായി തുടങ്ങാൻ നല്ല സാധ്യതയുണ്ട്. കാരണം ഇറച്ചിക്ക് വേണ്ടി ആടുകളെ മറ്റ് പ്രദേശങ്ങളിൽ നിന്നും കൊണ്ടുവരേണ്ടി വരുന്നു. സഹകരണ മേഖലയിൽ ഇറച്ചി- മുട്ട കോഴികളുടെ ഉൽപ്പാദന വിതരണ കേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ് നമ്മുടെ പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റിന് വൻ സാധ്യതയുണ്ട് . ഇഷ്ടിക യൂനിറ്റിനും നമ്മുടെ പഞ്ചായത്തിൽ സാധ്യതയുണ്ട്.

# പുഴാതി ഗ്രാമ പഞ്ചായത്ത്
## റോഡുകൾ



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

1953 ൽ ശ്രീ. എം. കെ. കിട്ടുണ്ണി മജിസ്ട്രേറ്റ് പ്രസിണ്ടായി പുഴാതി പഞ്ചായത്ത് പ്രവർത്തന മാരംഭിച്ചു. ആദ്യകാലഘട്ടത്തിൽ പഞ്ചായത്തിൽ റോഡ് സൗകര്യം ഉണ്ടായിരുന്നില്ല. കക്കാട് പുഴ കേന്ദ്രീകരിച്ച് ഒരു ജലഗതാഗത സംവിധാനം മാത്ര മാണ് അന്നു നിലനിന്നിരുന്നത്. ഇതിൽ പ്രധാനമായും തോണികളും ബോട്ടുകളും സർവ്വീസ് നടത്തിയിരുന്നു. സമീപ ഗ്രാമപ്രദേശങ്ങളിലും മറ്റു ദൂരസ്ഥലങ്ങളായ ശ്രീകണ്ഠാപുരം, പയ്യാവൂർ, കൊന്നക്കാട് (കാഞ്ഞ ങ്ങാട്)എന്നിവിടങ്ങളിലേക്കും തിരിച്ചിങ്ങോട്ടും ചരക്കുകളും മറ്റു സാധനങ്ങളും കടത്തിയിരുന്നത് ജലമാർഗമായിരുന്നു. ഇതിനു പുറമെ കക്കാട് നിന്ന് മറ്റുള്ള സ്ഥലങ്ങളിലേക്ക് ധാരാളം കാളവണ്ടികൾ ഉപയോഗിച്ചിരുന്നു.

1953 ന്റെ അവസാനഘട്ടത്തിലാണ് കക്കാട് പുഴ പുല്ലൂപ്പിക്കടവ് റോഡ് നിർമ്മിച്ചത്. ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിൽ എൻ. സി. സി. സേവാദൾ, മറ്റു സാമൂഹിക സംഘടനകളുടെ സന്നദ്ധ സേവനം പ്രശംസനീയമായിരുന്നു. ആദ്യ മായി കക്കാടുനിന്നും കണ്ണൂർ ആശുപത്രി വരെ ബസ്സ് സർവ്വീസ് ആരംഭിച്ചത് 1952 ലായിരുന്നു. അന്നു റോഡ് താർ ചെയ്തിരുന്നില്ല. 1956 മുതൽക്കാണ് റോഡ് ഘട്ടംഘട്ടമായി താർചെയ്തിരുന്നത്. പിന്നീട് കൊറ്റാളി പൊടിക്കുണ്ടിനെ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിച്ചു.

കാട്ടാമ്പള്ളി അണക്കെട്ട് പദ്ധതി നിലവിൽ വന്നതോടുകൂടി 1960 ൽ കക്കാട്പുഴ കേന്ദ്രീകരിച്ചുള്ള ബോട്ട് സർവീസ് നിർത്തലാക്കി. 1966ൽ അണക്കെട്ടിന്റെ നിർമ്മാണം പൂർത്തിയായതോടെ ജലഗതാഗതമാർഗം പൂർണമായും നഷ്ടപ്പെട്ടു അതോടുകൂടി വാണിജ്യ- വ്യവസായങ്ങൾക്ക് മങ്ങലേ ൽക്കുകയും സാമ്പത്തികാഭിവൃദ്ധിക്ക് കോട്ടം നേരിടു കയും ചെയ്തു.

1967 ൽ ബസ്സുകൾ അത്താഴക്കുന്ന് വരെ സർവീസ് തുടങ്ങി. ഇപ്പോൾ പഞ്ചായത്തിൽ ധാരാളം ടൗൺ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. കുഞ്ഞിപ്പള്ളി ഉദയംകുന്ന് വഴിയുള്ള ബസ് ഗതാഗതം പുനരാരംഭിക്കണമെന്നും പുല്ലൂപ്പിക്കടവ്, ശാദുലി പ്പള്ളി താണവഴി കണ്ണൂർ ആശുപത്രിക്ക് ബസ്സ് സൗകര്യം ഏർപ്പെടുത്തണമെന്നും പുഴാതി പഞ്ചായ ത്തിനെയും നാറാത്തു പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പുല്ലൂപ്പിക്കടവ് പാലം പണിയണ മെന്നും ഗ്രാമ സഭകളിൽനിന്ന് നിർദ്ദേശം വന്നിട്ടുണ്ട്.

ഇപ്പോൾ പഞ്ചായത്തിൽ താർചെയ്ത 41 റോഡുകളും, താർചെയ്യാത്ത 22 റോഡുകളും ഉണ്ട്. ഗ്രാമസഭകളിൽ നിന്ന് താർചെയ്യുവാൻ നിർദ്ദേശം വന്ന 22 റോഡുകളുടെ ലിസ്റ്റ് പട്ടിക 1ൽ കൊടു ത്തിരിക്കുന്നു.

ഇടവഴികൾ റോഡാക്കിമാറ്റുവാനും മറ്റു സൗകര്യങ്ങൾക്കും വന്ന നിർദ്ദേശങ്ങൾ പട്ടിക 2ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### പ്രശ്നങ്ങൾ:

മിക്ക റോഡുകൾക്കും ഓവുചാലുകളും കലുങ്കുകളുമില്ലാത്ത സ്ഥിതിയാണുള്ളത്. അതിനാൽ മഴക്കാലങ്ങളിൽ റോഡിൽ വെള്ളം കയറി യാത്രാ ദുരിതം അനുഭവിക്കേണ്ടിവരുന്നു.

### നിർദ്ദേശങ്ങൾ:

1. ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശ പ്രകാരം ലഭ്യമായ ഫണ്ട് വെച്ച് ശ്രമദാനത്തിൽ കൂടി ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിയുമെന്നതാണ്.

2. പുഴാതി, നാറാത്തു പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം നിർമ്മിച്ച് ഗതാഗത യോഗ്യ മാക്കിയാൽ യാത്രാ സൗകര്യങ്ങളും മറ്റും വർദ്ധി പ്പിക്കുന്നതാണ്.

## പട്ടിക 1

ഗ്രാമസഭകളിൽനിന്ന് നിർദ്ദേശിക്കപ്പെട്ട താർചെയ്ത് ഗതാഗത യോഗ്യമാക്കേണ്ട മൺറോഡുകളുടെ പട്ടിക

| ക്രമ നമ്പർ | വാർഡ് | റോഡിൻെറ പേര് | നീളം കി. മീ. |
|---|---|---|---|
| 1. | II | കൊറ്റാളി റൂറൽ ഡിസ്പെൻസറി ഇടച്ചേരി വിരിപ്പിൻ വയൽ റോഡ് | 0.215 |
| 2. | III | മാടങ്കര ജംഗ്ഷൻ കൈയ്യാല വരെ | 0.183 |
| 3. | III | കൊറ്റാളിക്കാവ് മുതൽ ലക്ഷ്മി മിൽസ് വരെയുള്ളത് | 0.140 |
| 4. | III-IV | കൊറ്റാളി മാർക്കറ്റ് ഇടപ്പറമ്പ് വയൽ | 0.600 |
| 5. | IV | അസ്സനാർ പീടിക, കല്ലുകെട്ട് ചിറ മദ്രസ്സ | 0.140 |
| 6. | IV | പുല്ലൂപ്പി, മണിയടത്തുവയൽ | 0.175 |
| 7. | IV | കൊറ്റാളി പി. ഡബ്ല്യു. ഡി. റോഡിൽനിന്നും ചാമിയുടെ വീട് വഴി ഇടച്ചേരി വയലിൽ ചേരുന്ന റോഡ് | 0.352 |
| 8. | I | അരയമ്പേത്ത് ഇടച്ചേരി പി. ഡബ്ല്യു. ഡി. റോഡ് വരെ | 0.665 |
| 9. | V | പ്ലൈവുഡ് പത്തേരി മൊട്ട റോഡ് | --- |
| 10. | V | തട്ടുപറമ്പ്, അരുഭാഗം റോഡ് | 0.300 |
| 11. | VI | മാവിലക്കണ്ടി കൊരമ്പിൻ വയൽറോഡ് | ---- |
| 12. | VII | കക്കാട്ടങ്ങാടി ഹരിജൻ കോളനി നമ്പ്യാർ മൊട്ട റോഡ് | 0.600 |
| 13 | VII | നമ്പ്യാർ മൊട്ട ഇടച്ചേരി വയൽ റോഡ് | 0.300 |
| 14. | VII | കള്ളുഷാപ്പ് യതീംഖാന വഴി കുനിയിൽ പീടികയെ ബന്ധിപ്പിക്കുന്നത് | --- |
| 15. | VIII | കണ്ണോത്തുംചാൽ, കക്കാട് സാധുബീഡി സ്റ്റോർ വരെയുള്ളത് | 0.210 |
| 16. | VIII | സുഭാഷ് നഗർ ബാങ്ക് കോളനി വഴി കനാൽ റോഡുമായി ബന്ധപ്പെട്ടത് | --- |
| 17. | X | ജോൺ മിൽ റോഡിൽ ചേരുന്ന ചെട്ടിപ്പീടിക റോഡ് | --- |
| 18. | XI | ഇടച്ചേരി ചന്ദ്രമ്പേത്ത് റോഡ് | --- |
| 19. | XI | കൃഷ്ണമേനോൻ കോളനിയുടെ പടിഞ്ഞാറു വശത്തുകൂടി ഐ. പി. എച്ച്. എൻ. സ്കൂളിൻെറ അടുത്തുകൂടി പോകുന്ന റോഡ് | --- |
| 20. | XI | മണ്ടൂൽ ഗേറ്റ് (ഗോപാലൻ കട) കുഞ്ഞിപ്പള്ളി | --- |
| 21. | XI | കൃഷ്ണമേനോൻ കോളനിയുടെ പിൻവശത്തുള്ള ഇടവഴി വീതികൂട്ടി താർ ചെയ്യുക | --- |
| 22. | XII | പഞ്ചായത്ത് ഓഫീസ് ചെക്കിച്ചിറ വയൽ റോഡ് | 0.260 |

## പട്ടിക 2

### ഗ്രാമസഭകളിൽനിന്നും ഫുട്പാത്ത് റിപ്പയറിനും/ പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് വന്ന നിർദ്ദേശങ്ങളുടെ ലിസ്റ്റ്

| ക്രമ നമ്പർ | വാർഡ് | റോഡിൻെറ പേര് |
|---|---|---|
| 1. | I | പള്ളിക്കുളം രാമതെരു ഇടവഴി |
| 2. | I | വിട്ടൻ ഗംഗാധരൻ അതിർത്തിയിൽനിന്നും 211-ാം നമ്പർ അംഗൻവാടിയിലേക്കുള്ള ഇടവഴി |
| 3. | I | കൃഷ്ണൻ നായരുടെ പറമ്പിൻെറ തെക്കുഭാഗത്തുനിന്നും തുടങ്ങുന്ന ഇടവഴി |
| 4. | I | രാജേന്ദ്ര നഗർ റോഡ്, ഇടച്ചേരി പനങ്കാവ് റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഇടവഴി |
| 5. | II | മുളിയിൽ മുക്കിലുള്ള തമ്മിൽ ബന്ധപ്പെടാത്ത റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുക |
| 6. | I | ഹെൽത്ത് സെൻററിന് അടുത്തുകൂടി പോകുന്ന റോഡ് മറ്റു റോഡുകളുമായി ബന്ധിപ്പിക്കുക |
| 7. | III | കാരായി മുക്കിൽനിന്ന് ഓലാട്ടുചാൽ വഴി ഹരിജൻ കോളനിയിലേക്കുള്ള ഇടവഴി |
| 8. | | കാരായി മോഹനൻെറ വീടു മുതൽ എം. എൻ. വയൽ വരെയുള്ളത് |
| 9. | | മാടങ്കര കയ്യാല വയൽ റോഡു മുതൽ കല്ലുകെട്ട് ചിറ വരെയുള്ളത് |
| 10. | | ശ്മശാനത്തിൻെറ പിൻവശത്തുള്ള ഹരിജൻ കോളനി വരെയുള്ള വഴി |
| 11. | | മാർക്കറ്റ് മുതൽ അരയമ്പേത്ത് വരെ |
| 12. | | കാരായി മുക്കു മുതൽ പച്ച ബാലകൃഷ്ണൻെറ പറമ്പിൻെറ സൈഡിലുള്ളത് |
| 13 | IV | ഹസ്സനാർ പീടിക റോഡ് ജുമാ മസ്ജിദിലേക്കും കുന്നാവിൽനിന്ന് മണിയടത്ത് വയലിലേക്കും റോഡുകൾ നിർമ്മിക്കണം |
| 14. | | പുല്ലൂപ്പി കോളനിയിലെ ഫുട്പാത്ത് കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കണം |
| 15. | V | ശാദുലിപ്പള്ളിക്ക്നിന്നും അത്താഴക്കുന്ന് വായനശാല വരെ പുതിയറോഡ് നിർമ്മിക്കുക |
| 16. | | സൺസ് റോഡ് നിർമ്മാണം പൂർത്തിയാക്കുക |
| 17. | | ശാദുലിപ്പള്ളി വരെയുള്ള ഇടവഴി റോഡാക്കുക |
| 18. | | പത്തരിമൊട്ട ഹരിജൻ കോളനി ഫുട്പാത്ത് റിപ്പേർ ചെയ്യുക |
| 19. | VI | കോവുപ്പറം ഇടവഴി ഗതാഗതയോഗ്യമാക്കുക |
| 20. | VII | നമ്പ്യാർമൊട്ട പ്രഭാകരൻ കടയ്ക്ക് സമീപമുള്ള (കുഴൽ കിണറിന്നടുത്ത്) ഇടവഴി റോഡാക്കി കക്കാട് ഹരിജൻ കോളനി റോഡുമായി ബന്ധിപ്പിക്കുക |
| 21. | IX | സ്പിന്നിങ്ങ് മില്ലിൻെറ പിൻവശത്തുള്ള രണ്ട് ഇടവഴികൾ |
| 22. | | കരിമ്പ് ഗവേഷണ കേന്ദ്രത്തിൻെറ വയലിൽക്കൂടി കൊയിലി ഹോസ്പിറ്റൽ വരെ പുതിയ റോഡ് നിർമ്മിക്കുക |
| 23. | XI | കൃഷ്ണമേനോൻ കോളനിയുടെ കിഴക്കുവശത്ത് സഞ്ചയ് റോഡിലേക്കുള്ള ഇടവഴി |
| 24. | XI | സഞ്ചയ് റോഡിൽനിന്നും കൊമ്പറക്കാവ് വഴി ജയിൽ വാട്ടർപമ്പ് വരെയുള്ള വഴി റോഡാക്കുക |

188

## ഊർജ്ജം

വികസനത്തിന് ഒഴിച്ചുകൂടാൻപറ്റാത്ത ഒരു ഘടകമാണ് ഊർജ്ജം. മുമ്പുകാലത്ത് വിറകും കൽക്കരിയും മറ്റും ഉപയോഗിച്ചാണ് ഊർജ്ജം ഉൽപ്പാദിപ്പിച്ചിരുന്നത്. എന്നാ ൽ വൈദ്യുതിയുടെ ആവിർഭാവത്തോട് കൂടി ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്ക് വൈദ്യുതി കൂടുതൽ ഉപയോഗിക്കുവാൻ തുടങ്ങി.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വൈദ്യുതി ഉൽപ്പാദക രംഗത്ത് കേരളം വളരെ പിന്നിലാണ്. 1953-55 കാലഘട്ടത്തിലാണ് നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. അതിനു മുമ്പ് തെക്കെ ബസാറിലുള്ള ഒരു സ്വകാര്യ കമ്പനി ഉൽപ്പാദിപ്പിച്ച വൈദ്യുതിയാണ് കണ്ണൂരും പരിസരത്തും വിതരണം ചെയ്തിരുന്നത്.

പുഴാതി പഞ്ചായത്തിൽ ആകെ 4500 ഓളം വീടുകൾ ഉണ്ടെങ്കിലും വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം ഏകദേശം 3000 ത്തോളം മാത്രമാണ്. പഞ്ചായത്തിൽ പൊതുവെ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ടെങ്കിലും ചില ഭാഗങ്ങളിൽ ഇത് രൂക്ഷമാണ്. ഇത് പരിഹരിക്കുവാൻ രാമതെരു, കക്കാട്, തുളിച്ചേരി, കുഞ്ഞിപ്പള്ളി പടിഞ്ഞാറ് എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശം ഗ്രാമസഭകളിൽ ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിൽ ഏകദേശം അഞ്ഞൂറോളം സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. കൂടുതൽ സ്ട്രീറ്റ് ലൈറ്റുകളും 22 സോഡിയം വേപ്പർ വിളക്കുകളും സ്ഥാപിക്കുവാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ജനകീയ പങ്കാളിത്തത്തോടുകൂടി കൂടുതൽ തെരുവു വിളക്കുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ ഉണ്ടായിട്ടുണ്ട്. കൂടാതെ വൈദ്യുതി ബന്ധം നിലച്ചുപോയാൽ അത് വീണ്ടും പുനഃസ്ഥാപിച്ചു കിട്ടുവാൻ താമസം നേരിടുന്നുവെന്നും പരാമർശമുണ്ട്.

പഞ്ചായത്തിലെ കൂടുതൽ വീടുകളും പാചകാവശ്യത്തിനായി വിറകും മണ്ണെണ്ണയുമാണ് ഉപയോഗിക്കുന്നത്. കുക്കിങ്ങ് ഗ്യാസ് ഉപയോഗിക്കുന്ന വീടുകളും ഉണ്ട്. ഗോബർ ഗ്യാസ് ഒരേ ഒരിടത്തു മാത്രമാണ് ഉപയോഗിക്കുന്നത്.

### പ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ തെരുവു വിളക്കുകൾ ഇല്ല.

2. വോൾട്ടേജ് ക്ഷാമം പഞ്ചായത്തിൽ പൊതുവെ ഉണ്ട്.

3. വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ കുറവു കാരണം ലൈനിൽ തകരാറു വന്നാൽ ലൈൻ നേരെയാക്കി കിട്ടുവാൻ കാലതാമസം വരുന്നു.

4. വോൾട്ടേജ് ക്ഷാമം കാരണം ഉപഭോക്താവിൻെറ ചിലവ് കൂടുന്നു.

5. വിറക് ക്ഷാമം സാധാരണക്കാരൻെറ പാചകച്ചിലവ് വർദ്ധിപ്പിക്കുന്നു.

### നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും തെരുവു വിളക്കുകൾ സ്ഥാപിക്കണം.

2. നിലവിലുള്ള വൈദ്യുതി വിതരണ സമ്പ്രദായം ആവശ്യമുള്ളിടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചും മറ്റും ശാസ്ത്രീയമായി പരിഷ്കരിച്ചാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കഴിയും.

3. വൈദ്യുതി ഉപയോഗം നിയന്ത്രിക്കുവാൻ ഇലക്ട്രോണിക് ചോക്കിൻെറയും, കുറഞ്ഞ വൈദ്യുതിയിൽ പ്രകാശം നൽകുന്ന കോംപാക്ട്, ഫ്ളോറസെൻറ് ലാമ്പും (E. F. L.) പ്രചരിപ്പിക്കാം.

4. സൗരോർജ്ജം ഉപയോഗിക്കുവാൻ പറ്റുമോ എന്ന് പരീക്ഷിക്കാം.

5. കൂടുതൽ ഗോബർ ഗ്യാസുകൾ ഉണ്ടാക്കുവാനുള്ള സാദ്ധ്യത ആരായണം.

6. പുകയില്ലാത്ത അടുപ്പുകൾ കൂടുതൽ വ്യാപകമാക്കിയാൽ പാചകത്തിനുള്ള ഇന്ധനക്ഷാമം കുറക്കാം.

## മാർക്കറ്റ്

പഞ്ചായത്തിൽ മൂന്ന് മാർക്കറ്റുകൾ നിലവിലുണ്ടെങ്കിലും അവയിൽ മൽസ്യവിൽപ്പന മാത്രമെ നടക്കുന്നുള്ളൂ. വിപണന സൗകര്യം വർദ്ധിപ്പിക്കാൻ നല്ല മാർക്കറ്റുകൾ വേണമെന്ന നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

ഇരുപതാം നൂറ്റാണ്ടിൻെറ ഏതാണ്ട് മദ്ധ്യം വരെ വീടുകളുടെ അവസ്ഥ ശോചനീയമായിരുന്നു. അന്ന് കൂടുതലായും ചെറ്റപ്പുരകളും കട്ടപ്പുരകളും. ഓലമേഞ്ഞതും ഓടിട്ടതുമായ വീടുകളായിരുന്നു. ഇത്തരം വീടുകളിൽ ഇന്നത്തെപോലെ വിശാലമായ മുറികൾ ഉണ്ടായിരുന്നില്ല. പറമ്പിൽ ഒരു വീടും കുറെ വീടുകൾക്ക് ഒരു കിണറുമാണ് ഉണ്ടായിരുന്നത്. വീടുകൾക്ക് പ്രാഥമിക സൗകര്യം കുറവായിരുന്നു. 1970 നുശേഷം ഗൾഫ് പണത്തിൻെറ വരവോടുകൂടിയാണ് വലിയ വീടുകളുടെ നിർമ്മാണം തുടങ്ങിയത്. ഇതിനെ അനുകരിച്ച് ഇടത്തരക്കാരും കടംവാങ്ങി വീടുവെക്കുന്നതിൽ താൽപ്പര്യം കാണിച്ചു തുടങ്ങി. അതിനാൽ വരവിൻെറ വലിയൊരു ഭാഗം വീടു നിർമ്മാണത്തിന് മാറ്റിവെക്കേണ്ടിവന്നു. പുഴാതി പഞ്ചായത്തിലെ ഇന്നു നിലവിലുള്ള ഒട്ടു മുക്കാൽ വീടുകളിലും അടിസ്ഥാന സൗകര്യമുണ്ട്. പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ ഏതാനും കുടിലുകളുമുണ്ട്. പുറമ്പോക്കിൽ താമസിക്കുന്നവർ വളരെ വിരളമാണ്. 6 ഹരിജൻ കോളനികളും 4 ലക്ഷംവീട് കോളനികളും പഞ്ചായത്തിൽ നിലവിലുണ്ട്. ലക്ഷം വീട് പദ്ധതിയിൽ 100 വീടുകൾ പൂർത്തീകരിച്ച പഞ്ചായത്താണ് ഇത്. ഇപ്പോഴത്തെ കണക്കനുസരിച്ച് ഏകദേശം 125 സ്വന്തമായി വീടില്ലാത്തവരും 64 കുടിൽ വാസികളുമുണ്ട്. ഭവന നിർമ്മാണത്തിനുവേണ്ടി പുഴാതി സർവ്വീസ് സഹകരണ ബേങ്ക്, കാർഷിക വികസന ബേങ്ക്, കണ്ണൂർ കോ-ഓപ്പറേറ്റീവ് ഭവന നിർമ്മാണ സൊസൈറ്റി, കണ്ണൂർ ബ്ലോക്ക് കോ-ഓപ്പറേറ്റീവ് ഭവന നിർമ്മാണ സൊസൈറ്റി എന്നിവയെയാണ് ആശ്രയിക്കുന്നത്.

കണ്ണൂർ ഭവന നിർമ്മാണ സഹകരണ സംഘം പത്ത് കോളനികളിലുള്ള 171 വീട്ടുകാർക്ക് പുഴാതി പഞ്ചായത്തിൽ വിവിധ ഘട്ടങ്ങളിലായി 164.75 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്. കൂടാതെ വ്യക്തികൾക്ക് വായ്പാതുകയായി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ കണ്ണൂർ കാർഷിക വികസന ബേങ്ക് 11 പേർക്ക് ഭവന നിർമ്മാണ വായ്പ യായി 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബേങ്ക് കോളനികളും പഞ്ചായത്തിലുണ്ട്. കണ്ണൂർ ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘത്തിൻെറ കീഴിൽ കോളനികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇപ്പോൾ നിലവിലുള്ള വീടുകളിൽ ഭൂരിഭാഗവും പരമ്പരാഗത മാതൃകയിലുള്ളതാണ്. പഞ്ചായത്തിൽ വീടു നിർമ്മാണത്തിനാവശ്യമായ ചെങ്കല്ലും മറ്റു സാമഗ്രികളും ലഭിക്കുന്നില്ല. ഇന്ന് നിർമ്മിക്കുന്ന വീടുകൾ മിക്കതും കോൺക്രീറ്റുകളാണ്

സർക്കാറിൽനിന്നുള്ള ധനസഹായംകൊണ്ട് മാത്രം പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ പ്രയാസമാണ്. കെട്ടിട നിർമ്മാണത്തിനാവശ്യമായ എല്ലാ സാധനങ്ങളും പഞ്ചായത്തിന് പുറത്തുനിന്ന് വാങ്ങുകയാണ് ചെയ്യുന്നത്. ഏതാണ്ട് 25 വർഷം മുമ്പ് കെട്ടിട നിർമ്മാണത്തിൽ പരിചയമുള്ള തൊഴിലാളിക്ക് 8-10 രൂപ കൂലി ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 100-125 രൂപയാണ് കൂലി നിരക്ക്. 100 രൂപയ്ക്ക് ലഭിച്ചിരുന്ന സിമൻറ് ഇന്ന് 180 രൂപ വിലയാണ്. അതുപോലെ കല്ലിൻെറ വില 1200രൂപയിൽനിന്ന് 8000 രൂപയിലേക്ക് കുതിച്ചുയർന്നു. ഇപ്പോൾ എല്ലാ കെട്ടിട നിർമ്മാണ സാമഗ്രികൾക്കും വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

### പ്രശ്നങ്ങൾ:

1. വ്യക്തിഗതമായ ഭവന നിർമ്മാണ ലോണുകൾക്ക് പ്രയാസം നേരിടുന്നു.

2. വായ്പക്കുള്ള പലിശനിരക്ക് ഉയർന്നതാണ്.

3. നിർമ്മാണ സാമഗ്രികളുടെ വില വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

4. ഭൂവിലയിലുള്ള അമിതമായ കുതിച്ചുകയറ്റം. പുതിയ വീടുകളുണ്ടാക്കാൻ സ്ഥലങ്ങൾ കിട്ടാനുള്ള പ്രയാസം.

5. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം.

### നിർദ്ദേശങ്ങൾ:

1. ഇടത്തരക്കാർക്കായുള്ള സഹായധനം വർദ്ധിപ്പിക്കണം.

2. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കണം.

3. വായ്പകൾക്കുള്ളപലിശനിരക്ക് കുറക്കണം.

4. ഫ്ളാറ്റ് സമ്പ്രദായത്തിലുള്ള വീടുകളുടെ നിർമ്മാണം പ്രോൽസാഹിപ്പിക്കണം.

5. നിർമ്മാണ തൊഴിലുകളുടെ ക്ഷാമം നികത്താനും ചിലവ് കുറഞ്ഞ വീട് നിർമ്മാണം വൈദഗ്ദ്ധ്യം നേരിടുന്നതിന് പഞ്ചായത്തിൽ 'നിർമ്മിതികേന്ദ്രം' മാതൃകയിൽ പരിശീലന കേന്ദ്രം സ്ഥാപിക്കണം.

6. ആഡംബര പൂർണ്ണമായ വീടു നിർമ്മാണം ബോധവൽക്കരണം വഴി നിരുൽസാഹപ്പെടുത്തണം.

7. നിർമ്മാണചെലവിന്പരിധി നിശ്ചയിക്കണം.

## സാമൂഹ്യക്ഷേമം

നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ജാതിസമ്പ്രദായങ്ങൾ ചില വിഭാഗം ആളുകളുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായി ദാരിദ്ര്യത്തിൻെറ ദുരിതം കൂടുതൽ അനുഭവിച്ചവർ; വിധവകൾ, വികലാംഗർ, അഗതികൾ, വൃദ്ധൻമാർ, തൊഴിലില്ലാത്തവർ എന്നിവരായിരുന്നു. വളരെ താഴെക്കിടയിലുള്ളവരുടെ ഉന്നമനത്തനായി 1954 ൽ വികസന ബ്ലോക്കുകൾ രൂപീകരിച്ചു. തുടർന്ന് പിന്നീട് പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 1960 ൽ ക്ഷേമപദ്ധതികൾ തുടങ്ങി. ഗ്രാമവികസന വകുപ്പ്, കൃഷിഭവൻ, ഗ്രാമപഞ്ചായത്ത് എന്നിവ വഴിയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നത്, ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ് മുഖേനയാണ് ധനസഹായമെത്തിക്കുന്നത്. ഇത് പ്രകാരം IRDP, DWCRA മുതലായ സ്കീം പ്രകാരമാണ് സഹായം നൽകിവരുന്നത്. IRDP സർവ്വെ പ്രകാരം കണ്ടെത്തിയ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം.

| | ആകെ | SC/ST |
|---|---|---|
| 1991 ലെ കുടുംബങ്ങളുടെ എണ്ണം | 1523 | 73 |
| 1995-96 വരെ സഹായം ലഭിച്ച ആളുടെ എണ്ണം | 469 | |
| സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ എത്തിയവർ | - 104 | |
| ട്രൈസം തൊഴിൽ പരിശീലനം വഴി തൊഴിൽ ലഭിച്ചവരുടെ എണ്ണം | - 92 | |

സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം - 86

DWCRA പ്രകാരം തൊഴിൽ സംരംഭങ്ങളുടെ വിവരം

| | | |
|---|---|---|
| ഗാർമെൻറ്സ് മെയക്കിങ്ങ് | 90-91 ൽ | 2 എണ്ണം |
| | 93-94 ൽ | 1 എണ്ണം |

സർവ്വേ പ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം - 263

വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ - 103

അനുവദിച്ച് പൂർത്തീകരിക്കാത്ത വീടുകൾ - 5

പൂർത്തീകരിച്ച വീട് - 98

IRDP സർവ്വേ പ്രകാരം സാനിറ്ററികക്കൂസ്സുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം - 119

പൂർത്തികരിച്ചവയുടെ എണ്ണം - 116

വിവിധ സ്കീമുകളിലായി ഉണ്ടാക്കിയ ആസ്തികളുടെ എണ്ണം

| കിണർ | വാട്ടർ ടാങ്ക് | പമ്പ് ഹൗസ് | പമ്പ്സെറ്റ് |
|---|---|---|---|
| 44 | 14 | 2 | 16 |

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനീക ഉപകരണങ്ങൾ നൽകിയതിൻെറ വിവരം :

| | |
|---|---|
| IRDP സർവ്വേ പ്രകാരം കണ്ടെത്തിയവർ | - 57 |
| സഹായം ലഭിച്ചവർ | - 29 |
| സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | - 28 |

## അംഗൻവാടികൾ

പഞ്ചായത്തിൽ 26 അംഗൻവാടികൾ പ്രവർത്തിക്കുന്നു. 9-30 മുതൽ 3-30 വരെയാണ് പ്രവർത്തന സമയം

| | |
|---|---|
| 95-96 ൽ അംഗൻവാടി വഴി പ്രതിരോധ കുത്തിവെപ്പു കിട്ടിയ കുട്ടികളുടെ എണ്ണം | - 272 |
| അനുപൂരക പോഷകാഹാരം ലഭിച്ച കുട്ടികളുടെ എണ്ണം | - 696 |
| അനുപൂരക പോഷകാഹാരം ലഭിച്ച ഗർഭിണികൾ | - 87 |
| അനുപൂരക പോഷകാഹാരം ലഭിച്ച മുലയൂട്ടുന്ന അമ്മമാർ | - 88 |
| അയേൺ ഗുളിക ലഭിച്ച ഗർഭിണികൾ | - 137 |
| അയേൺ ഗുളിക കഴിച്ച കുട്ടികൾ | - 273 |
| വിറ്റാമിൻ എ- തുള്ളി മരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | - 1010 |

## പ്രശ്നങ്ങൾ:

1.വിവിധ സഹായ സ്കീമുകളെ കുറിച്ച് ആളുകൾ ബോധവാൻമാരല്ല.

2. ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ വിഷമിക്കുന്നു.

3. വിവിധ പെൻഷനുകൾക്കപേക്ഷിച്ചാൽ അത് കിട്ടാൻ കാലതാമസം നേരിടുന്നു.

4. നിലവിലുള്ള അംഗൻവാടികളിൽ വേണ്ടത്ര സൗകര്യങ്ങളും കളിക്കോപ്പുകളുമില്ല.

5. അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ വേതനം തൃപ്തികരമല്ല.

6. മിക്ക അംഗൻവാടികൾക്കും വെള്ളം ലഭിക്കുവാനുള്ള സൗകര്യവും കക്കൂസുമില്ല.

## നിർദ്ദേശങ്ങൾ :

1. വിവിധ ക്ഷേമപ്രവർത്തനം വഴിയുള്ള ആനുകൂല്യങ്ങളെ പറ്റി ബോധവൽക്കരണം നടത്തണം.

2. കക്കൂസിനുള്ള ആനുകൂല്യം വർദ്ധിപ്പിക്കണം.

3. D W C R A യൂനിറ്റ് തുടങ്ങാൻ വനിതകളെ പ്രോൽസാഹിപ്പിക്കണം.

4. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരുമാന വർദ്ധനവുണ്ടാക്കാൻ കഴിയും.

[redacted]

# സംസ്കാരം - സ്പോർട്സ്

സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായ കലയും സാഹിത്യവുമൊക്കെതന്നെ മനുഷ്യജീവിതത്തിൻെറ വ്യാഖ്യാനമാണെന്ന് മാത്രമല്ല ദുരവസ്ഥകൾ ചൂഴ്ന്നുനിന്ന ഇന്നലകളുടെ തിക്താനുഭവങ്ങൾ ഉൻമൂലനം ചെയ്യാനുള്ള തിരിച്ചറിവുകളും, സമൂഹം ഇന്നെത്തിനിൽക്കുന്നിടം വരെ ത്യാജ ഗ്രാഹ്യബുദ്ധിയുടെ അടിസ്ഥാനത്തിൽ കാണാനുള്ള കണ്ണാടിയും സുന്ദരവും മഹത്തരവുമായ നാളയെ സ്വപ്നം കാണാനുള്ള ഒരു ദൂരദർശിനിയും കൂടെയാണ്. ആയതുകൊണ്ട് തന്നെ സാമൂഹ്യസംഘടനയിലെ അസമത്വങ്ങൾക്കും അനീതികൾക്കുമെതി രെ അലംഭാവവും അവധിയുമില്ലാതെ പോരാ ടുന്ന പടനിലങ്ങളായി മാറുന്നു. സാംസ്കാരികരംഗം മാത്രമല്ല ജീർണ്ണ സംസ്കാര പ്രവർത്തനങ്ങളുടെ മിന്നലാട്ടങ്ങൾ അങ്ങിങ്ങായി കാണാമെങ്കിലും ഉചിതമായ രീതിയിൽ മനുഷ്യനൻമയിൽ അധിഷ്ഠിതമായ ഇടപെടലുകളാൽ അവയൊക്കെ തന്നെയും ആശങ്കാകുലമല്ലാതായി തീരുന്നു. ഇത്തരം കാര്യങ്ങളിലുള്ള നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തന ങ്ങൾ ശരിയായ വിധത്തിൽ വിശകലനം ചെയ്യുകയാണെങ്കിൽ തീർച്ചയായും നൻമയിലൂന്നിയുള്ള ലക്ഷ്യത്തിലേക്ക് തന്നെയാണ് നീങ്ങുന്നത് എന്ന കാര്യത്തിൽ പക്ഷാന്തരമില്ല. അങ്ങനെ പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിൻെറ പൂർവ്വകാല ചരിത്രവും ഇന്നു നാം എത്തിനിൽക്കുന്ന അവസ്ഥയും അഭിമാനാർഹമായ നേട്ടങ്ങളുടേതാണ്. വളരെ ബൃഹത്തായ ഒരു ശൃംഖല തന്നെ . സാംസ്കാരിക രംഗത്തും, കായിക രംഗത്തും നമുക്കുള്ളതിൻെറ പട്ടികയിൽ ഏതാനും പേരു വിവരങ്ങളാണ് ചുവടെ ചേർക്കുന്നത്.

പ്രശസ്ത നാടകരചയിതാവും നിരൂപകനും ആധികാരിക ഗ്രന്ഥങ്ങളുടെ അവതാരകനുമായ ഡോ: ടി. പി. സുകുമാരൻ (ഈയിടെ അന്തരിച്ചു), നക്ഷത്ര തുല്യമായ രചനാവൈഭവം കൈമുതലുള്ള ചെറുകഥാപ്രസ്ഥാന തറവാടിൻെറ ഉമ്മറത്ത് കാലും നീട്ടിയിരിക്കുന്ന ചെറുകഥാകൃത്ത് ടി. പത്മനാഭൻ, സുപ്രസിദ്ധനും അനുഗൃഹീതനുമായ ചലച്ചിത്ര സംവിധായകൻ കണ്ണൂർ രാജൻ (അന്തരിച്ചു.), മച്ചാട്ട് കൃഷ്ണൻ (കോഴിക്കോട് സ്ഥിരതാമസമാക്കിയതിനു ശേഷം നിര്യാതനായി), മാസ്മരിക ശബ്ദത്തിനുടമയായ ഗായികയും അഭിനേത്രിയുമായ മച്ചാട്ട് വാസന്തി (ഇപ്പോൾ കോഴിക്കോട് താമസം), ആകാശവാണിയിലും അമേച്വർ, പ്രൊഫഷണൽ നാടകവേദിയിലും ശ്രീമതിമാർ ടി. സാവിത്രി (കണ്ണൂർ), പി. ശോഭന, ദമ്പതികളും നൃത്താദ്ധ്യാപകരുമായ സി. എച്ച്. ബാലകൃഷ്ണൻ, മനോരമാ ബാലകൃഷ്ണൻ, നാടകം-നൃത്ത നാടകം എന്നീ മേഖലകളിൽ സംഗീത സംവിധാനം നിർവ്വഹിച്ചവരായ കൻമനത്ത് രാഘവൻ, വി. ബാലൻ, ചോറൻ ദാമോദരൻ, എ. മാനുവൽ (നാലുപേരും അന്തരിച്ചു), നാടകാദികളിൽ വ്യക്തിമുദ്ര പതിപ്പിച്ച സി. പി. ചന്തു, ചേമ്പൻ നാരായണൻ, കെ. പി. കെ. റാം (ഇപ്പോൾ ചേലോറ പഞ്ചായത്തിലെ പള്ളിപ്പുറത്താണ് താമസം) എഴുത്തുകാരും കലാപ്രവർത്തകരുമായ എ. പി. ചന്ദ്രൻ, കോയ കേച്ചേരി, ചട്ട പ്രഭ, കാലയവനികക്കുള്ളിൽ മറഞ്ഞ കണിയാങ്കണ്ടി അബൂബക്കർ, എ. പി. അബൂബക്കർ, അനുഷ്ഠാന കലകളായ തെയ്യംതിറകളുടെ ആധികാരിക വക്താക്കളും പ്രണയേതാക്കളുമായ സി. വട്ട്യൻ ഗുരുക്കൾ, കരക്കാടൻ കാരി ഗുരുക്കൾ, കോൽക്കളി എന്ന കലാരൂപത്തിൻെറ വടക്കൻ രീതിയിലുള്ള അവതാരകനായ ആരംഭൻ പൊക്കൻ, തെക്കൻ രീതിയിലുള്ള അവതാരകനായ ചിമ്മിണിയൻ കോരൻ ഗുരുക്കൾ, തെയ്യം കലാകാരനായ പനയൻ കരുണൻ (ഇവരൊക്കെ അന്തരിച്ചവരാണ്). ആരംഭൻ പത്മനാഭൻ എന്നിവരാണവർ. ഹൈസ്കൂൾകലാ പ്രതിഭയായ സജിൻ രവീന്ദ്രനും ഇക്കൂട്ടത്തിൽ പെടും.

അതുപോലെ തന്നെ കായിക രംഗങ്ങളിലും പ്രശസ്തരും പ്രഗത്ഭരുമായിട്ടുള്ള പലരും നമ്മുടെ പഞ്ചായത്തിൻെറ അഭിമാനങ്ങളായി തന്നെയുണ്ട്. അക്കൂട്ടത്തിൽ പെടുന്ന ചിലരുടെ പേരുകളാണ് താഴെ ചേർക്കുന്നത്. കേരളാ പോലീസിലെ ഏറെ ആവേശമായ എ. ശ്രീനിവാസൻ കേരളാ വനിതാ ഫുട്ബോൾ ടീമംഗങ്ങളായ കെ. ഉഷാകുമാരി (മുൻ സംസ്ഥാന വനിതാ ഫുട്ബോൾ ടീം ക്യാപ്റ്റനും. ഇപ്പോൾ ഇന്ത്യൻ വനിതാ ഫുട് ബോൾ ടീമിൻെറ കോച്ചിങ്ങ്ക്യാമ്പിൽ പങ്കെടുക്കുകയുംചെയ്യുന്നു. കെ. ചിത്ര സംസ്ഥാന ഫുട്ബോൾ ടീമിൻെറ ക്യാപ്റ്റൻ) കെ. ബേബി സ്പോർട്സ് രംഗത്ത് നിറഞ്ഞു നിൽക്കുന്ന ഇവരെയും, മറ്റു പലരെയും പരിശീലിപ്പിച്ചെടുക്കുന്നതിന് കുറെയധികം വിയർപ്പൊഴുക്കിയ എ. സുകുമാരൻ മാസ്റ്റർ (റിട്ട.

അദ്ധ്യാപകൻ ) സ്പിരിറ്റഡ് യൂത്ത്സിൻെറ ഗോൾ വലയ കാവൽക്കാരായിരുന്ന ചൊയ്യാൻ രാജൻ, പി.പി. മൊയ്തീൻകുട്ടി, ലക്കിസ്റ്റാർ സ്പോർട്സ് ക്ലബ്ബിൻെറ താരമായി പ്രശോഭിച്ച സി. ചന്ദ്രൻ , ഫുട്ബോൾ താരങ്ങളായ പി. സുകുമാരൻ, കെ.പി. ദേവദാസൻ, കെ. രാജീവൻ, കെ. അനിൽകുമാർ , കെ. പ്രഭാകരൻ , കെൽട്രോണിൻെറ കളിക്കാരനായ കെ. സന്തോഷ് കുമാർ ,സ്പിരിറ്റഡ് യൂത്ത്സിൻെറ മനോജ്, ബാഡ് മിൻറൻ താരങ്ങളായ എടയത്ത് അനന്തൻ, കെ.സി. കരുണാകരൻ (അന്തരിച്ചു) ഷട്ടിൽ ബാഡ് മിൻറൺ ജില്ലാ ചാമ്പ്യൻ പദവി കരസ്ഥമാക്കിയ റജിന രവീന്ദ്രൻ മിനർവ്വ സ്പോർട്സ് ക്ലബിൻെറ താരമായ എ. ഭാസ്കരൻ , ചട്ട ഭാസ്കരൻ, എം . വി . ഭരതൻ, ലക്കിസ്ററാറിൻെറ എ. നാരായണൻ , ഭരോദ്വഹനത്തിൻെറ ടി.സി. ശ്രീധരൻ, എ. എം. ഭരതൻ, ശരീര സൗന്ദര്യമത്സരത്തിൽ മിസ്റ്റർ കണ്ണൂർ ആയിരുന്ന പി. പി. യൂസഫ്, ആയോധന കലയായ, വിവിധ രീതിയിലുള്ള കളരി മുറകളെ സംസ്ഥാന തലങ്ങളിൽ പോലും സംഘടിക്കപ്പെട്ട വേദികളിൽ അവതരിപ്പിച്ച് അഭിനന്ദനർഹമാം വിധം നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കിയ ഇടച്ചേരി എം. ജി. എസ്.കളരി സ്ഥാപകൻ. ഈരായി മുകുന്ദൻ ഗുരുക്കൾ, (അന്ത രിച്ചു) പുഞ്ചേൻ ദിനേശൻ ഗുരുക്കൾ പഴയകാലത്ത് ഗുസ്തിരംഗത്ത് നിറഞ്ഞുനിന്നിരുന്ന ആക്കാമൽ ദാമു ഗുരുക്കൾ, കുണ്ടുവളപ്പിൽ ആമു ഗുരുക്കൾ എന്നി വരും നമ്മുടെ അഭിമാനങ്ങളാണ്.

അവസരവും പ്രോൽസാഹനവും കിട്ടുമെങ്കിൽ കലാകായികരംഗങ്ങളിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിൻെറ അഭിമാന ഭാജകങ്ങളാകാൻ കഴിയുന്ന നിരവധി പുതുനാമ്പുകൾ ഉണ്ടെന്നുള്ളതിന് വർഷങ്ങളായി നാം നടത്തിവരുന്ന കേരളോത്സവത്തിലെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ സംസ്ഥാനതലങ്ങളിലെ അനുഭവങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇതിൽ നിരവധി വർഷങ്ങളായി സ്തുത്യർഹമാം വിധം പ്രവർത്തിച്ചു വരുന്ന കൊറ്റാളിയിലെ ദേശാഭിവർദ്ധിനി വായനശാല, അത്താഴക്കുന്നിലെ ദേശോദ്ധാരണ ഭജന സംഘം & ഗ്രന്ഥാലയം, അത്താഴക്കുന്നിലെ തന്നെ ബാഫാക്കി തങ്ങൾ മെമ്മോറിയൽ വായനശാല & ഗ്രന്ഥാലയം, ശാദുലിപ്പള്ളിയിലെ, ബാഫാക്കി തങ്ങൾ വായനശാല, പൊടിക്കുണ്ടിലെ എടക്കണ്ടി കുഞ്ഞമ്പു സ്മാരക വായനശാല, പള്ളിക്കുന്നിലെ റീഡിങ്ങ് ക്ലബ്ബ് & ഗ്രന്ഥാലയം കക്കാടുള്ള സേവാ സമാജം ഗ്രന്ഥാലയം, കക്കാട് തന്നെയുള്ള വാസ് ഗ്രന്ഥാലയം & വായനശാല എന്നീ സാംസ്കാരിക സ്ഥാപനങ്ങൾ, അനൗദ്യോഗിക വിദ്യാഭ്യാസ നേട്ടങ്ങൾ എന്ന നിലയിൽ സാമൂഹ്യ പരിഷ്ക്കരണത്തിൻെറ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളാണ്.

പല കാലങ്ങളായി നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കുകയും കാലഹരണപ്പെടുകയും ചെയ്ത കൈയ്യെഴുത്ത് മാസികളും സാമൂഹ്യനൻമയെ ലാക്കാക്കി പ്രവർത്തിച്ചിട്ടുണ്ടായിരുന്നു. അതിൽ പൊൻപുലരി, യുവകാഹളം , മിത്രം, രചന, ജിസ്പി, തപസ്യ, മുക്തി, എന്നിവയൊക്കെ നിരവധി ബാലാരിഷ്ടങ്ങൾ ഉണ്ടെങ്കിലും ത്യാഗസന്നദ്ധതയുടെ മകുടോദാഹരണങ്ങൾ തന്നെയായിരുന്നു. ഇവയൊക്കെ സൃഷ്ടിയുടെ ശേഖരണം, സാമ്പത്തികമായ സുസ്ഥിരത , ത്യാഗ മനോ ഭാവം, സ്ഥിരോത്സാഹം എന്നിവയെക്കെ കൈയെഴുത്ത് മാസിക പ്രസ്ഥാനത്തിൻെറ ആയുസ് വർദ്ധിപ്പിക്കാനുള്ള ഔഷധങ്ങളാണ് എന്നുള്ളത് കൈയെഴുത്തു മാസിക നടത്തിയതിനുള്ള പ്രശ്നങ്ങളാണ്.

പ്രചാരണ മദ്ധ്യമങ്ങളിലുള്ള ഏറ്റവും ശക്തമായിട്ടുള്ള സിനിമയെ പോലും മറികടന്ന് ആബാലവൃദ്ധം ജനങ്ങളെയും ആകർഷിക്കുന്ന ഒരു ഉപാധിയാണ് ടി. വി. ഇത് ഗുണത്തെക്കാളും ദോഷങ്ങളും സമൂഹത്തിൽ വാരിവിതക്കുന്നുണ്ടെങ്കിലും അതിൻെറ സ്വാധീന മേഖല വിപുലമാണെങ്കിലും നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങൾക്കുള്ള 3 ടി.വി. സെറ്റുകളാണ് ഉള്ളത്. അവ യഥാക്രമം കക്കാട് സേവാ സമാജം & ഗ്രന്ഥാലയം, പുല്ലൂപ്പി ലക്ഷം വീട് കോളനി, അംബേദ്ക്കർ കോളനി എന്നിവിടങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്.

മുകളിൽ പറഞ്ഞപോലെ കലാകായിക രംഗങ്ങളിൽ നിരവധി സംഭാവനകൾ നൽകാൻ നമ്മുടെ പ്രതിഭകൾക്ക് ആയിട്ടുണ്ടെങ്കിലും അവയെ യഥാവിധി അഭ്യസിക്കാനും. അവതരിപ്പിക്കാനും അനുയോജ്യമായ വേദി അഥവാ സ്ഥലം ഇല്ല എന്നത് ഏറ്റവും ഖേദകരമാണ്. ഈ കാര്യത്തിൽ പ്രതീക്ഷ നൽകുന്നത് കക്കാട് പുഴയോട് ചേർന്നിട്ടുള്ള പുഴാതി പഞ്ചായത്തിൻെറ തന്നെ മിനി സ്റ്റേഡിയമാണ്. ഇതിൻെറ പൂർത്തീകരണം ഒരു യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുകയെന്നുള്ളതാണ് ഏറ്റവും കരണീയമായ ഒരു പ്രശ്നം. ഇപ്പോഴുള്ളത്, മുകളിൽ പറഞ്ഞ ആവശ്യങ്ങൾ ഭാഗികമാണെങ്കിലും നിർവ്വഹിച്ചുവരുന്നത് പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ചുള്ള കമ്മ്യൂണിറ്റിഹാളും, പുഴാതി ഗവ: ഹൈസ്കൂളിനോടനുബന്ധിച്ചുള്ള ഗ്രൌണ്ടുമാണ് ഈ കാര്യത്തിൽ അടിയന്തിര ശ്രദ്ധയും പ്രവർത്തന വേഗതയും ഉണ്ടാകേണ്ടതാണ്.

194

പുഴാതി ഗ്രാമപഞ്ചായത്തിലെ കലാ-കായിക സ്ഥാപനങ്ങളുടെ പേരുവിവരം:

| | |
|---|---|
| 1. ചേതനാതിയറ്റേസ് , | അത്താഴക്കുന്ന് |
| 2. സഖ്യശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | |
| 3. രചനാ കലാവേദി | " |
| 4. സാമ ഓർക്കെസ്ട്ര | " |
| 5. നവരശ്മി കലാ നിലയം | " |
| 6. സ്പോർട്ടിങ്ങ് സെൻറർ | " |
| 7. ന്യൂ ഫ്രൻസ് സ്പോർട്സ് ക്ലബ്ബ് | " |
| 8. ഫ്രൻറ്സ് സ്പോർട്സ് ക്ലബ്ബ് | " |
| 9. അപ്പോളോ ബ്രദേർസ് സ്പോർട്സ് ക്ലബ്ബ് | " |
| 10. ചിയേഴ്സ് സ്പോർട്സ് ക്ലബ്ബ് | " |
| 11. റണ്ണിങ്ങ് സ്റ്റാർ സ്പോർട്സ് ക്ലബ്ബ് | " |
| 12. ബ്രില്ല്യൻറ് മ്യൂസിക്ക് ആൻറ് സ്പോർട്സ് ക്ലബ്ബ്, ശാദുലിപ്പള്ളി | |
| 13. മുക്കാബല ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് | " |
| 14. യുവജന കലാസമിതി, കൊറ്റാളി | " |
| 15. ബ്രദേഴ്സ് ക്ലബ്ബ്, പൊടിക്കുണ്ട് | |
| 16. റെഡ് സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പൊടിക്കുണ്ട്. | |
| 17. ഉദയ കലാസമിതി, ചിറക്കൽ | |

ഊഷ്മളമായ സൗഹൃദത്തിൻെറയും സഹകരണത്തിൻേറതുമായ മനസ്സുകളിലൂടെ ഏകോതര സഹോദരത്വം കൊള്ളുകയും കൊടുക്കുകയും ചെയ്യുന്ന സംസ്ക്കാര പൈതൃകമുള്ള പുഴാതി ഗ്രാമ പഞ്ചായത്തിലെ ആരാധനാലയങ്ങൾ :

1. കക്കാട് ജുമാ അത്ത് പള്ളി
2. ഇടച്ചേരി പള്ളി
3. ഇടച്ചേരി മുത്തപ്പൻ ക്ഷേത്രം
4. കൊമ്പ്രക്കാവ്
5. അത്താഴക്കുന്ന് ജുമാ മസ്ജിദ്
6. ശാദുലി പള്ളി
7. ബദർ പള്ളി
8. തായക്കാവ് ശ്രീ ഭഗവതിക്ഷേത്രം
9. കുഞ്ഞിപ്പള്ളി
10. റഹ്മാനിയ പള്ളി
11. കൊറ്റാളി ശ്രീ കുറുമ്പക്ഷേത്രം
12. കൊറ്റാളി മുത്തപ്പൻ ക്ഷേത്രം
13. നമ്പ്യഞ്ചേരി ക്ഷേത്രം
14. ചിറക്കര പള്ളി
15. ഹൈദ്രോസ് പള്ളി
16. മൊഹിദ്ദീൻ പള്ളി
17. ശ്രീപുരം പാസ്റ്റർ സെൻറർ
18. എഡ്ഡസ്സ കോൺ വെൻറ്
19. പ്രതീക്ഷാ ഭവൻ
20. രമാം ബികാ മന്ദിരം

# ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങളും സാധ്യതകളും നിർദ്ദേശങ്ങളും

1. ഇടച്ചേരി രാമതെരു ഗ്രാമോദ്ധാരണ സംഘം എടങ്കണ്ടി കുഞ്ഞമ്പു സ്മാരകവായന ശാലക്ക് സ്ഥലമുണ്ടെങ്കിലും കെട്ടിട നിർമ്മാണത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുകയും. ഒരു ടി. വി. സെറ്റ് അനുവദിച്ചുകിട്ടേണ്ടതുമാണ്.

2. പഞ്ചായത്തിലെ കായികതാരങ്ങൾക്കാ വശ്യമായ സ്പോർട്സ് ഉപകരണങ്ങൾ ക്ലബ്ബുകൾ മുഖേന ലഭ്യമാക്കി ആവശ്യമായ പ്രോൽസാഹനവും സഹായവും നൽകണം.

3. മൂന്നാം വാർഡിൽ സാംസ്ക്കാരിക സ്ഥാപനങ്ങളോ സ്പോർട്സ് ക്ലബ്ബുകളോ ഇല്ലാത്തതു കൊണ്ട് ഗ്രാമ്പലയങ്ങൾ ഉൾപ്പെടെയുള്ള മുകളിൽ പറഞ്ഞ സ്ഥാപനങ്ങൾ ഉണ്ടാവുന്നതിനോടൊപ്പം പൊതു റേഡിയോ ടെലി വിഷൻ സെറ്റുകൾ മുതലായ വയും ലഭ്യമാക്കണം.

4. നാലാം വാർഡിൽ കൊളപ്പാല ലക്ഷം വീട് കോളനിയിലെ താമസക്കാർക്കു വേണ്ടി ടെലിവിഷൻ സെറ്റ് ആവശ്യമാണ്. പ്രാഥമിക ആരോഗ്യ ക്ലാസ്സുകൾ നടത്തുന്നതിനോടൊപ്പം സാംസ്ക്കാരിക സ്ഥാപന ങ്ങളും ഗ്രന്ഥാലയങ്ങളും സ്ഥാപിക്കുക.

5. പഞ്ചായത്തിൽ സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മി ച്ചുനൽകുക.

6. പഞ്ചായത്ത് തലത്തിൽ കലാകാരൻമാരെ കണ്ടെത്തി അവരെ പ്രോൽസാഹിപ്പിക്കുവാനുള്ള കാര്യങ്ങൾ ചെയ്യുക.

7. സ്ത്രീകളുടെ വായനാശീലം വളർത്തു ന്നതിനുവേണ്ടി അവർക്കായുള്ള ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കുക.

8. വിവിധ മേഖലകളിൽ സഹകരണ സംഘ ങ്ങൾ ഉണ്ടാക്കുക.

9. പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.

10. വാർഡിലെ ഓരോ വീട്ടിലെയും തൽപ്പരരായ അംഗങ്ങളെ ചേർത്ത് ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനം സജീവമാക്കുക. അതുവഴി സ്ത്രീകളുടെ വായനാശീലം വളർത്താൻ സാധിക്കും.

11. പത്താം വാർഡിൽ പൊതുവായുള്ള ടി. വി. ഇല്ല വായനശാലയിൽ ഇതുപോലുള്ള മാധ്യമങ്ങൾ ഉണ്ടാക്കുന്നത് നല്ലതാണ്. വായനശാലയ്ക്കുള്ള ഗ്രാൻറുകൾ നേടിയെടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുക്കണം.

# വനിത

പണ്ടുകാലത്ത് കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ധാരാളം സ്ത്രീകൾ ജോലിചെയ്തിരുന്നു. കാർഷിക മേഖല പിന്നോട്ടായതിനാലും വ്യവസായ മേഖലയിൽ സ്ത്രീകളെ നിയമിക്കുന്നത് കുറഞ്ഞുവരുന്നതിനാലും സ്ത്രീകൾ അധികവും കെട്ടിട നിർമ്മാണ തൊഴിലിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. കൂടാതെ കൈത്തറി, ബീഡി വ്യവസായ മേഖലയിലും സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്.

ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനത്തിൽ ഈ പഞ്ചായത്തിലെ ധാരാളം സ്ത്രീകൾ രംഗത്തുണ്ടായിരുന്നു.

പൊതുരംഗത്തുള്ള സ്ത്രീകളുടെ പ്രവർത്തനം കുറവാണ്.

പുഴാതി പഞ്ചായത്തിലെ ജനസംഖ്യയിൽ ഏകദേശം 48% സ്ത്രീകളാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരിലും സ്ത്രീകൾ പുരുഷൻമാരെ അപേക്ഷിച്ച് കുറവാണ്. മൊത്തം ജനസംഖ്യയിൽ സ്ത്രീ പുരുഷാനുപാതം ഏകദേശം 1000 പുരുഷൻമാർക്ക് 968 സ്ത്രീകൾ എന്ന തോതിൽ വരും. മൊത്തം 4506 കുടുംബത്തിൽ ഉദ്ദേശം 751 കുടുംബങ്ങളുടേയും നിയന്ത്രണം സ്ത്രീകളാണ്.

വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് കുറവാണ്. ഇത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത പട്ടികയിൽ നിന്നും വ്യക്തമാകും.

പുരുഷൻമാരുടെ തൊഴിൽ പങ്കാളിത്തം 43.16% വരുമ്പോൾ സ്ത്രീകളുടെ പങ്കാളിത്തം 9.64 % മാത്രമാണ്. സ്ത്രീ തൊഴിലാളികളിൽ 50 % ഭാഗിക തൊഴിലാളികളാണ്. വിവിധ തൊഴിൽ മേഖലയിലെ സ്ത്രീ പുരുഷൻമാരുടെ അന്തരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

198

പട്ടിക

**തൊഴിൽ പങ്കാളിത്തം**

| ക്രമ നമ്പർ | തൊഴിൽമേഖല | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|---|
| 1. | കർഷകർ | 113 | 22 |
| 2. | കർഷക തൊഴിലാളി | 350 | 99 |
| 3. | മൃഗസംരക്ഷണം | 121 | 25 |
| 4. | ഖനനം | 8 | --- |
| 5. | ഗൃഹോപകരണങ്ങൾ നിർമ്മാണവും നന്നാക്കലും (റിപ്പയർ) | 116 | 61 |
| 6. | മറ്റു സാധനങ്ങൾ നിർമ്മിക്കലും നന്നാക്കലും (റിപ്പയർ) | 2368 | 470 |
| 7. | കെട്ടിട നിർമ്മാണം | 447 | 50 |
| 8. | വാണിജ്യവും വ്യവസായവും | 1472 | 74 |
| 9. | ഗതാഗതം, വാർത്താവിനിമയം - സംഭരണം | 732 | 37 |
| 10. | മറ്റുള്ളവ | 634 | 465 |

അവലംബം സെൻസസ് 1991

## തൊഴിൽ പങ്കാളിത്വം

കർഷകതൊഴിലാളികൾ, അദ്ധ്യാപകർ, കൈത്തറി, ബീഡി വ്യവസായം, കെട്ടിട നിർമ്മാണം എന്നീ മേഖലകളിൽ മാത്രമാണ് സ്ത്രീകൾക്ക് മുൻഗണനയുള്ളത്.

കൈത്തറി മേഖലയിൽ നൂൽനൂൽപ്പ് സ്ത്രീകൾ മാത്രം ചെയ്യുന്നതൊഴിലാണ്. കർഷക തൊഴിലിൽ സ്ത്രീകളുടെ പങ്കാളിത്വം കുറഞ്ഞു വരുന്നതായും കൈത്തറി മേഖലയിലും ബീഡി മേഖലയിലും സ്ത്രീകളുടെ എണ്ണം കൂടിവരുന്നതായും കാണുന്നു. കൃഷിമേഖലയിലുള്ള കൂലി കുറവും മറ്റു മേഖലയിൽ കൂലി കൂടുതലും ജോലിസ്ഥിരതയുമാണ് ഇതിനു കാരണം പൊതുപ്രവർത്തനം വിവിധ മേഖലകളിൽ വനിതകളുടെ എണ്ണം കുറവാണ്.

പഞ്ചായത്തിലുള്ള വിവിധ ബഹുജന സംഘടനകളുടെ ഭാരവാഹികളിൽ കേവലം 5വനിതകൾ മാത്രമെയുള്ളു. വനിതകളുടെ മാത്രമായുള്ള തൊഴിൽ സ്ഥാപനം 7 എണ്ണം നിലവിലുണ്ട്.

മൂന്ന് D.W.E.R യൂനിറ്റ് മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. തൊഴിൽ രഹിതരായ യുവജനങ്ങളിൽ കൂടുതൽ സ്ത്രീ കളാണ്. റേഷൻകടകളിലും മാവേലി സ്റ്റോറുകളിലും കൂടുതലും സ്ത്രീകളാണ് പോകുന്നത്. വനിതകൾക്ക് മാത്രമായുള്ള കൃഷ്ണമേനോൻ സ്മാരക വനിതാകോളേജ് ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്.

## പ്രശ്നങ്ങൾ:

1 പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്വം കുറവാണ്.

2. രാഷ്ട്രീയ - വർഗ്ഗ ബഹുജന സംഘടനകളിൽ ജനസംഖ്യാനുപാതികമായി വനിതകൾക്ക് പ്രാതിനിധ്യം ഉള്ളതായി കാണുന്നില്ല.

3. മദ്യപാനം മൂലം സ്ത്രീകൾ കഷ്ടപ്പെടുന്നുണ്ട്.

4. സ്ത്രീധന സമ്പ്രദായവും ഇതിൽ നിന്നുളവാകുന്ന പ്രശ്നങ്ങളുമുണ്ട്.

5. അംഗൻവാടികളിൽ സൗകര്യം കുറവാണ്.

6. ടി. വി. യും മറ്റു മാദ്ധ്യമങ്ങളും സ്ത്രീകളിൽ അമിതമായ സ്വാധീനം ചെലുത്തുന്നുണ്ട്.

## നിർദ്ദേശങ്ങൾ:

1. തുല്യ ജോലിക്ക് തുല്യ വേതനം എന്ന തത്വം പ്രാവർത്തികമാക്കണം.

2. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാം.

3. വിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും സ്ത്രീകൾക്ക് പ്രാഥമികാവശ്യം നിർവ്വഹിക്കാനുള്ള സൗകര്യം വർദ്ധിപ്പിക്കണം.

4. സ്ത്രീകളുടെ ആരോഗ്യം മെച്ചപ്പെടുത്താൻ പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കാവുന്നതാണ്.

5. സ്ത്രീകൾക്ക് കലാ - കായിക രംഗങ്ങളിൽ പരിശീലനം നൽകാം

6. അർഹതയുള്ള മുഴുവൻ സ്ത്രീകൾക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

7. അംഗൻ വാടിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

# സഹകരണം

ഏകദേശം 30 വർഷങ്ങൾക്ക് മുമ്പാണ്. ജനങ്ങളുടെ മുൻകൈയ്യോടെ സഹകരണസംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചത്. കക്കാട് ഹൈ ദ്രോസ് പള്ളിക്ക് സമീപം ഉണ്ടായിരുന്ന വെളിച്ചെണ്ണ ഉൽപ്പാദന സഹകരണ സംഘമാണ് ആദ്യത്തെ സഹ കരണസംഘം. പിൽക്കാലത്ത് പുഴാതി സർവ്വീസ് സഹകരണ ബേങ്ക് എന്നറിയപ്പെടുന്ന പുഴാതി സർവ്വീസ് സഹകരണ സൊസൈറ്റിയാണ് രണ്ടാമത്തെ സംരംഭം. തുടർന്ന് ബീഡി, കൈത്തറി തുടങ്ങിയ വിവിധ മേഖലകളിൽ നമ്മുടെ പഞ്ചായത്തിൽ സഹകരണ സ്ഥാപനങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

നിലവിൽ നമ്മുടെ പഞ്ചായത്തിൽ രണ്ട് ക്രെഡിറ്റ് സംഘവും എ.കെ.ജി ആശുപത്രി സഹക രണ സംഘവും വനിതാ മേഖലയിലുള്ള ഒരെണ്ണം ഉൾപ്പെടെ മൂന്ന് വ്യവസായ സഹകരണസംഘങ്ങളും മൂന്ന് ഉപഭോക്തൃ സഹകരണസംഘങ്ങളും, ഒരു സ്കൂൾ സഹകരണസംഘവും ഒരു കെട്ടിട നിർമ്മാണ സഹകരണ സൊസൈറ്റിയടക്കം ആകെ 10 സഹക രണ സ്ഥാപനമാണുള്ളത്. ഇതിന് പുറമെ പ്രവർത്ത നക്ഷമമല്ലാത്ത സംഘങ്ങളുമുണ്ട്.

## *ക്രെഡിറ്റ് സംഘങ്ങൾ :*

ക്രെഡിറ്റ് മേഖലയിൽ പുഴാതി സർവ്വീസ് സഹകരണ ബേങ്കും, കണ്ണൂർ കോ-ഓപ്പറേറ്റീവ് അർബ്ബൻ ബേങ്കിൻെറ ഒരു ശാഖയുമാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. കാർഷിക വായ്പ കൾ, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പ കൾ എന്നിവയ്ക്കൊപ്പം കൺസ്യൂമർ വായ്പകളും, വ്യക്തിഗത വായ്പകളും ബേങ്കുകൾ നൽകിവരു ന്നുണ്ട്. അതോടൊപ്പം സ്വർണ്ണപണ്ടത്തിൻമേലുള്ള വായ്പകളും അനുവദിക്കുന്നുണ്ട്.

ക്രെഡിറ്റ് മേഖലയിൽ 1964 ൽ ആരംഭിച്ചു 1976 ൽ പുഴാതി സർവ്വീസ് സഹകരണ ബേങ്കായി ഉയ ർന്ന ബേങ്ക് 30-6-96 അവസാന വർഷത്തെ കണക്കനുസരിച്ചു 7000 അംഗങ്ങളും 3,87,038 രൂപ പിരിച്ചു കിട്ടിയ മൂലധനമുണ്ട്. പൊതുജനങ്ങളിൽ നിന്ന് സ്ഥിരംനിക്ഷേപകരായി ഒരു കോടി രൂപയും ഹ്രസ്വകാല നിക്ഷേപമായി 46,70,323രൂപയും കിട്ടിയിട്ടുണ്ട്. നിക്ഷേപ വളർച്ചാനിരക്ക് 45% ത്തോളം ഉയർന്നപ്പോൾ വായ്പാവളർച്ചാനിരക്ക് 42% ത്തോളം മാത്രമെ വളർന്നിട്ടുള്ളു. ബേങ്ക് 95-'96 വർഷത്തിൽ അനുവദിച്ച വായ്പകൾ താഴെ പറയും പ്രകാരമാണ്.

ചെറുകിട വായ്പ്പകൾ ജലസേചനം -29000 രൂപ

ഹ്രസ്വകാല കാർഷികവായ്പകൾ - 16000 രൂപ

സ്വർണ്ണ പണയം വായ്പകൾ - 1, 26, 33, 745 രൂപ

കാർഷികേതര ഹ്രസ്വകാലവായ്പ - 6,43,200 രൂപ

കാർഷിക മദ്ധ്യകാല വായ്പ - 4, 49,000രൂപ

ഐ.ആർ.ഡി.പി.- 95300രൂപ

മേൽ കണക്കുകൾ സൂചിപ്പിക്കുന്നത് ആളുകൾ കാർ ഷിക വ്യാവസായിക ആവശ്യങ്ങൾക്ക് ബേങ്കിങ്ങ് സൗക ര്യം ഉപയോഗപ്പെടുത്തുന്നത് കുറവാണെന്നാണ്.

## *വ്യവസായ സഹകരണ സംഘങ്ങൾ*

കൈത്തറി മേഖലയിൽ സാമാന്യം നല്ലനില യിൽ പ്രവർത്തിക്കുന്നതും കൂടുതൽ സ്ത്രീ തൊഴിലാളി കൾ തൊഴിലെടുക്കുന്ന ഒരു സഹകരണ സംഘവും ബീഡി മേഖലയിൽ 5 ബ്രാഞ്ചുകളിലായി 500 ൽ അധികം തൊഴിലാളികളുള്ള ഒരു സഹകരണ സംഘവുമുണ്ട്. ബീഡി മേഖലയിൽ 1/3 ഭാഗം സ്ത്രീ കളാണ്.

## *ഉപഭോക്തൃസഹകരണസംഘങ്ങൾ :*

ഉപഭോക്തൃസഹകരണസംഘങ്ങൾക്ക് ധാരാളം സാധ്യതകളുണ്ടെങ്കിലും കേവലം മൂന്നെണ്ണം മാത്രമെ നമ്മുടെ പഞ്ചായത്തിലുള്ളു. ഈ മൂന്നെ ണ്ണവും നല്ലനിലയിൽ പ്രവർത്തിക്കുന്നു. ഇതിന് പുറ മെ പ്രവർത്തനക്ഷമമല്ലാത്ത രണ്ട് കൺസ്യൂമർ സ്റേറാറുമുണ്ട്.

## *സ്കൂൾ സഹകരണസംഘങ്ങൾ:*

പഞ്ചായത്തിൽ പുസ്തകവിതരണത്തിന് മാത്രമായി സ്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തി ക്കുന്നുണ്ട്.

## *പ്രശ്നങ്ങൾ:*

ഉയർന്ന പലിശ നിരക്ക് കാരണം ബേങ്കിൽ നിന്ന് കടമെടുക്കുവാൻ ആളുകൾ മടിക്കുന്നു.

## *നിർദേശങ്ങൾ:*

ബേങ്കിങ്ങ് മേഖലയെ കാർഷിക വ്യവസാ യികമേഖലുമായി ബദ്ധിപ്പിച്ചുള്ള പ്രവർത്തനം വഴി ഉൽപ്പാദന വർദ്ധനവുണ്ടാക്കാൻ കഴിയും.

# പട്ടികജാതി - പട്ടിക വർഗ്ഗ ക്ഷേമം

യുഗങ്ങളായി അടിച്ചമർത്തപ്പെട്ട അധഃകൃത ജനവിഭാഗത്തിന്റെ ഉന്നമനത്തിന് വേണ്ടി ബ്രിട്ടീഷ് ഭരണകാലത്ത് തന്നെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിയിരുന്നു. വിവിധ സാമൂഹ്യ സാംസ്കാരിക - രാഷ്ട്രീയ സംഘടനകളുടെ ശ്രമഫലമായി തൊട്ടുകൂടായ്മയും തീണ്ടി കൂടായ്മയും ഇല്ലാതായി സ്വതന്ത്രഭാരതത്തിന്റെ ഭരണ ഘടനാ നിർമ്മാതാക്കൾ പട്ടികജാതി - പട്ടിക വർഗ്ഗത്തിന്റെ പുരോഗതിക്കുവേണ്ടി സംരക്ഷണാനുകൂല്യങ്ങൾ എഴുതി ചേർത്തു. മാറി മാറി വന്ന സർക്കാരുകൾ ഈ വർഗ്ഗത്തിന്റെ പുരോഗതിക്കുവേണ്ടി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. എല്ലാ പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തി കൊടുക്കാമെന്നുള്ള ഉദ്ദേശത്തോടെ കോളനികൾ സ്ഥാപിച്ചു, പുനഃരധിവസിപ്പിച്ചു. കുടികിടപ്പുകാരെ ഒഴിപ്പിക്കരുത് എന്ന നിയമവും തുടർന്നു. കാർഷിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയപ്പോൾ കുടികിടപ്പുകാരായിരുന്ന പട്ടികജാതി-പട്ടിക വർഗ്ഗക്കാർ 10 സെൻറ് സ്ഥലത്തിന്റെ ഉടമകളായി. ഇത്രയൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടും. വിദ്യഭ്യാസ സാമൂഹ്യരംഗങ്ങളിൽ അൽപ്പം പുരോഗതി നേടാനല്ലാതെ സാമ്പത്തികരംഗത്ത് ഇന്നും വളരെ പിന്നോക്കം തന്നെയാണ്.

പുഴാതി ഗ്രാമ പഞ്ചായത്തിൽ 2952 പട്ടികജാതിക്കാരും 12പട്ടിക വർഗ്ഗക്കാരുമുണ്ട്. ആകെ ജനസംഖ്യയിൽ 96% (അവലംബം 1991 ലെ കാനേഷുമാരി) ആറു കോളനികളിൽ (3 അംഗീകൃത കോളനിയും 3 സെറ്റിൽ മെൻറ് കോളനിയും, 159 കുടുംബങ്ങളും; ലക്ഷം വീടുകളിൽ 50 കുടുംബങ്ങളും, 234കുടുംബങ്ങൾ ഇടകലർന്നും താമസിക്കുന്നു. കുടുംബങ്ങളിൽ തന്നെ കൂട്ട് കുടുംബങ്ങളും ഉൾപ്പെടും. ഭൂരിഭാഗം കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിച്ചവരായിരുന്നു. കാർഷിക വ്യാവസായിക മേഖലയിലുണ്ടായ തകർച്ച ഈ വിഭാഗത്തെ, പ്രത്യേകിച്ചും തൊഴിൽ രഹിതരാക്കി. സ്ത്രീകൾ കൈത്തൊഴിലായി ചെയ്തിരുന്ന പായനെയ്ത്ത്, അസംസ്കൃതപദാർത്ഥം ലഭിക്കാത്തതുകൊണ്ട് നിലച്ചു പോവുകയും ചെയ്തു. മത്സ്യബന്ധ നവുമായി ബന്ധപ്പെട്ട ജീവനക്കാർ നേരത്തെ ഉണ്ടാ യിരുന്നു. കാട്ടാമ്പള്ളി പ്രോജക്ട് വന്നതോടു കൂടി മത്സ്യബന്ധനവും നടക്കാതായി. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ വിദ്യാഭ്യാസ സാമൂഹ്യ സാമ്പത്തികനില മനസിലാക്കുന്നതിനു വേണ്ടി മാതൃകയായി അംഗീകൃത കോളനികളിൽ താമസിക്കുന്നവരുടെ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി 1995 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ സാമ്പത്തിക - സാമൂഹ്യ സർവ്വേയുടെ വിവരങ്ങൾ മറുപുറം ചേർക്കുന്നു.

1995 ഏപ്രിൽ , മെയ് മാസങ്ങളിൽ നടത്തിയ സാമ്പത്തിക - സാമൂഹ്യ സർവ്വേയുടെ വിവരങ്ങൾ

| കോളനികളുടെ എണ്ണം | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 6 | 391 | 396 | 784 |

**സങ്കേതങ്ങളെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ**

| ഓല | ഓട് | മറ്റുള്ളവ | ആകെ |
|---|---|---|---|
| 11 | 136 | 12 | 159 |

| കക്കൂസുകളുടെ എണ്ണം | ആവശ്യമുള്ളവ | കുളിമുറികളുടെ എണ്ണം | ആവശ്യമുള്ളവ |
|---|---|---|---|
| 80 | 79 | 62 | 97 |

**അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വെളിച്ചം, റോഡ് എന്നിവ ലഭ്യമല്ലാത്ത**

**കോളനികളുടെ വിവരങ്ങൾ:**

| വൈദ്യുതീകരിക്കാത്ത കോളനികൾ | കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കോളനികൾ | റോഡുസൗകര്യം ഇല്ലാത്ത കോളനികൾ |
|---|---|---|
| --------- | പുഴാതി - കൊറ്റാളി | കുഞ്ഞിപ്പള്ളി |
| ---------- | കുഞ്ഞിപ്പള്ളി | |
| ---------- | ഓലാട്ടുചാൽ | അത്താഴക്കുന്ന് |
| | അത്താഴക്കുന്ന്.- പുല്ലൂപ്പി | |

## വിദ്യാഭ്യാസ യോഗ്യതാ നിലവാരം

| കോളനികളുടെ എണ്ണം | 10-ാം ക്ലാസ്സിനു താഴെ | 10 നു മുകളിൽ | പ്രീ-ഡിഗ്രിക്കു മുകളിൽ | റ്റി.എച്ച്. എസ്സ് | ഐ.ടി.സി | പോളി | എഞ്ചിനി യറിംഗ് |
|---|---|---|---|---|---|---|---|
| 6 | 419 | 119 | 6 | ------- | --------- | ------- | --------- |

## തൊഴിൽ ഘടന

| കോളനികളുടെ എണ്ണം | കാർഷിക തൊഴിലാളികളുടെ എണ്ണം | വ്യവസായ തൊഴിലാളികളുടെ എണ്ണം | സർക്കാർ ജീവനക്കാർ | മറ്റുള്ളവർ | വിവിധ തൊഴിലുകളിൽ പരിശീലനം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|
| 6 | 48 | 130 | 40 | 27 | 1 |

ലക്ഷം വീടുകളിലും ഇടകലർന്നും താമസിക്കുന്ന കുടുംബങ്ങളുടെ സ്ഥിതി ഏതാണ്ട് ഇതു പോലെ തന്നെയാണ്.

### പ്രശ്നങ്ങൾ :

1. അഞ്ച് കോളനികളിലും കോളനിക്ക് പുറത്തും താമസിക്കുന്ന ഭൂരിഭാഗം കുടുംബ ങ്ങൾക്കും കുടിവെള്ളക്ഷാമം അനുഭവപ്പെ ടുന്നു.

2. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി പാർപ്പിട സൗകര്യമില്ല.

3. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസില്ല.

4. തൊഴിൽ നൽകാവുന്ന സഹകരണ സംഘ ങ്ങൾ ഒന്നും തന്നെയില്ല.

5. എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

6. കോളനികളിൽ സാംസ്കാരിക നിലയ ങ്ങൾ ഇല്ല.

7. കോളനികളിൽ ഗതാഗത സൗകര്യമില്ല.

8. തൊഴിൽ പരിശീലനത്തിന് സൗകര്യമില്ല.

9. കാർഷിക വ്യവസായ മേഖലയിൽ വേണ്ട ത്ര ജോലി ലഭിക്കുന്നില്ല.

പട്ടികജാതി- പട്ടിക വർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധപതിയേണ്ട ചില നിർദ്ദേശങ്ങൾ അന്യത്ര ചേർക്കുന്നു.

1. കുടിവെള്ള പ്രശ്നം പരിഹരിക്കുക.

2. പട്ടിക ജാതി - പട്ടിക വർഗ്ഗ കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

3. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസു നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം കൊടുക്കുക.

4. കോളനികളെ കേന്ദ്രീകരിച്ചു കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപികരിക്കുകയും ചെയ്യുക.

5. അഭ്യസ്തവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ (പട്ടിക ജാതി വികസന വകുപ്പ് - ഹരിജൻ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ) നൽകുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

6. വ്യാവസായിക പരിശീലനം നൽകുകയും, പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക.

7. കോളനികളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

8. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

# വിഭവ സമാഹാരം

ഏതൊരു രാജ്യത്തിൻെറയും നിലനിൽപ്പിന് ആവശ്യം അവിടുത്തെ വിഭവങ്ങളാണ്. ഗ്രാമ പഞ്ചായത്തുകൾ ഒരു പ്രാദേശിക ഭരണകൂടമായി പ്രവർത്തിക്കാൻ തുടങ്ങുന്ന സാഹചര്യത്തിൽ പഞ്ചായത്തിൻെറ വരുമാനം വലിയ തോതിൽ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കാർഷിക വ്യവസായ മേഖല പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം മറ്റു മാർഗ്ഗങ്ങൾ കൂടി കണ്ടെത്തിയാൽ ഗ്രാമ പഞ്ചായത്തിൻെറ വരുമാനം വലിയ തോതിൽ വർദ്ധിപ്പിക്കാൻ സാധിക്കും

1995 -'96 സാമ്പത്തിക വർഷത്തെ പുഴാതി ഗ്രാമ പഞ്ചായത്തിൻെറ വരുമാനം താഴെ കൊടുത്ത പട്ടിക പ്രകാരമാണ്.

**വരവ്**

| ഇനം | തുക |
|---|---|
| 1. കെട്ടിട നികുതി. | 8,59,425.70 രൂപ |
| 2. സർവ്വീസ് ചാർജ് | 85919.90 രൂപ |
| 3. തൊഴിൽ നികുതി | 4,57,258.00 രൂപ |
| 4. വിനോദ നികുതി | 525.00 രൂപ |
| 5. ചന്ത വരവ് | 1821.50 രൂപ |
| 6. ലൈസൻസ് ഫീസ് | 79365.00 രൂപ |
| 7. കെട്ടിട നികുതി - സർചാർജ്ജ് | 24,764.00 രൂപ |
| 8. വസ്തു കൈമാറ്റ നികുതി.( 75% ) | 2,91988.00 രൂപ |
| 9. മറ്റിനങ്ങൾ. | 13,29,983.90 രൂപ |
| ആകെ | 31,31,051.00 രൂപ |

## 1995-'96 ലെ ഭരണപരമായ ചിലവ്

| | |
|---|---|
| പഞ്ചായത്ത് ഭരണ സമിതിയുടെ അലവൻസും മറ്റും | - 65,259.00 രൂപ |
| പഞ്ചായത്ത് ആഫീസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും അലവൻസും മറ്റും | - 3,02,849 . 00 രൂപ |
| കണ്ടിജൻസി ചിലവുകൾ | - 89,492 . 00 രൂപ |
| ആകെ | - 4,57,600 . 00 രൂപ |

ഭരണചിലവ് പഞ്ചായത്ത് വരുമാനത്തിൽ 14.61% ആണ്.

പുഴാതി ഗ്രാമ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനമായ പുഴാതി സർവ്വീസ് സഹകരണ ബേങ്കിൽ നിക്ഷേപങ്ങളും വായ്പ്പകളും തമ്മിൽ വ്യത്യാസം കാണുന്നുണ്ട്. വായ്പ്പകൾ കാർഷിക വ്യാവസായിക മേഖലകളിൽ ഉള്ളവർ കൂടുതലായി ഉപയോഗപ്പെടുത്തിയാൽ ഈ മേഖലകളിൽ അഭിവൃദ്ധി ഉണ്ടാക്കാം . പഞ്ചായത്തിൻെറ വരുമാനത്തിൽ കൂടുതലായും മരാമത്തു പണികൾക്കാണ് വിനിയോഗിക്കുന്നത്. ഇതിൽ കുറെ ഭാഗം സന്നദ്ധ പ്രവർത്തനം വഴി ചെയ്യാൻ സാധിച്ചാൽ മരാമത്തു ചിലവ് ഗണ്യമായി കുറക്കാം. ബോധവൽക്കരണവും ആസൂത്രണവും വഴി നിലവിലുള്ള റോഡുകളുടെ സംരക്ഷണവും സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ചെയ്യാവുന്നതാണ്.

***പ്രശ്നങ്ങൾ*** :

1. തൊഴിൽ നികുതിയിൽ എല്ലാവിഭാഗം ജീവനക്കാരെയും ഉളപ്പെടുത്താൻ കഴിഞ്ഞില്ല.

2. സന്നദ്ധ പ്രവർത്തകരെ സേവനം വേണ്ട വിധം ഉപയോഗിക്കുന്നില്ല.

***സാധ്യതകൾ***

1. കെട്ടിട നികുതി ശാസ്ത്രീയമായി പരിഷ്കരിച്ചാൽ ഇന്നുള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകാം.

2. തൊഴിൽ നികുതി കൂടുതൽ മേഖലയിൽ വ്യാപിപ്പിക്കുക.

3. ആഡംബര കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ചുമത്തുക.

( 20-11 -'96 ലെ 256 /96 തീരുമാന പ്രകാരം വികസന റിപ്പോർട്ട് അംഗീകരിച്ചു.)

## ഡി.ആർ.പി.മാർ :


സർവ്വശ്രീ

1. എം.സി. രാമചന്ദ്രൻ
2. അരിങ്ങളയൻ നാണു
3. സി. എൻ. ശങ്കുണ്ണിമാസ്റ്റർ
4. കെ. രമണി
5. ടി.പി വിനയൻ മാസ്റ്റർ
6. എ.പി ചന്ദ്രൻ
7. പി. ജയരാജൻ
8. വി.പി. ചന്ദ്രൻ

## റിപ്പോർട്ട് തയ്യാറാക്കിയവർ :

സർവ്വശ്രീ

1. എം.സി. രാമചന്ദ്രൻ
2. അരിങ്ങളയൻ നാണു
3. സി. എൻ. ശങ്കുണ്ണിമാസ്റ്റർ
4. കെ. രമണി
5. ടി.പി വിനയൻ മാസ്റ്റർ
6. എ.പി ചന്ദ്രൻ
7. പി. ജയരാജൻ
8. വി.പി. ചന്ദ്രൻ
9. പി. ശോഭന
10. എ.കുഞ്ഞിക്കണ്ണൻ മാസ്റ്റർ
11. എം. കുഞ്ഞനന്തൻ മാസ്റ്റർ
12. കെ.കെ.പത്മനാഭൻ നമ്പ്യാർ
13. കെ.കെ അജിത്ത് കുമാർ
14. ടി.കെ. അനോജ് കുമാർ



# പുഴാതി ഗ്രാമ പഞ്ചായത്ത് വികസനരേഖ -'96

ശ്രീ പ്രിന്റേഴ്സ്, ചൊവ്വ, കണ്ണൂർ - 6, ☎: 66129

# വളപട്ടണം ഗ്രാമ പഞ്ചായത്ത്
# ജനകീയ ആസൂത്രണം.



## സമഗ്ര വികസന രേഖ

# വളപട്ടണം ഗ്രാമ പഞ്ചായത്ത്

# ജനകീയാസൂത്രണം

# വികസന റിപ്പോർട്ട് - 96

# വളപട്ടണം ഗ്രാമ പഞ്ചായത്ത്

## ഭരണസമിതി 1995 - 2000

ശ്രീ. വി. പി. വമ്പൻ — (പ്രസിഡണ്ട്)

ശ്രീ. എ. മഹമൂദ് — (വൈസ് പ്രസിഡണ്ട്)

ശ്രീ. കെ. അബ്ദുൽ ജലീൽ ഹാജി — (സ്റ്റാൻറിംഗ്കമ്മററി ചെയർമാൻ)

ശ്രീമതി. വി. കെ. ലളിതാദേവി

,, ഇ. സറീന

,, തോട്ടോൻ ബീഫാത്തു

ശ്രീ. പി. സദാനന്ദൻ

ശ്രീ. കെ. പി. സുബൈർ

## എഡിറ്റോറിയൽ ബോർഡ്:

വി. പി. വമ്പൻ (ചെയർമാൻ)

എ. മഹമൂദ് (കൺവീനർ)

**അംഗങ്ങൾ :**

കെ. അബ്ദുൽ ജലീൽ ഹാജി

പി. സുരേന്ദ്രൻ

വി. കെ. ലളിതാ ദേവി

പി. എം. നാസിമുദ്ദീൻ

മൊയ്തു മായിച്ചാൻകുന്ന്

എം. അശ്രഫ്

കെ. എം. താജുദ്ദീൻ


## റിസോർസ് പെർസൺസ് :

ജില്ലാതല ക്യാമ്പിൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച റിസോർസ് പെർസൺസ് ( D R P )

1. പി. എം. നാസിമുദ്ദീൻ (കൺവീനർ)
2. കെ. അബ്ദുൽ ജലീൽ ഹാജി
3. വി. കെ. ലളിതാ ദേവി
4. ഇ. സറീന
5. കെ. വി. ഇബ്രാഹിം കുട്ടി.

# കോർഗ്രൂപ്പിൽ പ്രവർത്തിച്ചവർ

1. കൃഷി ജലസേചനം

സി. നാരായണ നായർ
കെ. വി. ഇബ്രാഹിം
സി. പി. അബു

2. മൃഗസംരക്ഷണം മത്സ്യബന്ധനം

എസ്. പി. റഷീദ്
കെ. എൽ. അഷ്റഫ്
എ. പി. സിദ്ധീഖ്
മുഹമ്മദ് ഹുസ്സയിൻ മാസ്റ്റർ

3. വിദ്യാഭ്യാസം

എൽ. പി. അബ്ദുള്ള
എം. അഹമ്മദ് അബ്ദുറഹിമാൻ
പി. വി. ഉഷാകുമാരി

4. കുടിവെള്ളം പൊതുജനാരോഗ്യം

വി. കെ. സി. ഇബ്രാഹിം
പി. എം. നാസിമുദ്ദീൻ

5. വ്യവസായം

ടി. ബി. മുഹമ്മദ് അഷ്റഫ്
എം. കബീർ
എം. അബ്ദുറഹിമാൻ
കെ. എൽ. അബ്ദുറഹിമാൻ

6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

വി. കെ. ഉമ്മർ
കെ. എം. താജുദ്ദീൻ
കെ. എൽ. പി. സലാം
പി. സി. ഹബീബ് തങ്ങൾ

7. പാർപ്പിടം സാമൂഹ്യക്ഷേമം

തരോൻ മഹമൂദ്
കളത്തിൽ സുബൈർ
കെ. വി. അമ്മദ്കുട്ടി
പി. കെ. അബ്ദുസത്താർ

8. സംസ്ക്കാരം

മൊയ്തു മായിച്ചാൻകുന്ന്
കെ. വി. പ്രേമകുമാർ

9. വനിത

വി. കെ. ലളിതാദേവി
കെ. വി. മീനാക്ഷി
പത്മാവതി

10. സഹകരണം

എം. അഷ്റഫ്
കെ. പി. ഹാഷിം
എ. ഗോവിന്ദൻ

11. പട്ടികജാതി പട്ടികവർഗ ക്ഷേമം

കെ വി. പ്രേമകുമാർ
പി. സദാനന്ദൻ
വി. പുരുഷോത്തമൻ

12. വിഭവ സമാഹരണം

എം. പി. യൂസഫ്
പി. ഇസ്മയിൽ
കെ. പി. ആബിദ്
വി. കെ. പി. ഇസ്മായിൽ

# വളപട്ടണം ഗ്രാമപഞ്ചായത്ത്

## പൊതു വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | പഞ്ചായത്തിന്റെ പേര് | : | വളപട്ടണം ഗ്രാമപഞ്ചായത്ത് |
| 2 | റവന്യൂ വില്ലേജിന്റെ പേര് | : | വളപട്ടണം |
| 3 | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | വളപട്ടണം |
| 4 | ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | വളപട്ടണം |
| 5 | ബ്ലോക്ക് പഞ്ചായത്ത് | : | വളപട്ടണം |
| 6 | താലൂക്ക് | : | കണ്ണൂർ |
| 7 | ജില്ല | : | കണ്ണൂർ |
| 8 | അസംബ്ലി മണ്ഡലം | : | അഴീക്കോട് |
| 9 | വിസ്തീർണ്ണം | : | 2.04 സ്ക്വയർ കി. മീററർ |
| 10 | ജനസംഖ്യ | : | 8920 (91 ലെ സെൻസസ്) |
| 11 | വാർഡുകളുടെ എണ്ണം | : | 8 |
| 12 | പ്രസിഡണ്ടിന്റെ പേര് | : | വി. പി. വമ്പൻ |
| 13 | വൈസ് പ്രസിഡണ്ടിന്റെ പേര് | : | എ. മഹമൂദ് |
| 14 | സ്റ്റാൻറിങ്ങ് കമ്മിററി ചെയർമാന്റെ പേര് | : | കെ. അബ്ദുൽ ജലീൽ ഹാജി |
| 15 | പഞ്ചായത്ത് സിക്രട്ടറിയുടെ പേര് | : | പി. സുരേന്ദ്രൻ |

## നിലവിലുള്ള അതൃത്തി

1. കിഴക്ക് — ചിറക്കൽ പഞ്ചായത്ത്
2. വടക്ക് — വളപട്ടണം പുഴ
3. തെക്ക് — ചിറക്കൽ പഞ്ചായത്ത്
4. പടിഞ്ഞാറ് — അഴീക്കോട് പഞ്ചായത്ത്

**വളപട്ടണം പഞ്ചായത്തിൻെറ**

**മുൻകാല പ്രസിഡണ്ട്, വൈ: പ്രസിഡണ്ടുമാരുടെ**

**പേരുകൾ :**

| | |
|---|---|
| ടി. ടി. പി. കഞ്ഞിപക്കർ സാഹിബ് | (പ്രസിഡണ്ട്) |
| കെ. പി. എസ്. കോയക്കട്ടി തങ്ങൾ | ( ,, ) |
| സി. എൻ. കഞ്ഞഹമ്മദ് ഹാജി | ( ,, ) |
| കെ. പി. ഹബീബ് തങ്ങൾ | ( ,, ) |
| വി കെ. ഹസ്സൻ ഹാജി | (വൈസ് പ്രസിഡണ്ട്) |
| കെ. എൽ. അബ്ദുൽ സത്താർ | ( ,, ) |
| വി. രത്നാകരൻ | ( ,, ) |

# വിഷയ വിവരം


ആമുഖം

ദേശീയപ്രസ്ഥാനം

സേവന പാശ്ചാത്തലം

ഭൂപ്രകൃതിയും വിഭവങ്ങളും

— ഭൂസ്ഥിതി

— ജലസ്ഥിതി

— ജനസ്ഥിതി

സാമൂഹ്യ സാമ്പത്തിക മേഖലകൾ

1 കൃഷി-ജലസേചനം

2 മൃഗസംരക്ഷണം, മത്സ്യബന്ധനം

3 വ്യവസായം

4 വിദ്യാഭ്യാസം

5 കുടിവെള്ളം, പൊതുജനാരോഗ്യം

6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

7 പാർപ്പിടം, സാമൂഹ്യക്ഷേമം

8 സംസ്കാരം

9 വനിതാക്ഷേമം

10 സഹകരണം

11 പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

12 വിഭവ സമാഹരണം

# ആമുഖം

1947 ആഗസ്റ്റ് 15ന് ഭാരതം സ്വാതന്ത്ര്യം നേടുമ്പോൾ 30 കോടി ജനങ്ങളും തകർന്ന സമ്പദ്ഘടനയുമായിരുന്നു അവസ്ഥ. ഒപ്പം വിഭജനം വരുത്തി വെച്ച അനൈക്യത്തിന്റെ മുറിപ്പാടുകളും, സ്വതന്ത്രഭാരതം ഇന്ന് അരനൂറ്റാണ്ട് പൂർത്തിയാകുവാൻ പോകുന്നു. തിരിഞ്ഞു നോക്കുമ്പോൾ നമ്മുടെ രാജ്യം കൈവരിച്ച നേട്ടങ്ങളും പുരോഗതിയും അഭിമാനകരമാണെന്നതിൽ സംശയമില്ല. ക്രമാതീതമായ ജനസംഖ്യാ വർദ്ധനവും പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ സ്വാഭാവികമായി വരുന്ന ഏറ്റക്കുറച്ചിലുകളും കാരണം ചില മേഖലകളിൽ ലക്ഷ്യം കൈവരിക്കുവാൻ പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന കാര്യം നിഷേധിക്കുന്നില്ല. കോട്ടങ്ങളും പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട് എന്നതിൽ തർക്കവുമില്ല.

എട്ട് പഞ്ചവത്സര പദ്ധതികൾ രാജ്യം പൂർത്തിയാക്കിയിട്ടുണ്ട്. രാഷ്ട്രശില്പി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ പഞ്ചവത്സര പദ്ധതികൾക്ക് രൂപം കൊടുക്കുമ്പോൾ ഓരോ പദ്ധതി കാലഘട്ടങ്ങളിലും ചില പ്രത്യേകം വിഭാഗങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ടായിരുന്നു ആസൂത്രണം ചെയ്യപ്പെട്ടിരുന്നത്. വ്യവസായം, കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, വാണിജ്യം, പ്രതിരോധം തുടങ്ങിയ മേഖലകളിൽ രാജ്യം കൈവരിച്ച നേട്ടങ്ങൾ വളരെ വലുതാണ്.

പദ്ധതികളുടെ മുഖ്യമായ മേൽനോട്ടവും സാമ്പത്തിക സൌകര്യങ്ങളുടെ സമാഹരണവും രൂപപ്പെടുത്തുന്നത് കേന്ദ്ര സർക്കാർ തന്നെയാണ്. തൊട്ടു താഴെ സംസ്ഥാന സർക്കാറുകൾ ലഭ്യമായ എല്ലാ തുറകളിലുമുള്ള വിദഗ്ദരുടേയും ഉദ്യോഗസ്ഥരുടെയും പങ്കാളിത്തം ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്നു. മേൽ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രത്യക്ഷമായും പരോക്ഷമായും ജനപ്രതിനിധികൾ എന്ന നിലയിൽ പാർലിമെന്റ് അംഗങ്ങൾക്കും സംസ്ഥാനങ്ങളിലെ നിയമ സമാജികർക്കും മാത്രമാണ് അവസരം കൈവന്നിട്ടുള്ളത്. അതിന്റെ കാരണങ്ങൾ പരിശോധിക്കുമ്പോൾ സ്വതന്ത്രഭാരതം ജനാധിപത്യ പ്രക്രിയയിൽ കൈവരിക്കുന്ന വികസനവും പരിഷ്ക്കാരങ്ങളും വളരെ പതുക്കെയാണെന്നത് നമുക്ക് മനസ്സിലാക്കാം.

സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ മഹാത്മാഗാന്ധി വിഭാവനം ചെയ്തതും ശ്രീ. രാജീവ് ഗാന്ധി രൂപം കൊടുത്തതുമായ പഞ്ചായത്ത് രാജ് ഭരണ സംവിധാനം രാജ്യത്ത് പരിപൂർണ്ണമായും

നടപ്പിലായത് 1995 ൽ ഗാന്ധിജയന്തി ദിനത്തിലാണ്. പൂർണ്ണമായ ജനാധിപത്യ പ്രക്രിയ രാജ്യത്ത് നടപ്പിലാവുന്നതിൽ വന്ന ഈ കാലദൈർഘ്യം ആസൂത്രണത്തിലും പദ്ധതിപ്രവർത്തനത്തിലും വർദ്ധിച്ച ബഹുജന പങ്കാളിത്തം ലഭ്യമാകുന്നതിന് വിലങ്ങുതടിയായിരുന്നു എന്ന സത്യം നാം മനസ്സിലാക്കേണ്ടതുണ്ട്.

കേരളത്തിൽ പഞ്ചായത്ത് വകുപ്പ് മന്ത്രിയായിരുന്ന പരേതനായ അഹമ്മദ് കുരിക്കൾ പഞ്ചായത്ത് ഭരണത്തിൽ അധികാര വികേന്ദ്രീകരണ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ സ്മരിക്കപ്പെടേണ്ടതാണ്.

ഇന്ന് രാജ്യം ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുകയാണ്. ഇവിടെയാണ് നമ്മുടെ സംസ്ഥാന സർക്കാർ രൂപം കൊടുത്ത ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രാധാന്യം നമുക്ക് ബോദ്ധ്യപ്പെടുന്നത്. പഞ്ചായത്ത് രാജ് ഭരണ സംവിധാനത്തിൽ വാർഡുതലം തൊട്ട് ആസൂത്രണത്തിലും പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിലും ബഹുജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തം ലഭിക്കുന്നു.

ജനകീയ ആസൂത്രണ പ്രസ്ഥാന പ്രവർത്തനത്തിന്റെ പ്രഥമഘട്ടമായി വാർഡുതലത്തിൽ ചേർന്ന സ്പെഷൽ ഗ്രാമസഭകളിൽ വളപട്ടണത്തിന്റെ പ്രത്യേകതകൾ പരിമിതികൾ അനുസരിച്ച് പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. സ്ഥിതിവിവര കണക്കുകളെ കുറിച്ചും, വികസന സാദ്ധ്യതകളെക്കുറിച്ചും, വാർഡുകളിലെ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായ ചർച്ചകളും തീരുമാനങ്ങളും എടുക്കുകയുണ്ടായി. പൊതുവെ എല്ലാ വിഭാഗങ്ങളും ചർച്ചകളിൽ സ്പർശിക്കപ്പെട്ടുവെങ്കിലും സഞ്ചാര സൌകര്യം, കുടിവെള്ളം, തെരുവു വിളക്കുകൾ തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുവാനും, വിപുലപ്പെടുത്തുവാനും ഉതകുന്ന പ്രവൃത്തികൾക്ക് അടിയന്തിര പ്രാധാന്യം നല്കണം എന്നതാണ് ജനങ്ങളുടെ പ്രധാന ആവശ്യം. കാർഷിക-വിദ്യാഭ്യാസ- ആരോഗ്യ - വ്യവസായ രംഗത്തെ പ്രശ്നങ്ങളും സാദ്ധ്യതകളും വളരെ ഗൗരവമായിത്തന്നെ ചർച്ച ചെയ്യപ്പെടുകയും പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെടുകയും ചെയ്തു.

ഈ വികസന രേഖ തയ്യാറാക്കുന്നതിനു വേണ്ടി സഹകരിക്കുകയും പ്രയത്നിക്കുകയും ചെയ്തവർ നിരവധിയാണ്. സ്റ്റേയിററ് റിസോർസ് പെർസൺസ്, ഡിസ്ട്രിക്ട് റിസോർസ് പെർസൺസ്, പഞ്ചായത്ത് റിസോർസ് പെർസൺസ്, ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കൺവീനർമാരും അംഗങ്ങളും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വഹിച്ച പങ്ക് കൃതജ്ഞതയോടെ പ്രത്യേകം രേഖപ്പെടുത്തുന്നു.

വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

# ദേശീയ പ്രസ്ഥാനം

സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട സംഭവങ്ങൾ വളപട്ടണത്തിന്റെ ചരിത്രത്തിലെ വീരസ്മരണകളാണ്. ഇവിടെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ശിക്ഷകൾ ഏറ്റുവാങ്ങി ജയിൽവാസം അനുഷ്ഠിച്ചവരും അല്ലാത്തവരുമായ ഒട്ടനവധി സ്വാതന്ത്ര്യ സമര സേനാനികൾ നാടിന്റെ അഭിമാനമായി സ്മരിക്കപ്പെടുന്നു. പഴയ ചിറക്കൽ താലൂക്കിൽപ്പെട്ട വളപട്ടണത്ത് സ്വാതന്ത്ര്യസമര പ്രസ്ഥാനം ആരംഭിച്ചത് 1925–30 കാലഘട്ടത്തിലാണ്.

1942 ലെ ക്വിററ് ഇന്ത്യാ സമരവുമായി ബന്ധപ്പെട്ട സംഭവം സ്മരിക്കപ്പെടേണ്ടതായിട്ടുണ്ട്. ക്വിററ് ഇന്ത്യാ സമരത്തെ നേരിടുവാൻ വളപട്ടണത്ത് അന്ന് ബ്രിട്ടീഷ് പട്ടാളം എല്ലാ സന്നാഹങ്ങളും തയ്യാറാക്കിയിരുന്നു. ക്വിററ് ഇന്ത്യാ പ്രമേയം പാസ്സാക്കുന്നതിനു യോഗം ചേരുന്നതിനോ, ജാഥ നടത്തുന്നതിനോ പട്ടാളത്തിന്റെ വർദ്ധിച്ച സാന്നിദ്ധ്യം കൊണ്ട് കഴിയുമായിരുന്നില്ല.

എന്നാൽ വളപട്ടണത്തെ സമര സേനാനികൾ പകൽ സമയത്ത് പഴയ കോഹിനൂർ കമ്പനിയുടെ പരിസരത്ത് ഒളിച്ചിരുന്ന് പാതിരാത്രിയിൽ വലിയൊരു തോണിയിൽ കയറി വളപട്ടണം പുഴയിൽ സഞ്ചരിച്ച് രാവിലെ കീരിയാട് വയൽപ്രദേശത്ത് ഇറങ്ങി ഏകദേശം അമ്പതോളം വരുന്ന സംഘം അവിടെ യോഗം ചേർന്നു ക്വിററ് ഇന്ത്യാ പ്രമേയം പാസ്സാക്കുകയും ജാഥയായി വളപട്ടണത്തേക്ക് വരികയും ചെയ്തു. ഈ ജാഥയെ വളപട്ടണം വാം ഗ്രൗണ്ടിനു സമീപം വെച്ച് ബ്രിട്ടീഷ് പട്ടാളം തടയുകയും ജാഥാംഗങ്ങളെ ക്രൂരമായി മർദ്ദിക്കുകയും നേതൃത്വം കൊടുത്ത പണിക്കറകത്ത് മുഹമ്മദ് സാലിയെ അറസ്റ്റ് ചെയ്തുകൊണ്ടുപോവുകയും ചെയ്തു. രണ്ടു വർഷം കഠിന തടവായിരുന്നു അദ്ദേഹത്തിനു ലഭിച്ച ശിക്ഷ.

മറെറാരു സംഭവം, വളപട്ടണം പോലീസ് സ്റ്റേഷന്റെ മുററത്തുള്ളമാവിൽ ഇന്ത്യൻ പതാക ഉയർത്തി അധികാരികളെ ഞെട്ടിച്ച സംഭവമായിരുന്നു. രാത്രിയിൽ പോലീസിന്റെയും പട്ടാളത്തിന്റെയും കണ്ണ് വെട്ടിച്ച് മാവിൽ കയറി ഒളിച്ചിരുന്നു. നേരം പുലരും മുമ്പ് മാവിനുമുകളിൽ ദേശീയ പതാക ഉയർത്തി കെട്ടുകയും, അധികാരികളുടെ ദൃഷ്ടിയിൽപ്പെടാതെ രക്ഷപ്പെടുകയും ചെയ്തത് " വയലമ്മു " എന്ന പേരിൽ വിളിക്കുന്ന ബി. ടി. മുഹമ്മദ് എന്ന സ്വാതന്ത്ര്യ സമര സേനാനിയുടെ ധീരകൃത്യമാണ്. അദ്ദേഹത്തെ അറസ്റ്റ് ചെയ്യുവാൻ നടത്തിയ പോലീസിന്റെ എല്ലാ ശ്രമങ്ങളും പരാജയപ്പെടുകയായിരുന്നു.

## സേവന പാശ്ചാത്തലം

വളപട്ടത്ത് വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും മാററങ്ങൾ ഉണ്ടാകുവാൻ ഏററവും വലിയ പ്രേരകശക്തിയായി പ്രവർത്തിച്ചത് ഇവിടുത്തെ ജനങ്ങളുടെ സേവന സന്നദ്ധതതാണ്. വളപട്ടണത്ത് വിദ്യാഭ്യാസ രംഗത്ത് ഏററവും വലിയ സ്ഥാപനമായ ഗവ: ഹൈസ്കൂൾ 1964 ലാണ് സ്ഥാപിക്കപ്പെട്ടത്. ഹൈസ്കൂൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടങ്ങളും ഇവിടുത്തെ നാട്ടുകാർ കൂട്ടായി പ്രയത്നിച്ച് ലഭ്യമാക്കി സർക്കാറിനെ ഏല്പിക്കുകയായിരുന്നു. 1968 ൽ ഉൽഘാടനം ചെയ്യപ്പെട്ട വളപട്ടണം ഗവ: ആസ്പത്രിയും നാട്ടുകാർ സ്വന്തം പണം ചെലവഴിച്ചും ശ്രമദാനം നടത്തിയും കെട്ടിടം നിർമ്മിച്ച് സർക്കാറിനു സമർപ്പിച്ച് സ്ഥാപിക്കപ്പെട്ടവയാണ്.

ഹൈസ്കൂളും, ആസ്പത്രിയും സ്ഥാപിക്കപ്പെടുന്നതിനു നാട്ടുകാരോടൊപ്പം ചേന്ന് എല്ലാവിധ സഹായങ്ങളും നല്കി പ്രവർത്തിച്ച വളപട്ടണത്തെ പ്രമുഖരായ രാഷ്ട്രീയ നേതാക്കളായ ശ്രീ. ഇ. അഹമ്മദ് സാഹിബ് M. P. യും പരേതനായ മുൻ മന്ത്രി ശ്രീ. കെ. കുഞ്ഞമ്പുവും, ശ്രീ. സി. എൻ കുഞ്ഞഹമ്മദ് ഹാജിയും പ്രത്യേകം ഓർമ്മിക്കപ്പെടേണ്ട മഹൽവ്യക്തികളാണ്.

# ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂസ്ഥിതി :

കണ്ണൂർ പട്ടണത്തിൽ നിന്നും ഏകദേശം 8 കി. മീ. വടക്ക് മാറി വളപട്ടണം പുഴയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് വിസ്തൃതിയിൽ കേരളത്തിലെ ഏററവും ചെറിയ ഗ്രാമ പഞ്ചായത്തെന്ന സ്ഥാനം അലങ്കരിച്ചിരിക്കുന്നു.

പഞ്ചായത്തിൻെറ വടക്ക് ഭാഗത്ത് പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ ചെന്ന്പതിക്കുന്ന വളപട്ടണം പുഴയും കിഴക്ക്, തെക്ക്, പടിഞ്ഞാറ് ഭാഗങ്ങൾ ചിറക്കൽ അഴീക്കോട് പഞ്ചായത്തുകളും ഈ പ്രദേശത്തിന് അതിരിടുന്നു. വടക്ക് കിഴക്ക് ഭാഗത്ത് വളപട്ടണം പുഴയോട് ചേർന്ന ഭാഗം കയ്പാട് പ്രദേശമാണ്. ഇതിൻെറ ഓരം ചേർന്ന് ഇടതൂർന്നുവളരുന്ന കണ്ടൽകാടുകൾ അവിടെ ചേക്കേറുന്ന പക്ഷികൾ, ഇവയെ താലോലിച്ചുകൊണ്ട് പുഴയിൽനിന്നും വീശുന്ന ഇളം കാററ് എന്നിവ ഈ പ്രദേശത്തിൻെറ മനോഹാരിതക്ക് മാററുകൂട്ടുന്നു.

പുഴയിൽ കരയോട് ചേർന്ന ഭാഗം മരം ഇറക്കി വെള്ളത്തിൽ അട്ടിയിടുന്നതിനായി ഉപയോഗിച്ചുവരുന്നു. കയ്പാടിനോട് ചേർന്നു കിടക്കുന്ന പരിമിതരാശി കലർന്നു മണൽപ്രദേശം മുൻകാലങ്ങളിൽ നെൽപാടങ്ങളായിരുന്നു. കൂടാതെ മുക്കൻ ഇടനാട് കാർഷിക കാലാവസ്ഥപ്രദേശമായ ഈ സ്ഥലത്ത് നെല്ല്, തെങ്ങ്, കവുങ്ങ്, മരച്ചീനി എന്നീ കൃഷികൾ ഉണ്ടായിരുന്നു. കിഴക്കൻ മലയോരങ്ങളിൽ നിന്ന് വെട്ടിമാററി വളപട്ടണം പുഴയിലൂടെ ഒഴുകിയെത്തിക്കുന്ന മരങ്ങളുടെ ഇറക്ക് കേന്ദ്രമായും അതോടനുബന്ധിച്ച് വളർന്നുവന്ന മര വിപണിയും അതു വികസിച്ചുണ്ടായ മര വ്യവസായവും ഭൂമിയുടെ ഉപയോഗത്തിൽ അടിസ്ഥാനപരമായ മാററം ഉണ്ടാക്കി. വിസ്തൃതമായ നെൽ വയലുകൾ നാമാവശേഷമായത് ഇതിൻെറ പരിണിതഫലമാണ്.

കീരിയാട് എന്ന പേരിൽ അറിയപ്പെടുന്ന ഈ ഭൂവിഭാഗം ഇപ്പോൾ വളർന്നുവരുന്ന മര വ്യവസായ കേന്ദ്രമായും പാർപ്പിടകേന്ദ്രമായും മാറിയിരിക്കുന്നു. ഇടയിലുള്ള ചെറിയ സ്ഥലങ്ങളിൽ തെങ്ങ് കൃഷിചെയ്യുവരുന്നു ഭൂമിയുടെ തുണ്ട്‌വൽക്കരണവും അതേ തുടർന്ന് വിവേചന രഹിതമായി പണിതീർത്ത ചുററുമതിലുകൾ കെട്ടുന്നതും പുഴയോട് ചേർന്നു നിൽക്കുന്ന ഈ പ്രദേശത്ത് സ്ഥിരമായി വെള്ളം കെട്ടികിടക്കുന്നതിനു കാരണമായി. ഇതുകൊണ്ടുകൂടിയാണ് ഈ സ്ഥലത്ത് ഭൂമിയുടെ ഗണ്യമായ ഭാഗം തരിശായി രൂപപ്പെട്ടത്. പുഴയോരം ചേർന്ന ഈ പ്രദേശത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. സ്വകാര്യ കിണറുകളിൽ ലഭ്യമാകുന്ന ഉപ്പുവെള്ളം കുടിക്കുവാൻ പററിയതല്ല.

കിഴക്ക് പടിഞ്ഞാറ് ഭാഗം നീണ്ടുകിടക്കുന്ന ഈ പഞ്ചായത്ത് പ്രദേശത്തിൽ തുടർന്നുള്ള സമതല പ്രദേശത്ത് തെങ്ങ് കൃഷി വ്യാപകമാണ്, കരിയിൽ എന്നപേരിൽ അറിയപ്പെടുന്ന ഈ സ്ഥലം വളന്നു വരുന്ന ഒരു പാർപ്പിട കേന്ദ്രം കൂടിയാണ്. ദേശീയപാത രണ്ടായി വിഭജിക്കുന്ന ഈ പ്രദേശത്തോട് ചേന്ന് കത്തനെയുള്ള കോട്ടപ്പടിക്കുന്ന് ഭാഗത്ത് കുടിക്കാൻ ശുദ്ധജലം ലഭ്യമാണ്. എങ്കിലും ജനുവരി മാസം മുതൽ ഉറവ വററിത്തുടങ്ങുന്ന ഇവിടുത്തെ കിണറുകൾ സ്ഥലവാസികൾക്ക് നൽകി വരുന്നത് വരൾച്ചയുടെ ദുരിതവും ജലദൗർലഭ്യവുമാണ്. ജലസേചന സൗകര്യങ്ങളുടെ അഭാവം കാരണം ഇവിടങ്ങളിൽ വളരുന്ന തെങ്ങുകൾ ഉല്പാദനക്ഷമമല്ല ഇവിടുത്തുകാർ ഒരു കാർഷിക വൃത്തി എന്ന നിലയിൽ തെങ്ങ് കൃഷിയെ കണക്കാക്കിയിട്ടുമില്ല.

കോട്ടപ്പടിക്കുന്നിനോട് ചേന്ന് മാങ്കയിൽ എന്ന സമതല പ്രദേശം സ്ഥിതിചെയ്യുന്നു. ഇവിടെ ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളം ലഭ്യമാക്കേണ്ട അവസ്ഥയാണ്. ഇവിടങ്ങളിൽ ലഭ്യമായ തുണ്ട് ഭൂമികൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചു വരുന്നതിനാൽ ഒരു അധിനിവേശ പ്രദേശമായി തീർന്നിരിക്കുകയാണ്. ഇതിനോട് നോട് ചേർന്നാണ് മന്ന എന്ന ഉയർന്ന പ്രദേശം സ്ഥിതിചെയ്യുന്നത്. കണ്ണൂർ അഴീക്കൽ (വളപട്ടണം വഴി) റോഡ് ഈ പ്രദേശത്തു കൂടി കടന്നു

പോകുന്നു. ഇതും വേനൽക്കാലത്തിന്റെ സമാരംഭത്തോടെ വരൾച്ചയുടെ പിടിയിൽപ്പെടുന്ന പ്രദേശമാണ്. റോഡിനോട് പടിഞ്ഞാറ് ചേർന്ന പ്രദേശവും ജനനിബിഡമായ ഒരു പ്രദേശമാണ്. തുച്ഛമായ കൃഷിയൊഴികെ ഈ ഭാഗങ്ങളിൽ കാര്യമായ യാതൊരു ഉല്പാദനവും നടന്നുവരുന്നില്ല. സ്ഥലവിസ്തൃതിയുടെയും ഇതൊരു ആദായകരമായ പ്രവർത്തനമാണെന്ന അറിവിന്റെയും അഭാവം ഭൂമിയുടെ ഗുണപ്രദമായ വിനിയോഗത്തിൽ നിന്നും അതിനെ തടയുന്നു.

മന്ന എന്ന പ്രദേശത്തിനു് തുടർച്ചയായുള്ള കയറാം പഞ്ചായത്തിന്റെ ഉയന്ന പ്രദേശമായ മായിച്ചാൻ കുന്നിലേക്ക് നയിക്കുന്നു. പരിമിതമായ പുരയിടം. കൃഷിയല്ലാതെ ഈ സ്ഥലവും ഉല്പാദനക്ഷമമായ ആവശ്യങ്ങൾക്ക് ഒന്നും തന്നെ ഉപയോഗിക്കുന്നില്ല. ഭൂമിയുടെ ഉപരിതലം മുതൽ തന്നെയുള്ള കഠിനമായ ചെങ്കൽ പാറ കലന്ന മണ്ണ് ഇതിന്റെ കാർഷികാവശ്യങ്ങൾക്കുള്ള ഉപയോഗം അസാദ്ധ്യവും അനാദായകരവുമാണ്. എന്നിരുന്നാലും തെങ്ങ് ഉൾപ്പെടെയുള്ള സസ്യങ്ങൾ ഇവിടെ ചുരുക്കമായി ഉണ്ട്. പഞ്ചായത്തിൽ ഏററവും രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശമാണിത്. 20 മീററിലധികം ആഴത്തിൽ മാത്രം ജലം ലഭ്യമായ കിണറുകൾ ഒരു പതിവെന്നവണ്ണം ജനുവരി ആരംഭത്തിൽ തന്നെ വററിപ്പോകും. തുടന്ന് വെള്ളം തേടിയുള്ള യാത്ര അഴീക്കോട്, ചിറക്കൽ പഞ്ചായത്ത് അതിർത്തികളുമായി സംയോജിക്കുന്ന പാലോട്ട് വയൽ, പള്ളിക്കുന്നുമ്പ്രം, മുറുകണ്ടി വയൽ എന്നീ സ്ഥലങ്ങൾ ഉൾപ്പെടുന്ന പ്രദേശത്താണ് അവസാനിക്കുന്നത്. പൊതുവെ നെൽകൃഷിക്ക് അനുയോജ്യമായ വയൽ പ്രദേശമായിരുന്ന ഇവിടം വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്, സ്റ്റോൺ ക്രഷർ മററ് വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സാന്നിദ്ധ്യവും അവയുടെ പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന അന്തരീക്ഷ സ്ഥിതിയും കാരണം ഇവിടെ കാർഷിക പ്രവർത്തനങ്ങൾ അസാദ്ധ്യവും അപ്രസക്തവുമാകുന്നു.

എന്നിരുന്നാലും വിദൂരദേശങ്ങളിൽനിന്നുള്ള വരുൾപ്പെടെ വ്യവ്യസായ മേഖലയിൽ പ്രവർത്തിക്കുന്ന ആയിരങ്ങളുടെ സാന്നിദ്ധ്യവും യന്ത്രങ്ങളുടെ ഇരമ്പലുംകൊണ്ട് രാപ്പകൽ ഭേദമന്യെ പ്രവർത്തനനിരതമായ പ്രദേശമാണിത്.

## പ്രധാന ഭൂവിഭാഗങ്ങൾ

1. വളപട്ടണം പുഴയോട് ചേർന്ന കയ്പ്പാട് പ്രദേശം.
2. പശിമരാശി കലർന്ന മണൽ തരികളുള്ള വയൽ പ്രദേശം. (കീരിയാട്)
3. കോട്ടപ്പടി കുന്നിൽ ചരിവ് ഉൾപ്പെടെയുള്ള താഴ്വര (കരിയിൽ)
4. കോട്ടപ്പടി കുന്ന് എന്ന പേരിലുള്ള ഉയർന്ന പ്രദേശം.
5. മാങ്കയിൽ എന്നപേരിലുള്ള സമതലപ്രദേശം.
6. കളരിവാതുക്കൽ ക്ഷേത്രത്തോട് ചേർന്ന ഉയന്ന പ്രദേശം.
7. മായിച്ചാൻകുന്നും അതിന്റെ താഴ്വരയായ പാലോട്ട് വയൽ എന്ന പ്രദേശം.
8. പള്ളി കുന്നുമ്പ്രം കുന്നിന്റെ കിഴക്കേ ചരിവും വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ഉൾപ്പെടേയുള്ള വ്യവസായ കേന്ദ്രം.
9. മുറുകണ്ടിക്കൽ എന്ന പാർപ്പിട പ്രദേശമായി മാറിയ വയൽ പ്രദേശം.

## പ്രധാന കുന്നുകൾ :-

| | കുന്നിന്റെ പേര് | സമുദ്രത്തിൽനിന്നുള്ള ഉയരം |
|---|---|---|
| 1) | കോട്ടപ്പടി കുന്ന് | 60 മീററർ |
| 2) | കളരിവാതുക്കൽ കുന്ന് | 20 ,, |
| 3) | മന്ന കുന്ന് | 20 ,, |
| 4) | മായിച്ചാൻ കുന്ന് | 40 ,, |
| 5) | പള്ള്കുന്നുമ്പ്രം കുന്ന് (ഒരു വശം) | 30 ,, |

കണ്ണൂർ ജില്ലയിലെ സമീപ പഞ്ചായത്ത് പ്രദേശങ്ങളിലെപോലെ മഴക്കാലത്ത് ശക്തമായ കാലവർഷവും വേനൽകാലത്ത് രൂക്ഷമായ വരൾച്ചയും അനുഭവപ്പെടുന്ന പ്രദേശമാണ് വളപട്ടണം.

## ജലസ്ഥിതി

പട്ടിക

### 1994 വർഷത്തെ അടിസ്ഥാനമാക്കി പഞ്ചായത്ത് പ്രദേശത്ത് പെയ്ത മഴ

| മാസം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ശരാശരി മഴ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| മഴ മില്ലി മീറ്റർ | 2 | 1 | 1 | 4 | 101 | 844 | 1086 | 426 | 74 | 337 | 50 | 108 | 252 |

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ അപര്യാപ്തതയും ഈ മേഖലയിൽ സ്ഥലവാസികൾക്കുള്ള താല്പര്യക്കുറവും കാരണം പെയ്യുന്ന മഴയുടെ സിംഹഭാഗവും പുഴയിലേക്ക് ഒഴുകുകയാണ്. വേനൽകാലാരംഭം മുതൽ അനുഭവപ്പെടുന്ന ജലദൗർലഭ്യതക്ക് കാരണവും ഇതു തന്നെയാണ്.

## ജനസ്ഥിതി :-

2.04 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്ത് പ്രദേശത്തെ ജനസംഖ്യ 8920 ആണ്. എട്ട് പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലായി വിഭജിക്കപ്പെട്ട ജനങ്ങളിൽ 4340 പേർ മാത്രമെ സ്ത്രീകളുള്ളു.

| ആകെ ജനസംഖ്യ | പുരുഷന്മാർ | സ്ത്രീകൾ | 6 വയസ്സിന് താഴെയുള്ളവർ | | | പട്ടികജാതി | | | പട്ടികവർഗം | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ |
| 8920 | 4580 | 4340 | 701 | 653 | 1354 | 88 | 90 | 178 | — | 1 | 1 |

സംസ്ഥാനം, ജില്ല, സമീപത്തുള്ള ഇതര പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്ന് വ്യത്യസ്തമായി ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണത്തിലുള്ള കുറവ് ശ്രദ്ധിക്കപ്പെടേണ്ടതാണ്

ജനങ്ങളിൽ 85%വും മുസ്ലീം മതസ്ഥരാണ്. മതവിശ്വാസത്തിൽ ഉയർന്ന ധർമ്മബോധം പ്രകടിപ്പിക്കുന്ന ജനങ്ങൾ സംസ്കാര സമ്പന്നരും ശാന്തശീലരുമാണ്. വ്യാപാര വാണിജ്യ രംഗങ്ങളിൽ വള പട്ടണത്തുകാർ പ്രകടിപ്പിക്കുന്ന സത്യസന്ധതയും, ആർജ്ജവവും പ്രശംസനീയമാണ്. എന്നിരുന്നാലും സാമൂഹിക പ്രവർത്തനത്തിൽ ഇവർ പൊതുവായി പ്രകടിപ്പിക്കുന്ന നിസ്സംഗത മാറ്റിയെടുക്കേണ്ടതായിട്ടുണ്ട്. അവശേഷിക്കുന്ന ജനങ്ങളിൽ ഭൂരിഭാഗവും ഹിന്ദുമത വിശ്വാസികളാണ്. ഇതിൽ വലിയൊരു ഭാഗം കളരിവാതുക്കൽ ക്ഷേത്രവുമായി ബന്ധപ്പെട്ട 'പിടാരർ' എന്ന വിഭാഗത്തിൽപ്പെടുന്നവരാണ്.

എട്ട് നിയോജക മണ്ഡലങ്ങളായി വിഭജിക്കപ്പെട്ട പഞ്ചായത്തിന്റെ വാർഡ്തല വോട്ടർമാരുടെ എണ്ണം സ്ത്രീകൾ പുരുഷന്മാർ എന്നിവരുൾപ്പെടുന്ന പട്ടിക മറുപുറം കൊടുക്കുന്നു.

## പട്ടിക

# നിയോജക മണ്ഡലങ്ങളും (വാർഡുകൾ) വോട്ടർമാരും

| ക്ര നം | നിയോജക മണ്ഡലത്തിന്റെ പേര് | ആകെ വോട്ടർമാർ | പു | സ്ത്രീ | സംവരണം |
|---|---|---|---|---|---|
| 1 | മുറുകണ്ടിക്കൽ | 846 | 445 | 401 | സ്ത്രീ |
| 2 | തോട്ടരു_തോട്ടിനക്കര | 736 | 418 | 318 | ,, |
| 3 | നഗരം | 560 | 303 | 257 | |
| 4 | കരിയിൽ | 659 | 370 | 289 | |
| 5 | കളരിവാതുക്കൽ നോർത്ത് | 921 | 474 | 447 | സ്ത്രീ |
| 6 | കക്കളങ്ങര | 1035 | 556 | 479 | |
| 7 | കരിങ്കൽപടി | 418 | 242 | 176 | |
| 8 | കളരിവാതുക്കൽ സൗത്ത് | 792 | 402 | 390 | പട്ടികജാതി |
| | ആകെ | 5967 | 3210 | 2757 | |

492.40 ഏക്കറിൽ ഒതുങ്ങി നിൽക്കുന്ന പഞ്ചായത്ത് പ്രദേശത്ത് 172.79 ഏക്കർ വിസ്തൃതിയിലുള്ള പുറമ്പോക്ക് ഭൂമി കഴിച്ചാൽ ബാക്കി പ്രദേശം 1451 പേരുടെ ഉടമസ്ഥതയിലുമായി വിഭജിക്കപ്പെട്ടിരിക്കുന്നു.

## പട്ടിക

| ഭൂമിയുടെ ഇനം തിരിച്ച വിവരം (ഏക്കറിൽ) | | ഉടമസ്ഥരുടെ കൈവശം സെൻറ് | എണ്ണം | പുറമ്പോക്ക് ഭൂമിയുടെ വിവരം | |
|---|---|---|---|---|---|
| പുരയിടം | 200.04 | 1 മുതൽ 10 വരെ | 764 | റോഡ് | 23.47 |
| നിലം | 108.18 | 10 ,, 25 ,, | 473 | തോട് | 0.03 |
| പുറമ്പോക്ക് | 172.79 | 25 ,, 50 ,, | 121 | പുഴ | 103.70 |
| തരിശ് | 11.39 | 50 ,, 100 ,, | 78 | റെയിൽ | 33.81 |
| | | 100 200 | 13 | റവന്യൂ | 0.05 |
| | | 200 500 | 1 | മററ്സ്ഥലങ്ങൾ | 11.73 |
| | | 500ൽ കൂടുതൽ | 1 | | |
| ആകെ | 492.40 | | 1451 | | 172.79 |

## പഞ്ചായത്തിൽ താഴെ പറയുന്ന പൊതു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1 ഗ്രാമ പഞ്ചായത്ത് ഓഫീസ്
2 കൃഷിഭവൻ
3 വില്ലേജ് ഓഫീസ്
4 ഗവൺമെൻറ് ആസ്പത്രി
5 കുടുംബക്ഷേമ കേന്ദ്രം
6 പോലീസ് സ്റ്റേഷൻ
7 പോലീസ് സർക്കിൾ ഓഫീസ്
8 ഗവ: ഹൈസ്കൂൾ
9 കമലാ നെഹ്റു യു. പി സ്കൂൾ
10 രാമവിലാസം എൽ. പി. സ്കൂൾ
11 സുബ്ബുലസ്സലാം എൽ. പി. സ്കൂൾ
12 താജുൽ ഉലൂം യത്തീംഖാന
13 റെയിൽവെ സ്റ്റേഷൻ
14 പോസ്റ്റോഫീസ്
15 ടെലിഫോൺ എക്സ്ചേഞ്ച്
16 നേഷനൽ ഹൈവെ സെക്ഷൻ ഓഫീസ്
17 വാട്ടർ അതോറിററി പരിശോധനാ ലാബ്
18 വില്ലേജ് എക്സ്ററൻഷൻ ഓഫീസ്
19 ഇ. എസ്. ഐ ഡിസ്പെൻസറി
20 ഇ. എസ്. ഐ ലോക്കൽ ഓഫീസ്
21 ഇന്ത്യൻ ബേങ്ക് വളപട്ടണം ബ്രാഞ്ച്
22 ഇന്ത്യൻ ഓവർസീസ് ബാങ്ക്, വളപട്ടണം ബ്രാഞ്ച്
23 ഫെഡറൽ ബേങ്ക് വളപട്ടണം ബ്രാഞ്ച്
24 വളപട്ടണം സർവ്വീസ് കോ-ഓപ്പ്: ബേങ്ക്
25 ചിറക്കൽ വീവേർസ് കോ-ഓപ്പറേററീവ് സൊസൈററി
26 വെസ്ററേൺ ഇന്ത്യാ പ്ലൈവുഡ് ആൻറ് ഹാർഡ്ബോർഡ് എംപ്ലോയീസ് കോ-ഓപ്പ്: സൊസൈററി
27 മലബാർ മാർക്കററിങ്ങ് കമ്മിററി

## ഒരോ സ്ഥാപനത്തിലും ജോലി ചെയ്യുന്ന ജീവനക്കാരെ സംബന്ധിച്ച പട്ടിക

| ക്രമനമ്പർ | സ്ഥാപനത്തിൻെറ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1. | ഗ്രാമപഞ്ചായത്ത് ഓഫീസ് | 7 | 6 | 13 |
| 2. | കൃഷി ഭവൻ | 2 | 2 | 4 |
| 3. | വില്ലേജ് ഓഫീസ് | 3 | 2 | 5 |
| 4. | ഗവ: ആസ്പത്രി | 7 | 14 | 21 |
| 5. | കുടുംബക്ഷേമ കേന്ദ്രം | 2 | 1 | 3 |
| 6. | പോലീസ് സ്റ്റേഷൻ | 30 | 1 | 31 |
| 7. | പോലീസ് സർക്കിൾ ഓഫീസ് | 1 | — | 1 |
| 8. | ഗവ: ഹൈസ്കൂൾ | 31 | 33 | 64 |
| 9. | കമലാനെഹ്റു യു. പി. സ്കൂൾ | 11 | 5 | 16 |
| 10. | രാമവിലാസം എൻ. പി. സ്കൂൾ | 8 | 1 | 9 |
| 11. | സുബ്ബുലസ്സലാം എൽ. പി. സ്കൂൾ | 8 | 3 | 11 |

## ഓരോ സ്ഥാപനത്തിലും ജോലി ചെയ്യുന്ന ജീവനക്കാരെ സംബന്ധിച്ച പട്ടിക

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 12. | താജുൽ ഉലൂം യത്തീംഖാന | 3 | 3 | 6 |
| 13. | റെയിൽവെ സ്റ്റേഷൻ | 15 | | 15 |
| 14. | പോസ്റ്റ് ഓഫീസ് | 10 | 3 | 13 |
| 15. | ടെലിഫോൺ എക്സ്ചെയ്ഞ്ച് | 34 | | 34 |
| 16. | നേഷണൽ ഹൈവെ സെക്ഷൻ ഓഫീസ് | 4 | 1 | 5 |
| 17. | വാട്ടർ അതോറിററി പരിശോധന ലാബ് | 4 | 4 | 8 |
| 18. | വില്ലേജ് എക്സ്ററൻഷൻ ഡിസ്പെൻസറി | 8 | 6 | 14 |
| 19. | ഇ. എസ്. ഐ. ലോക്കൽ ഓഫീസ് | 5 | 2 | 2 |
| 20. | ഇ. എസ്. ഐ. ലോക്കൽ ഓഫീസ് | 5 | 2 | 7 |
| 21. | ഇന്ത്യൻ ബേങ്ക് | 11 | 1 | 12 |
| 22. | ഇന്ത്യൻ ഓവർസീസ് ബേങ്ക് | 25 | 1 | 26 |
| 23. | ഫെഡറൽ ബേങ്ക് | 11 | 1 | 12 |
| 24. | സർവ്വീസ് കോ-ഓപ്പ് : ബേങ്ക് | 11 | 5 | 16 |
| 25. | ചിറക്കൽ വീവേർസ് കോ-ഓപ്പ് : സൊസൈററി | 18 | 3 | 21 |
| 26 | W I P & ഹാർഡ് ബോർഡ് എംപ്ലോയീസ് കോ-ഓപ്പ്: സൊസൈററി | 6 | | 6 |
| 27. | മലബാർ മാർക്കററിങ്ങ് കമ്മിററി | 2 | | 2 |

വർദ്ധിച്ചുവരുന്ന ജനസാന്ദ്രത, ക്രമാതീതമായ കെടിട നിർമ്മാണം, ഭൂവിനിയോഗത്തിൽ വന്ന മാററം കാർഷിക മേഖലയുടെ ശോഷണം, വിദ്യുച്ഛക്തി, അസംസ്കൃത വസ്തുവെന്ന നിലയിൽ മരം എന്നിവയുടെ സ്ഥിരമായ ലഭ്യത സംബന്ധിച്ച ആശങ്ക എന്നിവയാണ് വളർന്നു വരുന്ന വളപട്ടണം നേരിടേണ്ടിയിരിക്കുന്നത്.

※

# കൃഷിയും ജലസേചനവും

വർഷങ്ങൾക്ക് മുമ്പുതന്നെ വളപട്ടണം കേരളത്തിന്റെ ഒരു പ്രധാന വാണിജ്യ വ്യവസായ കേന്ദ്രമായാണ് അറിയപ്പെടുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ ഈ പ്രദേശം ഒരു കാർഷികമേഖല അല്ല. എന്നിരുന്നാലും വർഷങ്ങൾക്ക് മുൻപ് നാമമാത്രമായി ഉണ്ടായിരുന്ന നെൽകൃഷിയും വയലേലകളും ഇന്ന് നമുക്ക് അന്യമായിരിക്കുന്നു. കേരളത്തിന്റെ ഒരു പ്രധാന നാണ്യവിളയായ തെങ്ങ് മാത്രമാണ് ഇന്ന് ഈ പ്രദേശത്ത് അറിയപ്പെടുന്ന ഒരു കാർഷിക വിള. എന്നിരുന്നാലും നിലവിലുള്ള കൃഷിക്ക് പ്രാധാന്യം നൽകിയും കൂടുതൽ കാർഷിക കേന്ദ്രങ്ങൾ സ്ഥാപിച്ചും ഈ ന്യൂനത പരിഹരിക്കാവുന്നതാണ്. പുരയിടത്തിൽ നിലവിലുള്ള തെങ്ങ്, വാഴ, കവുങ്ങ്, മാവ്, പ്ലാവ് തുടങ്ങിയവ പരിപോഷിപ്പിച്ചും, അടുക്കളത്തോട്ടങ്ങൾ സ്ഥാപിച്ചും ഈ രംഗത്ത് നമുക്ക് സ്വയം പര്യാപ്തത നേടാവുന്നതാണ്.

പഞ്ചായത്തിൽ മൊത്തം 503 ഏക്കറോളം ഭൂമിയുണ്ട്. അതിൽ ഉയർന്ന സമതലം ഏതാണ്ട് 8 ഏക്കറും താഴ്‌വരകൾ 360 ഏക്കറും ബാക്കി 135 ഏക്കർ ചതുപ്പുനിലവും ആണ്.

പ്രധാന മൺതരങ്ങൾ :– ഉയർന്ന സമതലത്തിൽ ചരൽ കലർന്ന ചെമ്മണ്ണും, താഴ്‌വരകളിൽ മണൽ കലർന്ന ചെമ്മണ്ണും ചതുപ്പ് നിലങ്ങളിൽ മണൽ കലർന്ന ചെളിമണ്ണും ആണ്. കാർഷിക വിളകൾക്ക് അനുയോജ്യമാണ് ഇവിടുത്തെ വളങ്ങൾ.

പഞ്ചായത്തിലൂടെ ഒഴുകുന്ന വടക്കെ അതിർത്തിയിലുള്ള വളപട്ടണം പുഴയിലും കിഴക്കെ അതിർത്തിയിലുള്ള കീരിയാട് തോട്ടിലും ഉപ്പുവെള്ളമായതിനാൽ കൃഷിക്ക് യോഗ്യമല്ല. വർഷം മുഴുവനും പുഴയിലും തോട്ടിലും ഉപ്പുവെള്ളമാണ് ഉണ്ടാകാറ്. കീരിയാട് തോട്ടിൽ ക്രോസ്ബാർ നിലവിലുണ്ടെങ്കിലും കൃഷിക്ക് ഉപയുക്തമാകുന്നില്ല പഞ്ചായത്തിൽ മൊത്തം 12 ഓളം കുളങ്ങൾ ഉണ്ടെങ്കിലും കൃഷിക്ക് ഉപയോഗ്യമാകുന്നില്ല.

**കുളങ്ങൾ**

| | വാർഡ് | എണ്ണം |
|---|---|---|
| 1 | രണ്ട് | 2 |
| 2 | മൂന്ന് | 2 |
| 3 | നാല് | 1 |
| 4 | അഞ്ച് | 5 |
| 5 | ആറ് | 1 |
| 6 | ഏഴ് | 1 |
| | ആകെ | 12 |

പഞ്ചായത്തിൽ മുഖ്യ വിളകളായി കൃഷി ചെയ്യുന്നത് തെങ്ങ്, കവുങ്ങ്, വാഴ, മററുപഴവർഗങ്ങൾ, കുരുമുളക്, പച്ചക്കറികൾ എന്നിവയാണ്. പാടകൃഷിയായ നെല്ല് ഇന്ന് ഇല്ല.

പഞ്ചായത്തിന്റെ കിഴക്ക് പടിഞ്ഞാറ് ഭാഗങ്ങളിലുള്ള ചതുപ്പുഭൂമിയിൽ 20 ഏക്കറോളം തരിശു ഭൂമിയാണ്, അതിൽ ഏതാണ്ട് 16 ഏക്കറോളം സ്ഥലം റെയിൽവെയുടെ അധീനതയിലാണുള്ളത് ഇവിടെ കർഷകത്തൊഴിലാളി പുരുഷന് 100രൂപയും സ്ത്രീക്ക് 60 രൂപയും ആണ് കൂലി.

ഭൂമിയിലെ മണ്ണ് പരിശോധന ശരാശരി വർഷത്തിൽ നൂറോളം കർഷകരിൽ നിന്നും സാമ്പിൾ അയച്ച് പരിശോധിക്കുന്നുണ്ട്. തങ്ങൾ വയൽ പ്രദേശത്ത് ഇപ്പോൾ കൃഷി ഒന്നും നടക്കുന്നില്ല.

പഞ്ചായത്തിലെ പ്രധാന വിളയായ തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർഷത്തിൽ ഒരു തെങ്ങിൽ നിന്നും 50എണ്ണം വീതമാണ്. കവുങ്ങിൽ വർഷത്തിൽ 300 എണ്ണവും ആണ്. നീർവാർച്ചകുറവും വേനൽക്കാലത്തെ ജലദൌർലഭ്യവും ഉല്പാദനക്ഷമത കുറയാൻ കാരണമാകുന്നു. ജൈവ കീടനാശിനിയും ജൈവവളങ്ങളും ഉപയോഗിക്കുന്ന രീതി നിലവിലുണ്ട്. വിളവുകൾ വർദ്ധിപ്പിക്കാൻ കൃത്യമായ വളപ്രയോഗവും ജലസേചന സൗകര്യവും ഉണ്ടായിരിക്കേണ്ടതാണ്. ലാഭകരമായി കൃഷി ചെയ്യാൻ പററുന്ന വിളകൾ—തെങ്ങ്, കുരുമുളക്, വാഴ പച്ചക്കറികൾ, പഴവർഗങ്ങൾ എന്നിവയാണ്.

പാടങ്ങളുടെ വിസ്തീർണ്ണം 10 വർഷത്തിനു മുമ്പുള്ളതിൽ നിന്നു കുറഞ്ഞിട്ടുണ്ട്. കെട്ടിട നിർമ്മാണമാണ് ഇതിനു പ്രധാന കാരണം. ഏതാണ്ട് 50% ഭൂമി കൃഷി യോഗ്യമല്ലാതായിട്ടുണ്ട്. പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തും കൃഷിക്കാവശ്യമായ വെള്ളം വേനൽക്കാലത്ത് കിട്ടാനില്ല. കൃഷിഭവന്റെ സഹായം പഞ്ചായത്തിലെ കർഷകർ ഉപയോഗപ്പെടുത്തുന്നുണ്ട്. വേണ്ടത്ര കർഷകത്തൊഴിലാളികൾ ഇവിടെയില്ല. കാർഷിക വിളകൾ പ്രാദേശികമായിത്തന്നെ കർഷകർ വിൽക്കുകയാണ് പതിവ്.

പുതിയ കുളങ്ങൾ കുഴിക്കാനുള്ള സാദ്ധ്യതകൾ പഞ്ചായത്തിൽ വളരെ പരിമിതമാണ്. സ്ഥലപരിമിതി നിമിത്തം പഞ്ചായത്തിൽ കൂട്ട കൃഷി സമ്പ്രദായത്തിന് സാധ്യതയില്ല.

226

## നിലവിലുള്ള സ്കീമുകൾ

(കൃഷിഭവൻ മുഖേന)

CCDP പദ്ധതി പ്രകാരം കിണർ കുഴിക്കുന്നതിന് 2500 രൂപ സബ്സിഡി നിരക്കിൽ രണ്ട് കിണർ, തെങ്ങ് കയററ യന്ത്രം വാങ്ങുന്നതിന് ഒരാറാക്ക് 500 രൂപ സബ്സീഡി തെങ്ങിന് മരുന്ന് തെളിക്കുന്നതിനുള്ള റോക്കർ സ്പ്രെയർ വാങ്ങുന്നതിന് 2 പേർക്ക് 1000 രൂപ വീതം 410 kg ചണമ്പു വിത്ത് സബ്സിഡി നിരക്കിൽ കർഷകർക്ക് പരിശീലനത്തിന് 250 രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം അനുവദിച്ച ഫണ്ടിലെ ബാക്കി തുകയായ 14000 രൂപ ഈ വർഷം കിണറിനോ പമ്പ്സെററിനോ വേണ്ടി ചെലവഴിക്കാവുന്നതാണ്. കിണറിനും പമ്പ് സെററിനും സബ്സിഡിക്ക് അർഹത വേണമെങ്കിൽ ചുരുങ്ങിയത് 30 സെൻറ് ഭൂമി വേണം. പ്രത്യേക തൊഴിൽദാന പദ്ധതിയിൽപ്പെട്ട പട്ടിക ജാതി വർഗത്തിൽപ്പെട്ട കർഷകർക്ക് കററിമുല്ല കൃഷി ചെയ്യുന്നതിന് 1000 രൂപ സബ്സിഡി അനുവദിക്കും. പട്ടിക ജാതി വർഗത്തിൽപ്പെട്ട കൃഷിക്കാർക്ക് തെങ്ങിന് വളം ചേർക്കുന്നതിനായി വട്ടം സൗജന്യമായി അനുവദിക്കുന്നുണ്ട്. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് മൂന്നിൽ ഒന്ന് സബ്സിഡി 30 സെൻറ് ഭൂമിയുള്ള കർഷകർക്ക് അനുവദിക്കും. കൂടാതെ ബയോഗ്യാസ് പദ്ധതിക്കും മൂന്നിൽ ഒന്ന് സബ്സിഡി അനുവദിക്കുന്നു. ഇതെല്ലാം നിലവിലുള്ള ആനുകൂല്യങ്ങളാണ്

## പ്രശ്നങ്ങൾ

1. വർദ്ധിച്ചുവരുന്ന കെട്ടിട നിർമ്മാണം
2. അലഞ്ഞു തിരിഞ്ഞു നടക്കുന്ന കന്നുകാലികൾ കൃഷി നശിപ്പിക്കുന്നു.
3. വേനൽക്കാലങ്ങളിൽ ജലസേചന ദൗർലഭ്യം അനുഭവപ്പെടുന്നു
4. വ്യക്തിഗത കൈവശ ഭൂമിയുടെ വിസ്തീർണ്ണം വളരെ കുറവാണ്.
5. ആവശ്യമായ കർഷകത്തൊഴിലാളികളെ തക്ക സമയത്ത് ലഭിക്കാറില്ല.
6. തൊഴിലാളികളുടെ കൂലിയിലുള്ള വർദ്ധനവ് കൃഷി ആദായകരമല്ലാതാക്കുന്നു.
7. വളങ്ങളുടെ വിലക്കൂടുതൽ, ഉൽപ്പന്നങ്ങളുടെ വിലയിടിവ് ഇവ കൃഷി ദുഷ്ക്കരമാക്കുന്നു.

## സാദ്ധ്യതകൾ :

1. കൃഷിക്കുപയുക്തമായ സ്ഥലത്തെ കെട്ടിട നിർമ്മാണം നിരുത്സാഹപ്പെടുത്തുക.
2. നിലവിലുള്ള കുളങ്ങളിൽനിന്ന് വെള്ളം കൃഷിക്കുപയുക്തമാക്കുന്നതിന് വേണ്ട സൗകര്യം ഏർപ്പെടുത്തുക.
3. വെള്ളക്കെട്ട് പ്രദേശങ്ങളിൽ നീർവാർച്ചക്കു സൗകര്യം ചെയ്യുക.
4. ഭൂമിയുടെ പരിധി 30 സെൻറിൽ നിന്ന് 10 സെൻറ് ഭൂമിയായി ചുരുക്കി കർഷകർക്ക് കിണർ കുഴിക്കുന്നതിനും പമ്പ്സെററ് വെക്കുന്നതിനും സബ്സിഡിയോടുകൂടിയ ലോൺ സൗകര്യം ഏർപ്പെടുത്തുക.
5. സൗജന്യനിരക്കിൽ വിത്ത്, വളം, കാർഷിക ഉപകരണങ്ങൾ എന്നിവ കാലാകാലത്ത് ലഭ്യമാക്കുന്നതിന് ഏർപ്പാട് ചെയ്യുക.
6. ഉല്പന്നങ്ങൾ ആവശ്യമായ വില കിട്ടുന്നതിന് മാർക്കററിങ്ങ് സൊസൈററി പഞ്ചായത്തിൽ സ്ഥാപിക്കുക.
7. അഞ്ചാം വാർഡിലെ ഒന്നര ഏക്കറോളം വിസ്തീർണ്ണമുള്ള കോട്ടച്ചിറ സംരക്ഷിച്ച് ജലസേചനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.
8. ചിറക്കൽ സർവ്വീസ് സൊസൈററിയിൽനിന്നും, സ്വകാര്യ വ്യക്തികളുടെ ഡയിങ്ങ് സ്ഥാപനങ്ങളിൽ നിന്നും പുറംതള്ളുന്ന രാസവസ്തുക്കളും മലിന ജലവും ശുദ്ധീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
9. കീരിയാട് തോടിൻെറ ഭിത്തികൾ പൊട്ടിപൊളിഞ്ഞവ കെട്ടി സംരക്ഷിക്കുക.
10. തോട് സംരക്ഷിക്കുകയും ക്രോസ്ബാർ സംവിധാനം കൃഷിക്കുപയുക്തമാക്കുകയും ചെയ്യുക
11. തങ്ങൾ വയലിൽ നിലവിലുള്ള തോട് ആഴം കൂട്ടുക.
12. കമിറം നാശിനി സൗജന്യ നിരക്കിൽ വിതരണം നടത്തുക.
13. തെങ്ങോലപ്പുഴുവിനെ നിയന്ത്രിക്കാനുള്ള എതിർ പ്രാണികളെ വിടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
14. എലി നശീകരണത്തിനുള്ള രാസവസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യുക.
15. വിവിധയിനം പച്ചക്കറി വിത്തുകൾ സൗജന്യമായി യഥാസമയം വിതരണം ചെയ്യുക.
16. വാഴക്കന്നുകൾ, ഒട്ടുമാവ്, സപ്പോട്ട, കററിമുല്ല കററി കുരുമുളക് തുടങ്ങിയ നടീൽ വസ്തുക്കൾ സൗജന്യ നിരക്കിൽ നൽകുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുക.
17. ജൈവ വളക്കുഴികൾ നിർമ്മിക്കുന്നതിനാവശ്യമായ മുഴുവൻ തുകയും ധനസഹായമായി അനുവദിക്കുക.

# മൃഗ സംരക്ഷണം

കാർഷികാധിഷ്ഠിത സാമൂഹ്യ വ്യവസ്ഥ നിലനിന്നിരുന്ന വളപട്ടണം ഗ്രാമ പഞ്ചായത്തിൽ മുൻകാലങ്ങളിൽ ആടുമാടുകളെ വ്യാപകമായി വളർത്തിയിരുന്നു. വളപട്ടണം പുഴയോരത്തെ തഴച്ചു വളരുന്ന പച്ചപ്പുല്ലുകളും വിശാലമായ പുറമ്പോക്ക് ഭൂമികളും കുന്നിൻ പുറങ്ങളും മററ് വെളിമ്പ്രദേശങ്ങളും വീട്ടുമൃഗങ്ങളെ വളർത്തുന്നതിന് അനുയോജ്യമായ സാഹചര്യമൊരുക്കി. പാൽ, ഇറച്ചി, മുട്ട എന്നിവയ്ക്ക പുറമെ വണ്ടിക്കാളകൾക്ക വേണ്ടിയും, നിലം ഉഴുതുന്നതിനും കന്നുകാലികളെ വളർത്തിയിരുന്നു. കാലത്തിൻെറ പ്രമാണത്തിൽ ഭൂവിനിയോഗത്തിൽ മാററം വരികയും കാർഷിക വൃത്തിക്ക് ഇവിടെ നിലവിലുള്ള ജീവിത ഘടനയിലുണ്ടായ സ്വാധീനത്തിൽ അയവു വരികയും ചെയ്തു. ഇതോടെ അനുബന്ധമായി നടത്തിയിരുന്ന മൃഗപരിപാലനത്തിലും ക്രമാതീതമായ കുറവ് വന്നു. ഈ മേഖല ഇന്നത്തെ വളപട്ടണത്തിൻെറ സാമൂഹ്യ ജീവിതത്തിൽ യാതൊരു സ്വാധീനവും ചെലുത്തുന്നില്ല എന്നുതന്നെ പറയാം.

വാർഡ് തലത്തിൽ ഇന്ന് നിലവിലുള്ള കന്നുകാലി വളർത്തൽ താഴെ കാണിച്ച പട്ടികയിലുള്ള പ്രകാരം പരിമിതമാണ്.

| വാർഡ് | കാള | | പശു | | എരുമ | | ആട് | വളർത്തുപട്ടി |
|---|---|---|---|---|---|---|---|---|
| | നാടൻ | സങ്കരം | നാടൻ | സങ്കരം | നാടൻ | സങ്കരം | | |
| I | ഇല്ല | ഇല്ല | 4 | 2 | 1 | 1 | 25 | 1 |
| II | — | — | 6 | 4 | — | — | 35 | ഇല്ല |
| III | — | — | 4 | 5 | — | — | 40 | — |
| IV | — | — | 2 | 2 | — | | 10 | |
| V | | | 5 | 5 | | | 12 | 2 |
| VI | | | 7 | 5 | | | 40 | 2 |
| VII | | | 2 | 1 | | | 27 | ഇല്ല |
| VIII | | | 4 | 4 | | | 18 | 3 |
| ആകെ | | | 34 | 28 | | | 207 | 8 |

പാർപ്പിട വ്യവസായിക മേഖലകളിലുണ്ടായ കുതിച്ചു കയററത്തിനനുസൃതമായിരുന്ന മേച്ചിൽ പ്രദേശങ്ങളിലേക്കുണ്ടായ കടന്നുകയററ മൃഗപരിപാലന രംഗത്തെ ഇന്നത്തെ ശോഷണത്തിന് കളമൊരുക്കി. കാലിത്തീററയുടെ വിലവർദ്ധനവ്, ഈ മേഖല ആദായകരമല്ലാതാക്കിയതോടെ ഇത് തീർത്തും അവഗണിക്കപ്പെട്ടു. മൃഗ സംരക്ഷണ സൗകര്യങ്ങളുടെ അഭാവവും ഈ രംഗത്തെ തളർച്ചക്ക ആക്കംകൂട്ടി.

പഞ്ചായത്തിലെ കോഴി, താറാവ് വളർത്തൽ രംഗത്തും ആശാസഹമായ യാതന പിന്നോക്കാവസ്ഥയിലാണ്.

# കോഴി, താറാവ് വളർത്തൽ - വാർഡ് തിരിച്ച പട്ടിക

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി മുട്ട ഇടുന്നത് | പിടക്കോഴി മുട്ട ഇടാത്തത് | താറാവ് ആൺ | താറാവ് പെൺ |
|---|---|---|---|---|---|
| I | 8 | 7 | 5 | ഇല്ല | ഇല്ല |
| II | 9 | 6 | 5 | — | — |
| III | 15 | 14 | 11 | — | — |
| IV | 4 | 4 | 7 | 7 | 3 |
| V | 12 | 6 | 7 | — | — |
| VI | 10 | 9 | 11 | | |
| VII | 13 | 12 | 10 | | |
| VIII | 11 | 10 | 6 | | |
| ആകെ | 82 | 68 | 62 | 7 | 3 |

പഞ്ചായത്തിൽ അലഞ്ഞു തിരയുന്ന പട്ടികളുടെ ശല്യം വർദ്ധിച്ച തോതിൽ നിലവിലുള്ളത് മാർക്കററ് പരിസരവും വളപട്ടണം പുഴക്ക് ചേർന്ന കാറിക്കാടുകളിലും ഇത്തരം പട്ടികളുടെ വിഹാര കേന്ദ്രമായി മാറുന്നു.

പ്രാവ്, തത്ത എന്നീ വളർത്തു പക്ഷികളെ എതാനും വീടുകളിൽ വളർത്തിവരുന്നു. പ്രാവ് മത്സരങ്ങളും സംഘടിപ്പിച്ചു വരുന്നുണ്ട്. കൌതുകത്തിൻെറ പേരിൽ മാത്രം വളർത്തുപട്ടികളെ വളർത്തുന്നത് വാണിജ്യാടിസ്ഥാനത്തിൽ വ്യാപിപ്പിക്കുന്നതിനെപ്പററി ആലോചിക്കേണ്ടതുണ്ട്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഈ രംഗം സ്ഥായിയായി വരുമാറ് പ്രദാനം ചെയ്യുന്ന ഒരു മേഖല തന്നെ തുറന്നുതന്നേക്കും.

## പ്രശ്നങ്ങൾ :-

1. കാലിത്തീററയുടെ വിലയിലുണ്ടാകുന്ന ക്രമാധീതമായ വർദ്ധന കന്നുകാലി വളർത്തൽ അനാദായകരമായിരിക്കുന്നു.
2. മേച്ചിൽ സ്ഥലങ്ങളിൽ വന്ന കുറവ് വൈക്കോലിൻെറ ദൌർലഭ്യത ഈ രംഗത്ത് പ്രതിസന്ധികരം ഉണ്ടാക്കുന്നു.
3. കന്നുകാലി വളർത്തൽ ഒരു ഉപജീവന മാർഗ്ഗം എന്ന നിലയിൽ ഇവിടെ വളർന്നിട്ടില്ല. അതുകൊണ്ട് ഈ രംഗത്ത് ലഭ്യമായ ആനുകൂല്യങ്ങരം സംബന്ധിച്ച് പൊതുജനങ്ങരം ബോധവാന്മാരല്ല.
4. കന്നുകാലികരംക്ക് എളുപ്പത്തിൽ ഫലപ്രദമായ ചികിത്സാ സൌകര്യങ്ങളും ലഭിക്കായ്ക.

## സാദ്ധ്യതകൾ :-

1. പ്രാദേശികമായി ലഭിക്കുന്ന സാധനങ്ങരം ഉപയോഗിച്ച് കുടിൽ വ്യവസായമെന്ന നിലയിൽ കന്നുകാലിത്തീററ ഉല്പാദിപ്പിക്കുക
2. തീററപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുക. ഇതിലൂടെ കന്നുകാലി സംരക്ഷണ ചെലവ് കുറക്കാൻ സാധിക്കും.
3. ആടിനെ വളർത്തൽ വ്യാപകമാക്കുക. കുടുംബ വരുമാനം ഇതുവഴി വർദ്ധിപ്പിക്കാൻ കഴിയും.
4. അറവു ശാലകളിൽ നിന്നും ഉപയോഗ ശൂന്യമായ മാംസഭാഗങ്ങരം കോഴിത്തീററയായി ഉപയോഗിക്കുന്നതു സംബന്ധിച്ച സാദ്ധ്യത
5. സൌജന്യ നിരക്കിൽ പാവങ്ങരംക്ക് കോഴി വളത്തൽ യൂണിററ് വേണം.
6. താറാവ്. മുയൽ വളർത്തൽ എന്നിവ പ്രോൽസാഹിപ്പിക്കുക.

✱

# വിദ്യാഭ്യാസം

വളപട്ടണത്തിന്ന് വിദ്യാഭ്യാസത്തിന്റെ ഔപചാരിക - അനൗപചാരിക മേഖലകളിൽ അദ്വിതീയമായ ഒരു പാരമ്പര്യമുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ വളപട്ടണത്ത് നല്ലൊരു പശ്ചാത്തലമൊരുക്കിയതായി കാണാം. 19-ാം നൂററാണ്ടിൽത്തന്നെ ഈ പ്രദേശങ്ങളിൽ വ്യാപകമായി പള്ളിക്കൂടങ്ങളിലും, മദ്രസകളിലുമായി മതവിദ്യാഭ്യാസവും, എഴുത്തും, മററു പഠനങ്ങളുമായി നടത്തിവരുന്നു. മുല്ലമാരും, എഴുത്തച്ഛന്മാരും, എഴുത്താശാന്മാർ എന്നിങ്ങനെയുള്ള പേരുകളിലായിട്ടാണ് അദ്ധ്യാപനം നടത്തി പഠിപ്പിച്ചു വന്നവരെ അറിയപ്പെട്ടിരുന്നത്.

1830 തൊട്ട് കൊല്ലങ്ങളിലായി പള്ളിക്കൂടങ്ങളിലും മുസ്ലിം പള്ളിക്ക് ചേർത്തുണ്ടാക്കിയ ഷെഡ്ഡുകളിലുമായി പലകയിൽ എഴുതിയും, എഴുത്തച്ഛന്മാരും, എഴുത്താശാന്മാരും ഓലയിലും പൂഴിമണൽപ്പരപ്പിലും എഴുതി പഠിപ്പിച്ചു വന്നിരുന്നു. 1914 ൽ ''ക്വീൻ സെൻറ് മേരി ഗേറംസ് സ്കൂറം'' എന്നപേരിൽ ഇന്ന് കമലാ നെഹ്റു യു. പി സ്കൂറം സ്ഥിതിചെയ്യുന്ന സ്ഥലത്ത് സ്കൂറം നടത്തി വന്നിരുന്നു. പ്രസ്തുത സ്കൂളിൽ ആൺകുട്ടികളും പെൺകുട്ടികളും പഠനം നടത്തിയിരുന്നു.

ഈ കാലയളവിൽ ഇംഗ്ലീഷ് പഠിക്കുന്നതിൽ പ്രതിഷേധിച്ച് 1928 ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പേരിൽ പുഴയരുവത്ത് പള്ളിക്ക് സമീപമുള്ള എളയടത്ത് പാണ്ടികശാലയിൽ ബാവക്കാൻവീട ഹുസ്സൻകുട്ടി എന്നയാറം പ്രത്യേകം മലയാളം സ്കൂറം നടത്തിയിരുന്നു. മാത്രമല്ല മുസ്ലീം പെൺകുട്ടികറക്ക് പ്രത്യേകമായി ജുമഅത്ത് പള്ളിക്ക് സമീപവും, മൊയ്തീൻ പള്ളിക്ക് സമീപവും സ്കൂളുകറം നടത്തി വരുന്നു. 1940-ലും കക്കുളങ്ങര പള്ളിക്ക് സമീപത്തായും സ്കൂളും മദ്രസ്സയും നടത്തിയിരുന്നു. പ്രസ്തുത സ്കൂളും മദ്രസ്സയുമാണ് പിന്നീട് സുബുലുസലാം മദ്രസ്സയിലേക്ക് മാററി സ്ഥാപിച്ചത്. ഇതിനെല്ലാം പുറമെ 1837ൽ ബോഡിന്റെ കീഴിലായി ഇന്ന് ഗവ. ഹൈസ്കൂറം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് '' വളപട്ടണം ബോർഡ് മാപ്പിള ഹയർ എലിമെൻററി സ്കൂറം '' എന്ന പേരിൽ 8-ാം ക്ലാസ്സ് വരെയുള്ള E S L C പരീക്ഷാ ക്രമത്തിലുള്ള പഠന ക്ലാസ്സുകളും നടത്തി വന്നിരുന്നു. പിന്നീട് 1964ൽ ജനാബ് സി. എൻ. കുഞ്ഞഹമ്മദ്ഹാജിയുടെ നേതൃത്വത്തിൽ രൂപീകരിച്ച വെൽഫേർ കമ്മിററിയാണ് ഇന്നത്തെ ഗവൺമെൻറ് ഹൈസ്കൂളായി ഉയർത്തുകയും പുതുതായി എട്ടപ്പുകറം നിർമ്മിക്കുകയും ചെയ്തത്.

ഇപ്പോറം ഇവിടെ സ്ഥിരം 23 മുറിയും, താൽക്കാലികമായ 6 മുറികളിലും കൂടി മൊത്തം 29 മുറികളിലായി ഹൈസ്കൂറം ക്ലാസ്സും 16 മുറികളിലായി പ്രൈമറി ക്ലാസ്സുകളും നടത്തി വരുന്നു. കൂടാതെ ഓഫീസ്, ലൈബ്രറി, ലാബ്, ഉച്ചക്കഞ്ഞി, പാചകമുറി എന്നിവ 6 മുറികളിലായി നടത്തി വരുന്നു.

1990-ലെ സാക്ഷരതാ പ്രസ്ഥാനം ഒരു വൻ വിജയമാക്കുവാനും ജില്ലയിലെ ഒരു സമ്പൂർണ്ണ സാക്ഷരതാ പഞ്ചായത്തായി പ്രഖ്യാപിക്കപ്പെടുവാനും കഴിഞ്ഞത് ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. 1993-94 ലെ അക്ഷരപ്പുലരി ഒന്നാം ഘട്ടമാക്കൽ, 95-96 ലെ സ്കൂറം കോംപ്ലക്സ് പ്രവർത്തനം എന്നിവ ഈ പഞ്ചായത്തിൽ സാമാന്യം നല്ല രീതിയിൽ തന്നെ നടക്കുകയുണ്ടായി. 1996 ലെ ഗുരുകുലം പരിപാടിയുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സമിതികറം രൂപീകരിച്ചിട്ടുണ്ട്. PTA, മദർ PTA എന്നിവയുടെ പ്രവർത്തനം സജീവമാവുകയും വിദ്യാഭ്യാസ പ്രക്രിയയിലെ ജനകീയ ഇടപെടൽ ക്രിയാത്മകമാവുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ എണ്ണം സാരമായി കുറഞ്ഞിട്ടുണ്ട്. ജനന നിരക്കിന്റെ കുറവും ഇംഗ്ലീഷ് മീഡിയം സ്കൂളുകറം തേടിയുള്ള പോക്കും ഇതിന് കാരണമാണ്, ആകെ അദ്ധ്യാപിക - അദ്ധ്യാപകർ 109. അതിൽ 43 പുരുഷന്മാരും 66 സ്ത്രീകളും അദ്ധ്യാപനം നടത്തി വരുന്നു.

എല്ലാ സ്കൂളുകളിലും PTA പ്രവർത്തനവും നിർമ്മാണ പ്രവർത്തികളും നടത്തി വരുന്നു. കോമ്പൗണ്ട് വാറം, വാട്ടർ ടാങ്ക്, നോട്ട്ബുക്ക് നിർമ്മാണത്തിനുള്ള മെഷീൻ, പേപ്പർ കട്ടിങ്ങ് മെഷീൻ തുടങ്ങിയവ പി ടി എ പ്രവർത്തനഫലമായി ഉണ്ടായതാണ്. മാതൃസംഗമം എല്ലാ വിദ്യാലയങ്ങളിലും നടന്നുവരുന്നു. പഠനനിലവാരം ഉയർത്തുന്നതിലും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിലും കുട്ടികളുടെ ഒഴിഞ്ഞുപോക്ക് തടയുന്നതിനും മാതൃസംഗമം ഫലപ്രദമായ പ്രവർത്തനങ്ങറം നടത്തിവരുന്നു.

സബ്ജില്ലാ, ജില്ലാതലത്തിൽ കലാ കായിക മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്. മിക്കപ്പോഴും സമ്മാനങ്ങറം നേടാറുമുണ്ട്.

L. S. S U. S S. പരീഷയ്ക്ക് എല്ലാ വിദ്യാലയങ്ങളും കുട്ടികളെ ഇരുത്താറുണ്ട്. ഒരു കുട്ടിക്ക് സ്കോളർഷിപ്പ് കിട്ടിയിട്ടുണ്ട്.

S S L C ഏക ഹൈസ്കൂളായ ഗവൺമെൻറ് ഹൈസ്ക്കൂളിലെ വിജയ ശതമാനം കഴിഞ്ഞ 5 വർഷങ്ങളിലായി 23% 12% 19% 16% 15.9% എന്നിങ്ങനെയാണ്. ആദ്യകാലത്ത് 80% ത്തിലധികം റിസൽട്ട് നേടിയിരുന്ന വിദ്യാലയമാണിത്. കണ്ണൂർ ജില്ലയിൽ തന്നെ കൂടുതൽ വിജയശതമാനം കരസ്ഥമാക്കിയിരുന്നു

വളപട്ടണത്ത് രക്ഷിതാക്കളിൽ വലിയൊരു വിഭാഗം ആളുകളും വിദ്യാഭ്യാസകാര്യത്തിൽ പിന്നോക്കമായത് കൊണ്ട് വിദ്യാർത്ഥികളുടെ പഠനം സംബന്ധിച്ച കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധയും താല്പര്യവും സ്വാഭാവികമായും ലഭിക്കുന്നില്ല. കൂടാതെ രക്ഷിതാക്കളിൽ ഏകദേശം 25 ശതമാനം ആളുകളും വിദേശത്ത് ജോലി ചെയ്യുന്നവരായതുകൊണ്ടും അവരുടെ ശ്രദ്ധയും വിദ്യാർത്ഥിക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് വിദ്യാർത്ഥികളുടെ പഠന സംബന്ധമായ കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുവാൻ മാതാക്കളെ സജ്ജരാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങളുടെ അതിപ്രസരം വിദ്യാഭ്യാസരംഗത്ത് കുട്ടികളെ വളരെയേറെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഒന്നാം ക്ലാസ്സുകളിലെ 100% വിജയവും മററു ക്ലാസ്സുകളിലേക്ക് നിശ്ചിത ശതമാന വിജയവും നിർബന്ധമാക്കിയതു കാരണം വേണ്ടത്ര അക്ഷരജ്ഞാനവും അക്കബോധാവും ഇല്ലത്ത കുട്ടികളെ പ്രൈമറിതലത്തിൽനിന്നും ജയിപ്പിച്ചു വിടുന്നതുകൊണ്ട് ഹൈസ്കൂൾ ക്ലാസ്സുകളിൽ എത്തുന്ന കുട്ടികളെ വേണ്ടത്ര അറിവുള്ളവരാക്കി തീർക്കാൻ വളരെയേറെ പ്രയാസപ്പെടേണ്ടിവരുന്നു. അടുത്തുള്ള പ്രൈമറി വിദ്യാലയങ്ങളിൽനിന്ന് ഹൈസ്ക്കൂളിലെത്തുന്ന കുട്ടികളുടെ നിലവാരക്കുറവ് S S L C വിജയശതമാനത്തെ സാരമായി ബാധിക്കുന്നു.

## ഗവ: ഹൈസ്ക്കൂൾ, വളപട്ടണം

1964 ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു.

| | | |
|---|---|---|
| **കെട്ടിടങ്ങൾ :** | സ്ഥിരം മുറികൾ | 23 |
| | താല്ക്കാലിക മുറികൾ | 6 |
| | ആകെ | 29 |

**പ്രവർത്തിക്കുന്ന ക്ലാസുകൾ**

| | |
|---|---|
| ഹൈസ്ക്കൂൾ ക്ലാസ്സുകൾ | 23 |
| പ്രൈമറി ക്ലാസ്സുകൾ | 16 |
| ആകെ | 39 |

| | |
|---|---|
| ഓഫീസ്, ലൈബ്രറി, ലേബ് സ്റ്റോർ, ഉച്ചക്കഞ്ഞി പാചക റൂം | 6 |
| ആകെ മുറികൾ | 45 |

**പ്രവർത്തി സമയം :**

I ഷിഫ്ററ് രാവിലെ 8.15 മുതൽ ഉച്ചക്ക് 12.45 വരെ

II ഷിഫ്ററ് ഉച്ചക്ക് 12-50 മുതൽ വൈകീട്ട് 5-00 വരെ

കളിസ്ഥലം ഇല്ല.

മററു സൗകര്യങ്ങൾ : ശുദ്ധജല വിതരണം ഉണ്ട്. മൂത്രപ്പുര, കക്കൂസ് എന്നിവയുണ്ടെങ്കിലും വളരെ പരിമിതമാണ്.

**പഠിക്കുന്ന ഭാഷകൾ :-**

മലയാളം, അറബിക്, ഉറദു, ഇംഗ്ലീഷ്, ഹിന്ദി.

**അദ്ധ്യാപകർ:-**

| | | |
|---|---|---|
| ഹൈസ്ക്കൂൾ | — | 37 |
| യു. പി. എൽ. പി | — | 21 |
| ആകെ | — | 58 |
| ഓഫീസ് സ്റ്റാഫ് | — | 6 |
| | — | 64 |

ലൈബ്രറി, ലാബ്, സ്റ്റോർ എന്നിവ നന്നായി പ്രവർത്തിക്കുന്നു. ആവശ്യമായ പുസ്തകങ്ങൾ, ലാബ് ഉപകരണങ്ങൾ എന്നിവയുണ്ട്.

**വിദ്യാർത്ഥികളുടെ ക്ഷേമപദ്ധതികൾ**

1. ഉച്ചക്കഞ്ഞി മുടങ്ങാതെ നടക്കുന്നുണ്ട്.
2. ലംപ്സംഗ്രാൻറ് SC/ST കുട്ടികൾക്ക്
3. സ്കോളർഷിപ്പ് SC/ST കുട്ടികൾക്ക്
4. ,, മുസ്ലിം പെൺകുട്ടികൾക്ക്
5. ,, ബീഡിത്തൊഴിലാളി / മത്സ്യത്തൊഴിലാളി കുട്ടികൾക്ക്
6. അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് IED സഹായം.
7. S S L C വിദ്യാർത്ഥികൾക്ക് സ്പെഷൽ കോച്ചിംഗ് (SC/ST ക്ക് മാത്രം)
8. മികച്ച വിജയം കണ്ടെത്തുന്നവർക്ക് എൻഡോവ്മെൻറ്

## വിദ്യാർത്ഥികളും ക്ലാസുകളും (ഹൈസ്ക്കൂൾ)

| ക്ലാസ്സ് | ആകെ | ആൺ | പെൺ |
|---|---|---|---|
| 1മുതൽ 4 വരെ | 152 | 66 | 86 |
| 5 മുതൽ 10 വരെ | 1466 | 751 | 715 |
| ആകെ | 1618 | 817 | 801 |

## വളപട്ടണം ഗവ: ഹൈസ്ക്കൂൾ SSLC വിജയം

| വർഷം | ആകെ പരീക്ഷ എഴുതിയവർ | | | വിജയിച്ചവർ | | | ഫസ്റ്റ് ക്ലാസ്സ് | | | ഡിസ്റ്റിംഗ്ഷൻ | | | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | |
| 1991–92 | 136 | 116 | 252 | 29 | 28 | 57 | 3 | 3 | 6 | — | — | — | 22.61 |
| 1992–93 | 155 | 127 | 282 | 26 | 14 | 40 | 2 | — | 2 | — | — | — | 14.18 |
| 1993–94 | 149 | 123 | 272 | 30 | 23 | 53 | 2 | — | 2 | — | — | — | 19.48 |
| 1994–95 | 123 | 132 | 255 | 21 | 20 | 41 | 1 | 4 | 5 | — | — | — | 16.67 |
| 1995–96 | 136 | 140 | 276 | 23 | 21 | 44 | 6 | 2 | 8 | — | — | — | 15.94 |

## വിജയ ശതമാനം

| | പെൺകുട്ടികൾ | | | ആൺകുട്ടികൾ | | |
|---|---|---|---|---|---|---|
| | പരീക്ഷക്ക് ഇരുന്നത് | വിജയിച്ചത് | % | ഇരുന്നത് | വിജയിച്ചത് | % |
| 1991–92 | 116 | 28 | 24.13 | 136 | 29 | 21.32 |
| 1992–93 | 127 | 14 | 11.02 | 155 | 26 | 16.77 |
| 1993–94 | 123 | 23 | 18.69 | 149 | 30 | 20.13 |
| 1994–95 | 132 | 20 | 15.15 | 123 | 21 | 17.07 |
| 1995–96 | 140 | 21 | 15.00 | 136 | 23 | 16.91 |

## പഞ്ചായത്തിലെ സ്ക്കൂളുകളുടെ വിവരപട്ടിക

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | വാർഡ് നമ്പർ | സർക്കാർ | എയിഡഡ് | LP | UP | ഹൈസ്കൂൾ |
|---|---|---|---|---|---|---|---|
| 1 | ഗവ ഹൈസ്കൂൾ വളപട്ടണം | VII | ശരി | | | | ശരി |
| 2 | കമലാനെഹ്റു UP സ്കൂൾ | VIII | | ശരി | | ശരി | |
| 3 | താജുൽ ഉലൂം സ്കൂൾ | VI | | അൺഎയിഡഡ് | | ശരി | |
| 4 | രാമവിലാസം LP സ്കൂൾ | VIII | | ശരി | ശരി | | |
| 6 | സുബുലുസലാം LP സ്കൂൾ | III | | ശരി | ശരി | | |

## പഞ്ചായത്തിലെ സ്ക്കൂളുകളുടെയും, വിദ്യാർത്ഥികളുടെയും, അദ്ധ്യാപകരുടെയും ലിസ്റ്റ്

| | വിദ്യാലയത്തിന്റെ പേര് | മൊത്തം കുട്ടികൾ | ആൺ | പെൺ | അദ്ധ്യാപകർ | കെട്ടിടം |
|---|---|---|---|---|---|---|
| 1 | ഗവ: ഹൈസ്കൂൾ വളപട്ടണം | 1618 | 817 | 801 | 58 | സ്വന്തം |
| 2 | കമലാനെഹ്റു U P സ്കൂൾ | 328 | 187 | 141 | 15 | ,, |
| 3 | താജുൽ ഉലൂം സ്കൂൾ | 317 | 185 | 132 | 15 | ,, |
| 4 | രാമവിലാസം L P സ്കൂൾ | 172 | 96 | 76 | 9 | ,, |
| 5 | സുബുലുസലാം L P സ്കൂൾ | 262 | 143 | 119 | 10 | ,, |

### പ്രശ്നങ്ങൾ

ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്.

1 സ്റ്റാഫ് റൂം, ഓഫീസ് റൂം, യൂറിനൽ, ലാട്രിൻ, പാചകമുറി, ഫർണ്ണിച്ചർ, കെട്ടിടങ്ങൾ എന്നിവ പരിമിതങ്ങളാണ്.

2 ഒരു വിദ്യാലയത്തിനും കളിസ്ഥലമില്ല.

3 2 എയിഡഡ് സ്കൂളിൽ സ്റ്റാഫ്റൂമില്ല. മററു സ്കൂളുകൾക്ക് ഭാഗികമായിട്ടേയുള്ളു.

4 ഓഫീസ് റൂം വേണ്ടത്ര സൗകര്യങ്ങൾ ഉള്ളതല്ല

5 ഹൈസ്ക്കൂൾ ഷിഫ്റ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതുകാരണം അദ്ധ്യയന സമയം കുറയുകയും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം കുറയുകയും ചെയ്യുന്നു.

6 ക്ലാസ്സ്മുറികളിലേക്ക് കുറച്ചുകൂടി ബ്ലാക്ക് ബോർഡ്, മേശ, കസേര, ഡസ്ക്, ബെഞ്ച് എന്നിവ ആവശ്യമാണ്.

# വിഭവ സമാഹരണം

ഏററവും ഒടുവിലായി സർക്കാർ നടത്തിയ ഗ്രഡേഷൻ അനുസരിച്ച് വളപട്ടണം ഗ്രാമ പഞ്ചായത്ത് ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. വിവിധ സാമ്പത്തിക മേഖലകൾ വിലയിരുത്തിയാൽ വളപട്ടണം ഒരു വ്യാവസായിക ഗ്രാമം എന്നു് വിശേഷിപ്പിക്കാം. ഇവിടെ തൊഴിൽ എടുക്കുന്നവരിൽ ഭൂരിപക്ഷവും വ്യാവസായിക മേഖലയിലാണ് ജോലി ചെയ്യുന്നത്. ശക്തമായ സാമ്പത്തിക അടിത്തറയുണ്ടെങ്കിൽ മാത്രമെ നമുക്ക് മെച്ചപ്പെട്ട നിലയിൽ പ്രവർത്തനങ്ങൾ ഏറെറടുത്ത് നടത്തുവാൻ സാധിക്കുകയുള്ളു. ഇപ്പോൾ നിലവിലുള്ള വാണിജ്യ വ്യവസായ കാർഷിക മേഖലകൾ മെച്ചപ്പെടുത്തുകയും അതോടൊപ്പംതന്നെ മററു വരുമാന മാർഗ്ഗങ്ങളും കണ്ടെത്തേണ്ടിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന ആവശ്യങ്ങളേയും പ്രശ്നങ്ങളേയും നേരിടാൻ അങ്ങിനെ നാം സ്വയം സജ്ജരാവേണ്ടിയിരിക്കുന്നു.

## സാദ്ധ്യതകൾ

1. ഗവൺമെൻറ് ഹൈസ്കൂൾ ഒരു വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളായി ഉയർത്തണം.

2. വുഡ് ടെക്നോളജിയിൽ സർട്ടിഫിക്കററ് കോഴ്സുകൾ ആരംഭിക്കണം.

3. പഴകിയ കോൺക്രീററു കെട്ടിടങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുക. ഇതിനാവശ്യമായ റിപ്പയറുകൾ നിർവ്വഹിക്കുക.

4. ഹൈസ്കൂളിൽ ഷിഫ്ററു സമ്പ്രദായം നിർത്തലാക്കുന്നതിനു് ആവശ്യമായത്ര പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക.

5. മാർക്കററിങ്ങ് സൊസൈററിയുടെ കൈവശമുള്ള വളപട്ടണം തങ്ങൾ വയലിലുള്ള ഒരേക്കറോളം വരുന്ന വിശാലമായ സ്ഥലം വിദ്യാഭ്യാസ വകുപ്പ് ഏറെറടുത്ത് വളപട്ടണം ഹൈസ്കൂളിനു് കളിസ്ഥലമായി നൽകണം.

6. ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ രാഷ്ട്രീയ പ്രവർത്തനം പൂർണ്ണമായും നിരോധിക്കണം.

7. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠനോപകരണങ്ങളും യൂനിഫോമുകളും നൽകണം.

8. ഗവ: ഹൈസ്കൂളിൽ നിലവിലുള്ള നോട്ടുബുക്ക് നിർമ്മാണ യൂണിററ് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ പേപ്പർ ലഭ്യമാക്കുക.

9. ഗവ: ഹൈസ്കൂളിൽ ശുദ്ധജല സൗകര്യങ്ങൾ പരിമിതമായതിനാൽ അത് വിപുലപ്പെടുത്തുക.

✱

# പഞ്ചായത്തിന്റെ വരുമാനങ്ങൾ

## കഴിഞ്ഞ 5 വർഷത്തെ വരവ് സംബന്ധിച്ച കണക്ക്

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | ലൈസൻസ് ഫീസ് | വിനോദ നികുതി | പഞ്ചായത്ത് സ്വത്തുക്കരം | ഗവ: വക വരവ് | മററു വരവ് | ആകെ |
|---|---|---|---|---|---|---|---|---|
| 1991–92 | 158499 97 | 446548 | 16903 65 | 61697 30 | 67940 | 197302 | 72776 25 | 1021667 17 |
| 1992–93 | 188232 16 | 282330 | 19311 | 66673 55 | 167571 | 148611 | 136737 09 | 1006365 80 |
| 1993–94 | 193317 44 | 247108 | 23326 25 | 78988 18 | 126201 | 147029 | 352123 07 | 1168092 94 |
| 1994–95 | 203758 08 | 376666 | 26717 50 | 79363 30 | 133093 | 182386 | 212135 95 | 1214119 83 |
| 1995–96 | 215674 66 | 347863 | 26988 50 | 65122 57 | 143057 | 222335 | 495521 97 | 1516562 70 |

മറുപുറം ചേർത്ത പട്ടികയിൽ നിന്നും നമുക്ക് വരുമാനം കുറവെന്ന് മാത്രമല്ല കടബാദ്ധ്യത കൂടി വരികയുമാണ്. ഇതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

**കെട്ടിട നികുതി:** കെട്ടിട നികുതി നിശ്ചയിച്ചത് ശാസ്ത്രീയമല്ല. ഇരുനില കെട്ടിടങ്ങൾക്ക് നികുതി വർദ്ധിപ്പിക്കാവുന്നതാണ്.

**പൂഴി ശേഖരിക്കൽ:** പൂഴി ഇവിടെ പഞ്ചായത്ത് സ്ഥലത്ത് ഇറക്കി കച്ചവടം ചെയ്യുന്നവരിൽ നിന്നും സംഖ്യ വാങ്ങാവുന്നതാണ്.

**വിനോദ നികുതി:** നിലവിലുള്ള രണ്ട സിനിമാശാലകളിൽ നിന്നും നികുതി നല്ലി വരുന്നുണ്ട്

**പുറംപോക്കു ഭൂമി:** വനജാ ടാക്കീസിനടുത്തുള്ള പുഴക്കരയിൽ കിടക്കുന്ന പുറംപോക്കു ഭൂമിയിൽ ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിച്ച് പഞ്ചായത്തിന് വരുമാനം കൂട്ടാവുന്നതാണ്. മരം സ്റ്റോക്ക് ചെയ്യുന്ന പുറംപോക്ക് ഭൂമിയിൽ ലീസിന്റെ തുക കൂട്ടാവുന്നതാണ്.

**മററു വരുമാന മാർഗങ്ങൾ:** ബസ് സ്ററാൻറിന്റെ സമീപത്തായി ആഴ്ച ചന്ത നടത്താവുന്നതാണ്, ലോറി, ടാക്സി, ഓട്ടോ മുതലായവയുടെ സ്റ്റാൻറ് വാടക കൂട്ടാവുന്നതാണ്.

**ധനകാര്യ സ്ഥാപനങ്ങൾ:** ഈ പഞ്ചായത്തിൽ ഇന്ത്യൻ ഓവർസീസ് ബേങ്ക്, ഇന്ത്യൻ ബേങ്ക്, ഫെഡറൽബേങ്ക് മുതലായവയുടെ ബ്രാഞ്ചുകൾ ഇവിടെ പ്രവൃത്തിക്കുന്നുണ്ടെങ്കിലും ചെറുകിട വ്യവസായങ്ങളുടെ ഉയർച്ചക്ക് വേണ്ടി വായ്പാ സൌകര്യങ്ങൾ ഉദാരമാക്കുവാൻ തയ്യാറാകണം. മാത്രമല്ല സഹകരണ ബാങ്ക് ഈ നിലയിൽ വായ്പാ സൌകര്യം വിപുലീകരിക്കുവാൻ മുൻകൈ എടുക്കണം.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല.
2. സർക്കാറിന്റെ സാമ്പത്തിക സഹായം വേണ്ടത്ര ലഭിക്കുന്നില്ല.
3. അൺടൈഡ് ഫണ്ട് ജനസംഖ്യ അടിസ്ഥാനത്തിൽ ലഭിക്കുന്നതു കൊണ്ട് വളരെ കുറഞ്ഞ സംഖ്യയാണ് ലഭിക്കുന്നത്.
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഒരു ഫണ്ടും വികസന പദ്ധതികൾക്കായി ഉപയോഗിക്കുന്നില്ല.
5. ദേശസാൽകൃത ബേങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം വളരെ പരിമിതമാണ്.

**സാദ്ധ്യതകൾ**

1. നികുതി വരുമാനം വർദ്ധിപ്പിക്കുക
2. ഗ്രാൻറുകൾ യഥാസമയം നല്കുവാൻ ശ്രമിക്കുക
3. വളപട്ടണത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ജനസംഖ്യ അനുപാതം ഉപേക്ഷിച്ച് അൺഎയിഡഡ് ഫണ്ട് വർദ്ധിപ്പിക്കുക
4. ഗൾഫ് മലയാളികളുടെ സാമ്പത്തിക നിക്ഷേപം വർദ്ധിപ്പിക്കുവാനു സ്കീമുകൾ തയ്യാറാക്കുക
5. പഞ്ചായത്ത് അധീനതയിലുള്ള പുറമ്പോക്കിൽ നിന്നും വരുമാനം വർദ്ധിപ്പിക്കുക
6. നിലവിലുള്ള ബസ് സ്റ്റാൻറ് മാററി പരിഷ്കരിപ്പിച്ച് ഷോപ്പിംഗ് കോംപ്ലക്സ്, കോൺഫ്രൻസ് ഹാൾ തുടങ്ങിയവയുള്ള ആധുനീക സൗകര്യങ്ങളോടുകൂടി പുതിയ ബസ് സ്റ്റാൻറ് നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കണം.
7. വളപട്ടണത്തുകൂടി പോകുന്ന P W D റോഡ് വീതികൂട്ടുകയും ഹൈവെ റോഡിൽകൂടി പോകുന്ന എല്ലാ ബസ്സുകളും വളപട്ടണം ടൌണിൽവന്നു തിരിച്ചുപോകുന്ന സൗകര്യം ഏർപ്പെടുത്തുകയും അതുമൂലം സ്റ്റാൻറ് വാടക ചുമത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
8. നിലവിലുള്ള മാർക്കററ് പുതുക്കി ആധുനീക രീതിയിൽ അറവുശാലയടക്കം വിപുലീകരിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
9. നിലവിലുള്ള വൻകിട ഫാക്ടറികളിൽ യന്ത്രസാമഗ്രികളുടെ നികുതി വർദ്ധിപ്പിച്ച് വരുമാനം കൂട്ടാവുന്നതാണ്.

# വ്യവസായം

വളരെ മുമ്പ് തന്നെ വ്യാവസായിക രംഗത്ത് അറിയപ്പെടുന്ന പ്രദേശമാണ് വളപട്ടണം. ഏഷ്യയിലെ പ്രമുഖ തടി വ്യവസായ കേന്ദ്രം എന്ന നിലയിൽ കല്ലായിക്ക് തൊട്ടു പുറകിൽ വളപട്ടണം പണ്ടേ സ്ഥാനം പിടിച്ചിരുന്നു. കല്ലായി തകർന്നതോടെ ഈ രംഗത്ത് ഇന്ന് മികച്ചു നിൽക്കുന്നത് വളപട്ടണമാണ്. പ്ലൈവുഡ് ഫാക്ടറികളിൽ വെച്ച് ഇന്ത്യയിൽ ഒന്നാമതും ഏഷ്യയിൽ രണ്ടാമതും സ്ഥാനം വഹിക്കുന്ന വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ഫാക്ടറി പ്രവർത്തിക്കുന്നത് ഈ പഞ്ചായത്തിലാണ്. കണ്ണൂർ ജില്ലയുടെ വ്യാവസായിക കേന്ദ്രം എന്ന സ്ഥാനമുള്ളതും വളപട്ടണത്തിനുതന്നെ. പഞ്ചായത്തിലെ പ്രധാനപ്പെട്ട പ്രവർത്തന മേഖല വ്യവസായവും അതോടനുബന്ധിച്ച വാണിജ്യ പ്രവർത്തനവുമാണ്. മൊത്തം ജനസംഖ്യയുടെ ഏകദേശം 70% പേർ വ്യവസായിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവരാണ്. പഞ്ചായത്തിന്റെ വരുമാനത്തിൽ സിംഹഭാഗവും വരുന്നത് വ്യവസായിക മേഖലയിൽ നിന്നാണ്.

നല്ല ഒരു വ്യാവസായികാന്തരീക്ഷം ഇവിടെ വളർന്നു വന്നതിൽ പല അനുകൂല ഘടകങ്ങളുമുണ്ട്. പഞ്ചായത്തിന്റെ ഒരു ഭാഗത്ത് നീണ്ടുകിടക്കുന്ന വളപട്ടണം പുഴയും റെയിൽവെ സൗകര്യവും അഴീക്കൽ തുറമുഖവും റോഡ് ഗതാഗത സൗകര്യങ്ങളുമെല്ലാം അനുകൂല സാഹചര്യങ്ങളാണ്. 1944 ൽ പ്രവർത്തനമാരംഭിച്ച വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡിന്റെ സ്വാധീനമാണ് മറെറാരു ഘടകം. വ്യാവസായിക രംഗത്തെ ഈ സ്ഥാപനത്തിന്റെ മുന്നേററം മററ് സംരംഭകർക്കാകെ തന്നെ പ്രചോദനമായി മാറിയിട്ടുണ്ട്. വ്യവസായ സംരംഭകത്വം കേരളത്തിൽ പൊതുവെ കുറവായി വിലയിരുത്തപ്പെടുമ്പോഴും വളപട്ടണത്തിന്റെ സ്ഥിതി വ്യത്യസ്തമാണ്. ഇവിടുത്തെ ബഹുഭൂരിപക്ഷം ചെറുപ്പക്കാരുടെയും ലക്ഷ്യം ഒരു വ്യാവസായിയായി മാറുക എന്നതാണ് എന്ന് പറയുന്നതിൽ തെററില്ല.

പരമ്പരാഗതമായി മരത്തടികൊണ്ടുള്ള വ്യവസായമാണ് ഇവിടെയുള്ളത്. ആദ്യകാലത്ത് കൈവാളുകൊണ്ട് മരം ഈർന്ന് വീട്ടാവശ്യങ്ങൾക്കും മററുമുള്ള ഉരുപ്പടികൾ ഉണ്ടാക്കുകയായിരുന്നു. പിന്നീടത് വിപുലീകരിച്ച് ഈർച്ചമില്ലുകളും ഇടത്തരം പ്ലൈവുഡ് ഫാക്ടറികളും വലിയ ഒരു പ്ലൈവുഡ് ഫാക്ടറി വരെയായി വളർന്നു. മരം കൊണ്ടുള്ള വ്യാപാര വ്യവസായങ്ങൾ ഇവിടെ വളർന്നു വരാൻ പ്രധാനകാരണം വളപട്ടണം പുഴയാണ്. മുൻകാലങ്ങളിൽ ജലമാർഗ്ഗം മരത്തടികൾ കൊണ്ടുവരുന്നതിനു വിദൂരദേശത്തേക്ക് ഉല്പന്നങ്ങൾ കൊണ്ടുപോകുന്നതിനും കൂടാതെ മരം കേടുകൂടാതെ സൂക്ഷിക്കുന്നതിനും പുഴ ഒരു അനുഗ്രഹമായിരുന്നു.

ഇവിടെ ഫാക്ടറി അടിസ്ഥാനത്തിൽ പ്രവർത്തിച്ച ആദ്യത്തെ സ്ഥാപനം കോഹിനൂർ സോമിൽ (1938) ആണ്. 1944 ൽ വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് പ്രവർത്തനം ആരംഭിച്ചതോടെ തടി വ്യവസായ രംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെയുണ്ടായി. പ്ലൈവുഡ് ഉൽപ്പന്നങ്ങളും ഹാർഡ് ബോർഡും നിർമ്മിക്കുന്ന ഈ സ്ഥാപനം ലോക വിപണിയിൽ തന്നെ നല്ല ഒരു സ്ഥാനം നേടിയിട്ടുണ്ട്. നിലവിൽ 19 കോടി രൂപയോളം ആസ്തിയുള്ള സ്ഥാപനം കഴിഞ്ഞ വർഷം 4 കോടി രൂപയോളം അററാദായമുണ്ടാക്കിയിട്ടുണ്ട്. തൊഴിലാളികളും ജീവനക്കാരുമടക്കം മൊത്തം 1282 പേർ ഇവിടെ ജോലി ചെയ്യുന്നത്. ഇവരിൽ ചെറിയ ഒരു ശതമാനം മാത്രമാണ് വളപട്ടണത്തുകാരായിട്ടുള്ളത്.

വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് കൂടാതെ സീയെൻ പ്ലൈവുഡ്, പ്രൈംസീനിർ പ്ലൈവുഡ്, പ്രസ്റ്റേജ് പ്ലൈവുഡ്, എന്നീ വ്യവസായ ശാലകളും പ്രധാനപ്പെട്ട പ്ലൈവുഡ് ഫാക്ടറികളാണ്. ഈപ്രദേശക്കാർക്ക് ഏററവും കൂടുതൽ തൊഴിൽ നൽകുന്ന സ്ഥാപനങ്ങൾ കൂടിയാണിവ. പ്ലൈവുഡ് വ്യവസായങ്ങൾ എല്ലാംതന്നെ വളരെ ലാഭകരമായി പ്രവർത്തിക്കുന്നവയാണ് എന്നാൽ തടിമുറിക്കാൻ പററിയ വനപ്രദേശങ്ങൾ നാട്ടിൽ കുറഞ്ഞതുമൂലം തടിയുടെ ലഭ്യതയുടെ കാര്യത്തിൽ പ്രശ്നങ്ങളുണ്ട്. വന നശീകരണത്തിനെതിരായി വളർന്നു വന്ന പരിസ്ഥിതികാവബോധവും മര വ്യവസായത്തിന്റെ വളർച്ചയ്ക്ക് മുമ്പിൽ ചോദ്യചിഹ്നമാ

ണ്. മററ് സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നുതന്നെയും തടി ഇറക്കുമതി ചെയ്താണ് ഈ സ്ഥാപനങ്ങൾ ഇന്ന് മുന്നോട്ട് നീങ്ങുന്നത്. കഴിഞ്ഞ പത്തു വർഷക്കാലമായി ഈ സ്ഥിതിയാണുള്ളത്. ഈ മേഖലയുടെ സ്ഥായിയായ വികസനം ഇന്നത്തെ രീതിയിൽ സാദ്ധ്യമല്ല എന്നാണിത് സൂചിപ്പിക്കുന്നത്.

തടി വ്യവസായമാണ് വളരെ മുമ്പിൽ നില്ക്കുന്നതെങ്കിലും മററു വ്യവസായ സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇക്കൂട്ടത്തിൽ ഏററവും പ്രധാനം ഫൈബർ ഫോം ഫാക്ടറിയാണ്. ഫോം ബെഡുകൾ ഉല്പാദിപ്പിക്കുന്ന ഈ സ്ഥാപനം വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു പ്രൈവററ് കമ്പനിയാണ്.

208 തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നുണ്ട്. മററ് പ്രദേശങ്ങളിൽ നിന്ന് അസംസ്കൃത സാധനങ്ങൾ കൊണ്ടുവന്ന് വളപട്ടണത്തുള്ള മൂന്ന് യൂണിററുകളിലായി ഉല്പാദനം നടത്തുകയാണ് ചെയ്യുന്നത്. ഇതു കൂടാതെ പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേററ് പ്രവർത്തിക്കുന്നുണ്ട്. അതിൽ അലുമിനിയം ഫേബ്രിക്സ്, നൂൽ ഉല്പാദനം, റബ്ബർ ഹവായി ചെരിപ്പ്, പീലിങ്ങ് മെഷീൻ ഉപയോഗിച്ച് മരത്തടി കൊണ്ടുള്ള വിനിയർ നിർമ്മാണം മുതലായവ നടന്നുവരുന്നു. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ചെറുകിട വ്യവസായമാണ് ബീഡി. പാരീസ് ബീഡി, പൂർ ബീഡി, അബു ബീഡി, ദേവി ബീഡി എന്നീ സ്ഥാപനങ്ങൾ മുമ്പ് പ്രവർത്തിച്ചിരുന്നു. എന്നാൽ അബു ബീഡി മാത്രമെ ഇന്ന് നിലവിലുള്ളു. മാർക്കററിങ്ങിലുള്ള പ്രശ്നമാണ് ബീഡി വ്യവസായത്തിന്റെ തകർച്ചക്ക് കാരണം. മററു ജില്ലകളിൽ നിന്നു വന്ന് കിടക്ക നിർമ്മാണം കുടിൽ വ്യവസായ അടിസ്ഥാനത്തിൽ നടത്തുന്ന അമ്പതോളം ആളുകൾ പഞ്ചായത്തിലുണ്ട്. പുറത്തു നിന്ന് പഞ്ഞിയും മററും കൊണ്ടുവന്ന് ഇവിടെ മുറികൾ വാടകയ്ക്കെടുത്ത് കിടക്കകൾ ഉണ്ടാക്കി മററ് സ്ഥലങ്ങളിൽകൊണ്ടുപോയി വിൽക്കുകയാണിവർ ചെയ്യുന്നത്. കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയ വ്യവസായങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല എന്നാൽ ഭക്ഷ്യ സംസ്കരണ രംഗത്ത് ബേക്കറി അടിസ്ഥാനത്തിലും കുടിൽ വ്യവസായമായും ചില സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ ജില്ലയുടെ വ്യാവസായിക രംഗത്ത് മുന്നിൽ നിൽക്കുന്ന ടെക്സ്റ്റയിൽ മേഖലയിൽ പഞ്ചായത്തിൽ രണ്ട് സ്ഥാപനങ്ങൾ മാത്രമാണുള്ളത്. ചിറക്കൽ വീവേഴ്സ് സൊസൈററിയും ആനന്ദ് ടെക്സ്ററയിൽസും ഇവ കൂടാതെ ഒരു ഡയിംഗ് യൂണിററും ഇവിടെ പ്രവർത്തിക്കുന്നുണ്ട്

ആകെയുള്ള വ്യവസായ സ്ഥാപനങ്ങളിൽ രണ്ടെണ്ണം ലിമിററഡ് കമ്പനികളാണ് വെസ്റേറൺ ഇന്ത്യാ പ്ലൈവുഡും, ഫൈബർ ഫോമും. ബാക്കിയുള്ളവ പാർട്ടണർഷിപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ നടക്കുന്നവയാണ്. പൊതുമേഖലയിൽ നടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ വളപട്ടണത്തില്ല. കണ്ണൂർ ജില്ലയിലെ പ്രധാന സവിശേഷതയായ സഹകരണ മേഖലക്ക് ഇവിടെ വ്യാവസായിക രംഗത്ത് പ്രചാരം കിട്ടിയിട്ടില്ല. ഒരേയൊരു വ്യവസായ സഹകരണ സ്ഥാപനമായ ചിറക്കൽ വീവേഴ്സ് സൊസൈററിയുടെ പ്രവർത്തന മേഖല ചിറക്കൽ പഞ്ചായത്തിലാണ്.

വളപട്ടണത്തുള്ള വ്യവസായങ്ങളുടെ മറെറാരു സവിശേഷത അസംസ്കൃത സാധനങ്ങൾക്കും വിപണിക്കും മററു പ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത് എന്നതാണ്. സംസ്കരണം മാത്രമാണ് ഇവിടെ നടക്കുന്നത്. പ്രാദേശിക മാർക്കറ്റുകളേക്കാൾ ഇവിടുത്തെ വ്യവസായങ്ങൾ ലക്ഷ്യം വെക്കുന്നത് വിദൂരദേശങ്ങളിലെ മാർക്കററുകളെയാണെന്ന് പറയാം. എന്നാൽ വിപണന രംഗത്ത് ഈ വ്യവസായങ്ങളൊന്നുംതന്നെ ഇപ്പോൾ പ്രശ്നങ്ങൾ നേരിടുന്നില്ല

വ്യവസായിക മുന്നേററം പഞ്ചായത്തിലെ തൊഴിൽ സാദ്ധ്യതയെ ഏറെ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ വർദ്ധിച്ച തൊഴിൽ സാദ്ധ്യതയെ ഹനിക്കുന്ന ചില നടപടികൾ സമീപ കാലത്ത് ദൃശ്യമാണ്. മിക്ക വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ പററിയും ജോലി രാജിവെച്ചും പലരും പിരിഞ്ഞുപോകുന്നുണ്ടെങ്കിലും പകരം നിയമനങ്ങൾ നടക്കുന്നില്ല. ജോലിയിൽനിന്ന് പിരിഞ്ഞു പോയവരേയും മററുള്ളവരേയും താല്ക്കാലികാടിസ്ഥാനത്തിൽ ജോലിക്ക് വെക്കുന്ന പ്രവണതയാണ് വളർന്നുവരുന്നത്. ചില വ്യവസായ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ മററു സംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ കൊണ്ടുവന്ന് പണിയെടുപ്പിക്കുന്ന രീതിയും കണ്ടുവരുന്നു. ചെറുകിട സോമില്ലുകളിലും ഫാക്ടറികളിലും സ്ത്രീകൾക്ക് 40 രൂപയും പുരുഷന്മാർക്ക് 60 രൂപയും ദിവസക്കൂലി ലഭിക്കുന്നു. വേസ്റ്റേൺ ഇന്ത്യ

പ്ലൈവുഡ്, ഫൈബർ ഫോം പോലുള്ള സ്ഥാപനങ്ങളിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വേതന വ്യവസ്ഥയും മററ് ആനുകൂല്യങ്ങളും സർവ്വീസ് അടിസ്ഥാനത്തിൽ നൽകുന്നുണ്ട്. അവിടെ തൊഴിലാളികൾക്ക് 60 രൂപ മുതൽ 140 രൂപ വരെ ദിവസവേതനം ലഭിക്കുന്നുണ്ട്.

ഫാക്ടറികളുടെ ബാഹുല്യം പരിസ്ഥിതി രംഗത്ത് ചില പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മിക്ക പ്ലൈവുഡ് ഫാക്ടറികളിൽ നിന്നും പുറത്തേക്ക് പടരുന്ന പൊടിപടലം അന്തരീക്ഷ മലിനീകരണത്തിന് ഇടയാക്കുന്നു. ശബ്ദ മലിനീകരണവും മലിനജലം ഒഴുക്കലും ബഹുജന സമ്മർദ്ദത്തിന്റെയും പഞ്ചായത്ത് സമിതിയുടെ ഇടപെടലിന്റെയും ഫലമായി ലഘൂകരിക്കാൻ ചില സ്ഥാപനങ്ങൾ തയ്യാറായിട്ടുണ്ട്. എന്നാൽ പ്രധാന സ്ഥാപനങ്ങളിലെല്ലാം തന്നെ മരവ്യവസായ രംഗത്തെ പാഴ് വസ്തുവായ മരപ്പൊടി സംസ്ക്കരണം ഒരു പ്രധാന പ്രശ്നമാണ്. ഇപ്പോൾ മററ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ലോറികളാണ് അവ ശേഖരിച്ചു കൊണ്ടുപോകുന്നത്. പാചകത്തിനുള്ള ഇന്ധനാവശ്യത്തിനും മററുമായി തദ്ദേശീയരിൽ ചിലരും ഈർച്ചപ്പൊടി ഉപയോഗിക്കുന്നുണ്ട്.

വൈദ്യുതി രംഗത്ത് കേരളം നേരിടുന്ന പ്രതിസന്ധി വളപട്ടണത്തെ വ്യവസായങ്ങളെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഉള്ള വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും ഇന്നത്തെ പ്രധാന തടസ്സം വൈദ്യുതിയാണ്. ഉദാഹരണത്തിന് സോമില്ലുകളിലും ചെറുകിട ഫാക്ടറികളിലും ആഴ്ചയിൽ മൂന്നോ നാലോ പ്രവൃത്തി ദിനം മാത്രമാണ് ലഭിക്കുന്നത്. പവർകട്ടിനു പുറമെ ദിവസങ്ങളോളം വൈദ്യുതി നിലയ്ക്കുന്ന സ്ഥിതി വളപട്ടണത്ത് സാധാരണമാണ്. ലഭിക്കുന്ന വൈദ്യുതിയുടെ വോൾട്ടത കുറവാണ് മറെറാരു കാരണം. ഇവയെല്ലാം വളപട്ടണത്തുള്ള വ്യവസായങ്ങളെ ദോഷകരമായി ബാധിക്കുന്ന കാര്യങ്ങളാണ്. സ്വന്തമായി ജനറേറർ സംവിധാനമുള്ള വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡിൽ മാത്രമാണ് വൈദ്യുതി പ്രശ്നത്താൽ തൊഴിൽ ദിനങ്ങൾ നഷ്ടമാകാത്തത്. സംരംഭകത്വം, വായ്പാ സൗകര്യം തുടങ്ങിയ അനുകൂല സാഹചര്യങ്ങൾ പലതും ഇന്നുണ്ടായിട്ടും വൈദ്യുതിയുടെ അഭാവം പുതിയ വ്യവസായങ്ങൾ വളർന്നു വരുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

**പ്രശ്നങ്ങൾ :-**

1. വൈദ്യുതിയുടെ ലഭ്യതയിലും വോൾട്ടതയിലുമുള്ള കുറവ് വ്യവസായങ്ങളെ ദോഷകരമായി ബാധിക്കുന്നു.
2. മരത്തടിയെ മാത്രം ആശ്രയിച്ച വ്യവസായമാണ് ഏറെയും എന്നതിനാൽ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് പ്രശ്നമായി വളർന്നുവരുന്നു.
3. ഫാക്ടറികളിൽ നിന്നുള്ള പൊടിപടലവും മലിന ജലം ഒഴുക്കലും ശബ്ദ ബാഹുല്യവും പ്രധാന പരിസ്ഥിതി പ്രശ്നങ്ങളായി വളർന്നുവരുന്നു ജനങ്ങളുടെ പൊതു ആരോഗ്യസ്ഥിതിയെ ഏറെ ദോഷകരമായി ബാധിക്കുന്ന ഘടകമാണ് ഇത്.
4. സ്ഥാപനങ്ങളിൽ താൽക്കാലിക ജീവനക്കാരുടെ എണ്ണം വർദ്ധിക്കുന്നു.
5. തദ്ദേശീയർക്ക് അർഹമായ തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നില്ല.
6. മര വ്യവസായത്തിലെ പാഴ്‌വസ്തുക്കൾ വേണ്ടവിധം സംസ്കരിക്കാൻ കഴിയുന്നില്ല.
7. പുതിയ സംരംഭകർക്ക് വായ്പ നൽകുവാൻ ബാങ്കുകൾ തയ്യാറാവുന്നില്ല. നിലവിലുള്ള വ്യവസായങ്ങളുടെ വായ്പാ ആവശ്യം നിറവേററാൻ മാത്രമാണ് അവർ താല്പര്യം കാണിക്കുന്നുണ്ട്
8. പുതിയ വ്യവസായ ശാലകൾ വളർന്നുവരാൻ സ്ഥലത്തിന്റെ പരിമിതി തടസ്സം സൃഷ്ടിക്കുന്നത്.

**സാദ്ധ്യതകൾ :-**

1. മരത്തിന്റെ ലഭ്യതയിൽ വരാവുന്ന കുറവ് മുൻനിർത്തി നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ വൈവിധ്യ വൽക്കരണത്തിന് തയ്യാറാവണം.
2. ഗൾഫ് മേഖലയിലുള്ളവരുടെ നിക്ഷേപം ഉപയോഗപ്പെടുത്തി ആധുനിക വ്യവസായങ്ങൾ തുടങ്ങണം – ഇലക്ട്രോണിക്സ് ഇലക്ട്രിക്കൽ വ്യവസായങ്ങൾപോലുള്ളവ.
3. പുതിയ സംരംഭകർക്ക് പരിശീലനം നൽകുന്ന വ്യവസായ സംരംഭകത്വ പരിശീലനകേന്ദ്രം– സന്നദ്ധതയുള്ള സംരംഭകരുടെ നിലവാരം ഉയർത്തുവാൻ ഇത് സഹായകരമായിരിക്കും.
4. സമീപ പഞ്ചായത്തുകളിൽ സുലഭമായ തൊണ്ട് ഉപയോഗപ്പെടുത്തി കയർ വ്യവസായ കേന്ദ്രം.
5. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ഉല്പാദനം.
6. പഞ്ചായത്തിലെ പഴകി ജീർണ്ണിച്ച കെട്ടിടങ്ങൾ അക്വയർ ചെയ്ത് ചെറുകിട വ്യവസായ യൂണിററുകൾ തുടങ്ങുവാനുള്ള സ്ഥല സൗകര്യം ലഭ്യമാക്കാൻ കഴിയും.
7. വ്യവസായ ശാലകളിലെ കോമ്പൗണ്ടുകളിൽ വനവൽക്കരണ പരിപാടി ഊർജ്ജിതമായി നടത്തണം.

| | തൊഴിൽ സ്ഥാപനങ്ങളുടെ പേർ | ഉടമസ്ഥത | ഉല്പന്നങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | പു | സ്ത്രീ | ആകെ |
| 1. | ദി വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് | പബ്ലിക് | പ്ലൈവുഡ് ഹാർഡ്, ബോർഡ് ഫർണ്ണിച്ചറുകൾ | 985 | 92 | 1077 |
| 2. | സീയൻ പ്ലൈവുഡ് | ലിമിറ്റ | പ്ലൈവുഡ്, പീലിങ്ങ് | 160 | 3 | 163 |
| 3. | സീയൻ കെ. പ്ലൈവുഡ് | | പ്ലൈവുഡ്, പീലിങ്ങ് | 32 | 3 | 35 |
| 4. | ഫൈബർ ഫോം ഫാക്ടറി | ഡ് | കിടക്ക, തലയണ | 192 | 16 | 208 |
| 5. | കെ. എൻ. വുഡ് ഇൻഡസ്ട്രീസ് | | മരം അറുത്ത് പലക ഉണ്ടാക്കൽ | 4 | — | 4 |
| 6. | പെൻറാ കാർട്ടൺസ് | | കാർബോഡ് പെട്ടി നിർമ്മാണം | 6 | — | 6 |
| 7. | ജാസ് വിനീർ | | മരംകൊണ്ട് വിനീർ | 10 | 4 | 14 |
| 8. | കലീമ വുഡ് ഇൻഡസ്ട്രീസ് | | മരം ഈർച്ചചെയ്യൽ | 12 | — | 12 |
| 9. | ഓവർസീസ് ഇൻഡസ്ട്രീസ് | | ,, ,, | 11 | — | 11 |
| 10. | ഹിന്ദുസ്ഥാൻ സോമിൽസ് | | ,, ,, | 13 | — | 13 |
| 11. | വിന്നർ വുഡ് | | ബ്ലോക്ക് ബോർഡ് പ്ലൈവുഡ് | 22 | — | 22 |
| 12. | പ്രീമിയർ സോമിൽ | | മരം ഈർച്ച ചെയ്യൽ | 12 | — | 12 |
| 13. | പ്രിയദർശിനി ഫോം | | റബ്ബർകൊണ്ട് യൂ ഫോം | 8 | — | 8 |
| 14. | മോഡേൺ സ്റ്റീൽ | | സ്റ്റീൽകൊണ്ട് ഗ്രിൽസ് മുതലായവ | 5 | — | 5 |
| 15. | അനോടൈക് | | അലൂമിനിയം ഫാബ്രിക്കേഷൻ | 7 | — | 7 |
| 16. | വെസ്റ്റേൺ ടിമ്പർ | | മരം ഈർച്ച ചെയ്യൽ | 13 | — | 13 |
| 17. | അറഫ വുഡ് | | ,, ,, | 12 | — | 12 |
| 18. | കെ. പി. എസ് സോമിൽ | | ,, ,, | 14 | — | 14 |
| 19. | താജൽ ഉലൂം പ്രിന്റേഴ്സ് | | പ്രിൻറിങ്ങ് ആൻറ് ബുക്ക് നിർമ്മാണം | 1 | 3 | 4 |
| 20. | അഫ്സൽ പ്രിൻറിങ്ങ് പ്രസ്സ് | | ,, ,, | 1 | 4 | 5 |
| 21. | സെടൽ എഞ്ചിനിയറിങ്ങ് വർക്സ് | | സ്റ്റീൽ കൊണ്ട് ഗ്രിൽസ് നിമ്മാണം | 7 | — | 7 |
| 22. | നാഷണൽ സോമിൽസ് | | മരം ഈർന്ന് പലക നിർമ്മാണം | 12 | — | 12 |
| 23. | ക്രസൻറ് ബോർഡ് | | ബ്ലോക്ക് ബോർഡ് | 7 | — | 7 |
| 24. | റുബീൻ ടിമ്പർ | | ഫർണിച്ചർ നിർമ്മാണം | 8 | | 8 |
| 25. | സറീന വുഡ് ഇൻഡസ്ട്രീസ് | | മരം ഈർന്ന് പലക നിർമ്മാണം | 12 | | 12 |
| 26. | മലബാർ സോമിൽസ് | | ,, ,, | 14 | | 14 |
| 27. | സ്റ്റാൻേറർഡ് ഇഞ്ചനീയറിങ്ങ് | | ഇരുമ്പ് കൊണ്ട് ട്രിസ്ലൈത്ത് നിർമ്മാണം | 8 | | 8 |
| | | | | 5 | 2 | 7 |
| 28. | ലൂസേഴ്സ് | | ബ്ലോക് ബോർഡ് | | 5 | 7 |
| 29. | എ. എൻ. എം. പ്രോഡക്ട്സ് | | അച്ചാർ, സർക്ക നിർമ്മാണം | 2 | | |
| 30. | സംസം വുഡ് ഇൻഡസ്ട്രീസ് | | മരം ഈർന്ന് പലക നിർമ്മാണം | 11 | | 11 |
| 31. | സൂപ്പർ വുഡ് | | ,, ,, | 4 | | 4 |
| 32. | സൺ ഓട്ടോ വർക്സ് | | വർക്ഷോപ്പ് (വാഹനം) | 3 | | 3 |
| 33. | പ്രൈം വീനർ | | വിനീയർ, പ്ലൈവുഡ് | 30 | 5 | 35 |
| 34. | പെർഫക്ട് ബോർഡ് | | ബ്ലോക്ബോഡ് | 6 | | 6 |
| 35. | അബാബിൽ കലക്ഷൻ | | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | 5 | 8 | 13 |
| 36. | UCO പ്രൊഡക്ട്സ് | | വിനീയർ ബ്ലോക് ബോർഡ് | 6 | 2 | 8 |

| | തൊഴിൽ സ്ഥാപനങ്ങളുടെ പേർ | ഉടമസ്ഥത | ഉല്പന്നങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | പു | സ്ത്രീ | ആകെ |
| 37. | നീലം ഇൻഡസ്ട്രീസ് | പബ്ലിക് | പ്ലൈവുഡ് നിർമ്മാണം | 4 | — | 4 |
| 38. | കണ്ണൂർ ട്രേഡേർസ് | ലിമിററ | ടയർ റീസോൾ | 3 | — | 3 |
| 39. | ബിച്ച നെസ്റ്റ് | ഡ് | ചെരിപ്പ് ഉല്പാദനം | 2 | — | 2 |
| 40. | ബദരിയ ഫ്ളവർ മിൽസ് | | ധാന്യങ്ങൾ പൊടിക്കൽ | 2 | — | 2 |
| 41. | പ്രസ്റ്റേജ് ബോർഡ് | | പീലിങ്ങ്, പ്ലൈവുഡ് | 30 | 8 | 38 |
| 42. | ദീപാ ടയേർസ് | | ടയർ റീസോൾ | 3 | — | 3 |
| 43. | ഫെമ്യൂസ് ട്രിമ്പേർ | | ബ്ലോക്ക് ബോർഡ് | 5 | — | 5 |
| 44. | സൺലൈററ് ബോർഡ് | | പ്ലൈവുഡ്, ബ്ലോക്ക് ബോർഡ് | 30 | 7 | 37 |
| 45. | എമറാൾഡ് ഫർണിച്ചർസ് | | ഫർണ്ണിച്ചർ നിർമ്മാണം | 6 | — | 6 |
| 46. | വുഡ് ഹാർട്ട് | | ഫർണ്ണിച്ചർ നിർമ്മാണം | 6 | — | 6 |
| 47. | ഐശ്വര ഫ്ളവർ മിൽസ് | | കറിപൌഡർ നിർമ്മാണം | — | 5 | 5 |
| 48. | പ്രീമിയർ പ്രിൻറിങ്ങ് പ്രസ്സ് | | പ്രിൻറിങ്ങ് ആൻറ് ബുക്ക് നിർമ്മാണം | 1 | 3 | 4 |
| 49. | കെ. യം. ഫ്ളവർ മിൽസ് | | ധാന്യങ്ങൾ പൊടിക്കൽ | 4 | — | 4 |
| 50 | ഷാലിമാർ | | കവർ നിർമ്മാണം | 3 | — | 3 |

240

# വനിത

വളപട്ടണം പഞ്ചായത്തിൽ 1991-ലെ സെൻസസ് അനുസരിച്ച് ജനസംഖ്യ 8920 ആണ്. ഇതിൽ 4580 പുരുഷന്മാരും 4340 സ്ത്രീകളും ആണ് ഉള്ളത്. കേരളത്തിലെ സ്ത്രീപുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1036 സ്ത്രീകൾ എന്നതാണ്. എന്നാൽ ഇതിനൊരു അപവാദമാണ് വളപട്ടണം എന്ന കൊച്ചുപഞ്ചായത്ത്. കേരള സംസ്ഥാനത്ത് 52% സ്ത്രീകളായിരിക്കുമ്പോൾ ഇവിടെ 48.5% മാത്രമാണ് സ്ത്രീകൾ. ഈ അന്തരം പഠനാർഹമാണ്. കേരളത്തിലോ കണ്ണൂർ ജില്ലയുടെ ഇതര ഭാഗങ്ങളിലോ ഈ പ്രതിഭാസം കാണപ്പെടുന്നില്ല.

അതുപോലെതന്നെ 6 വയസ്സിനു താഴെയുള്ള കുട്ടികളിലും 12 വയസ്സുവരെയുള്ള കുട്ടികളുടെ കണക്ക് പരിശോധിച്ചാലും ഈ അന്തരം കാണാൻ സാധിക്കുന്നു.

| Std. | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
|---|---|---|---|
| അംഗൻവാടി | 86 | 87 | 173 |
| ഒന്ന് | 109 | 92 | 201 |
| രണ്ട് | 123 | 119 | 242 |
| മൂന്ന് | 103 | 96 | 199 |
| നാല് | 104 | 91 | 195 |
| അഞ്ച് | 146 | 117 | 263 |
| ആറ് | 134 | 96 | 230 |
| ഏഴ് | 133 | 135 | 268 |
| ആകെ | 938 | 833 | 1771 |

ഈ പട്ടികയിലെ സൂചനയിൽ നിന്നും പഞ്ചായത്തിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെ അപേക്ഷിച്ച് തുലോം കുറവാണെന്ന് കാണാം.

സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം ഉണ്ടെങ്കിൽ പോലും പൊതുരംഗങ്ങളിലും സാമൂഹ്യരംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. അതുപോലെതന്നെ പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസ നിലവാരവും വളരെ കുറവാണ്, മുസ്ലിം സമുദായം തിങ്ങിത്താമസിക്കുന്ന ഒരു പ്രദേശമായതുകൊണ്ടുതന്നെ ഇവിടെ കുടുംബനാഥകളാണ് ഭൂരിഭാഗം കുടുംബങ്ങളിലും കാണപ്പെടുന്നത്.

ഉത്തര കേരളത്തിൽ തന്നെ വളരെ കുറച്ചു പ്രദേശങ്ങളിൽ കാണുന്ന ഒരു സമുദായമാണ് കളരിവാതുക്കൽ ശ്രീ ഭഗവതി ക്ഷേത്ര പരിസരത്തുള്ള പിടാരന്മാരും അമ്പലവാസികളും. ജാതിയിൽ ഉയർന്നവരായതുകൊണ്ടുതന്നെ വിദ്യാഭ്യാസ ആനുകൂല്യങ്ങളോ മററ് ആനുകൂല്യങ്ങളോ ഈ വിഭാഗത്തിൽ ഉള്ളവക്ക് ലഭിക്കാറില്ല. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ നിലവാരത്തിലും സാമ്പത്തിക നിലയിലും പിന്നിൽ നിൽക്കുന്ന ഇവിടെ പുരുഷ മേധാവിത്വം തന്നെയാണ് നിലനിൽക്കുന്നത്. സ്ത്രീകൾ വളരെ അപൂർവ്വമായി മാത്രമേ ജോലിക്ക് പോകുന്നവരായി ഉള്ളൂ. അതുകൊണ്ടുതന്നെ പുരുഷന്മാർ അദ്ധ്വാനിച്ചു വരുമാനം ഉണ്ടാക്കുന്നു. സ്ത്രീകൾ കുടുംബ ജോലിയും മററുമായി ഒതുങ്ങിക്കഴിയുന്നതായാണ് കണ്ടുവരുന്നത്. ഒരുപാട് അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വെച്ചുപുലർത്തിയിരുന്ന ഈ സമുദായത്തിൽ കുറെയധികം മാററങ്ങൾ സാമൂഹ്യമായി ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നും പൂർണ്ണമായും മുക്തമായി എന്നു പറയുവാൻ കഴിയുകയില്ല. ഇതിൻെറയും പീഢനം കൂടുതലായി അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളാണ്.

## വിദ്യാഭ്യാസം :

വിദ്യാഭ്യാസ കാര്യത്തിൽ ആൺ പെൺ വിവേചനം ഇന്നില്ല. എങ്കിൽപോലും പെൺകുട്ടികളുടെ വിദ്യാഭ്യാസനിലവാരം വളരെ പിന്നോക്കമാണ്. പെൺ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നത് രക്ഷിതാക്കൾ ഒരു ബാദ്ധ്യതയായാണ് കാണുന്നത് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ശിശു വിവാഹം ഇന്ന് ഇല്ല എന്നുതന്നെ പറയാം. എന്നാൽ സ്ത്രീധന നിരോധനം നിയമമാക്കിയിട്ടുണ്ടെങ്കിലും സ്ത്രീധന സമ്പ്രദായം ഇന്ന് കൂടുതൽ വ്യാപകമായി വരുന്നതായാണ് കണ്ടുവരുന്നത്.

ഗ്രന്ഥശാലകളിലെ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. അധികരിച്ചുവരുന്ന ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം സ്ത്രീകളിലെ വായനാശീലം വളരെയധികം പിന്നോട്ട് തള്ളിയിരിക്കുന്നതായി കാണാം. ഉന്നത വിദ്യാഭ്യാസ യോഗ്യത നേടുന്നതിനുള്ള കോളേജുകളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇവിടെ ഇല്ലാത്തതും പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് കാരണമാണ്.

സാക്ഷരതാ പ്രവർത്തനത്തിൽ പഞ്ചായത്തിലെ വനിതകൾ പുരുഷൻമാരേക്കാൾ മുൻനിര

യിൽ പ്രവർത്തിച്ചിരുന്നതായി കാണുന്നു. അഭ്യസ്ത വിദ്യരായ കുറെ പെൺകുട്ടികൾ ഈ രംഗത്ത് കർമ്മ നിരതരായി പ്രവർത്തിച്ചതിന്റെ ഫലമായി ജില്ല യിൽ ആദ്യമായി സമ്പൂർണ്ണ സാക്ഷരത പ്രഖ്യാപി ക്കുവാൻ നമുക്ക് കഴിഞ്ഞു. എന്നാൽ അതിനുശേഷ മുള്ള രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനത്തിലും മ റ്റും വളരെ പിന്നോട്ട് പോയതായി കാണുന്നു.

## ആരോഗ്യം :

ആരോഗ്യ കാര്യത്തിൽ നാം മുന്നിട്ട് നില്ക്കു ന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എ ന്നാൽ ഇന്നും പരിസര ശുചീകരണത്തിലും മറ്റും കൂടുതൽ ബോധവൽക്കരണം അനിവാര്യമാണ്. കു ടുംബത്തിന്റേയും സമൂഹത്തിന്റേയും ആരോഗ്യകാ ര്യത്തിൽ വനിതകൾക്ക് വളരെയധികം കാര്യങ്ങൾ ചെയ്യുവാൻ കഴിയും. കുടുംബത്തോടുള്ള പ്രതിബദ്ധ ത കൊണ്ടായിരിക്കാം പല സ്ത്രീ രോഗങ്ങളും റിപ്പോ ർട്ട് ചെയ്യപ്പെടാറില്ല. കുടുംബാസൂത്രണ മാർഗ്ഗങ്ങൾക്ക് കൂടുതലും വിധേയരാകുന്നത് സ്ത്രീകൾ തന്നെയാണ്.

പഞ്ചായത്തിൽ ഒട്ടുമിക്ക വീടുകളിലും വിറ കുഅടുപ്പ് തന്നെയാണ് ഉപയോഗിക്കുന്നത്, ഇ തുമൂലം കരി, പുക എന്നിവയുടെ ആധിക്യം മൂലമു ണ്ടാകുന്ന പല മാരക രോഗങ്ങൾക്കും സ്ത്രീകൾ ഇര യാകുന്നു. പാചകം, കത്തിക്കാനാവശ്യമായ വിറ ക് ഇവയുടെ ശേഖരണം പൂർണ്ണമായും സ്ത്രീകളുടെ ചുമതലയിലാണ് കണ്ടുവരുന്നത്.

D. W. C. R. A യുടെ ഒരു യൂണിററ് 1990 91 വർഷത്തിൽ ആരംഭിച്ചു. 10 സ്ത്രീകളോടെ ആ രംഭിച്ച ഈ യൂണിററിൽ ഇന്ന് 5 അംഗങ്ങൾ മാ ത്രമെയുള്ളു. നന്നായി പരിശ്രമിച്ചിരുന്നെങ്കിൽ 10 കുടുംബത്തിനും നല്ല ഒരു വരുമാന മാർഗ്ഗമായി പ രിണമിക്കുമായിരുന്ന ഈ യൂണിററ് ഇന്ന് കഷ്ടി ച്ച് നടത്തപ്പെടുകയാണ് ചെയ്യുന്നത്.

ഗവൺമെൻറ് ജോലിയിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം തുലോം കുറവാണ്. ജോലിക്ക് പോകുന്ന സ്ത്രീകൾ തന്നെ വളരെ കുറവാണ്. അ തിൽതന്നെ കെട്ടിട നിർമ്മാണ ജോലി, മൃഗസംര ക്ഷണം, കൃഷി എന്നീ തൊഴിലുകളിലാണ് കുറെ സ്ത്രീകൾ ഏർപ്പെട്ടു കാണുന്നത്. സ്വകാര്യ സ്ഥാ പനങ്ങളിലും പരിമിതമായ രീതിയിൽ സ്ത്രീകൾ ജോലിക്കു പോകുന്നുണ്ട്.

മദ്യപാനത്തിന്റെ ദുരന്തം കൂടുതൽ അനുഭ വിക്കുന്നത് പൊതുവെ സ്ത്രീകളാണ്. എന്നാൽ വള പട്ടണം പഞ്ചായത്തിൽ ഇത്തരത്തിൽ കഷ്ടതകൾ അനുഭവിക്കുന്ന സ്ത്രീകൾ ഇല്ല എന്നുതന്നെ പറയാം. ഈ പഞ്ചായത്ത് അതിർത്തിയിൽ ആകെ ഒരു ചാരായ ഷാപ്പാണ് ഉണ്ടായിരുന്നത്. എന്നാൽ ആൻറണി സർക്കാരിന്റെ കാലത്ത് നിയമമാക്കിയ 'ചാരായ നിരോധനം' നടപ്പിൽ വന്നതോടു കൂടി ഈ ഷാപ്പിന്റെ പ്രവർത്തനം ഇല്ലാതാവുകയും മദ്യ പരുടെ ശല്യം കുറയുകയും ചെയ്തു.

സമൂഹത്തിൽ സ്ത്രീകൾക്ക് മററു പല സ്ഥ ലങ്ങളെ അപേക്ഷിച്ച് സ്ഥാനം കുറവാണെങ്കിലും ഗൃഹഭരണത്തിൽ സ്ത്രീകൾക്കു തന്നെയാണ് ഗണ നീയമായ സ്ഥാനം കാണുന്നത്.

വിവിധ തരത്തിലുള്ള സഹായ പദ്ധതിക ളും പെൻഷൻ ആനുകൂല്യങ്ങളും ഗവ: നൽകി വ രുന്നുണ്ട്. എന്നാൽ അർഹരായ മുഴുവൻ സ്ത്രീകൾ ക്കും ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. വി ധവകളായ സ്ത്രീകളുടെ പെൺകുട്ടികളുടെ വിവാഹ ത്തിന് ഗവ: സഹായധനം നൽകിവരുന്നുണ്ട്. എന്നാൽ ഇത് ലഭിക്കുന്നതിന് വളരെയധികം പ്ര യാസങ്ങൾ പാവപ്പെട്ട സ്ത്രീകൾ അനുഭവിക്കേണ്ട തായിവരുന്നു.

മഹിളാ സമാജങ്ങളിലൂടെ സ്ത്രീകളുടെ ഉന്ന മനത്തിന്നായി ധാരാളം പദ്ധതികൾ നടപ്പിലാക്കു വാൻ സാധിക്കുമായിരുന്നു. എന്നാൽ വളപട്ടണം പഞ്ചായത്തിൽ ആകെ ഒരു മഹിളാസമാജമാണ് ഉള്ളത്. അതുതന്നെ വളരെ ശുഷ്കവും പ്രവർത്ത ന രഹിതവുമാണ്. ഇന്ന് ആ സംഘടന കടലാ സിൽ മാത്രമായി ചുരുങ്ങിയിരിക്കുകയാണ്.

## പ്രശ്നങ്ങൾ

1 കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും സ്ത്രീകളിലാണ്. അതുകൊണ്ടുതന്നെ പൊതു പ്രവർത്തനത്തിന് സ്ത്രീകൾ മുന്നിട്ടിറങ്ങുന്നില്ല

2 സാമൂഹ്യ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ മോശമായ രീതിയിൽ കാണുന്ന പ്രവണത ഇന്നും നിലനിൽക്കുന്നു.

3 പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽ കുന്നത് കുടുംബത്തിന് ബാദ്ധ്യതയായി സ മൂഹം കാണുന്നു.

4 സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്. അതുകൊണ്ടുതന്നെ സാമ്പത്തിക ഭദ്രതയില്ല. സ്ത്രീകൾക്ക് പുരുഷന്മാരെ അപേക്ഷിച്ച് കൂ ലി കുറവാണ്.

5 വൻ തുക സ്ത്രീധനം വാങ്ങുക എന്നത് ഇന്ന് സമൂഹത്തെ ബാധിച്ച ഒരു തീരാശാപമാണ്.

6 മഹിളാ സമാജത്തിന്റെ പ്രവർത്തനം തീരെ തൃപ്തികരമല്ല.

7 വിവിധ തരം പെൻഷൻ സ്കീമുകൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമായിട്ടില്ല.

8 അംഗൻവാടികളിൽ ആവശ്യത്തിന് പരിമിതമായ സൗകര്യങ്ങൾ പോലും ഇല്ല.

9 വളരെകുറച്ചു സ്ത്രീകൾ മാത്രമെ വായന ശാലകളും ഗ്രന്ഥശാലകളും പ്രയോജനപ്പെടുത്തുന്നുള്ളു.

10 പാചക ജോലിക്ക് വിറകിനെ ആശ്രയിക്കേണ്ടി വരുന്ന സ്ത്രീകളിൽ പുക, കരി എന്നിവ മൂലമുണ്ടാകുന്ന രോഗമുള്ളവരായി കണ്ടുവരുന്നു.

## സാദ്ധ്യതകൾ :-

1. ബോധവൽക്കരണംകൊണ്ട് സ്ത്രീകളെ സാമൂഹ്യ പ്രവർത്തന രംഗത്ത് ആകർഷിക്കുവാൻ കഴിയും.

2. എല്ലാ രംഗത്തും സ്ത്രീകൾക്ക് മാന്യമായ രീതിയിലുള്ള സംവരണം ഏർപ്പെടുത്തി സ്ത്രീകളെ പൊതു രംഗത്തേക്ക് കൊണ്ടുവരുവാൻ കഴിയണം.

3. വിദ്യാഭ്യാസ കാര്യത്തിൽ പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന നൽകണം.

4. പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ഒരു ഗേൾസ് ഹൈസ്കൂൾ ഉണ്ടാകണം.

5. സ്ത്രീകളുടെ കൂലി പരിഷ്ക്കരിക്കുക, തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുക.

6. സ്ത്രീധനത്തിനെതിരായ ബോധവൽക്കരണം നിരന്തരമായി നടത്തി സ്ത്രീകളെയും പുരുഷന്മാരേയും ബോധവാന്മാരാക്കണം.

7. സ്ത്രീധന നിരോധന നിയമം കർശന മായി നടപ്പിലാക്കണം.

8. മഹിളാ സമാജങ്ങൾ കൂടുതലായി ഉണ്ടാക്കുക, അതിലൂടെ സ്ത്രീജനങ്ങളെ കൂടുതൽ ബോധവാന്മാരാക്കുന്നതിനും സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

9. അർഹരായ മുഴുവൻ സ്ത്രീകൾക്കും വിധവാപെൻഷനും കർഷകത്തൊഴിലാളി പെൻഷനും നൽകുന്നതിന് നടപടികൾ സ്വീകരിക്കുക.

10. അംഗൻവാടികൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിച്ച് അവയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കണം.

11 സ്ത്രീകളുടെ ഇടയിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിന് ചലിക്കുന്ന വായനശാലയോ ഗ്രന്ഥശാലയോ നടപ്പിൽ വരുത്തുക.

12 പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സമയബന്ധിത പരിപാടി ആവിഷ്ക്കരിക്കുക.

# സഹകരണം

വളപട്ടണം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരു സഹകരണ സ്ഥാപനമാണ് LL 242 നമ്പർ വളപട്ടണം സർവ്വീസ് സഹകരണബേങ്ക്. 1960 ഡിസംബർ 25ന് സൊസൈററി ആക്ട് പ്രകാരം റജിസ്റ്റർ ചെയ്യുകയും, വളപട്ടണത്തെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും ഉപയോഗപ്രദമായി വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായ ഒരു സ്ഥാപനമാണിത്.

ഏകദേശം 36 വർഷങ്ങൾക്ക് മുമ്പ് ഭക്ഷ്യധാന്യങ്ങൾക്ക്, പ്രത്യേകിച്ച് അരിക്ക് രൂക്ഷമായ ക്ഷാമം ഉണ്ടായിരുന്ന ഒരു കാലഘട്ടത്തിൽ റേഷൻ വിതരണ അവകാശം സ്ഥാപിച്ചു കിട്ടുവാൻ വളപട്ടണത്തെ പൌരപ്രമുഖരും, പൊതുപ്രവർത്തകരും കൂടി സ്ഥാപിച്ചെടുത്ത സ്ഥാപനമാണ് വളപട്ടണം സർവ്വീസ്സഹകരണബേങ്ക്. തുടക്കത്തിൽ പ്രവർത്തന മൂലധനം 10,000 രൂപയായിരുന്നു. പിന്നീട് 1973 മെയ് 28-ാം ന് സഹകരണ ബേങ്കായി റജിസ്റ്റർ ചെയ്യുകയും 74ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ആദ്യകാലങ്ങളിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ച ബേങ്കിന് ഇപ്പോൾ സ്വന്തം കെട്ടിടമുണ്ട്. ഇപ്പോൾ ബേങ്കിൽ വിപുലമായ നിക്ഷേപങ്ങൾ ഉള്ളതു കൂടാതെ നിയമാനുസൃതമായ എല്ലാ വായ്പകളും നൽകി വരികയും ചെയ്യുന്നു.

ഈ ബേങ്കിൻെറ മേൽനോട്ടത്തിൽ 3 പൊതുവിതരണ ഷാപ്പുകൾ മുഖേന 1500 കാർഡുടമകൾക്ക് റേഷൻ വിതരണം നടത്തിവരുന്നു. ഈ വകയിൽ വർഷത്തിൽ 4352035 രൂപയുടെ റേഷൻ കച്ചവടം നടക്കുന്നു കൂടാതെ 25000 രൂപ മതിപ്പു വരുന്ന ഓണച്ചന്തയും നടത്തുന്നു. ദിനംപ്രതി കൂടി ക്കൊണ്ടിരിക്കുന്ന സ്വർണ്ണ പണയമാണ് ബേങ്കിൻെറ പ്രധാന ബിസിനസ്സ് വിപുലമായ നിക്ഷേപങ്ങളും, ഡെഡപ്പോസിററുകളും ബേങ്കിൻെറ ദൈനംദിന പ്രവർത്തനം സുതാര്യമാക്കുന്നു. വളപട്ടണത്തെ ജനങ്ങളുടെ നിർലോഭമായ സഹകരണവും കാലാകാലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട കെൽപ്പും ആത്മാർത്ഥതയും ഉള്ള ഭരണസമിതി അംഗങ്ങളും ഈ ബേങ്കിൻെറ പുരോഗതിക്ക് വളരെ സഹായിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ഭരണസമിതിയും, ജീവനക്കാരും വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുപോരുന്നുണ്ട്. സമീപഭാവിയിൽ ഇതിൻെറ ഒരു ശാഖ മിൽ റോഡിൽ ആരംഭിക്കുന്നതാണ്. വർഷാവസാനത്തോടുകൂടി ഈ ബേങ്കിൻെറ ഗ്രെയിഡ് മാറി "A" ക്ലാസ് ബേങ്കാവുന്നതാണ്.

ഇപ്പോൾ 4915 അംഗങ്ങളും 2,02,67,750 രൂപയുടെ ഡെപ്പോസിററും 2,02,69,090 രൂപയുടെ വായ്പയും ഉണ്ട്. ഓഹരിമൂലധനം 702592 രൂപയും 1994–95 വർഷത്തെ ലാഭം 428466-11 രൂപയുമാണ്. രണ്ടു വർഷമായി അംഗങ്ങൾക്ക് ഡിവിഡൻറ് നൽകിവരുന്നുണ്ട്. കൂടാതെ മുഴവൻ അംഗങ്ങളേയും ഇൻഷൂറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പൊതുനന്മാ ഫണ്ടിൽനിന്നും പ്രാന്തപ്രദേശത്തെ സ്കൂൾ കുട്ടികൾക്ക് വാട്ടർക്കൂളർ നല്കുവാനും സെയ്ഫ് ഡിപ്പോസിററ് സിസ്റ്റം ആരംഭിക്കുവാനും പദ്ധതിയുണ്ട്.

ഇപ്പോൾ ബാങ്കിൽ മൊത്തം 16 ജീവനക്കാരുണ്ട്. ഇതിൽ 4 വനിതകളും 2 പേർ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുമാണ്. ഒരു പാർട്ട്ടൈം ജീവനക്കാരിയും ഇവിടെ പ്രവർത്തിക്കുന്നു. ബാങ്കിൻെറ കീഴിൽ പ്രവർത്തിക്കുന്ന റേഷൻ ഷാപ്പുകളുടെ വാർഷിക ടേൺ ഓവർ 43,52038 രൂപയാണ്.

വളപട്ടണത്തെ മറെറാരു സഹകരണ സ്ഥാപനമാണ് വളപട്ടണം ക്ഷീരോല്പാദന സംഘം. ഇത് തുടങ്ങിയിട്ട് ഏകദേശം 20 വർഷമായെങ്കിലും ഇന്നും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ആദ്യകാലത്ത് സ്വന്തമായി കറവയും പശുക്കളുമുണ്ടായിരുന്നു. മിൽമ സുലഭമായി കിട്ടുന്നതിനു മുമ്പ് വളപട്ടണത്തെ ജനങ്ങൾ രാവിലേയും, വൈകുന്നേരവും പാലിന്ന് ഈ സൊസൈററിയെയാണ് ആശ്രയിച്ചിരുന്നത്. നടത്തിപ്പുകാരുടെ കാര്യക്ഷമത ഇല്ലായ്മയാണ് അത് തകരാൻ കാരണം. ഇന്ന് ദിവസത്തിൽ 15 ലി. പാൽ വാങ്ങുകയും ആയത് വിൽക്കുകയും ചെയ്യുന്ന ഒരു ചെറു സ്ഥാപനമായി അത് മാറിയിരിക്കുന്നു. നാട്ടുകാരുടെ ഭാഗത്തുനിന്നും ആവശ്യമായ സഹകരണം ഈ സംഘത്തിനു കിട്ടുന്നില്ല. വളപട്ടണത്ത് കാർഷിക വൃത്തിയും, കന്നുകാലി വളർത്തലും കുറഞ്ഞു വരികയും ചെയ്തു. അതും ഇതിൻെറ അധോഗതിക്ക് കാരണമായി.

വളപട്ടണം പഞ്ചായത്തിലെ ഒരു ക്രഡിററ് സൊസൈററിയാണ് വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ജീവനക്കാരുടെ സംരംഭമായ WIP & HB Employees Co-op: Stores, L L 169 ഏകദേശം 2000 തൊഴിലാളികൾ ജോലിചെയ്യുന്ന പ്രസ്തുത സ്ഥാപനത്തിൻെറ വക 24-10-57ൽ സൊസൈററിയായും പിന്നീട് 1961ൽ കൺസ്യൂമർ ക്രെഡിററ് സൊസൈററിയായും പ്രവർത്തനം ആരംഭിച്ച് തൊഴിലാളികളുടെ ആവശ്യത്തിനനുസരിച്ച് ശമ്പളത്തിൽനിന്നും തവണകളായി വസൂൽ ചെയ്യുന്നതരത്തിൽ അനാദി, തുണി, സ്റ്റേഷനറി എന്നിവയും ഹയർപർച്ചേയ്സ് അടിസ്ഥാനത്തിൽ ടി. വി. ഫ്രിഡ്ജ് വാഷിങ്ങ് മിഷിൻ, ദ്വിചക്രവാഹനങ്ങൾ എന്നിവ നൽകിവരുന്നു. ഈ സ്ഥാപനത്തിൽ 1003 അംഗങ്ങളും 6 ജീവനക്കാരും ഉണ്ട്. വർഷത്തിലെ ടേൺഓവർ 450 0000 രൂപയാണ്. ഓഹരിമൂലധനം 43500 രൂപയാണ്. കമ്പനി ജീവനക്കാർക്ക് മാത്രമെ അംഗത്വം നൽകുന്നുള്ളവെങ്കിലും വളപട്ടണത്തെ സാമൂഹ്യ ജീവിതത്തെ ഇത് പരോക്ഷമായി ബാധിക്കുന്നുണ്ട്. ഈ സ്ഥാപനം ലാഭത്തിൽ പ്രവർത്തിക്കുന്ന ഒന്നാണ്.

വളപട്ടണം പഞ്ചായത്തിൻെറ അതിർത്തിയിൽ ചിറക്കൽ പ്രദേശത്ത് 1947–ൽ ആരംഭിച്ച ഒരു കൈത്തറി സഹകരണ സംഘമാണ് ചിറക്കൽ വീവേർസ് കോ–ഓപ്പറേററീവ് സൊസൈററി. വളരെ ചെറിയ അംഗീകൃത മൂലധനത്തോടു കൂടി ആരംഭിച്ച പ്രസ്തുത സ്ഥാപനം ഇന്നും പുരോഗതിയിലാണ്. 396 തൊഴിലാളികൾ ഇതിൽ ജോലി ചെയ്യുന്നുണ്ട്. വലിയതരത്തിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നില്ലെങ്കിലും പരമ്പരാഗത കൈത്തറിവ്യവസായമെന്ന നിലയിൽ ചിറക്കൽ, പുഴാതി, കണ്ണൂർ പ്രദേശങ്ങളിൽ വെച്ച് മററു സ്ഥാപനങ്ങളേക്കാൾ ഇത് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നു. കഴിഞ്ഞ വർഷം 11,25212രൂ 23 പൈസ ലാഭം ഉണ്ടാക്കിയിട്ടുണ്ട്.

എന്നിരുന്നാലും വളപട്ടണവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു സ്ഥാപനവും കൂടിയാണ് പ്രസ്തുത സ്ഥാപനം. കാരണം വളപട്ടണം ഒരു വ്യാവസായിക മേഖലയായത്കൊണ്ടുതന്നെ. ചിറക്കൽ പഞ്ചായത്ത് ഏരിയയിൽ ധാരാളം പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ ചെറുകിട യൂണിററുകളുള്ളതുകൊണ്ടും അതിൽ താല്പര്യമുള്ള തൊഴിലാളികൾ ഉള്ളതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ ഗുണഭോക്താക്കൾ മുഴുവനും ചിറക്കൽ ദേശത്തുള്ളവരാണ് സൊസൈററിയുടെ ബിൽഡിങ്ങ് വളപട്ടണം പഞ്ചായത്തിന്റെ III-ാം വാർഡിൽ സ്ഥിതിചെയ്യുന്നു എന്നുള്ളത് ഒഴികെ വേറെ ഒരു ഗുണവും വളപട്ടണം പഞ്ചായത്തിനില്ല. ഇപ്പോൾ കഴിഞ്ഞ വർഷത്തെ കമ്പനിയുടെ കണക്ക് പ്രകാരം 40 ലക്ഷം രൂപ അംഗീകൃത മൂലധനമാണ് കാണിച്ചിരിക്കുന്നത്.

കൈത്തറി രംഗത്ത് പൊതുവെ രാജ്യത്ത് ഉയർന്ന സാങ്കേതിക വിദ്യയും വിദേശ നിമ്മിത യന്ത്രങ്ങളും ഉപയോഗിച്ച് പ്രവർത്തിക്കുമ്പോൾ ഒരു പരമ്പരാഗത കൈത്തറി സഹകരണ സംഘമായി തന്നെ ഇന്നും ചിറക്കൽ വീവേർസ് കോ-ഓപ്പ് P & S സൊസൈററി നിലനില്ക്കുന്നു. ഇപ്പോൾ ഈ രംഗത്ത് പുതിയ തൊഴിലാളികൾ കടന്നു വരുന്നില്ല അതുകൊണ്ടുതന്നെ ഉള്ള പരിമിതികൾ ഉപയോഗിച്ച് നല്ല രീതിയിൽ നടന്നുപോകുന്നു.

വളപട്ടണം ഗവ: ഹൈസ്കൂളിൽ സ്കൂൾ PTA യുടെയും വിദ്യാർത്ഥികളുടേയും സഹകരണത്തോടെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ നോട്ട്ബുക്ക് നിമ്മാണ സഹകരണസംഘം 1992 വരെ നടന്നുവന്നിരുന്നു. അത് താഴ്ന്ന വരുമാനക്കാരായ കുടുംബത്തിലെ കുട്ടികൾക്ക് ചെറിയ പൈസക്ക് നോട്ട് ബുക്ക് നൽകി വരുന്നു. അത് കൂടുതൽ വിപുലപ്പെടുത്തി മററ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിററഴിക്കാൻ പററുന്ന ഒരു സഹകരണ സംഘമായി P T A യുടേയും വിദ്യാത്ഥികളുടേയും കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

വളപട്ടണം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വ്യാവസായിക വ്യാപാര വാണിജ്യ കേന്ദ്രമായതിനാൽ സഹകരണ ബോധം ഈ മേഖലയിലേക്ക് വളരെ ഫലപ്രദമായി കേന്ദ്രീകരിക്കാൻ പററിയിട്ടില്ല. അതുകൊണ്ട്തന്നെ മററ് പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതൽ സഹകരണസ്ഥാപനം ഇവിടെയില്ല. സാമൂഹ്യ പിന്തുണയുടെ അഭാവം സഹകരണ രംഗത്തുണ്ട് എന്നുതന്നെ പറയാം കാരണം മൂലധനത്തിന്റെ ലഭ്യത കുറവാണ് കൂടുതൽ സഹകരണ സ്ഥാപനങ്ങൾ രൂപപ്പെടാത്തത്.

## പ്രശ്നങ്ങൾ

1. പ്രാഥമിക സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ ജില്ലാ ബേങ്കുകളുടെ ശാഖ തുടങ്ങുന്നത് പ്രതികൂലമായി ബാധിക്കുന്നുണ്ട്. ജില്ലാ ബേങ്കിന്റെ ശാഖയിൽ നിന്ന് പഞ്ചായത്തിലെ ജനങ്ങൾക്ക് വിപുലമായി കടം അനുവദിക്കുന്ന സ്ഥിതിയില്ല.
2. കാർഷിക വായ്പകൾ (ഹ്രസ്വകാലം, ദീർഘ കാലം) സംബന്ധിച്ച വിവരങ്ങൾ യഥാസമയം കൃഷി ആസ്പദമാക്കി വ്യാപാരം നടത്തുന്ന ജനങ്ങൾ അറിയുന്നില്ല.
3. വിവിധ വായ്പകളുടെ അമിതമായ പലിശ തിരിച്ചടവിനു് സാധാരണക്കാർക്ക് വിഷമം സൃഷ്ടിക്കുന്നു. നിബന്ധനകൾ ഉദാരമല്ലാത്തതിനാൽ സാധാരണ ജനങ്ങൾക്ക് വായ്പ ലഭിക്കുന്നതിനു് വളരെ പ്രയാസമുണ്ടാക്കുന്നു.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും :-

1 പ്രാഥമീക സഹകരണ ബേങ്കുകളുടെ പ്രവർത്തനമേഖലയിൽ ജില്ലാ സഹകരണ ബേങ്കുകളുടേയും മററു ബേങ്കുകളുടേയും മത്സരം ഒഴിവാക്കപ്പെടണം.

2 അതാത് കാലഘട്ടത്തിൽ ബേങ്കുകൾ നൽകുന്ന കാർഷിക വ്യവസായ വായ്പകളെ സംബന്ധിച്ച് ജനങ്ങളെ അറിയിക്കാനുള്ള സംവിധാനം ബേങ്കുകൾ ഏർപ്പെടുത്തണം.

3 വളപട്ടണം കാർഷീക മേഖലയല്ല എങ്കിലും കാർഷീകമേഖലയുടെ വളർച്ചക്ക് ഉതകുന്നതരത്തിലുള്ള ഇടത്തരം വായ്പകൾ നൽകുന്നതിനു് തുക നീക്കിവെക്കുക. കൂടാതെ അത് വദ്ധിപ്പിക്കുക പലിശ ഇളവ് അനുവദിക്കുക. കൃത്യമായി തിരിച്ചടക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം കടം നിശ്ചയ ആവശ്യത്തിനു് ഉപയോഗിക്കുന്നുണ്ടോ എന്നു് ഉറപ്പുവരുത്തുകയും വേണം.

4 വായ്പാ നിബന്ധനകൾ സാധാരണക്കാർക്ക് ഉതകുന്ന രീതിയിൽ ഉദാരമാക്കണം.

5 സ്വയംതൊഴിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ മേഖലകൾക്ക് കൂടുതൽ വായ്പ

ഉദാര വ്യവസ്ഥയിൽ അനുവദിക്കുന്ന സ്ഥിതി ഉണ്ടാകണം.

6 സഹകരണ സ്ഥാപനത്തിൽനിന്നുള്ള ലാഭത്തിന്റെ തുക പൊതുജനോപകാരപ്രദമായ നിർമ്മാണ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നീക്കി വെക്കേണ്ടതുണ്ട്.

7 കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പ്രൈമറി സഹകരണ സംഘങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ രൂപീകരിക്കുക.

8 വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

9 പഞ്ചായത്തിൽ ലഭ്യമാകുന്ന ചകിരി ഉപയോഗിച്ച് യന്ത്രവൽകൃത ചകിരിയുൽപ്പന്ന വ്യവസായം സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതാണ്.

10 കുറഞ്ഞ പലിശ നിരക്കിൽ പശുവിനെ വാങ്ങുന്നതിനുള്ള വായ്പ സഹകരണ ബേങ്ക് വഴി വിതരണം നടത്തുവാൻ കഴിയണം.

പാർട്ട് – 1

## സഹകരണ സംഘം

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങളുടെ എണ്ണം | ജീവനക്കാർ പു | ജീവനക്കാർ സ്ത്രീ | നിക്ഷേപം | പ്രവർത്തന മൂലധനം | വായ്പ കൾ | നഷ്ടം | ലാഭം |
|---|---|---|---|---|---|---|---|---|---|---|
| വളപട്ടണം സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം L L No. 242 | 28–5–73 | വളപട്ടണം പഞ്ചായത്ത് ഏരിയ | 4915 | 12 | 4 | 59551314 | 22301560 | 28539000 | —— | 428466 |

പാർട്ട് – 2

സംഘത്തിന്റെ പേര് : ചിറക്കൽ വീവേർസ് കോ-ഓപ്പ്: P & S സൊസൈററി ലിമി. No. F. 1271

പ്രവർത്തനം ആരംഭിച്ച വർഷം 1947

അംഗീകൃത ഓഹരി മൂലധനം 40 ലക്ഷം രൂപ

സർക്കാർ ഓഹരി ഉണ്ടോ : ഉണ്ട്

ആകെ തറികൾ : 346

ആകെ തൊഴിലാളികൾ : 300

പുരുഷൻ : 269

സ്ത്രീകൾ : 31

ഓഫീസ് ജീവനക്കാർ

പുരുഷൻ : 18

സ്ത്രീകൾ : 3

ഉൽപ്പാദന വസ്തുക്കൾ : ഷർട്ടിങ്ങ്, ലുങ്കി, ദോത്തി ബെഡ്ഷീററ്, ജക്കാഡ്, ഫർണ്ണിഷിംഗ്, ബെഡ് കവർ Etc.

വ്യവസായ പുരോഗതി :

തൊഴിലാളികൾക്ക് 20% ബോണസ്

,, 30% പ്രൊഡക്ഷൻ ഇൻസെൻറീവ്

,, പ്രൊവിഡണ്ട് ഫണ്ട്

,, E S I ആനുകൂല്യം

പൊതു നന്മാഫണ്ട് :

1) 500രൂപ വീതം മരണാനന്തരചെലവ്

2) 1,000 രൂപ കട്ടികൾക്ക് ഉപരിപഠന സഹായം

3) രോഗ ചികിത്സാ സഹായം.

# പട്ടിക ജാതി – പട്ടിക വർഗ ക്ഷേമം

പട്ടികജാതി / പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ വട്ടപ്പട്ടണം പഞ്ചായത്തിൽ വളരെ പരിമിതമായ എണ്ണം മാത്രമേയുള്ളൂ. ആകെ ജനസംഖ്യയുടെ 1.82% പട്ടികജാതിയിൽപ്പെട്ടവർ മാത്രമാണ് നിലവിലുള്ളവർ. പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ തീരെയില്ല. ആകെ പഞ്ചായത്തിൽ 22 വീടുകളിലായി 162 ആളുകൾ. അതിൽ 77 പുരുഷന്മാരും 85 സ്ത്രീകളും ഉൾക്കൊള്ളുന്നു. ഇവർ പഞ്ചായത്തിലെ 1, 5, 6, 8 വാർഡുകളിലാണ് താമസിക്കുന്നത്, കോളനികളോ, കൂട്ടമായിത്താമസിക്കുന്ന മേഖലകളോ ഇവിടെയില്ല.

ചില കുടുംബങ്ങൾ സാമൂഹ്യമായി ഉയർന്നു വന്നിട്ടുണ്ടെങ്കിലും ഭൂരിഭാഗവും വളരെ താഴെത്തട്ടിൽ തന്നെയാണ്. സർക്കാർ ഉദ്യോഗസ്ഥരും, വിവിധ ഫാക്ടറികളിൽ ജോലി ചെയ്യുന്നവരും, കൂലിവേലക്ക് പോകുന്നവരും IRDP പോലുള്ള പദ്ധതികൾ വഴി ജീവിതോപാധികൾ നോക്കുന്നവരുണ്ടെങ്കിലും തൊഴിൽ തീരെയില്ലാത്തവരും നിലവിലുണ്ട്.

പഴയ കാലഘട്ടങ്ങളിലെ തൊട്ടുകൂടായ്മ പോലുള്ള അനാചാരങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇന്ന് വട്ടപ്പട്ടണത്ത് സമൂഹത്തിൽ തുല്യ പരിഗണനയും സഹവർത്തിത്വവും എല്ലാ രംഗത്തും ലഭിച്ചുവരുന്നു.

പട്ടികജാതിയിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പ്രധാനമായും ബ്ലോക്ക് തലത്തിലുള്ള സ്കീമുകളും സഹായങ്ങളുമാണ്. VEO മുഖേന IRDP പോലുള്ള പദ്ധതികൾ പ്രധാന ഘടകമാണ്.

ഭവന നിർമ്മാണം, കക്കൂസ് നിർമ്മാണം, വീടുപുതുക്കി പണിയൽ, കിണർ കുഴിക്കൽ, സ്വയം തൊഴിൽ കണ്ടെത്തൽ എന്നീ മേഖലകളിലെല്ലാം പട്ടികജാതിയിൽപ്പെട്ടവർക്ക് ആവശ്യമായ സഹായങ്ങൾ ബന്ധപ്പെട്ട ഓഫീസുകൾ മുഖേന നൽകി വരുന്നുണ്ട്.

## പ്രശ്നങ്ങൾ

1. സ്വന്തമായി പാർപ്പിടമില്ലാത്ത പട്ടികജാതി കുടുംബങ്ങൾ നിലവിലുണ്ട്.
2. സ്വന്തമായി കക്കൂസുകൾ ഇല്ലാത്ത വീടുകൾ നിലവിലുണ്ട്.
3. കാർഷിക രംഗത്ത് ഉപജീവന മാർഗ്ഗം തേടുവാൻ സൌകര്യങ്ങൾ ഇല്ല.
4. വിദ്യാഭ്യാസം സിദ്ധിച്ചവർക്ക് തൊഴിൽ സൌകര്യങ്ങൾ ലഭ്യമായിട്ടില്ല.
5. സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള സഹായങ്ങൾ ആവശ്യമാണ്.
6. വിദ്യാഭ്യാസ രംഗത്ത് പ്രവർത്തനം പരിമിതമാണ്.

## സാദ്ധ്യതകൾ

1. ഭവന നിർമ്മാണത്തിന് സഹായം ആവശ്യമാണ്.
2. കക്കൂസ് നിർമ്മാണത്തിന് സഹായം നൽകണം
3. ആട്, കോഴി, പശു വളർത്തി ഉപജീവനമാർഗ്ഗങ്ങൾ തേടുന്നവർക്ക് സൌജന്യമായി അവ നൽകണം.
4. അടുക്കള തോട്ടം, പച്ചക്കറി തുടങ്ങിയ കാർഷിക പ്രവർത്തനങ്ങൾക്ക് സൌജന്യ സഹായം നൽകണം.
5. സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, സാങ്കേതിക യോഗ്യത നേടിയവരെ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും സഹായം നൽകണം.

# പട്ടിക ജാതിക്കാരുടെ വിവരണം

| വാർഡ് നമ്പർ | വീടുകളുടെ എണ്ണം | അംഗങ്ങളുടെ ആകെ എണ്ണം | ആൺ | പെൺ |
|---|---|---|---|---|
| I | 9 | 59 | 32 | 27 |
| II | — | — | — | — |
| III | — | — | — | — |
| IV | — | — | — | — |
| V | 1 | 5 | 2 | 3 |
| VI | 6 | 48 | 19 | 29 |
| VII | — | — | — | — |
| VIII | 6 | 50 | 24 | 26 |
| ആകെ | 22 | 162 | 77 | 85 |

ശതമാനം 1.82

## പട്ടികജാതിക്കാർക്ക് നാളിതുവരെ കൊടുത്ത സഹായങ്ങൾ

പട്ടിക – 1

| IRDP | |
|---|---|
| ആകെ കുടുംബം | 27 |
| സഹായം കൊടുത്തത് | 18 |
| അർഹത ഇല്ലാത്തവർ | 9 |
| സഹായിക്കാൻ ബാക്കിയുള്ളത് | ഇല്ല |

## പട്ടികജാതിക്കാരുടെ വീടിന്റെ സ്വഭാവം

ആകെ വീട് — 22

ഓട് — 19

കോൺക്രീററ് — 2

കുടിൽ (ഓട്) — 1

ആവശ്യമുള്ള വീടുകളുടെ എണ്ണം — 2

പട്ടിക – 2

| പദ്ധതി | അനുവദിച്ച | പൂർത്തീകരിച്ചത് | പൂർത്തിയാക്കാൻ ബാക്കിയുള്ളത് | അനുവദിക്കേണ്ടത് |
|---|---|---|---|---|
| JRY | 3 | 2 | 1 | 2 (കൈവശ ഭൂമിയില്ല) |
| NREP (Latrin) | 1 | 1 | ഇല്ല | ഇല്ല |
| CRSP | 4 | 4 | ഇല്ല | 3 |
| RAP | 1 | — | — | — |

# പൊതുജനാരോഗ്യവും കുടിവെള്ളവും പരിസര ശുചിത്വവും

1978 ൽ സോവിയററ് യൂനിയനിലെ അൽ മററയിൽ വെച്ചു ചേർന്ന ലോകാരോഗ്യ സംഘടനയുടേയും യൂനിസെഫിൻെറയും സംയുക്ത യോഗം ഒരു പ്രഖ്യാപനം വഴി ലോകജന ശ്രദ്ധ ആകർഷിക്കുകയുണ്ടായി. ''2000 മാണ്ടിൽ എല്ലാവർക്കും ആരോഗ്യം'' ഈ പ്രഖ്യാപനം യാഥാർത്ഥ്യമാക്കേണ്ടതിലേക്ക് ലോകാരോഗ്യ സംഘടന ചില പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുടെ ഈ പ്രഖ്യാപനത്തിൻെറ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനു വേണ്ടി യത്നിക്കേണ്ടത് ഇന്ത്യ അടക്കമുള്ള അംഗരാഷ്ട്രങ്ങളുടെ കടമയാണ്.

വിവിധോദ്ദേശ ആരോഗ്യ പരിപാടി നടപ്പിലാക്കുക വഴി കേരളത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലൂടെ ഈ ലക്ഷ്യപ്രാപ്തി നേടിയെടുക്കുന്നതിനു വേണ്ട തീവ്രപ്രവർത്തനം നടന്നു വരികയാണ്. എന്നാൽ 100% വിജയം കൈവരിക്കണമെങ്കിൽ ആത്മാർത്ഥമായ ജനപങ്കാളിത്തം ഉണ്ടെങ്കിൽ മാത്രമെ സാദ്ധ്യമാകൂ എന്ന കാര്യം വിസ്മരിച്ചുകൂടാ. ഈ ലക്ഷ്യപ്രാപ്തിക്കു വേണ്ടി ഈ രാജ്യത്തിലെ ഉത്തമ പൌരനെന്ന നിലയിൽ ഒരോ വ്യക്തിയും അവരവരുടെ കടമ നിർവ്വഹിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആരോഗ്യവിദ്യാഭ്യാസത്തിലൂടെ നേടി എടുക്കുന്ന അറിവ് സ്വന്തം ജീവിതത്തിൽ പകർത്തുവാനും മററുള്ളവക്ക് മാതൃകയാകുവാനും സാധിക്കുക, ജനങ്ങളിൽ ബോധവൽക്കരണം നടത്തി അവരെ കൂടി പ്രവർത്തന സജ്ജമാക്കുക എന്നാൽ എല്ലാവർക്കും ആരോഗ്യമെന്ന പ്രഖ്യപനത്തിൻെറ ഭാഗിക വിജയമായി എന്നു പറയാം. സ്വാതന്ത്ര്യം എന്നത് പോലെ തന്നെ ആരോഗ്യവും ഓരോ മനുഷ്യൻെറയും ജന്മാവകാശമാണ്. ആരോഗ്യമുള്ള ജനതയാണ് രാജ്യത്തിൻെറ നട്ടെല്ല്. ശുചിത്വമാണ് ആരോഗ്യത്തിൻെറ അടിത്തറ എന്നതു കൊണ്ടു തന്നെ ആരോഗ്യ വിദ്യഭ്യാസത്തിൻെറ ''ഹരി ശ്രീ'' കുറിക്കുന്നത്, ശുചിത്വത്തിൽ നിന്നായിരിക്കണം. ശുചിത്വത്തെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിങ്ങനെ രണ്ടായി തരം തിരിക്കാം.

വളപട്ടണത്തു ആധുനിക ചികിത്സ വരുന്നതിനുമുമ്പ് ഇവിടെ ആയുർവേദചികിൽസയും പ്രകൃതിചികിൽസയുമുണ്ടായിരുന്നു. പുള്ളുവ ജാതിയിൽ പെട്ടവർക്ക് അവരുടെതായ പാരമ്പര്യ ചികിത്സയിൽ കൂടി കുട്ടികളിൽ കണ്ടുവരുന്ന കരപ്പൻ, കൈകാൽ മെലിച്ചൽ, ഗ്രഹണി മുതലായ ബാലരോഗങ്ങൾക്ക് ഭസ്മം കൊടുത്തും എണ്ണ–കഴമ്പ് എന്നിവ ഉണ്ടാക്കി തേച്ചും രോഗങ്ങൾ മാററിയിരുന്നു. ശ്രീ. കുഞ്ഞിരാമൻവൈദ്യർ ശ്രീ. കുഞ്ഞപ്പവൈദ്യർ എന്നിവർ ഈ ചികിത്സ നടത്തിയ വരിൽ പ്രമുഖരാണ്. പേപ്പട്ടി കടിച്ചവർക്ക് കക്കുളങ്കര പള്ളികുളത്തിലെ വെള്ളം ഉപ്പ് ഇട്ട് മന്ത്രിച്ച് കൊടുത്ത് ഒട്ടേറെ പേർക്ക് പേവിഷബാധ അകററിയ ഒട്ടേറെ സംഭവങ്ങൾ ഉണ്ടായതായിട്ടാണ് പഴമക്കാരിൽ നിന്നു അറിയുവാൻ സാധിച്ചത്. ഗോള ശാസ്ത്രവും തച്ചശാസ്ത്രവും പഠിച്ച് രോഗചികിത്സയും മന്ത്രവാദ ചികിത്സയും നടത്തിയിരുന്നത് പഴയപുരയിൽ ആദംകുട്ടി മുസ്ലിയാർ, ജനാ: കുഞ്ഞാലി ഹാജിയുമായിരുന്നു. ഇവരും നാട്ടുചികിത്സയാണ് നടത്തിയിരുന്നത്. വയറിളക്കം, ഛർദ്ദി, മലമ്പനി, മുതലായ രോഗങ്ങൾക്ക് അവരുടെ ചികിത്സ ഫലപ്രദമായിരുന്നു. ഇവരുടെ ശേഖരണ ഗ്രന്ഥങ്ങളിൽ നിന്നും പഠിച്ച പ്രവൃത്തിക്കുന്നവർ ഇവിടെയും, അന്യ സ്ഥലങ്ങളിലുള്ളവരും ചികിത്സയും മററും നടത്തിവരുന്നുണ്ട്. മർമ്മ സ്ഥാനങ്ങളിൽ ഉണ്ടാകാറുള്ള മുഴകൾ മന്ത്രം ജപിച്ച സ്ഥലം മാററി നാടൻ മരുന്നുകൾ ഉപയോഗിച്ച സുഖപ്പെടുത്തുന്ന ചികിത്സയിൽ പ്രഗത്ഭനായിരുന്നു ശ്രീ. കുഞ്ഞിരാമൻ മാസ്റ്റർ.

1942 – 43 കാലത്ത് വളപട്ടണത്തും പരിസര പ്രദേശത്തും കോളറ പടർന്നുപിടിച്ചപ്പോൾ ദിവസേനയെന്നോണം 5ഉം 6ഉം മരണങ്ങൾ ഉണ്ടായിരുന്നു. ഈ മാരകരോഗത്തെ തടയുന്നതിനു അന്നത്തെ യുവാക്കളുടെ പ്രവർത്തന ഫലമായി കൂടുതൽ മരണത്തിൽ നിന്നും ജനങ്ങളെ രക്ഷപ്പെടുത്തിയിരുന്നത് ഇന്നും ജനങ്ങൾ ഓർക്കുന്ന ഒരു വസ്തുതയാണ്. ഇതു പോലെ 1950 കാലഘട്ടങ്ങളിൽ മറെറാരു പകർച്ച വ്യാധിയുടെ വിത്ത് വിതച്ചത് വസൂരി രോഗമായിരുന്നു. പകർച്ചവ്യാധി പിടിപെട്ടവരെ മാററി പാർപ്പിച്ച് മററുള്ളവർക്ക് സംരക്ഷണം കൊടുത്ത സംഭവവും ഉണ്ടായിരുന്നു. ഈ രോഗം ചികിത്സിക്കുന്നതിനു മുന്നിട്ടിറങ്ങിയത് ജ: കുഞ്ഞിമൊയ്തീൻവൈദ്യരും ശിഷ്യനായ ജ: മംഗല ഈസ്സവൈദ്യരുമായിരുന്നു. ഈ രംഗങ്ങൾക്കും അന്ന് നാടൻ

മരുന്നുകളും പ്രകൃതി ചികിൽസാ മുറകളുമായിരുന്നു സ്വീകരിച്ചിരുന്നത്.

ആയുർവേദ ചികിത്സാരംഗത്ത് പഴയ തലമുറയിലുണ്ടായിരുന്നവർ ശ്രീ: കണ്ണൻ വൈദ്യർ എന്ന കുഞ്ഞമ്പു വൈദ്യരും, ശ്രീ: കോരൻ വൈദ്യരും ശ്രീ: പി. കെ. കുഞ്ഞപ്പ വൈദ്യരും, ശ്രീ: എടയാടി വൈദ്യരുമായിരുന്നു ഉണ്ടായിരുന്നത്. ഉഴിച്ചൽ, തടവൽ മുതലായ മർമ്മ രോഗം ചികിത്സിച്ചിരുന്നവർ ശ്രീ: പീച്ചാളി നാരായണൻ ഗുരിക്കൾ, ശ്രീ: പാണ്ഡൻ ഗുരിക്കളുമായിരുന്നു. ചിത്തഭ്രമം, അപസ്മാരം എന്നീ രോഗങ്ങൾക്ക് യൂനാനി ചികിത്സാമുറ പ്രകാരം ജ: മുക്കിലിയിൽ അബ്ദുള്ള വൈദ്യരും കുറഞ്ഞ കാലയളവിൽ പ്രവൃത്തിച്ചിരുന്നു. ഇന്ന് ഈ വ്യക്തികൾ മരിച്ചു പോയെങ്കിലും അവരുടെ ശിഷ്യന്മാർ ചെറിയ തോതിൽ ഇത്തരം ചികിത്സ തുടർന്നു പോകുന്നുണ്ട്. ഹോമിയോപ്പതി ചികിൽസയും ഇന്നു പ്രചാരത്തിലുണ്ട്.

ജനപ്പെരുപ്പം മൂലം പച്ചമരുന്നുകളുടെ ചികിൽസാ പ്രയോഗം കുറഞ്ഞുവരികയും അലോപ്പതി ചികിൽസാ സമ്പ്രദായം ആരംഭിക്കുകയും ചെയ്തു. ഡോക്ടർമാരായ K. C. കുഞ്ഞമ്പു, K. കുമാരൻ എന്നിവർ അലോപ്പതി ചികിൽസയ്ക്കു മാർഗ്ഗം തുറന്നു. ഈ ദേശത്തും മററു സമീപ പ്രദേശത്തും ലെപ്രസിയുടെ രോഗ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയതിന്റെ ഫലമായി ഈ രോഗത്തെ തടയുന്നതിനായി ശ്രീമാൻമാർ K. കുമാരൻഡോക്ടർ, V. മമ്മുസാഹിബ് C. N. കുഞ്ഞഹമ്മതാജി, പൊന്നൻ കുഞ്ഞിമൊയ്തീൻ, C. P. അബ്ദുറഹിമാൻ എന്നിവർ ഉൾപ്പെട്ട '' ലെപ്രസി കൺട്രോൾ സെൻറർ '' രൂപീകരിക്കുകയും കോഴിക്കോട് ആസ്ഥാനമായുള്ള ലെപ്രസി ആശുപത്രിയിലെ ജർമ്മൻ ഡോക്ടർ മി: വില്യം എന്നവരെ നേരിട്ടുകൊണ്ടുവരികയും വീടുകൾ തോറും കയറി ഇറങ്ങി പരിശോധിച്ച് രോഗലക്ഷണം കണ്ടവർക്ക് തുടർച്ചയായി ചികിത്സ നൽകി ഈ പ്രദേശത്തും തൊട്ടടുത്തുള്ള പ്രദേശത്തുള്ളവരേയും നിയന്ത്രിക്കുവാൻ സാധിച്ചിരുന്നു. ഈ കമ്മററി ഗവർമ്മെണ്ടിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ഗവർമ്മെണ്ട് ഏറെറടുക്കുകയും വളപട്ടണം ആശുപത്രിയോടനുബന്ധിച്ച് '' ലെപ്രസി കൺട്രോൾ ക്ലിനിക്ക് '' നടന്നുവരുന്നതു കാരണം ഈ പ്രദേശത്തെയും തൊട്ടടുത്ത പ്രദേശങ്ങളിലേയും ജനങ്ങൾക്ക് സൌജന്യ ചികിൽസ ലഭിച്ചുവരികയും ചെയ്യുന്നു. അതുപോലെ തന്നെ മുൻകാലങ്ങളിൽ ഇവിടെ കണ്ടു വന്നിരുന്ന മന്തുരോഗവും ഒരളവ്വരെ നിർമ്മാർജ്ജനം ചെയ്യുവാൻ സാധിച്ചുവെങ്കിലും പ്രസ്തുത രോഗം അടുത്ത കാലത്ത് ആരോഗ്യവകുപ്പ് നടത്തിയ സർവ്വെയിൽ ഏതാനും ആളുകൾക്ക് രോഗലക്ഷണം കാണുവാൻ സാധിച്ചതിന്റെ ഫലമായി ഇവിടെ നിന്നു പൂർണ്ണമായും ഉന്മൂലനം ചെയ്യുവാൻ ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പും പഞ്ചായത്ത് അധികൃതരും പൊതുജനങ്ങളും ഊർജ്ജിതമായി ചെയ്തു വരുന്നുണ്ട്.

അലോപ്പതി ചികിൽസയിലെ പുരോഗതിയും ഭാവിയും മനസ്സിലാക്കിയ നമ്മുടെ നാട്ടിലെ വിദ്യാർത്ഥി യുവാക്കൾ ഡോക്ടർ ബിരുദമെടുത്ത് സേവനമനുഷ്ഠിക്കുവാനിടയായി. പല മേഖലകളിലും പല രോഗങ്ങൾക്കും ചികിൽസ നടന്നു വരുന്നുണ്ടെങ്കിലും രോഗികളെ കിടത്തി അവരുടെ രോഗങ്ങൾക്ക് ശാസ്ത്രീയരീതിയിൽ ചികിൽസ നൽകുവാനുള്ള സംവിധാനം നമ്മുടെ പഞ്ചായത്തിലില്ലാത്തത് ഒരു ദൌർലഭ്യമാണെന്ന് കണ്ടെത്തിയ അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടും പൌരമുഖ്യനുമായ ജ: C. N. കുഞ്ഞഹമ്മതാജി എന്നാളുടെ നേതൃത്വത്തിൽ ''വളപട്ടണം ആശുപത്രികമ്മററി'' രൂപീകരിക്കുകയും പ്രവർത്തനമാരംഭിക്കുകയുമുണ്ടായി. നാട്ടിന്റെ ഒഴിച്ചു കൂടുവാൻ കഴിയാത്ത ഒരു സ്ഥാപനമാണെന്നു കണക്കിലെടുത്ത് ഈ നാട്ടിലെ ജനങ്ങൾ സാമ്പത്തികമായും സാമൂഹ്യസംഘടനകളുടെ 'ശ്രമദാനം' വഴിയായും പ്രവൃത്തിച്ചതിന്റെ ഫലമായാണ് ഇന്നു നമ്മുടെ പഞ്ചായത്തിന്റെ തൊട്ടടുത്തുള്ള ആശുപത്രികെട്ടിടം ഉടലെടുക്കുവാനിടയായത്.

3 മുതൽ 8 വരെ വാർഡുകളിൽ ഗവർമ്മെണ്ടിന്റെയും ജയൻറ് ഗ്രൂപ്പ് ഇൻറർ നാഷനൽ എന്ന സാമൂഹ്യ സംഘടനയുടേയും ആഭിമുഖ്യത്തിൽ ജനകീയ പങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. " SCOVA " (Standing Committee on volutory agence) എന്ന പേരിൽ നടപ്പിലാക്കേണ്ട ഈ പരിപാടി ജനന നിയന്ത്രണ മേഖലയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്.

വളപട്ടണം ആശുപത്രിയിൽ ദിവസേന പഞ്ചായത്തിലെയും, സമീപ പ്രദേശങ്ങളിലെയും ഒട്ടനവധി രോഗികൾ ചികിൽസക്കായി ഇവിടെ എത്തിച്ചേരുന്നു. ശരാശരി 88 രോഗികൾ ദിവസേന വരുന്നുണ്ടെന്നാണ് ആശുപത്രി കണക്കിൽ കാണുന്നത്. 95—96 വർഷത്തിൽ ചികിൽസ നടത്തിയ രോഗങ്ങളുടെ തരം തിരിച്ച കണക്ക് താഴെ ചേർക്കുന്നു.

| വർഷം | വയറിളക്കം | ചിക്കൻ പോക്സ് | പനി | നിമോണിയ | മന്ത് രോഗം | വാതം | പകർച്ച വ്യാധി | ത്വക്ക് രോഗം | മററു രോഗങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 95 ഏപ്രിൽ | 15 | 03 | 150 | 06 | 06 | | | | |
| മെയ് | 106 | 02 | 285 | 02 | 07 | | | | |
| ജൂൺ | 22 | — | 625 | 16 | 11 | | | | |
| ജൂലായ് | 28 | — | 551 | 09 | 14 | | | | |
| ആഗസ്ത് | 34 | — | 419 | — | 21 | | | | |
| സപ്തമ്പർ | 18 | 01 | 270 | — | 11 | | | | |
| ഒക്ടോബർ | 40 | — | 256 | 07 | 33 | | | | |
| നവമ്പർ | 42 | — | 335 | 10 | 37 | | | | |
| ഡിസമ്പർ | 59 | — | 470 | 06 | 38 | | | | |
| 96 ജനുവരി | 41 | — | 363 | 12 | 41 | | | | |
| ഫിബ്രവരി | 34 | 02 | 188 | 11 | 41 | | | | |
| മാർച്ച് | 17 | 02 | 128 | 16 | 17 | | | | |
| | 456 | 10 | 4040 | 99 | 277 | 318 | 523 | 202 | 24103 |

ഈ പ്രദേശത്ത് മന്ദബുദ്ധികൾ, വികലാംഗർ, ചിത്തഭ്രമം എന്നീ ശാരീരിക വൈരുദ്ധ്യങ്ങൾ ഉള്ളവരുണ്ട്.

| വികലാംഗർ | മന്ദബുദ്ധി | ചിത്തഭ്രമം |
|---|---|---|
| 23 | 06 | 07 |

പഞ്ചായത്തിന്റെ കുടുംബക്ഷേമ കേന്ദ്രത്തിന്റെ പരിധിയിൽ 1091 കുടുംബങ്ങൾ ഉണ്ട്. ഇവരുടെ ശരാശരി വിദ്യാഭ്യാസം 7-ാം ക്ലാസ് വരെയാണ്. 1995-96ൽ പഞ്ചായത്ത് കുടുംബക്ഷേമ കേന്ദ്രത്തിന്റെ കീഴിൽ ഗർഭിണികളുടെയും ഗർഭം അലസി പോയവരുടെയും കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ചവരുടെയും തരം തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു. ഈ കാലയളവിൽ ഒരു വയസ്സിന്ന് താഴെ മരണപ്പെട്ടവർ ഒന്നു മാത്രമാണ്. അതും നേരത്തെയുള്ള രോഗമാണ്. മാതൃമരണം ഇക്കൊല്ലം ഉണ്ടായിരുന്നില്ല.

| ഗർഭിണികൾ | ഗർഭം അലസി പോയവർ | കുടുംബക്ഷേമ മാർഗ്ഗം സ്വീകരിച്ചവർ | ജനിച്ചവർ | | |
|---|---|---|---|---|---|
| | | | | ആൺ | പെൺ |
| 250 | 08 | 669 | 177 | 92 | 85 |

കുടുംബക്ഷേമ മാർഗങ്ങൾ സ്വീകരിച്ച അമ്മമാരുടെ എണ്ണവും സന്താനങ്ങളുടെ എണ്ണവും

| വർഷം | ഒരു കുട്ടിയുള്ള അമ്മമാർ | സ്വീകരിച്ചവർ | 2മുതൽ 3വരെ കുട്ടികളുള്ള അമ്മമാർ | സ്വീകരിച്ചവർ | 3 മുതൽ കൂടുതലുള്ള അമ്മമാർ | സ്വീകരിച്ചവർ |
|---|---|---|---|---|---|---|
| 95 - 96 | 280 | 92 | 380 | 259 | 643 | 318 |

5 വയസ്സ് വരെയുള്ള കുട്ടികൾക്ക് താഴെ കാണുന്ന വിധം രോഗപ്രതിരോധ കുത്തിവെപ്പുകളും പോളിയോ മരുന്നുകളും വിതരണം ചെയ്തിട്ടുണ്ട്.

| പ്രായം | എണ്ണം | വിധേയരായവർ |
|---|---|---|
| 0—1 വരെ | 177 | 160 |
| 1—2 വരെ | 153 | 150 |
| 2—3 വരെ | 184 | 180 |
| 3—5 വരെ | 532 | 500 |

മേൽ കൊടുത്ത സൂചനയനുസരിച്ച് ഇവിടെയുള്ള കുട്ടികളിൽ 97% രോഗ പ്രതിരോധ കുത്തിവെപ്പുകൾക്ക് വിധേയരായിട്ടുണ്ട്.

കഴിഞ്ഞ രണ്ട് വർഷത്തിൽ വളപട്ടണം ആശുപത്രിയിൽ നിന്ന് ചികിൽസ തേടിയവരുടെ കണക്കുകൾ താഴെ ചേർക്കുന്നു.

| വർഷം | ആൺ | പെണ്ണ് | കുട്ടികൾ | ആകെ |
|---|---|---|---|---|
| 1994—95 | 7642 | 10,114 | 4720 | 22476 |
| 1995—96 | 8548 | 11,313 | 5279 | 25140 |

P-H-C രേഖയുടെ അടിസ്ഥാനത്തിൽ 1993 മുതൽ 1996 ഒക്ടോബർ വരെ പഞ്ചായത്തിലുണ്ടായ ജല – ജന്യ – വായുജന്യ - പ്രാണജന്യ രോഗങ്ങളുടെ കണക്കുകൾ താഴെ ചേർക്കുന്നു.

| വർഷം | ജലജന്യം | വായുജന്യം | പ്രാണജന്യം |
|---|---|---|---|
| 1993—1994 | 873 | 1870 | 216 |
| 1994—1995 | 510 | 5779 | 228 |
| 1995—1996 | 474 | 4115 | 284 |
| 1996 ഒക്ടോബർ | 303 | 2383 | 226 |

# I ആരോഗ്യം :

| | പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിനോട് തൊട്ടുകിടക്കുന്ന ഗവ: ആശുപത്രിയുടെ പ്രവർത്തനം നിലവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലായതിനാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഒട്ടുവളരെ പ്രയാസങ്ങളും സാമ്പത്തിക പ്രശ്നങ്ങളും മററും അനുഭവപ്പെടുന്നു | ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരിക. |
| 2 | പഞ്ചായത്തിലുള്ള രണ്ട് കുടുംബക്ഷേമ കേന്ദ്രങ്ങൾ ഒരേ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഇത് 5, 6, 7, 8 എന്നീ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് വിഷമതകൾ നേരിടുന്നു. | മുമ്പ് വളപട്ടണം മന്ന ഭാഗത്ത് അനുവദിച്ച സബ്ബ് സെന്റർ പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിത് മാററി സ്ഥാപിക്കുക. |
| 3 | ഗവ : ആശുപത്രിക്ക് സ്റ്റാഫ് കോർട്ടേർസ് ഇല്ലാത്തതിനാൽ രാത്രി സമയത്ത് രോഗികൾക്ക് ഡോക്ടറുടെ സേവനം ലഭിക്കാതെ വരുന്നു. | നിലവിലുള്ള ആശുപത്രി സ്ഥലത്തു തന്നെ സ്റ്റാഫ് ക്വാർട്ടേഴ്സ് സ്ഥാപിക്കുക. |
| 4 | ഗവ: ആശുപത്രിയിൽ നിലവിലുള്ള കിണററിലെവെള്ളം അശുദ്ധമായതിനാൽ രോഗികൾക്കും ജീവനക്കാർക്കും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. | ആശുപത്രി കമ്പൗണ്ടിൽ തന്നെ സ്ഥലം പരിശോധിച്ചു ഒരു കിണർ കുഴിച്ചു പ്രശ്നം പരിഹരിക്കുക. |
| 5 | ധാരാളം പേർ എത്തിപ്പെടുന്ന പ്രസ്തുത ആശുപത്രിയിൽ ലാബ്രട്ടറി ഇല്ലാത്തത്മൂലം രോഗികൾ 10. കി: മീ: അകലെയുള്ള കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. | ആശുപത്രിയോടനുബന്ധിച്ച് പൂർണ്ണ സൗകര്യത്തോടു കൂടിയ ഒരു ലാബ്രട്ടറി സ്ഥാപിക്കുക. |
| 6 | ആശുപത്രിയോടനുബന്ധിച്ച് ചിൽഡ്രൻസ് വാർഡില്ലാത്തതിനാൽ വളരെയേറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നു. | 10 കിടക്കകൾ അടങ്ങിയ ചിൽഡ്രൻസ് സ്പെഷ്യലിസ്റ്റ് അടക്കം ഒരു വാർഡ് സ്ഥാപിക്കുക. |
| 7 | ഡോക്ടർ നിർദ്ദേശിക്കുന്ന ഒട്ടുമിക്ക മരുന്നുകളും രോഗികൾക്ക് ആശുപത്രിയിൽ നിന്നു ലഭിക്കുന്നില്ല. | എല്ലാവിധ മരുന്നുകളും ആശുപത്രിയിൽ കൂടി ലഭ്യമാക്കുക. |
| 8 | ആശുപത്രി ഓഫീസ് പ്രവർത്തനം നടത്തുന്നതിന്നു ക്ലാർക്കിന്റെ അഭാവംമൂലം ദൈനം ദിന പ്രവർത്തനം നടക്കുന്നില്ല. | അടിയന്തരമായി ഓഫീസു കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രാപ്തരായ ആളുകളെ നിയമിക്കുക. |
| 9 | ആശുപത്രിയിൽ നിലവിലുള്ള ഓപ്പറേഷൻ തീയേററർ പ്രവർത്തിക്കുന്നില്ല. തന്നിമിത്തം അത്യാവശ്യകാര്യ്യങ്ങൾ ചെയ്യുവാൻ കഴിയുന്നില്ല. | ആവശ്യമായ അററകുററ പണികൾ തീർത്ത് ഓപ്പറേഷൻ തീയേററർ ഉപയോഗപ്രദമാക്കുക. |

| പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|
| 10 പഞ്ചായത്തിൽ ആയുർവ്വേദ ആശുപത്രിയും ഹോമിയോ ആശുപത്രിയും ഇല്ലാത്തത് നിമിത്തം രോഗികൾ കഷ്ടപ്പെടുന്നു. | 5 കിടക്കകൾ അടങ്ങിയ ഒരു ആയുർവ്വേദ ആശുപത്രിയും ഹോമിയൊ ആശുപത്രിയും സ്ഥാപിക്കുക. |
| 11 ആശുപത്രിയിൽ മെഡിക്കൽ സ്പെഷലിസ്റ്റ് തസ്തികയുടെ അഭാവം ഉണ്ട്. | അടിയന്തരമായും ഒരു മെഡിക്കൽ സ്പെഷ്യലിസ്റ്റ് തസ്തിക അനുവദിക്കുക. |

## II കുടിവെള്ളം :

| പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|
| 1 പഞ്ചായത്തിൽ താണ പ്രദേശങ്ങളിൽ ലഭിക്കുന്ന വെള്ളം എളുപ്പത്തിൽ മലിനപ്പെടുന്നതിനാലും ഉയർന്ന സ്ഥലങ്ങളിൽ ലഭിക്കുന്ന വെള്ളം പരിമിതമായതിനാലും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. | പഞ്ചായത്ത് പ്രദേശത്തെ മായച്ചാൻകുന്ന്, പഴയ ടോൾ ബൂത്ത് എന്നിവ കേന്ദ്രീകരിച്ച് രണ്ട് ജല സംഭരണി സ്ഥാപിച്ച് മുഴുവൻ വാർഡുകളിലും ആവശ്യമായ ടേപ്പുകൾ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക. |
| 2 പൊതു കിണറുകളും കുഴൽ കിണറുകളും ആവശ്യത്തിന്ന് പഞ്ചായത്ത് പ്രദേശത്തില്ല. | ആയത് ആവശ്യമായി വരുന്ന പ്രദേശത്ത് സ്ഥാപിക്കുക. |
| 3 ഉപയോഗ ശൂന്യമായി കിടക്കുന്ന സ്വകാര്യ കൈവശമുള്ള കോട്ടച്ചിറ പരിസരവാസികൾക്ക് പലപ്രശ്നങ്ങൾക്കും കാരണമാകുന്നു. | പ്രസ്തുത ചിറ സ്വകാര്യവ്യക്തിയിൽ നിന്നു പഞ്ചായത്ത് ഏറെറടുത്ത് നവീകരിച്ച് ഉപയോഗപ്രദമാക്കാവുന്നതാണ്. |
| 4 ഉയർന്ന പ്രദേശങ്ങളിൽ നിന്നു മഴക്കാലത്ത് ഒഴുകിവരുന്ന വെള്ളം മണ്ണൊലിപ്പിന്നും ജലക്ഷാമത്തിന്നും കാരണം ആകുന്നുണ്ട്. | പ്രസ്തുത പ്രദേശങ്ങളിൽ നിന്നും വരുന്ന മഴവെള്ളം ബണ്ടുകൾ നിർമ്മിച്ചും വെള്ളത്തിൻെറ ഒഴുക്ക് കുറച്ച് മണ്ണൊലിപ്പ് തടഞ്ഞു ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിക്കാവുന്നതാണ്. |

## III പരിസര ശുചീകരണം:

### പ്രശ്നങ്ങൾ

പരിസര ശുചിത്വത്തിൽ പ്രധാനമായും മനുഷ്യരുടേയും വളർത്തുമൃഗങ്ങളുടേയും വിസർജ്ജനവസ്തുക്കൾ അഴുക്കുവെള്ളത്തിൻെറയും മററ് പാഴ്‌വസ്തുക്കളുടേയും നിർമ്മാർജ്ജനം എന്നിവ ശരിയായ രീതിയിൽ കൈകാര്യം ചെയ്താൽ പരിസരമലിനീകരണത്തെ ശാശ്വതമായി ഇല്ലാതാക്കുവാൻ സാധിക്കുന്നതാണ്. കുളിമുറി അടുക്കള എന്നിവയിലെ അഴുക്കുവെള്ളം വീട്ടിൻെറ പരിസരങ്ങളിലും മററും കെട്ടികിടക്കുവാനിടവരുന്നത് കൊണ്ട് ദുർഗന്ധം വമിക്കുന്നതിന്നും കൊതുകുകൾ പെരുകുന്നതിന്നും ഇടയാകുന്നുണ്ട്. നിലവിലുള്ള ഓവുചാലുകൾ മിക്കതും പാർശ്വഭിത്തിപൊട്ടി മണ്ണ് വീണതിനാൽ അഴുക്കുവെള്ളം കെട്ടികിടക്കുന്നു. പഞ്ചായത്തിൻെറ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന കാക്കാനോട്, E S I ഡിസ്പൻസറിക്ക് സമീപമുള്ള വയലിൽ നിന്നു പുറപ്പെടുന്ന തോട്, വളപട്ടണം ഹൈസ്കൂളിന്ന് മുൻവശംകൂടി പോകുന്ന തോട്, തങ്ങൾ വയലിന്ന് ഉൽഭവിക്കുന്ന തോട്, റയിൽവെസ്റ്റേഷൻെറ പിൻഭാഗത്തുനിന്നുപുറപ്പെടുന്ന തോട് എന്നീ തോടുകളിൽ കല്ലും മണ്ണും വീണ തടസ്ഥപ്പെട്ടിരിക്കുകയാണ്. നിലവിലുള്ള പഴകിയ E S P കക്കൂസുകൾ കൊതു വളരുന്നതിന്നും പരിസര ശുചീകരത്തിന്നും തടസ്ഥമാകുന്നു.

### സാദ്ധ്യതകൾ

ചപ്പുചവറുകളും വീടുകളിൽ നിന്നും, തൊഴുത്തുകളിൽ നിന്നും ഉണ്ടാകുന്ന മാലിന്യങ്ങളും സംസ്കരിച്ച് കമ്പോസ്റ്റ് വളം ഉണ്ടാക്കുവാൻ വീടുകളിൽ സംവിധാനമുണ്ടാക്കുക. വീടുകളിൽ നിന്നും, തൊഴുത്തുകളിൽ നിന്നും ഉണ്ടാകുന്ന അഴുക്ക് വെള്ളം തെങ്ങിൻ തടങ്ങളിലും വാഴക്കൂട്ടങ്ങൾക്കും ഉപയോഗപ്പെടുത്തുക വഴി കാർഷികോൽപാദനം വർദ്ധിപ്പിക്കുവാനും പരിസര ശുചീകരണമുണ്ടാക്കുവാനും സാധിക്കുന്നു. നിലവിലുള്ള എല്ലാ തോടുകളിലും എത്തിച്ചേരുന്ന മഴവെള്ളവും, അഴുക്കുവെള്ളവും വളപട്ടണം പുഴയുമായി ബന്ധപ്പെടേണ്ടതിലേക്ക് ആഴം കൂട്ടിക്കൊണ്ട് വേലിയേററം സുഗമമായി നടക്കുവാനുള്ള സംവിധാനമുണ്ടാക്കേണ്ടിയിരിക്കുന്നു. എല്ലാ ഓവുചാലുകളും അടിഭാഗം കോൺക്രീററ് ചെയ്തു പൊളിഞ്ഞ പാർശ്വ ഭിത്തികൾ കെട്ടി മുകൾഭാഗം സ്ലാബ് ഇട്ടു സ രക്ഷിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള പഴകിയ E S P കക്കൂസുകൾക്ക് പകരം ചിലവു കുറഞ്ഞ ശാസ്ത്രീയ കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള നിലവിലുള്ള സഹായം വർദ്ധിപ്പിച്ചുകൊണ്ടു നടപ്പിലാക്കുക.

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

**പാർപ്പിടം:-**

സാംസ്കാരികമായും കായികപരമായും, വ്യവസായപരമായും മുൻപന്തിയിൽ നില്ക്കുന്ന പഞ്ചായത്താണ് വളപട്ടണം. ഗൾഫ്പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഈ പണം ക്രിയാത്മകരീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണ രംഗത്തെ കോൺക്രീററ് സൌധത്തിൽ ഒതുങ്ങിനില്ക്കുന്നു. ഭൂരിപക്ഷവും ഈ പഞ്ചായത്തിൽ ടിമ്പർ, പ്ലൈവുഡ് തൊഴിലാളികളാണ്. ഏകദേശം 1244 വീടുകളുണ്ട്. അതിൽ 65% വീടുകളും മേൽപ്പുര ഓടിട്ടതാണ്. ബാക്കികോൺക്രീററ് ചെയ്തതുമാണ്. എന്നാൽ അപൂർവ്വം കുടിലുകളുമുണ്ട്. മുമ്പ് കാലങ്ങളിൽ കൃഷിചെയ്ത സ്ഥലങ്ങളിൽ മണ്ണിട്ട് മൂടിയാണ് വീടുകൾ നിർമ്മിച്ചത്. വീട്ടുവളപ്പിൽ തെങ്ങ് കൃഷി, ഉണ്ട്. പഞ്ചായത്തിൽ ആകെ 3 ലക്ഷം വീട്ടു കോളനികളുണ്ട് എന്നാൽ 20 വർഷം മുമ്പ് സ്ഥാപിച്ച മേൽ കോളനിയിൽ അന്നത്തെ അപേക്ഷിച്ച് ഇന്നു വളരെയാളുകൾ തിങ്ങിതാമസിക്കുന്നു. ഇവിടെ ഭവനനിർമ്മാണ സഹകരണം പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്തിൽ പട്ടികജാതി വിഭാഗങ്ങളിലായി 21 വീടുകളിലായി 27 കുടുംബങ്ങൾ താമസിക്കുന്നു. എന്നാൽ കോളനിയായി താമസിക്കുന്നില്ല. മൊത്തം 152 ആളുകളാണ് ഉള്ളത്. അതിൽ 80 പുരുഷന്മാരും 72 സ്ത്രീകളുമാണ്. ഭവനനിർമ്മാണത്തിന്ന് ആവശ്യമായ ഒന്നും തന്നെ ഈ പഞ്ചായത്തിൽ നിർമ്മിക്കുന്നില്ല. എന്നാൽ മരം ഉരുപ്പടികൾ സുലഭമായി കിട്ടാനുണ്ട്. എന്നാൽ വീടില്ലാത്തവരായി എല്ലാവിഭാഗത്തിൽ പെട്ടവരുമുണ്ട്. ഓരോ വീട്ടിൽ രണ്ടും മൂന്നും കുടുംബങ്ങൾ താമസിക്കുന്നു.

## പട്ടിക - 1 വളപട്ടണം പഞ്ചായത്ത് കെട്ടിടങ്ങൾ എണ്ണം

| വാർഡ് നമ്പർ | ഓടിട്ടത് | കോൺക്രീററ് | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | ഓല | മററുള്ളവ | ആകെ കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| I | 48 | 150 | 103 | — | 15 | 316 |
| II | 164 | 105 | 206 | — | 26 | 501 |
| III | 163 | 25 | 75 | — | 5 | 268 |
| IV | 47 | 63 | 24 | — | 5 | 136 |
| V | 73 | 150 | 105 | — | — | 329 |
| VI | 306 | 15 | 126 | — | — | 447 |
| VII | 107 | 16 | 15 | — | — | 138 |
| VIII | 248 | 44 | 65 | — | — | 358 |

ഭവന നിർമ്മാണ തൊഴിലാളികൾ ഈ നാട്ടിലില്ല. അടുത്ത പ്രദേശങ്ങളിൽ നിന്നാണ് ഇവിടെ ജോലിക്ക വരുന്നത്.

**പ്രശ്നങ്ങൾ:**

1 പാർപ്പിട സൗകര്യം മെച്ചപ്പെട്ടതാണെന്നു പറഞ്ഞുകൂട. കാരണം ഇവിടെയുള്ള ഭൂരിഭാഗം ആളുകളു താമസിക്കുന്നത് കൂട്ടുകുടുംബ സമ്പ്രദായത്തിലാണ്. ഈ ഭാഗത്തിൽ 60% ആളുകളും കഴിഞ്ഞുകൂടുന്നു ബാക്കിയുള്ള 40% ആളുകൾക്ക് മാത്രമെ പാർപ്പിട സൗകര്യങ്ങൾ ഉള്ളൂ.

2 കെട്ടിട നിർമ്മാണ സാമഗ്രികളുടെ രൂക്ഷമായ വിലക്കയററം സാധാരണ ജനങ്ങൾക്ക് വളരെ പ്രയാസം നേരിടുന്ന സംഗതിയാണ്. ഭൂമിയുടെ ദൗർലഭ്യം വളരെയധികം ബാധിക്കുന്നു. ഈ പഞ്ചായത്ത് വളരെ വിസ്തീർണ്ണം കുറവാണ്. ഉള്ള ഭൂമിക്ക് തന്നെ അമിത വിലയും.

**സാദ്ധ്യതകൾ :**

1 അടിയന്തരമായി ഹൗസിങ്ങ് സൊസൈററിയുടെ പ്രവർത്തനം ആരംഭിക്കണം.

2 നിർമ്മിതി കേന്ദ്രത്തിൻെറ ഒരു യൂണിററ് സ്ഥാപിക്കുക.

3 ചെലവ് കുറഞ്ഞ വീടിൻെറ നിർമ്മാണം ജനങ്ങളെ ബോധവാന്മാരാക്കുക.

4 വീട് വെക്കുന്നതിന് ലൈസൻസ് അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

5 ഭൂരഹിതർക്കും, നിർദ്ധനർക്കും പ്രത്യേകമായി വീട് നിർമ്മിച്ചു കൊടുക്കുക.

6 പരമ്പരാഗത വസ്തു ശിൽപങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

**സാമൂഹ്യ ക്ഷേമം :**

ഈ പഞ്ചായത്തിൽ ആകെ 8 അംഗനവാടികൾ പ്രവൃത്തിക്കുന്നുണ്ട്. മിക്ക അംഗനവാടികളും സ്വകാര്യ കെട്ടിടത്തിലും, വീട്ടുമുററത്തും, സ്കൂൾ വരാന്തയിലുമ ണ് പ്രവർത്തിച്ചു വരുന്നത്. പൊതുവെ പ്രവർത്തനം തൃപ്തികരമാണെങ്കിലും സ്ഥിതി വളരെ ശോചനീയമാണ്. അതു കാരണം പല രക്ഷിതാക്കളും കുട്ടികളെ അംഗനവാടിയിലേക്ക് അയക്കാൻ മടിക്കുന്നു.

രണ്ട് കിലോ മീററർ വരുന്ന ദൂര പരിധിയിലാണ് മിക്ക അംഗനവാടികളും പ്രവർത്തിക്കുന്നത്. ദേശസേവാമഹിളാസമാജം എന്ന പേരിൽ നല്ല ഒരു മഹിളാസമാജം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കലാ കായിക രംഗത്ത് വളരെയധികം മുന്നിട്ട് നിൽക്കുന്നതും, പരിസര പ്രദേശങ്ങളിലെ പതിനായിരങ്ങളെ ആകർഷിക്കുന്നതുമാണ് വളപട്ടണം മിനി സ്റ്റേഡിയം. ഈ സ്റ്റേഡിയ നിർമ്മാണത്തിൻെറ പത്ത് ശതമാനം പഞ്ചായത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

കേന്ദ്ര – സംസ്ഥാന ഗവർമ്മെണ്ടുകളുടെ സംയോജിത ഗ്രാമ വികസന പരിപാടി, ജവഹർ തൊഴിൽ ദാന പദ്ധതി, ട്രൈസം DWCRA, ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതി, CRSP – കക്കൂസ് അനുവദിക്കുന്ന പദ്ധതി സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ നടീൽ വസ്തുക്കൾ അനുവദിക്കുന്ന പരിപാടി എന്നിവ ഈ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും ഒട്ടേറെ പ്രശ്നങ്ങളും, പരിമിതികളും ഈ പഞ്ചായത്തിൽ അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.

**പട്ടിക-2 പ്രശ്നങ്ങൾ :**

1 സാമൂഹ്യക്ഷേമ പദ്ധതികൾ ഇന്ന് ജനകീയമാകുന്നില്ല.

2 ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ കാലാകാലം പരിഷ്കരിക്കുന്നില്ല.

3 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല.

4 മന്ദബുദ്ധികളും അന്ധ-ബധിരമൂകവിദ്യാർത്ഥികളെപരിചരിക്കുന്നതിന്പഞ്ചായത്തിൽസംവിധാനമില്ല.

5 അർഹരായ എല്ലാവർക്കും വിവിധ പെൻഷനുകൾ ലഭിക്കുന്നില്ല.

6 പെൻഷൻ അപേക്ഷിച്ചാലുണ്ടാകുന്ന കാലതാമസം പൊതുജനങ്ങൾക്ക് വിഷമം ഉണ്ടാക്കുന്നു.

7 വികസന ബ്ലോക്ക്മുഖേനനടപ്പിലാക്കുന്ന പദ്ധതികൾക്ക്ഗുണഭോക്താക്കൾ താൽപര്യംകാണിക്കുന്നില്ല.

8 വളപട്ടണം ഗവ : ഹൈസ്ക്കൂളിന് കളിസ്ഥലം ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾക്ക് വിഷമം അനുഭവപ്പെടുന്നു.

9 DWCRA യൂണിററുകൾ ആരംഭിക്കുന്നതിന് ഗുണഭോക്താക്കളെ കിട്ടുന്നില്ല.

**സാദ്ധ്യതകൾ :**

1 സാമൂഹ്യക്ഷേമ പരിപാടികൾക്ക് അടിസ്ഥാനപരമായി പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയുക.

2 മാർക്കററിങ്ങ് സൊസൈററിയുടെ അധീനതയിലുള്ള സ്ഥലം. ഗവ : ഹൈസ്കൂളിനു കളിസ്ഥലമായും മററു സാമൂഹ്യ പ്രവർത്തനങ്ങൾക്കുമായി പഞ്ചായത്തിന് കൈമാററാൻ നടപടി സ്വീകരിക്കുക.

3 പെൻഷൻ അപേക്ഷയിലുള്ള അന്തിമ തീർപ്പ് പഞ്ചായത്തിന് മാത്രമായി നിജപ്പെടുത്തുക.

4 സാമൂഹ്യ ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകന്മാരെ ബോധവൽക്കരിക്കുക.

5 വിവിധ പെൻഷൻ പദ്ധതികനുവദിക്കുന്നതിനുള്ള കുടുംബ വരുമാന പരിധി ഉയർത്തുക.

6 ആട്, കോഴി വളർത്താൻ താല്പര്യപ്പെടുന്നവർക്ക് സൗജന്യമായി അവ വിതരണം ചെയ്യുക.

7 മദ്യ-മയക്കുമരുന്നു ഉപയോഗത്തിന് എതിരായുള്ള ബോധവൽക്കരണത്തിന് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകുക.

8 വീടുകൾക്കും, കക്കൂസ് നിർമ്മിക്കുന്നതിനും അനുവദിക്കുന്ന സഹായധനം വർദ്ധിപ്പിക്കുക.

9 DWCRA യൂണിററുകൾ മഹിളാസമാജങ്ങൾ മുഖേന നടത്തുകയും പദ്ധതി കൂടുതൽ ഉദാരവൽക്കരിച്ച് ഇന്നു നിലവിലുള്ള അംഗങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുകയും ചെയ്യുക.

10 മഹിളകളുടെ സമ്പാദ്യശീലവും സാമ്പത്തിക നിലയും മെച്ചപ്പെടുത്തുന്നതിന് മഹിളാസമൃദ്ധി യോജന പഞ്ചായത്തിൽ മുഴുവനായി നടപ്പിലാക്കുക.

പട്ടിക–2

CRSP – കക്കൂസ് – ഈ പദ്ധതി പ്രകാരം സഹായം അനുവദിച്ച കുടുംബങ്ങളുടെ പട്ടിക

| വർഷം | പൂർത്തിയാക്കിയ കക്കൂസുകളുടെ എണ്ണം | തുക |
|---|---|---|
| 1991–92 | 4 | 6700 |
| 1993–94 | 10 | 20000 |
| 1994–95 | 2 | 4000 |
| 1995–96 | 7 | 14000 |
| ആകെ | 23 | 44700/– |

അംഗൻവാടികൾ : 8 അംഗൻവാടികൾ ഓരോ വാർഡിലും ഒന്നു വീതം പ്രവൃത്തിക്കുന്നു. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ അംഗൻവാടി മുഖേന നടപ്പിലാക്കിവരുന്നു.

വിവിധ പെൻഷൻ ആനുകൂല്യങ്ങൾ

വിവിധ പെൻഷൻ — 58 എണ്ണം
വാർദ്ധക്യകാല പെൻഷൻ — 42 ,,
വികലാംഗ പെൻഷൻ — 6 ,,

പട്ടിക–2

അനുബന്ധം–11

വളപട്ടണം ഗ്രാമപഞ്ചായത്ത്

11.1 IRDP സർവ്വേ പ്രകാരം – ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം 92-93 ശേഷം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളും എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | നാളിതുവരെ സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 76 എണ്ണം | 2. Sc. | 7 എ | 2 എ | 4 എ | 72 എ 9 കുടുംബം ഇതിൽ സ്ഥലം മാറി |
| II | 74 ,, | ഇല്ല | 5 എ | ഇല്ല | 4 എ | 70 എ 2 കുടുംബം ഇതിൽ സ്ഥലം മാറി |
| III | 74 ,, | ഇല്ല | 6 എ | ഇല്ല | 6 എ | 68 എ 2 കുടുംബം ഇതിൽ സ്ഥലം മാറി |
| IV | 53 ,, | ഇല്ല | 4 എ | ഇല്ല | 4 എ | 49 എ 4 കുടുംബം ഇതിൽ സ്ഥലം മാറി |
| V | 64 ,, | ഇല്ല | 4 എ | ഇല്ല | 4 എ | 60 എ |
| VI | 48 ,, | 1 | 5 എ | 1 എ | 5 എ | 43 എ 4 കുടുംബം ഇതിൽ സ്ഥലം മാറി |
| VII | 43 ,, | ഇല്ല | 6 എ | ഇല്ല | 5 എ | 38 എ 2 കുടുംബം ഇതിൽ സ്ഥലം മാറി |
| VIII | 44 ,, | 1 എ | 5 എ | 1 എ | 5 എ | 39 എ 4 കുടുംബം ഇതിൽ സ്ഥലം മാറി |

പട്ടിക–2

സർക്കാർ ഏജൻസി മുഖാന്തിരം നിർമ്മിച്ച വീടുകളുടെ വിവര പട്ടിക

| ബ്ലോക്ക് മുഖാന്തിരം വർഷം | പൂർത്തിയാക്കിയത് | പൂർത്തിയാകാത്തത് | പഞ്ചായത്ത് മുഖാന്തിരം |
|---|---|---|---|
| 1993–94 | | അനുവദിച്ചിട്ടില്ല | |
| 1994-95 | 1 (SC) JRY. (IAY) | 1 | ഇല്ല |
| 1995-96 | JRY. (IAY) 1 (OC) | 1 (SC) | ഇല്ല |

IRDP – സർവ്വെ സഹായ ലഭ്യതാകണക്ക്

| വർഷം | എണ്ണം | സബ്സിഡി | വായ്പ. രൂപ |
|---|---|---|---|
| 1993–94 | 12 | 29079 | 42216 |
| 94–95 | 14 | 55581 | 135860 |
| 95–96 | 12 | 52000 | 177565 |
| ആകെ | 38 | 136650 | 355641 |

DWCRA പദ്ധതിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വളപട്ടണം പഞ്ചായത്തിൽ ഒരു യൂണിററ് പ്രവൃത്തിക്കുന്നു

| ആരംഭിച്ച വർഷം | യൂണിററിൻെറ പേര് | അംഗങ്ങളുടെ എണ്ണം | സഹായ ധനം | വായ്പ | നിലവിൽ പ്രവൃത്തിക്കുന്ന അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1990–91 | ഗ്രാമീണ വനിതാ ശിശു വികസന യൂണിററ് കളരിവാതുക്കൽ വളപട്ടണം | 10 | 30163 | 49837 | 5 |

R A P (റൂറൽ ആർട്ടിസാൻ പ്രോഗ്രാം) 9 പേർക്ക് അനുവദിച്ചു 2. പേർക്ക് അനുവദിക്കാൻ ബാക്കി

| സഹായം അനുവദിച്ച വിഹിതം | എണ്ണം | ഗുണഭോക്താവിൻെറ വിഹിതം | സഹായ ധനം |
|---|---|---|---|
| 1993–94 | 2 | 202 | 1805 |
| 1994–95 | 7 | 2935 | 11886 |

TRYSEM:- ഈ പദ്ധതി പ്രകാരം 3 യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്.

1993–94 ഇല്ല

1994–95 ഇല്ല

1995–96 3

ആകെ 3 എണ്ണം

# സംസ്കാരം

വിവിധ സംസ്കാരങ്ങളുടെയും വ്യത്യസ്ത മതവിഭാഗങ്ങളുടെയും വിളഭൂമിയാണ് വളപട്ടണം. ഹിന്ദുക്കളും മുസ്ലീങ്ങളും തോളോട് തോളുരുമ്മി നൂററാണ്ടുകളായി പരസ്പരം സഹകരണത്തോടെ ഇവിടെ ജീവിക്കുന്നു.

1400 വർഷങ്ങൾക്ക് മുമ്പ് അറേബ്യയിൽ നിന്നും ഇസ്ലാംമത പ്രബോധനത്തിനായി വളപട്ടണത്ത് വന്ന മുഹമ്മദ് ഇബ്നു അബൂബക്കർ, അഹമദ് ജലാലുദ്ദീൻ ബുക്കാരി, ഹസ്രത്ത് റമളാൻ, സീതി ഇബ്രാഹിംരങ്ങൾ, അബ്ദുള്ളഹാജി, ഹൈദ്രോസ് തങ്ങൾ എന്നീ പ്രവാചക പരമ്പരയിൽപ്പെട്ട ഇസ്ലാമിക പണ്ഡിതന്മാർ ഇവിടെ ഇസ്ലാംമതം പ്രചരിപ്പിച്ചതിന്റെ ഫലമായി ഇവിടത്തെ ഭൂരിഭാഗം പേരും ഇസ്ലാംമതം സ്വീകരിച്ചു. പഞ്ചായത്തിൽ ഇപ്പോഴും മുസ്ലീംങ്ങളാണ് ഭൂരിപക്ഷമുള്ളത്.

വളപട്ടണം കോട്ടപ്പടി എന്ന പ്രദേശം പല ചരിത്രസംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചതാണെന്ന് പറയപ്പെടുന്നു. ടിപ്പുസുൽത്താനും, ചിറക്കൽ രാജവംശവും ഇവിടം സൈനികത്താവളമായി ഉപയോഗിച്ചിരുന്നുവത്രെ.

ചേരമാൻ പെരുമാളിന്റെ ഭരണകാലത്തും ഈ കോട്ട ഉപയോഗിച്ചിരുന്നു. ചേരമാൻ പെരുമാൾ രാജഭരണം മതിയാക്കി ഹജ്ജ് തീർത്ഥാടനത്തിന് വേണ്ടി ഇവിടന്നാണ് മക്കയിലേക്ക് പുറപ്പെട്ടതെന്ന് പറയപ്പെടുന്നു. അതിനുശേഷം കോട്ട അനാഥമായി. അതിന്റെ ചരിത്രാവശിഷ്ടങ്ങൾ ഇപ്പോഴും ഇവിടെ കാണാം.

ചരിത്രപ്രസിദ്ധമായ കക്കുളങ്ങരപ്പള്ളിയിലുള്ള ശിലാലിഖിതം സഹസ്രാബ്ദങ്ങൾക്കപ്പുറമുള്ള നമ്മുടെ പ്രാചീനചരിത്രത്തിലേക്ക് വെളിച്ചം വീഴുന്നവയാണ്.

ഇവിടെ മുസ്ലീംങ്ങൾക്ക് ശ്മശാനമായി ഉപയോഗിച്ചുവരുന്ന മന്നപറമ്പ് പൂർവികൻമാരായ മഹാൻമാർ കഴിച്ചുവച്ച ഖബറുകളാണ്, തലമുറകളായി ഇത് ഉപയോഗിച്ചുവരുന്നു എന്നുള്ളത് ഒരു സവിശേഷതകൂടിയാണ്. ഈ മാതൃക കേരളത്തിൽ മററെവിടെയും ഇല്ല.

അറബ് സഞ്ചാര സാഹിത്യകാരനായ ഇബ്നുബത്തൂത്തയുടെയും, ആഗ്ലേയസാഹിത്യകാരനായ മാർക്കോപോളായുടെയും ഗ്രന്ഥങ്ങളിൽ വളപട്ടണം, വാണിജ്യപരമായും സാംസ്കാരിക പരമായും അഭിവൃദ്ധിപ്പെട്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ പ്രാചീന സംസ്കൃതകാവ്യമായ മൂഷികവംശത്തിൽ വളപട്ടണത്തെപ്പററി പരാമർശമുണ്ട്. അതിൽ രാഷ്ട്രീയവും ഭരണപരവും സാമൂഹ്യവും സാംസ്കാരികവുമായ ഉന്നതപദവിയാണുള്ളതെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. മൂഷികവംശത്തിൽപ്പെട്ട വല്ലഭരാജാവിന്റെ ആസ്ഥാനം കൂടിയാണ് വളപട്ടണമെന്നു പറയപ്പെടുന്നു. അതുകൊണ്ടാവാം ഈ നാടിനെ വല്ലഭപട്ടണമെന്നും പിന്നീട് വളപട്ടണമെന്നും വിളിച്ചുവന്നിരുന്നത്.

അറബിയിൽ ബലാഫത്തയൻ എന്നും സംസ്കൃതത്തിൽ വൃദ്ധിപുരമെന്നും പറയുന്നു.

1991ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 8,920 ആണ്. ഇവരിൽ 4,580 പുരുഷന്മാരും 4,340 സ്ത്രീകളുമാണ്.

ഇവിടെ 24 മുസ്ലീംപള്ളികളും 5 ക്ഷേത്രങ്ങളുമുണ്ട്.

(പട്ടിക A കാണുക)

## ഉൽസവങ്ങൾ ആഘോഷങ്ങൾ

കളരിവാതുക്കൽ ഭഗവതി ക്ഷേത്രത്തിലെ പൂരമഹോൽസവം മീനമാസത്തിലെ കാർത്തികനാൾ മുതൽ പൂരം നാൾവരെയാണ്. വിവിധ വാദ്യാഘോഷങ്ങളോടും മുത്തുകുടകളോടും കൂടിയാണ് ഉത്സവത്തിനു തിടമ്പ് എഴുന്നള്ളിക്കുന്നത്. ഇതോടനുബന്ധിച്ച് വിവിധ കലാപരിപാടികളും ഉണ്ടാകും. എടവമാസത്തിലാണ് പെരുങ്കളിയാട്ട മഹോത്സവം. ഇതോടുകൂടി മലബാറിലെ ക്ഷേത്രങ്ങളിലുള്ള ഉത്സവങ്ങളുടെ സമാപനം കുറിക്കുന്നു. ഉൽസവത്തിനു വലിയ തിരുമുടിക്കു പുറമേ 6 ചെറിയ തിറകളുമുണ്ടാകും. നിരവധി ആളുകളെ ആകർഷിക്കുന്ന ഒരുൽസവ

നിത്. മററു ക്ഷേത്രങ്ങളിൽ പൂരം, പോതി, ...ികൻ തുടങ്ങിയ വ്യത്യസ്ത തിറകൾ കെട്ടിയാടി ...ന്നു.

...പ്രശസ്ത കക്കളങ്ങര പള്ളി, കന്നത്ത്പള്ളി, ...ഖീർകുന്ന് മഖാം പള്ളി, കളങ്ങരപള്ളി എന്നി ...ങ്ങളിൽ ഉറൂസും പ്രമുഖ പണ്ഡിതന്മാരുടെ മത ...സംഗ പരമ്പരകളും നടക്കാറുണ്ട്. ഉറൂസിൽ നാ ...ൻെറ നാനാ ഭാഗത്തുനിന്നും ആളുകൾ പങ്കെടുക്കാ ...ണ്ട്. ഇതോടനുബന്ധിച്ച അന്നദാനവും നടക്കാറു ...ണ്ട്. പണ്ടുകാലങ്ങളിൽ ഉൽസവാഘോഷത്തിൽ ...നയും അമ്പാരിയും അടങ്ങിയ ചന്തകൾ ഉണ്ടാകാ ...റായിരുന്നു. കൂടാതെ നബിദിനറാലിയും അന്നദാ ...നവും നടക്കാറുണ്ട്.

## മതസംഘടന

ഇവിടുത്തെ മുസ്ലീം ആചാര്യന്മാർ തൊട്ടടുത്തുള്ള ...റക്കൽ രാജവംശവുമായി വളരെയടുത്ത സൗഹൃ... പുലർത്തിയിരുന്നു. അതിൻെറ ഭാഗമായി ഈ ...ടുത്തകാലംവരെ വളപട്ടണത്തെ ഖാദിമാർ പെരു... ...ൾ ദിവസം ചിറക്കൽ കോവിലകത്തേക്കു ഘോഷ... ...യും രാജാവുമായി സൗഹൃദ്ബന്ധം പുലർത്തുകയും ...രിതോഷികങ്ങൾ കൈമാറുകയും ചെയ്തിരുന്നു. ...ഖാദിമാർ ഈ യാത്രക്കുപയോഗിച്ചിരുന്നത് പല്ലക്കാ...യിരുന്നു. ഇത് ജനങ്ങളിൽ ഏറെ കൗതുകം ഉളവാ...ക്കിയിരുന്നു.

...ജന സംഖ്യയിൽ എൺപത്തി അഞ്ച് ശതമാന...ത്തെ പ്രതിനിധീകരിക്കുന്ന മുസ്ലീംസമുദായം പ്രക...ടിപ്പിക്കുന്ന ഉയർന്ന ധർമ്മ ബോധവും, വിശാല ...വീക്ഷണവും ഇവിടെ സ്ഥായിയായ മതസൗഹാർദ്ദം ...നിലനിൽക്കുന്നതിന് കാരണമാകുന്നു.

ഈ കാര്യത്തിൽ വളപട്ടണം കേരളത്തിലെ ...റ്റു പ്രദേശങ്ങൾക്ക് മാതൃകയാണ്.

## ആചാരങ്ങൾ

വർഷങ്ങൾക്ക് മുമ്പ് കാണപ്പെട്ടിരുന്ന പൊ...ങ്ങൽ, തിരണ്ടുകുളി, താലികെട്ടു കല്ല്യാണം, കൊന്തും...പാട്ട് എന്നിവ അപ്രത്യക്ഷമായി. ഉപനയനം, ...പുവിളിക്കൂടൽ, നാമകരണം എന്നീ ചടങ്ങുകളും വിവി... മതസ്ഥരുടെ വ്യത്യസ്തരീതിയിലുള്ള വിവാഹ ...ചടങ്ങുകളും മരണാനന്തര ക്രിയകളും ഇന്നും തുടന്നു ...കൊണ്ടേയിരിക്കുന്നു.

## സംസ്കാരികം

പഞ്ചായത്തിൽ നാല് വായനശാലയും ഇതോടൊന്നിച്ച് രണ്ട് ഗ്രന്ഥാലയവും പ്രവർത്തിക്കുന്നു. (പട്ടിക C കാണുക)

കലാസംസ്ക്കാരികാവശ്യത്തിനായി പഞ്ചായത്ത് കമ്മ്യൂണിററിഹാൾ പണിതെങ്കിലും സങ്കേതികവും, വസ്തുതാപരമായ കാരണങ്ങളാലും അധികം താമസിയാതെ ഒരു സ്വകാര്യ കമ്പനിക്കു വാടകക്കു കൊടുത്തിരിക്കയാണ്.

ടെലിവിഷൻ ഒരു പരിധിവരെ നമ്മുടെ തലമുറയെ വഴിതെററിക്കുന്നു. വിജ്ഞാനപ്രദമായ പരിപാടികൾ ആസ്വദിക്കുന്നത്കൊണ്ട് മാനസികവും ബുദ്ധിപരവുമായ വളർച്ചയെ ത്വരിതപ്പെടുത്താൻ സാധിക്കും.

കുട്ടികളിലും മുതിർന്നവരിലും സാംസ്കാരികമായും മതപരമായും നിലവാരം പുലർത്താൻ ഇവിടെയുള്ള മദ്രസ്സകൾ, മക്തബുകൾ, ദർസ്സുകൾ എന്നിവ സഹായിച്ചിരുന്നു ഇവ ഇപ്പോഴും നിലനിന്നു പോകുന്നുണ്ട്. അശരണരായ കുട്ടികൾക്ക് വഴികാട്ടിയായി വളപട്ടണം താജുൽ ഉലൂം യത്തീംഖാന പ്രവർത്തിച്ചുവരുന്നു. കുട്ടികളെ മതപരവും ഭൗതികപരവുമായി ഉയർത്തി കൊണ്ടുവരാൻ യതീംഖാനക്ക് കഴിഞ്ഞിരുന്നു.

വർഷങ്ങളായി സേവനരംഗത്ത് പ്രവർത്തിച്ചു വരുന്ന ഒരു സംഘടനയാണ് ഖാദിമുൽഇസ്ലാം സംഘം വളപട്ടണം. ഇതിൻെറ കീഴിൽ പെൺകുട്ടികൾക്ക് സൗജന്യ തുന്നൽ പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്.

## കായികം

ഇവിടുത്തെ ജനങ്ങൾ പൊതുവെ ഫുട്ബാൾ മൽസരങ്ങളിൽ ആഭിമുഖ്യമുള്ളവരാണ്. പഞ്ചായത്തിന് സി. എൻ. കുഞ്ഞഹമ്മദ് ഹാജി സ്മാരക മിനി സ്റ്റേഡിയം എന്നപേരിൽ ഒരു കളിസ്ഥലമുണ്ട്. ഈ കളിസ്ഥലം പല സ്പോർട്സ് പ്രതിഭകളെയും വാർത്തെടുക്കാൻ ഉപകരിച്ചിട്ടുണ്ട്. കേരളത്തിൽവെച്ച് ഏററവും വലിയ അഖിലേന്ത്യാ സെവൻസ് ഫുട്ബാൾ ഈ മിനി സ്റ്റേഡിയത്തിൽ വെച്ചാണ് നടക്കാറ്. ദേശീയ താരങ്ങൾ അണിനിരന്നുള്ള ബോൾ ടൂറ്ണമെൻറൽ മൽസരവും,

കമ്പവലി മൽസരവും ആദ്യകാലങ്ങളിൽ ഈ കളി സ്ഥലത്ത് വെച്ച് നടക്കാറുണ്ടായിരുന്നു.

പഞ്ചായത്തിൽ 9 കായികസ്ഥാപനങ്ങളുണ്ട്.

(പട്ടിക B കാണുക)

യന്ത്രങ്ങളെപോലും വെല്ലുന്ന രീതിയിൽ മനുഷ്യ ശക്തി കൊണ്ട് അത്യാസന്ന ഘട്ടങ്ങളിൽ സേവന സന്നദ്ധരായി എത്തുന്നത് പാരമ്പര്യമായി ഇവിടെയുള്ള മാപ്പിള ഖലാസികളാണ് എന്നുള്ളത് വളപട്ടണത്തിന്ന് ഒരു മുതൽ കൂട്ടും അഭിമാനവുമാണ്.

ആയോധന കല ഇവിടെ ഇന്നും നിലനിൽക്കുന്നു. ഇവിടെ ഈ വിഭാഗത്തിൽ നാല് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ ശ്രീ ഭാരത് കളരിയിൽ അഭ്യസിച്ചവർ ഫെൻസിങ്ങ് വിഭാഗത്തിൽ ഏഷ്യാഡിൽ പങ്കെടുത്തിരുന്നു. ന്യൂഭാരത് കളരിയിൽ അഭ്യസിച്ചവരിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ സംസ്ഥാനതലത്തിലും സ്റ്റേററ് തലത്തിലും ചാമ്പ്യൻമാരാണ്. പഞ്ചായത്തിൽ രണ്ട് സിനിമാ തിയേററുകൾ പ്രവർത്തിക്കുന്നുണ്ട്.

## നാടൻ കളികൾ

കബഡി, സോഡി, ഇട്ടീയും കോലും, കണ്ണുകെട്ടികളി, തവളച്ചാട്ടം, കള്ളനും പോലീസും കളി ഗോട്ടികളി, ടപ്പുകളി, തൊട്ടുകളി, ചില്ലികളി, കുതിരകളി എന്നിവയും പെൺകുട്ടികളുടെ ഇടയിൽ സീക്കിടി, കൊത്തംകല്ല്, ഒററക്കുക്കി കളി, ഈർക്കിൽ കളി, ചപ്പ് വെച്ച് കളി എന്നിവയുമാണ് പഞ്ചായത്തിലുള്ള നാടൻ കളികൾ.

## കല

കലാരൂപമായ കേളീയാത്രം, വേടൻ എന്നിവ ഇന്നും നിലനിൽക്കുന്നു. കോതാമൂരി, ഉച്ചാറപൊട്ടൻ എന്നീ കലാരൂപങ്ങൾ നമുക്ക് അന്യമാണ്.

മുസ്ലീം കല്ല്യാണ വേളയിലും മററു വേദികളിലും മാപ്പിളപ്പാട്ടും, ഒപ്പനയും നിലനിൽക്കുന്നു. കൂടാതെ ദഫ്മുട്ട്, കോൽക്കളി, അറവന മുട്ട് എന്നിവയും നിലവിലുണ്ട്. തിരുവാതിരക്കളി, കച്ചപ്പടി മോഹിനിയാട്ടം, ഭരതനാട്യം എന്നീ കലകളും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്.

## സാഹിത്യം

സമസ്യകാഹളം, സർച്ച്ലൈററ്, യുവഭാവന, വിംശതി, സാഹിത്യദീപം, നവരശ്മി സംസം യുവരശ്മി, പ്രതിഭ തുടങ്ങിയ കൈയെഴുത്ത് മാസികകൾ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഈ കാലങ്ങളിൽ ജില്ലയിലെ കലാ-സാഹിത്യ രംഗത്തെ ഏററവും പ്രധാനപ്പെട്ട പ്രവർത്തന കേന്ദ്രം ഇവിടെയായിരുന്നു. അന്നത്തെ യുവസാഹിത്യകാരന്മാർ ആനുകാലിക പ്രസിദ്ധീകരണങ്ങളിലും മററും സാഹിത്യ സൃഷ്ടികൾ എഴുതുന്നവരാണ്. ഇവരിൽപ്പെട്ടവരും യുവ തലമുറയിൽപ്പെട്ടവരും ഇന്നും ആനുകാലികങ്ങളിലും മററും സാഹിത്യ സൃഷ്ടികൾ നടത്തിവരുന്നുണ്ട്. കേരളത്തിലെ പല സാഹിത്യകാരന്മാരും ഇവിടെവന്ന് വിവിധ പരിപാടികളിലും സെമിനാറുകളിലും പങ്കെടുക്കാറുണ്ടായിരുന്നു. ഇപ്പോൾ ഇത്തരം സാഹിത്യസാംസ്കാരിക പരിപാടികളൊന്നും ഇവിടെ നടക്കാറില്ല.

കേരളത്തിലെ പ്രശസ്തനായ ചരിത്ര സാഹിത്യകാരൻ വളപട്ടണം അബ്ദുള്ള നമ്മുടെ നാടിൻെറ അഭിമാനമാണ്. മൺമറഞ്ഞുപോയ പല ചരിത്ര സാഹിത്യകാരൻമാരും ഇവിടുത്തുകാരായിരുന്നു.

## സംഗീതം

ഉത്തരേന്ത്യയിലെ ശാസ്ത്രീയ സംഗീതജ്ഞന്മാരായ പലരും ഈ പഞ്ചായത്തിൽ വന്ന് സംഗീതാലാപനം നടത്താറുണ്ടായിരുന്നു. വടക്കേ ഇന്ത്യയിൽ അറിയപ്പെടുന്ന പല തബലിസ്റ്റുകളും ഹാർമോണിസ്റ്റുകളും ഇവിടുത്തുകാരാണ്.

പട്ടിക - എ

## ആരാധനാലയങ്ങളുടെ പേര് വിവരം

| | |
|---|---|
| 1 | കക്കളങ്ങരപള്ളി |
| 2 | ജൂമാത്ത് പള്ളി |
| 3 | കുന്നത്ത്പള്ളി |
| 4 | ഫക്കീർകുന്ന്മഖാംപള്ളി |
| 5 | ബദർ ജു മാ മസ്ജിദ് |
| 6 | മസ്ജിദുൽ ഹുദാ |
| 7 | സലഫി മസ്ജിദ് |
| 8 | ഹിളർ പള്ളി |
| 9 | അൻസാരി പള്ളി |
| 10 | ഹൈദ്രോസ് പള്ളി |
| 11 | ആലൂൽ പള്ളി |
| 12 | മൊയ്തീൻ പള്ളി |
| 13 | നജ്‌വത്തുൽ ഖാദരിയപള്ളി |
| 14 | പൊക്കിലകത്ത് പള്ളി |
| 15 | ശാദുലീപള്ളി |
| 16 | കളങ്ങര പള്ളി |
| 17 | പ്യാളി പള്ളി |
| 18 | സിറായ് പള്ളി |
| 19 | തെക്ക്യോവ് പള്ളി |
| 20 | കോട്ടപ്പടി പള്ളി |
| 21 | തട്ടാളങ്ങരപള്ളി |
| 22 | ഹദ്ദാദ്പള്ളി |
| 23 | ചെറുപള്ളി |
| 24 | ഇമാംഗസ്സാലിപള്ളി |
| 25 | കളരിപാതുക്കൽ ഭഗവതിക്ഷേത്രം |
| 26 | രത്നേശ്വരിക്ഷേത്രം |
| 27 | വയനാട്കുലവൻക്ഷേത്രം |
| 28 | തയ്യിൽ അറയിൽ ക്ഷേത്രം |
| 29 | മാങ്കിയിൽ നാഗക്ഷേത്രം |

പട്ടിക - സി

# വായനശാല & ഗ്രന്ഥാലയങ്ങളുടെ പേര് വിവരം

| ക്രമ നമ്പ്ര് | സ്ഥാപനത്തിൻെറ പേര് | അംഗങ്ങൾ | സ്ഥാപിച്ചത് | ഗ്രാൻറ് |
|---|---|---|---|---|
| 1 | പഞ്ചായത്ത് വായനശാല & ഗ്രന്ഥാലയം (ജനവിദ്യാകേന്ദ്രം) | 151 | 1989 | |
| 2 | യുണൈററഡ് സ്പോർട്സ് & ആർട്സ് ക്ലബ്ബ് | 52 | 1963 | 3000 |
| 3 | ടി. പി. കെ. മുഹമ്മദ്കഞ്ഞി മെമ്മോറിയൽ വായനശാല | | 1953 | |
| 4 | അഹമ്മദ് ഗുരിക്കൾ സ്മാരക വായനശാല | | 1975 | |

പട്ടിക - ബി

# കായിക സ്ഥാപനങ്ങളുടെ പേര് വിവരം

| ക്രമ നമ്പ്ര് | സ്ഥാപനത്തിൻെറ പേര് | കെട്ടിടത്തിൻെറ വിവരം |
|---|---|---|
| 1 | ടൗൺ സ്പോർട്സ് ക്ലബ്ബ് | സ്വന്തം |
| 2 | ഫ്രെണ്ട്ഷിപ്പ് ബ്രദേർസ് ക്ലബ്ബ് | സ്വന്തം |
| 3 | വളപട്ടണം ബ്രദേർസ് ക്ലബ്ബ് | — |
| 4 | റോയൽ സ്പോർട്സ് ക്ലബ്ബ് | — |
| 5 | ടി. പി. കെ. സ്പോർട്സ് ക്ലബ്ബ് | — |
| 6 | ശ്രീ ഭാരത് കളരി | സ്വന്തം |
| 7 | ന്യൂ ഭാരത് കളരിസംഘം | സ്വന്തം |
| 8 | ഇസ്സത്തുൽഇസ്ലാം കളരിസംഘം | — |
| 9 | യൂനിവേഴ്സൽ ജിംനാഷ്യം | — |

## പ്രശ്നങ്ങൾ

1 പഞ്ചായത്തു ഗ്രന്ഥശാല പ്രവർത്തനം നടക്കുന്നില്ല

2 ഗ്രന്ഥാലയത്തിൽ ലൈബ്രേറിയൻ ഇല്ല. ഗ്രന്ഥങ്ങൾ സൂക്ഷിച്ച് വെക്കാനുള്ള സൗകര്യങ്ങൾ പരിമിതമാണ്.

3 വായനശാലയിൽ പല പ്രമുഖ പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇല്ല.

4 ജനവിദ്യാകേന്ദ്രവുമായി ബന്ധപ്പെട്ട സാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല.

5 ജനങ്ങളിൽ വായനാശീലം വളർത്താൻ ബോധവൽക്കരണം നടക്കുന്നില്ല.

6 ഇവിടുത്തുകാർ സാമൂഹ്യപ്രശ്നങ്ങളിൽ സഹകരിക്കാനും ബന്ധപ്പെടാനും വിമുഖത കാണിക്കുന്നു.

7 വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥ സാംസ്കാരിക പ്രവർത്തനത്തിന്ന് തടസ്സം നേരിടുന്നു.

8 ടെലിവിഷൻ സംസ്കാരം വദ്ധിച്ചു വരുന്നതായി കാണുന്നു.

## സാധ്യതകൾ

1 അംഗൻവാടിയുടെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിച്ച് സ്വന്തം കെട്ടിടം നിർമ്മിക്കുക.

2 സുബ്ബലക്ഷ്മിലാം എൽ. പി സ്കൂറം നിലനിർത്തി ശേഷംസ് ഹൈസ്കൂളായി ഉയർത്തുക.

3 പഞ്ചായത്തു വായനശാല ഗ്രന്ഥാലയമാക്കി വായനശാലക്ക മാത്രമായി സൗകര്യപ്രദമായ കെട്ടിടം പണിയുക.

4 സാംസ്കാരിക നിലയം സ്ഥാപിക്കുകയും കല-കായിക പരിശീലകരെ നിയമിക്കുകയും ചെയ്യുക.

5 വായനശാല ഇല്ലാത്ത സ്ഥലങ്ങളിൽ വായനശാല സ്ഥാപിക്കുക.

6 സ്ത്രീകളിൽ വായനാശീലം വളർത്താൻ സഞ്ചരിക്കുന്ന ഗ്രന്ഥാലയവും വീടുവീടാന്തരമുള്ള ബോധവൽക്കരണവും നടത്തുക.

7 കായിക-കലാ തല്പരരായ തലമുറയെ വാർത്തെടുക്കാൻ പഞ്ചായത്ത് ഭരണസമിതിയും സന്നദ്ധ സംഘടനകളും മുന്നിട്ടിറങ്ങുക.

8 നിലവിലുള്ള കലാ-കായിക താരങ്ങളെ വാർഡുകളിൽനിന്നും തെരെഞ്ഞടുത്തു ഉന്നത നിലവാരത്തിലെത്തിക്കാൻ വേണ്ടതു ചെയ്യുക.

★

# ഗതാഗതം, ഊർജ്ജം, മാർക്കററ്

ഏതൊരു പ്രദേശത്തിൻെറ സർവ്വതോമുഖമായ പുരോഗതിക്ക് ഗതാഗത സൗകര്യം മർമ്മപ്രധാനമാണ്. പല ചരിത്ര സംഭവങ്ങൾക്കും സാംസ്കാരിക നവോത്ഥാന പ്രസ്ഥാനങ്ങൾക്കും ജന്മം നല്കിയ വളപട്ടണം പ്രദേശത്ത് 1985ന് മുമ്പ് വരെ തിരക്കേറിയ ഒരു പ്രദേശമായിരുന്നു. എല്ലാവർക്കും പെട്ടന്ന് എത്തിപ്പെടുവാനും യാത്ര ചെയ്യുവാനും പററിയ പ്രദേശം. 1934ന് മുമ്പ് വളപട്ടണത്തിൻെറ ഹൃദയഭാഗത്തു കൂടിയാണ് നേഷനൽ ഹൈവേ കടന്നുപോയത്. നാഷനൽ ഹൈവേ വഴിമാറിപോയതോടെ വളപട്ടണത്തിൻെറ പഴയ പ്രതാപം നഷ്ടപ്പെട്ടു. ഒരു കാലത്ത് മലഞ്ചരക്ക് വ്യാപാരത്തിൽ പേരും പ്രശസ്തിയും നേടികൊടുത്ത ഒരു പ്രദേശവും കൂടിയായിരുന്നു മലഞ്ചരക്ക് വ്യാപാരത്തിൻെറ പുരോഗതിക്കും ഉന്നമനത്തിനും വേണ്ടി അന്ന് തങ്ങൾവയൽ എന്ന സ്ഥലത്ത് ഒരു ഏക്രയോളം സ്ഥലം മാർക്കററിങ്ങ് ഫെഡറേഷൻ വിലക്ക് വാങ്ങി. അവിടെ ഒരു ഓഫീസ് പണിതു. ദൗർഭാഗ്യകരമെന്ന് പറയട്ടെ, വളപട്ടണത്ത് കൂടി പോകുന്ന N Hവെ ഗതിമാറിയത് കാരണം അത് പ്രസക്തിയില്ലാതായി.

പണ്ട് കാലങ്ങളിൽ ജലഗതാഗതം വഴിയും ജനങ്ങൾ ചരക്ക് കൊണ്ടുപോവുകയും യാത്ര ചെയ്യുകയും ചെയ്തിരുന്നു. പറശ്ശിനിക്കടവ്, മാട്ടൂൽ, പഴയങ്ങാടി, മടക്കര, ശ്രീകണ്ഠാപുരം, കററമാത്തൂർ തുടങ്ങിയ നിരവധി സ്ഥലങ്ങളിലേക്ക് ജലഗതാഗതം ഉണ്ടായിരുന്നു. കണ്ണൂരിനു തൊട്ടു കിടക്കുന്ന വളപട്ടണത്ത് റെയിൽവെ വികസനത്തിന് ധാരാളം സാധ്യതകളുണ്ട. മരത്തടികൾ ഉത്തരേന്ത്യയിലേക്ക് വാഗൺ വഴി പോകുന്നുണ്ട്. പ്രമുഖ സിമൻെറ് കമ്പനികളുടെ സിമൻെറ് വളപട്ടണത്ത് ഇറക്കി വ്യാപാരം ചെയ്തു വരുന്നു. സിമൻെറ് വഴി മാത്രം വാഗൺ ചാർജ് ഇനത്തിൽ റെയിൽവേക്ക് മാസത്തിൽ 3 ലക്ഷത്തോളം ലഭിക്കുന്നുവത്രെ. വൻകിട ഫാക്ടറികളിലേക്ക് ജോലിക്ക പോകുന്ന ആയിരക്കണക്കിന് തൊഴിലാളികൾ റെയിൽ ക്രോസ് ചെയ്താണ് പോകുന്നത്. ഗുഡ്സ് വണ്ടികളും ഈ സമയം നിർത്തുന്നതുകൊണ്ട് തൊഴിലാളികൾ വളരെ വിഷമിച്ചാണ് കടന്നുപോകുന്നത്. ഇതിലൂടെ ക്രോസ് ചെയ്ത തൊഴിലാളികൾ മരണപ്പെട്ട സംഭവങ്ങളുമുണ്ട്, ഇതിൻെറ ശാശ്വത പരിഹാരമെന്ന നിലക്ക റെയിൽവേക്ക് മുകളിലായി ഒരു ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കണമെന്നും നാട്ടുകാർ മുറവിളി കൂട്ടാൻ തുടങ്ങിയിട്ട് നാളുകളേറായി. കൂടാതെ മലബാറിൻെറ പ്രമുഖ വ്യവസായ കേന്ദ്രമായ വളപട്ടണത്ത് രണ്ട് പാസഞ്ചർ വണ്ടിയും മലബാർ എക്സ്പ്രസ്സും മാത്രമെ നിർത്താറുള്ള. വ്യവസായ

പ്രമുഖ സ്ഥലമായ വളപട്ടണത്ത് എല്ലാ വണ്ടികളും നിർത്തുവാൻ ജനങ്ങൾ പല പ്രക്ഷോഭങ്ങളും നടത്തിയെങ്കിലും അധികൃതരുടെ ഭാഗത്തുനിന്ന് യാതൊരു നീക്കവും ഉണ്ടായിട്ടില്ല. കൂടാതെ വളപട്ടണം റെയിൽപാത പുനഃസ്ഥാപിച്ചു കിട്ടുന്നതിനും ജനങ്ങൾ പ്രക്ഷോഭം നടത്തി വരികയാണ്.

വളപട്ടണം പഞ്ചായത്തിൽ കൂടി NH 17 കടന്നുപോകുന്നു. ഏകദേശം $1\frac{1}{2}$ കിലോമീറ്റർ നീളം ഉണ്ട്. കീരിയാട് മുതൽ സാരംഗ തിയേറ്റർ വഴി അഴീക്കോട് പഞ്ചായത്തിലെ പാലോട്ട് വയൽ വരെ ഏകദേശം $2\frac{1}{2}$ കിലോമീറ്റർ P W D റോഡ് ആണ്. ഹൈവേ ജംഗ്ഷൻ മുതൽ മന്ന വഴി C N പ്ലൈവുഡ് വരെയും P W D റോഡാണ്. വളപട്ടണത്തെ റെയിൽവെ അണ്ടർ ബ്രിഡ്ജിൽ മഴക്കാലത്ത് വെള്ളം കെട്ടിനില്ക്കുന്നതു കൊണ്ട് വളരെ പ്രയാസം അനുഭവപ്പെടുന്നു. ലീഗ് കോർണർ മുതൽ പുഴക്കര വരെ 1 കി. മീറ്റർ ദൂരവും P W D റോഡാണ്.

## പ്രശ്നങ്ങൾ

1 വളപട്ടണം ഒന്നാം വാർഡിലെ ലക്ഷം വീട് കോളനിയിലേക്ക് വാഹനസൗകര്യം ഇല്ല.

2 റെയിൽ ക്രോസ്സ് ചെയ്യാണ് വളരെയധികം ആളുകൾ പ്രമുഖ വ്യവസായ സ്ഥാപനങ്ങളിലേക്ക് പോകുന്നത്.

3 വളപട്ടണം പഞ്ചായത്തിലെ ഹൃദയഭാഗത്തു കൂടി പോകുന്ന അഴുക്കുചാൽ ദുർഗന്ധപൂരിതവും കൊതുകു വളർത്തൽ കേന്ദ്രവും ആണ്.

4 ശാന്താ ഫ്ലൂട്ടവേറിനു സമീപം റോഡിന് ചരിവ് കൂടുതലായതിനാൽ മഴക്കാലത്ത് വെള്ളം കെട്ടികിടക്കുന്നു.

5 ആറാം വാർഡിലെ മായിച്ചാം കുന്ന് ഭാഗത്തുനിന്ന് വളപട്ടണം റെയിൽവെ സ്റ്റേഷൻ വഴി ജനങ്ങൾക്കു സഞ്ചരിക്കുന്നതിന് വളരെയധികം പ്രയാസപ്പെടുന്നു.

6 വളപട്ടണം പഞ്ചായത്തിൽ ബസ്, ലോറി, മിനിടക്കുകൾ ഇവ പാർക്കുചെയ്യുന്നതിന് യാതൊരു സൗകര്യവും ഇല്ല.

7 കീരിയാട് വയലിന്റെ മദ്ധ്യഭാഗത്ത് ഉള്ള ധാരാളം വീടുകളിൽ ഉള്ളവർക്ക് യാതൊരു യാത്രാസൗകര്യവും ഇല്ല.

# പഞ്ചായത്ത് റോഡുകളുടെ വിവരണം

| ക്രമ നമ്പ്ര് | റോഡിന്റെ പേരു് | മീറ്റർ | |
|---|---|---|---|
| 1 | വളപട്ടണം ബസ്സ് സ്റ്റാന്റ് ഫെറിറോഡ് | 362 | |
| 2 | കളരിവാതുക്കൽ ക്ഷേത്രത്തിന് തെക്കുവശം മുതൽ N H വരെയുള്ള റോഡ് | 220 | |
| 3 | പാണ്ടികശാല മുതൽ P W D വരെയുള്ള റോഡ് | 124 | |
| 4 | കീരിയാട് കുളം കടവ് റോഡ് | 720 | |
| 5 | മന്ന, മായിച്ചാൻ കുന്ന് റോഡ് | 150 | |
| 6 | P H E D മുതൽ യത്തീംഖാന വരെയുള്ള റോഡ് | 330 | |
| 7 | പള്ളിക്കുന്നുമ്പ്രം റോഡ് | 530 | |
| 8 | യഹ്യ റോഡ് | 285 | |
| 9 | വളപട്ടണം കോട്ട - കരിങ്കൽപ്പടി റോഡ് | 190 | |
| 10 | N H പൊടാരം പമ്പ് മുതൽ കാരാട്ടുകുളം കീരിയാട് തോടുവരെയുള്ള റോഡ് | 295 | |
| 11 | ചിറക്കൽ സൊസൈറ്റിക്ക് പിൻവശമുള്ള റോഡ് | 685 | |

| ...ഞ്ചായത്തിലെ നടപ്പാത, ഇടവഴികളുടെ വിവരണം | മീറ്റർ |
|---|---|
| ചെങ്കളാൻ പാലം മുതൽ ഹൈഡ്രോസ് പള്ളിവരെയുള്ള നടപ്പാത | 0.134 |
| ബ്ലോക്ക് റോഡ് മുതൽ ബാച്ചിക്കാന്റെ വീടുവരെയുള്ള നടപ്പാത | 0.046 |
| സ്റ്റാൻഡേർഡ് എഞ്ചിനീയറിങ്ങ് N H ഇടവഴി | 0.350 |
| N H കീരിയാട് ഇടവഴി | 0.250 |
| നാഷനൽ ടീ സ്റ്റാൾ ഇടവഴി | 0.090 |
| നല്ലകണ്ടി വീട് വയൽവീട് ഇടവഴി | 0.140 |
| പയാരത്ത് ഇല്ലം ഇടവഴി | 0.110 |
| കോഴിക്കോടൻ പറമ്പ് ഇടവഴി | 0.220 |
| പുത്തൻപുര ഇല്ലം താഴെ പടിക്കൽ ഇല്ലം ഇടവഴി | 0.210 |
| കക്കരഇല്ലം ഇടവഴി | 0.100 |
| കരിങ്കൽ പടി മുതൽ പഴയ ജെട്ടി ഫുട്പാത്ത് | 0.190 |
| മീത്തലെ പടിക്കൽ ഇല്ലം മുതൽ N H ഇടവഴി | 0.090 |
| വാണിയൻ വീട് ഇടവഴി | 0.100 |
| കീരിയാട് ലക്ഷംവീട് കോളനി ഫുട്പാത്ത് | 0,120 |
| JRY റോഡ് മുതൽ കീരിയാട് തോട് വരെയുള്ള ഫുട്പാത്ത് | 0.055 |
| നങ്കലത്തിൽ ഹൗസ് മുതൽ കക്കോട്ടിപറമ്പ് ഇടവഴി | 0.055 |
| N H മുതൽ കീരിയാട് വയൽവരെയുള്ള ഫുട്പാത്ത് | 0.125 |
| വയൻവീട് മുതൽ N H വരെയുള്ള ഇടവഴി | 0.210 |
| WELCOME HOTELന്റെ പിൻവശമുള്ള നടപ്പാത | 0.023 |
| തങ്ങാംവയൽ മുതൽ പാലക്കൽ ഹൗസ് വരെയുള്ള നടപ്പാത | 0.055 |
| പോലീസ് ക്വാർട്ടേഴ്സ് മുതൽ വേളാപുരം ഹൗസ് വരെയുള്ള ഫുട്പാത്ത് | 0.043 |
| തങ്ങാംവയൽ റോഡ് മുതൽ അഞ്ചക്കാരൻ ഹൗസ് വരെയുള്ള ഫുട്പാത്ത് | 0.020 |
| P H E D ഓഫീസ് മുതൽ A K V ക്വാർട്ടേർസ് വരെയുള്ള ഫുട്പാത്ത് | 0.125 |
| തങ്ങാംവയൽ റോഡ് മുതൽ P M സലാം ഹൗസ് വരെയുള്ള ഫുട്പാത്ത് | 0.092 |
| തങ്ങാംവയൽ റോഡ് മുതൽ തായകത്ത് ഹൗസ് വരെയുള്ള നടപ്പാത | 0.055 |
| K L House മുതൽ തങ്ങാംവയൽ വരെയുള്ള ഫുട്പാത്ത് | 0.060 |
| യത്തീംഖാന മുതൽ കങ്കാരൻ ഹൗസ് വരെയുള്ള ഇടവഴി | 0.096 |
| മന്നപ്പറമ്പ് മുതൽ എഞ്ചിനീയറിങ്ങ് കമ്പനി വരെയുള്ള നടപ്പാത | 0.008 |
| പുഴയരുവത്ത് ഹൗസ് മുതൽ B T ഹൗസ് വരെയുള്ള നടപ്പാത | 0.178 |
| ഹംസഹാജിയുടെ വീട് മുതൽ ചേപ്പിലാട്ട് ഹൗസ് വരെയുള്ള ഇടവഴി | 0.070 |
| റായി സ്റ്റുഡിയോ മുതൽ തങ്ങാംവയൽ വരെയുള്ള റോഡ് | 0.120 |
| തട്ടാളങ്കര പള്ളി ഫുട്പാത്ത് | 0.080 |
| മാങ്കിയിൽ ഇടവഴി (G H സ്കൂളിന്ന് സമീപം M L A റോഡ് മുതൽ P W D റോഡ് വരെ) | 0.175 |
| ഇരട്ടപുര മുതൽ K S ഹൗസ് വരെയുള്ള നടപ്പാത | 0.085 |
| N H മുതൽ പുന്നക്കൻ വീട് വരെയുള്ള നടപ്പാത | 0.055 |
| പള്ളിക്കുന്നുമ്പ്രം റോഡിന് തെക്കുവശത്തുള്ള നടപ്പാത | 0.060 |
| മുറുക്കണ്ടി വയൽ മുതൽ V N ഹൗസ് വരെയുള്ള നടപ്പാത | 0.090 |
| തങ്ങാംവയൽ മുതൽ ചേപ്പിലാട്ട് വീടുവരെയുള്ള നടപ്പാത | 0.025 |
| യത്തീംഖാന വളവ് മുതൽ പി. വി കമലം വീടുവരെ നടപ്പാത | 0.145 |
| പെട്രോൾ പമ്പ് മുതൽ കക്കിരിക്കേൻ വീടിന്റെ വടക്ക് ഇടവഴി | 0.370 |
| N H മുതൽ കക്കിരിക്കേർ വീടിന്റെ വടക്ക്ഭാഗം ഇടവഴി | 0.130 |
| രാമവിലാസം സ്കൂൾ പുതുക്കുടി നാരായണൻ ഇടവഴി | 0.150 |
| സിറായി പള്ളി ലൈൻ ബീരൻറവിട പുര മുതൽ ബോട്ട്ജെട്ടി ഫുട്പാത്ത് | 0.450 |

| | | |
|---|---|---|
| 44 | പുഴയരവത്ത് ഇടവഴി തുടങ്ങി പാണ്ടികശാല ഇടവഴി | 0.210 |
| 45 | ആലൂർ പുര P W D റോഡ് ഫുട്പാത്ത് | 0.090 |
| 46 | N H മുതൽ മായൻ മുഹമ്മദിൻെറ വീട്ടവരെയുള്ള ഫുട്പാത്ത് | 0.165 |
| 47 | കരിക്കം അഞ്ചക്കാരൻ വീട്ടമുതൽ K L വീട് വരെ ഫുട്പാത്ത് | 0.400 |
| 48 | മൂസക്കണ്ടി പുര മുതൽ P W D റോഡ് വരെയുള്ള നടപ്പാത | 0.020 |
| 49 | നാഷനൽ സോമില്ലിന് സമീപമുള്ള നടപ്പാത | 0.057 |
| 50 | കള്ളഷാപ്പിനടുത്തുള്ള ഇടവഴി | 0.750 |
| 51 | ഹരി ടിമ്പർ മുതൽ മായൻ മുഹമ്മദിൻെറ വീട്ടവരെയുള്ള ഇടവഴി | 0.180 |
| 52 | മൊയ്തീൻ പള്ളി മുതൽ മുക്കിലിൽ വീട്ടവരെയുള്ള ഫുട് പാത്ത് | 0.175 |
| 53 | സിറായ് പള്ളിക്ക് സമീപമുള്ള ഫുട്പാത്ത് | 0.110 |
| 54 | ടെലി കമ്മ്യൂണിക്കേഷൻെറ സ്ഥലത്തിനടുത്തുള്ള ഫുട്പാത്ത് | 0.075 |
| | ആകെ | 7764 |

## റോഡുകളുടെ മൊത്ത വിവരണം

| റോഡിൻെറ ഉടമസ്ഥർ | കി. മീ. |
|---|---|
| പഞ്ചായത്ത് റോഡ് | 47.50 |
| P W D | 5.580 |
| ദേശീയപാത | 1.200 |

## പഞ്ചായത്ത് മണ്ണ് റോഡ്

| ക്രമ നമ്പ്ര് | റോഡിൻെറ പേരു് | മീററർ |
|---|---|---|
| 1 | ചിറമ്മൽ തോട് റോഡ് | 350 |
| 2 | ബദരിയസോമിൽ മുതൽ ഹൈദ്രോസ് പള്ളിവരെയുള്ള റോഡ് | 102 |
| 3 | N H മുതൽ ലക്ഷം വീട് കോളനിവരെയുള്ള റോഡ് | 100 |
| 4 | M L A റോഡ് മുതൽ കോട്ടയിൽ O L H റോഡ് | 90 |
| 5 | ആലൂർപുര മുതൽ ബ്ലോക്ക് വരെയുള്ള റോഡ് | 190 |
| 6 | കോ ഓപ്പറേററീവ് ബേങ്ക് മുതൽ തട്ടാ മററത്ത് ഹൗസ് വരെയുള്ളത് | 200 |
| 7 | ഹാർഡ് ബോർഡ ഫാക്ടറി മുതൽ കണ്ടകണ്ടം വരെ | 380 |
| 8 | മുറുകണ്ടി വയൽ മുതൽ തറോൻ ഹൗസു വരെയുള്ളത് | 105 |
| 9 | സജ്നാസ് മുതൽ തോണിയൻ ഹൗസ് വരെയുള്ള നടപ്പാത | 80 |
| 10 | മലബാർ സോമില്ലിന് സമീപമുള്ള പാത | 170 |
| 11 | കണ്ടേൻ മൂസ ഫുട്പാത്ത് | 135 |
| 12 | ലക്ഷംവീട് മുതൽ ഈസ്റ്റ് L P സ്കൂം വരെ | 160 |
| 13 | ലക്ഷംവീട് മുതൽ അബൂബക്കർ വീട്വരെയുള്ള നടപ്പാത | 0.060 |
| 14 | പാലോട്ട് വയൽ ഫുട് പാത്ത് | 200 |
| 15 | നങ്കലത്തിൽ വീട്ട മുതൽ തോലിച്ചി വീട്ടവരെയുള്ള നടപ്പാത | 0.065 |
| 16 | മെയിൻറോഡ് മുതൽ പോതിവളപ്പ് ഹൗസ്വരെയുള്ള നടപ്പാത | 0.150 |
| 17 | ആലൂൽ പള്ളിമുതൽ ചെങ്കുളാൻ പാലം വരെയുള്ള ഫുട്പാത്ത് | 0.250 |
| | ആകെ | 2587 |

സാധ്യതകൾ

* പോലീസ് സ്റ്റേഷൻ മുതൽ സി. എൻ. ബൈപ്പ വുഡ്‌വരെയുള്ള P. W. D. റോഡ് ഉടൻ റി പ്പേർ ചെയ്ത റീ ടാറിംഗ് ചെയ്യണം.
* വളപട്ടണം വഴി കോഴിക്കോട് ഭാഗത്തേക്ക് K S R T C ബസ്സ് അനുവദിക്കണം.
* മുറകണ്ടിയിൽ കണ്ടകണ്ടം ഫുട്പാത്ത് റോഡ് ആക്കാൻ നടപടി സ്വീകരിക്കണം. ഓവുചാൽ വൃത്തിയാക്കി സ്ലാബിട്ട് നടപ്പാത നിർമ്മിക്കണം.
* പള്ളിക്കുന്നുമ്പ്രം മുതൽ ലക്ഷം വീട് വരെ പുതിയ റോഡ് നിർമ്മിക്കണം.
* മുറകണ്ടി റോഡ് മുതൽ തരോൻ ഹൗസ് വരെയുള്ള ഫുട്പാത്തിൽ ഓവുചാൽ നിർമ്മിക്കണം.
* റെയിൽവേസ്റ്റേഷന് സമീപം ഫുട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കണം.
* തോട്ടിനക്കരെ വാർഡ് ആലൂർപള്ളി മുതൽ മാർക്കററ് വരെയുള്ള നടപ്പാത വീതികൂട്ടി കോൺക്രീററ് ചെയ്ത് വാഹന ഗതാഗതം സൗകര്യം ഏർപ്പെടുത്തണം.
* മാർക്കററ് മുതൽ പുഴയരത്ത് പള്ളിവരെ റോഡ് നിർമ്മിക്കണം.
* ആലൂർ വീട് മുതൽ തോട്ടിനക്കരവരെയുള്ള നടപ്പാത ശരിയാക്കണം.
* നഗരം വാർഡിൽ നിലവിലുള്ള ഫുട്പാത്ത് വീതികൂട്ടണം.
* പത്താലൻ ഹൗസ് മുതൽ I P ഹൗസ് വരെ ബാക്കി വന്ന ഭാഗം കോൺക്രീററ് ചെയ്യണം.
* ലീഗ് കോർണർ മുതൽ പുതിയ പാലംവരെയുള്ള റോഡ് റിപ്പേർ ചെയ്യണം.
* നേഷനൽ ഹൈവേയുമായി ബന്ധപ്പെടുത്തി പഴയ ഫീബ്രൂത്ത് മുതൽ തട്ടാളങ്കരയുമായി ബന്ധിച്ച് കോ-ഓപ്പറേററീവ് ബാങ്ക്‌വരെ ഒരു റോഡ് നിർമ്മിക്കണം.
* കരിയിൽ V. K ഹൗസ് മുമ്പിൽനിന്ന് കോട്ടയിലേക്ക് പോകുന്ന സ്റ്റെപ്പ് നിരത്തി നാഷനൽഹൈവേയുമായി ബന്ധപ്പെടുത്തി പുതുതായി റോഡ് നിർമ്മിക്കണം.
* സ്റ്റാൻഡേർഡ് എഞ്ചിനിയറിങ്ങിന് സമീപത്തുകൂടി നാഷനൽ ഹൈവേയുമായി ബന്ധപ്പെടുത്തി പാത വികസിപ്പിച്ച് ഗതാഗത യോഗ്യമാക്കണം.
* കളരിവാതുക്കൽ അമ്പലത്തിന് മുൻവശത്തുകൂടി ഫൈബർഹോം കമ്പനിയുടെ വശത്തുകൂടി പോകുന്ന പാത മെററൽചെയ്ത് ഗതാഗതയോഗ്യമാക്കണം.
* ഫീബ്രൂത്ത് മുതൽ സ്റ്റാൻഡേർഡ് എഞ്ചിനിയറിംഗ് വരെയുള്ള റോഡ് മെററൽ ചെയ്യണം.
* കക്കുളങ്ങര വാർഡിൽ യഹ്യാറോഡ് തങ്ങാംവയൽ റോഡുമായി ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കണം.

യത്തീംഖാനമുതൽ മായിച്ചാൻകുന്ന് വരെയുള്ള നടപ്പാത നിർമ്മിക്കണം.

* തങ്ങാംവയൽ തോട്‌മുതൽ മൂപ്പൻറവിടവരെയുള്ള തോട് സ്ലാബിട്ട് സഞ്ചാര യോഗ്യമാക്കണം.
* വളപട്ടണം ഗവ: ഹൈസ്കൂൾ മുതൽ K L അബു ഹാജി വീടിന് സമീപത്തുകൂടി തങ്ങാംവയൽ റോഡുമായി ബന്ധിപ്പിച്ച് ഒരു റോഡ് നിർമ്മിക്കണം.
* മായിച്ചാൻ കുന്ന്മുതൽ റെയിൽവേ സ്ഥലത്താകൂടി (അനുവാദം വാങ്ങിയശേഷം) വളപട്ടണം ടൗണുമായി ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കണം.
* തങ്ങാംവയൽ മുതൽ വാടിക്കൽത്ത് വീട്‌വരെയുള്ള റോഡ് ഉയർത്തി കെട്ടി മെററൽചെയ്ത് ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിക്കുകയും വെള്ളം ഒഴിഞ്ഞുപോകാൻ ഒരു ഡ്രൈനേജ് സ്ഥാപിക്കണം.
* കരിങ്കൽ പടി വാർഡിൽ ന്യായിപള്ളി മുതൽ പൊക്കിലകത്ത് പള്ളി വരെ നടപ്പാത കോൺക്രീററ് ചെയ്യുകയും ഓവുചാൽ നിർമ്മിക്കുകയും ചെയ്യണം.
* കോ-ഓപ്പറേററീവ് ബാങ്ക്‌മുതൽ വാഴവളപ്പ് വീട്‌വരെയുള്ള നടപ്പാതയിൽ മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.
* പൊക്കിലകത്ത് പള്ളി നടപാതയോടനുബന്ധിച്ച് പ്യാരിപള്ളി വഴി ബേങ്ക് റോഡ് വരെ ഒരു കണക്ഷൻ ഫുട്പാത്ത് നിർമ്മിക്കണം.
* K M ഹൗസ് മുതൽ അണ്ടാട്ട് തട്ടാളങ്ങര ബ

ന്ധിച്ച് കളരിവാതുക്കൽ റോഡ് വരെയുള്ള നടപ്പാത കോൺക്രീററ് ചെയ്യണം.

★ B P ഹൗസ് മുതൽ കോട്ടവരെ നടപ്പാത നിർമ്മിക്കണം.

★ പ്രസാദ് പെണ്ടാരം പമ്പ് മുതൽ N H വരെ റോഡ് നിർമ്മിക്കണം.

★ രാമവിലാസം സ്കൂരം മുതൽ N H വരെയുള്ള റോഡ് താർ ചെയ്യണം.

★ K M Sൻെറ വീട്ട മുതൽ ഉള്ള റോഡ് കോൺക്രീററ് ചെയ്യണം.

★ തങ്ങരം വയലിൽനിന്നും ചേപ്പിലാട്ട് വളപ്പ വഴി മായിച്ചാൻ കുന്ന് റോഡുമായി ബന്ധിച്ച് നടപ്പാത നിർമ്മിക്കണം.

★ മുമ്പ് സർവ്വീസ് നടത്തിയിരുന്ന വളപട്ടണം പതിയാപറമ്പ് അലവിൽ വഴി കണ്ണൂർ H Q ആശുപത്രി റൂട്ടിൽ ബസ്സ് സർവ്വീസ് പുനഃ സ്ഥാപിക്കണം.

# ഊർജ്ജം

## സ്ട്രീററ് ലൈററുകളുടെ വിവരണം

| ആകെ | ററ്യൂബ്സെററ് | ബൾബ് | സോഡിയം വേപർലാമ്പ് |
|---|---|---|---|
| 277 | 31 | 232 | 14 |

വളപട്ടണം പൊതുവെ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. വളരെയധികം വൻകിട ഫാക്ടറികളും ചെറുകിട ഫാക്ടറികളും ധാരാളം സോമില്ലുകളും പ്രവർത്തിക്കുന്ന സ്ഥലമാണ് ഇവിടം. കൂടാതെ ആയിരക്കണക്കിന് വീടുകളും ഉണ്ട്. പക്ഷെ സന്ധ്യയാകുമ്പോൾ മാത്രമല്ല പകൽ പോലും വേണ്ടത്ര വോൾട്ടേജ് ഉണ്ടാകാറില്ല. അതുപോലെ വ്യവസായ ശാലകൾക്ക് ആവശ്യമായ തോതിൽ വൈദ്യുതി ലഭിക്കാറില്ല.

പരിഹാരമായി പാലോട്ട വയലിലെ നിർദ്ദിഷ്ട 110 K V സബ്സ്റ്റേഷനും അഴീക്കലിൽ ചങ്ങാടത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വൈദ്യുതി നിലയവും, നാഫ്ത ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന കണ്ണൂർ പവർ പ്രൊജക്റ്റിൻെറയും പ്രവർത്തനം വ്യാവസായിക വളപട്ടണം ആകാംക്ഷയോടെ കാത്തിരിക്കുകയാണ്.

വളപട്ടണത്ത് മുഖ്യമായും വിറക ഉപയോഗിച്ചാണ് ഭക്ഷണം പാകം ചെയ്യുന്നത്. 70% ആളുകൾ വിറകും 25% ആളുകൾ മണ്ണെണ്ണയും 5% ആളുകൾ ഗ്യാസും ആണ് പാചകം ചെയ്യുന്നതിന് ഉപയോഗിക്കുന്നത്.

വളപട്ടണത്തുള്ള സ്ട്രീററ് ലൈററുകൾക്ക് പഞ്ചായത്ത് മാസം തോറും നല്ലൊരുതുക അടക്കുന്നുണ്ടെങ്കിലും അതിൻെറ പ്രയോജനം ആളുകൾക്ക് വേണ്ടത്ര ലഭിക്കാറില്ല.

### പ്രശ്നങ്ങൾ

1 ഗ്യാസ് കണക്ഷൻ സാധാരണക്കാർക്ക് വേണ്ടത്ര ലഭിക്കുന്നില്ല.

2 വിറകിനും ക്ഷാമം അനുഭവപ്പെടുന്നു.

3 മണ്ണെണ്ണ ആവശ്യാനുസരണം ലഭിക്കാറില്ല.

4 റോഡരുകിലെ ചില വൈദ്യുത പോസ്ററുകൾ ഗതാഗതത്തിന് തടസ്സമാകുന്നു.

★ ചിറക്കൽ കോ-ഓപ്പറേററീവ് ബേങ്ക് മുതൽ വളപട്ടണം പാലം പാപ്പിനിശ്ശേരി റോഡ് അതിർത്തിവരെ സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കണം.

★ വ്യവസായ മേഖലയായ വളപട്ടണത്ത് സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതാണ്.

★ നിലവിലുള്ള സ്ട്രീററ് ലൈററുകൾ കാര്യക്ഷമമാക്കുക.

★ കാററിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള പദ്ധതി വളപട്ടണം കോട്ടയിൽ സ്ഥാപിക്കാവുന്നതാണ്.

★ തങ്ങാംവയൽ ഫുട്പാത്തിനു സമീപമുള്ള തെരുവു വിളക്കുകൾ മാററി സ്ഥാപിക്കണം.

★ കന്നത്ത്പള്ളി റോഡിൽ സ്ട്രീററ് ലൈററുകൾ സ്ഥാപിക്കുക.

★ കോ-ഓപ്പറേററീവ് ബാങ്ക് മുതലുള്ള ടെലിഫോൺ ഫുട്പാത്തിന് സമീപം സ്ട്രീററ് ലൈററ് സ്ഥാപിക്കണം.

★ കക്കുളങ്ങര വാർഡിൽ ഹംസഹാജിയുടെ വീടിനടുത്തുള്ള ഇടവഴിയിൽ സ്ട്രീററ്ലൈററ് സ്ഥാപിക്കണം.

★ വളപട്ടണം ഗവ: ഹൈസ്കൂളിന്നും ഫൈബർ ഫോം മതിൽ കോർണർ വശത്ത് ഒരു സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കണം.

★ മാങ്ങാട് സബ്സ്റ്റേഷൻ പ്രവർത്തനം വർദ്ധിപ്പിക്കേണ്ടതാണ്.

★ പകയില്ലാത്ത അടുപ്പുകൾ പ്രാവർത്തികമാക്കാൻ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുക സ്ലോട്ട്ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കണം.

★ ഗതാഗതത്തിന് തടസ്സം നിൽക്കുന്ന വൈദ്യുത പോസ്റ്റുകൾ മാററി സ്ഥാപിക്കുക.

---

**ട്രാൻസ്ഫോർമറുകൾ**

| | | |
|---|---|---|
| അഴീക്കോട് ജംഗ്ഷൻ | — | 7 |
| വളപട്ടണം | — | 10 |
| ആകെ | | 17 |

**കണക്ഷൻ ലഭിക്കാത്ത അംഗങ്ങളുടെ എണ്ണം**

| | Ordy. | OPT | OYEC |
|---|---|---|---|
| അഴീക്കോട് | 20 | 1 | 20 |
| വളപട്ടണം | 20 | | 14 |
| ആകെ | 40 | 1 | 34 |

ഇതിൽ 6 കണക്ഷൻ വ്യവസായ യൂണിററുകളുടെതാണ്.

അനുബന്ധം — 10

## വളപട്ടണം ഗ്രാമപഞ്ചായത്ത് 10-1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1 നിലവിലുള്ള ഉപഭോക്താക്കൾ

| | | |
|---|---|---|
| a | ഗാർഹികം | 150 |
| b | വ്യാപാരം | 22 |
| c | വ്യാവസായികം | 30 |
| d | കാർഷികം | |

2 കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം അവസാനം നൽകിയ കണക്ഷൻ

a ഓർഡിനറി 20 — 29-1-92 അപേക്ഷാ തീയതി

b OTP 1

c OYEC 20 Nos

3 സ്ട്രീററ് ലൈററുകളുടെ എണ്ണം

a ബൾബ് 46(40w) 25w 40w 60w 100w

b ട്യൂബ് 5

c മെർക്കുറി

d സോഡിയം വേപ്പർ 1

4 ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ Nil

5 തൻവർഷത്തെ കണക്ഷൻ

| | |
|---|---|
| ഓർഡിനറി | Nil |
| OTP | 4 |
| OYEC | 5 |

6 പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1 പാലോട്ട്വയൽ
2 മലബാർ സോമിൽ
3 രാജാസോമിൽ
4 പെർഫെക്ട് ബോർഡ്
5 പ്രെസ്ററീജ്
6 C N സോമിൽ
7 സീയെൻ പ്ലൈവുഡ്

7 സ്ട്രീററ് ലൈററിനുവേണ്ടി പ്രതിമാസം അടക്കുന്ന തുക

## മാർക്കററിങ്ങ്

വളപട്ടണം പഞ്ചായത്തിൽ 15 വർഷം മുമ്പ് സുലഭമായി വിപണനം നടക്കുകയും ചെയ്തിരുന്ന കശുവണ്ടി, കുരുമുളക്, ചുക്ക്, റബ്ബർ, കൊട്ടടക്ക ഏലം, ചവക്കായ്, കപ്പ എന്നീ മലഞ്ചരക്കുകൾ ഇന്ന് മാർക്കററിൽനിന്നും അപ്രത്യക്ഷമായിരിക്കുകയാണ്. മരവ്യാപാരവും മങ്ങികൊണ്ടേയിരിക്കുന്നു. പ്ലൈവുഡ് വ്യവസായവും ഫൈബർഫോമും മാത്രമാണ് ഇന്ന് അൽപ്പമെങ്കിലും നന്നായി നടന്നുപോകുന്നത്.

ഇവിടെ ചെറിയതോതിൽ നാളികേരവും അടക്കയും ഉല്പാദിപ്പിക്കപ്പെടുന്നു, മരവ്യവസായത്തിൽ തല്പരരാണ് പൊതുവെ ജനങ്ങൾ. അതുകൊണ്ടുതന്നെ മരവുമായി ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ ഇന്നും അഭിവൃദ്ധിയിലേക്ക് നയിക്കുവാൻ കഴിയും,

ഏഷ്യയിലെ ഏററവും വലിയ പ്ലൈവുഡ് വ്യവസായസ്ഥാപനമായ വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്സ്, കേരളത്തിലെ ഒരേഒരു ഹാർഡ്ബോർഡ് ഫാക്ടറി. ആറോളം ചെറുകിട പ്ലൈവുഡ് ഫാക്ടറികൾ, ഇരുപത്തഞ്ചോളം ബ്ലോക്ക് ബോഡ് ഫാക്ടറികൾ, ഫൈബർ ഫോം ഇവയിൽനിന്നും ഉണ്ടാക്കിയെടുക്കുന്ന സാധനങ്ങൾ ഇന്ത്യയിലെയും വിദേശത്തിലെയും പല മാർക്കററുകളിലും വില്ക്കപ്പെടുന്നു.

### സാധ്യതകൾ

1 നിത്യോപയോഗ സാധനങ്ങൾ, പ്രത്യേകിച്ച് പച്ചക്കറികൾ ലഭിക്കുന്നതിന് ആഴ്ച ചന്ത വേണം.

2 ഈർച്ചപ്പൊടി ധാരാളം ലഭിക്കുന്ന ഇവിടെ അത് അസംസ്കൃത വസ്തുവായി ഉപയോഗിക്കുവാൻ കഴിയുന്ന ഏതെങ്കിലും വ്യവസായ സംരംഭങ്ങൾ ഉണ്ടാകണം.

3 സഹകരണ മേഖലയിൽ ഒരു കൺസ്യൂമർ സ്റ്റോർ തുടങ്ങണം.

★

# മൽസ്യബന്ധനവും മൃഗസംരക്ഷണവും

## മൽസ്യബന്ധനം

മത്സ്യബന്ധനം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് സമ്പന്നമായ ചരിത്രം വളപട്ടണത്തിനുണ്ട്. വളപട്ടണം പുഴ വിവിധയിനം മത്സ്യങ്ങളുടെ വൻ സംഭരണിയാണ്. ഇവിടെ മത്സ്യബന്ധനം ഉപജീവനമായിട്ടുള്ള നിരവധി കുടുംബങ്ങൾ ഉണ്ടായിരുന്നു. ചെറുതോണികളിൽ ചൂണ്ടയിട്ടും, വലയിട്ടും മൽസ്യം പിടിച്ചുവന്നിരുന്നു. ഇവിടെനിന്ന് പുഴ മൽസ്യങ്ങൾ മററ് ഉൾനാടൻ പ്രദേശങ്ങളിലും കണ്ണൂർ പട്ടണത്തിലും വാണിജ്യാടിസ്ഥാനത്തിൽ എത്തിച്ച് വിപണനം നടത്താറുണ്ടായിരുന്നു. തോണ്ടുകൾ, ഏരി, ചെമ്മീൻ, മടലി, ഇരിമീൻ, കരിമീൻ, കൊളോൻ, ചെമ്പല്ലി, സ്രാവ്, കട്ടവ, ഏട്ട, കൊയല മുതലായ മൽസ്യങ്ങൾ സുലഭമായി ലഭിച്ചുവന്നിരുന്നു. 15വർഷങ്ങൾക്ക് മുമ്പ്വരെ 50 - ഓളം കുടുംബങ്ങൾ മൽസ്യബന്ധനത്തിൽ മാത്രം ഏർപ്പെട്ട് ഉപജീവനം കഴിച്ചിരുന്ന ഇപ്പോൾ ഈ മേഖലയെ ആശ്രയിക്കുന്നവർ കേവലം 20 പേരാണ്

പുഴയിൽ മൽസ്യസമ്പത്തിൽ വന്ന കുറവും കടലിനോട് ചേർന്ന ഭാഗത്തുനിന്നുള്ള യന്ത്രവൽകൃത ബോട്ട് വഴി നടത്തുന്ന മൽസ്യബന്ധനം വളപട്ടണം പഞ്ചായത്തിലെ നാടൻ മൽസ്യബന്ധന പ്രവർത്തനങ്ങളുടെ മരവിപ്പിനും നാമാവശേഷത്തിനും കാരണമായി.

അഴീക്കൽ ഫിഷിംഗ് ഹാർബറുമായി ബന്ധപ്പെട്ട് ഏതാനും മൽസ്യതൊഴിലാളികളൊഴികെ പൂർണ്ണമായും മൽസ്യബന്ധനത്തെ ആശ്രയിച്ചു ജീവിക്കുന്നവരാരും ഇവിടം ഇല്ല എന്നതു കൊണ്ടുതന്നെ മൽസ്യ തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ ഒന്നും കാര്യക്ഷമമായി ഈ പഞ്ചായത്ത് പ്രദേശത്ത് നടക്കുന്നില്ല. മൽസ്യ തൊഴിലാളികൾക്ക് വേണ്ടിയുള്ള വീട് നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികളുടെ ഗുണഭോക്താക്കളായി ആരും തന്നെ ഈ പഞ്ചായത്തിൽ ഇല്ല.

മത്സ്യ തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം കൈപ്പററുന്നവർ ഈ പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളിൽ പഠിക്കുന്നുണ്ട്.

മൽസ്യ വിപണന പ്രവർത്ത ത്തിലേർപ്പെട്ടവർ ഈ പഞ്ചായത്തിൽ നിരവധി പേരുണ്ട്.

വർഷങ്ങൾക്ക് മുമ്പ് സമീപ പ്രദേശങ്ങളിലൊന്നും തന്നെ വിപണന സംവിധാനം ഇല്ലാതിരിക്കെ വികസിച്ച രൂപത്തിലുള്ള മൽസ്യ മാർക്കററ് ഇവിടെ ഉണ്ടായതാവാം ഈ രംഗത്ത് കൂട്ടതലാളുകൾ നിലനിൽക്കാൻ കാരണം എന്നാൽ ഇതരവാണിജ്യ മേഖലകളിലെന്നപോലെ മൽസ്യവ പണനവും കാലക്രമത്തിൽ മന്ദീഭവിച്ചിരിക്കുകയാണ്.

ഇന്ന് മൽസ്യ മാർക്കററ് ഗതകാല പ്രൌഢിയുടെ ആലസ്യത്തിൽ ഉറങ്ങിക്കിടക്കുകയാണ്.

പഞ്ചായത്ത് പ്രദേശത്ത് 9 സ്വകാര്യകുളങ്ങൾ ഉണ്ട്. ഇവിടെ മൽസ്യം വളർത്തുന്നതിനുള്ള സാധ്യത ആരായേണ്ടതാണ്. അതോടൊപ്പം വളപട്ടണം പുഴയോട് ചേർന്ന് കീരിയാട്, കരിയിൽ പ്രദേശത്തെ കൈപ്പാട് ഭൂമി ചെമ്മീൻ കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിനും ശ്രമിക്കാവുന്നതാണ്.

മൽസ്യ ബന്ധനം, മൽസ്യ വിപണനം എന്നീ മേഖലകളിലുള്ള മൽസ്യ തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. അതുപോലെതന്നെ ഏറെ തൊഴിൽ സാധ്യതയുള്ള ഈരംഗത്ത് യുവാക്കളെ ആകർഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതായ ട്ടുണ്ട്.

## പ്രശ്നങ്ങൾ

1 വിവേചനരഹിതമായ മണൽവാരൽ മൽസ്യങ്ങൾക്ക് വംശനാശം സംഭവിക്കുന്നതാണ്.

2 മൽസ്യവിപണനകേന്ദ്രം കാലോചിതമായി പുനർനിർമ്മിക്കേണ്ടതുണ്ട്. ഇവിടെയുള്ള മലിനീകരണം ആരോഗ്യപ്രശ്നമായി വളർന്നിരിക്കുന്നു.

3 മൽസ്യവിപണന മേഖലകളിലെ തൊഴിലാളികൾ അസംഘടിതരാണ്. സഹകരണാടിസ്ഥാനത്തിൽ ഇവരെ സംഘടിപ്പിച്ച് അവരുടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കണം.

4 മൽസ്യവിപണന തൊഴിലാളികളെ മൽസ്യബന്ധന തൊഴിലാളികളിൽനിന്ന് വേർതിരിച്ച അവർക്ക് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന പ്രവണത നിലനിൽക്കുന്നുണ്ട്.

5 ഫിഷറീസ് വകുപ്പ്, മൽസ്യതൊഴിലാളി ക്ഷേമനിധി, മൽസ്യഫെഡ് എന്നീ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

## സാധ്യതകൾ

1 നിലവിലുള്ള സ്വകാര്യ കുളങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ മൽസ്യം വളർത്തുന്നതിനും സൗകര്യം ഏർപ്പെടുത്തണം.

2 വളപട്ടണം പുഴയോടനുബന്ധിച്ചുള്ള കയ്പാട് പ്രദേശ ചെമ്മീൻ കുളങ്ങളായി വികസിപ്പിക്കണം

3 മൽസ്യങ്ങൾക്ക് ബാധിക്കുന്ന രോഗങ്ങൾക്ക് യഥാ സമയം പരിഹാരം കണ്ടെത്തണം.


4 മത്സ്യങ്ങൾ ചത്തൊടുങ്ങുന്നതിനെതിരെ സത്വര നടപടികൾ സ്വീകരിക്കണം

5 മൽസ്യ ബന്ധന തൊഴിലാളികളുടെ വൈവിധ്യവൽകരണ പരിപാടിയുടെ ഭാഗമായ ഒരു വല നിർമ്മാണ യൂനിററ്സ്ഥാപിക്കണം

6 ശാസ്ത്രീയമായി കല്ലുമ്മക്കായ കൃഷി നടത്തുന്നതിനുള്ള സദ്ധ്യത പരിശോധിച്ച് ആവശ്യമായ പദ്ധതി നടപ്പിലാക്കുക.

★

# VALAPATTANAM PANCHAYATH




NATIONAL HIGHWAY
PANCHAYATH ROAD, PWD ROAD
WARD BOUNDARY
WARD BOUNDARY WITH ROAD

അഴീക്കോട്
ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം


# വികസന റിപ്പോർട്ട്






ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# അഴീക്കോട് ഗ്രാമ പഞ്ചായത്ത് സമഗ്ര വികസന രേഖ - 96





“ഇന്ത്യതന്നാത്മാവു ഗ്രാമമാണെന്നുള്ള -
ഗാന്ധിയൻ സിദ്ധാന്തമേർക്കൊണ്ടുയരുവാൻ
അദ്ധ്വാനശീലർ തൻ ഗ്രാമീണ ശക്തിയാൽ
അർത്ഥവത്താക്കും വികസന വിപ്ലവം.

ഗ്രാമം പുതുക്കി പണിയാൻ യുവാക്കളാൽ
ക്ഷേമം പുലർത്തുവാൻ സ്വപ്നസാഫല്യമായ്
തൂവലും തൂമ്പയും മാറിമാറിപിടി -
ച്ചാസൂത്രണത്തിൻെറ ധാരയായ് മാറുവിൻ”

## അഴീക്കോട് പഞ്ചായത്ത് ഭരണ സമിതി

എം.ടി. കമലാക്ഷി ടീച്ചർ (പ്രസിഡണ്ട്)

കെ.പി. മഹമൂദ് (വൈ : പ്രസിഡണ്ട്)

കുമ്മൻ ശേഖരൻ (സ്റ്റാൻഡിങ്ങ് കമ്മിറ്റി ചേർമാൻ)

എ. ആമിനാബി

കെ.കെ. മുസ്തഫ

കെ. നാരായണൻ

വി. ശാന്തകുമാരി

എൻ. മുകുന്ദൻ നായർ

ഇ. വിനോദ്

കെ. രഘുനാഥ്

വി.എം. ലക്ഷ്മി

ഇ. കുഞ്ഞിക്കണ്ണൻ നമ്പ്യാർ

പി.വി. വിജയൻ

കെ. ഗിരീഷ്കുമാർ

സി. ശാന്ത

## വികസന രേഖ തയ്യാറാക്കിയവർ

ടി. ലക്ഷ്മണൻ മാസ്റ്റർ (കൺവീനർ)

പ്രൊഫ: ടി. രാഘവൻ

എ. സുക്കൂർ മാസ്റ്റർ

കെ.പി. രാജീവൻ

പി.വി. ശങ്കരൻ മാസ്റ്റർ

അബ്ദുൾ നിസാർ വായിപ്പറമ്പ

കെ. ജയദേവൻ മാസ്റ്റർ

ടി.പി. അനന്തകൃഷ്ണൻ

കെ. വിനോദ്കുമാർ

പി. സുനിൽ ദത്തൻ

നസീമ അസീസ്

ടി.വി. കോമളവല്ലി

വി.വി. മോഹനൻ

ഡോ: ആഷിക്

ടി. ഷാജി

പി. രാജീവൻ മാസ്റ്റർ

സി. രമേശൻ മാസ്റ്റർ

പി.ടി. കുഞ്ഞിക്കോരൻ (കൃഷി ഓഫീസർ)

പി.വി. നാരായണൻ (വി.ഇ.ഒ)

രവീന്ദ്രൻ (വി.ഇ.ഒ)

എബ്രഹാം ജോസ്

പി. ധർമൻ

# വിഷയ വിവരം


**ആമുഖം**

**പഞ്ചായത്ത് : പൊതു വിവരണം**

**സാമൂഹ്യ - സാംസ്കാരിക ചരിത്രം** ........................ 1

**സാമൂഹ്യ - സാമ്പത്തിക മേഖല**

കൃഷിയും - ജലസേചനവും ........................ 7

മൃഗസംരക്ഷണവും മൽസ്യമേഖലയും ........................ 23

വ്യവസായം ........................ 29

വിദ്യാഭ്യാസം ........................ 36

കുടിവെള്ളവും ആരോഗ്യവും ........................ 43

ഊർജ്ജം - ഗതാഗതം ........................ 53

പാർപ്പിടവും സാമൂഹ്യക്ഷേമവും ........................ 59

സംസ്കാരം ........................ 68

വനിതാ ക്ഷേമം ........................ 73

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം ........................ 77

സഹകരണ മേഖല ........................ 81

വിഭവ സമാഹരണം ........................ 87

# ആമുഖം

സ്വാതന്ത്ര്യലബ്ധിക്കു ശേഷം അമ്പതാം പടവിൽ ചവിട്ടിനിന്നുകൊണ്ട് ചുറ്റും നോക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് നമ്മുടെ രാഷ്ട്രപിതാവ് വിഭാവനംചെയ്തതുപോലുള്ള സ്വയം സമ്പൂർണ്ണ ഗ്രാമങ്ങളല്ല, സ്വാശ്രയശീല നായ ഗ്രാമീണനേയുമല്ല. പ്രത്യുത ഭക്ഷ്യധാന്യങ്ങളടക്കമുള്ള നിത്യോപയോഗ സാധനങ്ങളിൽ പലതിനുംവേണ്ടി അന്യ സംസ്ഥാനങ്ങളിലേക്ക് കണ്ണുംനട്ട് കയ്യും നീട്ടിയിരിക്കുന്ന കേരളീയ സമൂഹത്തെയാണ്, 'എല്ലാം കണക്കാണ്, ഒന്നും ഇവിടെ ശരിയാവില്ല' യെന്ന നൈരാശ്യത്താൽ നെടുവീർപ്പിടുന്ന, അദ്ധ്വാനിക്കാതിരിക്കുന്നത് മാന്യതയായി തെറ്റിദ്ധരിക്കപ്പെടുന്ന ഒരു യുവജനവ്യൂഹത്തെയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.

ആസൂത്രിത വികസനം ലക്ഷ്യംവെച്ചുകൊണ്ടാണ് മുൻകാലങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ രൂപ കല്പന ചെയ്യപ്പെട്ടത്. പക്ഷെ അമിതാധികാര കേന്ദ്രീകരണവും ബ്യൂറോക്രസിയുടെ മേധാവിത്വവും പദ്ധതി പ്രവർത്തനങ്ങ ളുടെ കാര്യക്ഷമത കുറയാൻ ഇടയാക്കി. വികസന പ്രവർത്തനങ്ങളുടെ പ്രയോജനം ഉദ്ദേശിച്ചവർക്കല്ല കിട്ടിയത്. ആത്യന്തികമായി പദ്ധതിയുടെ പ്രയോജനം ഒരു ന്യൂന പക്ഷത്തിൻെറ ധനികവൽക്കരണത്തിലും ഭൂരിപക്ഷത്തിൻെ റ ദരിദ്രവൽക്കരണത്തിലും കലാശിച്ചു. അതോടെ സർക്കാരും ഉദ്യോഗസ്ഥരും വികസനവും സാമാന്യ ജനങ്ങളിൽ നിന്നകന്നു. സാമാന്യ ജനങ്ങൾ ഒരു നോക്കികുത്തിയുടെ റോളിലെത്തിനിന്നു. ഈ സ്ഥിതിയിലാണ് ഭരണഘടന യുടെ 73, 74ാം ഭരണഘടനാ ഭേദഗതിയിലൂടെ കാലാകാലങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് മുൻസി പ്പൽ ഭരണസമിതി, വോട്ടർമാരെല്ലാം അംഗങ്ങളായിട്ടുള്ള ഗ്രാമസഭകൾ, സ്ത്രീകൾക്ക് ഭരണസമിതിയിൽ മൂന്നിലൊ ന്നു ഭാഗം പ്രാതിനിധ്യം തുടങ്ങിയ സവിശേഷതകളോടുകൂടിയ പഞ്ചായത്തിരാജ് സംവിധാനം സംസ്ഥാനത്ത് നില വിൽ വന്നത്. ഈ അനുകൂല സാഹചര്യങ്ങളിൽ ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നമ്മൾ നടപ്പാക്കാൻ ശ്രമിക്കുന്നു - നമ്മെ സംബന്ധിച്ചേടത്തോളം ഒരു നല്ല നാളെയുടെ നാന്ദി കുറിക്കലാണിത് എന്ന ശുഭാപ്തി വിശ്വാസത്തോടെ.

അതാത് പ്രദേശത്തെ ജനങ്ങളും ജനപ്രതിനിധികളും വിദഗ്ധരും ഉദ്യോഗസ്ഥരും ചേർന്നിരുന്നുകൊണ്ട് പ്രദേ ശത്തിൻെറ ആവശ്യങ്ങളും പ്രശ്നങ്ങളും സാദ്ധ്യതകളും കണക്കിലെടുത്തുകൊണ്ട് നിർദ്ദേശങ്ങൾ രൂപപ്പെടുത്തി. ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളും ഒന്നിച്ചു പരിഹരിച്ചുകളയാമെന്ന വ്യാമോഹം സൃഷ്ടിച്ചുകൊണ്ടല്ല, പദ്ധതിആടങ്ക ലിൻെറ 35-40% വരുന്ന തുകയും പ്രാദേശിക വിഭവസമാഹരണവും സന്നദ്ധസേവനവും നടത്തി ആകാവുന്നേട ത്തോളം വികസനപ്രവർത്തനങ്ങൾ നടത്താമെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പ്രവർത്തനങ്ങളിൽ യാതൊരു വിധ ജാതിമത രാഷ്ട്രീയ ചേരിതിരിവും ഇല്ലാതെ എല്ലാതരക്കാരേയും ഒത്തൊരുമിപ്പിച്ചുകൊണ്ട് പഞ്ചായത്തി ൻെറ വികസനപ്രവർത്തനങ്ങളിൽ ഇതിഹാസം രചിക്കുകയെന്നതാണ് ജനകീയാസൂത്രണ ശൈലി.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടന്നു വരുന്നു. മുന്നോടിയായി നടക്കേണ്ടിയിരുന്ന പല പ്രവർത്തനങ്ങളും വിഭവഭൂപടം - സാമൂഹ്യ സാമ്പത്തിക സർവ്വേ മുതലായവ സാവകാശം നടത്തേണ്ടതായിരുന്നെങ്കിലും - ധൃതഗതിയിൽ ചെയ്യേണ്ടിവന്നു. പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടു നടത്തുന്ന ഈ പ്രവർത്തനങ്ങളെ ഒരു വമ്പിച്ച ജനകീയ പ്രസ്ഥാനമാക്കി വളർത്താനുള്ള ശ്രമമാണ് നടന്നുവരുന്നത്.

പഞ്ചായത്തിൽ നടന്ന ഗ്രാമസഭകളുടെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തുമ്പോൾ ചില വാർഡുകളിൽ നല്ല ജന പങ്കാളിത്തം ഉണ്ടായിരുന്നു. ജന പങ്കാളിത്തം കുറഞ്ഞ വാർഡുകളിൽ പ്രചാരണത്തിൻെറ പോരായ്മയാണെ ന്ന തിരിച്ചറിവ് ഉണ്ടായതോടെ തിരുത്തപ്പെടാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഗ്രാമസഭകളിലെ സജീവമായ ചർച്ച കളിൽനിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങളും അവരുടെ ഭാഗത്ത്നിന്നു തന്നെ ഉയർന്നു വന്നു. അഞ്ച് വർഷങ്ങൾക്കു മുമ്പെ നടന്ന സാക്ഷരതായജ്ഞത്തിലെന്നപോലെ ഇപ്പോൾ ജനകീയാസൂത്രണത്തിലും കേര ളീയ ജനത കാണിക്കുന്ന കൂട്ടായ്മ നമ്മുടെ പഞ്ചായത്തിലും നിലനിർത്താൻ ജാതിമത രാഷ്ട്രീയ ഭിന്നതകൾ നോക്കാതെ നാം മുന്നിട്ടിറങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ട് ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായുള്ള അഴീക്കോട് പഞ്ചായത്തിൻെറ വികസനരേഖയിതാ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

# അഴീക്കോട് പഞ്ചായത്ത് - പൊതു വിവരണം

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിൻെറ പേർ | - | അഴീക്കോട് ഗ്രാമ പഞ്ചായത്ത് |
| 2. | അതിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേർ | - | അഴീക്കോട് നോർത്ത്, അഴീക്കോട് സൗത്ത് |
| 3. | ബ്ലോക്ക് പഞ്ചായത്ത് | - | കണ്ണൂർ |
| 4. | താലൂക്ക് | - | കണ്ണൂർ |
| 5. | ജില്ല | - | കണ്ണൂർ |
| 6. | അസംബ്ലിമണ്ഡലം | - | അഴീക്കോട് |
| 7. | പാർലമെൻറ് മണ്ഡലം | - | കണ്ണൂർ |
| 8. | വിസ്തീർണ്ണം | - | 16.04 Sq. K.M. |
| 9. | ജനസംഖ്യ | - | 42354 (20578പു, 21776 സ്ത്രീ 1991 സെൻസസ് കണക്ക് പ്രകാരം) |
| 10. | വാർഡുകളുടെ എണ്ണം | - | 15 |
| 11. | പ്രസിഡണ്ടിൻെറ പേർ | - | എം.ടി. കമലാക്ഷി ടീച്ചർ |
| 12. | വൈസ് പ്രസിഡണ്ട് | - | കെ.പി. മഹമൂദ് |

## നിലവിലുള്ള അതിരുകൾ

1. കിഴക്ക് : വളപട്ടണം - ചിറക്കൽ പഞ്ചായത്തുകൾ
2. തെക്ക് : ചിറക്കൽ - പള്ളിക്കുന്ന് പഞ്ചായത്തുകൾ
3. വടക്ക് : വളപട്ടണം പുഴ
4. പടിഞ്ഞാറ് : അറബിക്കടൽ

## പഞ്ചായത്തിലുള്ള സർക്കാർ ഓഫീസ്സുകൾ

1. കൃഷിഭവൻ, 2. വില്ലേജ് ഓഫീസ്സുകൾ, 3. പഞ്ചായത്ത് ഓഫീസ്, 4. മൃഗാശുപത്രി, 5. ഗ്രാമവികസന ഓഫീസ്സുകൾ, 6. പി.എച്ച്.സി, 7. പി. എച്ച്.സി സബ്ബ്സെൻററുകൾ, 8. ഹോമിയോ ഡിസ്പെൻസറി, 9. ഇലക്ട്രിസിറ്റി ഓഫീസ്, 10. പോർട്ട് ഓഫീസ്, 11. ഹാർബർ ഇഞ്ചിനീയറിങ്ങ് ഓഫീസ്, 12. ഐസ് പ്ലാൻറ്, 13. ഇ.എസ്.ഐ., 14. പോസ്റ്റ് ഓഫീസുകൾ.

## ബേങ്കുകൾ

1. കണ്ണൂർ ജില്ലാ സഹകരണ ബേങ്ക് ശാഖ, വൻകുളത്ത് വയൽ
2. അഴീക്കോട് സർവീസ് സഹകരണ ബേങ്ക് (ബ്രാഞ്ച് - അഴീക്കൽ ശാഖ, തെക്ക് ഭാഗം ശാഖ)
3. കത്തോലിക്ക് സിറിയൻ ബേങ്ക് (അഴീക്കോട് ശാഖ)
4. സിണ്ടിക്കേറ്റ് ബേങ്ക് (അഴീക്കോട് ശാഖ)
5. വനിതാ സഹകരണ ബേങ്ക്, പാലോട്ട്വയൽ

# സാമൂഹ്യ-സാംസ്കാരിക ചരിത്രം

നൂറ്റാണ്ടുകൾക്ക് മുൻപ് മുതൽ അറബികളും മറ്റ് വിദൂര ദേശങ്ങളിൽനിന്നുള്ളവരും തടികൊണ്ടുള്ള പണിത്തരങ്ങളും മലഞ്ചരക്കുകളും കയറ്റി കൊണ്ടുപോയിരുന്നത് മലബാറിൻെറ തീരപ്രദേശത്ത് പേരുകേട്ട അഴീക്കൽ തുറമുഖത്തു നിന്നായിരുന്നു. അഴി-പ്രദേശം എന്ന അർത്ഥം വരുന്നതിനാലാണ് ഈ ഗ്രാമത്തിന് അഴീക്കോടെന്ന് പേര് ലഭിച്ചതെന്ന് കരുതപ്പെടുന്നു. ചെറുകപ്പലുകളും ഉരുവും വന്നടുക്കുന്ന കപ്പക്കടവു പ്രദേശത്തിനും കപ്പൽ അടുക്കുന്ന പ്രദേശം എന്ന അർത്ഥത്തിലാണ് ഈ പേര് ലഭിച്ചതെന്ന് കരുതാം. കമ്പോളങ്ങളുടെ വളർച്ചയുടെ വളവുതിരിവും, വ്യാപാരങ്ങളിലും മറ്റു മേഖലകളിലും ത്വരിതഗതിയിൽ നേടിയ നേട്ടങ്ങൾക്കുമൊപ്പം വികസിക്കാൻ കഴിയാതെ പോയ അഴീക്കൽ തുറമുഖത്തിൻെറ ''വികസനം'' എന്ന മുദ്രാവാക്യം ഇന്നും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ അവശേഷിക്കുന്നു. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച നൈസർഗ്ഗിക തുറമുഖത്തിൻെറ സവിശേഷതകളും പ്രകൃതി സൌന്ദര്യത്തിൻെറയും സാംസ്കാരികത്തനിമയുടെ സമന്വയവുമായ അഴീക്കോടിൻെറ വികസനത്തിൽ ഈ തുറമുഖവും നല്ല പങ്കുവഹിക്കുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

പഴയചിറക്കൽ കോവിലകത്തിൻെറയും നാടുവാഴികളുടെയും അധീനതയിൽ ആയിരുന്ന ഈ ഗ്രാമപ്രദേശം തികച്ചും കാർഷിക സമ്പദ്ഘടനയെ ആശ്രയിച്ചായിരുന്നു കഴിഞ്ഞത്. നിരവധി ക്ഷേത്രങ്ങളുടെയും കാവുകളുടെയും നാടായ അഴീക്കോട് അതിപുരാതനവും അപൂർവ്വവുമായ ഒട്ടനവധി തെയ്യങ്ങളും തിറകളും കൊണ്ടുള്ള അപൂർവ്വ ദർശനം നല്കുന്ന ദേശംകൂടിയാണ്. ബ്രിട്ടീഷ് ശക്തികളുടെ ആഗമനത്തോടെ പഴയകാല സാംസ്കാരിക തനിമകളും കലാരൂപങ്ങളും മറ്റും കൈമോശം വന്നുപോയെങ്കിലും ഇന്നും പ്രാചീനമായ ഇത്തരം കലാരൂപങ്ങളുടെ അവതരണങ്ങൾ ക്ഷേത്രോത്സവങ്ങളിലും മറ്റ് പ്രാദേശികമായ തിറകളിലും കാണാൻ കഴിയുന്നുണ്ട്.

ദേശീയ പ്രസ്ഥാനത്തിൻെറ ആഗമനത്തിന് മുമ്പ് ചിറക്കൽ തമ്പുരാൻെറ സേനയിൽ നെടുംതൂണായി പ്രവർത്തിക്കുകയും മാടായിക്കോട്ടയുടെ സംരക്ഷകനായി കഴിയുകയും ചെയ്തിരുന്ന അഴീക്കോട് വാസിയായിരുന്ന മുരിക്കഞ്ചേരി കേളു, തമ്പുരാനുമായി ഇടയുകയും സൈന്യവുമായി സുധീരം ഏറ്റുമുട്ടി വീരമൃത്യു വരിക്കുകയും ചെയ്ത കഥ നാടൻപാട്ടുകളിലും മറ്റും കേൾക്കാൻ കഴിയുന്നു. പ്രസിദ്ധമായ വൻകുളം നിർമ്മിച്ചത് ഇദ്ദേഹത്തിൻെറ നേതൃത്വത്തിലാണെന്ന് ഐതിഹ്യമുണ്ട്.

ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ദേശീയസ്വാതന്ത്ര്യ പ്രസ്ഥാനത്തിൻെറ വളർച്ച ആരംഭിച്ചതോടെ ആ പ്രസ്ഥാനത്തിലേക്കാകർഷിക്കപ്പെട്ട ഒട്ടനവധി ത്യാഗധനന്മാരായ പഴയ തലമുറയിലെ നായകന്മാരെ ഈ ഗ്രാമത്തിന് സംഭാവന ചെയ്യാൻ സാധിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തോടൊപ്പം, ജാതീയത, അന്ധവിശ്വാസം, അനാചാരങ്ങൾ എന്നിവയ്ക്കെതിരെയും പോരാട്ടം നടത്തിയ വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്.

ഈ നൂറ്റാണ്ടിൻെറ ആദ്യകാലങ്ങളിൽ പാലക്കാട് കേന്ദ്രീകരിച്ച്, ജാതീയമായ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പത്രം നടത്തിയ ആളായിരുന്നു അഴീക്കോട്ട്കാരനായ പൊന്മഠത്തിൽ കൃഷ്ണസ്വാമി. അക്കാലത്ത് അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നതിനും അഴീക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിന് കേരളത്തിൻെറ സാംസ്കാരികരംഗത്തെ വാഗ്മിയായ വാഗ്ഭടാനന്ദ സ്വാമികളെ പ്രേരിപ്പിച്ചതും പൊന്മഠത്തിൽ കൃഷ്ണസ്വാമിയായിരുന്നുവെന്നും പറയപ്പെടുന്നു. ആത്മവിദ്യാസംഘത്തിൻെറ പ്രവർത്തനങ്ങൾ അഴീക്കോട് പ്രദേശത്ത്, സാമൂഹ്യപരിഷ്ക്കരണത്തിൽ, പ്രത്യേകിച്ച് അയിത്തം, വിഗ്രഹാരാധന എന്നിവക്കെതിരെ നടത്തിയ പ്രവർത്തനങ്ങൾ വമ്പിച്ച ചലനംസൃഷ്ടിച്ചിട്ടുണ്ട്. വാഗ്ഭടാനന്ദഗുരുവിൻെറ ശിഷ്യനായ ശ്രീ. എം.ടി. കുമാരൻ മാസ്റ്റർ കേരളത്തിലുടനീളം ആത്മവിദ്യാസംഘത്തിൻെറ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിലും കലാസാഹിത്യസദസ്സുകളിലും മറ്റും ഉജ്ജ്വലമായ പ്രഭാഷണങ്ങൾ നടത്തുന്നതിലും ശ്രദ്ധേയനായിരുന്നു. സ്വാമി ബ്രഹ്മവ്രതൻെറ പ്രവർത്തനങ്ങളും ഏറെ ശ്രദ്ധേയമായിരുന്നു ഈ പ്രദേശത്ത്.

ആനന്ദസമാജത്തിൻെറ പ്രവർത്തനങ്ങൾക്കും ഈ പഞ്ചായത്തിൽ നല്ല വേരോട്ടം കിട്ടിയിരുന്നു. സാമൂഹ്യമാറ്റത്തിൻെറ കാഹളം മുഴക്കുന്നതിൽ അവർ വഹിച്ചപങ്ക് വളരെ വലുതാണ്. ഇക്കാലത്തുതന്നെ അയിത്തത്തിനെതി

രായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ - മിശ്രഭോജനം നടത്തുന്നതിനും ക്ഷേത്രക്കുളത്തിൽ സ്നാനം നടത്തുന്നതിനും - മുന്നോട്ട്വന്ന് ഒട്ടനവധി പീഡനങ്ങൾ ഏറ്റുവാങ്ങിയ ധീരൻമാർ ഈ പ്രദേശത്തുണ്ടായിരുന്നു.

പൊതുനിരത്തിൽക്കൂടി എല്ലാവർക്കുമൊപ്പം നടന്നു പോകാനും പൊതുകിണറുകളിൽനിന്നും വെള്ളം കോരുന്നതിനും സ്വാതന്ത്ര്യമില്ലാതിരുന്ന വെറും അടിമകളെപ്പോലെ കഴിയേണ്ടിവന്നിരുന്ന ഹരിജനങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിന് പച്ച കൃഷ്ണൻ മാസ്റ്റർ നടത്തിയ മിശ്രഭോജനം വമ്പിച്ച ഒച്ചപ്പാടുണ്ടാക്കിയ സംഭവമായിരുന്നു. അതുപോലെ മൊളോളംകുളത്തിൽ കുളിച്ചതിന്ന് ജയിലിൽ പോകേണ്ടിവന്ന ചെറുപ്പക്കാരായ രണ്ട് താഴ്ന്ന ജാതിക്കാർക്ക്, അതിന് ആവേശം പകർന്നു കൊടുത്ത സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനത്തിൻെറ നായകർ ഈ പ്രദേശത്തിനാകെ അഭിമാനമായിരുന്നു. അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരെ അക്കാലത്ത് മുന്നോട്ട് വന്നവരിൽ അഴീക്കൽ സ്വദേശി ശ്രീ. പി.കെ. ഗോപാലശർമ്മയെപ്പോലുള്ളവർ നടത്തിയ പ്രവർത്തനങ്ങളാണ് എല്ലാ വിഭാഗക്കാർക്കും, പ്രത്യേകിച്ച് ഹരിജനങ്ങൾക്ക്, നാട്ടിലെ നാനാമുഖമായ പ്രവർത്തനമേഖലകളിൽ മറ്റുള്ളവർക്കൊപ്പം തോളോടുതോൾ ചേർന്നുകൊണ്ട് വിവാഹങ്ങളിലും ഉത്സവങ്ങളിലും സാമൂഹ്യ - രാഷ്ട്രീയ സംവിധാനങ്ങളിലും പ്രവർത്തിക്കുവാൻ അവസരം സൃഷ്ടിച്ചുകൊടുത്തത്. ഈ പ്രവർത്തനങ്ങളിൽ പഴയകാലത്ത് നമ്മുടെ പ്രദേശത്ത് നേതൃനിരയിലുണ്ടായിരുന്നവരിൽ ശ്രീ. രാമുണ്ണിവൈദ്യർ, കല്ലേൻ കുഞ്ഞിരാമൻ, പനയൻ ദാമു എന്നിവർ പ്രത്യേകം ഓർമ്മിക്കപ്പെടേണ്ടവരാണ്.

ദേശീയ പ്രസ്ഥാനത്തിൻെറ വളർച്ചക്ക് പറ്റിയ വളക്കൂറുള്ള മണ്ണൊരുക്കുന്നതിൽ വിദ്യാഭ്യാസപ്രചരണം ഒഴിച്ചുകൂടാത്ത കാര്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് നിസ്വാർത്ഥമായ സേവനത്തിലൂടെ പാവപ്പെട്ട ആളുകൾക്ക് അറിവിൻെറ വെളിച്ചം പകർന്നുകൊടുത്തവർ നിരവധിയാണ്. ഇന്ന് അഴീക്കോടിൻെറ മുക്കിലും മൂലയിലും പ്രവർത്തിക്കുന്ന പൊതുവിദ്യാലയങ്ങളും അതിന് സമാന്തരമായി പ്രവർത്തിക്കുന്ന അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളും പന്തലിച്ചു നിൽക്കുന്നത് അന്നത്തെ അടിത്തറയിൽനിന്നാണ്. നിരവധി സംസ്കൃത പണ്ഡിതൻമാർ ഉണ്ടായിരുന്ന അഴീക്കോട്ട് ഈ നൂറ്റാണ്ടിൻെറ ആദ്യകാലത്തും അതിനുമുമ്പും തുടങ്ങിയ വിദ്യാഭ്യാസകേന്ദ്രങ്ങൾ പലതും രൂപാന്തരപ്പെട്ട് പൊതുവിദ്യാലയങ്ങളായി മാറുകയോ അപ്രത്യക്ഷമാവുകയോ ആണ് ചെയ്തത്.

ഇന്ന് മീൻകുന്ന് ഗവ: ഹൈസ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് 1880-ൽ ഒരു സ്കൂൾ തുറന്ന് അനേകം ആളുകൾക്ക് വിദ്യാഭ്യാസം നൽകിയ ശ്രീ. മുണ്ടച്ചാലി കേളൻ ഗുരുക്കൾ, കണ്ണൂരും പരിസരങ്ങളിലും അനേകം ശിഷ്യൻമാരെ സൃഷ്ടിച്ച ശ്രീ. ചാത്തു എഴുത്തച്ഛൻ, മേപ്പാട് രാമൻ ഗുരുക്കൾ, കമ്മാരൻ ഗുരുക്കൾ ഇവരൊക്കെ സ്കൂൾ സ്ഥാപകരും ഗുരുനാഥൻമാരുമായിരുന്നു. പഞ്ചായത്തിൽ ആദ്യകാലത്ത് സ്ഥാപിക്കപ്പെട്ടവയിൽ ഏറ്റവും പഴക്കമുള്ളവയാണ് അല്ലിയത്ത് സ്കൂൾ, സെൻട്രൽ എൽ.പി.സ്കൂൾ, അഴീക്കോട് സൗത്ത് യു.പി.സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങൾ. കുറ്റിച്ചി രാമൻ മാസ്റ്റർ, ശങ്കരൻ കുമാരൻ മാസ്റ്റർ, ആർ. കുഞ്ഞിരാമൻ മാസ്റ്റർ, പച്ച കണ്ണൻ മാസ്റ്റർ തുടങ്ങിയവരായിരുന്നു അന്നത്തെ പ്രധാന ഗുരുനാഥൻമാർ.

സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും ദേശീയപ്രസ്ഥാനത്തിൻെറയും വളർച്ചയുടെ കാലഘട്ടത്തിൽ ജനിച്ച് വളർന്ന് നമ്മുടെ രാജ്യത്ത് മാത്രമല്ല ലോക നിലവാരത്തിൽ പോലും ശ്രദ്ധിക്കപ്പെടുന്ന സിംഹഗർജ്ജനമെന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രഭാഷണങ്ങളുടെ ഉടമയും ഒട്ടനവധി ഗ്രന്ഥങ്ങളുടെ കർത്താവുമായ അഴീക്കോടിൻെറ ധീരപുത്രൻ സുകുമാർ അഴീക്കോടിനെപ്പോലെ ഒരു സാംസ്കാരിക നായകനെലഭിച്ചത് നമുക്ക് അഭിമാനപൂർവ്വം കാണാൻ കഴിയുന്നു.

വിദ്യാഭ്യാസ - സാമൂഹ്യരംഗങ്ങളിൽ ഉണ്ടായ മാറ്റത്തിൻെറ ചലനങ്ങൾ ദേശീയപ്രസ്ഥാനത്തിൻെറ വളർച്ചക്ക് ആക്കം കൂട്ടുന്നതിൽ നല്ല സ്വാധീനം ചെലുത്തിയിട്ടുണ്ട്. രാജ്യത്തെമ്പാടും ആഞ്ഞടിച്ച സ്വാതന്ത്ര്യസമരത്തിൻെറ കാറ്റ് അഴീക്കോട് പ്രദേശത്തുണ്ടാക്കിയ പ്രതികരണം ശക്തമായിരുന്നു. കേരള രാഷ്ട്രീയത്തിൽ പിൽക്കാല നായകൻമാരിൽ മുൻപന്തിയിൽ നിന്നിരുന്ന ശ്രീ. പി.എം. കുഞ്ഞിരാമൻ നമ്പ്യാർ അഴീക്കോടിൻെറ സ്വാതന്ത്ര്യസമരനേതൃത്വം വഹിച്ചവരിൽ പ്രധാനിയായിരുന്നു. സർവ്വോദയ പ്രസ്ഥാനത്തിൻെറ നേതാവായിരുന്ന ശ്രീ. ടി.വി. അനന്തൻ ദേശീയ സമരത്തിൻെറ മുൻനിരയിൽ പ്രവർത്തിച്ചിരുന്ന വ്യക്തിയായിരുന്നു. മാക്കുനി കൃഷ്ണൻ നമ്പ്യാർ, പി.വി. കുഞ്ഞിരാമൻ ഗുരുക്കൾ, മാവില ഗോവിന്ദൻ നമ്പ്യാർ തുടങ്ങിയവരും ഈ സമരത്തിൽ സജീവമായിരുന്നു. അക്കാലത്ത് ജയിൽവാസം വരിച്ചവരിൽ മൺമറഞ്ഞുപോയ ശ്രീ. പി. ഗോപാലൻ, എം.പി. കുഞ്ഞിരാമൻ നമ്പ്യാർ, മുള്ളിക്കോട്ട് കോരൻ നമ്പ്യാർ, പി. കുഞ്ഞപ്പ നമ്പ്യാർ എന്നിവരും പ്രത്യേകം ഓർമ്മിക്കപ്പെടുന്നവരാണ്.

ഇക്കാലത്തെ രാഷ്ട്രീയ പ്രവർത്തകർ ജന്മിത്തത്തിനും ഫ്യൂഡൽ വാഴ്ചക്കുമെതിരെ കർഷകപ്രസ്ഥാനങ്ങൾ കെട്ടിപ്പടുത്തുകൊണ്ട് സമരം നടത്തിപ്പോന്നിരുന്നു. ഇവിടെ ഭൂമിയുടെ ആധിപത്യം ചിറക്കൽ - അറക്കൽ രാജവംശ

ങ്ങൾ, അല്ലിയത്ത് ദേവസ്വം, മറ്റ് വിരലിലെണ്ണാവുന്ന ജന്മികുടുംബങ്ങൾ എന്നിവരിൽ ഒതുങ്ങി നിന്നിരുന്നു. കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം പ്രായോഗികമാക്കുന്നതിനും വാരംപാട്ടം അവസാനിപ്പിക്കുന്നതിനും എ.കെ.ജി.യെ പ്പോലുള്ളവർ നേതൃത്വം നൽകിയ പ്രക്ഷോഭങ്ങൾക്ക് മുന്നിൽ നിന്ന് പ്രവർത്തിച്ച ശ്രീ.പി.വി. ചാത്തു നായർ, ശ്രീ.സി. ഗോപാലൻ നമ്പ്യാർ, ശ്രീ. പി.വി. കുഞ്ഞിരാമൻ മാസ്റ്റർ, കണ്ടഞ്ചാറ്റൽ കൃഷ്ണൻ നമ്പ്യാർ തുടങ്ങി ധാരാളം പേരുകൾ ഓർമ്മയിൽ തങ്ങിനിൽക്കുന്നതായുണ്ട്. ദേശീയ പ്രസ്ഥാനത്തിൽ, കർഷകപ്രസ്ഥാനം, കമ്മ്യൂണിസ്റ്റ് പാർട്ടി എന്നീ വേദികളിൽ പ്രവർത്തിച്ചിരുന്ന ശ്രീ. പൂവേൻ കുഞ്ഞിരാമൻ, ശ്രീ. എ.ഡി. കരുണാകരൻ, ശ്രീ. ഒണ്ടേൻ കുമാരൻ എന്നിവരുടേയും ഇന്നും സാമൂഹ്യ രംഗത്തും രാഷ്ട്രീയ രംഗത്തും പ്രവർത്തിച്ചുവരുന്ന കെ.ടി. അനന്തൻ എന്നിവരുടെയും സേവനങ്ങൾ പ്രത്യേകം ഓർമ്മിക്കപ്പെടുന്നു.

ട്രേഡ്‌യൂണിയൻ മേഖലകളിലും അക്കാലത്ത് അഴീക്കോട്ട് കാര്യമായ പ്രവർത്തനം നടന്നിരുന്നു. ട്രെയിഡ് യൂണിയന്റെ ആദ്യകാലനേതാക്കളിൽ ശ്രീ. പി.വി. ചാത്തുനായർ പ്രത്യേകമായി പരാമർശിക്കപ്പെടേണ്ടവ്യക്തിയാണ്. ചിറക്കൽ താലൂക്ക് നെയ്ത്തുതൊഴിലാളിയൂണിയൻ നേതാവായും എ.ഐ.ടി.യു.സി. യുടെ സംസ്ഥാനതല നേതാവായും അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ വിലമതിക്കപ്പെട്ടവയാണ്. ഈ രംഗത്ത് പിന്നീട് അറിയപ്പെട്ട നേതാക്കൾ എന്ന നിലയിൽ ശ്രീ. പുത്തലത്ത് നാരായണൻ, ശ്രീ. ഇ.എസ്. രാഘവൻ എന്നിവരും ശ്രദ്ധേയരായിരുന്നു. ട്രെയിഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് ആദ്യകാലത്ത് മാർഗ്ഗദർശനം നൽകാൻ സ: പി. കൃഷ്ണപിള്ള അഴീക്കോട് സന്ദർശിച്ച സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

സമ്പദ്ഘടനയിൽ കൃഷികഴിഞ്ഞാൽ ഏറെ പ്രധാനപ്പെട്ട വ്യാവസായിക മേഖലയിൽ കുഴിത്തറിയിൽനിന്നും കൈത്തറിയിലേക്കുള്ള വളർച്ച ഒരു വലിയ ഗുണപരമായ മാറ്റമായിരുന്നു. അക്കാലത്ത് കൈത്തറിമേഖലയിൽ മാറ്റങ്ങൾക്കു നേതൃത്വം നൽകുകയും അഴീക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിച്ച് കൈത്തറിരംഗത്തെ കണ്ണൂരിന്റെ കുലപതിയെന്ന് വിശേഷിപ്പിക്കാവുന്ന രീതിയിൽ വൻസംരംഭങ്ങൾക്ക് തുടക്കം കുറിച്ച ശ്രീ. എ.കെ. നായർ അഴീക്കോടിന്റെ വിവിധ മേഖലകളിൽ വികസനത്തിന് ഒരു പുതിയ പാത തന്നെ വെട്ടിത്തുറക്കുവാൻ ശ്രമിച്ച വ്യക്തിയാണ്.

1937-ൽ കണ്ണൂർ ജില്ലയിൽ മൂന്നാമതായി രൂപീകരിക്കപ്പെട്ട അഴീക്കോട് പഞ്ചായത്ത് 58 വർഷത്തെ പ്രവർത്തനചരിത്രം ഉൾക്കൊള്ളുന്നതാണ്. പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. എ.കെ. നായരും വൈസ് പ്രസിഡണ്ട് ശ്രീ. എൻ.പി. കണ്ണനുമായിരുന്നു. 13 വർഷക്കാലം ഈ പഞ്ചായത്തിന് ഭരണനേതൃത്വം നൽകിയ അദ്ദേഹത്തിന്റെ നേട്ടങ്ങൾ ഏറെ ചൂണ്ടിക്കാണിക്കാവുന്നതായുണ്ട്. അഴീക്കോടിന്റെ തിലകക്കുറിയായി പരിലസിക്കുന്ന അഴീക്കോട് ഹൈസ്ക്കൂൾ സ്ഥാപിക്കുന്നതിന് അദ്ദേഹത്തിനുണ്ടായിരുന്ന മുൻകൈ പ്രത്യേകം ഓർമ്മിക്കപ്പെടുന്നു. അഴീക്കോട് ഒരു ആശുപത്രി സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി അദ്ദേഹം നടത്തിയ ശ്രമഫലമായാണ് പി.എച്ച്.സി. അഴീക്കോട് ആരംഭിച്ചത്. വൻകുളത്തുവയൽ - കൊട്ടാരത്തുമ്പാറ റോഡ് സ്വന്തം ചെലവിൽ നിർമ്മിച്ചതും അരയാക്കണ്ടിപ്പാറ-അല്ലിയത്ത് അമ്പലം റോഡിന്റെ നിർമ്മാണത്തിന് സന്നദ്ധപ്രവർത്തനം സംഘടിപ്പിച്ചതും എടുത്തു പറയേണ്ടതാണ്.

1953 മെയ് 29ന് ശ്രീ. എൻ. കൃഷ്ണൻ പ്രസിഡണ്ടും എം.ഒ. പത്മനാഭൻ നമ്പ്യാർ, വി. കൃഷ്ണൻ നായർ എന്നിവർ വൈസ്പ്രസിഡണ്ട്മാരും ആയി ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽവരികയുണ്ടായി. ഇതിനു ശേഷം 20-12-63ൽ ശ്രീ. പി.വി. കുഞ്ഞിരാമൻ മാസ്റ്റർ പ്രസിഡണ്ടും ശ്രീ. കെ.പി. കുഞ്ഞിരാമൻ നമ്പ്യാർ വൈസ്പ്രസിഡണ്ടും ആയിട്ടുള്ള ഭരണസമിതി അധികാരത്തിൽവന്നു. ശ്രീ. പി.വി. കുഞ്ഞിരാമൻ മാസ്റ്റർ 16 വർഷക്കാലത്തിലേറെ പഞ്ചായത്തിന്റെ ഭരണസാരഥിയായിരുന്നു. അഴീക്കോട് ഹെൽത്ത് സെന്റർ നിർമ്മാണവും അരയാക്കണ്ടിപ്പാറയിൽ മെറ്റേർണിറ്റി സെന്റർ ആരംഭിച്ചതും അദ്ദേഹത്തിന്റെ കാലത്താണ്. ഇടക്കാലത്ത് ശ്രീ. പി. പത്മനാഭൻ നായർ പ്രസിഡണ്ടായിക്കൊണ്ടുള്ള ഭരണസമിതിയും നിലവിലുണ്ടായിരുന്നു.

1979 സപ്തംബർ 28ന് ശ്രീ. പി. ഗോപാലൻ നമ്പ്യാർ പ്രസിഡണ്ടും ശ്രീ. കെ.ടി. രാഘവൻമാസ്റ്റർ വൈ: പ്രസിഡണ്ടുമായുള്ള ഭരണസമിതി 1983 വരെ അധികാരത്തിലുണ്ടായിരുന്നു. ശ്രീ. പി. ഗോപാലൻ നമ്പ്യാർ സ്വാതന്ത്ര്യസമര സേനാനിയും പ്രസിദ്ധമായ മോറാഴ കേസിൽ പ്രതിയുമായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്തുണ്ടായ ഒരു എണ്ണപ്പെട്ട നേട്ടമായി കണക്കാക്കാവുന്നതാണ് അഴീക്കോട് മീങ്കുന്നിൽ പ്രവർത്തിച്ചിരുന്ന ഗവ: യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. 1983 മുതൽ 1988 വരെ പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ടായിരുന്നില്ല.

1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എം. പ്രകാശൻ മാസ്റ്റർ പ്രസിഡണ്ടും ശ്രീ. പന്നേൻ നാരായണൻ വൈ: പ്രസിഡണ്ടുമായിട്ടുള്ള ഭരണസമിതി നിലവിൽ വന്നു. കേരളത്തിലെ യുവജന പ്രസ്ഥാനങ്ങളിൽ ഏതുനിലയിലും

287

മുന്നിൽ നിൽക്കുന്ന ഡി.വൈ.എഫ്.ഐ. സംസ്ഥാന വൈ: പ്രസിഡണ്ട്, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കരുത്തനായ യുവജനനേതാവ് എന്നീനിലകളിൽ അദ്ദേഹത്തിൻെറ പ്രവർത്തനമേഖല വിപുലമായിരുന്നിട്ടുകൂടി പരമാവധി സമയം പഞ്ചായത്തിൻെറ വികസനകാര്യങ്ങളിൽ മുൻതൂക്കം കൊടുത്തുകൊണ്ട് കഴിഞ്ഞ 7 വർഷക്കാലത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുണ്ടായി. പഞ്ചായത്തിൻെറ ഹൃദയഭാഗത്ത് ശ്രീ. പി.വി. രവീന്ദ്രൻ സ്മാരക സ്റ്റേഡിയം നിർമ്മാണത്തിൻെറ ഒന്നാംഘട്ടം പൂർത്തിയാക്കിയത്, ഏതാണ്ട് ഒട്ടനവധി റോഡുകൾ പുതുതായി നിർമ്മിക്കുവാൻ സാധിച്ചത്, അഴീക്കോട് ശിശുമന്ദിരം നിർമ്മിച്ചത്, പട്ടികവിഭാഗത്തിൽപ്പെട്ട പിന്നോക്കം നില്ക്കുന്ന 41 ഹരിജൻ കുടുംബങ്ങൾക്ക് രണ്ട് കോളണികൾ സ്ഥാപിച്ചത്, മാവേലിസ്റ്റോർ, ഹോമിയോ ആസ്പത്രി, 4 വായനശാലകൾ എന്നിവ സ്ഥാപിച്ചതും എടുത്തു പറയാവുന്നതാണ്.

1995 സപ്തംബർ 30 മുതൽ ഇപ്പോൾ നിലവിലുള്ള ഭരണസമിതി പഞ്ചായത്ത് ഭരണത്തിന് നേതൃത്വം നൽകുന്നു. ശ്രീമതി എം.ടി. കമലാക്ഷിടീച്ചർ പ്രസിഡണ്ടും ശ്രീ.കെ.പി. മഹമൂദ് വൈസ് പ്രസിഡണ്ടും ആണ്.

നിലവിലുള്ള ഭരണസമിതിയിൽ ശ്രീ. കുമ്മൻ ശേഖരൻ (സ്റ്റാ : ചേർ:), ആമിനാബി, കെ.കെ.മുസ്തഫ, കെ. നാരായണൻ, എൻ. മുകുന്ദൻ നായർ, കെ. വിനോദ്, പി.എ. രഘുനാഥ്, ഇ. കുഞ്ഞിക്കണ്ണൻ നമ്പ്യാർ, വി.എൻ.ലക്ഷ്മി, പി.വി. വിജയൻ, കെ. ഗിരീഷ്കുമാർ, ശാന്തകുമാരി, സി. ശാന്ത എന്നിവർ അംഗങ്ങളാണ്.

നിലവിലുള്ള പഞ്ചായത്ത് കെട്ടിടം പഴക്കമേറിയതും തീരെ സൗകര്യമില്ലാത്തതുമാണ്. പഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പഞ്ചായത്തിൻെറ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൻെറ പ്രവർത്തനം പഞ്ചായത്തിന് ലാഭകരമായി നടത്തിക്കൊണ്ടു പോകാൻ പറ്റാത്ത സാഹചര്യത്തിലാണ്.

പഞ്ചായത്തിൽ മുൻകാലത്ത് സന്നദ്ധപ്രവർത്തനങ്ങൾ വഴി പല നിർമ്മാണപ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. മൂന്ന് നിരത്ത് - ഒണ്ടേൻ റോഡ് പൂർണ്ണമായും സന്നദ്ധപ്രവർത്തനം വഴി നടത്തിയിട്ടുള്ളതാണ്. അഴീക്കൽ - ലൈറ്റ് ഹൗസ് റോഡ്, കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജ്, എൻ. എസ്. എസ്. യൂണിറ്റ് ആരംഭിക്കുകയും നാട്ടുകാരുടെ ശ്രമദാനത്തിൽ കൂടി പൂർത്തീകരിക്കുകയും ചെയ്തതാണ്. കലുങ്കുകളും ചെറുപാലങ്ങളും ബസ്സ്ഷെൽട്ടറുകളും പോലുള്ള ചെറു സംരംഭങ്ങൾ നാട്ടുകാർ നേരിട്ടുനടത്തിയതിൻെറ വലിയ പട്ടിക തന്നെ എടുത്തു പറയാവുന്നതാണ്.

**ഭൂപ്രകൃതിയും വിഭവങ്ങളും :-**

അഴീക്കോട് തീരദേശപഞ്ചായത്ത് എന്ന നിലയിൽ മിതശീതോഷ്ണ മേഖലയിൽപെട്ട പൊതുവെ സുഖകരമായ കാലാവസ്ഥയുള്ള പ്രദേശമാണ്. വളപട്ടണം പുഴയുടെ ഓരമായി ഏതാണ്ട് 3 കി.മീ. ദൈർഘ്യത്തിൽ ഉപ്പ്ജലം കയറുന്നതീരപ്രദേശത്ത് കുടിവെള്ള പ്രശ്നം രൂക്ഷമാണ്. ഒരു ഭാഗം ചതുപ്പുനിലവുമാണ്. പടിഞ്ഞാറ് അറബിക്കടലിന് തൊട്ടുകിടക്കുന്ന ഏതാണ്ട് 9 കി.മീ. ദൈർഘ്യത്തിൽ തെക്ക് - വടക്കായുള്ള കടലോരപ്രദേശമാണ്. 30 മുതൽ 32 വരെ മീ. ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഉയർന്ന പ്രദേശം പഞ്ചായത്തിൻെറ ഏതാണ്ട് 9 വാർഡുകളിൽ ഒതുങ്ങി നിൽക്കുന്നു. ഈ പ്രദേശങ്ങളിൽ ഉറച്ച ചുവന്ന ചരൽമണ്ണ് ഉള്ളതാണ്. ഇവിടെ പല പ്രദേശങ്ങളിലും മുകൾഭാഗത്ത് തള്ളിനിൽക്കുന്ന ചെങ്കൽ പാറക്കെട്ടുകൾ കാണാം. കെട്ടിടനിർമ്മാണത്തിന് വെട്ടിയെടുക്കാവുന്നതല്ലാത്ത ഈ പാറകൾ ഉപയോഗിക്കപ്പെടാതെ കിടക്കുകയാണ്. ഈ പാറകളുടെ ആധിക്യം നിരവധി പ്രദേശങ്ങളുടെ പേർപോലും പാറയിൽ അവസാനിക്കുന്ന തരത്തിലുള്ളതാണ്. ഉദാ : പൂതപ്പാറ, കൊട്ടാരത്തുംപാറ, കച്ചേരിപ്പാറ, പുന്നക്കപ്പാറ, അരയാക്കണ്ടിപ്പാറ തുടങ്ങിയവ. ചരിവ്ഭൂമിയും താഴ്വരകളും (വയൽ) ചെറു തോടുകളും കാണാൻ കഴിയുന്ന ഈ പഞ്ചായത്തിൻെറ ഭൂമിയുടെ ഉടമസ്ഥത പഴയകാലത്ത് നാലോ അഞ്ചോ ദേവസ്വങ്ങൾ, വ്യക്തികൾ, ചിറക്കൽ കോവിലകം, അറക്കൽ രാജാവ് എന്നിവരുടെ കൈകളിലായിരുന്നു.

ജന്മിത്തവും വാരംപാട്ടം സമ്പ്രദായവും അവസാനിപ്പിച്ചുകൊണ്ടുള്ള ഭൂപരിഷ്ക്കരണ ബില്ലിൻെറയും അതുപോലുള്ള നിയമനിർമ്മാണങ്ങളുടെയും വരവോടുകൂടി സാമൂഹ്യ ജീവിതത്തിലാകെ വമ്പിച്ച മാറ്റങ്ങൾക്ക് വഴിയൊരുക്കി. ഭൂബന്ധങ്ങളിൽ സമഗ്രമായ മാറ്റം നിയമംമൂലം പ്രയോഗത്തിൽ വരുന്നതിലുണ്ടായ കാലതാമസവും സാങ്കേതികത്വത്തിൻേറയും, മറ്റ് വളഞ്ഞ മാർഗ്ഗങ്ങളിൽ കൂടിയും കുടികിടപ്പവകാശം നിഷേധിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് കർഷകത്തൊഴിലാളികളും കമ്മ്യൂണിസ്റ്റ് പാർട്ടിയും ജനകീയ പ്രസ്ഥാനങ്ങളുമെല്ലാം ചേർന്ന് ശക്തമായ ജനകീയ സംരംഭങ്ങൾ മുഖേന അവകാശപ്പെട്ട ഭൂമി വളച്ചുകെട്ടി സ്വന്തമാക്കുന്നതിനുള്ള പ്രക്ഷോഭങ്ങൾ കേരളത്തിലുടനീളം നടത്തിയത്. ഈ മാറ്റങ്ങൾ അഴീക്കോട് പഞ്ചായത്തിലും നടപ്പാക്കുന്നതിനുള്ള ജനകീയ പ്രക്ഷോഭങ്ങൾ ശക്തമായി നടന്നിരുന്നു. നൂറുകണക്കിന് കുടികിടപ്പവകാശികൾ അവരുടെ അധികാരം സ്ഥാപിച്ചെടുക്കുകയു

ണ്ടായി. ഇത്തരമൊരു സാമൂഹ്യമാറ്റത്തിനു വേണ്ടി മുൻപന്തിയിൽ നിന്നുകൊണ്ട് നേതൃത്വം കൊടുത്ത് മർദ്ദനങ്ങൾ ഏറ്റുവാങ്ങുന്നതിനും ജയിൽവാസം അനുഭവിക്കുന്നതിനുമൊക്കെ മുന്നോട്ടുവന്ന ധാരാളം ത്യാഗസന്നദ്ധരായ തൊഴിലാളി കർഷകസുഹൃത്തുക്കൾ ഇപ്പോഴും സാമൂഹ്യമാറ്റത്തിനു വേണ്ടി സജീവമായി നമ്മോടൊപ്പം പ്രവർത്തിക്കുന്നവരാണ്. നാടിൻെറ പൊതുവായ ഈ മാറ്റത്തിൻെറ സൂചന ഭൂമിയുടെ ഉടമസ്ഥരുടെ എണ്ണം പരിശോധിച്ചാൽ കാണാവുന്നതാണ്. പഞ്ചായത്തിൽ മൊത്തം ഭൂവുടമസ്ഥരുടെ എണ്ണം ഏതാണ്ട് 13000-ൽ പരമാണ്. ഈ ഒരു ഗുണപരമായ മാറ്റത്തിൻെറ മറ്റൊരു വശം കാർഷികരംഗത്ത് ദോഷഫലങ്ങൾ ചെയ്യുന്നതായുള്ള വിമർശനം ചില കോണുകളിൽ നിന്നുയർന്നു വരുന്നതായി കാണാം. ഭൂമിയുടെ തുണ്ടുവൽക്കരണവും വയലുകൾ നികത്തിയെടുത്ത് പുരയിടങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുന്നതും കാർഷികരംഗത്തെ ഉല്പാദന മേഖലയെ പാടെ തളർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.

ഫ്യൂഡൽ ബന്ധങ്ങളിൽനിന്നുണ്ടായ മോചനം കുടുംബഘടനയിലും വമ്പിച്ച മാറ്റങ്ങൾക്ക് കാരണമാവുകയുണ്ടായി. പഴയ കൂട്ടുകുടുംബ വ്യവസ്ഥ മാറി അണുകുടുംബത്തിൻെറ കാലഘട്ടവും, വിദ്യാഭ്യാസ വ്യാപനത്തോടെ കാർഷികവൃത്തിയിൽനിന്നും വ്യാപകമായി മറ്റ് മേഖലകളിലേക്കുണ്ടായ കടന്നുകയറ്റവും കൃഷിയെ തളർത്തുവാൻ കാരണമാക്കിയിട്ടുണ്ട്. ഈ പ്രതിഭാസങ്ങൾക്കൊപ്പം തുണ്ടുതുണ്ടായിക്കിടക്കുന്ന കൃഷിഭൂമികൾ പോലും ഇടക്കാലത്ത് തരിശിടുന്ന പ്രവണതയും ശക്തിയായി പ്രത്യക്ഷപ്പെട്ടുവരുന്നു. ഈയൊരു പ്രതിസന്ധിക്കുള്ള ബദൽ മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള തീവ്രശ്രമങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. പറമ്പുകളിലെ മണ്ണിൻെറ പ്രത്യേകതയും കാലാവസ്ഥയും പരിഗണിച്ചുകൊണ്ടുള്ള നാളികേരം, ഫലവൃക്ഷങ്ങൾ, വാഴ, കുരുമുളക് തുടങ്ങിയ കൃഷികളാണ് മിക്കവാറും പഞ്ചായത്തിൽ ചെയ്തുവരുന്നത്.

കാർഷികമേഖല കഴിഞ്ഞാൽ പ്രധാനമായും വ്യവസായമേഖലയിൽ കൈത്തറിയാണ് മുഖ്യമായി കാണാൻ കഴിയുക. ചെറുതും വലുതുമായ കയറ്റുമതി സ്ഥാപനങ്ങൾ ഉൾപ്പെടെ കണ്ണൂരിൻെറ ഏറ്റവും പ്രധാന വ്യവസായ മേഖലയാണിത്. കൈത്തറി വ്യവസായത്തിൻേറതായ പ്രശ്നങ്ങൾ ധാരാളമാണ്. ആഴത്തിലുള്ള പഠനവും വിലയിരുത്തലും നടത്തേണ്ടതായ ഒരു വ്യവസായമേഖലയെന്ന നിലയിൽ എല്ലാ വശങ്ങളിൽക്കൂടിയും ഉള്ള ചർച്ച ഉയർന്നു വരേണ്ടതുണ്ട്. ബീഡി സിഗാർ, മരവ്യവസായം ഇവയാണ് മറ്റ് പ്രധാന തൊഴിൽ മേഖലകൾ. ഇവയുടെ വിശദാംശങ്ങൾ അന്യത്ര കൊടുത്തിട്ടുണ്ടെന്നതിനാൽ കൂടുതൽ പരാമർശിക്കുന്നില്ല.

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നല്ല തോതിൽ മഴ ലഭിക്കുന്ന പ്രദേശമാണ്. എങ്കിൽ പോലും വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെട്ടുവരുന്ന പ്രദേശങ്ങൾ കൂടുതലാണ്. മുൻകാലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടാതിരുന്ന പ്രദേശങ്ങളിൽ പോലും ഇടക്കാലത്തായി ശുദ്ധജലക്ഷാമം അനുഭവപ്പെട്ടുവരുന്നു. പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് നിർമ്മിക്കപ്പെടുന്ന കിണറുകളുടെ എണ്ണപ്പെരുപ്പവും മഴവെള്ളത്തെ ഓടിച്ചുകളയത്തക്ക വിധത്തിൽ പുതുതായി നിർമ്മിക്കപ്പെടുന്ന കോൺക്രീറ്റ് സൗധങ്ങൾക്കു ചുറ്റും പണിയുന്ന സിമൻറു മുറ്റങ്ങളും മണ്ണിൻെറ ജലസംഭരണശേഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. പലയിടങ്ങളിലും സ്ഥാപിക്കപ്പെടുന്ന ബോർവെല്ലുകൾ, വിവേചന രഹിതമായി വെട്ടിമുറിച്ചുകളയുന്ന മരങ്ങൾക്ക് പകരം മരങ്ങൾ നട്ടുപിടിപ്പിക്കായ്കയും ഇതിൻെറ ഫലമായുണ്ടാകുന്ന മണ്ണൊലിപ്പുവഴി തോടുകളുടെയും ജലാശയങ്ങളുടെയും ജലസംഭരണശേഷിക്കുറവും ഒക്കെ ഈ ജല ദൗർലഭ്യത്തിൻെറ കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. മഴവെള്ളം വീട്ടുപറമ്പുകളിൽ അരിച്ചിറങ്ങുന്നതിന് പാകത്തിൽ തടങ്ങളും ചെറുകുഴികളും എടുത്തുകൊണ്ടുള്ള ജലസംരക്ഷണത്തിൻെറ ബോധവൽക്കരണത്തിലേക്ക് ശക്തിയായി വിരൽചൂണ്ടുന്ന പ്രശ്നമാണിത്. കൊല്ലത്തിൽ മുഴുവൻ ദിവസങ്ങളിവും ശുദ്ധജലത്തിനായി 1 കി.മീറ്ററും കൂടുതലും നടക്കേണ്ടിവരുന്ന നൂറുകണക്കിന് വീടുകൾ ഉള്ള ഈ പ്രദേശത്ത് ഈ പ്രവർത്തനം അർഹിക്കുന്ന ഗൗരവത്തോടെ കാണേണ്ടതുണ്ട്.

പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിൽക്കുന്നത് ജൈവസമ്പത്തിൻെറ പ്രത്യേകിച്ച് സസ്യജാലങ്ങളുടെ നിലനിൽപ്പിലാണ്. പ്രകൃതിവിഭവങ്ങളായ ഫലവൃക്ഷങ്ങളും മറ്റ് മരങ്ങളും, കെട്ടിട നിർമ്മാണത്തിനും വ്യാവസായികാവശ്യങ്ങൾക്കും മുറിച്ച്കളയുകവഴി ഭൂമിയുടെ ഫലഭൂയിഷ്ഠത കുറയുന്നുവെന്ന് മാത്രമല്ല - ജലക്ഷാമം, മണ്ണൊലിപ്പ് തുടങ്ങിയ വിപത്ത് കൂടിവരുകയും ചെയ്യുന്നു. നമ്മുടെ കൃഷിഭൂമിയുടെ ഉപയോഗ യോഗ്യത സംരക്ഷിക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലും ജൈവസമ്പത്തുകൾ സംരക്ഷിച്ചുനിർത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ജലസംരക്ഷണ പ്രവർത്തനങ്ങൾ, ജൈവ സമ്പത്തിൻെറ സന്തുലിതാവസ്ഥ നിലനിർത്തൽ എന്നീ പ്രവർത്തനങ്ങളാകെ സമന്വയിപ്പിച്ചുകൊണ്ട് മുന്നോട്ടുപോയാൽ മാത്രമെ നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞുകൊണ്ടേവരുന്ന നെൽകൃഷി, അതുപോലെയുള്ള മറ്റ് ഇടകൃഷികൾ, ഇപ്പോൾ കൃഷിചെയ്തുവരുന്ന നാണ്യവിളകൾ, വാഴ, പച്ചക്കറികൃഷി ഇവയൊക്കെ പോഷിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകാൻ കഴിയൂ.

സപ്തംബർ മാസം മുതൽ അഴീക്കോടിൻെറ പലഭാഗങ്ങളിലും വ്യാപകമായി നടന്നുവരുന്ന പച്ചക്കറി കൃഷി കണ്ണൂർ നഗരത്തിൽ ആവശ്യമായ പച്ചക്കറികളുടെ വലിയപങ്ക് നിർവഹിക്കാൻ പര്യാപ്തമായതായിരുന്നു. വെണ്ട, കയ്പ, പയർ, വഴുതിന, വെള്ളരിക്ക, ചീര ഇവയൊക്കെ സമൃദ്ധിയായി വിളയെടുക്കാറുള്ളതാണ് ഇവിടുത്തെ വയലുകൾ. ഇതോടൊപ്പം വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്തിരുന്ന വത്തക്ക (തണ്ണീർമത്തൻ) എന്നിവയും ഇപ്പോൾ കുറഞ്ഞു വരികയാണ്. കൃഷിവിഭാഗത്തിൻെറ പ്രത്യേക ശ്രദ്ധയും ആവശ്യമായ സഹായങ്ങളും വഴി ഈ കൃഷിസമ്പ്രദായം പരിപോഷിപ്പിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ ഏറ്റെടുക്കാൻ കഴിയേണ്ടതുണ്ട്.

കന്നുകാലി സമ്പത്തിൻെറ പോഷണത്തിനുള്ള സാദ്ധ്യതകൾ ധാരാളമുള്ള പഞ്ചായത്താണിത്. പ്രത്യേകിച്ച് ക്ഷീരസംസ്കരണം, മാംസം, മുട്ട ഈ ലക്ഷ്യങ്ങൾ നിറവേറ്റത്തക്ക രീതിയിൽ മൃഗസംരക്ഷണവും കോഴി, താറാവ് എന്നിവയുടെ പരിപോഷണവും വഴി നമ്മുടെ വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിൽ അത്ഭുതംതന്നെ സൃഷ്ടിക്കാൻ പറ്റുന്ന സാദ്ധ്യതകൾ ഉണ്ട്.

അതുപോലെതന്നെ നമ്മുടെ ഏറ്റവും പ്രധാന വിഭവമാണ് മത്സ്യസമ്പത്ത്. നമ്മുടെ കടലോരമേഖലയിൽ ഏതാണ്ട് ആയിരത്തിയഞ്ഞൂറോളം മത്സ്യത്തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഈ രംഗത്ത് ധാരാളം പ്രശ്നങ്ങളുണ്ട്. കടലിലും പുഴയിലും മറ്റുമുള്ള മത്സ്യസമ്പത്ത് പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ നടത്തിയ ശ്രമങ്ങൾ ഇപ്പോൾ ഒരു തിരിച്ചടിയായി മാറിയോ എന്ന് ചിന്തിക്കുന്നവരുണ്ട്. വിവേചനരഹിതമായി യാന്ത്രികസംവിധാനങ്ങൾ ഉപയോഗിച്ച് ഈ വിഭവങ്ങൾ ചൂഷണം ചെയ്തതിൻെറ ഫലമായി മത്സ്യവിഭവങ്ങൾ അപൂർവ്വമായിക്കഴിഞ്ഞിട്ടുണ്ട്. വളപട്ടണം പുഴയിൽ മുമ്പ്കാലത്ത് ചീനവല, ഊന്നുവല, ചൂണ്ടൽ തുടങ്ങിയ സംവിധാനങ്ങളിൽകൂടി ധാരാളം മത്സ്യം ലഭിച്ചിരുന്നു. കരിമീൻ, മാലാൻ, നോങ്ങൽ, തിരുത തുടങ്ങി നല്ലയിനം മത്സ്യങ്ങളാണ് ലഭിച്ചിരുന്നത്. ഈ മത്സ്യങ്ങളൊക്കെ ഇന്ന് അപൂർവ്വമായിക്കഴിഞ്ഞിരിക്കുന്നു. മത്സ്യബന്ധനത്തിൽ അതിർകവിഞ്ഞ യാന്ത്രിക സംവിധാനങ്ങൾ, വളപട്ടണം പുഴയിലേക്ക് സമീപസ്ഥ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മറ്റും അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ ഉവയൊക്കെ ഈ സമ്പത്തിൻെറ കുറവിന് കാരണമായിട്ടുണ്ട്. കണ്ണൂർ പ്രദേശത്ത് ചെമ്മീൻ പിടിക്കുന്നതിനും അതിൻെറ ശേഖരണം, സംസ്ക്കരണം പോലുള്ള സംവിധാനങ്ങൾക്കുംവേണ്ടി കോടിക്കണക്കിന് രൂപ നിക്ഷേപിച്ചുകൊണ്ടുള്ള അഴീക്കൽ ഐസ്പ്ലാൻറ്, ഫ്രീസിംഗ് സൗകര്യം, പീലിംഗ് ഷെഡ്, സർവീസ് സെൻറർ ഇവയൊക്കെ കുറെ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം പറ്റുന്നതിന് മാത്രമുള്ള സ്ഥാപനങ്ങൾ എന്നല്ലാതെ മത്സ്യവിഭവങ്ങൾ എങ്ങനെ പരിപോഷിപ്പിക്കാം, മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ രംഗത്തുണ്ടാകുന്ന വൈഷമ്യങ്ങൾ എങ്ങനെ ലഘൂകരിക്കാം എന്നുള്ളതിനൊന്നും പരിഹാരമാവുന്നില്ല എന്നാക്ഷേപമുണ്ട്.

കണ്ണൂർ ജില്ലയിൽ ജനസാന്ദ്രത താരതമ്യേന കൂടുതലുള്ള പഞ്ചായത്തുകളിൽ ഒന്നാണ് അഴീക്കോട്. ഇന്നും, പഴയ ഫ്യൂഡൽ കാലഘട്ടങ്ങളിലും അതിനുമുമ്പും ഉണ്ടായിരുന്ന ജാതി അടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനത്തിൻെറ ചില പ്രത്യേകതകൾ കാണാൻ കഴിയുന്നതാണ്. എല്ലാ മതവിഭാഗങ്ങളിലും ജാതിയിലും പെട്ട ആളുകൾ കൂടിക്കഴിയുന്ന പ്രത്യേകതയുണ്ടെങ്കിലും ചില പ്രദേശങ്ങളിൽ പഴയ ജാതിയടിസ്ഥാനത്തിൽ കൂട്ടമായി താമസിക്കുന്ന സ്ഥിതികാണാവുന്നതാണ്. ഇത്രയേറെ ജാതികളും ഉപജാതികളും ഉള്ള പ്രദേശവും വളരെ വിരളമായി മാത്രം കാണാൻ കഴിയുന്നതാണ്. ഉദാഹരണത്തിന് തെരു പ്രദേശത്ത് നെയ്ത്തുമായി ബന്ധപ്പെട്ട് കൂട്ടമായി താമസിക്കുന്ന പത്മശാലീയ വിഭാഗം, മൈലാടത്തടം പ്രദേശത്ത് നിർമ്മാണത്തൊഴിലുമായി ബന്ധപ്പെട്ട് ജീവിക്കുന്ന മണിയാണി (യാദവ) വിഭാഗം, ചെമ്മരശ്ശേരിപ്പാറ - കച്ചേരിപ്പാറ പ്രദേശങ്ങളിൽ യോഗി വിഭാഗം, കടപ്പുറം പ്രദേശത്ത് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കഴിയുന്ന മുക്കുവ വിഭാഗം. ഇതുപോലുള്ള ചില പ്രത്യേകതകൾ ഉണ്ടെങ്കിലും പൊതുവായി പറഞ്ഞാൽ എല്ലാ വിഭാഗം ആളുകളും കൂടിച്ചേർന്ന് ഒരുമയോടെ ജിവിച്ചുവരുന്നത് സാധാരണദൃശ്യമാണ്. 1991-ലെ കണക്കനുസരിച്ച് ജനസംഖ്യ 42,354 ആയിരുന്നു. 1000 പുരുഷന്മാർക്ക് 1058 സ്ത്രീകൾ എന്നതാണ് സ്ത്രീ പുരുഷ അനുപാതം. അഭ്യസ്ത വിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ രൂക്ഷമാണ്. സെക്കൻററി വിദ്യാഭ്യാസം നേടിക്കഴിഞ്ഞാൽ ശാരീരികമായ അദ്ധ്വാനത്തോടുള്ള വിമുഖത വളരെ കൂടുതലാണ്. ഈ അവസ്ഥക്ക് മാറ്റമുണ്ടാക്കുന്നതിന് വിദ്യാഭ്യാസ രംഗത്ത് സമൂലമായ അഴിച്ചുപണി അനിവാര്യമാണ്. അതോടൊപ്പം നല്ല രീതിയിലുള്ള ബോധവൽക്കരണം നടത്തിയാൽ മാത്രമെ തൊഴിലിനോട്, പ്രത്യേകിച്ച് ശാരീരിക അദ്ധ്വാനത്തിൽ ഊന്നിയുള്ള തൊഴിലിനോട് ആഭിമുഖ്യം വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ. പെൺകുട്ടികളിൽ ഉയർന്ന വിദ്യാഭ്യാസയോഗ്യതയും സാങ്കേതിക പരിശീലനങ്ങളിലുള്ള അറിവും നേടിയവരുടെ എണ്ണവും കൂടുതലാണ്.

സാമ്പത്തിക സാമൂഹ്യ മേഖലകളിലെ അടിത്തറ ശക്തിപ്പെടുത്തുന്നതോടൊപ്പം സാംസ്കാരിക മേഖലയുടെ മുകൾത്തട്ടും ശക്തമാക്കേണ്ടതുണ്ട് - പ്രത്യേകിച്ച് അഴിമതിയും കോഴയും പോലുള്ള കൊടിയ വിപത്ത് രാജ്യത്തിൻെറ പൊതുജീവിതം കാർന്നുതിന്നുന്ന ഈ കാലഘട്ടത്തിൽ, വികസനരംഗത്ത് കേരളം പടുത്തുയർത്താൻ ശ്രമിക്കുന്ന വികസന സംസ്കാരത്തിൻെറ പുതിയപാത ഇന്ത്യക്കാകെ വഴികാട്ടിയായി മാറുമെന്ന് നമുക്ക് പ്രത്യാശിക്കാം.

◆◆◆◆

# കൃഷി, ജലസേചനം

പടിഞ്ഞാറ് അറബിക്കടലും, വടക്ക് വളപട്ടണം പുഴയും അതിർത്തി തീർത്ത പ്രകൃതിരമണീയമായ അഴീക്കോട് പഞ്ചായത്തിന്റെ വിസ്തീർണ്ണം 3895.59 ഏക്കറാണ്. 9.8 കി.മീറ്റർ കടൽ തീരവും, 3.68 കി.മീറ്റർ പുഴയോരവും ഉള്ള ഈ പഞ്ചായത്തിൽ 3019 ഏക്കർ കൃഷിയോഗ്യമായ സ്ഥലംമുണ്ട്. വളപട്ടണം, ചിറക്കൽ, പള്ളിക്കുന്ന് പഞ്ചായത്തുകളുടെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്നതും, കടൽ തീരം, നദീതടം, വയലുകൾ, താഴ്വരകൾ, കുന്നിൻ പ്രദേശങ്ങൾ, ചരിവുകൾ എന്നിവ അടങ്ങിയതും, ഫലഭൂയിഷ്ഠവും, ജല സ്രോതസ്സുകളാൽ അനുഗൃഹീതവുമായ പ്രദേശമാണ് അഴീക്കോട് പഞ്ചായത്ത്. തെങ്ങ്, നെല്ല്, പച്ചക്കറി, കവുങ്ങ്, കുരുമുളക്, കശുമാവ്, വാഴ, മാവ്, പ്ലാവ്, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയാണ് പ്രധാനമായി കൃഷിചെയ്യപ്പെടുന്നത്. ആദ്യകാലത്ത് അഴീക്കോട് തെക്കുഭാഗം പ്രദേശത്ത് കരിമ്പ്, ചോളം എന്നിവ വ്യാപകമായി കൃഷിചെയ്തിരുന്നു.


ചിറക്കൽ ദേവസ്വം, അറക്കൽ, പൊക്യാരത്ത് ഇല്ലം, അല്ലിയത്ത് ദേവസ്വം, പുതിയകാവ് ദേവസ്വം, പുതിയ മുണ്ടയാട്, തെക്കൻമാർ വീട്, മാവില, മാക്കുനി വീട്ടുകാർ എന്നിവരുടെ അധീനതയിലായിരുന്നു ഇവിടുത്തെ ഭൂമി. വാരം, പാട്ടം തുടങ്ങിയവകൊടുത്ത് കുടിയാന്മാർക്ക് കൃഷി ചെയ്യാമെങ്കിലും, ഏതു സമയത്തും ഒഴിപ്പിക്കാൻ സാദ്ധ്യമായിരുന്നു. ആധുനിക കൃഷിസമ്പ്രദായങ്ങൾ ഒന്നും നിലവിലില്ലാതിരുന്ന അന്ന് കാളകളെ ഉപയോഗിച്ച് നിലം ഉഴുത്, തോട്, കാപ്പ് എന്നിവയിൽനിന്ന് ചാലുകൾ കീറിയും, ഏത്തം ഉപയോഗിച്ച് വെള്ളം തിരിച്ചും കൃഷിനടത്തിയിരുന്നു. ചാണകം, പച്ചിലവളം, വെണ്ണീർ എന്നീ ജൈവ വളങ്ങൾ മാത്രമാണ് കൃഷിക്ക് ഉപയോഗിച്ചിരുന്നത്. വയലുകളിൽ കഴമ, വടക്കൻ നവര, തവളക്കണ്ണൻ, മുണ്ടോൻ, ചിറ്റേനി എന്നിവയാണ് കൃഷി ചെയ്തിരുന്നത്. കീടബാധ അന്ന് തുലോം കുറവായിരുന്നു.

നിലവിലുണ്ടായിരുന്ന പ്രത്യേക ഭൂവുടമാസമ്പ്രദായത്തിന്റെ ഫലമായി കുടിയാന്മാരായ കർഷകരുടെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമായിരുന്നു. ലാൻറ് ട്രിബ്യൂണൽ, പാട്ടക്കോടതി തുടങ്ങിയവയുടെ ആവിർഭാവത്തോടെയാണ് കർഷകർക്ക് അല്പമെങ്കിലും ആശ്വാസം ലഭിച്ചത്. 1959 ലെ കാർഷിക പരിഷ്ക്കരണ നിയമം നടപ്പിലായതോടുകൂടിയാണ് കൃഷി ഭൂമി കർഷകന്റേതായി മാറിയത്. 'ഭൂമിയുടെ ഉടമസ്ഥത പൂഴിമണലിനെ സ്വർണ്ണമാക്കുമെങ്കിലും', നിർഭാഗ്യവശാൽ കേരളത്തിന്റെ കാര്യത്തിൽ കർഷകർക്ക് ലഭിച്ച ഉടമസ്ഥാവകാശം കൃഷിയെ വളർത്തുന്നതിന്ന് പകരം തളർത്തുകയാണ് ചെയ്തത്. ഈ പഞ്ചായത്തിന്റെ സ്ഥിതിയും ഇതിൽ നിന്ന് വ്യത്യസ്തമല്ല. വിവിധ ജോലികളിൽ ഏർപ്പെട്ടവരുടെ വിവരങ്ങൾ താഴെയുള്ള പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക - 1

| നമ്പർ | തൊഴിൽ | പു | സ്ത്രീ | ആകെ |
|---|---|---|---|---|
| 1. | കർഷകർ | 84 | 42 | 126 |
| 2. | കാർഷികത്തൊഴിലാളികൾ | 330 | 208 | 538 |
| 3. | മത്സ്യബന്ധനം മുതലായവ | 897 | 25 | 922 |
| 4. | ഖനനം | 24 | 1 | 25 |
| 5. | എം.പി.എസ്.എച്ച് (ഉല്പാദനം, റിപ്പയർ മുതലായവ) | 162 | 66 | 228 |
| 6. | എം.പി.എസ്.സി.എച്ച് (ഉല്പാദനം, സർവ്വീസ്) | 3916 | 586 | 4502 |
| 7. | നിർമ്മാണ പ്രവർത്തനം | 563 | 74 | 637 |
| 8. | വ്യാപാരം, ഉല്പാദനം | 1517 | 111 | 1628 |
| 9. | ഗതാഗതം, വാർത്താവിനിമയം മുതലായവ | 683 | 27 | 710 |
| 10. | മറ്റുതൊഴിലുകൾ | 827 | 420 | 1247 |
| | ആകെ | 9003 | 1560 | 10563 |

1991 ലെ ജനസംഖ്യാ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 42, 354 ആണ്. ഇതിൻെറ 25% (10,563) മാത്രമാണ് വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നത്. അതിൽ കർഷകർ ആകെ 126 പേരും, കാർഷിക വൃത്തിയിൽ ഏർപ്പെട്ടവർ 538 പേരും മാത്രമാണ്. ഇത് മൊത്തം ജനസംഖ്യയുടെ 1.54%വും, വിവിധ തൊഴിലുകളിൽ ഏർപ്പെട്ടവരുടെ 6.2%വും മാത്രമാണ് .




1. കർഷകർ
2. കർഷകത്തൊഴിലാളികൾ
3. മത്സ്യബന്ധനം
4. ഖനനം
5. ഉല്പാദനം, റിപ്പേർ മുതലായവ
6. ഉല്പാദനം, സർവ്വീസ് എന്നിവ.
7. നിർമ്മാണം
8. വ്യാപാരം
9. ഗതാഗതം, വാർത്താവിനിമയം
10. മറ്റു തൊഴിലുകൾ


ഈ പഞ്ചായത്തിലെ കൃഷിയോഗ്യമായ സ്ഥലത്തിൻെറ വിസ്തൃതി 3019 ഏക്കറാണ്. ഇതിൽ 84.3% സ്ഥലത്ത് തെങ്ങും, 6.18% സ്ഥലത്ത് നെല്ലും, 5.96% സ്ഥലത്ത് പച്ചക്കറിയും കൃഷിചെയ്യുന്നു. വിവിധ കാർഷിക വിളകൾക്ക് ഉപയോഗിക്കപ്പെടുന്ന ഭൂമിയുടെ വിസ്തീർണ്ണം താഴെ ചേർത്തിരിക്കുന്നു.

**പട്ടിക - 2**

| നമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1. | തെങ്ങ് | 2545 ഏക്കർ |
| 2. | നെല്ല് | 187 ഏക്കർ |
| 3. | പച്ചക്കറി | 180 ഏക്കർ |
| 4. | വാഴ | 50 ഏക്കർ |
| 5. | കുരുമുളക് | 25 ഏക്കർ |
| 6. | കവുങ്ങ് | 20 ഏക്കർ |
| 7. | കശുമാവ് | 12 ഏക്കർ |
| | ആകെ | 3019 ഏക്കർ |

താഴെ കൊടുത്ത ഗ്രാഫിൻെറ സഹായത്തോടെ വിവിധഇനം വിളകൾക്ക് ഉപയോഗിക്കുന്ന ഭൂമിയുടെ ഒരു രേഖാചിത്രം നമുക്ക് ലഭിക്കുന്നതാണ്.

വിവിധ വിളകൾ



കേരളത്തിലെ ഭൂമിയുടെ ആളോഹരി ലഭ്യത 0.13 ഹെക്റ്റർ ആണെങ്കിൽ, അഴീക്കോടിൻേറത് 0.07 ഹെക്റ്റർ മാത്രമാണ്. ഭൂമിയുടെ തുണ്ടവൽക്കരണവും, കൈവശ ഭൂമിയുടെ വിസ്തീർണ്ണത്തിലുള്ള കുറവും കൃഷിയെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ചുള്ള പട്ടിക നോക്കുക.

**പട്ടിക - 3**

| ഭൂമിയുടെ അളവ് | ഉടമസ്ഥരുടെ എണ്ണം |
|---|---|
| 1 മുതൽ 10 സെൻറ് വരെ | 3484 പേർ |
| 10 മുതൽ 25 സെൻറ് വരെ | 4469 ,, |
| 25 മുതൽ 50 സെൻറ് വരെ | 2942 ,, |
| 50 മുതൽ 1 ഏക്കർ വരെ | 1356 ,, |
| 1 മുതൽ 2 ഏക്കർ വരെ | 426 ,, |
| 2 മുതൽ 5 ഏക്കർ വരെ | 77 ,, |
| ആകെ | 12,754 പേർ |

വയലുകൾ മണിമന്ദിരങ്ങളും തെങ്ങിൻ തോപ്പുകളും ആയിത്തീരുമ്പോൾ നെൽകൃഷി നടത്തണമെന്ന് ആഗ്രഹിക്കുന്നവർക്ക് പോലും അത് നടത്താൻ സാദ്ധ്യമല്ലാത്ത സ്ഥിതി വന്നുചേരുന്നു. വയലുകൾ മണ്ണിട്ടു നികത്തുന്നതുകൊണ്ടും, വയലുകളിലൂടെ പുതിയ റോഡുകൾ നിർമ്മിക്കുന്നതുകൊണ്ടും, പ്രകൃത്യായുള്ള നീരൊഴുക്ക് തകിടം മറഞ്ഞ് കൃഷി വിഷമകരമായിത്തീരുന്നു. ഇത് വിവിധ വിളകളുടെ ഉല്പാദനത്തേയും, അവയുടെ ഉല്പാദനക്ഷമതയേയും ബാധിച്ചിട്ടുണ്ട്. വിവിധ വിളകളുടെ ഉല്പാദന ക്ഷമതയുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

**പട്ടിക - 4**

| നമ്പർ | വിള | വിസ്തീർണ്ണം | ഉൽപാദനക്ഷമത |
|---|---|---|---|
| 1. | തെങ്ങ് | 2545 ഏക്കർ | 26 എണ്ണം ഒരുതെങ്ങിൽനിന്ന് |
| 2. | നെല്ല് | 187 ഏക്കർ | 610 കിലോ ഒരു ഏക്കറിൽനിന്ന് |
| 3. | കവുങ്ങ് | 20 ഏക്കർ | 250 എണ്ണം ഒരു കവുങ്ങിൽനിന്ന് |
| 4. | കുരുമുളക് | 25 ഏക്കർ | 115 കിലോ ഒരു ഏക്കറിൽനിന്ന് |
| 5. | പച്ചക്കറി | 180 ഏക്കർ | 2500 കിലോ ഒരു ഏക്കറിൽനിന്ന് |

മുകളിൽ സൂചിപ്പിച്ച പട്ടികയുടെ അടിസ്ഥാനത്തിൽ, വിവിധ കാർഷിക വിളകളുടെ ഉൽപാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ വളരെ പിന്നിലാണെന്ന് കാണാൻ സാധിക്കും. തെങ്ങിൻെറ ഉല്പാദനക്ഷമത, സംസ്ഥാനത്തിൻേറത് ഒരു തെങ്ങിൽനിന്ന് 32 തേങ്ങയും, തമിഴ് നാട്ടിൻേറത് 50ഉം ഉള്ളപ്പോൾ, നമ്മുടെ പഞ്ചായത്തിൻേറത് 26 എണ്ണമാണ്. അതുപോലെ നെല്ലിൻെറ ഉൽപാദനക്ഷമത സംസ്ഥാനത്ത് ഒരു ഏക്കറിൽനിന്ന് 800 കിലോഗ്രാം ആണെങ്കിൽ നമ്മുടേത് 610 കിലോഗ്രാം മാത്രമാണ്. ഇതുപോലെ മറ്റു കാർഷിക വിളകളുടെ കാര്യത്തിലും ഉല്പാദന ക്ഷമത കുറവാണ്. കൃഷിവികസനം നാം അടിയന്തരമായി ഏററെടുക്കേണ്ടുന്ന ഒരു പ്രവർത്തനമാണ്.

കൃഷിവികസനത്തിൻെറ കാര്യം പറയുമ്പോൾ, നെല്ല് ഉൽപാദനത്തിൻെറ പ്രശ്നം ഗൌരവതരമാണ്. എഴുപതുകളിൽ കേരളത്തിൽ 8.88 ലക്ഷം ഹെക്ടറിൽനിന്ന് 13.5 ലക്ഷം ടൺ അരി ഉല്പാദിപ്പിച്ചിരുന്നു. അത്രതന്നെ വൈക്കോലും കിട്ടിയിരുന്നു. അത് ചുരുങ്ങി ഇപ്പോൾ 5 ലക്ഷം ഹെക്ററിൽനിന്ന് 10 ലക്ഷം ടൺ അരിയും, അത്രതന്നെ വൈക്കോലുമാണ് നാം ഉൽപാദിപ്പിക്കുന്നത്. കേരളത്തിൻെറ ആവശ്യം പ്രതിവർഷം 36 ലക്ഷം ടൺ അരിയാണ്. ആവശ്യത്തിൻെറ മൂന്നിലൊന്ന് പോലും ഉല്പാദിപ്പിക്കുന്നില്ലെന്നർത്ഥം. അരി മുഖ്യ ആഹാരമായ ഒരു സംസ്ഥാനത്തിന് ഈ നില ഒട്ടും ആശാസ്യമല്ല എന്നു പറയേണ്ടതില്ലല്ലോ ?

കേരളത്തിൻെറ കാലിസമ്പത്തിന്ന് പോഷക മൂല്യമുള്ള ആഹാരം എന്നു പറയുന്നത് വൈക്കോലാണ്. അതിൻെറ ഉല്പാദനം കുറയുന്തോറും കന്നുകാലിവളർത്തൽ അനാദായകരമായിത്തീരുകയാണ്. കാലിത്തീറ്റ എന്ന കമ്പോളത്തീറ്റകൊണ്ട് മാത്രം നമ്മുടെ കാലിസമ്പത്ത് അതിജീവിക്കുകയില്ല.

കൂടാതെ നെൽ വയലുകൾ അപ്രത്യക്ഷമാകുന്നതുമൂലം ഉണ്ടാകുന്ന പരിസ്ഥിതിപ്രശ്നം അതീവ ഗുരുതരമാണ്. വനനശീകരണം പോലെ തന്നെ അപകടകരമാണ് വയൽ നികത്തുന്നതും, മഴവെള്ളം കുത്തി ഒഴുകി അറബിക്കട

ലിൽ ചേരുന്നതിന്നിടയിൽ കുറേ എങ്കിലും കെട്ടിനിന്ന് ഭൂഗർഭജല സമ്പത്ത് സംരക്ഷിക്കുന്നതിലും നെൽപാടങ്ങൾ പങ്ക് വഹിക്കുന്നുണ്ട്.

ജോലി ചെയ്യാൻ ആളെകിട്ടാനുള്ള ബുദ്ധിമുട്ട്, കൂലിയിൽ വന്ന വർദ്ധനവ്, കൃഷിയുമായി ബന്ധപ്പെട്ട നിവേശ വസ്തുക്കളുടെ വില വർദ്ധനവ്, ജലസേചന സൌകര്യങ്ങളുടെ ദൌർലഭ്യം എന്നീ കാരണങ്ങളാൽ നെൽകൃഷി കൂടുതൽ കൂടുതൽ അനാദായകരമായിക്കൊണ്ടിരിക്കുകയാണ്. ഉൽപാദനക്ഷമത വർദ്ധിപ്പിച്ച് നെൽകൃഷി കൂടുതൽ ആദായകരമാക്കുകയാണ് വേണ്ടത്. ഇത് സാദ്ധ്യമാണെന്ന് 1989-91 കാലഘട്ടത്തിൽ പരീക്ഷിച്ച ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം തെളിയിച്ചിട്ടുണ്ട്. ഒരു ഹെക്ടറിന്ന് 1700 കിലോഗ്രാം അരി ഉൽപാദിപ്പിച്ചിരുന്ന സ്ഥാനത്ത് ഗ്രൂപ്പ് ഫാമിങ്ങിൽ ഏർപ്പെട്ട പാടശേഖരങ്ങളിൽ 2050 കിലോഗ്രാം അരി ഉൽപാദിപ്പിച്ചിട്ടുണ്ട്. ഇത് 3000 മോ, 4000 മോ കിലോ അരിയായി വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. മാതൃകാകർഷകർ 6000 കിലോ വരെ ഉൽപാദിപ്പിക്കുന്നുണ്ട്. ജൈവ വളവും, ഏറ്റവും ഉൽപാദനശേഷിയുള്ള വിത്തിനങ്ങളും കാര്യക്ഷമമായ ജല മാനേജ്മെൻറും എല്ലാം ചേർത്ത് ആസൂത്രണം നടത്തിയാൽ ഉൽപാദനം ഇരട്ടിപ്പിക്കാൻ സാദ്ധ്യമാണ്. കൃഷിപ്പണി, രോഗപ്രതിരോധ നടപടി ഇവയെല്ലാം കൂട്ടായ്മയിലൂടെ നടത്തിയാൽ ചെലവും ഗണ്യമായി കുറക്കാം. ആധുനിക നെല്ല് കുത്തു കമ്പിനികൾ സ്ഥാപിച്ച് അരിയാക്കി വിൽപന നടത്താനുള്ള സംവിധാനം ഉണ്ടായാൽ വിളവെടുപ്പ് സമയത്ത് നെല്ലിൻെറ വില ഇടിയുന്നത് തടയാം.

കേരളത്തിൻെറ അഭിവൃദ്ധി കേരകൃഷി വികസനത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. 500 കോടി നാളികേരമാണ് കേരളത്തിൻെറ പ്രതിവർഷ ഉൽപാദനം. ഇത് 1000 കോടി ആയി ഉയർത്താൻ ഏളുപ്പത്തിൽ സാധിക്കും. ജലസേചന സൌകര്യം വിപുലപ്പെടുത്തുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിന്നും ഈ കാര്യത്തിൽ അതിൻെറ പങ്ക് വഹിക്കാൻ സാധിക്കുന്നതാണ്. കേരകൃഷിയുമായി ബന്ധപ്പെട്ട ജോലിക്ക് ആൾക്കാരെ കിട്ടാത്ത ഒരു പ്രശ്നം നിലനിൽക്കുന്നുണ്ട്. ജനങ്ങളോടൊപ്പംനിന്ന് തൊഴിലെടുക്കുക എന്ന ഒരു പുതിയ തൊഴിൽ സംസ്ക്കാരം തന്നെ ഇവിടെ വളർത്തി എടുക്കണം. കായികാദ്ധ്വാനത്തോട് ആഭിമുഖ്യം വളർത്തിഎടുക്കുക എന്ന ഏറ്റവും അത്യന്താപേക്ഷിതമായ ഒരു ഘട്ടത്തിൽ നാം എത്തിയിരിക്കുന്നു. നാളികേരത്തിൻെറ വൈവിദ്ധ്യവൽക്കരണം അവശ്യം ഏറ്റെടുക്കേണ്ടുന്ന ഒരു പ്രവർത്തനമാണ്.

പ്രതിവർഷം 600 കോടിരൂപയുടെ പച്ചക്കറി മറ്റു സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന ഒരു നാടാണ് നമ്മുടെ കേരളം. നമുക്ക് ആവശ്യമായ പച്ചക്കറി, പഴം, പൂവ് എന്നിവ ഉൽപാദിപ്പിക്കാനാവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ നമ്മുടെ നാട്ടിലുണ്ട്. നാം ഒന്നു മനസ്സ്വെച്ചാൽ ഈ മേഖലയിൽ അത്ഭുതകരമായ മാറ്റങ്ങൾ ഉണ്ടാക്കാവുന്നതാണ്. നമ്മുടെ ഗ്രാമ പഞ്ചായത്തിന്ന് കാർഷികമേഖലയിൽ ഒരു കുതിച്ചുചാട്ടം ഉണ്ടാക്കാൻ സാധിക്കുന്ന മേഖലയാണ് പഴം, പച്ചക്കറി, പൂവ് കൃഷി.

ഒരു പ്രദേശത്ത് എന്ത് വിളയാണ് അനുയോജ്യമായത് എന്നത് പല കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഇവയെ പൊതുവായി കാർഷികം, സാങ്കേതികം, സാമ്പത്തികം എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, മഴയുടെ അളവ്, മണ്ണിൻെറ തരം, ഭൂതലത്തിൻെറ നിമ്നോന്നതസ്ഥിതി എന്നീ നാലു ഘടകങ്ങളെയാണ് കാർഷികം എന്നു പറയുന്നത്. വിളകൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ, രോഗ പ്രതിരോധത്തിന്നും, നിവാരണത്തിന്നും, ലഭ്യമായ മാർഗ്ഗങ്ങൾ, പുതിയതരം വിത്തിനങ്ങൾ, ഉപകരണങ്ങൾ എന്നിവയാണ് സാങ്കേതിക കാര്യങ്ങൾ. ഉൽപന്നത്തിൻെറ ചോദനം, വില, ലാഭം എന്നിവയിൽ വരുന്ന ഏററക്കുറച്ചിലുകളാണ് സാമ്പത്തിക കാര്യങ്ങൾ.

നമ്മുടെ പഞ്ചായത്തിൻെറ ഇന്നത്തെ കാർഷികസ്ഥിതി മേൽ സൂചിപ്പിച്ച ഘടകങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് പരിശോധിച്ചുനോക്കാം. നമ്മുടെ പഞ്ചായത്തിൻെറ ഏകദേശം പകുതിയോളം സമുദ്രനിരപ്പിൽനിന്ന് 32 മീറ്ററോളം ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശങ്ങളിലെ ഇപ്പോഴത്തെ പ്രധാന വിളകൾ തെങ്ങ്, മാവ്, പ്ലാവ്, മറ്റു പടുവൃക്ഷങ്ങൾ എന്നിവയാണ്.

മഴയുടെ അളവിനെപ്പറ്റി പറയുമ്പോൾ വളരെ സമൃദ്ധിയായി മഴ കിട്ടുന്ന ഒരു പ്രദേശമാണ് നമ്മുടേത്. പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. ജൂൺ മുതൽ ആഗസ്ത് മാസം വരെ ലഭിക്കുന്ന കാലവർഷവും, സപ്തമ്പർ, ഒക്ടോബർ, നവമ്പർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവും ആണ് ജലലഭ്യതക്ക് ആധാരം. 5 വർഷത്തെ മഴയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## പട്ടിക - 5

| വർഷം | ജന. | ഫിബ്ര. | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായി | ആഗസ്ത് | സപ്ത. | ഒക്ടോ. | നവമ്പർ | ഡിസമ്പർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | | | | - | 128 | 803 | 1481 | 613 | 69 | 384 | 64 | 190 | 3732 |
| 1992 | | | | 15 | 114 | 916 | 1347 | 409 | 168 | 478 | 102 | 96 | 3647 |
| 1993 | | | | 7 | 131 | 1094 | 1201 | 396 | 173 | 502 | 180 | 20 | 3704 |
| 1994 | | | | 18 | 89 | 869 | 1248 | 575 | 47 | 308 | 201 | 278 | 3573 |
| 1995 | | | | 10 | 196 | 898 | 1145 | 494 | 62 | 397 | 169 | 41 | 3409 |
| ആകെ | | | | 50 | 658 | 4580 | 6422 | 2427 | 419 | 2069 | 716 | 625 | - |

ഉയർന്ന പ്രദേശങ്ങളും, താഴ്‌വരകളും ഇടകലർന്നുള്ള നമ്മുടെ പഞ്ചായത്തിൻെറ ചില വാർഡുകൾ നീർമറി പദ്ധതിയിൽ ഉൾപ്പെട്ടവയാണ്. ഉയർന്ന പ്രദേശങ്ങളും താഴ്‌വരയും കാരണം പെയ്യുന്ന മഴ പെട്ടെന്നുതന്നെ തോടുകൾ വഴി കടലിലേക്കും, പുഴയിലേക്കും ഒഴികിപ്പോകുന്നത് നമ്മുടെ ജലസമ്പത്തിനെ വളരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ ജലവുമായി ബന്ധപ്പെട്ട ആസ്തികളുടെ വിവരം താഴെ ചേർക്കുന്നു.

## പട്ടിക - 6

### കുളങ്ങരം

| നമ്പർ | പേര് | വിസ്തൃതി |
|---|---|---|
| 1. | ഉപ്പായി | 8 സെൻറ് |
| 2. | ഉപ്പായി | 6 സെൻറ് |
| 3. | മാക്കുനി | 74 സെൻറ് |
| 4. | വൻകുളം | 1 ഏക്കർ 8 സെൻറ് |
| 5. | ഓലാടക്കുന്നിന്ന് താഴെ | 7 സെൻറ് |
| 6. | ചെമ്മരശ്ശേരി | 13 സെൻറ് |
| 7. | മീൻകുന്ന് | 15 സെൻറ് |
| 8. | തെക്കുഭാഗം | 14 സെൻറ് |
| 9. | മൊളോളം അമ്പലം കുളം (സ്വകാര്യം) | - |
| 10. | ഓരിയൻ കുളം | 6 സെൻറ് |
| 11. | എഴുത്തോടൻ കുളം | 7 സെൻറ് |
| 12. | ഫിഷറീസ് | 8 സെൻറ് |
| 13. | അയ്യൻ കോവിൽ (ദേവസ്വം) | 10 സെൻറ് |
| 14. | മാത്തിലെ കുളം (ഫിഷറീസ്) | 12 സെൻറ് |
| ഇതു കൂടാതെ 60 ഏക്കർ വിസ്തീർണ്ണമുള്ള, വർഷം മുഴുവൻ ജലലഭ്യതയുള്ള കിഴക്കേ കാപ്പും, പടിഞ്ഞാറെ കാപ്പും ഈ പഞ്ചായത്തിലാണ്. | | |

വളപട്ടണം പുഴയിൽ ചെന്നു ചേരുന്ന 7ഉം, അറബിക്കടലിലേക്ക് ഒഴുകുന്ന ഒരു തോടും ഉണ്ട്. ഇതിൽ അറബിക്കടലിലേക്ക് ഒഴുകുന്ന കണ്ടനാഴിതോട് 3 കിലോ മീറ്റർ ദൈർഘ്യമുള്ള ഈ പഞ്ചായത്തിലെ ഏറ്റവും വിസ്തീർണ്ണം കൂടിയ തോടാണ്. പഞ്ചായത്തിലെ 8,9,10 വാർഡുകളിലൂടേയാണ് ഈ തോടും അതിൻെറ കൈവഴികളും ഒഴുകുന്നത്. നമ്മുടെ പഞ്ചായത്തിലെ തോടുകളുടെ ആകെ നീളം 9 കിലോ മീറ്ററോളം വരും. സംസ്ഥാനശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കുന്നുണ്ടെങ്കിലും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവംമൂലം പെയ്യുന്ന മഴവെള്ളം മുഴുവൻ തോടുകളിലൂടെ ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണ് ഇന്നത്തേത്. തോടുകൾക്ക് റഗുലേറ്ററുകളും, വി.സി.ബി കളും ഉണ്ടെങ്കിലും അവ പ്രവർത്തിപ്പിക്കാനുള്ള സ്ഥിരം സംവിധാനം ഇല്ലാത്തതുകൊണ്ട് അവ ഉപയോഗശൂന്യമാണ്. പഞ്ചായത്തിലെ തോടുകളുടെ വിവരം താഴെ ചേർത്തിരിക്കുന്നു.

**പട്ടിക - 7**


| നമ്പർ | തോടിൻെറ പേര് | വിസ്തൃതി |
|---|---|---|
| 1. | കണ്ടനാഴി തോട് | 30 ഏക്കർ 47 സെൻറ് |
| 2. | പാമ്പൻ തോട് | 11 ഏക്കർ 06 സെൻറ് |
| 3. | ഉപ്പായി തോട് | 67 സെൻറ് |
| 4. | നുച്ചി തോട് | 2 ഏക്കർ 14 സെൻറ് |
| 5. | മുണ്ടച്ചാലി തോട് | 16 സെൻറ് |
| 6. | മുസലിയാർ തോട് | 1 ഏക്കർ |
| 7. | കക്കൻ തോട് | 6 സെൻറ് |
| 8. | കാവിൻചാൽ തോട് | 7 സെൻറ് |

പഞ്ചായത്തിലെ മണ്ണിൻെറ സ്ഥിതി താഴെ സൂചിപ്പിച്ചത് പ്രകാരമാണ്. തെങ്ങ് കൃഷിക്ക് അനുയോജ്യമായ ലാറ്ററേറ്റ് മണ്ണാണ് 64% പ്രദേശത്തും കാണുന്നത്. മണൽ പ്രദേശം 28% വും ചരൽ മണ്ണ് പ്രദേശം 5%വും, ചതുപ്പുനിലം 3 ശതമാനവുമാണ്.

**പട്ടിക -8**

| നമ്പർ | മണ്ണിൻെറ ഇനം | വിസ്തൃതി ശതമാനത്തിൽ |
|---|---|---|
| 1. | ലാറ്ററേറ്റ് മണ്ണ് | 64% |
| 2. | മണൽ | 28% |
| 3. | ചരൾ മണൽ | 5% |
| 4. | ചളിമണ്ണ് | 3% |

താഴെ കൊടുത്തിരിക്കുന്ന രേഖാ ചിത്രത്തിൽനിന്ന് മണ്ണിൻെറ സ്ഥിതി എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്




ഭൂതലത്തിൻെറ നിമ്നോന്നതസ്ഥിതിയുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിനെ അഞ്ചായി തരംതിരിക്കാം.

1. ഉയർന്ന സമതലം
2. ചെരിവ് പ്രദേശങ്ങൾ
3. താഴ്‌വരകൾ
4. തീരസമതലം
5. ചതുപ്പുനിലങ്ങൾ

ഒരു പ്രദേശത്തെ വിള തീരുമാനിക്കപ്പെടുന്ന മുമ്പ് സൂചിപ്പിച്ച ഘടകങ്ങളിൽ ആദ്യത്തെഘടകമായ 'കാർഷികം' നമ്മുടെ നിയന്ത്രണത്തിന്ന് വിധേയമല്ല. രണ്ടും മൂന്നും ഘടകങ്ങളായ സാങ്കേതികവും, സാമ്പത്തികവും വേഗത്തിൽ മാറുന്നവയാണ്. ഈ മാറ്റങ്ങൾക്ക് അനുസരിച്ച് വിളവെടുപ്പ് സമ്പ്രദായങ്ങൾക്കും മാറ്റങ്ങൾ വരുത്തുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്. വിളവെടുപ്പ് കാലത്തിൻെറ അടിസ്ഥാനത്തിൽ വിളകളെ നമുക്ക് മൂന്നായി തരം തിരിക്കാം.

(1) ഹ്രസ്വകാല വിളകൾ - നെല്ല്, പയറ്, പച്ചക്കറി മുതലായവ

(2) വാർഷിക വിളകൾ - കരിമ്പ്, മരച്ചീനി, ഇഞ്ചി, വാഴ, മുതലായവ

(3) ദീർഘകാല വിളകൾ - തെങ്ങ്, മാവ്, പ്ലാവ്, തുടങ്ങിയവ. സാമ്പത്തിക പരിതസ്ഥിതികൾക്ക് അനുസൃതമായി ഏറ്റവും വേഗത്തിൽ മാറ്റാൻ പറ്റുന്നത് ഹ്രസ്വകാല വിളകളാണ്.

കൃഷിയുമായി ബന്ധപ്പെട്ട 'കാർഷിക' ഘടകങ്ങൾ നമ്മുടെ നിയന്ത്രണത്തിന്ന് വിധേയമല്ലെങ്കിൽപോലും, ആസൂത്രിതമായ ഇടപെടലുകളിലൂടെ 'കാർഷിക' ഘടകത്തെ നമ്മുടെ പ്രവർത്തനങ്ങൾക്ക് അനുകൂലമാക്കാൻ സാദ്ധ്യമാണ്. മണ്ണ് സംരക്ഷണം, ഭൂവിനിയോഗം, വിള സംവിധാനം, ജലസങ്കേത വികസനം, ജലനിർഗമനം, വിളപരിപാലനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ത്വരിതമായ കാർഷിക വികസനം സാദ്ധ്യമാണ്. നമ്മുടെ പഞ്ചായത്തിൻെറ ഭൂപ്രകൃതിക്കും വിഭവങ്ങൾക്കും അനുസൃതമായി ചെരിവായ പ്രദേശങ്ങളിൽ ഭൂജല സംരക്ഷണത്തിന്നും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ജല നിർഗമനത്തിനും, മണൽ പ്രദേശങ്ങളിൽ ജൈവാംശം വർദ്ധിപ്പിച്ച് നനവ് നിലനിർത്തുന്നതിന്നുള്ള ശക്തിവർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടിയിരിക്കുന്നു. കാർഷിക വികസന പ്രവർത്തനങ്ങളിൽ നമ്മുടെ പഞ്ചായത്തിൻെറ ഇന്നത്തെ സ്ഥിതിയെപ്പറ്റിയുള്ള ഒരു വിലയിരുത്തൽ ആത്യാവശ്യമാണ്.

## ജല സംരക്ഷണം

ഭൂജല സംരക്ഷണത്തിന്നായി കണ്ടനായി തോട്ടിൽ 2 സ്ഥലങ്ങളിൽ വി.സി.ബി (വെൻറഡ് ക്രോസ് ബാർ) നിർമ്മിച്ചിട്ടുണ്ട്. അതുപോലെ നുച്ചി തോടിൻെറ കൈവഴി, കക്കൻ തോടിന്നും, കക്കൻ തോടിൽനിന്ന് മൂന്നു നിരത്തിലേക്ക് പോകുന്ന കൈവഴി എന്നിവിടങ്ങളിലും ഓരോ വി.സി.ബി. പണിതിട്ടുണ്ട്. തോടിൻെറ കുറുകെ തൂണുകൾ പണിത് മുകളിൽ ഒരു ചെറിയ നടപ്പാലം നിർമ്മിച്ച് പലക ഷട്ടറുകളിലിട്ട് ജലനിരപ്പ് ഉയർത്തി കനാൽ ജലസേചനത്തിന്നുപയോഗിക്കുന്ന രീതിയാണ് വി.സി.ബി. എന്ന പേരിൽ അറിയപ്പെടുന്നത്. നമ്മുടെ പഞ്ചായത്തിലെ 5 വി.സി.ബികളും, മേൽനോട്ടത്തിൻെറ അഭാവത്തിൽ ഉപയോഗശൂന്യമായിരിക്കുകയാണ്.

## നർസറികാം

ബ്ലോക്ക് വികസന സമിതിയുടെ ആഭിമുഖ്യത്തിൽ ഡി.ഡബ്ല്യു.സി.ആർ.എ. യുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു നർസറി ചാലിൽ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൻെറ മൂന്നാം വാർഡിലും ഒരു നർസറി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ചില സ്വകാര്യ വ്യക്തികൾ നല്ല ഇനം പച്ചക്കറി വിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. സാമൂഹ്യ വനവൽക്കരണത്തിൻെറ ഭാഗമായി വനംവകുപ്പ് വിവിധ ഇനം നടീൽ വസ്തുകൾ വർഷംതോറും പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്.

## വളം

കൂലി വർദ്ധനവും, തൊഴിലാളി ലഭ്യതക്കുറവും കാരണം ജൈവ വളങ്ങൾ ആവശ്യാനുസാരണം കിട്ടാനില്ല. അതുകൊണ്ട് രാസവളങ്ങളുടെ ഉപഭോഗം വളരെ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ശാസ്ത്രീയമായ മണ്ണു പരിശോധന നടത്താതെയാണ് ഈ വളങ്ങൾ ഉപയോഗിക്കുന്നത്. അതു മണ്ണിൻെറ ഫലഭൂയിഷ്ഠതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സഹകരണ മേഖലയിലുള്ള അഴീക്കോട് സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്കാണ് ഈ പ്രദേശത്തേക്കു് ആവശ്യമായ രാസവളങ്ങൾ വിതരണം നടത്തുന്നത്. ചില സ്വകാര്യവ്യക്തികൾ ജൈവ വളത്തിൻെറ വില്പനയും നടത്തുന്നുണ്ട്. വിവിധഇനം രാസവളങ്ങളുടെ 95-96 ലെ വില്പനയുടെ വിവരം താഴെ ചേർത്തിരിക്കുന്നു.

297

പട്ടിക - 9

| നമ്പർ | രാസവളത്തിൻെറ പേര് | അളവ് | വില | തുക |
|---|---|---|---|---|
| 1. | അമോണിയ സൾഫേറ്റ് | 1497 കി. | 3.84 | 5,748.48 |
| 2. | 20 : 20 | 17070 കി. | 6.90 | 1,17,783 |
| 3. | 10 : 5 : 20 | 11738 കി. | 5.09 | 59,746.42 |
| 4. | യൂറിയ | 5958 കി. | 3.40 | 20,257.20 |
| 5. | മുസ്സോറിഫോസ് | 3000 കി. | 1.80 | 5,400.00 |
| 6. | എം.ഒ.പി. | 23867 കി. | 4.46 | 1,06,446.82 |
| 7. | 17 : 17 : 17 | 3266 കി. | 753 | 24,592.98 |
| | ആകെ | 66,396 കി. | | 3,39974.90 |

## കാർഷിക രോഗങ്ങളും കീടനാശിനികളും

അത്യുൽപാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗവും, വർധിച്ച രാസവള ഉപഭോഗവും മൂലം നെല്ലിന്ന് പുഴു ബാധയും, പോളചീയൽ, കുലവാട്ടം എന്നീ രോഗങ്ങൾ അനുഭവപ്പെടുന്നു. തെങ്ങിന്ന് കറചാട്ടം, കൂമ്പുചീയൽ, തിരി മുട്ടൽ, കുരുമുളകിന്ന് ധ്രുതവാട്ടം, പച്ചക്കറിക്ക് കീടശല്യം, മഞ്ഞളിപ്പ് എന്നിവ വ്യാപകമായി കണ്ടുവരുന്നു. ഇവക്കെതിരെ കീടനാശിനികൾ വ്യാപകമായി ഉപയോഗിച്ചു വരുന്നുണ്ടെങ്കിലും, ശാസ്ത്രീയ രീതിയിലല്ലാത്തതിനാൽ വേണ്ട ഫലം ചെയ്യുന്നില്ല. വിവിധ ഇനം കീടനാശിനികളുടെ 95-96ലെ വില്പന വിവരം താഴെ കൊടുക്കുന്നു.

പട്ടിക - 10

| നമ്പർ | കീടനാശിനിയുടെ പേര് | | അളവ് | വില | തുക |
|---|---|---|---|---|---|
| 1. | ബി.എച്ച്.സി - | 10% | 3623 കി. | 5-00 | 18115-00 |
| 2. | ബി.എച്ച്.സി - | 50% | 33 കി. | 33-00 | 1089-00 |
| 3. | ഫുറാഡാൻ | 3ഗ്രാം | 16 കി. | 48-00 | 768-00 |
| 4. | ബാവിസ്റ്റൻ | | 0.400 ഗ്രാം | 62-00 | 248-00 |
| 5. | എക്ലാകസ് | 93എണ്ണം | 9.300 ലിറ്റർ | 47-50 | 4417-50 |
| 6. | റോഗർ | 146 | 14.600 ലിറ്റർ | 25-00 | 3650-00 |
| 7. | സുമിസിഡിൻ | 7 | 0.700 ലിറ്റർ | 40-00 | 280-00 |

കീട നാശിനികളുടെ ഉപയോഗം വർഷം തോറം ക്രമാതീതമായി വർദ്ധിച്ചുവരുന്നുണ്ട്. ശാസ്ത്രീയ രീതിയിൽ ഉപയോഗിക്കാത്തതുകൊണ്ട് ഇത് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാത്ത കീട നിയന്ത്രണ മാർഗ്ഗങ്ങൾ ആരായേണ്ടിയിരിക്കുന്നു.

## കൂലി നിരക്ക്

കാർഷിക വൃത്തിയിൽ ഇന്ന് ഏകീകരിച്ച കൂലി നിരക്ക് നടപ്പിലായിട്ടില്ല. താരതമ്യേന കൂലി നിരക്ക് കൂടുതലാണെങ്കിലും, ജോലി സ്ഥിരതയുടെ അഭാവവും കായികാദ്ധ്വാനത്തോടുള്ള നിഷേധ മനോഭാവവും കാരണം കാർഷിക മേഖല തൊഴിലാളികളെ കൂടുതലായി ആകർഷിക്കുന്നില്ല. ശരാശരി കൂലി നിരക്ക് താഴെ ചേർക്കുന്നു.

പട്ടിക - 11

| തൊഴിൽ | ശരാശരി കൂലിനിരക്ക് | |
|---|---|---|
| | പുരുഷൻമാർ (രൂപ) | സ്ത്രീകൾ (രൂപ) |
| കിളക്കൽ | 110 | - |
| ഞാറുനടൽ | - | 60 |
| കളപറി | - | 60 |
| തേങ്ങയിടൽ% | 150 | - |
| കൊയ്ത്ത് | - | 10 സേർനെല്ല്. |

298

## വായ്പാ സൌകര്യങ്ങരം

വായ്പാ സൌകര്യങ്ങൾ ലഭിക്കുന്ന 4 സ്ഥാപനങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇതിൽ രണ്ടെണ്ണം സഹകരണ മേഖലയിലും, ഒന്ന് പൊതു ഉടമയിലും, മറ്റൊന്ന് സ്വകാര്യ ഉടമയിലുമാണ്. ഹെഡ് ഓഫീസ് അടക്കം 4 ബ്രാഞ്ചുകളുള്ള അഴീക്കോട് സർവ്വീസ് കോ. ഓപ്പറേറ്റിവ് ബേങ്കും, കണ്ണൂർ ജില്ലാ സഹകരണ ബേങ്കിൻെറ അഴീക്കോട് ബ്രാഞ്ചും ആണ് സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങൾ. സിൻഡിക്കേറ്റ് ബാങ്കും, കത്തോലിക്ക സിറിയൻ ബാങ്കും ആണ് പഞ്ചായത്തിലെ മറ്റു ധനകാര്യ സ്ഥാപനങ്ങൾ 7,99,06908 രൂപ (8 കോടിയോളം) സ്ഥിരം നിക്ഷേപംഉള്ള സർവ്വീസ് ബാങ്ക് ആകെ 2,59,415 രൂപ മാത്രമാണ് 1995-96ൽ കാർഷിക വായ്പ നല്കിയിട്ടുള്ളത്. അതുപോലെ 1,76,11581 (1¾ കോടി) രൂപ സ്ഥിരം നിക്ഷേപമുള്ള ജില്ലാ സഹകരണബാങ്ക് ശാഖ കാർഷിക വായ്പകൾ ഒന്നും നല്കിയിട്ടില്ല. മറ്റു ബാങ്കുകളുടെ സ്ഥിതിയും വ്യത്യസ്തമല്ല.

സഹകരണബാങ്കുകളുടെ നിക്ഷേപവും കാർഷിക വായ്പയും താഴെ കാണിച്ച പട്ടികയിൽ ചേർത്തിരിക്കുന്നു.

**പട്ടിക - 12**

| ബാങ്ക് | നിക്ഷേപം | | കാർഷികവായ്പ | | |
|---|---|---|---|---|---|
| | സ്ഥിരം | ഹ്രസ്വം | എസ്.ടി. | എം.ടി | എൽ.ടി |
| അഴീക്കോട് സർവ്വീസ് ബാങ്ക് | 5,49,90,515 | 2,49,16,393 | 9615 | 28000 | 221800 |
| ഡിസ്ട്രിക്റ്റ് കോ.ഓപ്പറേറ്റീവ് ബാങ്ക് | 77,59,309 | 98,52,272 | - | - | - |

ഉദാരമായ വ്യവസ്ഥകളിലും, ചുരുങ്ങിയ പലിശനിരക്കിലും കാർഷിക വായ്പ ലഭ്യമാക്കേണ്ടതുണ്ട്.

## വിപണന സൌകര്യങ്ങരം

കാർഷിക ഉല്പന്നങ്ങൾക്ക് പ്രത്യേക വിപണനസൌകര്യം നമ്മുടെ പഞ്ചായത്തിൽ ഇല്ല. നെല്ലിൻെറ കാര്യത്തിൽ ഉല്പാദനം കുറവായതുകൊണ്ട് വിപണനപ്രശ്നം കാര്യമായി അനുഭവപ്പെടുന്നില്ല. എന്നാൽ നമ്മുടെ പഞ്ചായത്തിലെ പ്രധാന ഉല്പന്നമായ പച്ചക്കറി വിപണനം പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നുണ്ട്. സഹകരണ സംഘങ്ങൾ രൂപീകരിച്ചും, ആഴ്ച ചന്തകൾ സംഘടിപ്പിച്ചും വൻകുളത്ത് വയലിൽ സ്ഥിരം മാർക്കറ്റ് ഉണ്ടാക്കിയും വിപണന സൌകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്.

## കൃഷിഭവൻ

അഴീക്കോട് പഞ്ചായത്തിൽ വൻകുളത്ത് വയലിലാണ് കൃഷിഭവൻ പ്രവർത്തിക്കുന്നത്. കൃഷിഭവൻെറ പ്രവർത്തനത്തിൻെറ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ഒരു കേര കർഷക സമിതിയും, 1,15 വാർഡുകളെ കേന്ദ്രീകരിച്ച് ഔദ്യോഗിക അംഗീകാരം ഇല്ലാത്ത ഒരു സമിതിയും പ്രവർത്തിക്കുന്നുണ്ട്. ഈ രണ്ട് സമിതികൾക്കും കൃഷിഭവൻ മുഖേന ആനുകൂല്യങ്ങൾ കിട്ടുന്നുണ്ട്. നന്നായി പ്രവർത്തിക്കുന്ന രണ്ടു പാടശേഖര സമിതികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 8,9,14 വാർഡുകൾ കേന്ദ്രീകരിച്ചാണ് ഈ പാടശേഖര സമിതികൾ പ്രവർത്തിക്കുന്നത്.

കൃഷി ഭവൻെറ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ ഇപ്പോൾ കൃഷിഭവൻ നടപ്പിലാക്കുന്ന സ്കീമുകളുടെ അവലോകനം അത്യന്താപേക്ഷിതമാണ്.

കൃഷിഭവൻ മുഖേന താഴെകൊടുത്തിരിക്കുന്ന വിവിധ സ്കീമുകളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കർഷകർക്ക് പ്രയോജന പ്രദമായ വിവിധ സ്കീമുകൾ ഉണ്ടെങ്കിലും, നമ്മുടെ പഞ്ചായത്തിലെ കർഷകർ ഈ സ്കീമുകൾ പ്രയോജനപ്പെടുത്തുന്നതിൽ വളരെ പിന്നിലാണ്.

**1. നെല്ല് ഉല്പാദനം വർദ്ധിപ്പിക്കാൻ**

(എ) ഗ്രൂപ്പ് ഫാമിങ് :- നെൽവിത്ത് വിതരണം, ട്രാക്റ്റർ, ട്രില്ലർ, മെതി യന്ത്രം, കൊയ്ത്തു യന്ത്രം, നെല്ല് തൂറ്റു യന്ത്രം, പവ്വർ സ്പ്രെയർ എന്നിവ സബ്സിഡിയിൽ വിതരണം.

299

(ബി) നെല്ല് വിത്തുൽപാദന പദ്ധതി :- നെൽവിത്ത് ഉൽപാദിപ്പിക്കുന്ന പാടശേഖര സമിതിക്ക് ഹെക്റ്ററിന്ന് 300 രൂപ സബ്സിഡിനൽകും.

(സി) മിനി കിറ്റ് വിതരണം (നെൽവിത്ത്)

ഉല്പാദന ശേഷി കൂടിയ പുതിയതരം നെൽവിത്ത് വ്യാപകമാക്കാൻ 2 കിലോ വിത്ത് സൗജന്യമായി വിതരണം ചെയ്യുന്നു.

2. **സമഗ്ര നാളികേര വികസനം :-**

(എ) കിണർ കുഴിക്കൽ :- 30 സെൻറ് സ്ഥലമുള്ള കർഷകർക്ക് ജലസേചന കിണർകുഴിക്കുന്നതിന്ന് 25,000 രൂപ പരമാവധി സബ്സിഡി.

(ബി) പമ്പ്സെറ്റ് സ്ഥാപിക്കൽ :- 30 സെൻറ് സ്ഥലമുള്ള കർഷകന്ന് കൃഷി നനക്കുന്നതിന്ന് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന്ന് സഹായം.

(സി) കുഴൽ കിണർ :- കടലോര പ്രദേശത്ത് കുഴൽ കിണർ കുഴിക്കുന്നതിന്ന് പരമാവധി ഒരാൾക്ക് 800 രൂപ സബ്സിഡി നൽകുന്നു.

(ഡി) കിണർ കുഴിച്ച് വെള്ളം കിട്ടിയില്ലെങ്കിൽ നഷ്ടപരിഹാരം :- ലോൺ എടുത്ത്, ഭൂഗർഭ വകുപ്പ് നിർദ്ദേശിക്കുന്ന സ്ഥലത്ത് കിണർ കുഴിച്ച് വെള്ളം കിട്ടിയില്ലെങ്കിൽ ചിലവായതുക നഷ്ടപരിഹാരം ലഭിക്കും.

(ഇ) കമ്മ്യൂണിറ്റി ഇറിഗേഷൻ :- 5 ഹെക്റ്റർ സ്ഥലത്ത് പത്തു കൃഷിക്കാർക്ക് ജലസേചന സൌകര്യം മെച്ചപ്പെടുത്തുന്നതിന്ന് ഹെക്റ്ററിന്ന് 20,000 രൂപ വീതം സബ്സിഡി.

(എഫ്) ഗ്രൂപ്പ് ഇറിഗേഷൻ :- ചുരുങ്ങിയത് 2ഹെക്റ്റർ സ്ഥലത്ത് 3 കർഷകർക്ക് ജലസേചന സൌകര്യം മെച്ചപ്പെടുത്തുന്നതിന്ന് പരമാവധി 10,000 രൂപ സബ്സിഡി നൽകുന്നു.

(ജി) രോഗ ബാധയുള്ള തെങ്ങ് മുറിച്ചുമാറ്റൽ :-

കാറ്റു വീഴ്ചയുള്ള തെങ്ങ് മുറിച്ചു മാറ്റുന്നതിന്ന് തെങ്ങൊന്നിന്ന് 500 രൂപ നഷ്ടപരിഹാരം നൽകുന്നു. കൂമ്പു ചീയൽ രോഗത്തിന്നും ഇതു ബാധകമാക്കേണ്ടിയിരിക്കുന്നു.

(എച്ച്) തെങ്ങ് കയറ്റ യന്ത്രം :- ഒരു തെങ്ങ് കയറ്റ യന്ത്രത്തിന്ന് പരമാവധി 500 രൂപ സബ്സിഡി.

(ഐ) റോക്കർ സ്പ്രെയർ :- സ്പ്രെയർ ഒന്നിന്ന് 1000 രൂപ സബ്സിഡി നൽകുന്നു.

(ജെ) പച്ചില വളവിത്ത് സബ്സിഡിയിൽ വിതരണം :- പച്ചില വളം പ്രോത്സാഹിപ്പിക്കുന്നതിന്ന് കിലോക്ക് 5 രൂപ സബ്സിഡിയിൽ നല്കുന്നു.

3. **കുരുമുളകിൻെറ ദ്രുതവാട്ട നിയന്ത്രണ പരിപാടി**

(എ) രോഗം നിയന്ത്രിക്കുന്നതിന്ന് തുരിശ്, നീറ്റു കക്ക എന്നിവയുടെ സൌജന്യ വിതരണം.

(ബി) കുരുമുളക് പുനരുദ്ധാരണ പരിപാടി :-

തോട്ടത്തിലെ പ്രായം ചെന്നതും, രോഗബാധയേറ്റതുമായ വള്ളികൾ നീക്കം ചെയ്ത് പുതുതായി വെച്ച്പിടിപ്പിക്കുന്നതിന്ന് ഹെക്റ്ററിന്ന് ഒന്നാം വർഷം 3500 രൂപയും, രണ്ടും മൂന്നും വർഷം 1300രൂപയും 1000 രൂപയും സബ്സിഡി നൽകുന്നു.

(സി) ഊർജ്ജിത കുരുമുളക് കൃഷി വികസനം :- കർഷകർക്ക് ഇടവിളയായി കൃഷിചെയ്യുന്നതിന്ന് വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ സൌജന്യമായി വിതരണം ചെയ്യുന്നു. 1 രൂപ 50 പൈസ വിലയുള്ള വള്ളികൾ 0.75 പൈസക്ക് വിതരണം ചെയ്യുന്നു.

(ഡി) കുരുമുളക് പ്രദർശനത്തോട്ടം :-

ശാസ്ത്രീയമായി വളപ്രയോഗം നടത്തി വിളവ് ഉല്പാദിപ്പിക്കുന്ന രീതി കർഷകർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന്ന് 50 വള്ളികളുള്ള പ്ലോട്ടിന്ന് ഒന്നാം വർഷം 225 രൂപയും, രണ്ടാം വർഷം 140 രൂപയും മൂന്നാം വർഷം 150 രൂപയും സബ്സിഡി നല്കുന്നു.

300

(ഇ) കുരുമുളക് പുതു കൃഷി :-

കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിന്ന് ഹെക്റ്ററിന്ന് 5,000 രൂപയും, രണ്ടും മൂന്നും വർഷം യഥാക്രമം 3000 രൂപയും, 2000 രൂപയും സബ്സിഡി നൽകുന്നു.

(എഫ്) സ്പ്രെയർ വിതരണം :-

സ്പ്രെയർ ഒന്നിന്ന് 750 രൂപ വീതം സബ്സിഡി നല്കുന്നു.

(ജി) മണ്ണ് സംരക്ഷണം :-

കുരുമുളക് തോട്ടത്തിലെ മണ്ണ് സംരക്ഷിക്കുന്നതിന്നുള്ള കയ്യാല നിർമ്മിക്കുന്നതിന്ന് മൊത്തം ചിലവിന്റെ 25%, പരമാവധി 3000 രൂപ സബ്സിഡി നൽകുന്നു.

4. **പച്ചക്കറി ഉൽപാദന പരിപാടി**

വിദ്യാർത്ഥികൾ, യുവാക്കൾ, ചെറുകിട കർഷകർ എന്നിവർക്ക് പച്ചക്കറി കൃഷിയിൽ പ്രോത്സാഹനം.

(എ) തിരഞ്ഞെടുക്കപ്പെട്ട യു.പി., ഹൈസ്ക്കൂൾ വിദ്യാർത്ഥികളുടെ വീട്ടുപറമ്പിൽ 2 സെൻറ് പച്ചക്കറി കൃഷി ചെയ്യുന്നതിന്ന് വിത്ത് സൌജന്യമായി വിതരണം ചെയ്യും. ഏറ്റവും കൂടുതൽ വിളവ് ഉൽപാദിപ്പിക്കുന്ന കുട്ടികൾക്ക് കാഷ് അവാർഡ് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ സംസ്ഥാനതലത്തിൽ നൽകുന്നു.

(ബി) സ്ക്കൂൾ കോംബൌണ്ടിൽ പച്ചക്കറി :-.

സ്ക്കൂൾ കോംബൌണ്ടിൽ പച്ചക്കറി കൃഷി 10 സെൻറ് സ്ഥലത്ത് കൃഷി ചെയ്യുന്നതിന്ന് 150 രൂപയുടെ വിത്തും വളവും, 350 രൂപയുടെ സ്പ്രെയർ കാർഷിക പണിയായുധങ്ങൾ, പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന്ന് 5000 രൂപ ധനസഹായവുംനൽകും. ഏറ്റവും കൂടുതൽ വിളവ് ഉൽപാദിപ്പിക്കുന്ന സ്ക്കൂളിന്നു ജില്ലാ-സംസ്ഥാന തലത്തിൽ കാഷ് അവാർഡ് നൽകുന്നു. കൃഷിയുടെ മേൽനോട്ടം വഹിക്കുന്ന സ്ക്കൂൾ അദ്ധ്യാപകനും കാഷ് അവാർഡ് നല്കും.

ഇതു കൂടാതെ ചെറുകിടപരിമിത കർഷകർക്ക് 150 രൂപ വിലവരുന്ന പച്ചക്കറി വിത്തും കീടനാശിനിയും, 10 രൂപാ നിരക്കിൽ വിതരണം നടത്തുന്നു. കൂടാതെ പച്ചക്കറി വിത്തുകൾ വില്പനയും നടത്തുന്നു.

5. **പയർ കൃഷി വികസനം**

(എ) കേന്ദ്രപദ്ധതി :- (കേന്ദ്ര സർക്കാർ സ്കീം)

4 കിലോ പയർ വിത്ത് സൌജന്യമായി വിതരണം ചെയ്യുന്നു.

(ബി) പയർ കൃഷി വ്യാപിപ്പിക്കുന്നതിന്ന് 10 ഹെക്റ്റർ സ്ഥലമെങ്കിലും ഉള്ള പാടശേഖരത്തിന്ന് 1100 രൂപ സബ്സിഡി നൽകുന്നു.

(സി) പയർ വിത്തിൽ പുരട്ടുന്നതിന്ന് റൈസോബിയം കർചർ എന്ന ജീവാണുവളം ഹെക്റ്ററിന്ന് 15 രൂപ സബ്സിഡി നൽകും.

(ഡി) ബോധവല്ക്കരണം, പരിശീലന പരിപാടികൾ നടത്തുന്നു.

(ഇ) സംസ്ഥാന പദ്ധതി :-

പയർ കൃഷി വ്യാപിപ്പിക്കുന്നതിന്ന് ഹെക്റ്ററിന്ന് 400 രൂപ സബ്സിഡി നൽകുന്നു (വിത്ത്, ജിവാനു വളം, കീട നാശിനി മുതലായവക്ക്)

6. **കമുക് കൃഷി വികസനം**

(എ) കമുകിന്റെ മഹാളിരോഗം നിയന്ത്രിക്കുന്നതിന്ന് തുരിശ് 50% സബ്സിഡിയിൽ നൽകുന്നു.

(ബി) റോക്കർ സ്പ്രെയർ വാങ്ങുന്നതിന്ന് 900 രൂപ സബ്സിഡി നൽകുന്നു.

(സി) മഞ്ഞളിപ്പ് രോഗം ബാധിച്ച കമുക് മുറിച്ചു മാറ്റുന്നതിന്ന് 100 രൂപ തോതിൽ വിതരണം ചെയ്യുന്നു.

(ഡി) കമുകിൻ തോട്ടത്തിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന്ന് 1500രൂപയും, കിണർ / കുളം കുഴിക്കുന്നതിന്ന് 2500 രൂപയും സബ്സിഡി നൽകുന്നു.

(ഇ) ഗുണ നിലവാരമുള്ള കമുകിൻ തൈകൾ വിതരണം ചെയ്യുന്നു.

7. **പഴവർഗ്ഗ വികസനം**

(എ) വാഴ, മാവ്, മറ്റ് പഴവർഗ്ഗച്ചെടികൾ പുനരുദ്ധാരണ പദ്ധതിയിൽ പെടുത്തി സബ്സിഡി നൽകുന്നു.

(ബി) സൌജന്യമായി പഴവർഗ്ഗ ചെടികൾ വിതരണം ചെയ്യുന്നു

8. **കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി**

മരച്ചീനി, മധുരക്കിഴങ്ങ്, കാച്ചിൽ, ചേന, കൂർക്ക, കൂവ എന്നിവയുടെ ഉല്പാദന ശേഷി കൂടിയ ഇനങ്ങൾ വൻതോതിൽ കൃഷിചെയ്യുവാൻ കർഷകർക്ക് ധനസഹായം നല്കുന്നു.

9. **എണ്ണക്കുരുക്കളുടെ വികസനം**

നിലക്കടല, എള്ള്വിത്ത് എന്നിവ സൌജന്യമായി വിതരണം ചെയ്തു കൃഷി വ്യാപിപ്പിക്കുന്നു.

10. **സുഗന്ധവിള കൃഷി വികസനം**

ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, മുളക് മുതലായ കൃഷികൾക്ക് സബ്സിഡി നൽകുന്നു.

11. **കശുമാവ് കൃഷി വികസനം**

(എ) കൃഷി വ്യാപിപ്പിക്കുന്നതിന്ന് കശുമാവ് ഗ്രാഫ്റ്റുകൾ സൌജന്യമായി വിതരണം ചെയ്യും.

(ബി) കശുമാവിൻെറ പൂകരിച്ചലിന്നെതിരെ, കീടനാശിനി സബ്സിഡിയിൽ വിതരണം ചെയ്യുന്നു.

(സി) നിലവിലുള്ള കശുമാവിൻെറ ആദായം വർദ്ധിപ്പിക്കുന്നതിന്ന് വളം, കീടനാശിനി, വേപ്പെണ്ണ എന്നിവ വിതരണം ചെയ്യുന്നു.

12. **വെറ്റില കൃഷി പ്രോത്സാഹനം**

വെറ്റില കൃഷി പ്രോസ്താഹിപ്പിക്കുന്നതിന്ന് സബ്സിഡി.

13. **ജൈവ വളം പ്രോത്സാഹനം**

ജൈവ വളം പ്രോസ്താഹിപ്പിക്കുന്നതിന്ന്, കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്നതിന്ന് ഒന്നിന്ന് 25 രൂപയും, പച്ചിലവളവിത്തിന്ന് കിലോക്ക് 3 രൂപയും, സബ്സിഡി നൽകുന്നു.

14. **പട്ടികജാതി കോളനി വികസനം**

നിലവിലുള്ള പട്ടിക ജാതി കോളനികളിലെ കൃഷികൾക്ക് വളം, നടീൽ വസ്തുക്കൾ, 30 സെൻറ് സ്ഥലമുള്ള ആൾക്ക് പമ്പ് സെറ്റ്, കിണർ എന്നിവയും, കോളനിക്ക് മൊത്തമായി കിണറും പമ്പുസെറ്റും സൌജന്യമായി നൽകുന്നതാണ്.

15. **ബയോഗ്യാസ് വികസനപദ്ധതി**

രണ്ടു പശുക്കളെങ്കിലും ഉള്ള കർഷകന്ന് ബയോഗ്യാസ് പ്ലാൻറ് ഉണ്ടാക്കുന്നതിന്ന് 2000 രൂപ സബ്സിഡി നൽകുന്നതാണ്.

16. **പോഷകാഹാരചെടികളും/നടീൽ വസ്തുക്കളും വിതരണം**

സൌജന്യമായി പഴവർഗ്ഗ ചെടികൾ വിതരണം ചെയ്യുന്നു.

17. **മണ്ണു പരിശോധന**

കർഷകരുടെ പുരയിടത്തിലെ / വയലിലെ മണ്ണ് സാമ്പിളുകൾ കൃഷിഭവൻ വഴി സൌജന്യമായി പരിശോധിച്ചുകൊടുക്കുന്നു.

302

## 18. കാർഷികോൽപന്നങ്ങൾ ഉൽപാദിക്കുന്നതിന്ന് പൊതുജന പങ്കാളിത്തം :-

കാർഷികഉൽപന്നങ്ങൾ വർദ്ധിച്ച തോതിൽ ഉൽപാദിപ്പിക്കുന്നതിന്ന് കർഷകർക്ക് വിജ്ഞാനം നൽകുന്നതിന്ന് സെമിനാറുകൾ, മേളകൾ എന്നിവയും, 500 രൂപ എന്ന തോതിൽ നല്ലനെല്ല്, തെങ്ങ്, പച്ചക്കറി, സമ്മിശ്ര കൃഷിക്കാർക്ക് കേഷ് അവാർഡും നൽകുന്നു.

## 19. വിള ഇൻഷ്വറൻസ് പദ്ധതി

25 വിളകൾക്ക് വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചൽ ഭൂമികുലുക്കം, കടലാക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ എന്നിവ കാരണം കൃഷി നശിച്ചാൽ ആനുകൂല്യം ലഭിക്കുന്നു.
രോഗബാധ ഏൽക്കുന്ന വിളകളേയും ഈ ഇനത്തിൽ പെടുത്തേണ്ടിയിരിക്കുന്നു.

## 20. യുവജനങ്ങളുടെ പ്രത്യേക തൊഴിൽദാന പദ്ധതി

അഴീക്കോട് പഞ്ചായത്തിൽ കഴിഞ്ഞ വർഷം അംഗങ്ങളായ 87 ആൾക്കാർക്ക് ഈ വർഷം സ്കീം വരേണ്ടിയിരിക്കുന്നു.

കാർഷിക മേഖലയിൽ നമ്മുടെ സംസ്ഥാനവും, പഞ്ചായത്തും അഭിമുഖീകരിക്കുന്ന മുരടിപ്പിൻെറ രേഖാചിത്രം നാം ഇതുവരെ നടത്തിയ കാർഷിക അവലോകനത്തിൽ നിന്നുംനമുക്കു മനസ്സിലാക്കാം. നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധി കാർഷിക വികസനത്തിലൂടെ മാത്രമേ നമുക്ക് തരണം ചെയ്യാൻ സാധിക്കുകയുള്ളൂ. അതിന്നനുസൃതമായ വികസനതന്ത്രങ്ങൾ നാം ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഇതിലേക്ക് പരിഗണിക്കപ്പെടേണ്ട നിർദ്ദേശങ്ങളുടെ ഒരു പട്ടിക സംക്ഷിപ്തമായി താഴെ ചേർക്കുന്നു.

## 1. നെൽകൃഷി വികസനം :-

ഭക്ഷ്യോൽപാദനത്തിൽ സംസ്ഥാനത്തിൻെറ സ്വാശ്രയത്തിൻെറ തോത് ഇന്നത്തെ നിലയിലെങ്കിലും, നിലനിർത്തണമെങ്കിൽ നെൽ കൃഷി വികസനത്തിന്ന് ഊന്നൽ നൽകിയേ മതിയാവൂ. ഉൽപാദന ക്ഷമതയിൽ കാര്യമായ വർദ്ധനവ് കൈവരിക്കുന്നതിന്ന് സാദ്ധ്യതയുള്ളതും, ജലസേചന സൌകര്യമുള്ളതും, നെൽകൃഷിക്കനുകൂലമായ പരിസ്ഥിതി നിലനിൽക്കുന്നതുമായ പ്രദേശങ്ങളിൽ പാടശേഖര അടിസ്ഥാനത്തിൽ ഈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. കൂട്ടായ്മയിലൂടെ കൃഷിച്ചെലവ് കുറച്ചു കൊണ്ടുവരാം. ഗ്രൂപ്പ് ഫാമിങ്ങ് സമിതികളിലൂടെ ഈ ലക്ഷ്യം കൈവരിക്കാവുന്നതാണ്. ഒരുപ്പൂനിലങ്ങൾ ഇരുപ്പൂവാക്കുന്നതിന്നും, ഇരുപ്പൂനിലങ്ങളിൽ മൂന്നാം വിളയായി പയർ, പച്ചക്കറി, പച്ചില വളങ്ങൾ എന്നിവയുടെ കൃഷി സംഘടിപ്പിക്കുന്നതിന്നുമുള്ള പൊതുസ്വഭാവമുള്ള പരിപാടികൾക്ക് ഇണങ്ങിപ്പോകാവുന്ന ക്ഷീരോല്പാദനം, കോഴി വളർത്തൽ, മത്സ്യകൃഷി എന്നിവ സംയോജിപ്പിക്കുന്നതിന്നുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്

## 2. തരിശുഭൂമികൾ കൃഷിയുക്തമാക്കൽ:

ഭൂവിനിയോഗത്തിലും, കൃഷിസാന്ദ്രതയിലും നമ്മുടെ സംസ്ഥാനം ഏറെ മുൻപന്തിയിലാണെങ്കിലും, പല പ്രദേശങ്ങളിലും കൃഷിയുക്തമായ ഭൂമികൾതരിശിടുന്ന പ്രവണത വർദ്ധിച്ചു വരുന്നുണ്ട്. നീർവാർച്ച കുറഞ്ഞ വെള്ളക്കെട്ടുള്ള പ്രദേശങ്ങളും വിളയിറക്കാൻ പ്രയാസകരമായ വെട്ടുകൽ പ്രദേശങ്ങളുമാണ് തരിശുഭൂമിയുടെ പട്ടികയിൽ പ്രധാനമായവ. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ നെല്ല്, തെങ്ങ് തുടങ്ങിയ വിളകളുമായി ഇണങ്ങിപ്പോകുന്ന മത്സ്യം വളർത്തൽ സംരംഭങ്ങളും കൂട്ടിച്ചേർത്ത് കാർഷികവരുമാനം പരമാവധി വർദ്ധിപ്പിക്കാവുന്ന വികസന പദ്ധതികൾ ആസൂത്രണം ചെയ്യാം. വിറക് ക്ഷാമമുള്ള സ്ഥലങ്ങളിൽ ഹ്രസ്വകാലം കൊണ്ട് വളരുന്ന വിറകിന്നുള്ള വൃക്ഷങ്ങളും, കന്നുകാലികളേറെയുള്ളിടത്ത് തീറ്റയായി ഉപയോഗിക്കാവുന്ന വൃക്ഷങ്ങളും, തടിവേണ്ടിടത്ത് അതിനുള്ള വൃക്ഷങ്ങളും വെച്ചുപിടിപ്പിക്കുന്നതിന്നുള്ള പരിപാടികൾ ആവിഷ്ക്കരിക്കാം.

## 3. വിളസാന്ദ്രത വർധിപ്പിക്കൽ

ഒരുപ്പുനിലങ്ങൾ ഇരുപ്പൂനിലങ്ങളാക്കുന്നതിന്നും, ഇരുപ്പൂനിലങ്ങളിൽ പച്ചക്കറി, മധുരക്കിഴങ്ങ്, പയറു വർഗ്ഗങ്ങൾ, തണ്ണീർ മത്തൻ, പച്ചില വിളകൾ തുടങ്ങിയവ മൂന്നാം വിളയായി കൃഷിയിറക്കുന്നതിന്നും ഉള്ള പദ്ധതികൾ നടപ്പാക്കാവുന്നതാണ്. തെങ്ങ്, കവുങ്ങ്, കുരുമുളക് തുടങ്ങിയ ദീർഘകാല വിളകളുടെ കാര്യത്തിൽ വേണ്ടത്ര സാന്ദ്രത ഇല്ലാത്ത പ്രദേശങ്ങളിൽ കൂടുതൽ തൈകൾ വെച്ചു പിടിപ്പിക്കണം. ഭൂമി ലഭ്യമാക്കുന്നതിന്ന് പരിമിതികളുള്ള നമ്മുടെ

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ശ്രദ്ധപതിയേണ്ട ഒരു മേഖലയാണ് ഇത്. അതുപോലെ പുരയിടങ്ങളിൽ കുടുംബ പങ്കാളിത്തത്തോടെ സംഘടിപ്പിക്കാവുന്ന കൃഷികൾ നടത്താൻ ശ്രമിക്കണം.

### 4. ജലസേചന സൌകര്യങ്ങൾ വർദ്ധിപ്പിച്ച് ഉൽപാദന ക്ഷമത വർദ്ധിപ്പിക്കൽ

ജലസേചനം വ്യാപകമാക്കിയാൽ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയ ഒട്ടേറെ വിളകളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്. ജല ദൌർലഭ്യമുള്ള പ്രദേശങ്ങളിലും, നീർവാർച്ച കൂടിയ പ്രദേശങ്ങളിലും, ഡ്രിപ്പ്, സ്പ്രിംഗളർ തുടങ്ങിയ ജലസേചന സംവിധാനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. അതുപോലെ നീർക്കെട്ടുള്ള പ്രദേശങ്ങളിൽ മഴക്കാലത്ത് ജലം സംഭരിച്ച്, മറ്റു അവസരങ്ങളിൽ ഈ ജലം കൃഷിക്ക് ഉപയുക്തമാക്കാനുള്ള പദ്ധതികൾ ആലോചിക്കാവുന്നതാണ്.

### 5. മണ്ണ് - ജല സംരക്ഷണം

ജല നിർഗമന പാതയിലുടനീളം മണ്ണു സംരക്ഷണവും, ജല പരിപാലനവുംവഴി മണ്ണൊലിപ്പിൻെറ ആക്കം കുറച്ചുകൊണ്ടുവരാൻ സാധിക്കുന്നതാണ്.

### 6. വൃക്ഷവിളകളുടെ പുനരുദ്ധാരണം

തെങ്ങ്, കുരുമുളക്, കശുമാവ് തുടങ്ങിയ പരമ്പരാഗത വൃക്ഷവിളകളെ സംബന്ധിച്ചിടത്തോളം അവയിൽ ഏറിയ പങ്കും പ്രായാധിക്യംകൊണ്ട് ഉത്പാദന ക്ഷമത കുറഞ്ഞു വരുന്നനിലയിലാണ്. ഉല്പാദനക്ഷമതകുറഞ്ഞ വൃക്ഷങ്ങളുടെ പുനരധിവാസം ബാക്കിയുള്ളവയുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കുന്നതാണ്. ഉൽപാദന ക്ഷമത കുറഞ്ഞവക്ക് പകരം നടേണ്ട ജനുസ്സുകൾ തീരുമാനിക്കുന്നതിന്ന് മുമ്പ് അവയുടെ പ്രാദേശികമായ അനുയോജ്യത പരിശോധിക്കണം.

### 7. പച്ചക്കറി കൃഷി

നാം നിത്യേന ഉപയോഗിക്കുന്ന പച്ചക്കറികളുടെ കാര്യത്തിൽ സമ്പൂർണ്ണ സ്വയംപര്യാപ്തത കൈവരിക്കാൻ പരിമിതികളുണ്ട്. എന്നാൽ വെണ്ട, പയർ, വഴുതിന, പടവലം, പാവൽ, വെള്ളരി, ചീര, ചേമ്പ്, ചേന, കാച്ചിൽ, കൂർക്ക, കയ്പ തുടങ്ങിയ ഒട്ടേറെ ഇനങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽ നന്നായി വളരുന്നവയാണ്. പച്ചക്കറി കൃഷിക്കാരെ പരസ്പരം സഹായിക്കുന്ന സ്വയം സേവന സംഘങ്ങളാക്കി കൃഷിക്കുവേണ്ട സേവനങ്ങളും പരിശീലനവും നല്കാവുന്നതാണ്. പച്ചക്കറി കഴിയുന്നത്ര എല്ലാ വീട്ടുമുറ്റങ്ങളിലും കൃഷിചെയ്തുകൂടേ എന്ന ആശയത്തിൻെറ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി പഞ്ചായത്തിൽ ആസൂത്രണം ചെയ്ത് വിജയകരമായി നടപ്പിലാക്കിയ ജനകീയ പച്ചക്കറി കൃഷി വ്യാപകമാക്കാവുന്നതാണ്. സഹകരണ സംഘങ്ങളിലൂടെയും, പച്ചക്കറി കൃഷി വ്യാപിപ്പിക്കാവുന്നതാണ്.

### 8. നൂതന കൃഷിസംരംഭങ്ങൾ

കൂൺ കൃഷി, ഔഷധ സസ്യകൃഷി, പൂകൃഷി, തുടങ്ങിയ ഒട്ടേറെ നൂതന കൃഷി സമ്പ്രദായങ്ങൾ വിപുലമായ തോതിൽ സംഘടിപ്പിക്കുന്നതിന്നുള്ള സാദ്ധ്യതകൾ ഉണ്ട്.

### 9. പഴവർഗ്ഗ കൃഷി

പഴവർഗങ്ങളുടെ ഉത്പാദനത്തിൽ ബത്തക്ക, വാഴപ്പഴം, കൈതച്ചക്ക, മാങ്ങ, ചക്ക, പേര എന്നീയിനങ്ങൾക്കാണ് കൂടുതൽ സാദ്ധ്യതകളുള്ളത്. നമ്മുടെ പരിസ്ഥിതിക്ക് ഇണങ്ങിയ ഇനങ്ങൾ കണ്ടെത്തുകയും, അവയുടെ നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുകയും വേണം. സാദ്ധ്യമായ ഇനങ്ങൾക്ക് ജനിതക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ശീഘ്രഉൽപാദന സങ്കേതങ്ങളും സ്വീകരിക്കണം.

### 10. മൃഗസംരക്ഷണവും, വൈവിധ്യവൽക്കരണവും

കർഷകൻെറ വിള സമ്പ്രദായവുമായി ഇണങ്ങി പരസ്പരപൂരകങ്ങളായി വർത്തിക്കുന്ന വിള-കന്നുകാലി രീതിയാണ് വികസിപ്പിക്കേണ്ടത്. പുല്ലും തീറ്റയും എത്രകണ്ട് കുറഞ്ഞവിലക്ക് ലഭ്യമാക്കാൻ കഴിയുമോ, അതിനെ ആശ്രയിച്ചിരിക്കുന്നു ഈ മേഖലയുടെ ഭാവി. അവശ്യം വേണ്ട കാർഷിക പശ്ചാത്തലവും, താല്പര്യവുമുള്ള കർഷക കുടുംബങ്ങളെ കണ്ടെത്തി പ്രാദേശിക പരിസ്ഥിതി കൂടി കണക്കിലെടുത്തുവേണം കന്നുകാലികളെ തെരഞ്ഞെടുക്കാൻ. ക്ഷീരോത്പാദനത്തോടൊപ്പം കോഴിവളർത്തലും ശ്രദ്ധിക്കപ്പെടണം. എരുമയും, ആടും വളർത്തുന്നതിന്നുള്ള

സാദ്ധ്യതകൾ ആരായണം. ആവശ്യമായ കന്നുകുട്ടികളേയും, കോഴി, താറാവ് തുടങ്ങിയവയുടെ കുഞ്ഞുങ്ങളേയും വിതരണം ചെയ്യുന്നതിന്നുള്ള നടപടികൾ തയ്യാറാക്കണം. ജലസേചനം ഒരുക്കാവുന്ന തെങ്ങിൻ തോപ്പുകളിൽ പുൽ കൃഷിപ്രോത്സാഹിപ്പിക്കുക വഴി ആദായകരമായ ക്ഷീരവികസനം സാദ്ധ്യമാണ്.

## 11. മത്സ്യവികസനം

കടൽ മത്സ്യബന്ധനം അതിൻെറ പാരമ്യത്തിൽ എത്തിനിൽക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ മത്സ്യ വിഭവ സ്രോതസ്സുകളുടെ പരിരക്ഷണവും, സചേതനമായ വിനിയോഗവും അനിവാര്യമാണ്. കടലോര പ്രദേശങ്ങളിലുള്ള മറ്റു ജലസ്രോതസ്സുകൾ അതായത് കായലോരങ്ങൾ, ചെളിക്കെട്ടുകൾ, വയൽ പ്രദേശങ്ങൾ തുടങ്ങിയവയൊക്കെ മത്സ്യംവളർത്തലിന്ന് ഉപയോഗിക്കുന്നതിന്ന് ഊന്നൽ നൽകേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ ചെറിയ തോടുകൾ, കുളങ്ങൾ, റിസർവോയറുകൾ തുടങ്ങിയവയും മത്സ്യകൃഷിക്ക് വേണ്ടി വിനിയോഗിക്കാവുന്നതാണ്. ഇതുകൂടാതെയുള്ള പലതരം ജലകൃഷി സംരംഭങ്ങളും ഇന്ന് നിലവിലുണ്ട്. ചെമ്മീൻ കൃഷി, ചിപ്പികൃഷി, മുത്തുവളർത്തൽ, കടൽമത്സ്യകൃഷി, അലങ്കാരമത്സ്യകൃഷി, കടൽപ്പായൽകൃഷി, ഞണ്ടു കൃഷി, കല്ലുമ്മക്കായ കൃഷി എന്നിവ ഈ ഇനത്തിൽപെട്ട ചില ജലകൃഷി സംരംഭങ്ങളാണ്.

## 12. വനപരിപാലനം

വനവൽക്കരണത്തിന്ന് വളരെ അനുഗൃഹീതമായ നാടാണ് നമ്മുടേത് : വനവിഭവങ്ങളുടെ ആവശ്യം അനുദിനം വർദ്ധിച്ചു വരുന്നു. നമുക്ക് വേണ്ട തടിക്കും, വ്യവസായാവശ്യങ്ങൾക്കും വനസമ്പത്തിനെ മാത്രം ആശ്രയിക്കുന്നത് ശരിയായ സമീപനമല്ല. മരം വളർത്തുക എന്നുള്ളത് പരമ്പരാഗതമായി നമ്മുടെ കൃഷി വികസന സങ്കൽപത്തിൻെറ ഭാഗമാണ്. മരം വളരുന്നതിന്ന് എല്ലാ പ്രദേശത്തും സാദ്ധ്യതകളുണ്ട്. വീട്ടുവളപ്പുകളിലെ ഒഴിഞ്ഞ കോണുകളിലും, വൃക്ഷവിളകളുടെ ഇടയിലുള്ള സ്ഥലങ്ങളിലും, പുറമ്പോക്ക് തരിശുകളിലും, ക്ഷേത്ര പരിസരങ്ങളിലും, റോഡുവക്കുകളിലും, തോട്ടുവക്കുകളിലും, പുഴയോരങ്ങളിലും, സ്ക്കൂൾ വളപ്പുകളിലും, എന്തിന് സാധ്യമായ എല്ലാ പ്രദേശങ്ങളിലും മരം നടുന്നതിന്നുള്ള സാധ്യത ആരായാവുന്നതാണ്.

ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളും നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

### പ്രശ്നങ്ങൾ

1. കൃഷിപ്പണികൾക്ക് തൊഴിലാളികളെ ലഭിക്കുന്നില്ല.
2. വളങ്ങൾക്കുള്ള അമിതമായ വില.
3. നീർക്കെട്ട് നെല്ല് കൃഷിയെ ബാധിക്കുന്നു.
4. കാലാവസ്ഥയും രോഗബാധയും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.
5. നാളികേരങ്ങൾക്ക് വേണ്ടത്ര വില ലഭ്യമല്ല.
6. പച്ചക്കറികൾക്ക് വേണ്ടത്ര വിപണന സൗകര്യമില്ല.
7. നെൽപ്പാടങ്ങളിലെ വരിനെല്ല്.
8. വളപട്ടണം പുഴയിൽനിന്നും ഉപ്പുവെള്ളം കയറുന്നതുകൊണ്ട് സമീപദേശത്ത് കൃഷി യോഗ്യമല്ലാതാകുന്നു.
9. താവകളിൽ ഒന്നാം വിളക്ക് വെള്ളം കൂടിയതിനാലും രണ്ടാം വിളക്ക് വെള്ളം ലഭിക്കാത്തതുകൊണ്ടും കൃഷി നടത്തുവാൻ കഴിയുന്നില്ല.
10. കാർഷിക ജോലിയിൽ ഏർപ്പെട്ടവർക്ക് സ്ഥിരവരുമാനം ലഭിക്കുന്നില്ല.
11. കാർഷിക മേഖലയിലെ പുതിയ കൃഷിരീതികളുടെ അഭാവം.
12. ബാങ്കുകളിൽ നിന്നും കർഷകർക്ക് സാമ്പത്തിക സഹായം ലഭിക്കുവാനുള്ള സാഹചര്യം കുറവാണ്.
13. ഭൂമിയുടെ കിടപ്പ്, ജലത്തിൻെറ ദൗർലഭ്യം, മണ്ണിൻെറ ഗുണനിലവാരക്കുറവ് എന്നിവ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.
14. ഗതാഗത സൗകര്യങ്ങളുടെ കുറവ് കാരണം ആധുനിക കൃഷിയുപകരണങ്ങൾ വയലിലിറക്കാൻ സാധ്യമല്ല.

305

**നിർദ്ദേശങ്ങൾ**

1. പുഴയിൽനിന്നും ഉപ്പുവെള്ളം കയറുന്നതു തടയാൻ പുഴയോരത്ത് ഭിത്തികെട്ടുക.
2. കൃഷിഭവൻ മുഖേന കൃഷിക്കാർക്ക് ഫലപ്രദമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. ഉപയോഗശൂന്യമായി കിടക്കുന്ന പഞ്ചായത്ത് കിണറുകൾ നന്നാക്കുക.
4. അത്യല്പാദന ശേഷിയുള്ള നെൽവിത്തുകൾ, വളം, കീടനാശിനി എന്നിവയഥാസമയം കൃഷിക്കാർക്ക് ലഭ്യമാക്കുക.
5. ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തുക.
6. കാർഷികാവശ്യത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.
7. കൂട്ടുകൃഷി സമ്പ്രദായം നടപ്പാക്കുക.
8. തോടുകളുടെ അപാകതകൾനീക്കി വെള്ളത്തിൻെറ ഒഴുക്ക് സുഗമമാക്കുക.
9. വേലിയേറ്റമനുഭവപ്പെടുന്ന തോടുകളിൽ ചീർപ്പിടുക
10. മുണ്ടോൻ വയൽ കൃഷിക്ക് അനുയോജ്യമാക്കുന്നതിന് നിലവിലുള്ള തോട് ആഴം കൂട്ടി ജലസേചന സൗകര്യമുള്ളതാക്കണം.
11. പാഴായിക്കിടക്കുന്ന കൃഷി ഭൂമി കൃഷിക്ക് ഉപയോഗിക്കുന്നതിനാവശ്യമായ കർശന നടപടി വേണം.
12. ഓർക്കിഡ്, കുറ്റിമുല്ല, തുടങ്ങിയ കൃഷിക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം.
13. കേര കർഷക സമിതിയുമായി ബന്ധപ്പെട്ട് കൊപ്ര സംഭരണവും വെളിച്ചെണ്ണ ഉല്പാദനവും നടത്തണം.
14. തെങ്ങ് കയറ്റത്തിനുള്ള ബോധവത്ക്കരണം കൃഷി ഭവൻ മുഖേന നല്കണം.
15. ആറാം വാർഡിലെ താവയിലെ ഒരുഭാഗം കുളം കുഴിക്കുകയാണെങ്കിൽ മൽസ്യകൃഷിക്കനുയോജ്യമാണ്.
16. ജലസേചന സൗകര്യം വർദ്ധിപ്പിച്ചാൽ ഇടവിളകൃഷിയും പച്ചക്കറികൃഷിയും നടത്തുവാൻ സാധ്യമാണ്.
17. മണ്ണ് പരിശോധന ആവശ്യമാണ്.
18. കൃഷിക്ക് വേണ്ടത്ര വെള്ളം ലഭിക്കാൻ കിഴക്കെ കാപ്പിൽനിന്നും പടിഞ്ഞാറെ കാപ്പിൽനിന്നും വരുന്ന വെള്ളം സംഭരിച്ച് ജലസേചന സൗകര്യമുണ്ടാക്കണം.
19. പച്ചക്കറി കൃഷി വർദ്ധിപ്പിക്കാൻ കൂട്ടുകൃഷി സമ്പ്രദായം നടപ്പാക്കണം.
20. അടുക്കളത്തോട്ടം നിർമ്മിക്കാൻ പ്രോത്സാഹനം നല്കുക.
21. പച്ചക്കറിയാവശ്യങ്ങൾക്ക് സൊസൈറ്റി രൂപീകരിക്കുക.
22. പച്ചക്കറി വയലുകളിലേക്ക് ഗതാഗത സൗകര്യം വർദ്ധിപ്പിക്കണം.
23. നെടുന്തോടുവയലും മുല്ലോളിവയലും കൂട്ടുകൃഷി നടത്തുവാൻ പറ്റിയ പ്രദേശമാണ്.
24. പടിഞ്ഞാറെ കാപ്പിൻെറ ആഴം കൂട്ടി, ചുറ്റും ഉയരത്തിൽ ബണ്ടുകെട്ടി, പാടത്തിനരികിലുള്ള തോടുകൾനന്നാക്കി വെള്ളത്തിൻെറ ഒഴുക്കു സുഗമമാക്കണം.
25. നീർക്കടവ് - വായിപ്പറമ്പ് റോഡിൽ പച്ചക്കുന്നിൻെറ താഴെ വയലിനോട് ചേർന്ന ഭാഗത്ത് തോട് കെട്ടി വെള്ളം പടിഞ്ഞാറ് ഭാഗത്ത് തിരിച്ചു വിട്ടാൽ കൃഷിക്കനുയോജ്യമായ സ്ഥലം ലഭ്യമാകും.
26. ഇളനീർ വെള്ളം ശീതളപാനീയമായി ഉപയോഗിക്കാനുള്ള പദ്ധതി പഞ്ചായത്തു തലത്തിൽ ഉണ്ടാവണം.
27. തെങ്ങുകൃഷിയുടെ ഇടയിൽ ഇടവിളയായി വാഴ കൃഷിനടത്തുവാൻ പ്രേരിപ്പിക്കുക.
28. രണ്ടാംവിള കൃഷിചെയ്യാൻ ചേണിച്ചേരിക്കുളം, താവ എന്നിവ റിപ്പേർചെയ്ത് ജലസേചന സൗകര്യമുണ്ടാക്കണം.
29. പല സ്ഥലങ്ങളിലുമുള്ള നീർക്കെട്ടു മാറ്റാനുള്ള സംവിധാനം ഉണ്ടാക്കണം.
30. കാർഷിക മേഖലയിലെ രോഗങ്ങൾ തടയുവാൻ നടപടിവേണം.
31. ആവിച്ചാൽ നിന്നും അഞ്ചോതിയിൽനിന്നും തുടങ്ങുന്ന തോടുകളിലേക്ക് (തെക്കേച്ചാൽ) പാടങ്ങളിൽ നിറയുന്ന വെള്ളംവാർന്നുപോകുന്നതിനുള്ള സംവിധാനം വേണം.
32. തരിശായി കിടക്കുന്ന കൃഷിഭൂമിയിൽ തീറ്റപ്പുല്ല് കൃഷിചെയ്യുക.
33. പ്രകൃതിക്ഷോഭംമൂലം നശിച്ചു പോകുന്ന കൃഷികൾക്ക് സാമ്പത്തിക സഹായം നല്കുക.
34. പച്ചക്കറി വിത്ത് ശാസ്ത്രീയമായി ഉൽപാദിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

◆ ◆ ◆ ◆

# മൃഗസംരക്ഷണവും മത്സ്യമേഖലയും

## മൃഗസംരക്ഷണം

കുന്നുകളും, സമതലങ്ങളും ചേർന്ന ഭൂവിഭാഗമാണ് അഴീക്കോട് പഞ്ചായത്ത്. കാർഷികവൃത്തിയോടൊപ്പം കന്നുകാലി വളർത്തലും ഇവിടെ മുഖ്യതൊഴിലായി നടന്നിരുന്നു. കൃഷിക്കാവശ്യമായ ജൈവവളം കന്നുകാലിവളർത്തലിൽ നിന്നുമാണ് സ്വരൂപിച്ചിരുന്നത്. അന്ന് മേച്ചിൽ പുറങ്ങളും ധാരാളമായി ഉണ്ടായിരുന്നു. നെൽവയലുകൾ ഉഴുതുമറിക്കുന്നതിനും, വണ്ടിവലിക്കുന്നതിനും, എണ്ണയാട്ടുന്നതിനും കാളകളെ ഉപയോഗിച്ചിരുന്നു.

ആടുവളർത്തൽ അധികവും മുസ്ലീം വീടുകളിൽ നടക്കുന്നു. മാംസോൽപാദനത്തിനുള്ള ആടുവളർത്തൽ വ്യാപകമായി നടക്കുന്നില്ല. പശുവാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗം. ഇപ്പോഴുള്ള കന്നുകാലികളിൽ കൂടുതലും സങ്കരയിനമാണ്. ശരിയായ പരിപാലനമില്ലാത്തതിനാൽ അവയുടെ ഉൽപാദനം മെച്ചപ്പെട്ടതല്ല. ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ എഴുപത് ശതമാനം അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നു.

പഞ്ചായത്തിൽ കച്ചേരിപ്പാറ എന്ന സ്ഥലത്ത് മൃഗാശുപത്രി പ്രവർത്തിക്കുന്നു. മൃഗാശുപത്രിയിലെ സേവന സൗകര്യങ്ങൾ അപര്യാപ്തമാണ്. കർഷകപരിശീലന ഹാൾ, റഫ്രിജറേറ്റർ, വാഹനം, ടെലഫോൺ, മൈക്രോസ്കോപ്പ്, എന്നി സൗകര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്. കഴിഞ്ഞ പഞ്ചവൽസരപദ്ധതികാലത്ത് റാബീസ് വാക്സിനേഷൻ, വന്ധ്യതാ നിവാരണക്യാമ്പ്, മാസ്സിവ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം, കാലവർഷക്കെടുതിക്കുള്ള നഷ്ടപരിഹാരം എന്നി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

### പാലുൽപാദനരംഗം

ഈ പഞ്ചായത്തിൽ ഒരു പാൽ സൊസൈറ്റി നിലവിലുണ്ട്. എങ്കിലും പാൽ ഈ പഞ്ചായത്തിന് പുറത്ത് സ്ഥിതി ചെയ്യുന്ന സൊസൈറ്റികളിലേക്ക് വിറ്റഴിയുന്നുണ്ട്. കാലിത്തീറ്റ വിലവർദ്ധനവ് ഈ രംഗത്തെ പ്രതികൂലമായി ബാധിക്കുന്നു. ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്നതിന് പ്രാദേശികമായിലഭിക്കുന്ന ചേരുവകൾ ഉപയോഗിച്ച് ചെറുകിട കാലിത്തീറ്റ യൂണിറ്റ് നിർമ്മാണം ആലോചിക്കാവുന്നതാണ്. സൊസൈറ്റികളിൽ പല സമയത്ത് പലതരം കാലിത്തീറ്റ വിപണനം ചെയ്യപ്പെടുന്നു. സ്വകാര്യ ഏജൻസികളിൽനിന്ന് കടം വാങ്ങുന്ന കർഷകരും കൂടുതലുണ്ട്.

തീറ്റപ്പുല്ല് കൃഷിചെയ്യുക എന്നുള്ളതാണ് വേറൊരു പരിഹാരം. മേച്ചിൽപ്പുറങ്ങൾ കുറഞ്ഞ ഇന്നത്തെ ചുറ്റുപാടിൽ, ഇതിന്ന് വളരെ പ്രാധാന്യമുണ്ട്. തരിശായികിടക്കുന്ന സ്ഥലങ്ങളിലും, തെങ്ങിൻതോപ്പിൽ ഇടവിളയായും തീററ പുൽകൃഷി പ്രോത്സാഹിപ്പിക്കാം. തീറ്റപുൽവിത്ത് കാലവർഷാരംഭത്തിൽതന്നെ ലഭ്യമാക്കേണ്ടതാണ്.

### മാംസോൽപാദനരംഗം

ഈ പഞ്ചായത്തിൽ മാംസം ഉപയോഗിക്കുന്നവരാണ് ഭൂരിഭാഗവും. എങ്കിലും പഞ്ചായത്തിനാവശ്യമായ മാംസം ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നില്ല. അതായത് മറ്റ് പഞ്ചായത്തുകളിൽനിന്നാണ് നല്ലൊരു ശതമാനം മാംസവും വിപണികളിൽ എത്തുന്നത്. ഈ രംഗത്തെ വികസനം താഴെപറയുംവിധം സാദ്ധ്യമാണ് :-

(a) *ആടുവളർത്തൽ :* ചെറുകിട ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. ബ്രോയിലർ ആടുവളർത്തൽ ശാസ്ത്രീയമായരീതിയിൽ നടപ്പിലാക്കുക, ആട്ടിൻകുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പ് വരുത്താൻ ജില്ലാതലത്തിലോ, ബ്ലോക്ക്തലത്തിലോ 'കിഡ്സ് ബേങ്കുകൾ' സ്ഥാപിക്കുക.

(b) *പന്നിവളർത്തൽ :* ഈ രംഗം മതപരമായ വിലക്കുകളാൽ മറയ്ക്കപ്പെടുന്നുണ്ട്. ഈ രംഗം കൂടുതൽ സാമ്പത്തികലാഭത്തിന് വഴിതെളിയിക്കുന്നതായതിനാൽ ഒരു ആസൂത്രിതമായ ബോധവൽക്കരണം ഈ രംഗത്ത് ആവശ്യമാണ്.

307

(c) *മൂരിക്കുട്ടികളെയും പോത്തിൻകുട്ടികളെയും വളർത്തൽ :* 'Veal' അഥവാ കന്നുകുട്ടികളുടെ മാംസോൽപാദനം നമ്മുടെ സമൂഹത്തിൽ വ്യാപകമായി വന്നില്ലെങ്കിലും നിലവിലുണ്ട്. ഇതിനുവേണ്ടിയുള്ള ബോധവൽക്കരണവും പദ്ധതികളും ആവിഷ്കരിക്കേണ്ടതാണ്.

(d) *മുയൽ, കാട, ടർക്കി, താറാവ് വളർത്തൽ :*

*മുയൽ :* മുയൽ രാജ്യാന്തരവിപണിയിലും, അന്താരാഷ്ട്ര വിപണിയിലും പ്രാധാന്യമുള്ള ഒരു മൃഗസമ്പത്താണ്. ഇവയുടെ തുകലും, രോമവുമാണ് പ്രാധാന്യമേറിയ വസ്തുക്കൾ. മാംസോൽപാദനവും ഈ രംഗത്ത് ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ഈ രംഗത്തെ മുതൽമുടക്ക് വളരെ കുറവാണ്.

*കാട :* ഇവയുടെ മാംസത്തിന് ഔഷധമൂല്യമുണ്ട്. മാത്രവുമല്ല സ്ഥലപരിമിതികൾക്ക് കൂടുതലും യോജിച്ച ഒരു കൃഷിയാണിത്. രോഗങ്ങൾക്കെതിരെ ഇവക്ക് കൂടുതൽ പ്രതിരോധ ശേഷിയുണ്ട്.

*താറാവ് :* വയലുകളും, വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങളും അനുകൂലസാഹചര്യമാക്കികൊണ്ട് ഈ പഞ്ചായത്തിൽ താറാവ് വളർത്തൽ ആരംഭിക്കാവുന്നതാണ്. ഈ കൃഷിയുമായി ബന്ധപ്പെടുത്തി മത്സ്യ കൃഷിയും ആരംഭിക്കാവുന്നതാണ്.

മാംസോൽപാദന രംഗത്ത് പഞ്ചായത്ത് തലത്തിലോ, ബ്ലോക്ക് തലത്തിലോ ഒരു ശാസ്ത്രീയ അറവുശാല ആവശ്യമാണ്. കൂടാതെ ശാസ്ത്രീയമായ മാംസ പരിശോധന ആവശ്യവും പൊതുജനാരോഗ്യപ്രദവുമാണ്. ഈ രംഗത്ത് ഒരു സഹകരണ വിപണനകേന്ദ്രം ഉണ്ടാകേണ്ടതുണ്ട്.

**ബ്രോയിലർ കോഴിയിറച്ചി**

സഹകരണാടിസ്ഥാനത്തിൽ ഒരു ബ്രോയിലർ കോഴി വളർത്തുകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്. അത്വഴി കോഴിയിറച്ചി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാവുന്നതാണ്.

**മുട്ടയുൽപാദനം**

(a) വീട്ടുവളപ്പിൽ മുട്ടക്കോഴിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. (കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്)

(b) സ്കൂൾ പൗൾട്രി ക്ലബ്ബുകൾ പ്രോത്സാഹിപ്പിക്കാം.

ഈ രംഗത്ത് ഒരു സഹകരണ വിപണന ശൃംഖലയുടെ ആവശ്യമുണ്ട്. ഈ രംഗത്തും സ്വയം പര്യാപ്തത കൈവരിക്കേണ്ടതുണ്ട്.

**അറവ്ശാല ഉപോൽപന്നങ്ങൾ**

ഒരു ശാസ്ത്രീയ അറവ്ശാല ഉണ്ടായാൽ വ്യവസായ പ്രാധാന്യമുള്ള തുകൽ, എല്ല്, ജെലാറ്റിൻ, ഓസീൻ, കൊഴുപ്പ് എന്നിവ ലഭ്യമാവുന്നതാണ്. കൂടാതെ ഔഷധവ്യവസായപ്രാധാന്യമുള്ള ഹോർമോൺ, വാക്സിൻ, എൻസൈമുകൾ എന്നിവയും ലഭ്യമാവുന്നതാണ്.

**ജൈവവളം**

കന്നുകാലികളിൽനിന്നും ലഭിക്കുന്ന ചാണകം എത്രയും നല്ല ജൈവവളമാണ്.

**മൃഗശക്തി**

പണ്ട്കാലത്ത് മൃഗശക്തിയായിരുന്നു വാഹനങ്ങളുടെ ജോലിചെയ്തിരുന്നത്. ഈ രംഗത്ത് നമുക്ക് ഇനിയും സാധ്യതകൾ ഉണ്ട്.

**ഊർജ്ജം**

മിനി ബയോഗ്യാസ് പ്ലാൻറുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

കന്നുകാലികളിൽ ആകസ്മികമരണംമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കാൻ കന്നുകാലിഇൻഷ്വറൻസ് കർശനമായും നടപ്പിലാക്കുക. കന്നുകുട്ടി പരിപാലനപദ്ധതി ഒന്നുകൂടി ഊർജ്ജിതമായി നടപ്പിലാക്കുക. മൃഗസംരക്ഷണമേഖലയിലെ കർഷകരെ പ്രത്യേകം ആദരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക -

**പ്രശ്നങ്ങൾ**

1) കാലിത്തീറ്റയുടെ വിലക്കയറ്റവും തീറ്റപ്പുല്ലിൻെറ അഭാവവും ക്ഷീരസംസ്കരണം ആദായകരമല്ലാതാക്കിയിരിക്കുന്നു.

2) തെങ്ങിൻ തോപ്പുകളിലും പാഴ്നിലങ്ങളിലും തീറ്റപ്പുൽ കൃഷി വ്യാപകമായി ചെയ്യുന്നത് നന്നായിരിക്കും.

3) അഴീക്കൽ, ചാൽപ്രദേശങ്ങളിലെ കർഷകർക്ക് സഹായകമാകത്തക്കരീതിയിൽ കാലിത്തീറ്റയുടെ ഒരു ഡിപ്പോതുറക്കേണ്ടതുണ്ട്.

4) മൃഗാശുപത്രി പഞ്ചായത്തിൻെറ ഒരു ഭാഗത്തായതിനാൽ കൃഷിക്കാർക്ക് സേവനം ലഭ്യമാകുന്നതിൽ ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാകുന്നു.

5) കന്നുകാലികളിൽ കുളമ്പ്രോഗവും ദഹനസംബന്ധമായ അസുഖവും വ്യാപകമായി ഉണ്ടാവുന്നു.

6) കാലിത്തീറ്റ വിതരണം ചെയ്യുന്ന പാൽ സൊസൈറ്റി ഒരേ ബ്രാൻഡിലുള്ള കാലിത്തീറ്റ വിതരണംചെയ്യാൻ ശ്രദ്ധിക്കുന്നില്ല.

7) സങ്കരയിനം പശുക്കൾക്ക് രോഗപ്രതിരോധം ഉണ്ടാക്കുന്നതിന്നുള്ള സംവിധാനം ശക്തമാക്കണം.

**സാധ്യതകൾ**

പോഷകപ്രദാനമായ പാൽ, മുട്ട, മാംസം എന്നിവ മൃഗസംരക്ഷണമേഖലയിൽ ഉൽപാദിപ്പിക്കുവാൻ പറ്റുന്നതാണ്. മേൽപ്പറഞ്ഞ മൂന്ന് ഉൽപ്പന്നങ്ങളും മനുഷ്യൻെറ ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകങ്ങളായി ഇന്ന് മാറിക്കഴിഞ്ഞിരിക്കയാണ്. വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാറ്റിൻ, ഓസീൻ, കൊഴുപ്പ് എന്നിവ മാംസോൽപാദനത്തിനുപയോഗിക്കുന്ന മൃഗങ്ങളിൽനിന്നും ലഭ്യമാണ്. ഔഷധവ്യവസായത്തിനാവശ്യമായ ഹോർമോൺ, വാക്സിൻ, എൻസൈമുകൾ മുതലായവയും ഇവയിൽനിന്നും ലഭ്യമാണ്. പരീക്ഷണശാലകൾക്കുള്ള മൃഗങ്ങൾ, കാർഷികമേഖലക്ക് ഉപകരിക്കുന്ന ജൈവവളം എന്നിവ ഈ മേഖലയിൽനിന്നും ലഭ്യമാണ്. ബയോഗ്യാസ് തുടങ്ങിയ പദ്ധതികൾ വഴിയുള്ള ഊർജ്ജസ്രോതസ്സുകൾ ഈ മേഖലയിൽനിന്നും ലഭ്യമാക്കാവുന്നതാണ്. പേവിഷബാധ നിയന്ത്രണം, മാംസപരിശോധനയിലൂടെ ശുദ്ധമായ മാംസോൽപ്പാദനം തുടങ്ങിയ പൊതുജനാരോഗ്യസംബന്ധമായ സേവനങ്ങൾ ഈ മേഖലയിൽനിന്നും ലഭ്യമാക്കാം. ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തമാക്കും. ഈ മേഖലയിൽ അറുപത് ശതമാനം അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നു. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഈ മേഖലയിൽ വലിയ പ്രതികൂലസാഹചര്യങ്ങൾ സൃഷ്ടിക്കുന്നില്ല.

◆ ◆ ◆ ◆

# മത്സ്യ മേഖല

അഴീക്കോട് പഞ്ചായത്തിൽ പടിഞ്ഞാറുഭാഗം ഏകദേശം 9.8 കിലോമീറ്റർ ദൈർഘ്യത്തിൽ അറബിക്കടൽ തീരവും വടക്കുവശം 3.68 കിലോമീറ്റർ ദൈർഘ്യത്തിൽ വളപട്ടണം പുഴയോരവുമാണ്. ഇതിനുപുറമേ ചെറുതും ആഴം കുറഞ്ഞതുമായ എട്ടു തോടുകളും ശുദ്ധജല ലഭ്യതയുള്ള ഒൻപത് കുളങ്ങളുമുണ്ട്. ശുദ്ധജല മൽസ്യക്കൃഷി നടത്തുവാൻ ധാരാളം സാധ്യതയുള്ള ഒരു ജലശേഖരമാണ് കാപ്പ് പ്രദേശം.

അഴീക്കോട് തെക്കുഭാഗം കടപ്പുറം (9-ാം വാർഡ്) ഭാഗത്ത് 300ൽപരം കുടുംബങ്ങളും 1,4,14,15 വാർഡുകളിലായി ഏതാണ്ട് 300 കുടുംബങ്ങളും മൽസ്യമേഖലയുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരാണ്. പഞ്ചായത്തിൽ മൽസ്യത്തൊഴിലാളി സഹകരണ സംഘത്തിൽ 1995-96 വർഷത്തിൽ റജിസ്റ്റർ ചെയ്യപ്പെട്ടവരുടെ എണ്ണം 788 പുരുഷൻമാരും 38സ്ത്രീകളുമാണ്. ഇതിനു പുറമേ മൽസ്യവിപണനത്തിലും മറ്റ് മേഖലയിലുമായി 500-ൽ കൂടുതൽ തൊഴിലാളികൾ റജിസ്റ്റർ ചെയ്യപ്പെടാതെ പുറത്തുനില്ക്കുന്നുണ്ട്. അഴീക്കോട് തെക്കുഭാഗം മേഖലയിൽ മൽസ്യബന്ധനത്തിനുള്ള തോണികളുടെ ഉപയോഗം താഴെ ചേർത്തിരിക്കുന്നു.

| | |
|---|---|
| ഫൈബർ ഗ്ലാസ്സ് കവറിങ്ങുള്ള വലിയ തോണികൾ | = 9 |
| എൻജിൻ ഘടിപ്പിച്ച വലിയ തോണികൾ | = 80 |
| എൻജിൻ ഘടിപ്പിച്ച ചെറിയ തോണികൾ | = 25 |
| തുഴഞ്ഞുപോകുന്ന ചെറിയ തോണികൾ | = 25 |

അഴീക്കൽ പ്രദേശത്ത് ചെമ്മീൻ പിടിക്കുന്നതിനുള്ള യന്ത്രവൽകൃത ബോട്ടുകളിൽ നല്ലവിഭാഗം കർണ്ണാടക സംസ്ഥാനത്തുനിന്നും വരുന്നവരാണ്. സീസൺ കാലത്തുമാത്രം ഈ പ്രദേശത്ത് മൽസ്യബന്ധനത്തിൽ ഏർപ്പെടുന്ന ഇവർ സീസൺ അവസാനിക്കുകയോ തീരെ മോശമാകുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ തിരിച്ചു നാട്ടിലേക്കു പോകുകയും ചെയ്യുന്ന ദേശാടനക്കാരാണ്. ഇവരെ സംബന്ധിച്ചേടത്തോളം മിക്കവാറും ചെമ്മീൻ കൊയ്ത്തിൽ മാത്രം ശ്രദ്ധചെലുത്തുന്നവരായതിനാൽ മറ്റു മീനുകൾ അപൂർവ്വമായി മാത്രമേ അവർ പിടിക്കാറുള്ളൂ. അഴീക്കൽ ബോട്ടുജെട്ടിമാത്രം കേന്ദ്രീകരിച്ച് നല്ല സീസൺ കാലങ്ങളിൽ 500-600 ബോട്ടുകൾ സാധാരണ കണ്ടുവരാറുണ്ട്. മറ്റുള്ള സമയങ്ങളിൽ 250-300 ബോട്ടുകൾ സ്ഥിരമായി ഇവിടെ ഉണ്ടാവാറുണ്ട്. ഇവയിൽ ഏകദേശം 150 ഓളം ബോട്ടുകൾ സ്വദേശികളുടേതാണ്. കഴിഞ്ഞ പത്തുവർഷക്കാലത്തെ ചെമ്മീൻ ലഭ്യതയുടെ കണക്ക് പരിശോധിച്ചാൽ ഇത് കുറഞ്ഞുകൊണ്ടേവരുന്ന പ്രതിഭാസമുണ്ട്. ആഴക്കടലിലെ മൽസ്യബന്ധനത്തിനുള്ള വിദേശ കപ്പലുകളുടെ വരവും വിവേചനരഹിതമായ മൽസ്യവിഭവത്തിൻെറ ചൂഷണവും ഈ രംഗത്ത് മൽസ്യവിഭവം ദയനീയമായി കുറയുവാൻ കാരണമായിട്ടുണ്ട്.

നമ്മുടെ കടലിൽനിന്നും പ്രധാനമായും ലഭിക്കുന്ന മീനുകൾ അയില, മത്തി, മുള്ളൻ, നത്തൽ, മാന്ത, അയക്കൂറ, ആകോലി തുടങ്ങിയവയാണ്. കൂന്തൽ, സ്രാവ്, തിരണ്ടി എന്നിവയും അപൂർവ്വമായി ലഭിച്ചുവരുന്നു. ഇവയുടെയെല്ലാം ലഭ്യത കുറഞ്ഞുവരുന്നുവെന്നത് പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു.

അഴീക്കോട് പ്രദേശത്ത് ധാരാളം ലഭിച്ചുവരുന്ന കടൽ വിഭവങ്ങളിൽ കല്ലുമ്മക്കായ മുഖ്യമാണ്. മീങ്കുന്ന്, വലിയ പറമ്പ് ഭാഗത്തായി കല്ലുമ്മക്കായ ശേഖരിക്കുന്ന ധാരാളം ആളുകളുണ്ട്. അവരുടെ പ്രധാന ജീവിത വരുമാനമാണിത്. മാർക്കറ്റിൽ നല്ല പ്രിയമുള്ള ഈ വിഭവം പൊതുവെ എല്ലായിടത്തും നല്ല നിലയിൽ ഡിമാൻഡുള്ളതാണ്. അച്ചാർ നിർമ്മാണത്തിന്നും കല്ലുമ്മക്കായകൊണ്ടുള്ള പലഹാരങ്ങൾ ഉണ്ടാക്കുന്നതിന്നും ഇത് വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. കാലവർഷക്കാലത്ത് കടലിൽ ഉള്ള പാറക്കെട്ടുകളിൽനിന്നും ഇവ ശേഖരിക്കാൻ പ്രയാസമാണ്. കല്ലുമ്മക്കായ കൃഷി പലസ്ഥലങ്ങളിലും നടത്തിവരുന്നുണ്ടെങ്കിലും അഴീക്കോട് പ്രദേശത്ത് ഇതുവരെ ആരംഭിച്ചിട്ടില്ല. വളപട്ടണം പുഴയിലും മറ്റു സൗകര്യപ്രദമായ കടലോരങ്ങളിലും കല്ലുമ്മക്കായ കൃഷി ശാസ്ത്രീയമായി നടത്തുന്നതിന്നുള്ള സാദ്ധ്യതകൾ ധാരാളമായി ഉപയോഗപ്പെടുത്താവുന്നതാണ്.

മുമ്പ് കാലത്ത് ഈ കടലോരങ്ങളിൽ കക്ക ശേഖരിക്കുന്നത് സ്ത്രീകളുടെ ഒരു പ്രധാന ജോലിയായിരുന്നു. കക്കയിറച്ചി കറിക്കുപയോഗിക്കുവാനും അതിൻെറ തൊണ്ട് കുമ്മായം ഉണ്ടാക്കുന്നതിന്നും മറ്റ് വ്യാവസായികാവശ്യങ്ങൾക്കും ഉപയോഗിച്ചിരുന്നു. ഇപ്പോൾ ഇത് പാടെ നിലച്ചുപോയി.

നമ്മുടെ പുഴയിൽ, വളപട്ടണം മുതൽ അഴിമുഖം വരെയുള്ള പ്രദേശത്ത് ധാരാളം ചീനവല, ഊന്നിവല, ചൂണ്ടൽ എന്നിവ ഉപയോഗിച്ച് മുമ്പ് കാലത്ത് ധാരാളം മത്സ്യം പിടിച്ചിരുന്നു. മാലാൻ, തിരുത, കരിമീൻ, നോങ്ങൽ തുടങ്ങിയ നല്ലയിനം മത്സ്യം ലഭ്യമായിരുന്നു. പുഴയിലെ മാലിന്യങ്ങളും അതുപോലെ വിവേചനരഹിതമായി ഏത് കാലത്തും ഉള്ള മീൻപിടുത്തവും ഈ സമ്പത്തിന്റെ കുറ്റിനാശം വരുത്തുന്നതിന്നിടയാക്കിയിരിക്കുന്നു.

അഴീക്കോട് തെക്ക്ഭാഗം കടപ്പുറത്തെ മത്സ്യത്തൊഴിലാളികൾക്ക് കാലവർഷം ശക്തിപ്പെട്ടാൽ തോണിയടുപ്പിക്കാൻ കഴിയാത്തതുകൊണ്ട് മഴക്കാലം കഴിയുന്നതുവരെ കണ്ണൂർ ആയിക്കര കടപ്പുറത്താണ് തോണി അടുപ്പിക്കുന്നത്. തൊഴിലാളികളെ സംബന്ധിച്ചേടത്തോളം മൂന്ന് നാലുമാസക്കാലം ഇതു വളരെയേറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നതാണ്. 6 കി.മീ. അകലെയുള്ള സ്ഥലമായതുകൊണ്ട് തന്നെ രാത്രികാലങ്ങളിലും അവർക്ക് വീട്ടിൽ തങ്ങാൻ കഴിയാത്ത അവസ്ഥ ഉണ്ടാവുന്നു. ഈ പ്രയാസത്തിന്ന് പരിഹാരമുണ്ടാക്കണമെന്ന നിലക്ക് ആ പ്രദേശത്തെ കടൽ ക്ഷോഭത്തിന്റെ ശക്തി കുറക്കുന്നതിന്നുള്ള സംവിധാനങ്ങൾ ഉണ്ടാക്കി തെക്കുഭാഗത്ത് ഒരു ലാൻറിംഗ് സെൻറർ സ്ഥാപിക്കുന്നതിന് ആലോചിക്കേണ്ടതാണ്.

അഴീക്കൽ തുറമുഖത്തെ യന്ത്രവൽകൃത ബോട്ടുകൾക്കും തെക്കുഭാഗം കടപ്പുറത്തെ തോണിക്കാർക്കും ആവശ്യമായ ഔട്ട്ബോർഡ് എഞ്ചിൻ, വള്ളം, വല തുടങ്ങിയ ഉപകരണങ്ങൾ മുഴുവൻ പുറമെനിന്നും വരുത്തുന്നതാണ്. ഈ രംഗത്ത് ഒരു വർഷം ഏതാണ്ട് 150 ലക്ഷത്തിന്നും 200 ലക്ഷത്തിന്നും ഇടക്ക് വരുന്ന സംഖ്യയുടെ ഇടപാട് നടന്നു വരുന്നതായി മതിപ്പ് കണക്കുണ്ട്. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ ഇത്തരം ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന്നായി സർക്കാർ അധീനതയിലുള്ള ഏതെങ്കിലും ഏജൻസിയെ ഏല്പിക്കുന്നപക്ഷം ഇടത്തട്ടു കാരിൽ നിന്നുള്ള ചൂഷണം അവസാനിപ്പിക്കാൻ കഴിയുന്നതാണ്. പരിമിതമായ രീതിയിൽ മത്സ്യഫെഡ് പോലുള്ള സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല.

അഴീക്കോട് തെക്കുഭാഗത്ത് മത്സ്യം വന്നുകഴിഞ്ഞാൽ അതിന്റെ വില്പനക്ക് അഴീക്കോട് മത്സ്യ മാർക്കറ്റ് നിലവിലില്ല. മിക്കവാറും മത്സ്യവില്പന പാതയരുകിലോ മറ്റോ നടത്തിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. മാർക്കറ്റ് ഉണ്ടാവേണ്ട ആവശ്യത്തിന്നുപുറമേ മത്സ്യത്തൊഴിലാളികൾക്ക് വിപണനരംഗത്ത് ഇപ്പോഴും ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും മോചനം കിട്ടിയിട്ടില്ല. ഇതും ആലോചനാവിഷയമാക്കേണ്ട കാര്യമാണ്.

അഴീക്കോട് തെക്ക്ഭാഗം കടപ്പുറത്ത് രണ്ട് മത്സ്യത്തൊഴിലാളികോളണികളുണ്ട്. ഈ കോളണികളിൽ 40ൽ പരം കുടുംബങ്ങളുണ്ട്. മൊത്തം കുടുംബങ്ങളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് ചെറിയ എണ്ണമാണ്. ഇവർക്ക് ആവശ്യമായ ശുദ്ധജല വിതരണത്തിന്നും കക്കൂസിന്നും പൊതു സൗകര്യം ഏർപ്പെടുത്തിയിരുന്നെങ്കിലും ഇപ്പോൾ അത്തരം സംവിധാനങ്ങൾ ഒട്ടും ഫലത്തിൽ ഇല്ലെന്നുതന്നെ പറയാം. പൊതുസ്ഥലങ്ങളിൽ (കടപ്പുറത്ത്) ഉള്ള മലവിസർജ്ജനവും മറ്റും ആരോഗ്യരംഗത്തും ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണ്.

യന്ത്രവൽക്കരണവും ആധുനികരീതികളും മത്സ്യത്തൊഴിലാളികളുടെ കായികാദ്ധ്വാനത്തിലും ജീവിത നിലവാരത്തിലും മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. എങ്കിൽപോലും കടലിന്റെ കയങ്ങളിലേക്ക് ജീവൻ പങ്കായമാക്കിക്കൊണ്ട് കാണാപ്പൊന്നിന്ന് വേണ്ടി പലപ്പോഴും ജീവിതം തന്നെ പണയപ്പെടുത്തുന്ന ഈ വിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾ ഇനിയും ഒരുപാട് ചെയ്യേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തും സാംസ്കാരിക നിലവാരങ്ങളിലുമൊക്കെ അവരെ മറ്റുള്ളവർക്കൊപ്പം ഉയർത്തിക്കൊണ്ടുവരേണ്ടതിന്നായി ഫലപ്രദമായ നടപടികൾ ആവശ്യമാണ്, പ്രത്യേകിച്ചും സ്കൂളുകളിൽനിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക്, നിലവാരത്തകർച്ച ഇവയൊക്കെ പരിഹരിച്ചാലേ മറ്റ് പൊതുവിഭാഗത്തോടൊപ്പം അവർക്കും എത്താൻ കഴിയുള്ളു. അതിന്നാവശ്യമായ സംരംഭങ്ങൾ അഭികാമ്യമായിരിക്കും.

**പ്രശ്നങ്ങൾ :**

1. അഴീക്കോട് തെക്കുഭാഗം കടപ്പുറത്ത് കാലവർഷം ശക്തിപ്പെട്ടാൽ തോണിയടുപ്പിക്കാൻ പറ്റില്ല.
2. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വല, യന്ത്രഭാഗങ്ങൾ ഔട്ട്ബോർഡ് എഞ്ചിൻ എന്നിവക്ക് പലപ്പോഴും സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ടിവരുന്നു.
3. മത്സ്യത്തൊഴിലാളി കുട്ടികളിൽ, സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് താരതമ്യേന കൂടുതലാണ്.
4. വളപട്ടണം പുഴയിൽ എത്തിച്ചേരുന്ന വ്യവസായശാലകളിലെ മാലിന്യങ്ങൾ മത്സ്യ സമ്പത്തിന്ന് വൻ ഭീഷണിയാണ്.

5. മത്സ്യഫെഡ്ഡിൽനിന്നും കിട്ടിവരുന്ന സബ്സിഡികൾ ലഭിക്കുന്നതിന്ന് വളരെയേറെ കാലതാമസം ഉണ്ടാവുന്നു.

6. തെക്കുഭാഗം കോളനിയിലും പുറത്തുമുള്ള കുടുംബങ്ങളിൽ ധാരാളം പേർക്ക് പട്ടയം കിട്ടാതെയുണ്ട്.

7. മാട്ടൂൽ പ്രദേശത്തിന്ന് വടക്ക് ഭാഗത്തായി കപ്പൽ മുങ്ങിയസ്ഥലത്ത് അപായ ചിഹ്നം കടലിൽ കാണാനില്ല.

8. അഴീക്കൽ ബോട്ട് റിപ്പേർ യാർഡിൽ ആവശ്യമായ സമയത്ത് റിപ്പേർ ചെയ്തുകിട്ടുന്നതിന്ന് വേണ്ടത്ര സൗകര്യം ലഭിക്കുന്നില്ല.

9. അഴീക്കൽ ഐസ്പ്ലാൻറ് പ്രവർത്തനം നടക്കുന്നില്ല. ഐസ് ലഭിക്കുന്നതിന്ന് ബദൽ സംവിധാനമില്ല.

10. ഭവന നിർമ്മാണത്തിന്ന് ഉദാരവ്യവസ്ഥകളിൽ കാലതാമസം ഒഴിവാക്കി വായ്പകളും ഗ്രാൻറും ലഭ്യമാക്കണം.

**സാദ്ധ്യതകറം - നിർദ്ദേശങ്ങറം**

1. അഴീക്കോട് തെക്കുഭാഗത്ത് ലാൻറിംഗ് സെൻറർ നിർമ്മാണം ആരംഭിക്കാവുന്നത് പരിഗണനാർഹമാണ്.

2. കാപ്പിൽ പ്രദേശത്ത് ശുദ്ധജല മത്സ്യകൃഷിക്ക് നല്ല സാദ്ധ്യതയുണ്ട്.

3. വെറുതെയിടുന്ന ചില കുളങ്ങളിൽ മത്സ്യക്കൃഷിനടത്താവുന്നതാണ്.

4. സഹകരണാടിസ്ഥാനത്തിൽ വലനിർമ്മാണ യൂനിറ്റ് തുടങ്ങാം.

5. അഴീക്കൽ ബോട്ട്യാർഡിൽ സഹകരണ സംവിധാനത്തിലോ സ്വകാര്യ വ്യക്തികൾക്ക് ലീസ് അടിസ്ഥാനത്തിലോ 24 മണിക്കൂറും റിപ്പേർ സർവ്വീസ് ഏർപ്പെടുത്താവുന്നതാണ്.

6. ഐസ് പ്ലാൻറിൻെറ പ്രവർത്തനം പുനരാരംഭിച്ച് പത്തോപതിനഞ്ചോ ടൺ ഐസ് ഉല്പാദനം നടത്തുകയും, ഫ്രീസറിൻെറ ഒരു ഭാഗം, കണ്ണൂരും ചുറ്റുപാടും ഉൽപാദിപ്പിക്കപ്പെടുന്ന പഴം പച്ചക്കറികൾ ശേഖരിക്കുന്നതിന്നുള്ള കോൾഡ് സ്റ്റോറേജായും ഉപയോഗിക്കുന്നപക്ഷം സർക്കാരിന്ന് മാത്രമല്ല കൃഷിക്കാർക്കും വമ്പിച്ച നേട്ടമായി ത്തീരും.

7. മത്സ്യരോഗങ്ങൾ, (പ്രത്യേകിച്ച് ചെമ്മീൻ കൃഷി) സംബന്ധിച്ച് ഗവേഷണം നടത്തി നിവാരണ നടപടികൾ ഉണ്ടായാൽ മാത്രമെ പിടിച്ചുനില്ക്കാൻ സാധിക്കുകയുള്ളു.

8. മത്സ്യത്തൊഴിലാളി മേഖലയിൽ സ്ത്രീകൾക്ക് മാത്രമായി മീൻ ഉപയോഗിച്ചുണ്ടാക്കാവുന്ന അച്ചാറുകൾ, അതുപോലെ മറ്റ് പദാർത്ഥങ്ങൾ ഉണ്ടാക്കാവുന്ന ചെറുകിട വ്യവസായ യൂനിറ്റുകൾ തുടങ്ങാം.

9. മത്സ്യവിഭവങ്ങളുടെ പ്രത്യേകിച്ച് ചെമ്മീൻ സംസ്കരണത്തിന്ന് അഴീക്കൽ ഐസ് പ്ലാൻറും പീലിംഗ്ഷെഡ്ഡും മറ്റ് സൗകര്യങ്ങളുമുണ്ട്. ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ചെമ്മീൻ സംസ്കരണത്തിന്ന് വേണ്ട ഏർപ്പാടുണ്ടായാൽ മലബാർ മേഖലയിലാകെയുള്ള ചെമ്മീൻ പിടുത്തത്തിലുള്ള തൊഴിലാളികൾക്ക് ഇടത്തട്ടുകാരിൽ നിന്നും മോചനം ലഭിക്കുകയും വികസനം മോഹിച്ചുനില്ക്കുന്ന അഴീക്കൽ തുറമുഖത്തിൻെറ മുന്നോട്ടുള്ള ഗതിയിൽ ഒരു കുതിപ്പ് നേടാനും കഴിയും.

10. മത്സ്യവിഭവങ്ങളുടെ അവശിഷ്ടംകൊണ്ട് ഒരു കോഴിത്തീറ്റ ഉല്പാദന യൂനിറ്റ് തുടങ്ങാൻ സാദ്ധ്യതയുണ്ട്.

11. തോടുകളിലേക്കുള്ള ഉപ്പ് വെള്ളത്തിൻെറ തള്ളിക്കയറ്റം തടയാൻ പുഴയോരത്ത് ശക്തമായ കരിങ്കൽ ഭിത്തി നിർമ്മിച്ച് ആവശ്യമായിടത്ത് തോടുകളിൽ ക്രോസ് ബാറുകൾ നിർമ്മിക്കണം.

12. വളപട്ടണം പുഴയുടെ തീരങ്ങളിലും അഴീക്കോട് കടലോര മേഖലയിലും കക്കൂസുകൾ എല്ലാ വീടുകളിലും നിർമ്മിക്കുന്നതിന്ന് സഹായധനം ലഭ്യമാക്കണം.

◆◆◆◆

# വ്യവസായം

അവികസിത രാജ്യമായ ഇന്ത്യ, വ്യവസായ രംഗത്ത് വമ്പിച്ച മുന്നേറ്റം കാഴ്ച വെച്ചിട്ടുണ്ട്. എന്നാൽ എല്ലാ സംസ്ഥാനങ്ങൾക്കും സന്തുലിതമായ ഒരു വളർച്ചയല്ല വ്യാവസായിക രംഗത്ത് ഉണ്ടായിട്ടുള്ളത്. വ്യവസായ മേഖലയിൽ കേന്ദ്ര സർക്കാരുകൾ അനുവർത്തിച്ച ഈ അവഗണന ഏറെ ഏൽക്കേണ്ടിവന്ന ഒരു സംസ്ഥാനമാണ് കേരളം. വ്യാവസായിക രംഗത്ത് ഇന്ത്യയുടെ മൊത്തം നിക്ഷേപത്തിന്റെ രണ്ട് ശതമാനത്തിൽ താഴെയാണ് നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. ഈ അവഗണനയുടെ ഒരു ആനുപാതിക പ്രതിഫലനം നമ്മുടെ ജില്ലയിലും, അഴീക്കോട് പഞ്ചായത്തിലും കാണുവാൻ സാധിക്കുന്നുണ്ട്. എന്നിരുന്നാലും കൈത്തറി വ്യവസായരംഗത്ത് നമ്മുടെ പഞ്ചായത്തിൽ തനതായ ഒരു മുഖമുദ്ര നിലനിർത്താനായിട്ടുണ്ട്.

ആദ്യകാലത്ത് വെറും ഒരു കാർഷിക പ്രദേശമായിരുന്നു അഴീക്കോട്. കൃഷിക്കാരും, കാർഷിക തൊഴിലാളികളും, കൃഷിയുമായി ബന്ധപ്പെട്ട മറ്റ് ഉപതൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരുമായിരുന്നു ഏറെയും. അതോടൊപ്പം പരമ്പരാഗത തൊഴിലുകളായ കൈത്തറി നെയ്ത്ത് (മുമ്പ് കൂടുതലും കുഴിത്തറി ആയിരുന്നു). ചൂടി പിരിക്കൽ, മരചക്കിൽ എണ്ണയാട്ടൽ, ബീഡി - ചുരുട്ട് നിർമ്മാണം തുടങ്ങിയ തൊഴിലിൽ ഏർപ്പെട്ടിരുന്നവരും ഉണ്ടായിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തോടുകൂടി പ്രധാന പരമ്പരാഗത തൊഴിലായ കൈത്തറി നെയ്ത്ത്, സംഘടിത ഫാക്ടറി അടിസ്ഥാനത്തിൽ ആരംഭിക്കുകയും, കണ്ണൂരിലെ വ്യവസായ രംഗത്ത് അഴീക്കോടിന് ഒരു പ്രമുഖ സ്ഥാനം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. കൈത്തറി വ്യവസായത്തെ സംബന്ധിച്ചിടത്തോളം കണ്ണൂർ ഇംഗ്ലണ്ടിലെ 'മാഞ്ചസ്റ്റർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അഴീക്കോടിന് ഇതിൽ ഒരു പ്രധാന പങ്കുണ്ടായിരുന്നു. 1920 കാലഘട്ടത്തിൽ കൈത്തറി മേഖലയിൽ ധാരാളം സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചിരുന്നു. അന്ന് പ്രവർത്തന രംഗത്തുണ്ടായിരുന്ന പ്രധാന കൈത്തറി സ്ഥാപനങ്ങളിൽ ചിലതായിരുന്നു ഷാഹുൽ ഹമീദ് വീവിംഗ് വർക്സ്, ശ്രീ സുബ്രഹ്മണ്യ ടെക്സ്റ്റയിൽസ്, ശ്രദ്ധാനന്ദ ടെക്സ്റ്റയിൽസ്, രാജ രാജേശ്വരി വീവിംഗ് മിൽസ് എന്നിവ. രാജ രാജേശ്വരി വീവിംഗ് മിൽസിന്റെ സ്ഥാപകനായ പരേതനായ ശ്രീ. എ.കെ. നായർ, അഴീക്കോട് കൊട്ടാരത്തുംപാറ കേന്ദ്രീകരിച്ച് ടെക്സ്റ്റയിൽ മേഖലയിൽ ഒരു സാമ്രാജ്യം തന്നെ ഉണ്ടാക്കിയിരുന്നു. അദ്ദേഹം സ്ഥാപിച്ച രവികൃഷ്ണ വീവിംഗ് മിൽസ്, ഉഷാ ടെക്സ്റ്റയിൽ മിൽ എന്നീ സ്ഥാപനങ്ങളിൽ മൂന്ന് ഷിഫ്റ്റുകളിലായി രാവും പകലും തൊഴിലാളികൾക്ക് ജോലി നൽകിയിരുന്നു. ശ്രീ. എ.കെ. നായരുടെ സ്ഥാപനങ്ങളിൽ ആയിരത്തിലധികം തൊഴിലാളികൾ ആ കാലത്ത് ജോലി ചെയ്തിരുന്നു. രാജ രാജേശ്വരി വീവിംഗ് മിൽസിൽ ഉൽപ്പാദിപ്പിച്ച രാജേശ്വരി ഫാബ്രിക്സ്, ഉഷാ ടെക്സ്റ്റയിൽസിൽ ഉൽപ്പാദിപ്പിച്ച പട്ക്കാസ്, സ്റ്റേപ്പ്ൾ എന്നീ തുണിത്തരങ്ങൾ ലോക പ്രശസ്തങ്ങളായിരുന്നു. ആ കാലത്തുണ്ടായ മറ്റൊരു പ്രമുഖ സ്ഥാപനമായിരുന്നു കുത്തുബിയ ടെക്സ്റ്റയിൽസ് ആൻറ് ഓയിൽ മിൽസ്. അന്നുണ്ടായിരുന്ന പ്രമുഖ സ്ഥാപനങ്ങളെല്ലാം പല കാരണങ്ങളാൽ ഛിന്നഭിന്നമായിപ്പോയെങ്കിലും വ്യവസായ മേഖലയിൽ അഴീക്കോട് പഞ്ചായത്തിന് ഈ സ്ഥാപനങ്ങൾ ഉണ്ടാക്കിക്കൊടുത്ത പേരും സ്ഥാനവും എടുത്തു പറയേണ്ടതാണ്.

**ഇന്നത്തെ സ്ഥിതി :**

അഴീക്കോട് പഞ്ചായത്തിന്റെ വ്യവസായ ഭൂപടത്തിൽ പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, കയർ, ബീഡി വ്യവസായങ്ങളാണ് പ്രധാനമായിട്ടുള്ളത്. അതിൽ പ്രമുഖ സ്ഥാനം കൈത്തറി മേഖലക്ക് തന്നെയാണ്.

കൈത്തറി കുടിൽ വ്യവസായമായും, ഫാക്ടറി അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്നു. ഏറ്റവും കൂടുതൽ തറികൾ കുടിൽ വ്യവസായ മേഖലയിലാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖലയിൽ 200 തൊഴിലാളികൾവരെ തൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങൾ ഉണ്ട്. കയറ്റുമതി രംഗത്ത് മുന്നിൽ നിൽക്കുന്ന പല സ്ഥാപനങ്ങളും, അഴീക്കോട് പ്രവർത്തിക്കുന്നുണ്ട്. അതിൽ പല സ്ഥാപനങ്ങളും നാമമാത്രമായ തറികൾ മാത്രം നടത്തുകയും, ബാക്കി വീടുകളിൽ അസംസ്കൃത സാധനങ്ങൾ ഏൽപ്പിച്ചുകൊടുത്ത്, ഉൽപ്പന്നങ്ങൾ തിരികെ വാങ്ങുന്ന രീതിയിലുമാണ് പ്രവർത്തിക്കുന്നത്. ഇത് സംഘടിത മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ലഭിച്ചുവരുന്ന പല ആനുകൂല്യങ്ങളും, കുടിൽ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കാതിരിക്കുവാൻ കാരണമാകുന്നുണ്ട്.

313

കൈത്തറി മേഖലയിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം പരിശോധിച്ചാൽ, രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ ഉള്ളതിനേക്കാൾ തൊഴിലാളികൾ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതായിട്ടാണ് കാണുന്നത്. അതിൽ തന്നെ കൂടുതൽ പേരും സ്ത്രീകളാണ്. ഇവിടെ നിർമ്മിക്കുന്ന ഭൂരിഭാഗം കൈത്തറി ഉൽപ്പന്നങ്ങളും വിദേശത്തേക്ക് കയറ്റിഅയക്കുകയാണ്. കൈത്തറിക്കാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ സംസ്ഥാനത്തിന് വെളിയിൽനിന്നും കൊണ്ടുവരുന്നവയാണ്. പ്രധാന അസംസ്കൃത വസ്തുവായ പരുത്തി മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന് ജില്ലയിലും, സംസ്ഥാനത്തുമുള്ള നൂൽമില്ലുകളിൽ നിന്ന് നൂൽ ഉണ്ടാക്കുകയാണ് ചെയ്യുന്നത്. തികയാതെ വരുന്ന നൂൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നു. നൂലിന്റെ വില കേന്ദ്ര ഗവൺമെൻറിന്റെ ടെക്സ്റ്റയിൽ നയവുമായി ബന്ധപ്പെട്ട് കിടക്കുന്നു. കൂടാതെ പരുത്തിയുടെ വില ഉത്പ്പാദനത്തിലെ ഏറ്റക്കുറച്ചിലനുസരിച്ച് കൂടിയും കുറഞ്ഞുമിരിക്കും. അതുപോലെ ചായം, രാസവസ്തുക്കൾ എന്നിവയും മറ്റ് സംസ്ഥാനങ്ങളിൽനിന്നുമാണ് ഇവിടെ എത്തുന്നത്.

കൈത്തറി രംഗത്ത് പഞ്ചായത്തിൽ മൂന്ന് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ യന്ത്രത്തറി മേഖലയിലും ഒരു സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. കൈത്തറി മേഖലയിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു സഹകരണ സംഘമായിരുന്നു അഴീക്കോട് നെയ്ത്ത് (പി ആൻറ് എസ്) സഹകരണ സംഘം. 240 ഓളം തറികൾ പ്രവർത്തിച്ചുവന്നിരുന്ന ഇവിടെ 300ൽ പരം തൊഴിലാളികൾ ജോലിചെയ്തിരുന്നു. എന്നാൽ നഷ്ടത്തിലേക്ക് കൂപ്പുകുത്തിയ സ്ഥാപനത്തിൽ വിശ്വാസം നഷ്ടപ്പെട്ട തൊഴിലാളികൾ പിരിഞ്ഞ പോകുകയും ഇന്ന് കെട്ടിടവും, തറികളും ഉപയോഗിക്കപ്പെടാതെ നിൽക്കുകയും ചെയ്യുന്നു.

യന്ത്രത്തറി മേഖലയിൽ 6 തറികൾ വീതമുള്ള ഏഴോളം സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

**പട്ടിക - 1**

**പ്രമുഖ കൈത്തറി വ്യവസായ സ്ഥാപനങ്ങൾ**

| | |
|---|---|
| 1. | രാജ രാജേശ്വരി വീവിംഗ് മിൽസ്. |
| 2. | സരസ്വതി വീവിംഗ് വർക്സ്. |
| 3. | സ്വദേശി കോട്ടേജ് ഇൻഡസ്ട്രീസ്. |
| 4. | മസ്ക്കോട്ട് ഇൻഡസ്ട്രീസ്. |
| 5. | അംബിക ടെക്സ്റ്റയിൽസ്. |
| 6. | വാസുലാൽ ടെക്സ്റ്റയിൽസ്. |
| 7. | വിജയ ഗോവിന്ദ ടെക്സ്ററയിൽസ്. |
| 8. | ഹിന്ദുസ്ഥാൻ ടെക്സ്റ്റയിൽസ്. |
| 9. | രവികൃഷ്ണ ടെക്സ്റ്റയിൽസ്. |
| 10. | ത്രൈലോക്യ വീവിംഗ് വർക്സ്. |
| 11. | അപർണ്ണ ഹാൻഡ്ലൂംസ്. |
| 12. | ആശാ ഹാൻഡ്ലൂംസ്. |

**കൈത്തറി നെയ്ത്ത്സഹകരണ സംഘങ്ങൾ**

1. അഴീക്കോട് വീവേർസ് (പി ആൻറ് എസ്) സൊസൈറ്റി.
2. അഴീക്കൽ വീവേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി.
3. അഴീക്കോട് സൗത്ത് വീവേർസ് സൊസൈറ്റി.

കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ട് ചായമുറികളിൽനിന്നുള്ള മലിനീകരണം പഞ്ചായത്തിൽ പൊതുവെ രൂക്ഷമാണ്. ഗ്രാമസഭാ ചർച്ചകളിൽ ഈ പ്രശ്നം ഭൂരിപക്ഷം വാർഡുകളിലും ഉന്നയിക്കപ്പെട്ടു. മലിനീകരണം

ഒഴിവാക്കുന്നതിന് തൃപ്തികരമായ പരിഹാരം കാണാനുള്ള ചെലവുകുറഞ്ഞ സാങ്കേതിത വിദ്യ ഇപ്പോഴും ലഭ്യമല്ല എന്നതാണ് അവസ്ഥ. ഭാരിച്ച ചെലവ് താങ്ങുവാനുള്ള കഴിവും ഈ വ്യവസായത്തിനില്ല.

പഞ്ചായത്തിൽ പ്രവർത്തിച്ചു വന്നിരുന്ന ഒരു ഖാദി യൂനിറ്റ് ഇപ്പോൾ പൂട്ടി കിടക്കുകയാണ്. അത് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടാവണം. പത്തോളം പേർ അവിടെ ജോലി ചെയ്തിരുന്നു.

കൈത്തറി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർ പ്രവർത്തിക്കുന്ന ഒരു മേഖല ബീഡി വ്യവസായമാണ്. സഹകരണ രംഗത്ത് മാതൃകയായ കേരള ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘത്തിൽ 801 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 311 പേർ സ്ത്രീകളാണ്. സംഘത്തിൻെറ കീഴിൽ അഴീക്കോട് പഞ്ചായത്തിൽ മാത്രം 4 യൂനിറ്റുകളിലായി 450 പേർ ജോലി ചെയ്തു വരുന്നു. സഹകരണ സ്ഥാപനമായതിനാൽ എല്ലാവിധ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

സാധു ബീഡിയുടെ ഒരു ബ്രാഞ്ച് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 12 പേർ ജോലി ചെയ്യുന്നു. ബീഡി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റൊരു പ്രമുഖ സ്വകാര്യ സ്ഥാപനമായ 'ഗ്രേറ്റ് മലബാർ' ബീഡിയുടെ ആസ്ഥാനം അഴീക്കോടാണ്. പ്രസ്തുത സ്ഥാപനത്തിൽ 140 തൊഴിലാളികൾ ജോലിചെയ്യുന്നു. ഇവിടെ, കേന്ദ്രീകരിച്ച് ജോലി ചെയ്യുന്നതിനുപകരം, 'ഔട്ട്പാസ്' സമ്പ്രദായത്തിൽ സാധനങ്ങൾ വീടുകളിൽ നൽകി ബീഡി തിരികെവാങ്ങുന്നു.

### പട്ടിക - II

### ബീഡി വ്യവസായ സ്ഥാപനങ്ങൾ

| നമ്പർ | സ്ഥാപനത്തിൻെറ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1. | അഴീക്കോട് ബീഡി വർക്കേർസ് ഇൻഡസ്ട്രിയൽ കോ.ഓപ്പ്. സൊസൈറ്റി | 450 |
| 2. | ഗ്രേറ്റ് മലബാർ ബീഡി | 140 |
| 3. | സാധു ബീഡി | 12 |

ബീഡി വ്യവസായത്തിൽ ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധി കൂടുതൽ തൊഴിലാളികളെ ഈ രംഗത്ത് നിന്ന് പിരിഞ്ഞ് പോകുവാൻ പ്രേരിപ്പിക്കുന്നുണ്ട്. ഉത്പന്നത്തിന് വിപണന രംഗത്ത് ഇന്ന് വലിയ വെല്ലുവിളികൾ നേരിടേണ്ടിവരുന്നുണ്ട്. ആരോഗ്യപരമായ കാരണങ്ങളാലോ, അല്ലതെയോ പുകവലി ശീലം നമ്മുടെ ആളുകളിൽ കുറഞ്ഞു വരുന്നതായി കാണുന്നുമുണ്ട്. ഉത്പാദന ചെലവുമായി ബന്ധപ്പെട്ട് ഉത്പന്നത്തിന് വില ഈടാക്കുവാൻ നിർബന്ധിതരായതുകൊണ്ടും വിപണി നഷ്ടപ്പെടുന്നുണ്ട്. ഇതിനൊരു പരിഹാരമെന്ന നിലയിൽ കേന്ദ്രസംഘം തന്നെ ഉത്പാദന രംഗത്ത് വൈവിദ്ധ്യവത്കരണവുമായി രംഗത്ത് വന്നിട്ടുണ്ട്.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏക കയർ വ്യവസായ യൂനിറ്റ് വനിതകൾക്ക് വേണ്ടിയുള്ള സഹകരണ സ്ഥാപനമാണ്. ഇവിടെ 36 പേർ ജോലി ചെയ്യുന്നുണ്ട്. ഇവിടെ യന്ത്രവൽക്കരണം ഏർപ്പെടുത്തി യൂനിറ്റ് നവീകരിച്ചുവരുന്നു. ഇതിനായി തൊഴിലാളികളെ പരിശീലിപ്പിച്ചുവരുന്നുണ്ട്. പരിശീലനം പൂർത്തിയായാൽ ഇവിടെ 100 പേർക്ക് ജോലി നൽകുവാൻ സാധിക്കും. കയർ വ്യവസായത്തിന് ആവശ്യമായ ചകിരിനാര് തയ്യാറാക്കുന്നതിനും, പച്ചത്തൊണ്ടിൽനിന്നും 72 മണിക്കൂറിനുള്ളൽ ചകിരി സംസ്കരിക്കുന്നതിനുള്ള ഒരു 'ഡീഫൈബറിംഗ്' യൂനിറ്റ് സ്ഥാപിക്കുന്നതിനും, ഉള്ള കെട്ടിടം പൂർത്തിയായിട്ടുണ്ട്. വൈദ്യുതി ലഭിച്ചാലുടനെ അതിൻെറ പ്രവർത്തനം ആരംഭിക്കും. ഈ യൂനിറ്റിൽ 25000 തൊണ്ട് ഒരു ദിവസം സംസ്കരിക്കാനാകും. സൊസൈറ്റിയുടെ ഉത്പന്നങ്ങൾ 'കയർഫെഡ്' ആണ് വാങ്ങുന്നത്. പഞ്ചായത്തിൽ ലഭ്യമായ ചകിരിയുടെ ചെറിയ ഒരു ശതമാനം മാത്രം വ്യവസായാവശ്യത്തിന് ഉപയോഗിക്കുമ്പോൾ ഭൂരിഭാഗവും ഇന്ധനാവശ്യത്തിനും മറ്റുമായാണ് ഉപയോഗിച്ചുവരുന്നത്.

തടി വ്യവസായവുമായി ബന്ധപ്പെട്ട് 26 ഓളം സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രധാനപ്പെട്ട ഒരു സ്ഥാപനം ഭാരത് പ്ളൈവുഡ്സ് ആൻറ് ടിംബർ പ്രോഡക്ട്സ് ആണ്. അവിടെ പാർട്ടിക്ൾ ബോർഡാണ് പ്രധാന ഉത്പന്നം. 49 പേർ ഇവിടെ ജോലി ചെയ്യുന്നു. മറ്റ് 16 ഓളം സ്ഥാപനങ്ങളിൽ ബ്ളോക്ക് ബോർഡ് ആണ് നിർമ്മിക്കുന്നത്. നാല് സ്ഥാപനങ്ങളിൽ പ്ളൈവുഡും. ബാക്കിയുള്ളവയിൽ വിനീർ, തീപ്പെട്ടിക്കോൽ, കസേരപലക

315

എന്നിവയുണ്ടാക്കുന്നു. കരാർ തൊഴിലാളികളടക്കം തടി വ്യവസായത്തിൽ 432 പേർ ജോലി ചെയ്യുന്നു. 1മരവ്യവസായത്തിൽ സ്ഥാപിച്ചിട്ടുള്ള ഒരു സഹകരണ സ്ഥാപനം ഇപ്പോൾ പൂട്ടിയിരിക്കയാണ്. പാഴ് മരങ്ങളും, റബ്ബർ തടികളും ആണ് ഭൂരിപക്ഷം ചെറുകിട സ്ഥാപനങ്ങളും ഉപയോഗിച്ചുവരുന്നത്. ഈർച്ച മില്ലുകൾ പലതും ഇന്ന് മരത്തിന്റെ ദൗർലഭ്യം കാരണം നാശത്തിലാണ്.

## പട്ടിക - III

### ചെറുകിട തടി വ്യവസായ സ്ഥാപനങ്ങൾ (രജിസ്റ്റർ ചെയ്തവ)

| നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1. | സൺലൈറ്റ് ബോർഡ്സ് പ്രൈവറ്റ് ലിമിറ്റഡ് | 43 |
| 2. | ഈസ്റ്റേൺ ഇൻഡ്യാ പ്ളൈവുഡ്സ് | 21 |
| 3. | സി.എൻ.കെ. പ്ളൈവുഡ്സ് | 6 |
| 4. | സീയെൻ സോമിൽസ് | 6 |
| 5. | ജെം വുഡ് ആൻറ് പ്ളൈവുഡ്സ് | 13 |
| 6. | കിണാക്കൂൽ സോമിൽസ് | 2 |
| 7. | എം.ഇ. വുഡ് ഇൻഡസ്ട്രീസ് | 11 |
| 8. | സുധർമ്മ എൻറർപ്രൈസസ് | 3 |
| 9. | യൂണിയൻ സോമിൽ | 13 |
| 10. | കെ.പി. ഇൻഡസ്ട്രീസ് | 4 |

പഞ്ചായത്തിൽ രണ്ട് വനിതാ വസ്ത്ര നിർമ്മാണ യൂനിറ്റുകളും, ഒരു വനിതാ മൾട്ടി ഇൻഡസ്ട്രിയൽ സഹകരണ സംഘവും പ്രവർത്തിച്ചു വരുന്നുണ്ട്. വനിതാ വ്യവസായങ്ങൾ പലതും ഉത്പ്പന്നങ്ങൾക്ക് വിപണികണ്ടെത്തുവാൻ കഴിയാതെ പ്രയാസപ്പെടുന്നുണ്ട്. ഉത്പ്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതോടൊപ്പം, വൈവിദ്ധ്യവൽക്കരണവും നടപ്പിലാക്കിയാൽ വിപണി വിപുലപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സോപ്പ് നിർമ്മാണ യൂനിറ്റ് വിപണന രംഗത്തെ പ്രതിസ്ന്ധിമൂലം മുമ്പോട്ട് പോകുവാൻ സാധിക്കാത്ത അവസ്ഥയിലാണ്.

പഞ്ചായത്തിൽ വനിതകൾമാത്രം പ്രവർത്തിക്കുന്ന ഒരു പ്രിൻറിംഗ് പ്രസ്സും, ഒരു ടി.വി. ആൻറിന നിർമ്മാണ കേന്ദ്രവുമുണ്ട്. ഗ്രാമീണ വനിതാ ശിശുവികസനപദ്ധതി പ്രകാരം രൂപീകരിച്ച ചാരിറ്റബിൾ സൊസൈറ്റികളാണ് ഇവ രണ്ടും. സഹകരണ മേഖലയിൽ ഒന്നും സ്വകാര്യ മേഖലയിൽ മൂന്നും പ്രിൻറിംഗ് പ്രസ്സുകൾ ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. മൂന്നു ബുക്ക് ബൈൻഡിംഗ് സ്ഥാപനങ്ങളും പഞ്ചായത്തിൽ ഉണ്ട്.

## പട്ടിക - IV

### മറ്റ് വ്യവസായ സഹകരണ സംഘങ്ങൾ

1. കണ്ണൂർ പവ്വർലൂം വീവേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി.
2. അഴീക്കോട് കയർ വ്യവസായ സഹകരണ സംഘം.
3. അഴീക്കോട് ചപ്പൽ മാനുഫാക്ച്ചറിംഗ് സൊസൈറ്റി.
4. അഴീക്കോട് വുഡ് ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി.
5. അഴീക്കോട് പ്രിൻറിംഗ് വർക്കേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി.

### വനിതാ - വ്യവസായ സഹകരണ സംഘങ്ങൾ

1. കണ്ണൂർ വിമൻസ് ഗാർമെൻറ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി.
2. അഴീക്കോട് പഞ്ചായത്ത് വിമൻസ് മൾട്ടി ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി.
3. സോപ്പ് നിർമ്മാണ സഹകരണ സംഘം.

പ്രിൻറിംഗ് പ്രസ്സുകാം

1. അക്ഷര പ്രിൻറിംഗ് പ്രസ്സ്
2. അഭിലാഷ് പ്രിൻറിംഗ് പ്രസ്സ്
3. അപ്സര പ്രിൻടേർസ്.
4. ജാസ്സ് പ്രിൻടേർസ്.

മൂന്നു സ്റ്റീൽ ഫർണിച്ചർ നിർമ്മാണയൂനിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗേറ്റ്, ഗ്രിൽസ് എന്നിവ നിർമ്മിക്കുന്ന ആറ് സ്ഥാപനങ്ങളും, മൂന്നു ഓയിൽ മില്ലുകളും പ്രവർത്തിക്കുന്നുണ്ട്.

സർക്കാർ ഉടമസ്ഥതയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായ യൂനിറ്റാണ്, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് അഥവാ സിൽക്ക്. കെട്ടിടനിർമ്മാണ വസ്തുക്കളുടെ ഉത്പ്പാദന മാണ് ഇവിടെ നടക്കുന്നത്. 35 പേർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

ഗവൺമെൻറ് ഉടമസ്ഥതയിലുള്ള മറ്റൊരു സ്ഥാപനമായ ബോട്ട് റിപ്പയറിംഗ് യാർഡ് ആൻറ് സർവീസ് സ്റ്റേഷനും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ മൂന്നു ഹോളോ ബ്രിക്സ് നിർമ്മാണ യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

ഹരിജൻ വെൽഫേർ ഡിപ്പാർട്ട്മെൻറിൻെറ കീഴിലുള്ള ഉത്പ്പാദന പരിശീലന കേന്ദ്രം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഈ സ്ഥാപനത്തിൽ കൂടുതൽ പേർക്ക് ജോലി കിട്ടത്തക്കവണ്ണം ഇതിൻെറ പ്രവർത്തനം വിപുലീകരിക്കണം.

നിർമ്മിതി കേന്ദ്രത്തിൻെറ കീഴിലുള്ള സിമൻറ് ഹോളോ ബ്രിക്സ് നിർമ്മാണ പരിശീലന കേന്ദ്രം അടിയന്തിരമായി പ്രവർത്തനം ആരംഭിക്കണമെന്ന ആവശ്യം ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്.

ഹരിജൻ വീവേർസ് സൊസൈറ്റി പ്രവർത്തനം തുടങ്ങുവാൻ നടപടി സ്വീകരിക്കണം.

അടക്ക ഉപയോഗിച്ച് മൂല്യ വർദ്ധിത ഉത്പ്പന്നമായ സുഗന്ധ സുപാരി നിർമ്മിക്കുന്ന ഒരു വ്യവസായ യൂനിറ്റ് 1984 മുതൽ പ്രവർത്തിച്ചു വന്നിരുന്നു. 1996 ലുണ്ടായ പുതിയ നിയമം 10 പേർ ജോലി ചെയ്തിരുന്ന ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്.

സഹകരണ മേഖലയിൽ ഒരു ചെരുപ്പ് നിർമ്മാണശാല പ്രവർത്തിക്കുന്നുണ്ട്. മാർക്കറ്റിലുള്ള മത്സരത്തിനിടയിലും 16 പേർ ജോലി ചെയ്യുന്ന ഈ സ്ഥാപനം തൃപ്തികരമായി നടക്കുന്നുണ്ട്.

സഹകരണ മേഖലയിൽ പൂതപ്പാറ കേന്ദ്രീകരിച്ച് ഒരു ബേഗ് നിർമ്മാണ യൂനിറ്റും നിലവിലുണ്ട്. ഇവിടെ പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള ഉത്പ്പന്നങ്ങളും നിർമ്മിച്ചുവരുന്നുണ്ട്.

പ്രശ്നങ്ങാം :

1. കൈത്തറി വ്യവസായം പ്രധാനമായും വിദേശമാർക്കറ്റിനെ ആശ്രയിച്ച് നിൽക്കുന്നു. അന്താരാഷ്ട്ര മാർക്കറ്റിലുണ്ടാകുന്ന പ്രശ്നങ്ങൾ കൈത്തറി വ്യവസായത്തെയും ബാധിക്കുന്നു. അതിനാൽ വ്യവസായികൾക്കും തൊഴിലാളികൾക്കും കൈത്തറിയെ സുസ്ഥിരവും, സുരക്ഷിതവുമായ വ്യവസായമായി കാണുവാൻ സാധിക്കുന്നില്ല.
2. കൈത്തറി വ്യവസായത്തിൽ 'ഡൈ ഹൗസു' മായി ബന്ധപ്പെട്ടുള്ള മലിനീകരണ പ്രശ്നം രൂക്ഷമാണ്.
3. കൈത്തറി ശാലകളിൽ പ്രവർത്തിക്കുന്ന തറികളേക്കാൾ കൂടുതൽ തറികൾ വീടുകളിൽ സ്ഥാപിച്ച് തൊഴിലെടുക്കുന്നവരാണ് കൂടുതൽ. അവർക്ക് ഫാക്ടറി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ മുഴുവൻ ലഭിക്കുന്നില്ല.
4. അസംസ്കൃത വസ്തുക്കളായ പരുത്തി, നൂൽ, കെമിക്കൽസ് എന്നിവ സംസ്ഥാനത്തിന് വെളിയിൽ നിന്നും വരുന്നവയാണ്. അതിനാൽ അവയുടെ ലഭ്യത വ്യവസായത്തെ ബാധിക്കുന്നു.
5. താൽക്കാലിക ലാഭം ല്ാക്കാക്കി തുണികൾ യന്ത്രത്തറികളിൽ നിർമ്മിച്ച് കൈത്തറിയുടെ ലേബലിൽ അയക്കുന്നു.
6. ചില മേഖലകളിൽ വിദഗ്ധ തൊഴിലാളികളെ ലഭിക്കുന്നില്ല.
7. കൈത്തറി തൊഴിലിൽ ഇപ്പോൾ കൂടുതലായി കടന്നുവരുന്നത് സ്ത്രീ തൊഴിലാളികളാണ്. അവർക്ക് തൊഴിലിൽ വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.

317

8. യന്ത്രത്തറി വ്യവസായം സ്ഥാപിക്കുന്നതിനുള്ള നിയമ വ്യവസ്ഥകൾ സങ്കീർണ്ണമാണ്.

9. വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ ഏറെ താമസം നേരിടുന്നു.

10. വ്യവസായ വകുപ്പ്, പഞ്ചായത്ത് എന്നിവയൊഴികെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസുകൾ ലഭിക്കുവാൻ താമസം നേരിടുന്നു.

11. ചെറുകിട വ്യവസായങ്ങളെയും, വൻകിട വ്യവസായങ്ങളെയും ഫാക്ടറി നിയമങ്ങൾ ഒരുപോലെ ബാധിക്കുന്നു.

12. പുകവലിക്കെതിരായ പ്രചരണം ബീഡി വ്യവസായത്തെ സാരമായി ബാധിക്കുന്നു.

13. ബീഡി വ്യവസായത്തിൽ അസംസ്കൃത സാധനങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നതിന് ഗതാഗത സൗകര്യം യഥേഷ്ടം ലഭിക്കുന്നില്ല.

14. പുകയിലക്ക് പകരം, ബീഡിക്ക് കേന്ദ്ര എക്സൈസ് തീരുവ ചുമത്തിയത് കാരണം വ്യാജ ബീഡി നിർമ്മാണം വ്യാപകമാണ്.

15. തടി വ്യവസായത്തിൽ അസംസ്കൃത സാധനമായ തടിയുടെ ദൗർലഭ്യം ഈ വ്യവസായത്തെ സാരമായി ബാധിക്കാനിടയാക്കിയിട്ടുണ്ട്.

16. വിപണന സൗകര്യമില്ലാത്തത് വനിതാ വ്യവസായങ്ങളെ തളർത്തുന്നു.

**നിർദ്ദേശങ്ങൾ - സാദ്ധ്യതകൾ :**

1. കൈത്തറി തുണികൾക്ക് വിദേശ മാർക്കറ്റ് സ്ഥിരമായി ലഭിക്കുന്നതിനാവശ്യമായ കയറ്റുമതി പ്രോത്സാഹന കൗൺസിൽ പോലെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കുക.

2. നെയ്ത്ത് വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർ കൂട്ടമായോ, പഞ്ചായത്തിൻെറ നേതൃത്വത്തിലോ, ഒരു പ്രത്യേക സ്ഥലത്ത് ചായമുറി സ്ഥാപിച്ച് അവിടെനിന്ന് എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റുക. മലിന ജലം ശുദ്ധി ചെയ്ത് കടലിൽ ഒഴുക്കുകയോ, അതല്ലെങ്കൽ മലിനജലം ടാങ്കറുകളിൽ ശേഖരിച്ച് ശുദ്ധീകരണപ്ലാൻറിൽ കൊണ്ടുപോയി ശുദ്ധീകരിച്ച് കടലിൽ ഒഴുക്കുകയോ ചെയ്യുക.

3. കൈത്തറി നെയ്ത്ത് കഴിവതും ഫാക്ടറി അടിസ്ഥാനത്തിൽ തന്നെ സംഘടിപ്പിക്കുക. വളരെയധികം സൗകര്യം ഉപയോഗിക്കപ്പെടാതെ പോകുന്ന അഴീക്കോട് വീവേർസ് സൊസൈറ്റി പോലെയുള്ള സ്ഥാപനങ്ങൾ പുനരുദ്ധരിക്കുക.

4. കൈത്തറിക്കാവശ്യമായ പരുത്തി, നൂൽ, മറ്റ് രാസപദാർത്ഥങ്ങൾ എന്നിവ സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുകയോ, അത്തരം സാധനങ്ങൾക്ക് വിൽപനവില നിജപ്പെടുത്തുകയോ ചെയ്യുക.

5. ഗുണനിലവാര പരിശോധന കർശനമാക്കുക.

6. കൈത്തറി തൊഴിലിൽ വൈദഗ്ധ്യം നേടുന്നതിന് തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിന് 8-ാം വാർഡിൽ ഇന്നുള്ള പരിശീലന കേന്ദ്രം വികസിപ്പിക്കുക.

7. യന്ത്രത്തറി സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിയമ വ്യവസ്ഥകൾ ലഘൂകരിക്കുക.

8. വൈദ്യുതി എളുപ്പത്തിൽ ലഭ്യമാക്കുക.

9. ലൈസൻസിംഗ് സമ്പ്രദായം ഏകീകരിക്കുകയും, നടപടി ലളിതമാക്കുകയും ചെയ്യുക.

10. ചെറുകിട വ്യവസായങ്ങൾക്ക് ഫാക്ടറി നിയമത്തിൽ ഇളവ് അനുവദിക്കുക.

11. ബീഡി വ്യവസായത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ കൊണ്ടുവരുവാൻ വാഗൺ സൗകര്യം ലഭ്യമാക്കുക.

12. എക്സൈസ് തീരുവ ബീഡിക്ക് പകരം പുകയിലക്ക് ചുമത്തുക.

13. തടി വ്യവസായം നിലനിർത്താൻ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുക. വനനശീകരണം നിരുത്സാഹപ്പെടുത്തുക.

14. വനിതാ സൊസൈറ്റികൾ ഉത്പ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ ശേഖരിക്കുവാനും വിൽപന നടത്തുവാനും സർക്കാർ ഏജൻസിയെ നിയോഗിക്കുക. ഹാൻഡ്‌ലൂം ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ ഒരു വസ്ത്രനിർമ്മാണ യൂനിറ്റ് ഈ പഞ്ചായത്തിൽ സ്ഥാപിക്കുക.

15. സംരംഭകത്വ പരിശീലനം ഏർപ്പെടുത്തുക.

16. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളോടെ മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

**സാദ്ധ്യതകൾ :**

1. യന്ത്രത്തറി മേഖലയിൽ കൂടുതൽ ചെറുകിടസ്ഥാപനങ്ങൾ.
2. തെങ്ങിൻതടി സംസ്കരിച്ച് കെട്ടിട നിർമ്മാണ വസ്തുക്കൾ ഉണ്ടാക്കുന്നതിനുള്ള സംരംഭങ്ങൾക്ക് സാദ്ധ്യത ഏറെയാണ്.
3. ചകിരി ഉപയോഗിച്ച് കൂടുതൽ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതി പരിശോധിക്കാവുന്നതാണ്.
4. ഈ പ്രദേശത്തിന്റെ ദീർഘമായ കടൽ തീരം, ടൂറിസത്തിന്റെ അനന്തമായ സാദ്ധ്യതകൾക്കായി പ്രയോജനപ്പെടുത്തുക.
5. വൻകിട കൈത്തറിക്കാരുമായി യോജിച്ച് കൂടുതൽ വനിതാ ഗാർമെൻറ്സ് സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്.
6. വനിതാ വസ്ത്ര നിർമ്മാണ യൂനിറ്റുകളുടെ ഉത്പ്പന്നങ്ങൾ 'ഹാൻവീവ്' നേരിട്ട് ഏറ്റെടുക്കുക.
7. ബ്ളോക്ക് ബോർഡിനുള്ളിൽ വെക്കുന്ന ബ്ളോക്ക് ബോർഡ് ഫ്രെയിം നിർമ്മാണയൂനിറ്റ് ആരംഭിക്കുക.
8. ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ നിർമ്മാണ യൂനിറ്റ്.
9. നോട്ട് ബുക്ക് നിർമ്മാണ യൂനിറ്റ്.
10. കുടനിർമ്മാണ യൂനിറ്റ്.
11. ഡ്രൈ ഡിസ്റ്റംബർ നിർമ്മിക്കുന്ന സ്ഥാപനം.
12. കാലിത്തീറ്റ - കോഴിത്തീറ്റ നിർമ്മാണ യൂനിറ്റ് ആരംഭിക്കാവുന്നതാണ്.

**ടൂറിസം :**

പ്രകൃതി സൗന്ദര്യത്തിൽ അനുഗൃഹീതമായ ഈ ഗ്രാമം ഒരിക്കൽ സന്ദർശിച്ചവർക്ക് മറക്കാൻ കഴിയാത്ത അനുഭൂതി പകർന്നുകൊടുക്കുന്ന അപൂർവ്വ ദൃശ്യങ്ങൾ ഉള്ളതാണ്. അഴീക്കൽ തുറമുഖത്തിന്റെ അവാച്യമായ ദൃശ്യഭംഗി ശാലീന സുന്ദരമായ ഈ ഗ്രാമത്തിന്റെ തിലകക്കുറിയായി പരിലസിക്കുന്നു. നഗര സംസ്കാരത്തിന്റെ യാന്ത്രികതയിലും കൃത്രിമത്വത്തിലും നഷ്ടപ്പെട്ടുപോവുന്ന സായാഹ്നങ്ങളുടെ, തനിമയും ശാലീന സൗന്ദര്യവും ആസ്വദിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അഴീക്കോട് വലിയപറമ്പ് മുതൽ അഴീക്കൽ തുറമുഖം വരെയുള്ള കടലോര കാഴ്ച ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവമായി മനസ്സിൽ തങ്ങിനില്ക്കും. ഒരുപക്ഷെ കണ്ണൂർ പയ്യാമ്പലം കടപ്പുറത്തേക്കാൾ എത്രയോ ശാന്ത സുന്ദരമായ ഈ തീരം ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തപ്പെടുന്നതിന്ന് പലവ്യവസായികളും മുന്നോട്ട് വന്നിരുന്നെങ്കിലും നിർഭാഗ്യവശാൽ ഇന്നും പ്രായോഗികമാവാതെ കിടക്കുന്നു. അന്താരാഷ്ട്രതലത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കാവുന്ന ഒരു കേന്ദ്രമായി ഈ പ്രദേശത്തെ വികസിപ്പിച്ചെടുക്കാമെന്നുള്ള പല വിദഗ്ദരുടെയും അഭിപ്രായങ്ങൾ ഈ സന്ദർഭത്തിലെങ്കിലും സാക്ഷാൽക്കരിക്കപ്പെടുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

◆ ◆ ◆ ◆

# വിദ്യാഭ്യാസം

കണ്ണൂർ ജില്ലയിൽ സാമൂഹിക സാംസ്ക്കാരിക രംഗത്തെന്നപോലെ വിദ്യാഭ്യാസ രംഗത്തും ശ്രദ്ധേയമായ പങ്കുവഹിച്ച പ്രദേശമാണ് അഴീക്കോട്. ഏറ്റവും കൂടുതൽ സാമൂഹിക ഇടപെടൽ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസത്തെ നമ്പന്ന ന്യൂനപക്ഷത്തിൻെറ കൈകളുടെ നിയന്ത്രണത്തിൽ നിന്നും മോചിപ്പിക്കുകയും ഗുണഫലങ്ങൾ സമൂഹത്തിൻെറ വിവിധ തലങ്ങളിലുള്ളവർക്ക് അനുഭവവേദ്യമാക്കുകയും ചെയ്ത ശ്രീ പെരുമാക്കൽ കേളു എഴുത്തച്ഛൻ, പൊൻമഠത്തിൽ കൃഷ്ണസ്വാമി, ശ്രീ എ.കെ നായർ, ശ്രീ എം.ടി. കുമാരൻ, ശ്രീ വേശാല സ്വാമികൾ തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കൾ ചെയ്ത സേവനങ്ങൾ ആദരവോടെ ഓർക്കേണ്ടതുണ്ട്.

മറ്റു ഭാഗങ്ങളിലെന്നപോലെ 'നിലത്തെഴുത്താശാൻമാരിലൂടെയാണ്' വിദ്യാപ്രചരണത്തിൻെറ ആദ്യകിരണങ്ങൾ ഇവിടെയും ഉണ്ടായത്. ജനക്ഷേമ തൽപ്പരരായ ഉദാരമതികളും മലബാർ ഡിസ്ട്രിക്റ്റ് ബോർഡും അധികാരത്തിലിരുന്ന വിവിധ സർക്കാരുകളും നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ വിദ്യാലയങ്ങളുടെ കാര്യത്തിൽ ഒരു ചെറിയ മേഖല ഒഴിച്ച് (കടപ്പുറം ചാൽ) സ്വയംപര്യാപ്തമാണെന്ന് പറയാം.

വൈദേശിക ആധിപത്യത്തിൻ കീഴിലുള്ള സമയത്ത് തന്നെയാണ് വിദ്യാഭ്യാസപരമായ ഉണർവ്വിനുള്ള പ്രവർത്തനങ്ങളും തുടങ്ങിയത്. 1870 ലാണ് സ്വന്തമായ വിദ്യാലയം എന്ന മോഹം ശ്രീ പെരുമാക്കൽ കേളു എഴുത്തച്ഛനിലൂടെ പ്രകാശിതമാകുന്നത്. ഇതിലൂടെ ആദ്യത്തെ ഔപചാരിക വിദ്യാകേന്ദ്രം കൊട്ടാരത്തുംപാറയിലുള്ള കുളമുള്ള പറമ്പിൽ സ്ഥാപിക്കപ്പെട്ടു. വിദ്യാപ്രചരണം എന്ന ഏക ലക്ഷ്യമേ അന്നീസ്ഥാപനത്തിനുണ്ടായിരുന്നുള്ളു. പ്രസ്തുത വിദ്യാലയമാണ് അക്ലിയത്ത് എൽ.പി.സ്ക്കൂൾ എന്ന പേരിൽ വൻകുളത്ത് വയലിൽ സ്ഥാപിക്കപ്പെട്ടത്. അക്ലിയത്ത് ക്ഷേത്രവുമായുള്ള ഭക്തിയായിരിക്കാം പ്രസ്തുത പേര് സ്ക്കൂളിനും നൽകാൻ ശ്രീ പെരുമാക്കലിനെ പ്രേരിപ്പിച്ചത്. 1880 ലാണ് ഉയർന്ന ക്ലാസ്സുകൾ അംഗീകരിക്കപ്പെടുകയും സർട്ടിഫിക്കറ്റുകൾ നൽകാൻ ആരംഭിക്കുകയും ചെയ്തത്.

ഇപ്പോൾ പലകാലത്തായി സ്ഥാപിക്കപ്പെട്ട 16 സ്ക്കൂളുകൾ ഈ പഞ്ചായത്തിലുണ്ട്. രണ്ട് ഗവ:ലോവർ പ്രൈമറിയടക്കം ഒമ്പത് ലോവർ പ്രൈമറി സ്ക്കൂളുകൾ, നാല് പ്രൈവറ്റ് യു.പി.സ്ക്കൂളുകൾ, രണ്ട് ഗവ: ഹൈസ്ക്കൂളുകളടക്കം മൂന്ന് ഹൈസ്ക്കൂളുകളും.

വിവിധ കാലഘട്ടങ്ങളിലായി സ്ക്കൂളുകൾ പലതും സ്ഥാപിച്ചെങ്കിലും അപ്പർ പ്രൈമറി പഠനം പൂർത്തിയാക്കിയാൽ പിന്നീട് പഠനം തുടരാൻ ഇവിടെ യാതൊരു സൗകര്യവും ഇല്ലായിരുന്നു. കഴിവുള്ളവർ ചിറക്കൽ രാജാസ് ഹൈസ്ക്കൂളിൽ പോയി പഠനം നടത്തിയിരുന്നു. സ്വാതന്ത്ര്യാനന്തരകാലത്തും ചരിത്രാവർത്തനം പോലെ ആദ്യത്തെ ഹൈസ്ക്കൂൾ പിറവിയെടുത്തതും കൊട്ടാരത്തുംപാറയിലാണ്. പിന്നീടാണ് പ്രസ്തുത ഹൈസ്ക്കൂൾ വൻകുളത്തു വയലിലേക്ക് മാറ്റപ്പെട്ടത്. അതിനുശേഷം മൽസ്യത്തൊഴിലാളികളുടെ മക്കൾക്കായുള്ള ഗവ: റീജിനൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ 1969 ൽ അഴീക്കലിൽ സ്ഥാപിക്കപ്പെട്ടു. പിന്നീട് ജനകീയ സഹകരണത്തോടെ അഴീക്കോട് ഗവ: യു.പി.സ്കൂൾ 1980ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. പ്രസ്തുത യു.പി.സ്ക്കൂൾ നേരത്തെ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ കീഴിലായിരുന്നു.

1950 കളുടെ അവസാനത്തിലും 1960 കളുടെ ആരംഭത്തിലും ജനകീയ ഇടപെടലുകൾ വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുണ്ട്. ജനങ്ങൾതന്നെ ശമ്പളം കൊടുത്തും കെട്ടിടങ്ങൾ ഉണ്ടാക്കിയും നടത്തിയ സ്ക്കൂളാണ് അഴീക്കോട് ഈസ്റ്റ് എൽ.പി.സ്ക്കൂൾ. തങ്ങളുടെ കുട്ടികളെ എവിടെ ആര് എങ്ങിനെ പഠിപ്പിക്കണം എന്ന ചിന്തക്ക് പ്രായോഗിക രൂപം കൊടുത്ത മറ്റൊരു സംരംഭവും അഴീക്കോടുണ്ടായി. മൂന്നു നിരത്തിൽ ശ്രീ വാഗ്ഭടാനന്ദ മന്ദിരം ഒരു വിദ്യാലയത്തിനായി നാട്ടുകാർ നിർമ്മിച്ച കെട്ടിടമായിരുന്നു. വേശാല സ്വാമികളെ പോലുള്ളവരുടെ മാദ്ധ്യസ്ഥ ശ്രമത്തിലൂടെ പ്രസ്തുത സംരംഭം മാറ്റിവെക്കുകയായിരുന്നു.

കഴിഞ്ഞ പത്തു വർഷങ്ങൾക്കിടയിൽ അഴീക്കോട് പുതിയ സ്കൂളുകൾ സ്ഥാപിക്കുകയോ നിർത്തലാക്കുകയോ ചെയ്തിട്ടില്ല. ഗവ: ഫിഷറീസ് എൽ.പി. സ്കൂൾ, ഗവ: മാപ്പിള എൽ.പി. സ്കൂൾ എന്നിവ അനാദായകരം എന്ന നിലയിൽ പൂട്ടിയിടാനുള്ള ശ്രമം നടന്നപ്പോഴെല്ലാം ആ നീക്കങ്ങൾക്കെതിരേ ജനകീയ പ്രതിരോധം ഉണ്ടായിട്ടുണ്ട്. എങ്കിലും പരിമിത വിദ്യാർത്ഥികൾ പഠിക്കുന്ന പ്രസ്തുത സ്കൂളുകളിലും 100% കുട്ടികൾക്കും ഏറ്റവും ചുരുങ്ങിയ വിദ്യാവിഭവങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം ചർച്ചക്ക് വിധേയമാക്കണം.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായുള്ള പ്രത്യേക സ്കൂളായ ഗവ: ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളൊഴികെ എല്ലാ എൽ.പി., യു.പി., ഹൈസ്ക്കൂളുകളിലും ഓരോകൊല്ലവും കുട്ടികൾ

## ഭൗതിക സാഹചര്യങ്ങൾ

| | സ്ക്കൂൾ | ആകെ വിദ്യാർത്ഥികൾ | അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | കിഫായത്തുൽ IMLPS | 118 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 2. | കപ്പക്കടവ് JMLPS | 160 | 6 | 1 | 1 | ഉണ്ട് | ഇല്ല |
| 3. | ഹിദായത്തുൽ IMLPS | 183 | 7 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4. | അഴീക്കോട് ഈസ്റ്റ് LPS | 146 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 5. | അക്ലിയത്ത് LPS | 513 | 17 | 2 | 1 | ഉണ്ട് | ഉണ്ട് |
| 6. | അഴീക്കോട് സെൻട്രൽ LPS | 116 | 5 | 2 | ഇല്ല | ഉണ്ട് | ഉണ്ട് |
| 7. | അഴീക്കോട് LPS | 138 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 8. | ഗവ. മാപ്പിള LPS | 60 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9. | ഗവ.ഫിഷറീസ് LPS | 88 | 3 | 2 | 1 | ഇല്ല | ഇല്ല |
| 10. | അഴീക്കോട് നോർത്ത് UPS | 608 | 22 | 1 | ഇല്ല | ഇല്ല | ഉണ്ട് |
| 11. | രാമജയം UPS | 556 | 21 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| 12. | അഴീക്കോട് സൗത്ത് UPS | 886 | 33 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13. | അഴീക്കോട് വെസ്റ്റ് UPS | 427 | 18 | 1 | ഇല്ല | ഇല്ല | ഉണ്ട് |
| 14. | അഴീക്കോട് ഹൈസ്ക്കൂൾ | 2191 | 88 | 3 | 4 | ഉണ്ട് | ഉണ്ട് |
| 15. | ഗവ: ഹൈസ്ക്കൂൾ | 803 | 33 | 2 | 2 | ഉണ്ട് | ഉണ്ട് |
| 16. | ഗവ: റീജിണൽ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്ക്കൂൾ | 107 | 8 | 2 ഉപയോഗശൂന്യം | 5 | ഉണ്ട് | ഉണ്ട് |
| | ആകെ | 7100 | 280 | | | | |

കുറഞ്ഞുവരികയാണ്. ജനന നിരക്കിലുള്ള കുറവും പട്ടണങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള തള്ളിക്കയറ്റവും കുട്ടികൾ കുറയാനുള്ള പ്രധാന കാരണങ്ങളാണ്. പക്ഷെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാരത്തകർച്ച വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നു എന്നുള്ളത് ബന്ധപ്പെട്ടവർ ഗൗരവപൂർവ്വം കണക്കിലെടുക്കുന്നുണ്ടോ എന്നത് സംശയിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പിൻെറ പരിധിക്കു പുറത്തുള്ള അക്കാദമിക വൈദഗ്ധ്യത്തെ അംഗീകരിക്കാനോ അതിന് വിധേയനാകാനോ രംഗത്തുള്ളവരിൽ ഒരുഭാഗം തയ്യാറല്ല എന്നുള്ളതിനാൽ വിദ്യാഭ്യാസ രംഗത്തെ സാമൂഹ്യ ഇടപെടൽ എന്ന നയം കെട്ടിടങ്ങളുടെ അറ്റകുറ്റ പണികളിലും ഭൗതിക സാഹചര്യം ഒരുക്കുന്നതിലും മാത്രം ഒതുങ്ങി നില്ക്കുകയാണ്.

സ്ക്കൂളുകളിൽ ലോവർപ്രൈമറി വിഭാഗത്തിൽ 57 അദ്ധ്യാപകരും 813 ആൺകുട്ടികളും 709 പെൺ കുട്ടികളും ആണുള്ളത്. അപ്പർപ്രൈമറി സ്ക്കൂളുകളിൽ 94 അദ്ധ്യാപകരും 1271 ആൺ കുട്ടികളും 1206

| പഠനം നിർത്തിയവരുടെ കണക്ക് | | | |
|---|---|---|---|
| ആൺ | പെൺ | ആകെ | ശതമാനം |
| 22 | 18 | 40 | 0.5 |

പെൺകുട്ടികളും ഹൈസ്ക്കൂൾ വിഭാഗത്തിൽ 129 അദ്ധ്യാപകരും 1677 ആൺകുട്ടികളും 1424 പെൺകുട്ടികളുമാണ് ഉള്ളത്. വിവിധ വിദ്യാലയങ്ങളിൽ ആകെ 7100 വിദ്യാർത്ഥികൾ നിലവിലുണ്ട്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ ആൺകുട്ടികളാണ് എണ്ണത്തിൽ കൂടുതലെന്നത് പഠന വിധേയമാക്കേണ്ടിയിരിക്കുന്നു.

എല്ലാ ലോവർപ്രൈമറി, അപ്പർപ്രൈമറി സ്ക്കൂളുകൾക്കും കെട്ടിടങ്ങൾ ഉണ്ടെങ്കിലും സർക്കാർ സ്ക്കൂളായ ഗവ: മാപ്പിള എൽ.പി. സ്ക്കൂൾ ഇപ്പോഴും വാടക കെട്ടിടത്തിലാണ്. ആവശ്യത്തിലധികം പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച രണ്ട് എൽ.പി. സ്ക്കൂളുകളാണ് കപ്പക്കടവ് ജമാഅത്ത് എൽ.പി സ്ക്കൂളും ഹിദായത്തുൽ ഇസ്ലാം മദ്രസ്സ എൽ.പി സ്ക്കൂളും. എല്ലായിടത്തും നല്ല ഫർണിച്ചറുകൾ ആവശ്യത്തിനില്ല. യു.പി. സ്ക്കൂളുകളിലും ഫർണിച്ചറുകളുടെ അഭാവം ഉണ്ട്. ഹൈസ്ക്കൂളുകളിൽ ഗവ: റീജിണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ റസിഡൻഷ്യൽ സ്ക്കൂളാണെങ്കിലും അതിനാവശ്യമായ സൗകര്യങ്ങൾ കുറവാണ്. ഇതിനോടനുബന്ധിച്ച് ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ്കൂടി നടത്തിവരുന്നുണ്ട്. ഗവ: സ്ക്കൂൾ അഴീക്കോടിന് ആവശ്യമായ കെട്ടിടങ്ങളോ ഫർണിച്ചറുകളോ ഇല്ല. സ്വകാര്യ മേഖലയിലുള്ള അഴീക്കോട് ഹൈസ്ക്കൂളിന് ആവശ്യത്തിന് കെട്ടിടങ്ങളും ഫർണിച്ചറുകളും ഉണ്ടെങ്കിലും സ്വന്തമായ കളിസ്ഥലം ഇല്ലാത്തതിൻെറ പോരായ്മ നിലനിൽക്കുന്നു. പഞ്ചായത്തിൻെറ അധീനതയിലുള്ള പി.വി. രവീന്ദ്രൻ സ്മാരക സ്റ്റേഡിയമാണ് കുട്ടികൾക്ക് ആശ്രയം.

വിവിധ കാരണങ്ങളാൽ ഒരു ചെറുവിഭാഗം കുട്ടികൾ ഇന്നും കൊഴിഞ്ഞുപോകുന്നുണ്ട്. ആകെ കുട്ടികളുമായി തട്ടിച്ചുനോക്കുമ്പോൾ ചെറിയ ശതമാനമേ ഉള്ളുവെങ്കിലും അത് തടയാനാവശ്യമായ സാഹചര്യം വിദ്യാലയങ്ങളിൽ ഉണ്ടാക്കണം.

ഗവ: സ്ക്കൂളിലെ വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും കണക്ക്

| ആകെ അധ്യാപകർ | 4ഗവ: വിദ്യാലങ്ങളിലെ അധ്യാപകർ | ശതമാനം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ:സ്ക്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 280 | 48 | 17 | 7100 | 1058 | 14.9 |

ആകെയുള്ള സ്ക്കൂളുകളിൽ നാല് എണ്ണം സർക്കാർ മേഖലയിലുള്ളതും മൊത്തം അദ്ധ്യാപകരുടെ 17% വും വിദ്യാർത്ഥികളിൽ14.9% വും ഗവ: വിദ്യാലയങ്ങളിലുമാണ്.

അഴീക്കോട് പഞ്ചായത്തിൽ നിന്നും ഏകദേശം 200നടുത്ത കുട്ടികൾ പട്ടണത്തിലെ വരേണ്യ സ്ക്കൂളുകളിൽ പോകുന്നുണ്ടെങ്കിലും ചാലാട്, മണൽ തുടങ്ങിയ പ്രദേശങ്ങളിലെ കുട്ടികളിൽ കൂടുതൽ പേരും അഴീക്കോടാണ് വരുന്നത്. നാട്ടിൻ പുറത്തെ ഇടത്തരക്കാരിൽ ഇംഗ്ലീഷ് മാധ്യമത്തിന് കൂടുതൽ സ്വാധീനമുള്ളതായി കാണുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസവും, ഇംഗ്ലീഷിലൂടെയുള്ള വിദ്യാഭ്യാസവും രണ്ടാണെന്ന തിരിച്ചറിവിലേക്ക് ജനങ്ങളെ എത്തിക്കുന്നതിൽ വന്ന പരാജയമാണ് പ്രസ്തുത പ്രചരണത്തിന് കാരണമെങ്കിലും സാധാരണ സ്ക്കൂളുകളുടെ നിലവാരത്തകർച്ചയും ഒരു കാരണം തന്നെ.

ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാലയമോ ഈ പഞ്ചായത്തിലില്ല. കണ്ണൂർ ശ്രീനാരായണ കോളേജ്, കൃഷ്ണമേനോൻ സ്മാരക വനിതാകോളേജ്, സർ. സയ്യിദ് കോളേജ് തളിപ്പറമ്പ, കണ്ണൂർ പോളി ടെക്നിക്ക്, ഐ.ടി.ഐ., മാങ്ങാട് ഇഞ്ചിനിയറിങ്ങ് കോളേജ് തുടങ്ങിയ സ്ഥലങ്ങളിലാണ് ഉപരിപഠനം നടത്തുന്നത്.

പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളുടെ എസ്.എസ്.എൽ.സി. വിജയ ശതമാനം നന്നേ കുറവാണ്. വിജയിക്കുന്നവരുടെ മാർക്കിലുള്ള കുറവ്കാരണം, സർക്കാർ, സ്വകാര്യ അംഗീകൃത കോളേജുകളിൽ ചെറിയ വിഭാഗം കുട്ടികൾക്ക് മാത്രമേ പ്രവേശനം ലഭിക്കുന്നുള്ളൂ.

ഹൈസ്ക്കൂളിലെ കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി വിജയ ശതമാനം

| സ്ക്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| അഴീക്കോട് ഹൈസ്ക്കൂൾ | 57 | 52.3 | 50 | 40 | 37 |
| ഗവഃഹൈസ്ക്കൂൾ | 57 | 64 | 47 | 44 | 34 |
| ഗവഃഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ | 100 | 78.94 | 95.23 | 94.28 | 60 |

എസ്.എസ്.എൽ.സി. വിജയ ശതമാനം ഗണ്യമായി കുറയുന്നതിന് ചർച്ച ചെയ്യപ്പെടുന്നകാരണങ്ങൾ പലതാണ്. വിജയ ശതമാനം ഉയർത്താനുള്ള പദ്ധതികൾ പലതും സ്കൂളുകളിൽ നടക്കുന്നുണ്ടെങ്കിലും പഠന വിമുഖത കുട്ടികളെ പിടികൂടിയിരിക്കുന്നുവെന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. കാരണം കണ്ടെത്തേണ്ടിയിരിക്കുന്നു. വിജയിക്കുന്ന കുട്ടികളിൽ വലിയ വിഭാഗം പഠിക്കുന്നത് കണ്ണൂരും മറ്റുമുള്ള സമാന്തര കോളേജുകളിലാണ്.

സ്ക്കൂൾ കുട്ടികൾക്ക് ട്യൂഷൻ കൊടുക്കുന്ന അഞ്ച് സ്ഥാപനങ്ങൾ അഴീക്കോടുണ്ട്. അവയിൽ നാമമാത്രമായ പ്രീഡിഗ്രി കോഴ്സും ഉണ്ട്.

മൂന്ന് ടൈപ്പ്റൈറ്റിങ്ങ്ഇൻസ്റ്റിറ്റ്യൂട്ടിൽ 130 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. എന്നാൽ ഷോർട്ട് ഹാൻറ് പരിശീലനം ഗൗരവമായി നടക്കുന്നില്ല. ഫോട്ടോസ്റ്റാറ്റിൻെറ അതിപ്രസരം ടൈപ്പ് റൈറ്റിങ്ങ് പഠിതാക്കളിൽ നിരാശ പരത്തുന്നുണ്ട്. കമ്പ്യൂട്ടർ പഠനത്തിനാവശ്യമായ സാങ്കേതിക വിദ്യാലയം ഈ പഞ്ചായത്തിലില്ല. ആറാം വാർഡിൽ നെഹറു യുവക്കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ തുന്നൽ, പ്ലാസ്റ്റിക് ഉപകരണങ്ങൾ, റെഡിമെയ്ഡ് എന്നിവയിൽ പരിശീലനം കൊടുക്കുന്നു.

രണ്ട് പ്രീപ്രൈമറി സ്ക്കൂളും രണ്ട് ഇംഗ്ലീഷ് മീഡിയം നേഴ്സറിസ്ക്കൂളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മൂന്നുമുതൽ അഞ്ചുവയസ്സ്വരെയുള്ള കുട്ടികൾക്കായുള്ള അംഗനവാടികൾ 35 എണ്ണം പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ജനസംഖ്യാനുപാതികമായി ഏഴ് എണ്ണംകൂടി സ്ഥാപിക്കേണ്ടിയിരിക്കുന്നു. മിക്ക അംഗനവാടികളും വായനശാലകളിലോ, ക്ലബ്ബുകളിലോ, വീട്ടു വരാന്തയിലോ ആണ് പ്രവർത്തിക്കുന്നത് എന്നത് അംഗനവാടികളുടെ ലക്ഷ്യം തന്നെ ഇല്ലാതാക്കുന്നു. സ്വന്തം കെട്ടിടവും നല്ല കളിക്കോപ്പുകളും അന്തരീക്ഷവും ഉണ്ടാക്കിയാലേ ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിയൂ. ഇത്രയും അംഗനവാടികൾ ഉണ്ടായിട്ടും കുട്ടികളെ കുറേ രക്ഷിതാക്കൾ എൽ.കെ.ജി. യു.കെ.ജി. എന്നീ ഇംഗ്ലീഷ് മീഡിയത്തിലെത്തിക്കാൻ ബദ്ധപ്പെടുന്നത് പഠനവിധേയമാക്കണം.

മതപഠന സംബന്ധിയായി ഓരോ നമസ്കാര പള്ളികളിലുമായി ചേർന്ന് 12 മദ്രസ്സകൾ ഇവിടെ ഉണ്ട്. സാധാരണ സ്ക്കൂൾ സമയത്തിന് മുൻപായും സ്ക്കൂൾ സമയത്തിന് ശേഷവും മിക്കവാറും മദ്രസ്സകൾ പ്രവർത്തിക്കുന്നു. ഇത് മുസ്ലീം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുവെന്ന ശക്തമായ അഭിപ്രായം ഉണ്ട്.

അനേകം വിദ്യാസമ്പന്നരും വിദ്യാലയങ്ങളും നമുക്കുണ്ടെങ്കിലും ഇപ്പോഴും നിരക്ഷരരായ കുറേ ആളുകൾ നമ്മുടെയിടയിലുണ്ട്. ഗ്രന്ഥശാലാസംഘം 1975 കളിലും സാക്ഷരതാ പ്രസ്ഥാനം 1990 കളിലും നടത്തിയ പ്രവർത്തനങ്ങൾ നിലച്ചുപോയത് പുനരുജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ രംഗത്തെ ജനകീയ ഇടപെടലും സഹകരണവും ഉറപ്പുവരുത്തുന്നതിനായി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച ഗുരുകുലം പദ്ധതിയുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലും നടക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസ സമിതിവരെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലക്ഷ്യപ്രാപ്തിക്കായി അർപ്പണബോധത്തോടെ എല്ലാവരും പ്രവർത്തനങ്ങളിൽ സഹായിക്കുന്നുവെന്ന് പറഞ്ഞുകൂട. പ്രീടെസ്റ്റ് പേപ്പർ തന്നെ നോക്കി കാരണങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ പോലും നടത്താത്ത ന്യൂനപക്ഷം ഉണ്ടായി എന്നുള്ളത് ഗൗരവപൂർവ്വം കാണണം. സ്കൂളുമായി ബന്ധപ്പെടുന്ന ആഘോഷങ്ങൾക്കുവേണ്ടിമാത്രം ജനകീയ സഹകരണം ഉപയോഗപ്പെടുത്തുകയും എന്നാൽ അവരിലെ അക്കാദമിക വൈദഗ്ധ്യത്തെ അംഗീകരിക്കാൻ കൂട്ടാക്കാതിരിക്കുകയും ചെയ്യുന്ന സമീപനം തിരുത്തപ്പെടേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ അധികൃതർ നിശ്ചയിച്ചുറപ്പിച്ചു നടത്തുന്ന പരിശോധനാ സമ്പ്രദായങ്ങളും അക്കാദമിക നിലവാര ഉയർച്ചക്ക് സഹായിക്കുന്നില്ല എന്ന ബോധ്യത്തിൽ പഞ്ചായത്തിൻെറ നേതൃത്വത്തിൽ തന്നെ പരിശോധനാ പരിഹാര നിർദ്ദേശങ്ങൾക്കായി ഒരു അക്കാദമിക സമിതി നിലവിൽ വരുന്നതിനായി ചട്ടഭേദഗതിക്കടക്കം പഞ്ചായത്ത് മുൻകൈ എടുക്കേണ്ടിയിരിക്കുന്നു.

കോംപ്ലക്സുകൾ പ്രതീക്ഷിച്ച ഫലം ചെയ്യണമെങ്കിൽ പഠന പ്രവർത്തനങ്ങൾ ചർച്ച ചെയ്യാനുള്ള വേദിയായി തന്നെ അതിനെ രൂപപ്പെടുത്തിയെടുക്കണം. അതിനായി വിഭവങ്ങൾ വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

സ്കൂളിൽ ഭൂരിഭാഗവും സ്വകാര്യമേഖലയിലാണെന്നതിനാൽ ഭൗതിക സാഹചര്യത്തിന് മടിച്ചുനിന്ന രക്ഷിതാക്കൾ 'ഗുരുകുലം' പദ്ധതി നടപ്പിലാക്കുന്നതോടെ അടിസ്ഥാന സൗകര്യവികസനത്തിന് ഊന്നൽ നൽകി പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. ഉച്ചഭക്ഷണ പരിപാടി ഇല്ലാതിരുന്ന സ്ഥലങ്ങളിൽ പോലും ജനകീയ ഇടപെടലിലൂടെ അത് പ്രാവർത്തികമായിക്കഴിഞ്ഞു. അദ്ധ്യാപക രക്ഷാകർതൃ- മാനേജർ അടങ്ങുന്ന ബഹുജന കൂട്ടായ്മ വളർത്തിയെടുത്ത് പല മാതൃകാ പ്രവർത്തനങ്ങളും പല സ്കൂളുകളിലും ഇപ്പോൾ നടക്കുന്നുണ്ട്. അഴീക്കോട് എൽ.പി. സ്കൂളിലെ കെട്ടിടം റിപ്പയർ, രാമജയം യു.പി. സ്കൂളിലെ രക്ഷിതാക്കളുടെ ഇടപെടൽ എന്നിവ ഇതിനുദാഹരണമാണ്.

മിടുക്കരായ കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ പലതരം പ്രവർത്തനങ്ങൾ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നടക്കുന്നുണ്ട്. പഞ്ചായത്ത് നേരിട്ടും, സർവ്വീസ് കോ.ഓ.ബാങ്ക് തുടങ്ങിയവയും ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

അക്കാദമിക സൗകര്യങ്ങളെ കുറിച്ച് വളരെ വിശദമായ പരിശോധന നടത്തിയപ്പോൾ മിക്ക സ്കൂളുകളിലും

**അക്കാദമിക സൗകര്യങ്ങളുടെ ലഭ്യത**

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | ക്ലസ്റ്റർ പി.ടി.എ പ്രവർത്തിക്കുന്നുണ്ട് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 16 | 10 | 6 | - | 16 | 3 | 3 | - | 1 | 1 | 3 | 15 | 15 |
| ഇല്ലാത്തത് | | 6 | 10 | - | - | 13 | 13 | 16 | 15 | 15 | 13 | 1 | 1 |

കുട്ടികൾക്ക് ഉന്മേഷം പകരത്തക്ക, സൗകര്യങ്ങൾ പരിമിതമാണ് എന്ന വസ്തുത മുകളിലെ പട്ടിക സൂചിപ്പിക്കുന്നു. ലൈബ്രറി, ലാബുകൾ ഇവ നടത്താതെ കുട്ടികളിൽ നിന്ന് പ്രസ്തുത ഫീസ് പിരിക്കുന്നത് ന്യായമല്ല എന്ന

ചർച്ചയും ഗ്രാമസഭകളിൽ വന്നിട്ടുണ്ട്. ഇവ ലഭ്യമായ സ്ക്കൂളുകളിൽ ഉപയോഗിക്കുന്ന അദ്ധ്യാപകരുടെ പങ്ക് പരിമിതമാണ്.

പഞ്ചായത്തിലെ സ്കൂളുകളിൽ ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 96-97 അദ്ധ്യയന വർഷം കാൽക്കൊല്ല പരീക്ഷക്ക് ലഭിച്ച മാർക്കുകളെ അടിസ്ഥാനമാക്കിയാണ് മുകളിൽ കൊടുത്ത പട്ടിക തയാറാക്കിയത്. ഇതിൽനിന്നും പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ആകെ കുട്ടികളിൽ 24% കുട്ടികളും പിന്നോക്കം നിൽക്കുന്നവരാണെന്ന് കാണിക്കുന്നു. പിന്നോക്കാവസ്ഥയുമായി ബന്ധപ്പെട്ട് നിരവധി വസ്തുതകൾ എടുത്തു പറയാവുന്നതാണ്. വിദ്യാർത്ഥി സമരങ്ങൾ ചിലയിടങ്ങളിൽ അദ്ധ്യയനത്തെ ബാധിക്കുന്നു. വിദ്യാർത്ഥി

കാൽപാദ പരീക്ഷ 96 - 97

| സ്ക്കൂൾ | മാർക്ക് ശതമാനത്തിൽ | | | | | |
|---|---|---|---|---|---|---|
| | ആകെ | 30ൽതാഴെ | 30-40 | 40-50 | 50-60 | 60 % മുകളിൽ |
| എൽ.പി. സ്ക്കൂളുകൾ | 1507 | 117 | 150 | 204 | 216 | 820 |
| യു.പി. സ്ക്കൂളുകൾ | 2435 | 389 | 313 | 359 | 419 | 955 |
| ഹൈസ്ക്കൂളുകൾ | 2908 | 1164 | 581 | 435 | 307 | 421 |
| | | | | | | |

സമരങ്ങളില്ലാത്ത വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം പരിശോധനാ വിധേയമാക്കാവുന്നതാണ്. ദൃശ്യമാധ്യമങ്ങളുടെ വ്യാപനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം എന്നിവ അനഭിലഷണീയമായ പ്രവണതകൾ വിദ്യാർത്ഥികളിൽ ഉളവാക്കുന്നു. നല്ലൊരു ശതമാനം കുട്ടികളും ഗൈഡുകളേയും ട്യൂഷൻ ക്ലാസ്സുകളേയും ആശ്രയിക്കുന്നു. ഗൈഡുകളിലെ തെറ്റുകൾ സ്കൂളിൽ ആവർത്തിക്കുന്നുവെന്ന ഗ്രാമസഭകളിലെ ചർച്ചയും ഗൗരവപൂർവ്വം കാണണം. സ്ക്കൂൾ പരിശോധനാ രീതികളിലെ അപാകതകൾ പരിഹരിച്ചാലേ ഇത് പരിഹരിക്കാൻ കഴിയൂ. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ ശാസ്ത്രമാസികകളായ യുറീക്ക, ശാസ്ത്രകേരളം എന്നിവയുടെ 200ഓളം കോപ്പികൾ പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നു.

പഞ്ചായത്തിൽ നടന്ന ഗ്രാമസഭകളിൽനിന്നുയർന്നുവന്ന നിഗമനങ്ങളും ദ്വിതീയ വിവര ശേഖരണത്തിൽനിന്നും ലഭിച്ച വിവരങ്ങളുമാണ് ഈ റിപ്പോർട്ടിന് ആധാരം. 15 ഗ്രാമസഭകളിലും വിദ്യാഭ്യാസ രംഗം സജീവ ചർച്ചക്ക് വിധേയമാക്കിയിട്ടുണ്ട്. അക്കാദമിക് നിലവാരത്തെ കുറിച്ചും ഭൗതിക സാഹചര്യങ്ങളെ കുറിച്ചും പങ്കെടുത്ത അംഗങ്ങളെല്ലാം അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്.

പഠന നിലവാരത്തകർച്ച, സമരങ്ങൾ, ഉത്സവങ്ങൾ ഇവ കാരണമുള്ള അദ്ധ്യയന നഷ്ടം, പാഠപുസ്തക ലഭ്യതക്കുറവ്, പാഠപുസ്തകം സമയത്തിന് കിട്ടായ്ക, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, അദ്ധ്യാപക രക്ഷാകർതൃ സമിതി, സ്ക്കൂൾ സമയത്തിൻെറ ഏകീകരണം, പുതിയ സ്ക്കൂളിൻെറ ആവശ്യകത, ചിലവയുടെ അപ്ഗ്രഡേഷൻ, അദ്ധ്യാപകരുടെ പുനപരിശീലനം, ക്ലാസ്സുകയറ്റ രീതി, മാസാന്ത പരീക്ഷകൾ, പുതിയ പരീക്ഷാ രീതികളിൽ വന്ന പ്രയാസങ്ങൾ, മൂല്യനിർണയത്തിലെ കാലതാമസം, പാഠ്യാനുബന്ധപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഓരോ സഭയിലും ചർച്ച നടന്നിട്ടുണ്ട്.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ച് കൊല്ലത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1. എല്ലാ അംഗനവാടികൾക്കും സ്വന്തം കെട്ടിടവും ആകർഷകമായ കളിക്കോപ്പുകളും ഉണ്ടാക്കുക.
2. 14ാം വാർഡിൽ കടപ്പുറംചാലിൽ പുതുതായി ഒരു സ്കൂൾ ആരംഭിക്കുക.
3. 1ാം വാർഡിലെ കപ്പക്കടവ് ജമാഅത്ത് എൽ.പി. സ്കൂൾ യു.പി. സ്ക്കൂളായി ഉയർത്തുക.
4. 4ാം വാർഡിലെ ഹിദായത്തുൽ ഇസ്ലാം മദ്രസ്സ എൽ.പി. സ്ക്കൂൾ യു.പി. സ്ക്കൂളാക്കി ഉയർത്തുക.
5. അഴീക്കോട് ഹൈസ്ക്കൂളിൽ ഹയർ സെക്കൻററി കോഴ്സുകൾ ആരംഭിക്കുക, ഗവ: ഹൈസ്ക്കൂൾ

325

അഴീക്കോടിന് ആവശ്യമായ കെട്ടിടം, ഫർണിച്ചറുകൾ ഉണ്ടാക്കുക. ഗവ: റീജിനൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിന് ആവശ്യമായ കിടപ്പുമുറികളും, കക്കൂസും, ഫർണിച്ചറുകളും ലഭ്യമാക്കുക.

6. എല്ലാ എൽ.പി.സ്ക്കൂളുകളിലും ശാസ്ത്രീയമായ രീതിയിൽ പ്രീ-പ്രൈമറി സ്ക്കൂൾ ആരംഭിക്കുക.

7. പഞ്ചായത്തിൻെറ നേതൃത്വത്തിൽ അദ്ധ്യാപകർക്കായി ഇൻസർവ്വീസ് കോഴ്സുകൾ നടത്തുകയും പരീക്ഷകൾ ചിട്ടപ്പെടുത്തുകയും പഞ്ചായത്തിലെ ആകെ കുട്ടികൾക്കായി കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

8. സ്ക്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകൾ സ്ക്കൂൾ തുറക്കുന്നതിന് മുൻപേ എത്തിക്കാനുള്ള സംവിധാനമുണ്ടാക്കുക.

9. സ്ക്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ സംവിധാനമുണ്ടാക്കുക.

10. അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ കാലോചിതമായ മാറ്റം ഉണ്ടാക്കുക.

11. അദ്ധ്യാപക രക്ഷാകർതൃ സമിതികളും, മാതൃ സംഘങ്ങളും സജീവമാക്കാൻ നടപടികളെടുക്കുക.

12. 2, 3, 4, 5, 7, 9 എന്നീ വാർഡുകൾ ഉൾക്കൊള്ളുന്ന പ്രദേശത്ത് ഒരു സാങ്കേതിക വിദ്യാലയം ആരംഭിക്കുക.

13. പഞ്ചായത്തിൽ ഒരു കംപ്യൂട്ടർ പഠന കേന്ദ്രം സ്ഥാപിക്കണം.

14. സ്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ 'യോഗ' പരിശീലനം ആരംഭിക്കുക.

15. പ്രൈമറി തലത്തിൽ മാതൃഭാഷയിൽ മാത്രം പഠനം നടത്താൻ നടപടിയെടുക്കുക.

16. മൂത്രപ്പുര, കക്കൂസ് എന്നിവ എല്ലാ സ്കൂളിലും കുട്ടികളുടെ അനുപാതത്തിൽ ഉണ്ടാക്കണം.

17. കുടിവെള്ളം ലഭ്യമല്ലാത്ത സ്ക്കൂളുകളിൽ കുടിവെള്ളം ലഭ്യമാക്കണം.

18. അക്കാദമിക കാര്യങ്ങളിൽ ഡിപ്പാർട്ട്മെൻറ് ഇടപെടലിൻെറ അഭാവത്തിൽ അക്കാദമിക വൈദഗ്ധ്യമുള്ളവരേയും, സ്ക്കൂൾ മാനേജർമാരേയും ഉൾപ്പെടുത്തി അക്കാദമിക് സമിതി ഉണ്ടാക്കി പരിശോധനാ സമ്പ്രദായം ഉണ്ടാക്കുക.

അഴീക്കോട് പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തിക്കൊണ്ടുവരാൻ അടിയന്തിരമായും ചെയ്യേണ്ടത് ഇന്ന് നിലച്ചിരിക്കുന്ന സ്ക്കൂൾ കോംപ്ലക്സ് അതിൻെറ ശരിയായ അർത്ഥത്തിലും വ്യാപ്തിയിലും സജീവമാക്കുകയാണ്. ബഹുജന പങ്കാളിത്തത്തോടെ സാമ്പത്തിക ബാധ്യതയില്ലാതെ അതിൻെറ യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ പരിശ്രമിക്കേണ്ടതുണ്ട്. പഠനാനുബന്ധ പ്രവർത്തനങ്ങളിൽ ഊന്നൽ നൽകി അവരുടെ പഠനോത്സുകതയെ ഉദ്ദീപിപ്പിക്കുകയാണ് മുഖ്യമായും വേണ്ടത്. വിദ്യാർത്ഥികളുടെ നാനാവിധ കഴിവുകൾ വികസിപ്പിക്കുവാനുള്ള പരിപാടികൾ ഏറ്റെടുത്തേ അത് സാധ്യമാകുകയുള്ളൂ.

◆ ◆ ◆ ◆

# കുടിവെള്ളവും ആരോഗ്യവും

## കുടിവെള്ളം :

ആരോഗ്യകരമായ ജീവിതത്തിന് ഒഴിച്ചുകൂടാനാവാത്തതാണ് ശുദ്ധജലം. നമ്മുടെ പഞ്ചായത്ത് പണ്ടുകാലം മുതൽക്കേ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതയാണ് ഇതിന് കാരണം. പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലും വടക്ക് ഭാഗത്ത് വളപട്ടണം പുഴയും, പുഴയിലേക്കും, കടലിലേക്കും വന്ന് ചേരുന്ന ഒട്ടനവധി തോടുകളും കാരണം പുഴയോര വാർഡുകളിലും തോടിന് സമീപമുള്ള പ്രദേശങ്ങളിലും വർഷം മുഴുവൻ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളിൽ മുഖ്യമായത് കിണറുകളാണ്. പഞ്ചായത്തിലെ വീടുകളിൽ ഏകദേശം 60 ശതമാനത്തിനും സ്വന്തമായി കിണറുകളുണ്ട്. ഇവ കൂടാതെ 26 പൊതു കിണറുകളും 9 കുഴൽ കിണറുകളും വാട്ടർ അതോറിറ്റിയുടെ 103 ടാപ്പുകളും പഞ്ചായത്തിലുണ്ട്. ഇതൊക്കെയുണ്ടെങ്കിലും 1500 ഓളം കുടുംബങ്ങൾ വർഷം മുഴുവനും ഏകദേശം 2000 കുടുംബങ്ങൾ ഭാഗികമായും കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരാണ്. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ജലജന്യരോഗങ്ങൾ ഇടക്കിടെ കണ്ടുവരുന്നുണ്ട്.

## പ്രശ്നങ്ങൾ :

*വാർഡ് 1.* വാർഡിൻെറ കിഴക്കെ അറ്റംമുതൽ പടിഞ്ഞാറെ അറ്റംവരെ പുഴയോട് അടുത്ത് കിടക്കുന്ന ഭാഗങ്ങളിൽ വർഷം മുഴുവൻ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഉപ്പുവെള്ളമാണ് ഈ വാർഡിൻെറ പ്രശ്നം.

*വാർഡ് 2.* ഈ വാർഡിലും ഉപ്പുവെള്ളമാണ് പ്രശ്നം. വാർഡിൻെറ വടക്കുഭാഗത്തുള്ള പ്രദേശങ്ങളിൽ ആണ് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്.

*വാർഡ് 3.* ഉപ്പുവെള്ളം കയറുന്നതാണ് പ്രശ്നം. ഒണ്ടേൻ റോഡ് ഉപ്പായിച്ചാൽ ഭാഗത്താണ് പ്രശ്നം അനുഭവപ്പെടുന്നത്.

*വാർഡ് 4.* ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണിത്. 95 ശതമാനം കുടുംബങ്ങളും വർഷം മുഴുവൻ കുടിവെള്ള ക്ഷാമം നേരിടുന്നവരാണ്. പുഴയുടെ സാമീപ്യവും പഴയ കൈപാടാണ് ഈ പ്രദേശമെന്നതുമാണ് ഇതിനു കാരണം. ഈ വാർഡിലുള്ളവർ ഒരു കിലോമീറ്റർമുതൽ 2 കി.മീ. വരെ നടന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ വല്ലപ്പോഴും കനിയുന്ന ടാപ്പുകൾ ആണ് ഏക ആശ്രയം.

*വാർഡ് 5.* പള്ളിക്കുന്നുമ്പ്രം പ്രദേശത്ത് പൂർണ്ണമായും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കിണറുകൾ ഇല്ലാത്തതും ഉള്ള കിണറുകളിലെ വെള്ളം വറ്റുന്നതുമാണ് പ്രശ്നം.

*വാർഡ് 6.* ചായമുറികളിൽ നിന്നുള്ള മലിനീകരണമാണ് ഈ വാർഡിൻെറ പ്രശ്നം. മൈലാടതടം പ്രദേശത്താണ് ഇത് രൂക്ഷം. മിക്കവാറും കിണറുകളും വരൾച്ചയുടെ തുടക്കത്തോടെ മലിനമാകുന്നു.

*വാർഡ് 7.* ചായമുറികളിൽ നിന്നുള്ള മലിനീകരണമാണ് ഇവിടെയും പ്രശ്നം.

*വാർഡ് 8.* ഹരിജൻ കോളനികളിൽ കുടിവെള്ള പ്രശ്നമുണ്ട്. കിണറുകളുടെ കുറവാണ് കാരണം.

*വാർഡ് 9.* കടലിൽ നിന്നുള്ള ഉപ്പുവെള്ള കയറ്റമാണ് ഇവിടത്തെ പ്രശ്നം.

*വാർഡ് 10.* കുടിവെള്ള പ്രശ്നം രൂക്ഷമല്ലെങ്കിലും ചില കിണറുകൾ വറ്റുന്നതുകൊണ്ടുള്ള പ്രശ്നമുണ്ട്. ചെൻമരശ്ശേരിപാറ, കച്ചേരിപാറ, തെക്കൻമാർകണ്ടി എന്നിവിടങ്ങളിലാണവ.

*വാർഡ് 11.* കുടിവെള്ള പ്രശ്നം രൂക്ഷമല്ല,

*വാർഡ് 12.* വലിയപറമ്പ്, മീൻകുന്ന് പ്രദേശങ്ങൾ ഉയർന്ന പ്രദേശമായതിനാൽ കിണറുകളിൽ വെള്ളം വറ്റുന്നു. അതുപോലെതന്നെ ചില പ്രദേശങ്ങളിൽ മിനറൽസ് അധികമായി കണ്ടുവരുന്നതും പ്രശ്നമാണ്. 100 വീടുകൾക്ക് കിണറില്ല.

*വാർഡ് 13.* ഉപ്പായിച്ചാൽഭാഗത്ത് ഉപ്പുവെള്ളം കയറുന്നതും ലഭ്യമായ വെള്ളം കുടിവെള്ളയോഗ്യമല്ലാത്തതുമാണ് കാരണം.

327

*വാർഡ് 14.* കോളനി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കിണറുകളുടെ കുറവാണ്കാരണം.
*വാർഡ് 15.* കുടിവെള്ളപ്രശ്നം രൂക്ഷമല്ല.

**സാധ്യതകൾ :**

1. പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സുകളായ കിണറുകളെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ സഹായത്തോടെ ക്ലോറിനേറ്റ് ചെയ്യുക.

2. കേടുവന്ന വാട്ടർ ടാപ്പുകളും, കുഴൽ കിണറുകളും അറ്റകുറ്റപ്പണി നടത്തി ഉപയോഗക്ഷമമാക്കുക.

3. പഞ്ചായത്തിലെ പൊതു കിണറുകൾ വൃത്തിയാക്കുകയും അവ ജനകീയമായി സംരക്ഷിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുക.

4. പഞ്ചായത്തിലെ ജല ഗുണനിലവാരം പരിശോധിക്കാനായി ഒരു ജല ഗുണനിലവാര പരിശോധനാകേമ്പ് സംഘടിപ്പിക്കുക. ഇത് പൊതുജന സഹകരണത്തോടെ സംഘടിപ്പിക്കാവുന്നതാണ്.

5. ഉയർന്ന പ്രദേശങ്ങളിലെ കിണറുകളിലെ വെള്ളം വറ്റിപ്പോകുന്നത് തടയുന്നതിനായി ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുകയും കിണറുകൾക്ക് ആഴം കൂട്ടുകയും ചെയ്യാവുന്നതാണ്.

6. ഉപ്പുവെള്ള കയറ്റമാണ് നമ്മുടെ പഞ്ചായത്തിൻെറ കുടിവെള്ള ക്ഷാമത്തിന് പ്രധാന കാരണം. ഉപ്പുവെള്ളം കയറുന്നത് തടയാനായി ചെക്ക്ഡാമുകൾ കെട്ടാവുന്നതാണ്. കക്കൻ തോടിൻെറ ഉപ്പായിയിലേക്കുള്ള വഴിക്ക് ചീപ്പ് ഇടുകയാണെങ്കിൽ 3ാം വാർഡിലേയും 13ാം വാർഡിലേയും ഉപ്പുവെള്ള പ്രശ്നത്തിൻെറ വ്യാപ്തി കുറക്കാൻ കഴിയും. അതുപോലെ മുണ്ടച്ചാലിതോട്, നുച്ചിതോട്, മുസലിയാർ തോട് എന്നിവക്കും ഈ രീതിയിൽ ചീപ്പ് കെട്ടി ഉപ്പുവെള്ളം കയറുന്നത് തടയാവുന്നതാണ്.

7. പൊയ്ത്തും കടവ് ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അഞ്ചരക്കണ്ടി പദ്ധതിയിൽനിന്നുള്ള വെള്ളം വളപട്ടണം വരെ വരുന്നത് പൊയ്തുംകടവ്വരെ നീട്ടുകയാണെങ്കിൽ തൽക്കാല പരിഹാരമാക്കാം. ഇതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

8. ആനിവയൽ, വലിയപറമ്പ് (അഴീക്കോട് സൗത്ത്) ഭാഗങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് മാക്കുനി കുളം കേന്ദ്രീകരിച്ച് ഒരു ശുദ്ധജല പദ്ധതി ആരംഭിക്കാവുന്നതാണോയെന്ന് ആലോചിക്കാവുന്നതാണ്.

9. നോർത്ത് വില്ലേജിലെ ക്ഷാമം പരിഹരിക്കുന്നതിന് 'വൻകുളം' ഉപയോഗപ്പെടുത്തി ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കാമോ എന്ന് ആലോചിക്കാവുന്നതാണ്.

10. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശത്തെ ജനങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഘടിച്ച് സൊസൈറ്റികൾ രൂപീകരിച്ച് അതാത് പ്രദേശങ്ങൾക്ക് ആവശ്യമായ ചെറുകിട ജലവിതരണ പദ്ധതികൾ ഏറ്റെടുത്ത് നടത്താവുനതാണ്.

11. ചായമുറികളിൽനിന്നുള്ള മലിനീകരണം തടയുന്നതിന് പഞ്ചായത്തിലുള്ള മുഴുവൻ കമ്പനികൾക്കും ചായം മുക്കുന്നതിന് സൗകര്യപ്രദമായൊരു പൊതുസ്ഥലം കണ്ടെത്തേണ്ടതും അവിടെ ഒരു ട്രീറ്റ്മെൻറ്പ്ലാൻറ് സ്ഥാപിച്ച് മലിന ജലം ശുദ്ധീകരിച്ച് കാർഷിക ആവശ്യത്തിനോ മറ്റോ ഉപയോഗിക്കാൻ പറ്റുന്ന രീതിയിലുള്ള ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

12. കിണറുകൾ ഇല്ലാത്തതുകൊണ്ട് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന 14ാം വാർഡിലെ കോളനി പ്രദേശം കല്ലടത്തോട്, പള്ളിക്കുന്നുമ്പ്രം കോളനികളിൽ കൂടുതൽ കിണറുകൾ സ്ഥാപിക്കേണ്ടതാണ്.

13. പഞ്ചായത്തിൻെറ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് ഒരു വൻകിട ശുദ്ധജല വിതരണ പദ്ധതിയുടെ കീഴിൽ നമ്മുടെ പഞ്ചായത്തിനെ കൊണ്ടുവരേണ്ടതാണ്.

പഞ്ചായത്തിൻെറ വടക്ക് ഭാഗത്ത് വളപട്ടണം പുഴയോരത്തും പുഴയിലേക്കൊഴുകുന്ന തോടുകളുടെ ഓരങ്ങളിലും ഉപ്പ് വെള്ളത്തിൻെറ തള്ളിക്കയറ്റംകൊണ്ട് ഏതാണ്ട് എല്ലാകാലങ്ങളിവും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. അതുപോലെ ഉപ്പായിച്ചാൽ പ്രദേശത്തും ഉപ്പ്വെള്ളത്തിൻെറ തള്ളിക്കയറ്റം ശുദ്ധജലക്ഷാമം രൂക്ഷമാക്കിയിട്ടുള്ള പ്രദേശങ്ങളാണ്.

പൊയ്ത്തുംകടവ് പ്രദേശത്തും ഉപ്പായിച്ചാൽ പ്രദേശത്തും എത്രയോകാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നത്തിന് പരിഹാരമായി കണ്ണൂർ ഓഗ്മെൻേറഷൻ സ്കീം മുഖേന പ്രത്യേകമായി ഈ പ്രദേശത്ത് ശുദ്ധജലം എത്തിക്കുന്നിനുള്ള പ്രവർത്തനം അഴീക്കോട് എം.എൽ.എ.യുടെ ശ്രമഫലമായി നടന്നുവരുന്നുണ്ട്. ഈ പ്രവർത്തനം ചെറിയ സമയത്തിനുള്ളിൽ ഫലപ്രദമാവുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.

അതുപോലെ പള്ളിക്കുന്നുമ്പ്രം കോളനിയിലേക്ക് 9 ലക്ഷം രൂപ ചെലവാക്കിക്കൊണ്ട് കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തനം ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിനുള്ള ശ്രമവും ശീഘ്രഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതിപൂർത്തിയാവുന്നതോടെ പള്ളിക്കുന്നുമ്പ്രം കോളനിവാസികളുടെ ചിരകാലാവശ്യം സാക്ഷാത്ക്കരിക്കപ്പെടുമെന്ന് നമുക്ക് ആശ്വസിക്കാവുന്നതാണ്.

## കുടിവെള്ളവും പൊതുജനാരോഗ്യവും

### ആരോഗ്യം

ആരോഗ്യ രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. രണ്ടായിരാമാണ്ടോടെ നേടിയെടുക്കാനായി ദേശീയ തലത്തിൽ ലക്ഷ്യമിടുന്നവയിൽ മിക്കവയും നാം വർഷങ്ങൾക്ക് മുമ്പ് നേടിക്കഴിഞ്ഞിരുന്നു. കുറഞ്ഞ പ്രതിശീർഷ വരുമാനമായിരുന്നിട്ടും ആരോഗ്യ സൂചികയിൽ നാം വികസിത രാജ്യങ്ങൾക്ക് ഒപ്പമാണ്. ഈ നേട്ടങ്ങൾ 'കേരളമാതൃക' യെന്നും 'കേരള ഫോർമുല' യെന്നും മറ്റും വിശേഷിപ്പിച്ച് സാർവ്വ ദേശീയമായിത്തന്നെ ചർച്ച ചെയ്യപ്പെട്ടു വരികയാണ്. ഈ നേട്ടങ്ങൾ കൈവരിക്കുന്നതിനു പിന്നിൽ ഒട്ടനവധി ചാലക ശക്തികൾ ഉണ്ടാവാം. രാഷ്ട്രീയ സാമൂഹ്യ രംഗത്തുണ്ടായ മുന്നേറ്റത്തിൻെറ ഫലമായി ഗ്രാമീണരുടെ ജീവിത നിലവാരം മെച്ചപ്പെട്ടത്, ഉയർന്ന സാക്ഷരത പ്രത്യേകിച്ച് സ്ത്രീകളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസം, താരതമ്യേന മെച്ചപ്പെട്ട പൊതു വിതരണ സമ്പ്രദായം, അതോടൊപ്പം തന്നെ വ്യാപകമായ പൊതുജനാരോഗ്യ സംവിധാനവും കേരളത്തിലെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിൽ സംഭാവന നൽകിയിട്ടുണ്ട്.

ഇന്ത്യയിലൊട്ടാകെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുത്തൻ സാമ്പത്തികനയവും അതിനോടനുബന്ധിച്ചുള്ള ഘടനാപരമായ നീക്കുപോക്കുകളും ആഗോളവത്കരണത്തിൻെറ അതിപ്രസരവും വികസന പ്രതിസന്ധിക്ക് ആക്കം കൂട്ടിയതുപോലെ ആരോഗ്യരംഗത്തും പ്രതിസന്ധി വർദ്ധിപ്പിച്ചു. ജനങ്ങളുടെ ആരോഗ്യ സംരക്ഷണം സർക്കാരിൻെറ ചുമതലയിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്ന ചിന്ത നമ്മുടെ പൊതുജനാരോഗ്യ സംവിധാനത്തെ തകർക്കുന്നതിലേക്കാണ് നയിച്ചത്. നമ്മുടെ സംസ്ഥാനത്തുനിന്ന് നിർമ്മാർജനം ചെയ്യപ്പെട്ടു എന്ന് കരുതിയിരുന്ന മലമ്പനിയുടെ തിരിച്ചുവരവും, കോളറ, എലിപ്പനി, ജപ്പാൻ ജ്വരം, മന്ത് എന്നിവയുടെ വ്യാപനവും സൂചിപ്പിക്കുന്നത് കേരളീയരുടെ ആരോഗ്യസ്ഥിതി തികച്ചും ദുർബലമായ ഒരടിത്തറയിലാണ് നിലനിൽക്കുന്നത് എന്ന വസ്തുതയാണ്.

സംസ്ഥാന ബഡ്ജറ്റിൻെറ 17 ശതമാനം ആരോഗ്യാവശ്യങ്ങൾക്ക് നീക്കിവെച്ചിരിക്കുന്നുവെങ്കിലും തെറ്റായ ആസൂത്രണത്തിൻേറയും വികലമായ ആസൂത്രണ നയങ്ങളുടേയും ഫലമായി സർക്കാർ ആശുപത്രികളിൽ ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടുവരികയാണ്. ഏറ്റവും ദരിദ്ര ജനവിഭാഗങ്ങളിൽ നിന്നുപോലും 30 ശതമാനം മാത്രമാണ് സർക്കാർ ആശുപത്രികളെ സമീപിക്കുന്നതെന്നാണ് ഒരു പഠനം സൂചിപ്പിക്കുന്നത്. അവശ്യ മരുന്നുകളുടേയും ചികിത്സക്ക് ആവശ്യമായ ഉപകരണങ്ങളുടേയും ദൗർലഭ്യം, അടിസ്ഥാന ലബോറട്ടറി സൗകര്യങ്ങൾ ഇല്ലായ്മ തുടങ്ങി ഒട്ടനവധി പ്രശ്നങ്ങൾ സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. നമ്മുടെ സർക്കാർ ആശുപത്രികളുടെ തകർച്ച ഈരംഗത്ത് സ്വകാര്യ മേഖലയുടെ വളർച്ചയിലേക്കാണ് വഴിതെളിയിച്ചത്. ഇന്ന് നമ്മുടെ ചികിത്സാ സംവിധാനത്തിൻെറ മുഖ്യ ചാലകശക്തി സ്വകാര്യ മേഖലയായി തീർന്നിരിക്കുന്നു. ആരോഗ്യ ചെലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ വർദ്ധനവ് 'കേരള മാതൃകയെ' ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിക്കുകയാണ്. ആരോഗ്യ സംരക്ഷണത്തിൻെറ ചെലവ് കൂടിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പൊതു ഉടമയിലുള്ള ആരോഗ്യ സംരക്ഷണ സംവിധാനത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുകയും ജനകീയമാക്കുകയുമാണ് വേണ്ടത്. നമ്മുടെ പ്രദേശത്തിന് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കാനും അവ സാമാന്യ ജനങ്ങൾക്ക് പ്രാപ്യമാണെന്ന് ഉറപ്പുവരുത്താനും ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നാം ശ്രമിക്കേണ്ടതാണ്.

ആരോഗ്യ സൂചികകളിൽ നാം വികസിത രാജ്യങ്ങൾക്ക് തുല്ല്യമാണെങ്കിലും കൂടിവരുന്ന 'രോഗാതുരത'ഒരു പ്രഹേളികയായി നിലകൊള്ളുന്നു 'കുറഞ്ഞ മരണനിരക്ക് കൂടിയ രോഗാതുരത' (High Morbidity Low Mortality Syndram)എന്നത് ഈ സ്ഥിതിയെ വിശേഷിപ്പിക്കാവുന്നതാണ്. ദരിദ്ര രോഗങ്ങളും സമൃദ്ധിയുടേതെന്ന് വിശേഷിപ്പിക്കുന്ന രോഗങ്ങളും നമ്മുടെ സംസ്ഥാനത്ത് കണ്ടുവരുന്നു.

കേരളത്തിൻെറ മൊത്തം ആരോഗ്യ സ്ഥിതിയുടെ ഒരു പരിഛേദം തന്നെയാണ് അഴീക്കോട് പഞ്ചായത്തിൻേറത്. ആരോഗ്യ സൂചികകളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുകയാണെങ്കിൽ നാം വികസിത രാജ്യത്തിനൊപ്പമോ അതിലും മെച്ചപ്പെട്ടതോ ആണ്.

| | അഴീക്കോട് പഞ്ചായത്ത് 1995-96 | കേരളം 94-95 | ഇന്ത്യ 94-95 | വികസിത രാജ്യം |
|---|---|---|---|---|
| 1. ശിശുമരണ നിരക്ക് | 4.09 | 17 | 85 | 9 |
| 2. മാതൃ മരണ നിരക്ക് | 0 | 1.3 | 3.4 | 0 |
| മൊത്ത മരണ നിരക്ക് | 4.08 | 5.6 | 11.9 | 4 |
| മൊത്ത ജനന നിരക്ക് | 11.52 | 17 | 30.4 | 16 |
| സാക്ഷരത | 94.7% | 91 | 52% | 96% |

മേൽകൊടുത്ത പട്ടികയിൽനിന്നും ആരോഗ്യ സൂചികയിൽ നമ്മുടെ സ്ഥാനം വ്യക്തമായല്ലോ.

സംസ്ഥാനത്തിൻെറ ആരോഗ്യ രംഗത്ത്, കൂടിയ രോഗാതുരത, കുറഞ്ഞ മരണനിരക്ക് എന്നിവ നമ്മുടെ പഞ്ചായത്തിൽ സുവ്യക്തമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഒ.പി., ഐ.പി. രജിസ്റ്ററുകളിലെ കണക്കുകൾ വെച്ച് പഞ്ചായത്തിൻെറ രോഗാതുരത കണക്കാക്കാൻ പറ്റില്ലെങ്കിലും ഇത് കൂടിയ രോഗാതുരതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

| പി.എച്ച്.സിയിൽ ചികിത്സയ്ക്ക് വിധേയരായവരുടെ എണ്ണം | | | |
|---|---|---|---|
| വർഷം | ഉദരസംബന്ധമായ അസുഖം (മൊത്തം) | ഛർദ്ദി അതിസാരം (Gastro Enterities) | വയറിളക്ക രോഗങ്ങൾ |
| 1993-94 | 2173 | 25 | 220 |
| 1994-95 | 5576 | 26 | 585 |
| 1995-96 | 3996 | 125 | 180 |

നമ്മുടെ സംസ്ഥാനത്തുനിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെട്ടെന്ന് കരുതിയിരുന്ന മലമ്പനി നമ്മുടെ പഞ്ചായത്തിൽ റിപ്പോർട്ടുചെയ്യപ്പെട്ടു കാണുന്നു. കൂടുതലും Imported Case (പുറത്തുനിന്ന് വന്നത്) കൾ ആണെങ്കിലും Indigenous

| പി.എച്ച്.സിയിൽ ചികിത്സയ്ക്ക് വിധേയരായവരുടെ എണ്ണം | | | | |
|---|---|---|---|---|
| വർഷം | ശ്വാസ കോശസംബന്ധമായ അസുഖം | ക്ഷയം | വിളർച്ച | മലമ്പനി |
| 1993-94 | 2716 | 9 | 1634 | 8 |
| 1994-95 | 5026 | 16 | 2733 | 6 |
| 1995-96 | 4925 | 17 | 4001 | 9 |

Case (ഇവിടെ തന്നെ ഉണ്ടായത്) കളും റിപ്പോർട്ട് ചെയ്യപ്പെട്ടു കാണുന്നു.

ഉദരസംബന്ധമായ അസുഖമാണ് മറ്റൊന്ന്. ഇതിൽ വയറിളക്ക രോഗങ്ങൾ, ഛർദി അതിസാരം, വിരശല്യം, അമീബിയാസിസ്, വയറിന് ഉണ്ടാകുന്ന മറ്റ് അസുഖങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇത് നമ്മുടെ ശുചിത്വനിലവാര കുറവിലേക്കും ശുദ്ധജല ലഭ്യതയുടെ അപര്യാപ്തതയിലേക്കും വിരൽചൂണ്ടുന്നു.

ശ്വാസകോശ സംബന്ധമായ അസുഖമാണ് മറ്റൊന്ന്. ഇതിനുള്ള കാരണങ്ങൾ അന്വേഷിച്ച് കണ്ടെത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ ഹൃദ്രോഗ ബാധ കൂടുതലായി കാണുന്നു.

പി.എച്ച്.സിയിൽ ചികിത്സയ്ക്ക് വിധേയരായവരുടെ എണ്ണം

| നേത്ര രോഗങ്ങൾ തിമിരം/ചെങ്കണ്ണ് | |
|---|---|
| വർഷം | |
| 1993-94 | 2716 |
| 1994-95 | 5026 |
| 1995-96 | 4225 |

(അവലംബം - പി.എച്ച്.സി റിപ്പോർട്ട്)

**മന്ത്** — അഴീക്കോട് പഞ്ചായത്തിൻെറ ചില പ്രത്യേക ഭാഗങ്ങളിൽ രക്തത്തിൽ മന്ത്രോഗ കൃമി (Microfilaria) കൾ ഉള്ളവരേയും രോഗലക്ഷണങ്ങൾ പ്രകടമാംവിധം ഉള്ളവരേയും ധാരാളമായി കാണുന്നു. ചില പോക്കറ്റുകളിൽ ഇതിൻെറ നിരക്ക് വളരെ ഉയർന്നതാണ്. ഒറ്റപ്പെട്ട രക്തപരിശോധനാ കേമ്പുകൾ ഒഴിച്ചുനിർത്തിയാൽ മന്ത് രോഗ നിയന്ത്രണത്തിന് ഒരു സംവിധാനവും പഞ്ചായത്തിൽ നിലവിലില്ല.

അഴീക്കോട് പഞ്ചായത്തിൻെറ ഔദ്യോഗിക പൊതുജനാരോഗ്യ സംരക്ഷണ സംവിധാനമെന്ന് പറയുന്നത് 1971 ൽ സ്ഥാപിച്ച ഇപ്പോൾ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിൻെറ നിയന്ത്രണത്തിലുള്ള അഴീക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രമാണ്. അതിൻെറ കീഴിൽ 7 സബ് സെൻററുകൾ ഉണ്ടെങ്കിലും കെട്ടിടമോ ആഫീസ് സൗകര്യമോ ഇല്ലാത്തതുകൊണ്ട് ഫലത്തിൽ അരയാക്കണ്ടി പാറക്കുള്ള ഒരു ഉപകേന്ദ്രം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ സേവനം ഫലപ്രദമായി നടത്താൻ സാധിക്കുന്നില്ല.
3 ഡോക്ടർമാരും 17 കിടക്കകളും ആണ് ഈ സ്ഥാപനത്തിൽ ഉള്ളത്. (11 സ്ത്രീകൾക്കും 6 പുരുഷൻമാർക്കും) ഹോസ്പിറ്റൽ ജീവനക്കാരുടെ കുറവോ മരുന്നുകളുടെ കുറവോ ഇപ്പോൾ അനുഭവപ്പെടുന്നില്ലെങ്കിലും PHC യിൽ ചികിത്സക്ക് എത്തുന്നവരുടെ എണ്ണം തുലോം പരിമിതമാണ്.

| വിഭാഗം | പുരുഷൻ | സ്ത്രീ | കുട്ടികൾ | മൊത്തം |
|---|---|---|---|---|
| ഒ.പി.വിഭാഗം | 15225 | 12765 | 12010 | 41000 |
| ഐ.പി | 310 | 298 | 151 | 759 |

95-96 ൽ ചികിത്സക്ക് എത്തിയവരുടെ എണ്ണം

പഞ്ചായത്തിൽ 1995-96 ൽ നടന്ന പ്രസവങ്ങളിൽ കേവലം 3.07 ശതമാനം മത്രമാണ് നമ്മുടെ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ ആശ്രയിച്ചത്.

പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ സ്ഥിതി മെച്ചപ്പെടുത്തുന്നതോടൊപ്പംതന്നെ പൊതുജനങ്ങൾക്ക് നഷ്ടപ്പെട്ട വിശ്വാസം വീണ്ടെടുക്കാനുള്ള പ്രവർത്തനം കൂടി നടത്തേണ്ടിയിരിക്കുന്നു.

## പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ പ്രശ്നങ്ങളും സാധ്യതകളും :

*1. ചികിത്സാ രേഖകളുടെ കുറവ്* - ഒ.പി. ടിക്കറ്റോ, അഡ്മിറ്റ് ചെയ്യുന്ന രോഗികൾക്ക് ആവശ്യമുള്ള കേസ്ഷീറ്റോ, ഡിസ്ചാർജ് സർട്ടിഫിക്കറ്റോ ഇവിടെയില്ല. അതുപോലെ തന്നെ ഫാർമസിയിൽനിന്ന് മരുന്ന് പൊതിഞ്ഞുകൊടുക്കുന്നത് പഴയ കടലാസ്തുണ്ടുകളിലാണ്.

ഇത് പരിഹരിക്കുന്നതിന് പഞ്ചായത്തിൻെറ നേതൃത്വത്തിലുള്ള ആശുപത്രി വികസന സമിതി മുൻകൈ എടുക്കേണ്ടതാണ്. ഇവ ഏതെങ്കിലും വ്യക്തികളെകൊണ്ടോ, സ്ഥാപനങ്ങളെ കൊണ്ടോ സ്പോൺസർ ചെയ്യിക്കാൻ സാധിക്കുന്നതാണ്.

*2. പരിശോധനാ സ്ഥലത്തിൻെറ സ്വകാര്യതയില്ലായ്മ*യാണ് മറ്റൊരു പ്രശ്നം. മൂന്ന് ഡോക്ടർമാർക്കുകൂടി ഒരു പരിശോധനാ മുറിയാണുള്ളത്. രോഗികൾക്ക് സൗകര്യപ്രദമായും മടികൂടാതെയും തങ്ങളുടെ പ്രശ്നങ്ങൾ ഡോക്ടറുമായി ചർച്ചചെയ്യാൻ ഉതകുന്ന സൗകര്യമുള്ള പരിശോധനാ മുറികളുടെ കുറവ് ഒരു പോരായ്മ തന്നെയാണ്.

| ക്രമ നമ്പർ | ഭാര്യയുടെ പ്രായം | മൊത്തം |
|---|---|---|
| 1 | 15 - 19 | 314 |
| 2 | 20 - 24 | 895 |
| 3 | 25 - 29 | 1271 |
| 4 | 30 - 34 | 1072 |
| 5 | 35 - 39 | 947 |
| 6 | 40 - 44 | 621 |
| | മൊത്തം | 314 |

(അവലംബം പി.എച്ച്.സി റിപ്പോർട്ട്)

ദമ്പതികളിൽ രണ്ട് കുട്ടികളുള്ളവരാണ് കൂടുതൽ 2741

ഇത് പെട്ടെന്ന് സ്ഥായിയായി പരിഹരിക്കാൻ സാധിക്കുകയില്ലെങ്കിലും താൽക്കാലികമായി വല്ലതും ചെയ്യാൻ പറ്റുമോ എന്ന് പരിശോധിക്കേണ്ടതാണ്. സ്ഥായിയായ പരിഹാരത്തിനായി ബ്ലോക്ക് പഞ്ചായത്ത്

ദമ്പതികളുടെ പട്ടിക കുട്ടികളുടെ അടിസ്ഥാനത്തിൽ

| ക്രമ നമ്പർ | കുട്ടികളുടെ എണ്ണം | മൊത്തം അർഹ ദമ്പതികൾ |
|---|---|---|
| 1 | 0 | 214 |
| 2 | 1 | 712 |
| 3 | 2 | 2741 |
| 4 | 3 | 947 |
| 5 | 4 | 325 |
| 6 | 5 ഉം അധികവും | 151 |
| 7 | മൊത്തം | 5120 |

(അവലംബം പി.എച്ച്.സി റിപ്പോർട്ട്)

ഇടപെടേണ്ടതാണ്.

*3. നേത്ര പരിശോധന* : നേത്ര പരിശോധനക്കായി ഓഫ്താൽമിക് അസിസ്റ്റൻറ് ഉണ്ടെങ്കിലും ഇരുട്ട്മുറി (Dark Room)ഇല്ലാത്തതുകൊണ്ട് ശരിയായ രീതിയിലുള്ള പരിശോധന നടത്താൻ സാധിക്കുന്നില്ല.

ഇരുട്ട് മുറി ഉണ്ടാക്കാൻ ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. ഒഫ്താൽമിക് അസിസ്റ്റൻറിൻെറ ഗൃഹ സന്ദർശന പരിപാടി തൃപ്തികരമല്ല. ഗൃഹ സന്ദർശന പരിപാടികൾ നടത്തി രോഗികളെ

കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

*4. സ്ത്രീ രോഗ വിദഗ്ധരുടെ കുറവ്* : ഒരു ഗൈനക്കോളജിസ്റ്റിന്റെ അഭാവമാണ് പ്രസവത്തിന് PHC യെ ആശ്രയിക്കാതിരിക്കാൻ കാരണം. ഇന്നുള്ള മൂന്ന് ഡോക്ടർമാരിൽ ഒരാൾ ഒരു സ്ത്രീ രോഗ വിദഗ്ധയെന്ന നിലയിൽ നിയമിക്കുകയാണെങ്കിൽ ഇതിന് പരിഹാരം കാണാൻ പറ്റും.

*5. ഡോക്ടർമാരുടെ സേവനം ലഭ്യമല്ല* : ഒ.പി. സമയങ്ങളിൽ ഒഴികെ മറ്റുള്ള സമയങ്ങളിൽ ഡോക്ടരുടെ സേവനം ലഭ്യമല്ലാത്തത് രോഗികൾ ഇവിടേക്ക് വരാൻ മടിക്കുന്നതിന് ഒരു കാരണമാണ്. ഡോക്ടർമാർക്ക് PHC ക്ക് അടുത്തുതന്നെ താമസ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുകയും ക്വാർട്ടേസ് പണിത് ഇതിന് സ്ഥായിയായ പരിഹാരം കാണാൻ ശ്രമിക്കുകയും വേണം.

*6. സബ് സെൻററുകൾക്ക് കെട്ടിടമില്ലായ്മ* : പഞ്ചായത്തിൽ 7 സബ് സെൻററുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അരയാക്കണ്ടി പാറയിലുള്ള ഒരു സബ് സെൻററിനൊഴികെ മറ്റൊന്നിനുംതന്നെ കെട്ടിടമോ ആഫീസ് സൗകര്യമോ ഇല്ല. അതുകൊണ്ട് തന്നെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടേയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും സേവനം ഫലപ്രദമായി നടത്താൻ കഴിയുന്നില്ല.

സബ് സെൻററുകൾക്ക് സ്ഥിരമായി കെട്ടിടം പണിയുന്നതുവരെ താൽക്കാലിക സംവിധാനം അതാത് ഭാഗങ്ങളിൽ ഏർപ്പാടാക്കേണ്ടതാണ്. ആരോഗ്യ സംരക്ഷണത്തിൽ രോഗ പ്രതിരോധ, ആരോഗ്യ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് അവരുടെ ഗൃഹ സന്ദർശനം ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനം എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ ഇത് ചെയ്യേണ്ടതാണ്. അതോടൊപ്പം ജനസംഖ്യക്ക് ആനുപാതികമായി ഇത്തരം ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. ഇവരുടെ ഗൃഹ സന്ദർശന പരിപാടികളും ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനവും തൃപ്തികരമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

*7. കുടുംബക്ഷേമ പ്രവർത്തനം* : നമ്മുടെ പഞ്ചായത്തിൽ 5120 എലിജിബിൾ കപ്പിൾസ് (Eligible Couples) ആണ് ഉള്ളത്. ദമ്പതികൾ 3350 പേരും സ്ഥിരമായ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. രണ്ടും അതിൽ കൂടുതലും കുട്ടികളുള്ള ദമ്പതിമാരിൽ 833 പേർ സ്ഥിരമായ മാർഗ്ഗം സ്വീകരിച്ചിട്ടില്ല. ഇത്തരം ദമ്പതികളെ ഉദ്യോഗസ്ഥൻമാരോടൊപ്പം ജനപ്രതിനിധികളും പൊതുപ്രവർത്തകരും വ്യക്തിപരമായി സന്ദർശിച്ച് അവരെ ബോധവൽക്കരിക്കേണ്ടതാണ്. അവരുടെ വയസ്സ് തിരിച്ചുള്ള പട്ടിക മുൻപേജിൽ കൊടുത്തിരിക്കുന്നു.

*8. രോഗ പ്രതിരോധ കുത്തിവെപ്പ്* : ഒരുവയസ്സിന് താഴെയുള്ള കുട്ടികളിൽ 99 ശതമാനവും രോഗ പ്രതിരോധ കുത്തിവെപ്പിന് വിധേയരായിട്ടുണ്ട്. ഒറ്റപ്പെട്ട ചില കുടുംബങ്ങളിൽ നിന്നുണ്ടാവുന്ന ഉദാസീനത പരിഹരിക്കാൻ ഉദ്യോഗസ്ഥൻമാരോടൊപ്പം ജനപ്രതിനിധികളും ശ്രദ്ധിക്കേണ്ടതാണ്.

*9. ക്ഷയം* : ആരോഗ്യ പ്രവർത്തകർതന്നെ രോഗികളുടെ വീടുകളിൽ ചെന്ന് മരുന്ന് നേരിട്ട് രോഗികൾക്ക് കൊടുക്കുന്ന പുതുക്കിയ ഹ്രസ്വകാല ക്ഷയരോഗ ചികിത്സാ പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രോഗ നിർണ്ണയത്തിനും ചികിത്സക്കും ലഭ്യമായ എല്ലാ സൗകര്യങ്ങളും ജനങ്ങൾ ഉപയുക്തമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും അതിനാവശ്യമായ ബോധവത്കരണം ആസൂത്രണം ചെയ്യേണ്ടതുമാണ്.

## പഞ്ചായത്തിൽ പൊതുവിലുള്ള ആരോഗ്യ പ്രശ്നങ്ങളും സാധ്യതകളും.

### *a. വർദ്ധിച്ചുവരുന്ന കൊതുക്ശല്യവും അവ ഉണ്ടാക്കുന്ന രോഗങ്ങളും :*

കൊതുക് പരത്തുന്ന രോഗമായ മന്താണ് അഴീക്കോട് പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലെ പ്രധാന ആരോഗ്യ പ്രശ്നം. മന്ത് രോഗത്തിനെതിരായി നിയന്ത്രണ പരിപാടികൾ ഒന്നും തന്നെ ഇന്ന് പഞ്ചായത്തിൽ നിലവിലില്ല. രാത്രികാല രക്തപരിശോധനയിലൂടെ മാത്രമേ മന്ത് രോഗ കൃമി (Micro filaria) കളെ കണ്ടെത്താൻ സാധിക്കൂ. അതുകൊണ്ട് ആഴ്ചയിൽ ഒരുദിവസമെങ്കിലും രാത്രികാല രക്തപരിശോധനക്കുള്ള സൗകര്യം PHC ഏർപ്പെടുത്തേണ്ടതാണ്. അതു കൂടാതെ എല്ലാ വർഷവും മന്ത്രോഗ സർവ്വെകൾ നടത്തി മന്ത് രോഗാണു വാഹകരെ കണ്ടെത്തി ചികിത്സിക്കുകയും വേണം.

കൊതുക് പരത്തുന്ന മറ്റൊരു രോഗമായ മലമ്പനിയും പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു കാണുന്നു. (പട്ടിക നോക്കുക) Indegenous Case കൾ കുറവാണെങ്കിലും കൊതുക് ഉള്ളതുകൊണ്ട് സാധ്യതകൾ കാണുന്നു.

കൊതുക് നശീകരണ പ്രവർത്തനമാണ് ഇതിനുരണ്ടിനും കൂടി നടത്താവുന്ന പ്രതിരോധ മാർഗ്ഗങ്ങളിൽ പ്രധാനം. ഇന്ന് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കൊതുക് നശീകരണ പ്രവർത്തനം ഫലപ്രദമല്ല. കൊതുക് നശീകരണ മരുന്നുകൾ തളിക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുകയും അത് ശാസ്ത്രീയ

രീതിയിൽ നടത്തുകയും ചെയ്യുക. മൈനർ എഞ്ചിനിയറിങ്ങ് പ്രവർത്തനത്തിലൂടെ ഓടകളിലും മറ്റ് പൊതു സ്ഥലങ്ങളിലും ഉള്ള കൊതുക് പ്രജനന കേന്ദ്രങ്ങൾ ഇല്ലായ്മ ചെയ്യുകയും അതോടൊപ്പംതന്നെ കൊതുക് നശീകരണത്തിന് പൊതുജനങ്ങൾ ചെയ്യേണ്ട കാര്യങ്ങളെ കുറിച്ച് ബോധവത്കരണം നടത്തുകയും ചെയ്യേണ്ടതാണ്. മന്ത് രോഗ നിയന്ത്രണത്തിന് രാത്രികാല രക്ത പരിശോധനയുടെയും മലമ്പനി നിയന്ത്രണത്തിന് ഏത് പനിയുള്ളവരുടേയും രക്ത പരിശോധനയുടെ ആവശ്യകതയെ കുറിച്ചും ആരോഗ്യ പ്രവർത്തകരോട് സഹകരിക്കേണ്ടതിനെ കുറിച്ചും ബോധവത്കരണം നടത്തേണ്ടതാണ്.

*b. ജലജന്യ രോഗങ്ങൾ* : പഞ്ചായത്തിൽ മഞ്ഞപ്പിത്തം, വയറിളക്ക രോഗങ്ങൾ, ഛർദ്ദി അതിസാരം, ടൈഫോയ്ഡ് എന്നിവ റിപ്പോർട്ടു ചെയ്യപ്പെട്ടുകാണുന്നു. ശുദ്ധജല വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ ഇത് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കൂ. ഇന്ന് നിലവിലുള്ള എല്ലാ കിണറുകളും ക്ലോറിനേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

സുരക്ഷിത കക്കൂസുകളുടെ ഉപയോഗമാണ് ഇത് തടയുന്നതിന് പ്രധാനം. പഞ്ചായത്തിൽ 65 ശതമാനം വീടുകൾക്ക് മാത്രമേ കക്കൂസുള്ളൂ. സാമ്പത്തിക പരാധീനതകൊണ്ട് കക്കൂസ് ഉണ്ടാക്കാൻ കഴിയാത്തവർക്ക് സർക്കാർ, അർദ്ധ സർക്കാർ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സാമ്പത്തീക സഹായം ലഭ്യമാക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. ചെലവുകുറഞ്ഞ കക്കൂസുകളുടെ നിർമ്മാണത്തെക്കുറിച്ച് പഠിപ്പിക്കേണ്ടതും പഞ്ചായത്തിൽ കേമ്പയിൻ പരിപാടിയായി ഇത് നടത്താമോ എന്ന് ആലോചിക്കേണ്ടതുമാണ്. ആവശ്യകത വേണ്ടത്ര ബോധ്യമാകാത്തതിനാൽ കക്കൂസ് പണിയാത്തവരെ ബോധവൽക്കരണം വിപുലമാക്കിയും ചർച്ചാ ക്ലാസ്സുകൾ, സ്ലൈഡ് പ്രദർശനങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയും ബോധവൽക്കരിക്കേണ്ടതാണ്. കക്കൂസ് ഉപയോഗത്തെകുറിച്ചും അതിൻെറ സംരക്ഷണത്തെകുറിച്ചും പൊതുവിലുള്ള ബോധവൽകരണവും ആവശ്യമാണ്.

വയറിളക്ക രോഗികളെ ORS ഉപയോഗിച്ച് ചികിത്സിക്കുന്നതിനെ കുറിച്ച് സ്ത്രീകളെ ബോധവത്കരിക്കേണ്ടതും അതിൻെറ ലഭ്യത ഉറപ്പുവരുത്തേണ്ടതുമാണ്. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനെ കുറിച്ചും വ്യക്തി ശുചിത്വത്തെ കുറിച്ചും ബോധവത്കരണം നടത്തണം.

*c. വിളർച്ച* : പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 93 - 94 ൽ 1634 പേരും 94-95ൽ 2733 പേരും 95-96ൽ 4001 പേരും വിളർച്ച ബാധിച്ച് ചികിൽസക്ക് എത്തിയതായി കാണുന്നു. ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും ഇരുമ്പുസത്തടങ്ങിയതും വൈറ്റമിൻ കൂടുതലുള്ളതുമായ ഭക്ഷണം ഉപയോഗിക്കുന്നതിനേക്കുറിച്ചും ഭക്ഷണക്രമീകരണത്തിലൂടെയും സാധാരണ അയേൺ ഗുളികകളിലൂടെയും വിളർച്ച തടയാവുന്നതാണെന്നും വിലകൂടിയ അയേൺ ടോണിക്കുകൾ ഉപയോഗിക്കുന്നതിനു പകരം സാധാരണ അയേൺഗുളികകൾ മതിയെന്നും ഉള്ള താര്യങ്ങൾ പ്രചരിപ്പിക്കണം.ഗൃഹസന്ദർശന വേളയിൽ വിളർച്ച ബാധിച്ചവരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതുമാണ്.

*d. ചായമുറികളിൽ നിന്നുള്ള മലിനീകരണം* : നെയ്ത് ശാലകളിലെ ചായമുറികളിൽ നിന്നുള്ള മലിനീകരണം പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ അനുഭവപ്പെടുന്നു. ഇത് ഒഴിവാക്കുവാൻ പഞ്ചായത്തിലെ മുഴുവൻ കമ്പനികൾക്കും ചായം മുക്കുന്നതിനായി ഒരു പൊതു സ്ഥലം (കോംപ്ലക്സ്) ഉണ്ടാക്കേണ്ടതും അതിൽ നിന്നുള്ള മലിനജലം ശുദ്ധിചെയ്ത് പുറത്തേക്ക് വിടുന്നതിനുള്ള സൗകര്യത്തേക്കുറിച്ച് ആലോചിക്കേണ്ടതുമാണ്. ഇതിന് പഞ്ചായത്ത് മുൻ കൈയെടുത്ത് അടിയന്തിര നടപടികൾ ആരംഭിക്കണം.

അറവ് ശാലകൾ - പഞ്ചായത്തിൽ ആടുമാടുകളെ അശാസ്ത്രീയമായ രീതിയിൽ അറവ് നടത്തി വിൽപ്പന നടത്തുന്ന രീതിയാണ് ഇന്നുള്ളത്. ഇത് പരിഹരിക്കാൻ സൗകര്യപ്രദമായ സ്ഥലത്ത് ശാസ്ത്രീയമായ രീതിയിൽ ഒരു അറവുശാല സ്ഥാപിക്കേണ്ടതും ഇന്നത്തെ 'നിരത്ത് വക്കിൽ' വച്ചുള്ള അറവും വിൽപ്പനയും കർശനമായി നിരോധിക്കേണ്ടതുമാണ്.

പൊതുമാർക്കറ്റ് - നിലവിൽ പൂതപ്പാറയിലും വൻകുളത്ത് വയലിലും മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് മുഴുവൻ കേന്ദ്രീകരിക്കാൻ പറ്റുന്ന രീതിയിലുള്ള ഒരു പൊതുമാർക്കറ്റിൻെറ കുറവുണ്ട്. ഇതു പരിഹരിക്കുന്നതിനായി വൻകുളത്ത്വയലിലോ മൂന്നുനിരത്തോ കേന്ദ്രീകരിച്ച് ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കേണ്ടതാണ്.

ശ്മശാനങ്ങൾ - പഞ്ചായത്തിൽ മൊത്തം 12 ശ്മശാനങ്ങളാണുള്ളത്. ഓരോ മത വിഭാഗങ്ങൾക്കും ജാതികൾക്കും ശ്മശാനങ്ങളുണ്ട്. ശ്മശാനങ്ങളിൽ ശവസംസ്ക്കാരത്തിന് കൂടുതൽ ശാസ്ത്രീയമായ രീതികൾ അവലംബിക്കേണ്ടതിനേക്കുറിച്ച് ആലോചിക്കേണ്ടതാണ്. പഞ്ചായത്തിൽ എല്ലാവർക്കും ഉപയോഗിക്കാൻ പറ്റുന്ന

334

പൊതു ശ്മശാനങ്ങളേക്കുറിച്ചും നാം ചിന്തിക്കേണ്ടതാണ്.

## ആയുർവ്വേദം

ആധുനിക ചികിൽസാ സംവിധാനത്തിന് പുറമേയാണ് ആയുർവ്വേദ രംഗം. ആയുർവ്വേദ ചികിൽസക്ക് പൊതു മേഖലയിൽ യാതൊരു സംവിധാനവും നിലവിലില്ലെങ്കിലും മഹത്തായ ഒരു വൈദ്യശാസ്ത്ര പാരമ്പര്യമാണ് അഴീക്കോടിനുള്ളത്. വടക്കേ മലബാറിലെ ഒരു പ്രശസ്ത വ്യക്തിയായിരുന്നു കുഞ്ഞുംപിടുക്കൻ രാമുണ്ണിവൈദ്യർ എണ്ണപ്പെട്ട ഒരു കൺചികിൽസാവിദഗ്ധനായിരുന്നു. ആറുദശകങ്ങൾക്ക് മുമ്പു തന്നെ കണ്ണിൻെറ ഓപ്പറേഷൻ കൂടി അദ്ദേഹം നടത്തിയിരുന്നതായി പറയുന്നു. അഴീക്കോട് താമസക്കാരനായിരുന്ന വള്ളുവൻ കേളൻ വൈദ്യർ, പണ്ഡിതനും പ്രാസംഗികനുമായിരുന്ന എം.ടി കുമാരൻെറ മാതാവ് അമ്മിണി, മാതൃസഹോദരി പൈതൽ എന്നിവർ വിഖ്യാതരായ വിഷവൈദ്യൻമാരായിരുന്നു. നാഡീ ചികിത്സയിൽ ചാലിൽ കേളൻ വൈദ്യരും മരുമകൻ കണ്ണൻ വൈദ്യരും വിഖ്യാതരാണ്. ആയുർവ്വേദ രംഗത്ത് ചൊയ്യോൻ കണ്ണൻ വൈദ്യർ, അദ്ദേഹത്തിൻെറ ശിഷ്യൻ പി.അനന്തൻ വൈദ്യർ, നീർക്കടവിലെ ചിക്കോപ്പൻ വൈദ്യർ, ചട്ട രാമുണ്ണി വൈദ്യർ, മാക്കുനി അനന്തൻ വൈദ്യർ, രാമൻ വൈദ്യർ, കേളൻ വൈദ്യർ, നാരായണൻ നമ്പ്യാർ വൈദ്യർ, (അമ്പു വൈദ്യർ) ഒതേനൻ വൈദ്യർ, കമ്മാരൻ ഗുരുക്കൾ തുടങ്ങിയവർ പ്രശസ്തരാണ്.

ഇന്ന് 4 ആയുർവ്വേദ ഡോക്ടർമാരും അവരുടെ ഔഷധ ശാലകളും കൂടാതെ പാരമ്പര്യവൈദ്യൻ മാരുടെ ഒരു നിര തന്നെയുണ്ട്. ഇവരിൽ വിദഗ്ദ്ധരായ അസ്ഥിരോഗ ചികിത്സകരും വിഷചികിത്സകരും ഉണ്ട്. ആയുർവ്വേദ രംഗം മെച്ചപ്പെടുത്തുന്നതിനും സാധാരണക്കാർക്ക് പ്രാപ്യമാകുന്നതിനും വേണ്ടി പഞ്ചായത്തിൽ പൊതു മേഖലയിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കേണ്ടതാണ്.

## ഹോമിയോപ്പതി

ആധുനിക ചികിത്സാ സമ്പ്രദായത്തിന് പുറമെ പഞ്ചായത്തിൽ പൊതു മേഖലയിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു. ഹോമിയോ ചികിത്സയെ ആശ്രയിക്കുന്നവർ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. ഡിസ്പെൻസറിയിൽ ശരാശരി 30 ഓളം പേർ എത്താറുണ്ട്. കുട്ടികളുടെ ചികിത്സക്കാണ് ഹോമിയോയെ കൂടുതൽ പേർ ഉപയോഗിക്കുന്നത്. ഹോമിയോ ആശുപത്രിക്ക് വേണ്ടി സ്ഥലം ഗവർമെൻറ് ഏറ്റെടുത്തിട്ടുണ്ടെങ്കിലും കെട്ടിടം പണി ഇനിയും ആരംഭിച്ചിട്ടില്ല. ഈ സ്ഥലം അനുയോജ്യമല്ല എന്ന അഭിപ്രായവും ചിലർക്കുണ്ട്. ഹോമിയോ ആശുപത്രിക്ക് അനുയോജ്യമായ സ്ഥലത്ത് കെട്ടിട നിർമ്മാണം ഉടനെ ആരംഭിക്കേണ്ടതും സമയബന്ധിതമായി പൂർത്തിയാക്കി ജനങ്ങൾക്ക് ഉപയുക്തമാക്കേണ്ടതുമാണ്. ഹോമിയോയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ നാം ശ്രമിക്കേണ്ടതാണ്. പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 4 ഹോമിയോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ പ്രകൃതി ചികിത്സ, കാന്ത ചികിത്സ തുടങ്ങിയ രീതികളുടെ ഒറ്റപ്പെട്ട പ്രവർത്തനവും നമ്മുടെ പഞ്ചായത്തിൽ നടന്നുവരുന്നുണ്ട്.

പഞ്ചായത്തിൻെറ സർവ്വതോൻമുഖമായ ആരോഗ്യ സംരക്ഷണത്തിന് ഉതകുന്ന രീതിയിൽ വിവിധ ചികിത്സാ രീതികൾ നമ്മുടെ പഞ്ചായത്തിന് അനുയോജ്യമായ രീതിയിൽ പ്രതിരോധത്തിൽ ഊന്നി നിന്നുകൊണ്ട് വികസിപ്പിച്ചെടുത്താൽ മാത്രമേ വരും കാലങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ നേരിടാൻ നമുക്ക് സാധിക്കുകയുള്ളൂ.

### ഗവഃഹോമിയോ ഡിസ്പെൻസറി, അഴീക്കോട്

### ആവശ്യങ്ങളും നിർദ്ദേശങ്ങളും

1. ഡിസ്പെൻസറിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും വേണം
2. മരുന്നുകൾ വെക്കുവാൻ മതിയായ ഷെൽഫ്, അലമാര ഇവ വേണം.
3. ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കണം.
4. രോഗിയെ കിടത്തി പരിശോധിക്കുവാൻ ടേബിൾ വേണം.
5. മുറിവുകൾ കെട്ടുവാനുള്ള സാമഗ്രികൾ വേണം.

6. ഇവ സൂക്ഷിക്കുവാനുള്ള ബോക്സ് വേണം.
7. മരുന്ന് പൊതിയുവാനും ഗുളിക കൊടുക്കുവാനും ബട്ടർ പേപ്പർ, ബോട്ടിൽ ഇവ വേണം.
8. സ്റ്റാഫ് റൂമിൽ ഫാൻ വേണം.
9. ഒ.പി. ടിക്കറ്റ് വേണം.
10. രണ്ട് സ്ക്രീൻ വേണം(മരുന്ന് എടുക്കുന്ന സ്ഥലത്തും രോഗിയെ പരിശോധിക്കുന്ന സ്ഥലത്തും വെക്കുവാൻ.
11. യോഗ നടപടികൾക്കാവശ്യമായ ഓഫീസ് വേണം.

അഴീക്കോട് പ്രദേശത്ത് കൂടുതലായി വൃക്കരോഗങ്ങൾ, ഗോയിറ്റർ, ഹൃദയസംബന്ധമായ രോഗങ്ങൾ, ഫൈലേറിയ മുതലായ രോഗങ്ങൾ കാണുന്നതിൽ നിന്നും ശുദ്ധജലത്തിന്റെ അഭാവം അഥവാ കഠിനജലം, ജലത്തിലെ മറ്റ് മാലിന്യങ്ങൾ ഇവയിൽ പ്രത്യേകം ഊന്നൽ നൽകുകയും ഒരു ജല പരിശോധന സർവ്വേ നടത്തുകയും ശുദ്ധജലം ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

## നിർദ്ദേശങ്ങൾ :-

2000-ാം ആണ്ടോടെ "എല്ലാവർക്കും ആരോഗ്യം" എന്ന് മാറി മാറി വരുന്ന സർക്കാരുകൾ പ്രഖ്യാപിക്കാറുണ്ടെങ്കിലും അവ ഇന്ന് ഒരു മരീചിക മാത്രമാണ്. ഇതിന് പല പ്രധാനപ്പെട്ട കാരണങ്ങൾ ഉണ്ടെങ്കിലും പ്രധാനമായിട്ടുള്ളത് എല്ലാ വൈദ്യശാസ്ത്രശാഖകൾകും അർഹമായ പ്രാതിനിധ്യം നൽകി രോഗനിവാരണത്തിൽ ശ്രദ്ധിക്കുക എന്നതാണ്. സർക്കാർ ഓരോ ഡിസ്പെൻസറിക്കും ആശുപത്രിക്കും മുടക്കുന്ന തുകയുടെ 25% പോലും പ്രയോജനം ജനത്തിന് കിട്ടുന്നില്ല. അതായത് ഡോക്ടർമാർ, പാരാമെഡിക്കൽ, മിനിസ്റ്റീരിയൽ, നോൺ മിനിസ്റ്റീരിയൽ സ്റ്റാഫിനെ വേണ്ടവിധം സർക്കാരോ ജനങ്ങളോ ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ്. ആയതിനാൽ ഓരോ വൈദ്യശാസ്ത്രശാഖയ്ക്കും പേ സ്കെയിലിൽ ഓരോ മാനദണ്ഡം എന്ന സർക്കാർ നയംപോലെ തന്നെ അർഹമായ പ്രാതിനിധ്യം നൽകി സ്കൂൾ ഹെൽത്ത് പ്രോഗ്രാം, രോഗ പ്രതിരോധ മാർഗ്ഗങ്ങൾ, ചേരിപ്രദേശങ്ങൾ/കോളനികൾ എന്നീസ്ഥലങ്ങളിൽ മാസം തോറും ആരോഗ്യപരിശോധനയും മരുന്ന് വിതരണവും, സീസൺ രോഗ പ്രതിരോധമാർഗ്ഗങ്ങൾ മുതലായവയും ഓരോ ആരോഗ്യ ശാസ്ത്രത്തേയും കുറിച്ച് ജനത്തിന് അവബോധം സൃഷ്ടിക്കാൻ സിംപോസിയം, സെമിനാർ, മെഡിക്കൽ ക്യാമ്പുകൾ ഇവ നടത്തപ്പെടുകയും ചെയ്യണം. ഡിസ്പെൻസറിക്ക് ആവശ്യമായ ഫണ്ട് എച്ച്.ഡി.സി. സൗഹൃദ സമിതി ഇവയ്ക്കും യഥേഷ്ടം ലഭ്യമാക്കാവുന്നതേയുള്ളൂ.

ആയതിനാൽ വളരെ ചിലവ് കുറഞ്ഞതും, ലളിതവും, പാർശ്വഫലങ്ങൾ ഇല്ലാത്തതും ശാസ്ത്രീയവുമായ ചികിത്സാശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുന്നതുവഴി അഴീക്കോട് ഗ്രാമ പഞ്ചായത്തിൽ ആരോഗ്യ രംഗത്ത് മതിയായ പുരോഗതി കൈവരിക്കാൻ സാധിക്കും എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളട്ടെ.

◆ ◆ ◆ ◆

# ഊർജ്ജം – ഗതാഗതം

വികസനത്തിന് അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യങ്ങളിൽ ഒന്നാണ് വൈദ്യുതി. മുണ്ടയാട്ടുള്ള 110 KV സബ്സ്റ്റേഷനിൽനിന്നാണ് അഴീക്കോട് പഞ്ചായത്തിലേക്കാവശ്യമായ വൈദ്യുതി വിതരണം

| അഴീക്കോട് പഞ്ചായത്തിലെ L.T ട്രാൻസ്ഫോമറുകൾ | | |
|---|---|---|
| ക്രമനമ്പർ | പേര് | ശേഷിKVA |
| 1. | അഴീക്കൽ ബസ്സ്റ്റാൻഡ് | 100 ,, |
| 2. | സിൽക്ക്, അഴീക്കൽ | 160 ,, |
| 3. | അഴീക്കൽ No. 1 | 160 ,, |
| 4. | പെരിയക്കോവിൽ | 100 ,, |
| 5. | കപ്പക്കടവ് | 160 ,, |
| 6. | മൂന്നു നിരത്ത് | 100 ,, |
| 7. | എം.ഇ. വുഡ്, കക്കൻ പാലം | 100 ,, |
| 8. | സി.പി. ടിമ്പർ | 100 ,, |
| 9. | സത്താർ വുഡ് | 100 ,, |
| 10. | സിൻസിയർ വുഡ് | 100 ,, |
| 11. | വി.പി. ഇൻഡസ്ട്രീസ് | 63 ,, |
| 12. | യൂനിയൻ സോമിൽ | 100 ,, |
| 13. | മാച്ച് ഫാക്ടറി | 100 ,, |
| 14. | സാഗർ വുഡ് | 100 ,, |
| 15. | ഇ.എസ്.ഐ | 63 ,, |
| 16. | പാലോട്ടുവയൽ | 160 ,, |
| 17. | മൈലാടത്തടം | 100 ,, |
| 18. | കൊട്ടാരത്തും പാറ | 160 ,, |
| 19. | വൻകുളത്തുവയൽ | 100 ,, |
| 20. | ഒമേഗ, കച്ചേരിപ്പാറ | 100 ,, |
| 21. | കച്ചേരിപ്പാറ | 100 ,, |
| 22. | ചെമ്മരിശ്ശേരിപ്പാറ | 100 ,, |
| 23. | പൂതപ്പാറ | 160 ,, |
| 24. | ചക്കരപ്പാറ | 100 ,, |
| 25. | ആറാംകോട്ടം | 100 ,, |
| 26. | ഫർസാദ്, കപ്പിക്കുണ്ട് | 100 ,, |
| 27. | അരയാക്കണ്ടിപ്പാറ | 100 ,, |
| 28. | മീൻകുന്ന് | 100 ,, |
| 29. | തെരു | 100 ,, |
| 30. | നീർക്കടവ് | 100 ,, |
| 31. | ബാൻവുഡ് | 100 ,, |
| 32. | സേഫ് പാക്കേഴ്സ് | 100 ,, |
| 33. | സിറാ വുഡ് 1 | 100 ,, |
| 34. | സിറാ വുഡ് 2 | 100 ,, |

ചെയ്യപ്പെടുന്നത്. 34 ട്രാൻസ്ഫോർമറുകൾ അടങ്ങിയതാണ് വിതരണ ശൃംഖല. പഞ്ചായത്തിൽ മിക്കവാറും എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നവയാണ്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും വർദ്ധനയുണ്ടായിക്കൊണ്ടിരിക്കുന്നു. വൈദ്യുത ഉപഭോക്താക്കളിൽ 5910 പേർ ഗാർഹിക മേഖലയിലും 1223 പേർ വ്യാപാര മേഖലയിലും 167 പേർ വ്യാവസായിക മേഖലയിലും 160 പേർ കാർഷിക മേഖലയിലുമാണ്.

ഈ വർഷത്തിൽ ഇതുവരെയായി 56 പുതിയ കണക്ഷനുകളാണ് നല്കിയത്.

Ordinary - 4
O.T.P - 4
O.Y.E.C - 48

167 പേർ പണം അടച്ച് കണക്ഷൻ ലഭിക്കാൻ കാത്തിരിക്കുന്നുണ്ട്.

Ordinary - 17
O.T.P - 80
O.Y.E.C - 70

മൊത്തം വീടുകളിൽ നാലിലൊന്നോളം വീടുകൾ ഇനിയും വൈദ്യുതീകരിക്കപ്പെടേണ്ടതായുണ്ട്. 4 ഹരിജൻ കോളനികളാണ് വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളത്.

1. കല്ലടത്തോട്, ചക്കരപ്പാറ, വട്ടക്കണ്ടി
2. പള്ളിക്കുന്നുമ്പ്രം
3. ചാൽ ഈസ്റ്റ് വെസ്റ്റ്
4. കപ്പക്കടവ് ഈസ്റ്റ് വെസ്റ്റ്

സ്ട്രീറ്റ് ലൈറ്റ് ആയി 40 വാട്ട് ബൾബുകൾ 517 എണ്ണവും ഫ്ലൂറസെൻറ് ട്യൂബുകൾ 82 എണ്ണവും സോഡിയം വേപ്പർ ലാമ്പുകൾ 50 എണ്ണവും സ്ഥാപിച്ചിട്ടുണ്ട്. സ്ട്രീറ്റ്ലൈറ്റ് ഇനത്തിൽ പ്രതിമാസം 9375 രൂപ പഞ്ചായത്ത് ഇലക്ട്രിസിറ്റി ബോർഡിൽ അടക്കുന്നുണ്ട്.

അഴീക്കോട് ഇലക്ട്രിക്കൽ മേജർസെക്ഷൻ പരിധിയിൽ സ്വയം മീറ്റർ റീഡിംഗ് സമ്പ്രദായമാണ് നിലവിലുള്ളത്. ഉപഭോക്താക്കൾ തന്നെ അവരുടെ മീറ്റർറീഡിംഗ് എടുക്കുകയും തന്നിട്ടുള്ള റെഡിറെക്കണർ നോക്കി അതിൻെറ വില തിട്ടപ്പെടുത്തി പണം അടക്കുകയും ചെയ്യുക എന്നതാണ് ഇതിൻെറ രീതി. ഇത് ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം വളരെ നല്ല സംവിധാനമാണ്. ചില പോരായ്മകൾ ഒഴിവാക്കിയാൽ ഈ സംവിധാനം വളരെ ഫലപ്രദമാണ്. കേടായ മീറ്ററുകൾ കൃത്യമായി മാറ്റിക്കൊടുക്കേണ്ടതാണ്. അതുപോലെ ഉപഭോക്താക്കൾ എഴുതുന്ന റീഡിങ്ങുകൾ പരിശോധിക്കാൻ മിന്നൽ പരിശോധനാസ്ക്വാഡുകൾ കാര്യക്ഷമമായി പ്രവർത്തിക്കണം.

ഗ്രാമസഭകളിൽനിന്നും സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായി കത്തുന്നില്ല എന്ന പരാതി വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. തെരുവുവിളക്കുകൾ ഇനിയും ധാരാളം സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. തെരുവുവിളക്കുകളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കണമെന്ന നിർദ്ദേശവും ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ റോഡുകളിലും ഇടവഴികളിലും പൊതുവഴികളിലും ആവശ്യത്തിന് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

എല്ലാ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള ഒരു പരാതി വോൾട്ടേജ് കമ്മിയെക്കുറിച്ചാണ്. പാപ്പിനിശ്ശേരി, ഹാർഡ് ബോർഡ് എന്നീ ഫീഡറുകളിൽ നിന്നാണ് അഴീക്കോട് പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യപ്പെടുന്നത്. മുണ്ടയാട് സബ്സ്റ്റേഷനിൽനിന്ന് നിരവധി പഞ്ചായത്തുകൾ കടന്നാണ് അഴീക്കോട്ടേക്ക് ലൈൻ എത്തിച്ചേരുന്നത്. പൊതുവെ മലബാറിൽ മൊത്തത്തിൽ അനുഭവപ്പെടുന്ന വോൾട്ടേജ് കമ്മി ഇതോടെ അഴീക്കോട് പഞ്ചായത്തിൽ രൂക്ഷമാകുന്നു. മിക്ക ഉപഭോക്താക്കളും 110 വോൾട്ടിൻെറ ബൾബ് ഉപയോഗിക്കുന്നതായാണ് അറിയുന്നത്. അതുപോലെ സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമർ ഉപയോഗിക്കുന്നവരും ധാരാളമുണ്ട്. ഇത് സ്റ്റെപ്പ് അപ്പ് വാങ്ങാൻ കഴിയാത്തവർക്ക് കൂടുതൽ ദുരിതം സൃഷ്ടിക്കുന്നു.

പ്രേഷണ വിതരണ സംവിധാനങ്ങൾ ഫലപ്രദമായി നവീകരിച്ചാൽ വൈദ്യുതി നഷ്ടം കുറക്കാൻ സാധിക്കുന്നതാണ്. വൈദ്യുത ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുഴുവൻ കാലാകാലങ്ങളിൽ വെട്ടിമാറ്റുക, ജമ്പർ മെച്ചപ്പെടുത്തുക, ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കുക എന്നിവ ചെയ്യേണ്ടതാണ്. അത്പോലെ കുറഞ്ഞ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന Compact Fluresent Lamb ( CFL) ൻെറ ഉപയോഗം വൈദ്യുതി ക്ഷാമത്തെ ഒരു പരിധിവരെ കുറക്കാൻ സഹായിക്കുന്നതാണ്. ഇതിന് സബ്സിഡി നല്കി വിലകുറച്ച് എല്ലാ വീടുകളിലും വിതരണം ചെയ്യേണ്ടതാണ്.

അഴീക്കോട്ടെ നിർദ്ദിഷ്ട 110 KV സബ്സ്റ്റേഷൻ എത്രയും പെട്ടെന്നുതന്നെ പ്രവർത്തനക്ഷമമാക്കേണ്ടതാണ്. അഴീക്കോട് പഞ്ചായത്തിൻെറ വിശാലമായ കടപ്പുറം സൗരോർജ്ജത്തിൻേറയും കാറ്റിൻേറയും ഉറവിടമാണ്. ഇവിടെ വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള ചെറുകിട പദ്ധതികൾക്ക് സാധ്യതയുണ്ട്.

വൈദ്യുതിക്കായി നീണ്ടവർഷങ്ങളായി കാത്തിരിക്കുന്ന എല്ലാവർക്കും വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനതലത്തിൽ തന്നെ വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിച്ചാൽ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. അതിനുള്ള തീവ്രപരിപാടി നടപ്പാക്കണം.

നമ്മുടെ പഞ്ചായത്തിലെ വളരെയധികം ആളുകളും പാചകാവശ്യത്തിന് കൂടുതലായി വിറകിനെയാണ് ആശ്രയിക്കുന്നത്. ഈർച്ച മില്ലുകളിൽ നിന്ന് ലഭിക്കുന്ന മരപ്പൊടിയും ഉപയോഗിക്കുന്നുണ്ട്. പാചകാവശ്യത്തിനുപയോഗിക്കുന്ന മറ്റ് ഇന്ധനങ്ങൾ ചാണക വിറക്, മണ്ണെണ്ണ, പാചകഗ്യാസ് എന്നിവയാണ്. പാചകഗ്യാസിൻെറ ഉപയോഗം സമ്പന്ന കുടുംബങ്ങൾക്കൊപ്പം ഇടത്തരം കുടുംബങ്ങളിലും വർദ്ധിച്ചുവരുന്ന പ്രവണതയാണ് കാണുന്നത്. 3 പൊതുമേഖലാ ഗ്യാസ് ഏജൻസികൾക്ക് പുറമെ ധാരാളം പ്രൈവറ്റ് ഏജൻസികളും ഇപ്പോൾ അഴീക്കോട് പഞ്ചായത്തിൽ ഗ്യാസ് വിതരണം ചെയ്യുന്നുണ്ട്. ഹോട്ടലുകളിലും ഇപ്പോൾ പാചകഗ്യാസ് ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. ഹോട്ടലുകളിൽ പാചകത്തിനുപയോഗിക്കുന്ന മറ്റ് ഇന്ധനങ്ങൾ മരക്കരി, വിറക് എന്നിവയാണ്. വിറകിൻെറയും പാചകഗ്യാസിൻെറയും ലഭ്യതക്കുറവ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പുകയില്ലാത്ത ഇന്ധനക്ഷമതയേറിയ അടുപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കുകയാണെങ്കിൽ വിറകിൻെറ ഉപഭോഗം മൂന്നിൽ ഒന്നായി കുറക്കുവാൻ സാധിക്കുന്നതാണ്. ഹോട്ടലുകളിൽ കമ്യൂണിറ്റി അടുപ്പുകൾ പ്രചരിപ്പിക്കേണ്ടതാണ്. സാമൂഹ്യവനവൽക്കരണത്തിലൂടെ വിറക് ലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.

കച്ചിപ്പെട്ടിയുടെ നിർമ്മാണം, വിതരണം, അതുപോലെ പ്രഷർകുക്കറിൻെറ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവ ഇന്ധനക്ഷാമത്തെ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളാണ്.

പാചകാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നത് കർശനമായി നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ബയോഗ്യാസ് പ്ലാൻറുകൾക്ക് ഇവിടെ ധാരാളം സാധ്യതകൾ ഉണ്ട്. ഇപ്പോൾ അപൂർവ്വം യൂണിറ്റുകൾ മാത്രമേ ഉള്ളൂ. കൂടുതൽ ബയോഗ്യാസ്, ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കണം. വെളിച്ചത്തിനുവേണ്ടി കൂടുതൽപേരും വൈദ്യുതിയെയാണ് ആശ്രയിക്കുന്നത്. മണ്ണെണ്ണ, മെഴുകുതിരി എന്നിവയും ഉപയോഗിക്കുന്നു. കഠിനമായ വോൾട്ടേജ് ക്ഷാമം വൈദ്യുത വിളക്ക് കത്തുമ്പോൾതന്നെ മണ്ണെണ്ണ വിളക്കുകൾ ഉപയോഗിക്കുകയാണെങ്കിൽ പുകശല്യം ഒഴിവാക്കാം എന്നതിനുപുറമെ മണ്ണെണ്ണയുടെ ഉപഭോഗവും കുറയ്ക്കാം. സൗരോർജ്ജ വിളക്കുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുകയാണെങ്കിൽ ഗ്യാസ് വിളക്കുകളും ലഭ്യമാക്കാവുന്നതാണ്.

വ്യാവസായിക രംഗത്ത് കൂടുതലായും ഉപയോഗിക്കപ്പെടുന്ന ഊർജ്ജം വൈദ്യുതിയാണ്. ഇവിടെ വെളിച്ചത്തിനുവേണ്ടിയും മോട്ടോറുകൾ പ്രവർത്തിപ്പിക്കാനും വൈദ്യുതി ഉപയോഗിക്കപ്പെടുന്നു. വൈദ്യുതി ലഭ്യമല്ലാത്ത അവസരങ്ങളിൽ ഡീസൽ ഉപയോഗപ്പെടുത്തി ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നു. കൈത്തറി, ബീഡി തുടങ്ങിയ പരമ്പരാഗത വ്യവസായ രംഗത്ത് കായികോർജ്ജമാണ് ഉപയോഗിക്കപ്പെടുന്നത്. വൈദ്യുതിയുടെ ലഭ്യതക്കുറവ് വൻകിട വ്യവസായത്തിനുള്ള സാധ്യതകൾ കുറച്ചിട്ടുണ്ടെങ്കിലും കുറഞ്ഞ തോതിൽ വൈദ്യുതി ആവശ്യമുള്ള മനുഷ്യപ്രയത്നവും ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം.

## ഗതാഗതം

ഒരു നാടിൻെറ പുരോഗതിയിൽ യാത്രാസൗകര്യങ്ങളുടെ പ്രാധാന്യം എടുത്തുപറയത്തക്കതാണ്. വികസനമെന്നാൽ പൊതുവേ ഉണ്ടായിരുന്ന കാഴ്ചപ്പാടുതന്നെ റോഡുകളും പാലങ്ങളും ഉണ്ടാക്കുക എന്നതായിരുന്നു. ഇടവഴികളുടെ നാട് എന്നായിരുന്നു അഴീക്കോട് അറിയപ്പെട്ടിരുന്നത്. അഴീക്കോട്ടെ 'കുണ്ടെട'കളെപ്പറ്റി സഞ്ജയൻപോലും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് കുണ്ടെടകൾ മുഴുവൻ തന്നെ റോഡായി വികസിച്ചുകഴിഞ്ഞിട്ടുണ്ട്. നാട്ടുകാരുടെ ശ്രമദാനവും ഇതിന് വളരെയേറെ സഹായിച്ചിട്ടുണ്ട്.

അഴീക്കോട്ടുകാർ വടക്കൻ പ്രദേശങ്ങളുമായി മുൻകാലങ്ങളിൽ ബന്ധപ്പെട്ടിരുന്നത് കപ്പക്കടവ്, പൊയ്ത്തും കടവ്, അഴീക്കൽ കടവ് തുടങ്ങിയ ജലമാർഗ്ഗങ്ങളിലൂടെയായിരുന്നു. അഴീക്കോട്ടേക്ക് ആദ്യമായി ബസ്സ് വന്നെത്തുന്നത് 1940 ഓടുകൂടിയാണ്. 'കരി'യായിരുന്നു ബസ്സിൽ ഉപയോഗിച്ച ഇന്ധനം. അക്കാലത്ത് കൂടുതൽപേരും കാൽനടയായിട്ടായിരുന്നു കണ്ണൂരേക്ക് പോയിരുന്നത്.

പഞ്ചായത്തിൽ ആദ്യമായി ടാറിട്ട റോഡ് അഴീക്കൽ - വളപട്ടണം റോഡാണ്. ഇപ്പോൾ പഞ്ചായത്തിലാകെ 40 കിലോമീറ്ററോളം ടാറിട്ടറോഡുകൾ ഉണ്ട്. 19 റോഡുകൾ ടാറിട്ടവയാണ്. 10 റോഡുകളിൽ ബസ്സ്ഗതാഗതമുണ്ട്.

അഴീക്കോട് പഞ്ചായത്തിലെ റോഡുകളുടെ എണ്ണം നിരവധിയാണ്.

ടാർ ചെയ്തതും അല്ലാത്തതുമായ പ്രധാനപ്പെട്ട റോഡുകളുടെ വിവരങ്ങൾ പട്ടിക ഒന്നിലും രണ്ടിലും ചേർത്തിരിക്കുന്നു

## പട്ടിക 1

### പഞ്ചായത്തിലെ ടാറിട്ട റോഡുകൾ

| ക്രമ നമ്പ്ര് | റോഡ് | ടാറിട്ട ദൈർഘ്യം | ബസ്സ് ഗതാഗതമുണ്ടോ | ഉടമസ്ഥത |
|---|---|---|---|---|
| 1. | അലവിൽ - അഴീക്കോട് | 5 കി.മീ | ഉണ്ട് | പി.ഡബ്ല്യു.ഡി |
| 2. | അഴീക്കൽ - വളപട്ടണം | 5 കി.മീ | ഉണ്ട് | ,, |
| 3. | പൂതപ്പാറ - മീൻകുന്ന് - വായിപ്പറമ്പ - അഴീക്കൽ | 8 കി.മീ | ഉണ്ട് | ,, |
| 4. | വൻകുളത്ത്വയൽ - വായിപ്പറമ്പ | 1 1/2 കി.മീ | ഉണ്ട് | പഞ്ചായത്ത് |
| 5. | പൂതപ്പാറ - നീർക്കടവ് | 4 കി.മീ | ഉണ്ട് | ,, |
| 6. | തെക്കുഭാഗം - പച്ചക്കുന്ന് | 1/2 കിമീ | ഉണ്ട് | ,, |
| 7. | വൻകുളത്തുവയൽ - തെരു - വളപട്ടണം | 1 കി.മീ | ഉണ്ട് | ,, |
| 8. | പൂതപ്പാറ - പുതിയാപ്പറമ്പ - (നേതാജി റോഡ്) | 1 1/2 കി.മീ | ഉണ്ട് | ,, |
| 9. | ഒണ്ടേൻ റോഡ് | 2 കി.മീ | ഉണ്ട് | ,, |
| 10. | കാപ്പിലെപീടിക - ആറാംകോട്ടം | 1 1/2 കി.മീ | ഉണ്ട് | ,, |
| 11. | പൂതപ്പാറ - മൈലാടത്തടം - വളപട്ടണം | 2 1/2 കി.മീ | ഇപ്പോൾ ഇല്ല | പി.ഡബ്ല്യൂ.ഡി |
| 12. | വൻകുളത്തുവയൽ - മൈലാടത്തടം | 1 കി.മീ | ഇല്ല | പഞ്ചായത്ത് |
| 13. | വൻകുളത്ത്വയൽ - ഇ.എസ്.ഐ - പള്ളിക്കുന്നുമ്പ്രം | 1 കി.മീ | ,, | ,, |
| 14. | വൻകുളത്ത്വയൽ - അരയാമ്പ്രത്ത് കോട്ടം | 250 .മീ | ,, | ,, |
| 15. | ഗാന്ധി റോഡ് | 250 മീ | ,, | ,, |
| 16. | ഓലാടത്താഴ - ഉപ്പായിച്ചാൽ | 750 മീ | ,, | ,, |
| 17. | ചാൽകോളനി റോഡ് | 1 കി.മീ | ,, | ,, |
| 18. | പോർട്ട് റോഡ് | 1/2 കി.മീ | ,, | ,, |
| 19. | അഴീക്കൽ ഫിഷറീസ് റോഡ് | 250 മീ. | ,, | ,, |

## പട്ടിക 2

### അഴീക്കോട് പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകൾ - ടാർ ചെയ്യാത്തവ

| ക്രമ നമ്പർ | റോഡ് | ദൈർഘ്യം |
|---|---|---|
| 1 | അക്ലിയത്തമ്പലം - അരയാക്കണ്ടിപ്പാറ | 1 1/2 കി.മീ |
| 2 | കൊട്ടാരത്തുംപാറ - പുന്നക്കപ്പാറ | 1 കി.മീ |
| 3 | ഹരി ടിമ്പേഴ്സ് റോഡ് | 1 1/2 കി.മീ |
| 4 | കച്ചേരിപ്പാറ - ചെമ്മരശ്ശേരിപ്പാറ | 1 കി.മീ |
| 5 | കച്ചേരിപ്പാറക്കുന്ന - അക്ലിയത്തമ്പലം | 1/2 കി.മീ |
| 6 | കുഴക്കീൽ ശ്മശാന റോഡ് | 1/2 കി.മീ |
| 7 | മീൻകുന്ന് - വലിയപറമ്പ് | 1 കി.മീ |
| 8 | വലിയപറമ്പ - കള്ളക്കടപ്പുറം | |
| 9 | കച്ചേരിപ്പാറ - സെൻട്രൽ എൽ.പി. സ്ക്കൂൾ - പുന്നക്കപ്പാറ | 750 മീ. |
| 10 | ഓലാടത്താഴ - പൊയ്ത്തും കടവ് | 750 മീ |
| 11 | കല്ലടത്തോട് കോളനി - ചക്കരപ്പാറ | 1/2 കി.മീ |
| 12 | ചക്കരപ്പാറ - വട്ടക്കണ്ടി | |
| 13 | ഒണ്ടേൻ റോഡ് - ഉപ്പായിച്ചാൽ | 1 കി.മീ |
| 14 | കപ്പക്കടവ് റോഡ് | 750 മീ |
| 15 | അഴീക്കൽ ലൈറ്റ് ഹൗസ് റോഡ് | 2 കി.മീ |
| 16 | കാവുചാൽ സൊസൈറ്റി സോമിൽ റോഡ് | 500 മീ |
| 17 | ഭഗത സിംഗ കോളനി റോഡ് | 500 മീ |

340

### പ്രശ്നങ്ങൾ

1. നിലവിലുള്ള മിക്കവാറും റോഡുകൾ വളരെ ശോചനീയാവസ്ഥയിലാണ്.
   ടാറിട്ട റോഡുകൾ മിക്കതും പൊട്ടിപ്പൊളിഞ്ഞ് കുണ്ടും കുഴിയും നിറഞ്ഞിരിക്കുന്നു.
   ടാറിടാത്ത റോഡുകൾ മഴക്കാലത്ത് ചെളിനിറഞ്ഞ് വഴിനടക്കാൻപോലും വയ്യാത്ത അവസ്ഥ
   പല റോഡുകൾക്കും ഓടയില്ല.
   ഓടകൾ ഉള്ളതുതന്നെ അവശിഷ്ടങ്ങളും മാലിന്യങ്ങളും നിക്ഷേപിച്ച് ഉപയോഗ്യശൂന്യമായിരിക്കുന്നു.
   സ്വന്തം വീട്ടിലേക്ക് വാഹന സൗകര്യത്തിനായി ഓടകൾ മൂടുന്ന പ്രവണതയും ഉണ്ട്.
   കൾവെർട്ടുകൾ ഇല്ലാതെ റോഡുകൾ നിർമ്മിച്ചത് നീർക്കെട്ടിനുകാരണമാകുന്നു.
   റോഡുകൾക്ക് വേണ്ടത്ര വീതിയില്ല.
2. ചില വാർഡുകളിൽ വേണ്ടത്ര റോഡുകളോ നടപ്പാതകളോ ഇല്ല.
   കുട്ടികൾക്ക് മഴക്കാലത്ത് സ്കൂളിൽ വരാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു.
   രോഗികളെ ആശുപത്രിയിലെത്തിക്കാൻ വിഷമം നേരിടുന്നു.
   യാത്രാ സൗകര്യം ഇല്ലാതെ കോളനികൾ നിർമ്മിച്ചതിനാൽ ശരിയായ വഴിയില്ലാതെ കോളനി നിവാസികൾ ഉഴലുന്നു.
3. റോഡിൽ വെച്ച് ഓയിൽമാറ്റുകയും വാഹനം കഴുകുകയും ചെയ്യുന്നത് റോഡിൻെറ നാശത്തിന് കാരണമാകുന്നു.
4. റോഡരികിൽ കല്ലുകളും മറ്റു വസ്തുക്കളും ദീർഘകാലത്തേക്ക് ഇറക്കിയിടുന്നത് വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു.
5. ഓട്ടോറിക്ഷ, കാർ, ടെമ്പോവാൻ എന്നീ വാഹനങ്ങൾക്ക് പ്രത്യേക സ്റ്റാൻറുകൾ ഇല്ലാത്തത് വൻകുളത്തുവയലിൽ ഗതാഗതക്കുരുക്കിന് കാരണമാകുനു.
6. അഴീക്കലിൽ ബോട്ടുജട്ടിയില്ലാത്തത് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

### സാധ്യതകളും നിർദ്ദേശങ്ങളും

1. എല്ലാറോഡുകൾക്കും ഓടകൾ നിർമ്മിക്കുക എന്നത് സന്നദ്ധ പ്രവർത്തനമായി ഏറ്റെടുക്കാവുന്നതാണ്.
2. റോഡുകളുടെ അറ്റകുറ്റപണികൾ വർഷത്തിൽ ഒരിക്കലെങ്കിലും നടത്തണം. മഴക്കാലത്തിനുമുമ്പുതന്നെ നടത്തിയിരിക്കണം. ഇത് ബഹുജന സഹകരണത്തോടെ ആയിരിക്കണം.
3. എല്ലാ ഗ്രാമസഭകളിൽനിന്നും പുതിയതായി നിർമ്മിക്കേണ്ടതും വികസിപ്പിക്കേണ്ടതുമായ റോഡുകളുടേയും നടപ്പാതകളുടേയും ഒരു വലിയ പട്ടികതന്നെ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. വിസ്താരഭയത്താൽ അവയുടെ പേർ ഇവിടെ ചേർക്കുന്നില്ല. വേണ്ടത്ര യാത്രാസൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ ആവശ്യമായ റോഡുകൾ മുൻഗണനാ ക്രമത്തിൽ ഉണ്ടാക്കാൻ പദ്ധതി വേണം.
4. പ്രധാന റോഡുകളുടെ ടാറിങ് പൂർത്തിയാക്കാനും പൊട്ടിപ്പൊളിഞ്ഞ ടാർറോഡുകൾ റീടാർ ചെയ്യാനും മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതി നടപ്പാക്കണം.
5. പുതിയ റോഡുകൾ ഉണ്ടാക്കുമ്പോൾ നീർക്കെട്ട് ഒഴിവാക്കുന്നതിനാവശ്യമായ കൾവെർട്ടുകൾ ഉണ്ടായിരിക്കണം.
6. പൂർത്തിയാകാത്ത റോഡുകൾ പൂർത്തിയാക്കാനുള്ള പദ്ധതി നടപ്പാക്കണം.
7. ഓരോ റോഡിനും ഓരോ ജനകീയ സംരക്ഷണ സമിതി ഉണ്ടാക്കണം. ആവശ്യമായ സമയത്ത് അറ്റകുറ്റപണി ചെയ്യാനും ഓടകൾ നിർമ്മിക്കാനും വൃത്തിയാക്കാനും റോഡിൻെറ പരിപൂർണ്ണ സംരക്ഷണം ഏറ്റെടുക്കാനും ഈ സമിതി തയ്യാറാകണം. ആ റോഡിലുള്ള തെരുവുവിളക്കുകളുടെ സംരക്ഷണവും ഈ സമിതി ഏറ്റെടുക്കണം.
8. അഴീക്കലിൽ ഒരു ബോട്ടുജട്ടി നിർമ്മിക്കണം. മാട്ടൂലിലേക്കുള്ള യാത്രക്കാർക്ക് ബോട്ടുസൗകര്യം

341

ഏർപ്പെടുത്തുകയാണെങ്കിൽ വളരെയേറെ അനുഗ്രഹമായിരിക്കും. ഇവിടെനിന്ന് വിനോദസഞ്ചാര ബോട്ടുകളും ഏർപ്പെടുത്താവുന്നതാണ്. പറശ്ശിനിക്കടവ് കടലിൽ കുറച്ചുദൂരംവരെ എന്നിങ്ങനെ ബോട്ടിങ് ഏർപ്പെടുത്താവുന്നതാണ്.

9. തീരദേശ റോഡ് വികസിപ്പിക്കുകയാണെങ്കിൽ അഴീക്കോട് കടപ്പുറം മേഖല ഒരു ടൂറിസ്റ്റ്കേന്ദ്രമാക്കാൻ സാധിക്കുന്നതാണ്.

10. അഴീക്കലിൽ ബസ്സ്റ്റാൻറ് നിർമ്മിക്കണം. മീൻകുന്നിലും ഒരു ബസ്സ്റ്റാൻറ് നിർമ്മിക്കണം. ബസ്ഷെൽട്ടർ ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിക്കണം.

11. കാർ, ഓട്ടോറിക്ഷ, പിക്ക്-അപ്പ് വാൻ, ടെമ്പോവാൻ ഇവയ്ക്കായി വൻകുളത്തുവയലിൽ പ്രത്യേക സ്റ്റാൻറുകൾ നിർമ്മിക്കണം.

12. നിർത്തലാക്കിയ അഴീക്കൽ - വായിപ്പറമ്പ് - മീൻകുന്ന് - കണ്ണൂർ ആശുപത്രി റൂട്ടിൽ ഓടിയിരുന്ന കെ.എസ്.ആർ.ടി.സി ബസ്സ് പുനരാരംഭിക്കണം. അതോടൊപ്പം അഴീക്കൽ-വളപട്ടണം-കണ്ണൂർ ആശുപത്രിവരെ പുതിയ കെ.എസ്.ആർ.ടി.സി ബസ്സ് ഓടിക്കണം.

## മാർക്കറ്റ്

അഴീക്കോട് പഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റ് ഇല്ല. കണ്ണൂർ നഗരത്തെയാണ് ചെറുകിട വ്യാപാരികൾ ഇപ്പോൾ ആശ്രയിച്ചുവരുന്നത്. അഴീക്കോട് പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ ഇപ്പോൾ കണ്ണൂരിലെത്തിച്ച് കിട്ടിയവിലക്ക് വിൽക്കേണ്ട സ്ഥിതിയാണുള്ളത്. പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് നിർമ്മിച്ച് പച്ചക്കറികൂടി വില്പനനടത്താനുള്ള സൗകര്യം ഏർപ്പെടുത്തുകയാണെങ്കിൽ ഉല്പാദകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ ഗുണപ്രദമായിരിക്കും.

പഞ്ചായത്തിലെ രണ്ടോമൂന്നോ കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കണം.

◆ ◆ ◆ ◆

340

# പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യൻെറ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. പ്രാകൃത മനുഷ്യർ പോലും ഗുഹകളും മരപ്പൊത്തുകളും തങ്ങളുടെ പാർപ്പിടങ്ങളായി ഉപയോഗിച്ചിരുന്നു. ഒരു വീട് സ്വന്തമായി ഉണ്ടാവുക എന്നത് മനുഷ്യൻെറ അദമ്യമായ ആഗ്രഹങ്ങളിൽ ഒന്നാണ്. ഗുഹകളിലും മരപ്പൊത്തുകളിലും അന്തിയുറങ്ങിയ മനുഷ്യൻ അവൻെറ ക്രമ പ്രവൃദ്ധമായ വളർച്ചയിൽ പാർപ്പിട രംഗത്ത് കൈവരിച്ച നേട്ടം അത്ഭുതാവഹമാണ്. പാർപ്പിട നിർമ്മാണ രംഗത്ത് പഴയ കാലത്തു വികസിച്ചുവന്ന വാസ്തുശിൽപ മാതൃക ആകെ മാറിക്കഴിഞ്ഞു.

നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളും നിരവധി ഏജൻസികളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും സ്വാതന്ത്ര്യം ലഭിച്ചിട്ട് നീണ്ട അമ്പത് വർഷം പിന്നിട്ടിട്ടും പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ നമുക്കു കഴിഞ്ഞിട്ടില്ല.

ഈ പഞ്ചായത്തിലും പാർപ്പിട പ്രശ്നം പരിഹൃതമാകാത്ത ഒരു വിഷയമായിത്തന്നെ നിലനിൽക്കുന്നു. പഞ്ചായത്തിൽ സ്വന്തമായി ഭൂമിയും പാർപ്പിടവും ഇല്ലാത്ത കുടുംബങ്ങൾ നിരവധിയാണ്. എങ്കിലും പാർപ്പിട രംഗത്തുണ്ടായ അഭൂതപൂർവമായ വികസനം ഈ പഞ്ചായത്തിലും ദൃശ്യമാണ്. ഒരു കാലത്ത് കുടിലുകളും ഇടത്തരം ഓലമേഞ്ഞതോ ഓടിട്ടതോ ആയ വീടുകളുമാണ് അധിവാസയോഗ്യമാക്കിയിരിക്കുന്നത്. ഇന്ന് അതിൻെറ സ്ഥാനത്ത് അതി മനോഹരങ്ങളായ ഓടിട്ട വലിയ ഭവനങ്ങളും കോൺക്രീറ്റ് സൗധങ്ങളും പഞ്ചായത്തിലുടനീളം ഉയർന്നുകൊണ്ടിരിക്കുകയാണ്. വിശാലമായ പറമ്പിൽ ഒരു വീട് എന്ന സമീപനത്തിനു പകരം ചെറിയ തുണ്ടു ഭൂമികളിൽ പോലും വീട് നിർമ്മിക്കുക എന്ന സമീപനത്തിലേക്ക് ജനങ്ങൾ മാറിക്കഴിഞ്ഞു. ഭവന നിർമ്മാണ രംഗത്ത് ആശാവഹമായ വികസനം കൈവന്നുവെങ്കിലും പ്രാഥമികസൗകര്യങ്ങൾപോലുമില്ലാത്ത വീടുകൾ പഞ്ചായത്തിൽ നൂറുകണക്കിനുണ്ട്. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത അനേകം കുടുംബങ്ങളുടെ ദുഖകരമായ അവസ്ഥ മാറ്റിയെടുക്കുക എന്നതും പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന പ്രശ്നമാണ്.

1991ലെ സെൻസസുപ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 42354 ആണ്. സംസ്ഥാന ജനസാന്ദ്രത 871 ഉം ജില്ലയിലേത് 757ഉം ആണെങ്കിൽ ഈ പഞ്ചായത്തിലേത് 2639 ആണെന്നു കാണാം. ജില്ലയിലെ ജനസാന്ദ്രത കൂടുതലുള്ള പഞ്ചായത്തുകളിൽ ഒന്നാണ് അഴീക്കോട്. 1991ൽ പഞ്ചായത്തിൽ 6324 വീടുകളാണുണ്ടായിരുന്നത്. ഈ വീടുകളിലായി 6357 കുടുംബങ്ങൾ അധിവസിച്ചിരുന്നു. 1991നുശേഷം 1206 പുതിയ ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ മൊത്തം 7530 വീടുകൾ പഞ്ചായത്തിലുണ്ട്. ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തവ മുതൽ ആധുനിക സൗകര്യങ്ങളെല്ലാമുള്ള മണിമന്ദിരങ്ങൾ വരെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കാണാം. 96 കി.മീ. ദൈർഘ്യമുള്ള താർചെയ്തതും അല്ലാത്തതുമായ റോഡുകൾ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളേയും ബന്ധിപ്പിക്കുന്നു. ഭവന നിർമ്മാണത്തിന് ഈ റോഡുകൾ ഏറെ സഹായകരമായി വർത്തിക്കുന്നു.

പഞ്ചായത്തിൽ ഇന്നുള്ള 7530 വീടുകളിൽ 6058 എണ്ണം നികുതി ഈടാക്കുന്നതും 1472 എണ്ണം നികുതിയിൽ നിന്നും ഒഴിവാക്കിയതുമാണ്. നികുതി ഒഴിവാക്കിയ വീടുകളിൽ 1100 വീടുകൾ അധിവാസ യോഗ്യമാണ്. ബാക്കിവരുന്ന 374 വീടുകൾ മോശവും പുതുക്കിപ്പണിയേണ്ടതുമാണ്.

പഞ്ചായത്തിലെ ജനസംഖ്യയിൽ 10563 പേർക്ക് മാത്രമേ സ്ഥിരം തൊഴിലുള്ളൂ. 687 പേർ ഭാഗികമായ തൊഴിലുകളിൽ ഏർപ്പെടുന്നു. തൊഴിലുള്ളവർ ആകെ ജനസംഖ്യയുടെ 26.56% മാത്രമാണ്. തൊഴിലുള്ളവരിൽ 637 പേർ കൺസ്ട്രക്ഷൻ രംഗത്തും 1268 പേർ വാണിജ്യമേഖലയിലും 710 പേർ ട്രാൻസ്പോർട്ട്, വാർത്താവിതരണം തുടങ്ങിയ മേഖലകളിലും 1247 പേർ ഹാൻഡ്‌ലൂം അടക്കമുള്ള മറ്റു രംഗങ്ങളിലും തൊഴിൽ ചെയ്യുന്നു. കൂടാതെ 1000ൽ അധികംപേർ ഗൾഫ് രാജ്യങ്ങൾ അടക്കമുള്ള വിദേശങ്ങളിൽ ജോലിചെയ്യുന്നുണ്ട്. പഞ്ചായത്തിലെ വർദ്ധിച്ച തൊഴിലില്ലായ്മ ഭവന നിർമ്മാണരംഗത്തും പ്രതികൂലാവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്.

ചേരി പ്രദേശം ഈ പഞ്ചായത്തിൽ ഇല്ല. എന്നാൽ ദീർഘമായ കടലോരത്ത് പുറമ്പോക്ക് കൈയ്യേറി

കുടിൽ കെട്ടി പാർക്കുന്നവർ ധാരാളമാണ്. പുറമ്പോക്കിൽ കുടിൽ കെട്ടി താമസമാക്കിയ കുറേ കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുമുണ്ട്.

പഞ്ചായത്തിൽ ഒരു ഹൗസിങ്ങ് സൊസൈറ്റി പ്രത്യേകമായി പ്രവർത്തിക്കുന്നില്ല. എന്നാൽ കണ്ണൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന രണ്ടു സൊസൈറ്റികളിൽ ഒന്ന് സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവന വായ്പയും മറ്റേത് വീടുകൾ ആവശ്യമുള്ള ഇടത്തരം വിഭാഗങ്ങൾക്ക് ഹൗസിങ്ങ് കോളനികളിൽ വീട് നിർമ്മിച്ച് നൽകുകയും ചെയ്യുന്നുണ്ട്. ഇടത്തരക്കാരെ ഉദ്ദേശിച്ച് സൊസൈറ്റി നിർമ്മിച്ച ഹൗസിങ്ങ് കോളനി 8ാം വാർഡിലാണ് സ്ഥിതിചെയ്യുന്നത്. കൂടാതെ ബാങ്കുകളടക്കം മറ്റു പല ഏജൻസികളും ഭവന നിർമ്മാണത്തിന് വായ്പയും ഗ്രാൻറും നൽകി സഹായിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ കോ. ഓപ്. ബാങ്ക് 29 പേർക്ക് 2362500 രൂപ ഭവന നിർമ്മാണത്തിന് വായ്പ നൽകിയിട്ടുണ്ട്. സിറിയൻ കത്തോലിക്കാ ബാങ്ക് ഒരാൾക്ക് 150000 രൂപയും സിണ്ടിക്കേറ്റ് ബാങ്ക് 35 പേർക്ക് 1106000 രൂപയുമാണ് ഭവന നിർമ്മാണത്തിന് വായ്പയായി അനുവദിച്ചത്. 420000 രൂപ ഈ ഇനത്തിൽ വ്യക്തികൾക്കായി അഴീക്കോട് സർവ്വീസ് സഹകരണ ബാങ്കും നൽകിയിട്ടുണ്ട്.

വിവിധ ഏജൻസികൾ നൽകിയ വായ്പകളുടെ വിവരം

| നമ്പ്ര് | ഏജൻസിയുടെ പേർ | വീടുകളുടെ എണ്ണം | നൽകിയ വായ്പ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | ജില്ലാസഹകരണ ബേങ്ക് | 29 | 2362500.00 |
| 2. | സിണ്ടിക്കേറ്റ് ബേങ്ക് അഴീക്കോട് ശാഖ | 35 | 1106000.00 |
| 3. | കത്തോലിക്കാസിറിയൻബേങ്ക് അഴീക്കോട് | 1 | 150000.00 |
| 4. | അഴീക്കോട് സർവ്വീസ് സഹകരണബേങ്ക് | - | 420000.00 |

8ാം വാർഡിൽപ്പെട്ട ചക്കരപ്പാറയിലും 14ാം വാർഡിലെ ചാലിലുമായി രണ്ട് ലക്ഷംവീട് കോളനികൾ സ്ഥിതിചെയ്യുന്നു. പ്രസ്തുത രണ്ടു കോളനിയിലും കൂടി 62 വീടുകളാണ് ഉള്ളത്. വീടുകൾ തികച്ചും ദുർബലങ്ങളും പറയത്തക്ക സൗകര്യങ്ങളൊന്നും ഇല്ലാത്തവയുമാണ്. ഈ കോളനികളിൽ എത്തിച്ചേരാൻ റോഡുകളുണ്ടെങ്കിലും വൈദ്യുതിയോ കുടിവെള്ളം ലഭിക്കാൻ ആവശ്യമായത്ര കിണറുകളോ ഇല്ല. അതുപോലെ തന്നെ വീടുകൾക്ക് പ്രത്യേകംപ്രത്യേകമായി കക്കൂസുകളും ഇല്ല.

ദുർബല വിഭാഗങ്ങളിൽപ്പെട്ട പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ 9 കോളനികൾ പഞ്ചായത്തിലുണ്ട്. മൂന്നിലൊഴികെ മറ്റെല്ലാ കോളനികളിലും വിദ്യുച്ഛക്തി ലഭിക്കുന്നുണ്ട്. അഞ്ചുകോളനികളിൽ റോഡുസൗകര്യങ്ങളില്ല. രണ്ടെണ്ണത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കോളനികളിൽ കുറേ കുടുംബങ്ങൾക്ക് കൂടി വീടുകൾ ലഭ്യമാക്കേണ്ടതുമുണ്ട്. എന്നാൽ അപൂർവ്വ കുടുംബങ്ങൾക്കെങ്കിലും ആധുനികസൗകര്യങ്ങളുള്ള വീടുകൾ കോളനികളിൽ പട്ടികജാതിക്കാരുടേതായിട്ടുണ്ട്.

അഴീക്കൽ ശ്മശാനം മുതൽ ഒണ്ടേൻ റോഡുവരെയുള്ള കടപ്പുറം ഭാഗത്ത് ഭൂരഹിത കർഷകർക്കും മറ്റുള്ളവർക്കും പഞ്ചായത്ത് സൗജന്യമായി ചാത്തിക്കൊടുത്ത സ്ഥലത്ത് 113 വീടുകൾ വിവിധ ഏജൻസികളുടെ സഹായത്തോടും സ്വന്തം ചെലവിലും അവർ നിർമ്മിച്ചിട്ടുണ്ട്. ഈ വീടുകളിൽ പലതിനും കിണർ, കക്കൂസ്, വൈദ്യുതി എന്നിവ ഇല്ല. ഇതേപോലെ 12ാം വാർഡിൽപെട്ട വലിയപറമ്പിൽ പഞ്ചായത്തും ഭൂരഹിതർക്ക് സൗജന്യമായി ഭൂമി നൽകിയിട്ടുണ്ട്. അവിടെ വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

9ാം വാർഡിലെ തെക്കേകടപ്പുറത്ത് മത്സ്യതൊഴിലാളി കുടുംബങ്ങൾ അടുത്തടുത്തായി നിർമ്മിച്ച വീടുകളിലും കുടിലുകളിലുമായി താമസിക്കുന്നു. സമീപകാലത്തായി പഴയ വീടുകളുടേയും കുടിലുകളുടേയും സ്ഥാനത്ത് മോശമല്ലാത്ത വീടുകൾ പണിതിട്ടുണ്ട്. എന്നാൽ നിലവിലുള്ള പഴയ വീടുകൾ പലതും ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തവയാണ്. ഈ പ്രദേശത്ത് റോഡ് ഉണ്ടെങ്കിലും കക്കൂസ്, കിണർ എന്നിവ പല വീടുകളിലും ഇല്ല. ഇവിടെ ഫിഷറീസ് വകുപ്പിൻെറ നേതൃത്വത്തിൽ നേഷണൽ ഫിഷർമെൻ വെൽഫേർ ഫണ്ട് ബോർഡ് 107

കുടുംബങ്ങൾക്ക് 35000 ക. വീതം ഭവന നിർമ്മാണത്തിന് സഹായമായി നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 65 ഭവനങ്ങളുടെ പണി പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ തെക്കെ കടപ്പുറത്ത് രണ്ട് ഫിഷർമെൻ കോളനികളുണ്ട്. 40 കുടുംബങ്ങളാണ് കോളനിയിൽ അധിവസിക്കുന്നത്. ഈ കോളനികളിലും ആവശ്യമായ കക്കൂസുകളോ കിണറുകളോ ഇല്ല.

| നമ്പ്ര് | കോളനി | ഇപ്പോഴുള്ള വീടുകളുടെ എണ്ണം | ഇനി ആവശ്യമുള്ളവ | ഇപ്പോഴുള്ള കക്കൂസുകളുടെ എണ്ണം | ഇനി ആവശ്യമായവ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | കപ്പക്കടവ്കിഴക്ക് | 29 | 2 | 5 | 24 |
| 2. | കപ്പക്കടവ്പടിഞ്ഞാറ് | 30 | 5 | 15 | 15 |
| 3. | വട്ടക്കണ്ടി | 18 | 5 | 11 | 17 |
| 4. | അഴീക്കോട് ചാലിൽ | 19 | 5 | 4 | 15 |
| 5. | പള്ളിക്കുന്നുമ്പ്രം | 25 | 4 | 20 | 5 |
| 6. | അഴീക്കൽ ഹരിജൻ | 30 | 2 | 4 | 26 |
| 7. | കല്ലടത്തോട് | 43 | – | 20 | 15 |
| 8. | കല്ലടത്തോട് പടിഞ്ഞാറ് | 15 | – | 4 | 11 |
| 9. | ഭഗത്സിങ് | 12 | 3 | – | 12 |

5ാം വാർഡിലും 6ാം വാർഡിലും ഉൾപ്പെട്ട തെരുഭാഗത്ത് അടുത്തടുത്ത വീടുകളിൽ പാരമ്പര്യമായി നെയ്ത്തും അനുബന്ധ തൊഴിലും ഉപജീവന മാർഗ്ഗമാക്കിയ പത്മശാലിയ വിഭാഗം താമസിക്കുന്നു. വീടുകളെല്ലാം ആവശ്യത്തിന് സൗകര്യമുള്ളവയാണ്. പഞ്ചായത്തിൻെറ ഒരു പൊതു കിണറാണ് കുടിവെള്ളത്തിനായി തെരുവിലെ പല കുടുംബങ്ങളും ആശ്രയിക്കുന്നത്.

ആധുനിക സൗധങ്ങൾ നിരവധി ഉയർന്നുവന്ന പ്രദേശമാണ് നാലാം വാർഡിലെ പൊയ്ത്തുംകടവ് പ്രദേശം. എങ്കിലും കുടിവെള്ളം ലഭ്യമല്ല എന്നത് ആ പ്രദേശത്തുകാരുടെ ഒരു തീരാദുഃഖമാണ്. അതുപോലെ തന്നെ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളാണ് കപ്പക്കടവ്, ഉപ്പായിച്ചാൽ തുടങ്ങിയവ.

പഴയ ഭൂവുടമകളും നാടുവാഴികളും നിർമ്മിച്ച വീടുകൾ പലതും പഴയ വാസ്തുശില്പ മാതൃകയിലുള്ളവയാണ്. വളരെ വലുതും അദ്ഭുതത്തോടെ മാത്രം നോക്കി കാണുവാൻ കഴിയുന്നവയുമായ അത്തരം വീടുകൾ ധാരാളമുണ്ട്. കല്ല്, ഓട്, മരം എന്നിവ ഉപയോഗിച്ച് നിർമ്മിച്ചതും സിമൻറിട്ടതോ ചാണകം മെഴുകിയതോ ആയ തറയോടു കൂടിയവയുമാണവ. കട്ടകൊണ്ടുനിർമ്മിച്ചതും ഓടിട്ട് നിലം ചാണകം കൊണ്ട് മെഴുകിയ തറകളോടുകൂടിയ വീടുകലും ഉണ്ട്. എന്നാൽ ഓലമേഞ്ഞ വലിയ വീടുകൾ വളരെ അപൂർവ്വം മാത്രമേ ഉള്ളൂ. മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ട പഴയ വീടുകൾ പലതും പൊളിച്ച് പകരം കോൺക്രീറ്റ് സൗധങ്ങൾ പണിയുന്നുണ്ട്.

ഏതാണ്ട് പതിനഞ്ച് വർഷങ്ങൾക്കിടയിൽ നിർമ്മിച്ച വീടുകൾ അധികവും കോൺക്രീറ്റ് ഭവനങ്ങളാണ്. ഗൾഫ് നാടുകളിൽനിന്ന് ഒഴുകിവരുന്ന പണത്തിൻെറ നല്ലൊരു ഭാഗം ഇത്തരത്തിൽ പെട്ട രമ്യ ഹർമ്മ്യങ്ങൾ നിർമ്മിക്കുന്നതിനാണ് ഉപയോഗപ്പെടുത്തുന്നത്. പുത്തൻ പണക്കാർ പണിയുന്നതും ഇത്തരം ഭവനങ്ങൾ തന്നെയാണ്. 1991 മുതൽ 96 വരെ 1206 ഭവനങ്ങളാണ് പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ളത്.

പഞ്ചായത്തിൽ ഭവനനിർമാണ രംഗത്ത് പ്രവർത്തിക്കുന്ന ധാരാളം തൊഴിലാളികളുണ്ട്. ഇവരിൽ നല്ലൊരു വിഭാഗം കെട്ടിട നിർമ്മാണത്തിൽ പാരമ്പര്യമായി വൈദഗ്ധ്യം സിദ്ധിച്ചവരാണ്. ഈ പഞ്ചായത്തിൽ മാത്രമല്ല സമീപസ്ഥ പഞ്ചായത്തുകളിലും ഇവരുടെ സേവനം നിർല്ലോപം ലഭിക്കുന്നുണ്ട്. എങ്കിലും പണിയിലുള്ള അശ്രദ്ധയും സാങ്കേതിക രീതി ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്താൻ തൊഴിലാളികൾക്കു കഴിയാത്തതും പുതിയ കോൺക്രീറ്റ് വീടുകളിൽ വിള്ളലും ചോർച്ചയും ഉണ്ടാക്കുന്നുണ്ട്.

സാധാരണക്കാർക്ക് താങ്ങാനാവാത്തതാണ് കെട്ടിട നിർമ്മാണ രംഗത്ത് നല്കേണ്ടിവരുന്ന കൂലിനിരക്ക്. ഗൾഫ് പണത്തിൻെറ ആധിക്യം ഈ മേഖലയിൽ കൂലി വർദ്ധിപ്പിക്കാൻ കാരണമായിട്ടുണ്ട്. പുരുഷ തൊഴിലാളിക്ക് 150 രൂപയും സ്ത്രീ തൊഴിലാളിക്ക് 75 രൂപയുമാണ് ഇന്ന് വാങ്ങുന്ന കൂലി. 1980 ൽ പുരുഷന് 40 രൂപയും സ്ത്രീക്ക് 12 രൂപയും 1990 ൽ പുരുഷന് 90 രൂപയും സ്ത്രീക്ക് 40 രൂപയുമായിരുന്ന സ്ഥാനത്ത് കൂലിയിൽ വന്ന ഈ ഭീമമായ കുതിച്ചുകയറ്റം പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഇതിനൊപ്പംതന്നെ കല്ല്, ജില്ലി, പൂഴി, കമ്പി തുടങ്ങിയ ഭവനനിർമ്മാണത്തിനാവശ്യമായ വസ്തുക്കൾക്കെല്ലാം താങ്ങാനാകാത്ത വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. സാധാരണജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വീട് നിർമ്മിക്കുക എന്നത് ആലോചിക്കാൻപോലും സാധിക്കാത്ത ഒരു സ്ഥിതിയാണ്.

| കൊല്ലം | ജില്ലി 100ഫീറ്റ് | കല്ല് 1000ന് | പൂഴി ചെറിയ ലോറിക്ക് | കമ്പി 1കെ.ജി | സിമൻറ് ചാക്കിന് | കൂലി | |
|---|---|---|---|---|---|---|---|
| | | | | | | ആൺ | പെൺ |
| 1980 | 600ക | 1400ക | 185ക | 5.25ക | 32.00 | 40ക | 12ക |
| 1990 | 1200ക | 6500ക | 550ക | 12.50 | 78.00 | 90ക | 40ക |
| 1996 | 2000ക | 8000ക | 900ക | 15.50 | 180.00 | 150ക | 70ക |

പഞ്ചായത്ത് ഒരു നഗരത്തിൻെറ പ്രൗഢിയും തലയെടുപ്പും ആർജിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലാ ആസ്ഥാനമായ കണ്ണൂർ നഗരത്തിൻെറ അടുത്ത പഞ്ചായത്ത് എന്ന നിലയിൽ അവിടെ ജോലിക്കെത്തുന്ന പുറം നാട്ടുകാരായ ഉദ്യോഗസ്ഥർക്കും തൊഴിലാളികൾക്കും താമസസൗകര്യത്തിനുള്ള ആശ്രയമായി പഞ്ചായത്തിനെ അവർ കാണുകയാണ്. അതുകാരണം ഭവനനിർമ്മാണരംഗത്ത് പഞ്ചായത്തിലെ സ്ഥിരം താമസക്കാരുടെ ആവശ്യം നിർവഹിക്കുന്നതിനു പുറമെ പുറംനാട്ടുകാരുടെ ആവശ്യങ്ങൾകൂടി പരിഗണിക്കേണ്ടതായി വരും. അതിനുള്ള ശ്രമംകൂടി നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. ഭൂമിയുടെ വിലയിൽ വന്ന കുതിച്ചുകയറ്റം
2. വ്യക്തികൾ നേരിട്ടു നിർമ്മിക്കുന്ന വീടുപണിക്ക് തൊഴിലാളികളെ ആവശ്യത്തിന് കിട്ടുന്നില്ല.
3. പാവപ്പെട്ടവർക്കും ദുർബല വിഭാഗങ്ങൾക്കും ആവശ്യമായ വായ്പകൾ യഥാസമയം കിട്ടുന്നില്ല.
4. ചില പ്രത്യേക സ്ഥലങ്ങളിൽ കുടിവെള്ളം ലഭ്യമല്ല.
5. പഞ്ചായത്തിനു മാത്രമായി ഒരു ഹൗസിങ്ങ് സൊസൈറ്റി പ്രവർത്തിക്കുന്നില്ല.
6. ചില പ്രദേശങ്ങളിൽ പല കാരണങ്ങളാലും കാണുന്ന പരിസ്ഥിതി പ്രശ്നങ്ങൾ.
7. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിച്ചു നൽകുന്നതിന് പ്രത്യേകം വൈദഗ്ധ്യം നേടിയവരുടെ അഭാവം.
8. കെട്ടിടം പണിയുന്നതിന് ലൈസൻസ് ലഭിക്കുന്നതിനുള്ള താമസം.
9. കൂലിയിലും സാധനങ്ങളുടെ വിലയുലും വന്ന വർദ്ധനവ്.
10. ഗൾഫ് പണം ഭവന നിർമ്മാണത്തിനു മാത്രമായി ചെലവിടുന്ന സ്ഥിതിവിശേഷം.
11. കോളനികളിൽ ആവശ്യത്തിന് സൗകര്യങ്ങളില്ലാത്ത അവസ്ഥ.
12. പാവപ്പെട്ട ഭൂരഹിതർ.
13. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് സന്നദ്ധത ഇല്ലായ്മ.

### സാധ്യത

1. പഞ്ചായത്തിനു പ്രത്യേകമായി ഒരു ഹൗസിങ്ങ് സൊസൈറ്റി ഉണ്ടാക്കുക.
2. കൺസ്ട്രക്ഷൻ തൊഴിലാളികളുടെ ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കൽ.
3. ആർഭാടങ്ങളായ ഭവനങ്ങൾ നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനുള്ള പ്രചരണം.
4. ചെലവുകുറഞ്ഞ ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള ബോധവല്കരണം.
5. മതിലുകൾക്കു പകരം ജൈവവേലി എന്ന ആശയം പ്രചരിപ്പിക്കൽ.
6. കെട്ടിടം പണിയുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിനുള്ള ഇന്നത്തെ പ്രയാസം ലഘൂകരിക്കൽ.
7. കൺട്രി ബ്രിക്സും ഹോളോ ബ്രിക്സും നിർമ്മിച്ച് വിപണനം നടത്തുന്ന സൊസൈറ്റി ഉണ്ടാക്കുക.
8. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് പുതിയ കോളനികൾ ഉണ്ടാക്കുക.
9. ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന വായ്പക്ക് പലിശ വേണ്ടെന്ന് വെക്കുകയും ഉയർന്ന സബ്സിഡി അനുവദിക്കുകയും ചെയ്യുക.
10. തൊഴിലാളികൾക്ക് ഭവന നിർമ്മാണ രംഗത്തുള്ള പുതിയ പുതിയ രീതികളെ കുറിച്ചുള്ള റിഫ്രഷർ കോഴ്സുകൾ നല്കുക.
11. പഴയ വാസ്തുശില്പ മാതൃകയിലുള്ള ഭവനങ്ങൾ പൊളിച്ചുമാറ്റുന്നത് നിരുത്സാഹപ്പെടുത്തുക.
12. എല്ലാ കുടുംബങ്ങൾക്കും ശുദ്ധജല ലഭ്യത.
13. കുറഞ്ഞ വിലയുള്ള റബ്ബർ പോലുള്ള മരങ്ങൾ പ്രോസസ് ചെയ്ത് ഭവന നിർമ്മാണത്തിന് ഉപയുക്തമാക്കാനുള്ള ഫാക്ടറികൾ സൊസൈറ്റി അടിസ്ഥാനത്തിൽ രൂപപ്പെടുത്തുക.

## സാമൂഹ്യക്ഷേമം

ജാതി വ്യവസ്ഥ, ഭൂവുടമാ സമ്പ്രദായം, പുരുഷ മേധാവിത്വം തുടങ്ങിയവയുടെ ഫലമായി ഒരു വലിയ വിഭാഗം ജനതക്ക് സമൂഹത്തിൻെറ അടിത്തട്ടിൽ കഴിയേണ്ടി വരുന്നു. അവരിൽ നല്ലൊരു വിഭാഗം ഇന്നും ആവശ്യമായ പരിഗണന ലഭിക്കാതെ സമൂഹത്തിൻെറ അടിത്തട്ടിൽ തന്നെ ജീവിക്കുന്നവരാണ്. ദുർബല വിഭാഗങ്ങളും സ്ത്രീകളുമാണ് സാമൂഹ്യമായി അടിച്ചമർത്തപ്പെട്ടവരിൽ കൂടുതലും. തൊഴിലില്ലായ്മയാണ് സമൂഹത്തിൽ നിലനില്ക്കുന്ന പിന്നോക്കാവസ്ഥക്കും ദാരിദ്ര്യത്തിനുമുള്ള മറ്റൊരു കാരണം.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടേയും സ്ത്രീകളുടേയും പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് സാമൂഹ്യക്ഷേമം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ദാരിദ്ര്യ നിർമ്മാർജന പദ്ധതികളും, തൊഴിലാളി ക്ഷേമ പദ്ധതികളും സ്ത്രീ സമുദ്ധാരണ പദ്ധതികളുമാണ് സാമൂഹ്യക്ഷേമരംഗത്ത് പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

സ്വാതന്ത്ര്യം നേടി 50 വർഷം കഴിഞ്ഞിട്ടും ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം കൈവരിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ സ്ഥിതിയും മറിച്ചല്ല. എന്നാൽ ഗൾഫ് പണത്തിൻെറ ഒഴുക്കും ചില വ്യവസായങ്ങളുടെ വളർച്ചയും ദാരിദ്ര്യ രേഖയ്ക്ക് താഴെ സ്ഥിതിചെയ്തിരുന്ന പഞ്ചായത്തിലെ ഒരു ചെറിയ വിഭാഗം ജനങ്ങളെ സമ്പന്നരാക്കിയിട്ടുണ്ട്.

പഞ്ചായത്തിലെ ജനങ്ങളിൽ 21776 പേർ സ്ത്രീകളാണ്. ദുർബല വിഭാഗത്തിൽ പെടുന്ന പട്ടിക ജാതിയിൽ പെട്ടവർ 2518ഉം പട്ടികവർഗ്ഗത്തിൽപെട്ടവർ ഏഴുമാണുള്ളത്. ഐ.ആർ.ഡി.പി. സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്കുതാഴെ സ്ഥിതിചെയ്യുന്ന ആകെ കുടുംബങ്ങൾ 2439 ആണെന്നു കാണുന്നു. ഇതിൽ 53 കുടുംബങ്ങൾ മാത്രമാണ് പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടത്. നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച ആകെ കുടുംബങ്ങൾ 366ഉം പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർ 77ഉം ആണ്. വിവിധ മേഖലകളിൽനിന്ന് സഹായം ലഭിച്ചതിൻെറ ഫലമായി 277 കുടുംബങ്ങൾ ഇതിനകം ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയിട്ടുണ്ട്.

എല്ലാ ജാതി വിഭാഗങ്ങളിലും ദരിദ്രരുണ്ടെങ്കിലും പട്ടികജാതി പട്ടികവർഗ്ഗത്തിനു പുറമെ കടലിനെ ആശ്രയിച്ചു കഴിയുന്ന ധീവര വിഭാഗത്തിലും പരമ്പരാഗതമായി നെയ്ത്തു വ്യവസായവുമായി ബന്ധപ്പെട്ടു കഴിയുന്ന പത്മശാലിയ വിഭാഗത്തിലും ദരിദ്രരുടെ എണ്ണം വലുതാണ്.

| IRDP സർവെ പ്രകാരം - ദാരിദ്ര്യരേഖക്കുതാഴെയുള്ളവരുടെ വിവരം. | | | | | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | സർവെപ്രകാര മുള്ള ആകെ കുടുംബാം ഗങ്ങൾ | ഇതിൽ SC/ST കുടുംബാം ഗങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടും ബാംഗങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്കു മുകളിലെത്തി യവർ | ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബാം ഗങ്ങൾ(സഹാ യംലഭിച്ചവരു ൾപ്പെടെ) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 254 | 8 | 51 | 6 | 17 | 254 |
| 2 | 278 | 4 | 38 | 4 | 21 | 278 |
| 3 | 175 | ഇല്ല | 20 | 4 | 16 | 175 |
| 4 | 153 | ഇല്ല | 13 | 2 | 9 | 153 |
| 5 | 152 | 2 | 37 | 18 | 23 | 152 |
| 6 | 149 | 2 | 17 | 2 | 17 | 149 |
| 7 | 121 | ഇല്ല | 13 | ഇല്ല | 13 | 121 |
| 8 | 188 | 26 | 44 | 26 | 44 | 188 |
| 9 | 147 | 2 | 20 | 2 | 20 | 147 |
| 10 | 172 | 1 | 17 | 01 | 17 | 172 |
| 11 | 143 | ഇല്ല | 17 | ഇല്ല | 17 | 143 |
| 12 | 167 | 1 | 21 | 1 | 21 | 167 |
| 13 | 137 | 1 | 16 | 1 | 14 | 137 |
| 14 | 203 | 6 | 42 | 10 | 28 | 203 |
| | 2439 | 53 | 366 | 77 | 277 | 2439 |

പഞ്ചായത്തിലെ ജനസംഖ്യയിൽ 10563 പേർക്കു മാത്രമെ സ്ഥിരം തൊഴിലുള്ളു. അത് മൊത്തം ജനസംഖ്യയുടെ 26.56% മാത്രമാണ്. തൊഴിലെടുക്കുന്ന സ്ത്രീകൾ 8.56% മാത്രമാണ്. സ്ത്രീകളടക്കം പിന്നോക്കാവസ്ഥയിൽ കിടക്കുന്നവർക്ക് ജോലി കണ്ടെത്തുകയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുകയും വേണം. നെയ്ത്ത്, ബീഡി വ്യവസായം, മത്സ്യബന്ധനം, പച്ചക്കറികൃഷി, നെൽകൃഷി എന്നിവ പഞ്ചായത്തിലെ തൊഴിൽ സാധ്യതയുള്ള മേഖലകളാണ്. ഈ മേഖലകളിൽ സ്ത്രീകൾക്കും ധാരാളം തൊഴിൽ സാധ്യതകൾ ഉണ്ട്. ക്ഷീര വ്യവസായം, കോഴിവളർത്തൽ, അടുക്കള തോട്ട നിർമ്മാണം, തേനീച്ച വളർത്തൽ, കുറ്റിമുല്ല കൃഷി, വസ്ത്ര നിർമ്മാണം, കൂൺ കൃഷി തുടങ്ങിയവ പരിഗണിക്കേണ്ടതാണ്.

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം പഞ്ചായത്തിൽ വീടില്ലാത്തവരുടെ എണ്ണം 293 ആയിരുന്നു. അതിൽ വിവിധ പരിപാടികളനുസരിച്ച് 69 കുടുംബങ്ങൾക്ക് വീട് അനുവദിക്കുകയുണ്ടായി. ഇതിൽ 52 വീടുകളുടെ പണി പൂർത്തിയായി. 17 വീടുകൾ നിർമ്മാണ ദശയിലാണ്. ഇനിയും വീടില്ലാത്ത 244 കുടുംബങ്ങൾക്ക് പാർപ്പിടം കണ്ടെത്തേണ്ടതുണ്ട്. സാനിട്ടറി സൗകര്യങ്ങളില്ലാത്ത വീടുകളിൽ പല പദ്ധതികളിലായി 115 കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. 1326 വീടുകളിൽ ഇനിയും കക്കൂസ് ആവശ്യമാണ്. ജെ.ആർ.വൈ, ഐ.എ.വൈ, എം.ഡബ്ല്യു.എസ്. എന്നീ പദ്ധതികൾ പ്രകാരം 15800 രൂപ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് വീടുനിർമ്മിക്കുവാൻ ഗ്രാൻറായി നൽകുന്നുണ്ട്. 50 സെൻറ് വിസ്തീർണ്ണമുള്ള കൃഷിസ്ഥലങ്ങളുള്ള എസ്.ടി, എസ്.സി. വിഭാഗത്തിന് കാർഷിക വികസനം ലക്ഷ്യമാക്കിയാണ് എം.ഡബ്ല്യു.എസ്. പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതുപ്രകാരം കിണറിനും പ്രത്യേക ഗ്രാൻറ് ലഭിക്കും.

18 മുതൽ 35 വരെ വയസ്സുള്ളതും ദാരിദ്ര്യ രേഖക്ക് താഴെയുള്ളതുമായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി 90 യുവതീയുവാക്കൾക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 76 പേരും സ്വയം തൊഴിൽ കണ്ടെത്തിക്കഴിഞ്ഞു. 7 പേർ മറ്റു തൊഴിലുകൾ സ്വീകരിച്ചതായി കാണുന്നു. തൊഴിൽ കണ്ടെത്താൻ സാധിക്കാത്തവർ ഏഴുപേർ മാത്രമാണ്. ട്രൈസം പദ്ധതിക്ക് പുറമെ ടൂൾ കിറ്റിനുള്ള പ്രത്യേക ഗ്രാൻറും പരമ്പരാഗത കൈത്തൊഴിലുകൾക്ക് നല്കിവരുന്നു. വൈദ്യുതി ആവശ്യമില്ലാത്ത കൈത്തൊഴിലുകൾ ചെയ്യുന്നവർക്ക് 2000 രൂപയും വൈദ്യുതി ആവശ്യമുള്ള കൈത്തൊഴിലുകൾ ചെയ്യുന്നവർക്ക് 4500 ക.യും ടൂൾ കിറ്റ് ഇനത്തിൽ ഗ്രാൻറായി അനുവദിക്കുന്നു.

| വാർഡ് നമ്പർ | വിവിധവിഷയങ്ങളിൽ പരിശീലനം സിദ്ധിച്ച വരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവ രുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 10 | 10 | - | - |
| 2 | 9 | 5 | - | 4 |
| 3 | 3 | 2 | 1 | - |
| 4 | 2 | 1 | 1 | - |
| 5 | 9 | 7 | 1 | 1 |
| 6 | 2 | 2 | - | - |
| 7 | 1 | 1 | - | - |
| 8 | 16 | 16 | - | - |
| 9 | 8 | 8 | - | - |
| 10 | 4 | 4 | - | - |
| 11 | 3 | 3 | - | - |
| 12 | 3 | 3 | - | - |
| 13 | 5 | 1 | 3 | 1 |
| 14 | 15 | 14 | 1 | - |
| | 90 | 77 | 7 | 6 |

ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റുകളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭ ത്തിൻെറ ഇനം | ആരംഭിച്ച വർഷം | ആരംഭത്തിൽ ഉണ്ടായവരു ടെ എണ്ണം | ഇപ്പോഴുള്ള വരുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ചവിവരം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | വനിതാഫിഷ് പ്രോസസ്സിങ് യൂനിറ്റ് | 1990 | 18 | 3 | തൃപ്തികരമല്ല |
| 2 | നവോദയ റെഡിമെയ്ഡ്സ് വൂളൻനിറ്റിങ് യൂനിറ്റ് | 1993 | 10 | 5 | തൃപ്തികരമല്ല |
| 3 | ബട്ടർഫ്ലൈ ഗാർമെൻറ്സ് | 1990 | 20 | 20 | നല്ല നിലയിൽ പ്രവർത്തിക്കുന്നു |
| 5 | വായുദൂത് കമ്മ്യൂണിക്കേഷൻസ് | 1993 | 10 | 10 | നല്ല നിലയിൽ പ്രവർത്തിക്കുന്നു |
| 8 | ടെയിലറിങ് ഗാർമെൻറ്സ് മേക്കിങ് | 1993-94 | 5 | 5 | കാര്യക്ഷമമല്ല |
| | ഹാൻറിക്രാഫ്റ്റ്സ് | 1995-96 | 10 | 10 | ആരംഭിച്ചു. |
| 12 | മധുരപലഹാര നിർമ്മാണം | 1990-91 | - | - | പ്രവർത്തനം ഇല്ല |
| 13 | പ്രിൻറിങ്പ്രസ്സ് | 1992-93 | 10 | 4 | കാര്യക്ഷമമല്ല |
| 14 | നർസറിഗാർഡൻ | 1995 | 10 | 10 | നല്ല നിലയിൽ പ്രവർത്തിക്കുന്നു. |

349

ഡി.ബ്ല്യൂ.സി.ആർ.എ. പദ്ധതി പ്രകാരം 8 യൂണിറ്റുകളാണ് പഞ്ചായത്തിൽ ആരംഭിച്ചത്. ഇതിൽ 12ാം വാർഡിൽ ആരംഭിച്ച മധുരപലഹാര യൂണിറ്റൊഴികെ ബാക്കിയെല്ലാം പ്രവർത്തിക്കുന്നു. 5ാം വാർഡിൽ പ്രവർത്തിക്കുന്ന വായുദൂത് കമ്മ്യൂണിക്കേഷൻസും 3ാം വാർഡിൽ പ്രവർത്തിക്കുന്ന ബട്ടർഫ്ളൈ ഗാർമെൻറ്സും 14ാം വാർഡിൽ പ്രവർത്തിക്കുന്ന നർസറി ഗാർഡനും നല്ലരീതിയിൽ പ്രവർത്തിക്കുന്നവയാണ്.ഡി.ഡബ്ല്യു.ആർ.സി.എ യൂണിറ്റുകൾ രോഗഗ്രസ്ഥ യൂണിറ്റുകളായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥാവിശേഷത്തെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം ആവശ്യമാണ്. ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നതിന് സ്ത്രീകൾ മുന്നോട്ട് വരുന്നില്ല. വന്നവർതന്നെ വളരെ ഹ്രസ്വമായ ഒരു കാലയളവിൽ തൊഴിൽ വേണ്ടെന്നുവെച്ച് സ്ഥാപനത്തിൽ നിന്നും വിടപറയുന്നു.

യൂണിറ്റുകൾ കൂടുതൽ ആകർഷകമാക്കാതെ ഇന്ന് നിലനിൽക്കുന്ന സ്ഥിതിക്ക് മാറ്റംവരുത്തുക സാധ്യമല്ല. പഞ്ചായത്തിൽ മറ്റ് തൊഴിൽ മേഖലകളിൽ ജോലിചെയ്യുന്ന യുവതികൾക്ക് ലഭിക്കുന്ന വേതനം ഇത്തരം യൂണിറ്റുകളിലും ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയേണ്ടതുണ്ട്. അതുപോലെതന്നെ ഇത്തരം യൂണിറ്റുകളിലെ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് സർക്കാർ പ്രത്യേക സംവിധാനങ്ങളും ഉണ്ടാക്കിയേപറ്റൂ. രോഗഗ്രസ്ഥ യൂണിറ്റുകൾ പുനരുദ്ധരിക്കാനാവശ്യമായ ഫണ്ട് പ്രത്യേക ഗ്രാൻറായി നൽകണം.

| നമ്പ്ര് | സഹായധനം | ലഭിക്കുന്നവരുടെ എണ്ണം | തീരുമാനമാകാത്തവ | നൽകിയ തുക |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | വാർദ്ധക്യപെൻഷൻ | 104 | 80 | 50500.00 |
| 2 | കർഷകത്തൊഴിലാളി പെൻഷൻ | 429 | - | - |
| 3 | തൊഴിലില്ലായ്മവേതനം | 364 | - | - |
| 4 | വിധവാപെൻഷൻ | 243 | 20 | 150200.00 |
| 5 | അവശകലാകാരപെൻഷൻ | 2 | - | - |
| 6 | വികലാംഗപെൻഷൻ | 111 | - | - |

ദരിദ്ര ജനവിഭാഗങ്ങളെ സഹായിക്കുന്നതിന് സർക്കാർ ചിലധന സഹായപദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. സാമൂഹ്യ ക്ഷേമ വകുപ്പിൻേറയും മറ്റ് ചില വകുപ്പുകളുടേയും കീഴിൽ നടപ്പാക്കി വരുന്ന അത്തരം പദ്ധതികൾ ദരിദ്രജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസം നൽകുന്നവയാണെന്ന് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, അവശ കലാകാര പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ അതിൽ ചിലതാണ്.

മേൽപ്പറഞ്ഞ പെൻഷനുകളെല്ലാം യഥാകാലം ലഭിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നു. അതു തീർത്തേ പറ്റൂ. ഇന്നു നൽകിക്കൊണ്ടിരിക്കുന്ന പെൻഷൻ തുകകൾ കാലോചിതമായി പരിഷ്കരിപ്പിക്കുകയും കുടിശ്ശിക വെയ്ക്കാതെ മാസംതോറും വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് കണ്ടെത്തുകയും വേണം.

സാമൂഹ്യ ക്ഷേമരംഗത്ത് സുപ്രധാനമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൺ വാടികൾ പഞ്ചായത്തിലെ 15 വാർഡുകളിലായി 35 എണ്ണം പ്രവർത്തിക്കുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൺ വാടി എന്ന ഐ.സി.ഡി.സി.എസ്. ൻെറ ലക്ഷ്യം നിറവേറ്റപ്പെട്ടിട്ടില്ലെങ്കിലും ഇന്ന് പ്രവർത്തിക്കുന്ന അംഗൺ വാടികൾ ഫലപ്രദമായി പ്രവർത്തിച്ചാൽ ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല. എന്നാൽ ഇവയുടെ പ്രവർത്തനം തികച്ചും തൃപ്തികരമാണെന്ന് പറഞ്ഞുകൂട. അംഗൺ വാടികളിൽ കുട്ടികളെ അയക്കുന്നതിലുള്ള വിമുഖത, അമ്മമാരുടേയും ഗർഭിണികളുടേയും നിസ്സഹകരണം, അംഗൺ വാടികൾക്ക് സ്വന്തം കെട്ടിടമോ ആവശ്യമായ കളിക്കോപ്പുകളോ ഇല്ലാത്ത അവസ്ഥ, ഇംഗ്ലീഷ് മീഡിയം നേഴ്സറികളിൽ തന്നെ സ്വന്തം കുട്ടികളെ അയക്കണമെന്ന രക്ഷിതാക്കളുടെ നിർബന്ധം തുടങ്ങിയവ അംഗൺ വാടികളുടെ പ്രവർത്തനത്തെ ദുഷ്കരമാക്കിയിട്ടുണ്ട്. എങ്കിലും പരിധിയിലുള്ള കുട്ടികൾക്കും, അമ്മമാർക്കും, ഗർഭിണികൾക്കും പോഷകാഹാര വിതരണം, കുട്ടികൾക്കുവേണ്ട കുത്തിവെപ്പ്, പോളിയോ നൽകൽ, ഗർഭിണികൾക്ക് ആവശ്യമായ പരിചരണം എന്നിവ ഒരു പരിധിവരെ നിർവ്വഹിക്കുന്നതിന് അംഗൺ വാടികൾക്ക് കഴിയുന്നുണ്ട്.

വമ്പിച്ച വികസന സാദ്ധ്യതയുള്ള ഒരു രംഗമാണ് സാമൂഹ്യക്ഷേമം. സമൂഹത്തിൽ നേർപകുതി വരുന്ന സ്ത്രീകളെ സാമൂഹ്യക്ഷേമ പ്രവർത്തനവുമായി സഹകരിച്ചു പ്രവർത്തിപ്പിക്കുന്നതിന് കഴിയണം. വിവിധ വകുപ്പുകൾ നൽകുന്ന സഹായ പദ്ധതികൾ കൂടുതൽ പേർക്ക് ലഭ്യമാക്കാൻ സാധിക്കണം. ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റുകൾ കുറേഎണ്ണംകൂടി പഞ്ചായത്തിൽ ആരംഭിക്കുകയും പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തിപ്പിക്കുകയും വേണം. ◆

350

### പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമ്മാർജന പദ്ധതികൾ വളരെ കുറച്ചുപേർ മാത്രമെ ഉപയോഗപ്പെടുത്തുന്നുള്ളു.
2. സാമ്പത്തികസ്ഥാപനങ്ങളുടെ സഹായകരമല്ലാത്ത നിലപാട്.
3. അനർഹരായ ചിലരെങ്കിലും പദ്ധതി പ്രയോജനപ്പെടുത്തുന്നു.
4. പദ്ധതികളെപ്പറ്റി യഥാർത്ഥ ഗുണഭോക്താക്കൾ യഥാസമയം അറിയുന്നില്ല.
5. വേണ്ടത്ര എക്സ്റ്റൻഷൻ ഓഫീസ്സർമാർ ഇല്ലാത്ത സ്ഥിതി.
6. മഹിളാസമാജങ്ങൾ, ബാലവാടികൾ, അംഗൻവാടികൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് വനിതകളുടെ സന്നദ്ധത ഇല്ലായ്മ.
7. ഇടത്തട്ടുകാരുടെ ചൂഷണം.
8. അംഗൻവാടികൾക്ക് സ്വന്തം കെട്ടിടമില്ലാത്ത സ്ഥിതി.
9. D W C R A സ്കീമിൽപെട്ട യൂനിറ്റുകൾ ആരംഭിക്കുന്നതിന് കുറഞ്ഞത് 10 പേർ വേണമെന്ന നിർബന്ധം.
10. D W C R A യൂനിറ്റുകളിലെ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താനുള്ള വിഷമം.
11. ഈ രംഗത്തു നടക്കുന്ന അഴിമതി.
12. അംഗൻവാടി ജീവനക്കാർക്കു നല്കുന്ന തൃപ്തികരമല്ലാത്ത വേതനം.
13. D W C R A യൂനിറ്റുകളിലും മറ്റും ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ പ്രാദേശികമായി വിറ്റഴിക്കാനുള്ള സംവിധാനമില്ലായ്മ.
14. സ്വയം തൊഴിൽ പദ്ധതികൾ പ്രകാരമുള്ള തൊഴിലുകൾ ചെയ്യാൻ വനിതകളുടെ സന്നദ്ധതയില്ലായ്മ.
15. സ്വയം തൊഴിൽ പദ്ധതി പ്രകാരമുള്ള യൂനിറ്റുകളിൽ ആകർഷകമായ വേതനം ലഭിക്കുന്നില്ല.

### സാധ്യതകൾ

1. I R D P പുതിയ സർവെ എടുത്ത് യഥാർത്ഥ വിവരങ്ങൾ ശേഖരിക്കുക.
2. വനിതകൾക്കായി 15 പുതിയ D W C R A യൂനിറ്റുകൾ സ്ഥാപിക്കുക.
3. സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായകരമല്ലാത്ത നിലപാടുകൾ മാറ്റുന്നതിനുള്ള നടപടികൾ എടുക്കുക.
4. അനർഹരായ ആരും തന്നെ പദ്ധതി പ്രയോജനപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തുക.
5. പഞ്ചായത്തുകളിൽ കുറഞ്ഞത് അഞ്ച് എക്സ്റ്റൻഷൻ ഓഫീസ്സർമാരുടെ തസ്തിക സൃഷ്ടിക്കുക.
6. വനിതകൾക്ക് ഹേൻറ്ലൂം നെയ്ത്തിൽ ട്രൈസം പദ്ധതിപ്രകാരം പരിശീലനം നല്കുക.
7. ട്രൈസം പദ്ധതിപ്രകാരം പരിശീലനം കഴിഞ്ഞു വരുന്നവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം പെട്ടെന്നു ലഭ്യമാക്കുക.
8. സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കുക.
10. സ്ത്രീകൾക്ക് പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുക.
11. 15 പുതിയ അംഗൻവാടികൾ ആരംഭിക്കുക.
12. അംഗൻവാടികൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുക.
13. അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക.
14. D W C R A യൂനിറ്റുകളിൽ തൊഴിൽചെയ്യുന്നവർക്ക് ആകർഷകമായ വേതനം നല്കുക.
15. D W C R A യൂനിറ്റുകളിലെ ഉല്പന്നങ്ങൾ വിപണനം നടത്താൻ സർക്കാർ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക.
16. പഞ്ചായത്തുകളിൽ ആഴ്ചച്ചന്തകൾ ആരംഭിക്കുക.

◆ ◆ ◆ ◆

# സംസ്കാരം

കടലിൻെറയും പുഴയുടെയും ഹൃദയത്തുടിപ്പ് ഏറ്റുവാങ്ങുന്ന ഈ ഗ്രാമത്തിന് തനതായ ഒരു സാംസ്കാരിക പൈതൃകമുണ്ട്. നൂറ്റാണ്ടുകൾക്കു മുന്നേ അറബികളും മറ്റു വിദേശികളും വ്യാപാരാവശ്യാർത്ഥം ഈ ദേശവുമായി ബന്ധപ്പെട്ടതിൻെറ ചരിത്ര രേഖകൾ ഇന്നു ലഭ്യമാണ്. അഴീക്കൽ തുറമുഖം ഒരു കാലത്ത് പ്രമുഖ തുറമുഖങ്ങളുടെ ഗണത്തിൽപ്പെട്ട ഒന്നായിരുന്നു. കാലക്രമത്തിൽ വൻകിട തുറമുഖങ്ങൾ നിർമ്മിക്കപ്പെട്ടപ്പോൾ അഴീക്കൽ ചരിത്രത്തിൻെറ താളുകളിൽ മാത്രമവശേഷിച്ചു.

കേരളത്തിലെ സാംസ്കാരിക മുന്നേറ്റങ്ങൾക്ക് നേതൃത്വംനല്കിയ ഒരു പിടിയാളുകൾക്ക് ജന്മം നല്കിയ പ്രദേശമാണിത്. ഒരു കാലത്ത് ആത്മവിദ്യാ സംഘം പോലുള്ള പ്രസ്ഥാനങ്ങൾ സമൂഹത്തിൽ ചെലുത്തിയ സ്വാധീനം അവിസ്മരണീയമാണ്. മനുഷ്യനെ മനുഷ്യനായി കാണാത്ത ജാതി വ്യവസ്ഥയ്ക്കെതിരെ പാലക്കാട്ടു പോയി പത്ര പ്രചാരണം നടത്തിയ യോഗിവര്യൻ പൊന്മഠത്തിൽ കൃഷ്ണ സ്വാമികൾ ഈ ദേശത്തിൻെറ വരദാനങ്ങളിലൊന്നായിരുന്നു. അദ്ദേഹത്തിൻെറ സ്മരണാർത്ഥം ഒരു വായനശാല ഉപ്പായിച്ചാലിൽ പ്രവർത്തിക്കുന്നു. കൃഷ്ണ സ്വാമിയുടെ ശിഷ്യനും ശ്രീ ശങ്കരൻെറ അദ്വൈത വാക്യങ്ങൾക്ക് പുതിയ വ്യാഖ്യാനം നല്ക്കുകയും ഒരു സനാതന സംസ്കാരത്തിന് വിത്തുപാകുകയും ചെയ്ത വാഗ്ഭടാനന്ദ ഗുരുദേവർ ഇവിടെയായിരുന്നു പ്രവർത്തിച്ചത്. അയിത്തം, അന്ധവിശ്വാസം തുടങ്ങിയ അനാചാരങ്ങൾക്കെതിരെ ഗുരുദേവർ നടത്തിയ പ്രവർത്തനങ്ങൾ പില്ക്കാല സാമൂഹ്യ വിപ്ലവകാരികൾക്ക് പ്രചോദനമായിട്ടുണ്ട്. ജാതി ഭേദത്തിനെതിരെ നടത്തിയ മിശ്രഭോജനം ഐതിഹാസികമായ സാമൂഹിക വിപ്ലവങ്ങളിലൊന്നായിരുന്നു.

എം.ടി. കുമാരൻ മാസ്റ്റർ, ടി.വി. അനന്തൻ, പി.വി ചാത്തുനായർ, ഡോ: പി. അനന്തൻ തുടങ്ങിയ ഒട്ടനവധി ആളുകൾ അഴീക്കോടിൻെറയും സാംസ്കാരിക കേരളത്തിൻെറയും മുഖചായമാറ്റാൻ അഹോരാത്രം പ്രയത്നിച്ചിരുന്നു. മനുഷ്യ സ്നേഹത്തിന് വിവിധ മുഖങ്ങളുണ്ടെന്ന് ഇവിടുത്തുകാർക്ക് കാണിച്ചുകൊടുത്ത ശ്രീ. പി.വി. രവീന്ദ്രനെ നമുക്കറിയാം. ചൂഷണ വിധേയ വർഗ്ഗമാണ് തൊഴിലാളിയെന്ന ചിന്ത മുതലാളിമാർക്കിടയിൽ വ്യാപകമായിരുന്ന സന്ദർഭത്തിൽ ഒരുപക്ഷേ അപൂർവ്വങ്ങളിൽ അപൂർവ്വമായി തൊഴിലാളികളുടെ ചിന്താശക്തിവളർത്താനായി വായനശാല സംഘടിപ്പിച്ചവരാണ് ശ്രീ. ഏ.കെ. നായർ. ഇന്ന് ലോകത്താകമാനം പ്രഭാഷണ കലയുടെ ധന്യമുഹൂർത്തങ്ങൾ അവതരിപ്പിക്കുന്ന സുകുമാർ അഴീക്കോടും ഈ ദേശത്തിൻെറ പുത്രനാണ്.

സമൂഹത്തിലെ ജീർണ്ണതകളെ ഇല്ലാതാക്കലാണ് കലയുടെ ധർമ്മം. ഇത് ഇന്ന് എത്രകണ്ട് പ്രാവർത്തികമാകുമെന്ന് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. കലാരംഗത്തെ ശ്രദ്ധാകേന്ദ്രങ്ങളിലൊന്നായിരുന്ന പ്രദേശമായിരുന്നു അഴീക്കോട്. സംഗീതസന്ധ്യകളും സാഹിത്യസംവാദങ്ങൾകൊണ്ടും നാടകവേദികൾ കൊണ്ടും ഇവിടം സമ്പന്നമായിരുന്നു. ഇന്ന് നാം അതിൽനിന്നെല്ലാം വളരെ മാറിയിരിക്കുന്നു. ചലച്ചിത്രങ്ങളും ടി.വി. പോലുള്ള മാധ്യമങ്ങളും ഇല്ലാതിരുന്ന കാലത്ത് വിനോദ മാർഗ്ഗങ്ങളിലൊന്ന് നാടകമായിരുന്നു. ജയഭാരതം കലാനിലയം, ജയശ്രീ നാടകനിലയം, പുരോഗമന കലാസമിതി, നടരാജ നാട്യകലാനിലയം, കൈരളി കലാനിലയം തുടങ്ങിയ സംഘങ്ങളായിരുന്നു പ്രധാന നാടക സംഘങ്ങൾ. പുള്ളുവൻ വൈദ്യരുടെ ശിക്ഷണത്തിൽ അല്ലി അർജ്ജുനചരിതം, മാലതീമാധവം, സതീലോചന, തുടങ്ങിയ നാടകങ്ങൾ ഈ സംഘങ്ങൾ അവതരിപ്പിച്ചിരുന്നു. നടിമാരെ ലഭിക്കാത്ത അവസരത്തിൽ പുരുഷന്മാർ തന്നെയായിരുന്നു സ്ത്രീവേഷമണിഞ്ഞിരുന്നത്. തങ്കം ഗോവിന്ദൻ, കമലം ഗോവിന്ദൻ, കുഞ്ഞിരാമൻസ്രാപ്പ് എന്നിവർ സ്ത്രീ വേഷത്തിലഭിനയിച്ച് പ്രേക്ഷകരെ ഹരം കൊള്ളിച്ചിരുന്നു. വാഗ്ഭടാനന്ദൻെറ ശിഷ്യനായിരുന്ന സ്വാമി ബ്രഹ്മവ്രതൻ നാടക കലയ്ക്ക് പുതിയ അർത്ഥ തലങ്ങൾ നല്കിയ വ്യക്തിയാണ്. അദ്ദേഹത്തിൻെറ മികച്ച ഒരുപാട് നാടകങ്ങൾ അഴീക്കോട് അവതരിപ്പിച്ചിട്ടുണ്ട്. അധ്യാപക സമരം കൊടുമ്പിരിക്കൊള്ളുകയും സ്കൂൾ മാനേജർമാർ ശമ്പളം നല്കാതിരിക്കുകയും ചെയ്തതിൻെറ പാശ്ചാത്തലത്തിൽ എഴുതപ്പെട്ട നാടകം ജനശ്രദ്ധ പിടിച്ചുപറ്റിയതാണ്. പില്ക്കാലത്തും മികച്ച നാടകകൃത്തുക്കൾ ഉണ്ടെന്ന് തെളിയിച്ച നാടകങ്ങളുണ്ടായിട്ടുണ്ട്. കെ.പി. കുമാരൻ, മമ്മിണിയൻ ബാപ്പു, മീശകരുണൻ, കെ.പി.കെ. പണിക്കർ, പി.ജി. അഴീക്കൽ, കെ.ടി. ആനന്ദ്, പി.വി.കെ.റാം, ''കാട്ടാർ'' തുടങ്ങിയ നടന്മാർ നാടക കലയ്ക്ക് അവിസ്മരണീയമായ സംഭാവനകൾ നല്കിയവ

352

രാണ്. പാദുക പട്ടാഭിഷേകം, കൃഷ്ണദൂത് എന്നീ നാടകങ്ങളെഴുതി ശ്രീ പോരയിൽ രാമൻ നമ്പ്യാർ മികച്ച നാടകകൃത്തെന്ന് പേര് നേടിയിരുന്നു. തെക്കൻ നാട്ടിലുള്ളവർ മാത്രം കഥാപ്രസംഗകലയിൽ പ്രാവീണ്യം നേടിയിരുന്ന അവസരത്തിൽ വടക്കുള്ളവർക്കും സാധിക്കുമെന്ന് കാണിച്ചു കൊടുത്ത വ്യക്തിയാണ് ശ്രീ. പി.ജി. അഴീക്കോട്. സുപ്രസിദ്ധ നാടകനടിയും സിനിമാനടിയുമായിരുന്ന കണ്ണൂർ രാജം, നാടകനടി പി.സി. തങ്കം തുടങ്ങിയവരും ഈ നാടിൻെറ സന്തതികളാണ്. കലാരംഗത്ത് എഴുതിത്തീർക്കാൻ കഴിയാത്തത്ര സംഭാവന നല്കിയിരുന്ന ഈ ദേശത്തിന് എന്തു സംഭവിച്ചെന്ന് ഒരു നിമിഷമെങ്കിലും നാം ആലോചിക്കേണ്ടിയിരിക്കുന്നു.

ഒരു സമൂഹത്തിന് സാംസ്കാരിക രംഗത്ത് ഉയർച്ചയുണ്ടാവണമെങ്കിൽ വിദ്യാഭ്യാസ രംഗത്ത് ഉയർച്ച ഉണ്ടായേ പറ്റൂ. വിദ്യാഭ്യാസത്തിൽ വളരെ മുന്നിലാണെങ്കിലും സാംസ്കാരികരംഗത്ത് നാം വളരെ പിന്നിലല്ലേ? അഴീക്കോട് വിദ്യാഭ്യാസ രംഗത്ത് മഹത്തായ ചില സംഭാവനകൾ നല്കിയിട്ടുണ്ട്. കണ്ണൂരിലും പരിസരങ്ങളിലും പണ്ഡിതന്മാരെ സൃഷ്ടിച്ച മേപ്പാട് രാമൻ ഗുരുക്കൾ, യാതൊരു പ്രതിഫലേച്ഛയുമില്ലാതെയാണ് ശിഷ്യന്മാരെ പഠിപ്പിച്ചിരുന്നത്. ഈ നൂറ്റാണ്ടിനു മുൻപ് വിദ്യാലയമാരംഭിച്ച മുണ്ടച്ചാലി കേളൻ ഗുരുക്കൾ, പെരുമാക്കൽ ചാത്തു എഴുത്തച്ഛൻ, പച്ച കണ്ണൻ മാസ്റ്റർ, കുറ്റിച്ചിരാമൻ മാസ്റ്റർ, കുഞ്ഞിരാമൻ മാസ്റ്റർ തുടങ്ങിയവർ സംസ്കാരമെന്തെന്ന് നമ്മെ പഠിപ്പിച്ചവരാണ്. താഴ്ന്ന ജാതിക്കാരനെ കണ്ടാൽ പോലും അയിത്തമുണ്ടായിരുന്ന കാലത്ത് അവരെ കൂടെയിരുത്തി വിദ്യ അഭ്യസിപ്പിച്ച പനങ്കാവിൽ ദാമോദരൻ മാസ്റ്റർ ഒരു സാമൂഹ്യ വിപ്ളവകാരിതന്നെയായിരുന്നു. ഇന്നത്തെ അഴീക്കോട് ഹൈസ്കൂളിൻെറ ആദ്യത്തെ ഹെഡ്മാസ്റ്ററായിരുന്ന കെ. അച്യുതൻ മാസ്റ്റർ, സംസ്കൃത പണ്ഡിതനും കണ്ണൂരും പരിസരത്തും വലിയൊരു ശിഷ്യഗണത്തിൻെറ ഉടമയുമായ ശ്രീ പരയങ്ങാട്ട് കുഞ്ഞിരാമൻ മാസ്റ്റർ, ഇവരുടെ സേവനം വിദ്യാഭ്യാസ രംഗത്ത് അഴീക്കോട് പ്രദേശത്തിന് എന്നും വഴികാട്ടിയായിരുന്നു.

തെയ്യം കലാരൂപങ്ങൾ നിറഞ്ഞു നില്ക്കുന്ന പ്രദേശമാണിത്. കാവുകളുമായി ബന്ധപ്പെട്ട് ഒരു പാട് തെയ്യം അരങ്ങേറാറുണ്ട്. പ്രധാനമായും വീരൻ, വീരാളി, ഭഗവതി, വിഷ്ണുമൂർത്തി, ഗുളികൻ തുടങ്ങിയവയാണ് അവതരിപ്പിക്കാറ്. തെയ്യം കലാ രൂപങ്ങളായി അവതരിപ്പിക്കപ്പെടുന്ന ഈ കാലത്തും പരമ്പരാഗതമായി അവതരിപ്പിക്കുന്ന ഒന്നിലേറെ കുടുംബങ്ങൾ ഈ ദേശത്തുണ്ട്. കാവുകളുമായി ബന്ധപ്പെട്ട് കണ്ണൂരിൽ തന്നെ അപൂർവ്വമായി നടക്കുന്ന തീച്ചാമുണ്ഡി ശ്രീ കൂർമ്പഭഗവതി ക്ഷേത്രത്തിൽ അരങ്ങേറാറുണ്ട്. നെയ്യമൃത് ഉത്സവം, ആനയെഴുന്നള്ളത്ത് തുടങ്ങിയ അനുഷ്ഠാനങ്ങൾ മാറ്റുകുറഞ്ഞെങ്കിലും ഇന്നും ഈ ഗ്രാമം താലോലിക്കുന്നു. ഒരു കാലത്ത് ഉപ്പെഴുന്നള്ളത്ത് എന്നൊരനുഷ്ഠാനം ഉണ്ടായിരുന്നു. മൂന്നുനിരത്തിലെ കൂർമ്പകാവിൽ നിന്നും അക്ലിയത്ത് ശിവക്ഷേത്രത്തിലേക്ക് എഴുന്നള്ളുന്നതായിരുന്നു ഈ അനുഷ്ഠാനം. കാലക്രമത്തിൽ അതില്ലാതായി. ഉത്സവങ്ങൾ നിറഞ്ഞു നില്ക്കുന്ന നാലഞ്ചുമാസം അഴീക്കോട് ആഘോഷത്തിൻെറ ലഹരിയിലാണ്. ഐക്യത്തോടെ തരംതിരിവില്ലാതെ മനുഷ്യൻ ഒത്തുകൂടുന്ന ഇത്തരം വേളകൾ കൊണ്ട് അറ്റുപോകുന്ന മനുഷ്യബന്ധങ്ങളുടെ കണ്ണികൾ ഇണക്കിച്ചേർക്കാൻ സാധിക്കും. മലബാറിലെതന്നെ പ്രസിദ്ധമായ ഉറൂസുകളിലൊന്നാണ് ആലാളാം മഖാം ഉറൂസ്. ആയിരക്കണക്കിന് അന്യദേശക്കാരായ ഭക്തജനങ്ങൾ ഇവിടെ ആരാധനക്ക് എത്തുന്നു. അപൂർവ്വങ്ങളായി മാത്രം കണ്ടുവരുന്ന ഒരു കാളീക്ഷേത്രവും ബാലീക്ഷേത്രവും ഇവിടെയുണ്ട്. തളിപ്പറമ്പ് ക്ഷേത്രവുമായി ബന്ധപ്പെട്ട് ഒരു കൊട്ടാരം അഴീക്കോടുണ്ട്. നമ്മുടെ ദേശവുമായി ബന്ധപ്പെട്ട് ഒരുപാട് ഐതിഹ്യങ്ങൾ നിലവിലുണ്ട്.

വായനശാലകളും, ക്ലബ്ബുകളും, സാംസ്കാരിക പ്രസ്ഥാനങ്ങളും ഇവിടെയുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഒരു കാലത്ത് ഗ്രാമങ്ങളിലെ സാംസ്കാരിക മുന്നേറ്റങ്ങളുടെ മുന്നണി പ്രസ്ഥാനങ്ങൾ ക്ലബ്ബുകളായിരുന്നു. ഇന്ന് സാംസ്കാരിക പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്ന ക്ലബ്ബുകൾ നന്നേ കുറഞ്ഞിരിക്കുന്നു. ഈ അധഃപതനത്തിന്ന് കാരണം യുവാക്കളിൽ ഇന്ന് കാണുന്ന നിഷ്ക്രിയത്വമാണ്. ക്ലബ്ബുകൾ കായിക രംഗത്തെ ശക്തികളായിരുന്ന കാലമുണ്ടായിരുന്നു. കേരളത്തിൻെറ പാരമ്പര്യ സിദ്ധികളിലൊന്നായ ആയോധന കലകൾ വളർത്തുന്നതിൽ ഇവ വഹിച്ച പങ്ക് നിസ്തുലമാണ്. കളരിപ്പയറ്റ് പഠിപ്പിക്കുന്ന കളരികൾ നാട്ടിൻ പുറങ്ങളിൽ സർവ്വസാധാരണമായിരുന്നു. കരാട്ടെ, കുങ്ഫു തുടങ്ങിയ വിദേശ അഭ്യാസങ്ങൾക്ക് പ്രചാരം ലഭിച്ചപ്പോൾ നമ്മുടെ ആയോധന കല പുറന്തള്ളപ്പെട്ടു. കബഡി പോലുള്ള നമ്മുടെ നാടൻ കളികൾ ക്രിക്കറ്റു പോലുള്ള കളികൾക്ക് മുന്നിൽ ഊർദ്ധശ്വാസം വലിക്കുകയാണ്. നാം അല്പമെങ്കിലും ഈ രംഗത്ത് പിന്നോട്ടു പോകുന്നത് നമ്മുടെ പാരമ്പര്യം സംരക്ഷിക്കാൻ സഹായകരമാകുമോ എന്നു ആലോചിക്കേണ്ടതാണ്.

സഹൃദയവേദി, കൈരളികലാനിലയം, പ്രോഗ്രസ്സീവ് ഗ്രൂപ്പ്, പി. ഗോപാലൻ സ്മാരക സാംസ്കാരിക വേദി, ശ്രീ നാരായണ സാംസ്കാരിക വേദി, കേരളാ ശാസ്ത്ര സാഹിത്യപരിഷത്ത്, മാനവാതീയേറ്റർ തുടങ്ങിയ പ്രസ്ഥാനങ്ങൾ ഇന്ന് ശക്തിയായി ഇവിടെ പ്രവർത്തിക്കുന്നു. നാടൻ കലകളായ തെയ്യം, തിറ പോലുള്ള കലാരൂപങ്ങളെ ലോകത്തിന് പരിചയപ്പെടുത്തി കേരളത്തിലെ ക്ഷേത്രകലാ രൂപങ്ങൾക്ക് അന്താരാഷ്ട്ര പ്രശസ്തി ലഭിക്കാൻ പ്രവർ

ത്തിക്കുന്ന ശ്രീ. ഏ.കെ. നമ്പ്യാരുടെ നേതൃത്വത്തിലുള്ള ഒരു ഫോക്‌ലോർ സെൻറർ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കഥാസാഹിത്യ രംഗത്ത് ധാരാളം പ്രതീക്ഷകൾ പുലർത്താവുന്ന യുവകഥാകൃത്ത് ശ്രീ. ഷിഹാബുദ്ദീൻ പൊയ്ത്തുംകടവ് സംസ്ഥാനതലത്തിൽ അംഗീകാരമുള്ള എഴുത്തുകാരനാണ്.

നാട്ടിൻ പുറങ്ങളിൽ നന്മകൾ വിരിയിക്കുന്ന സാംസ്കാരിക ഗ്രൂപ്പുകളും പ്രസ്ഥാനങ്ങളും ഉയർന്നു വന്നാലേ മനുഷ്യഐക്യത്തിൻെറയും നന്മയുടെയും സമൃദ്ധിയുടെയും കണികകൾ നമുക്കു തിരിച്ചുകൊണ്ടുവരാനാകൂ.

**സാധ്യതകൾ**

1. ഗ്രന്ഥശാല പ്രസ്ഥാനത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.
2. ഗ്രന്ഥശാലയിൽനിന്നും പുസ്തകങ്ങൾ വീടുകളിൽ എത്തിച്ച് വായനാ ശീലം വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തുക.
3. പഞ്ചായത്തു തലത്തിൽ സാംസ്കാരിക പരിപാടികൾ നടത്തുക.
4. പഞ്ചായത്തിലെ വിദ്യാർത്ഥികളെ മാത്രം ഉൾപ്പെടുത്തി കലാമൽസരങ്ങൾ സംഘടിപ്പിക്കുക.
5. ഫുട്ബോൾ പോലുള്ള കായിക മൽസരങ്ങൾ സംഘടിപ്പിക്കുക.
6. പഞ്ചായത്ത് സ്റ്റേഡിയം വിപുലീകരിക്കുക.
7. പഞ്ചായത്തിന് സ്വന്തമായി കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
8. സ്ത്രീകൾക്കു മാത്രം വ്യായാമം നല്കുന്നതിനുള്ള ക്ലബ്ബുകൾ തുടങ്ങുക.
9. സ്ത്രീകളെ സാമൂഹ്യരംഗത്ത് ആകർഷിക്കുവാനുള്ള നടപടികൈക്കൊള്ളുക.

**പ്രധാന ക്ലബ്ബുകൾ**

| പേര് | സ്ഥലം |
|---|---|
| രവീ സ്മാരക ക്ലബ്ബ് | ഓലാടത്താഴ |
| ഹൽ കുൽത്ത് | ഓലാടത്താഴ |
| ഗ്രാമീണ കലാവേദി | കപ്പക്കടവ് |
| യെങ്ങ് മെൻസ് | തെരു |
| കമ്മ്യൂണിറ്റി റിക്രിയേഷൻ സെൻറർ | ചാൽ |
| അഴീക്കൽ ബ്രദേർസ് അഴീക്കൽ | അഴീക്കൽ |
| വെസ്റ്റേൺ വിന്നേർസ് | കൊട്ടാരത്തുംപാറ |
| ഫ്രൻസ് ക്ലബ്ബ് | പൂതപ്പാറ |
| റിക്രിയേഷൻ ക്ലബ്ബ് | പൂതപ്പാറ |
| സംസ്കാര | തെക്കന്മാർകണ്ടി |
| ഫൈൻഡേസ് | അരയാക്കണ്ടിപ്പാറ |
| യുവധാര | ചെമ്മരശ്ശേരിപ്പാറ |
| ലീവോക്ക് | വെള്ളുവപ്പാറ |
| വിക്രിയാസ് | ആയനിവയൽ |
| ഡോൾഫിൻ | കടപ്പുറം |
| സീസൈഡ് | കടപ്പുറം |
| റെഡ്സ്റ്റാർ | കച്ചേരിപ്പാറ |
| വൈ.സി.സി | വൻകുളത്തുവയൽ |

## വായനശാലകൾ

| പേര് | സ്ഥലം |
|---|---|
| പൊന്മഠത്തിൽ കൃഷ്ണ സ്വാമി സ്മാരക വായനശാല | ഉപ്പായിച്ചാൽ |
| ശ്രീനാരായണ വായനശാല | ചാൽ |
| പൊതുജന വായനശാല | ചാൽ |
| അശോകമന്ദിരം വായനശാല | അഴീക്കൽ |
| സീസൈഡ് വായനശാല | അഴീക്കൽ |
| കൃഷ്ണപിള്ള വായനശാല | കപ്പക്കടവ് |
| ഗ്രാമീണവായനശാല | കപ്പക്കടവ് |
| പഞ്ചായത്ത് വായനശാല | പൊയ്ത്തുംകടവ് |
| ദേശബന്ധു വായനശാല | മൂന്നുനിരത്ത് |
| പഞ്ചായത്ത് വായനശാല | പള്ളിക്കുന്നുമ്പ്രം |
| വാഗ്ഭടാനന്ദ | വൻകുളത്തുവയൽ |
| പഞ്ചായത്ത് വായനശാല | മൈലാടത്തടം |
| ഗാന്ധി വായനശാല | പൂതപ്പാറ |
| ദേശോദ്ധാരണ | പുന്നക്കപ്പാറ |
| വിജ്ഞാനദായനീ | ആറാങ്കോട്ടം |
| അക്ഷര കേരളം | ചക്കരപ്പാറ |
| എം.കെ. ഗുരുക്കൾ സ്മാരക | മീൻകുന്ന് |
| വിദ്യാ വിലാസിനി | കൊട്ടാരത്തുംപാറ |
| ഏ.കെ. നായർ സ്മാരക | കൊട്ടാരത്തുംപാറ |
| കുന്നിരിക്കൻ കരുണാകരൻ സ്മാരക | വായിപ്പറമ്പ് |
| അരയസമാജം വായനശാല | കടപ്പുറം |

## ആരാധനാലയങ്ങൾ

അല്ലിയത്ത് ശിവക്ഷേത്രം

പണ്ടാരത്തുംകണ്ടികാവ്

പുതിയകാവ്

കളത്തിൽ കാവ്

അരയാമ്പ്രത്ത് കോട്ടം

പരയങ്ങാട്ട്

പള്ളിപ്പിരിയാരത്ത്

പൊക്യാരത്ത് ക്ഷേത്രം

ശ്രീ കൂർമ്പ ഭഗവതി ക്ഷേത്രം കടപ്പുറം

പാലോട്ടുകാവ്

ശ്രീ കൂർമ്പ കാവ്

ചാമുണ്ഡി കോട്ടം

ഇളങ്കുരുമകൻ ക്ഷേത്രം

ഗണപതി മണ്ഡപം

സുബ്രഹ്മണ്യക്ഷേത്രം

മുത്തപ്പൻ ക്ഷേത്രം

വേലൻ കുനി

അവധൂതമാതാ സമാധി മന്ദിരം

കൊവ്വമ്മൽ ശ്രീ ഭഗവതി ക്ഷേത്രം

മൊളോളം ശിവക്ഷേത്രം

ശ്രീ കുറുമ്പകാവ് മൂന്നുനിരത്ത്

കാളി ക്ഷേത്രം

ബാലിക്ഷേത്രം

ശാന്തിമഠം

അഴീക്കൽ ജുമായത്ത് പള്ളി

കപ്പക്കടവ് ജുമായത്ത് പള്ളി

ഓലാടത്താഴ പള്ളി

ആലാളം മഖാം

ഹൈദ്രോസ് ജുമായത്ത് പള്ളി

ഹദ്ദാത് പള്ളി

ചക്കരപ്പാറ ജുമായത്ത് പള്ളി

ചെമ്മരശ്ശേരിപ്പാറ ജുമായത്ത് പള്ളി

പുന്നക്കപ്പാറ പള്ളി

വലിയപറമ്പ് പള്ളി

ഹുജറാ പള്ളി

ക്രിസ്ത്യൻ പള്ളി മൂന്നുനിരത്ത്

◆◆◆◆

356

# വനിതാ ക്ഷേമം

കേരള വികസന പ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നതാണ്. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും തൊഴിൽ രംഗത്തും സ്ത്രീകൾ വളരെ പിന്നിലാണ്. ഈ പോരായ്മകൾ നികത്തുക എന്നതാണ് ഒമ്പതാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഇതു സാധിക്കണമെങ്കിൽ പ്രാദേശിക ആസൂത്രണ പ്രക്രിയയിലും വികസന പ്രവർത്തനങ്ങളിലും വൻ തോതിൽ സ്ത്രീകൾ പങ്കാളികളാകണം.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 51.41% സ്ത്രീകളാണ്. 1991 ലെ സെൻസസ് അനുസരിച്ച് സ്ത്രീപുരുഷ അനുപാതം 1000 പുരുഷൻമാർക്ക് 1058 സ്ത്രീകൾ എന്ന നിരക്കിലാണ്. ഇത് ജില്ലാ ശരാശരിയേക്കാളും സംസ്ഥാന ശരാശരിയേക്കാളും കൂടുതലാണ്. 5.4% വരുന്ന സ്ത്രീകൾ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെടുന്നവരാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ വളരെ പിന്നിലാണ്. പ്രത്യേകിച്ച് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത്. പഞ്ചായത്തിൽ വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് കുറവാണ്. ഇത് സ്ത്രീകളുടെ ബുദ്ധിയില്ലായ്മയുടെ സൂചനയല്ല. ബുദ്ധിയും സാമർത്ഥ്യവും ഉണ്ടായിട്ടും പഠിക്കുവാനുള്ള അവസരം ലഭിക്കാതെ പോയ സ്ത്രീകൾ ഉണ്ട്. ശൈശവത്തിലേ വിവാഹം ചെയ്തയച്ച് വിദ്യാഭ്യാസം മുടങ്ങിയ സ്ത്രീകളും, കുടുംബം പോറ്റാൻ ചെറുപ്രായത്തിലേ പല തൊഴിലുകളിലും ഏർപ്പെട്ട സ്ത്രീകളും പഞ്ചായത്തിനകത്തുണ്ട്. സാക്ഷരതാ പ്രവർത്തനം പൂർത്തിയായി കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ 7 ശതമാനത്തോളം വരുന്ന സ്ത്രീകൾ ഇപ്പോഴും നിരക്ഷരരാണ്. പെൺകുട്ടികൾക്കുമാത്രമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിനകത്ത് ഇല്ല. സ്കൂൾ - കോളജ് വിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെ അപേക്ഷിച്ച് വളരെ കുറവാണ്.

ആരോഗ്യരംഗത്തും സ്ത്രീകൾ വളരെ പിറകിലാണ്. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിൽ പ്രൈമറി ഹെൽത്ത് സെൻററുകൾ ഒരു പ്രധാന പങ്കുവഹിക്കേണ്ടതുണ്ട്. എന്നാൽ സ്ത്രീകൾക്ക് മതിയായ ചികിത്സാ സൗകര്യമോ ഗർഭിണികളായ സ്ത്രീകളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യ പരിപാലനത്തിനായുള്ള സംവിധാനമോ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെൻററിൽ ഇല്ല. പല വാർഡുകളിലും ഉള്ള സ്ത്രീകൾക്ക് ഹെൽത്ത് സെൻററിൽ എത്തണമെങ്കിൽ രണ്ടുകിലോമീറ്ററിൽ കൂടുതൽ യാത്രചെയ്യേണ്ടതായി വരുന്നു. രോഗികളിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണെന്ന് സൂചിപ്പിക്കുന്നു. പ്രൈമറി ഹെൽത്ത് സെൻററിലെ രേഖകൾ അനുസരിച്ച് ഒരു ദിവസത്തിൽ ശരാശരി 90 സ്ത്രീകൾ രോഗികളായി എത്തുന്നുണ്ട്. ഇത് രോഗികളായി എത്തുന്ന പുരുഷൻമാരുടെ ഇരട്ടിയാണ്. മോശപ്പെട്ട ജീവിത സാഹചര്യം, തൊഴിൽജന്യ രോഗങ്ങൾ, വർദ്ധിച്ചുവരുന്ന ജീവിതച്ചിലവ് ഇതെല്ലാം സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ നശിപ്പിക്കുന്നു. ഭർത്താക്കൻമാരുടെ മദ്യപാനംമൂലം വിഷമതകൾ അനുഭവിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. ഇത് സ്ത്രീകളുടെ അനാരോഗ്യത്തിന് കാരണമാകുന്നു. പോഷകാഹാര കുറവും, ദാരിദ്ര്യവും കൊണ്ടുള്ള രോഗങ്ങൾ കൂടുതൽ കാണുന്നത് സ്ത്രീകളിലാണ്. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്കായി മൂത്രപ്പുര, കക്കൂസ് എന്നിവ ആവശ്യത്തിന് ഇല്ലാത്തത് പല രോഗങ്ങൾക്കും കാരണമാകുന്നു.

സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിൽ അംഗൻ വാടികൾ മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. അംഗൻവാടികൾ വഴി കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഗൃഹസന്ദർശനം നടത്തി സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ നിലവാരത്തെക്കുറിച്ച് പഠിക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിലെ 35 അംഗൻ വാടികളിൽ നിന്നായി 3250 ഓളം സ്ത്രീകൾക്ക് അനുപൂരക പോഷകാഹാരം ലഭിക്കുന്നുണ്ട്. രാവിലെ ഒൻപതരമുതൽ വൈകുന്നേരം മൂന്നര മണിവരെ വളരെയധികം പ്രയാസം അനുഭവിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന അംഗൻവാടി ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ് എന്ന കാര്യം ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. നിലവിലുള്ള അംഗൻ വാടികളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നുള്ളത് ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അതൃപ്തിയും ഉണ്ടാക്കുന്നു. 90% അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ഇല്ല. കളിപ്പാട്ടങ്ങൾ ഇല്ലാത്തതും ആവശ്യമായ അളവിൽ പോഷകാഹാരം ലഭിക്കാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. ആയിരം ആളുകൾ താമസിക്കുന്നിടത്ത്

ഒരു അംഗൻവാടി എന്നതാണ് ഐ.സി.ഡി..എസ്. ൻെറ ലക്ഷ്യം. ഈ നിലയ്ക്ക് നോക്കിയാൽ അഴീക്കോട് പഞ്ചായത്തിൽ 48 അംഗൻവാടികൾ വേണം. എന്നാൽ 35 അംഗൻവാടികൾ മാത്രമാണ് നിലവിലുള്ളത്.

തൊഴിൽരംഗത്തെ സ്ത്രീപുരുഷ പങ്കാളിത്തം താഴെപട്ടികയിൽ ചേർത്തിരിക്കുന്നു.
(1991 ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച്.)

| ക്രമ നമ്പർ | തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷൻമാർ | ആകെ |
|---|---|---|---|---|
| 1. | സ്ഥിരം തൊഴിൽ ഉള്ളവർ | 1560 | 9003 | 10563 |
| 2. | ഭാഗികമായി തൊഴിൽ ഉള്ളവർ | 304 | 383 | 687 |
| 3. | നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടവർ | 74 | 563 | 637 |
| 4. | വാണിജ്യ വ്യവസായരംഗം | 111 | 1517 | 1628 |
| 5. | ട്രാൻസ്പോർട്ട്, സ്റ്റോറേജ്, കമ്യൂണിക്കേഷൻമേഖല | 27 | 683 | 710 |
| 6. | മറ്റു മേഖല | 420 | 827 | 1247 |

തൊഴിൽ രംഗത്ത് വനിതകൾക്ക് സാധ്യതകൾ വളരെ കുറവാണ്. തൊഴിൽ സാധ്യതകൾ തന്നെ കുറഞ്ഞുവരുന്ന അവസ്ഥയുമുണ്ട്. മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല. വ്യവസായരംഗത്തും കാർഷികരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. കാർഷിക രംഗത്ത് ഒരുകാലത്ത് വളരെയധികം സ്ത്രീകൾ ജോലി ചെയ്തിരുന്നെങ്കിലും ആ രംഗത്ത് ഇന്നുള്ള മുരടിപ്പ് സ്ത്രീകൾക്ക് ജോലി നഷ്ടപ്പെടുന്ന സ്ഥിതിയിലേക്ക് എത്തിയിരിക്കുകയാണ്. അധ്യാപനം, നെയ്ത്ത്, നല്ലിചുറ്റൽ, കൈത്തറി വസ്ത്ര നിർമ്മാണം, ബീഡിതെരക്കൽ, മത്സ്യ വിപണനം എന്നീ മേഖലകളിലാണ് സ്ത്രീകൾക്ക് മുൻകൈയുള്ളത്. പതിവ് മേഖലകളിലല്ലാതെയുള്ള പുതിയ തൊഴിൽ മേഖലകളിലേക്ക് കടന്നുചെല്ലാൻ സ്ത്രീകൾ മടിക്കുന്നുണ്ട്. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ കൂലിനിരക്ക് പുരുഷൻമാരെ അപേക്ഷിച്ച് വളരെ കുറവാണ്.

സ്ത്രീകളുടെ മേൽനോട്ടത്തിൽ നടന്നുവരുന്ന ധാരാളം തൊഴിൽ സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. ഡി.ഡബ്ല്യു.സി.ആർ.എ., വനിതാ സഹകരണ സംഘങ്ങൾ എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ പഞ്ചായത്തിനകത്തുണ്ട്. ഇവയിൽ ഭൂരിഭാഗവും ലാഭമുണ്ടാക്കാൻ കഴിയാതെ, ലോണുകൾ തിരിച്ചടക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ഉല്പന്ന വൈവിധ്യമില്ലായ്മയും ഗുണമേന്മ ഉറപ്പുവരുത്തുവാൻ കഴിയാത്തതും ഫലവത്തായ മാനേജ്മെൻറിൻെറ അഭാവവും വിപണിയുടെ അഭാവവും ആണ് പല യൂണിറ്റുകളുടേയും തകർച്ചക്ക് കാരണം.

ഇവക്കു പുറമെ സഹകരണ അടിസ്ഥാനത്തിൽ വനിതകളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന യൂണിറ്റുകളും ഉണ്ട്.

1. അഴീക്കോട് മൾട്ടിവിമൻസ് ഗാർമെൻറ്സ്.

2. സഹകരണ ഗാർമെൻറ്സ്, വൻകുളത്തുവയൽ.

3. അഴീക്കോട് സൗത്ത് വനിതാ സഹകരണസംഘം, പൊയ്ത്തുംകടവ്.

4. ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റ്, മൂന്നുനിരത്ത്.

ഇവയ്ക്കു പുറമെ മഹിളാ സമാജങ്ങളുടെ കീഴിൽ ക്ഷീരോൽപ്പന്ന നിർമ്മാണ യൂനിറ്റും ഹാൻറി ക്രാഫ്റ്റ്സ് യൂനിറ്റും പ്രവർത്തിക്കുന്നുണ്ട്.

358

| DWCRA യുടെ കീഴിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വനിതാ യൂനിറ്റുകളുടെ പട്ടിക താഴെ പറയുന്ന പ്രകാരമാണ് | | | | |
|---|---|---|---|---|
| വാർഡ് നമ്പ്ര് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനം സംബന്ധിച്ച കുറിപ്പ് |
| I | വനിത ഫിഷ് പ്രൊസസ്സിംഗ് യൂണിറ്റ് - അഴീക്കൽ | 1990 | 18 പേർ ഇപ്പോൾ 3 പേർമാത്രം | പ്രവർത്തനം തീരെ തൃപ്പികരമല്ല |
| II | നവോദയാ റെഡിമെയ്ഡ് ആൻറ് വൂളൻ നിറ്റിംഗ് യൂനിറ്റ് അഴീക്കൽ | 1993 | 10 പേർ ഇപ്പോൾ 5 പേർമാത്രം | പ്രവർത്തനം തീരെ തൃപ്തികരമല്ല |
| III | ബട്ടർഫ്ലൈസ് ഗാർമെൻറ്സ് മൂന്നുനിരത്ത് | 1990 | 20 | നല്ല നിലയിൽ പ്രവർത്തിക്കുന്നു |
| V | വായുദൂത് കമ്മ്യൂണിക്കേഷൻസ് വൻകുളത്ത്വയൽ | 1993 | 10 | നല്ല നിലയിൽ പ്രവർത്തിക്കുന്നു |
| VIII | ടൈലറിംഗ് & ഗാർമെൻറ്സ് മേക്കിംഗ് യൂനിറ്റ് | 1993 | 5 പേർ ഇപ്പോൾ 10 പേർ | കാര്യക്ഷമമായ പ്രവർത്തനം ആരംഭിച്ചു |
| XII | മധുരപലഹാരനിർമ്മാണയൂനിറ്റ് | 1990 | | പ്രവർത്തനം ക്ഷയിച്ചു |
| XIII | അക്ഷരപ്രിൻറിംഗ്പ്രസ്സ് വൻകുളത്ത് വയൽ | 1992 | 10 പേർ ഇപ്പോൾ 3പേർ | പ്രവർത്തനം തൃപ്തികരമല്ല |
| XIV | ദി ബ്ലോക്ഫാം നർസറി ഗാർഡൻ - ചാൽ | 1995 | 10 | നല്ല നിലയിൽ പ്രവർത്തിക്കുന്നു. |

പൊതുപ്രവർത്തനത്തിൻെറ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. സമൂഹത്തിലെ പകുതിയിലേറെ വരുന്ന സ്ത്രീകളെ പൊതുരംഗത്ത് കൊണ്ടുവരുന്നതോടുകൂടി മാത്രമേ സമൂഹത്തിന് ഉദ്ദേശിച്ചത്ര വികസനം ലഭിക്കുകയുള്ളൂ. എന്നാൽ ഒരു കാലത്ത് പുരുഷൻെറ അടിമയായി കഴിഞ്ഞിരുന്ന സ്ത്രീകൾ ഇന്നും കാര്യമായ പരിഗണന നൽകാത്തതുകാരണം അവർ പൊതു രംഗത്തുനിന്ന് പിന്നോക്കം പോയ്ക്കൊണ്ടിരിക്കുകയാണ്. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ ഇന്ന് ഈ പഞ്ചായത്തിനകത്ത് വിരലിലെണ്ണാവുന്നതേയുള്ളൂ. പുതിയ പഞ്ചായത്ത്രാജ് നിലവിൽവന്നതോടുകൂടി സ്ത്രീകൾ കൂടുതലായി രംഗത്തുവരുന്നതായും കാണുന്നുണ്ട്.

പൊതുരംഗത്തുള്ള സ്ത്രീകളുടെ പൂർവ്വകാല ചരിത്രം പരിശോധിച്ചാൽ പൊതുരംഗത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന വനിതകൾ അഴീക്കോട് പഞ്ചായത്തിൽ ഉണ്ടായിരുന്നതായി കാണാം. പഴയകാലത്ത് സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി വളരെയേറെ പ്രവർത്തനം കാഴ്ചവെച്ച് പുന്നക്കപ്പാറയിൽ ദേശീയ മഹിളാ സമാജവും സ്ഥാപിച്ച മാക്കുനി ലക്ഷ്മിക്കുട്ടിയമ്മ, പൊതുജനങ്ങളുടെ പരിഹാസം കണക്കിലെടുക്കാതെ മഹിളാസമാജവുമായി ബന്ധപ്പെട്ട് പൊതുരംഗത്ത് പ്രവർത്തിച്ച പൊയ്ത്തും കടവ് ഹിദായത്തുൽ ഇസ്ലാം മദ്രസ എൽ.പി. സ്കൂളിലെ അധ്യാപികയായിരുന്ന രോഹിണിടീച്ചർ, കൂടാതെ കെ.വി. മാധവിടീച്ചർ, കൂവേൽ അമ്മുടീച്ചർ എന്നീ വനിതകളെല്ലാം ഇതിനുദാഹരണമാണ്.

പൊതു പ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ ഇന്നും പഞ്ചായത്തിനകത്ത് ഉണ്ട്. തെക്കുഭാഗം, മീൻകുന്ന്, പുന്നക്കപ്പാറ എന്നിവിടങ്ങളിലും അഴീക്കൽ കടപ്പുറം, മൂന്നുനിരത്ത് എന്നിവിടങ്ങളിലും രജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങളും വൻകുളത്തുവയലിൽ ഒരു മഹിളാ ഫെഡറേഷനും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെയൊന്നും പ്രവർത്തനം തൃപ്തികരമല്ല. ഇതിനുപുറമെ പല രാഷ്ട്രീയ

359

സംഘടനകളും സ്വന്തമായി മഹിളാ സംഘടനകൾ രൂപീകരിച്ച് മഹിളകളെ പൊതുരംഗത്ത് കൊണ്ടുവരുന്നതിൽ താത്പര്യം കാണിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1. വേണ്ടത്ര വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
2. അന്ധവിശ്വാസവും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമുണ്ട്.
3. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.
4. മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.
5. കൂലിനിരക്കിൽ സ്ത്രീ-പുരുഷ അന്തരം ഗണ്യമായുണ്ട്.
6. പുരുഷൻമാരുടെ മദ്യപാനംമൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ പഞ്ചായത്തിൽ ഉണ്ട്.
7. അംഗൻവാടി ജീവനക്കാരായ വനിതകൾക്ക് മാന്യമായ വേതനം ലഭിക്കുന്നില്ല.
8. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, തൊഴിലില്ലായ്മാ വേതനം മുതലായവ അർഹതപ്പെട്ടവർക്കുമുഴുവൻ ലഭിക്കുന്നില്ല.
9. ചില മതക്കാരിൽ സ്ത്രീധന പ്രശ്നം രൂക്ഷമായി കാണുന്നു.
10. പ്രൈമറി ഹെൽത്ത് സെൻററിൽ ഗൈനക്കോളജി വിഭാഗം പ്രവർത്തിക്കുന്നില്ല.
11. അംഗൻവാടികളുടെ പ്രവർത്തനം പഞ്ചായത്തിലെ സ്ത്രീകൾക്ക് വേണ്ടത്ര പ്രയോജനകരമല്ല.

### സാധ്യതകൾ

1. സ്ത്രീകളുടെ സാമൂഹിക പദവിക്ക് എതിരായി നിൽക്കുന്ന ഘടകങ്ങളെ തിരിച്ചറിയുകയും അവ പരിഹരിക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.
2. കാർഷിക മേഖല വികസിപ്പിച്ച് സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
3. ഡി.ഡബ്ല്യു.സി.ആർ.എ. യുടെ കീഴിൽ പ്രവർത്തിക്കുന്ന യൂനിറ്റുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും സൗത്ത് വില്ലേജിൽ ഇതിൻെറ കീഴിൽ കൂടുതൽ യൂനിറ്റുകൾ രൂപീകരിക്കുകയും ചെയ്യുക.
4. അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള സംവിധാനവും പോഷകാഹാരങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ ആവശ്യത്തിന് ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാവണം.
5. അംഗൻവാടി ജീവനക്കാർക്ക് മാന്യമായ വേതനം ലഭ്യമാക്കുവാനുള്ള സംവിധാനം ഉണ്ടാവണം.
6. പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ പദവി ഉറപ്പുവരുത്താൻ സാധ്യമായ പദ്ധതികൾക്ക് രൂപം നൽകണം.
7. കൂടുതൽ വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ ഉണ്ടാവണം.
8. സ്ത്രീകളുടെ നേതൃത്വത്തിലുള്ള തൊഴിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.
9. പ്രൈമറി ഹെൽത്ത് സെൻററിലെ ഗൈനക്കോളജി വിഭാഗം പ്രവർത്തനയോഗ്യമാക്കണം.
10. പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ വിശദമായി ചർച്ചചെയ്യപ്പെടണം.

◆ ◆ ◆ ◆

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ഒരു ജനവിഭാഗമാണ് പട്ടികജാതി - പട്ടിക വർഗ്ഗം. അതുകൊണ്ടുതന്നെ അവർ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിൽ പിൻതള്ളപ്പെട്ടു കിടന്നിരുന്നു. നിരക്ഷരരും അധഃസ്ഥിതരും ദരിദ്രരുമായ ഈ ജനവിഭാഗത്തെ കൈപിടിച്ചുയർത്തുന്നതിന് പല സാമൂഹ്യ പരിഷ്കർത്താക്കളും പരിശ്രമിക്കുകയുണ്ടായി. സ്വാമി ആനന്ദതീർത്ഥൻ, വാഗ്ഭടാനന്ദൻ തുടങ്ങിയവരുടെ പേരുകൾ എടുത്തുപറയത്തക്കതാണ്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളും സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളും പട്ടികജാതിക്കാരുടെ വികസനത്തിന് പല ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കാൻ പരിശ്രമിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികളുടെ പൂർണ്ണമായ നേട്ടങ്ങൾ അനുഭവിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. 1983- 84 കാലഘട്ടത്തിലാണ് പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനം ജില്ലാതലത്തിൽ വികേന്ദ്രീകരിച്ച് നടപ്പിലാക്കാൻ തുടങ്ങിയത്.

1991 ലെ സെൻസസ്സ് റിപ്പോർട്ട് പ്രകാരം അഴീക്കോട് പഞ്ചായത്തിലെ ജനസംഖ്യ 42354 ആണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 2309 പട്ടികജാതി ജനങ്ങളുണ്ട്. അതിൽ 1139 പുരുഷൻമാരും 1170 സ്ത്രീകളുമാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 5.45% പട്ടികജാതിക്കാരാണ്. 11 പേർ പട്ടിക വർഗ്ഗത്തിൽ പ്പെട്ടവരും ആണ്. (പുരുഷൻ 7, സ്ത്രീകൾ 4). 1995 ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം അഴീക്കോട് പഞ്ചായത്തിൽ 9 അംഗീകൃത കോളണികളിലായി 656 പുരുഷൻമാരും, 725 സ്ത്രീകളും ഉൾപ്പെടെ 1381 പട്ടികജാതി ജനങ്ങളാണ്. കോളണികളിൽ അല്ലാതെയും കുടുംബങ്ങൾ ഇടകലർന്ന് ജീവിച്ചുവരുന്നവരും ഉണ്ട്. അവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. കോളണികളിൽ താമസിക്കുന്നവരിൽ 17 വയസ്സുവരെയുള്ളവർ 470ഉം 18 മുതൽ 60 വരെ പ്രായം ഉള്ളവർ 801ഉം 60 ന് മുകളിൽ പ്രായമുള്ളവർ 110 ഉം ആണ്. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ പട്ടികവർഗ്ഗക്കാർ ഇല്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ ചില നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയമായ ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, പഞ്ചായത്തിൽ നിന്നു ലഭിച്ച ഭൂമിയുടെ ലഭ്യതയും, ഗവൺമെൻറിൽ നിന്നു ലഭിച്ച മറ്റ് ആനുകൂല്യങ്ങളും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ നേരിടേണ്ടിവന്ന ഉച്ചനീചത്വങ്ങളിൽനിന്നും പൂർണ്ണമായ മോചനം നേടാൻ ഇന്നു കഴിഞ്ഞിട്ടുണ്ട്. ഈ വിഭാഗക്കാരുടെ വീടുകളിൽ വിവാഹ ചടങ്ങുകൾക്കും മറ്റും വിവിധ സമുദായക്കാരും, വിവിധ ജാതി മതസ്ഥരുടെ എല്ലാതരം ചടങ്ങുകളിലും പട്ടികജാതിക്കാരും പങ്കെടുക്കാറുണ്ട്. ഭൂമിയുടേയും സ്വത്തുക്കളുടേയും കൈവശാവകാശം ഇവരിൽ കുറവാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൻെറ ക്ഷേമത്തിനുവേണ്ടി സർക്കാർ പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. പക്ഷെ പദ്ധതികളെ സംബന്ധിച്ച അജ്ഞതയും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകളും കാരണം അവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ നൽകിവരുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. പ്രത്യേകിച്ച് കോളനി നിവാസികൾക്ക് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്.

കോളനികളുടെ വിവരവും അതിലെ വീടുകളിലെ സ്ഥിതിയും ആവശ്യകതയും പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

കോളനികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പല കോളനികളിലും കക്കൂസുകളുടെ എണ്ണം കുറവാണ്. ഓരോ വീടിനും ഓരോ കക്കൂസ് അനുവദിച്ച് കൊടുത്ത് പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. കോളനികളിൽ ശുചീകരണ സൗകര്യം വളരെ കുറവാണ്. കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട കുടുംബങ്ങളിലും കക്കൂസ് ഇല്ലാത്തവർ ഉണ്ട്. അവർക്കും കക്കൂസ്, ശുചീകരണ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതായിട്ടുണ്ട്.

പട്ടിക 1

| ക്രമ നമ്പർ | കോളനിയുടെ പേര് | നിലവിലുള്ള വീടുകളെ സംബന്ധിച്ച വിവരങ്ങൾ | | | | ആവശ്യമുള്ള വീടുകൾ | ശുചീകരണ സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | ഓല | ഓട് | മറ്റുള്ളവ | ആകെ | | കക്കൂസുകളുടെ എണ്ണം | ആവശ്യമുള്ളവ | കുളിമുറികളുടെ എണ്ണം | ആവശ്യമുള്ളവ |
| 1 | കപ്പക്കടവ് കിഴക്ക് | 2 | 27 | – | 29 | 2 | 5 | 24 | 5 | 24 |
| 2 | കപ്പക്കടവ് പടിഞ്ഞാറ് | 5 | 25 | – | 30 | 5 | 15 | 15 | 15 | 15 |
| 3 | വട്ടക്കണ്ടി പീടിക | 5 | 13 | – | 18 | 5 | 1 | 17 | 1 | 17 |
| 4 | അഴീക്കോട് ചാലിൽ | 3 | 16 | – | 19 | 5 | 4 | 15 | – | 19 |
| 5 | പള്ളിക്കുന്നുമ്പ്രം | 1 | 21 | 3 | 25 | 4 | 20 | 5 | 19 | 6 |
| 6 | അഴീക്കൽ ഹരിജൻ | 3 | 26 | 1 | 30 | 2 | 4 | 26 | 5 | 25 |
| 7 | കല്ലടത്തോട് | – | 43 | – | 43 | – | 28 | 15 | 28 | 15 |
| 8 | പടിഞ്ഞാറെ കാപ്പ് | 2 | 11 | 2 | 15 | – | 4 | 11 | 4 | 11 |
| 9 | ഭഗത്സിംഗ് | 3 | 9 | – | 12 | 3 | – | 12 | –– | 12 |
| | ആകെ | 24 | 191 | 6 | 221 | 26 | 81 | 140 | 77 | 144 |

അവലംബം – 1995 മെയ് – സാമൂഹ്യ സാമ്പത്തിക സർവ്വേ – ജില്ലാ പ്ലാനിംഗ് ഓഫീസ്

അഴീക്കോട് പഞ്ചായത്തിൽ വൈദ്യുതീകരിക്കാത്ത കോളനികൾ അഴീക്കൽ, ഭഗത്സിംഗ് കോളനികളാണ്. വൈദ്യുതീകരിക്കാത്ത, കോളനികളിലല്ലാത്ത വീടുകളും ഉണ്ട്. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കോളനികൾ പള്ളിക്കുന്നുമ്പ്രം, ഭഗത്സിംഗ് കോളനികളാണ്. റോഡ് സൗകര്യങ്ങൾ ഇല്ലാത്ത കോളനികൾ കപ്പക്കടവ് കിഴക്ക്, കപ്പക്കടവ് പടിഞ്ഞാറ്, അഴീക്കൽ, പടിഞ്ഞാറെ കാപ്പ്, ഭഗത്സിംഗ് കോളനികളാണ്. റോഡുകൾ ഉള്ള കോളനികളിലെ റോഡുകൾതന്നെ ഗതാഗതയോഗ്യമാക്കേണ്ടവയാണ്.

നമ്മുടെ പഞ്ചായത്തിലെ മൊത്തം 9 കോളനികളുടെ വിസ്തീർണ്ണം 22.95 ഏക്കറാണ്. ഈ കോളനികളിൽ ശുദ്ധജല സൗകര്യം ആവശ്യമാണ്.

## വിദ്യാഭ്യാസം

പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങളിൽ പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. ഒറ്റപ്പെട്ട കുടുംബങ്ങൾക്കു വിദ്യാഭ്യാസരംഗത്ത് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അലോപ്പതി ഡോക്ടർ ഉൾപ്പെടെ ഉന്നത ഉദ്യോഗങ്ങൾ വഹിക്കുന്നവരും ഈ വിഭാഗത്തിലുണ്ട്. എസ്.എസ്.എൽ.സി. ക്ക് ശേഷം തുടർന്നു പഠിക്കുന്നതിന് പല കുട്ടികളും താത്പര്യം കാണിക്കാത്ത സ്ഥിതിയുണ്ട്. രക്ഷിതാക്കൾ വേണ്ടത്ര ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല. ചില കുട്ടികൾ ഇടയ്ക്ക് പഠനം നിർത്തിവെക്കുന്ന സ്ഥിതിയും ഉണ്ട്. 1996–97 വർഷത്തിൽ പഞ്ചായത്തിലെ 16 സ്കൂളുകളിലായി 438 പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികൾ പഠിക്കുന്നു. പട്ടികജാതി കുട്ടികൾക്ക് ഈ പഞ്ചായത്തിൽ 36244 രൂപ ആനുകൂല്യമായി വിതരണം ചെയ്തിട്ടുണ്ട്.

അഴീക്കോട് പഞ്ചായത്തിലെ 3 ാം വാർഡിൽ പെൺകുട്ടികൾക്കുള്ള ഒരു പ്രീ മെട്രിക് ഹോസ്റ്റൽ ഉണ്ട്. 28 പട്ടികജാതി പെൺകുട്ടികൾ അവിടെ താമസിക്കുന്നുണ്ട്. ഈ കുട്ടികൾക്കുവേണ്ട പ്രാഥമിക സൗകര്യങ്ങൾ അവിടെ വളരെ കുറവാണ്. ഈ പഞ്ചായത്തിൽ നിന്നും പുറത്തുള്ള കുട്ടികളാണ് ഈ ഹോസ്റ്റലിൽ താമസിച്ചു

പഠിക്കുന്നത്. പെൺകുട്ടികൾ അടുത്തുള്ള യു.പി., ഹൈസ്കൂളുകളിലായി പഠിക്കുന്നു.

പട്ടിക 2 – വിദ്യാഭ്യാസ യോഗ്യതാനിലനാരം (കോളനികളിലെ കണക്ക്)

| പഞ്ചായത്ത് | കോളനി കളുടെ എണ്ണം | 10ാംക്ലാസ്സിന് താഴെ | 10ാംക്ലാസ്സിന് മുകളിൽ | പ്രീഡിഗ്രിക്ക് മുകളിൽ | ടി.എച്ച്. എസ്.സി | ഐ.ടി.ഐ | പോളി ടെക്നിക് | എൻജി നീയറിംഗ് |
|---|---|---|---|---|---|---|---|---|
| അഴീക്കോട് | 9 | 378 | 201 | 8 | – | 5 | – | – |

എസ്.എസ്.എൽ.സി. ക്ക് ശേഷം ഉപരിപഠനം നടത്തുന്നവരുടെ എണ്ണം പൊതുവെ ഈ വിഭാഗതിൽ കുറവാണ്. ഈ അവസ്ഥ മാറ്റി എടുക്കാനുള്ള പരിശ്രമം ഉണ്ടാവേണ്ടതാണ്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങൾ പഴയകാലത്ത് കാർഷിക മേഖലകളിൽ തൊഴിലെടുത്തു ഉപജീവനം കഴിച്ചവരായിരുന്നു. അടുത്തകാലത്ത് കാർഷികമേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിൻെറ തൊഴിൽ നഷ്ടപ്പെടുത്തുകയും വിവിധ മേഖലകളിലേക്കു പോകാൻ നിർബന്ധിതരായി തീരുകയും ചെയ്തു. ചിലർ നിർമ്മാണ രംഗത്ത് എത്തിച്ചേർന്നിട്ടുണ്ട്. സ്ത്രീകളിൽ കുറച്ചുപേർ മത്സ്യമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. ചുരുക്കം ചിലർ പരമ്പരാഗത വ്യവസായമായ ബീഡി, നെയ്ത്ത് മേഖലകളിൽ ജോലിചെയ്യുന്നു.

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ 2439 ആണ്. അതിൽ പട്ടികജാതി കുടുംബങ്ങൾ 53 ആണ്. നാളിതുവരെ സാമ്പത്തിക സഹായം

| പഞ്ചായത്ത് | കോളനി എണ്ണം | കർഷക തൊഴിലാളി കളുടെഎണ്ണം | വ്യവസായ തൊഴിലാളി കളുടെഎണ്ണം | സർക്കാർ ജീവനക്കാ രുടെ എണ്ണം | മറ്റുള്ളവർ | വിവിധ തൊഴിലു കളിൽ പരിശീലനം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|---|
| അഴീക്കോട് | 9 | 30 | 45 | 46 | 235 | 58 |

പട്ടിക 3 – തൊഴിൽ ഘടന (കോളനികൾ)

ലഭിച്ച കുടുംബങ്ങൾ 77 ആണ്. ഇതിൽ പഴയ സർവ്വെ പ്രകാരം ഉള്ള കുടുംബങ്ങളും ഉൾപ്പെടുന്നു. ഐ.ആർ.ഡി.പി. സ്കീമിൽ സ്വയം തൊഴിലിന് ലോൺ എടുത്തു ചെയ്യുന്നവരുണ്ട്. എന്നാൽ എടുത്ത ലോൺ തിരിച്ചടക്കാത്ത സ്ഥിതിയും ഉണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ഇവർക്ക് വിജയപ്രദമായിട്ടില്ല.

## പാർപ്പിടം

പാർപ്പിട പ്രശ്നം മുഴുവനായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന IAY, JRY, MM പദ്ധതികൾ വഴി പരിഹൃതമായിട്ടുണ്ട്. മിക്കവാറും കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറ്റ കുടിലുകളിൽ നിന്നും മോചനമായിട്ടുണ്ട്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാൻ സാധിക്കാത്ത സ്ഥിതിയുമുണ്ട്.

പട്ടികജാതിക്കാർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനുള്ള പദ്ധതികൾ, ഭവനനിർമ്മണ സഹായം, ഭൂരഹിത–ഭവനരഹിത പുനരധിവാസ പദ്ധതി, നിർദ്ധനരായ പട്ടികജാതിക്കാർക്ക് ചികിത്സക്കും വിവാഹത്തിനുമുള്ള സഹായം, കിണറുകളും ശുദ്ധജല വിതരണവും, വീടുകളിലെ വൈദ്യുതീകരണം തുടങ്ങിയവയാണ് നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ.

1995–96 വർഷത്തിൽ വൈദ്യുതീകരണത്തിന് 750 രൂപ വീതം 30 പട്ടികജാതി കുടുംബത്തിനും 13500 രൂപ

363

വീതം വീട് നിർമ്മാണത്തിന് 4 കുടുംബങ്ങൾക്കും സഹായം നൽകിയിട്ടുണ്ട്. 1996-97 വർഷത്തിൽ പുതിയ കിണർ കുഴിക്കുന്നതിന് 42000 രൂപയും, പുകയില്ലാത്ത അടുപ്പ് നിർമ്മാണത്തിന് 32000 രൂപയും ധനസഹായം നൽകുന്നതിന് പഞ്ചായത്ത് നീക്കിവച്ചിട്ടുണ്ട്. ഭവനനിർമ്മാണരംഗത്തേക്കു പട്ടികജാതി കുടുംബങ്ങൾ മുന്നോട്ടുവരാത്ത സ്ഥിതിയുമുണ്ട്.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി വേണ്ടത്ര കൈവന്നിട്ടില്ല. ഉന്നത വിദ്യാഭ്യാസരംഗത്തുനിന്നും വിദ്യാർത്ഥികൾ പിറകോട്ടുപോകുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ സാധ്യതകൾ കുറയുന്നു. കാർഷിക മേഖലയിൽനിന്നു തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നു.
3. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടില്ല. വീട് വയ്ക്കാൻ സ്ഥലമില്ല.
4. വീട് നിർമ്മിക്കാൻ ആവശ്യമായ ധനസഹായം പര്യാപ്തമല്ല. പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.
5. കോളനികളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ ആവശ്യത്തിനില്ല.
6. പൊതു ശ്മശാനം ഇല്ല.
7. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
8. നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ആവശ്യമായത്ര ധനസഹായം ലഭിക്കുന്നില്ല.
9. ക്ഷേമ പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
10. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് നൽകുന്ന ധനസഹായങ്ങളും വായ്പകളും ലക്ഷ്യം നേടുന്നില്ല.
11. പട്ടികജാതി ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്രയില്ല.
12. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ വേണ്ടത്രയില്ല.
13. റോഡ് സൗകര്യം ഇല്ലാത്ത കോളനികൾ ഉണ്ട്. ഉള്ള റോഡുകൾതന്നെ ഗതാഗതയോഗ്യമല്ല.

### പരിഹാര മാർഗ്ഗങ്ങൾ (നിർദ്ദേശങ്ങൾ)

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽസാധ്യത വർദ്ധിപ്പിക്കുക.
2. പഞ്ചായത്തിലെ പട്ടികജാതി പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുക. ഇതിനുവേണ്ട എല്ലാവിധ സഹായവും നൽകുക.
3. കുടിവെള്ള പ്രശ്നം പരിഹരിക്കുക.
4. വൈദ്യുതീകരിക്കാത്ത വീടുകളിൽ വൈദ്യുതീകരിക്കുവാൻ ആവശ്യമായതു ചെയ്യുക.
5. വ്യവസായ പരിശീലനം നൽകുകയും, പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ ധനസഹായം അനുവദിക്കുകയും ചെയ്യുക
6. കോളനികൾക്കു കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപാദനത്തിനായി വിനിയോഗിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
7. വീട് ധനസഹായം വർദ്ധിപ്പിക്കുക. വീട് വയ്ക്കുന്നതോടൊപ്പം കക്കൂസ്, പുകയില്ലാത്ത അടുപ്പ് എന്നിവ നിർമ്മിക്കുന്നതിനും ധനസഹായം നൽകുക.
8. പൊതു ശ്മശാനം നിർമ്മിക്കുക.
9. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ബാലവാടികളും നേഴ്സറി സ്കൂളുകളും കോളനികളിൽ ഏർപ്പെടുത്തുക.
10. കുടുംബ ബാധ്യത ഏറ്റെടുത്ത് ഉപരിപഠനം അവസാനിപ്പിക്കേണ്ടിവരുന്ന നിർദ്ധന കുടുംബങ്ങളെ കണ്ടെത്തി പഠനം തുടരുന്നതിനാവശ്യമായ സംവിധാനമേർപ്പെടുത്തുക.
11. പഠനം അവസാനിപ്പിച്ചവരുടെ തുടർവിദ്യാഭ്യാസം നടത്താൻ ആവശ്യമായത് ചെയ്യുക.
12. കോളനികളിൽ റോഡ് ഇല്ലാത്ത സ്ഥലത്ത് പുതിയ റോഡുകൾ നിർമ്മിക്കുക. ഉള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുക.
13. വായനശാലകൾ സ്ഥാപിക്കുക.
14. അഭ്യസ്തവിദ്യരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.
15. എസ്.എസ്.എൽ.സി. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.
16. കോളനികളിൽ വയോജന വിദ്യാഭ്യാസത്തിൻെറ ഭാഗമായി സാക്ഷരതാ പ്രവർത്തനം ഏറ്റെടുത്തു നടത്തുക.
17. കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. ◆ ◆

# സഹകരണ മേഖല

സഹകരണ പ്രസ്ഥാനം ചെന്നെത്താത്ത രാഷ്ട്രങ്ങളോ മേഖലകളോ ഇല്ലെന്നുതന്നെ പറയാം. അതിനാൽ ഈ പ്രസ്ഥാനത്തെ കൂടുതൽ ജനകീയമാക്കാനുള്ള പ്രവണതക്ക് ഒരു മങ്ങൽ ഉണ്ടാകാനിടയില്ല എന്നത് തർക്കമറ്റ വസ്തുതയാണ്. ജനാധിപത്യ വ്യവസ്ഥിതിയിലുള്ള മൂന്ന് സുപ്രധാന ഘടകങ്ങൾ - ഗ്രാമ പഞ്ചായത്തുകൾ, ഗ്രാമീണ സഹകരണ സംഘങ്ങൾ, ഗ്രാമീണ വായനശാലകൾ എന്നിവയാണെന്നും ഗ്രാമ വികസനത്തിൽ ഇവയുടെ പങ്ക് അതിപ്രധാനമാണെന്നും സഹകരണം ഒരു ജീവിത രീതിയാണെന്നും മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹറു ഉദ്ബോധിപ്പിക്കുകയുണ്ടായിട്ടുണ്ട്. "സമൂഹത്തിൻെറ മുഴുവൻ താൽപര്യത്തിനുവേണ്ടി സംഘടിപ്പിക്കുന്നതും, ലാഭം ആഗ്രഹിക്കാത്ത, ഉൽപാദനവും സ്വാശ്രയ പരസ്പരാശ്രയത്തിലും നിർവ്വഹിക്കപ്പെടുന്ന വ്യാപാരവുമുള്ള സംഘടനയാണ് സഹകരണം." പഞ്ചായത്തുകളും സഹകരണ സ്ഥാപനങ്ങളും ജനാധിപത്യ സ്ഥാപനങ്ങളാണ്. ഇവ ഒരു നാണയത്തിൻെറ ഇരുവശങ്ങളാണെന്നുപറയാം. ഗ്രാമ പുരോഗതിയിലേക്കുള്ള ഒരു സമഗ്ര വഴിത്താരയാണ് സഹകരണ പ്രസ്ഥാനം. അതുകൊണ്ടുതന്നെ സഹകരണം ഗ്രാമത്തിൻെറ വികസന പാതയിൽ അനിവാര്യ ഘടകമാണെന്ന് മനസ്സിലാക്കാം.

1904 ലെ സഹകരണ നിയമത്തിൻെറ ചുവട് പിടിച്ച് തുടങ്ങിയ സഹകരണ സംഘങ്ങളാണ് ആദ്യകാലത്ത് പ്രവർത്തിച്ചിട്ടുള്ളത്. 1969 ലെ സഹകരണ നിയമം അവരുടെ പ്രവർത്തനത്തെ കൂടുതൽ പരിപോഷിപ്പിച്ചതായി കാണാം.

ഈ പഞ്ചായത്തിൽ 33 സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പറയാം. ഈ സ്ഥാപനങ്ങൾ എല്ലാം തന്നെ സഹകരണ വകുപ്പിൻെറ നിയന്ത്രണത്തിൻ കീഴിലുള്ളതല്ല. വിവിധ മേഖലകളിലാണ് ഈ സംഘങ്ങളുടെ പ്രവർത്തനം. ക്രഡിറ്റ് മേഖലയിൽ 4 എണ്ണവും, വ്യവസായ മേഖലയിൽ 14 എണ്ണവും, സ്കൂൾ സഹകരണ മേഖലയിൽ 6 എണ്ണവും, ഉപഭോക്തൃ മേഖലയിൽ 4 എണ്ണവും, ഫിഷറീസ് മേഖലയിൽ 1ഉം, ക്ഷീരമേഖലയിൽ 1ഉം, മറ്റു മേഖലകളിലായി 5 എണ്ണവും പ്രവർത്തിക്കുന്നുണ്ട്. ഓരോന്നിൻേറയും ഇനം തിരിച്ച പട്ടിക താഴെ ചേർത്തിട്ടുണ്ട്.

## ക്രഡിറ്റ് മേഖലയിലെ സംഘങ്ങൾ

ക്രഡിറ്റ് മേഖലയിൽ ഈ പഞ്ചായത്തിൽ 4 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ ആദ്യമായി ഒരു സഹകരണ സംഘം ഉണ്ടായത് 26.6.1931 ൽ ആണ്. "അഴീക്കോട് ലക്ഷ്മീവിലാസം ആദി ദ്രാവിഡ ഐക്യനാണയ സംഘം" എന്നായിരുന്നു അതിൻെറ പേര്. ആ സ്ഥാപനം കുറേക്കാലം മന്ദീഭവിച്ച പ്രവർത്തനമായിരുന്നു. 1981 ൽ അഴീക്കോട് ഹരിജൻ സർവ്വീസ് സംഘമായും പ്രവർത്തിച്ചു വരുന്നു. എന്നാൽ പഞ്ചായത്തിൽ പരക്കെ പ്രചാരമുള്ളതും പ്രധാനപ്പെട്ടതുമായ സ്ഥാപനം അഴീക്കോട് സർവ്വീസ് സഹകരണ ബാങ്കാണ്. ഈ സ്ഥാപനം 1944 ൽ ഒരു സഹകരണ സ്റ്റോറായി പ്രവർത്തനമാരംഭിക്കുകയും 1957 ൽ അർബ്ബൻ ബാങ്കായി മാറുകയും പിന്നീട് 1961 ൽ അഴീക്കോട് സർവ്വീസ് സഹകരണ ബാങ്കായും പ്രവർത്തിച്ചുവരുന്നു. ബാങ്കിൻെറ ആദ്യകാല പ്രസിഡണ്ടുമാരായ ശ്രീ. എ. കെ. നായർ, ശ്രീ. എം. പി. നാരായണൻ നമ്പ്യാർ എന്നിവരുടെ സേവനങ്ങൾ ബാങ്കിൻെറ ഇന്നത്തെ വളർച്ചയിൽ വഹിച്ച പങ്ക് അവിസ്മരണീയമാണ്. ബാങ്കിന് വൻകുളത്തു വയലിലുള്ള ഹെഡ്ഡാഫീസും ബ്രാഞ്ചുൾപ്പെടെ 4 ബ്രാഞ്ചുകളുണ്ട്. 2 കൺസ്യൂമർ സ്റ്റോറും, ഒരു ക്ലോത്ത് സ്റ്റോറും, 2 വളം ഡിപ്പോയും ഈ ബാങ്ക് നടത്തുന്നുണ്ട്. ബാങ്കിൽ 11309 A class അംഗങ്ങളും 8 കോടി രൂപ നിക്ഷേപവുമുണ്ട്.

കണ്ണൂർ ജില്ലാബാങ്കിൻെറ അഴീക്കോട് ശാഖ 1993 ൽ ഈ പഞ്ചായത്തിൽ ആരംഭിച്ചു. 1,75,00,000 രൂപ നിക്ഷേപവും 70 ലക്ഷം രൂപ വായ്പയും ഈ ബാങ്കിനുണ്ട്.

1993 ൽ ആരംഭിച്ച അഴീക്കോട് സൗത്ത് വനിതാ സഹകരണ സംഘമാണ് 4ാമത്തേത്. 321 അംഗങ്ങളും 1 ലക്ഷം രൂപ നിക്ഷേപവും ഈ സംഘത്തിനുണ്ട്.

ഇത് കൂടാതെ 1993 ൽ ആരംഭിച്ച വളപട്ടണം വനിതാ സഹകരണത്തിൻെറ പ്രവർത്തന പരിധിയിൽ അഴീക്കോട് പഞ്ചായത്തും ഉൾപ്പെടുന്നുണ്ട്.

പട്ടിക 1

| സംഘത്തിൻെറ പേര് | ആകെ അംഗങ്ങൾ | ഓഹരി മൂലധനം | നിക്ഷേപങ്ങൾ | വായ്പകൾ | സ്ഥാപനച്ചിലവ് |
|---|---|---|---|---|---|
| അഴീക്കോട് സർവ്വീസ് സഹ.ബേങ്ക് | A 11309<br>B 2<br>C 74132 | A 1175780<br>B 335000<br>C 74132 | 7,99,06,908 | 87727862 | 2,87,1264 |
| അഴീക്കോട് പട്ടികജാതി സർവീസ് | A 1060 | 60368 | Thrift 6005 | 69870 | - |
| കണ്ണൂർജില്ലാബേങ്ക് | - | | 17611581 | 6997036 | 113212 |
| അഴീക്കോട്സൗത്ത് വനിത | A 321 | 19625 | 85330 | 121362 | 23000 |

അഴീക്കോട് പട്ടികജാതിസംഘം ടൈലറിംഗ് യൂണിറ്റ് വഴി 1,16,331 രൂപയുടെ വിറ്റുവരവ് ഉണ്ടാക്കിയിട്ടുണ്ട്

## പ്രശ്നങ്ങൾ

ഇതിൽ സൂചിപ്പിച്ചിട്ടുള്ള പ്രശ്നങ്ങൾ ഗ്രാമസഭയിൽനിന്നും ഉയർന്നുവന്നിട്ടുള്ളതാണ്.

1. അർഹതപ്പെട്ട വ്യക്തികൾക്ക് അംഗത്വം ലഭിക്കുന്നില്ല.
2. അഴീക്കോട് സർവ്വീസ് സഹകരണ ബാങ്ക് നല്കിയ മൊത്തം വായ്പയുടെ ചെറിയ ശതമാനം മാത്രമാണ് കാർഷിക വായ്പയായി നൽകിക്കാണുന്നത്.
3. സാധാരണക്കാരൻെറ അടിയന്തിരാവശ്യങ്ങൾ പരിഹരിക്കുന്നതിന് അനുയോജ്യമായ നടപടികൾ തക്ക സമയത്ത് ലഭിക്കുന്നില്ല.
4. വായ്പാ നടപടികളുടെ വ്യവസ്ഥകൾ സങ്കീർണ്ണമാണ്.
5. സ്വർണ്ണ പണയത്തിന് പലിശകൂടാതെയുള്ള മറ്റ് ചാർജ്ജുകൾ ഒഴിവാക്കേണ്ടതാണ്.
6. വിളവായ്പാ, കാർഷിക വായ്പ എന്നിവ യഥാസമയം വിതരണം ചെയ്യപ്പെടുന്നില്ല.
7. വളം, കീടനാശിനി എന്നിവ ന്യായ വിലക്ക് ലഭിക്കുന്നില്ല.
8. ഉപഭോക്താവിൻെറ ആവശ്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നതായി കാണുന്നില്ല.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1991 ലെ സെൻസസ് പ്രകാരം 42354 ആണ് പഞ്ചായത്തിലെ ജനസംഖ്യ. പ്രായപൂർത്തിയായവർ 30,000 ൽ കൂടുതലാണ്. ക്രഡിറ്റ് മേഖലയിലെ എല്ലാ സംഘങ്ങളിലും കൂടി അംഗസംഖ്യ 12,000 ൽ കുറവാണ്. അതായത് 60% ആളുകളും അംഗത്വത്തിന് പുറത്തുനിൽക്കുന്നു. ക്രഡിറ്റ് മേഖലയിൽ പുതിയ സംരംഭത്തിന് സാധ്യതകളുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. പ്രത്യേകിച്ചും കാർഷിക വായ്പാരംഗത്ത്. പ്രാഥമിക മേഖലയുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് കാര്യമായ പരിഗണന ലഭിക്കേണ്ടതാണ്.

### വ്യവസായ സഹകരണ സ്ഥാപനങ്ങൾ

വ്യവസായ മേഖലയിൽ 14 സഹ. സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടത് 4 യൂണിറ്റ് ഉള്ള അഴീക്കോട് ദിനേശ് ബീഡി സംഘമാണ്. 1969 ൽ രൂപീകരിച്ച ഈ സംഘത്തിൽ 418 മെമ്പർമാർ ഈ പഞ്ചായത്തിലുണ്ട്.

ഒരു പവ്വർലൂം ഉൾപ്പെടെ 5 വീവേഴ്സ് സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഗാർമെൻറ്സ് ടെയിലറിങ്ങ് രംഗത്ത് 2 വനിതാ ഇൻഡസ്ട്രിയൽ സംഘവും, ട്രാവലിംഗ് ബാഗ് മാനുഫാക്ചറിംഗ് സംഘവും, ഒരു സെറി കൾച്ചർ സംഘവും, പട്ടികജാതി ഗ്രാമ വ്യവസായ സംഘവും, ഒരു കയർ വ്യവസായ സംഘവും ഒരു യന്ത്രവൽകൃത ചകിരി സംഘവും പ്രവർത്തിക്കുന്നുണ്ട്.

അഴീക്കോട് സൗത്ത് വീവേഴ്സ് കുറച്ചുകാലം പ്രവർത്തനരഹിതമായിരുന്നുവെങ്കിലും ഇപ്പോൾ

പ്രവർത്തിച്ചുവരുന്നുണ്ട്. ഹരിജൻ വീവേഴ്സ് പ്രവർത്തനരഹിതമാണ്. അഴീക്കോട് SC / ST ഗ്രാമ വ്യവസായ സംഘം പ്രവർത്തനം ആരംഭിച്ചിട്ടില്ല. യന്ത്രവൽകൃത ചകിരി സംഘം ഉത്പാദനം ആരംഭിച്ചിട്ടില്ല. സെറികൾച്ചർ

പട്ടിക 2

| സംഘത്തിൻെറ പേര് | മെമ്പർമാർ (ആകെ) | തൊഴിലാളികൾ | വിറ്റുവരവ് | ലാഭം/ നഷ്ടം |
|---|---|---|---|---|
| അഴീക്കോട് ദിനേശ്ബീഡി | 1599 | 801 | 2,18,41,290 | നഷ്ടം |
| അഴീക്കൽ വീവേഴ്സ് | 285 | 81 | 57,00,000 | ലാഭം |
| അഴീക്കോട് വീവേഴ്സ് | 1024 | 37 | 19,18,000 | നഷ്ടം |
| കണ്ണൂർ പവർലൂം | 158 | 14 | 36,00,280 | നഷ്ടം |
| അഴീക്കോട് ചപ്പൽ നിർമ്മാണം | 51 | 13 | 7,00,000 | നഷ്ടം |
| അഴീക്കൽ കയർവ്യവസായം | 652 | 34 | 467070 | നഷ്ടം |
| അഴീക്കോട് വുമൺ മൾട്ടി | 34 | 19 | 226188 | ലാഭം |
| കണ്ണൂർ ഗാർമെൻറ്സ് | 168 | 13 | 1,03,164 | നഷ്ടം |

പ്രവർത്തനരഹിതമാണ്.

## പ്രശ്നങ്ങൾ

1. പ്രധാന വ്യവസായമായ ബീഡി പ്രതിസന്ധിയിലാണ്. മാർക്കറ്റ് ഇടിവും വില്പനക്കുറവുമാണ് പ്രധാന പ്രശ്നം.
2. ഉത്പാദനവും മാർക്കറ്റിംഗും തമ്മിലുള്ള ഏറ്റക്കുറച്ചിലുകൾ.
3. വ്യവസായ മലിനീകരണത്തെ നേരിടുന്നതിനുള്ള അധികച്ചെലവ്.
4. ലഭിക്കുന്ന ഓർഡർ ഇടനിലക്കാർ മുഖേനയായതിനാൽ കൈത്തറി മേഖലയിൽ ലാഭം കുറവാണ്.
5. അസംസ്കൃത സാധനങ്ങൾ വിലകുറച്ചും യഥാസമയവും ലഭിക്കാതെ വരിക.

## സാധ്യതകൾ

ബീഡി വ്യവസായത്തെ വൈവിദ്ധ്യവൽക്കരിച്ച് മറ്റു മാർഗങ്ങൾ സ്വീകരിക്കുക. കൈത്തറി രംഗത്ത് ഉത്പാദനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികളും യഥാസമയം അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക. ഇടനിലക്കാരില്ലാതെ നേരിട്ട് ഓർഡർ ലഭിക്കാൻ നടപടി സ്വീകരിക്കുക. ആധുനിക ഡിസൈൻ, മാർക്കറ്റ് മുതലായവ പരമാവധി പ്രയോജനപ്പെടുത്തുക. കയർ വ്യവസായത്തിന് മെച്ചപ്പെട്ട തൊഴിലാളികളുടെ സേവനം ലഭ്യമാക്കി ഉത്പാദനം വർദ്ധിപ്പിക്കുകയും മാറ്റ്സ് & മാറ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

## സ്കൂൾ സഹ. സംഘങ്ങൾ

ഈ പഞ്ചായത്തിലെ 6 സ്കൂളുകളിൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. അഴീക്കോട് ഹൈസ്കൂൾ, അഴീക്കോട് ഗവ: ഹൈസ്കൂൾ, അഴീക്കൽ ഫിഷറീസ് സ്കൂൾ, അഴീക്കോട് സൗത്ത് യു.പി. സ്കൂൾ, രാമജയം യു.പി.സ്കൂൾ, അക്ലിയത്ത് സ്കൂൾ എന്നിവിടങ്ങളിലാണ് സഹകരണ സംഘങ്ങൾ ഉള്ളത്. അതിൽ രാമജയം സ്കൂൾ സഹകരണ സംഘം പ്രവർത്തനരഹിതമാണ്. ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെക്കുന്നത് അഴീക്കോട്

പട്ടിക 3

| പേര് | അംഗങ്ങൾ | വിറ്റുവരവ് | ലാഭം |
|---|---|---|---|
| 1. അഴീക്കോട് എച്ച്.എസ് | 12676 | 127419 | ലാഭം |
| 2. അഴീക്കോട് ജി.എച്ച്.എസ് | 1450 | 50979 | ലാഭം |
| 3. അക്ലിയത്ത് യു.പി | 1110 | 29876 | ലാഭം |
| 4. അഴീക്കോട് സൗത്ത് യു.പി | 563 | 60320 | ലാഭം |
| 5. അഴീക്കൽ ഫിഷറീസ് | 809 | 24023 | ലാഭം |

ഹൈസ്കൂൾ സഹകരണ സംഘമാണ്.

**പ്രശ്നങ്ങൾ**

സ്കൂൾ സംഘങ്ങൾ പാഠപുസ്തക വിതരണം മാത്രം ശ്രദ്ധിക്കുന്നു. കുറഞ്ഞ വിലക്കുള്ള നോട്ട് ബുക്കുകൾ, യൂണിഫോം, സ്റ്റേഷനറി എന്നിവയുടെ വിതരണം നടത്തുന്നില്ല.

അതാത് സ്കൂളിൻെറ വിദ്യാർത്ഥികളുടെ ആവശ്യത്തിനനുസൃതമായിട്ടുള്ള വില്പന നടത്തുന്നില്ല.

**സാധ്യതകൾ**

അതാത് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ആവശ്യത്തിനനുസരിച്ച് പാഠപുസ്തകങ്ങളും, നോട്ട് ബുക്കും, യൂണിഫോമും, സ്റ്റേഷനറിയും ന്യായമായ വിലക്ക് യഥാസമയം വിതരണം നടത്തുക. വിദ്യാർത്ഥികളിൽ മിതവ്യയ ശീലം, സ്വാശ്രയ ശീലം, സഹകരണ മനോഭാവം എന്നിവ വളർത്തുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

**കൺസ്യൂമർ സ്റ്റോർ**

നമ്മുടെ പഞ്ചായത്തിൽ ഉപഭോക്തൃരംഗത്ത് 4 കൺസ്യൂമർ സ്റ്റോർ പ്രവർത്തിച്ചുവരുന്നുണ്ട്. രണ്ടെണ്ണം അഴീക്കോട് സർവ്വീസ് ബാങ്കിൻെറ കീഴിലും, ഒരെണ്ണം അഴീക്കോട് ബീഡി സംഘത്തിൻെറ കീഴിലും ഒരെണ്ണം പൂതപ്പാറയിലുള്ള അഴീക്കോട് പഞ്ചായത്ത് കൺസ്യൂമർ സ്റ്റോറുമാണ്. പൊയ്തുംകടവിൽ 1993 ൽ ആരംഭിച്ച സ്റ്റോർ ഇപ്പോൾ പ്രവർത്തനരഹിതമാണ്.

ഇതിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം അഴീക്കോട് സർവ്വീസ് ബാങ്കിൻെറ കീഴിൽ വൻകുളത്തു വയലിൽ പ്രവർത്തിക്കുന്ന സ്റ്റോറാണ്. ഇതിൻെറ കൂടെയുള്ള ക്ലോത്ത് സ്റ്റോറും നല്ലരീതിയിൽ പ്രവർത്തിക്കുന്നു.

അഴീക്കൽ ബ്രാഞ്ചിനോടനുബന്ധിച്ച് നടത്തുന്ന സ്റ്റോറിൻെറ പ്രവർത്തനം അത്രയധികം മെച്ചപ്പെട്ടതല്ല. അഴീക്കോട് ദിനേശ് ബീഡി സംഘത്തിൻെറ കീഴിലുള്ള സ്റ്റോർ സാമാന്യം നല്ല പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്. മൊത്തം 628 മെമ്പർമാരും 13,36,789 രൂപ വിറ്റുവരവും ഈ സ്ഥാപനത്തിനുണ്ട്. ഇപ്പോൾ സംഘം മെമ്പർമാർക്ക് ഗൃഹോപകരണ പദ്ധതിപ്രകാരം വായ്പനൽകി വരുന്നുണ്ട്. പൂതപ്പാറയിൽ പ്രവർത്തിക്കുന്ന അഴീക്കോട് പഞ്ചായത്ത് കൺസ്യൂമർ സ്റ്റോറിൽ 637 മെമ്പർമാരും 6,00,000 രൂപ വിറ്റുവരവുമുണ്ട്. സംഘം സാമാന്യം നല്ലരീതിയിൽ പ്രവർത്തിക്കുന്നു.

**പ്രശ്നങ്ങൾ**

1. ഉപഭോക്താവിൻെറ ആവശ്യത്തിനും അഭിരുചിക്കും അനുസരിച്ചുള്ള സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭിക്കുന്നില്ല.
2. സ്ഥല പരിമിതികാരണം വില്പനക്കുള്ള സാധനങ്ങൾ പ്രദർശിപ്പിക്കാൻ കഴിയുന്നില്ല.
3. മാർക്കറ്റിലെ ഏറ്റകുറച്ചിലിനനുസരിച്ച് വില്പന നടത്താനുള്ള സാങ്കേതിക തടസ്സം.
4. സ്റ്റോക്ക് ചെയ്ത സാധനങ്ങൾ വിലയിൽ വ്യത്യാസം വരുമ്പോൾ അതനുസരിച്ച് വിൽക്കാൻ കഴിയുന്നില്ല. അത് കാരണം സാധനത്തിന് വില കൂടുതലാണെന്ന തോന്നൽ ഉണ്ടാവുന്നു.
5. സ്വകാര്യ മുതലാളിമാർ നൽകിവരുന്ന ആനുകൂല്യം ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കുന്നില്ല.

**സാധ്യതകൾ**

ഉപഭോക്താവിനാവശ്യമായ സാധനങ്ങൾ എല്ലാംതന്നെ ന്യായമായ വിലക്ക് ലഭ്യമാക്കുക. ഉപഭോക്താവിനെ ആകർഷിക്കത്തക്കവിധം ആനുകൂല്യം നൽകുകയും സാധനങ്ങൾ പ്രദർശിപ്പിക്കുകയും യഥേഷ്ടം തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം ലഭിക്കുകയും വേണം. ഓരോവീട്ടിലും നിത്യോപയോഗ സാധനങ്ങൾ എത്തിക്കുവാൻ ഉപഭോക്താക്കളിൽനിന്ന് ട്രേഡ് ഡപ്പോസിറ്റ് സ്വീകരിച്ച് ഡോർ ഡെലിവറി സിസ്റ്റം നടപ്പിലാക്കുന്നതിന് പഞ്ചായത്തുതലത്തിൽ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുകയും ആയതിന് വിപുലമായ സെൽഫ് സർവ്വീസ് വിഭാഗം ഉണ്ടാക്കുകയും വേണം.

## ക്ഷീര സഹകരണ സംഘം

അഴീക്കോട് പഞ്ചായത്തിൽ ഒരു ക്ഷീര സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. ഈ സംഘത്തിൻെറ കീഴിൽ 11 കറവ കേന്ദ്രങ്ങളും 10 ജീവനക്കാരുമുണ്ട്. ഒരു ദിവസം 800 ലിറ്റർ പാൽ ഈ സംഘം ശേഖരിച്ച് വിതരണം നടത്തിവരുന്നുണ്ട്. സംഘത്തിൽ 419 ഉപഭോക്തൃ മെമ്പർമാരുണ്ട്. 168 പശുക്കളാണ് കറവകേന്ദ്രത്തിലെത്തുന്നത്. 8,26,130 രൂപയുടെ കാലിത്തീറ്റ വിറ്റുവരവ് ഈ സംഘത്തിനുണ്ട്.

368

അഴീക്കോട് നോർത്തിൽ പാലുല്പന്ന യൂനിറ്റ് ഊ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

പഞ്ചായത്തിലെ 800 ഓളം വരുന്ന കറവ മാടുകളിൽ ചെറിയ ശതമാനം മാത്രമാണ് സംഘത്തിന്റെ കറവ കേന്ദ്രത്തിലെത്തുന്നത്. യഥാർഥ പാലുല്പാദകന് സംഘത്തിന്റെ പ്രയോജനം വേണ്ടവിധം ലഭിക്കുന്നില്ല. വൈക്കോൽ, തീറ്റപുല്ല് എന്നിവയുടെ വിതരണം ലഭ്യമല്ല. നല്ലയിനം പശുക്കളെ സംഘം മുഖേന വിതരണം നടത്താൻ സാധിക്കുന്നില്ല.

### സാധ്യതകൾ

സഹകരണ മേഖലയിൽ കാലിത്തീറ്റ ഫാക്ടറി തുടങ്ങേണ്ടത് ആവശ്യമാണ്.

തീറ്റപുൽകൃഷിയും ആരംഭിക്കാവുന്നതാണ്.

ഉത്പാദനക്ഷമതയും രോഗപ്രതിരോധശേഷിയുമുള്ള പശുക്കളെ ക്ഷീര സംഘം മുഖേന കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്.

ആധുനിക രീതിയിലുള്ള കാലിവളർത്തൽ സംഘം മുഖേന കർഷകർക്ക് ആവശ്യമായ സഹായ നിർദ്ദേശങ്ങൾ നടപ്പിലാക്കുക.

### മറ്റു സംഘങ്ങൾ

അഴീക്കോട് കാർപെൻററി & ബ്ലേക്ക്സ്മിത്തി, അഴീക്കോട് എണ്ണ ഉത്പാദന വിപണന സംഘം, അഴീക്കോട് പ്രിൻറിംഗ്, അഴീക്കോട് ബിൽഡിംഗ്, അഴീക്കോട് വുഡ് വർക്ക്ഷ്, അഴീക്കോട് കടപ്പുറം മത്സ്യതൊഴിലാളി ക്ഷേമസംഘം എന്നിവയാണ് മറ്റു സംഘങ്ങൾ. ഇതിൽ മിക്കവയും നാമമാത്രമാണ്.

### സഹകരണരംഗത്തെ മറ്റ് സാധ്യതകൾ

മേൽ സൂചിപ്പിച്ച കാര്യങ്ങളിൽനിന്നും നമുക്ക് മനസ്സിലാവുന്നത്, ഈ പഞ്ചായത്തിൽ ഒട്ടു മിക്ക മേഖലകളിലും സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ഒന്നുരണ്ട് മേഖലകളിൽ കൈ വെച്ചിട്ടില്ല. പ്രധാനപ്പെട്ടത് പഴം പച്ചക്കറി ഉത്പാദന വിതരണ രംഗത്താണ്. അഴീക്കോട് നോർത്ത് ചാലിലും, സൗത്തിൽ തെക്കുഭാഗത്തും പച്ചക്കറി കൃഷിക്കാരുണ്ട്. അവർ ഉത്പാദിപ്പിക്കുന്ന പച്ചക്കറി കണ്ണൂർ മാർക്കറ്റിലാണ് കൊണ്ടുപോകുന്നത്. കൊണ്ടുപോകാനുള്ള വിഷമം, വിലക്കുറവ് എന്നിവ ഈ കൃഷിക്കാർക്ക് അനുഭവപ്പെടുന്നുണ്ട്. ഇവരുടെ പ്രശ്നത്തിന് പരിഹാരം ലഭിക്കണമെങ്കിൽ പഞ്ചായത്ത് ആസ്ഥാനമാക്കി ഒരു പഴം പച്ചക്കറി ഉത്പാദന വിപണന സംഘം രൂപീകരിക്കേണ്ടത് ആവശ്യമാണ്. ഈ സംഘംമുഖേന ആവശ്യമുള്ള വളം, വിത്ത്, സാമ്പത്തിക സഹായം എന്നിവ യഥാസമയം ലഭ്യമാക്കുകയും വിളവ് സംഘംമുഖേന വിൽക്കുകയും ചെയ്താൽ കർഷകർക്ക് വളരെയേറെ ഗുണംചെയ്യും. മറ്റൊന്ന് ഹൗസിങ്ങ് സഹകരണ സംഘമാണ്. അഴീക്കോട് പഞ്ചായത്തിൽ, കണ്ണൂർ കാർഷിക വികസന ബാങ്കിൽ നിന്ന് 25,00,000 രൂപയും, ജില്ലാ ബാങ്കിന്റെ അഴീക്കോട് ബ്രാഞ്ചിൽനിന്ന് 13,13,000 രൂപയും സർവ്വീസ് സഹകരണ ബാങ്കിൽനിന്ന് 4,20,000 രൂപയും ഭവനനിർമ്മാണ വായ്പയായി ഈ വർഷം വിതരണം നടന്നതായി കാണാം. ഇതിന്റെ എത്രയോ ഇരട്ടി തുക മറ്റു വിവിധ സംഘങ്ങൾ, ഹൗസിങ്ങ് ബോർഡ് മുതലായ സ്ഥാപനങ്ങളിൽനിന്നും വീടുനിർമ്മിക്കുന്നതിന് എടുത്തിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ആയതിനാൽ ഒരു ഹൗസിങ്ങ് സഹകരണ സംഘവും ഈ പഞ്ചായത്തിൽ അത്യാവശ്യമാണ്. എന്നാൽ മാത്രമേ ഭവന നിർമ്മാണത്തിന് സാധാരണക്കാരന് ആശ്വാസമേകാൻ കഴിയുകയുള്ളൂ.

പഞ്ചായത്ത് കേന്ദ്രമാക്കി ഓരോ സാമൂഹ്യക്ഷേമ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. ഇതിൽ ഗ്രാമതല വികസനോദ്യോഗസ്ഥൻമാരും, മറ്റ് സഹകരണ സംഘങ്ങളും, അർഹരായ വ്യക്തികളും സന്നദ്ധ സംഘടനകളേയും അംഗങ്ങളായി ചേർക്കുകയും ചെയ്യാം. ദുർബലരെയും ഇടത്തരക്കാരെയും സഹായിക്കുവാനുള്ള സംവിധാനമാണ് ഇത്തരം സംഘങ്ങൾകൊണ്ടുദ്ദേശിക്കുന്നത്. താഴെ പറയുന്ന പ്രവർത്തനങ്ങൾ ഇവക്ക് നടത്താവുന്നതാണ്.

1. വിവാഹചടങ്ങുകൾ, അതുപോലുള്ള മറ്റു ചടങ്ങുകൾക്കാവശ്യമായ സജ്ജീകരണങ്ങൾ വാടകക്ക് ലഭ്യമാക്കുക
2. വനിതാ ഉദ്യോഗസ്ഥരുടെ കുട്ടികളുടെ സംരക്ഷണത്തിന് നഴ്സറി സ്കൂൾ നടത്തുക.
3. ഉല്ലാസയാത്ര, പഠനയാത്ര തുടങ്ങിയവയ്ക്ക് ന്യായമായ ഫീസീടാക്കി വേണ്ട സൗകര്യങ്ങൾ ചെയ്യുക.
4. വനിതകൾക്കും മറ്റ് കുടുംബാംഗങ്ങൾക്കും പാചകം, ശുചീകരണം, ഗൃഹാലങ്കാരം, സൗന്ദര്യ പരിപാലനം എന്നിവയിൽ വിദഗ്ധോപദേശം നിശ്ചിത ഫീസീടാക്കി ചെയ്തുകൊടുക്കുക.
5. സ്വയം തൊഴിൽ കണ്ടെത്താനുള്ള ഹ്രസ്വകാല കോഴ്സുകൾ സംഘടിപ്പിക്കുക.
6. വിവിധ മേഖലകളിലെ റിട്ടയേർഡ് ആളുകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുക.

369

7. വികസനോദ്യോഗസ്ഥൻമാരുടെ സഹകരണത്തോടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തുക.

ഇന്നത്തെ വ്യവസ്ഥിതിയിൽ സാമൂഹ്യക്ഷേമ സംഘങ്ങൾക്ക് പ്രസക്തിയേറിവരുകയാണ്. സാമ്പത്തിക വികസനത്തിനുള്ള ഉപാധി സാമൂഹ്യ വികസനത്തിനും പ്രയോജനപ്പെടാൻ ഇത് പോലുള്ള സഹകരണ പ്രസ്ഥാനത്തിന് കഴിയും. കൂടാതെ ഗ്രാമസഭയിൽ എടുത്തു പറഞ്ഞിട്ടുള്ള കോഴിവളർത്തൽ, പുഷ്പകൃഷി, കാറ്ററിംഗ് എന്നീ വിഭാഗങ്ങളിലും സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ച സാധ്യതകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടാൽ ജീവിതത്തിൻെറ താഴേക്കിടയിലുള്ള ജനങ്ങൾക്ക് പ്രത്യേകിച്ചും ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള വനിതകൾക്ക് വൻ തൊഴിൽ സാധ്യത പ്രദാനം ചെയ്യാൻ കഴിയും.

സഹകരണ രംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്ത്തലത്തിൽ ഒരു സഹകരണ സെൽ രൂപീകരിച്ച് സഹകരണ സംഘങ്ങൾക്കാവശ്യമായ വിദഗ്ദോപദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.

ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി അഴീക്കോട് പഞ്ചായത്തിലെ 15 ഗ്രാമസഭകൾ ചർച്ചചെയ്ത് സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ട് കോർ ഗ്രൂപ്പ് സ്ഥലത്തെ സഹകാരികളുമായി ചർച്ചചെയ്ത് ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ളതാണ്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കിയാൽ അഴീക്കോട് പഞ്ചായത്തിലെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും സമഗ്രമായ മാറ്റം വരുത്താൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ഒരു മുന്നേറ്റത്തിന് ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്.

നമ്മുടെ ഗ്രാമങ്ങളുടെ സാമ്പത്തിക സാംസ്കാരിക സാമൂഹിക വികസനത്തിന് നിർണ്ണായകമായ പങ്ക്വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്നനിലയിൽ അഴീക്കോട് പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിൻെറ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.

◆ ◆ ◆ ◆

370/670

# വിഭവ സമാഹരണം

ഏതൊരു ദേശത്തിൻേറയും വികസന തന്ത്രത്തിൻെറ വിജയം, വിഭവ സമാഹരണ പ്രയത്നവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഏത് രീതിയിലുള്ള വികസന പരിപാടികൾ ആസൂത്രണം ചെയ്താലും, അവയുടെ വിജയകരമായ പൂർത്തീകരണത്തിന് വിഭവ ലഭ്യത ഏറ്റവും പ്രധാന ഘടകമാണ്. വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ പഞ്ചായത്ത് തലത്തിലുള്ള വിഭവ സമാഹരണത്തിന് വളരെ പ്രാധാന്യം ഉണ്ട്. കേന്ദ്രീകൃത ആസൂത്രണത്തിൽ, പദ്ധതികൾക്ക് ആവശ്യമായ വിഭവങ്ങൾ പഞ്ചായത്തുകൾക്ക് വിഭജിച്ചുനൽകുന്ന രീതിയായിരുന്നു. എന്നാൽ വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ നമ്മുടെ പഞ്ചായത്തിലുള്ള വിഭവങ്ങളുടെ ലഭ്യതയെപ്പറ്റി വ്യക്തമായ ധാരണ നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. അവ സംഭരിക്കാനുള്ള ഉത്തരവാദിത്തവും നമ്മളിൽ വന്നുചേർന്നിരിക്കുന്നു. ഏത് രീതിയിലുള്ള ഉത്പാദനത്തിനും കാർഷികമായാലും വ്യാവസായികമായാലും, വിഭവങ്ങൾ ആവശ്യമാണ്. അതുപോലെ സേവന മേഖലയുടെ പ്രവർത്തനങ്ങൾക്കും വിഭവങ്ങൾ ഒഴിച്ചുകൂടാത്തതാണ്.

വിഭവങ്ങളെ നമുക്ക് പ്രധാനമായും നാല് ആയി തരംതിരിക്കാം. 1. ഭൂമിയും മറ്റ് പ്രകൃതി വിഭവങ്ങളും. 2 .മാനവ വിഭവം 3. മൂലധനം 4. സംരംഭക ശേഷി. ഈ വിഭവങ്ങളുടെ ഏറ്റക്കുറച്ചിലിൻെറ അടിസ്ഥാനത്തിലാണ് ഒരു പ്രദേശത്തിൻെറ വികസനത്തിൻെറ നിലവാരവും, സാദ്ധ്യതയും കണക്കാക്കുന്നത്. ഈ മാനദണ്ഡംവച്ച് നമ്മുടെ പഞ്ചായത്തിൻെറ സ്ഥിതി നമുക്ക് പരിശോധിക്കാം.

വലിയ കടൽതീരം, മത്സ്യസമ്പത്ത്, ആവശ്യത്തിനുള്ള പുഴയോരം, ഫലഭൂയിഷ്ടമായ മണ്ണ്, ആവശ്യത്തിനുള്ള ജല സ്രോതസ്സ്, നല്ല വർഷപാതം, മിതശീതോഷ്ണം എന്നിവ നമ്മുടെ പഞ്ചായത്തിൻെറ അനുഗ്രഹമാണ്. ആരോഗ്യ നിലവാരത്തിൽ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്താണ് നമ്മുടേത്. സാക്ഷരതയുടെ കാര്യത്തിലും നമ്മുടെ പഞ്ചായത്ത് വളരെ മുൻപന്തിയിലാണ്. മൊത്തം ജനസംഖ്യയുടെ ഏകദേശം 26% മാത്രമാണ് വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളത്. തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള അഭ്യസ്തവിദ്യരായ ധാരാളം യുവതീയുവാക്കൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

കായികാധ്വാനത്തോടുള്ള അഭ്യസ്തവിദ്യരുടെ മനോഭാവം ബോധവൽക്കരണത്തിലൂടെ മാറ്റാൻ സാധിച്ചാൽ മനുഷ്യപ്രയത്നമെന്ന വിഭവം നമ്മുടെ പഞ്ചായത്തിൽ സുലഭമാക്കാൻ സാധിക്കും.

മാനവ വിഭവവുമായി ബന്ധപ്പെട്ട മറ്റൊരു വിഭവമാണ് സംരംഭകശേഷി അല്ലെങ്കിൽ സംഘടനാശേഷി. സംരംഭകശേഷി എന്നതുകൊണ്ടുദ്ദേശിക്കുന്നത് മറ്റു വിഭവങ്ങളെ ഭാവനയോടെ കൂട്ടിച്ചേർത്ത്, സമൂഹത്തിനുപകാരപ്രദമായ പ്രവർത്തനങ്ങൾ കാര്യ ശേഷിയോടെ നടപ്പാക്കാനുള്ള കഴിവിനെയാണ്. വിവിധ ഉൽപാദന മേഖലകളിൽ നമ്മുടെ പഞ്ചായത്തിലെ സംരംഭകർ അവരുടെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലും മര വ്യവസായ മേഖലയിലും, തനതായ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി വ്യക്തികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അതുകൊണ്ടുതന്നെ പുതിയ സംരംഭങ്ങൾ ആരംഭിക്കുവാനും അവയെ നിയന്ത്രിക്കുവാനും കഴിവുള്ള സംരംഭകരുടെ ദൗർലഭ്യം അനുഭവപ്പെടാൻ സാധ്യതയില്ല.

എന്നാൽ വികസനത്തിനാവശ്യമായ മറ്റൊരു സുപ്രധാന ഘടകമായ മൂലധനത്തിൻെറ കാര്യത്തിലാണ് നമ്മുടെ പഞ്ചായത്ത് ഏറെ വിഷമത അനുഭവിക്കുന്നത്. കാർഷികം, വ്യാവസായികം എന്നീ മേഖലകളിൽ വളരെ അവികസിതമായ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക സ്ഥിതി ഏറെ ആശാവഹമല്ല. അതുകൊണ്ടുതന്നെ മൂലധന രൂപീകരണത്തിനാവശ്യമായ സമ്പാദ്യം വളരെ പരിമിതമാണ്. മൂലധനത്തിൻെറ ദൗർലഭ്യമാണ് പുതിയ സംരംഭകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം.

മൂലധനലഭ്യത അനുകൂലമാണെങ്കിൽ, നമ്മുടെ പഞ്ചായത്തിലെ മറ്റ് സുലഭമായ വിഭവങ്ങളുടെ സഹായത്തോടെ ഉല്പാദന രംഗത്ത് ഒരു കുതിച്ചുചാട്ടം നമുക്ക് നടത്താവുന്നതാണ്. വികസനത്തിൻെറ ജീവവായു എന്ന് വിശേഷിപ്പിക്കാവുന്ന മൂലധനം എന്ന വിഭവം സംഭരിക്കാനുള്ള ഒരു സ്രോതസ്സ് ഭാഗ്യവശാൽ ഇന്ന് നമ്മുടെ പഞ്ചായത്തിൽ സുലഭമാണ്. 1120 ഓളം വരുന്ന വിദേശ മലയാളികൾ ഏകദേശം ഒന്നരക്കോടിയോളം രൂപ വർഷംതോറും നമ്മുടെ പഞ്ചായത്തിലേക്ക് അയക്കുന്നുണ്ട്. വീടുനിർമ്മാണം, ആഡംബര വസ്തുക്കളുടെ

ഉപഭോഗം എന്നീ കാര്യങ്ങൾക്കാണ് ഈ ധനം പ്രധാനമായും ഉപയോഗിക്കപ്പെടുന്നത്. പ്രത്യുൽപാദന പരമായ മേഖലയിൽ അല്ല ഈ പണം ചെലവഴിക്കപ്പെടുന്നത്. വിദേശ മലയാളികളിൽ ഭൂരിഭാഗവും വലിയ സാമ്പത്തിക ശേഷിയുള്ളവരല്ലെങ്കിലും, ഉള്ള സമ്പത്ത് ഒറ്റക്കോ കൂട്ടായ്മയിലൂടെയോ ഉല്പാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിട്ടാൽ നാടിന്റെ അഭിവൃദ്ധിക്കും, ഇവരുടെ തന്നെ ക്ഷേമത്തിനും പ്രയോജനപ്പെടുത്താം.

എന്നാൽ, നാം പ്രതീക്ഷിക്കുന്നതുപോലെ എളുപ്പത്തിൽ ഈ പ്രവർത്തനം നടത്താൻ സാധിക്കും എന്ന് തോന്നുന്നില്ല. ഉല്പാദന രംഗത്തേക്ക് വരുന്ന നവ സംരംഭകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ വിദേശ മലയാളികളുടെ സമ്പത്ത് ഉല്പാദന രംഗത്തേക്ക് തിരിച്ചുവിടാൻ നമുക്ക് സാധിക്കുകയില്ല. ഉൽപാദന രംഗത്ത് വിദേശ മലയാളികളുടെ സമ്പത്ത് ആകർഷിക്കണമെങ്കിൽ ആദ്യമായി അവരിൽ ആത്മവിശ്വാസം വളർത്തേണ്ടിയിരിക്കുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാക്കുന്ന ഘടകങ്ങൾ കണ്ടറിഞ്ഞ്, അവ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഊർജ്ജ ലഭ്യത സുലഭമാക്കണം. വ്യവസായ സംരംഭങ്ങളോടുള്ള തൊഴിലാളികളുടെ സമീപനത്തിൽ ഗുണപരമായ മാറ്റം അത്യാവശ്യമാണ്. വിവിധ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യതകളെപറ്റി വിശദമായ പഠനം നടത്തുകയും അതിന്റെ വിവരങ്ങൾ സംരംഭകർക്ക് നൽകുകയും വേണം. അസംസ്കൃത സാധനങ്ങളുടെ ലഭ്യതയെപറ്റിയുള്ള വ്യക്തമായ വിവരങ്ങൾ ശേഖരിച്ച് സംരംഭകർക്ക് നൽകണം. നമ്മുടെ നാടിന്റെ വികസനം, യുവജനങ്ങളുടെ രൂക്ഷമായ തൊഴിലില്ലായ്മപരിഹാരം എന്നീ ഉന്നത ലക്ഷ്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നവരാണ് ഈ പുതിയ സംരംഭകർ എന്ന ബോധത്തോടെ ഉദ്യോഗസ്ഥ - അനുദ്യോഗസ്ഥർ പ്രവർത്തിച്ചാൽ വിദേശ മലയാളികളിൽ നിന്ന് മൂലധന സംഭരണം സാധ്യമാണ്. വിദേശ മലയാളികളിലൂടെ നമ്മുടെ പഞ്ചായത്തിൽ എത്തിച്ചേരുന്ന സമ്പത്ത് പ്രത്യക്ഷമായി ഉല്പാദന മേഖലകളിൽ നിക്ഷേപിക്കുന്നത് കൂടാതെ പരോക്ഷമായി ഈ സമ്പത്തിനെ ഉപയോഗിക്കുന്ന കാര്യവും നാം ആസൂത്രണം ചെയ്യേണ്ടതുണ്ട്. വിദേശത്തിൽ നിന്ന് നമ്മുടെ പഞ്ചായത്തിലേക്ക് എത്തിച്ചേരുന്ന പണം സാധനങ്ങളുടെ നിലവിലുള്ള ചോദനത്തെ വളരെയധികം പുഷ്ടിപ്പെടുത്തുന്നുണ്ട്. ഈ വർദ്ധിത ചോദനത്തെ ഉപയോഗപ്പെടുത്താവുന്ന രീതിയിൽ, നമ്മുടെ അധീനതയിലുള്ള ധനം മറ്റു മേഖലകളിൽ നിക്ഷേപിച്ച് ഉൽപാദനം വർദ്ധിപ്പിച്ച്, സംസ്ഥാനത്തിന്റെ പുറത്തേക്കുള്ള സമ്പത്തിന്റെ ഒഴുക്ക് നിയന്ത്രിക്കേണ്ടതുണ്ട്. കെട്ടിട സാമഗ്രികളുടേയും ഗാർഹിക ഉപയോഗത്തിനുള്ള ഉപകരണങ്ങളുടേയും ഉൽപാദനത്തിൽ ശ്രദ്ധിച്ചാൽ ഈ ലക്ഷ്യം നേടാൻ നമുക്ക് സാധിക്കും.

വിദേശ മലയാളികളുടെ നിക്ഷേപത്തിൽമാത്രം ശ്രദ്ധകേന്ദ്രീകരിച്ചുള്ള മൂലധന രൂപീകരണ പ്രവർത്തനം അഭികാമ്യമല്ല. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് സാധിതമായ മൂലധനം സ്വരൂപിക്കേണ്ടത് ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ അഴീക്കോട് സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്കിന്റെ ഹെഡ് ഓഫീസും, 3 ശാഖകളും ജില്ലാബേങ്കിന്റെ ഒരു ശാഖ, സിൻഡിക്കേറ്റ് ബേങ്ക് ശാഖ, കാത്തലിക് സിറിയൻ ബേങ്ക് ശാഖ, ഒരു വനിതാ സഹകരണ ബേങ്ക്, ഹരിജനങ്ങളുടെ ഒരു സഹകരണ സംഘം എന്നിവ പ്രവർത്തിക്കുന്നു.ഇത് കൂടാതെ സ്വകാര്യ പണമിടപാടുകൾ നടത്തുന്ന ചില വ്യക്തികളുമുണ്ട്. ചില ബേങ്കുകളുടെ നിക്ഷേപ വായ്പാ കണക്ക് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക- 1

| ബേങ്ക് | നിക്ഷേപം | വായ്പകൾ |
|---|---|---|
| അഴീക്കോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 7,99,06908 | 8,73,33062 |
| ജില്ലാ കോ. ഓപ്പറേറ്റീവ് ബാങ്ക് ശാഖ | 1,76,11581 | 69,97036 |

സംസ്ഥാനത്തിന്റെ നിക്ഷേപ - വായ്പാ തോത് 40% മാത്രമാണ്. നമ്മുടെ പഞ്ചായത്തിലെ സഹകരണ ബാങ്കുകളുടെ നിക്ഷേപ - വായ്പാ തോത് ഏകദേശം 98% ആണ്. എന്നാൽ ഈ വായ്പയുടെ ഭൂരിഭാഗവും ഉത്പാദന മേഖലയിലേക്കല്ല. കാർഷിക മേഖലയിൽ കൂടുതൽ വായ്പ നൽകുന്നതോടൊപ്പം ചെറുകിട വ്യവസായ രംഗത്തുകൂടി വായ്പകൾ അനുവദിക്കുകയാണെങ്കിൽ പഞ്ചായത്തിലെ വിഭവ സമാഹരണം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്.

വികേന്ദ്രീകൃത ആസൂത്രണം പ്രാവർത്തികമാക്കുമ്പോൾ, മുകളിൽ സൂചിപ്പിച്ചിട്ടുള്ള ചില വിഭവങ്ങൾ സ്ഥായിയായ ഉൽപാദനത്തിന് ഉപയോഗിക്കുന്നതോടൊപ്പം തന്നെ, പ്രതിഫലം നൽകാതെ ചില സന്നദ്ധ പ്രവർത്തനങ്ങൾ നമുക്ക് ഉപയോഗിക്കാവുന്നതാണ്. നമ്മുടെ ഗ്രാമങ്ങളിലെ കായികശേഷി സന്നദ്ധ പ്രവർത്തനങ്ങളിലൂടെ നമുക്ക് ഉപയോഗപ്പെടുത്താൻ സാധിക്കും. മുൻകാലങ്ങളിൽ മികച്ച ആസൂത്രണങ്ങളിലൂടെ ഈ വിഭവം നമ്മുടെ പഞ്ചായത്തിൽ ഏറെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി മൂന്ന് നിരത്ത് - ഒണ്ടേൻ റോഡ്, അക്ലിയത്ത് അമ്പലം - അരയാക്കണ്ടിപ്പാറ റോഡ്, അഴീക്കൽ ലൈറ്റ് ഹൗസ് റോഡ് എന്നിവ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ പൂർത്തീകരിച്ച ചില നിർമ്മാണ പ്രവർത്തനങ്ങളാണ്.

നമ്മുടെ നാടിൻെറ വികസനത്തിന് സന്നദ്ധ പ്രവർത്തനം നല്ല മുതൽകൂട്ടായി മാറ്റാവുന്നതാണ്. വിവിധ പ്രവർത്തനങ്ങൾക്കുള്ള സന്നദ്ധ മനുഷ്യാധ്വാനം ഗ്രാമസഭകളിൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. റോഡുകളുടെ സംരക്ഷണം, റോഡുകളുടെ നിർമ്മാണം, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ബണ്ട് നിർമ്മാണം. ജലസേചന സൗകര്യങ്ങളുടെ സംരക്ഷണം, ശുചീകരണ പ്രവർത്തനം, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ, കളിസ്ഥലം നിർമ്മിക്കൽ എന്നീ മേഖലകളിൽ സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

പട്ടിക - 2

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 6,77,000 | 6,74.850 | 2150 |
| തൊഴിൽ നികുതി | 2,76,965 | 2,47,760 | 29205 |
| വിനോദ നികുതി | 37,535 | 37,555 | - |
| അഡി.വിനോദ നികുതി | 22,760 | 22,760 | - |
| പ്രദർശന നികുതി | 4315 | 4315 | - |
| പ്രദർശന നികുതിയിൻമേലുള്ള സർച്ചാർജ് | 1080 | 1080 | - |
| ചന്ത വരവ് | 6020 | 6020 | - |
| ലൈസൻസ് ഫീസ് | 38,850 | 38,850 | - |
| വസ്തു കൈമാറ്റ നികുതി | 2,87,065 | 2,87,065 | - |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള വരവുകൾ | 12,24,985 | 11,93,820 | - |
| ഡെപ്പോസിറ്റ് | 1,17,980 | 1,17,980 | - |
| മറ്റുള്ളവ | 6,64,960 | 6,64,960 | - |
| ആകെ | 23,59,535 | 23,28,370 | 31,365 |

വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും, അവ പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വവും നൽകുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ ആസ്തി - ബാദ്ധ്യത, വരവ് ചെലവ് കണക്കുകളുടെ സ്ഥിതിപരിശോധിക്കാതെ വിഭവ സമാഹരണ ചർച്ച നമുക്ക് പൂർത്തീകരിക്കാനാവില്ല. അതു കൊണ്ട് പഞ്ചായത്തിൻെറ വരവ് - ചെലവ് കണക്കുകൾ നമുക്ക് പരിശോധിച്ചുനോക്കാം.

പട്ടിക രണ്ടിൽനിന്ന് പഞ്ചായത്തിൻെറ വരുമാന മാർഗ്ഗങ്ങളെ കുറിച്ചുള്ള സൂചന നമുക്കു ലഭിക്കുന്നു. നികുതികൾ പിരിച്ചെടുക്കുന്നതിൽ വളരെ ശുഷ്കാന്തി പ്രകടിപ്പിക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. എന്നാൽ നമ്മുടെ പഞ്ചായത്തിൻെറ വരുമാന മാർഗ്ഗങ്ങൾ വളരെ പരിമിതമാണ്. നികുതിയേതര വരുമാനം തീരെ കുറവാണ്. പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് വൻകുളത്തുവയലിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിൽ നിന്നുള്ള വരുമാനം തുച്ഛമാണ്. അതുപോലെ പഞ്ചായത്തിൻെറ നിയന്ത്രണത്തിലുള്ള കപ്പക്കടവ് ലേലം ചെയ്ത് എടുക്കാൻ ആളില്ലാത്തതുകൊണ്ട് അതിൽനിന്ന് വരുമാനം ഒന്നും ഇല്ല. എന്നാൽ അഴീക്കൽ കടവ് ലേലത്തിൻെറ ഒരു വിഹിതം നമ്മുടെ പഞ്ചായത്തിന്ന് ലഭിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൻെറ വരുമാനത്തിൻെറ വലിയ ഒരുഭാഗം പൊതുമരാമത്ത് ജോലികൾക്കാണ് ചെലവഴിക്കപ്പെടുന്നത്. റോഡുകൾ നിർമ്മിക്കുന്നതിന്നും, അറ്റകുറ്റ പണികൾക്കുമാണ് ഇതുപയോഗിക്കുന്നത്. ഇതിൽ പല ജോലികളും കോൺട്രാക്റ്റ് അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്. എന്നാൽ ഈ പ്രവൃത്തികൾ ജനകീയ കമ്മറ്റികളെ ഏൽപിച്ചാൽ ഒരു പരിധിവരെ വിഭവ ചോർച്ച തടയാൻ സാധിക്കുന്നതാണ്. പഞ്ചായത്തിൻെറ ചെലവുകളെപ്പറ്റിയുള്ള ഏകദേശ ധാരണ താഴെ കൊടുത്ത പട്ടികയിൽനിന്ന് നമുക്ക് ലഭിക്കുന്നതാണ്.

പട്ടിക 3 ചിലവ് സംബന്ധിച്ച വിവരങ്ങൾ (1995 - 96)

| ഇനം | തുക |
|---|---|
| ഭരണം | 5,91,690 |
| പൊതുമരാമത്ത് | 6,39,835 |
| വിദ്യാഭ്യാസം | 40,495 |
| ജല വിതരണം, ഓടകൾ, പൊതുജനാരോഗ്യം | 1,54,115 |
| തെരുവു വിളക്കുകൾ കത്തിക്കുന്നതിന് | 1,12,395 |
| മറ്റുള്ളവ | 5,17,642 |
| ആകെ | 20,56,172 |

## സാധ്യതകൾ

1. കൃഷിയോഗ്യമായ മുഴുവൻ ഭൂമിയും കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുക.
2. പഞ്ചായത്തിൽ ലഭ്യമായ ജല സ്രോതസ്സുകളുടെ ശാസ്ത്രീയമായ ഉപയോഗത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.
3. ബാങ്കിങ്ങ് മേഖലയിൽനിന്ന് കൃഷിക്കും വ്യവസായത്തിനും കൂടുതൽ വായ്പാ സൗകര്യം ലഭ്യമാക്കുക.
4. ഗൾഫ് മേഖലയിലെ സമ്പാദ്യം ഉൽപാദന മേഖലയിലേക്ക് ആകർഷിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.
5. ഉപയോഗിക്കാതെ കിടക്കുന്ന മനുഷ്യ ശക്തി ഉപയോഗിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.
6. ഫിഷറീസ് ഡിപ്പാർട്ട്മെൻറിൻെറ അധീനതയിലുള്ള ഐസ് പ്ലാൻറ്, കോൾഡ് സ്റ്റോറേജ് എന്നിവ പഞ്ചായത്തിനു കൈമാറുകയാണെങ്കിൽ ഇവ പുനരുദ്ധരിച്ച് നമ്മുടെ ജില്ലയിലെ പഴം, പച്ചക്കറി, പാൽ, മുട്ട എന്നിവ കേടുകൂടാതെ സൂക്ഷിക്കാനും, ഈ മേഖലകളിലെ ഉത്പാദനം വർദ്ധിപ്പിക്കാനും, ലാഭകരമാക്കാനും സാധിക്കുന്നതാണ്.

◆ ◆ ◆ ◆

Printed at **DELIGHT OFFSET PRINTERS, KANNUR** ✆ 503301, 503773

# അധികാരം ജനങ്ങളിലേക്ക്



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്